കേരള സർക്കാർ

GOVERNMENT OF KERALA

# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

# TWELFTH FIVE YEAR PLAN

# 2012-2017

## അഞ്ചാം വർഷ പരിപാടി

## FIFTH YEAR'S PROGRAMME

## 2016-2017

**വാല്യം II**

**Volume II**

**പരിപാടികളുടെ സംക്ഷിപ്ത വിവരണം**

**BRIEF DESCRIPTION OF PROGRAMMES**

*തിരുവനന്തപുരം സർക്കാർ സെൻട്രൽ പ്രസ്സിൽ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിച്ചത് — 2016.*

*PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM — 2016.*

അനുബന്ധം—എ

മേഖലാ പരിപാടികൾ പദ്ധതികളുടെ വിശദവിവരങ്ങൾ

(സംസ്ഥാന പദ്ധതി)


| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് നമ്പർ |
|---|---|---|
| **I.** | **കൃഷിയും അനുബന്ധ മേഖലകളും** | **557–603** |
| 1.1 | കൃഷി | 557 |
| 1.2 | മണ്ണുജല സംരക്ഷണം | 573 |
| 1.3 | മൃഗ സംരക്ഷണം | 577 |
| 1.4 | ക്ഷീര വികസനം | 584 |
| 1.5 | മത്സ്യ വികസനം | 586 |
| 1.6 | വനവും വന്യജീവി സംരക്ഷണവും | 594 |
| 1.7 | കാർക്ഷിക ധനകാര്യ സ്ഥാപനങ്ങളിലെ മുതൽമുടക്ക് | 601 |
| 1.8 | വിപണനം, സംഭരണം, സൂക്ഷിക്കലും, വിതരണവും | 601 |
| **II.** | **ഗ്രാമ വികസനം** | **604–615** |
| 2.1 | ഗ്രാമ വികസനം | 604 |
| 2.2 | സാമൂഹ്യ വികസനവും പഞ്ചായത്തുകളും | 606 |
| 2.3 | ഭൂപരിഷ്ക്കരണം | 611 |
| 2.4 | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 612 |
| **III.** | **സഹകരണം** | **616–621** |
| **IV.** | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | **622–630** |
| 4.1 | വൻകിട ഇടത്തര ജലസേചനം | 622 |
| 4.2 | ചെറുകിട ജലസേചനം | 627 |
| 4.3 | കമാന്റ് ഏരിയാ വികസനം | 629 |
| 4.4 | വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും | 630 |
| **V.** | **ഊർജ്ജം** | **631–643** |
| 5.1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ. എസ്. ഇ. ബി.) | 631 |
| 5.2 | പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ | 641 |
| **VI.** | **വ്യവസായവും ധാതുക്കളും** | **644–671** |
| 6.1 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | 645 |
| 6.2 | മറ്റു വ്യവസായങ്ങൾ | 660 |
| 6.3 | ധാതുക്കൾ | 665 |
| 6.4. | വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും | 666 |
| **VII.** | **ഗതാഗതവും വാർത്താവിനിമയവും** | **672–691** |
| 7.1 | തുറമുഖങ്ങൾ | 672 |
| 7.2 | റോഡുകളും പാലങ്ങളും | 674 |
| 7.3 | റോഡു ഗതാഗതം | 679 |
| 7.4 | ഉൾനാടൻ ജലഗതാഗതം | 682 |
| 7.5 | മറ്റു ഗതാഗത സർവ്വീസുകൾ | 685 |
| 7.6 | വിനോദ സഞ്ചാരം | 686 |

| ക്രമ നമ്പർ | മേഖല/ഉപമേഖല | പേജ് നമ്പർ |
|---|---|---|
| **VIII.** | **ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസവ്യവസ്ഥയും പരിസ്ഥിതിയും** | **692–698** |
| 8.1 | ശാസ്ത്രസേവനങ്ങളും ഗവേഷണവും | 692 |
| 8.2 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 694 |
| **IX.** | **സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ** | **699–842** |
| 9.1 | വിദ്യാഭ്യാസം | 699 |
| 9.2 | കലയും സംസ്കാരവും | 720 |
| 9.3 | സാങ്കേതിക വിദ്യാഭ്യാസം | 728 |
| 9.4 | സ്പോർട്സും യുവജന സേവനവും | 742 |
| 9.5 | വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും | 747 |
| 9.6 | ശുദ്ധജല വിതരണവും മാലിന്യ നിവാരണവും | 769 |
| 9.7 | ഭവന നിർമ്മാണം | 776 |
| 9.8 | നഗര വികസനം | 779 |
| 9.9 | വാർത്താ വിതരണവും പ്രചരണവും | 784 |
| 9.10 | തൊഴിലും തൊഴിലാളി ക്ഷേമവും | 789 |
| 9.11 | പട്ടികജാതി, പട്ടികവർഗ്ഗം മറ്റു പിന്നോക്ക വിഭാഗങ്ങൾ മുന്നോക്കക്കാർ എന്നിവരുടെ ക്ഷേമം | 800 |
| 9.12 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 824 |
| 9.13 | പോഷകാഹാരം | 841 |
| **X.** | **സാമ്പത്തിക സർവ്വീസുകൾ** | **843–863** |
| 10.1 | സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 843 |
| 10.2 | സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും | 861 |
| 10.3 | മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ | 862 |
| **XI.** | **പൊതു സേവനങ്ങൾ** | **864–867** |
| 11.1 | സ്റ്റേഷനറിയും അച്ചടിയും | 864 |
| 11.2 | പൊതുമരാമത്ത് | 865 |
| 11.3 | സിവിൽ സപ്ലൈസ് | 866 |
| **XII.** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം** | **868** |
| | അനുബന്ധം-ബി | |
| | **നൂറുശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ/ എൻ. സി. ഡി. സി. സഹായത്തോടെയുള്ള പദ്ധതികൾ** | **869–891** |
| | അനുബന്ധം-സി | |
| | **അൻപത് ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | **892–900** |
| **XIII.** | **വാർഷിക മൊത്തം പദ്ധതി ബഡ്ജറ്റ് (2016-17)** | **901–904** |
| **XIV.** | **ഗ്രീൻ ബുക്കും ആംബർ ബുക്കും** | **905** |
| | അനുബന്ധം-I | |
| | **വാർഷിക മൊത്തം പദ്ധതി ബഡ്ജറ്റ് (2016-17)** (സെക്ടർ/സബ്സെക്ടർ/സ്കീം തിരിച്ചുള്ളത്) | **906–982** |

അനുബന്ധം എ

മേഖലാ പരിപാടികൾ—സ്കീമുകളുടെ വിശദാംശങ്ങൾ (സംസ്ഥാന പദ്ധതി)

# I. കൃഷിയും അനുബന്ധ മേഖലകളും

## 1.1 കൃഷി

### എ. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ കാർഷിക കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, വിജ്ഞാന വ്യാപന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഫാമുകൾ ഇവയ്ക്കായുള്ള സഹായം ഉൾപ്പെടുന്നു.

കേരള കാർഷിക സർവ്വകലാശാല

(വിഹിതം : 6550.00 ലക്ഷം രൂപ)

കേരള കാർഷിക സർവ്വകലാശാല സംസ്ഥാനത്തെ 6 കോളേജുകൾ, 25-ഓളം ഗവേഷണ സ്ഥാപനങ്ങൾ, 6 പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ, ഫാമുകൾ തുടങ്ങിയവ അടങ്ങിയ ഒരു ശൃംഖലയിലൂടെ വിജ്ഞാന വ്യാപനം, ഗവേഷണം, വിദ്യാഭ്യാസം എന്നിവ കൃഷി, വനശാസ്ത്രം, കാർഷിക എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ നടപ്പാക്കി വരുന്നു. 2016-17-ൽ പദ്ധതി വിഹിതമായി 65.50 കോടി രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് വകയിരുത്തിയിരിക്കുന്നു.

**2016-17-ൽ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക**

*(രൂപ ലക്ഷത്തിൽ)*

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *പദ്ധതി തുക* |
|---|---|---|
| 1 | വിദ്യാഭ്യാസം | 800.00 |
| 2 | ഗവേഷണം (ഗവേഷണ കേന്ദ്രങ്ങൾക്കുള്ള സഹായവും നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും ഉൾപ്പെടെ) | 2800.00 |
| 3 | അടിസ്ഥാന സൗകര്യ വികസനം (വിദ്യാഭ്യാസ അടിസ്ഥാന സൗകര്യമുൾപ്പെടെ) | 1750.00 |
| 4 | വിജ്ഞാനവ്യാപനം | 1000.00 |
| 5 | ഇ-ഗവേണൻസ് | 200.00 |
| | **ആകെ** | **6550.00** |

നിലവിലുള്ള പ്രവർത്തനങ്ങളായ ബിരുദതലത്തിലും ബിരുദാനന്തരതലത്തിലുമുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാർത്ഥി ക്ഷേമം, ലൈബ്രറി വികസനം, കാമ്പസുകളിലേയും ഗവേഷണ കേന്ദ്രങ്ങളിലേയും ഗവേഷണ പ്രവർത്തനങ്ങളെ സഹായിക്കുക, അടിസ്ഥാന സൗകര്യ വികസനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ സഹായിക്കുക എന്നിവക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനും കീഴിൽ വിവിധ ഘടകങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന തുക താഴെ കൊടുത്തിരിക്കുന്നു:

#### 1. വിദ്യാഭ്യാസം

കേരളത്തിൽ കാർഷിക വിദ്യാഭ്യാസം നടപ്പിലാക്കി വരുന്നതും, അപ്രകാരം കൃഷി വകുപ്പിന്റെ മുഖ്യതൊഴിൽ സേനയെ സംഭാവന ചെയ്യുന്നതുമായ സംസ്ഥാനത്തെ ഒരേയൊരു സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല. 2010-11-ൽ മാതൃ സർവ്വകലാശാലയെ മൂന്നായി വിഭജിച്ചശേഷം കൃഷി, വനശാസ്ത്രപഠന വിഭാഗം, എഞ്ചിനീയറിംഗ് എന്നീ മൂന്ന് ഫാക്കൽറ്റികളാണ് കാർഷിക സർവ്വകലാശാലയിലുള്ളത്.

സർവ്വകലാശാലയിലെ 6 കോളേജുകളിലെ ഗ്രാമീണ കാർഷിക പ്രവർത്തിപരിചയ പദ്ധതി (റാവേ)യ്ക്കായി സ്റ്റൈപെൻഡ്, മൊഡ്യൂൾ ചെലവുകൾ എന്നിവയുൾപ്പെടെയുള്ള ചെലവുകൾ ആറ് കോളേജിലെ ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പുകൾ, കണ്ടിജൻസി തുക, പരിചയ പഠന പദ്ധതി (എക്സ്പീരെൻഷ്യൽ ലേണിംഗ് പ്രോഗ്രാം), പരീക്ഷാ വിഭാഗത്തിന്റെയും ലൈബ്രറിയുടെയും ശാക്തീകരണം, ആർ. എഫ്. ഐ. ഡി. സാങ്കേതിക വിദ്യ നടപ്പാക്കൽ എന്നിവക്കായി 800 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

#### 2. ഗവേഷണം

2016-17-ൽ കേരള കാർഷിക സർവ്വകലാശാലയിലെ ഗവേഷണ ഘടകങ്ങളുടെ നടത്തിപ്പിനായി 2800 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

**(a) പ്രോജക്ടുകളുടെ സ്പിൽഓവർ ചെലവുകൾ**

താഴെ പറയുന്ന 11 ഗവേഷണ പ്രോജക്ടുകളുടെ സ്പിൽ ഓവർ ചെലവുകൾക്കായി 682.50 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു:

| *ക്രമ നമ്പർ* | *പ്രോജക്ട്* |
|---|---|
| (1) | (2) |
| 1 | സൂക്ഷ്മാണു ഇനോക്കുലന്റ് സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് ശൃംഖലാ ഗവേഷണ പദ്ധതി. |
| 2 | ജാതിക്ക കൃഷി ഗവേഷണം ശക്തിപ്പെടുത്തൽ. |
| 3 | കേരളത്തിലെ വിവിധ കാർഷിക ജൈവവ്യവസ്ഥകളിലെ സംയോജിത സസ്യപോഷക പരിപാലനത്തിനായി തദ്ദേശീയവും കാർഷിക പ്രാധാന്യമുള്ളതുമായ സൂക്ഷ്മ ജീവികളുടെ ഉപയോഗം—മണ്ണുവിഭവ പരിപാലനവും ജീവശാസ്ത്രപരമായ മണ്ണിന്റെ ഫലപുഷ്ഠിയും. |
| 4 | ഉൽപ്പാദനാനന്തര സാങ്കേതികവിദ്യയിൽ സംസ്ഥാന ശൃംഖലാ ഗവേഷണ പദ്ധതി. |

| (1) | (2) |
|---|---|
| 5 | പച്ചക്കറിയിലെ ചിലന്തി മണ്ഡരിയുടെ ജൈവനിയന്ത്രണത്തിനായി ഇരപിടിയൻ മണ്ഡരികളെ വലിയതോതിൽ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കൽ. |
| 6 | ബൌദ്ധികാവകാശ സംരക്ഷണകേന്ദ്രം ശക്തിപ്പെടുത്തൽ. |
| 7 | കുട്ടനാട്ടിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതി. |
| 8 | കോൾനിലങ്ങളുടെ വിള ഉല്പാദന ഗവേഷണ കേന്ദ്രങ്ങളുടെ ശാക്തീകരണം. |
| 9 | ഹൈ-ടെക് വിത്തുപരിശോധനാ-സംവിധാനം. |
| 10 | നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിത്ത്, നഴ്സറി പ്രോഗ്രാം ശൃംഖലാടിസ്ഥാനത്തിൽ. |
| 11 | കാർഷിക വിളകൾക്ക് ബയോളജിക്കൽ നിയന്ത്രണ കാരികളായി കീടഭക്ഷകവവ്വാലുകളെ ഉപയോഗിക്കുന്നതിലുള്ള ഫലപ്രാപ്തി. |

വകയിരുത്തിയിട്ടുള്ള തുകയിൽ മിച്ചം തുക വരുന്നുണ്ടെങ്കിൽ ആയത് മുൻഗവൺമെന്റ് ഉത്തരവുകളിൽ അംഗീകരിച്ചിട്ടുള്ളതും തുടർന്ന് നടപ്പിലാക്കി വരുന്നതുമായ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വിനിയോഗിക്കാവുന്നതാണ്.

### (b) നിലവിലുള്ള സെന്റർ ഫോർ എക്സലൻസുകൾ ശക്തിപ്പെടുത്തൽ

നിലവിലുള്ള ഏഴ് സെന്റർ ഫോർ എക്സലൻസുകൾ ശക്തിപ്പെടുത്തുവാൻ 250 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു.

### (c) പുതിയ പദ്ധതികൾ

2016-17-ൽ ആരംഭിക്കുന്ന പുതിയ ഗവേഷണ പദ്ധതികൾക്കായി 617.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തുക അനുവദിക്കുന്നതിന് മുൻപായി വിശദമായ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

| *ക്രമ നമ്പർ* | *പ്രോജക്ട്* |
|---|---|
| 1 | ആധുനീകരിച്ച സെൻട്രൽ അനലിറ്റിക്കൽ ലാബ് സ്ഥാപിക്കുക. |
| 2 | ജൈവ/രാസവള പരിപാലനംമൂലം മണ്ണിന്റെ പോഷക മൂലകങ്ങളിലും സൂക്ഷ്മ സസ്യവർഗ്ഗങ്ങളിലും ഉണ്ടാകുന്ന വ്യതിയാനങ്ങളും ഏലത്തിന്റെ ബയോകെമിക്കൽ പ്രതിരോധ പഠനങ്ങളും. |
| 3 | വാഴക്കുളം പൈനാപ്പിളിന്റെ ഗുണമേൻമ സംരക്ഷിച്ചുകൊണ്ടുള്ള സംസ്കരണവും പരിരക്ഷണവും |
| 4 | വിവിധ സീസണുകളിൽ സംരക്ഷിത കൃഷിക്ക് അനുയോജ്യമായ പച്ചക്കറി ഇനങ്ങൾ കണ്ടെത്തൽ. |

| (1) | (2) |
|---|---|
| 5 | സ്ട്രോബറി കൃഷിക്കായുള്ള പര്യവേക്ഷണം. |
| 6 | സോയിൽലെസ്സ് ടെക്നോളജി അടിസ്ഥാനമാക്കിയുള്ള സൂക്ഷ്മ ഗാർഡനിംഗ് സിസ്റ്റം. |
| 7 | കെ. സി. എ. ഇ. റ്റി. മെൻസ് ഹോസ്റ്റലിൽ സോളാർ പവ്വർ സിസ്റ്റവും കുട്ടികൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യ വികസനവും. |
| 8 | വെള്ളായണി കാർഷിക കോളേജിലെ സോയിൽ സയൻസ് ആന്റ് അഗ്രിക്കൾച്ചർ കെമിസ്ട്രി വിഭാഗത്തിന്റെ കീഴിലുള്ള സോയിൽ മ്യൂസിയത്തിന്റെ പുതുക്കി പണിയലും അടിസ്ഥാന സൗകര്യ വികസനവും. |
| 9 | ഗ്രോബാഗുകളിൽ വളരുന്ന പച്ചക്കറികൾക്കായുള്ള ബഹുപോഷണ ടാബ്ലറ്റുകൾ/സ്പൈക്സ് എന്നിവയുടെ വികസനവും വിലയിരുത്തലും. |
| 10 | വിളകളുടെ വളർച്ചയ്ക്കാവശ്യമായ തെർമോ കെമിക്കൽ കമ്പോസ്റ്റിൽ നിന്നുള്ള ലിക്വിഡ് ഹുമിക്/ഫൾവിക് ആസിഡിന്റെ വികസനവും വിലയിരുത്തലും. |
| 11 | ഓണാട്ടുകര തെങ്ങ് ഗവേഷണ കേന്ദ്രം ശക്തിപ്പെടുത്തൽ. |
| 12 | സൂക്ഷ്മ ജലസേചന, സൂക്ഷ്മ പോഷകങ്ങൾ, ഫെർട്ടിഗേഷൻ, പ്രിസിഷൻ ഫാമിംഗ് എന്നിവയിലെ ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള മാസ്റ്റർ ഇറിഗേഷൻ സിസ്റ്റം. |
| 13 | വെള്ളായണിയിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ യന്ത്രവൽകൃത ജൈവവള ഉൽപ്പാദന യൂണിറ്റ്. |
| 14 | പ്രധാനപ്പെട്ട പച്ചക്കറികളുടെ ജെം പ്ലാസം കളക്ഷൻ, അവയുടെ സംരക്ഷണം, ജനിതക മെച്ചപ്പെടുത്തൽ. |
| 15 | ഔഷധ സസ്യങ്ങളിൽനിന്നുള്ള കീടരോഗ നിയന്ത്രണ ഉൽപ്പന്നങ്ങളുടെ വികസനം. |
| 16 | കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത സ്വർണ്ണ, ഷോണിമ, എഫ് 1, ഹൈബ്രിഡ് വിത്തുൽപ്പാദനം, സീഡ് ലസ്സ് തണ്ണിമത്തൻ ഹൈബ്രിഡ്സ് എന്നിവയുടെ മെച്ചപ്പെടുത്തൽ. |
| 17 | ഹൈബ്രിഡ് തെങ്ങിൻ തൈകളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തൽ. |
| 18 | വെള്ളാനിക്കര കോളേജ് ഓഫ് ഫോറസ്ട്രിയിൽ ഒരു ഹൈ-ടെക് ട്രീ നഴ്സറി സ്ഥാപിക്കുക. |
| 19 | കാർഷിക സർവ്വകലാശാല മെയിൻ കാമ്പസിലുള്ള ഫോറസ്ട്രി ഇൻസ്ട്രക്ഷണൽ ഫാമിന്റെ ആധുനീകരണം. |

**(d) ഗവേഷണ കേന്ദ്രങ്ങൾക്കുള്ള പദ്ധതി സഹായം**

ഗവേഷണകേന്ദ്രങ്ങൾ, സ്റ്റേഷനുകൾ, റിസർച്ച് ഡയറക്ടറേറ്റ് തുടങ്ങിയവയ്ക്കുള്ള പദ്ധതി സഹായം മുൻവർഷങ്ങളിൽ നൽകിയിരുന്നു. 2016-17 കാലയളവിലും ഇതിനായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇത് ഗവേഷണ കേന്ദ്രങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ തുടരുന്നതിനും, സർവ്വകലാശാലയിലെ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും മറ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ, ഇപ്പോഴത്തെ സ്ഥിതി, പൂർത്തീകരണ ഷെഡ്യൂൾ എന്നിവ സർക്കാരിൽനിന്നും ഭരണാനുമതി വാങ്ങുവാൻ സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ (ഡി.പി.ആർ.) കാണിച്ചിരിക്കേണ്ടതാണ്. വരും വർഷത്തിൽ ഏറ്റവും അത്യാവശ്യമായ സഹായങ്ങൾ മാത്രമേ തുടർന്ന് ലഭ്യമാകുകയുള്ളു. സർക്കാർ നിയമിച്ച ഏകാംഗ കമ്മീഷൻ പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുവാനായി നൽകിയ നിർദ്ദേശം പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.

**(e) അഖിലേന്ത്യാ കോർഡിനേറ്റഡ് ഗവേഷണ പദ്ധതികൾ (25 ശതമാനം സംസ്ഥാന വിഹിതം)**

കാർഷിക സർവ്വകലാശാലയിൽ 37-ഓളം അഖിലേന്ത്യാ കോ-ഓർഡിനേറ്റഡ് ഗവേഷണപദ്ധതികളും (എ. ഐ. സി. ആർ. പി.) അഖിലേന്ത്യാ ശൃംഖലാ ഗവേഷണ പദ്ധതികളും (എ. ഐ. എൻ. പി.) ഇപ്പോൾ നടന്നുവരുന്നു. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലും സംസ്ഥാന സർക്കാരുമായി 75:25 അനുപാതത്തിൽ ചെലവുകൾ പങ്കുവച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. അഖിലേന്ത്യാ കോർഡിനേറ്റഡ് ഗവേഷണ പദ്ധതികൾ, അഖിലേന്ത്യാ ശൃംഖലാ ഗവേഷണ പദ്ധതികൾ എന്നിവയുടെ നടത്തിപ്പിനായുള്ള 25 ശതമാനം സംസ്ഥാന വിഹിതമായി 600 ലക്ഷം രൂപ 2016-17-ൽ നീക്കി വച്ചിരിക്കുന്നു. സംസ്ഥാന വിഹിത സഹായത്തിനായി പ്രത്യേക പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കേണ്ടതാണ്.

**(f) അനുബന്ധിത ഗവേഷണ പദ്ധതികൾ**

പ്രത്യേകം പരാമർശിച്ചിട്ടുള്ള ഗവേഷണ പദ്ധതികൾക്കു പുറമേ, ഗവേഷണ ഡയറക്ടറേറ്റിന് കീഴിൽ ആവശ്യകതയ്ക്ക് അനുസരിച്ച് പുതിയ ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിന് സഹായമായി 50 ലക്ഷം രൂപ 2016-17-ൽ നീക്കിവച്ചിരിക്കുന്നു.

**3. അടിസ്ഥാന സൗകര്യ വികസനം**

സർവ്വകലാശാലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17-ൽ 1750 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ സഹായം മുൻവർഷങ്ങളിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പിൽ ഓവർ ചെലവുകൾ നിറവേറ്റുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കെട്ടിടങ്ങളുടെ ആധുനീകരണത്തിനും ജലസേചന/കുടിവെള്ള സൗകര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. 2016-17-ൽ ചുവടെ പറയുന്നവയ്ക്കായി തുക വകയിരുത്തുന്നു:

| *ക്രമ നമ്പർ* | *പ്രോജക്ട്* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | കെട്ടിടങ്ങളുടെ ആധുനീകരണം (ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ) | 250 |
| 2 | ജലസേചനവും കുടിവെള്ളവും | 250 |
| 3 | നിർമ്മാണ പ്രവർത്തനങ്ങൾ (പുതിയത്/ സ്പിൽ ഓവർ) | 1,250 |
| | **ആകെ** | **1,750** |

നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക കോളേജ് ഓഫ് ഫോറസ്ട്രിയുടെ ബാക്കി കെട്ടിടം പണികൾക്കായും, വെള്ളാനിക്കര യു. ജി. ഹോസ്റ്റലിന്റെ രണ്ടാം നില, വെള്ളാനിക്കര പി. ജി. മെൻസ് ഹോസ്റ്റലിന്റെ രണ്ടാം നില, വിസിറ്റിംഗ് സയന്റിസ്റ്റ് ഹോമിന്റെ രണ്ടാം നില, തവനൂർ യു. ജി. മെൻസ് ഹോസ്റ്റലിന്റെ രണ്ടാം നില, വനിതാ ഹോസ്റ്റൽ, മറ്റ് നടന്നു വരുന്ന പണികളുടെ പൂർത്തീകരണം എന്നിവയ്ക്കായിട്ടാണ്. ട്രെയിനിംഗ് ഹാളിന്റെ പൂർത്തീകരണത്തിനും കോമ്പൗണ്ട് വാൾ നിർമ്മാണത്തിനുമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**4. വിജ്ഞാന വ്യാപനം**

വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 1000 ലക്ഷം രൂപ 2016-17 വർഷത്തിൽ താഴെ പറയുന്നവയ്ക്കായി നീക്കിവെച്ചിരിക്കുന്നു:

| *ക്രമ നമ്പർ* | *പ്രോജക്ട്* |
|---|---|
| (1) | (2) |
| 1 | വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ ആധുനീകരണം. |
| 2 | എക്സിബിഷനുകൾ, കിസാൻ മേളകൾ, സിംപോസിയം എന്നിവയുടെ നടത്തിപ്പ് |
| 3 | കാർഷിക സർവ്വകലാശാല ടെക്നോളജി ഹബ്ബിൽ ഒരു ടെക്നോളജി ഇൻകുബേഷൻ സെന്റർ. |
| 4 | സാങ്കേതികവും കർഷക സൗഹൃദവുമായ ലഘുലേഖകൾ, ബ്രൗഷറുകൾ, ന്യൂസ് ലെറ്ററുകൾ, ഫാം മാഗസിൻ, ബുക്കുകൾ, ബുക്ക്ലെറ്റുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനും. |
| 5 | കാർഷിക സർവ്വകലാശാലയിലൂടെ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഓൺലൈനായി ഒരൊറ്റ ജാലകത്തിലൂടെ ലഭ്യമാകുന്ന സർവ്വീസ് പോർട്ടൽ സ്ഥാപിക്കുക. |
| 6 | വിദ്യാർത്ഥി-കർഷക കൂട്ടായ്മ |
| 7 | കാർഷിക സർവ്വകലാശാല ഉദ്യോഗസ്ഥരുടെ മാനവശേഷി വികസനം. |
| 8 | കൊല്ലം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ബയോസെന്റർ ശാക്തീകരണം. |
| 9 | കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ മണ്ണ് ജല പരിശോധനാ ലാബുകളുടെ മെച്ചപ്പെടുത്തൽ. |
| 10 | കോട്ടയം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മണ്ണ്, ജല, വള പരിശോധനാ ലാബിന്റെ ശാക്തീകരണം. |

| (1) | (2) |
|---|---|
| 11 | മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പച്ചക്കറി ഗ്രാഫ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ. |
| 12 | കാർഷിക യന്ത്രവത്ക്കരണ സഹായ പദ്ധതി-എ. എം. ഒ. എസ്. സി., എ. ആർ. എസ്., മണ്ണുത്തി-സ്ഥാപന വികസന പരിപാടിയും സ്പെഷ്യൽ ടാസ്ക് ഫോഴ്സ് പ്രോഗ്രാമറും. |
| 13 | എ. ആർ. എസ്. തിരുവല്ലയിൽ ജാഗറിയിൽ ജി. ഐ. പ്രോത്സാഹനം. |
| 14 | ബയോടെക്നോളജി ഫിനിഷിംഗ് സ്കൂൾ. |
| 15 | ഇടുക്കി, വയനാട് ജില്ലകളിൽ ബ്ലാക്ക് കുരുമുളക് വള്ളി ഉൽപ്പാദനം. |

5 **ഇ-ഗവേണൻസ്**

കേരള കാർഷിക സർവ്വകലാശാലയിൽ സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇ-ഗവേണൻസിനുവേണ്ടി ലൈബ്രറി ഉൾപ്പെടെ എല്ലാ സ്റ്റേഷനുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി തുക വകയിരുത്തിയിരിക്കുന്നു.

കാർഷിക സർവ്വകലാശാലയുടെ എല്ലാ ശമ്പള ചെലവുകളും പദ്ധതി ഇതര ഫണ്ടിൽനിന്നും ബാഹ്യ സഹായ പ്രോജക്ടുകളിൽ നിന്നും (ഇ. എ. പി.) വഹിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ ഓവർ ഹെഡ് ചെലവുകൾ കാർഷിക സർവ്വകലാശാലയുടെ ബജറ്റിലെ സംസ്ഥാന പദ്ധതി സഹായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വൈദ്യുതി ചാർജ്ജ്. വാട്ടർ ചാർജ്ജുകൾ തുടങ്ങിയ പദ്ധതി ഇതര ചെലവുകൾ, പദ്ധതി വിഹിതത്തിൽ ഉൾപ്പെടുന്നില്ല. മറ്റു സർവ്വകലാശാലകൾക്ക് നൽകുന്നതുപോലെ, ഭരണാനുമതിയനുസരിച്ച് പദ്ധതി വിഹിതം കാർഷിക സർവ്വകലാശാലയ്ക്ക് നൽകുന്നതാണ്.

**ബി. വിള പരിപാലനം**

വിളപരിപാലനത്തിനായി 2016-17 വർഷം 481.86 കോടി രൂപ വിഹിതത്തോടെ 16 പദ്ധതികളാണ് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. പച്ചക്കറി വികസനത്തിന് ഊന്നൽ നൽകി നെൽവികസനം ഉൾപ്പെടെയുള്ള സംയോജിത ഭക്ഷ്യവിള ഉത്പാദനത്തിനായി 109.30 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്കായി 12.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു. സുഗന്ധവ്യഞ്ജന വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു. കാർഷിക ഉപദേശ സേവനങ്ങൾക്കായി 20 പുതിയ അഗ്രോ സർവ്വീസ് സെന്ററുകളും വിള ആരോഗ്യ പദ്ധതിയിൻ കീഴിൽ 34 പുതിയ പ്ലാന്റ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും 2016-17 -ൽ ഉദ്ദേശിച്ചിരിക്കുന്നു.

**കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030**

2016-17 വാർഷിക പദ്ധതി പെഴ്സ്പെക്റ്റീവ് പ്ലാനിന്റെ ചട്ടക്കൂടിൽ തയ്യാറാക്കിയിട്ടുള്ളതും ദീർഘവീക്ഷണങ്ങൾ ഫലപ്രദമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഹ്രസ്വ മദ്ധ്യകാല പദ്ധതികളോടുകൂടിയതുമാണ്. കഴിഞ്ഞ ദശകത്തിൽ കേരളത്തിൽ മത്സ്യബന്ധനം ഒഴികെയുള്ള എല്ലാ ഉപമേഖലകളിലും വളർച്ചാ മുന്നേറ്റം ഇല്ലാത്തതിനാൽ കാർഷിക രംഗത്തെ വളർച്ച മന്ദഗതിയിലായിരുന്നു. കുരുമുളക്, കാപ്പി, തേയില എന്നിവയുടേയും ഒരു പരിധിവരെ കശുവണ്ടിയുടേയും കുറഞ്ഞു വരുന്ന ഉൽപ്പാദനക്ഷമത ഇതിനൊരു കാരണമാണ്. കേരളത്തിന്റെ വിളവെടുപ്പ് രീതി വളരെ അസ്ഥിരമാണ്. വിളവെടുപ്പ് പ്രദേശത്തിന്റെ ശരാശരി വലുപ്പം 0.23 ഹെക്ടർ എന്ന കുറഞ്ഞ നിരക്കാണ്. ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവ ഉൽപ്പാദനോപാധികൾ, ജലസേചനം, കാർഷിക വായ്പ എന്നിവ ആവശ്യകതയ്ക്കനുസരിച്ച് വിതരണം നടത്താൻ കഴിയുന്നില്ല. കേരളം അവശ്യഭക്ഷ്യ വസ്തുക്കളായ അരി, പച്ചക്കറി എന്നിവയ്ക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയിലാണ്. കൃഷി ഉപജീവന മാർഗ്ഗമെന്നതിലുപരി സാമ്പത്തികാഭിവൃദ്ധിക്കുള്ള ഉപാധി കൂടിയാണ്. പെഴ്സ്പെക്റ്റീവ് പ്ലാനിൽ ഉദ്ദേശിച്ചിട്ടുള്ള വാർഷിക ശരാശരി കാർഷിക വളർച്ച ഏറ്റവും കുറഞ്ഞത് 2 ശതമാനം എന്ന നിരക്കിലാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ അടുത്ത 20 വർഷം കൊണ്ട് കാര്യമായ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. പെഴ്സപെക്റ്റീവ് പ്ലാനിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി കൃഷിയിൽ പുനരുജ്ജീവനവും പുനഃക്രമീകരണവും അത്യാവശ്യമാണ്. കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നത് പരിഹരിക്കുന്നതിനായി അതിനനുസൃതമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് കാർഷികമേഖലയിൽ വളർച്ച കൈവരിക്കുവാൻ കഴിയും. സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷിരീതികളും കുറഞ്ഞ ഭൂവിസ്തൃതിയിൽ നിന്നും ഉയർന്ന വരുമാനം കണ്ടെത്തുവാൻ മറ്റൊരു വഴിയാണ്. കാർഷിക മേഖലയുടെ സുസ്ഥിര ആഗോള വിപണിക്കായി ഉൽപ്പന്നോപാധികളുടെ വിതരണം, ഉൽപ്പാദനം, അഗ്രോ പ്രോസസ്സിംഗ്, മാർക്കറ്റിംഗ് എന്നിവയിൽ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. കേരളം പാരമ്പര്യ കൃഷിരീതിയിൽ നിന്നും മാറി നൂതന കണ്ടുപിടിത്തങ്ങൾ സ്വായത്തമാക്കിക്കൊണ്ട് പുത്തൻ മേഖലയിലേക്ക് വളരെ പെട്ടെന്ന കടന്നുവരേണ്ടതുണ്ട്. കേരളത്തിന്റെ കാർഷിക വിപണന സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് അനവധി സാധ്യതകൾ ഉണ്ട്. നിലവിലുള്ള വിളവെടുപ്പ് രീതിയോടൊപ്പം വ്യവസ്ഥാപിത സമ്പ്രദായങ്ങളും കണക്കിലെടുത്ത് ജൈവ കൃഷിയിലൂടെയുള്ള ആഹാര സാധനങ്ങളുടെയും വിളകളുടേയും ഫലപ്രദമായ കയറ്റുമതിയിലൂടെ കേരളത്തിന് ഗാർഹിക, ആഗോള വിപണി മെച്ചപ്പെടുത്താവുന്നതാണ്. പെഴ്സ്പെക്റ്റീവ് പ്ലാനിൽ കൃഷിക്കായി വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും നേട്ടങ്ങളും കൈവരിക്കുന്നതിനായി 2016-17 വാർഷിക പദ്ധതി പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതിനായി പെഴ്സ്പെക്റ്റീവ് പ്ലാനുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടിട്ടുള്ള വിവിധ പദ്ധതികളായ സംയോജിത ഭക്ഷ്യ വിള ഉൽപ്പാദനം, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, കാർഷിക വിജ്ഞാന വ്യാപനം, മാനവശേഷി വികസനം, ലാബുകളുടെ ആധുനീകരണം, സുഗന്ധവിളകളുടെ വികസനം, ജൈവകൃഷി, വിള ഇൻഷ്വറൻസ് പദ്ധതികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, മണ്ണിന്റെ ആരോഗ്യ പരിപാലനം, ഹൈടെക് കൃഷി, വിള ആരോഗ്യ പരിപാലനം, വിപണനം, അഗ്രോ പ്രോസസ്സിംഗ്, മൂല്യ വർദ്ധനവ്, റിസ്ക് മാനേജ്മെന്റ്, വയനാട് പാക്കേജ് എന്നിവയിലൂടെ 296.81 കോടി രൂപയുടെ സഹായം വകയിരുത്തുന്നുണ്ട്.

2016-17-ൽ നിർദ്ദേശിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

**1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും**

(വിഹിതം : 2000.00 ലക്ഷം രൂപ)

ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കൃഷി ഉൽപ്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാന പരവുമായ ആവശ്യകതയാണ്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, ജേം പ്ലാസം തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദന ക്ഷമതയ്ക്ക് തന്നെ വെല്ലുവിളി ഉയർത്തുന്നുണ്ട്. കൃഷിയുടെ ഉല്പാദനക്ഷമതയ്ക്കും മൊത്തത്തിലുള്ള കൃഷി ഉല്പാദന ത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വിപണിയിൽ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കൃഷി ഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ എന്നതിലുപരി ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യയുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതാണ്. ഫാമുകളിൽ ഗ്രീൻ ഹൗസ്, ചെറുകിട ജലസേചന സൗകര്യങ്ങൾ, ടിഷ്യൂകൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്ത് സംസ്കരണം, വിത്ത് ശേഖരണം തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിനാ വശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ഫാമുകളുടെയും സീഡ് ഫാമുകളുടെയും കാര്യത്തിൽ വകുപ്പുതല പരിപാടികൾ ഗ്യാപ് ഫില്ലിംഗിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 പ്രത്യേക ഫാമുകളുടെ കാര്യത്തിൽ എല്ലാം വകുപ്പുതലത്തിൽ നിർവ്വഹിക്കേണ്ടതും അവ വാണിജ്യപരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയതരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങുന്നതിനായും പ്രജനനതോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നീ പരിപാടികൾക്കായി പദ്ധതി വിഹിതം വിനിയോഗി ക്കാവുന്നതാണ്. പിന്നീട് വിശകലനം ചെയ്യുന്നതായ ഒരംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തി ലായിരിക്കും ഓരോ ഫാമുകൾക്കും വിഹിതം നൽകുന്നത്. ഫാമുകളുടെ പശ്ചാത്തല വികസനത്തിന് ആർ. ഐ. ഡി. എഫ്.-ന്റെ കീഴിൽ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി 700.00 ലക്ഷം രൂപ കേരസമൃദ്ധി പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. വിഹിതം സങ്കരവും കുറിയതുമായ ഇനത്തിൽപ്പെട്ട തെങ്ങിൻതൈകളുടെ ഉത്പാദനത്തിനും ഉപയോഗിക്കുന്നതാണ്. 150.00 ലക്ഷം രൂപ വി. എഫ്. പി. സി. കെ. വഴി പഴങ്ങളുടെയും പച്ചക്കറികളുടെയും ഗ്രാഫ്റ്റുകളും തൈകളും ഉത്പാദിപ്പിക്കുന്നതിന് നീക്കി വെച്ചിട്ടുണ്ട്.

ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ കാർഷിക യന്ത്രവത്കരണം ഉൾപ്പെടെയുള്ള ആധുനീകരണത്തിനായി അധികസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. ബി. എഫ്. എം. സി. മറ്റു രണ്ടു ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള ടിഷ്യൂകൾച്ചർ ലാബുകൾ ഇവയ്ക്ക് അടിസ്ഥാന സൗകര്യ വികസന സഹായവും മാനുഷിക വിഭവ സഹായവും ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകളുടെ ഉൽപാദനത്തിനായി നൽകുന്നതാണ്. വകുപ്പിന്റെ പശ്ചാത്തല സൗകര്യങ്ങൾ തെങ്ങിൻ തൈകളുടെ ഉത്പാദനവും ആവശ്യകതയും നിറവേറ്റുവാൻ പര്യാപ്തമല്ല. നെല്ലിയാമ്പതി ഫാമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും ഓറഞ്ച് കൃഷി ക്കുമായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ ഘടകങ്ങൾ കേരള പെഴ്സപെക്റ്റീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഘടകങ്ങൾ വേർതിരിച്ചുള്ള പദ്ധതിവിഹിതം താഴെ കൊടുത്തിരിക്കുന്നു.

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *വിഹിതം (ലക്ഷം രൂപ)* |
|---|---|---|
| 1 | 13 ഫാമുകൾക്കുള്ള അധിക സൗകര്യങ്ങൾ | 250.00 |
| 2 | ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള ഫാമുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകി ശക്തിപ്പെടുത്തുന്നതിന് | 500.00 |
| 3 | ഹൈടെക് ഫാമിംഗിനായുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകളുടെ പ്രവർത്തന സഹായം | 50.00 |
| 4 | നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായുള്ള മറ്റ് സംവിധാനങ്ങൾ | 175.00 |
| 5 | ബി. എഫ്. എം. സി., അഞ്ചൽ, തളിപ്പറമ്പ് എന്നീ ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവയിൽ ടിഷ്യൂകൾച്ചർ ലാബുകളുടെ മാനുഷിക വിഭവ സഹായം | 25.00 |
| 6 | കേരസമൃദ്ധി | 700.00 |
| 7 | വി. എഫ്. പി. സി. കെ. മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം | 150.00 |
| 8 | സീഡ് അതോറിറ്റിക്ക് റിവോൾവിംഗ് ഫണ്ട് | 150.00 |
| | **ആകെ** | **2000.00** |

**2. സംയോജിത ഭക്ഷ്യവിള ഉൽപ്പാദനം**

(വിഹിതം : 10930.00 ലക്ഷം രൂപ)

പന്ത്രണ്ടാം പദ്ധതിയിൽ ഭക്ഷ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നെല്ല്, പാല്, മുട്ട, കിഴങ്ങ് എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത്തായ ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് സംസ്ഥാന തലത്തിൽ രൂപം നൽകിയിട്ടുണ്ട്. ഇതിലേക്കായി 2012-13 മുതൽ 2015-16 വരെ മൊത്തം 419.82 കോടി രൂപ വകയിരുത്തുകയുണ്ടായി. ഗവേഷണ സ്ഥാപനങ്ങളുടെയും, ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നെല്ല്, പച്ചക്കറി, കിഴങ്ങ് എന്നിവയ്ക്കുവേണ്ടി പ്രത്യേക ഉപപദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ട്. 2016-17-ൽ ഇതിനായി 109.30 കോടി രൂപ വകയിരുത്തുന്നു.

(i) നെല്ല് വികസനം

സംസ്ഥാനത്ത് പ്രകൃത്യാതന്നെ നെൽക്കൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി നെൽക്കൃഷി വികസന പരിപാടികൾ നടപ്പാക്കിവരുന്നു. നെൽകൃഷിയുടെ ശരാശരി ഉൽപ്പാദനക്ഷമത ഹെക്ടറിന് 3 ടൺ ആക്കുക എന്ന ലക്ഷ്യം പദ്ധതി കാലയളവ്

അവസാനിക്കുന്നതിന് മുൻപുതന്നെ കൈവരിക്കുന്നതിന് നെൽകൃഷിയിൽ ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിലേക്കായി 2016-17-ൽ 35 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ ആർ. കെ. വി. വൈ.-യിൽ നിന്നുള്ള സഹായവും ഈ സഹായവുമായി സംയോജിപ്പിച്ച് വിനിയോഗിക്കാവുന്നതാണ്.

പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 450.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഈ തുക ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനുമായി ഒരു സുതാര്യ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പാടശേഖര സമിതികൾക്ക് നൽകാവുന്നതാണ്.

(ii) പച്ചക്കറി വികസനം

പഞ്ചായത്തുതലത്തിൽ ഭൗതികലക്ഷ്യങ്ങൾ ഉന്നമിട്ട് സംയോജിത സമീപനത്തോടുകൂടിയുള്ള ഒരു പ്രധാന പദ്ധതി, പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് 2012-13-ൽ ആരംഭിക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാന വാണിജ്യ കൃഷി, വിദ്യാലയങ്ങളിലെ പച്ചക്കറി തോട്ടത്തിന്റെ പ്രോത്സാഹനം, പച്ചക്കറി വിത്ത് ഉൽപ്പാദനം, പച്ചക്കറിവിത്ത് കിറ്റ് വിതരണം, ഉത്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, വിപണനം, ഹൈ-ടെക് പച്ചക്കറി ഉത്പാദന പദ്ധതിയുടെ പ്രോത്സാഹനം തുടങ്ങിയവ നടപ്പിലാക്കി പദ്ധതിയെ കൂടുതൽ വിപുലീകരിക്കുന്നതിനായി 2016-17-ൽ 74.30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 68.30 കോടി രൂപയുടെ വിഹിതം കൃഷിവകുപ്പിനായി വകയിരുത്തിയിരിക്കുന്നു.

തെരഞ്ഞെടുത്ത ജില്ലകളിൽ വി. എഫ്. പി. സി. കെ. യിലൂടെ പച്ചക്കറികൃഷി പ്രോത്സാഹനത്തിനായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വി. എഫ്. പി. സി. കെ.-ക്ക് വകയിരുത്തിയിട്ടുള്ള 600.00 ലക്ഷം രൂപയിൽ 300.00 ലക്ഷം രൂപ പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിനും ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ ഉയർത്തുന്നതിനുമായി നീക്കിവച്ചിരിക്കുന്നു. സബ്സിഡി അടിസ്ഥാനമാക്കിയുള്ള പച്ചക്കറി കൃഷി, വി. എഫ്. പി. സി. കെ.-യിലൂടെ വിഭാവനം ചെയ്യുന്നില്ല.

നഗര ക്ലസ്റ്ററുകൾക്കായി വകയിരുത്തിയിരിക്കുന്ന 750.00 ലക്ഷം രൂപയിൽ 150.00 ലക്ഷം രൂപ മുൻപ് രൂപം കൊടുത്തിട്ടുള്ള ക്ലസ്റ്ററുകൾക്ക് തൈകളും ജൈവ നിയന്ത്രണകാരികളും സഹായമായി നൽകുന്നതിന് നീക്കിവച്ചിരിക്കുന്നു. അഗ്രോ സർവ്വീസ് സെന്ററുകളും കുടുംബശ്രീയും മുഖേന തയ്യാറാക്കിയിട്ടുള്ള ഗ്രോബാഗുകൾക്കുള്ള സഹായം നൽകുന്നതാണ്.

2013-14, 2014-15, 2015-16-ലും സ്ഥാപിച്ചിട്ടുള്ള ക്ലസ്റ്ററുകളുടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയിലെ വർദ്ധനവ്, നവീനമായ പ്രവർത്തനങ്ങൾ, നേതൃത്വം, സാങ്കേതികവിദ്യാ ഉപയോഗം, ക്ലസ്റ്ററിന്റെ സജീവത തുടങ്ങിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി വീണ്ടും തരംതിരിക്കുന്നതാണ്. മികച്ച ക്ലസ്റ്ററുകളെ എ-ഗ്രേഡ് ക്ലസ്റ്ററുകളായി തരം തിരിച്ച് അവയ്ക്ക് നഴ്സറികൾ, സംഭരണ കേന്ദ്രങ്ങൾ, പ്രീ കൂളിംഗ് കേന്ദ്രങ്ങൾ, ഉത്പാദന ഉപാധി കേന്ദ്രങ്ങൾ, മറ്റ് പദ്ധതി അധിഷ്ഠിത സഹായങ്ങൾ എന്നിവ അടങ്ങിയ പ്രത്യേക വികസന സഹായം നൽകുന്നതാണ്.

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വികസനമാണ് സംസ്ഥാനത്തെ പച്ചക്കറി വികസന സംരംഭങ്ങളുടെ മുഖ്യ ഘടകം. ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിനായി 1850.00 ലക്ഷം രൂപയും ഗ്രേഡഡ് ക്ലസ്റ്ററുകൾക്ക് സഹായമായി 1065.00 ലക്ഷം രൂപയും വകയിരുത്തുന്നു. 2014-15 -ൽ തീരുമാനിച്ചതുപ്രകാരം ക്ലസ്റ്ററുകളുടെ പരമാവധി എണ്ണം ഏകദേശം 800 ആയി പരിമിതപ്പെടുത്തുന്നതാണ്. ഈ 800 ക്ലസ്റ്ററുകളിൽ ഉൾപ്പെടുന്ന 100 പുതിയ എ-ഗ്രേഡ് ക്ലസ്റ്ററുകൾക്കായി 630.00 ലക്ഷം രൂപ വകയിരുത്തുന്നു. മുൻ വർഷങ്ങളിൽ സഹായം നൽകിയിട്ടുള്ള എ ഗ്രേഡ് ക്ലസ്റ്ററുകൾ ഉൾപ്പെടെയുള്ള മൊത്തം 800 ക്ലസ്റ്ററുകളിൽ 700 ക്ലസ്റ്ററുകൾക്കുള്ള സഹായമായി 700.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിനു പുറമേ 800 ക്ലസ്റ്ററുകൾക്ക് ഓരോന്നിനും സഹായം ലഭ്യമാക്കുന്നതാണ്. സഹായ തുക ഹെക്ടറിന് 15000 രൂപ എന്ന നിരക്കിൽ പരിമിതപ്പെടുത്തുന്നതാണ്. ക്ലസ്റ്ററുകളുടെ 5 ഹെക്ടർ എന്ന ഉയർന്ന പരിധി ഇളവ് ചെയ്ത്, അർഹമായ സഹായം ക്ലസ്റ്ററുകൾ കൃഷി ചെയ്യുന്ന വിസ്തൃതിക്കനുസരിച്ച് നൽകുന്നതാണ്. അനുയോജ്യമായ പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾക്ക് പ്രോജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്.

ഒരു ഹെക്ടറിന് അനുവദിച്ചിട്ടുള്ള മൊത്തം സബ്സിഡിയിൽ 25 ശതമാനം സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിനും, ഉത്പാദന ഉപാധികളുടെ പ്രോത്സാഹനത്തിനും, നല്ല കൃഷിരീതികളുടെ പ്രോത്സാഹനത്തിനുമായി നീക്കിവച്ചിരിക്കുന്നു. ജൈവ നിയന്ത്രണകാരികൾ, ഫെറമോൺ കെണികൾ, വിസ്തൃത സംയോജിത കീടപരിപാലനം, ജീവാണുവളങ്ങൾ എന്നിവയ്ക്കുള്ള സഹായം സബ്സിഡി ഘടകത്തിനു കീഴിൽ ഉൾപ്പെടുന്നു. ഇതു കൂടാതെ ലൈം പ്രയോഗത്തിനായി കുറഞ്ഞത് 15 ശതമാനം തുക നീക്കി വയ്ക്കേണ്ടതാണ്.

ബ്ലോക്ക് തലത്തിലുള്ള ഫെഡറേറ്റഡ് സംഘടനകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും നടത്തിപ്പു സഹായത്തിനുമായി റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള സഹായം നൽകുന്നതാണ്. ഇതിനായി 500.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഈ തുകയിൽ 100.00 ലക്ഷം രൂപ 10 പുതിയ ഫെഡറേറ്റഡ് സംഘടനകൾക്ക് രൂപം കൊടുക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. റിവോൾവിംഗ് ഫണ്ടായും വിഹിതം വിനിയോഗിക്കാവുന്നതാണ്. കൃഷി വകുപ്പു മുഖേനയുള്ള ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും വി. എഫ്. പി. സി. കെ. പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മാർക്കറ്റുകളും തമ്മിൽ ഇരട്ടിപ്പ് ഉണ്ടാകരുത്. അനുയോജ്യമായ പഞ്ചായത്തുകളിൽ ഈ രണ്ടു ഓർഗനൈസേഷനുകൾക്കും യോജിച്ച് പ്രവർത്തിക്കുവാൻ കഴിയുന്നതാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഏകദേശം 20 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻസിന് പ്രോജക്ട് അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അടിസ്ഥാന സൗകര്യ വികസന സഹായമായി പരമാവധി 10.00 ലക്ഷംരൂപ വീതം നൽകുന്നതാണ്. എൻ.ഐ.പി.എച്ച്.എം.-ൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സഹായത്തോടെയുള്ള ബയോഫാർമസി, ഇക്കോഷോപ്പ്, സ്യൂഡോമൊണാസ്/ട്രൈക്കോടർമാ എന്നിവയുടെ ഓൺ ഫാം പ്രൊഡക്ഷൻ യൂണിറ്റ് എന്നിവയ്ക്കുള്ള ഒറ്റത്തവണ സഹായം നൽകുന്നതിന് മുൻഗണന നൽകിയിരിക്കുന്നു.

തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന നഴ്സറികൾ സ്ഥാപിക്കുന്നതാണ്. നിലവിലുള്ള നഴ്സറികൾക്കുള്ള റിവോൾവിംഗ് ഫണ്ടും പുതിയ നഴ്സറികൾക്കുള്ള സഹായവും ഇതിൽ ഉൾപ്പെടുന്നു. കോർപ്പറേഷനുകളിലും തിരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും വിത്തുൽപാദനത്തിനും

വിതരണത്തിനും ചെറിയ നഴ്സറികൾ സ്ഥാപിക്കുന്നതിനും കൂടാതെ പോളീഹൗസുകൾ, റെയിൻ ഷെൽട്ടറുകൾ എന്നിവയ്ക്കുമായി 70.00 ലക്ഷം രൂപ വകയിരുത്തുന്നു.

പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം(ലക്ഷം രൂപ) |
|---|---|---|
| (1) | (2) | (3) |
| **I.** | **നെൽക്കൃഷി വികസനം** | |
| 1 | സുസ്ഥിര നെൽക്കൃഷി വികസനം (രൂപ 1500/ ഹെക്ടർ) | 2,700 |
| 2 | നെൽക്കൃഷി വികസന ഏജൻസികൾ | 150 |
| 3 | സവിശേഷ അരി പ്രോത്സാഹിപ്പിക്കൽ | 150 |
| 4 | ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം | 450 |
| 5 | നെൽവയൽ നികത്തൽ നിയമം 2008 നടപ്പിലാക്കൽ | 50 |
| | ആകെ | 3,500 |
| **II** | **പച്ചക്കറി വികസനം** | |
| 1 | വി.എഫ്.പി.സി.കെ. ക്ക് സഹായം | 600 |
| 2 | പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക | 500 |
| 3 | അർബൻ ക്ലസ്റ്ററുകളുടെ പ്രോത്സാഹനം | 750 |
| 4 | വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി | 425 |
| 5 | പരിശീലനം ബോധവത്കരണം പ്രചരണവും | 60 |
| 6 | വിജയ മാതൃകകൾക്ക് ആകാശവാണിയിലൂടെ പ്രചാരണം നൽകുക | 50 |
| 7 | ജില്ലാ ക്ലസ്റ്റർ വികസനം | 1,850 |
| 8 | സാങ്കേതിക സഹായവും കരാർ നിയമവും | 50 |
| 9 | സുരക്ഷിത ഭക്ഷ്യ ബ്രാൻഡുകൾ— പദ്ധതി അധിഷ്ഠിത സഹായം | 50 |
| 10 | അവാർഡുകളും ആനുകൂല്യങ്ങളും | 50 |
| 11 | ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് വികസന സഹായം | 1,065 |
| 12 | സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനങ്ങൾ | 50 |
| 13 | ഡോക്യുമെന്റേഷൻ | 50 |
| 14 | ബാഹ്യനിരീക്ഷണം | 40 |
| 15 | ബ്ലോക്കുതല ഫെഡറേറ്റഡ് സംഘടനകൾ (ബ്ലോക്ക് സംഘ മൈത്രികൾ) | 500 |
| 16 | കിഴങ്ങുവർഗ്ഗങ്ങളുടെ പ്രോത്സാഹനം | 25 |
| 17 | നേഴ്സറികൾ സ്ഥാപിക്കുന്നത് | 265 |
| 18 | മഴ ഷെൽട്ടറുകൾ | 590 |
| 19 | ഹൈബ്രിഡുകളുടെ ട്രയൽ | 60 |
| 20 | ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം | 400 |
| | **ആകെ** | **7,430** |
| | **ആകെ മൊത്തം** | **10,930** |

800 ക്ലസ്റ്ററുകൾക്കുള്ള ചില ഘടകങ്ങളായ ഇന്നവേഷൻ ഫണ്ട്, പരിശീലനം, തരിശുഭൂമി പച്ചക്കറികൃഷി, സ്ക്കാറ്റേർഡ് ക്ലസ്റ്ററുകളിലെ പച്ചക്കറി കൃഷി മുതലായവ കഫറ്റീരിയ മോഡലിൽ അംഗീകാരം നൽകിയാൽ ജില്ലകളുടെ സാദ്ധ്യത അനുസരിച്ച് അനുയോജ്യമായവ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**3. നാളികേര വികസനം**

(വിഹിതം : 4500.00 ലക്ഷം രൂപ)

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തിന്റെ ആധിക്യം, മോശമായ പരിപാലനം, കായ്ഫലമില്ലാത്തതും പ്രായമേറിയതുമായ തെങ്ങുകൾ എന്നിവ കേരളത്തിലെ നാളികേര ഉൽപ്പാദന ക്ഷമത മറ്റ് സമീപ സംസ്ഥാനങ്ങളേക്കാൾ കുറയുന്നതിന് കാരണമായി.

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നാളികേര വികസന പദ്ധതി 2014-15-ൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംയോജിത കീട രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, തൊഴിലവസരം ഉറപ്പാക്കുക മുതലായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലൈം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ പ്രയോഗം ഉറപ്പുവരുത്തേണ്ടതാണ്.

2016-17-ൽ ഈ പദ്ധതിക്കായി 4500.00 ലക്ഷം രൂപ വകയിരുത്തുന്നു. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ വളപ്രയോഗം, വിളവെടുപ്പു യന്ത്രങ്ങൾ, നഴ്സറികൾ, ജലസേചന സൗകര്യങ്ങൾ മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സമിതിയുടെ രജിസ്ട്രേഷൻ, പരിശീലന പരിപാടികൾ, യോഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കൃഷിഭവനുകൾക്കുള്ള പ്രവർത്തനച്ചിലവും ഉൾപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലായിരിക്കും പദ്ധതി നടപ്പിലാക്കുക. കൂടാതെ നാളികേര വികസന ബോർഡ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സഹായം നൽകുന്നതാണ്. പഞ്ചായത്തുതല കേരഅപ്പക്സ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10.00 ലക്ഷം രൂപ വീതം വകയിരുത്തുന്നു. ഏറ്റവും കുറഞ്ഞത് 500 ഹെക്ടർ പ്രദേശത്തെങ്കിലും തെങ്ങ് കൃഷിയുള്ള പഞ്ചായത്തു പ്രദേശത്തെ സൊസൈറ്റികൾക്കാണ് സഹായം ഉൾപ്പെടുത്തിയിട്ടുള്ളത്. തേങ്ങ ഉല്പാദിപ്പിക്കുന്ന കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുന്നതിനായി ആർ. കെ. വി. വൈ. പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്. മാതൃക ഫാം പ്ലാനുകൾ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും അധിക സഹായം ഉറപ്പാക്കാവുന്നതാണ്.

**കാർഷിക വിജ്ഞാന വ്യാപനവും വാർത്താവിനിമയവും**

കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള പങ്ക് വലുതാണ്. കാർഷിക സമ്പ്രദായം വിനിയോഗിച്ചും മൂല്യവർദ്ധനവും വിപണനവും അനുയോജ്യമായവിധത്തിൽ ഉപയോഗിച്ചും

വിജ്ഞാന വ്യാപന പരിപാടികൾ വിപുലീകരിക്കേണ്ടതാണ്. ഐ. ടി. ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപകമായ ഉപയോഗം ഇതിനായി വിനിയോഗിക്കേണ്ടതാണ്. കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവര വിനിമയം എന്നീ രണ്ടു പദ്ധതികൾക്കായി 2016-17-ൽ 4400.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 4. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

(വിഹിതം : 4000.00 ലക്ഷം രൂപ)

സംസ്ഥാനത്തെ കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായത്തിന് സാങ്കേതികപരവും വ്യവസ്ഥാപിതവും സ്ഥാപനപരവുമായ വികസനംമൂലം വളരെ നല്ല നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക വികസനം ഫലപ്രദമാക്കുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. മേൽത്തട്ടിലുള്ള ശരിയായ ഏകോപനവും ഉൽപ്പാദന മേഖലയിൽ കീഴ്ത്തട്ടിലുള്ള വകുപ്പുകളുടെ സംയോജനവും വഴി ഇടക്കാലത്ത് നടപ്പിലാക്കിയ ആത്മ (ATMA) മാതൃകയിലുള്ള കൃഷിവിജ്ഞാനവ്യാപനം ആത്മ പ്ലസ് എന്ന മാതൃകയായി ഏകോപിപ്പിച്ച് ആവശ്യമായ ഭേദഗതികളോടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മണ്ണ് പരിശോധന, വിള ആരോഗ്യ പരിപാലനം, കാർഷിക സേവനങ്ങൾ, പരാദപ്രജനനം, എല്ലാ സ്കീമുകളുടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ട് കൃഷി വകുപ്പിൽ വിജ്ഞാന വ്യാപന വിഭാഗം സ്ഥാപിച്ചിട്ടുണ്ട്. ഈ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റ് (എ. ഇ. യു.) അടിസ്ഥാനമാക്കിയുള്ള വിഭവ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ആത്മ പ്ലസ് മാതൃക ജൈവ വ്യവസ്ഥാ യൂണിറ്റ് തലത്തിൽ ഏകോപിപ്പിക്കുന്നതാണ്. കൃഷി വകുപ്പോ സഹകരണവകുപ്പോ ആരംഭിച്ച ഒരു കാർഷിക സേവന കേന്ദ്ര (അഗ്രോ സർവ്വീസ് സെന്റർ) ത്തിന്റെ സേവനം ഓരോ കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റ് വിഭവ കേന്ദ്രത്തിനും ഉറപ്പാക്കുന്നതാണ്.

സംസ്ഥാനത്തെ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലീഡ് ഫാർമർ സെന്റേർഡ് എക്സ്റ്റൻഷൻ അഡ്വൈസറി ഡെലിവറി സർവ്വീസ് (ലീഡ്സ്), കൃഷി സ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ടുള്ള വിജ്ഞാനവ്യാപന സംവിധാനം 2011-12-ൽ ആരംഭിച്ചിട്ടുള്ളത്, പാലക്കാട്, കൊല്ലം, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കിയിരുന്നു. 2012-13-ൽ വയനാട് ജില്ലയിലേക്കും പദ്ധതി വ്യാപിപ്പിച്ചിരുന്നു. നാല് ജില്ലകളിലെ പ്രാരംഭ വ്യാപനം നടപ്പിലാക്കുന്നതിന് 440.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ലീഡ് കർഷകരെ മൂന്നുകൊല്ലം കൂടുമ്പോഴോ, അനുയോജ്യരല്ലെങ്കിൽ ഓരോ വർഷം കൂടുമ്പോഴോ, പുതുതായി തിരഞ്ഞെടുക്കുന്നതാണ്. പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് സാറ്റ്ലൈറ്റ് കർഷകരെയും മാറ്റാവുന്നതാണ്. ഫീൽഡു സന്ദർശനങ്ങൾക്ക് സഹായകരമായി പരിമിതമായ എണ്ണത്തിൽ സാങ്കേതിക ജീവനക്കാർ പ്രത്യേകിച്ച് വി. എച്ച്. എസ്. സി. (കൃഷി) പരിശീലനം സിദ്ധിച്ചവർ ഇവരുടെ സേവനം കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് 400.00 ലക്ഷം രൂപയാണ്. സമേതിയെ ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തന ചെലവുകൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും 5 വിദഗ്ദ്ധർ, BTM, IT സ്പെഷ്യലിസ്റ്റുകൾ ഹോണറേറിയം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ട് വിദഗ്ധർ ഉൾപ്പെടെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിയും പി.എച്ച്.ഡി.യുള്ള 5 വിദഗ്ധരെ സമേതിയിൽ നിയമിക്കുന്നതാണ്. എം.എസ്.ഡബ്ല്യൂ. അല്ലെങ്കിൽ സോഷ്യോളജി സ്പെഷ്യലൈസേഷനോടുകൂടി സോഷ്യൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ഒരാളും മറ്റുള്ളവർ കാർഷിക വിജ്ഞാപനത്തിൽ പി.എച്ച്.ഡി.യോടു കൂടി നൂതന കണ്ടുപിടിത്തങ്ങളിലും കമ്മ്യൂണിക്കേഷനിലും വിദഗ്ധരുമായിരിക്കണം. NIPHM, NIELIT മുഖേനയുള്ള കാര്യശേഷി വർദ്ധനവ് പരിപാടി ശക്തിപ്പെടുത്തണം. ആത്മ പരിപാടികൾക്കുള്ള സംസ്ഥാന വിഹിതം കൃഷി ഉന്നതി യോജന എന്ന സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആർ. എ. റ്റി. റ്റി. സി. കളെ 2016-17-ൽ ശക്തിപ്പെടുത്തി സമേതിയുടെ സാറ്റലൈറ്റ് സെന്ററാക്കുന്നത് പൂർത്തീകരിക്കുന്നതിനുവേണ്ടി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ, വാടകയ്ക്കായുള്ള വിഹിതം, കരാർ അടിസ്ഥാന നിയമനം ഇവ ഉൾപ്പെടെയുള്ള വിഹിതങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആത്മ പ്രോജക്ട് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തുന്നതാണ്. ഇതിനായി 400.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. ഓരോ പ്രോജക്ട് ഡയറക്ടറേറ്റിനും കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലകളുമായി ബന്ധപ്പെടുന്ന ജില്ലാ ടെക്നോളജി മാനേജർമാർക്ക് (ഡി.റ്റി.എം.) അധിക സഹായം ലഭ്യമാക്കുന്നതാണ്. ജില്ലാതലത്തിൽ നിലവിലുള്ള ജില്ലാ ടെക്നോളജി മാനേജർമാരുടെ മാനവ വിഭവ സഹായത്തിനായി 180.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലാ ടെക്നോളജി മാനേജർമാർമാരുടെ ഹോണറേറിയം 25000 രൂപയാണ്. യാത്രാചിലവ് ഒഴികെയാണിത്. കോഴിക്കോടും പന്തളത്തുമുള്ള കർഷക പരിശീലന കേന്ദ്ര (എഫ്. റ്റി. സി.) ങ്ങളിൽ ഓരോ കൃഷി ഓഫീസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതും ആർ. എ. റ്റി. റ്റി. സി. കളിലും കർഷക പരിശീലന കേന്ദ്രങ്ങളിലും 7 വിരമിച്ച പ്രൊഫസർമാരെയും ശാസ്ത്രജ്ഞരെയും നിയമിക്കുന്നതിനുള്ള സഹായം വിഹിതത്തിൽ ഉൾപ്പെടുത്തിയുണ്ട്. പരിശീലനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിശീലന വായന ഉപാധികൾ തയ്യാറാക്കുന്നതിനുമാണ് വിരമിച്ച പ്രൊഫസർമാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കുന്നതിനായി 50.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഓരോ മാസവും കുറഞ്ഞത് 5000 കോപ്പികൾ അച്ചടിക്കുന്നതാണ്. അട്ടപ്പാടി, ചിറ്റൂർ എന്നീ പ്രദേശങ്ങളിലും കാസർഗോഡ് ജില്ലയുടെ ഒരുഭാഗം, ഇടുക്കി ജില്ലയിലും ട്രൈബൽ ഭാഷയിലും തമിഴ് കന്നട തുടങ്ങിയ ഭാഷകളിലും പ്രത്യേക പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. ഫലവത്തായ വിജ്ഞാന വ്യാപന സേവന വിതരണത്തിനായി എല്ലാ പ്രോജക്ട് ഡയറക്ടറേറ്റുകളിലും മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. ഇതിനായി 100.00 ലക്ഷം രൂപ മൊബൈൽ ക്ലിനിക്കുകളുടെ വിഭവ ചിലവുകൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു.

ആത്മ പ്ലസിന്റെ കീഴിലുള്ള എസ്. ആർ. ഇ. പി.-യുടെ പുതിയ പ്രവർത്തനങ്ങൾക്കും വിജ്ഞാന വ്യാപന ഇടപെടലുകൾക്കും കേന്ദ്ര സർക്കാരിൽനിന്നുള്ള തുക ലഭിക്കാതെ വരികയോ മതിയാകാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ ഇതിലേക്കുവേണ്ടി 1230 ലക്ഷം രൂപ വകയിരുത്തുന്നു. പുതുക്കിയ എസ്.ആർ.ഇ.പി. അനുസരിച്ചുള്ള വിജ്ഞാന വ്യാപന പദ്ധതികൾക്കുള്ള സഹായത്തിൽ വിജയഗാഥകളുടെ ഡോക്യുമെന്റേഷൻ, സംയോജിത കൃഷി സമ്പ്രദായം, മാതൃക പഞ്ചായത്ത് വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിജ്ഞാന വ്യാപന സംഘടനകൾ, കർഷക വിജ്ഞാന വികസനം, സാങ്കേതിക സമ്മേളനങ്ങൾ, ദ്വിമാസ ന്യൂസ് ലെറ്റർ, എം. ഡി. ഡി. റ്റി., എഫ്. ഇ. ഒ. സാങ്കേതിക വിദ്യാഫണ്ട്, കഫറ്റേരിയ പ്രവർത്തനങ്ങൾക്കുള്ള അധിക സഹായം, കർഷക ഫാം സ്കൂളുകൾ, മുൻപ് രൂപീകരിച്ചിട്ടുള്ള ഫാം സ്കൂളുകൾക്കുള്ള സഹായം, ജില്ലയിലെ പ്രത്യേക പ്രവർത്തനങ്ങൾ, കാർഷിക ജൈവവ്യവസ്ഥ യൂണിറ്റ് തലത്തിൽ അനുയോജ്യമായ സാങ്കേതിക വിദ്യ സ്വായത്തമാക്കൽ എന്നിവയ്ക്കുള്ള സഹായം ഉൾപ്പെടുന്നു. കാർഷിക ജൈവവ്യവസ്ഥാ യൂണിറ്റടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാനവീകരണത്തിനുള്ള സ്വായത്ത പരീക്ഷണങ്ങൾ, എക്സ്പോസർ വിസിറ്റിനുശേഷം ആരംഭിക്കുന്ന നൂതന സംരംഭങ്ങൾ എന്നിവയ്ക്കുള്ള സഹായം 80 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. 2015-16-ൽ അംഗീകരിച്ചതു പ്രകാരം മൂന്നാം വർഷ എം. പി. ഇ. പി., രണ്ടാം വർഷ എം. പി. ഇ. പി.-യുമായി സംയോജിപ്പിച്ച് നിലനിർത്തേണ്ടതാണ്.

ഓരോ വർഷവും പരമാവധി 30% ബ്ലോക്കുകളെ ഫോക്കസ് ബ്ലോക്കുകളായി തെരഞ്ഞെടുത്ത് അവയുടെ ഫലപ്രദമായ വിജ്ഞാന വ്യാപന വിതരണത്തിനായി 70% തുക വകയിരുത്തേണ്ടതാണ്. വിജ്ഞാന വ്യാപനത്തിനായി എടുത്തു പറയത്തക്ക മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും ഉൾപ്പെടുന്ന അവാർഡ് നൽകുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബ്ലോക്കുതലത്തിലുള്ള വെർച്ച്വൽ ക്ലാസ്സ്റൂമുകൾ ശക്തിപ്പെടുത്തുന്നതിനും ആവർത്തന ചെലവുകൾക്കുമായി 100 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സഹായം സാദ്ധ്യമാകുന്നിടത്ത് ഉറപ്പുവരുത്തേണ്ടതാണ്.

ഗവേഷണ-വിജ്ഞാന വ്യാപന മുഖാമുഖങ്ങളിൽ ഉരുത്തിരിയുന്ന ഗവേഷണ പ്രശ്നങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ വഴി പരിഹരിക്കുന്നതിനായി 75 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാല, കേരള ഫിഷറീസ് യൂണിവേഴ്സിറ്റി, കേരള വെറ്റിറനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, ഭാരതീയ ഏലം ഗവേഷണ കേന്ദ്രം, ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ ഇത്തരത്തിലുള്ള ഹ്രസ്വകാലയളവിലുള്ളതും പ്രായോഗിക അധിഷ്ഠിതവുമായ ഗവേഷണ പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിലുള്ള ഒരു ഗവേഷണ പ്രശ്നത്തിന് 10 ലക്ഷം രൂപ പരമാവധി സഹായമായി നിജപ്പെടുത്തിയിരിക്കുന്നു. ആത്മ ജില്ലാ തലത്തിൽ തയ്യാറാക്കുന്ന ഡോക്യുമെന്റിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതലത്തിലുള്ള ഒരു വിദഗ്ധ സമിതി ഈ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നതാണ്. ഇതിൽ 15 ലക്ഷം രൂപ കൃഷി വകുപ്പ് മുഖേന സ്വായത്തമാക്കുന്ന ഗവേഷണ പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്നു.

പദ്ധതിയുടെ ഘടനാപരമായ വിശകലനം താഴെ കൊടുത്തിരിക്കുന്നു:

2016-17-ൽ പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള വിഹിതം.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | ആർ.എ.റ്റി.റ്റി.സി.-കളുടെ ശക്തിപ്പെടുത്തലും ജില്ലതോറും ഒരു ട്രെയിനിംഗ് സെന്ററിനുള്ള സഹായവും | 500 |
| 2 | ലീഡ്സിനുള്ള സഹായം | 440 |
| 3 | കിസാൻ പ്രോജക്ട് | 60 |
| 4 | സമേതിക്കുള്ള സഹായം | 75 |
| 5 | ആത്മ പ്രോജക്ട് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ | 400 |
| 6 | ആത്മ ഡോക്യുമെന്ററി ഉൾപ്പെടെ പുതുക്കിയ എസ്.ആർ.ഇ.പി. പ്രകാരമുള്ള വിജ്ഞാന വ്യാപന പ്രവർത്തന പദ്ധതി സഹായം | 1230 |
| 7 | വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർക്ക് അവാർഡ് | 30 |
| 8 | പ്രോജക്ട് ഡയറക്ടറേറ്റിനും എക്സ്റ്റെൻഷൻ വിഭാഗത്തിനുമുള്ള മാനവ വിഭവ സഹായം | 180 |
| 9 | ഫീൽഡ് അസിസ്റ്റൻസ്, ബ്ലോക്ക് ടെക്നോളജി മാനേജർമാർ ഇവർക്കായി തുടർച്ചയായുള്ള പരിശീലനം | 50 |
| 10 | പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കലും വ്യാപനം ചെയ്യലും | 50 |
| 11 | ആത്മക്കായി വാഹനങ്ങൾ വാടകക്കെടുക്കുന്നതിനും പ്രവർത്തന സഹായത്തിനും | 100 |
| 12 | സി. എം. ഡി.-യുടെ ബാഹ്യ നിരീക്ഷണത്തിന് | 40 |
| 13 | ഗവേഷണ പ്രശ്നങ്ങൾ | 75 |
| 14 | പൊതുജന പങ്കാളിത്തവും സൈബർ എക്സ്റ്റൻഷനും | 300 |
| 15 | തരിശുരഹിത പഞ്ചായത്തുകൾക്കുള്ള സഹായം | 20 |
| 16 | കർഷക നൈപുണ്യ അവാർഡ് | 50 |
| 17 | ബ്ലോക്ക് തലത്തിലുള്ള വെർച്ച്വൽ ക്ലാസ്സ് റൂമിന്റെ ശാക്തീകരണവും ആവർത്തന ചെലവും | 100 |
| 18 | കാർഷിക വികസനത്തിനായി സോഷ്യൽ മീഡിയയുടെ സമന്വയം | 50 |
| 19 | അഗ്രോ ഇക്കോളജി യൂണിറ്റ് തലത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണം | 250 |
| | **ആകെ** | **4000** |

ആത്മയുടെ കീഴിൽ നിയമിതനായ പ്രോജക്ട് ഡയറക്ടർ ജില്ലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതായിരിക്കും. ലീഡ്സ് പദ്ധതി ആത്മയുമായി സംയോജിപ്പിച്ചുകാണ്ടുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതായിരിക്കും. ജില്ലയിലെ ആത്മ പദ്ധതിയുടെ പ്രോജക്ട് ഡയറക്ടറേറ്റ് കൃഷി വിഭാഗത്തിന്റെ വ്യാപന വിഭാഗവും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി ശക്തിപ്പെടുത്തുന്നതാണ്. 2016-17-ൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാർഷിക അഗ്രോ ഇക്കോളജി യൂണിറ്റ് തലത്തിൽ ശാക്തീകരിക്കുന്നതിനും എല്ലാ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും, കൃഷി സേവന കേന്ദ്രങ്ങളും മറ്റ് സേവന വിതരണ പ്രോജക്ടുകളും സംയോജിപ്പിക്കുന്നതുമാണ്. ഇതിലേക്കായി 250 ലക്ഷം രൂപ വകയിരുത്തുന്നു.

വിജ്ഞാന വ്യാപന ഫലങ്ങളുടെ നിരീക്ഷണം 2013-14-ൽ സി. എം. ഡി.-യിലൂടെ ആരംഭിച്ചത് തുടരുന്നതാണ്. തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപന ബഞ്ച് മാർക്കിംഗ് നടത്തുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 5. കാർഷിക വിവരവും വിനിമയവും

(വിഹിതം : 400.00 ലക്ഷം രൂപ)

കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോവഴി നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യ കൈമാറ്റത്തിനായി പ്രിന്റ്, ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സംസ്ഥാന യൂണിറ്റ് തിരുവനന്തപുരത്തും മേഖലാ യൂണിറ്റുകൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിച്ചുവരുന്നു. കാർഷിക വിവര സേവനവും അതുമായി ബന്ധപ്പെട്ട പരിപാടികളും വിപുലീകരിക്കുന്നതിനായി ഉദ്ദേശിക്കുന്നു. സൈബർ വിജ്ഞാന വ്യാപനത്തിലേക്ക് നയിക്കുന്ന എല്ലാവിധ നവീന സൗകര്യങ്ങളോടുകൂടിയതും ദൈനംദിന വിവരങ്ങൾ അറിയിക്കുന്നതിനും എത്തിച്ചുകൊടുക്കുന്നതിനും പര്യാപ്തവുമായ ഒരു സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | ഫാം ഇൻഫർമേഷൻ ബ്യൂറോ | 250 |
| 2 | പ്രസിദ്ധീകരണങ്ങൾ | 100 |
| 3 | സ്കൂളുകളിലേക്കുള്ള പ്രസിദ്ധീകരണങ്ങൾ | 10 |
| 4 | റേഡിയോ ഉൾപ്പെടെയുള്ള മറ്റ് വിനിമയ പ്രവർത്തനങ്ങൾ | 40 |
| | **മൊത്തം** | **400** |

### 6. മാനവശേഷി വികസനം

(വിഹിതം : 300.00 ലക്ഷം രൂപ)

2012-13-ൽ പുതിയ വിജ്ഞാന വ്യാപന പദ്ധതി നടപ്പിലാക്കുവാൻ സഹായിക്കുന്ന തരത്തിൽ വിജ്ഞാന വ്യാപനം, അഗ്രോണമി, അഗ്രിക്കൾച്ചറൽ എക്കണോമിക്സ്, എന്റമോളജി, പ്ലാന്റ് പാത്തോളജി, സോയിൽ സയൻസ് എന്നീ ആറ് വകുപ്പുകളിൽ കൃഷിവകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിന് തുക വകയിരുത്തിയിരുന്നു. 2016-17-ലും ഇത് തുടരേണ്ടതായിട്ടുണ്ട്. കാർഷിക സർവ്വകലാശാല ഈ 6 കോഴ്സുകൾക്കും പ്രത്യേകം സീറ്റ് നീക്കിവയ്ക്കുന്നതാണ്. കൃഷി വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥൻമാർക്ക് ദേശീയ തലത്തിൽ നടക്കുന്ന സെമിനാറിലും ശിൽപ്പശാലകളിലും പങ്കെടുക്കുന്നതിനു വേണ്ടി വരുന്ന ചെലവും വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലാ തലത്തിൽ ഈ പദ്ധതി ആത്മ പ്രോജക്ട് ഡയറക്ടർ ഏകോപിപ്പിക്കുന്നതാണ്. കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥൻമാർക്ക് അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലനങ്ങൾക്കും അയയ്ക്കുന്നതിനു വേണ്ടിവരുന്ന ചെലവും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വിജ്ഞാന വ്യാപന വിഭാഗത്തിലെയും പരിശീലന കേന്ദ്രങ്ങളിലേയും ഉദ്യോഗസ്ഥർക്കും മറ്റ് തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കും ദേശീയതലത്തിലുള്ള വിദഗ്ധരിൽ നിന്നും കാര്യശേഷി വർദ്ധനവിനായുള്ള പരിശീലനത്തിനും സമേതിയിലൂടെയുള്ള മാനേജ്മെന്റ് ഡെവലപ്മെന്റ് പരിപാടിക്കുമായി 100 ലക്ഷം രൂപ വകയിരുത്തുന്നു. വിഹിതത്തിന്റെ ഒരു ഭാഗം പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിന്റെ പി. ജി. ഡിപ്ലോമയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർക്ക് അന്തർദ്ദേശീയ പരിശീലനത്തിനായി നീക്കിവച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | മാനവശേഷി വികസന പ്രവർത്തനങ്ങൾ | 200 |
| 2 | ദേശീയതലത്തിലുള്ള സ്ഥാപനങ്ങളിലൂടെ കാര്യശേഷി വർദ്ധനവും സമേതിയിലൂടെയുള്ള മാനേജ്മെന്റ് ഡെവലപ്മെന്റ് പരിപാടിയും | 100 |
| | **ആകെ** | **300** |

### 7. വിള ഇൻഷ്വറൻസ്

(വിഹിതം : 1250.00 ലക്ഷം രൂപ)

സംസ്ഥാനത്ത് 25 പ്രധാനപ്പെട്ട വിളകളെ ഉൾപ്പെടുത്തി 1995 മുതൽ വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ഇതിൽ അംഗങ്ങളായ കർഷകരിൽ നിന്നും പ്രീമിയം, രജിസ്ട്രേഷൻ ഫീസ്, സർക്കാരിൽ നിന്നുള്ള സംഭാവന എന്നിവ സ്വരൂപിച്ചാണ് വിള ഇൻഷ്വറൻസ് ഫണ്ട് രൂപീകരിക്കുന്നത്.

ഇൻഷ്വറൻസ് പദ്ധതി സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ചും ചെറുകിട കർഷകർക്ക് നഷ്ടം നികത്താൻ കഴിയത്തക്കവിധത്തിൽ ഇൻഷ്വറൻസ് പരിപാടി പുനഃക്രമീകരിക്കുന്നതാണ്. പുനഃസംഘടിപ്പിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്കായി 1250 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാന വിഹിതം കൃഷി ഉന്നതി യോജന എന്ന സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

## 8. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി

(വിഹിതം : 300.00 ലക്ഷം രൂപ)

അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെയും മറ്റു കാർഷിക വിളകളുടെയും ഒരു കരുതൽശേഖരം ഉണ്ടാക്കുന്നതിനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം തടയാനായി ബണ്ട് ശക്തിപ്പെടുത്തുന്നതിനും മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും അവശ്യാധിഷ്ഠിതസഹായം നൽകുന്നതാണ്. 2016-17-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2016-17-ൽ 200 ലക്ഷം രൂപ കീടരോഗ പരിപാലനത്തിനായി വകയിരുത്തുന്നു. ഇതു പ്രത്യേക ഫണ്ടായി കരുതിവയ്ക്കേണ്ടതാണ്.

## 9. ലബോറട്ടറികളുടെ ആധുനികരണം

(വിഹിതം : 600.00 ലക്ഷം രൂപ)

കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങളിൽ ഒന്നാണ് മണ്ണ് പരിശോധനയും വള പരിശോധനയും (ജൈവ വളങ്ങളും ജീവാണു വളങ്ങളും ഉൾപ്പെടെ). ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയേയും വളരെയധികം ബാധിക്കുന്ന പ്രധാന ഘടകങ്ങളാണിവ. ശാസ്ത്രീയമായ രീതിയിൽ ഗുണനിലവാര വിവരങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്ന ഇപ്പോഴത്തെ ലാബുകൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. ഈ ലാബുകളിൽ ലഭ്യമായ മിക്ക സാമഗ്രികളും വളരെ പഴയതും കാലപ്പഴക്കം ചെന്നവയുമാണ്. ഇതുമൂലം വേഗതയോടും കൃത്യമായതുമായ പരിശോധനാ ഫലങ്ങൾ നൽകുവാൻ പര്യാപ്തമല്ല. ബി.എം.എഫ്.സി.-യുടെ ശക്തിപ്പെടുത്തൽ, കരാർ അടിസ്ഥാനത്തിലുള്ള നിയമനം, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നത് ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ്, വാഹന ചെലവ് എന്നിവയാണ് ആധുനികവൽക്കരണത്തിന്റെ പ്രധാന ഘടകങ്ങൾ. 15 ലക്ഷം ടിഷ്യൂകൾച്ചർ സസ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തരത്തിൽ ബി.എം.എഫ്.സി.-യെ ശക്തിപ്പെടുത്തി ഘട്ടംഘട്ടമായി ഇത് വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിനായി റിവോൾവിംഗ് ഫണ്ടായി തുക വകയിരുത്തുന്നു.

സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ സമഗ്രമായി മണ്ണു പരിശോധന നടത്തുന്നതിന് ഓരോ ലബോറട്ടറിയും ഓരോ പഞ്ചായത്തിനെ ദത്തെടുക്കേണ്ടതാണ്. ഈ പഞ്ചായത്തുകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാനവ്യാപനം നടപ്പിലാക്കുന്നതാണ്. ഈ പഞ്ചായത്തിലെ എല്ലാ കർഷകർക്കും മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുന്നതാണ്. നിലവിൽ ദത്തെടുത്തിട്ടുള്ള പഞ്ചായത്തുകൾക്കു പുറമെ 14 പഞ്ചായത്തുകൾകൂടി 2016-17-ൽ മണ്ണു പരിശോധനയ്ക്കുവേണ്ടി ദത്തെടുക്കേണ്ടതാണ്.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | ബി. എം. എഫ്. സി. ശക്തിപ്പെടുത്തുന്നതിന് | 125 |
| 2 | സംസ്ഥാന ബയോകൺട്രോൾ ലാബിന്റെ ശാക്തീകരണം | 125 |
| 3 | പുതിയ ലാബുകൾ | 60 |
| 4 | ലാബുകളുടെ ശക്തിപ്പെടുത്തൽ | 250 |
| 5 | പ്രവർത്തന സഹായവും കരാർ അടിസ്ഥാനത്തിലുള്ള നിയമനം | 40 |
| | **ആകെ** | **600** |

സംസ്ഥാന ബയോകൺട്രോൾ ലാബിനെ ശക്തിപ്പെടുത്തുന്നതിനായി 125 ലക്ഷം രൂപ വകയിരുത്തുന്നു. ഒരു റിവോൾവിംഗ് ഫണ്ട് സ്വരൂപിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയും പ്രവർത്തന അധികാരം വർദ്ധിപ്പിച്ചും ബയോകൺട്രോൾ ലാബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്. ഒരു ഉപദേശ സമിതിയും രൂപീകരിക്കുന്നതാണ്. ബി. എം. എഫ്. സി.-ക്കായി വേണ്ടിവരുന്ന അധിക തുക ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

## 10. സുഗന്ധവ്യഞ്ജന വികസനം

(വിഹിതം : 1000.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജന വിളകൾക്ക് മുൻനിര സ്ഥാനമാണുള്ളത്. വിദേശനാണ്യം ഉണ്ടാക്കി തരുന്നതിനുപുറമെ ജൈവ സുഗന്ധ വിളകളും മൂല്യവർദ്ധിത സുഗന്ധദ്രവ്യങ്ങൾക്കും മികവുറ്റ പ്രാധാന്യം സംസ്ഥാന കാർഷിക സമ്പദ്‌വ്യവസ്ഥയിൽ നിലവിലുണ്ട്. കുറഞ്ഞ ഉൽപ്പാദനക്ഷമതയും, ഗുണനിലവാരത്തിലുള്ള പോരായ്മയും, രോഗങ്ങളും, ക്ഷുദ്രകീടങ്ങൾ തുടങ്ങിയവ മൂലമുള്ള കൃഷി നഷ്ടവും, വിളവെടുപ്പിനു ശേഷമുള്ള നഷ്ടവും, വിലയിലുള്ള ഏറ്റക്കുറച്ചിലുകളും കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്. വിദേശനാണ്യ സമ്പാദനത്തിനും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സുഗന്ധവിളകളുടെ ഉത്പാദനം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്.

കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയുടെ കുരുമുളക് വികസനം, വെസിക്കുലർ ആർബസ്കലർ മൈക്കോറിസ (വി. എ. എം.) പ്രോത്സാഹനം, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങൾ, ഗ്രാഫ്റ്റുകൾ,

സോയിൽ ലെസ്സ് നഴ്സറികൾ, സൂക്ഷ്മ മൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കുമുള്ള സഹായം, സോയിൽ അമിലിയോറൻസ്, അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രോഫൈലാക്ടിക് സ്പ്രേയിംഗ്, കുരുമുളക് വികസന സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും ഈ സമഗ്ര പദ്ധതിയുമായി സംയോജിപ്പിക്കുന്നതാണ്. കുരുമുളക് കൃഷിയുള്ള പ്രദേശത്തെ കാർഷിക വികസന കേന്ദ്രങ്ങളുടെ സേവനങ്ങൾ ഈ പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്. കുരുമുളക് വികസന സമിതി/കാർഷിക സേവന കേന്ദ്രം/ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്/കാർഷിക കർമ്മ സേന എന്നിവ മുഖേന ബയോഫാർമസികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ്. ഇടുക്കി ജില്ലയിലെ കുരുമുളക് വികസനത്തിനായി 500 ലക്ഷം രൂപ വകയിരുത്തുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 11. ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനവും

(വിഹിതം : 1000.00 ലക്ഷം രൂപ)

ജൈവകൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. ജൈവ ഉത്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യത ലോകമെമ്പാടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ വിളകളുടെ ജൈവകൃഷി സർക്കാർ ഇതര സംഘടനകൾ, മറ്റ് ഇടപെടലുകൾ എന്നിവയിലൂടെ സംസ്ഥാനത്ത് നടന്നുവരികയാണ്. മുൻകാലങ്ങളിൽ ചില ഒറ്റപ്പെട്ട ശ്രമങ്ങൾ ഇതിനായി നടന്നുവെങ്കിലും ജൈവകൃഷിയുടെ വികസനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു നിശ്ചിതമായ ശ്രമം സംസ്ഥാനത്തുണ്ടായിട്ടില്ല. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോൽസാഹന സഹായം, പച്ചിലവളപ്രയോഗം, ജൈവവളങ്ങൾ തയ്യാറാക്കുന്ന മാതൃക യൂണിറ്റുകൾ, പങ്കാളിത്ത ഗ്യാരന്റി സർട്ടിഫിക്കേഷൻ (പി. ജി. എസ്.) ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് 2016-17-ൽ ഉദ്ദേശിച്ചിരിക്കുന്നു. ഇക്കോഷോപ്പുകൾ തുടങ്ങുന്നത് ഉൾപ്പെടെയുള്ള ജൈവകൃഷിയുടെ സമഗ്ര പ്രോജക്ട് ആർ. കെ. വി. വൈ.-യിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 12. കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും

(വിഹിതം : 3100.00 ലക്ഷം രൂപ)

യന്ത്രവത്കരണം, ആത്മ അടിസ്ഥാനത്തിൽ വ്യാപനം, വായ്പാസഹായം, കാലാവസ്ഥാ ഉപദേശസേവനം, മണ്ണുപരിശോധന, മറ്റു സാങ്കേതിക സഹായം നൽകുന്നതടക്കമുള്ള സേവനങ്ങളെ സംയോജിപ്പിച്ച് നൽകുന്നതിനുവേണ്ടി ബ്ലോക്ക്തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. കർഷകർക്ക് എല്ലാ തരത്തിലുമുള്ള സേവനം ഒരു കേന്ദ്രത്തിൽ നിന്നും നൽകുന്നതിലേക്കായി അവരുടെ വിവിധ ആവശ്യങ്ങൾ പ്രധാനമായും കാർഷിക ഉത്പാദനോപാധികൾ, വിപണി വായപാ വിവരങ്ങൾ തുടങ്ങിയവ ഒരു പൊതുസേവന കേന്ദ്രത്തിൻകീഴിൽ കൊണ്ടുവരേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കൃഷി സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സാങ്കേതികവിദ്യ കൈമാറ്റത്തിനും സേവന വിതരണത്തിനും വേണ്ട സഹായം ഒന്നാം ഘട്ടത്തിൽ ബ്ലോക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള കൃഷി സേവനകേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയ്ക്കാവശ്യമായ തുടർ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതായിരിക്കും. സ്ഥലസന്ദർശനം അടക്കമുള്ളവ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സാങ്കേതിക വിവരവിതരണ കേന്ദ്രങ്ങളായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളായി ഇവ പ്രവർത്തിക്കുന്നതായിരിക്കും. ദൃശ്യശ്രാവ്യ സംവിധാനങ്ങളോടുകൂടി ഓൺലൈൻ സഹായത്തോടെയുള്ള ഒരു സഞ്ചരിക്കുന്ന ഫാം ക്ലിനിക് കൃഷിസ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്നതായിരിക്കും. ആത്മയുടെ പ്രവർത്തനങ്ങളും അതോടൊപ്പം യന്ത്രവത്കരണത്തിനും വേണ്ട സഹായവും ഈ കാർഷിക സേവനകേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. സഹകരണ വകുപ്പിന്റെ കീഴിൽ ബ്ലോക്കു തലത്തിൽ സ്ഥാപിച്ചിട്ടുള്ള കർഷക സേവനകേന്ദ്രങ്ങൾ കാർഷിക സേവന കേന്ദ്രങ്ങളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് ഉത്പാദനോപാധികളുടെ വിതരണത്തിനായി പ്രവർത്തിക്കുന്നതായിരിക്കും. 2016-17-ൽ 20 പുതിയ സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു.

ഭരണതലത്തിലുള്ള ജോലിബാഹുല്യം കുറയ്ക്കുന്നതിലേക്കായി കൃഷിഭവനുകൾ മുതൽ ഡയറക്ടറേറ്റ് വരെയുള്ള പ്രവർത്തനത്തെ നിരീക്ഷിക്കുന്ന തരത്തിലുള്ള ഒരു സമഗ്ര സോഫ്റ്റ്വെയറും, കമ്പ്യൂട്ടർവത്ക്കരണവും ഇന്റർനെറ്റ് കണക്ഷനും, വാഹന സൗകര്യങ്ങളും 2012-13-ൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2012-13 മുതൽ കർഷകർക്കുള്ള എല്ലാ സബ്സിഡികളും ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നുണ്ട്. ഇത് തുടരുന്നതാണ്.

സോഫ്റ്റ്വെയർ വികസനവും ഡാറ്റാ എൻട്രി ഉൾപ്പെടെയുള്ള ഇ-പെയ്മെന്റ് സിസ്റ്റത്തിനുള്ള സഹായവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. ഇ-പേയ്മെന്റ് സമ്പ്രദായത്തിന്റെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ എൻ. ഇ. ജി. പി.-യിലൂടെ ഏറ്റെടുത്തിട്ടുള്ള ആളിനെ പരമാവധി ഒരു വർഷത്തേക്ക് നിയമിക്കുന്നതിനായി 260 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷി സേവന കേന്ദ്രങ്ങൾ മുഖേന മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുന്നതിനായി 70 ലക്ഷം രൂപ വകയിരുത്തുന്നു. അംഗീകരിച്ച മാനദണ്ഡപ്രകാരം ആയിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

കേന്ദ്രങ്ങളുടെ മറ്റു പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 250 ലക്ഷം രൂപ അവശ്യ മെഷിനറികൾ ലോക്കൽ പർച്ചേയ്സിലൂടെ വാങ്ങുന്നതിനായി വകയിരുത്തുന്നു. പ്രാദേശികമായിട്ടുള്ള ആവശ്യങ്ങൾ നേരിടുന്നതിനുവേണ്ടിയാണ്. മേൽപ്പറഞ്ഞ സെൻറുകളിൽ ത്രീവീലറുകൾ വാങ്ങുന്നതിനായും പരിശീലന പരിപാടികൾ, ഇൻഷ്വറൻസ്, ബയോഫാർമസി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി നഴ്സറികൾ സ്ഥാപിക്കുക, മണ്ണു പരിശോധനാ സൗകര്യങ്ങൾ മറ്റ് പ്രവർത്തന സഹായം എന്നിവയ്ക്കായി 300 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

സെന്ററുകളെ സ്വയം പര്യാപ്തമാക്കുന്നതിനായി ഒരു വർഷം കൂടി പ്രവർത്തന സഹായം നൽകുന്നതാണ്. കൃഷി സേവന കേന്ദ്രങ്ങൾ, ബയോഫാർമസികൾ, നഴ്സറികൾ എന്നിവ എല്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനും മറ്റു സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. സേവനങ്ങൾ കഴിയുന്നത്ര കാർഷിക കർമ്മ സേനയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം.

തിരഞ്ഞെടുത്ത കാർഷിക കർമ്മ സേനയുടെ സഹായത്തിനായും പുതിയ കർമ്മസേന രൂപീകരിക്കുന്നതിനുമായി 400 ലക്ഷം രൂപ വകയിരുത്തുന്നു. ധനസഹായം നൽകുന്നതിനു മുമ്പായി എല്ലാ അഗ്രോ സർവ്വീസ് സെന്ററുകളുടേയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

എറണാകുളം, കോഴിക്കോട് എന്നീ രണ്ട് കോർപ്പറേഷൻ മേഖലകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സഹായമായി അഗ്രോ ഇൻഡസ്ടീസ് കോർപ്പറേഷന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

വിഹിതത്തിന്റെ ഘടനാ അടിസ്ഥാനത്തിലുള്ള വിശകലനം ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | 20 കാർഷിക സേവന കേന്ദ്രങ്ങളും കാര്യശേഷി വർദ്ധനവും | 640 |
| 2 | അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷിഭവനുകൾ, മറ്റ് ആഫീസുകൾ എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് | 150 |
| 3 | നിലവിലുള്ള വാഹനങ്ങൾ മാറ്റി വാങ്ങുന്നതിന് | 150 |
| 4 | പ്രവർത്തന ചെലവുകൾക്ക് (മൊബൈൽ ക്ലിനിക്കുകളുടെ വേതനം ഉൾപ്പെടെ) | 90 |
| 5 | കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റ് സമ്പ്രദായത്തിനുള്ള സഹായവും | 250 |
| 6 | ബ്ലോക്കുതല ആഫീസുകൾക്കും കൃഷി ഭവനുകൾക്കും പ്ലാന്റ് ക്ലിനിക്കുകൾക്കും ആധുനീകരണത്തിനായി അടിസ്ഥാന സൗകര്യ വികസനം | 375 |
| 7 | കാർഷിക കർമ്മസേനയ്ക്കുള്ള സഹായം | 400 |
| 8 | തെരഞ്ഞെടുത്ത കൃഷി സേവനകേന്ദ്രങ്ങളിൽ മണ്ണുപരിശോധനാ ലാബുകൾ | 70 |
| 9 | കൃഷി ഭവനുകളിലെ വാഹനങ്ങൾക്കുള്ള പ്രവർത്തന സഹായം | 100 |
| 10 | കൃഷി സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന്: | |
| | (i) അവശ്യമെഷിനറികൾ ലോക്കൽ തലത്തിൽ വാങ്ങുന്നതിന് | 250 |
| | (ii) പരിശീലനം, ഇൻഷ്വറൻസ്, ബയോഫാർമസി, ട്രീ വീലറുകൾ, നഴ്സറികൾ, മണ്ണു പരിശോധന സൗകര്യങ്ങൾ, പ്രവർത്തന സഹായം എന്നിവയ്ക്കായി | 300 |
| 11 | NeGP—ഡേറ്റാ എൻട്രിക്കുള്ള വിഹിതം | 260 |
| 12 | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അഗ്രോ സർവ്വീസ് സെന്റുകൾ സ്ഥാപിക്കുന്നതിന് | 50 |
| 13 | വിവര സാങ്കേതിക വിദ്യ ബോധവത്ക്കരണത്തിനുള്ള പരിശീലനം | 15 |
| | **ആകെ** | **3,100** |

2015-16 വർഷത്തിൽ ബ്ലോക്ക്തല ആഫീസുകൾക്കും, കൃഷി ഭവനുകൾക്കും, പ്ലാന്റ് ക്ലിനിക്കുകൾക്കും ആധുനീകരണത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനം ലഭ്യമാക്കുന്നതിനായി 507.48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 210 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി നൽകിയ ബാക്കി തുകയ്ക്കുള്ള പ്രവർത്തികൾ നടപ്പാക്കുന്നതിനും തുടർന്നുള്ള സഹായത്തിനുമായി 2016-17-ൽ 375 ലക്ഷം രൂപ വകയിരുത്തുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

13. മണ്ണ് ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും

(വിഹിതം : 2626.00 ലക്ഷം രൂപ)

കേരളത്തിലെ മണ്ണ് സമ്പത്തിലുണ്ടായ പോഷക മൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നത്, മണ്ണിന്റെ ആരോഗ്യം ഉയർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. 2010-11-ൽ ആരംഭിച്ച കേരള സോയിൽ ഫെർട്ടിലിറ്റി ഇനിഷ്യേറ്റീവ് 2013-14-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സോയിൽ ഡാറ്റാബേസുമായി സംയോജിപ്പിച്ച് കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. മണ്ണ്പരിശോധനാ ഫലങ്ങളുപയോഗിച്ച് വിളകളുടെ ഉത്പാദനക്ഷമത ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് മണ്ണ്പരിശോധനാ സേവനത്തെ അവലോകനം നടത്തേണ്ടതായിട്ടുണ്ട്. സൂക്ഷ്മമൂലകങ്ങളുടെ പ്രദർശനം ഉൾപ്പെടെ സമഗ്ര മണ്ണ്പരിശോധന നടത്തുന്നതിന് പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രവർത്തനം കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാനവ്യാപനം നടപ്പിലാക്കുന്നതാണ്. തിരഞ്ഞെടുക്കുന്ന പഞ്ചായത്തിലെ എല്ലാ കർഷകർക്കും മണ്ണുപരിപോഷണ കാർഡ് വിതരണം ചെയ്യുന്നതാണ്. പഞ്ചായത്ത്/ ബ്ലോക്ക്/ ജില്ലാ/അഗ്രോ ഇക്കോളജിക്കൽ മേഖല അടിസ്ഥാനത്തിൽ പോഷണ മൂലക മാനേജ്മെന്റ് പദ്ധതി തയ്യാറാക്കുന്നതായിരിക്കും. 2015-16-ൽ 800 പോഷണ മൂലക മാനേജ്മെന്റ് പദ്ധതി പൂർത്തിയായിട്ടുണ്ട്. മണ്ണു പരിശോധന അടിസ്ഥാനത്തിലുള്ള വിജ്ഞാനവ്യാപനത്തിനുവേണ്ടി ഓരോ ജില്ലയിലും മൂന്ന് പഞ്ചായത്തുകൾ വീതം തെരഞ്ഞെടുക്കുന്നതായിരിക്കും.

2011-12-ൽ മണ്ണിന്റെ ഫലഭൂയിഷ്ഠത വിശകലനം ചെയ്യുന്നതിനായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടായ സോയിൽ ഫെർട്ടിലിറ്റി ഇനീഷിയേറ്റീവ്സിൽ ചില പഞ്ചായത്തുകളുടെ മണ്ണിന്റെ സാമ്പിളുകൾ ശേഖരിച്ചിട്ടില്ലായിരുന്നു. 2016-17-ൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേയും മണ്ണിന്റെ വിശകലനം പൂർത്തിയാക്കുന്നതിനായി ഇത്തരത്തിൽ വിട്ടുപോയ എല്ലാ പഞ്ചായത്തുകളിലെയും മണ്ണിന്റെ സാമ്പിൾ ശേഖരിച്ച് തിരഞ്ഞെടുത്ത ലാബുകളിൽ വിശകലനം ചെയ്യുന്നതാണ്.

തിരഞ്ഞെടുത്ത കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയും മറ്റ് ലാബുകളിലൂടെയും ഇത്തരത്തിലുള്ള മണ്ണ് പരിശോധന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും മണ്ണ് അടിസ്ഥാന മാക്കിയുള്ള സസ്യപോഷണ മൂലക പരിപാലന പദ്ധതിയുടെ സ്പിൽ ഓവർ തുക വഹിക്കുന്നതിനും ഉൾപ്പെടെ വിശകലനം പൂർത്തിയാക്കി പ്രോജക്ട് പൂർത്തിയാക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

കേരളത്തിലെ മണ്ണിന്റെ അമ്ലത്വം പ്രധാന പ്രശ്നമാണ്. ഏകദേശം 90 ശതമാനം മണ്ണും അസിഡിക്കാണ്. മണ്ണിന്റെ അസിഡിറ്റി ശരിയായ അളവിലാക്കുന്നതിന് വലിയ രീതിയിലുള്ള ഇടപെടൽ ആവശ്യമാണ്. 2016–17–ൽ 21.36 കോടി രൂപ ഇതിനായി ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ വിളകൾക്ക് സൂഷ്മ മൂലകങ്ങളും സെക്കന്ററി മൂലകങ്ങളും നൽകുന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വി. എഫ്.പി.സി.കെ. മുഖേന മണ്ണു പരിശോധന ലാബുകൾ സ്ഥാപിക്കുന്നതിനും തൃശ്ശൂരും, പാലക്കാടും, ലൈം ആപ്ലിക്കേഷനും ഏത്തവാഴ, പച്ചക്കറികൾ എന്നിവയിൽ സൂഷ്മ മൂലകങ്ങളും സെക്കന്ററി മൂലകങ്ങളും ഉൾപ്പെടുത്തി മണ്ണിന്റെ ആരോഗ്യപരിപാലനത്തിനായുള്ള പ്രാരംഭ പ്രോജക്ട് പൂർത്തിയാ ക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

അനുയോജ്യമായ ഏജൻസികളുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള ആരോഗ്യ പരിപാലന പദ്ധതി പ്രചരിപ്പിക്കേണ്ടതാണ്. മീഡിയയിലൂടെ തുടർച്ചയായ ബോധവൽക്കരണ പരിപാടികളും ഏറ്റെടുക്കുന്നതാണ്.

പദ്ധതിയുടെ ഘടനാപരമായ വിശകലനം താഴെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | തെരഞ്ഞെടുത്ത ജില്ലകളിൽ സോയിൽ അമിലിയോറൻസ് | 2136 |
| 2 | സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശന തോട്ടങ്ങളും പഞ്ചായത്ത് ഏറ്റെടുക്കലും ഏറ്റെടുത്ത പഞ്ചായത്തുകളിൽ സോയിൽ ഹെൽത്ത് കാർഡ് വിതരണവും | 50 |
| 3 | ബോധവൽക്കരണ പരിപാടികളും സെമിനാറുകളും, ശില്പശാലകൾ നടത്തുന്നതിനും | 25 |
| 4 | മണ്ണു പരിപോഷണ കാർഡ് നിരീക്ഷിക്കുന്നതിന് | 10 |
| 5 | ഐ.ഐ.ഐ.റ്റി.എം.കെ.-യിലൂടെ സോയിൽ ഫെർട്ടിലിറ്റി പോർട്ടൽ നിലനിർത്തുന്നതിനും പഞ്ചായത്ത് ബ്ലോക്ക് തലത്തിൽ സോയിൽ ഫെർട്ടിലിറ്റി ഡാറ്റാബേസ് നടത്തിപ്പിനും കാർഡും റിപ്പോർട്ടുകളുടെ പകർപ്പ് എടുക്കു ന്നതിനും IIITMK-ക്ക് വിദഗ്ധ സഹായവും | 30 |
| 6 | മണ്ണിന്റെ ന്യൂട്രിയന്റ് മാനേജ്മെന്റ് പദ്ധതി യുടെ സ്പിൽ ഓവർ തുകയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കുള്ള സഹായം ഉൾപ്പെടെയുള്ള പദ്ധതിയധിഷ്ഠിത അധിക സഹായം | 25 |
| 7 | വി.എഫ്.പി.സി.കെ. മുഖേന മണ്ണ്പരിശോധന ലാബുകൾ | 50 |
| 8 | വി.എഫ്.പി.സി.കെ. മുഖേന തെരഞ്ഞെടുത്ത ജില്ലകളിൽ മണ്ണിന്റെ ഫലഭൂയിഷ്ഠതയ്ക്കായുള്ള പ്രാരംഭ പദ്ധതി | 50 |
| 9 | സൂഷ്മ മൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾ ക്കുമുള്ള സഹായം | 250 |
| | **ആകെ** | **2626** |

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

14. ഹൈടെക് അഗ്രികൾച്ചർ

(വിഹിതം : 290.00 ലക്ഷം രൂപ)

വർഷം മുഴുവൻ പച്ചക്കറി കൃഷി നടത്തുന്നതിനായി ചെലവു കുറഞ്ഞ പോളി ഹൗസ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. 2012–13–ൽ ഇതിനായി ഒരു ബൃഹത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. വ്യത്യസ്ത കാലാവസ്ഥ സാഹചര്യങ്ങളുമായി യോജിച്ചു പോകുന്ന തരത്തിൽ ഹരിത ഭവനത്തിന്റെ സാങ്കേതിക വിദ്യയും ഘടനയും രൂപകല്പന ചെയ്ത് പരിഷ്കരിക്കേണ്ടതും, സസ്യ വളർച്ചയ്ക്കുള്ള പുതിയ വളർച്ചാ മാദ്ധ്യമങ്ങൾ ക്രമീകരി ക്കേണ്ടതും അനുയോജ്യാനുസൃതമായ കാലാവസ്ഥ രൂപപ്പെടുത്തിയുള്ള ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ച് സുഷിരങ്ങളുള്ള പ്ലാസ്റ്റിക് ട്രേകളിൽ വളർത്തി യെടുക്കുന്ന നടീൽ വസ്തുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നവീകരിച്ച സാങ്കേതിക വിദ്യയും ഇതിനോടൊപ്പം തന്നെ നടപ്പിൽ വരുത്തേണ്ടതാണ്. 2016–17–ൽ മൂന്നുവർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതും ഇപ്പോൾ നിലവിലുള്ളതുമായ പോളി ഹൗസുകളുടെ ഭാഗികമായ ആധുനീകരണത്തിനായി 80 ലക്ഷം രൂപ വകയിരുത്തുന്നു.

സാങ്കേതിക വിദ്യ വൻതോതിൽ നടപ്പിൽ വരുത്തുന്നതിന് ബോധവൽക്കരണവും കാര്യക്ഷമത വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമാണ്. ജില്ലാതലത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രദർശന യൂണിറ്റുകൾ ശക്തിപ്പെടുത്തേണ്ടതാണ്. പുതിയ പോളിഹൗസുകൾക്കുള്ള സഹായം ആർ. കെ. വി. വൈ. പദ്ധതിയിൽ നിന്നും ലഭ്യമാകുന്നതാണ്. ആർ. കെ. വി. വൈ. പദ്ധതിയുടെ 40 ശതമാനം തുക സംസ്ഥാന വിഹിതമാണ്.

വ്യത്യസ്ത കൃഷി പാരിസ്ഥിത മേഖലകൾക്കു വേണ്ടി ചെലവുകുറഞ്ഞ സാങ്കേതിക പോളി ഹൗസ് മാതൃകകൾ വികസിപ്പിക്കുന്നതിനായുള്ള പഠനം തുടരുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അവസാന തവണയായ 30 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

സംരംഭകരുടെ സഹായത്തിനുവേണ്ടി വിദഗ്ദ്ധരുടെ ഒരു ശൃംഖലയെയും സഹായ സംഘങ്ങളെയും ജില്ലാ സംസ്ഥാന തലത്തിൽ സ്ഥാപന സഹായത്തോടെ വികസിപ്പിച്ചെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സഹായ സംഘങ്ങളിൽ വി.എച്ച്.എസ്.ഇ. സർട്ടിഫിക്കറ്റുള്ളവരെയും വിരമിച്ച ഉദ്യോഗസ്ഥരെയും മറ്റു വിദഗ്ദ്ധരെയും പരിശീലനം നൽകി ഉൾപ്പെടുത്തുന്നതാണ്. ഹൈടെക് അഗ്രിക്കൾച്ചർ പ്രോൽസാഹിപ്പിക്കുന്നതിനുള്ള മാനവശേഷി വികസന സഹായം സമേതി മുഖേന നൽകുന്നതാണ്. ഇതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നു. സമേതിയിലുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റിന്റെ വികസനത്തി നായി വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗി ക്കാവുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

പദ്ധതിയുടെ ഘടനാപരമായ വിശകലനം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടന | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | സമേതി മുഖേന സാങ്കേതിക സഹായത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള മാനവ വിഭവ ഗ്രൂപ്പ് | 30 |
| 2 | തേങ്ങ, പച്ചക്കറികൾ, വാഴപ്പഴം, അടയ്ക്ക എന്നിവയ്ക്കുള്ള മൈക്രോ ഇറിഗേഷൻ (മൈക്രോ ഇറിഗേഷനായുള്ള പ്രത്യേക സഹായം 15 ശതമാനം) | 150 |
| 3 | ചിലവു കുറഞ്ഞ സാങ്കേതിക പോളി ഹൗസിന്റെ ഗവേഷണത്തിന് കാർഷിക സർവ്വകലാശാലയ്ക്ക് | 30 |
| 4 | പോളി ഹൗസുകൾക്ക് പ്രത്യേക സഹായം | 80 |
| | **ആകെ** | **290** |

15. വിള ആരോഗ്യ പരിപാലനം

(വിഹിതം : 1690.00 ലക്ഷം രൂപ)

സുസ്ഥിര കാർഷിക വികസനത്തിന് കീടരോഗ പരിപാലന തന്ത്രങ്ങൾ ഒരു പ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനത്തിന്റെ മെച്ചപ്പെടുത്തൽ വിള ആരോഗ്യ പരിപാലനത്തിന് വഴി തെളിയിക്കുന്നതാണ്. വിള ആരോഗ്യ പരിപാലനം എന്ന പുതിയ സമീപനം നല്ല സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽകൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിന് ഉതകുന്നതാണ്.

2013-14-ൽ ഏറ്റെടുത്തിട്ടുള്ള കീടരോഗ നിരീക്ഷണ പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. ഉപദേശക സംവിധാനത്തിലൂടെ കർഷകർക്ക് കീട നിരീക്ഷണത്തിലും മറ്റുമുള്ള ഉപദേശങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതാണ്. പ്ലാന്റ് ഹെൽത്ത് മാനേജുമെന്റിൽ പി.ജി. ഡിപ്ലോമ കോഴ്സിനായി ചേരുന്ന ഉദ്യോഗസ്ഥർ ആത്മ ടീമുമായി ചേർന്ന് കീടരോഗ നിരീക്ഷണ പദ്ധതികളിലും പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കുന്നതിലും പ്രധാന പങ്ക് വഹിക്കേണ്ടതാണ്.

കീട നിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും അനുയോജ്യമായ ബ്ലോക്കുകളിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനായി 460 ലക്ഷം രൂപ വകയിരുത്തുന്നു. നിലവിലുള്ള 118 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്കു പുറമെ പുതുതായി 34 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ നടപ്പിലാക്കുന്നതാണ്. വിള ആരോഗ്യ ഉപദേശകങ്ങളും ബുള്ളറ്റിനുകളും പ്രിന്റ് ചെയ്യുന്നതിനായി പ്രതിമാസം 10,000 രൂപ പ്രകാരം 152 ക്ലിനിക്കുകൾക്കും, മുൻ വർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ അവശ്യ സഹായത്തിനുമായി 180 ലക്ഷം രൂപ വകയിരുത്തുന്നു. ജൈവ നിയന്ത്രണകാരികളുടെ മദർ കൾച്ചർ വിതരണം ചെയ്യുന്നതിനും അവയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനുമുള്ള എൻ. സി. ആർ. എം. ഐ. പ്രോജക്ടിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. നിരീക്ഷണവും റോവിംഗ് സർവ്വേയും വിശകലനം ചെയ്യേണ്ടതും പ്രതിമാസ റിപ്പോർട്ടുകൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. 10,000 രൂപയ്ക്കു പുറമേ 3,000 രൂപ പെസ്റ്റ് സ്കൗട്ടുകൾക്ക് കൃത്യമായ ഇടവേളകളിൽ നടപടിക്രമം അനുസരിച്ച് റോവിംഗ് സർവ്വേ നടത്തുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നു. ബ്ലോക്കുതല പ്ലാന്റ് ക്ലിനിക്കുകളെ ബ്ലോക്കിന്റെ പ്ലാന്റ് ക്ലിനിക്കായി നിർദ്ദേശിച്ചു കൊണ്ട് മറ്റ് കൃഷി ഓഫീസർമാരുടെയും കൂടി സേവനം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | കീടരോഗ നിരീക്ഷണ ഉപദേശക സംവിധാനം (സർവെയിലൻസ് സിസ്റ്റം) വികസിപ്പിച്ചെടുക്കുക | 460 |
| 2 | റോഡന്റ് കൺട്രോൾ | 50 |
| 3 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ | 290 |
| 4 | വിള ആരോഗ്യ ഉപദേശകങ്ങളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുന്നതിന് (10,000 രൂപ/ക്ലിനിക്ക്) | 180 |
| 5 | 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും പുതിയ ബയോ കൺട്രോൾ ലാബുകളും | 60 |
| 6 | കെ. സി. പി. എം.-നെ സ്വയംഭരണ സ്ഥാപനമായി വികസിപ്പിക്കുക (KIPHM) | 100 |
| 7 | കരാർ അടിസ്ഥാനത്തിലുള്ള മാനവശേഷി സഹായവും ഡയഗ്നോസ്റ്റിക് ടീമും ഉൾപ്പെടുന്ന മൊബൈൽ ക്ലിനിക്കുകൾ 14 ജില്ലകളിൽ | 180 |
| 8 | എൻ. ഐ. പി. എച്ച്. എമ്മുമായി സഹകരിച്ച് കൊണ്ട് കാര്യശേഷി വർദ്ധനവും പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി. ജി. ഡിപ്ലോമയും | 100 |
| 9 | IICT മുഖേന ഫിറമോൺസിന്റെ വികസനം | 15 |
| 10 | കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്ക് രോഗ നിരീക്ഷണ പ്രവർത്തനങ്ങൾക്കും ക്ലിനിക്കുകൾക്കുമുള്ള സഹായം | 25 |
| 11 | ഡയഗ്നോസ്റ്റിക് മെറ്റീരിയൽസിന്റെ വികസനം | 25 |
| 12 | NIPHM-ൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർക്കുള്ള പദ്ധതി അധിഷ്ഠിത സഹായം | 200 |
| 13 | ജൈവ നിയന്ത്രണകാരികളുടെ മദർകൾച്ചർ വിതരണത്തിനും ഗുണനിലവാര നിയന്ത്രണത്തിനുമുള്ള എൻ. സി. ആർ. എം. ഐ. പ്രോജക്ട് | 5 |
| | **ആകെ** | **1690** |

ഫിറമോൺസ് വികസിപ്പിച്ചെടുക്കുന്നതിനുള്ള സഹായം IICT-യ്ക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകുന്നതാണ്.

ജൈവ നിയന്ത്രണകാരികൾ എല്ലാ ജില്ലകളിലും മതിയായ അളവിൽ ലഭ്യമല്ല. നിലവിലുള്ള 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും ജൈവ നിയന്ത്രണ ഘടകങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനായി വികസിപ്പിച്ചെടുത്ത് പാരസൈറ്റ് ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതാണ്. നിലവിലുള്ള 9 സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനും പുതിയ 2 ജൈവ നിയന്ത്രണ ലാബുകൾ സ്ഥാപിക്കുന്നതിനുമായി 60 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

തിരഞ്ഞെടുത്ത കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്ക് ഈ വർഷം പദ്ധതിയിൽ പങ്കാളികളാകുന്നതിനുമായി 25 ലക്ഷം രൂപ വകയിരുത്തുന്നു. പരിശീലന പരിപാടികൾ, എഫ്.എൽ.ഡി./ ഒ.എഫ്.റ്റി., വിസ്തൃത സംയോജിത കീടപരിപാലനം, ടെക്നിക്കൽ മെറ്റീരിയൽസ് തയ്യാറാക്കൽ, കീടരോഗ നിരീക്ഷണത്തിനുള്ള സഹായം, ബയോഫാർമസിയും, പ്രതിമാസ സാങ്കേതിക ഉപദേശകങ്ങൾ തയ്യാറാക്കുന്നതിന് (കൃഷി സേവന കേന്ദ്രങ്ങൾക്കുള്ള) സഹായം, ഫീൽഡ് സന്ദർശനം, ഉപദേശക സേവനങ്ങൾ എന്നീ ഘടകങ്ങൾക്കാണ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്ക് സഹായം നൽകുക.

എൻ. ഐ. പി. എച്ച്. എം.-മായി സഹകരിച്ച് വിള ആരോഗ്യ പരിപാലനത്തിനായി ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് തുടർച്ചയായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതായിരിക്കും. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സമേതിയിലൂടെ എൻ. ഐ. പി. എച്ച്. എം. ഹൈദരാബാദുമായി ചേർന്ന് ആരംഭിച്ചിട്ടുള്ള ഡിപ്ലോമ കോഴ്സ് കൂടുതൽ സഹായം നൽകി സ്പെഷ്യലിസ്റ്റ് ഉദ്യോഗസ്ഥരുടെ ടീം ഉണ്ടാക്കുന്നതിനായി വികസിപ്പിച്ചെടുക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കാര്യശേഷി വർദ്ധനവിനായി മാറ്റിവെച്ചിട്ടുള്ള 100 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ 2015-16-ൽ പി.ജി.ഡി.പി.എച്ച്.എം. കോഴ്സിൽ ചേർന്നിട്ടുള്ള ഉദ്യോഗസ്ഥർ ഏറ്റെടുത്തിട്ടുള്ള 30 പ്രോജക്ടുകൾക്കായി വകയിരുത്തുന്നു.

എൻ. ഐ. പി. എച്ച്. എം.-ൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർക്ക് കൃഷി ഭവൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതി അധിഷ്ഠിത സഹായമായി 200 ലക്ഷം രൂപ വകയിരുത്തുന്നു. സ്യൂഡോമൊണാസ്/ട്രൈക്കോടർമ എന്നിവയുടെ ഓൺ ഫാം പ്രൊഡക്ഷൻ യൂണിറ്റ്, പരിശീലന പരിപാടി, തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ ദൃശ്യശ്രവണ ഉപകരണങ്ങൾ വാങ്ങൽ, കാർഷിക ജൈവ വ്യവസ്ഥ വിശകലനം എന്നിവയ്ക്കായി വിഹിതം വിനിയോഗിക്കുന്നതാണ്. എൻ. ഐ. പി. എച്ച്. എം.-ൽ രണ്ടാം ബാച്ചിൽ പരിശീലനം ലഭിച്ച 30 ഉദ്യോഗസ്ഥർക്കുള്ള പദ്ധതി അധിഷ്ഠിത സഹായവും ആദ്യബാച്ചിൽ പരിശീലനം ലഭിച്ചവർക്കുള്ള പദ്ധതി അധിഷ്ഠിത സഹായമായി 50 ലക്ഷം രൂപയും വകയിരുത്തുന്നു.

കീടരോഗങ്ങൾ നിർണ്ണയിക്കുന്ന സാധന സാമഗ്രികൾ വികസിപ്പിച്ചെടുത്ത് ക്ലിനിക്കുകൾക്കും കീടരോഗ നിരീക്ഷണ വിഭാഗത്തിനും വേണ്ട സഹായം നൽകുന്നതാണ്. കീടരോഗ നിർണ്ണയ സാമഗ്രികൾ തയ്യാറാക്കുന്നത് എൻ. ഐ. പി. എച്ച്. എം.-ൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സഹായത്തോടെ ആയിരിക്കണം. ഇത് IIITMK/സമേതി/ആത്മ മുഖേന പ്രസിദ്ധീകരിക്കുന്നതാണ്.

കെ. സി. പി. എം.-നെ സാങ്കേതിക സഹായത്തിനും കാര്യശേഷി വർദ്ധനവിനുമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (KIPHM) എന്ന പേരിൽ അപ്ഗ്രേഡ് ചെയ്യുന്നതാണ്. കെ. സി. പി. എം.-ന് വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപയിൽ 152 പ്ലാന്റ് ക്ലിനിക്കുകൾക്ക് പരിശീലന പരിപാടികളും പരിശീലനത്തിനുള്ള സാമഗ്രികൾ തയ്യാറാക്കുന്നതിനും ക്ലിനിക്കുകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമുള്ള സഹായവും ഉൾപ്പെടുത്തിയിരിക്കുന്നു. ക്ലിനിക്കുകളുടെ ഡേറ്റാ ബേസും അതോടൊപ്പം നിരീക്ഷണ ഡേറ്റയും മറ്റ് വിഭവ സാമഗ്രികളും KIPHM വികസിപ്പിച്ചെടുക്കേണ്ടതാണ്. പുനർവിന്യാസം നടത്തിയും പ്രധാന തസ്തികകൾ സൃഷ്ടിച്ചും KIPHM-നെ ശക്തിപ്പെടുത്താവുന്നതാണ്. എൻ. ഐ. പി. എച്ച്. എം. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സഹായം KIPHM ഉറപ്പാക്കേണ്ടതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

16. സംയോജിത പദ്ധതി—കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ—(40 ശതമാനം സംസ്ഥാന വിഹിതം) പുതിയത്

(വിഹിതം : 14200.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപപദ്ധതികൾക്ക് രൂപം നൽകുന്നതിനും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകികൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്ര ബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യമാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പുതിയ സംയോജിത പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള പുതിയ സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാനവിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ. എഫ്. എസ്. എം.), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള ദേശീയ മിഷൻ (എം.ഐ.ഡി.എച്ച്.), ദേശീയ കാർഷിക സുസ്ഥിര പദ്ധതി (എൻ.എം.എസ്.എ.), എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം.ഒ.ഒ.പി.), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.), പ്രധാൻ മന്ത്രി കൃഷി സിഞ്ജയ് യോജന (പി.എം.കെ.എസ്.വൈ.), കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2016-17 വർഷം ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 14200 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 2000 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്. എം. എ. ഇ.) നീക്കിവെച്ചിരിക്കുന്നു. ഇതിനു പുറമെ 2016-17-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ എതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള സംസ്ഥാന വിഹിതവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. എൻ.എം.എ.ഇ.റ്റി. ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം ഭരണാനുമതി നൽകാവുന്നതാണ്. വിജ്ഞാന വ്യാപന വിഭാഗത്തിന്റെ പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പും സുഗമമാക്കുന്നതിനായി 2015-16-ൽ തീരുമാനിച്ചതു പ്രകാരം വിജ്ഞാനവ്യാപന വിഭാഗത്തിന്റെ ആത്മ പരിപാടികളുടെ ഭരണചിലവിനായുള്ള 112 ലക്ഷം രൂപയുടെ ഭരണാനുമതി ഏപ്രിലിൽ തന്നെ നൽകേണ്ടതാണ്. ആർ.കെ.വി.വൈ.-യിൻ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം, പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

## 1.2 മണ്ണുജല സംരക്ഷണം

2016-17-ൽ മണ്ണുജലസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു. ഈ ഉപമേഖലയിൽ വകയിരുത്തി യിരിക്കുന്ന 90.25 കോടി രൂപയിൽ 75 കോടി രൂപ നബാർഡിന്റെ ആർ. ഐ. ഡി. എഫ്. പദ്ധതിയുടെ ധനസഹായ ത്തോടെ നടപ്പാക്കുന്ന നീർത്തടാധിഷ്ഠിത വെള്ളപ്പൊക്ക നിവാരണ പദ്ധതികൾക്കായി വകയിരുത്തിരിക്കുന്നു. പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-ൽ ലക്ഷ്യം വച്ചിരിക്കുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായുള്ള ദീർഘകാല പദ്ധതികൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു.

### 2016-17 ലെ ബഡ്ജറ്റ് വിഹിതം

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 500 |
| 2 | മണ്ണ് പര്യവേഷണം | 255 |
| 3 | മണ്ണ് സംരക്ഷണം | 8270 |
| | **ആകെ** | **9025** |

**സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പദ്ധതികൾ**

2016-17-ൽ സംസ്ഥാന ഭൂവിനിയോഗ ബോർഡ് താഴെ പറയുന്ന നാല് പദ്ധതികൾ നടപ്പാക്കുന്നതിന് 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

1. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ

(വിഹിതം : 102.00 ലക്ഷം രൂപ)

സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഭൂമിയുടെ വിവേകത്തോടെയുള്ള ഉപയോഗത്തെക്കുറിച്ചും, ഭൂവിഭവങ്ങൾ, ഭൂമിയുടെ ഫലഭൂയിഷ്ഠത, നിലവിലുള്ള ഉപയോഗം, പ്രകൃതി വിഭവങ്ങൾ എന്നിവയെക്കുറിച്ചുമുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് പഠന പരിപാടികൾ നടത്തി വരുന്നു. വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള തീമാറ്റിക് മാപ്പിംഗ്, സ്ഥലപര തീരുമാന സഹായ സംവിധാനം എന്നിവയിലൂടെ സാങ്കേതികമായ പരിഹാരങ്ങൾ ബോർഡ് വാഗ്ദാനം ചെയ്യുന്നു. ഭൂവിഭവ സംരക്ഷണത്തേയും മഴവെള്ള സംഭരണത്തേയും പരിസ്ഥിതി പരിപാലനത്തേയുംകുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കാനുതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഭൂവിനിയോഗ നയം തയ്യാറാക്കുക എന്നിവയും ഈ വകുപ്പിന്റെ ചുമതലയിൽപ്പെട്ട പ്രധാന പരിപാടികളാണ്.

ഭൂജല വിഭവ മാനേജ്മെന്റിനായി ജിയോമാറ്റിക്സ് ലബോറട്ടറിയെ ഒരു സംസ്ഥാന തല ഡിജിറ്റൽ വിവരശേഖര ത്തിന്റെ കലവറയാക്കി തുടർന്നും ശക്തിപ്പെടുത്തുന്നതിന് 2016-17-ൽ ലക്ഷ്യമിടുന്നു. ലഭ്യമായ വിവരങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ആസൂത്രണം ചെയ്യുന്നവർക്കും ഭരണകർത്താക്കൾക്കും മറ്റ് വകുപ്പുകൾക്കും നൽകി വിവരങ്ങൾ കാലാനുഗതമാക്കാൻ ലക്ഷ്യമിടുന്നു.

2016-17-ൽ തൃശ്ശൂർ, മലപ്പുറം, വയനാട് എന്നീ 3 ജില്ലകളിലെ ഭൂമിയുടെ ഉപയോഗത്തെക്കുറിച്ച് സ്ഥലപര വിവരങ്ങൾ തയ്യാറാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. കൂടാതെ കൃഷി വകുപ്പുമായി സംയോജിച്ച് തെരഞ്ഞെടുത്ത പഞ്ചായത്തു കളിൽ ഭൂമിയുടെ ഉപയോഗത്തെക്കുറിച്ചുള്ള മോഡലുകൾ വികസിപ്പിച്ചെടുക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ലഭ്യമായിട്ടുള്ള വിവരങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച ബ്ലോക്ക്തല റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും കർഷകർക്കും പ്രകൃതി വിഭവ സംരക്ഷണ സന്ദേശം നൽകുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്.

2016-17-ൽ താഴെ പറയുന്ന ഘടകങ്ങൾക്കായി 102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

*(രൂപ ലക്ഷത്തിൽ)*

| | | |
|---|---|---|
| (1) | ജിയോ ഇൻഫോർമാറ്റിക്സ് ലാബിന്റെ പശ്ചാത്തല സൗകര്യങ്ങൾ | .. 15.00 |
| (2) | ഭൂവിനിയോഗത്തെക്കുറിച്ചുള്ള സ്ഥലപര വിവരങ്ങൾ | .. 20.00 |
| (3) | ബോധവൽക്കരണ പരിപാടി | .. 5.00 |
| (4) | ഭൂവിനിയോഗ ഡിസിഷൻ മോഡലുകൾ വികസിപ്പിക്കൽ | .. 40.00 |
| (5) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും | .. 8.00 |
| (6) | ഉദ്യോഗസ്ഥർക്ക് പരിശീലനം | .. 1.00 |
| (7) | റിമോർട്ട് സെൻസിംഗ് ജി. ഐ. എസ്. ആപ്ലിക്കേഷൻ നീർത്തടാധിഷ്ഠിത ആസൂത്രണം എന്നിവയിൽ പരിശീലനവും ഹ്രസ്വകാല കോഴ്സുകളും | .. 1.00 |
| (8) | കേരളത്തിലെ പ്രകൃതി വിഭവങ്ങളുടെ ബ്ലോക്കുതല റിപ്പോർട്ട് | .. 12.00 |
| | **ആകെ** | **.. 102.00** |

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

2. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ. എസ്. ആർ. ഇ. സി.)

(വിഹിതം : 250.00 ലക്ഷം രൂപ)

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെന്റ് സെന്റർ, നമ്മുടെ സംസ്ഥാനത്ത് റിമോട്ട് സെൻസിംഗ്, ജി. ഐ. എസ്. തുടങ്ങിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. നിലവിൽ നടന്നുവരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും, റിമോട്ട് സെൻസിംഗും ജി. ഐ. എസ്. സാങ്കേതിക വിദ്യ ഉപയോഗി ച്ചുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും, കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പശ്ചാത്തല വികസനത്തിനും വിഹിതം ഉപയോഗിക്കാം. ഈ വിഹിതം താഴെ പറയുന്ന പ്രോജക്ടുകൾ ക്കായി വകയിരുത്തിയിരിക്കുന്നു:

1. വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ .. 100.00 ലക്ഷം രൂപ
2. തദ്ദേശ ഗവൺമെന്റുകൾക്ക് സ്ഥലപര ഭരണ നിർവ്വഹണത്തിനായി ഹൈ റെസൊല്യൂഷൻ ഡേറ്റ നൽകുക .. 70.00 ലക്ഷം രൂപ

3. വിള ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി കീടരോഗ നിയന്ത്രണത്തിനായുള്ള സ്പെഷ്യൽ ഡേറ്റാലയേഴ്സ് .. 30.00 ലക്ഷം രൂപ
4. ആധുനിക ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് പുതിയ സ്പേഷ്യൽ ഡേറ്റാ ബേസ് രൂപപ്പെടുത്തുക .. 50.00 ലക്ഷം രൂപ

സംസ്ഥാന പദ്ധതികളുടെ ഭാഗമായി ഹൈ റെസൊല്യൂഷൻ സാറ്റലൈറ്റ് വിവരങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ഇ.സി. കേരളത്തിലെ എല്ലാ ജില്ലകളുടെയും 1:5000 സ്കെയിലിലുള്ള സ്ഥലപര വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങളെ സമന്വയിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ഫലപ്രദമായി പദ്ധതി നിർവ്വഹണത്തിന് ഈ വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ഒരു സംവിധാനം ഉണ്ടാക്കുന്നതിനും 2016-17 കാലയളവിൽ ഉദ്ദേശിച്ചിരിക്കുന്നു. തയ്യാറാക്കിയ ഡാറ്റായുടെ പ്രായോഗികമായ ഉപയോഗത്തിന് ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിൽ ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്. കൃഷി വകുപ്പിന്റെ പദ്ധതിയായ വിള ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട കീടരോഗ നിയന്ത്രണത്തിനായി സ്പെഷ്യൽ ഡേറ്റാ ലയേഴ്സ് തയ്യാറാക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളുടെ/ ഏജൻസികളുടെ ബന്ധപ്പെട്ട പദ്ധതികൾക്ക് ആവശ്യപ്പെടുന്നതനുസരിച്ച് 50 ശതമാനം വിഹിതം നൽകുന്നതിന് 100 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. വിവരങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി മറ്റ് ഡിപ്പാർട്ട്മെന്റ്/ഏജൻസികളുടെ 50 ശതമാനം വിഹിതം ആ ഡിപ്പാർട്ട്മെന്റ്/ഏജൻസികളുടെ ബഡ്ജറ്റിൽ അംഗീകരിച്ചതിന് ശേഷം മാത്രമേ ഈ തുക ഉപയോഗിക്കാൻ കഴിയുകയുള്ളു.

3. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുതല വിഭവ പര്യവേഷണം

(വിഹിതം : 93.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഡാറ്റാ ബേസ് തയ്യാറാക്കുന്നതോടൊപ്പം ബ്ലോക്ക് അടിസ്ഥാനത്തിൽ നീർമറി പ്രോജക്ടുകളും തയ്യാറാക്കുക എന്നുള്ളതാണ്. താഴെ പറയുന്നവയ്ക്കാണ് 2016-17-ലെ പദ്ധതി വിഹിതം വകയിരുത്തിരിക്കുന്നത്.

1. പാരിസ്ഥിതിക സംതുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുതലത്തിൽ ഭൂമിയുടെ ആവരണ പരിപാലനത്തിനുള്ള പദ്ധതി കുറുമാലി നദീതടത്തിന്റെ അപ്പർകൃാച്ച്മെന്റ് ഏരിയയിൽ നടപ്പാക്കുക.
2. പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ ഗായത്രി, തൂത സബ് വാട്ടർഷെഡ്ഡുകളുടെയും തൃശ്ശൂർ ജില്ലയിലെ മണലി സബ് വാട്ടർ ഷെഡിന്റെയും എൻ. ആർ. എം. പദ്ധതി തയ്യാറാക്കുക.
3. നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഭൂവിനിയോഗ പദ്ധതി തയ്യാറാക്കുക.
4. ബ്ലോക്ക് - ജില്ലാ തലങ്ങളിൽ പി. ആർ. എം. ഡാറ്റായുടെ ഉപയോഗത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

പദ്ധതിയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അത് പദ്ധതിയേതര ഉറവിടങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

4. ഭൂവിഭവ വിവര സംവിധാനം

(വിഹിതം : 55.00 ലക്ഷം രൂപ)

പ്രകൃതി വിഭവങ്ങളുടെ വ്യത്യസ്തമായ അളവുകളിലുള്ള വിവരശേഖരങ്ങൾ വിവിധ തട്ടുകളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഭൂവിഭവ വിവര സംവിധാനം 2010-11-ൽ സ്ഥാപിച്ചിട്ടുണ്ട്. സവിസ്തര വ്യാപ്തി നിർണ്ണയ സമ്പ്രദായത്തിന്റെ വികസനത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. വിവര സംവിധാനവുമായി സംയോജിപ്പിക്കാൻ ഒരു തീരുമാന സഹായസംവിധാനം വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

ഈ പരിപാടിയിൻകീഴിൽ വികസിപ്പിച്ചെടുത്ത പല തട്ടുകളിലുള്ള വിവരങ്ങൾ സ്ഥലപരമായ ചട്ടക്കൂട്ടിലുള്ള ജല വിഭവങ്ങളുടെയും ഭൂമിയുടെയും മൊത്തത്തിലുള്ള അവസ്ഥ വ്യക്തമാക്കും. ഇത് പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് സൂക്ഷ്മതലത്തിൽ അറിവ് നൽകുന്നു. വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നടപ്പാക്കലിനും സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും ഭൂവിഭവ വിവര സംവിധാനം വളരെ പ്രയോജനം ചെയ്യുന്നു.

പാലക്കാട്, എറണാകുളം, വയനാട്, കണ്ണൂർ, കോട്ടയം തൃശ്ശൂർ, തിരുവനന്തപുരം, ഇടുക്കി എന്നീ 8 ജില്ലകളിൽ ഭൂവിഭവ വിവര സംവിധാനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, കോഴിക്കോട് ജില്ലകളിലെ ഭൂവിഭവ വിവര സംവിധാനം തയ്യാറാക്കി ഐ. ഐ. ഐ. റ്റി. എം. കെ.-യുടെ സഹായത്തോടെ പ്രവർത്തനം തുടങ്ങുന്നതാണ്. ഭൂവിനിയോഗ ബോർഡിന്റെ ഡാറ്റാ ബേസ് ഉടമസ്ഥത സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ആപ്ലിക്കേഷനു മുമ്പായി ധാരണാപത്രം ഒപ്പിടേണ്ടതാണ്.

2016-17-ൽ ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലെ ഭൂവിഭവ വിവര സംവിധാനം ജില്ലാ പ്ലാനിംഗ് ഓഫീസുമായി സഹകരിച്ച് തയ്യാറാക്കി പ്രവർത്തനം തുടങ്ങുന്നതിനായി 55 ലക്ഷം രൂപ വകയിരുത്തുന്നു.

## മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്

(എ). മണ്ണ് പര്യവേഷണം

2016-17 വാർഷിക പദ്ധതിയിൽ മണ്ണു പര്യവേഷണത്തിനായി താഴെ പറയുന്ന മൂന്നു പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിലേക്കായി 255 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

5. മണ്ണ് പര്യവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം

(വിഹിതം : 8.00 ലക്ഷം രൂപ)

മണ്ണു പര്യവേഷണത്തിനുള്ള ആധുനിക രീതികൾ പ്രാവർത്തികമാക്കാൻ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മണ്ണു പര്യവേഷണ വിദ്യകൾ, റിമോർട്ട് സെൻസിംഗ്, ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നിവയിൽ പരിശീലന പരിപാടികൾ പതിവായി നൽകേണ്ടതുണ്ട്.

2016-17-ലെ പദ്ധതിവിഹിതം താഴെ പറയുന്ന പരിപാടികൾക്കായി വിനിയോഗിക്കാവുന്നതാണ് :

1. മണ്ണ് പര്യവേഷണവുമായി ബന്ധപ്പെട്ട ഓഫീസർമാരെ സംസ്ഥാനതല പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് അയയ്ക്കുന്നതിന്.
2. റിമോർട്ട് സെൻസിംഗിനും ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിലുമുള്ള ദേശീയ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിന് ഓഫീസർമാരെ ഡെറാഡൂണിലും,ഹൈദരാബാദിലും അയയ്ക്കുന്നതിന്.
3. മണ്ണ് പര്യവേഷണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, ശില്പശാലകൾ, കോൺഫറൻസുകൾ തുടങ്ങിയവ നടത്തുന്നതിന്.
4. സോയിൽ സയൻസിൽ ഉന്നത പഠനത്തിനായി ഒരു ഓഫീസറെ അയയ്ക്കുന്നത്.

6. പരീക്ഷണ ശാലകൾ

(വിഹിതം : 132.00 ലക്ഷം രൂപ)

മണ്ണിന്റെ രാസപരിശോധന മണ്ണ് പര്യവേഷണത്തിന്റെ അവശ്യഘടകമാണ്. ഇത് നിരീക്ഷണങ്ങളെ കൂടുതൽ പിന്താങ്ങുകയും മണ്ണ് പര്യവേഷണ റിപ്പോർട്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരത്തെ സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും സംസ്ഥാന പദ്ധതിവിഹിതം ഉപയോഗിച്ച് നിർമ്മിച്ച ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിലും, കൽപ്പറ്റ ഹൈടെക്ക് സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയിലും മണ്ണിന്റെ പരിശോധന നടത്തിവരുന്നു.

2016-17-ൽ അനലിറ്റിക്കൽ ലബോറട്ടറികൾ ശക്തിപ്പെടുത്തൽ, ഗ്ലാസ്സ് വെയറുകൾ, കെമിക്കലുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക, ജിയോമാറ്റിക് ലാബിലെ നിലവിലുള്ള പ്രോജക്ട് സ്റ്റാഫിന് ശമ്പളം നൽകുക, കരാർ അടിസ്ഥാനത്തിൽ ജിവനക്കാരെ നിയമിക്കൽ മുതലായ കാര്യങ്ങൾ ചെയ്യുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. മൊബൈൽ സോയിൽ ടെസ്റ്റ് ലാബുകൾക്ക് തുക ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. മണ്ണു പര്യവേഷണ വകുപ്പ് മണ്ണ് പര്യവേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതും വിശകലനം ചെയ്യുന്നതുമായ പ്രധാന കാര്യങ്ങൾ ചെയ്യുന്നതിൽ കേന്ദ്രീകരിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

7. മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ

(വിഹിതം : 115.00 ലക്ഷം രൂപ)

മണ്ണു പര്യവേഷണം സംബന്ധിച്ച വിജ്ഞാന ശകലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി രൂപീകരിച്ച സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ളിഷിംഗ് സെൽ മണ്ണിന്റെയും ഭൂവിഭവങ്ങളുടെയും സംരക്ഷണത്തിനും മേൽനോട്ടത്തിനുമായുള്ള ഉപദേശക വിഭാഗമായും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മണ്ണു പര്യവേഷണ ഭൂപടങ്ങൾ തയ്യാറാക്കൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകൽ എന്നിവയും ചെയ്തുവരുന്നു.

2016-17 കാലയളവിൽ വിശദമായ മണ്ണ് പര്യവേഷണത്തിനും കഡസ്ട്രൽ മാപ്പുകൾ, ഡിജിറ്റൽ ടോപ്പോഷീറ്റുകൾ, സാറ്റലൈറ്റ് ഡാറ്റാ എന്നിവ വാങ്ങുന്നതിനും ഇന്ധന ചെലവ്, വാഹനങ്ങളുടെ വാടക എന്നിവയ്ക്കും ഉപയോഗശൂന്യമായ പഴയ വാഹനം മാറ്റി പുതിയത് വാങ്ങൽ, മെഷീൻ ഉപകരണങ്ങൾ, കമ്പ്യൂട്ടർ സാമഗ്രികൾ, കാർട്ടോഗ്രാഫിക് മെറ്റീരിയൽസ് എന്നിവ വാങ്ങുന്നതിനും കരാർ അടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കുന്നതിനും, റിപ്പോർട്ടുകൾ, ഭൂപടങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും തുക വിനിയോഗിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. സോയിൽ മ്യൂസിയം ശക്തിപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) മണ്ണ് സംരക്ഷണം

2016-17 വാർഷിക പദ്ധതിയിൽ മണ്ണു സംരക്ഷണത്തിനായി 5 പദ്ധതികൾ നടപ്പിലാക്കുന്നു. മണ്ണ് സംരക്ഷണ വകുപ്പിന് 82.70 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 37 കോടി രൂപ കെ. എൽ. ഡി. സി. ക്കായി നീക്കിവച്ചിരിക്കുന്നു. മൊത്തം പദ്ധതി വിഹിതത്തിൽ 75 കോടി രൂപ ആർ.ഐ.ഡി.എഫ്. ആയി വകയിരുത്തിയിരിക്കുന്നു.

വ്യക്തിഗത ഗുണഭോക്താക്കൾക്കായുള്ള പദ്ധതികൾ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടില്ല. പ്രകൃതിവിഭവ പരിപാലനത്തിന് ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

8. നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്. സഹായം ലഭിക്കുന്ന പദ്ധതി)

(വിഹിതം : 3800.00 ലക്ഷം രൂപ)

സംസ്ഥാനത്ത് തിരഞ്ഞെടുത്ത ജില്ലകളിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനനിധിയിൽനിന്നുള്ള ധനസഹായത്തോടുകൂടി നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പദ്ധതികൾ നടത്തിവരുന്നു. പദ്ധതി വിഹിതം മണ്ണു സംരക്ഷണ യൂണിറ്റ് നടപ്പിലാക്കുന്ന നിലവിലുള്ള നബാർഡ് സഹായത്തോടെയുള്ള പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും ആർ. ഐ. ഡി. എഫ്.-നു കീഴിൽ അംഗീകാരം ലഭിച്ച പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ഉപയോഗിക്കേണ്ടതാണ്. ആർ. ഐ. ഡി. എഫ്. XIV മുതൽ XX വരെയുള്ള വായ്പാ വിഹിതത്തിൽ നിന്നും 7387 ലക്ഷം രൂപ വിനിയോഗിച്ച് 32828 ഹെക്ടർ പരിപാലിച്ചിട്ടുള്ള 104 പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ 2016-17 വർഷം നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. പാലക്കാട് ജില്ലയിലെ വരൾച്ചയെ നേരിടുന്നതിന്റെ ഭാഗമായി ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിനായി ആർ. ഐ. ഡി. എഫ്. വായ്പാ വിഹിതത്തിൽനിന്നും 15.5 കോടി രൂപ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പദ്ധതികൾ തുടരുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ജനപ്രധിനിധികളുടെ പങ്കാളിത്തത്തോടെ ജില്ലയിലെ നിലവിലുള്ള കുളങ്ങളെ നവീകരിച്ച് കൂടുതൽ ജലം സംഭരിച്ച് നിർത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഗുണഭോക്തൃ കമ്മിറ്റി മുഖേന പങ്കാളിത്ത രീതിയിൽ പ്രോജക്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

9. ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം

(വിഹിതം : 345.00 ലക്ഷം രൂപ)

സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കണ്ടെത്തിയിട്ടുള്ള സംസ്ഥാനത്തെ ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ മണ്ണുസംരക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനാണ് പദ്ധതി തുക വക കൊള്ളിച്ചിരിക്കുന്നത്. പദ്ധതിപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താവിന് 100 ശതമാനം ധനസഹായം നൽകുന്നു. പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

2016-17-ൽ ഉരുൾപൊട്ടൽ ഭീഷണിയുള്ള വിവിധ പ്രദേശങ്ങളുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി 345 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശക്തിപ്പെടുത്തലും

(വിഹിതം : 355.00 ലക്ഷം രൂപ)

മണ്ണുജല സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മറ്റ് വകുപ്പുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കും വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് പദ്ധതി വിഹിതമായി 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2011 മുതൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലൂടെ മണ്ണുജല സംരക്ഷണവുമായി ബന്ധപ്പെട്ട നീർത്തട പരിപാലനത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമായി കർഷകർക്കും മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്കും പരിശീലനം നൽകി വരുന്നു. പ്രസ്തുത

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ട്രെയിനിംഗ് ഹാൾ, ഹോസ്റ്റൽ സൗകര്യങ്ങൾ മറ്റ് അവശ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി 375 ലക്ഷം രൂപ 2014-2015, 2015-16 വർഷങ്ങളിൽ വകയിരുത്തിയിരുന്നു. 2016-2017-ൽ പുതിയ ട്രെയിനിംഗ് ഹാളിന്റെയും ഹോസ്റ്റൽ കെട്ടിടത്തിന്റെയും പണി പൂർത്തിയാക്കുന്നതിനായി 335 ലക്ഷം രൂപ വകയിരുത്തുന്നു.

11. വിവര സാങ്കേതികവിദ്യയുടെ ഉപയോഗം—മേൽനോട്ടവും വിലയിരുത്തലും

(വിഹിതം : 40.00 ലക്ഷം രൂപ)

എൻ. ഐ. സി. വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം തുടർന്നും നടപ്പിലാക്കുന്നതിനായി വിഹിതം വകയിരുത്തിയിരിക്കുന്നു. ആവശ്യമായ സോഫ്റ്റ്വെയർ വാങ്ങി സ്ഥാപിക്കുന്നതിനും വിവിധ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും നീർത്തട പ്രോജക്ടുകളുടെ അവലോകനവും വിലയിരുത്തലും ഐ. സി. എ. ആർ.പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുമായി 2015-16-ൽ 40 ലക്ഷംരൂപ വകയിരുത്തിയിരുന്നു. 2016-17-ൽ അവലോകനവും വിലയിരുത്തലും തുടരുന്നതിനും അതിനാവശ്യമായ കമ്പ്യൂട്ടർ, ജി.പി.എസ്. ഇന്റർനെറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി 40 ലക്ഷം രൂപ വകയിരുത്തുന്നു.

12. ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം

(വിഹിതം : 30.00 ലക്ഷം രൂപ)

ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണത്തിനായാണ് പദ്ധതി വിഹിതം വിനിയോഗിക്കേണ്ടത്. ശാസ്താംകോട്ട, അരുവിക്കര സംഭരണികളുടെ സംരക്ഷണത്തിനായി നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി തുടർ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതാണ്. പരിസ്ഥിതി വകുപ്പ് പ്രോജക്ട് പ്രൊപ്പോസലിനെ അടിസ്ഥാനമാക്കി സംസ്ഥാന കൃഷിവകുപ്പിന് കീഴിലുള്ള മണ്ണ് സംരക്ഷണ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ശാസ്താംകോട്ട തണ്ണീർത്തട സംരക്ഷണത്തിനായി കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിന് കൂട്ടിചേർത്തിട്ടുണ്ട്. 2015-16-ൽ അരുവിക്കര/ശാസ്താംകോട്ട നീർത്തടങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2016-17-ൽ പദ്ധതി തുടരുന്നതിനും 160 ഹെക്ടറിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുമായി 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. കേരള ഭൂവികസന കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നടത്തിവരുന്ന പദ്ധതികൾ

കേരള ഭൂവികസന കോർപ്പറേഷൻ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനനിധിയുടെ ധനസഹായത്തോടെ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. 2016-17 വർഷത്തിൽ നബാർഡിന്റെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 3700 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 400 ലക്ഷം രൂപ പാലക്കാട് ജില്ലയിലെ വരൾച്ച നേരിടുന്നതിനായി കുളങ്ങളുടെ നവീകരണത്തിനായി നീക്കിവച്ചിരിക്കുന്നു.

(1) ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും ആർ.ഐ.ഡി.എഫ്. XIV-ന് കീഴിൽ

(വിഹിതം : 50.00 ലക്ഷം രൂപ)

ഈ പദ്ധതിയിൻകീഴിലുള്ള 7 പ്രോജക്ടുകളുടെ മൊത്തം അടങ്കൽ തുക 946.27 ലക്ഷം രൂപയാണ്. ഇതിൽ 6 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 612.20 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ ഇവയുടെ നടത്തിപ്പിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2016-17-ൽ പൂർത്തിയാക്കാനുള്ള പ്രോജക്ടുകൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

(2) ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും ആർ.ഐ.ഡി.എഫ്. XV-ന് കീഴിൽ

(വിഹിതം : 59.00 ലക്ഷം രൂപ)

ഈ പദ്ധതിയിൻകീഴിലുള്ള 6 പ്രോജക്ടുകളുടെ മൊത്തം അടങ്കൽത്തുക 965.27 ലക്ഷം രൂപയാണ്. ഇതിൽ 5 പ്രോജക്ട് പൂർത്തിയായിട്ടുണ്ട്. 682.55 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ ഇവയുടെ നടത്തിപ്പിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പൂർത്തിയാക്കാനുള്ള പ്രോജക്ടുകൾക്കായി 2016-17 വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു.

(3) ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും ആർ.ഐ.ഡി.എഫ്. XVI-ന് കീഴിൽ

(വിഹിതം : 186.00 ലക്ഷം രൂപ)

ഈ പദ്ധതിയിൻ കീഴിൽ 16 പ്രോജക്ടുകൾക്കായുള്ള മൊത്തം അടങ്കൽത്തുക 3370 ലക്ഷം രൂപയാണ്. ഇതിൽ 14 പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 2445.94 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ ഇതിലേക്കായി 650 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പൂർത്തിയാക്കാനുള്ള പ്രോജക്ടുകൾക്കായി 2016-17 വർഷത്തിൽ 186 ലക്ഷം രൂപ വകയിരുത്തുന്നു.

(4) കോൾനിലങ്ങളിൽ പശ്ചാത്തല സൗകര്യ വികസനം—നൂറാടിതോടിന്റെ വെട്ടിക്കാവ് മുതൽ നാറാണിപ്പുഴ വരെയുള്ള പുനരുദ്ധാരണം

(വിഹിതം : 500.00 ലക്ഷം രൂപ)

കോൾ നിലങ്ങളിൽ നെൽക്കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി നൂറാടിത്തോടിന്റെ വെട്ടിക്കാവ് മുതൽ നാറാണി പുഴ വരെയുള്ള ഭാഗത്ത് (പൊന്നാനി കോൾ) പശ്ചാത്തല പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടാണിത്. 2015-16-ൽ 600 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ പദ്ധതിയുടെ മൊത്തം അടങ്കൽതുക 2758 ലക്ഷം രൂപയാണ്. 2016-17-ൽ പ്രോജക്ടിന്റെ നടത്തിപ്പിനായി 500 ലക്ഷം രൂപ വകയിരുത്തുന്നു.

(5) ജലനിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും (ആർ. ഐ. ഡി. എഫ്. XVIII)

(വിഹിതം : 490.00 ലക്ഷം രൂപ)

ആർ. ഐ. ഡി. എഫ്. XVIII-നു കീഴിൽ 4 പ്രോജക്ടുകൾക്ക് 2416.65 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2015-16-ൽ 8000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പൂർത്തിയാക്കാനുള്ള പദ്ധതികൾക്കായി 2016-17 വർഷത്തിൽ 490 ലക്ഷം രൂപ വകയിരുത്തുന്നു.

(6) പാടശേഖരങ്ങളുടെ മെച്ചപ്പെടുത്തൽ—പൊന്നാനി കോൾഭാഗത്തെ ചാലുകളുടെ ആഴം കൂട്ടൽ

(വിഹിതം : 550.00 ലക്ഷം രൂപ)

പാടശേഖരങ്ങളുടെ മെച്ചപ്പെടുത്തലിന്റെ ഭാഗമായി തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പൊന്നാനി കോൾഭാഗത്തെ ചാലുകളുടെ ആഴം കൂട്ടുന്നതിനായി 1500 ലക്ഷം രൂപയുടെ പ്രോജക്ടാണിത്. 2015-16-ൽ ഇതിലേക്കായി 650 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പൂർത്തിയാക്കാനുള്ള പദ്ധതികൾക്കായി 2016-17 വർഷത്തിൽ 550 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(7) പാലക്കാട് ജില്ലയിലെ വരൾച്ചയെ നേരിടുന്നതിനായി കുളങ്ങളുടെ നവീകരണം (ആർ. ഐ. ഡി. എഫ്.)

(വിഹിതം : 400.00 ലക്ഷം രൂപ)

നിലവിലുള്ള കുളങ്ങൾ നവീകരിച്ച് കൂടുതൽ ജലം സംഭരിച്ച് നിലനിർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഏറ്റെടുത്തിട്ടുള്ള പ്രോജക്ടാണിത്. ജനപങ്കാളിത്തത്തോടെ ഗുണഭോക്തൃ സമിതി മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. 2015-16-ൽ ഇതിനായി 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2016-17-ൽ ഇതിലേക്കായി 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(8) സമഗ്ര കോൾനില വികസന പദ്ധതി: സംയോജിത കോൾവികസനത്തിനായി പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ

(വിഹിതം : 765.00 ലക്ഷം രൂപ)

ആർ. ഐ. ഡി. എഫ്. XIX, XX എന്നിവയ്ക്ക് കീഴിൽ 202.81 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻവഴി 2522.02 ലക്ഷം രൂപ 2015-16 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. വിവിധ പാടശേഖരങ്ങളിലെ പ്രത്യേകിച്ച് വെള്ളം നിറഞ്ഞവയിലെ ഔട്ടർ ബണ്ട്, സൈഡ് പ്രൊട്ടക്ഷൻ, എഞ്ചിൻതറ, എഞ്ചിൻ ഷെഡ്, വെള്ള ചാലുകൾ എന്നിവ നിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമുള്ള പ്രവർത്തികൾ തുടരുന്നതിനായി 765 ലക്ഷംരൂപ വകയിരുത്തിയിരിക്കുന്നു.

(9) ജല നിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും (RIDF XIX)

(വിഹിതം : 200.00 ലക്ഷം രൂപ)

പദ്ധതിക്ക് 8882.55 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 58 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 659.15 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്. പൂർത്തിയാക്കുവാനുള്ള പ്രവർത്തികൾക്കായി 2016-17 വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(10) ജല നിർഗ്ഗമനവും വെള്ളപ്പൊക്ക നിയന്ത്രണവും-പശ്ചാത്തല വികസനം സഹസ്രസരോവർ പദ്ധതി (ആർ.ഐ.ഡി.എഫ്. XX)

(വിഹിതം : 500.00 ലക്ഷം രൂപ)

പദ്ധതി പ്രകാരം 54 പ്രവർത്തികൾക്ക് 11051.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ എസ്.ഡി.ജി. ആയി പദ്ധതിക്ക് ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നതിനായി 2016-17 വർഷത്തിൽ 500 ലക്ഷം വകയിരുത്തുന്നു.

## 1.3 മൃഗസംരക്ഷണം

മൃഗസംരക്ഷണ ഉപമേഖലയ്ക്ക് 2016-17-ൽ സംസ്ഥാന പദ്ധതികൾക്കുള്ള വിഹിതമായി ആകെ നീക്കിവച്ചിരിക്കുന്ന തുക 290.00 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയിൽ നിന്നുള്ള സഹായമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമായി നീക്കിവച്ചിരിക്കുന്ന തുക 8.13 കോടി രൂപയാണ്. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് 57 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ രണ്ടു പദ്ധതികൾക്ക് 22.57 കോടി രൂപയും 43.00 കോടി രൂപയും യഥാക്രമം വകയിരുത്തിക്കൊണ്ട് മുൻഗണന നൽകിയിട്ടുള്ള മറ്റു രണ്ടു പദ്ധതികൾ കൂടാതെ മൃഗസംരക്ഷണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങൾ തുടരുന്നതിന് 74.58 കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

**കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030**

കന്നുകാലി മേഖലയെ കാര്യക്ഷമതയുള്ളതും, സുരക്ഷിതവും, സ്ഥായിയായതും ആക്കി ജനങ്ങൾക്ക് കന്നുകാലി വളർത്തലിലൂടെ നല്ല ജീവിതം ഉറപ്പുവരുത്തുക എന്നതാണ് കേരള പെഴ്സ്പെക്റ്റീവ് പ്ലാനിന്റെ ഉദ്ദേശം. കൂടാതെ പ്രാദേശിക വിപണിയിൽ ആവശ്യത്തിന് ശുദ്ധമായ പാൽ ഉൽപ്പന്നങ്ങൾ, മാംസം എന്നിവയുടെ വിതരണത്തിൽ സ്വയം പര്യാപ്തത മുട്ടയുടെ ആവശ്യത്തിന്റെ 80 ശതമാനവും നാട്ടിൽതന്നെ ഉൽപ്പാദിപ്പിക്കുക, പാലിന്റെയും മാംസത്തിന്റെയും കയറ്റുമതി മുതലായവയാണ് ഈ മേഖലയിൽ കേരളത്തിന്റെ ലക്ഷ്യങ്ങൾ. ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഡിപ്പാർട്ടുമെന്റുകളുടെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030 നിർദ്ദേശിച്ചിട്ടുള്ള ആശയങ്ങളും തത്വങ്ങളും കർമ്മ പദ്ധതികളാക്കി നടപ്പിലാക്കുന്നതിലേക്കായി മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ 190.35 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

താഴെ പറയുന്ന പദ്ധതികളാണ് 2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. മൃഗപരിപാലനവ്യാപനം

(വിഹിതം: 1091.00 ലക്ഷം രൂപ)

മൃഗപരിപാലന മേഖലയെ ലാഭകരവും ജീവനക്ഷമതയുള്ളതും ആക്കുന്നതിന് സംസ്ഥാനത്ത് ഫീൽഡ് സന്ദർശനത്തിൽ അധിഷ്ഠിതമായ മൃഗചികിൽസാ വ്യാപന പരിപാടികൾ ആവിഷ്ക്കരിക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. സാങ്കേതിക ഉദ്യോഗസ്ഥർക്കും കർഷകർക്കും ആധുനികവും ശാസ്ത്രീയവുമായ സാങ്കേതിക വിദ്യകൾ നൽകേണ്ടിയിരിക്കുന്നു. പ്രസ്തുത ലക്ഷ്യം നേടുന്നതിനുവേണ്ടി ഈ വകുപ്പിൽ ആറ് കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങളും ഒരു കോഴി വളർത്തൽ പരിശീലന കേന്ദ്രവും ഉണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഘടകങ്ങൾ എല്ലാ ജില്ലകളിലും പരിശീലനങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിക്കൽ/നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കർഷകർക്കുള്ള പരിശീലന പരിപാടി, വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ, സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ, കന്നുകാലി പരിപാലന കേന്ദ്രം മേന്മയുള്ളതാക്കൽ, കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ഗവേഷണം

നടത്തുന്നതിന് സഹായം, സംരംഭകത്വ വികസന പരിപാടി, മൃഗസംരക്ഷണ വ്യാപന സേവനങ്ങളും പരിശീലന കേന്ദ്രങ്ങളും ശക്തിപ്പെടുത്തൽ, കൊല്ലത്ത് എ. എച്ച്. മ്യൂസിയം, മുണ്ടയാട് എൽ. എം. റ്റി. സി. കെട്ടിടം രണ്ടാംഘട്ടം, എസ്. ആർ. ഇ. പി., കർഷകരുടെ രജിസ്ട്രേഷൻ എന്നിവയാണ്.

ഗവേഷണ വ്യാപന പരിപാടിയെ ഈ പദ്ധതിയുടെ കീഴിൽ സഹായം നൽകുന്ന ഒരു ഘടകമായി ഉൾപ്പെടുത്തിയിരിക്കുന്നു. യൂണിവേഴ്സിറ്റിയുടേയും മറ്റു പ്രശസ്തമായ ഗവേഷണ സ്ഥാപനങ്ങളുടേയും സഹായത്തോടെ കർഷകർ അഭിമുഖീകരിക്കുന്ന ഫീൽഡ്തല പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. സങ്കരവർഗ്ഗത്തിലുള്ള കന്നുകാലികളുടെ രക്തപരിശോധനാ പഠനം, നൂതനമായ ആശയങ്ങൾ നൽകി കർഷകരെ സഹായിക്കൽ മുതലായവയും ഉൾപ്പെടുത്തുന്നതാണ്. എസ്.ആർ.ഇ.പി.ക്കും വിജയകരമായ മോഡലുകളുടെ വ്യാപനത്തിനുമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി മേഖലയുടെ വളർച്ച പരിഗണിച്ച് മൃഗപരിപാലന വ്യാപനം വീണ്ടും ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. തലയോലപ്പറമ്പ് എൽ.എം.പി.സി. പരിശീലന കേന്ദ്രം ശക്തിപ്പെടുത്തൽ, കട്ടപ്പന വെറ്റിനറി പോളിക്ലിനിക്കിൽ വെറ്റിനറി കോംപ്ലക്സിനായി ട്രെയിനിംഗ് ഹാൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ചുറ്റുമതിൽ മുതലായവ, കന്നുകാലി പരിപാലന കേന്ദ്രത്തിനായി കണ്ണൂരിൽ കെട്ടിടം, കുടപ്പനക്കുന്നിലെ കന്നുകാലി പരിപാലന പരിശീലന കേന്ദ്രത്തെ ആധുനിക ട്രെയിനിംഗ് സൗകര്യങ്ങൾ നൽകി മേന്മയുള്ളതാക്കൽ മുതലായവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ കീഴിലുള്ള വിവിധ ഘടകങ്ങൾക്കുള്ള വിഹിതം താഴെ പറയുന്നു :

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | പരിശീലന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ | 75.00 |
| 2 | ബോധവൽക്കരണ പരിപാടികൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, പഠനയാത്രകൾ, അവാർഡുകൾ, കാഫ് റാലികൾ, ബുക്ക് ലെറ്റ്, ബോധവൽക്കരണ ഉപകരണങ്ങൾ | 75.00 |
| 3 | എസ്.ആർ.ഇ.പി. വർക്ക് പ്ലാൻ, വിജയകരമായ മോഡലുകളുടെ വ്യാപനം | 100.00 |
| 4 | ഗവേഷണ വ്യാപന പരിപാടികൾ | 30.00 |
| 5 | പ്രവർത്തന ചെലവും വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും | 35.00 |
| 6 | സാങ്കേതിക ഉദ്യോഗസ്ഥർക്ക് പരിശീലനം | 50.00 |
| 7 | സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ | 25.00 |
| 8 | സംരംഭകത്വ വികസന പരിപാടികൾ | 51.00 |
| 9 | മൃഗസംരക്ഷണ വകുപ്പിലെ പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കൊല്ലത്ത് എ.എച്ച്. മ്യൂസിയം, മുണ്ടയാട് എൽ.എം.റ്റി.സി. കെട്ടിടം രണ്ടാം ഘട്ടം | 550.00 |
| 10 | കർഷകരുടെ രജിസ്ട്രേഷൻ | 50.00 |
| 11 | ഉദ്യോഗസ്ഥർക്ക് സമേതിയിലെ എം.ഡി.പി. യിൽ ദേശീയ തലത്തിലുള്ള പരിശീലന പരിപാടി | 50.00 |
| | **ആകെ** | **1091.00** |

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2. മൃഗചികിൽസാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

(വിഹിതം: 4300.00 ലക്ഷം രൂപ)

അവശ്യ മരുന്നുകൾ ലഭ്യമാക്കിക്കൊണ്ട് മൃഗചികിത്സാ സേവനങ്ങളും സ്ഥാപനങ്ങളും മെച്ചപ്പെടുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിച്ചുകൊണ്ട് ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തി അത്യാവശ്യമായ രോഗനിർണ്ണയ രീതികൾ നടത്തുന്നതിനും തൊഴിൽപരമായ ഉന്നതീകരണവും ആണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ത്രിതല ആരോഗ്യ പരിരക്ഷാ സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ മൃഗ ചികിത്സാ കേന്ദ്രങ്ങൾ ജില്ലാതല റഫറൽ യൂണിറ്റുകളായും താലൂക്ക് തലത്തിൽ വെറ്ററിനറി പോളി ക്ലിനിക്കുകളും പഞ്ചായത്തുതലത്തിൽ മൃഗാശുപത്രി/ഡിസ്പെൻസറികളും പ്രവർത്തിക്കും.

പദ്ധതി വിഹിതം, ലാബുകളുടെ ശക്തിപ്പെടുത്തൽ, മരുന്നുകളുടെ സംഭരണം, വളർത്തുമൃഗ ക്ഷേമ പരിപാടികൾ, എ.ബി.സി. പ്രോഗ്രാം, കർഷകർക്കുള്ള നഷ്ടപരിഹാരം, വെറ്ററിനറി പോളീക്ലിനിക്കുകളുടെ ശാക്തീകരണം, ജന്തുരോഗ നിയന്ത്രണ പദ്ധതി, അകിടുവീക്ക രോഗനിയന്ത്രണ പരിപാടി, ജി.ഐ.എസ്. മുഖാന്തിരം ഡിസീസ് മാപ്പിംഗ്, സീറോ സർവ്വീലൻസ് മോണിറ്ററിംഗ് ഓൺ ഡിസീസസ് ഓഫ് സൂണോട്ടിക് ഇംപോർട്ടൻസ് എന്നിവയ്ക്കായി ഉൾപ്പെടുത്തിയിരിക്കുന്നു.

കന്നുകാലി ക്ലിനിക്കുകൾ, വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ, അകിടുവീക്ക രോഗനിയന്ത്രണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക, അകിടുവീക്ക നിയന്ത്രണ കിറ്റുകളുടെ ഉല്പാദനവും വിതരണവും പേ വിഷ നിയന്ത്രണ പരിപാടിയെപ്പറ്റി പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പേ വിഷ വാക്സിനുകൾ വാങ്ങുകയും ചെയ്യുക, ശബരിമലയിൽ ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ചെലവ്, പ്രാദേശിക രോഗനിർണ്ണയ ലാബിന്റെയും എൽ.പി.ഐ.ഒ. ലാബിന്റെയും ശക്തിപ്പെടുത്തൽ, വളർത്തുമൃഗക്ഷേമ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുക, എലിഫന്റ് സ്ക്വാഡുകൾ, വെറ്ററിനറി പോളീക്ലിനുക്കുകളും ആശുപത്രികളും ഡിസ്പെൻസറികളും ശക്തിപ്പെടുത്തുന്നതിനും, സൂണോട്ടിക്ക് പ്രാധാന്യമുള്ള അസുഖങ്ങളെ തീവ്ര ജാഗ്രതയോടെ നിയന്ത്രിക്കുക മുതലായവയ്ക്കു വേണ്ടിയും വിഹിതം ഉപയോഗിക്കാവുന്നതാണ്.

കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങൾ സംസ്ഥാനത്തു നിന്നും പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനായി ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് 2003-04 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി തുടർന്ന് നടത്തുവാൻ സംസ്ഥാനത്തിനു വേണ്ട വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്. എൻ.ഡി.ഡി.ബി.യിൽ നിന്നുള്ള സഹായം 2008-09 മുതൽ ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാനുള്ള മൊത്തം ചെലവും സംസ്ഥാന സർക്കാർ കൈവശമുള്ള കരുതൽ ധനത്തിന്റെ (Corpus Fund) പലിശയിൽനിന്നും വഹിക്കുന്നതാണ്. ഈ പരിപാടിയിൽ 200 ലക്ഷം രൂപ വാക്സിനേഷൻ ക്യാമ്പ്, യാത്രാബത്ത, സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കുന്ന ചെലവ്, ഇയർ ടാഗ് മുതലായവയ്ക്കായി ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത പരിപാടിയുടെ വിഹിതത്തിന്റെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | മൃഗ ചികിത്സാ സേവനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | 550.00 |
| 2 | മരുന്നുകളുടെ സംഭരണം | 1200.00 |
| 3 | അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി | 75.00 |
| 4 | വളർത്തുമൃഗ ക്ഷേമ പരിപാടികൾ | 15.00 |
| 5 | കർഷകർക്കുള്ള നഷ്ടപരിഹാരം | 100.00 |
| 6 | സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക | 70.00 |
| 7 | പ്രവർത്തന ചെലവുകൾ | 50.00 |
| 8 | പേ വിഷ വാക്സിൻ വാങ്ങുക, എ.ബി.സി. പ്രോഗ്രാം | 240.00 |
| 9 | മൃഗ ചികിത്സാ സേവനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾക്കുള്ള ധനസഹായം | 375.00 |
| 10 | വെറ്ററിനറി പോളീക്ലിനിക്കുകളുടേയും ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും ശാക്തീകരണം | 200.00 |
| 11 | ലാബുകളുടെ ശക്തിപ്പെടുത്തൽ | 550.00 |
| 12 | വാർഷിക അറ്റകുറ്റപ്പണി, ഉപകരണങ്ങളുടെ ഇൻഷ്വറൻസ് | 20.00 |
| 13 | സീറോ സർവ്വീലൻസ് മോണിറ്ററിംഗ് ഓൺ ഡിസീസസ് ഓഫ് സൂണോട്ടിക് ഇംപോർട്ടൻസ് | 20.00 |
| 14 | ജി. ഐ. എസ്. മുഖാന്തിരം ഡിസീസസ് മാപ്പിംഗ് | 25.00 |
| 15 | ജന്തുരോഗ നിയന്ത്രണ പരിപാടി | 200.00 |
| 16 | താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം | 65.00 |
| 17 | ഡോക്കുമെന്റേഷൻ, ഡിജിറ്റൈസേഷൻ | 4.00 |
| | **ആകെ** | **3759.00** |

ഇ-ഗവേണൻസ് പരിശീലനം ലഭിച്ച വെറ്ററിനറി ഡോക്ടർമാർ വഴി സംസ്ഥാനത്ത് ജി.ഐ.എസ്. അടിസ്ഥാനമാക്കി ഡിസീസ് മാപ്പിംഗ് പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നിലവിലുള്ള സാഹചര്യത്തിൽ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. വൈകിട്ട് 6 മണിമുതൽ രാവിലെ 6 മണിവരെയുള്ള സമയത്ത് സേവനം ലഭ്യമാകുന്നുമില്ല. കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ വച്ചുതന്നെ സേവനം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പാൽ ഉൽപ്പാദനം കൂടുതലുള്ള പുതിയ 10 ഡയറി ബ്ലോക്കുകളിലും കൂടാതെ നിലവിൽ പ്രസ്തുത സേവനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 50 യൂണിറ്റുകളും ഉൾപ്പെടെ രാത്രി സമയങ്ങളിൽ അടിയന്തിര മൃഗ ചികിത്സാ സേവനം ലഭ്യമാക്കുന്നതിനും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വാഹനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കുവേണ്ടി 541 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. വിഹിതത്തിന്റെ ഘടകം തിരിച്ചുള്ള പിരിവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ് | 57.00 |
| 2 | ബ്ലോക്കുതലത്തിൽ രാത്രി കാലത്ത് അടിയന്തിര മൃഗ ചികിത്സാ സേവനം | 387.00 |
| 3 | സമഗ്ര ആരോഗ്യ രക്ഷാപരിപാടികൾ | 75.00 |
| 4 | സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യശേഷി | 22.00 |
| | **ആകെ** | **541.00** |

ഈ പരിപാടിയനുസരിച്ച് പതിവായി നിശ്ചിത സ്ഥലങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങളുമായി ചേർന്ന് സന്ദർശനം സംഘടിപ്പിക്കുന്നതാണ്. സംഘത്തിന്റെ സന്ദർശനം സംഘടിപ്പിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്ക് ചെലവിന്റെ ഒരു ഭാഗം നൽകുന്നതാണ്. ഇതിനെ എസ്.എൽ.ബി.പി.യുമായി ബന്ധിപ്പിക്കുന്നതാണ്. എസ്.എൽ.ബി.പി.യും ക്ഷീര സഹകരണ-സംഘങ്ങളും വഴി സംഘടിപ്പിക്കുന്ന ഫീൽഡ് സന്ദർശനം കൂടാതെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന ക്ലിനിക്കിന്റെ ഒരു പ്രതിമാസ സന്ദർശനവും ഏർപ്പാടാക്കുന്നതാണ്.

ആകെ വകയിരുത്തിയിരിക്കുന്ന 4300 ലക്ഷം രൂപയിൽ 500 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ആർ.ഐ.ഡി.എഫ്. സഹായമായാണ് വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

(വിഹിതം: 755.00 ലക്ഷം രൂപ)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ 1979-ൽ പാലോട് സ്ഥാപിക്കുകയുണ്ടായി. മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ബയോളജിക്കൽസ്, റീ ഏജന്റ് എന്നിവയുടെ ഉൽപ്പാദനത്തിനുപുറമെ ഉദ്യോഗസ്ഥരുടെ പരിശീലനവും ഗവേഷണവും ഈ സ്ഥാപനത്തിൻെറ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞവയുടെ ഉൽപ്പാദനം വിപുലീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കി ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

പരീക്ഷണ മൃഗങ്ങളുടെ വിഭാഗത്തെ ശക്തിപ്പെടുത്തൽ, ആരോഗ്യ പരിശോധന, ആരോഗ്യ ഇൻഷ്വറൻസ്, രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, ആന്റിജെൻസ്, പരിശീല പരിപാടി സംഘടിപ്പിക്കൽ, ഗവേഷണവും വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക മുതലായവയ്ക്കുവേണ്ടി വിഹിതം ഉപയോഗിക്കാവുന്നതാണ്.

പാലോടിലുള്ള ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഉത്തർപ്രദേശിലെ ഇസാട്ട് നഗറിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി പെസ്റ്റെടസ് പെറ്റിസ് വാക്സിനും പക്ഷിപനി പ്രതിരോധവാക്സിനും ഉൽപ്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ഒരു ധാരണ ഉണ്ടാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ടി വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്നതിനായി ആധുനിക സൗകര്യത്തോടുകൂടിയ ലബോറട്ടറി നിർമ്മിക്കുന്നതിനായി 450 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

4. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

(വിഹിതം: 1066.00 ലക്ഷം രൂപ)

കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേന്മ ക്രമമായി വർദ്ധിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ക്ഷീര കർഷകർക്ക് കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര സ്ഥലങ്ങളിലേക്ക് ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം കുറവായ കൃത്രിമബീജസങ്കലന കേന്ദ്രങ്ങൾ ഇത്തരം കേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് പുനഃക്രമീകരിക്കുന്നതാണ്.

ഉപകരണങ്ങൾ വാങ്ങൽ, ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനും ആധുനീകവത്ക്കരണത്തിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം, വന്ധ്യതാ നിവാരണ പദ്ധതി, കറവ പശുക്കളുടെ വിരയിളക്കുന്നതിനും ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും, ഉപയോഗശൂന്യമായ വാഹനം മാറ്റുന്നതിനും, പുതിയ ബ്ലോക്കുതല മൃഗസംരക്ഷണ ഓഫീസുകൾ സ്ഥാപിക്കുന്നതിനും, ഡോക്കുമെന്റേഷൻ, ഡിജിറ്റൈസേഷൻ മുതലായവയ്ക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത പരിപാടിയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | ബീജത്തിനുള്ള ചെലവ് | 500.00 |
| 2 | കറവ പശുക്കളുടെ വിരയിളക്കുന്നതിനും ധാതുമിശ്രിത സപ്ലിമെന്റ് പരിപാടിക്കും | 300.00 |
| 3 | പുതിയ ബ്ലോക്ക്തല മൃഗസംരക്ഷണ ഓഫീസുകൾ സ്ഥാപിക്കുന്നതിന്, റീജിയണൽ എ.എച്ച്. സെന്ററിന് അധിക സൗകര്യം | 40.00 |
| 4 | ഉപകരണം വാങ്ങൽ | 50.00 |
| 5 | പ്രവർത്തന ചെലവുകൾ | 50.00 |
| 6 | ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനും ആധുനികവൽക്കരണത്തിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം | 50.00 |
| 7 | വന്ധ്യതാ നിവാരണ പദ്ധതി | 35.00 |
| 8 | വാഹനം മാറ്റുന്നതിന് | 36.00 |
| 9 | ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ | 5.00 |
| | **ആകെ** | **1066.00** |

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

5. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

(വിഹിതം: 5080.00 ലക്ഷം രൂപ)

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണവളർച്ചയിലെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാന വിഷ്കൃത പദ്ധതിയിൻ കീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ ഭരണ സർക്കാരുകളാണ് ഈ പരിപാടി നടപ്പാക്കുന്നത്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികൾക്കുള്ള സഹായവും സ്പിൽ ഓവർ കോസ്റ്റും, പദ്ധതി നടത്തിപ്പിനുള്ള ചെലവ്, വാഹനം മാറ്റുന്നതിന്, കമ്പ്യൂട്ടറൈസേഷൻ, മേൽനോട്ടത്തിനും വിലയിരുത്തുന്നതിനുള്ള ചെലവ്, പ്രചരണം, ഡേറ്റാ എൻട്രി ചെലവ് മുതലായവയ്ക്ക് വിഹിതം ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത പരിപാടിയുടെ ഇനംതിരിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികൾക്കുള്ള സഹായവും സ്പിൽ ഓവർ കോസ്റ്റും | 1411.00 |
| 2 | മോണിറ്ററിംഗ്, ഇവാലുവേഷൻ, ഡോക്യുമെന്റേഷൻ | 9.00 |
| 3 | പബ്ലിസിറ്റിയും വെറ്ററിനറി ഉപകരണവും ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ | 15.00 |
| 4 | വാഹനം മാറ്റൽ | 25.00 |
| 5 | പദ്ധതി നടത്തിപ്പിനുള്ള ചെലവ് | 20.00 |
| 6 | ഗോവർദ്ധിനി | 3600.00 |
| | **ആകെ** | **5080.00** |

രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിച്ചുകൊണ്ട് ഗോവർദ്ധിനി പദ്ധതി നടപ്പാക്കുവാൻ 3600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

6. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും

(വിഹിതം: 2257.00 ലക്ഷം രൂപ)

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കോഴി, താറാവ്, കന്നുകാലി, പന്നി, ആട്, മുയൽ എന്നിവ വളർത്തുന്നതിനായി വിവിധ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാമുകൾ ഉൽപ്പാദന യൂണിറ്റുകളും ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്നതിനുള്ള പ്രജനന കേന്ദ്രങ്ങളും മാത്രമായല്ല, പരിശീലനത്തിന്റെയും സാങ്കേതികവിദ്യയുടെ പ്രദർശനത്തിന്റെയും കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതിന് ആധുനികവൽക്കരിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണ്. വിത്തുൽപ്പാദനവും വിതരണവും, തീറ്റപ്പുൽ വികസനം, പേരന്റ് സ്റ്റോക്ക് വാങ്ങൽ, തീറ്റപ്പുൽ, മരുന്നുകൾ, ജൈവവസ്തുക്കൾ എന്നിവ വാങ്ങൽ, കാസറഗോഡ് കന്നുകാലി ഫാം ശക്തിപ്പെടുത്തൽ, സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ, ആട്, പന്നി മുതലായവ വളർത്തൽ, ഉൽപ്പാദന രീതിയിലുള്ള പരിപാടികൾ, ഫാമുകളെ ശക്തിപ്പെടുത്തലും യന്ത്രവത്ക്കരിക്കലും, മഞ്ചാടിയിലെ

ഹാച്ചറിക്കും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും അടിസ്ഥാന സൗകര്യങ്ങൾ, താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം, താറാവിനും കർഷകർക്കും ഇൻഷ്വറൻസ്, ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ മുതലായവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്. 2016-17-ൽ ഫാമുകളുടെ സംരക്ഷണത്തിനും ശക്തിപ്പെടുത്തലിനുമായി 2257 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 194 ലക്ഷം രൂപ ഉൽപ്പാദന രീതിയിലുള്ള പരിപാടിയുടെ നിർവ്വഹണത്തിനായി നീക്കിവച്ചിരിക്കുന്നു. ഈ തുക ഫാമുകളുടെ വിപുലീകരണത്തിനും സാറ്റലൈറ്റ് യൂണിറ്റുകൾക്കും മാത്രം വിനിയോഗിക്കേണ്ടതാണ്.

ഫാമുകൾക്ക് 2016-17 വർഷത്തേക്കുള്ള വിഹിതത്തിൽ വിവിധ ഘടകങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള തുക താഴെ പറയും പ്രകാരമാണ്:

| *ക്രമ നമ്പർ* | *പ്രോജക്ടിന്റെ പേര്/ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | മഞ്ചാടിയിലെ ഹാച്ചറിക്കും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും അടിസ്ഥാന സൗകര്യങ്ങൾ | 50.00 |
| 2 | താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം | 20.00 |
| 3 | താറാവിനും കർഷകർക്കും ഇൻഷ്വറൻസ് | 20.00 |
| 4 | ഉൽപ്പാദന രീതിയിലുള്ള പരിപാടികൾ | 194.00 |
| 5 | പേരന്റ്സ് സ്റ്റോക്ക്, തീറ്റപ്പുൽ, മരുന്നുകൾ, ജൈവ വസ്തുക്കൾ എന്നിവ വാങ്ങൽ | 750.00 |
| 6 | തീറ്റപ്പുൽ വികസനം | 35.00 |
| 7 | പ്രവർത്തന ചെലവ് | 40.00 |
| 8 | കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ | 75.00 |
| 9 | സീഡ് ഉൽപ്പാദനവും വിതരണവും | 100.00 |
| 10 | സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ | 170.00 |
| 11 | ഫാമുകളെ ശക്തിപ്പെടുത്തൽ | 300.00 |
| 12 | കാസറഗോഡ് കന്നുകാലി ഫാം ശക്തിപ്പെടുത്തൽ | 50.00 |
| 13 | ഫാമുകളുടെ യന്ത്രവൽക്കരണം ഉൾപ്പെടെ ഉള്ള അടിസ്ഥാന സൗകര്യം | 450.00 |
| 14 | ഡിജിറ്റൈസേഷൻ, ഡോക്യുമെന്റേഷൻ | 3.00 |
| | **ആകെ** | **2257.00** |

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 7. ആധുനികവൽക്കരണവും ഇ-ഗവേണൻസും

(വിഹിതം: 225.00 ലക്ഷം രൂപ)

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ മൃഗ സംരക്ഷണ ഓഫീസുകൾ, ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, സെൻട്രൽ വെറ്ററിനറി സ്റ്റോർ, ഐ.എ.എച്ച്. ആന്റ് വി.ബി. പാലോട്, സി.ഡി.ഐ.ഒ. പാലോട്, ഫാമുകൾ, മേഖലാ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ, എസ്.എൽ.ബി.പി. ഓഫീസുകൾ, എൽ.എം.റ്റി.എസ്., മൃഗസംരക്ഷണ ഓഫീസിന് കീഴിലുള്ള എല്ലാ വെറ്ററിനറി പോളിക്ലിനിക്കുകൾ ചില വെറ്ററിനറി ആശുപത്രികൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഘടകങ്ങളും നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നാഷണൽ ഡിസീസ് റിപ്പോർട്ടിംഗ് സിസ്റ്റത്തിൻ കീഴിൽ എൻ.ഐ.സി. വഴിയായി എല്ലാ ബ്ലോക്കിലും ഒരു വെറ്ററിനറി സ്ഥാപനത്തിന് വീതം കമ്പ്യൂട്ടറുകളും അനുബന്ധ ഘടകങ്ങളും നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത ഈ സ്ഥാപനങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും മറ്റ് പ്രധാന ഓഫീസുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം കൊണ്ടുള്ള പ്രയോജനം പൂർണ്ണമായും ലഭ്യമാക്കുന്നതിനും ബാക്കി സ്ഥാപനങ്ങൾക്ക് കൂടി കമ്പ്യൂട്ടറുകളും മറ്റ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയും നൽകേണ്ടതുണ്ട്. നിലവിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയവ വാങ്ങുന്നതിനും സോഫ്റ്റ്‌വെയർ മോഡിഫിക്കേഷനും, വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കുന്നതിനും ഇ-ഓഫീസ് നടത്തിപ്പിനും വാർഷിക അറ്റകുറ്റപ്പണികൾ മുതലായവയ്ക്ക് 225 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 8. ബാക്ക് യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ട്

(വിഹിതം: 255.00 ലക്ഷം രൂപ)

വീട്ടുമുറ്റത്തെ കോഴി വളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. പക്ഷേ ഉയർന്ന തീറ്റവിലയും വിപണന സഹായത്തിന്റെ അഭാവവും കാരണം ഇക്കഴിഞ്ഞ വർഷങ്ങളിൽ മുട്ട ഉൽപ്പാദനം കുറഞ്ഞുവരുകയാണ്. ഗ്രാമ പ്രദേശങ്ങളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ തരത്തിലുള്ള സഹായസംവിധാനങ്ങളിൽ കൂടിയുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ വികസനത്തിനായി ചെലവ് കുറഞ്ഞ തീറ്റകൾ നൽകി വളർത്താൻ കഴിയുന്ന മെച്ചപ്പെട്ട ഇനങ്ങളിൽപ്പെട്ട ഗ്രാമലക്ഷ്മി പോലെയുള്ള നാടൻ മുട്ടക്കോഴികൾ പ്രചാരത്തിലാക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി 2016-17-ൽ 255.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സ്കൂൾ കുട്ടികൾ വഴി ഈ പദ്ധതി വിഹിതം വിനിയോഗിക്കേണ്ടതാണ്.

### 9. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

(വിഹിതം: 7458.00 ലക്ഷം രൂപ)

മൃഗ സംരക്ഷണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവയുടെ വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്നതിനായി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ് (എം.പി.ഐ.) കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി.), കെ.എൽ.ഡി. ബോർഡ്, കെ.സി.എം.എം.എഫ്. എന്നീ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ ഗവൺമെന്റ് പരിശോധിച്ച് അവയുടെ സാദ്ധ്യത അനുസരിച്ച് അംഗീകാരം നൽകുന്നതാണ്. ധനകാര്യസ്ഥാപനങ്ങൾ, കേന്ദ്ര ഫണ്ട് എന്നിവയിൽ നിന്നും ഇതിനായി ഫണ്ട് സ്വരൂപിപ്പിക്കാവുന്നതാണ്. 2016-17-ൽ മൊത്തം 7458.00 ലക്ഷം രൂപ 5 പൊതുമേഖലാ സ്ഥാപനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഇതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു:

| *ക്രമ നമ്പർ* | *സ്ഥാപനം/സ്കീം/പ്രോജക്ട്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| (എ) | കെ.എൽ.ഡി. ബോർഡ് | |
| | 1. കെ. എൽ. ഡി. ബോർഡിന്റെ മൃഗ പരിപാലന പ്രവർത്തികളുടെ വ്യാപനം (ഹെർഡ് ബുക്ക് പദ്ധതി) | 50.00 |
| | 2. മലബാറി ആടുകളുടെ പരിരക്ഷ | 15.00 |
| | 3. തീറ്റപ്പുല്ലിലും തീറ്റപ്പുൽ വിത്തുല്പാദനത്തിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ | 27.00 |

| (1) | (2) | (3) |
|---|---|---|
| 4. | മൃഗപരിപാലന പ്രവർത്തനങ്ങളിൽ പരിശീലനം | 15.00 |
| 5. | കന്നുകാലി പ്രജനന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനം | 300.00 |
| 6. | ആടുകളിൽ കൃത്രിമ ബീജസങ്കലനം | 25.00 |
| 7. | പന്നി വളർത്തൽ വികസനം | 170.00 |
| 8. | കുടുംബശ്രീയുമായി യോജിച്ച് കാലിത്തീറ്റ ഉല്പാദന പരിപാടികൾ | 278.00 |
| 9. | കുളത്തൂപ്പുഴയിലും കോലാഹല മേട്ടിലും മാട്ടുപെട്ടിയിലുമുള്ള ആധുനിക ഡയറി ഫാമുകൾക്ക് സഹായം | 400.00 |
| 10. | ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തൽ പരിപാടി വഴി കന്നുകാലികളുടെ വർഗ്ഗമേന്മ ഉയർത്തൽ | 250.00 |
| 11. | വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് കന്നുകുട്ടികളുടെ പരിരക്ഷയും പ്രചരണവും | 120.00 |
| 12. | ജീനോമിക്ക് സെലക്ഷൻ മുഖാന്തിരം കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായം | 300.00 |
| 13. | തീറ്റപ്പുൽ വിത്ത് ഉത്പാദനവും വിതരണവും | 50.00 |
| | **ആകെ** | **2000.00** |

(ബി) കേരളാ ഫീഡ്സ് ലിമിറ്റഡ്

നബാർഡ് അംഗീകരിച്ച് തുടർന്നുവരുന്ന പദ്ധതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പൂർത്തീകരണത്തിനുമായി 12 കോടി രൂപ ആർ.ഐ.ഡി.എഫ്. സഹായമായി വകയിരുത്തിയിരിക്കുന്നു. 8 കോടി രൂപ തുടർന്നു വരുന്ന അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ (ടെന്റർ എക്സസ് ഒഴികെ) പൂർത്തീകരണത്തിനായും വകയിരുത്തിയിരിക്കുന്നു.

(സി) മീറ്റ് പ്രോഡക്ട് ഓഫ് ഇൻഡ്യാ ലിമിറ്റഡ്

905 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 105 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായും 800 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. സഹായമായും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന പദ്ധതി വിഹിതം കാപ്പിറ്റൽ എക്സ്പെന്റിച്ചറിനായി മാത്രമേ വിനിയോഗിക്കാവൂ.

(ഡി) കെ.എസ്.പി.ഡി.സി.

2016-17-ൽ കേരള സംസ്ഥാന കോഴി വളർത്തൽ വികസന കോർപ്പറേഷന് 1920 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1000 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. സഹായമായി ഫീഡ് പ്ലാന്റിന്റെയും പ്രോസ്സസ്സിംഗ് പ്ലാന്റിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരിക്കുന്നു. 920 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വയനാട് മോഡൽ അടുക്കള മുറ്റത്തെ കോഴിവളർത്തൽ വികസനത്തിനായി വകയിരുത്തിയിരിക്കുന്നു.

(ഇ) കെ.സി.എം.എം.എഫ്.

| *ക്രമ നമ്പർ* | *സ്ഥാപനം/സ്കീം/പ്രോജക്ട്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | പട്ടണക്കാട് കാറ്റിൽ ഫീഡ് പ്ലാന്റ് വികസനം | 470.00 |
| 2 | മലബാറിലെ പ്രോട്ടീൻ മിക്സിഡ് പ്ലാന്റിന്റെയും കാറ്റിൽ ഫീഡ് പ്ലാന്റിന്റെയും വികസനം | 163.00 |
| | **ആകെ** | **633.00** |

രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചു കൊണ്ട് റേഷൻ ബാലൻസിംഗ് പ്രോഗ്രാം നടപ്പിലാക്കേണ്ടതാണ്.

10. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല

(വിഹിതം: 5700.00 ലക്ഷം രൂപ)

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ വ്യാപനം, ഗവേഷണം, വിദ്യാഭ്യാസ വികസനം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് ആസ്ഥാനമായി സംസ്ഥാനത്ത് ഒരു വെറ്ററനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല സ്ഥാപിച്ചിട്ടുണ്ട്. പുതിയ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലുള്ള ഫാക്കൽറ്റികളെ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി കോളേജും പൂക്കോടും മണ്ണുത്തിയിലുമായുള്ള കോളേജ് ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസും ആണ് ഈ സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മൃഗസംരക്ഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളും ഫാമുകളും ഈ പുതിയ സർവ്വകലാശാലയുടെ ഭാഗമായിരിക്കും. ഡയറി, മൃഗസംരക്ഷണം, മൃഗചികിത്സ എന്നീ മേഖലകളിൽ മേൽത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കുക വഴി സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും ഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. 2016-17-ൽ വകയിരുത്തിയിട്ടുള്ള തുകയിൽ 5700.00 ലക്ഷം രൂപ ഗവേഷണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ, ഫാമുകൾ എന്നിവയുടെ വികസനം, ഭരണം, സംരംഭകത്വ വികസനവും വ്യാപനവും എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു. ഫണ്ട് അനുവദിക്കുന്നതിനുമുമ്പ് ഓരോ ഘടകത്തിനുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കേണ്ടതാണ്. ദീർഘ വീക്ഷണത്തോടുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. അലോപ്പതി കൂടാതെ ആയുർവ്വേദവും ഹോമിയോയും ഉൾപ്പെടെയുള്ള എല്ലാ ചികിൽസാ രീതികളും മരുന്നുകളും മൃഗചികിത്സാ രംഗത്ത്, ഉൾപ്പെടുത്തുന്നതിന് ശ്രദ്ധ നൽകേണ്ടതാണ്. കൂടാതെ കാറ്റിൽ ട്രെയിഡ് പഠനവും പൂർത്തിയാക്കേണ്ടതാണ്. വിവിധ ഘടകങ്ങൾക്കായി 2016-17-ൽ നീക്കിവച്ചിട്ടുള്ള വിഹിതം താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| **1 സംസ്ഥാന പദ്ധതി** | | |
| 1 | ഗവേഷണ പ്രോജക്ട് | 1522.00 |
| 2 | വിദ്യാഭ്യാസം | 700.00 |
| 3 | സംരംഭകത്വ വികസനവും വ്യാപനവും | 215.00 |
| 4 | ഭരണം | 160.00 |
| 5 | അടിസ്ഥാന സൗകര്യം | 1058.00 |
| 6 | ഫാമുകൾ | 545.00 |
| | **ആകെ (I)** | **4200.00** |
| **2 ആർ.ഐ.ഡി.എഫ്.** | | 1500.00 |
| | **ആകെ** | **5700.00** |

ഈ പദ്ധതിക്കായി വകയിരുത്തിയ 5700 ലക്ഷം രൂപയിൽ 1500 ലക്ഷം രൂപ വിവിധ കോളേജുകളുടെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**ഗവേഷണ പദ്ധതികൾ**

താഴെ പറയുന്ന ഗവേഷണ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 1 | കന്നുകാലികളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കൽ | 153.00 |
| 2 | പോഷകാഹാര അടിത്തറ മെച്ചപ്പെടുത്തൽ | 111.00 |
| 3 | ആനിമൽ ജെനിറ്റിക് വിഭവങ്ങളുടെ മേൽനോട്ടവും മെച്ചപ്പെടുത്തലും | 190.00 |
| 4 | പൌൾട്രി | 223.00 |
| 5 | പുനരുൽപ്പാദന കാര്യക്ഷമത വർദ്ധിപ്പിക്കൽ | 68.00 |
| 6 | ബയോടെക്നോളജി | 167.00 |
| 7 | രോഗനിരീക്ഷണവും ജാഗ്രതയും | 232.00 |
| 8 | കമ്പാനിയൻ ആനിമൽസ് | 50.00 |
| 9 | പാൽ, ഇറച്ചി എന്നിവയുടെ സംസ്ക്കരണവും മൂല്യം വർദ്ധിപ്പിക്കലും | 76.00 |
| 10 | ജന്തുജന്യ രോഗങ്ങൾ | 35.00 |
| 11 | എക്സ്റ്റൻഷൻ ആന്റ് ഇക്കണോമിക്സ് | 27.00 |
| 12 | വെയിസ്റ്റ് മാനേജ്മെന്റ് | 30.00 |
| 13 | നിരീക്ഷണവും വിലയിരുത്തലും | 25.00 |
| 14 | പബ്ലിക്കേഷൻ, വർക്ക്ഷോപ്പ്, കോൺഫറൻസ്, സെമിനാർ | 25.00 |
| 15 | പുതിയ ഗവേഷണ സ്കൂളുകളും സെന്ററുകളും ശക്തിപ്പെടുത്തൽ | 110.00 |
| | **ആകെ** | **1522.00** |

**വിദ്യാഭ്യാസം**

വിദ്യാഭ്യാസത്തിന്റെ കീഴിൽ 2016-17-ൽ താഴെ പ്രസ്താവിച്ചിരിക്കുന്ന പദ്ധതികൾക്ക് വിഹിതം നീക്കിവച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | അണ്ടർ ഗ്രാജുവേറ്റ്സിനും, പോസ്റ്റ് ഗ്രാജുവേറ്റ്സിനുമുള്ള അസിസ്റ്റന്റ്ഷിപ്പ്, സ്കോളർഷിപ്പ് അലവൻസുകൾ | 400.00 |
| 2 | യു. ജി. സി. ഫാക്കൽറ്റി മെച്ചപ്പെടുത്തൽ പ്രോഗ്രാമിനുള്ള സഹായം | 60.00 |
| 3 | കോളേജുകളിലെ അക്കാഡമിക് സെല്ലുകളുടെ ശാക്തീകരണം | 8.00 |
| 4 | ബുക്ക് ബാങ്ക് സ്കീം, എ. ആർ. ഐ.എസ്. അപ്ഡേറ്റ്, വ്യക്തിത്വ വികസന പരിപാടികൾ, കായിക വിദ്യാഭ്യാസ ശാക്തീകരണം, വിദ്യാർത്ഥികൾക്ക് ആശുപത്രിയിലേയ്ക്കുള്ള ഗതാഗത ചെലവ്, ഗവേഷകർക്ക് സെമിനാറുകൾ, സിമ്പോസിയം മുതലായവയിൽ പങ്കെടുക്കുന്നതിനുള്ള ചെലവ്, 43 ഡിപ്പാർട്ടുമെന്റുകളിലെ ഗവേഷണ വിദ്യാഭ്യാസ പ്രവർത്തന ചെലവുകൾ | 200.00 |
| 5 | യൂണിവേഴ്സിറ്റി എക്സാമിനേഷന്റെ വിപുലീകരണം | 32.00 |
| | **ആകെ** | **700.00** |

**ഫാമുകൾ**

ഫാമുകളുടെ ശാക്തീകരണത്തിനായി 545.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ**

സർവ്വകലാശാലയുടെ ഭാഗമായ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2558 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 1500 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന വിഹിതമായ 1058 ലക്ഷം രൂപ ഹോസ്റ്റലുകളുടെ പൂർത്തീകരണത്തിനും സർവ്വകലാശാലയുടെ കെട്ടിടങ്ങൾക്കും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യത്തിനുമായി വിനിയോഗിക്കേണ്ടതാണ്.

**ഭരണം**

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 1 | ഇ-ഗവേൺസ് ഇനിഷിയേറ്റീവ് നടപ്പിൽ വരുത്തൽ | 40.00 |
| 2 | പരിശീലനം | 10.00 |
| 3 | കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കലും ശക്തിപ്പെടുത്തലും | 20.00 |
| 4 | പൂക്കോട് കാമ്പസിൽ സ്റ്റാഫിന് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ | 20.00 |
| 5 | സെൻട്രൽ സ്റ്റോർ ശക്തിപ്പെടുത്തൽ, റിക്കോർഡുകൾ, രജിസ്റ്ററുകൾ, ഫോമുകൾ എന്നിവയുടെ പ്രിന്റിംഗ് | 20.00 |
| 6 | രജിസ്ട്രി ചെലവ് | 50.00 |
| | **ആകെ** | **160.00** |

**വിപുലീകരണവും സംരംഭകത്വ വികസനവും**

വിപുലീകരണം, സംരംഭകത്വ വികസനം എന്നിവയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നു:

| *ക്രമ നമ്പർ* | *ഘടകത്തിന്റെ പേര്* | *രൂപ (ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | ഉത്പാദനത്തിനും ഉപഭോഗത്തിലും വരുമാനത്തിലും ക്ഷീരസ്വയംസഹായ സംഘങ്ങളുടെ സാമ്പത്തിക സ്വാധീനം സംബന്ധിച്ചുള്ള താരതമ്യ പഠനം | 5.50 |
| 2 | മൃഗസംരക്ഷണ മേഖലയിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് മോഡലുകൾ ആരംഭിക്കുക | 10.00 |
| 3 | സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിദൂരപഠന പരിപാടിക്ക് രൂപം നൽകൽ | 20.00 |
| 4 | ദേശീയ-അന്തർദേശീയ സഹപ്രവർത്തനം | 20.00 |
| 5 | സംരംഭകത്വ വികസനവും എസ്.എച്ച്.ജി./ എൻ.ജി.ഒ./കർഷകർക്കുള്ള മോണിറ്ററിംഗ് | 20.00 |
| 6 | ലൈവ് സ്റ്റോക്ക് സെക്ടറിന്റെ സ്റ്റെയ്ക്ക് ഹോൾഡേഴ്സിനുള്ള കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | 37.50 |
| 7 | വിദ്യാർത്ഥികൾക്കും കൃഷിക്കാർക്കും ഫാക്കൽറ്റികൾക്കുമുള്ള ലൈവ് സ്റ്റോക്ക് സെക്ടറിലെ വ്യാവസായിക പരിപാടികൾ | 4.00 |
| 8 | വയനാട് ട്രൈബൽ കോളനിയിൽ ഉപജീവന മാർഗ്ഗത്തിനെ വർദ്ധിപ്പിക്കൽ | 20.00 |
| 9 | പാലിന്റെ വർദ്ധനവിനായി എക്കണോമിക് ഇംപാക്ട് ഓഫ് ആന്തെൽമെന്റിംഗ് | 8.00 |
| 10 | വെറ്ററിനറി സർവ്വീസിലെ സോഫ്റ്റ് വെയർ വികസനം | 50.00 |
| 11 | കർഷകരുടെ വീട്ടുപടിക്കൽ രാത്രികാലങ്ങളിൽ വെറ്ററിനറി സർവ്വീസ് | 7.00 |
| 12 | കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉപയോഗം കൗമാരപ്രായക്കാരുടെ കൂട്ടപ്രവർത്തനത്തിലൂടെ നടപ്പിലാക്കൽ | 4.00 |
| 13 | വെറ്ററിനറി മെഡിക്കൽ, മറ്റ് ഹെൽത്ത് സയൻസ് വിദ്യാർത്ഥികളുടെ ഹെൽത്ത് ക്ലബ്ബ് സ്ഥാപിക്കൽ | 5.00 |
| 14 | സൂണോട്ടിക് ഡിസീസ് റെഫറൽ എക്സ്റ്റൻഷൻ യൂണിറ്റ് സ്ഥാപിക്കൽ | 4.00 |
| | **ആകെ** | **215.00** |

11. രാഷ്ട്രീയ പശുധൻ വികാസ് യോജന (ആർ.പി.വി.വൈ.)

(വിഹിതം: 700.00 ലക്ഷം രൂപ)(സംസ്ഥാന വിഹിതം 40 ശതമാനം)

ഇന്ത്യാ ഗവൺമെന്റ് രാഷ്ട്രീയ പശുധൻ വികാസ് യോജന എന്ന പുതിയ പദ്ധതി 2015-16-ൽ ആരംഭിക്കുകയുണ്ടായി. ദേശീയ കന്നുകാലി പരിപാലന പരിപാടി, ദേശീയ മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടിയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ തുകയുടെ 60 ശതമാനം ഇന്ത്യാ ഗവൺമെന്റും 40 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നതാണ്. ഇതിന്റെ സംസ്ഥാന വിഹിതമായി 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 113.00 ലക്ഷം രൂപ)

വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടർന്ന് നടത്തുന്നതിനും പ്രത്യേക പഠനങ്ങൾ നടത്തുന്നതിനും ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു.

വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടരുന്നതിനും പുതിയ പഠനങ്ങൾ ആരംഭിക്കുന്നതിനും വിവര ശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിനും സർവ്വേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം വഹിക്കുന്നതിനുമായി വിഹിതം വകയിരുത്തിയിരിക്കുന്നു. ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നതാണ്.

## 1.4 ക്ഷീര വികസനം

ക്ഷീര വികസന മേഖലയ്ക്കായി 2016-17 വർഷത്തിൽ 9250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ മേഖലയിൽ നാല് സ്കീമുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾക്ക് പാൽ സംഭരണത്തിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ 2400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി മിൽക്ക്ഷെഡ് വികസന പദ്ധതിയ്ക്കായി 4417 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡിയ്ക്കായി 1350 ലക്ഷം രൂപയുംകൂടി ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും

(വിഹിതം: 450.00 ലക്ഷം രൂപ)

ക്ഷീര വികസന വകുപ്പ് അതിന്റെ ബ്ലോക്ക് തല എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ, ജില്ലാതല ഗുണനിയന്ത്രണ യൂണിറ്റുകൾ, അഞ്ച് പരിശീലന കേന്ദ്രങ്ങൾ, വലിയതുറയിലെ സീവേജ് ഫാം എന്നിവ മുഖേനയാണ് ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും നടത്തുന്നത്. അനിശ്ചിതാവസ്ഥയും പ്രകൃതിക്ഷോഭവും മറ്റും ഉണ്ടാകുന്ന അവസരങ്ങളിൽ വ്യക്തിപരമായ ബന്ധത്തിലൂടെ സാങ്കേതികവിദ്യയുടെ കൈമാറ്റം കർഷകരിലേക്ക് നേരിട്ട് നടത്തുക എന്നതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം. 2016-17-ൽ 450 ലക്ഷം രൂപ ഈ സ്കീമിനായി നീക്കി വെച്ചിരിക്കുന്നു. ഗ്രാമീണ ഡയറി എക്സ്റ്റൻഷൻ സർവ്വീസുകൾ നടപ്പാക്കൽ, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ, ഗുണനിലവാരബോധവൽക്കരണ പരിപാടികൾ, അച്ചടി, ഇലക്ട്രോണിക്സ് എന്നീ മാധ്യമങ്ങൾ മുഖേനയുള്ള വ്യാപന പ്രവർത്തനങ്ങൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, വകുപ്പ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകൽ, സ്റ്റേറ്റ് ഡയറി എക്സ്പോ, സ്കൂളുകളിൽ കുട്ടികളുടെ ഡയറി ക്ലബ്ബുകൾ മുതലായവയ്ക്ക് വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. ക്ഷീര വികസന പരിശീലന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അവയെ ഫാം ഫീൽഡ് സ്കൂളുകൾ ആക്കുന്നതിനുമായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്. എസ്. ആർ. പി. പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും

*(വിഹിതം: 2400.00 ലക്ഷം രൂപ)*

ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിന്റെ കീഴിൽ 31-5-2015 പ്രകാരം 3667 പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ക്ഷീരകർഷകരുടെ ഉൽപ്പന്നം വിപണനം ചെയ്യുന്നതിനും ഗ്രാമവിവര കേന്ദ്രങ്ങളായും ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. കൂടുതൽ കർഷകരെ ക്ഷീരസഹകരണമേഖലയിലേക്ക് കൊണ്ടുവരിക, 2006 എഫ്. എസ്. എസ്. എ. അംഗീകരിപ്പിക്കുവാൻ കഴിവുള്ള താക്കുക, പാലിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംഭരണവും, വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, ആധുനിക വൽക്കരിക്കുകയും ചെയ്യുക മുതലായവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. 2016-17-ൽ ഈ പദ്ധതിക്കായി വകയിരുത്തിരിക്കുന്നത് 2400 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

1. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് പ്രവർത്തന സഹായം.
2. പ്രവർത്തനരഹിതമായ ക്ഷീര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം.
3. ആരോഗ്യകരമായ പാൽസംഭരണ മുറികളുടെ നിർമ്മാണം/പുനരുദ്ധാരണം.
4. 2006 എഫ്.എസ്.എസ്.എ-യുടെ ആവശ്യത്തിനായി രജിസ്ട്രേഷൻ, ഡോക്യുമെന്റേഷൻ, ലാബുകളെ ശക്തിപ്പെടുത്തൽ മുതലായവയ്ക്ക് സഹായം.
5. ക്ഷീര സഹകരണസംഘങ്ങൾക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കൽ.
6. ഡോക്യുമെന്റേഷനും, ഡാറ്റാ ബാങ്ക് രൂപീകരണവും.
7. ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനും പാൽ സംസ്ക്കരണം വ്യാപിപ്പിക്കുന്നതിനും പായ്ക്കിങ്ങിനും തണുപ്പിച്ച് കട്ടയാക്കുന്നതിനും കാലിത്തീറ്റ യൂണിറ്റുകൾക്കുള്ള സഹായം
8. കർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ.
9. ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭക്ഷ്യ സുരക്ഷാ പരിശീലനം.
10. മിൽമ പാൽ റൂട്ടുകളിലേക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.
11. ക്ഷീര സഹകരണ സംഘങ്ങൾക്ക് അവലോകനയോഗം നടത്തുന്നതിനുള്ള ചെലവ്.
12. ഓട്ടോമാറ്റിക്ക് പാൽ സംഭരണ യൂണിറ്റുകൾ.
13. ഓട്ടോമേഷനും ശൃംഖലാ സംവിധാനവും പരിപാലിച്ച് നിലനിർത്തുന്നതിനും നിരീക്ഷിക്കുന്നതിനും ജില്ലാതല കൺസോഷ്യത്തിനുള്ള സഹായം.
14. ക്ഷീര സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വൽക്കരണം, അവാർഡുകൾ, ഇൻഫർമേഷൻ കിയോസ്ക്, നടത്തിപ്പ് ചെലവ്, പോസ്റ്റർ/ബോർഡ് മുതലായവയ്ക്കുള്ള ചെലവ്.



സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാര നിയന്ത്രണം പരമ പ്രാധാന്യമർഹിക്കുന്നു. സംസ്ഥാനത്തെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളിലെ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രത്യേക ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനും വൃത്തിയുള്ളതും ആരോഗ്യകരമായ പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും റീജിയണൽ ലാബുകളുടെ നിർമ്മാണം. ക്ഷീര കർഷകർക്കുള്ള സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുക, ചെക്കുപോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി ആകെ വകയിരുത്തിയിട്ടുള്ള 2400 ലക്ഷം രൂപ 450 ലക്ഷം രൂപ ഗുണമേന്മ നിയന്ത്രണത്തിനായി വകയിരുത്തിയിരിക്കുന്നു. ഇതിലെ ഘടകങ്ങൾ താഴെ പറയുന്നു.

| *ക്രമ നമ്പർ* | *ഘടകത്തിന്റെ പേര്* | *തുക (ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | പ്രത്യേക ഗുണനിലവാര പരിശോധന | 7.00 |
| 2 | ആധുനികവൽക്കരണം, ശാക്തീകരണം, സജ്ജീകരണം എന്നിവയ്ക്കുവേണ്ടി എൻ.എ.ബി. എൽ., ഐ.എസ്.ഒ. 9001 അധികാരപ്പെടുത്തൽ ചെലവുകൾക്കുള്ള സഹായം | 100.00 |
| 3 | ചെക്കുപോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം | 25.00 |
| 4 | ഗുണമേന്മ നിയന്ത്രണം, ഡിപ്പാർട്ട്മെന്റിലെയും സൊസൈറ്റിയിലെയും ഉദ്യോഗസ്ഥർക്ക് ഫുഡ് സേഫ്റ്റി ട്രെയിനിംഗ് | 15.00 |
| 5 | ഫാം തലത്തിൽ ആരോഗ്യകരവും ഗുണകരവുമായ മെച്ചപ്പെടുത്തൽ | 25.00 |
| 6 | സ്റ്റേറ്റ് ഡയറി ലാബ്/റീജിയണൽ ലാബുകൾ ശക്തിപ്പെടുത്തൽ, ഫ്ളൈ ട്രാപ്സ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, കാസർഗോഡ്/കോട്ടയം എന്നിവിടങ്ങളിൽ ലാബുകൾ സ്ഥാപിക്കൽ, പാലിന്റെ ഗുണമേന്മാ പരിശോധനാ സംവിധാനങ്ങൾ | 278.00 |
| | **ആകെ** | **450.00** |

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

## 3. മിൽക്ക് ഷെഡും ഫോഡർ വികസനവും

(വിഹിതം: 4417.00 ലക്ഷം രൂപ)

ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരേയും/സംരംഭകരേയും സ്വയംസഹായ സംഘങ്ങളേയും കൊണ്ടുവരിക, സങ്കരയിനം കന്നുകാലികളുടെ ഉൽപ്പാദനക്ഷമത നിലനിർത്തുക, കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ രീതികൾ സ്വീകരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് വികസന പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. ഉപജീവനത്തിനുവേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്ക് ഒരു മാറ്റം പാലുൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനിവാര്യമാണ്. 4417 ലക്ഷം രൂപയാണ് 2016-17-ൽ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. ഈ തുക

തെരഞ്ഞെടുക്കപ്പെട്ട മിൽക്ക് ഷെഡുകളിലും സാധ്യതയുള്ള മറ്റ് പ്രദേശങ്ങളിലേക്കും വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി യൂണിറ്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനും പശു/ പശുക്കുട്ടി വളർത്തൽ യൂണിറ്റുകൾ, കറവയന്ത്രങ്ങൾ വാങ്ങൽ, എറണാകുളം, കൊല്ലം ജില്ലകളിൽ സമഗ്ര ക്ഷീര വികസന പരിപാടികൾ, പശുത്തൊഴുത്തിനുള്ള സഹായം, സ്ത്രീകൾക്കുള്ള കന്നുകാലി വളർത്തൽ പരിപാടി മുതലായവയ്ക്ക് വിനിയോഗി ക്കുന്നതാണ്. 2016-17-ൽ ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകത്തിന്റെ പേര്* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | കർഷകർക്ക് പശു യൂണിറ്റുകൾക്കുള്ള സഹായം | 1385.00 |
| 2 | പശുക്കുട്ടികളുടെ യൂണിറ്റുകൾ | 320.50 |
| 3 | സ്ത്രീകൾക്കുള്ള കന്നുകാലി വളർത്തൽ പരിപാടി | 35.00 |
| 4 | തീറ്റപ്പുൽ കൃഷി വികസനം | 500.00 |
| 5 | പുരോഗമന ചിന്താഗതിയുള്ള ക്ഷീര കർഷകർക്ക് സഹായം | 150.00 |
| 6 | കന്നുകാലി ഷെഡുകളുടെ നിർമ്മാണവും കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായവും | 500.00 |
| 7 | ക്ഷീര കർഷകരുടെ ക്ഷേമം | 25.00 |
| 8 | രണ്ടു ജില്ലകളിൽ സമഗ്ര ക്ഷീര വികസന പരിപാടികൾ | 1500.00 |
| 9 | ഡോക്യുമെന്റേഷൻ ചെലവ് | 1.50 |
| | **ആകെ** | **4417.00** |

ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീര മേഖലയിൽ ഉൽപ്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം ഇതാണ്. ആയതിനാൽ ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻവേണ്ടി അനു യോജ്യമായ തീറ്റപ്പുൽ ഉൽപ്പാദന പരിപാടികൾ പ്രോത്സാഹിപ്പി ക്കേണ്ടതാണ്. വർഷം മുഴുവൻ നിൽക്കുന്ന തീറ്റപ്പുൽ ഇനങ്ങ ളുടെ കൃഷി, ക്ഷീര കർഷകരുടെ ഇടയിൽ പുതിയ ശാസ്ത്രീ യവും ചെലവ് കുറഞ്ഞതുമായ ഫീഡിംഗ് രീതി നടപ്പാക്കുക, തീറ്റച്ചെലവ് കുറയ്ക്കുക വഴി കന്നുകാലി വളർത്തലിന്റെ നില നിൽപ്പും വിശ്വാസ്യതയും ഉയർത്തുക, കറവപ്പശുക്കളുടെ ആരോഗ്യവും പാലിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക, വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പു വരുത്തുക, തൊഴിൽ അവസരങ്ങൾ സൃഷ്ടി ക്കുക, തീറ്റപ്പുൽ വിൽപ്പന വഴി ഉൽപ്പാദകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കർഷകർക്ക് തീറ്റപ്പുൽ, അസോള, ചോളം കൃഷികൾക്കുള്ള സഹായം, സ്റ്റേറ്റ് ഫോഡർ ഫാമിന് സഹായം, ഹൈടെക് ഫോഡർ ഡെവലപ്മെന്റ് പ്രോഗ്രാം, ആധുനീകവത്ക്കരണവും യന്ത്രവത്ക്കരണവും എന്നിവയ്ക്കുവേണ്ടിയാണ് 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

എറണാകുളം, കൊല്ലം ജില്ലകളിലായി സമഗ്ര ക്ഷീര വികസന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഡയറി സെക്ടറിൽ കൂടുതൽ സംരംഭകരെയും കർഷകരെയും കൊണ്ടുവരുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കർഷകർക്ക് ആവശ്യമായ ബോധവത്ക്കരണവും ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ വളർത്തുന്നതിനുള്ള വിദ്യ, സങ്കരയിനം പശുവിന്റെ ഉൽപ്പാദനം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കു ന്നതിനായി 2016-17 വർഷത്തിൽ 25.00 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു. ഇൻഷ്വറൻസ് പരിരക്ഷ വഴി ക്ഷീര കർഷക രുടെ ജീവനും, സ്വത്തിനും, ആരോഗ്യത്തിനും, സംരക്ഷണം നൽകുന്നതിനും മറ്റ് ക്ഷേമ പരിപാടികൾക്കും വേണ്ടി തുക വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

4. കാലിത്തീറ്റ സബ്സിഡി

(വിഹിതം: 1350.00 ലക്ഷം രൂപ)

2009-10 വാർഷിക പദ്ധതിയിൽ പരീക്ഷണാടിസ്ഥാന ത്തിലാരംഭിച്ചതാണ് കാലിത്തീറ്റ സബ്സിഡി പദ്ധതി. പാലുൽപ്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ കർഷകരെ ക്ഷീര സഹകരണ കുടയുടെ കീഴിൽ കൊണ്ടുവരിക, നിലനിൽപ്പിനുള്ള തൊഴിലായി ക്ഷീര വികസനത്തെ നിലനിർത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇവ നേടുന്നതിനുവേണ്ടി പാലുൽപ്പാദനം കുറയുന്ന കാലയളവിൽ ഉൽപ്പാദനവും ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണവും വർദ്ധിപ്പിക്കുന്നതിനായി ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി സഹായം നൽകുന്നു. 2016-17-ൽ 1350 ലക്ഷം രൂപയാണ് പ്രസ്തുത ആവശ്യത്തിലേക്കായി നീക്കിവെച്ചിരിക്കുന്നത്. കാലിത്തീറ്റ സബ്സിഡി, ധാതു മിശ്രിതങ്ങളുടെയും വൈറ്റമിൻ സപ്ലിമെന്റു കളുടെയും വിതരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

5. രാഷ്ട്രീയ പശുധൻ വികാസ് യോജന (ആർ.പി.വി.വൈ.) (സംസ്ഥാന വിഹിതം 40%)

(വിഹിതം: 633.00 ലക്ഷം രൂപ)

ഇന്ത്യാ ഗവൺമെന്റ് രാഷ്ട്രീയ പശുധൻ വികാസ് യോജന എന്ന പുതിയ പദ്ധതി 2015-16-ൽ ആരംഭിക്കുകയുണ്ടായി. ഡയറി വികസനത്തിനുള്ള ദേശീയ പദ്ധതിയാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ തുകയുടെ 60 ശതമാനം ഇന്ത്യാ ഗവൺമെന്റും 40 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നതാണ്. ഇതിന്റെ സംസ്ഥാന വിഹിതമായി 633 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 1.5 മത്സ്യ വികസനം

മത്സ്യ വികസന മേഖലയിൽ പദ്ധതികൾ നടപ്പാക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 169.30 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന വികസന നിധി ക്കായി 27 കോടി രൂപയും മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും, കൊയ്ത്തിനുശേഷമുള്ള പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിനായി 26.24 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. ഉൾനാടൻ മത്സ്യകൃഷി വികസനത്തി നായി 38.49 കോടി രൂപയും ഫിഷറീസ് ആന്റ് ഓഷ്യൻ

സ്റ്റഡീസ് സർവകലാശാലക്കായി 30 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. ഇതുകൂടാതെ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷിവികസനവും എന്ന പരിപാടിക്ക് 184.6 കോടി രൂപ തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 കോടി രൂപ വ്യക്തിഗത ഭവനനിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്നു.

കേരളം മൽസ്യ ബന്ധന മേഖലയുടെ സുസ്ഥിര ഉപയോഗത്തിലും വികസനത്തിലും ലോകത്തിന്റെ നേതൃസ്ഥാനത്തിലെത്തും എന്നതാണ് കേരള പെഴ്സ്പെക്ടീവ് പ്ലാൻ-2030 വിഭാവനം ചെയ്യുന്നത്. ഇതിലൂടെ കേരളത്തിലെ ജനങ്ങൾക്ക് വൈവിധ്യമാർന്ന സുസ്ഥിരമായ മത്സ്യ വിഭവങ്ങളുടെ ഫലങ്ങൾ അനുഭവിക്കാൻ കഴിയും. മൽസ്യ ഉൽപാദനത്തിന്റെ വളർച്ചാനിരക്ക് മന്ദഗതിയിൽ ആണെന്നും, ഉൾനാടൻ മത്സ്യകൃഷിയുടെ പ്രകടനം അതിന്റെ കഴിവിൽ താഴ്ന്നതാണെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. രാജ്യത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽ 7 ശതമാനത്തിൽ കൂടുതൽ കേരളത്തിൽ ആയിട്ടും രാജ്യത്തിന്റെ ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിന്റെ 2 ശതമാനം മാത്രമാണ് കേരളത്തിന്റെ സംഭാവന. അതായത് കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ ശേഷി വേണ്ടവണ്ണം പ്രയോജനപ്പെടുത്തിയിട്ടില്ല. ആഗോളതലത്തിൽ കണ്ടുവരുന്ന സമുദ്ര-മൽസ്യ ഉൽപ്പാദനത്തിലെ ചാഞ്ചാട്ടങ്ങളും അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും കേരളത്തിനും ഒരു വെല്ലുവിളി തന്നെയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ കേരളത്തിലെ സമുദ്ര മത്സ്യബന്ധനത്തിനെ പ്രതികൂലമായി ബാധിക്കുന്നതും, മത്സ്യസംസ്കരണത്തിലെ അപര്യാപ്തതകളുമാണ് കേരളം നേരിടുന്ന മറ്റു വെല്ലുവിളികൾ. അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ, മത്സ്യത്തൊഴിലുകളുടെ സുരക്ഷ, ഡിജിറ്റൽ, ഡിവൈഡ്, തീരദേശ ദാരിദ്ര്യം എന്നിവയാണ് സാമൂഹിക പ്രശ്നങ്ങളായി കണ്ടെത്തിയിരിക്കുന്നത്.

മത്സ്യഉൽപ്പാദനം വളർത്തുക, മത്സ്യമേഖലയ്ക്ക് ഉയർന്ന വളർച്ചാനിരക്ക് ഉറപ്പാക്കുക. വിഭവസംരക്ഷണം, അക്വാകൾച്ചർ പ്രചരിപ്പിക്കുക, നൂതനമായ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുക, ആവശ്യമായ മത്സ്യശേഖരം നിലനിർത്തുക, സംസ്ക്കരണവും മൂല്യവർദ്ധനവും കൂട്ടുക, മത്സ്യത്തിന്റെ മാർക്കറ്റിങ്ങിലും എക്സസ്റ്റൻഷനിലും ശ്രദ്ധ ചെലുത്തുക, മത്സ്യതൊഴിലാളികളുടെ സാമൂഹിക സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുക എന്നിവയാണ് കേരളത്തിലെ മത്സ്യമേഖലയ്ക്കായി മുൻനിർത്തിയിരിക്കുന്ന ലക്ഷ്യങ്ങൾ.

പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഉൽപാദനം ഉയർത്തുക, ഉയർന്ന സാമ്പത്തികമൂല്യം സൃഷ്ടിക്കുക, സാമൂഹിക സുരക്ഷ, ഭക്ഷ്യ സുരക്ഷ, പരിസ്ഥിതി എന്നിവ ഈ മേഖലയുടെ ഭാവി വളർച്ചയ്ക്ക് ഏറ്റവും അനിവാര്യമായ 5 ഘടകങ്ങളാണെന്ന് കരുതപ്പെടുന്നു. കേരള പെഴ്സ്പെറ്റീവ് പ്ലാൻ 2030 മുന്നോട്ടുവച്ച വിഷയങ്ങളെ പരിഗണിച്ചുകൊണ്ട് മേഖലയുടെ സമഗ്രവികസനത്തിനായി ബഡ്ജറ്റ് 2016-17-ൽ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് ഉയർന്ന വകയിരുത്തൽ, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതികൾക്ക് കൂടുതൽ പിന്തുണ, മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവും മാനവശേഷിയും വികസിപ്പിക്കുന്നതിനായി കൂടുതൽ പ്രാധാന്യം എന്നിവ കെ. പി. പി. 2030-ൽ ഉന്നയിക്കപ്പെട്ട പ്രധാന വിഷയങ്ങളുടെ പരിഹാരത്തിനായുള്ള നടപടികളാണ്. ഇതിൻപ്രകാരം ഉൾനാടൻ മത്സ്യകൃഷിക്കായി 38.49 കോടി രൂപ വകയിരുത്തിയിരിക്കുന്നു. കെ. പി. പി. 2030 വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മത്സ്യമേഖലയിൽ 235 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾ കണ്ടത്തിയിട്ടുണ്ട്.

**2016-17-ലെ പദ്ധതികൾ**

1. ഉൾനാടൻ മത്സ്യബന്ധന മേഖല

ഉൾനാടൻ മത്സ്യബന്ധന മേഖലയ്ക്കായി 2016-17-ൽ 38.49 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അക്വാകൾച്ചർ ഉല്പാദനം, സംരക്ഷണം, മാനേജ്മെന്റ് എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. പദ്ധതികൾ താഴെ വിവരിക്കുന്നു.

ഉൾനാടൻ മത്സ്യ ഉല്പാദനവും സംരക്ഷണവും

*(വിഹിതം: 3849.00 ലക്ഷം രൂപ)*

നിലവിലെ ഉല്പാദനത്തിൽ നിന്നും 2 ലക്ഷം ടണ്ണായി 12-ാം പഞ്ചവൽസരപദ്ധതിയിൽ ഉത്പാദനം ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

*(i)* കേരളം ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്. സംസ്ഥാന ശുദ്ധജല മത്സ്യഉൽപ്പാദനത്തിന്റെ ആവശ്യകത 7 കോടി വിത്തുകളാണ്. എന്നാൽ നിലവിലെ ഉൽപാദനം 2.5 കോടി മാത്രമാണ്. 2014-15-ൽ 2 കോടി മത്സ്യങ്ങളുടെ വിത്ത് അധികം ഉൽപ്പാദിപ്പിക്കുന്നതിനായി 4 പുതിയ ഹാച്ചറികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ബാക്കി 2.5 കോടി മത്സ്യവിത്തുകൾക്കായി സർക്കാർ ഫാമുകൾക്ക് ചുറ്റും സാറ്റലൈറ്റ് യൂണിറ്റുകളായി മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. നിലവിലെ സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ എന്നിവയുടെ നടത്തിപ്പിനും പരിപാലനത്തിനും, 4 മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും, നിലവിലുള്ള സർക്കാർ ഫാമുകൾ വികസിപ്പിക്കുന്നതിനും പുതിയ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി 1599 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

*(ii)* നൂതനമായ മത്സ്യകൃഷി സമ്പ്രദായങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി രണ്ടാം ഘട്ടം. 2015-16 മുതൽ 2017-18 വരെയാണ് ഇത് നടപ്പാക്കുക. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ:

- കാർപ്പുകളുടെ സമ്മിശ്ര കൃഷി
- കരിമീൻ ഇനത്തിലുള്ള തിലാപ്പിയ/പങ്കോഷിയോസ് എന്നിവയുടെ പ്രകൃത്യാലുള്ളതോ പി. വി. സി. ഷീറ്റുകൊണ്ട് നിർമ്മിക്കപ്പെട്ടതോ ആയ കൂട്/കുളങ്ങളിലെ കൃഷി
- തുറസ്സായ ജലാശയങ്ങളിലും, റിസർവ്വോയറുകളിലും കേജ് കൃഷി
- പൊക്കാളി, കോൾ, കൈപ്പാട്, കുട്ടനാട് എന്നിവിടങ്ങളിൽ നെല്ലുമായി സംയോജിപ്പിച്ച് മത്സ്യം/കൊഞ്ച്/ചെമ്മീൻ എന്നിവയുടെ മാറിമാറിവരുന്ന കൃഷി രീതി
- വന്നാമി/കാര/ചെമ്മീൻ എന്നിവയുടെ പ്രകൃതി സൗഹൃദ കൃഷി
- തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി
- കടൽ മുരുങ്ങ/കല്ലുമ്മക്കായ് എന്നിവയുടെ റാക്ക്/റാഫ്റ്റ് എന്നിവയിലെ കൃഷി
- റോൾ കൊഞ്ച്/ഞണ്ട് എന്നിവയുടെ കൃഷി
- മുത്തുച്ചിപ്പി കൃഷി

- അലങ്കാര മത്സ്യങ്ങളുടെയും അക്വേറിയം സസ്യങ്ങളുടെയും ഉൽപ്പാദനം
- മത്സ്യ കർഷക ക്ലബ്ബുകളെ ശക്തിപ്പെടുത്തൽ
- 'ആത്മാ' പരിപാടിയുടെ ഭാഗമായുള്ള എസ്. ആർ. ഇ. പി. യിൽ കണ്ടെത്തിയ ഘടകങ്ങളിൽ കേന്ദ്രസർക്കാർ സഹായമില്ലാത്തവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. പൊതു ജലാശയങ്ങൾ മാതൃകാ ഫാമുകൾ ആക്കുക, വിള ഇൻഷ്വറൻസ്, ജലജീവികളുടെ ആരോഗ്യത്തിനായി അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുക, മത്സ്യരോഗം കണ്ടെത്തുവാനുള്ള ടീമുകളുടെ പ്രവർത്തനം, മത്സ്യവിത്തിന്റെ ഗുണമേന്മ സർട്ടിഫിക്കറ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. മത്സ്യ സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങൾക്കായി 1350 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(iii) നൂതനമായ മത്സ്യകൃഷി രീതികൾ പ്രദർശിപ്പിക്കുന്നതിനായുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 550 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(iv) ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(v) ഉൾനാടൻ മത്സ്യക്കൃഷിയുടെ പരിപാലനത്തിനും മാനേജ്മെന്റിനും 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പദ്ധതിയിലെ ഘടകങ്ങളുടെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങൾ, നഴ്സറികൾ, ഹാച്ചറികൾ | 1599.00 |
| 2 | മത്സ്യ സമൃദ്ധി | 1350.00 |
| 3 | നൂതനമായ മത്സ്യകൃഷി സമ്പ്രദായങ്ങൾക്കുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ | 550.00 |
| 4 | ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (50 ശതമാനം സി. എസ്. എസ്.) | 200.00 |
| 5 | ഉൾനാടൻ മത്സ്യകൃഷിയുടെ പരിപാലനവും മാനേജ്മെന്റും | 150.00 |
| | **ആകെ** | **3849.00** |

2. സമുദ്ര മത്സ്യബന്ധനം

സമുദ്ര മത്സ്യബന്ധനം എന്ന പദ്ധതിയിൽ ഊന്നൽ നൽകുന്നത് കൊയ്ത്ത് വർദ്ധിപ്പിക്കുക, പരിപാലനവും മാനേജ്മെന്റും, മത്സ്യതൊഴിലാളികൾക്കുള്ള പിന്തുണ എന്നിവയിലാണ്. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) സമുദ്ര മത്സ്യസമ്പത്തിന്റെ പരിപാലനവും മാനേജ്മെന്റും

*(വിഹിതം: 380.00 ലക്ഷം രൂപ)*

മത്സ്യവിഭവങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കൽ, മത്സ്യവിഭവങ്ങളുടെ സംരക്ഷണം എന്നീ പദ്ധതികളിലെ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിഭവ സംരക്ഷണം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണിത്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനുള്ള ചെലവ്, ഫിഷറീസ് സ്റ്റേഷനുകളുടെ കമ്മ്യൂണിക്കേഷൻ ചെലവുകൾ, വയർലസ് കമ്മ്യൂണിക്കേഷൻ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ, കേരളതീരത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ നൽകൽ, ലൈസൻസ് നൽകുക, കടൽ പട്രോളിംഗ് എന്നിവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതും, മത്സ്യ വിത്തിന്റെ റാഞ്ചിംഗ് എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ ഘടകങ്ങൾക്കായി 380 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി). സമുദ്ര മത്സ്യബന്ധന ഉപകരണങ്ങൾ

*(വിഹിതം: 70.00 ലക്ഷം രൂപ)*

(i) നാടൻ വള്ളങ്ങളുടെ നവീകരണം, ഇതിലെ ഒരു ഘടകമാണ്. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് 10 എച്ച്.പി. ക്ക് താഴെയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾ മാറ്റിവയ്ക്കുവാൻ സബ്സിഡി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മത്സ്യഫെഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2016-17 വർഷത്തിൽ 400 യൂണിറ്റുകൾക്ക് സഹായം നൽകുന്നതാണ്. ഈ പരിപാടിക്കായി 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ii) 'ആഴക്കടൽ മത്സ്യബന്ധന വികസനവും, കടൽ സംരക്ഷണ ഉപകരണങ്ങളും' എന്നത് പദ്ധതിയുടെ മറ്റൊരു ഘടകമാണ്. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ചൂണ്ട, മത്സ്യ ബന്ധനത്തിനായി ആധുനിക ഉപകരണങ്ങൾ നൽകുന്നത് പദ്ധതിയുടെ ഭാഗമാണ്. ജി. പി. എസ്. അഥവാ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, വി. എച്ച്. എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ ലൈഫ് ജാക്കറ്റ്, സാറ്റലൈറ്റ് അധിഷ്ഠിത റേഡിയോ ബീക്കൺ എന്നീ സംരക്ഷണ ഉപകരണങ്ങൾക്ക് സബ്സിഡി നൽകുക എന്നതും പദ്ധതിയുടെ ഭാഗമാണ്. ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം നടിപ്പിലാക്കുക എന്നതും പദ്ധതിയുടെ ഭാഗമാണ്. ഫിഷറീസ് സ്റ്റേഷനുകൾവഴിയാണ്. ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി). മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ നൽകുക

*(വിഹിതം: 50.00 ലക്ഷം രൂപ)*

പത്ത് എച്ച്. പി.ക്ക് താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളിൽ മത്സ്യബന്ധനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള സബ്സിഡി നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. സബ്സിഡി തുക പരമാവധി 10,000 രൂപയാണ്. പദ്ധതിയുടെ ഘടകങ്ങളും വിഹിതവും താഴെ വിവരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| എ | സമുദ്ര മത്സ്യബന്ധനത്തിന്റെ പരിപാലനവും മാനേജ്മെൻറും | 380.00 |
| ബി | സമുദ്ര മത്സ്യബന്ധന ഉപകരണങ്ങൾ: | |
| *i* | നാടൻ വള്ളങ്ങളുടെ യന്ത്രവത്ക്കരണം | 20.00 |
| *ii* | ആഴക്കടൽ മത്സ്യബന്ധന വികസനം | 50.00 |
| സി | മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ നൽകൽ | 50.00 |
| | **ആകെ** | **500.00** |

3. മത്സ്യ വിപണികളുടെ നവീകരണവും മൂല്യവർദ്ധനവും

(വിഹിതം: 400.00 ലക്ഷം രൂപ)

ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരത്തോടുകൂടി നവീകരിച്ചുകൊണ്ടിരിക്കുന്ന മത്സ്യ വിപണികളുടെ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന വിഹിതം ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. മത്സ്യസംസ്കരണ കേന്ദ്രങ്ങളുടെയും ഫിഷ് മോളുകളുടെയും സ്ഥാപനത്തിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും പദ്ധതിയിൽ വിഹിതമുണ്ട്. എൻ.എഫ്.ഡി.ബി. സഹായത്തോടുകൂടി മീൻ ഉണക്കാനുള്ള യൂണിറ്റുകൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾക്കുള്ള യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ, ഓക്ഷൻ ഹാളുകൾ എന്നിവ സ്ഥാപിക്കുന്നതിനായുള്ള സംസ്ഥാന വിഹിതവും ഈ പദ്ധതിയുടെ ഭാഗമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം സൃഷ്ടിക്കാനും അവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾക്ക് ഈ പദ്ധതിയിൽ വിഹിതമുണ്ട്. ഇതിനായി 2016-17-ൽ 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. മത്സ്യ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷ

മത്സ്യ തൊഴിലാളികൾക്കുള്ള സാമൂഹിക ക്ഷേമ പദ്ധതികൾക്കായി 2016-17-ൽ 39.59 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഘടകങ്ങൾ താഴെ വിവരിക്കുന്നു:

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| എ | എൻ.സി.ഡി.സി. സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി | 300.00 |
| ബി | ബാങ്ക് വായ്പയുമായി ബന്ധപ്പെടുത്തിയ പദ്ധതികൾ | 50.00 |
| സി | എൻ.ബി.സി.എഫ്.ഡി.സി.-പദ്ധതിക്കും എൻ.എം.ഡി. എഫ്.സി.-പദ്ധതിക്കും നിക്ഷേപ മൂലധനം | 150.00 |
| ഡി | വായ്പ നൽകുന്നതിനുള്ള മൂലധനം (പലിശ രഹിത വായ്പ) | 100.00 |
| ഇ | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതി (50 ശതമാനം സി. എസ്. എസ്. ) | 1877.00 |
| എഫ് | എൻ.എഫ്.ഡബ്ല്യൂ.എഫ്. സഹായത്തോടെയുള്ള ഭവന പദ്ധതി, മത്സ്യതൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പ്രതി യൂണിറ്റ് ചെലവ് കണ്ടെത്താനുള്ള അധിക സംസ്ഥാന സഹായം | 1345.00 |
| ജി | മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് | 137.00 |
| | **ആകെ** | **3959.00** |

എ. മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പ്രോജക്ടിന് എൻ.സി.ഡി.സി. അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ സംസ്ഥാന വിഹിതമായുള്ള സബ്സിഡിയും ഓഹരി മൂലധന നിക്ഷേപവും നൽകുന്നതിനായി 2016-17-ൽ 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. വായ്പയുടെ 25 ശതമാനം സബ്സിഡിയായി മത്സ്യഫെഡ് ബാങ്കുകളിൽ നൽകുന്നു. ഈ പ്രവർത്തനത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സി. സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് വിവിധ തൊഴിൽ പദ്ധതികൾക്ക് ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽനിന്നും വായ്പ എടുക്കുന്നു. മൊത്തം ചെലവിന്റെ 85 ശതമാനം എൻ. ബി. സി. എഫ്. ഡി. സി./ എൻ. എം. ഡി. എഫ്. സി. വിഹിതവും 10 ശതമാനം മത്സ്യഫെഡ് വിഹിതവും 5 ശതമാനം ഗുണഭോക്താവിന്റെ വിഹിതവുമാണ്. ഇതിനായി 2016-17-ൽ 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഡി. മത്സ്യത്തൊഴിലാളി സമൂഹം ഇടനിലക്കാരിൽ നിന്ന് വായ്പകൾ സ്വീകരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടാകുന്നു. ഇതിനു പരിഹാരമായി മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്ന തരത്തിലുള്ള ഒരു പദ്ധതിയാണിത്. മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ പ്രവർത്തനമൂലധനത്തിന് പലിശരഹിത വായ്പ 5,000 രൂപ ക്രമത്തിൽ നൽകുന്നതാണ്. ഇതിനാവശ്യമായ ഫണ്ട് വാണിജ്യ ബാങ്കുകളിൽ നിന്ന് സ്വരൂപിക്കുകയും പലിശ സബ്സിഡിയായി നൽകുന്നതുമാണ്. ഇതിനായി 2016-17-ൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഇ. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതി (50 ശതമാനം സി. എസ്. എസ്.) ഈ പദ്ധതിയിൽ 3 ഘടകങ്ങൾ അടങ്ങുന്നു.

(i) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള സമ്പാദ്യ സുരക്ഷാ പദ്ധതി (സംസ്ഥാന വിഹിതം 50%)

പഞ്ഞ മാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. 2016-17-ൽ ഗുണഭോക്താക്കളുടെ എണ്ണം ഏകദേശം 1,83,000 ആയിരിക്കുമെന്ന് കരുതുന്നു. ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക പദ്ധതിയുടെ സംസ്ഥാന വിഹിതമായി വിനിയോഗിക്കേണ്ടതാണ്.

(ii) ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യ ത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് സഹായം ലഭ്യമാക്കുവാനുള്ള ഒരു കേന്ദ്ര സഹായ പദ്ധതിയാണിത്. ഒരു ഭവനത്തിന്റെ നിർമ്മാണച്ചെലവ് 75,000 രൂപയായിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാന സർക്കാർ ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100 ശതമാനം സബ്സിഡിയായും നൽകുന്നു. ഇതു പ്രകാരം ഒരു വീടിന് സംസ്ഥാന സർക്കാർ 1,62,500 രൂപയും കേന്ദ്ര സർക്കാർ 37,500 രൂപയും നൽകുന്നു. പദ്ധതിയുടെ ഒരു ഭാഗം 50% സംസ്ഥാന വിഹിതവും മറ്റേഭാഗം കേന്ദ്ര വിഹിതത്തെ പോഷിപ്പിച്ചുകൊണ്ട് ഉയർന്ന നിരക്കിൽ പദ്ധതി നടപ്പാക്കാനുമാണ്.

(iii) മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50% സംസ്ഥാന വിഹിതം)

സംസ്ഥാനത്തെ പ്രവർത്തനക്ഷമരായ എല്ലാ മത്സ്യത്തൊഴിലാളികളും കേരള സംസ്ഥാന മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യപ്പെട്ടവരാണ്. ഒരു മത്സ്യത്തൊഴിലാളിക്ക് 145 രൂപയും 14 ശതമാനം സേവന നികുതിയും ഉൾപ്പെടെ പ്രീമിയം നൽകി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപകട മരണം, സമുദ്ര മത്സ്യബന്ധന സമയത്ത് ഹൃദയാഘാതം മുഖേനയുള്ള മരണം, സ്ഥിരമോ ഭാഗികമോ ആയ അവശത എന്നിവയ്ക്ക് സംരക്ഷണം ലഭിക്കും. ഇൻഷ്വറൻസ് പ്രീമിയം തുക ഒരു മത്സ്യത്തൊഴിലാളിക്ക് 20.27 രൂപയായി കേന്ദ്ര സർക്കാർ നിജപ്പെടുത്തുകയും പ്രസ്തുത തുകയുടെ 50% മാത്രം ചെലവഴിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്യുന്നു. അതിനാൽ പ്രീമിയം തുകയിലുണ്ടായ വർദ്ധനവ് സംസ്ഥാന സർക്കാർ വഹിക്കുന്നു. പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം സംസ്ഥാന വിഹിതവും മറ്റൊരു ഭാഗം ഉയർന്ന നിരക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അധിക സംസ്ഥാന വിഹിതവുമാണ്. ഏകദേശം 2.37 ലക്ഷം മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് കരുതുന്നു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതിക്ക് കീഴിലുള്ള 3 ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 1877 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

എഫ്. എൻ.എഫ്.ഡബ്ല്യു.എഫ്. സഹായത്തോടെയുള്ള ഭവന പദ്ധതി, മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പ്രതി യൂണിറ്റ് ചെലവ് കണ്ടെത്താനുള്ള അധിക സംസ്ഥാന സഹായമായി 1345 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ജി. മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ അനുബന്ധ തൊഴിലാളികളെ ബോർഡ് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിക്ക് വാർഷിക പ്രീമിയം മുഴുവനായി നൽകേണ്ടതാണ്. ഒരു മത്സ്യ തൊഴിലാളിക്കുള്ള ഇൻഷ്വറൻസ് പ്രീമിയം 145 രൂപയും 14 ശതമാനം സേവന നികുതിയുമാണ്. ഏകദേശം 83,000 അനുബന്ധ തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുഴുവൻ വാർഷിക പ്രീമിയം അടച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി 137 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. വിജ്ഞാന വ്യാപനം, പരിശീലനം, സേവനം

*(വിഹിതം: 548.00 ലക്ഷം രൂപ)*

വിജ്ഞാന വ്യാപനം, പരിശീലനം, സേവനം, ആധുനികവൽക്കരണം എന്നിവയാണ് പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ. ശുദ്ധജല/ഓരുജല മത്സ്യക്കൃഷി പ്രോത്സാഹന വ്യാപന പരിപാടികളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഫിഷറീസ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മത്സ്യബന്ധന ഗ്രാമങ്ങളിൽ പ്രചാരണം, സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക, ബോധവൽക്കരണ ക്യാമ്പുകൾ, നിഫാമിന്റെ ശമ്പളേതര പ്രവർത്തന ചെലവുകൾ, പരിശീലന പരിപാടികളുടെ ചെലവ് എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

ഫിഷറീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനു കീഴിൽ കമ്പ്യൂട്ടർ പരിശീലനം, സോഫ്റ്റ്‌വെയർ വികസനം, ഓൺലൈൻ കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ വാങ്ങൽ, കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ്, നെറ്റ്‌വർക്കിംങ്, ഓൺലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ്, ഓൺലൈൻ മുഖേന സർട്ടിഫിക്കറ്റുകളും സേവനങ്ങളും നൽകൽ മുതലായവ അടങ്ങിയിരിക്കുന്നു.

സെൻസസ്, ഉൾനാടൻ ജലാശയങ്ങളുടെ സ്ഥിതി-വിവര പഠനവും പുതുക്കലും, സമുദ്ര മത്സ്യ ഉല്പാദന സർവ്വേ, ഉൾനാടൻ മത്സ്യ ഉല്പാദന സർവ്വേ, പദ്ധതികളുടെ അവലോകനവും വിലയിരുത്തലും, ഫിഷറീസ് സ്ഥിതി വിവര കണക്കുകൾ പ്രസിദ്ധീകരിക്കൽ എന്നിവയ്ക്കും പ്രസ്തുത വിഹിതത്തിൽനിന്നും തുക വിനിയോഗിക്കാവുന്നതാണ്.

പദ്ധതിക്കു കീഴിലുള്ള ഘടകങ്ങളും വിഹിതവും ചുവടെ വിവരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *തുക (ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| എ | വകുപ്പിന്റെ അനുബന്ധ പ്രവർത്തനങ്ങളും, ട്രെയിനിംഗ് സെന്ററുകളുടെ ശക്തിപ്പെടുത്തലും | 250.00 |
| ബി | അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററുകളുടെ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കൽ | 248.00 |
| സി | ഫിഷറീസ് വകുപ്പിന്റെ ആധുനികവൽക്കരണം | 50.00 |
| | **ആകെ** | **548.00** |

6. മത്സ്യബന്ധന തുറമുഖങ്ങളും പരിപാലനവും

കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഏറെ ആവശ്യമായ മത്സ്യബന്ധന ലാന്റിംഗ് സെന്ററുകളും തുറമുഖങ്ങളും സ്ഥാപിക്കുക, നിലനിർത്തുക, പരിപാലിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ

എ. സമുദ്ര മത്സ്യബന്ധന വികസനം, അടിസ്ഥാന സൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ (50 ശതമാനം വിഹിതം)

(വിഹിതം: 2624.00 ലക്ഷം രൂപ)

ചുവടെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(i) കേന്ദ്രാവിഷകൃത പദ്ധതികളുടെ നടത്തിപ്പിൽ പല മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. അത് പ്രകാരം മൽസ്യ ബന്ധന തുറമുഖങ്ങൾ, ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ, 50 ശതമാനം സി. എസ്. എസ്. ആയാണ് നടപ്പിലാക്കുക. ആർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടാതെ, മുനക്കടവ് മത്സ്യബന്ധന ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവും പദ്ധതിയുടെ ഭാഗമാണ്. ഇതുകൂടാതെ ചേറ്റുവായി, തലായ്, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും അവയെ പ്രവർത്തനക്ഷമമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഈ തുറമുഖങ്ങൾ ഒഴികെയുള്ളവയുടെ നടത്തിപ്പ് ചെലവ് നോൺ-പ്ലാൻ ഇനത്തിൽ നിന്നും വഹിക്കേണ്ടതാണ്. കേന്ദ്രവിഹിതം ലഭിക്കുന്നതിന് അനുസരിച്ച് മാത്രമാണ് സംസ്ഥാന വിഹിതം ഉപയോഗിക്കേണ്ടത്.

(ii) മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനം

പൂർത്തിയാക്കിയ മിക്ക മത്സ്യബന്ധന തുറമുഖങ്ങളിലും, മത്സ്യം കരയ്ക്കടുപ്പിക്കുന്ന കേന്ദ്രങ്ങളിലും, ക്രമമായിട്ടുള്ള മണ്ണുനീക്കൽ പ്രവർത്തനങ്ങൾ നടത്തി ആഴം കൂട്ടിയെങ്കിൽ മാത്രമേ തുറമുഖ ബേസിനും, അപ്രോച്ച് ചാനലിനും ആവശ്യമായ ഡ്രാഫ്റ്റ് നിലനിർത്താൻ സാധിക്കുകയുള്ളൂ. കൂടാതെ പൂർത്തീകരിച്ചതും ഭാഗികമായി പ്രവർത്തിച്ചു തുടങ്ങിയതുമായ മത്സ്യബന്ധന തുറമുഖങ്ങളിൽ ആരോഗ്യപരവും ശുചിത്വപരവുമായ ഒരു പ്രവർത്തന നിലവാരം ഉണ്ടാക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നീണ്ടകര, തോട്ടപ്പള്ളി, കായംകുളം, മുനമ്പം, അഴീക്കൽ, ബേപ്പൂർ, ചോമ്പാൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള 1054 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും, 50 ശതമാനം കേന്ദ്രസഹായമായി 210.80 ലക്ഷം രൂപ നൽകുകയും ചെയ്തു. പുതിയാപ്പ, മാപ്പിളബേ മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്കായി 50 ശതമാനം കേന്ദ്ര വിഹിതത്തോടുകൂടി 1216 ലക്ഷത്തിന്റെയും 670.56 ലക്ഷത്തിന്റേയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 50 ശതമാനം സംസ്ഥാനവിഹിതം നൽകുന്നതിനായാണ് പദ്ധതിയുടെ വിഹിതം വിനിയോഗിക്കേണ്ടത്. ഡ്രഡ്ജിംങ്, മെയ്ന്റനൻസ്/പരിപാലന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് തുറമുഖങ്ങളെ പ്രവർത്തനക്ഷമമായി നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

പദ്ധതിയുടെ ഘടകങ്ങളും വിഹിതവും ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം | 600.00 |
| 2 | വെള്ളയിൽ മത്സ്യബന്ധന തുറമുഖം | 450.00 |
| 3 | താനൂർ മത്സ്യബന്ധന തുറമുഖം | 550.00 |
| 4 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം | 500.00 |
| 5 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം | 100.00 |
| 6 | മുനക്കടവ് മത്സ്യബന്ധന ലാന്റിംഗ് സെന്റർ | 15.00 |
| 7 | ചേറ്റുവായി, ചെറുവത്തൂർ, തലായ് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുക | 155.00 |
| 8 | മത്സ്യബന്ധന തുറമുഖങ്ങളുടെ മാനേജ്മെന്റ് | 254.00 |
| | **ആകെ** | **2624.00** |

ബി. മത്സ്യബന്ധന തുറമുഖങ്ങളുടെയും, ലാന്റിംഗ് സെന്ററുകളുടെയും ഇൻവെസ്റ്റിഗേഷൻ

(വിഹിതം 50.00 ലക്ഷം രൂപ)

പാരിസ്ഥിതിക പഠനങ്ങളുടെയും അനുയോജ്യമായ സാമൂഹ്യ സാമ്പത്തിക മൂല്യനിർണ്ണയങ്ങളുടേയും സാങ്കേതിക സാമ്പത്തിക സ്വാധീനങ്ങളെപ്പറ്റിയും വിശദമായ പഠനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണം ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. മാതൃകാപഠനങ്ങൾ ഏറ്റെടുക്കുന്നിനും, സാധ്യതാപഠനങ്ങൾ നടത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും ആവശ്യമായ ഫണ്ട് നേടിയെടുക്കുന്നതിനുമാണ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ നടന്നുകൊണ്ടിരിക്കുന്ന സാധ്യതാപഠനങ്ങൾ തുടർന്നുകൊണ്ടു പോകുന്നതിനും, പുതിയ പഠനങ്ങൾ നടത്തുന്നതിനും, സർവ്വേയ്ക്കും പരിശോധനാശാലകൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. 2016-17-ൽ പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. ഗ്രാമീണ അടിസ്ഥാന വികസന നിധി

(വിഹിതം 2000.00 ലക്ഷം രൂപ)

തുറമുഖ വകുപ്പ് ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളായ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, തീരപ്രദേശ പാലങ്ങൾ, റോഡുകൾ എന്നിവയ്ക്ക് ലോൺ അടിസ്ഥാനത്തിലുള്ളതും തിരിച്ചടവുള്ളതുമായ സാമ്പത്തിക സഹായം നബാർഡ് നൽകുന്നുണ്ട്. ഇത്തരത്തിൽ നബാർഡിന്റെ അംഗീകാരത്തോടുകൂടി നിർമ്മിക്കുന്ന തലായ്, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. ആർ. ഐ. ഡി. എഫ്. XV പ്രകാരം

ചെല്ലാനും മൽസ്യബന്ധന തുറമുഖം, പെരുമാതുറ-താഴമ്പള്ളി പാലങ്ങൾ, കാപ്പാട്-കൊയിലാണ്ടി റോഡ്, തങ്കശ്ശേരിയിൽ കൂടുതൽ ലോക്കർ റൂമുകൾ, 6 ലാന്റിംഗ് സെന്ററുകൾ എന്നിവ അംഗീകരിച്ചിട്ടുണ്ട്. 6291 ലക്ഷം രൂപയ്ക്കുള്ള 7 പാലങ്ങളും, ഒരു നടപ്പാലവും ഉൾപ്പെടെ 10 പദ്ധതികൾക്കാണ് ആർ. ഐ. ഡി. എഫ്. XVII പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളത്. ആർ.ഐ.ഡി. എഫ്. XIX പ്രകാരം 13 എഫ്.എൽ.സി.കൾ, നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പരിപോഷിപ്പിക്കൽ, 8 പാലങ്ങൾ, 2 റോഡുകൾ ഉൾപ്പെടെ 7672 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. 782. 10 ലക്ഷം രൂപയ്ക്കുള്ള 2 റോഡുകളും ഒരു പാലവുമാണ് ആർ. ഐ. ഡി. എഫ്. XX കീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഇതിലെ പല പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. ചില പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നബാർഡിന്റെ അംഗീകാരത്തോടു കൂടി നടന്നുവരുന്നതും, പുതിയതായി ഏറ്റെടുത്തതുമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2016-17-ൽ 2000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല

(വിഹിതം: 3000.00 ലക്ഷം രൂപ)

അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, ഗവേഷണം, നടത്തിപ്പ്, അനുബന്ധപ്രവർത്തനങ്ങൾ എന്നീ കാര്യങ്ങൾക്ക് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയ്ക്ക് പ്ലാൻ സഹായം ലഭിക്കുന്നുണ്ട്. സർവ്വകലാശാലയുടെ ശാക്തീകരണത്തിനും, വികസനത്തിനുമായി 2016-17-ൽ 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 700 ലക്ഷം രൂപ ഗ്രാമീണ അടിസ്ഥാന വികസന നിധിയുടെ കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (അടിസ്ഥാനസൗകര്യത്തിന്). പദ്ധതിയുടെ ഘടകം തിരിച്ചുള്ള വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

(എ) അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി 2016-17-ൽ 21.15 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 1415 ലക്ഷം രൂപ സംസ്ഥാന വാർഷിക പദ്ധതിയിലും 700 ലക്ഷം രൂപ ആർ. ഐ. ഡി. എഫ്. ലും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *പദ്ധതി ഘടകങ്ങൾ* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | അക്കാഡമിക് ബ്ലോക്കിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ, ഫിസിക്കൽ അമിനിറ്റി സെന്റർ (മൂന്നാം ഘട്ടം), അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള താമസ സൗകര്യം (മൂന്നാം ഘട്ടം), സെമിനാർ കോംപ്ലക്സ് നിർമ്മാണം (മൂന്നാം ഘട്ടം), ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ഫിഷറീസ് സർവ്വകലാശാല ആസ്ഥാനത്തെ നിർമ്മാണ പ്രർത്തനങ്ങൾ | 900.00 |
| 2 | ഫിഷറീസ് സർവ്വകലാശാല ആസ്ഥാനത്ത് നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം | 50.00 |
| 3 | ഇൻഡോർ സപ്ലൈ സ്റ്റേഷൻ, ഡീസൽ ജനറേറ്റർ (എ. എം. എഫ്. പാനലോട് കൂടി), ബയോഗ്യാസ് സിസ്റ്റം സ്ഥാപിക്കൽ എന്നീ സർവ്വകലാശാല ആസ്ഥാനത്തെ പ്രവർത്തനങ്ങൾ (പുതിയത്) | 115.00 |
| 4 | ഫിഷറീസ് സ്റ്റേഷൻ പുതുവൈപ്പിലെ ചുറ്റുമതിൽ നിർമ്മാണം (ഘട്ടം 4), പുതുവൈപ്പിൽ ലൈബ്രറി, ഹോസ്റ്റൽ മറ്റ് സൗകര്യങ്ങളുടെ നിർമ്മാണം, തിരുവല്ലത്ത് ചുറ്റുമതിൽ നിർമ്മാണം (രണ്ടാംഘട്ടം) | 350.00 |
| | സംസ്ഥാന പദ്ധതി ആകെ | 1415.00 |
| 5 | ആർ. ഐ. ഡി. എഫ്. പദ്ധതികൾ | 700.00 |
| | **ആകെ (അടിസ്ഥാന സൗകര്യം)** | **2115.00** |

*(ബി) വിദ്യാഭ്യാസം*

സർവ്വകലാശാലയിലെ അക്വാകൾച്ചർ ആന്റ് ബയോടെക്നോളജി, അക്വാട്ടിക് ഫുഡ് പ്രോഡക്ട്സ് ടെക്നോളജി, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആന്റ് ഹാർവെസ്റ്റ് ടെക്നോളജി, മാനേജ്മെന്റ് ആന്റ് എന്റർപ്രിണർഷിപ്പ് എന്നീ നാല് വിഭാഗങ്ങളിലെ നിലവിലുള്ള ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ, പി.എച്ച്.ഡി. കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോൺട്രാക്ട് അധ്യാപകരുടെ ഓണറേറിയം, പഠനസാമഗ്രികൾ, എം.എഫ്.എസ്.സി.-പി.എച്ച്.ഡി. ഫെലോഷിപ്പ്, ആർ.എ.ഡബ്ലിയു.ഇ. പ്രോഗ്രാം കോഴ്സുകൾക്കായിട്ടുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത വിഭാഗങ്ങളുടെ ഭരണചെലവുകൾക്ക് നോൺ-പ്ലാൻ ഫണ്ട് വിനിയോഗിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസത്തിനായി 2016-17-ൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

*(സി) ഗവേഷണം*

സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്കായി 2016-17 ൽ 285 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ വിവരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | കടൽ ജീവികളിൽ നിന്നും ബയോ ആക്റ്റീവ് പദാർത്ഥങ്ങൾ ശേഖരിക്കുന്ന സെന്റർ, ജലജീവികളുടെ വർഗ്ഗീകരണത്തിനുള്ള സെന്റർ, ഉൾനാടൻ മത്സ്യക്കൃഷി വിവര ശേഖരണത്തിനുള്ള സെന്റർ, പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗതമായ അറിവ് ശേഖരിക്കൽ, കണ്ടൽ കാട് ഗവേഷണം/വിത്തുൽപാദന സെന്റർ, പുതുവെയ്പ്, അക്വാകൾച്ചർ ജനറ്റിക്സ് ആന്റ് ബയോ ടെക്നോളജി റിസർച്ച്, ന്യൂട്രിഷണൽ റിസർച്ച്, ഫീഡ് ഫോർമുലേഷൻ, ഗുണമേന്മ വരുത്തൽ അക്വാട്ടിക് ആന്റ് അനിമൽ ഹെൽത്ത് | 120.00 |

| (1) | (2) | (3) |
|---|---|---|
| | മാനേജ്മെന്റ്, ബയോഫ്ളോക്ക് ടെക്നോളജി സെന്റർ, ജർമ് പ്ലാസ്മ കൺസർവേഷൻ ഓഫ് ഇൻലാന്റ് അക്വാട്ടിക് ഓർഗാനിസം, ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ ആന്റ് ക്ലൈമറ്റ് സർവ്വീസ് എന്നിവയുടെ തുടർ പ്രവർത്തനങ്ങൾ സെന്റർ | |
| 2 | മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ ശക്തിപ്പെടുത്തൽ (പണ്ഡിറ്റ് കറുപ്പൻ ചെയർ), സസ്റ്റെയിനബിൾ അക്വാട്ടിക് സിസ്റ്റംസിനായുള്ള പ്രഫസർ അലികുഞ്ഞി ചെയർ | 20.00 |
| 3 | റിസർച്ച്-എക്സ്റ്റൻഷൻ ഡയറക്ടറേറ്റിന്റെ ശക്തിപ്പെടുത്തൽ, സർവ്വകലാശാല സഹായം നൽകുന്ന ഗവേഷണ പ്രോജക്ടുകൾ | 35.00 |
| 4 | പുതുവെയ്പ്പ് ഫിഷറീസ് സ്റ്റേഷനിൽ മത്സ്യ വിത്ത് വളർത്തൽ സൗകര്യം, പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനിൽ ലിറ്റോ പെനാസ് വന്നാമെയുടെ കൃഷി, മത്സ്യം, കൊഞ്ച് എന്നിവയുടെ വിത്തിന്റെ ബാങ്ക് | 40.00 |
| 5 | മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപ ജീവന മാർഗ്ഗങ്ങൾ ഉറപ്പുവരുത്തലും, സാമൂഹ്യ-സാമ്പത്തിക സ്ഥിതികൾ മെച്ചപ്പെടുത്തലും(സാമൂഹ്യ-സാമ്പത്തിക സ്ഥിതി വിവര സർവ്വേ) മണ്ണ്-വെള്ളം എന്നിവയുടെ പരിശോധന കേന്ദ്രം മത്സ്യ കൃഷിക്കായി പുതിയ ഇനം മത്സ്യങ്ങളെ കണ്ടുപിടിക്കുക. | 40.00 |
| 6 | ബാസയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വികസിപ്പിക്കുക, മാലിന്യത്തെ മത്സ്യത്തീറ്റ ആക്കുക, മീനുല്പന്നങ്ങളിലെ ഹാനികരമായ പ്രിസർവേറ്റീവ്സ് ദ്രുതഗതിയിൽകണ്ടുപിടിക്കാനുള്ള രീതികൾ വികസിപ്പിക്കുക, സീഫുഡിൽ ഇക്കോളി പോലുള്ള ഹാനികരമായ പാത്തോടൈപ്പുകളെ എളുപ്പം കണ്ടുപിടിക്കാനുള്ള രീതികൾ വികസിപ്പിക്കുക. | 30.00 |
| | **ആകെ (ഗവേഷണം)** | **285.00** |

*(ഡി) സർവ്വകലാശാലയുടെ ഭരണവും നടത്തിപ്പും*

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | പുസ്തകങ്ങൾ വാങ്ങിയും, ഇൻഫോ ലാബുകൾ സ്ഥാപിച്ചും, ലൈബ്രറിയെ ശക്തിപ്പെടുത്തുക. | 20.00 |
| 2 | കമ്പ്യൂട്ടർ സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക (ഇ-ഗവേണൻസ്/ ഓഫീസ് ഓട്ടോമേഷൻ) | 30.00 |
| | **ആകെ** | **50.00** |

*(ഇ) വിപുലീകരണം*

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മധ്യകേരളത്തിലെ മത്സ്യഗ്രാമങ്ങളെ ദത്തെടുക്കൽ | 20.00 |
| 2 | ഫാം റേഡിയോ സ്റ്റേഷൻ - മത്സ്യ ബന്ധന മേഖലയുടെ വികസനത്തിനായി | 20.00 |
| 3 | എക്സിബിഷൻ യൂണിറ്റുകൾ, ഫാം അഡ്വൈസറി സേവനങ്ങൾ, ഫീൽഡ് കൺസൾട്ടൻസിയും, ഡാറ്റാ അനാലിസിസ്, ആർ.എം. പി. കനാലിൽ മത്സ്യങ്ങളുടെ കൂട്ടുകൃഷി, ഫിഷറീസ് മ്യൂസിയം വിപുലീകരിക്കുക, ഇൻസ്ട്രക്ഷണൽ ഫീൽഡ് പരിശീലനകേന്ദ്രം ആധുനീകവൽക്കരിക്കുക | 60.00 |
| 4 | 'പഠനത്തോടൊപ്പം ജോലിയും' എന്ന പരിപാടി | 10.00 |
| 5 | ഫിഷറീസ് ടെക്നിക്കൽ പോർട്ടലും, നോളഡ്ജ് സെന്ററും സ്ഥാപിക്കുക | 20.00 |
| 6 | ആദർശ മത്സ്യ സംസ്ക്കരണ പ്ലാന്റും പരിശീലന കേന്ദ്രവും | 20.00 |
| | **ആകെ** | **150.00** |

23 കോടി രൂപയ്ക്കുവേണ്ടിയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിന് നൽകേണ്ടതാണ്. ജീവനക്കാരുടെയോ, അധ്യാപകരുടെയോ എണ്ണം വർദ്ധിപ്പിക്കാതെ സർവ്വകലാശാല കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. നബാർഡ് അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആർ. ഐ. ഡി. എഫ്. വിഹിതം വിനിയോഗിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും ആസ്തികൾ സൃഷ്ടിക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടായിരിക്കണം പ്ലാൻ ഫണ്ട് വിനിയോഗിക്കേണ്ടത്.

## 1.6 വനവും വന്യജീവി സംരക്ഷണവും

വനവും വന്യജീവി സംരക്ഷണവും മേഖലയിൽ 2016-17 വർഷം 12 പദ്ധതികൾ നടപ്പിലാക്കുന്നതിനായി 210 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുകയിൽ നബാർഡ് വിഹിതമായ 50 കോടി രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

**കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ—2030**

കേരളത്തിൽ ആകെയുള്ള ഭൂപ്രകൃതിയുടെ 29 ശതമാനം വനപ്രദേശമാണ്. 98 ശതമാനം വനപ്രദേശവും 'റിസർവ്വ്ഡ് ഫോറസ്റ്റ്' ആയി കണക്കാക്കിയിരിക്കുന്നു. തരംതിരിക്കാത്ത വനങ്ങൾ കേരളത്തിൽ ഇല്ല. ആകെയുള്ള വനപ്രദേശങ്ങളിൽ തുറന്ന വനപ്രദേശങ്ങളുടെ ശതമാനം ദേശീയ തലത്തിനേക്കാൾ ഇരട്ടിയാണ്. സാമ്പത്തികമായും, പരിസ്ഥിതിക്കനുസൃതമായും, സാമൂഹികമായും, വനങ്ങൾ പരിപാലിക്കുക എന്നതാണ് സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നം. പരിവർത്തനാത്മകമായ സമീപനത്തിലൂടെ സ്ഥായിയായ വന വികസനം എന്ന രീതിയാണ് സ്വീകരിക്കേണ്ടത്. വനങ്ങളെ വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയുമായിട്ട് യോജിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് പെഴ്സ്പെക്റ്റീവ് പ്ലാൻ—2030 വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. യിൽ വനമേഖലയുടെ പങ്ക് 0.5 ശതമാനം ആയി ഉയർത്തുവാനും, വനസമ്പത്ത് മെച്ചപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. വനശേഖരം 345 $M^3$/HA എന്ന തോതിൽ വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. പുതിയ സാങ്കേതിക വിദ്യയിലൂടെയും മെച്ചപ്പെട്ട വിഭവ പരിപാലനത്തിലൂടെയും വനപ്രദേശങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വനസംരക്ഷണം, തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, അടിസ്ഥാനസൗകര്യ വികസനം, വന്യജീവികളുടെ സംയോജിത വികസനം, ഇക്കോ ടൂറിസം, എക്സ്റ്റൻഷൻ കമ്മ്യൂണിറ്റി ഫോറസ്ട്രിയും അഗ്രോ ഫോറസ്ട്രിയും എന്നീ പദ്ധതികൾക്കായി 2016-17-ൽ 85.20 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**2016-17 വർഷത്തെ പദ്ധതികൾ**

1. സ്വാഭാവിക വനങ്ങളുടെ പരിപാലനം

(വിഹിതം: 4917.00 ലക്ഷം രൂപ)

വനങ്ങളുടെ സർവ്വേയും അതിർത്തി തിരിക്കലും കൈയ്യേറ്റത്തിൽ നിന്നും മറ്റ് നിയമ വിരുദ്ധ പ്രവർത്തികളിൽ നിന്നുമുള്ള സംരക്ഷണം കാട്ടുതീ നിയന്ത്രണം, മണ്ണ്സംരക്ഷണം, വനങ്ങളിൽ പാർക്കുന്നവരുടെ സംരക്ഷണം, ദ്രുതകർമ്മ സേന-എലിഫന്റ് ഡ്രൈവിംഗ് ടീം എന്നിവയുടെ ശക്തിപ്പെടുത്തൽ മുതലായവ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

(i) വനം സംരക്ഷണം (വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും) റവന്യൂ വിഹിതം

(വിഹിതം: 2122.00 ലക്ഷം രൂപ)

വനസമ്പത്ത് കൈയ്യേറുന്നതിൽനിന്നും മോഷ്ടിക്കുന്നതിൽ നിന്നും സംരക്ഷണം നൽകേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. സ്ഥിരമായ ജണ്ടകളും പ്രത്യക പ്രദേശങ്ങളിൽ കരിങ്കൽ മതിലുകളും കെട്ടി അതിരുകൾ വേർതിരിക്കുന്നത് ഒരളവുവരെ വനകൈയ്യേറ്റംതടയുന്നതിന് സഹായകരമാണ്. ഏകദേശം 4000 കിലോമീറ്റർ വനാതിർത്തിയുടെ അതിര് വേർതിരിക്കുവാനുള്ളതായി കണക്കാക്കുന്നു. കാട്ടുതീ നിയന്ത്രണ പ്രവർത്തികൾ വനസംരക്ഷണ സമിതി/ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സ്വാഭാവിക വനങ്ങളുടെ പരിപാലനമാണ് വന സംരക്ഷണത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും കാതലായതുമായ ഘടകം. ഇതിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഫലപ്രദമായ സംരക്ഷണ നടപടികൾ ആവശ്യമാണ്. വനസംരക്ഷണ സമിതികളുടേയും ഗവൺമെന്റിതര സംഘടനകളുടേയും സജീവ പങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കാട്ടുതീയിൽനിന്നുള്ള സംരക്ഷണം, കഞ്ചാവ് കൃഷി തടയൽ, ചന്ദന വനങ്ങൾ, ചോല വനങ്ങൾ, കുന്നുകൾ, വയലുകൾ, തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം, നിലവിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, നടപ്പാതകളുടേയും ട്രക്കിംഗ് പാതകളുടേയും അറ്റകുറ്റപ്പണികൾ, ഫോറസ്റ്റ് സ്റ്റേഷനുകളുടെ നവീകരണം, വനസംരക്ഷണ വാച്ചർമാർക്ക് തൊഴിൽ നൽകൽ, പങ്കാളിത്ത ഏജൻസികളായ വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായങ്ങൾ, കുളങ്ങൾ ഉന്മൂലനം ചെയ്യൽ, ജണ്ട, കയ്യാല, തടയണകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, ചന്ദനവന സംരക്ഷണം, നിയമ സഹായം, രഹസ്യവിവരങ്ങൾ ശേഖരിക്കൽ, വയർലസ് സാങ്കേതിക വിദ്യ നടപ്പിലാക്കൽ, ദ്രുതകർമ്മ സേന ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുക മുതലായ തുടർപ്രവർത്തികളാണ് പ്രധാനമായും ഈ പദ്ധതിയിൻകീഴിലുള്ളത്.

(ii) വന സംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) മൂലധന വിഹിതം

(വിഹിതം: 2500.00 ലക്ഷം രൂപ)

വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടേയും സംരക്ഷണ ഭിത്തികളുടേയും നിർമ്മാണം, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനം, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, വനപരിപാലനത്തിന് പുതിയ വാഹനങ്ങൾ വാങ്ങൽ, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇക്കോ സംരക്ഷണ പ്രവർത്തനങ്ങൾ, വനവൽക്കരണ ജോലികളിൽ യന്ത്രവൽക്കരണം, വനാതിർത്തികളുടെ സർവ്വെ, കേടുവന്ന ജണ്ടകളുടെ അറ്റകുറ്റപണി മുതലായ പ്രവർത്തനങ്ങളാണ് മൂലധന വിഹിതം വിനിയോഗിച്ച് നടപ്പാക്കുവാൻ ലക്ഷ്യമിട്ടുട്ടുള്ള പരിപാടികൾ. പുതുതായി 2500 ജണ്ടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 5000 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 25 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനും നടപ്പുവർഷം ലക്ഷ്യമിടുന്നു. എല്ലാ വനപ്രദേശങ്ങളിലും യാത്രക്കുപയോഗിക്കാവുന്ന വാഹനങ്ങൾ വാങ്ങുന്നതിനും ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ—2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(iii) നശിച്ചുപോയ വനത്തിനുപകരം വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും

(വിഹിതം: 295.00 ലക്ഷം രൂപ)

(എ) നശിച്ചുപോയ വനത്തിനുപകരം വനം വച്ചുപിടിപ്പിക്കൽ

(വിഹിതം: 100.00 ലക്ഷം രൂപ)

വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 600 ഹെക്ടർ പ്രദേശത്ത് നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുകയും മുൻ വർഷങ്ങളിൽ വച്ചു പിടിപ്പിച്ചിട്ടുള്ള 3000 ഹെക്ടർ പ്രദേശത്ത് തൈകളെ സംരക്ഷിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നശിച്ചുപോയ വനം വെച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കാട്ടുതീ സംരംക്ഷണം അത്യന്താപേക്ഷിതമാണ്. വന സംരക്ഷണ സമിതിയിലൂടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനമര പ്രദേശം, കണ്ടൽ കാടുകൾ, മറ്റു പ്രത്യേക പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥ സംരംക്ഷണം എന്നിവ ഈ പരിപാടിയനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വന ഉൽപ്പന്നങ്ങളുടെ വികസനം

(വിഹിതം: 195.00 ലക്ഷം രൂപ)

തടി ഇതര വനഉൽപ്പന്നങ്ങളായ ഈറ, മുള, ഔഷധ സസ്യങ്ങൾ മുതലായവ നട്ടുവളർത്തുകയും പരിപാലിക്കുകയുമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. വനസംരക്ഷണ സമിതിയുടേയും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടേയും സഹകരണത്തോടുകൂടി ആദിവാസികൾക്ക് ശാസ്ത്രീയമായ വനവിഭവ ശേഖരണവും സംസ്കരണവും നടത്തുന്നതിനുള്ള പരിശീലനം, ഔഷധ സസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കുകയും തടിയിതര വന വിഭവ തോട്ടങ്ങൾ പരിപാലിക്കുകയുമാണ് പ്രധാന പരിപാടികൾ. ഈ വർഷം 275 ഹെക്ടർ പ്രദേശത്ത് പുതുതായ തടി ഇതര വന ഉൽപന്നങ്ങളും ഔഷധ സസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതിനും മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച 1250 ഹെക്ടർ പ്രദേശത്ത് തോട്ടങ്ങൾ പരിപാലിക്കുന്നതിനുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

2. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

(വിഹിതം: 1600.00 ലക്ഷം രൂപ)

നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കൃഷിയുമായി സംയോജിപ്പിച്ച് വനവൽക്കരണ പ്രവർത്തനങ്ങളും സമ്പ്രദായങ്ങളും പ്രോത്സാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വന പരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ക്രമേണ കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുന്നതു വഴി തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. ശരിയായ പ്രദേശങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിമിതമായി മാത്രമേ നിലവിലുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുവാൻ പാടുള്ളൂ. വിവിധ ഉപയോഗങ്ങളുള്ളതും തദ്ദേശീയവുമായ കട്ടികുറഞ്ഞ തടിയുള്ള ഇനങ്ങൾ കൃഷി ചെയ്യുന്നതിനും പരമാവധി ഉല്പാദനക്ഷമത ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. മുൻ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച തോട്ടങ്ങളുടെ പരിപാലനത്തിനും പ്രസ്തുതവിഹിതം വിനിയോഗിക്കാവുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ—2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(i) വൻമരത്തോട്ടങ്ങൾ

(വിഹിതം: 885.00 ലക്ഷം രൂപ)

ദീർഘകാലം നിലനിൽക്കുന്ന ഇനങ്ങളായ തേക്ക്, ഈട്ടി, കമ്പകം, വെള്ളകിൽ, മറ്റ് മരങ്ങൾ മുതലായവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. 550 ഹെക്ടർ പ്രദേശത്ത് പുതിയതായി വൻമരം തൈകൾ നടുന്നതിന് 2016-17-ൽ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ള പ്രവൃത്തികൾ :

(1) 450 ഹെക്ടർ പ്രദേശത്ത് പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കുക (200 ഹെക്ടർ പ്രദേശത്ത് തേക്കും 250 ഹെക്ടർ പ്രദേശത്ത് വൻ മരങ്ങളും), നിലവിലുള്ള 1500 ഹെക്ടർ പ്രദേശത്തെ തേക്കും മറ്റ് വൻമരങ്ങളുടെ പരിപാലനവും.

(2) വിലയേറിയ വൻ മരങ്ങളായ വെള്ളകിൽ, കമ്പകം, ഇരുൾ, മഹാഗണി, തേന്മാവ്, താന്നി, പ്ലാവ്, ആഞ്ഞിലി, വേങ്ങ മുതലായവ ഇനങ്ങൾ കൂടുതൽ നട്ടുവളർത്തുക.

(3) പൈലറ്റ് അടിസ്ഥാനത്തിൽ എല്ലാ ഫോറസ്റ്റ് ഡിവിഷനിലും മാതൃകാ ക്ലോണൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക.

(4) ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും, തൊഴിലാളികൾക്ക് പരിശീലനം നൽകുകയും വഴി വനങ്ങളുടെ പരിപാലനം യന്ത്രവത്കരിക്കുക.

2016-17 കാലയളവിൽ വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സൗകര്യങ്ങളായ മിസ്റ്റ് ചേംബർ, ഗ്രീൻ ഹൌസ്, റൂട്ട് ട്രെയിനർ, കണ്ടെയ്നർ ബെഡ് മുതലായവ ഈ നഴ്സറികളിൽ ഉണ്ട്. ആകെയുള്ള വിഹിതത്തിൽനിന്നും 100 ലക്ഷം രൂപ നിലവിലുള്ള നേഴ്സറികൾ മെച്ചപ്പെടുത്തുന്നതിന് വകയിരുത്തിയിരിക്കുന്നു.

(ii) വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങൾ

(വിഹിതം: 715.00 ലക്ഷം രൂപ)

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷിയ, മാഞ്ചിയം എന്നീ മരങ്ങളും മററു മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു. വർഷംതോറും ഏകദേശം 1000 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങളിലെ കട്ടികുറഞ്ഞ തടികൾ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് നൽകുവാനായി മുറിച്ച് മാറ്റാറുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഈ പ്രദേശത്ത് പുതിയ തൈകൾ വച്ചുപിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

1000 ഹെക്ടർ പ്രദേശത്ത് പൾപ്പ് ആവശ്യത്തിനുള്ള തൈകൾ നടുന്നതിനും മുൻ വർഷങ്ങളിൽ നട്ടുവളർത്തിയ 300 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങളുടെ പരിപാലനത്തിനുമായി 2016-17-ൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്.

3. അടിസ്ഥാന സൗകര്യ വികസനം

(വിഹിതം: 1000.00 ലക്ഷം രൂപ)

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2016-17-ൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 1000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 600 ലക്ഷം രൂപ പുതിയ ഓഫീസ് കെട്ടിടങ്ങൾ, പിക്കറ്റ് സ്റ്റേഷൻ, ചെക്ക് പോസ്റ്റ്, വാസസ്ഥലങ്ങൾ മുതലായവ പണിയുന്നതിനും, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ടിയാണ്.

വനസംരക്ഷണത്തിന് ഫോറസ്റ്റ് റോഡുകളുടെ പരിപാലനം വളരെ പ്രധാനപ്പെട്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തേണ്ട ഏകദേശം 4700 കി. മീ. റോഡ് വനം വകുപ്പിന് ഉണ്ട്. 3 മീറ്റർ വീതിയുള്ള വനപാതകളുടെ അറ്റകുറ്റപ്പണിക ളാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള പാതകളുടെ മെറ്റലിംഗ്, റീസോളിംഗ്, റീടാറിംഗ്, മറ്റ് അറ്റകുറ്റപ്പണികൾ മുതലായവയാണ് 2016-17-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ആകെയുള്ള വിഹിതത്തിൽ 400 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ—2030 മായി നേരിട്ട് ബന്ധപ്പെട്ടിരി ക്കുന്നു.

4. ജൈവ വൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും

(വിഹിതം: 4346.00 ലക്ഷം രൂപ)

വനം, വന്യജീവി സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് ഒരു സംയോജിത സമീപനം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കണ്ടൽകാടുകളുടെയും ചതുപ്പ് പ്രദേശങ്ങളുടെയും സംരക്ഷണവും ഇതിൽ ഉൾപ്പെടുന്നു. വനം വന്യജീവി പരിപാലനം, നിയമ വിരുദ്ധമായ പ്രവർത്തികളിന്മേൽ നിയന്ത്രണം ഏർപ്പെടുത്തൽ, ഇതു സംബന്ധിച്ച ബോധ വത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക മുതലായവയാണ് പ്രധാന പ്രവർത്തികൾ. വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനും ലക്ഷ്യം വച്ചുള്ള വിവിധ പദ്ധതികൾ 3 വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (1) സംസ്ഥാന സഹായ പദ്ധതികൾ, (2) 60 ശതമാനം കേന്ദ്ര പദ്ധതികൾ, (3) 50 ശതമാനം കേന്ദ്ര പദ്ധതികൾ.

1. സംസ്ഥാന വിഹിതം വകയിരുത്തിയ പദ്ധതികൾ

(a) ജൈവ വൈവിദ്ധ്യ സംരക്ഷണം

(വിഹിതം: 500.00 ലക്ഷം രൂപ)

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടേയും ജന്തു ജാലങ്ങളുടേയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, അനധികൃത കൈയ്യേറ്റത്തിനെതിരെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പി ക്കുന്നത് തടയൽ മുതലായ പ്രവർത്തികൾ ഇതിൽ ഉൾപ്പെടുന്നു. ജൈവ വൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളായ ഇക്കോ കേഡറ്റ്സ്, കുരുവിക്ക് ഒരു കൂട്, പ്രകൃതിമിത്ര അവാർഡ് മുതലായവയും പ്രസ്തുത പദ്ധതി യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 500 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് കണ്ടൽ കാടുകളേയും കാവുകളേയും സംരക്ഷിക്കുന്നിനായി ആകെയുള്ള വിഹിതത്തിൽ നിന്നും 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(b) പരിസ്ഥിതി വികസന പരിപാടി

(വിഹിതം: 346.00 ലക്ഷം രൂപ)

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്ക് സഹായം നൽകുക, വിഭവ പരിപാലനം തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കു ന്നത്. വിവിധ സംരക്ഷിത പ്രദേശങ്ങളിൽ പരിസ്ഥിതി വികസന പരിപാടികൾ നടപ്പിലാക്കുന്നതാണ്. തീ കത്തിക്കാ നുള്ള വിറകിന്റെ ഉപയോഗത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, വനപ്രദേശത്തിന്റെ സമീപവും ചുറ്റുപാടുമുള്ള സ്കൂളുകൾക്ക് അധിക സൗകര്യങ്ങൾ ലഭ്യമാക്കുക, മുളകൊണ്ടുള്ള കുടിൽ വ്യവസായം വികസിപ്പിക്കുക, കോളനികളിലുള്ള പട്ടികവർഗ്ഗ ക്കാർക്ക് വിളകളും മറ്റു പഴവർഗ്ഗങ്ങളും കൃഷിചെയ്യാനുള്ള പ്രോത്സാഹനം നൽകുക, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, തീറ്റപ്പുൽ കൃഷി, ആദിവാസിമേഖലകൾക്ക് ചുറ്റും ബയോളജിക്കൽ /സോളാർ വൈദ്യുതി വേലികളുടെ നിർമ്മാണം, വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള തൊഴിൽ പരിശീലനങ്ങൾ, ഉപജീവനത്തിനുള്ള സഹായങ്ങൾ, വനത്തിന് സമീപം അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ മുതലായവ നടപ്പിലാക്കുന്നതിന് തുക വകയി രുത്തിയിരിക്കുന്നു. മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഊരിനുണർവ്വ് കാടിനുണർവ്വ് എന്ന പരിപാടിയും ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കേണ്ടതാണ്.

2. വനം, വന്യജീവി സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയ്ക്കുള്ള കേന്ദ്ര സഹായ പദ്ധതികൾ

(വിഹിതം: 3200.00 ലക്ഷം രൂപ)

നാഷണൽ ഡവലപ്പമെന്റ് അജണ്ടയുടെ ഭാഗമായുള്ള താഴെപ്പറയുന്ന പദ്ധതികളെ പ്രധാന പദ്ധതികളായി കണക്കാ ക്കിയിരിക്കുന്നു. 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതികൾക്ക് തുക അനുവദി ക്കുന്നത്. വന്യജീവികളുടെ സംയോജിത വികസനം, പ്രൊജക്ട് ടൈഗർ, ദേശീയ വനവത്ക്കരണ പരിപാടി (നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ) മുതലായവയാണ് 'കോർ പദ്ധതികൾ'

I. വന്യജീവികളുടെ സംയോജിത വികസനം (60 ശതമാനം കേന്ദ്ര സഹായ പദ്ധതികൾ)

15 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, 5 ദേശീയ പാർക്കു കൾ, ഒരു കമ്മ്യൂണിറ്റി റിസർവ് എന്നിവയ്ക്കാണ് ഇതിൽ ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ—2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(i) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം 15 എണ്ണം

(വിഹിതം: 1040.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 15 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിനുള്ള തുക 40 ശതമാനം സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു:

| *ക്രമ നമ്പർ* | *വന്യജീവി സംരക്ഷണകേന്ദ്രം* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 110.00 |
| 2 | വയനാട് വന്യജീവി സംരക്ഷണകേന്ദ്രം | 150.00 |
| 3 | ഇടുക്കി വന്യജീവി സംരക്ഷണകേന്ദ്രം | 90.00 |
| 4 | പീച്ചി, വാഴാനി വന്യജീവി സംരക്ഷണകേന്ദ്രം | 65.00 |
| 5 | പേപ്പാറ വന്യജീവി സംരക്ഷണകേന്ദ്രം | 55.00 |
| 6 | ഷെന്തുരുണി വന്യജീവി സംരക്ഷണകേന്ദ്രം | 55.00 |
| 7 | ചിമ്മിണി വന്യജീവി സംരക്ഷണകേന്ദ്രം | 55.00 |
| 8 | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 95.00 |
| 9 | ചിന്നാർ വന്യജീവി സംരക്ഷണകേന്ദ്രം | 85.00 |
| 10 | തട്ടേക്കാട് പക്ഷിസങ്കേതം | 70.00 |
| 11 | മംഗളവനം പക്ഷിസങ്കേതം | 35.00 |
| 12 | കുറിഞ്ഞിമല സങ്കേതം | 30.00 |
| 13 | ചൂലന്നൂർ മയിൽ സങ്കേതം | 35.00 |
| 14 | മലബാർ വന്യമൃഗ സംരക്ഷണകേന്ദ്രം | 40.00 |
| 15 | കൊട്ടിയൂർ വന്യജീവി സംരക്ഷണകേന്ദ്രം | 70.00 |
| | ആകെ | **1040.00** |

(ii) ദേശീയ പാർക്കുകളുടെ പരിപാലനം (5 എണ്ണം)

(വിഹിതം: 517.00 ലക്ഷം രൂപ)

ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുക 40 ശതമാനം സംസ്ഥാന വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു:

| *ക്രമ നമ്പർ* | *ദേശീയ പാർക്കുകൾ* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | ഇരവികുളം ദേശീയ പാർക്ക് | 140.00 |
| 2 | സൈലന്റ് വാലി ദേശീയ പാർക്ക് | 200.00 |
| 3 | ആനമുടി ദേശീയ പാർക്ക് | 60.00 |
| 4 | മതികെട്ടാൻമല ദേശീയ പാർക്ക് | 57.00 |
| 5 | പാമ്പാടുംചോല ദേശീയ പാർക്ക് | 60.00 |
| | ആകെ | **517.00** |

(iii) കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ്

40 ശതമാനം സംസ്ഥാന വിഹിതമായി 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *ദേശീയ പാർക്കുകൾ* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് | 15.00 |
| | ആകെ | **15.00** |

II പ്രോജക്ട് ടൈഗർ (60 ശതമാനം കേന്ദ്ര സഹായ പദ്ധതി

(വിഹിതം : 650.00 ലക്ഷം രൂപ)

2 ടൈഗർ റിസർവ്വുകൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകുന്നു. 40 ശതമാനം സംസ്ഥാന വിഹിത മായി തുക വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *ദേശീയ പാർക്കുകൾ* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | പെരിയാർ ടൈഗർ റിസർവ്വ് | 400.00 |
| 2 | പറമ്പികുളം ടൈഗർ റിസർവ്വ് | 250.00 |
| | ആകെ | **650.00** |

കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, വനസംരക്ഷ ണത്തിനും പരിപാലനത്തിനുമുള്ള വാഹനങ്ങൾ, വൈദ്യുത വേലികളുടെ നിർമ്മാണം, കരിങ്കൽ ഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽനിന്ന് കൃഷിഭൂമി സംരക്ഷി ക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവവൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികളായ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ നൽകൽ മുതലായ പ്രധാന പ്രവർത്തനങ്ങളാണ് മേൽ പരാമർശിച്ചിട്ടുള്ള പരിപാടികളിൽ വിഭാവനം ചെയ്തിരി ക്കുന്നത്.

iii. ദേശീയ വനവത്ക്കരണ പരിപാടി (നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ

(വിഹിതം: 978.00 ലക്ഷം രൂപ)

ദേശീയ വനവത്ക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

1. വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും
2. വനവും മരങ്ങളും സംക്ഷിക്കുക വഴി വനവിസ്തൃതി വർദ്ധിപ്പിക്കൽ
3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ

ദേശീയ വനവൽക്കരണ പരിപാടിയിൻ കീഴിൽ ഏറ്റെടു ക്കുന്ന പ്രവർത്തനങ്ങൾ.

- വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ
- ആർട്ടിഫിഷ്യൽ റീജനറേഷൻ (എ.ആർ.)
- പുൽമേടുകൾ വികസിപ്പിക്കൽ
- ചൂരൽ കാടുകളുടേയും, മുളങ്കാടുകളുടേയും പുനരുജ്ജീവനം
- പാസ്ച്ചർ ഡവലപ്മെന്റ് (പി.ഡി.)
- തടിയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതും ആയ വൃക്ഷങ്ങൾ നട്ടുവളർത്തൽ.
- വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷ സസ്യങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും പുനരുജ്ജീവനം.

കാലാവസ്ഥ വ്യതിയാനം മൂലം വനമേഖല നേരിടുന്ന പ്രശ്നങ്ങളാണ് ഗ്രീൻ ഇൻഡ്യ മിഷൻ പ്രധാനമായും അഭിമുഖീകരിക്കുന്നത്. ഈ പദ്ധതിയിൽ താഴെ പറയുന്ന വിഷയങ്ങളാണ് പ്രധാനമായും വിഭാവനം ചെയ്യുന്നത്. (1) നിബിഡ വനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക (2) വനവിസ്തൃതി വർദ്ധിപ്പിക്കുക (3) നഗരപ്രദേശങ്ങളിലെ വനവിസ്തൃതി വർദ്ധിപ്പിക്കുക (4) അഗ്രോഫോറസ്റ്ററിയും ഫാം ഫോറസ്റ്ററിയും (5) ചതുപ്പ് പ്രദേശങ്ങൾ പുനരുദ്ധരിക്കുക (6) ഇതര ഊർജ്ജ സ്രോതസ്സുകളെ പ്രചരിപ്പിക്കുക. 40 ശതമാനം സംസ്ഥാന വിഹിതമായി 978 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. 50 ശതമാനം കേന്ദ്ര പദ്ധതികൾ

(i) സംയോജിത വനസംരക്ഷണ പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 300.00 ലക്ഷം രൂപ)

തീയിൽ നിന്നുള്ള സംരക്ഷണം ഉൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ഉപകരണങ്ങളും വാഹനങ്ങളും വാങ്ങൽ, ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം മുതലായ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാർ ചുവടെ ചേർത്തിട്ടുള്ള 4 പുതിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി വിപുലപ്പെടുത്തിയിരിക്കുന്നു.

- കാവുകളുടെ സംരക്ഷണവും പരിപാലനവും
- അസാധാരണമായ സസ്യങ്ങളും അവ വളരുന്ന പ്രദേശങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും
- അധിനിവേശ വിദേശ കളകളെ നിയന്ത്രിക്കുകയും ഉൻമൂലനം ചെയ്യുകയും ചെയ്യൽ.
- മുളകൾ പൂക്കുകയും തുടർന്ന് നശിച്ചുപോകുന്ന അവസ്ഥയെ നേരിടുന്നതിന് മുളം കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള തയ്യാറെടുപ്പുകൾ.

50 ശതമാനം സംസ്ഥാന വിഹിതമായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ തുകയിൽ അഗസ്ത്യമല പദ്ധതിക്കുള്ള ടോക്കൺ വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്.

### 5. ഇക്കോ ടൂറിസം

(വിഹിതം: 820.00 ലക്ഷം രൂപ)

വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തുള്ള പ്രദേശങ്ങളിലും ചുറ്റുപാടുമുള്ള വനപ്രദേശങ്ങളിലും വനസംരക്ഷണ സമിതി പോലുള്ള വിവിധ ഗ്രൂപ്പുകളിൽ ഇക്കോ ടൂറിസത്തെക്കുറിച്ച് അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കുക, സന്ദർശകരുടെ സ്വാധീനം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ടൂറിസം പരിപാലിക്കുന്നതിനുള്ള പരിപാടികൾ എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടൂറിസം പദ്ധതി പരിസ്ഥിതി സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് അവലോകനങ്ങൾ നടത്തി ഉറപ്പാക്കേണ്ടതാണ്.

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി റേഞ്ചിൽ 15 വ്യത്യസ്തങ്ങളായ ഇനങ്ങൾ ഉള്ള ഒരു സംരക്ഷണ പാർക്ക്, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കാപ്രിക്കോട് ബയോളജിക്കൽ പാർക്ക്, ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനായി കോഴിക്കോട് ചാലിയത്തുള്ള കേന്ദ്രം, നെടുമ്പാശ്ശേരിക്കടുത്തുള്ള ജൈവ വൈവിദ്ധ്യ പ്ലാന്റായ സുവർണ്ണോദയം, കോന്നിയിലെ ആദിവാസി ഇക്കോ ടൂറിസം, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, കാപ്പാകോട് ആനപരിപാലനകേന്ദ്രം എന്നിവയുടെ പ്രവർത്തനത്തിനും വിഹിതം വിനിയോഗിക്കാവുന്നതാണ്. കൂടാതെ വന്യ മൃഗങ്ങൾ ധാരാളം ഉള്ള സ്ഥലങ്ങളിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും വിഭാവനം ചെയ്യുന്നു. സന്ദർശകർ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യത വർദ്ധിപ്പിക്കുക, വിശ്രമകേന്ദ്രങ്ങൾ സജ്ജമാക്കുക, തദ്ദേശവാസികളുടെയും വനസംരക്ഷണ സമിതികളുടെയും പങ്കാളിത്തത്തോടെ കൂടുതൽ പ്രദേശങ്ങൾ ഇക്കോ-ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനും, ടൂറിസം വകുപ്പിന്റെയും സ്വകാര്യ വ്യക്തികളുടെയും സഹായത്തോടുകൂടി ടൂറിസം പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നു. തദ്ദേശവാസികളുടേയും ജീവനക്കാരുടേയും ടൂറിസം രംഗത്തെ കഴിവ് വർദ്ധിപ്പിക്കുക, വനപൈതൃകസ്ഥലങ്ങൾ സംരക്ഷിക്കുക, ഇക്കോ/ടൂറിസം സെന്ററുകളെ ബന്ധിപ്പിക്കുന്ന ഇടറോഡുകൾ നവീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ള മറ്റു പ്രവർത്തനങ്ങൾ. തിരഞ്ഞെടുത്ത 10 സ്ഥലങ്ങളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ 2016-17-ൽ ലക്ഷ്യമിടുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്ടീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 6 മാനവശേഷി വികസനം

(വിഹിതം: 360.00 ലക്ഷം രൂപ)

വാളയാറിലും, അരിപ്പയിലും, പി. ടി. പി. നഗറിലും ഉള്ള പരിശീലന കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വനം വകുപ്പിലെ താഴെത്തട്ടിലെ ഉദ്യോഗസ്ഥരായ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ എന്നിവർക്ക് തുടർച്ചയായുള്ള പരിശീലന പരിപാടികൾ, വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സന്നദ്ധ

സംഘടനകൾക്കും മറ്റു വികസന ഏജൻസികൾക്കും അവ ബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. വനം വകുപ്പിലെ വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലനങ്ങൾ, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കായിക പരിശോധന പരിപാടികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പരിശീലന പരിപാടികളുടെ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ചെലവുകളും ഈ വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഭരണപരമായ ചെലവുകളും ഉദ്യോഗസ്ഥർക്കുള്ള ചെലവുകളും നോൺ പ്ലാൻ ഇനത്തിൽനിന്നും വഹിക്കേണ്ടതാണ്. ഓഡിയോവിഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനും വാഹനങ്ങളുടേയും കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പരിശീലനം നടത്തുന്ന ഫാക്കൽറ്റികൾക്ക് ഓണറേറിയം നൽകുന്നതിനും വകുപ്പിലെ ഉയർന്ന തസ്തികയിലുള്ള ഓഫീസർമാർക്ക് ഭരണപരമായ പരിശീലനം, ജൈവ വൈവിദ്ധ്യ സംരക്ഷണം, തടിയിതര വനവിഭവ ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള പ്രത്യേക പരിശീലന പരിപാടികൾക്കും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. നഗര വനവത്ക്കരണ പരിപാടികൾക്കുള്ള പരിശീലനവും നടത്തേണ്ടതാണ്. വാളയാർ, അരിപ്പ എന്നിവിടങ്ങളിലുള്ള ഫോറസ്റ്റ് സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തുകയുടെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്.

7. വിഭവ ആസൂത്രണവും ഗവേഷണവും

(വിഹിതം: 250.00 ലക്ഷം രൂപ)

ശാസ്ത്രീയമായ വനപരിപാലനത്തിനായി വനം വകുപ്പ് തയ്യാറാക്കുന്ന രേഖകളാണ് പ്രവർത്തന പദ്ധതിയും മാനേജ്മെന്റ് പദ്ധതിയും. പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഫീൽഡ് സർവ്വേ നടത്തേണ്ടതുണ്ട്. വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നു. സംസ്ഥാനത്ത് 25 ടെറിറ്റോറിയൽ ഡിവിഷനുകൾ ഉണ്ട്. ഏകദേശം ഏഴോളം പ്രവർത്തന പദ്ധതികളുടെ ഫീൽഡ് തലത്തിലുള്ള ജോലികൾ തുടർന്നു വരുന്നു. മറ്റ് 5 ഡിവിഷനുകളുടെ പ്രവർത്തനം ഏറ്റെടുത്ത് പൂർത്തികരിക്കേണ്ടതുണ്ട്. പ്രവർത്തന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ ഒരു ഭാഗം ധനകാര്യ കമ്മീഷൻ അവാർഡ് വിഹിതം വിനിയോഗിക്കാവുന്നതാണ്. കൺസൾട്ടൻസി ഏജൻസികൾ മുഖേന ഡേറ്റാ ശേഖരണം നടത്തുന്നതിനുള്ള ചെലവും പദ്ധതി തുകയിൽനിന്നും നൽകാവുന്നതാണ്.

സംസ്ഥാനത്ത് രണ്ട് ഗവേഷണ വിഭാഗങ്ങളിലായി 6 സിൽവികൾച്ചറൽ ഗവേഷണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും, പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. മെച്ചപ്പെട്ട ഉൽപ്പാദനത്തിനായി നല്ലയിനം വിത്തുകൾ നൽകേണ്ടത് ആവശ്യമാണ്. തേക്ക്, ചന്ദനം മുതലായ ഇനങ്ങളുടെ വിത്തുകൾക്കായി വിത്തുല്പാദന കേന്ദ്രങ്ങൾ സംസ്ഥാനത്ത് വികസിപ്പിച്ചിട്ടുണ്ട്. പ്രവർത്തന പദ്ധതി തയ്യാറാക്കൽ, ഗവേഷണ പദ്ധതികൾ, മുന്തിയ ഇനം വിത്തുൽപ്പാദനം തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

8. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും

(വിഹിതം : 150.00 ലക്ഷം രൂപ)

2016-17 വർഷത്തിൽ വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവരസാങ്കേതിക സംവിധാനവും നടപ്പിലാക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ—

- ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവത്ക്കരണം.
- ഇന്റർനെറ്റ് കണക്ഷനുകൾ ഉള്ള പുതിയ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, സോഫ്റ്റ് വെയറുകൾ എന്നിവ വാങ്ങുകയും നിലവിലുള്ള സോഫ്റ്റ് വെയർ പ്രോഗ്രാമുകളും ഭൗമ വിവര സാങ്കേതിക സംവിധാനത്തിന്റെ ഡേറ്റാ ബേസുകൾ മെച്ചപ്പെടുത്തൽ.
- വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ് വർക്ക് കണക്റ്റിവിറ്റി ഏർപ്പെടുത്തൽ.
- ഫോറസ്റ്റ് വകുപ്പ് നേരിട്ട് വാങ്ങിയിട്ടുള്ളതും മറ്റു പ്രോജക്ടുകൾ മുഖേന ലഭിച്ചിട്ടുള്ളതുമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ് നടത്തൽ.
- ഐ പാഡുകൾ വാങ്ങൽ.
- ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി വരുന്ന ചിലവുകൾക്ക്.
- എം-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി.
- വകുപ്പിൽ വയർലസ് സാങ്കേതിക വിദ്യ നടപ്പാക്കൽ.
- നിലവിലുള്ള പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻസിന്റെ (പി. ഡി. എ) അറ്റകുറ്റ പണികൾക്കായി.
- വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും സംബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം.
- എഫ്. എം. ഐ. എസ്., എം. എ. എസ്. മോഡ്യൂൾ, വെബ് സൈറ്റ്, വെബ് പോർട്ടൽസ് എന്നിവയുടെ വാർഷിക മെയിന്റനൻസ്.
- വകുപ്പിലെ ഓഫീസർമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് നൽകൽ.
- ഇലക്ട്രോണിക് ഘടകങ്ങളായ എം. എഫ്. പി. എസ്. ലേസർ പ്രിന്റർ, പ്രോജക്ടർ, ഫാക്സ് മിഷ്യൻ, ക്യാമറാ ട്രാപ്സ്, ബയണോക്കുലേഴ്സ്, സോളാർ ചാർജ്ജ് മുതലായവ വാങ്ങൽ.
- വകുപ്പിന്റെ നിലവിലുള്ള വർക്കിംഗ് പ്ലാനുമായി സംയോജിപ്പിച്ച് വന പരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും വികസിപ്പിക്കുന്നതിലേക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്ന മികച്ച ഒരു സ്ഥാപനം മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.
- ഫോറസ്റ്റ് വകുപ്പിന്റെ ആസ്ഥാനത്തും സർക്കിൾ ഓഫീസുകളിലും ഈ ഓഫീസ് സംവിധാനം ഏർപ്പെടുത്തൽ.

9. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി

(വിഹിതം: 1400.00 ലക്ഷം രൂപ)

മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്ത് വൃക്ഷ വിന്യാസം ഉണ്ടാകണമെന്ന് 1988-ലെ ദേശീയ വനനയം അനുശാസിക്കുന്നു. ഇത് സാക്ഷാത്കരിക്കുന്നതിന് വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ നടേണ്ടത് അത്യന്താപേക്ഷിതമാണ്. വീട്ടുവളപ്പിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പരിപാടി ജനങ്ങളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളായ എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ, ഹരിതതീരം സ്കൂൾ, കോളേജ് കാമ്പസുകൾ, പൊതുസ്ഥലങ്ങളായ റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദികൾ, അരുവികൾ, കനാലുകൾ എന്നിവയുടെ കരകളിലും സംസ്ഥാന /കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന പരിപാടി എന്നിവ 2016-17-ലും തുടർന്ന് നടപ്പിലാക്കുന്നതാണ്.

തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷതൈകൾ സ്വന്തം ഭൂമിയിൽ വെച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഒരു തൈയ്ക്ക് 20 രൂപ ക്രമത്തിൽ പ്രതിഫലം നൽകുന്ന പരിപാടി 2016-17-ലും തുടർന്ന് നടപ്പാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. ഈ പരിപാടി വന സംരക്ഷണ സമിതി, എക്കോ ഡവലപ്മെന്റ് കമ്മിറ്റി അല്ലെങ്കിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. വനസംരക്ഷണ പരിശ്രമത്തിനുള്ള പ്രോൽസാഹനം, മരങ്ങൾ നട്ടുവളർത്തുന്നവർക്കുള്ള പ്രോൽസാഹനം, സ്വാഭാവികമായ ആവാസ സ്ഥലങ്ങളിലെ കണ്ടൽക്കാടുകൾ ഏറ്റെടുക്കൽ, വനത്തിന് പുറത്തുള്ള ജൈവവൈവിദ്ധ്യ സംരക്ഷണ പരിപാടികൾ എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജീവജാലകങ്ങളുടെ സംരക്ഷണത്തിനായി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി റവന്യൂ പുറമ്പോക്കുകളിലും വനത്തിനു പുറത്തുള്ള പ്രദേശങ്ങളിലും മരങ്ങൾ വെച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയായ വനദീപ്തി എന്ന പരിപാടി കഴിഞ്ഞ വർഷം ആരംഭിക്കുകയുണ്ടായി. സർവ്വകലാശാലാ ക്യാമ്പസുകളിലും പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസര പ്രദേശങ്ങളിലും നടപ്പാക്കുന്ന സാമൂഹിക വനവത്കരണ പരിപാടി ശക്തിപ്പെടുത്തുന്നതിനുള്ള ചെലവും ഈ പദ്ധതിയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ പുതിയ പദ്ധതിയായ ''നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ'' പ്രോഗ്രം ആരംഭിക്കുന്നതിന് സഹായകമായി മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള ചെലവും ഈ വിഹിതത്തിൽനിന്നും വിനിയോഗിക്കാവുന്നതാണ്. സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം, നിലവിലുള്ളതും നശിച്ചുകൊണ്ടിരിക്കുന്നതുമായ പാർക്കുകളുടെ നവീകരണം, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ ചോലവനങ്ങൾ വച്ചുപിടിപ്പിക്കൽ, പ്രകൃതി ക്യാമ്പുകൾ സംഘടിപ്പിക്കൽ, നൂതന സാമൂഹിക വനവത്ക്കരണ പരിപാടികൾ നടപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കൽ, മുള തൈകൾ നടീൽ, ഫോറസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കൽ എന്നീ പുതിയ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

10. ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്

(വിഹിതം : 4200.00 ലക്ഷം രൂപ)

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് പ്രോജക്ടുകൾക്ക് 4200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശുപാർശയോടെ നബാർഡിന്റെ അംഗീകാരത്തിനായി നൽകേണ്ടതാണ്. ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സ് സ്ഥാപിക്കുക. ഉൾവനത്തിൽ ക്യാമ്പ് സ്റ്റേഷനുകൾ നിർമ്മിക്കുക മുതലായവ 2016-17 വിഭാവനം ചെയ്യുന്നു.

11. മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ

(വിഹിതം : 757.00 ലക്ഷം രൂപ)

വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും വിളകൾക്കും വന്യമൃഗങ്ങളിൽ നിന്നും നാശമുണ്ടാകുന്ന ഒരു അവസ്ഥ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. വന്യമൃഗങ്ങൾ പ്രത്യേകിച്ചും ആനകൾ, കാട്ടുപന്നികൾ, കടുവകൾ, കരടികൾ, വിഷപാമ്പുകൾ എന്നിവ തുടർച്ചയായി മനുഷ്യജീവനും വിളകൾക്കും ഭീക്ഷണിയാവുന്നു. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ പരിപാടിയിൽ ഏറ്റെടുക്കുന്നതാണ്. വനത്തിനുള്ളിലുള്ള സെറ്റിൽമെന്റുകളിലെ താമസക്കാർ സ്വമേധയാ മാറി താമസിക്കുകയോ പുനരധിവസിപ്പിക്കുകയോ ചെയ്യുക, വിളകൾക്ക് നാശവും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് ജീവഹാനിയും സംഭവിക്കുന്നവർക്ക് ഉടൻതന്നെ നഷ്ടപരിഹാരം നൽകുക, സ്വാഭാവികമായ ആവാസ സ്ഥലങ്ങളിലെ ജലസ്രോതസ് സംരക്ഷിച്ച് പരിപാലിക്കുക, വന്യമൃഗങ്ങൾക്ക് ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും തീറ്റയും ഏർപ്പെടുത്തി ഇവ വനത്തിന് പുറത്തേക്ക് പോകുന്നത് തടയുക,

വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായ സ്ഥലങ്ങളിൽ തീവ്ര പ്രതികരണ യൂണിറ്റുകളുടെ ഇടപെടൽ ശക്ത മാക്കുക എന്നിവയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ ഘടകങ്ങൾ. വന്യമൃഗങ്ങൾക്ക് യഥേഷ്ടം വിഹരിക്കുന്ന തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വനങ്ങളിൽ നിന്നും ആനകൾ മനുഷ്യവാസ സ്ഥലങ്ങളിലേക്കും റോഡു കളിലേക്കും പ്രവേശിക്കാതിരിക്കാനുള്ള ആനകിടങ്ങുകളും മറ്റും നിർമ്മിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം ഇതിനായി രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരമുള്ള വർദ്ധിപ്പിച്ച തുകയായിരിക്കണം.

12 തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും

(വിഹിതം: 1200.00 ലക്ഷം രൂപ)

നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളേയും മൃഗങ്ങളേയും ആവശ്യമായ സ്ഥല സൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷി-മൃഗാദികളെ പ്രത്യേകമായി വളർത്തി പരിപാലിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ഒരു സെന്റർ കൂടി യാണ് ഇത്. ഇതനുസരിച്ച് വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് ഒരു സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനും ഇവിടെ 70-ൽപരം വിവിധ ഇനത്തിലുള്ള പക്ഷികളേയും മൃഗങ്ങളേയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ വളർത്തുന്നതിനും പ്രദർശിപ്പിക്കുന്നതി ലേക്കുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2012-13 വർഷം വനം വകുപ്പ് സമർപ്പിച്ച പ്രസ്തുത മാസ്റ്റർ പ്ലാൻ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും 2406-01-101-48 സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന ഒരു പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിക്കുക യുണ്ടായി. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് ഏകദേശം പൂർത്തീകരിച്ചുവരുന്നു. 2016-17-ൽ 1200 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു. ഇതിൽ 800 ലക്ഷം രൂപ നബാഡ് ആർ. ഐ. ഡി. എഫ്. വിഹിതമാണ്.

## 1.7 കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ മുതൽമുടക്ക്

1. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്—കടപ്പത്രങ്ങൾ വാങ്ങൽ

(വിഹിതം 50.00 ലക്ഷം രൂപ)

വിവിധതരം വികസന പരിപാടികൾക്ക് കടപ്പത്രം വാങ്ങുന്നതിന് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിനുള്ള സഹായത്തിനായി വിഹിതം വകയിരുത്തിയിരിക്കുന്നു.

## 1.8 വിപണനം, സംഭരണം, സൂക്ഷിക്കലും വിതരണവും

2016-17 വാർഷിക പദ്ധതിയിൽ കാർഷിക വിപണനം, ഗുണനിലവാരം നിർണ്ണയിക്കൽ, കർഷക ക്ഷേമം തുടങ്ങിയ 5 കാർഷിക പരിപാടികൾക്കായി 47.25 കോടി രൂപ വകയിരുത്തി യിരിക്കുന്നു. മൊത്തം വിഹിതത്തിൽ 42 കോടി രൂപയാണ് വിപണനവും ഗുണനിലവാര നിയന്ത്രണവുമായി ബന്ധപ്പെട്ടിട്ടുള്ള 3 പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുന്നത്.

കാർഷിക വിപണനവും ഗുണനിലവാരം നിർണ്ണയിക്കലും

കാർഷിക സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഫലപ്രദമായ വിപണന സൗകര്യം അത്യന്താപേക്ഷിതമാണ്. മാറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ചെറുകിട-ഇടത്തരം കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ വിപണന സൗകര്യത്തിന്റെ ആവശ്യകത വ്യത്യസ്തമാണ്. പ്രത്യേകിച്ചും സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ എന്നിവയുടെ കേരളത്തിൽ നിന്നുള്ള കയറ്റുമതിയും കേരളത്തിലേക്കുള്ള ഇറക്കുമതിയും നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ വ്യാപാര ഉദാരവൽക്കരണത്തിൽ നിന്നും ഉരുത്തിരിയുന്ന അന്താരാഷ്ട്ര മാർക്കറ്റിൽ കേരള കാർഷിക മേഖലയുടെ ചലനം പ്രത്യേകം പഠന വിധേയമാക്കേണ്ടതുണ്ട്.

**കാർഷിക വിപണനവും ഗുണനിലവാരവും എന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയ പരിപാടികൾ**

വിപണനത്തിനും വിപണി വികസനത്തിനുമുള്ള റിസ്ക് മാനേജ്മെന്റ്

കാർഷികോൽപ്പന്നങ്ങളുടെ പെട്ടെന്ന് മാറുന്ന വില നിലവാരം കാർഷിക വിപണിയുടെ ഒരു പ്രധാന ഘടകമാണ്. ലോക വ്യാപാര സംഘടനയുടെ ആവിർഭാവത്തിന് ശേഷം കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം പെട്ടെന്ന് മാറിക്കൊണ്ടിരിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യവും ഇതിനൊരു കാരണമായിട്ടുണ്ട്. വിപണിയിലെ ഈ വ്യതിയാനം ഉൽഭവിക്കുന്നത് വിപണിയിലെ സ്റ്റോക്കിൽ നിന്നാണ്. വില കുറഞ്ഞ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്ന മേഖലാ വാണിജ്യ കരാറുകൾ വിപണിയുടെ തകർച്ചയ്ക്ക് കൂടുതൽ കാരണമായി. 12-ാം പദ്ധതിയിൽ സംസ്ഥാന മൊട്ടാകെയുള്ള വിവിധയിനം കൃഷി ഉത്പന്ന വിപണനത്തിന് സമഗ്ര പദ്ധതികൾ കൂടുതലായി നടപ്പിലാക്കേണ്ടതുണ്ട്. 2016-17-ൽ ഇതിനായി 30 കോടി രൂപ വകയിരുത്തുന്നു.

1. വിപണി വികസനം ശക്തിപ്പെടുത്തൽ

(വിഹിതം : 3000.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ഉൽപ്പാദകരും കച്ചവടക്കാരും തമ്മിൽ ശക്തമായ ബന്ധം നിലവിലില്ല. വിപണിയിലെ അടിസ്ഥാന സൗകര്യത്തിന്റേയും, മാർക്കറ്റ് ഇന്റലിജൻസിന്റേയും സ്ഥാപനവത്ക്കരണ സഹായവും മെച്ചപ്പെടുത്തേണ്ടതുണ്ട്. പന്ത്രണ്ടാം പദ്ധതിയിൽ വിതരണ വിപണന ശൃംഖല സ്ഥാപിക്കുന്നതിനും അനുബന്ധമായിട്ടുള്ള അടിസ്ഥാന

സൗകര്യങ്ങളായ ഗോഡൗണുകൾ, ചെലവുകുറഞ്ഞ സംഭരണശാലകൾ, ശീതീകരണ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വി. എഫ്. പി. സി. കെ. മുഖേനയുള്ള പഴം-പച്ചക്കറി വിപണി പ്രോത്സാഹിപ്പിക്കുക, വിപണന ഇടപെടൽ ഫണ്ട് എന്നിവയ്ക്ക് വിഹിതമായി 2016-17-ൽ 3000 ലക്ഷം രൂപ വകയിരുത്തുന്നു. മാർക്കറ്റ് അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി ബ്ലോക്കുതലത്തിലും ജില്ലാ തലത്തിലുമുള്ള മാർക്കറ്റുകൾക്കുവേണ്ട സഹായം നൽകുന്നതാണ്.

തെരഞ്ഞെടുത്ത കാർഷിക ഉൽപന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനും കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വേണ്ടി വിളവെടുപ്പു കാലങ്ങളിൽ നിയുക്ത ഏജൻസികൾവഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തേണ്ടതാണ്. ഗവൺമെന്റിന്റെ നിബന്ധനകൾക്കനുസൃതമായി സംഭരണം നടത്തുന്നതിനും അതിന്റെ ചെലവുകൾക്കും വേണ്ടി സംഭരണ ഏജൻസികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ഈ തുക വിനിയോഗിക്കാവുന്നതാണ്. ഉത്സവ കാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനും പച്ചത്തേങ്ങ സംഭരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്. 2016-17-ൽ ഉൽപന്ന വിപണന രംഗത്തിലേക്കുള്ള ശക്തമായ ഇടപെടലിന് വകയിരുത്തിയ തുക ഉത്തേജകമായി വർത്തിക്കുന്നതാണ്. വകയിരുത്തിയിട്ടുള്ള 3000.00 ലക്ഷം രൂപയിൽ 1500.00 ലക്ഷം രൂപയാണ് വിപണന ഇടപെടൽ ഫണ്ടായി മാറ്റിവച്ചിരിക്കുന്നത്. ഇതിനുപുറമെ 30.00 ലക്ഷം രൂപ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനത്തിനും മാറ്റി വെച്ചിട്ടുണ്ട്. വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ശീതീകരണ സംഭരണ സംവിധാനങ്ങൾക്കുമായി 500.00 ലക്ഷം രൂപയും 2016-17 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു. ഹോർട്ടികോർപ്പിന്റെ നിലവിലുള്ള റീട്ടെയിൽ ഷോപ്പുകൾ ജൈവ പച്ചക്കറികളും പഴങ്ങളും വിപണനം നടത്തുന്നതിനായി ആധുനീകരിക്കുന്നതിനായി 50.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പഴങ്ങളുടെയും പച്ചക്കറികളുടെയും വില വ്യതിയാനം അനുസരിച്ച് വില നിലവാരം സ്ഥിരപ്പെടുത്തുന്നതിന് വിപണിയിൽ ഇടപെടുന്നതിനായി ഹോർട്ടികോർപ്പിന് 500.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. കാര്യമായ വില വ്യതിയാനം ഉണ്ടാകുമ്പോൾ പച്ചക്കറി വികസന പരിപാടിയിൻ കീഴിൽ പ്രോത്സാഹനം നൽകുന്ന ക്ലസ്റ്ററുകളിൽ നിന്നും സംഭരിക്കുന്നതിന് മാത്രമായിട്ടാണ് വിപണിയിൽ ഇടപെടുന്നതിനുള്ള സഹായം ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുള്ളത്. അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം തുക അനുവദിക്കുന്നത്. വി. എഫ്. പി. സി. കെ. മുഖേനയുള്ള പഴം പച്ചക്കറി വിപണി പ്രോൽസാഹിപ്പിക്കുന്നതിനായി 700.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 175.00 ലക്ഷം രൂപ അഗ്രോ ബസാറുകളുടെ വിപണന ശൃംഖല വികസിപ്പിക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ് പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി തുക താഴെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | വി.എഫ്.പി.സി.കെ.-യുടെ വിപണിവികസനം | 700 |
| 2 | അഗ്മാർക്ക് നെറ്റിനും വിപണി വിവര ശേഖരണത്തിനും | 40 |
| 3 | വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന് | 1500 |
| 4 | പ്രൈസസ് ബോർഡ് | 30 |
| 5 | വിപണിയുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ | 500 |
| 6 | ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം | 25 |
| 7 | പ്രവർത്തന സഹായം | 30 |
| 8 | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുള്ള സഹായം-അഗ്രോ ബസാറുകളുടെ വിപണന ശൃംഖല വികസനം | 175 |
| | ആകെ | 3000 |

2. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (RIDF)

(വിഹിതം : 700.00 ലക്ഷം രൂപ)

ആർ. ഐ. ഡി. എഫ്-നു കീഴിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് വിഹിതം. വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം നബാർഡിൽ നിന്നുള്ള ആർ. ഐ. ഡി. എഫ്. വിഹിതം ഉപയോഗിക്കാവുന്നതാണ്.

3. മൂല്യവർദ്ധനവ്

(വിഹിതം : 500.00 ലക്ഷം രൂപ)

കേരള സമ്പദ്‌വ്യവസ്ഥയിൽ ഉദിച്ച് വരുന്ന രണ്ട് പുതിയ മേഖലകൾ ആണ് മൂല്യ വർദ്ധനവും അഗ്രോ പ്രോസ്സസിംഗും. പ്രത്യേകിച്ചും, വരുമാന വർദ്ധനവിലും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിലും മേൽ പറഞ്ഞ മേഖലകൾ ഉണ്ടാക്കാവുന്ന സാമൂഹിക സാമ്പത്തിക ചലനങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിൽ മൂല്യവർദ്ധന മേഖലയ്ക്ക് വൻവളർച്ചയ്ക്കുള്ള സാഹചര്യം ഉണ്ടെങ്കിലും ആവശ്യമായ സംരംഭങ്ങളുടെ എണ്ണത്തിലുള്ള അപര്യാപ്തത സംസ്ഥാനത്ത് നിലവിലുണ്ട്. മൂല്യവർദ്ധനവ് ശക്തിപ്പെടുത്തുന്നതിന് വേണ്ടി 2016-17-ൽ മൂല്യവർദ്ധന പ്രോജക്ടുകൾക്ക് 265 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 200.00 ലക്ഷം രൂപ

പച്ചക്കറികളുടെ മൂല്യവർദ്ധനവ് പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിലൂടെ 2015-2016-ൽ ആരംഭിച്ചിട്ടുള്ള പദ്ധതി തുടരുന്നതിനായി നീക്കി വെച്ചിരിക്കുന്നു. പ്രോജക്ട് അധിഷ്ഠിത സഹായവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ പ്രവർത്തന ചെലവിനായി 25 ലക്ഷം രൂപയും ബോധവത്ക്കരണ പരിപാടികൾക്കും വിവര സഹായങ്ങൾക്കുമായി 10.00 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷിവകുപ്പ് മുഖേന നീര പ്രോജക്ട് നടപ്പിലാക്കുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലനവും, മെഷീനുകൾ വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനുള്ള സഹായവും ഇതിൽ ഉൾപ്പെടുന്നു.

മിൽമയും എൻ. ഐ. ഐ. എസ്. റ്റി.-യും ആരംഭിച്ചിട്ടുള്ള ജിഞ്ചർ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തിനും ഏകോപനത്തിനും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മേൽനോട്ടം വഹിക്കേണ്ടതാണ്. കൂടാതെ വയനാട് ജില്ലയിൽ മലബാർ മിൽക് യൂണിയൻ മുഖേന പച്ചക്കറികളുടെ വിപണനത്തിനായുള്ള പദ്ധതികൾക്കും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മേൽനോട്ടം വഹിക്കേണ്ടതാണ്. എൻ. ഐ. ഐ. എസ്. റ്റി.-യും സി. റ്റി. സി. ആർ. ഐ-യും സ്ഥാപിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററുകൾ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്കായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിന് വിനിയോഗിക്കാവുന്നതാണ്.

ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി തുക താഴെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | മൂല്യവർദ്ധന പ്രോജക്ടുകൾക്ക് സഹായം | 265 |
| 2 | സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിനുള്ള സഹായം | 25 |
| 3 | ബോധവൽക്കരണം നൽകുന്നതിനും വിവരശേഖരണം ലഭ്യമാക്കുന്നതിനും മറ്റു സൗകര്യങ്ങൾ എസ്. എഫ്. എ. സി യ്ക്ക് ലഭ്യമാക്കുന്നതിനും | 10 |
| 4 | നീര പ്രോസസ്സിംഗ് | 200 |
| | ആകെ | 500 |

**1.8.2 മറ്റു പരിപാടികൾ**

മറ്റു കാർഷിക പരിപാടികളുടെ കീഴിൽ 2016-17 വർഷത്തിൽ 2 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 5.25 കോടി രൂപയാണ് മൊത്തം വിഹിതമായി വകയിരുത്തിയിരിക്കുന്നത്.

1. കർഷക ക്ഷേമനിധി ബോർഡ്

(വിഹിതം : 25.00 ലക്ഷം രൂപ)

കൃഷിക്കാരുടെ ഉന്നമനത്തിനായുള്ള ഒരു ക്ഷേമനിധി ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷൻ പദ്ധതികളും മറ്റു ക്ഷേമ പരിപാടികളും ബോർഡിലൂടെ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. 2016-17-ൽ ക്ഷേമനിധി ബോർഡിന്റെ വികസനത്തിനായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. സംസ്ഥാനാവിഷ്കൃത പദ്ധതി (പുതിയത്)

(വിഹിതം : 500.00 ലക്ഷം രൂപ)

സംസ്ഥാനത്തെ കാർഷികമേഖലയിലെ വിപണികളുടെ വികസനത്തിനും, സംഭരണശാലകൾ, ബയോ ഇൻപുട്ട് സെന്ററുകൾ, കാർഷിക സേവനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം, പ്ലാന്റ് ക്ലീനിക്കുകൾ എന്നിവ കൂടുതൽ വികസിപ്പിക്കുന്നതിനായി 5 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകൾക്കുള്ള പദ്ധതി അധിഷ്ഠിത സഹായമായി 60 ശതമാനം സംസ്ഥാന വിഹിതമായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്.

**1.8.3 സംഭരണവും സൂക്ഷിക്കലും**

**1.** കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ഓഹരി മൂലധനം

(വിഹിതം : 50.00 ലക്ഷം രൂപ)

കേന്ദ്ര വെയർ ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഓഹരി മൂലധനത്തിന് തുല്യമായ സംസ്ഥാന സർക്കാരിന്റെ വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു.

# II. ഗ്രാമ വികസനം

2016–17–ൽ ഗ്രാമവികസന മേഖലയ്ക്കായി 84476.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 39965.00 ലക്ഷം രൂപ ഗ്രാമ വികസനത്തിനും 44511.00 ലക്ഷം രൂപ സാമൂഹ്യ വികസനത്തിനും പഞ്ചായത്തിനുമുള്ള വിഹിതവുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഗ്രാമവികസനത്തിൽ നിന്ന് പ്രത്യേക ഘടകപദ്ധതിക്കും പട്ടികവർഗ്ഗ ഉപപദ്ധതിക്കും വിഹിതമായി യഥാക്രമം 5820.00 ലക്ഷം രൂപയും 2869.36 ലക്ഷം രൂപയും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് വകയിരുത്തിയിരിക്കുന്നു.

## 2.1 ഗ്രാമവികസന പരിപാടികൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (10 % സംസ്ഥാന വിഹിതം)

(വിഹിതം: 5000.00 ലക്ഷം രൂപ)

ഇന്ത്യാ ഗവൺമെന്റിന്റെ ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 90:10 എന്ന അനുപാതത്തിൽ വിഹിതം വകയിരുത്തിയിരിക്കുന്നു. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയുടെ 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും ഭരണ ചെലവിന്റെ 100 ശതമാനവും ഭാരത സർക്കാരും മെറ്റീരിയൽ വിലയുടെ 25 ശതമാനം സംസ്ഥാന സർക്കാരും കണ്ടെത്തുന്നു. 2005–ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതം ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഈ നിയമപ്രകാരം അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർ അവരുടെ പേര് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ കുറഞ്ഞ കാർഷിക വേതന നിരക്കിൽ സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പാക്കൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളിലൊന്നാണ്.

**ലക്ഷ്യം**

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

(എ) അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ഉറപ്പ് നൽകുന്നതിലൂടെ ഗുണനിലവാരവും ഈടുമുള്ള ഉൽപ്പാദനപരമായ ആസ്തി സൃഷ്ടിക്കൽ.

(ബി) പാവപ്പെട്ടവരുടെ ഉപജീവന മാർഗ്ഗങ്ങളെ ശക്തിപ്പെടുത്തുക

(സി) സാമൂഹിക അംഗീകാരം ഉറപ്പുവരുത്തുക

(ഡി) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

**2016–17–ലെ ഭൗതിക ലക്ഷ്യം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പരിപാടിയുടെ മാർഗ്ഗരേഖയ്ക്കു വിധേയമായി ആവശ്യാനുസൃതം കേന്ദ്ര വിഹിതം അനുവദിക്കുന്ന ഈ പരിപാടിയുടെ 2016–17 സാമ്പത്തിക വർഷത്തെ ഭൗതികലക്ഷ്യം കൃത്യമായും കണക്കാക്കാനാവില്ല. എന്നാൽ ഏകദേശം 500 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലൂടെ 8.33 ലക്ഷം കുടുംബങ്ങൾക്ക് 2016–17 സാമ്പത്തിക വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വനിതാ ഘടകം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1/3 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തതും തൊഴിലിന് അപേക്ഷിച്ചതുമായ വനിതകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കേരളത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു.

2016–17–ൽ ഈ പദ്ധതിക്കായി 5000.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗവേഷണവും പഠനവും (പുതിയ പരിപാടി)

(വിഹിതം: 50.00 ലക്ഷം രൂപ)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ട് പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിൽ സാമൂഹ്യനീതിയും, തൊഴിലിലെ മാന്യതയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ, വ്യക്തിഗതവും സാമൂഹ്യവുമായി സൃഷ്ടിച്ച ആസ്തികളുടെ ഉത്പാദന ക്ഷമത, നിലനിൽപ്പ് എന്നീ വിഷയങ്ങളെപ്പറ്റി പഠനവും ഗവേഷണവും നടത്തുന്നതിനായി ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2016–17–ൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. എല്ലാവർക്കും വീട് (ഗ്രാമീൺ) ഐ. എ. വൈ. ഭവന പദ്ധതിക്കായി സംസ്ഥാനത്തിന്റെ അധിക ധനസഹായം (പുതിയ പരിപാടി)

(വിഹിതം: 100.00 ലക്ഷം രൂപ)

ഐ. എ. വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക വാസയോഗ്യമായ വീട് നിർമ്മാണത്തിന് അപര്യാപ്തമാണ്. സംസ്ഥാന സർക്കാർ വീട് ഒന്നിന് പട്ടികവർഗ്ഗ വിഭാഗത്തിന് 3.5 ലക്ഷം രൂപ, പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപ, ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപ എന്നീ നിരക്കിൽ ഉയർത്തിയിട്ടുണ്ട്. ഐ. എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പുതിയതും മുൻകാലങ്ങളിൽ അനുവദിച്ച് പണി പൂർത്തീകരിക്കാത്തതുമായ ഭവനങ്ങൾക്കായി അധിക ധനസഹായം നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030–മായി ബന്ധപ്പെട്ടിരിക്കുന്നു.

2016–17–ൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. മൾബറി കൃഷി വികസന പ്രോജക്ട് (50% സംസ്ഥാന വിഹിതം)

(വിഹിതം: 1.00 ലക്ഷം രൂപ)

ഗ്രാമീണ മേഖലയിൽ മൾബറി വച്ചുപിടിപ്പിക്കൽ, കൊക്കൂൺ ഉത്പാദനം, സിൽക്ക് നെയ്ത്ത് വസ്ത്ര നിർമ്മാണം എന്നിവയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. മൾബറി കൃഷിയിലൂടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം, പട്ടുനൂൽപ്പുഴു വളർത്തൽ എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ. 2016-17-ൽ പദ്ധതിക്കായി 1.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. കൂടുതലായി വേണ്ടി വരുന്ന തുക എം. ജി. എൻ. ആർ. ഇ. ജി. എസ്., ആർ. കെ. വി. വൈ., പി.എം.കെ.എസ്.വൈ. എന്നീ പദ്ധതികളിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കണ്ടെത്തേണ്ടതാണ്.

5. പ്രധാന മന്ത്രി ഗ്രാമ സഡക് യോജന (പി. എം. ജി. എസ്. വൈ.) (25% സംസ്ഥാന വിഹിതം)

(വിഹിതം: 7000.00 ലക്ഷം രൂപ)

ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമീണ ആവാസ കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും ചെറുത്തു നില്ക്കാൻ ശേഷിയും ഉന്നത ഗുണനിലവാരത്തിലുള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് പി.എം.ജി.എസ്.വൈ. പദ്ധതി ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാന നോഡൽ ഏജൻസി. പി.എം.ജി.എസ്.വൈ. പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വിഹിതം യഥാർത്ഥ എസ്റ്റിമേറ്റ് ചെലവിന് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളു. 2014-15 വരെ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഹിതം കെ. എസ്. ആർ. ആർ. ഡി.എ.-യ്ക്ക് നേരിട്ട് കൈമാറിയിരുന്നു. 2015-16 വരെ പി. എം. ജി. എസ്. വൈ. I 100% കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതി ആയിരുന്നു. പി. എം. ജി. എസ്. വൈ.-II-ന്റെ വിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിയിരിക്കുന്നു.

2016-17-ൽ ഈ പദ്ധതിക്കായി 7000.00 ലക്ഷം രൂപ 25 % സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

6. പി.എം.ജി.എസ്.വൈ.-യ്ക്കുവേണ്ടി സംസ്ഥാന സഹായം

(വിഹിതം: 10000.00 ലക്ഷം രൂപ)

പി.എം.ജി.എസ്.വൈ. പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വിഹിതം യഥാർത്ഥ എസ്റ്റിമേറ്റ് ചെലവിന് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. 2014-15 വരെ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഹിതം കെ. എസ്. ആർ. ആർ. ഡി. എ.-യ്ക്ക് നേരിട്ട് കൈമാറിയിരുന്നു. നിലവിലുള്ള നിയമം അനുസരിച്ച് ടെന്റർ അധിക തുക, സാധനസാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, റോഡ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഈ ഫണ്ട് വിനിയോഗിക്കുവാൻ പാടില്ല. ഈ സാഹചര്യത്തിൽ പി. എം. ജി.എസ്. വൈ. ക്കുള്ള സംസ്ഥാന വിഹിതത്തിനുപുറമെ മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ഘടകങ്ങൾക്കുവേണ്ടിയുള്ള ചെലവിനായി 2016-17 സാമ്പത്തിക വർഷം 10000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

2016-17 സാമ്പത്തികവർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യം 1000 കിലോമീറ്റർ ആയിരിക്കുമെന്ന് കണക്കാക്കുന്നു.

സാമ്പത്തിക ഭൗതിക ലക്ഷ്യങ്ങൾ 2016-17

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *സംസ്ഥാന വിഹിതം (രൂപ ലക്ഷത്തിൽ)* | *ഭൗതിക ലക്ഷ്യം* |
|---|---|---|---|
| 1 | എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ വരുന്ന ദർഘാസ് പ്രീമിയം | 7500 | |
| 2 | സാധന സാമഗ്രികൾ മാറ്റി സ്ഥാപിക്കൽ | 1000 | 1000 കി.മീ. |
| 3 | റോഡുകളുടെ അറ്റകുറ്റപ്പണി കൾക്കായുള്ള തുക | 1500 | |
| | ആകെ | 10000 | |

7. പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണം

(വിഹിതം: 300.00 ലക്ഷം രൂപ)

കാളികാവ് (മലപ്പുറം), പനമരം (വയനാട്) കല്യാശ്ശേരി, പാനൂർ (കണ്ണൂർ) പരപ്പ, കാറടുക്ക (കാസർഗോഡ്) എന്നിങ്ങനെ പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണത്തിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. 2016-17-ൽ പദ്ധതിയുടെ നടത്തിപ്പിനായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. സ്വരാജ് ഭവൻ സജ്ജീകരിക്കൽ

(വിഹിതം: 150.00 ലക്ഷം രൂപ)

സ്വരാജ് ഭവനിലെ കോൺഫറൻസ് ഹാളുകൾ ആധുനിക സൗകര്യങ്ങളോടുകൂടി സജ്ജീകരിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മറ്റ് ചെലവുകളായ പതിവ് പരിപാലനത്തിനുള്ള ചെലവുകൾ, ദൈനംദിന ചെലവുകളായ ലിഫ്റ്റിന്റെ പ്രവർത്തനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിട നികുതി, ദിവസ വേതന ജോലിക്കാർക്കുള്ള ശമ്പളം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. 2016-17 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ**

തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന എല്ലാവർക്കും വീട് (ഗ്രാമീൺ)- ഇന്ദിരാ ആവാസ് യോജന (ഐ. എ. വൈ.), ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ. ആർ. എൽ. എം.), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന-ഡി. ഡി. യു. ജി. കെ. വൈ. (ആജീവിക നൈപുണ്യ വികസന പദ്ധതി), ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവുകൾ (ഡി.ആർ.ഡി.എ.) നബാർഡ് സഹായത്തോടെയുള്ള ആർ. ഐ. ഡി. എഫ്. എന്നീ പ്രോജക്ടുകൾക്കായി 17364.00 ലക്ഷം രൂപ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അതിൽ 5000.00 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 10464.00 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്കും 1900.00 ലക്ഷം രൂപ ജില്ലാ പഞ്ചായത്തുകൾക്കുമായി വകയിരുത്തിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) | | | |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ആകെ |
| 1 | എല്ലാവർക്കും വീട് (ഗ്രാമീൺ) ഐ. എ. വൈ. | .. | 9464.00 | | 9464.00 |
| 2 | ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.) | | | | |
| | ദീൻ ദയാൽ ഉപദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന (ആജീവിക നൈപുണ്യ വികസന പദ്ധതി) | 4000.00 | .. | .. | 4000.00 |
| 3 | ഡി.ആർ.ഡി.എ.യുടെ ഭരണ നിർവ്വഹണം | .. | .. | 400.00 | 400.00 |
| 4 | നബാർഡ് സഹായ ത്തോടെയുള്ള ആർ.ഐ.ഡി.എഫ്. | 1000.00 | 1000.00 | 1500.00 | 3500.00 |
| | ആകെ | 5000.00 | 10464.00 | 1900.00 | 17364.00 |

ഈ നാല് പദ്ധതികളുടെ വിഹിതമായ 17364.00 ലക്ഷം രൂപയുടെ വിശദാംശങ്ങൾ 2016-17-ലെ ബഡ്ജറ്റ് അനുബന്ധം IV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

1. സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്. ഐ. ആർ. ഡി.) (50% സംസ്ഥാന വിഹിതം)

(വിഹിതം : 100.00 ലക്ഷം രൂപ)

ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന പരിശീലന ഗവേഷണ സ്ഥാപനമായ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.) ഗ്രാമവികസന പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയിൽ ഉദ്യോഗസ്ഥർ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, സന്നദ്ധ സംഘടനകളിലെ പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകുന്നു. പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നത് 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് സഹായവും ജില്ലാ ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തലും' എന്ന ശീർഷകത്തിൽ നിന്നാണ്.

2016-17-ൽ 100.00 ലക്ഷം രൂപ 50% സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

2. ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ

(വിഹിതം : 40.00 ലക്ഷം രൂപ)

ബ്ലോക്ക് ഓഫീസുകളിൽ ലഭ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് അവ പഞ്ചായത്തുകളുടെയും ബ്ലോക്കുകളുടെയും ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ തരത്തിൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവയെ ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റി ലഭ്യമാക്കുന്നതിനുമായാണ് ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നത് ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളാണ്. ഓൺലൈൻവഴി വിവരങ്ങൾ കൈമാറുന്നതിനും വിവരങ്ങൾ നവീകരിക്കുന്നതിനും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളെ ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റുന്നതിനും ഇത് സഹായിക്കുന്നു. ഗ്രാമവികസന ഏജൻസി/ കളക്ടറേറ്റ്, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ്, റൂറൽ ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ് എന്നിവയെ തമ്മിൽ ബന്ധിപ്പിക്കാൻ ഇത്തരത്തിലുള്ള ഓൺലൈൻ ഡാറ്റാ എൻട്രി ഓപ്പറേഷൻ സഹായിക്കുന്നു.

2016-17-ലെ ഇനം തിരിച്ചുള്ള പദ്ധതി വിഹിതം

| ക്രമ നമ്പർ | ഘടകങ്ങൾ | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 1 | ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളെ ശക്തിപ്പെടുത്തൽ/പരിപാലിക്കൽ, വിവര വിദ്യാഭ്യാസ വിനിമയ (ഐ. ഇ. സി.) പ്രവർത്തനങ്ങൾ | 30.00 |
| 2 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, നെറ്റ്വർക്കിംഗ് സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്, എൽ. സി. ഡി. പ്രൊജക്ടർ, ആന്റീവൈറസ് സോഫ്റ്റ് വെയർ, റൂറൽ ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ്, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ്, എന്നിവിടങ്ങളിൽ ഇ-ഓഫീസ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക പരിപാലന കരാർ, ഇ-ഗവേൺസ് ശക്തിപ്പെടുത്തലും ഫലപ്രദമായ മോണിറ്ററിംഗും, വിവര ശേഖരണവും വിവരങ്ങളുടെ മെച്ചപ്പെടുത്തലും | 10.00 |
| | ആകെ | 40.00 |

2016-17-ൽ 40.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

3. കുടുംബശ്രീ

(വിഹിതം : 13000.00 ലക്ഷം രൂപ)

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കായുള്ള സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ആവശ്യാധിഷ്ഠിതമായി നിലവിലുള്ള എല്ലാ സേവനങ്ങളേയും വിഭവങ്ങളേയും കോർത്തിണക്കിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദാരിദ്ര്യത്തിന്റെ വിവിധ വശങ്ങളും ലക്ഷണങ്ങളും കണ്ടെത്തി സമഗ്രമായി പരിഹരിക്കുക എന്ന സമീപനമാണ് മിഷൻ സ്വീകരിച്ചിരിക്കുന്നത്. സാമൂഹ്യ വികസനം, ബാങ്കിംഗ്, ഉപജീവനം, സ്ത്രീശാക്തീകരണം എന്നീ മേഖലകൾക്കാണ് കുടുംബശ്രീ പ്രത്യേകം ഊന്നൽ നൽകുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

**ഊന്നൽ നൽകുന്ന മേഖലകൾ**

- സാമൂഹ്യവികസന പ്രവർത്തനങ്ങൾ
- ആശ്രയ
- ബഡ്സ് സ്കൂൾ
- ബാലസഭകൾ, ബാലപഞ്ചായത്തുകൾ
- കുട്ടികളുടെ കായിക ആരോഗ്യ പരിപാടി ശക്തിപ്പെടുത്തൽ
- പ്രത്യേക തീരദേശ പരിപാടി
- സൂക്ഷ്മ സംരംഭം
- സൂക്ഷ്മ സംരംഭങ്ങൾക്കുള്ള പ്രവർത്തനങ്ങൾ
- സ്ത്രീ പദവി സ്വയം പഠന പ്രക്രിയ

2016-17-ൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| *ഘടകങ്ങൾ* | *സാമ്പത്തിക വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|
| **I. സംഘടനാ സംവിധാനം** | |
| (എ) ഭരണവും മറ്റ് ഓഫീസ് ചെലവുകളും | |
| (ബി) സാമൂഹ്യ സംഘടനാ ശാക്തീകരണ പരിപാടി | |
| (സി) സി. ഡി. എസ്. ചെയർപേഴ്സണുള്ള ഓണറേറിയം | |
| (ഡി) സി. ഡി. എസ്. വൈസ് ചെയർപേഴ്സണുള്ള ഓണറേറിയം | |
| (ഇ) സി. ഡി. എസ്. ഭരണ നിർവ്വഹണ ഗ്രാന്റ് | 3100.00 |
| (എഫ്) മികച്ച സി. ഡി. എസ്സിനുള്ള അവാർഡ് | |
| (ജി) സി.ബി.ഒ. മെമ്പർമാർക്കുള്ള പരിശീലനം | |
| (എച്ച്) പരിശീലക സംഘങ്ങൾക്കുള്ള പരിശീലനം | |
| (ഐ) പഞ്ചായത്തുമായി ചേർന്നുള്ള പരിശീലനം | |
| (ജെ) പരിസ്ഥിതി മെച്ചപ്പെടുത്തൽ | |
| (കെ) മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം. ഐ. എസ്.) | |
| **II. സാമൂഹിക വികസനം** | |
| (എ) ആശ്രയ | |
| (ബി) ബഡ്സും ബഡ്സ് പുനരധിവാസ സ്ഥാപനങ്ങളും | |
| (സി) സ്ത്രീ പദവി സ്വയം പഠന പ്രക്രിയ | |
| (ഡി) പട്ടികവർഗ്ഗ മേഖലയിലെ ഇടപെടൽ | 4000.00 |
| (ഇ) ബാലസഭ/ബാലപഞ്ചായത്ത് | |
| (എഫ്) കുട്ടികളുടെ കായിക, ആരോഗ്യ പരിപാടി ശക്തിപ്പെടുത്തൽ | |
| (ജി) പ്രത്യേക തീരദേശ പരിപാടി | |
| **III. പ്രാദേശിക സാമ്പത്തിക വികസനം** | |
| **(എ) സൂക്ഷ്മസംരംഭം** | |
| (എ) സി.ബി..ഒ-കളെ ശക്തിപ്പെടുത്തുക | |
| (ബി) മാച്ചിംഗ് ഗ്രാന്റ് | |
| (സി) പലിശയിളവ് | |
| (ഡി) മറ്റ് വിഭാഗങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് | |
| (ഇ) ഓഡിറ്റിനുവേണ്ടി സി. ഡി. എസ്-കളെ പ്രാപ്തരാക്കുക. | |
| (എഫ്) സി.ഡി. എസ്-കൾക്ക് അക്കൗണ്ടന്റുകളുടെ സഹായം | |
| (ജി) സൂക്ഷ്മ സംരംഭങ്ങളുടെ ഗവേഷണവും കൺസൾട്ടൻസിയും | |
| (എച്ച്.) സാമ്പത്തിക സാക്ഷരതയ്ക്കായുള്ള സംഘടന പ്രവർത്തനങ്ങൾ. | |
| (ഐ) വനിതാ ബാങ്ക്. | |
| (ജെ) തീരദേശ സി. ഡി. എസ്-കൾക്കുള്ള പ്രവർത്തനമൂലധനം/സാമൂഹിക നിക്ഷേപ ഫണ്ട്. | 5900.00 |
| **(ബി) സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ** | |
| (എ) ഗ്രാമീണ സൂക്ഷ്മ സംരംഭങ്ങൾ | |
| (ബി) യുവശ്രീ | |
| (സി) ഇന്നവേഷൻ ഫണ്ട് | |
| (ഡി) ടെക്നോളജി ഫണ്ട് | |
| (ഇ) സൂക്ഷ്മ സംരംഭങ്ങൾക്കുള്ള രണ്ടാം ഘട്ട സഹായം | |
| (എഫ്) റിവോൾവിംഗ് ഫണ്ട് | |
| (ജി) പ്രതിസന്ധികൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സഹായം (ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്) | |
| (എച്ച്) വൈദഗ്ദ്ധ്യ പരിശീലനം | |
| (ഐ) സൂക്ഷ്മ സംരംഭങ്ങൾക്കുള്ള കൈത്താങ്ങ് | |
| (ജെ) വിപണനം | |
| (കെ) ക്ലസ്റ്റർ ആന്റ് നെറ്റ് വർക്കിംഗ് | |
| (എൽ) ഉത്തരവാദിത്വ ടൂറിസം | |
| **(സി) സമഗ്ര മൃഗസംരക്ഷണ മേഖല** | |
| **(ഡി) സംഘകൃഷി** | |
| ആകെ | 13000.00 |

2016-17-ൽ ഈ പദ്ധതിക്കായി 13,000.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു. കുടുംബശ്രീക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും ഉദ്ദേശിച്ചിട്ടുള്ളതാണ്.

4. ഓഫീസ് നവീകരണം—കമ്പ്യൂട്ടർവത്ക്കരണവും പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും

(വിഹിതം: 110.00 ലക്ഷം രൂപ)

പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസ്, ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകൾ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകൾ എന്നിവയുടെ നവീകരണത്തിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും പെർഫോർമൻസ് ഓഡിറ്റ് ഓഫീസർമാർക്ക് ലാപ്ടോപ് നൽകുന്നതിനുമായി 110.00 ലക്ഷം രൂപ 2016-17-ലെ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

(വിഹിതം : 2200.00 ലക്ഷം രൂപ)

വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിശീലന പദ്ധതികൾ, ഗവേഷണം എന്നിവ നടപ്പിലാക്കുന്നതിനും കൺസൾട്ടൻസി സേവനം ലഭ്യമാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് 'കില'. പ്രാദേശിക ഭരണ നിർവ്വഹണത്തിനുള്ള പ്രത്യേക സെന്ററോടുകൂടിയ ഒരു സർവ്വകലാശാലയായി കേരള ഗവൺമെന്റ് കിലയെ പ്രഖ്യാപിച്ചിരിക്കുകയാണ്. നടപ്പുവർഷത്തെ പദ്ധതി വിഹിതം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതാണ്.

2016-17-ലെ ഇനം തിരിച്ചുള്ള പദ്ധതി വിഹിതം

| *ക്രമ നമ്പർ* | *പ്രോജക്ട്* | *തുക (ലക്ഷത്തിൽ)* |
|---|---|---|
| A | **കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ** | |
| 1 | കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വികേന്ദ്രീകൃതാസൂത്രണം ശക്തമാക്കുന്നതിനുമായുള്ള പരിശീലന പരിപാടി | 1250.00 |
| 2 | ദേശീയ, അന്തർദേശീയ തലത്തിലുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും | 75.00 |
| 3 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, ഹെൽപ്പ് ഡസ്കിന്റെ പ്രവർത്തനവും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സംഘടനകളെ ശക്തിപ്പെടുത്തൽ | 50.00 |
| 4 | ലൈബ്രറി ഡിജിറ്റൈസ് ചെയ്യുക, ബുക്കുകൾ വാങ്ങുക | 10.00 |
| B | **അടിസ്ഥാന സൗകര്യ വികസനം** | |
| 5 | പുതുതായി വാങ്ങിയ സ്ഥലത്തേക്കുള്ള റോഡ് വീതികൂട്ടൽ, മാസ്റ്റർപ്ലാൻ തയ്യാറാക്കൽ | 70.00 |
| 6 | ക്ലാസ്സ് മുറികളുടെ നവീകരണം | 80.00 |
| 7 | കമ്പ്യൂട്ടർ സെർവ്വർ റൂമിന്റെ സജ്ജീകരണം | 10.00 |
| 8 | ഗോദറെജ് ഒബ്റ്റിമൈസർ വാങ്ങൽ | 25.00 |
| 9 | പുതിയ സബ്സ്റ്റേഷന്റെ നിർമ്മാണം | 125.00 |
| 10 | 250 കെ.വി.എ ജനറേറ്റർ വാങ്ങൽ | 25.00 |
| 11 | ലിഫ്റ്റ് സ്ഥാപിക്കലും ലിഫ്റ്റ് റൂമിന്റെ പ്രവർത്തികളും | 50.00 |
| 12 | മലിനജല നിർമ്മാർജ്ജന പ്ലാന്റ് | 50.00 |
| 13 | ഗസ്റ്റ് ഹൗസുകളുടെയും വൈദ്യുത ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികളും പരിപാലനവും | 80.00 |
| C | **കിലയെ സംസ്ഥാന സർവ്വകലാശാലയായി വികസിപ്പിക്കൽ** | |
| 14 | ഒന്നാം ഘട്ടം-വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനം | 300.00 |
| | ആകെ | 2200.00 |

2016-17-ൽ ഈ പദ്ധതിക്കായി 2200.00 ലക്ഷം രൂപ പദ്ധതിവിഹിതമായി വകയിരുത്തിയിരിക്കുന്നു.

6. ഇൻഫർമേഷൻ കേരളാ മിഷൻ

(വിഹിതം : 1000.00 ലക്ഷം രൂപ)

വിവര വിനിമയ സാങ്കേതികവിദ്യ ഉപയോഗിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള സംസ്ഥാന ഗവൺമെന്റിന്റെ ഇ-ഗവേണൻസ് പദ്ധതിയാണ് ഇൻഫർമേഷൻ കേരളാ മിഷൻ. പ്രാദേശികഭരണം, വികേന്ദ്രീകൃതാസൂത്രണം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ പ്രവർത്തനങ്ങളെ അതിന്റെ പൂർണ്ണവ്യാപ്തിയിലെത്തിക്കുന്നത് ഇൻഫർമേഷൻ കേരളാ മിഷൻ ആണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം ഏർപ്പെടുത്തലും ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രവർത്തനപരിധിയിൽ വരുന്നു. 1000.00 ലക്ഷം രൂപ ഇൻഫർമേഷൻ കേരളാ മിഷന്റെ താഴെ പറയുന്ന ഘടകങ്ങൾക്ക് വേണ്ടി വകയിരുത്തിയിരിക്കുന്നു.

**സാമ്പത്തിക ലക്ഷ്യം 2016-17**

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *സാമ്പത്തിക വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളുടെ വികസനവും നടത്തിപ്പും | 175.00 |
| 2 | സാങ്കേതിക സഹായം, പരിശോധന, ഗുണനിലവാരനിയന്ത്രണം | 125.00 |
| 3 | അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം | 400.00 |
| 4 | നടത്തിപ്പും മോണിട്ടറിംഗും, | 300.00 |
| | ആകെ | 1000.00 |

2016-17-ൽ 1000.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

7. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി. എം. കെ. എസ്. വൈ.)-നീർത്തട ഘടകം-(ഐ. ഡബ്ല്യു. എം. പി.-ക്ക് പകരം) (40% സംസ്ഥാന വിഹിതം)

(വിഹിതം : 3000.00 ലക്ഷം രൂപ)

മുമ്പുണ്ടായിരുന്ന സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന-നീർത്തട ഘടകം എന്ന് നാമകരണം ചെയ്തിരിക്കുന്നു. മഴവെള്ള സംഭരണം, കൃഷിഭൂമിയിലെ കുളങ്ങളുടെ നിർമ്മാണം, മഴവെള്ളക്കൊയ്ത്ത്, ചെറിയ തടയണകൾ, കോണ്ടൂർ ബണ്ട് എന്നിവയുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്.

2016-17-ൽ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. എം. എൽ. എ.-മാരുടെ പ്രത്യേക വികസന നിധി—പ്രാദേശിക വികസനം

(വിഹിതം : 14100.00 ലക്ഷം രൂപ)

പ്രാദേശിക വികസനമാണ് ഈ പരിപാടിയുടെ ലക്ഷ്യം. എം.പി.-മാരുടെ പ്രാദേശിക വികസന പരിപാടിയുടെ അതേ മാതൃകയിൽ ഈ പരിപാടി 2001-02 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഓരോ എം. എൽ. എ.-യ്ക്കും അതാത് നിയമസഭാ നിയോജക മണ്ഡലത്തിന്റെ പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ വീതം വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി 14100.00 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നു.

9. എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്റർ (ഇ. റ്റി. സി.)-കളുടെ ശാക്തീകരണം

(വിഹിതം : 100.00 ലക്ഷം രൂപ)

ഗ്രാമവികസന വകുപ്പിന് കീഴിൽ മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന മൂന്ന് വികസന പരിശീലന കേന്ദ്രങ്ങളിലൂടെ (ഇ.റ്റി.സി.) ഉദ്യോഗസ്ഥർ, തദ്ദേശഭരണ ജനപ്രതിനിധികൾ, എൻ.ജി.ഒ.-കൾ സ്വയം സഹായ സംഘങ്ങൾ മുതലായവർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന സൗകര്യം വർദ്ധിപ്പിക്കുന്നതിനും മൂന്ന് വികസന പരിശീലന കേന്ദ്രങ്ങളിലെയും ഫാമുകളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നു. 250 പരിശീലന പരിപാടികളിലൂടെ 10000 വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

**പദ്ധതി വിഹിതത്തിന്റെ 2016-17-ലെ ഇനം തിരിച്ചുള്ള സാമ്പത്തിക വിഹിതം**

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെ ഗ്രാമങ്ങളിലെ കൈത്തൊഴിൽ പണിക്കാർക്ക് സ്റ്റൈപെന്റോടുകൂടിയ പരിശീലനം നൽകൽ | 30.00 |
| 2 | വികസന പരിശീലന കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കൽ/മെച്ചപ്പെടുത്തൽ, പരിശീലന ഹാൾ, പഠനമുറികൾ, ശില്പശാലകൾ, എന്നിവ മെച്ചപ്പെടുത്തുക, പരിശീലന സാമഗ്രികളുടെയും പഠന സഹായികളുടെയും പുനഃസ്ഥാപനം, ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കാമ്പസ് റോഡിന്റെ പുനഃരുദ്ധാരണം, മാതൃകാ വാട്ടർഷെഡ് നിർമ്മാണം | 58.00 |
| 3 | സംസ്ഥാനത്തുള്ള 3 വികസന പരിശീലന കേന്ദ്രങ്ങളിലെ ഫാമുകളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നൽകുന്ന ധനസഹായം | 12.00 |
| | ആകെ | 100.00 |

2016-17-ൽ 100.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

10. ശുചിത്വ കേരളം

(വിഹിതം : 2600.00 ലക്ഷം രൂപ)

സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള മാലിന്യമുക്ത മാനദണ്ഡങ്ങൾക്കനുസൃതമായി പ്രാദേശിക കൂട്ടായ്മയിൽ കേന്ദ്രീകരിച്ചുള്ള മാലിന്യമുക്തകേരളം എന്ന പദ്ധതിയുടെ നടത്തിപ്പിനാണ് സംസ്ഥാന സർക്കാർ ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. മനുഷ്യ വിസർജ്ജ്യങ്ങളുടെ ശുചീകരണം, ഗാർഹിക ശുചീകരണം, ഭക്ഷ്യ സുരക്ഷ, വ്യക്തി ശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യൽ, സാമൂഹിക-പരിസ്ഥിതി ശുചീകരണം എന്നിവയാണ് സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഖരമാലിന്യ മാനേജ്മെന്റ്, ദ്രവമാലിന്യ പരിപാലനം, പൊതു ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ശുചിത്വ പദ്ധതികൾ, കുറഞ്ഞ ചെലവിലുള്ള സംയോജിത ശുചിത്വ പരിപാടികൾ, ഇ-ടോയിലറ്റ്, ആധുനിക സീവേജ് ട്രീറ്റ്മെന്റ് പ്ലാൻറുകൾ എന്നിവയാണ് പദ്ധതി ഊന്നൽ നൽകുന്ന മേഖലകൾ. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി ബന്ധപ്പെട്ടിരിക്കുന്നു.

**പദ്ധതിയുടെ 2016-17-ലെ ഘടകം തിരിച്ചുള്ള സാമ്പത്തിക ലക്ഷ്യം താഴെ കൊടുക്കുന്നു.**

| ക്രമ നമ്പർ | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ നിർമ്മാണവും നവീകരണവും | 300.00 |
| 2 | മാലിന്യങ്ങളുടെ ഉറവിട സംസ്കരണം | 100.00 |
| 3 | കക്കൂസ് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ഉൾപ്പെടെയുള്ള ദ്രവമാലിന്യ പരിപാലന പദ്ധതി | 300.00 |
| 4 | മഴക്കാലത്തിനുമുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ | 900.00 |
| 5 | കാര്യക്ഷമത വർദ്ധിപ്പിക്കൽ, ശില്പശാലകൾ, ഗവേഷണവും വികസനവും ഉൾപ്പെടെയുള്ള വിവര വിദ്യാഭ്യാസ വിനിമയ പ്രചരണം | 100.00 |
| 6 | ഭരണപരമായ ചെലവുകൾ | 200.00 |
| 7 | ഖരമാലിന്യ ശേഖരണം, ഗതാഗത സൗകര്യം, മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ | 100.00 |
| 8 | പുനരുൽപാദനം, പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ, വാണിജ്യം, സംരംഭങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതിനുള്ള സഹായം | 100.00 |
| 9 | ഉൽപാദകന്റെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിനും മറ്റു പദ്ധതികൾക്കുള്ള പ്രോൽസാഹനം നൽകൽ | 30.00 |
| 10 | മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പ്രവർത്തികളിൽ ഉൾപ്പെട്ട സ്വയം സഹായ സംഘങ്ങൾ/ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന പിന്തുണ നൽകുക | 20.00 |
| 11 | മാലിന്യത്തെക്കുറിച്ചും അതിലെ പദാർത്ഥങ്ങളുടെ ഉപയോഗത്തെക്കുറിച്ചും ഉള്ള പഠനവും ഗവേഷണവും | 50.00 |

| ക്രമ നമ്പർ | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 12 | ഖര ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായുള്ള നൂതന പദ്ധതികൾ | 200.00 |
| 13 | പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും പകരം ഉപയോഗിക്കാവുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്തൽ | 115.00 |
| 14 | സാനിറ്ററി നാപ്കിൻ, ഡയപ്പർ എന്നിവ ഉണ്ടാക്കുന്നതിന് പുതിയ കണ്ടെത്തലുകൾ | 25.00 |
| 15 | ഖര ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നയങ്ങൾ, സ്റ്റാന്റേർഡുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ ഇവ രൂപപ്പെടുത്തൽ | 10.00 |
| 16 | ബോധവൽക്കരണവും പൊതുജന സമ്പർക്കവും | 50.00 |
| | ആകെ | 2600.00 |

പദ്ധതിക്കായി 2600.00 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

11. ശ്മശാന നിർമ്മാണം

(വിഹിതം : 500.00 ലക്ഷം രൂപ)

ശ്മശാന നിർമ്മാണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നു. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ (ജനസംഖ്യ, ജനസാന്ദ്രത, ഭൂമിയുടെ ലഭ്യത തുടങ്ങിയവ) പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പദ്ധതി 2016-17-ലെ ഗ്രാമപഞ്ചായത്തിന്റെ വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരത്തിന് വിധേയമായി നിർവ്വഹണം നടത്തേണ്ടതാണ്. ഗവൺമെന്റ് വിഹിതത്തിനു പുറമെയുള്ള ചെലവ് ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തേണ്ടതുണ്ട്. ഭൂമി വാങ്ങുന്നതിനോ, പ്ലാന്റ് നിർമ്മിക്കുന്നതിനോ, സംരക്ഷണ ഭിത്തി കെട്ടുന്നതിനോ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു ഘടകങ്ങൾ എന്നിവയ്ക്കായോ സംസ്ഥാന വിഹിതം ഉപയോഗിക്കാവുന്നതാണ്.

25 ഗ്രാമപഞ്ചായത്തുകളിൽ ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം 500.00 ലക്ഷം രൂപ 2016-17 വർഷത്തേയ്ക്ക് പദ്ധതിവിഹിതമായി വകയിരുത്തിയിരിക്കുന്നു. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം അനുവാദം കൊടുക്കുക എന്ന നയമാണ് ശ്മശാന നിർമ്മാണത്തിൽ അനുവർത്തിക്കുന്നത്.

12. അറവുശാലകളുടെ നിർമ്മാണം

(വിഹിതം : 500.00 ലക്ഷം രൂപ)

അറവുശാലകളുടെ നിർമ്മാണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെടുന്നു. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പദ്ധതി 2016-17-ലെ വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഓരോ ബ്ലോക്കിലെയും സ്ഥലം ലഭ്യമുള്ള ഒരു ഗ്രാമ പഞ്ചായത്ത് അറവുശാല നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരത്തിന് വിധേയമായി നിർവ്വഹണം നടത്തേണ്ടതാണ്. സംസ്ഥാന വിഹിതത്തിനുപുറമേ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ട അധിക വിഭവം ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടതാണ്. അറവുശാല നിർമ്മാണത്തിനായി 40 ലക്ഷം രൂപ വീതം സഹായിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

2016-17-ൽ അറവുശാലകൾ നിർമ്മിക്കുന്നതിനായി 500.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

13. പഞ്ചായത്ത് ഡയറക്ടറേറ്റിൽ കാര്യക്ഷമമായ ആസൂത്രണ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കൽ (പുതിയ പരിപാടി)

(വിഹിതം : 200.00 ലക്ഷം രൂപ)

ഗ്രാമ പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയ്ക്ക് അർഹിക്കുന്ന തരത്തിലുള്ള ആവേഗം കൈവരിക്കാനാകാത്തത് ദുർബലമായ ധനവിനിയോഗവും വിഭവങ്ങളുടെ നേരിയ തോതിലുള്ള വ്യാപനവുമാണ്. സൂക്ഷ്മതലത്തിലുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിന്റെയും ശാസ്ത്രീയമായ രീതിയിലുള്ള പ്രോജക്ട് മോണിറ്ററിംഗിന്റെയും അഭാവമാണിതിന് കാരണം. അതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലെപോലെ പരിചയസമ്പന്നരായ ആസൂത്രകരുടെ അർത്ഥവത്തായ ഇടപെടലുകളിലൂടെ ആസൂത്രണ മോണിറ്ററിംഗ് നടപടികൾ ശക്തിപ്പെടുത്തേണ്ടതാണ്. അതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രത്യേക ആസൂത്രണ മോണിറ്ററിംഗ് യൂണിറ്റ് (പി. എം. യു.) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത്തരത്തിലുള്ള സുസംഘടിതവും കൂടുതൽ കാര്യക്ഷമവുമായ സംവിധാനം വഴി ആവശ്യാധിഷ്ഠിത ആസൂത്രണത്തിലൂടെ താഴെത്തട്ടിലുള്ള പദ്ധതി നടത്തിപ്പിന്റെ നിർണ്ണായകമായ വിടവ് നികത്തുന്നതിനും ശാസ്ത്രീയമായ മോണിറ്ററിംഗ് നടത്തുന്നതിനും ഇത് സഹായിക്കുന്നു.

2016-17-ൽ പദ്ധതി വിഹിതമായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഓഫീസുകളുടെ നവീകരണം, കമ്പ്യൂട്ടർ വൽക്കരണം, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ (പുതിയ പരിപാടി)

(വിഹിതം : 51.00 ലക്ഷം രൂപ)

തദ്ദേശസ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും, കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ. എം. സി. നൽകുന്നതിനും, ഓഫീസ് നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും, ഫർണീച്ചറുകൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും പരിശീലകർക്ക് സ്റ്റൈപന്റ് നൽകുന്നതിലേക്കുമായി നിർദ്ദിഷ്ടപദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

2016-17-ൽ പദ്ധതി വിഹിതമായി 51.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. <u>രാജീവ്ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ (ആർ. ജി. പി. എസ്. എ.) (പുതിയ പരിപാടി)</u>

(വിഹിതം : 500.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയ പദ്ധതിയായ രാജീവ്ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ ഗ്രാമസഭകളുടെയും പഞ്ചായത്തുകളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളെ ജനകീയമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് പ്രാപ്തരാക്കുന്നതിനും, പഞ്ചായത്തുകളെ ഉത്തരവാദിത്തമുള്ളവരാക്കിത്തീർക്കുന്നതിനും, ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. വെർച്ച്വൽ ക്ലാസ്സ് മുറികൾ തയ്യാറാക്കുക, ഗ്രാമപഞ്ചായത്തുകൾക്ക് ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ നേടിക്കൊടുക്കുക, പുനർ നിർമ്മിക്കാനാകുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോൽസാഹിപ്പിക്കുക, ഗ്രാമസേവാ കേന്ദ്രങ്ങളിലും അയൽ സഭകളിലും വിവര വിദ്യാഭ്യാസ വിനിമയ പ്രചരണം നടത്തുക, വിനോദ സഞ്ചാര മേഖല ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ സ്ഥലപരാസുത്രണം നടത്തുക, പദ്ധതികളുടെ മോണിട്ടറിംഗ്, മൂല്യനിർണ്ണയ പ്രോജക്ട് മാനേജ്മെന്റ് എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

2016-17-ൽ പദ്ധതി വിഹിതമായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

16. <u>ഗ്രാമീണ ഉൽപ്പന്നങ്ങളുടെ ജില്ലാതല വിപണന കേന്ദ്രത്തിനുള്ള സഹായം</u>

(വിഹിതം : 10.00 ലക്ഷം രൂപ)

ഗ്രാമീണ ഉൽപ്പന്നങ്ങളുടെ ജില്ലാതല വിപണന കേന്ദ്രങ്ങൾ ഗ്രാമവികസന വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമങ്ങളിലെ ചെറുകിട സംരംഭകരുടെയും സ്വയം സഹായ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായാണ് ജില്ലാതല വിപണന കേന്ദ്രങ്ങൾ രൂപീകരിച്ചിരിക്കുന്നത്. പദ്ധതി വിഹിതം വകയിരുത്തിയിരിക്കുന്നത് ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലത്തിൽ വിപണന മേളകൾ സംഘടിപ്പിക്കുന്നതിനായിട്ടാണ്.

2016-17-ൽ ഗ്രാമീണ ഉൽപ്പന്നങ്ങളുടെ ജില്ലാതല വിപണന കേന്ദ്രത്തിനായി 10.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

17. <u>കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ. എൽ. ജി. എസ്. ഡി. പി.)-തദ്ദേശ മിത്രം</u>

(വിഹിതം : 2500.00 ലക്ഷം രൂപ)

തദ്ദേശഭരണ സംവിധാനത്തിന്റെയും സ്ഥാപനങ്ങളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാർ ലോക ബാങ്ക് സഹായത്തോടെ കെ. എൽ. ജി. എസ്. ഡി. പി. ക്ക് രൂപം നൽകിയത്. പദ്ധതി ഉടമ്പടി രേഖാപ്രകാരം 2015 ഡിസംബർ 31 വരെയാണ് പ്രോജക്ടിന്റെ കാലാവധി. കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് 2017 ജൂൺ 30 വരെ പ്രോജക്ടിന്റെ കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നു. പദ്ധതി തുകയുടെ വർദ്ധിച്ച വിനിമയ നിരക്കിലൂടെ ലഭിച്ച അധിക തുകയിൽ നിന്നും 2500.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി 2016-17-ൽ വകയിരുത്തിയിരിക്കുന്നു.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം.
- തദ്ദേശ സ്ഥാപനങ്ങളുടെ സംസ്ഥാന മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തൽ.
- പ്രോജക്ട് മാനേജ്മെന്റ്

18. <u>സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40% സംസ്ഥാന വിഹിതം)</u>

(വിഹിതം : 4000.00 ലക്ഷം രൂപ)

2014 ഒക്ടോബർ 2 മുതൽ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ആയി പുനരാവിഷ്കരിക്കുകയും പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 2015-2016 മുതൽ പദ്ധതി വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- ഗ്രാമീണ മേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.
- 2019 ഒക്ടോബർ മാസത്തോടുകൂടി രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പദവി ലഭ്യമാകത്തക്കവിധത്തിൽ ശുചിത്വമേഖലയെ ത്വരിതപ്പെടുത്തുക.
- ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ വിദ്യാഭ്യാസം എന്നിവയിലൂടെ സ്ഥായിയായ ശുചീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പൊതുസമൂഹത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രചോദനം നൽകൽ.

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)-ന്റെ 2016-17-ലെ ഭൗതിക ലക്ഷ്യങ്ങൾ താഴെ പറയുന്നു.

ഭൗതിക ലക്ഷ്യങ്ങൾ 2016-17

| ക്രമ നമ്പർ | ഘടകങ്ങൾ | യൂണിറ്റ് |
|---|---|---|
| 1 | ഗാർഹിക ഉപയോഗത്തിനുവേണ്ടി വ്യക്തിഗതമായി നൽകുന്ന ശൗചാലയങ്ങൾ | 50,000 |
| 2 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം | 100 |
| 3 | ബോധവൽക്കരണ പ്രവർത്തനങ്ങൾ (വിവരവിദ്യാഭ്യസ വിനിമയ പ്രചരണവും മനുഷ്യ വിഭവശേഷി വികസനവും) | 941 ഗ്രാമ പഞ്ചായത്തുകൾ |
| 4 | ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം | 500 ഗ്രാമ പഞ്ചായത്തുകൾ |
| 5 | ഭരണപരമായ ചെലവുകൾ | 14 ജില്ലകൾ |

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നടത്തിപ്പുകാർ. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണത്തിന്റെ ചുമതല സംസ്ഥാനതലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാ ശുചിത്വമിഷനുമാണ് നടത്തേണ്ടത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

2016-17-ൽ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 4000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2.3 ഭൂപരിഷ്കരണം**

ഇതിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ 100% കേന്ദ്രവിഷ്കൃത പദ്ധതിയിൽ നൽകിയിട്ടുണ്ട്.

**2.4 പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി**

**പ്രാദേശിക വികസനം**

പശ്ചിമഘട്ടം, തീരപ്രദേശം, പിന്നോക്ക ജില്ലകൾ എന്നിവയുടെ സമഗ്രവികസനത്തിനായാണ് പ്രത്യേക പ്രാദേശിക വികസന പരിപാടി നിർദ്ദേശിച്ചിരിക്കുന്നത്. പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി സമഗ്ര നീർത്തട പദ്ധതിയും, തീരപ്രദേശത്തിന്റെ വികസനത്തിനായി സമഗ്ര തീരപ്രദേശ പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്നതാണ്.

**2016-17-ലെ പദ്ധതികൾ**

**1. പശ്ചിമഘട്ടത്തിന്റെ ത്വരിത വികസനം**

(വിഹിതം : 1500.00 ലക്ഷം രൂപ)

പശ്ചിമഘട്ട വികസന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പശ്ചിമഘട്ട സെക്രട്ടേറിയറ്റിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം സംസ്ഥാന വിഹിതവും ഉപയോഗിച്ച് നടപ്പിലാക്കിവന്നിരുന്ന പദ്ധതിയാണ്. 2015-16 മുതൽ കേന്ദ്രഗവൺമെന്റ് ഈ പദ്ധതിക്കുള്ള ധനസഹായം നൽകുന്നത് അവസാനിപ്പിച്ചു. പ്രകൃതി വിഭവങ്ങളുടെ പരിപാലനം ആവാസവ്യവസ്ഥയുടെ സംരക്ഷണവും പുനഃസ്ഥാപനവും ജൈവ വൈവിദ്യ സംരക്ഷണം, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തൽ എന്നിവയിലൂടെ പശ്ചിമഘട്ട മേഖലയുടെ സമഗ്രവികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പശ്ചിമഘട്ട വികസന പദ്ധതിയിലുൾപ്പെടുത്തി ചെയ്തു വന്നിരുന്ന സംയോജിത നീർത്തട വികസനപദ്ധതിയുടെയും ഗവേഷണം, വിലയിരുത്തൽ, മേൽനോട്ടം എന്നീ പ്രവർത്തന ങ്ങളുടേയും സ്പിൽ ഓവർ ബാധ്യതകൾക്കായി 1500 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു. ഫലപ്രദമായ നിർവ്വഹണത്തിനായ് പശ്ചിമഘട്ട വികസന പദ്ധതിയും മലയോര വികസനപദ്ധതിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതാണ്.

**2. മലയോര വികസന ഏജൻസി**

(വിഹിതം : 13000.00 ലക്ഷം രൂപ)

ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 2011-12-ൽ ആണ് മലയോര വികസന ഏജൻസി (എച്ച്.എ.ഡി.എ.) രൂപീകരിക്കപ്പെട്ടത്. ഇതിന്റെ പ്രവർത്തനങ്ങൾ 2011-12 കാലയളവിൽ ആരംഭിക്കുകയുണ്ടായി. മലയോരപ്രദേശങ്ങളുടെ ത്വരിതഗതിയിലുള്ള വികസനത്തിനായുള്ള ഏജൻസിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികളുടെ നിർവ്വഹണം 2016-17 കാലഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. മലയോരപ്രദേശങ്ങളുടെ വികസന ത്തിനായി വകയിരുത്തിയിരിക്കുന്ന വിഹിതം 13000 ലക്ഷം രൂപയാണ്. ഇതിൽ 6000 ലക്ഷം രൂപ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധിയുടെ കീഴിലും 7000 ലക്ഷം രൂപ സംസ്ഥാന പദ്ധതിയുടെ കീഴിലും വയനാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നീ നാലു മലയോര ജില്ലകളുടെ സമഗ്രവികസന ത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, ഉപജീവന പദ്ധതികൾ നടപ്പിലാക്കുന്നതിനും ചെറുകിട കുടിവെള്ള പദ്ധതികൾ, മലയോര റോഡുകളുടെ വികസനം, പ്രകൃതി വിഭവ പരിപാലനം, വികസന ഏജൻസി ശക്തിപ്പെടുത്തൽ എന്നിയ്ക്കുമായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഏജൻസി മുഖാന്തിരം പ്രയോഗത്തിൽ വരുത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

(എ) സംസ്ഥാന പദ്ധതിയുടെ കീഴിൽ വരുന്ന നിർദ്ദേശങ്ങൾ

(i) പരിസ്ഥിതിക്കിണങ്ങുന്ന ചെറുകിട കുടിവെള്ള പദ്ധതികളും ചെറു അരുവികളിൽ തടയണകൾ, (check dams) മലയോര റോഡുകൾ എന്നിവയുടെ നിർമ്മാണവും

മലയോരപ്രദേശത്തുള്ള നിരവധി സ്ഥലങ്ങളിൽ കുടിവെള്ള സൗകര്യങ്ങളുടെ കടുത്ത അപര്യാപ്തത നേരിടുന്നുണ്ട്. തദ്ദേശീയമായ ജലസ്രോതസ്സുകൾ വികസിപ്പിക്കേണ്ടതും ഗ്രാവിറ്റേഷണൽ ഫ്ളോ കൂടാതെയുള്ള ജലവിതരണ സമ്പ്രദായത്തിനായുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും അത്യാവശ്യവുമാണ്. ചെറിയ പമ്പ് സെറ്റുകളും ഒരു ഘടകമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിക്കിണങ്ങുന്ന മാർഗ്ഗങ്ങൾ ഈ പദ്ധതിക്കുകീഴിൽ അവലംബിക്കുന്നതാണ്.

മലയോര പ്രദേശങ്ങളിലുള്ള നിരവധി ചെറിയ അരുവികൾ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഉപജീവന ഭദ്രത കേന്ദ്രീകരിച്ചുള്ള വിവിധ ആവശ്യങ്ങൾക്കായുള്ള ഉറവിടത്തിന്റെ ഉപയോഗത്തിനായെന്നോണം ചെറുനീരൊഴുക്കുകളുടെ സമഗ്രമായ വികസനം ആവശ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട ചെറിയ അരുവികളിൽ തടയണകളുടെ നിർമ്മാണത്തിനായി വിശദമായ പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്.

മലയോര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ചും റോഡുകൾ അപര്യാപ്തവും കൂടാതെ ഉരുൾപൊട്ടലും മറ്റ് പ്രകൃതി ദുരന്തങ്ങളും മുഖേന സഞ്ചാര യോഗ്യവുമല്ല. മുൻവർഷങ്ങളിൽ ഏറ്റെടുത്ത ചെറുകിട കുടിവെള്ള പദ്ധതി, തടയണകളുടെ (ചെക്ക്ഡാമുകൾ) നിർമ്മാണം, മലയോര റോഡുകൾ എന്നീ പദ്ധതികളുടെ സ്പിൽ ഓവർ ചെലവുകൾക്കുവേണ്ടിയും പ്രാദേശിക അടിസ്ഥാന സൗകര്യ വികസന ഫണ്ടിലേക്കുള്ള സംസ്ഥാന വിഹിതത്തിനുവേണ്ടിയും 2000 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. ബാക്കി തുക ലഭ്യമാകുന്നു എങ്കിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി വിനിയോഗിക്കുന്നതാണ്.

(ii) മലയോര വികസന ഏജൻസിയുടെ ശക്തിപ്പെടുത്തൽ

മലയോരപ്രദേശങ്ങളുടെ പദ്ധതി രൂപീകരണം, വിദഗ്ദ്ധോപദേശം, പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടം എന്നിവയ്ക്കും മലയോര വികസന ഏജൻസിയുടെ പ്രവർത്തന ചെലവിനുമായി താഴെ പറയുംപ്രകാരം 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(a) പ്രവർത്തന ചെലവ് — 40 ലക്ഷം രൂപ

(b) പദ്ധതി നിർവ്വഹണമേൽനോട്ട ചെലവ് — 10 ലക്ഷം രൂപ

(iii) വയനാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം ജില്ലകളിലെ സമഗ്രമലയോര വികസന പദ്ധതികൾ

വയനാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിലെ മലയോരപ്രദേശങ്ങളുടെ സമഗ്രമായ വികസനമാണ് ഈ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നത്. ഇതിലേക്കായി

2015-16 വർഷത്തിൽ 4950 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ നാലു ജില്ലകളിൽ ആവശ്യാധിഷ്ഠിതമായി പ്രാദേശിക അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ കുടിവെള്ള പദ്ധതികൾ, കുളങ്ങളുടെ നവീകരണം, തടയണകളുടെ നിർമ്മാണം, ക്ഷീരവികസനം ഉൾപ്പെടെയുള്ള ജീവനോപാധി സംരക്ഷണ പരിപാടികൾ പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെയുള്ള പ്രകൃതി വിഭവസംരക്ഷണം എന്നിവയാണ്.

ഏജൻസിയുടെ അധീനതയിലുള്ള ഗ്രാമപഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 2016-17 വർഷത്തിലേക്ക് 4950 രൂപ വകയിരുത്തിയിരിക്കുന്നു.

**ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയിലേക്കുള്ള നിർദ്ദേശങ്ങൾ**

(iv) മലയോര പാതകൾ ഉൾപ്പെടുന്ന ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

മലയോര പ്രദേശത്തുള്ള നിരവധി പഞ്ചായത്തുകൾ നല്ല പാതകൾ മുഖാന്തിരം ബന്ധിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ മലയോര മേഖലകളിൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളായ സംഭരണം, വിപണനം, സംസ്കരണ സംവിധാനങ്ങൾ എന്നിവ അപര്യാപ്തമാണ്. മലയോര പ്രദേശത്തെ ശോചനീയ അവസ്ഥയിലുള്ള റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയുടെ കീഴിൽ 4,300 ലക്ഷം രൂപ 2015-16 കാലയളവിൽ വകയിരുത്തിയിരുന്നു. 2016-17 കാലയളവിലേക്ക് 6000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനും പ്രകൃതി വിഭവ പരിപാലനത്തിനുമായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും ഉയരത്തിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ക്ഷീര വികസന മുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 850 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ സമഗ്ര വികസനപദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മലയോര വികസന ഏജൻസിയുടെ കീഴിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളുടെ വിഹിതം താഴെ കൊടുത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപ)* |
|---|---|---|
| | **എ. സംസ്ഥാന പദ്ധതി** | |
| 1 | പരിസ്ഥിതിക്കിണങ്ങുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, മലയോര റോഡുകളുടെ വികസനം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലേക്കുള്ള സംസ്ഥാന വിഹിതം | 2000 |
| 2 | മലയോര വികസന ഏജൻസിയുടെ ശക്തിപ്പെടുത്തൽ | 50 |
| 3 | വയനാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം ജില്ലകളിലെ മലയോര പ്രദേശങ്ങളുടെ വികസനത്തിനായുള്ള സമഗ്ര പരിപാടി | |
| | (എ) കുടിവെള്ള പദ്ധതി | 1000 |
| | (ബി) ചെക്കുഡാമുകളുടെയും കുളങ്ങളുടെയും നിർമ്മാണം | 2500 |
| | (സി) അടിസ്ഥാന സൗകര്യ വികസനം | 850 |
| | (ഡി) ജീവനോപാധി സംരക്ഷണ പരിപാടി | 300 |
| | (ഇ) പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെയുള്ള പ്രകൃതി വിഭവ സംരക്ഷണം | 300 |
| | ആകെ | 7000 |
| | **ബി. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം** | |
| 4 | മലയോര പാതകൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം | 6000 |
| | ആകെ (ബി) | 6000 |
| | ആകെ (എ + ബി) | 13000 |

അനുമതി ലഭിക്കുന്നതിനായി, പദ്ധതിയുടെ വിവിധ ഘടകങ്ങൾ, പ്രദേശങ്ങൾ, ഭൗതികമായ ലക്ഷ്യം, അതിന്റെ ഫലങ്ങൾ, അനന്തര ഫലങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധിയുടെ കീഴിൽചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി നബാർഡിന്റെ മാർഗ്ഗ നിർദ്ദേശാനുസരണം പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

**3. വയനാട് പാക്കേജ്**

(വിഹിതം : 1900.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളതും, ദുരിതാവസ്ഥയിലുള്ളതുമായ ജില്ലയാണ് വയനാട്. വളരെയധികം പദ്ധതികൾ ഈ ജില്ലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും, അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇപ്പോഴും ഈ ജില്ലയുടെ വികസനത്തെ ബാധിക്കുന്നു. അടുത്ത കാലത്തായി, ജില്ലയുടെ കാർഷിക സമ്പദ്‌വ്യവസ്ഥ അപകടകരമായ അവസ്ഥയിലാണ്. വിലയിലുണ്ടാകുന്ന വ്യാപകമായ ഏറ്റക്കുറച്ചിലുകൾ കാർഷിക വരുമാനത്തെ വളരെ വലിയ തോതിൽ അസ്ഥിരപ്പെടുത്തുന്നുണ്ട്. ദുരിത ബാധിതരായ ജനങ്ങളുടെ ഉപജീവനം പുനരുദ്ധീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ ഇടപെടൽ പാക്കേജുകൾ കൊണ്ടുവരുന്നുണ്ട്. വളരെക്കാലമായുള്ള സുസ്ഥിരമല്ലാത്ത ഭൂവിനിയോഗ സമ്പ്രദായംകൊണ്ടും, കാപ്പി, കുരുമുളക് എന്നിവയുടെ വിലയിടിവ് കാരണം സാമ്പത്തികമായും, പരിസ്ഥിതിക്കേല്പിച്ച ആഘാതങ്ങളും വയനാട് ജില്ലയെ ക്ലേശത്തിലാക്കി. കീടബാധ കൊണ്ടുണ്ടാകുന്ന ഉത്പാദനക്കുറവ്, നിലവാരത്തകർച്ച, കൃമികീടങ്ങൾ, രോഗബാധകൾ എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് കുരുമുളക് തകർച്ചയുടെ ഘട്ടത്തിലാണ്.

ജില്ലയുടെ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവ്വേകാൻ, സമുചിതമായ മുൻപിൻ സംയോജനത്തോടുകൂടിയ നിരവധി കേന്ദ്രീകൃതമായ ഇടപെടലുകൾ നടപ്പിൽ വരുത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

കുരുമുളകിന്റെ പുനരുജ്ജീവനത്തിനായുള്ള സമഗ്ര പ്രോജക്ടിന് സഹായം നൽകുന്നതാണ്. തയ്യാറാക്കേണ്ടതാണ്. കുരുമുളക് സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതല അപ്പക്സ് സമിതികൾ രൂപീകരിക്കേണ്ടതാണ്. പ്രാദേശിക സമഗ്ര കീട പരിപാലനം, ഗ്രാഫ്റ്റിംഗ്, ഓർത്തോട്രാപ്പിക് ഷൂട്സിൽ നിന്നുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, നഴ്സറികൾ സ്ഥാപിക്കൽ, സൂക്ഷ്മമൂലകങ്ങളുടെ പ്രയോഗം,

വേരുകൾ വികസിപ്പിച്ചെടുക്കുന്ന പ്രവർത്തനങ്ങൾ, മറ്റ് അത്യാവശ്യ സഹായങ്ങൾ എന്നിവയ്ക്കായി വിഹിതം ഉപയോഗിക്കാവുന്നതാണ്. വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനായി 1330 ലക്ഷം രൂപ വകയിരുത്തുന്നു. കുരുമുളക് കൃഷിയിടങ്ങളിൽ ഡോളമൈറ്റ് പ്രയോഗിക്കുന്നതിനായി 175 ലക്ഷം നീക്കി വച്ചിരിക്കുന്നു.

ഘടകങ്ങൾ വേർതിരിച്ച് താഴെ കാണിച്ചിരിക്കുന്നു:

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | സമഗ്ര കുരുമുളകു വികസനം | 1330 |
| 2 | പദ്ധതി നടപ്പാക്കൽ യൂണിറ്റ് | 25 |
| 3 | മണ്ണിന്റെ ഫലപുഷ്ടി സംരക്ഷണം | 175 |
| 4 | കർഷക വിപണികളുടെ വികസനം | 200 |
| 5 | ജലവിഭവങ്ങളുടെ വികസനം | 170 |
| | ആകെ | 1,900 |

2016-17-ൽ വകയിരുത്തിയിട്ടുള്ള 1330 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ ബാഹ്യകൺസൾട്ടൻസി ഏജൻസി കൃത്യമായ ഫീൽഡ് സന്ദർശനം നടത്തി നിർദ്ദിഷ്ട ഉപദേശം നൽകുന്നതിനും ലഘുലേഖകളും റഫറൻസ് മെറ്റീരിയൽസും പ്രസിദ്ധീകരിക്കുന്നതിനും വകയിരുത്തുന്നു. മുൻ വർഷങ്ങളിൽ സഹായം ലഭിച്ചിട്ടുള്ള നഴ്സറികളുടെ സഹായത്തോടെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി സമഗ്രതന്ത്രം ആവിഷ്കരിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ലീഡ്സിലെ ഫീൽഡ് അസിസ്റ്റന്റുമാരുടെ സന്ദർശനം പദ്ധതി നിർവ്വഹണ യൂണിറ്റുമായി സംയോജിപ്പിക്കുന്നതാണ്. ഗ്രേഡഡ് കർഷകരുടെ വിപണി ഉൾപ്പെടെ ലേലം നടക്കുന്ന കർഷക വിപണികളുടെ വികസനത്തിനായി 200 ലക്ഷം രൂപ വകയിരുത്തുന്നു. വരൾച്ച ബാധിത പഞ്ചായത്തുകളിൽ ചെറിയരീതിയിലുള്ള ജലസംഭരണികൾ വികസിപ്പിച്ചെടുക്കുന്നതിനായി 170 ലക്ഷം രൂപ നിക്കിവച്ചിരിക്കുന്നു.

**4. ശബരിമല മാസ്റ്റർ പ്ലാൻ**

(വിഹിതം : 2500.00 ലക്ഷം രൂപ)

ശബരിമല ക്ഷേത്രസമുച്ചയവും, അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ ഭൂരിഭാഗവും പെരിയാർ വനസംരക്ഷണ മേഖലയിൽ ഉൾപ്പെടുന്നു. ശബരിമല ക്ഷേത്ര സമുച്ചയത്തിൽ പൂർണ്ണമായും പരിസ്ഥിതിക്കനുയോജ്യമായ വിധത്തിൽ തീർത്ഥാടനസൗകര്യങ്ങൾ ഒരുക്കുന്നതിന് ശബരിമല മാസ്റ്റർ പ്ലാനിലൂടെ വിഭാവനം ചെയ്യുന്നു. ശബരിമല മാസ്റ്റർ പ്ലാനിൽ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷിതത്വവും ഉൾപ്പെടുന്നു. 2007-ൽ ശബരിമലയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ അംഗീകരിച്ചു. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനോടൊപ്പം, തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയാണ് ഈ പദ്ധതിയുടെ ആത്യന്തികമായ ഉദ്ദേശ്യം. സംസ്ഥാന ജനസംഖ്യയെക്കാൾ അധികം തീർത്ഥാടകരുടെ സന്ദർശനതിരക്ക് വർഷംതോറും അനുഭവപ്പെടുന്ന ഒരു തീർത്ഥാടന കേന്ദ്രമായതുകൊണ്ടുതന്നെ ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനം വളരെയധികം പ്രാധാന്യമർഹിക്കുന്നതും വെല്ലുവിളികൾ നേരിടുന്നതുമാണ്.

നിലക്കലിനെ വ്യക്തമായ പദ്ധതിയോടുകൂടി ഒരു അടിസ്ഥാന താവളമാക്കുക, മരക്കൂട്ടത്തിൽ തീർത്ഥാടകർക്ക് തങ്ങുവാൻ അവശ്യംവേണ്ട സൗകര്യം വികസിപ്പിച്ചെടുക്കുക എന്നിവയാണ് ഈ പദ്ധതിക്കുകീഴിൽ തുടങ്ങിവച്ച ഘടകങ്ങൾ. ഇതിനുപുറമേ സന്നിധാനത്തിൽ ദർശനത്തിനു നിൽക്കുന്ന ഭക്തർക്കു മികച്ച സൗകര്യം നൽകലും, സ്വാമി അയ്യപ്പൻ റോഡിന്റെ മെച്ചപ്പെടുത്തലും പമ്പയിലേക്കുള്ള അടിയന്തിരാവശ്യ റോഡ് നിർമ്മാണവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വണ്ടിപ്പെരിയാർ, എരുമേലി താവളങ്ങളുടെ വികസനവും തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകലുമാണ് ശബരിമല സമഗ്ര ആസൂത്രിത പദ്ധതി ലക്ഷ്യമിടുന്നത്.

സന്നിധാനത്തിലെ വലിയനടപ്പന്തൽ വിപുലീകരിക്കുന്നതിനും പമ്പയിലും സന്നിധാനത്തിലും മലിനജല ശുദ്ധീകരണ സംവിധാനം ഒരുക്കുന്നതിനും, കുന്നാർ അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി 2013-14-ലും 2014-15-ലും 2,500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2015-16-ൽ 2500.00 ലക്ഷം രൂപ അധികം വകയിരുത്തിയിരുന്നു.

ശബരിമല മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്രിട്ടിക്കൽ ഗ്യാപ്പ് പരിഹരിക്കുന്നതിനായി 2016-17-ൽ 2,500 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വിശദമായ പദ്ധതിക്കു സർക്കാർ അനുമതി നേടേണ്ടതുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ വകുപ്പുകൾ, എൻ.ജി.ഒ. കൾ, ദേവസ്വം ബോർഡ് എന്നിവയുടെ ഒരു ഏകോപന സംവിധാനം സർക്കാർ തലത്തിൽ രൂപം നൽകുന്നതാണ്. സമഗ്ര ആസൂത്രിത പദ്ധതി അടിസ്ഥാനമാക്കിയുള്ള അത്യാവശ്യമുള്ള ഘടകങ്ങൾക്ക് മാത്രമാണ് ഈ പദ്ധതിയിലൂടെ സഹായം നൽകുന്നത്.

5. കാസർഗോഡ് പാക്കേജ്

(വിഹിതം : 8789 ലക്ഷം രൂപ)

കാസർഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപ്പറ്റി പഠനം നടത്തി ജില്ലയ്ക്ക് വികസന കാഴ്ചപ്പാടുള്ള പദ്ധതി രൂപീകരിക്കുന്നതിനായി മുൻ ഗവൺമെന്റ് ചീഫ് സെക്രട്ടറിയായ ഡോ. പി. പ്രഭാകരനെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചിരുന്നു. അതുപ്രകാരം ജില്ലയുടെ വികസനത്തിനുവേണ്ടി 11,123.07 കോടി രൂപയുടെ ഒരു പാക്കേജ് സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടും റിപ്പോർട്ട് കണക്കിലെടുത്തുകൊണ്ടും ഒരു പാക്കേജ് 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിന്റെ ഒന്നാംഘട്ടം എന്ന നിലയിൽ 2013-14 വർഷത്തിലേക്ക് 2,500 ലക്ഷം രൂപ നീക്കി വെച്ചിരുന്നു.

2014-15-ൽ പദ്ധതി വിഹിതം 7,500 ലക്ഷം രൂപയായും 2015-16 കാലയളവിൽ 8500 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരിന്നു. ജില്ലാ ഭരണകൂടം നൽകുന്ന മുൻഗണന അനുസരിച്ചായിരിക്കണം പദ്ധതികളെ പരിഗണിക്കേണ്ടത്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ല പ്ളാനിംഗ് ആഫീസർ കൺവീനർ ആയും ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥർ അംഗങ്ങളായുമുള്ള സമിതി ആയിരിക്കണം പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (ആസൂത്രണ വകുപ്പ്) കോ ഓർഡിനേറ്ററായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. 2016-17-ൽ പ്രസ്തുത പദ്ധതിക്കായി 8798 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി ജില്ലയിൽ സ്ഥാപിക്കുന്ന പ്രത്യേക യൂണിറ്റിന്റെ തുടർ നടത്തിപ്പിനായി 50 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

6. പിന്നോക്ക മേഖലാ സഹായനിധി (ബി. ആർ. ജി. എഫ്.)

(വിഹിതം : 500.00 ലക്ഷം രൂപ)

വികസന പ്രക്രിയകളുടെ പരിണിതഫലമായി ഉടലെടുക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കാനായി ആരംഭിച്ച പ്രത്യേക പരിപാടിയാണ് പിന്നോക്ക മേഖലാ സഹായ നിധി (ബി. ആർ. ജി. എഫ്.) പാലക്കാട്, വയനാട് ജില്ലകളിലെ വികസനവുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനായിട്ടാണ് മുൻവർഷങ്ങളിൽ തുക വകയിരുത്തിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷംവരെ പിന്നോക്ക മേഖലാ സഹായ നിധി അധിക കേന്ദ്ര സഹായമായി ഉൾപ്പെടുത്തിയിരുന്നു. 2015-16 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റ ധനസഹായം ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് കാലയളവിൽ അപ്രതീക്ഷിതവും പെട്ടെന്നും ഉണ്ടായ മാറ്റങ്ങൾ ജില്ലകളെ ഗുരുതരമായി ബാധിക്കുകയും നടപ്പിലാക്കി വന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താൻ കഴിയാതെ വരികയും ചെയ്തു. മറ്റു പദ്ധതികളുമായി ചേർന്ന് നടപ്പിലാക്കി വന്ന പദ്ധതികളെ ഫണ്ടിന്റെ അപര്യാപ്തതമൂലം ഉപേക്ഷിക്കുകയോ/ ലഘൂകരിക്കുകയോ ചെയ്യേണ്ടി വരും. ആയതിനാൽ പൂർത്തിയാക്കാത്ത ജോലികൾ പൂർത്തീകരിക്കുന്നതിലേക്കായി 500.00 ലക്ഷം രൂപ 2016-17-ൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## തീരപ്രദേശ വികസനം

1. ഗ്രാമീണ അടിസ്ഥാന വികസന നിധി

(വിഹിതം : 1240.00 ലക്ഷം രൂപ)

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന വികസന നിധിയുടെ കീഴിൽ മുൻഗണനാ പരിധിയിൽ വരുന്ന തീരദേശ വികസനം, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ ഏറ്റെടുക്കുന്നതിനായി 1240 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. പുതിയ പ്രോജക്ടുകളുടെ കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശുപാർശയോടെ നബാർഡിന്റെ അംഗീകാരത്തിനായി നൽകേണ്ടതാണ്.

2. മത്സ്യ തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

(വിഹിതം 18460.00 ലക്ഷം രൂപ)

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ മത്സ്യ തൊഴിലാളി വിഭാഗത്തിന്റെ ജനസംഖ്യ 10.02 ലക്ഷം ആണ്. ഇതിൽ 7.71 ലക്ഷം തീരപ്രദേശത്തും 2.31 ലക്ഷം പേർ ഉൾനാടൻ മേഖലയിലും വസിക്കുന്നവരാണ്. ഏകദേശം 222 മത്സ്യബന്ധന ഗ്രമങ്ങളും 102 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിലുണ്ട് ഇതിൽ 76510 പേർ മത്സ്യബന്ധന-അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. എന്നാണ് കണക്ക്. ഈ ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥ വിദ്യാഭ്യാസത്തിൽ വ്യക്തമായി കാണാവുന്നതാണ്. ഇതിലെ ഒരു നല്ല ജനവിഭാഗത്തിന് കുടിവെള്ളം, നിലവാരമുള്ള പാർപ്പിടം, ശുചിത്വസൗകര്യങ്ങൾ, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. ഭൂരഹിതരായ ഈ ജനവിഭാഗം ദാരിദ്രത്തിന്റെ പിടിയിലാണ്. പകർച്ചവ്യാധികളും തൊഴിലില്ലായ്മയും ഇവർ നേരിടുന്ന മറ്റ് വെല്ലുവിളികളാണ്.

ഈ അവസ്ഥക്ക് പരിഹാരം കാണുവാനും ഫിഷറീസ് മേഖലയുടെ സർവ്വോന്മുഖ വികസനത്തിനുമായി 2015-16-ൽ മൽസ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിക്ക് തുടക്കമിട്ടു. 2016-17-ൽ ഇ പദ്ധതിക്കായി 18460 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു. ഇതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

(എ) സ്ഥലം ഏറ്റെടുത്ത് വ്യക്തിഗത ഭവനങ്ങൾ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതിന് 10000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ഈ പദ്ധതിയിൽ തീരദേശമേഖലയിലെ ശുചിത്വം, കുടിവെള്ളം, വൈദ്യുതീകരണം, വീടുകളുടെ അറ്റകുറ്റപ്പണികൾ, സർക്കാർ വിദ്യാലയങ്ങളുടെ പുനരുദ്ധാരണം (50 ശതമാനത്തിൽ കൂടുതൽ കുട്ടികൾ മൽസ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും വരുന്ന), ലൈബ്രറികൾ, ആരോഗ്യമേഖലയിലെ അടസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി, പുരുദ്ധാരണം, പുതിയ ആശുപത്രികളുടെ നിർമ്മാണം എന്നിവ പദ്ധതിയുടെ ഭാഗമല്ല. മാനവശേഷി വികസനം പദ്ധതിയുടെ ഉദ്ദേശങ്ങളിലൊന്നാണ്. പദ്ധതിക്കായി 7810 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വീടുകളിൽ എനർജി എഫിഷ്യന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഈ തുക വിനിയോഗിക്കേണ്ടതാണ്.

(സി) തീരമൈത്രി മിഷനും ലഘു സംരംഭങ്ങളും

മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിധ്യമാർന്ന ജീവനോപാധി രീതികൾ പ്രയോജനപ്പെടുത്തുന്നതിന് ധാരാളം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ജീവനോപാധി വൈവിധ്യവൽക്കരണം, വനിതാ അംഗങ്ങൾ വഴി മൽസ്യത്തൊഴിലാളി കുടുംബത്തിന്റെ വരുമാന പരിധി ഉയർത്തുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നടന്നു കൊണ്ടിരിക്കുന്ന ഘടകങ്ങൾക്ക് പുറമേ ഈ ഗ്രൂപ്പുകളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി പുതിയ ഘടകങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ ഇതിനായി 500 ലക്ഷം രൂപ വകയിരിത്തിരിക്കുന്നു.

(ഡി) വിദ്യാഭ്യാസം

സംസ്ഥാനത്ത് 10 ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളാണുള്ളത്. ഇവ ബോർഡിംഗ് സ്കൂളുകളാണ്. ഫിഷറീസ് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ മെസ്സും, മറ്റുസൗകര്യങ്ങളും നൽകുന്നു. സ്കൂൾ കെട്ടിടത്തിന്റേയും ഹോസ്റ്റലിന്റേയും നിർമ്മാണവും ഫിഷറീസ് വകുപ്പാണ് ഏറ്റെടുത്ത് നടത്തുന്നത്. ഈ സ്കൂളുകളെ വിജയപ്രദമാക്കുവാൻ അവയുടെ പ്രവർത്തനങ്ങളെ പുനർ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളുടേയും ഹോസ്റ്റലുകളുടെയും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, കുട്ടികളുടെ ഭക്ഷണചെലവ് മറ്റ് യാഥാർത്ഥ്യമായ ചെലവുകൾ എന്നവയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആവർത്തിച്ചു വരുന്ന ചെലവുകൾ നോൺപ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

184.60 കോടിരൂപയ്ക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

# III. സഹകരണം

### 3.1 സഹകരണം

2016-17-ൽ സഹകരണ മേഖലയ്ക്ക് മൊത്തം 95 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 17 പദ്ധതികൾ നടപ്പാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

**2016-17-ലെ പദ്ധതികൾ**

**I. വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം**

1. സംസ്ഥാന സഹകരണ യൂണിയനും സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾക്കുമുള്ള സഹായം

(വിഹിതം : 100.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന പരിപാടികളുടെ സഹായത്തിനായി തുക വകയിരുത്തിയിരിക്കുന്നു:

(i) കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിന്റെ ഒരു ഭാഗം.

(ii) തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ യഥാക്രമമുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിന്.

(iii) ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 50% വഹിക്കുന്നതിന് സഹായം.

(iv) അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഉന്നത കമ്പ്യൂട്ടർ കോഴ്സുകൾ ഉൾപ്പെടെയുള്ള പരിശീലനവും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പരിശീലനത്തിനുള്ള സഹായവും.

(v) വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവയുൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സഹായം.

(vi) വകുപ്പ് ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്തെ എ.സി.എസ്.റ്റി.ഐ., കെ.എസ്.സി.എ.ആർ.ഡി.ബി.യുടെ സംസ്ഥാന പരിശീലന കേന്ദ്രത്തിനും സഹായം.

(vii) സഹകരണ പ്രസ്ഥാന കോൺഫറൻസുകൾ സംഘടിപ്പിക്കുക, സഹകരണ കോൺഗ്രസ്സുകൾ സംഘടിപ്പിക്കുക, സഹകരണ കാർഷിക വ്യാവസായിക കമ്പോളത്തെ ദേശീയ തലത്തിൽ പിന്താങ്ങുന്നതിനും, സഹകരണ തത്വങ്ങളുടെ പ്രചരണത്തിനും, നിക്ഷേപ സമാഹരണ പ്രചരണത്തിനും, സഹകരണ പ്രസിദ്ധീകരണങ്ങൾ, സർക്കാർ പരിപാടികൾ, നയങ്ങൾ എന്നിവയുടെ പ്രചരണത്തിനുമായി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

(viii) നിക്ഷേപ സമാഹരണ പരിപാടികൾ, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ, പി. എ. സി. എസ്. എന്നിവയുടെ വിശിഷ്ട സേവനങ്ങൾക്ക് ട്രോഫികൾ നൽകുക, സഹകരണ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനും, വിശിഷ്ട സേവനത്തിനും, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പി. എ. സി. എസ്., പി. സി. എ. ആർ. ഡി. ബി., പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റികൾ, വനിതാ സഹകരണ സംഘങ്ങൾ, സമുന്നത സഹകരണ സഹകാരികൾ, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് അവാർഡുകൾ നൽകുക.

(ix) സഹകരണ മേഖലയെക്കുറിച്ചും സഹകരണ പ്രസ്ഥാനത്തിലെ മറ്റു മേഖലകളെക്കുറിച്ചും പഠനങ്ങൾ നടത്തുക.

(x) പുതുതായി പേര് ചേർക്കപ്പെട്ട അംഗങ്ങൾക്കായി, സഹകരണ സംഘങ്ങളിലെ അംഗങ്ങൾ, കേരള സഹകരണ സംഘം ആക്ട്, ചട്ടം, മറ്റു നിയമങ്ങൾ, പൊതുവായി സഹകരണ സംഘങ്ങളുടെ ഉത്തരവാദിത്വത്തിലും നടത്തപ്പെടുന്ന 'മെമ്പർ ഇൻഡക്ഷൻ' പ്രോഗ്രാമിനു നൽകുന്ന സഹായം.

(xi) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനത്തിനും, സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള സംഘങ്ങൾ സന്ദർശിക്കുന്നതിനുമായി നടത്തുന്ന മികവ് കൈമാറ്റ സമ്പർക്ക പരിപാടിക്കായുള്ള സഹായം.

(xii) സഹകരണവേദി മാഗസിനുകൾ, ന്യൂസ്, കത്തുകൾ, വകുപ്പുതല പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയ്ക്കുള്ള വിഹിതവും ഉൾപ്പെടുന്നു. ഇതിനുവേണ്ടി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം

(വിഹിതം : 25.00 ലക്ഷം രൂപ)

സഹകരണ വകുപ്പിലെ ഓഫീസർമാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് പ്രവണതകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനുവേണ്ടി പ്രസ്തുത തുക വകയിരുത്തിയിരിക്കുന്നു.

**II. വായ്പാ സഹകരണ സംഘങ്ങൾ**

3. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന (ഐ. സി. ഡി. പി.) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം

(വിഹിതം : 275.00 ലക്ഷം രൂപ)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ഒരു പ്രധാന പദ്ധതിയാണ് 1985-86-ൽ ആരംഭിച്ച ദേശീയ സഹകരണ വികസന പദ്ധതി (ഐ. സി. ഡി. പി.). ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ മുഴുവൻ വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- വിവിധോദ്ദേശ്യ സ്വയംപര്യാപ്തത സംരംഭങ്ങൾ ആയി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വികസിപ്പിക്കൽ.
- സഹകരണ അനുബന്ധ മേഖലകളുടെ വികസനം.
- സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തമ്മിൽ ബന്ധിപ്പിക്കൽ.

പ്രാദേശിക വികസന സമീപനത്തോടെ പ്രാദേശിക വിഭവങ്ങളും ആവശ്യകതയും കണക്കിലെടുത്തുകൊണ്ട് സഹകരണ സംഘങ്ങൾക്കായി ഒരു മാക്രോപ്ലാൻ പദ്ധതി തയ്യാറാക്കൽ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നു. ഒരു പദ്ധതി നടപ്പിലാക്കൽ ഏജൻസി മുഖേന ജില്ലാ കേന്ദ്ര സഹകരണ ബാങ്ക് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. സംസ്ഥാന സർക്കാർ മുഖേന ദേശീയ സഹകരണ വികസന കോർപ്പറേഷൻ പദ്ധതിക്ക് ലോൺ, സബ്സിഡി എന്നിങ്ങനെ പദ്ധതി ധനസഹായം നൽകുന്നതാണ്. ഗോഡൗണുകൾ, ബാങ്കിംഗ് കൗണ്ടറുകൾ, വാഹനങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, ഓഹരി മൂലധനം, ശക്തിപ്പെടുത്തൽ/സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായം എന്നിവയ്ക്കായി ലോൺ നൽകുന്നു. പദ്ധതി നടപ്പിലാക്കൽ, മാനവശേഷി വികസനം, പരിശീലനം, നിരീക്ഷണം, പ്രോത്സാഹനം എന്നിയ്ക്ക് സബ്സിഡിയും നൽകുന്നു. പദ്ധതി തുകയുടെ 30 ശതമാനം ആണ് സബ്സിഡിയുടെ പരിധി. പദ്ധതി നടപ്പിലാക്കൽ മാനവശേഷി വികസനം, നിരീക്ഷണം, പ്രോത്സാഹനം എന്നിയ്ക്കുള്ള സബ്സിഡി 50:50 എന്ന നിരക്കിൽ ഏറ്റെടുക്കുന്നതാണ്.

ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ് സംയോജിത സഹകരണ വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിക്ക് സബ്സിഡി ഇനത്തിൽ സംസ്ഥാനം വഹിക്കേണ്ട 50% തുകയ്ക്കായി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. ബാക്കി 50% തുക എൻ.സി.ഡി.സി.-യാണ് വഹിക്കുന്നത്. 2016-17-ൽ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽകൂടി ഈ പദ്ധതി നടപ്പിലാക്കാൻ തുക വകയിരുത്തിയിട്ടുണ്ട്. 2016-17-ൽ പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്ക് പദ്ധതിയുടെ കീഴിൽ സഹായം നൽകുന്നതാണ്.

4. <u>കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം</u>

(വിഹിതം : 2500.00 ലക്ഷം രൂപ)

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് വിഹിതം വകയിരുത്തിയിരിക്കുന്നു:

(എ) സ്വാശ്രയ സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾക്ക് (സംഘം ഒന്നിന് 1000 രൂപ) പ്രാഥമിക ചെലവുകൾക്കായി പലിശ സബ്സിഡി ഒഴികെയുള്ള സഹായം.

(സി) കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി, വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് രേഖാപരമായ ഉറപ്പ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള, നിക്ഷേപ ഉറപ്പ് പദ്ധതിക്കായി നൽകുന്ന വിഹിതം.

(ഡി) വായ്പ തിരിച്ചടവ് കാലയളവിൽ നിര്യാതരാകുന്ന വായ്പാക്കാരന്റെ വായ്പകൾ എഴുതിത്തള്ളുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും കൂടാതെ വായ്പയെടുക്കുന്ന കർഷകരുടെയും സഹായത്താൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സംസ്ഥാന വിഹിതം.

(ഇ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾക്കുമുള്ള ഓഹരി മൂലധന സഹായത്തോടൊപ്പം, ഓഹരി, വായ്പ, സബ്സിഡി എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പദ്ധതികളിലൂടെ, അഥവാ 'ധാരാ' പദ്ധതിയിലൂടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും എഫ്.എസ്.സി.ബി. സംസ്ഥാന സഹകരണ ബാങ്കുകളുടേയും പുനരുദ്ധാരണത്തിനായുള്ള സഹായം.

(എഫ്) നെൽകൃഷിക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പട്ടികജാതി/പട്ടിക വർഗ്ഗസംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോൽസാഹന സഹായം.

(ജി) സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പി. എ. സി. എസ്./എഫ്. എസ്. സി. ബി./എഫ്. എസ്. സി. എസ്.-ന് ലഭ്യമാക്കുന്ന പ്രോൽസാഹന സഹായം. ഇത്തരം ലോണുകൾക്ക് ഈടാക്കുന്ന പലിശ ഒരു കാരണവശാലും സഹകരണ രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ കൂടുതലാവാൻ പാടില്ലാത്തതാണ്.

(എച്ച്) കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽ കൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ നൽകുന്ന പ്രോൽസാഹന സഹായം.

(ഐ) കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് പ്രോൽസാഹന ഗ്രാന്റ്, അതിന്റെ വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് അത്രയും തുക.

(ജെ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിനായുള്ള കോർപ്പസ് ഫണ്ടിലേക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൃഷിവകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കും. പലിശ സബ്സിഡി നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്.

(കെ) എൻ.എ.ഐ.എസ്./സംസ്ഥാന ഗവൺമെന്റിന്റെ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന തവണകൾ തിരിച്ചു നൽകുന്നതിനായുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(എൽ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കും പദ്ധതി തുക വകയിരുത്തിയിരിക്കുന്നു.

(എം) ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനും മറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നു. കേരള ഹോർട്ടികൾച്ചർ മിഷനെയും കാർഷിക വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

(എൻ) ബാങ്കുകളുടെ സി. ആർ. എ. ആർ. നിലവാരം വർദ്ധിപ്പിക്കുന്നതിനും, ഓഹരി മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനുമായി, ജില്ലാ സഹകരണ ബാങ്കുകൾക്കും, പി. സി. എ. ആർ. ഡി. ബി. കൾക്കും അർബൻ ബാങ്കുകൾക്കും നൽകുന്ന ഓഹരി മൂലധന സഹായം.

(ഒ) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സൊസൈറ്റികൾ എടുത്ത വായ്പയുടെ പലിശ തിരിച്ചു നൽകുന്നതിനുള്ള സൊസൈറ്റികൾക്കുള്ള സഹായം.

(പി) ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനായി സൊസൈറ്റികൾക്കുള്ള സഹായം.

(ക്യൂ) സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം.

(ആർ) കാർഷിക വികസന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതായിരിക്കും. ഇതിന്റെ പരിധി ഓരോ സംഘത്തിനും 50000 രൂപ വീതം ആയിരിക്കും.

## III. സംസ്കരണ സഹകരണ സംഘങ്ങൾ

### 5. സംസ്കര സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം—എൻ.സി.ഡി.സി. സഹായമുള്ള പദ്ധതി—സംസ്ഥാന വിഹിതം

(വിഹിതം: 75.00 ലക്ഷം രൂപ)

കൃഷി അടിസ്ഥാനമാക്കി തോട്ടവിളകൾ സംസ്കരിക്കൽ (തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധ വ്യഞ്ജനങ്ങൾ, ഭക്ഷ്യവിളകളുടെ സംസ്കരണം (അരി, പരിപ്പ് എന്നിവയ്ക്കായുള്ള മില്ലുകൾ, ബേക്കറി, ചോളം, പഞ്ചസാര പ്ലാന്റുകൾ) എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റു വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ (ഘടകങ്ങൾ അടിസ്ഥാനമാക്കി ഉള്ളവ, പേപ്പർ ബോർഡ് പ്രോജക്ടുകൾ) എന്നിവയ്ക്ക് സഹായം നൽകുന്നതിനുവേണ്ടി ദേശീയ സഹകരണ വികസന കോർപ്പറേഷൻ ഒരു കോർപ്പറേഷൻ സഹായ/കേന്ദ്ര ധനസഹായ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ.
- നിലവിലുള്ള യൂണിറ്റുകളുടെ വ്യാപനം, നവീകരണം, പുനരുദ്ധാരണം.
- ഓഹരി മൂലധനാടിസ്ഥാനം ശക്തിപ്പെടുത്തൽ.

സഹകരണാടിസ്ഥാനത്തിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ നൽകിവരുന്നു. സംസ്ഥാന സർക്കാർ ചെലവിന്റെ 30 ശതമാനം ഓഹരി മൂലധനമായും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം സബ്സിഡിയായും സംഭാവന ചെയ്യുന്നതും ബാക്കി 10 ശതമാനം തുക സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. അനുയോജ്യമായ പ്രോജക്ടുകൾ ഉള്ള എല്ലാവിധ സഹകരണ സംഘങ്ങൾക്കും ഈ സഹായം ലഭ്യമാകുന്നതാണ്. അനുയോജ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി, പ്രോജക്ടുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. 40% സംസ്ഥാന വിഹിതമായാണ് തുക വകയിരുത്തിയിരിക്കുന്നത്.

സംസ്കരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എൻ.സി.ഡി.സി. സഹായം അനുവദിക്കുന്നുണ്ട്. കാർഷിക സംസ്കരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബ്ലോക്ക് കോസ്റ്റിന്റെ 10% തുക സർക്കാർ സബ്സിഡിയായി നൽകാവുന്നതാണ്.

## IV. ഉപഭോക്തൃ സഹകരണ സംഘങ്ങൾ

### 6. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

(വിഹിതം: 200.00 ലക്ഷം രൂപ)

സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ എന്നിവയിലൂടെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ വില വർദ്ധനവിൽനിന്ന് സാമ്പത്തിക പ്രതിസന്ധിയിലുൾപ്പെട്ടവരെ സംരക്ഷിക്കുന്നതിനായി അവശ്യഭക്ഷ്യവസ്തുക്കൾ വളരെ കുറഞ്ഞ നിരക്കിൽ നൽകുകയും ചെയ്യുന്നു.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു:

(എ) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ പ്രത്യേക പദ്ധതികൾക്കുവേണ്ടിയുള്ള സഹായം വകയിരുത്തിയിരിക്കുന്നു.

(ബി) ഗ്രാമീണ നഗര പ്രദേശങ്ങളിൽ ഉപഭോക്തൃസംഘങ്ങളുടെ വികസനം.

(സി) സഹകരണ കാന്റീനുകൾക്ക് ഓഹരി മൂലധനം.

(ഡി) ഇന്ത്യൻ കോഫി ഹൗസിന്റെ ആധുനീവത്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രൂപത്തിലുള്ള സഹായം.

(ഇ) സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായം (സബ്സിഡി/ഓഹരി).

(എഫ്) സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്ത സഹകരണ സ്റ്റോറുകൾ, എന്നിവയുടെ പുനഃസംഘാടനം/പുനരുദ്ധാരണം.

(ജി) നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും നന്മ സ്റ്റോറുകൾക്കും, ഓഹരി, പലിശരഹിത വായ്പാ സബ്സിഡി എന്നിവ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും നൽകുകയും അതോടൊപ്പം കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനുമുള്ള സഹായം. നീതി മെഡിക്കൽ സ്റ്റോറുകൾക്ക് 50 ലക്ഷം രൂപ സഹായം.

## V. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

7. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം

(വിഹിതം: 50.00 ലക്ഷം രൂപ)

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ എൽ.ഐ.സി., ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ ഉതകുന്ന തരത്തിൽ ആവശ്യമായ ഓഹരി മൂലധനം സ്വരൂപിക്കാൻ സഹായം നൽകുന്നതിനാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. അംഗീകാരം ഇല്ലാത്ത പ്രാഥമിക സംഘങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കുറഞ്ഞ വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും മുൻകൂർ സഹായം നൽകുന്നതിനു വേണ്ടിയുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## VI. മറ്റു സഹകരണ സംഘങ്ങൾ

8. മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

(വിഹിതം: 1200.00 ലക്ഷം രൂപ)

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനാണ് ഈ പദ്ധതി. വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിൽ സഹായം നൽകിവരുന്നു.

വനിതാ സഹകരണ സംഘങ്ങളെയും കാർഷിക മാർക്കറ്റിംഗ് മേഖലയെയും ശക്തിപ്പെടുത്തുന്നതിന് വരുമാനം പ്രദാനം ചെയ്യാൻ കഴിയുന്നതും സാമ്പത്തികമായി നടപ്പിലാക്കുവാൻ കഴിയുന്നതുമായ പ്രോജക്ടുകൾക്ക് സഹായം വകയിരുത്തിയിരിക്കുന്നു. സഹായം നൽകുന്നതിന് സംഘങ്ങളുടെ പ്രവർത്തന മികവിനും പ്രോജക്ടിന്റെ കാര്യക്ഷമതയ്ക്കുമാണ് പ്രാധാന്യം നൽകേണ്ടത്. ദുർബല വനിതാ സഹകരണ സംഘങ്ങളുടെയും മാർക്കറ്റിംഗ് സംഘങ്ങളുടെയും പുനരുദ്ധാരണത്തിനും തുക വകയിരുത്തി യിരിക്കുന്നു.

താഴെപ്പറയുന്ന തരത്തിൽ സഹകരണ സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതാണ്:

(എ) കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് സഹായം ഉൾപ്പെടെ വനിതാ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

(ബി) മോട്ടോർ ട്രാൻസ്പോർട്ട്/ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായം.

(സി) സാഹിത്യ പ്രസാധക സഹകരണ സംഘം ഉൾപ്പെടെയുള്ള സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം.

(ഡി) വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സഹായം.

(ഇ) സഹകരണ കോളേജിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല യുവജനോത്സവം നടത്തുന്നതിനുള്ള സഹായം.

(എഫ്) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷന് സഹായം.

(ജി) സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും സഹകരണ സംഘം ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്ക് ഓഹരിയും സബ്സിഡി സഹായവും.

(എച്ച്) സഹകരണ ആശുപത്രികളുടെ അപ്പക്സ് ഫെഡറേഷനുള്ള സഹായം.

(ഐ) പഞ്ചായത്ത്/താലൂക്ക്/ജില്ലാതലത്തിലുള്ള പുതിയ ഡിസ്പെൻസറി/സഹകരണ ആശുപത്രി സൊസൈറ്റികൾക്ക് ധനസഹായം.

(ജെ) നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് ധനസഹായം.

(കെ) ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം.

(എൽ) ഉപകരണസജ്ജമായ മണ്ണ് പരീക്ഷണശാലകളും, കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണശാലകളും തുടങ്ങുന്നതിനായി വേണ്ട സഹായം.

(എം) കാര്യക്ഷമതയുള്ള പദ്ധതി വിവരണത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാരോ/എൻ.സി.ഡി.സി./ആർ.സി.എസ്സ്./പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് പട്ടികവർഗ്ഗ ഡയറക്ടറോ, വനിതാസംഘങ്ങൾക്കും മറ്റ് സഹകരണ സംഘങ്ങൾക്കും സഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ, പദ്ധതി വിവരണങ്ങൾ തയ്യാറാക്കുന്നതിനു ചിലവായ തുകയുടെ പരമാവധി 25 ശതമാനമോ, അല്ലെങ്കിൽ 10000 രൂപയോ ഏതാണോ കുറവ് അത് ഐ. സി. എം.-കൾക്ക് തിരിച്ചു നൽകുന്നതാണ്.

(എൻ) കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും മെച്ചമായ രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപന ങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ആയുർവ്വേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധ മേഖലകൾ എന്നിവയെ സഹകരണ വിനോദ സഞ്ചാരം പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നു.

(ഒ) അച്ചടി സംഘങ്ങളുടെ പുനരുദ്ധാരണം/നവീകരണത്തിനായി സബ്സിഡിയായോ ഓഹരിയായോ സഹായം.

(പി) ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം.

(ക്യൂ) സഹകരണ സംഘങ്ങൾ നടപ്പാലാക്കിവരുന്ന മാലിന്യ നിർമാർജ്ജന പദ്ധതികൾക്കുള്ള സഹായം.

(ആർ) പച്ചക്കറികൾ സംഭരിക്കാൻ സുവർണ്ണ ഷോപ്പുകളിൽ ശീത സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള സഹായം.

## 9. പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം

(വിഹിതം: 928.00 ലക്ഷം രൂപ)

പട്ടികജാതി പട്ടികവര്‍ഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അത്യാവശ്യമാണ്. ഈ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഇത്തരം കുടുംബങ്ങള്‍ക്ക് വരുമാനവും ഉപജീവന മാര്‍ഗ്ഗവും പ്രദാനം ചെയ്യുന്ന ധാരാളം വലിയ പദ്ധതികള്‍ ആരംഭിക്കുവാന്‍ സാദ്ധ്യതയുണ്ട്.

പട്ടികജാതി, പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ ഘട്ടം ഘട്ടമായി ശക്തിപ്പെടുത്തുന്നതിന് 2016-17 കാലയളവില്‍ വിവിധയിനം പരിപാടികള്‍ നിര്‍ദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അവയാണ്.

- ❖ പുതിയ പദ്ധതികളുടെ നടത്തിപ്പിനായി, പട്ടികജാതി, പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങള്‍ക്ക് ഓഹരി മൂലധന സഹായം നല്‍കുന്നതാണ്.
- ❖ കെ. ജി. റ്റി. ഇ./മറ്റു സര്‍ക്കാര്‍ ഏജന്‍സികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേക്ക് എസ്സ്.സി./എസ്സ്.റ്റി. വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങള്‍ നല്‍കുന്നതിനായുള്ള സ്ഥാപനങ്ങള്‍ തുടങ്ങുന്നതിന് സംഘങ്ങള്‍ക്ക് നല്‍കുന്ന സഹായം.
- ❖ പരിശീലന പരിപാടികള്‍, ശില്പശാലകള്‍ എന്നിങ്ങനെയുള്ള ചെലവുകള്‍ നിര്‍വ്വഹിക്കുന്നതിനായി പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങള്‍ക്ക് ഗ്രാന്റുകള്‍ നല്‍കുന്നതാണ്.
- ❖ വര്‍ഷം പരമാവധി 25 ലക്ഷം രൂപ എന്ന നിരക്കിലോ പദ്ധതി ചിലവുകള്‍ നിര്‍വ്വഹിക്കുന്നതിനും വികസനത്തിനുമായി കേരള സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ ഫെഡറേഷന്‍ ലിമിറ്റഡിനു സഹായം നല്‍കുന്നതാണ്.
- ❖ പട്ടികജാതി/പട്ടികവര്‍ഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായും, കേരള സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ വികസന സഹകരണ ഫെഡറേഷന്‍ ലിമിറ്റഡിന്റേയും പ്രത്യേക പ്രോജക്ടുകള്‍ക്കായി നല്‍കുന്ന സഹായം.

## 10 മാതൃകാ സഹകരണ സംഘങ്ങള്‍ക്കുള്ള സഹായം

(വിഹിതം: 500.00 ലക്ഷം രൂപ)

സംസ്ഥാനത്ത് പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടത്തിനായി വികസനത്തിന്റെ ഒരു ഇതര മാതൃക സൃഷ്ടിക്കുന്നതില്‍ സഹകരണ സംഘങ്ങള്‍ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സഹകരണ മേഖലയില്‍ ഈ വിഭാഗങ്ങളുടെ ഉയര്‍ച്ചയ്ക്കായി ധാരാളം പുതിയ സംരംഭങ്ങള്‍ ഉയര്‍ന്നു വന്നിട്ടുണ്ട്. 2016-17-ല്‍ സഹകരണ മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങള്‍ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി 495 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ മേഖലയിലെ മികവിന് പുരസ്കാരം നല്‍കുന്നതിനായി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ 5 വര്‍ഷമായി തുടര്‍ച്ചയായി മെച്ചപ്പെട്ട പ്രവര്‍ത്തന നിലവാരം കാഴ്ചവെച്ച സംഘങ്ങള്‍ക്കുള്ള സഹായം നല്‍കുന്നതിന് പദ്ധതി തുക വിനിയോഗിക്കുന്നതാണ്. നൂതന കണ്ടുപിടിത്തങ്ങളും മാതൃകകളും പിന്നീട് ജനകീയവല്‍ക്കരിക്കപ്പെടുന്നതാണ്. സുതാര്യമായ മാനദണ്ഡങ്ങളും ചട്ടങ്ങളും അടിസ്ഥാനമാക്കി സഹകരണ രജിസ്ട്രാറിന് കീഴിലുള്ള ഒരു വിദഗ്ദ്ധ സമിതി, സംഘങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

## 11. സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം

(വിഹിതം: 395.00 ലക്ഷം രൂപ)

ഈ പദ്ധതിയില്‍ രണ്ട് ഉപപദ്ധതികള്‍ ഉണ്ട്.

(എ) പ്രായോഗികമായ വാണിജ്യ പദ്ധതികള്‍ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങള്‍ക്ക് ധനസഹായം നല്‍കുന്ന പദ്ധതിയാണിത്. നല്ല പ്രവര്‍ത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങള്‍ക്ക് അവരുടെ പ്രോജക്ട് റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ സാമ്പത്തിക സഹായം നല്‍കുന്നതാണ്.

10% സബ്സിഡി, 20% ഓഹരി, 20% വായ്പ എന്നിങ്ങനെ പരമാവധി സഹായം പ്രോജക്ട് ചെലവിന്റെ 50 ശതമാനമാണ്. ബാക്കി തുക സംഘത്തിന്റെ സ്വന്തം ഫണ്ടില്‍ നിന്നും കണ്ടെത്തേണ്ടതാണ്.

(ബി) ശക്തിയാര്‍ജ്ജിക്കാന്‍ സാദ്ധ്യതയുള്ള ചില സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവര്‍ത്തനം എന്നിവയാണ് സഹായം നല്‍കുന്നതിന് പ്രധാനമായും പരിഗണിക്കേണ്ടത്.

താഴെപ്പറയുന്ന അടിസ്ഥാന യോഗ്യതാ മാനദണ്ഡങ്ങള്‍ക്കനുസൃതമായി സംഘങ്ങളെ തെരഞ്ഞെടുക്കുന്നതാണ്:

1. സംഘങ്ങളുടെ സഞ്ചിത നഷ്ടം സ്വന്തം ഫണ്ടിനേക്കാള്‍ കൂടാന്‍ പാടില്ല.
2. സംഘങ്ങള്‍ക്ക് കുറഞ്ഞത് 10 വര്‍ഷത്തെ ഫലപ്രദമായ പ്രവര്‍ത്തന പരിചയം ഉണ്ടായിരിക്കണം.

സഹായം പദ്ധതിച്ചെലവിന്റെ 65%-ല്‍ കവിയാന്‍ പാടില്ല. ബാക്കി തുക സംഘങ്ങളുടെ സ്വന്തം ഫണ്ടില്‍നിന്നും കണ്ടെത്തേണ്ടതാണ്. സബ്സിഡി 20% 'ഷെയര്‍ 20%' ലോണ്‍ 25% എന്നീ നിരക്കിലാണ് സഹായം നല്‍കുന്നത്.

ഒറ്റത്തവണ സഹായം, പ്രവര്‍ത്തനരഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് നല്‍കുന്നതാണ്. അംഗീകാരം നല്‍കിയ പ്രോജക്ട് റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ സബ്സിഡി, ഷെയര്‍, ലോണ്‍ എന്നിവ യഥാക്രമം 1 : 1 : 2 എന്ന അനുപാതത്തില്‍ നല്‍കേണ്ടതാണ്. പ്രവര്‍ത്തനരഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് ഒരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## 12. സഹകരണ ഡവകുപ്പിന്റെ ആധുനികവല്‍ക്കരണം

(വിഹിതം 100.00 ലക്ഷം രൂപ)

സഹകരണ വകുപ്പിലെ വിവിധ ഓഫീസുകളുടെ നവീകരണം ഉള്‍പ്പെടെ, കമ്പ്യൂട്ടറുകള്‍, ലാപ്ടോപുകള്‍, ഫോട്ടോകോപ്പി മെഷീനുകള്‍, സ്കാനറുകള്‍, ഡിജിറ്റല്‍ ലേസര്‍ പ്രിന്ററുകള്‍, ഡിജിറ്റല്‍ ഡ്യൂപ്ലിക്കേറ്ററുകള്‍, വീഡിയോ കോണ്‍ഫറന്‍സിംഗ്, ഉപകരണങ്ങള്‍ എന്നിവ വാങ്ങുന്നതിനും നെറ്റ്‌വര്‍ക്കിംഗ് വൈദ്യുതവത്കരണം, എന്നിവയും ഈ പദ്ധതിയുടെ കീഴില്‍ ഉള്‍പ്പെടുന്നു.

സെര്‍വറുകളുടെ നവീകരണത്തിന് ഇ. പി. ബി. എക്സ്. സംവിധാനം സ്ഥാപിക്കുന്നതിനും ഓഡിറ്റ് വിഭാഗത്തിലെ കമ്പ്യൂട്ടര്‍ വല്‍ക്കരണത്തിന് സോഫ്റ്റ്‌വെയറുകളുടെ വികസനത്തിന്, കണക്കുകള്‍ തിട്ടപ്പെടുത്തുന്നതിനും, വിനിയോഗിക്കുന്നതിനുമായി സ്വയം പ്രവര്‍ത്തിക്കുന്ന സോഫ്റ്റ്‌വെയറുകളും, സ്വയം പ്രേരിതമായി കണക്കുകള്‍ തിട്ടപ്പെടുത്തുന്ന പ്രക്രിയകള്‍ക്കുംവേണ്ടി തുക വകയിരുത്തിയിരിക്കുന്നു.

13. ആർ. ഐ. ഡി. എഫ്.

(വിഹിതം: 962.00 ലക്ഷം രൂപ)

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യ സഹകരണം മുതലായ പദ്ധതികൾക്കുവേണ്ടി വിഹിതം വകയിരുത്തിയിരിക്കുന്നു. നബാർഡിന്റെ അംഗീകാരത്തിനായി വിശദമായ പദ്ധതി തയ്യാറാക്കണം.

14. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന സഹായം (കേപ്പ്)

(വിഹിതം: 950.00 ലക്ഷം രൂപ)

കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു. സർക്കാരിൽ നിന്നുള്ള ധനസഹായം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ചെലവിന്റെ 25 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള പത്തനാപുരത്തും വടകരയിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുവാനും വടക്കാഞ്ചേരി, ആറൻമുള എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠന വികസന ബ്ലോക്ക് (രണ്ടാം ഘട്ടം) നിർമ്മിക്കുവാനുമായാണ് തുക വകയിരുത്തപ്പെട്ടിട്ടുള്ളത്.

15. കർഷക സേവന കേന്ദ്രം

(വിഹിതം 500.00 ലക്ഷം രൂപ)

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി 2012-13, 2013-14 വർഷങ്ങളിലായി സ്ഥാപിച്ചിട്ടുള്ള 60 കർഷക സേവനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് തുക വകയിരിത്തിയിരിക്കുന്നു. ഈ കേന്ദ്രം, കർഷകർക്ക് ഫാം സർവ്വീസുകൾ ബ്ലോക്ക് തലത്തിൽ നൽകുന്നതാണ്.

ഈ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു :

1. കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.
2. കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക.
3. ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവത്കരണത്തിന്റെ ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നു. കൊയ്ത്ത് മെതിയന്ത്രങ്ങളും ട്രാക്ടറുകളും ട്രില്ലറുകളും മറ്റ് ഉപകരണങ്ങളും ഈ കേന്ദ്രത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടാവുകയും പരിശീലനങ്ങൾ നൽകുകയും, ആവശ്യമായ സ്പെയർ പാർട്ടുകളും റിപ്പയറും ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ചെയ്യുന്നു. ഇവ നിരന്തരമായി, സ്വയം സഹായക കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു.
4. നടീൽ വസ്തുക്കൾ, മറ്റു വസ്തുക്കൾ, മണ്ണ് പരീക്ഷണ വിപണനം എന്നിവയ്ക്കായുള്ള സഹായക കേന്ദ്രമായി വർത്തിക്കുന്നു.

ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് പഞ്ചായത്തുകളും, കൃഷി വകുപ്പും ഒരുമിച്ചുള്ള ഒരു ഏകോപന പ്രക്രിയ വികസിപ്പിച്ചെടുക്കേണ്ടതാണ്.

2016-17-ൽ മികച്ച 3 കർഷക സേവന കേന്ദ്രങ്ങൾക്ക് അവാർഡ് നൽകുന്നതിനായി 5 ലക്ഷം രൂപ മാറ്റിവെച്ചിട്ടുണ്ട്. 2012-13-ലും 2013-14-ലും സ്ഥാപിക്കപ്പെട്ട കർഷക സേവന കേന്ദ്രങ്ങളിലെ വിജയം കൈവരിച്ച സംഘങ്ങളുടെ നൂതന പ്രവർത്തനങ്ങൾക്ക് പദ്ധതി അടിസ്ഥാനത്തിൽ സഹായം നൽകുന്നതിലേക്കായി 380 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഏറ്റെടുത്ത പ്രവർത്തനങ്ങൾ, സേവനം ലഭ്യമായ കർഷകരുടെ എണ്ണം, വരുമാനത്തിൽ ഉണ്ടായ വർദ്ധനവ്, മറ്റ് സേവനങ്ങൾ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ പ്രവർത്തനങ്ങൾ നടത്തുന്ന കേന്ദ്രങ്ങൾക്കാണ് സഹായം. തിരഞ്ഞെടുക്കപ്പെട്ട കർഷകസേവന കേന്ദ്രങ്ങളിൽ മണ്ണ് പരിശോധന ശാലകൾ സ്ഥാപിക്കുന്നതിലേക്കായി 110 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഴ്സറികൾ തുടങ്ങുന്നതിനും കൃഷിക്കായുള്ള ബയോഫാർമസി, ജൈവ കൃഷി, സേവന യൂണിറ്റുകൾ, കാർഷിക യന്ത്രവത്കരണ സേവനങ്ങൾ എന്നിവയ്ക്കായുള്ള സഹായവും, പദ്ധതി അടിസ്ഥാന സഹായമായി നൽകുന്ന 380 ലക്ഷം രൂപയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ ഘടകങ്ങൾക്കും പ്രത്യേകം പദ്ധതികൾ തയ്യാറാക്കി അനുമതി വാങ്ങേണ്ടതാണ്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി. എം. ഡി.) മുഖേന നടത്തുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

16. വിപണന സഹകരണ സംഘങ്ങൾക്കായുള്ള സഹായം

(വിഹിതം 440.00 ലക്ഷം രൂപ)

വിവിധ കാർഷിക ഉല്പന്നങ്ങൾക്കായി വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ പറ്റുന്നത്, വരുമാനം ഉളവാക്കാൻ പറ്റുന്നതുമായ പദ്ധതികൾ നൽകികൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുവാൻ സഹായം നൽകുന്നു. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതികളുടെ ജീവനക്ഷമത എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകികൊണ്ട് സഹായം നൽകുന്നതാണ്. പദ്ധതി വിവരണത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സംഘങ്ങൾക്കുമാത്രമായി സഹായങ്ങൾ ചുരുക്കിയിരിക്കുന്നു.

17. സഹകരണ ആസ്ഥാന മന്ദിരവും അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥാപനത്തിനായുള്ള സഹായം

(വിഹിതം 300.00 ലക്ഷം രൂപ)

സർക്കാർ അനുവദിച്ച ഭൂമിയിൽ, സഹകരണ വകുപ്പിന്റെ ആസ്ഥാനമന്ദിരത്തിനും അതിനു കീഴിലുള്ള സ്ഥാപനങ്ങളുടെ നിർമ്മാണത്തിനുമായി വിഹിതം വകയിരുത്തുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വന്തമായ കെട്ടിടം വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. വളരെയേറെ സ്ഥല പരിമിതികൾക്കുള്ളിൽ നിന്നുമാണ്, വാടക കെട്ടിടങ്ങളിൽ വകുപ്പിന്റെ പ്രവർത്തനം നടന്നു പോരുന്നത്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ വിവിധ ഓഫീസുകളെല്ലാം ഒരേ കൂരയ്ക്ക് താഴെ കൊണ്ടുവരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സേവന വിതരണത്തിന്റെ ഭാഗമായുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന്, ഒറ്റതവണ സഹായമായി വിഹിതം വകയിരുത്തുന്നു.

# IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി 2016-17-ലെ വാർഷിക പദ്ധതിയിൽ 491.47 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം, സംസ്ഥാനത്തിന് പുറമേനിന്നുള്ള ധനസഹായം (EAP), ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ. ഐ. ഡി. എഫ്.) എന്നിവ ഉൾപ്പെടുന്നു. ഈ മേഖലയിൽ 2016-17-ൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

വാർഷിക പദ്ധതി 2016-17-ന്റെ ഉപമേഖലാ തലത്തിലുള്ള വകയിരുത്തൽ

*(കോടി രൂപ)*

| *ക്രമ നമ്പർ* | *ഉപമേഖല* | *വാർഷിക പദ്ധതി വകയിരുത്തൽ 2016-17* |
|---|---|---|
| (1) | (2) | (3) |
| 1 | വൻകിട-ഇടത്തര ജലസേചനം | 307.23 |
| 2 | ചെറുകിട ജലസേചനം: | 129.82 |
| | (i) ഭൂഗർഭ ജലവികസനം | 20.60 |
| | (ii) ഉപരിതല ജലവികസനം | 109.22 |
| 3 | കമാന്റ് ഏരിയാ വികസന പരിപാടികൾ | 4.00 |
| 4 | വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും | 50.42 |
| | (i) വെള്ളപ്പൊക്ക നിയന്ത്രണം | 50.00 |
| | (ii) തീരദേശ സംരക്ഷണം | 0.42 |
| | ആകെ | 491.47 |

കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030

ഭാവിയിൽ ഉണ്ടാകാവുന്ന ജലത്തിന്റെ ആവശ്യകതയുടെ ഒരു പ്രതിഫലനമാണ് നിലവിൽ വിവിധ മേഖലകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ തോത്. നിലവിൽ ജലസേചനത്തിനായി 13.7 ബി. സി. എം. ജലം ആവശ്യമുണ്ട്. ജലസേചനത്തിന്റെ ആവശ്യത്തിനായി വർഷം തോറും 2 ശതമാനം എന്ന നിലയിൽ ജലസമ്പത്ത് വർദ്ധിക്കേണ്ടതാണ്. ജലസേചന പ്രദേശങ്ങളുടെ വിസ്തൃതി (നെറ്റ്) 50 ശതമാനം എന്ന ലക്ഷ്യത്തിൽ എത്തണം എങ്കിൽ ജലസമ്പത്ത് കുറഞ്ഞത് 2 ശതമാനം എന്ന നിലയിൽ വർദ്ധിക്കേണ്ടത് ആവശ്യമാണ്. 2021 ആകുമ്പോൾ ജലസേചനത്തിന് ആവശ്യമായി വരുന്ന വെള്ളത്തിന്റെ തോത് 20 ബി. സി. എം. ആയിട്ട് വർദ്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. വിവിധ ജലസേചന പദ്ധതികളിൽ കൂടി ജലസേചനസാധ്യതാ പ്രദേശങ്ങളുടെ പരിധി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും, ജലസമ്പത്ത് സംരക്ഷിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകി കൊണ്ടായിരിക്കണം ഇത്. 2016-17-ൽ 254.04 കോടി രൂപയുടെ വിവിധ പദ്ധതികളാണ് കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൻകിട/ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, കാഡാ കനാലുകളുടെ വിപുലീകരണം,വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ മുതലായവ ഇതിൽ ഉൾപ്പെടുന്നു.

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു.

**4.1 വൻകിട ഇടത്തരം ജലസേചനം**

1. ഇടമലയാർ ജലസേചന പദ്ധതി

(വിഹിതം: 2000.00 ലക്ഷം രൂപ)

ഇടമലയാർ പദ്ധതി മുഖേന 14394 ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 13209 ഹെക്ടർ പ്രദേശം കൃഷിചെയ്യുന്ന കമാൻഡ് ഏരിയ ആണ് (സി.സി.എ.). പെരിയാർ ബാരേജിൽ നിന്നും തുടങ്ങി വലത്തോട്ടുള്ള കനാലിന്റെ നിർമ്മാണമാണ് ഈ പദ്ധതിയിൽ പ്രധാനമായുള്ളത്. ഈ പ്രധാന കനാൽ രണ്ടായി തിരിഞ്ഞ് 27.20 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ലോ ലെവൽ കനാലും 7.582 കി. മീ. ദൈർഘ്യമുള്ള ഒരു ലിങ്ക് കനാൽ എന്നും രണ്ടായി തിരിയുന്നു. ലിങ്ക് കനാൽ ചാലക്കുടി പദ്ധതിയുടെ വലതുകര മെയിൻ കനാലുമായി ചേരുന്നു. ഈ പദ്ധതി മുഖേന 14060 ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. 1981-ൽ പണി ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ 17.85 കോടി രൂപയാണ്. 2012-ലെ നിരക്കനുസരിച്ചുള്ള അടങ്കൽ 750 കോടി രൂപയാണ്. ഈ പദ്ധതിക്കായി 2015 മാർച്ച് മാസം വരെ 397.86 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

പ്രധാന കനാലിന്റെ പണി 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ലോവർ കനാലിന്റെ 86.20 ശതമാനവും, ലിങ്ക് കനാലിന്റെ 45.80 ശതമാനവും, ആർ. ബി. എം. സി. -യുടെ നവീകരണത്തിന്റെ 96.72 ശതമാനവും പണി പൂർത്തീകരിച്ചിട്ടുണ്ട്. ലോവർ കനാലിന്റെ ബാക്കിയുള്ള പണിയും (7300 മീറ്റർ 7800 മീറ്റർ വരെ), ലിങ്ക് കനാലിന്റെ അക്വാഡക്റ്റുകളുടെ 445 മീറ്റർ മുതൽ 608 മീറ്റർ വരെയും, ആർ. ബി. എം. സി.-യുടെ നവീകരണത്തിനുള്ള ബാക്കി പണിയും ലിങ്ക് കനാലിന്റെ 2000 മുതൽ 4000 മീറ്റർ വരെയുള്ള ഭൂമി എറ്റെടുക്കുന്നതിന്റെ പണിയും 2016-2017-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2. മൂവാറ്റുപുഴ ജലസേചനപദ്ധതി

(വിഹിതം: 2100.00 ലക്ഷം രൂപ)

ഇടുക്കി ജലവൈദ്യുത പദ്ധതിയിൽനിന്നും പുറംതള്ളപ്പെടുന്ന ജലം ഉപയോഗിച്ച് എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായി 19237 ഹെക്ടർ സ്ഥലത്തും ആകെ 37737 ഹെക്ടർ സ്ഥലത്തും ജലസേചനം നടത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 4.77 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിക്കു വേണ്ടി 19.82$M^3$/സെക്കന്റ് (700 ക്യൂ. സെക്കന്റ്) ജലവും വ്യാവസായിക ആവശ്യങ്ങൾക്കായി 1.84 $M^3$/സെക്കന്റ് (65 ക്യൂ. സെക്കന്റ്) ജലവും വിനിയോഗിക്കുന്നതാണ്. 1974-ൽ ആരംഭിച്ച ഈ പദ്ധതിയുടെ അസ്സൽ അടങ്കൽ 20.86 കോടി രൂപയായിരുന്നു. പ്രസ്തുത പദ്ധതിക്ക് 2006-07 വർഷം വരെ എ. ഐ. ബി. പി. സഹായം ലഭ്യമായിരുന്നു. സി.ഡബ്ളിയു.സി പ്രസ്തുത സഹായം 2010-11-വരെ 4 വർഷം കൂടി തുടരുന്നതിന് അനുവാദം നൽകിയിരുന്നു.

മൂവാറ്റുപുഴ ജലസേചന പദ്ധതി വിദഗ്ദ്ധ സമിതിയുടെയും ഗവൺമെന്റ്തല തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് പതിനൊന്നാം പദ്ധതിയിൽ 2010-ൽ പൂർത്തീകരിക്കുന്നതിനും 2011-ൽ പദ്ധതി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനും വേണ്ടി ഉൾപ്പെടുത്തിയത്. പദ്ധതി ചെലവുകളിൽ കുറവ് വരുത്തുവാനായി ആവശ്യമായ ഭേദഗതികൾ വരുത്തുവാനും സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാനായി ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ ചിലവുകൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കു മായാണ് തുക വകയിരുത്തിയിരിക്കുന്നത്. ജല വിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ അംഗീകാരം ലഭ്യമായ പണികളുടെ പൂർത്തീകരണത്തിനായി പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്. പുതിയ പണികളൊന്നും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്നതല്ല. പദ്ധതി പൂർത്തീകരണ ത്തിനായി ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി (ആർ. ഐ. ഡി. എഫ്.)-ന്റെ സഹായം വിനിയോഗിക്കാവുന്ന താണ്. 2012-ലെ നിരക്കനുസരിച്ചുള്ള അടങ്കൽ തുക 967 കോടി രൂപയാണ്.

ഈ ജലസേചന പദ്ധതിയുടെ വിവിധ കനാലുകളുടെ പണി 91 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കനാലിന്റെ 100 ശതമാനവും, ബ്രാഞ്ചുകളുടെ 96 ശതമാനവും, ഡിസ്ട്രിബ്യൂട്ടറികളുടെ 88 ശതമാനവും പണി പൂർത്തീകരിച്ചിട്ടുണ്ട്. മരടി ബ്രാഞ്ച് കനാൽ, രാമമംഗലം ബ്രാഞ്ച് കനാൽ, പിറവം ബ്രാഞ്ച് കനാൽ, ഏറ്റുമാനൂർ ബ്രാഞ്ച് കനാൽ, മൂലക്കുളം ബ്രാഞ്ച് കനാൽ, പ്രധാന കനാലിന്റെ ഇടത്-വലത് തീരങ്ങളുടെ പണി, പ്രധാന ഡിസ്ട്രിബ്യൂട്ടറികൾ മുതലായ പണികൾ മാർച്ച് 2017-നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

3. കാവേരി നദീതടപദ്ധതി

കാവേരി നദിയിലെ 726 ടി.എം.സി. ജലത്തിൽ, 30 ടി.എം.സി. ജലം 2007-ൽ കാവേരി ട്രിബ്യൂണൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 21 ടി.എം.സി. കബനി സബ് ബേസിനിലും 6 ടി.എം.സി. ഭവാനി സബ് ബേസിനിലും 3 ടി.എം.സി. പാമ്പാർ ബേസിനിലും ഉൾപ്പെടുന്നു. ഏകദേശം 81155 ച. കി. മി. വരുന്ന കാവേരി നദീതടപ്രദേശം കർണ്ണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിലും ആയി വ്യാപിച്ചുകിടക്കുന്നു. ഇതിൽ കേരളത്തിലെ വൃഷ്ടിപ്രദേശം എന്നു പറയുന്നത് 2866 ച. കി. മി. ആണ്. ജലവിഭവങ്ങളുടെ വിനിയോഗത്തിനായി ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുൾപ്പെടുത്തികൊണ്ട് ഒരു നദീതട വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആർ.ഐ.ഡി.എഫിന്റെ സഹായവും വിനിയോഗിക്കുന്നതാണ്. കാവേരി നദീതടത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കവേരി നദീതട പദ്ധതിയിൽ 14550 ലക്ഷം രൂപയ്ക്ക് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിരുക്കുന്നു.

(എ) കബനി ഉപനദീതടം

(i) കാരാപ്പുഴ ജലസേചന പദ്ധതി

(വിഹിതം: 500.00 ലക്ഷം രൂപ)

അഞ്ചാം പഞ്ചവൽസര പദ്ധതിക്കാലത്ത് വയനാട് ജില്ലയിൽ ആരംഭിച്ച ആദ്യ ജലസേചന പദ്ധതിയാണ് കാരാപ്പുഴ ജലസേചന പദ്ധതി. കാരാപ്പുഴയ്ക്കു കുറുകെ വഴവറ്റ എന്ന സ്ഥലത്ത് ഒരു അണക്കെട്ട് നിർമ്മിച്ച് വയനാട് ജില്ലയിലെ 8721 ഹെക്ടർ സ്ഥലത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് 1978-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. മെയ്-ജൂൺ മാസങ്ങളിലും, രണ്ടാം വിള കാലഘട്ടത്തിലും ജലസേചന സൗകര്യം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ യഥാർത്ഥ അടങ്കൽ 7.60 കോടി രൂപയായിരുന്നു. പദ്ധതിയുടെ പ്രധാന പണികൾ പൂർത്തീകരിക്കപ്പെടുകയും 20-6-2010-ൽ കമ്മീഷൻ ചെയ്യപ്പെടുകയും ഉണ്ടായി. 8.05 കി.മീ. വലതു കനാൽ പണികളും 16.59 കി.മീ. ഇടതുകനാൽ പണികളും പൂർത്തീകരിച്ച പദ്ധതിയുടെ ഇതുവരെയുള്ള ഭൗതിക നേട്ടം 601 ഹെക്ടർ ആണ്. 2010 എസ്. ഒ. ആർ. പ്രകാരം പദ്ധതിയുടെ പുതുക്കിയ തുക 441.50 കോടി രൂപയാണ്. ഈ പദ്ധതിക്കായി 2015 മാർച്ച് വരെ 305.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2006-07-ൽ ഈ പദ്ധതിക്ക് ആക്സിലറേറ്റഡ് ഇറിഗേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. ഭാരത സർക്കാരിൽ നിന്നും ഗ്രാന്റ് ഇനത്തിൽ ഒന്നാം ഗഡുവായി 2.7188 കോടി രുപ ലഭിക്കുകയു ണ്ടായി. എസ്റ്റാബ്ലിഷ്മെന്റ്, സ്പിൽ ഓവർ ചെലവുകൾക്കും പുതിയ പണികൾ ഏറ്റെടുക്കുന്നതിനും വേണ്ടിയും സംസ്ഥാന പദ്ധതിയിൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(ii) ബാണാസുരസാഗർ ജലസേചന പദ്ധതി

(വിഹിതം: 250.00 ലക്ഷം രൂപ)

വയനാട് ജില്ലയിൽ നദിയുടെ ശാഖയായ കരമൻ തോടിനുകുറുകെ വൈദ്യുതി ബോർഡ് നിർമ്മിച്ചിരിക്കുന്ന അണക്കെട്ടിൽനിന്നും കനാലുകൾ നിർമ്മിച്ച് 2800 ഹെക്ടർ സ്ഥലത്ത് രണ്ടും മൂന്നും വിളകൾക്ക് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. 1971-ൽ 8 കോടി രൂപ അടങ്കലോടെ പണി ആരംഭിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ കനാൽ ശൃംഖല 2.73 കി.മീ. ദൈർഘ്യമുള്ള ഒരു മെയിൻ കനാലും 14.42 കി.മീ. ദൈർഘ്യമുള്ള രണ്ട് ശാഖ കനാലുകളും, മൊത്തം 69.04 കി.മീ. ദൈർഘ്യമുള്ള 14 വിതരണ ശൃംഖലകളുമാണ്. മെയിൻ കനാലിൽ 2.73 കി. മീറ്ററിൽ ചെയിനേജ് 1130 മീറ്റർ മുതൽ 1500 മീറ്റർ വരെയുള്ള പണി ഒഴികെ (പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ-9.03 കി.മീ., വെണ്ണിയോട് ബ്രാഞ്ച് കനാൽ-5.39 കി.മീ.) മറ്റുപണികൾ പൂർത്തിയാക്കി. രണ്ട് ബ്രാഞ്ച് കനാലുകളുടെ പണി പുരോഗതിയിലാണ്. കൈവഴികൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2015 മാർച്ച് വരെ ഈ പദ്ധതിക്കായി 48.20 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(iii) കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

(വിഹിതം: 8200.00 ലക്ഷം രൂപ)

കാവേരി നദീതടത്തിലെ കുളങ്ങളുടെ നവീകരണ ത്തിനുൾപ്പെടെ ക്ലാസ്സ് II ചെറുകിട ജലസേചന പണികൾ ഈ വിഹിതം ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്.

ചെക്കുഡാമുകൾ നിർമ്മിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും കുളങ്ങളെ നിലനിർത്തുക എന്നത് ഈ പദ്ധതിയുടെ ഒരു മുൻഗണനാ മേഖലയാണ്. മലയോര പ്രദേശങ്ങളിലെ ചെറിയ അരുവികൾ വികസന പരിപാടികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറിയ അരുവികൾ, ചെക്ക് ഡാമുകൾ, കുളങ്ങളുടെ

നവീകരണം എന്നിവയുടെ വികസനത്തിനായി ഒരു പദ്ധതി 2016-17-ൽ വയനാട് ജില്ലയിൽ മലയോരവികസന ഏജൻസിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതിനാവശ്യമായ വിഹിതം പ്രത്യേക മേഖലാ വികസന പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണത്തിന് മതിയായ വിഹിതം നബാർഡ് സഹായം ലഭ്യമാകുന്ന പദ്ധതിക്ക് വകയിരുത്തി യിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വയനാട് ജില്ലയിലെ കുളങ്ങളുടെ നവീകരണ പരിപാടികൾ ഏറ്റെടുക്കേണ്ടതാണ്. കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2016-17-ൽ 8200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 6000 രൂപ ആർ. ഐ. ഡി. എഫ്-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെ ടുക്കപ്പെട്ട പ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനത്തിനും ജലസ്രോതസ്സുകളുടെ വികസനത്തിനുമായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ഭവാനി നദീതടം

(വിഹിതം: 500.00 ലക്ഷം)

പാലക്കാട് ജില്ലയിലെ അവികസിത പട്ടികവർഗ്ഗ മേഖലയായ അട്ടപ്പാടിയിൽ ചെക്ക് ഡാമുകൾ (തടയണ) നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഭവാനി നദീതടത്തിൽ 500 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നത്. സൂക്ഷ്മ ജലസേചനവുമായി സംയോജി പ്പിക്കാവുന്നതിന്റെ സാധ്യതയും പരിശോധിക്കേണ്ടതാണ്.

(സി) അന്തർസംസ്ഥാന വാട്ടർ ഹബ്

(വിഹിതം: 100.00 ലക്ഷം രൂപ)

ജെ. ഡബ്യൂ. ആർ. ഡിവിഷൻ, അന്തർസംസ്ഥാന ജലസഹായ സംവിധാനം എന്നിവയെ ഉൾപ്പെടുത്തുന്നതിനായി ഐ. എസ്. ഡബ്ല്യൂ. ഹബ് എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന്റെ ജലവുമായി ബന്ധപ്പെട്ട എല്ലാ അന്തർസംസ്ഥാന പ്രശ്നങ്ങളും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനുദ്ദേശിക്കുന്ന ഒന്നാണ് ഇത്. ഈ പദ്ധതി ആരംഭിക്കുന്നതിനായി 2016-17-ൽ 100 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2 വർഷത്തിനുള്ളിൽ പണി പൂർത്തി യാക്കുന്നതിനുദ്ദേശിക്കുന്നു. ജലസംരക്ഷണത്തിനാവശ്യമായ കഴിവുകൾ വികസിപ്പിക്കുന്നതിന് പരിശീലനം സംഘടിപ്പി ക്കുന്നതിനായി ഒരു പരിശീലന ഹാൾ നിർമ്മാണവും ഇതിലുൾ പ്പെടുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പാമ്പാർ നദീതട പദ്ധതികൾ

(i) പട്ടിശ്ശേരി പദ്ധതി (വിഹിതം: 5000.00 ലക്ഷം രൂപ)

2007-ൽ കാവേരി ട്രിബ്യൂണൽ കേരളത്തിന് 30 ടി.എം.സി. ജലം അനുവദിച്ചതിൽ 3 ടി.എം.സി. പാമ്പാർ നദീതടത്തിൽ ആണ്. പാമ്പാർ നദീതടത്തിൽ ജലവിഭവ വികസനത്തിനായി ഒരു ബൃഹത് പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. ചെങ്കളാർ പദ്ധതിയുടെ ഭാഗമായി പട്ടിശ്ശേരി ഡാമിന്റെയും കനാൽ സംവിധാനത്തിന്റെയും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 2013 മാർച്ചിൽ 26 കോടി രൂപയുടെ ഭരണാനുമതി നൽകുക യുണ്ടായി. 2016-17-ൽ ചെങ്കളാർ പദ്ധതിയുടെ കീഴിൽ പട്ടിശ്ശേരി ഡാമിന്റെയും ചെങ്കളാർ പദ്ധതിയിലെ കനാൽ സംവിധാനത്തി ന്റെയും പൂർത്തീകരണത്തിനായി 5000 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു ഇതിൽ 4000 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

4 കാഡാ കനാലുകളുടെ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടേയും നവീകരണം.

(വിഹിതം: 2000.00 ലക്ഷം രൂപ)

ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പദ്ധതി കളിൽ ഉൾപ്പെടുത്തി ഫീൽഡ് ചാനലുകളുടെ നവീകരണ ത്തിനായി 2015-16 കാലയളവിൽ 2800 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. 2016-17-ൽ കമാന്റ് ഏരിയ വികസന പരിപാടികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, വാളയാർ, പോത്തുണ്ടി പദ്ധതി കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 2000 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു. 2014-15-ൽ പരീക്ഷണാർ ത്ഥത്തിൽ ഇപ്രകാരം ഒരു പദ്ധതി കാഡ മുഖാന്തിരം ആരംഭിച്ചിരുന്നു. മേൽപറഞ്ഞ പദ്ധതികളുടെ ചാനലുകളുടേയും ഡ്രെയിനുകളുടേയും നവീകരണ പദ്ധതികൾ പൂർത്തീയാക്കുന്നതിനുവേണ്ടിയാണ് തുക വകയിരുത്തി യിരിക്കുന്നത്. കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി പാടശേഖര സമിതികൾ മുഖാന്തിരമാണ് പദ്ധതി നടപ്പിലാ ക്കുന്നത്. ഡി. പി. ആർ. രൂപകല്പന ചെയ്യുന്നതുൾ പ്പെടെയുള്ള കാര്യങ്ങളുടെ ഏകോപനം കാഡയുടെ ചീഫ് എഞ്ചിനീയർ നിർവ്വഹിക്കുന്നതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**മറ്റു പദ്ധതികൾ**

5. വൻകിട ജലസേചന പദ്ധതികളുടെ പര്യവേഷണം

(വിഹിതം: 150.00 ലക്ഷം രൂപ)

വൻകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പ്രോജക്ടുകൾ പുതുക്കുന്നതിനാവശ്യമായ പര്യവേഷണം നടത്തുന്നതിനുമുള്ള ഒരു പദ്ധതിയാണിത്. അന്തർ സംസ്ഥാന ജലസേചന പദ്ധതികളിൽ (പാമ്പാർ, കബനി) കേരള പ്രദേശത്തുവരുന്ന പദ്ധതികളുടെ പര്യവേഷണം മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. പുതിയ മുല്ലപ്പെരിയാർ ഡാം പര്യവേഷണം, ചാലിയാർ പദ്ധതി, മൂവാറ്റുപുഴ നദീതട പദ്ധതികൾ, കബനി, പാമ്പാർ എന്നീ ബേസിനുകളിലെ പ്രോജക്ടുകളുടെ പര്യവേഷണം ഭവാനി ബേസിൻ, കർഷകർക്കായുള്ള പാക്കേജിൻ കീഴിൽ വരുന്ന മറ്റു പദ്ധതികൾ, ചെക്ക് ഡാമുകൾ, ചെക്ക് ഡാം റെഗുലേറ്ററുകൾ എന്നിങ്ങനെ എല്ലാ പണികളുടേയും പര്യവേഷണം, പാമ്പാർ, ഭവാനി, കബനി എന്നിവിടങ്ങളിലെ ബാക്കിയുള്ള പദ്ധതികളുടെ പര്യവേഷണം എന്നിവ ലക്ഷ്യമിടുന്നു. 2016-17-ൽ പര്യവേഷണ പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. മാനവശേഷി വികസനവും ജലസേചന വകുപ്പിന്റെ നവീകരണവും

(i) ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രത്തിന് ധനസഹായം

(വിഹിതം: 25.00 ലക്ഷം രൂപ)

ജലവിഭവ മാനേജ്മെന്റിൽ പരിശീലന കോഴ്സുകൾ സംഘടിപ്പിക്കുന്നതിന് ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രത്തിന് ധനസഹായം നൽകിവരുന്നു. ജലവിഭവങ്ങളുടെ ശരിയായ ഉപയോഗത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിനു വേണ്ട പരിശീലന കോഴ്സുകൾ ഗ്രാമപഞ്ചായത്തുതല ഉദ്യോഗസ്ഥൻമാർക്ക് നൽകിവരുന്നു. പരിശീലന പരിപാടികൾ തുടർന്നു നടത്തുന്നതിനുള്ള തുകയാണ് പദ്ധതി വിഹിതം.

(ii) ജലസേചന വകുപ്പിലെ പ്രത്യേക പരിശീലന പരിപാടികളും വകുപ്പിന്റെ നവീകരണവും

(വിഹിതം: 53.00 ലക്ഷം രൂപ)

ജലസേചന വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് രൂപകൽപനകൾ തയ്യാറാക്കുന്നതിലും പദ്ധതി നടത്തിപ്പിലും മറ്റും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും മറ്റുമായി ഐ.ഐ.റ്റി., മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയിൽ അയച്ച് പരിശീലനം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. 25 ലക്ഷം രൂപ ഈ വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥക്ക് പരിശീലനം നൽകുന്നതിനായി വിനിയോഗിക്കുന്നതാണ്.

കേരള സംസ്ഥാന വൈഡ് ഏരിയ വർക്ക് (കെ. എസ്. ഡബ്ല്യൂ.എ.എൻ.) സംസ്ഥാനത്ത് പൊതുവായി ഇ-ഗവേണൻസ് ശൃംഖല രൂപകൽപന ചെയ്തിട്ടുണ്ട്. ഈ സംവിധാനം ജലസേചന വകുപ്പിൽ നടപ്പിലാക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. നാഷണൽ ഹൈഡ്രോളജി പ്രോജക്ട്-ഘട്ടം 3 (ഉപരിതല ജലവിഭാഗം)

(വിഹിതം: 200.00 ലക്ഷം രൂപ)

ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഉപരിതല ഭൂഗർഭ ജലവിഭവത്തെ സംബന്ധിക്കുന്ന ഒരു ഡാറ്റാ ബേസ് രൂപീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നാഷണൽ ഹൈഡ്രോളജി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുടെ വിജയത്തിനുശേഷം മൂന്നാം ഘട്ടം വിഭാവനം ചെയ്തിരിക്കുന്നു. സംസ്ഥാനത്ത് "ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്" (ഐ.ഡബ്ള്യു. ആർ. എം.) നടപ്പിലാക്കുന്നതിനായി വിശദമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ "വാട്ടർബഡ്ജറ്റിംഗിനാണ്" കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. 2016-17-ൽ 200 ലക്ഷം രൂപ ഈ പദ്ധതിയുടെ മൂന്നാം ഘട്ടത്തിനായി വകയിരുത്തിയിരിക്കുന്നു.

8. പോസ്റ്റ് ഫാക്ടോ ഇവാലുവേഷൻ

(വിഹിതം: 5.00 ലക്ഷം രൂപ)

പൂർത്തീകരിക്കപ്പെട്ട എല്ലാ വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെയും വിശദമായ വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. ജലസേചന പദ്ധതികളിൽ നിന്നും ലഭിക്കുന്ന നേട്ടവും, ഗുണഭോക്താക്കളുടെ സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും ഈ പദ്ധതി മുഖാന്തിരം സാധിക്കും. മംഗലം, ചിമ്മോണി എന്നീ ജലസേചന പദ്ധതികളാണ് പഠനത്തിനായി 2015-16 വർഷത്തിൽ തെരഞ്ഞെടുത്തിരുന്നത്. പദ്ധതി അവലോകനങ്ങൾ തയ്യാറാക്കുന്നതിനും, യാത്രാ ചെലവുകൾ വഹിക്കുന്നതിനും അവലോകനങ്ങളുടെ അനുബന്ധങ്ങളും മറ്റു പഠനരേഖകളും അച്ചടിക്കുന്നതിനും വേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതി തുക വകയിരുത്തിയിരിക്കുന്നത്. 2016-17-ൽ മലമ്പുഴ, പഴശ്ശി, വാളയാർ എന്നീ ജലസേചന പദ്ധതികളുടെ ഒരു വിലയിരുത്തൽ നടത്തുന്നതാണ്.

9. പര്യവേഷണ രൂപകൽപന വിഭാഗത്തിന്റെ ആധുനീകരണം

(വിഹിതം: 335.00 ലക്ഷം രൂപ)

നദീതട ജലവിഭവ മാനേജുമെന്റിന്റെ ആവശ്യകത പരിഗണിച്ച് ആധുനിക സാങ്കേതികവിദ്യ അടക്കമുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വകുപ്പിന്റെ പര്യവേഷണ രൂപകൽപ്പന വിഭാഗത്തിന്റെ ആധുനീകരണമാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. രൂപകൽപ്പന വിഭാഗം, പീച്ചിയിലെ കേരി, ഫീൽഡ് സ്റ്റഡി സർക്കിൾ എന്നിവയുടെ ആധുനീകരണം ലക്ഷ്യമിടുന്നു. അത്യന്താധുനിക സാങ്കേതിക വിദ്യകൾ വിനിയോഗിച്ചുള്ള പൂർണ്ണസജ്ജമായ ജി.ഐ.എസ്. ലബോറട്ടറിക്കും രൂപകൽപ്പനക്ക് സഹായകമായ സോഫ്റ്റ് വെയറിന്റെ രൂപീകരണത്തിനും ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. പദ്ധതി ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(i) പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം-രണ്ടാംഘട്ടം

ജലസേചന പദ്ധതിയുടെ അണക്കെട്ടും, അതുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ, ജലവിതരണ സംവിധാനങ്ങളുടെ അടിസ്ഥാന സാങ്കേതിക വശങ്ങളുടെ ഗവേഷണം എന്നിവ നടത്തുന്നതിന് ജലസേചന വകുപ്പിൻ കീഴിലുള്ള ഏക ഗവേഷണ സ്ഥാപനമാണ് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ട് ഒരു സാങ്കേതിക സ്ഥാപനമാക്കി വികസിപ്പിക്കുന്നതിനും സ്ഥാപനത്തിനുകീഴിലുള്ള വിഭാഗങ്ങളെ ആധുനീകരിക്കുന്നതിനും, ആവശ്യമായ സോഫ്റ്റുവെയർ വാങ്ങുന്നതിനും, സ്മാർട്ട് സ്റ്റേഷൻ ലഭ്യമാക്കുന്നതിനും, സ്ഥാപനത്തിന്റെ നിലവിലുള്ള സാധ്യതകളെ പരമാവധി വിനിയോഗിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തൃശ്ശൂർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനായി 85 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു. നവീകരണത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ധാരാളം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ദൈനംദിന പ്രവർത്തികൾക്ക് പുറമെ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തികളും 2016-17-ൽ ലക്ഷ്യമിടുന്നു.

(ii) രൂപകൽപന വിഭാഗത്തിന്റെ ആധുനീകരണം

ആധുനികവത്കരണത്തിന്റെ ഭാഗമായി സാങ്കേതിക ലൈബ്രറിയുടെ വികസനം, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ എന്നിവ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി വിഹിതമായ 335 ലക്ഷം രൂപയിൽ, രൂപകൽപന വിഭാഗത്തിന്റെ ആധുനീകരണത്തിന് വേണ്ടി 125 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സോഫ്റ്റുവെയർ രൂപീകരണത്തിനും രൂപകൽപ്പന നിർദ്ദേശം ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും, നദീതടത്തിലെ നീരൊഴുക്കിന്റെ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനും അണക്കെട്ടുകളുടെയും ജലസംഭരണികളുടേയും നിരീക്ഷണം, ഇലക്ട്രോണിക് ഉപകരണങ്ങളും ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

(iii) ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആധുനീകരണം.

സംസ്ഥാനത്തെ ജലസമ്പത്ത് വസ്തുനിഷ്ഠമായി നിർണ്ണയിക്കുന്നതിനുവേണ്ടി ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം ആധുനികവത്ക്കരിക്കുന്നതിന്റെ പാതയിലാണ്. ഐ.ഡി.ആർ.ബി. റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ. റ്റി. ഡി. എ. എസ്.) ഉപയോഗിച്ചാണ് ആധുനീകരണം. ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ യഥാർത്ഥ വിവരങ്ങളുടെ ശേഖരണത്തിനായും മഴ മാപിനി നിരീക്ഷണ കേന്ദ്രം, ആട്ടോമാറ്റിക് കാലാവസ്ഥ കേന്ദ്രം, ആട്ടോമേറ്റഡ് വേലിയേറ്റ വേലിയിറക്ക മാപിനി, വിവര വിശകലന കേന്ദ്രങ്ങളുടെ ആധുനീകരണം, ബോധവൽക്കരണ പ്രചാരണം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 125 ലക്ഷം രൂപ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അംഗീകാരത്തിനുവേണ്ടി വിശദമായ പദ്ധതി രേഖ പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്. നദീതടങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

10. റിവർബേസിൽ ഓർഗനൈസേഷനുകളുടെ രൂപീകരണം

(വിഹിതം: 100.00 ലക്ഷം രൂപ)

ഒരു പദ്ധതി പ്രദേശത്തെ ജല ഉപഭോഗങ്ങളെ മുൻനിർത്തി ജലവിഭവ ലഭ്യതയും അതിന്റെ പരമാവധി ഉപയോഗവും നദീതടാടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഭാരതപ്പുഴ നദീതടത്തിൽ നദീതട വികസനം നടപ്പിൽ വരുത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. മണ്ണുസംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിവാരണം, നദികളുടെ സംരക്ഷണം, അവയിലെ ജലവിഭവങ്ങളുടെ പൂർണ്ണ ഉപയോഗം തുടങ്ങിയവയെക്കുറിച്ചുള്ള പഠനം നടത്തുന്നതാണ്.

11. അണക്കെട്ടുകളുടെ സുരക്ഷാ സംഘടനയും സുരക്ഷാ പ്രവർത്തനങ്ങളും

(വിഹിതം: 200.00 ലക്ഷം രൂപ)

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം കേരളത്തിലും അണക്കെട്ടുകൾക്കായി ഒരു സുരക്ഷാ സംഘടന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. അണക്കെട്ടുകളുടെ സുരക്ഷാ സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പത്താം പദ്ധതിക്കാലം മുതൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. പണി പൂർത്തിയാക്കിയ അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ പണികൾ നടത്തുന്നതിനും സംസ്ഥാനതല ശില്പശാലകളും പരിശീലനങ്ങളും നടത്തുന്നതിനും, അണക്കെട്ടു പരിശോധനയ്ക്കും സംഭരണികളിൽ എക്കൽ അടിയുന്നതിനെ സംബന്ധിച്ച് തുടർ പഠനങ്ങൾ നടത്തുന്നതിനും ഡാം ബ്രേക്ക് അനാലിസിസിനും മറ്റും ആവശ്യമായ ചെലവിലേക്ക് പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി വിഹിതം സ്പിൽ ഓവർ ചിലവുകൾക്കും വിനിയോഗിക്കേണ്ടതാണ്. അണക്കെട്ടുകളുടെ സുരക്ഷ ഏജൻസി നിർദ്ദേശിച്ച പ്രകാരമുള്ള 19 അണക്കെട്ടുകളിൽ സുരക്ഷ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ 2016-17 കാലയളവിൽ ഉദ്ദേശിച്ചിരിക്കുന്നു.

ചിമ്മോണി, കുറ്റിയാടി, പഴശ്ശി, പീച്ചി, പെരിയാർവാലി ബാരേജ്, കാഞ്ഞിരപ്പുഴ, കല്ലട, മലമ്പുഴ, നെയ്യാർ, പോത്തുണ്ടി, വാഴാനി, പമ്പബാരേജ്, മീൻകര, ചുള്ളിയാർ, വാളയാർ, മംഗലം, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കും മറ്റ് അത്യാവശ്യ പ്രവർത്തനങ്ങൾക്കും വേണ്ടി പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്.

12. കേരളത്തിലെ ജലസേചന സംവിധാനങ്ങളുടെ ഫലവത്തായ ജലസേചന പരിപാലനത്തിനുവേണ്ടി ബഞ്ച് മാർക്കിംഗ് നടപ്പാക്കൽ

(വിഹിതം: 5.00 ലക്ഷം രൂപ)

ജലസേചന സംവിധാനങ്ങളുടെ നിലവിലുള്ള സ്ഥിതി വിലയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു സംവിധാനം ആണ് ബഞ്ച് മാർക്കിംഗ്. ഏറ്റവുമധികം പ്രയോജനം ലഭിക്കുന്ന രീതികൾ താരതമ്യം ചെയ്തു അനുയോജ്യമായവ സ്വീകരിക്കുന്നതിനും ബഞ്ച് മാർക്കിംഗ് സഹായകമാകുന്നു. ഓരോ പദ്ധതിയിലും വരുത്തുന്ന പരിഷ്കാരങ്ങൾ ആ പദ്ധതിയിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കാൻ ഉതകുന്ന തരത്തിലായിരിക്കണം. തൻമൂലം ജലസേചന പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലുപരി ജലത്തിന്റെ ഉപയോഗം കുറയ്ക്കാനും സാധിക്കും. കൂടുതൽ ജല ലഭ്യതയാണ് ജലസേചന പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്നത്. അതിനാൽ നിലവിലുള്ള സംവിധാനങ്ങൾ പരിഷ്കരിക്കുന്നത് അനിവാര്യമാണ്. ഇതിനായി ബഞ്ച് മാർക്കിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഏറ്റവും നല്ല പരിപാലന രീതികൾ കണ്ടെത്താനും പദ്ധതികൾ വിലയിരുത്താനും അവയ്ക്ക് മുൻഗണന നൽകി ജലസേചനം കാര്യക്ഷമമാക്കാനും സാധിക്കും.

ബഞ്ച് മാർക്കിംഗ് നടത്തുന്നതിലൂടെ കേരളത്തിലെ ജലസേചന സംവിധാനത്തിന്റെ കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കും. അറ്റകുറ്റപ്പണികൾക്കും പരിഹാര നടപടികൾക്കും ആധുനിക രീതികൾ നടപ്പിലാക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിന് ബഞ്ച് മാർക്കിംഗ് സഹായകമാകുന്നു. അതിനാൽ പൂർത്തിയാക്കപ്പെട്ട എല്ലാ ജലസേചന പദ്ധതികളിലും ഘട്ടംഘട്ടമായി ബഞ്ച് മാർക്കിംഗ് നടത്തേണ്ടതാണ്.

13. ഡാം പുനരുദ്ധാരണവും വികസനവും (ഡ്രിപ്പ്)

(വിഹിതം: 4000.00 ലക്ഷം രൂപ)

ജലസേചനം, കുടിവെള്ളം, വിദ്യുച്ഛക്തി ഉല്പാദനം, മറ്റ് ഉപയോഗങ്ങൾ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ധാരാളം ഡാമുകൾ മുൻകാലങ്ങളിൽ പണി കഴിപ്പിക്കുകയുണ്ടായി. സുരക്ഷിതത്വവും പ്രവർത്തനശേഷിയും വർദ്ധിപ്പിക്കുന്നതിനും അടിയന്തിരമായുള്ള ഇടപെടലുകൾ പല ഡാമുകൾക്കും അത്യാവശ്യമാണ്. ഛത്തീസ്ഗഡ്, കേരളം, മധ്യപ്രദേശ്, ഒറീസ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് ഡാം പുനരുദ്ധാരണവും വികസനവുമെന്ന (ഡ്രിപ്പ്) പദ്ധതി അംഗീകരിക്കുകയുണ്ടായി. ജലസേചന വകുപ്പിൽനിന്ന് 19 ഡാമുകളും വിദ്യുച്ഛക്തി വകുപ്പിൽനിന്ന് 12 ഡാമുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡാം സേഫ്റ്റി ഓർഗനൈസേഷൻ ശക്തിപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൊത്തം പദ്ധതി അടങ്കലായ 211.17 കോടിയിൽ 111.7 കോടി രൂപയ്ക്കുള്ള പദ്ധതികളാണ് ജലസേചന വകുപ്പിൽ വകയിരുത്തിയിട്ടുള്ളത്. മലമ്പുഴ, വാളയാർ, പീച്ചി, നെയ്യാർ എന്നീ പ്രോജക്ടുകളാണ് ഒന്നാം ഘട്ടത്തിൽ ജലസേചന വകുപ്പിൽനിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജലവിഭവ വകുപ്പിൽനിന്ന് 19 ഡാമുകൾ/ബാരേജുകൾ റഗുലേറ്ററുകൾ എന്നിവ ഈ പദ്ധതിയ്ക്കായി ഏറ്റെടുത്തിട്ടുണ്ട്. നെയ്യാർ, മലമ്പുഴ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, പീച്ചി, ചിമ്മിനി, മലങ്കര, കല്ലട, ശിരുവാണി എന്നീ ഡാമുകളും പഴശ്ശി, പമ്പ, പെരിയാർ എന്നീ ബാരേജുകളും മൂലത്തറയിലെ റഗുലേറ്ററും, ഡ്രിപ്പിന്റെ കീഴിൽ പരിഗണിച്ചിട്ടുണ്ട്. ജല വൈദ്യുത പദ്ധതികളായ ഇടുക്കി, ശബരിഗിരി, ഇടമലയാർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേരിയമംഗലം, പെരിങ്ങൽകുത്ത്, ഷോളയാർ, കുറ്റ്യാടി, ലോവർ പെരിയാർ, കക്കാട് എന്നിവയും ഈ പദ്ധതിയുടെ കീഴിൽ അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച പദ്ധതി വിഹിതം 2800 ദശലക്ഷം രൂപയാണ്. ഇതിൽ 80% വേൾഡ് ബാങ്ക് വിഹിതവും 20% സംസ്ഥാന വിഹിതവുമാണ്. ഐ. ഡി. എ.-യും ഐ. ബി. ആർ. ഡി.-യും 50:50 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയ്ക്ക് ധനസഹായം നൽകുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കും, പരിശീലനങ്ങൾ, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കും വേണ്ടിയാണ് ലോകബാങ്ക് ധനസഹായം ഉപയോഗിക്കുന്നത് ഡാം സുരക്ഷാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് വാർഷിക പദ്ധതിയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 4000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 21-12-2011 തീയതിയിൽ പദ്ധതി കരാർ ഒപ്പുവച്ചിട്ടുള്ളതും 18-4-2012 തീയതി മുതൽ പദ്ധതി നിലവിൽ വന്നിട്ടുള്ളതുമാണ്.

13. <u>മുല്ലപ്പെരിയാർ പദ്ധതി</u>

(വിഹിതം: 5000.00 ലക്ഷം രൂപ)

നൂറ്റാണ്ടിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ മുല്ലപ്പെരിയാറിൽ പുതിയൊരു ഡാം നിർമ്മിക്കുവാൻ തീരുമാനിക്കുകയുണ്ടായി പ്രത്യേകം രൂപീകരിച്ച നിയുക്ത സംഘം പുതിയ ഡാം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 2016-17 കാലയളവിൽ 5000 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

**4.2 ചെറുകിട ജലസേചനം**

എ. ഭൂഗർഭ ജലവികസനം

1. <u>ഭൂഗർഭ ജല വികസനവും പര്യവേഷണവും</u>

(വിഹിതം: 1106.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ ഭൂഗർഭജല ലഭ്യത കണ്ടുപിടിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും അതിന്റെ വികസനത്തിനാവശ്യമായ ഡ്രില്ലിംഗ് ഉപകരണങ്ങളും മറ്റു സാമഗ്രികളും ലഭ്യമാക്കുന്നതിനും മറ്റും ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്.

ഈ പദ്ധതിമുഖേന ഭൂഗർഭജല പര്യവേഷണം, വിശദമായ ഹൈഡ്രോളജിക്കൽ ഭൂപടങ്ങൾ തയ്യാറാക്കൽ, ജില്ലാതല ഭൂഗർഭജല അവലോകനങ്ങൾ സ്വരൂപിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭൂഗർഭജല സ്രോതസ്സുകൾ കണ്ടുപിടിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സാങ്കേതിക സഹായം നൽകുക, ഭൂഗർഭജല സ്രോതസ്സുകൾ കണ്ടുപിടിക്കുന്നതിന് കർഷകരെ സഹായിക്കുക, ഭൂഗർഭജല മാനേജ്മെന്റിനും ഭൂഗർഭ ജല ലഭ്യത മനസ്സിലാക്കി അതിനനുസരണമായ ലിഫ്റ്റിംഗ് ഉപകരണങ്ങൾ തെരഞ്ഞെടുക്കാൻ കർഷകരെ സഹായിക്കുക, ജിയോളജി, ജിയോഫിസിക്സ്, ഹൈഡ്രോളജി, റിമോർട്ട്സെൻസിംഗ്, റോക്ക് സ്ട്രക്ചടറുകൾ, ഭൂഗർഭജല റീ ചാർജ്ജിംഗ് തുടങ്ങിയവയെക്കുറിച്ച് പഠനം നടത്തി ഒരു പ്രദേശത്തിന്റെ ഭൂഗർഭജല ലഭ്യത മനസ്സിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 2015-16 കാലയളവിൽ (ആഗസ്റ്റ് 2015), 3214 കിണറുകളുടെയും 184 തുറന്ന കിണറുകളുടെയും പര്യവേഷണം നടത്തുകയുണ്ടായി. കൂടാതെ 754 കിണറുകൾ കുഴിക്കുകയും കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന 336 പമ്പുകൾ നന്നാക്കുകയും ചെയ്തു. കൂടാതെ 1416 ജലസാമ്പിളും പരിശോധിക്കുകയുണ്ടായി.

സൈറ്റുകളിലെ വിവിധതരം കിണറുകളിൽ ആവശ്യാനുസരണം ഹൈഡ്രോളജിക്കൽ, ജിയോഫിസിക്കൽ പര്യവേഷണം, കുഴൽകിണർ, ട്യൂബ് വെൽ, ഫിൽട്ടർ പോയിന്റ് കിണറുകൾ എന്നിവ പദ്ധതിയുടെ ഭൗതീക ലക്ഷ്യങ്ങളാണ്. കിണർ നിർമ്മാണത്തിനാവശ്യമായ യന്ത്ര സാമഗ്രികൾ, പുതിയ വാഹനങ്ങൾ, വിവര സാങ്കേതികതയ്ക്ക് ആവശ്യമായ ഹാർഡ് വെയറുകൾ, സോഫ്റ്റ്വെയറുകൾ എന്നിവ വാങ്ങുക, യന്ത്രങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപണികൾ, ജിയോഫിസിക്കൽ ഉപകരണങ്ങൾ, ഭൂഗർഭ മേഖലയുമായി ബന്ധപ്പെട്ട ലാബുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഭൂഗർഭ ജലവിഭവങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനായി ഒരു ഭൂഗർഭ ജല വിലയിരുത്തൽ സെൽ രൂപീകരിക്കുന്നതാണ്.

കിണറുകൾ, ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ തുടങ്ങിയവ കുഴിക്കുന്നതിനും, കിണർ നിർമ്മാണത്തിനുവേണ്ട യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനു വേണ്ടിയും, യന്ത്രങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റ പണികൾക്കും, കമ്പ്യൂട്ടർ, സോഫ്റ്റ്വെയർ പര്യവേഷണവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും കെമിക്കലുകളും വാങ്ങുന്നതിനു വേണ്ടിയുമാണ് പദ്ധതിവിഹിതമായി തുക വകയിരുത്തി യിരിക്കുന്നത്. ഭൂഗർഭ ജലവിഭവ നിർണ്ണയത്തിന് ആവശ്യമായ പൂർണ്ണസജ്ജമായ ഭൂഗർഭജല മൂല്യനിർണ്ണയ സെൽ ഇതു പ്രകാരം രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ ബാധിച്ച കഠിന വരൾച്ച കണക്കിലെടുത്ത് കുടിവെള്ളക്ഷാമം വളരെ അധികം രൂക്ഷമായ സ്ഥലങ്ങളെ കണ്ടെത്തുന്നതിനായി ജലസേചന വകുപ്പ് ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ജലം ലഭ്യമാകുന്ന കിണറുകളെക്കുറിച്ചുള്ള ഒരു വിവര ശേഖരണം തയ്യാറാക്കുന്നതാണ്. അക്വിഫറുകളിൽ അടിസ്ഥാനമാക്കി വിശദവിവരങ്ങൾ ലഭ്യമാകുന്നതിന് നിരീക്ഷണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കിണർ നെസ്റ്റിംഗ് ആരംഭിക്കുന്നതാണ്.

2. <u>ഭൂഗർഭജല പരിരക്ഷയും കൃത്രിമ പുനരുജ്ജീവനവും</u>

(വിഹിതം: 40.00 ലക്ഷം രൂപ)

കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂഗർഭജല പരിരക്ഷയും പുനരുജ്ജീവനവുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. തടയണകൾ, അടിയണകൾ, മറ്റ് പുനഃസംഭരണ നിർമ്മിതികൾ തുടങ്ങിയവയുടെ സഹായത്തോടെ ഭൂഗർഭജലം പരിരക്ഷിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കിണറുകൾക്കു ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച്, മഴവെള്ളം സംഭരിച്ച് കിണറുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഉപരിതല ഡൈക്കുകളുടെ നിർമ്മാണം, വി.സി.ബി.-കൾ, ചെറിയ ചെക്ക് ഡാമുകൾ, കിണർ റീചാർജ് എന്നിവ പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്നു. 2016-17-ൽ കുഴൽ കിണർ റീചാർജ്ജിംഗിനായി ഒരു വ്യാപക പദ്ധതി നടപ്പിലാക്കുന്നതാണ്. കുഴൽ കിണർ റീചാർജിംഗ് പാലക്കാട്, ഇടുക്കി ജില്ലകളിൽ വിശദമായ ജിയോളജിക്കൽ, ജിയോഫിസിക്കൽ പഠനങ്ങളും, സ്ലഗ് പരീക്ഷണങ്ങളും നടത്തിയതിനുശേഷം ആരംഭിക്കുന്നതാണ്. കുഴൽ കിണർ പുനരുജ്ജീവനമുൾപ്പെടെയുള്ള സംയുക്ത പുനരുജ്ജീവന പ്രവർത്തികളാണ് 2015-16 ൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ ഒരു അവലോകന പഠനത്തിനായി ജീവനക്കാരെ പുനർവിന്യസിച്ച് ഒരു സെൽ രൂപീകരിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നു.

3. <u>പരിശീലന പദ്ധതി</u>

(വിഹിതം: 4.00 ലക്ഷം രൂപ)

ഭൂഗർഭജല വകുപ്പിലെ സാങ്കേതിക ശാസ്ത്രീയ, ഭരണകാര്യ വിദഗ്ദ്ധർക്ക് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും, ഭൂഗർഭജലം സംരക്ഷിക്കുന്നതിനും, പരിപാലിക്കുന്നതിനും ഉള്ള ആധുനിക സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നതിനും, ആധുനിക കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിനും വേണ്ടിവരുന്ന ചെലവിലേക്കാണ് പദ്ധതി വിഹിതം. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) തുടങ്ങിയ സാങ്കേതികവിദ്യകളും മറ്റ് സോഫ്റ്റ്വെയറുകളും ഉപയോഗിച്ച് ഭൂഗർഭജല പരിപാലനം നടത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും തുക വിനിയോഗിക്കുന്നതാണ്. ദൃശ്യശ്രവണ ഉപകരണങ്ങൾ, പരിശീലന വസ്തുക്കൾ ഇവ വാങ്ങുന്നതും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ കേന്ദ്ര സംസ്ഥാന ഏജൻസികൾ നടപ്പിലാക്കുന്ന പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥർക്ക് പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് അറിവ് ലഭ്യമാകുന്നു.

4. ഭൂഗർഭജല ചൂഷണ നിയന്ത്രണത്തിനും ക്രമീകരണത്തിനും ഉള്ള പദ്ധതി

(വിഹിതം: 10.00 ലക്ഷം രൂപ)

ഭൂഗർഭജലത്തിന്റെ അധികവിനിയോഗം നിയന്ത്രിക്കുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭ്യമാക്കുന്നതിനും സഹായകമാകുന്ന വിധത്തിൽ നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. ഭൂഗർഭജല നിയന്ത്രണ ക്രമീകരണ ആക്ട് അനുസരിച്ച് രൂപീകരിച്ച കേരള സംസ്ഥാന ഭൂഗർഭ ജല അതോറിറ്റി ഈ നിയമം നടപ്പാക്കുന്നതാണ്. സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അധിക ചൂഷണത്തിനു വിധേയമായതും സന്ദിഗ്ദ്ധ അവസ്ഥ എത്തിയതും, അർദ്ധ സന്ദിഗ്ദ്ധ അവസ്ഥ എത്തിയതുമായ പ്രദേശങ്ങളിൽ, പ്രത്യേകമായ ശ്രദ്ധ ചെലുത്തിക്കൊണ്ട്, കേരള ഭൂഗർഭജല അതോറിറ്റി തങ്ങളുടെ പ്രവർത്തനം വളരെ ഫലപ്രദമായി തുടരുന്നതാണ്. ഈ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവിനും, ജലലഭ്യത/ദൗർലഭ്യം എന്നിവയെ ക്കുറിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിനും സാമൂഹ്യ അവബോധം നൽകുന്നതിനും, കിണറുകളുടെ സ്ഥിതിവിവര കണക്കുകൾ എടുക്കുന്നതിനും ആയതു രേഖപ്പെടുത്തുന്നതിനും ഭൂഗർഭ ജലത്തിന്റെ വിവേകപൂർവ്വമായ വിനിയോഗത്തിനും പ്രവർത്തനങ്ങൾക്കും മറ്റുമാണ് പദ്ധതി വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭൂഗർഭ ജല നിയന്ത്രണ ക്രമീകരണ ആക്റ്റിന്റെ പരിധിയിൽ വിവിധ പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

5. നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ്–ഘട്ടം 3 (ഭൂഗർഭജല ഘടകം)

(വിഹിതം: 800.00 ലക്ഷം രൂപ)

നാഷണൽ ഹൈഡ്രോളജി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുടെ വിജയത്തിനുശേഷം മൂന്നാം ഘട്ടം വിഭാവനം ചെയ്തിരിക്കുന്നു. സംസ്ഥാനത്ത് "ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്" (ഐ. ഡബ്ല്യു. ആർ. എം.) നടപ്പിലാക്കുന്നതിനായി വിശദമായ ഒരു പദ്ധതിക്ക് ഭൂഗർഭ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ "വാട്ടർ ബഡ്ജറ്റിംഗിനാണ്" കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. 2016-17-ൽ 800 ലക്ഷം രൂപ ഈ പദ്ധതിയുടെ മൂന്നാം ഘട്ടത്തിനായി വകയിരുത്തിയിരിക്കുന്നു.

6. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

(വിഹിതം: 100.00 ലക്ഷം രൂപ)

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് തുടങ്ങിയവ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്. പരിശീലന പരിപാടികൾ, യന്ത്രങ്ങളും ഉപകരണങ്ങളും വിലയ്ക്കുവാങ്ങൽ, ജലത്തിന്റെ ഗുണമേൻമ ഉറപ്പുവരുത്തൽ, ഗുണഭോക്താക്കളെ ഭാഗഭാക്കാക്കിക്കൊണ്ടുള്ള കൂട്ടുപദ്ധതികൾ പ്രയോഗത്തിൽ വരുത്തൽ എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഊർജ്ജം കൊണ്ടും കൈകൊണ്ടും പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന പമ്പുസെറ്റുകൾ ഉൾപ്പെടെയുള്ള പദ്ധതികളും നടപ്പിൽ വരുത്തുന്നതാണ്.

50 ചെറുകിട ജലവിതരണ പദ്ധതികളും 50 ഹാൻഡ് പമ്പ് പദ്ധതികളും, കുടിവെള്ള പദ്ധതി പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കാത്തതും കുടിവെള്ള ക്ഷാമം അതിരൂക്ഷവുമായ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതാണ്. 25 മുതൽ 50 കുടുംബങ്ങൾക്ക് ഒരു പദ്ധതിയിൽനിന്നും പ്രയോജനം ലഭിക്കുന്നു. കുറഞ്ഞ മുടക്കുമുതലും വേഗതയേറിയ നിർവ്വഹണവും ഇത്തരം പദ്ധതികളുടെ ആവശ്യകത വർദ്ധിപ്പിച്ചിട്ടുണ്ട്.

ബി. ഉപരിതല ജലവികസനം

1. ലിഫ്റ്റ് ഇറിഗേഷൻ

(വിഹിതം: 612.00 ലക്ഷം രൂപ)

നാൽപ്പത് ഹെക്ടർ കുറയാതെയുള്ള വിസ്തൃതമായുള്ള സ്ഥലങ്ങളിൽ ജലസേചനം ഏർപ്പെടുത്തുന്നതിനായുള്ള ഒരു പദ്ധതിയാണിത്. സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2008-09-ൽ സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതിക്ക് തുടക്കമിട്ടു. നെൽകൃഷിക്കുവേണ്ടി അനേകം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സംസ്ഥാനത്തുള്ളതിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണ്. ഭക്ഷ്യ സുരക്ഷ, മലബാർ പാക്കേജ് എന്നിവയിൽ ഉൾപ്പെടുത്തി 2005-10 ഘട്ടത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുവാൻ ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. പുതിയ പദ്ധതികൾക്കും സ്പിൽ ഓവർ പദ്ധതികൾക്കുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. മലബാർ പാക്കേജിന്റെ പരിധിയിൽ നടപ്പിലാക്കി വരുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പ്രവർത്തന രഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനരുദ്ധാരണത്തിനാണ് ഇതിൽ 572 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2. ചെറുകിട ജലസേചനം ക്ലാസ്സ് I

(വിഹിതം: 7000.00 ലക്ഷം രൂപ)

ടാങ്കുകൾ പുനരുദ്ധരിക്കുക, ചെക്കുഡാമുകൾ നിർമ്മിക്കുക, സ്ലൂയിസ്സുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, വെന്റഡ് ക്രോസ് ബാറുകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ നിർമ്മിക്കുക, വെള്ളം വാർന്ന് പോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ 50 ഹെക്ടറിനുമുകളിലും 2000 ഹെക്ടറിനു താഴെയും വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചനമെത്തിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ചെറുകിട ജലസേചനം ക്ലാസ്സ്-1 പദ്ധതികൾക്ക് ആകെ 7000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും സ്പിൽ ഓവർ ബാദ്ധ്യതകൾ തീർത്തതിനുശേഷം പുതിയ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും വേണ്ടി 450 ലക്ഷം രൂപയും തൊടുപുഴയിൽ ഒരു ഇറിഗേഷൻ മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ടി 50.00 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ലിഫ്റ്റ് ഇറിഗേഷൻ തുടർപദ്ധതികൾ, ചെറുകിട ജലസേചനം ക്ലാസ് 1, 2 എന്നിവയുടെ നടത്തിപ്പിനും പുതിയ പദ്ധതികളുടെ നടത്തിപ്പിനുമായി നബാർഡ് ആർ. ഐ. ഡി. എഫ്.-ന്റെ കീഴിൽ വായ്പാ സഹായം ഏറ്റെടുക്കുന്നതിന് നൽകുന്നുണ്ട്. പദ്ധതി വിഹിതമായ 7000 ലക്ഷം രൂപയിൽ 5000 ലക്ഷം രൂപ നബാർഡ് അംഗീകരിച്ച ചെറുകിട ജലസേചനം ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി വിനിയോഗിക്കുന്നതാണ്. ഇതിൽ 2500 ലക്ഷം രൂപ ജലായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമുള്ള ആർ. ഐ. ഡി. എഫ്. പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

മീനച്ചിൽ നദീതടത്തിൽ തടയണകൾ നിർമ്മിക്കുന്നതിന് 1500 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

3. ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് -II

(വിഹിതം: 800.00 ലക്ഷം രൂപ)

അൻപത് ഹെക്ടറിനുതാഴെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചനമെത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും കൊടുത്തു തീർക്കേണ്ട ബില്ലുകൾ കൊടുത്തശേഷം പുതിയ പണികൾ ഏറ്റെടുക്കുന്നതിനും മറ്റുമായി തുക ഉൾക്കൊള്ളിച്ചിരിക്കുന്നു. തലപ്പിള്ളി താലൂക്കിലെ ഭക്ഷ്യോൽപ്പാദനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനും, കുളങ്ങളുടെ പാർശ്വഭാഗങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും മറ്റു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി വകകൊള്ളിച്ചിരിക്കുന്നു. തൃശ്ശൂർ, പൊന്നാനി മേഖലകളിലെ കോൾ വികസന പദ്ധതിയെ ശക്തിപ്പെടുത്തുക എന്നതുകൂടി ഇതുമൂലം ലക്ഷ്യമിടുന്നുണ്ട്. കേന്ദ്ര അംഗീകാരത്തോടെ നടപ്പിലാക്കിവരുന്ന കോൾ വികസന പദ്ധതിയുടെ ഭാഗമായ ഭക്ഷ്യസുരക്ഷാ പദ്ധതിയോടു ബന്ധപ്പെടുത്തിക്കൊണ്ട്, പദ്ധതിയുടെ ഭാഗമല്ലാത്ത തലപ്പിള്ളി താലൂക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഈ പദ്ധതി പ്രകാരം സമഗ്രമായി പരിഹരിക്കുവാൻ ലക്ഷ്യമിടുന്നു. പുതിയ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമാണ് 2016-17-ൽ 800 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

4. ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ

(വിഹിതം: 100.00 ലക്ഷം രൂപ)

ജലസേചന വകുപ്പിൻകീഴിൽ 11624-ൽ കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണ്. ലിഫ്റ്റ് ഇറിഗേഷനും ചെറുകിട ജലസേചന പദ്ധതികളും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന പരിപാടി മലബാർ പാക്കേജിന്റെ ഭാഗമായി പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ നവീകരണത്തിലൂടെ ചെറുകിട ജലസേചന പദ്ധതിയിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ആയകട്ട് ഏരിയയുടെ 0.64 ലക്ഷം ഹെക്ടർ പ്രദേശം പൂർണ്ണമായും ഉപയോഗയോഗ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടുതീർക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

5. നബാർഡിന്റെ സഹായത്തോടെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കലും ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ അന്വേഷണ പര്യവേഷണവും

(വിഹിതം: 10.00 ലക്ഷം രൂപ)

ചെറുകിട ജലസേചനത്തിന്റെ വിഹിതത്തിൽ പദ്ധതി കാലയളവിൽ ഗണ്യമായ വർദ്ധനവുണ്ട്. നബാർഡിൽനിന്നും കേന്ദ്രസർക്കാരിൽനിന്നും പരമാവധി സഹായം ലഭ്യമാക്കണമെങ്കിൽ ഈ മേഖലയിലെ പദ്ധതി രൂപീകരണവും ഗുണമേന്മയും പുരോഗമിപ്പിക്കേണ്ടത് അനിവാര്യമാണ്. ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടരുന്നതിനും വിശദമായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും മറ്റുമാണ് നടപ്പുവർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള വിഹിതം.

നദീതടങ്ങളിൽ വിശദമായ പഠനവും വിവരശേഖരണവും റഗുലേറ്ററുകളുടെ നിർമ്മാണത്തിന് അത്യന്താപേക്ഷിതമാണ്. മിക്കവാറും റഗുലേറ്ററുകൾ നിർമ്മിച്ചിരിക്കുന്നത് റഗുലേറ്റർ-കം-ബ്രിഡ്ജുകളായിട്ടാണ്. പുതിയ പദ്ധതികൾക്കായി വിശദമായ പഠനം നടത്തേണ്ടതാണ്. 2016-17-ൽ 10 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

6. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന

(വിഹിതം: 2400.00 ലക്ഷം രൂപ)
(40 ശതമാനം സംസ്ഥാന വിഹിതം)

2015-16 കാലയളവിൽ ഭാരത സർക്കാർ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. എ.ഐ.ബി.പി., വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ, കമാന്റ് ഏരിയ വികസന പരിപാടികൾ, ജലാശയങ്ങളുടെ പുനരുദ്ധാരണവും നവീകരണവും മുതലായവ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ ജലസേചന സാദ്ധ്യതാപ്രദേശങ്ങളേയും നിലവിൽ ജലസേചനം നടപ്പിലാക്കുന്ന പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ച് ജലസേചന പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 40 ശതമാനം സംസ്ഥാന വിഹിതമായാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്.

### 4.3 കമാന്റ് ഏരിയാ വികസനം

(i) കാഡ കനാലുകളുടെ സ്പിൽ ഓവർ ബാധ്യതകളുടെ പൂർത്തീകരണം

(വിഹിതം: 400.00 ലക്ഷം രൂപ)

കമാന്റ് ഏരിയാ വികസന പരിപാടികളുടെ സ്പിൽ ഓവർ ചിലവുകൾക്കായി 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ ജീവനക്കാർക്കുള്ള ശമ്പളം ഉൾപ്പെടുന്നതല്ല. കമാന്റ് ഏരിയയുടെ കീഴിലുള്ള പുതിയ വികസന പരിപാടികൾ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജനയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്.

### 4.4 വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും

എ. വെള്ളപ്പൊക്ക നിയന്ത്രണം

1. കുട്ടനാട് പദ്ധതി (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം: 5000.00 ലക്ഷം രൂപ)

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പ്രധാനമായും നെല്ലുൽപ്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തെക്ക് പടിഞ്ഞാറൻ മൺസൂണിലെ തുടർച്ചയായ വെള്ളപ്പൊക്കവും, 10 വർഷത്തിലൊരിക്കൽ ഇടവിട്ടുണ്ടാകാറുള്ള വെള്ളപ്പൊക്കവും, കുട്ടനാട്ടിൽ വളരെ രൂക്ഷമാണ്. വെള്ളപ്പൊക്കം മൂലം സംഭവിക്കുന്ന വിള നാശത്തിനും, അതുമൂലം പതിവായി ഉണ്ടാവുന്ന നാശനഷ്ടങ്ങൾ തടയുന്നതിനും പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം ശക്തിപ്പെടുത്തൽ അത്യന്താപേക്ഷിതമാണ്. പാടശേഖരത്തിന്റെ വിവിധ ഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജല വിഭവ വകുപ്പ് വിശദമായ പദ്ധതി രേഖകൾ തയ്യാർ ചെയ്തിട്ടുണ്ട്. അംഗീകരിച്ച ഘടകങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിനും വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ അംഗീകാരം ലഭിക്കാത്ത ചെലവ് വർദ്ധനവിനും (cost escalation) ബണ്ടിന്റെ വീതി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള ചെലവ് വർദ്ധനയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ബി. തീരദേശ സംരക്ഷണം

1. തീരദേശ സംരക്ഷണം

(വിഹിതം: 42.00 ലക്ഷം രൂപ)

പുതിയ കടൽ ഭിത്തികളുടെ നിർമ്മാണം, തകർന്ന കടൽ ഭിത്തികളുടെ പുനർ നിർമ്മാണം, എന്നിങ്ങനെ വിവിധയിനം തീരദേശ സംരക്ഷണ പദ്ധതികൾക്കായാണ് ഈ വിഹിതം മാറ്റിവച്ചിട്ടുള്ളത്.

തീരപ്രദേശം 478 കി.മീ. ആണ്. കടലാക്രമണ സാധ്യതയുള്ള ഇതിൽ 354.29 കി. മീ. പുതിയ കടൽ ഭിത്തി നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. നിർമ്മാണം ബാക്കിയുള്ള കടൽ ഭിത്തിയുടെ നീളം 123.71 കി. മീ ആണ്. തീരദേശ സംരക്ഷണത്തിനായി ജിയോ ടെക്സ്റ്റലുകൾ പോളിത്തീൻ ഫാബ്രിക്കുകൾ/ഷീറ്റുകൾ എന്നിങ്ങനെ ആധുനിക സാങ്കേതിക വിദ്യയും ബയോമെറ്റീരിയലുകളും ഉപയോഗിക്കുന്നതാണ്. വാർഷിക പദ്ധതിയിലും ധനകാര്യ കമ്മീഷണിലും ഉൾപ്പെടുത്തി നടപ്പിലാക്കിയ കടൽ ഭിത്തികൾക്ക് പുനരുദ്ധാരണം ആവശ്യമാണ്. ഇത് ഏകദേശം 164 കി. മീ. ദൂരം ഉണ്ട്. പ്രസ്തുത പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പെഴ്സ്പെക്റ്റീവ് പ്ലാൻ 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

# V. ഊർജ്ജം

ചെലവ് ചുരുക്കിക്കൊണ്ട് പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഏവർക്കും ഊർജ്ജം എന്നതാണ് ഊർജ്ജ മേഖലയിലെ കേരളത്തിന്റെ കാഴ്ചപ്പാട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ നാലു ഏജൻസികൾ മുഖേനയാണ് കേരളത്തിൽ ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ (2012-17) ഊർജ്ജ മേഖലയ്ക്കായി 8323 കോടി രൂപ നിർദ്ദേശിക്കുന്നു. ഊർജ്ജ മേഖലയ്ക്ക് 2012-13 വാർഷിക ബഡ്ജറ്റിൽ 1160.41 കോടി രൂപയും, 2013-14 വാർഷിക ബഡ്ജറ്റിൽ 1222.70 കോടി രൂപയും, 2014-15 വാർഷിക ബഡ്ജറ്റിൽ 1370.04 കോടി രൂപയും, 2015-16 വാർഷിക ബഡ്ജറ്റിൽ 1467.20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഊർജ്ജ മേഖലയ്ക്ക് 2016-17 വാർഷിക ബഡ്ജറ്റിൽ 162270.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 156412.00 ലക്ഷം രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിനും, 4388.00 ലക്ഷം രൂപ അനർട്ടിനും, 730.00 ലക്ഷം രൂപ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിക്കും, 740.00 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിനുമായി വകയിരുത്തിയിരിക്കുന്നു. ഈ ഏജൻസികൾ യോജിച്ച് പ്രവർത്തിച്ച് കാലാകാലങ്ങളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പൊതു തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

ഊർജ്ജ വകുപ്പിനു കീഴിലുള്ള ഏജൻസികൾക്കു വകയിരുത്തിയിട്ടുള്ള വിഹിതവും സ്കീം/പദ്ധതി വിശദാംശങ്ങളും താഴെ കൊടുത്തിരിക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| *ക്രമനമ്പർ* | *വകുപ്പ്* | *വിഹിതം* |
|---|---|---|
| 1 | കെ.എസ്.ഇ.ബി. എൽ. | 156412.00 |
| 2 | അനർട്ട് | 4388.00 |
| 3 | എം.ടി.എസ്.എൽ. | 730.00 |
| 4 | ഇ.എം.സി. | 740.00 |
| | ആകെ | 162270.00 |

## 5.1 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.)

2016-17 വാർഷിക ബഡ്ജറ്റിൽ കെ.എസ്.ഇ.ബി.എൽ-ന് 156412.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 154162.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ—ന്റെ തനതായ പദ്ധതികൾക്കും 2250.00 ലക്ഷം രൂപ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന സംസ്ഥാന പദ്ധതികൾക്കും വകയിരുത്തിയിരിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ട്രാൻസ്ഗ്രിഡ് 2.0 ക്ക് നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തി മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്രോജക്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്കീം/പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 1. നടപ്പ് ജല വൈദ്യുത പദ്ധതികൾ

1. പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട് (60 മെ. വാ./ 153.90 മി. യൂ.)

*(വിഹിതം: 2200.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലെ പെരിയാർ നദീതടത്തിലെ മുതിരപ്പുഴ നദിയിലെ ജല വൈദ്യുത പദ്ധതിയാണ് പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട്. പുതിയ ജലവാഹക സംവിധാനത്തിലൂടെ വെള്ളം തിരിച്ചുവിടുകവഴി മൂന്നാർ രാമസ്വാമി അയ്യർ ഹെഡ് വർക്കിൽ ലഭ്യമാകുന്ന ജലം പൂർണ്ണമായി പ്രയോജനപ്പെടുത്തി നിലവിലുള്ള പള്ളിവാസൽ നിലയത്തിലും സമീപത്തായി നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ വൈദ്യുത നിലയത്തിലും വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. 115.1 മീറ്റർ നീളത്തിലുള്ള അനുബന്ധ ചാനൽ, ഇൻടേക്, പവർ ടണൽ, സർജ് ഷാഫ്റ്റ്, പ്രഷർ ഷാഫ്റ്റ്, പെൻസ്റ്റോക്കുകൾ, വൈദ്യുതി നിലയം, ചിറകുഴിക്കൽ, സ്വിച്ച്യാർഡ് എന്നിവയാണ് ഈ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. 2007 ഫെബ്രുവരിയിൽ മെസ്സേഴ്സ് എസ്സാർ —ഡി. ഇ. സി.— സി. പി. പി. എൽ. കൺസോർഷ്യത്തിനെ വർക്ക് ഏൽപ്പിച്ച് 2017 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 2200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. സെൻകുളം ഓഗ്മെന്റേഷൻ പ്രോജക്ട് (85 മി. യൂ.)

*(വിഹിതം: 1250.00 ലക്ഷം രൂപ)*

സെൻകുളം വൈദ്യുത നിലയത്തിലെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പശ്ചിമ കല്ലാർ നദിയിലുള്ള വെള്ളം സെൻകുളം ജല സംഭരണിയിലേക്ക് തിരിച്ചു വിടുന്നതിനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിലാണ് ഈ പ്രോജക്ട് സ്ഥിതി ചെയ്യുന്നത്. 15-7-2009-ൽ കരാർ നടപ്പിലാക്കിയ ഈ പദ്ധതി 2017 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. സെൻകുളം ടെയിൽ റേസ് (വെള്ളത്തൂവൽ ചെറുകിട ജല വൈദ്യുത പദ്ധതി) (3.6 മെ. വാ. /12.17 മി. യൂ.)

*(വിഹിതം: 250.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ വെള്ളത്തൂവൽ പഞ്ചായത്തിലാണ് സെൻകുളം ടെയിൽ റേസ് പ്രോജക്ട് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പ്രോജക്ടിലെ വൈദ്യുതി ഉല്പാദനത്തിനു ലഭിക്കുന്ന ജലം പ്രധാനമായും സെൻകുളം പവർ ഹൗസിൽനിന്നും പുറംതള്ളപ്പെടുന്നതാകുന്നു. കൂടാതെ പന്നിയാർ ഓഗ്മെന്റേഷൻ സംഭരണിയിൽ നിന്ന് കവിഞ്ഞൊഴുകുന്ന ജലവും 17 ച. കി. മീ. താഴെയുള്ള അരുവിയിൽ നിന്നുള്ള ജലവും ഉപയോഗിക്കുന്നു. ഈ പ്രോജക്ടിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. തോട്ടിയാർ (40 മെ. വാ./99 മി. യൂ.)

*(വിഹിതം: 1600.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് 40 മെ.വാ. സ്ഥാപിതശേഷിയും 99 മി. യൂണിറ്റ് ഉല്പാദന ശേഷിയുമുള്ള പ്രസ്തുത പ്രോജക്ട് സ്ഥിതിചെയ്യുന്നത്. 7.5 മീറ്റർ ഉയരമുള്ള ഒരു ചിറയും 0.39 ക്യൂബിക് മി.മീ. ശേഷിയുള്ള പോൺഡേജും നിർമ്മിക്കാനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ആവശ്യമുള്ള വനഭൂമി 3.8134 ഹെക്ടറാണ്. 16-1-2009-ൽ ആരംഭിച്ച ഈ പദ്ധതി 2017 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. മാങ്കുളം ജല വൈദ്യുത പദ്ധതി (40 മെ. വാ./82 മി. യൂ.)

*(വിഹിതം: 325.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലാണ് 40 മെ. വാട്ട് സ്ഥാപിതശേഷിയും 82 മി. യൂണിറ്റ് ഉല്പാദന ശേഷിയുമുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യം പൂയംകുട്ടി നദിയുടെ പോഷക നദിയായ മേലാഞ്ചേരി നദിയിലെ വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. 64.83 ഹെക്ടർ സ്വകാര്യ ഭൂമിയിൽ ജലസംഭരണിയോടുകൂടിയ ഡാമിന്റെ നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിനായി ആകെ 11.913 ഹെക്ടർ വനഭൂമി ആവശ്യമുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 325.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ. വാ./25.77 മി. യൂ.)

*(വിഹിതം: 825.00 ലക്ഷം രൂപ)*

പത്തനംതിട്ട ജില്ലയിലെ പമ്പാനദിയുടെ തീരത്താണ് പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഒരു ഡൈവേർഷൻ വെയർ, ഒരു പവർ ചാനൽ, ഒരു ഫോർബേ ടാങ്ക്, രണ്ടു പെൻസ്റ്റോക്ക് പൈപ്പുകൾ, ഒരു വൈദ്യുത നിലയം എന്നിവയാണ്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 6 മെ. വാട്ടും (2 × 3 മെ. വാ.) ശരാശരി വാർഷിക ഊർജ്ജ ഉല്പാദനം 25.77 മില്ല്യൺ യൂണിറ്റുമാണ്. ഈ പദ്ധതിക്ക് 10-11-2004-ൽ ഭരണാനുമതി ലഭിച്ചു. 2016 ജൂണിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 825.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. ചാത്തൻകോട്ടുനട-11 ചെറുകിട വൈദ്യുത പദ്ധതി (6 മെ. വാ./14.76 മി. യൂ.)

*(വിഹിതം: 1600.00 ലക്ഷം രൂപ)*

കുറ്റ്യാടി നദിയുടെ പോഷക നദികളായ പൂതംപാറ, കരിംങ്ങാട് എന്നീ നദികളിലെ വെള്ളം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. മൂന്ന് ഡൈവേർഷൻ ചിറകൾ, രണ്ടു പവർ ചാനലുകൾ, ഒരു ഫോർബേ ടാങ്ക്, ഒരു പെൻസ്റ്റോക്ക്, ഒരു വൈദ്യുത നിലയം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നത്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 6 മെ. വാട്ടും (2 × 3 മെ. വാട്ട്) ശരാശരി വാർഷിക ഊർജ്ജോൽപാദനം 14.76 മി. യൂണിറ്റുമാണ്. ഈ പദ്ധതിയുടെ പണി 6-3-2010-ൽ ആരംഭിച്ചു. 2017 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി (15 മെ. വാ./36 മി. യൂ.)

*(വിഹിതം: 625.00 ലക്ഷം രൂപ)*

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ സ്ഥിതി ചെയ്യുന്ന ബാരാപോൾ ചെറുകിട ജല വൈദ്യുത പദ്ധതി വൈദ്യുതി ഉൽപാദനത്തിനായി വളപട്ടണം നദിയുടെ പോഷകനദിയായ ബാരാപോൾ നദിയുടെ ചുറ്റുമുള്ള 310 ചതുരശ്ര കി. മീ. പ്രദേശത്തുനിന്നും ലഭിക്കുന്ന ജലം ഉപയോഗിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി മൊത്തത്തിൽ കേരളത്തിന്റെ നിയന്ത്രണത്തിലും പദ്ധതി പ്രദേശം മുഴുവനും കർണ്ണാടകയിലുമാണ്. ഈ പദ്ധതിയിൽ വനഭൂമി ഉൾപ്പെടുന്നില്ല. എന്നാൽ ഇതിനായി 20 ഹെക്ടർ ഭൂമി ആവശ്യമായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം 29-9-2010-ൽ ആരംഭിച്ചു. ഈ പദ്ധതിക്കായി 625.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

9. ആഢ്യൻപാറ ചെറുകിട ജല വൈദ്യുത പദ്ധതി (3.50 മെ. വാ./9.01 മി. യൂ.)

*(വിഹിതം: 125.00 ലക്ഷം രൂപ)*

അഞ്ചു മീറ്റർ ഉയരമുള്ള ഡൈവർഷൻ വെയർ, 1174 മീറ്റർ പവർ ചാനൽ, 320 മീറ്റർ നീളത്തിൽ ഒരു ഒറ്റവരി പെൻസ്റ്റോക്ക് എന്നിവ നിർമ്മിച്ച് ചാലിയാർ പുഴയുടെ പോഷക നദിയായ കാഞ്ഞിരപ്പുഴയിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇപ്രകാരം 3.50 മെ. വാട്ട് സ്ഥാപിത ശേഷിയും 9.01 മില്ല്യൺ യൂണിറ്റ് വാർഷിക ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു. 16-11-2005-ൽ ഭരണാനുമതിയും 28-3-2006-ൽ സർക്കാർ അനുമതിയും ലഭിച്ചു. 2007 ഒക്ടോബറിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. പിന്നീട് സർജ് ഷാഫ്റ്റ്, പവർ തുരങ്കത്തിലൂടെ ഒരു അധിക ചാനൽ, ഫോർബേ, പവർ ചാനൽ എന്നിവയുംകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. 28-8-2009-ൽ കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുകയും തുടർന്നുള്ള വർക്കുകൾക്കായി 2-7-2010-ൽ റീ ടെണ്ടർ ചെയ്യുകയും മെസേഴ്സ് ആര്യകോൺ-കിർലോസ്കർ കൺസോർഷ്യത്തിനെ വർക്ക് ഏൽപ്പിക്കുകയും ചെയ്തു. ഈ പ്രോജക്ടിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി (30 മെ. വാ./75.81 മി. യൂ.)

*(വിഹിതം : 15.00 ലക്ഷം രൂപ)*

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ അരുവാപുള്ളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അച്ചൻകോവിൽ ജല വൈദ്യുതപദ്ധതി, അച്ചൻകോവിലാറിന്റെ പ്രധാന പോഷക നദിയായ അച്ചൻകോവിൽ-കല്ലാർ നദിയിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 132 ചതുരശ്ര കി. മീറ്ററാണ് പദ്ധതി പ്രദേശം. ഏകദേശം 100 ഹെക്ടർ വനഭൂമിയും 3 ഹെക്ടർ സ്വകാര്യഭൂമിയും ഈ പദ്ധതിക്ക് ആവശ്യമാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. ഈ പ്രോജക്ടിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. ചിന്നാർ ജലവൈദ്യുത പദ്ധതി (24 മെ. വാട്ട്/76.45 മി. യൂ.)

*(വിഹിതം : 125.00 ലക്ഷം രൂപ)*

പെരിയാർ തടത്തിൽ ചിന്നാർ എന്നറിയപ്പെടുന്ന പെരിഞ്ഞാൻകുറ്റിപ്പുഴയിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദന ശേഷി ഉപയോഗിച്ച് ചിന്നാർ ജലവൈദ്യുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ കൊന്നത്തടി വില്ലേജിലാണ് ഈ പ്രോജക്ട് സ്ഥിതിചെയ്യുന്നത്. ഈ പദ്ധതിക്ക് 20 ഹെക്ടർ ഭൂമിയും 1 ഹെക്ടർ വനഭൂമിയും ആവശ്യമാണ്. പദ്ധതിയുടെ സ്ഥാപിതശേഷി 24 മെ. വാട്ടും വാർഷിക ഊർജ്ജോൽപ്പാദനം 76.45 മി. യൂണിറ്റുമാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. ഈ പ്രോജക്ടിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

12. ആനക്കയം പ്രോജക്ട് (7.5 മെ. വാ./22.83 മി. യൂ.)

*(വിഹിതം : 75.00 ലക്ഷം രൂപ)*

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ പരിയാരം വില്ലേജിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. കേരളവും തമിഴ്നാടും തമ്മിലുള്ള പറമ്പിക്കുളം ആളിയാർ ഉടമ്പടി പ്രകാരം, ഷോളയാർ നദിയിൽ നിന്നും ഉയർന്ന പ്രദേശങ്ങളിലെ ജലം തമിഴ്നാട്ടിലേക്ക് തിരിച്ചുവിട്ടിട്ടുണ്ട്. ഷോളയാർ പവർ ഹൗസിൽ നിന്നും ഓരോ വർഷവും ഒഴുക്കിവിടുന്ന 348.5 മില്ലിമീറ്റർ ക്യൂബ് ജലം ഉപയോഗിക്കുന്നതിന് കേരളം അർഹത നേടിയിട്ടുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. പെരിങ്ങൽകുത്ത് ചെറുകിട ജല വൈദ്യുത പദ്ധതി (24 മെ. വാ./45.02 മി. യൂ.)

*(വിഹിതം : 3250.00 ലക്ഷം രൂപ)*

നിലവിലുള്ള പെരിങ്ങൽകുത്ത് ഇടതുകര വിപുലീകരണ പവർ ഹൗസിനുസമീപത്ത് 24 മെ. വാട്ട് സ്ഥാപിത ശേഷിയുള്ള ഒരു പവർ ഹൗസും രണ്ട് കിലോമീറ്റർ നീളത്തിലുള്ള വാട്ടർ കണ്ടക്ടർ സിസ്റ്റവും നിർമ്മിച്ച് നിലവിലുള്ള പെരിങ്ങൽകുത്ത് റിസർവോയറിൽ നിന്നും പുറംതള്ളപ്പെടുന്ന ജലം ഉപയോഗിക്കുന്നതിനാണ് പെരിങ്ങൽകുത്ത് ഇടതുകര അധിക വിപുലീകരണം (1× 24 മെ. വാ.) ഒന്നാം ഘട്ടത്തിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 1×24 മെ. വാട്ട് സ്ഥാപിതശേഷിയും വാർഷിക ഊർജ്ജോൽപാദനം 45.02 മി. യൂണിറ്റുമാണ് ഒന്നാം ഘട്ടത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ വീണ്ടും 1× 24 മെ. വാട്ടുംകൂടി ചേർത്ത് 48 മെ. വാട്ടായി സ്ഥാപിതശേഷി ഉയർത്തുകയും വാർഷിക ഊർജ്ജോല്പാദനം 78.78 മി. യൂണിറ്റായി ഉയർത്തുകയുമാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ സ്ഥിതിചെയ്യുന്നു. 2014 ഏപ്രിലിൽ ആരംഭിച്ച ഈ പദ്ധതി 2017 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 3250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. പഴശ്ശി സാഗർ പ്രോജക്ട് (7.5 മെ. വാ./25.16 മി. യൂ.)

*(വിഹിതം : 60.00 ലക്ഷം രൂപ)*

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ കുയിലൂർ നദിയിലെ നിലവിലുള്ള പഴശ്ശി സാഗർ ജലസേചന അണക്കെട്ടിലെ ലഭ്യമായ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വേനൽക്കാലത്ത് ഈ പദ്ധതിയിൽ നിന്നും ഒഴുക്കിവിടുന്നതിലൂടെ ലഭ്യമായ അധിക ജലവും 1039 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന പദ്ധതി പ്രദേശത്തുനിന്നും വർഷകാലത്ത് ലഭിക്കുന്ന ജലവും വിനിയോഗിച്ച് ഊർജ്ജോല്പാദനം നടത്താനാണ് ഉദ്ദേശിക്കുന്നത്. സമാന്തര കപ്ലാൻ ടർബൈനോടുകൂടി പവർ ഹൗസിനു താഴ്ഭാഗത്തുള്ള ഒരു അണക്കെട്ടിൽ നിന്ന് 25.16 മില്യൺ യൂണിറ്റ് വാർഷിക ഊർജ്ജോല്പാദനമാണ് ഉദ്ദേശിക്കുന്നത്. വിശദമായ പദ്ധതി രേഖയ്ക്ക് അംഗീകാരം ലഭിച്ചു. ഈ പദ്ധതിക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. കക്കയം ചെറുകിട ജല വൈദ്യുത പദ്ധതി (3 മെ. വാ./ 10.39 മി. യൂ.)

*(വിഹിതം : 1500.00 ലക്ഷം രൂപ)*

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപാറ വില്ലേജിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയിൽ നിന്നും പുറംതള്ളുന്ന ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 3 മെ. വാട്ടാണ് ഈ പദ്ധതിയുടെ സ്ഥാപിത ശേഷി. സമാന്തര കപ്ലൈൻ ടർബൈനോടുകൂടി കവിഞ്ഞൊഴുകുന്ന ഒരു ഡൈവേർഷൻ ചിറയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ നിന്നും 18.4 മീറ്റർ വ്യാപ്തിയിൽ വർഷംതോറും 10.39 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. വർക്കുകൾ പുരോഗമിക്കുന്നു. 2016 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

16. അപ്പർ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (2 മെ. വാ./5.15 മി. യൂ.)

(വിഹിതം : 150.00 ലക്ഷം രൂപ)

ഇടുക്കി ജില്ലയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 2 മെ.വാട്ടാണ്. ഈ പദ്ധതിയിൽ നിന്നും ഓരോ വർഷവും ശരാശരി 5.15 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

17. പീച്ചാട് പ്രോജക്ട് (3 മെ. വാ./7.73 മി. യൂ.)

*(വിഹിതം : 150.00 ലക്ഷം രൂപ)*

ഈ പദ്ധതി സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലാണ്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 3 മെ. വാട്ടാണ്. ഈ പദ്ധതിയിൽ നിന്ന് ഓരോ വർഷവും 7.73 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

18. പശ്ചിമ കല്ലാർ പ്രോജക്ട് (5 മെ. വാ./14.29 മി. യൂ.)

*(വിഹിതം: 150.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. പദ്ധതിയുടെ സ്ഥാപിതശേഷി 5 മെ. വാട്ടാണ്. ഈ പദ്ധതിയിൽ നിന്നും ഓരോ വർഷവും 14.29 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

19. ചെമ്പു കടവ് മൂന്നാം ഘട്ടം പ്രോജക്ട് (6 മെ. വാ./ 14.92 മി. യൂ.)

*(വിഹിതം: 600.00 ലക്ഷം രൂപ)*

കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. പദ്ധതിയുടെ സ്ഥാപിതശേഷി 6 മെ. വാട്ടാണ്. ഇതിൽ നിന്നും ഓരോ വർഷവും 14.92 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

20. ഒലീക്കൽ പ്രോജക്ട് (5 മെ. വാ./10.18 മി. യൂ.)

*(വിഹിതം: 300.00 ലക്ഷം രൂപ)*

കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 5 മെ.വാട്ടാണ്. ഈ പദ്ധതിയിൽ നിന്നും ഓരോ വർഷവും 10.18 മി. യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

21. പൂവരംതോട് പ്രോജക്ട് (3 മെ. വാ./5.88 മി. യൂ.)

*(വിഹിതം: 325.00 ലക്ഷം രൂപ)*

കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി സ്ഥിതിചെയ്യുന്നത്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 3 മെ.വാട്ടാണ്. ഈ പദ്ധതിയിൽ നിന്നും ഓരോ വർഷവും 5.88 മി. യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ 325.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

22. വക്കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (24 മെ. വാട്ട്/65 മി. യൂ.)

*(വിഹിതം: 5.00 ലക്ഷം രൂപ)*

പത്തനംതിട്ട ജില്ലയിൽ അറുവാപ്പുള്ളം പഞ്ചായത്തിലെ കോലഞ്ചേരി താലൂക്കിൽ സ്ഥിതിചെയ്യുന്ന ഈ പദ്ധതി വൈദ്യുതോല്പാദനത്തിനായി വക്കല്ലാർ നദിയിലെ ജലം ഉപയോഗിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 28 മീറ്റർ ദൈർഘ്യമുള്ള ഗ്രാവിറ്റി അണക്കെട്ട്, 3 മീറ്റർ വ്യാസവും 3160 മീറ്റർ നീളവുമുള്ള ഡീ ആകൃതിയിൽ കോൺക്രീറ്റ് പവർ ടണൽ, 7 മീറ്റർ വ്യാസമുള്ള സർജ്ജ് ഷാഫ്റ്റ്, 3 മീറ്റർ വ്യാസവും 65 മീറ്റർ നീളവുമുള്ള എൽ.പി.പി., 1.3 മീറ്റർ വ്യാസവും 435 മീറ്റർ നീളവുമുള്ള രണ്ട് സ്വതന്ത്ര പെൻസ്റ്റോക്കുകൾ, പവർ ഹൗസ് തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പദ്ധതിയുടെ സ്ഥാപിതശേഷി 24 മെ. വാട്ടാണ് (1 × 12 മെ. വാ.). ശരാശരി വാർഷിക ഊർജ്ജോല്പാദനം 65 മില്ല്യൺ യൂണിറ്റാണ്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 5.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

23. അതിരപ്പള്ളി (163 മെ. വാ./233 മി. യൂ.)

*(വിഹിതം: 250.00 ലക്ഷം രൂപ)*

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലാണ് അതിരപ്പള്ളി ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത്. പെരിങ്ങൽകുത്ത് വൈദ്യുത നിലയത്തിന് മുകളിൽ നിന്നും ഒഴുകി വരുന്ന ജലവും പദ്ധതി പ്രദേശത്ത് ഒഴുകിയെത്തുന്ന ജലവും ഉപയോഗപ്പെടുത്തുവാൻ വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

24. പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ. വാ./24.70 മി. യൂ.)

*(വിഹിതം: 230.00 ലക്ഷം രൂപ)*

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിലാണ് പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത്. പെരുവണ്ണാമുഴി ഇറിഗേഷൻ ഡാമിൽ അധികമുള്ള ജലം ഉപയോഗിച്ച് 24.70 മി. യൂണിറ്റ് ശരാശരി വാർഷിക വൈദ്യുതോല്പാദനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നിലവിലുള്ള ഇറിഗേഷൻ ഡാമിന്റെ ഇടതു ഭാഗത്തായി പ്രധാന ഡാമിൽ നിന്നും 200 മീറ്റർ അകലെ പള്ളി പെരുവണ്ണാസാഡിൽ ഡാമിൽ നിന്നും 170 മീറ്റർ അകലെയായിട്ടാണ് പദ്ധതി സ്ഥിതിചെയ്യുന്നത്. കക്കയം, കരുമാന്തോട് എന്നീ റിസർവോയർ ഉൾപ്പെടെ 170.22 സ്ക്വയർ കി. മീ. ആണ് ഈ റിസർവവൊയറിന്റെ ക്യാച്ച്മെന്റ് ഏരിയ. 2005-ൽ കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം പെരുവണ്ണാമൂഴിയിലേക്കുള്ള ശരാശരി നീരൊഴുക്ക് 802.67 ക്യൂബിക് മീറ്റർ ആയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 230.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

25. ലാഡ്രം പ്രോജക്ട് (3.5 മെ. വാട്ട്/10.47 മി. യൂ.)

*(വിഹിതം: 75.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലെ പീരുമേടിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. 3.5 മെഗാവാട്ട് ആണ് ഈ പദ്ധതിയുടെ സ്ഥാപിതശേഷി. ഇതിൽ നിന്നും പ്രതിവർഷം 10.47 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

26. അപ്പർ സെൻകുളം ജല വൈദ്യുത പദ്ധതി (24 മെ. വാട്ട്/59.20 മി. യൂ.)

*(വിഹിതം: 75.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിൽ പെരിയാർ നദിയുടെ പോഷക നദിയായ മുതിരപ്പുഴ നദിയിലുള്ള സെൻകുളം ജലവൈദ്യുത പദ്ധതിയുടെ മുകളിലായിട്ടാണ് അപ്പർ സെൻകുളം ജല വൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത്. 3.3 മീ. വ്യാസവും വൃത്താകൃതിയിലുമായ ടണൽ, 10 മീറ്റർ വ്യാസമുള്ള സർജ്ജ് ഷാഫ്റ്റ്, 18 മീറ്റർ ദൈർഘ്യവും 25 മീറ്റർ വ്യാസവുമുള്ള എൽ. പി. പി., വാൽവ് ഹൗസ്, 2.5 മീറ്റർ വ്യാസമുള്ള പ്രഷർ ഷാഫ്റ്റ്, ഹൊറിസോണ്ടൽ ഷാഫ്റ്റ്, 1.9 മീറ്റർ വ്യാസമുള്ള 2 ഫീസർ പൈപ്പുകൾ, ഒരു പവർ ഹൗസ് തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഇതിന്റെ സ്ഥാപിതശേഷി 24 മെഗാവാട്ടും വർഷംതോറും ശരാശരി 59.20 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി 75.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

27. മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി (7 മെ. വാട്ട്/16.72 മി. യൂ.)

*(വിഹിതം: 75.00 ലക്ഷം രൂപ)*

കോട്ടയം ജില്ലയിലെ തിക്കോയി വില്ലേജിലെ മീനച്ചിൽ നദിയുടെ പോഷക നദിയിലാണ് മർമ്മാല ചെറുകിട ജല വൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത്. 16 മീറ്റർ ഉയരത്തിലുള്ള ഡൈവേർഷൻ വയർ, 16.2 മീറ്റർ നീളത്തിൽ ചതുരാകൃതിയിലുള്ള ഇൻടേക്ക് ചാനൽ, 7.5 മീറ്റർ വ്യാസവും 400 മീറ്റർ ദൈർഘ്യവുമുള്ള ടണൽ, 6.5 മീറ്റർ വ്യാസവുമുള്ള സർജ് ഷാഫ്റ്റ്, 124.95 മീറ്റർ നീളവും 2.5 മീറ്റർ വ്യാസവുമുള്ള വൃത്താകൃതിയിലുള്ള ലോ പ്രഷർ പൈപ്പ്, 485 മീറ്റർ നീളവും 1.2 മീറ്റർ വ്യാസവുമുള്ള പെൻസ്റ്റോക്ക്, 7 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പവർഹൗസ് എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. ശരാശരി വാർഷിക ഊർജ്ജോൽപാദനം 16.72 മില്യൺ യൂണിറ്റ് ആണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

28. ഭൂതത്താൻകെട്ട് പ്രോജക്ട് (24 മെ. വാട്ട്/83.50 മി. യൂ.)

*(വിഹിതം: 3500.00 ലക്ഷം രൂപ)*

പെരിയാർവാലി ജലസേചന പദ്ധതിയുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ എന്നിവയിൽനിന്ന് തിരിച്ച് വിടുന്നജലം ഉപയോഗിച്ച് 83.50 മി. യൂ. വാർഷിക വൈദ്യുതോല്പാദനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 24 മെ. വാട്ട് ആണ് ഇതിന്റെ സ്ഥാപിതശേഷി. ഈ പദ്ധതി കെ.എസ്.ഇ.ബി.എൽ നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി 2017 ഫെബ്രുവരിയിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 3500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. പാമ്പാർ ജലവൈദ്യുത പദ്ധതി (40 മെ. വാട്ട്/84.79 മി. യൂ.)

*(വിഹിതം: 50.00 ലക്ഷം രൂപ)*

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ സ്ഥിതി ചെയ്യുന്ന പാമ്പാർ ജലവൈദ്യുത പദ്ധതി പാമ്പാർ നദിക്കു കുറുകെ 36.50 മീറ്റർ ഉയരത്തിലുള്ള അണക്കെട്ട് നിർമ്മിച്ച് പാമ്പാർ നദിയുടെ 183 ചതുരശ്ര കി. മീറ്റർ പദ്ധതി പ്രദേശത്ത് നിന്ന് ലഭിക്കുന്ന ജലം വൈദ്യുതോൽപ്പാദനത്തിനായി വിനിയോഗിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 40 മെ. വാട്ട് സ്ഥാപിതശേഷിയുള്ള ഈ പദ്ധതിയിൽ 20 മെ. വാട്ട് വീതം ശേഷിയുള്ള രണ്ട് മെഷീൻ ഉപയോഗിച്ച് 84.79 മില്യൺ യൂണിറ്റ് വാർഷിക ഊർജ്ജോൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

30. വലംതോട് ജലവൈദ്യുത പദ്ധതി (7.5 മെ. വാട്ട്/16.82 മി. യൂ.)

*(വിഹിതം: 20.00 ലക്ഷം രൂപ)*

വലംതോട് ചെറുകിട ജലവൈദ്യുത പദ്ധതി ചാലിയാർ നദിയുടെ പോഷകനദിയായ കുറുമൻപുഴയിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതി മലപ്പുറം ജില്ലയിലെ കക്കടംപോയിലിനടുത്തുള്ള തോട്ടപ്പള്ളിയിൽ സ്ഥിതിചെയ്യുന്നു. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 7.5 മെ. വാട്ടും പ്രതീക്ഷിക്കുന്ന ശരാശരി വാർഷിക ഊർജ്ജോല്പാദനം 16.82 മി. യൂണിറ്റുമാണ്. ഏകദേശം 6.9 ഹെക്ടർ ഭൂമി ഈ പദ്ധതിയ്ക്ക് ആവശ്യമാണ്. ഇതിൽ 1.4 ഹെക്ടർ വനഭൂമിയും ബാക്കിയുള്ളത് സ്വകാര്യ ഭൂമിയുമാണ്. ഈ പദ്ധതിയ്ക്കായി 20.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

31. മാരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6 മെ. വാട്ട്/14.84 മി. യൂ.)

*(വിഹിതം: 100.00 ലക്ഷം രൂപ)*

ചാലിയാർ തടാകത്ത് ഇരുവഞ്ചിപ്പുഴയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കോഴിക്കോട് ജില്ലയിൽ നെല്ലിപോയിൽ വില്ലേജിലാണ് ഈ പദ്ധതി സ്ഥിതി ചെയ്യുന്നത്. 15.92 ചതുരശ്ര കി. മീറ്ററാണ് പദ്ധതി പ്രദേശം. ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 6 മെ.വാട്ടും പ്രതീക്ഷിക്കുന്ന വാർഷിക ഊർജ്ജോല്പാദനം 14.84 മില്ല്യൺ യൂണിറ്റുമാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചു. ഈ പദ്ധതിക്ക് 2016-17 വാർഷിക ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**2. പുതിയ ജല വൈദ്യുത പദ്ധതികൾ**

32. വടക്കേപ്പുഴ എക്സ്റ്റൻഷൻ പദ്ധതി (0.70 മി. യൂ.)

*(വിഹിതം: 50.00 ലക്ഷം രൂപ)*

മൂവാറ്റുപ്പുഴ നദീതടപ്രദേശത്തിലെ നിലവിലുള്ള വടക്കേപ്പുഴ റിസർവോയറിൽ നിന്ന് 0.474 ക്യൂബിക് മി.മീ. അധിക ജലം 240 എച്ച്.പി. അധിക യൂണിറ്റ് പമ്പ് ഉപയോഗിച്ച് പമ്പ് ചെയ്ത്, ഇടുക്കി റിസർവോയറിലേക്ക് തിരിച്ച് വിട്ട് ഉർജ്ജോൽപാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ കുളമാവ് സാഡിൽ ഡാമിനടുത്താണ് നിലവിലുള്ള വടക്കേപ്പുഴ ഡൈവർഷൻ സ്കീം സ്ഥിതി ചെയ്യുന്നത്. റിസർവോയറിൽ ജലം ഉൾക്കൊള്ളാനുള്ള ശേഷി കുറവായതിനാൽ, കനത്ത മഴയുള്ളപ്പോൾ, പമ്പുകൾ പ്രവർത്തനരഹിതമാകുമ്പോഴോ അതല്ലെങ്കിൽ അറ്റകുറ്റ പണികൾ നടക്കുമ്പോഴോ വടക്കേപ്പുഴ വെയർ നിറഞ്ഞു കവിയുന്നു. ആയതിനാൽ നിറഞ്ഞു കവിഞ്ഞൊഴുകുന്ന അധിക ജലം മൂലമറ്റം പവ്വർ സ്റ്റേഷനിൽ ഊർജ്ജോൽപാദനത്തിന് വിനിയോഗിക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പ്രോജക്ട് പൂർത്തിയായാൽ 0.70 മി.യൂ. ഊർജ്ജം ഗ്രിഡിലേക്ക് കൂട്ടിചേർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 2016–17 വാർഷിക ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

33. വൈത്തിരി ജലവൈദ്യുതി പദ്ധതി (60 മെ.വാ/167.29 മി. യൂ.)

*(വിഹിതം: 15.00 ലക്ഷം രൂപ)*

കബനി നദിയുടെ പോഷക നദിയായ വൈത്തിരിപ്പുഴയുടെ ഊർജ്ജോൽപാദന സാധ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. ഇതിന്റെ സ്ഥാപിത ശേഷി 60 മെഗാവാട്ടും, വാർഷിക ഊർജ്ജോൽപ്പാദനം 167.29 മില്ല്യൺ യൂണിറ്റുമാണ്. ഈ പദ്ധതി വയനാട്, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ വെയർ, ഇൻടേക്ക്, തുരങ്കത്തിന്റെ പ്രമുഖ ഭാഗങ്ങൾ വയനാട് ജില്ലയിലും സർജ്ജ് ഷാഫ്റ്റ്, വാൽവ് ഹൗസ്, പ്രഷർ ഷാഫ്റ്റ്, പെൻസ്റ്റോക്ക്, പവർ ഹൗസ്, ടെയിൽറേസ് എന്നിവ കോഴിക്കോട് ജില്ലയിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**3. മറ്റു പ്രോജക്റ്റുകൾ**

34. സൗരോർജ്ജ പദ്ധതികൾ

*(വിഹിതം: 3000.00 ലക്ഷം രൂപ)*

ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിലും നിലവിലുള്ള ഉപസ്റ്റേഷനുകൾ, പവർ ഹൗസുകൾ, വൈദ്യുതി ഭവനങ്ങൾ, വിവിധ സർക്കാർ വക കെട്ടിടങ്ങൾ തുടങ്ങിയവയുടെ മേൽക്കൂരകളിലും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാൻ കെ. എസ്. ഇ. ബി.എൽ. ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ വിവിധ സൗരോർജ്ജ പദ്ധതികൾക്കായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

35. വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ (400 മെ. വാട്ട്)

*(വിഹിതം: 4600.00 ലക്ഷം രൂപ)*

സംസ്ഥാനത്തിന്റെ ഊർജ്ജ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ സമീപത്തുള്ള ഭൂമിയിൽ 400 മെ.വാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത വൈദ്യുത പ്ലാന്റ് സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.എൽ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 4600.00 ലക്ഷം രൂപ ഈ വകയിരുത്തിയിരിക്കുന്നു.

36. കാറ്റിനെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ (100 മെ.വാ.)

*(വിഹിതം: 2500.00 ലക്ഷം രൂപ)*

കാറ്റിൽനിന്നുള്ള ഉൽപ്പാദനശേഷി കുറഞ്ഞത് 100 മെ. വാട്ട് എങ്കിലും വർദ്ധിപ്പിക്കാൻ കെ. എസ്. ഇ. ബി. എൽ ഉദ്ദേശിക്കുന്നു. കഞ്ചിക്കോട്, മടക്കത്തറ, പോത്തൻകോട്, ഇടുക്കി തുടങ്ങിയ കെ. എസ്. ഇ. ബി.എല്ലിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ സാധ്യതാ പഠനത്തിന് ശേഷം വിന്റ് ജനറേറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

37. കൽക്കരി അധിഷ്ഠിത വൈദ്യുത പദ്ധതി (2400 മെ. വാട്ട്)

*(വിഹിതം: 10.00 ലക്ഷം രൂപ)*

കാസർഗോഡ് ചീമേനിയിൽ സർക്കാർ കൈവശമുള്ള 2000 ഏക്കർ ഭൂമിയിൽ കൽക്കരി അധിഷ്ഠിത വൈദ്യുത പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കൽക്കരിയുടേയും ഭൂമിയുടെയും ലഭ്യത കണക്കിലെടുത്ത് വൈദ്യുത പ്രോജക്റ്റിന് 2400 മെ.വാട്ട് ശേഷി എങ്കിലും സാദ്ധ്യത സൂചിപ്പിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

38. പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി (500 മെ. വാട്ട്)

*(വിഹിതം: 10.00 ലക്ഷം രൂപ)*

കൊച്ചി അമ്പലമുകളിൽ ഫാക്ടിൽ നിന്നും ലഭിക്കാൻ ഇടയുള്ള സ്ഥലത്ത് 500 മെ.വാട്ട് ശേഷിയുള്ള പെറ്റ് കോക്ക് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഒരു പവർപ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കൊച്ചി റിഫൈനറിയിൽ റിഫൈനറി വിപുലീകരണത്തിന്റെ ഫലമായി ലഭിക്കുന്ന പെറ്റ്കോക്ക്, വൈദ്യുത പ്ലാന്റിൽ ഇന്ധനമായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## താപ വൈദ്യുത പദ്ധതികൾ

39. ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയം

*(വിഹിതം: 275.00 ലക്ഷം രൂപ)*

ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിന് (ബി.ഡി.പി.പി.) 21.32 മെ. വാട്ട് വീതം ശേഷിയുള്ള 5 യൂണിറ്റുകൾ ഉണ്ട്. ഈ പ്രോജക്ട് 1997-98 കാലയളവിൽ കമ്മീഷൻ ചെയ്തു. ഡീസൽ ഉൽപാദന യൂണിറ്റുകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കാലാകാലങ്ങളിൽ പൂർണ്ണമായ അറ്റകുറ്റപണികൾ നടത്തേണ്ടത് അത്യാവശ്യമാണ്. യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും അതുമായി ബന്ധപ്പെട്ട അറ്റകുറ്റ പണികൾ നടത്തുന്നതിനും 2016-17 വാർഷിക ബഡ്ജറ്റിൽ 275.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

40. കോഴിക്കോട് ഡീസൽ വൈദ്യുത നിലയം

*(വിഹിതം : 1300.00 ലക്ഷം രൂപ)*

കോഴിക്കോട് ഡീസൽ വൈദ്യുത നിലയത്തിന്റെ 16 മെ. വാട്ട് വീതം ശേഷിയുള്ള 8 യൂണിറ്റുകളും 1997 കാലയളവിൽ കമ്മീഷൻ ചെയ്തു. ഡീസൽ ഉൽപാദന യൂണിറ്റുകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കാലാകാലങ്ങളിൽ പൂർണ്ണമായ അറ്റകുറ്റപണികൾ നടത്തേണ്ടത് അത്യാവശ്യമാണ്. യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും അതുമായി ബന്ധപ്പെട്ട അറ്റകുറ്റപണികൾ നടത്തുന്നതിനും വേണ്ടി 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

41. ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പണികൾ (വിദേശ സഹായ പദ്ധതി)

*(വിഹിതം : 5662.00 ലക്ഷം രൂപ)*

നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന് വേൾഡ് ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്.

ഇതിന്റെ ഭാഗമായി 12 പദ്ധതികളിലായി കെ.എസ്.ഇ.ബി. എൽ-ന്റെ കീഴിലുള്ള 28 ഡാമുകളുടെ മേൽനോട്ടവും അറ്റകുറ്റപ്പണികളും നടത്തിവരുന്നു. ഡാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുക, സ്ഥാപനശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. വിവിധ ഡാമുകളെ തമ്മിൽ ബന്ധിപ്പിക്കുക, വാർത്താവിനിമയ ശൃംഖല മെച്ചപ്പെടുത്തുക, ഹൈഡ്രോ മെട്രോളജിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുക, ഭൂകമ്പ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, നിർദ്ദേശ ബോർഡുകൾ സ്ഥാപിക്കുക, സർവെയ്‌ലൻസ് ബോട്ടുകൾ, ജലനിരപ്പ് രേഖപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ, ഗാർഡ് റൂമുകൾ, ഡാമുകളുടെ വൈദ്യുതീകരണം, എഫ്.ആർ.എൽ. സ്റ്റോണുകൾ സ്ഥാപിക്കുക, ജനറേറ്ററുകൾ സ്ഥാപിക്കുക, ഡാമുകളുടെ ചോർച്ച മാറ്റൽ, സിമന്റ് വാഷിംഗ്, മർദ്ദമാപിനികൾ സ്ഥാപിക്കുക, ജലനിർഗ്ഗമനകുഴലുകളിലെ തടസ്സങ്ങൾ മാറ്റുക, ജലസംഭരണിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക എന്നിവയാണ് ഡാം സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൈദ്യുതി ബോർഡ് നടത്തുന്ന ഡാം സുരക്ഷാപഠനങ്ങളും ഇതിൽ ഉൾപ്പെടുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ വിദേശ സഹായമായി 5662.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

42. സർവ്വേയും, നിരീക്ഷണവും, പരിസ്ഥിതി പഠനവും

*(വിഹിതം : 100.00 ലക്ഷം രൂപ)*

സംസ്ഥാനത്തെ ചെറുതും വലുതും ഇടത്തരവുമായ ജലവൈദ്യുത പദ്ധതികളുടെ ശേഷി നിർണ്ണയിക്കുന്നതിനായി സർവ്വേയും സൂക്ഷ്മ നിരീക്ഷണവും ബോർഡ് സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുന്നു. പ്രാരംഭ സർവ്വേയുടെയും വിശദമായ സൂക്ഷ്മ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നു. സാങ്കേതിക മികവും സാമ്പത്തികമായി പ്രായോഗികവുമായ പ്രോജക്ടുകൾ കണ്ടെത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ വിവിധ സ്കീമുകളുടെ സർവ്വേ, നിരീക്ഷണം, പരിസ്ഥിതി പഠനം എന്നിവയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

43. ഭൂകമ്പ ശൃംഖലയുടെ പഠനം മെച്ചപ്പെടുത്തൽ

*(വിഹിതം : 10.00 ലക്ഷം രൂപ)*

ഭൂകമ്പസാധ്യതയുള്ള 12 കേന്ദ്രങ്ങളിൽ കെ.എസ്.ഇ.ബി. എൽ-നടത്തിവരുന്ന പഠനങ്ങളും പദ്ധതികളും തുടരുന്നതാണ്. ഭൂകമ്പ സാധ്യത നിരീക്ഷണത്തിനായി തിരുവനന്തപുരത്ത് ഒരു കേന്ദ്ര കൺട്രോൾ യൂണിറ്റിന്റെ ഓട്ടോമേഷൻ നിർവ്വഹിച്ചു. ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

44. അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സുകളും മെക്കാനിക്കൽ ഫാബ്രിക്കേഷൻ വർക്കുകളും

*(വിഹിതം : 4500.00 ലക്ഷം രൂപ)*

വിവിധ ഓഫീസ് കോംപ്ലക്സുകൾ, സെക്ഷൻ ഓഫീസ് കെട്ടിടങ്ങൾ, സ്റ്റോർ ബിൽഡിംഗുകൾ ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ, മറ്റുകെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നൂതന യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, ഫാബ്രിക്കേഷൻ ഷെഡുകളുടെ നിർമ്മാണം, മെക്കാനിക്കൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കെ. എസ്. ഇ. ബി.എൽ-ന്റെ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങളുടെ സ്റ്റീൽ ഫാബ്രിക്കേഷൻ പണികളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി 4500.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

45. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ അറ്റകുറ്റപണികൾ (മൂലധനാടിസ്ഥാനം)

*(വിഹിതം : 2000.00 ലക്ഷം രൂപ)*

2016-17 വാർഷിക ബഡ്ജറ്റിൽ നിലവിലുള്ള വിവിധ ജലവൈദ്യുത പദ്ധതികളുടെ അറ്റകുറ്റപണികൾക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

46. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത സേവനങ്ങൾ

*(വിഹിതം : 1400.00 ലക്ഷം രൂപ)*

2016-17 വാർഷിക ബഡ്ജറ്റിൽ 1400.00 ലക്ഷം രൂപ താഴെ കൊടുത്തിരിക്കുന്ന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- അക്കൗണ്ടിംഗ് സോഫ്ട്‌വെയർ നടപ്പിലാക്കൽ
- ബ്രോഡ് ബാൻഡ്/ലീസ്ഡ് ലൈൻ ബന്ധിപ്പിക്കൽ
- എച്ച്. ആർ. എം. സെർവറുകളും സ്റ്റോറേജുകളും
- എൽ. റ്റി. ബില്ലിംഗും പഴക്കമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ
- എന്റ് യൂസർ ലാൻ കണക്ടിവിറ്റിക്കായി സ്വിച്ചുകൾ സ്ഥാപിക്കൽ
- സ്മാർട്ട് മീറ്ററിങ്ങ് ടെക്നോളജി, ബില്ലിങ്ങ് ഡാറ്റാ ബേയ്സ് നന്നാക്കൽ/ബലപ്പെടുത്തൽ ഉൾപ്പെടെയുള്ള ആധുനിക മീറ്റർ റീഡിംഗ് ടെക്നോളജി ഉപയോഗിച്ച് ബില്ലിംഗ് മെച്ചപ്പെടുത്തൽ.

47. സ്ഥാപന വികസന പദ്ധതി

*(വിഹിതം : 350.00 ലക്ഷം രൂപ)*

താഴെ കൊടുത്തിരിക്കുന്ന പരിപാടികൾ 2016-17 വാർഷിക ബഡ്ജറ്റിൽ സ്ഥാപന വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു :

- ഇൻ-ഹൗസ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് വേണ്ടിയുള്ള പരിശീലനം
- മറ്റ് പരിശീലന കേന്ദ്രങ്ങളിൽ ജീവനക്കാർക്ക് പരിശീലനം
- പുതിയ പരിശീലന കേന്ദ്രങ്ങളും മറ്റ് സൗകര്യങ്ങളും സ്ഥാപിക്കുക

2016-17 വാർഷിക ബഡ്ജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പ്രസരണം**

48. പ്രസരണം-നോർമൽ വർക്കുകൾ

(വിഹിതം: 28000.00 ലക്ഷം രൂപ)

വർദ്ധിച്ചുവരുന്ന ആവശ്യകതയും ഊർജ്ജ ഇവാക്യുവേഷൻ ആവശ്യകതകളും നേരിടുന്നതിനായി, കെ.എസ്.ഇ.ബി.എൽ പുതിയ ഉപസ്റ്റേഷനുകൾ ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണവും നിലവിലുള്ള ഉപസ്റ്റേഷനുകളുടെ പദവി ഉയർത്തുവാനും ഉദ്ദേശിക്കുന്നു. 2014-15 കാലയളവിൽ 1 വീതം, 220 കെ.വി., 110 കെ.വി., 33 കെ.വി. ഉപസ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു. കൂടാതെ 220 കെ.വി. ലൈനുകളിൽ 36.2 കി.മീ., 110 കെ.വി. ലൈനുകളിൽ 38.4 കി.മീ., 33 കെ.വി. ലൈനുകളിൽ 43 കി.മീ. പ്രസരണ ലൈനുകൾ കമ്മീഷൻ ചെയ്തു.

2016-17 കാലയളവിൽ താഴെ കൊടുത്തിരിക്കുന്ന പുതിയ ഉപസ്റ്റേഷനുകൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ഉപസ്റ്റേഷനുകൾ

- 220 കെ. വി. ഉപസ്റ്റേഷനുകൾ .. 2 എണ്ണം
- 110 കെ. വി. ഉപസ്റ്റേഷനുകൾ .. 5 എണ്ണം
- 66 കെ. വി. ഉപസ്റ്റേഷനുകൾ .. 2 എണ്ണം
- 33 കെ. വി. ഉപസ്റ്റേഷനുകൾ .. 9 എണ്ണം

2016-17 വാർഷിക ബഡ്ജറ്റിൽ സാധാരണയുള്ള പ്രസരണ പണികൾക്കായി 28000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

49. ലോഡ് ഡെസ്പാച്ച് സ്റ്റേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം, റിലേ എന്നിവയുടെ ആധുനികവൽക്കരണം (സിസ്റ്റം ഓപ്പറേഷൻ വർക്കുകൾ)

(വിഹിതം: 1200.00 ലക്ഷം രൂപ)

തിരുവനന്തപുരം, കളമശ്ശേരി, കണ്ണൂർ എന്നീ ലോഡ് ഡെസ്പാച്ച് സ്റ്റേഷനുകളുടെ ആധുനികവൽക്കരണവും, സുരക്ഷിത സിസ്റ്റം, കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയുടെ ആധുനികവൽക്കരണവും ഇതിൽ ഉൾപ്പെടുന്നു.

പ്രധാനപ്പെട്ട സ്റ്റേഷനുകളിലും ഉപസ്റ്റേഷനുകളിലും നിന്നുള്ള വിവരശേഖരണം, സ്കാഡയിൽനിന്നും, കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിൽ നിന്നുള്ള അനുബന്ധ പണികൾ, എസ്.എൽ.ഡി.സി.യിൽ നിന്നും റിസർവോയർ നിരീക്ഷണം, എസ്.എൽ.ഡി.സി-യിലെ മറ്റു പണികൾ, മെച്ചപ്പെട്ട ഊർജ്ജ കണക്കെടുപ്പിനായി മീറ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ വിപുലീകരിക്കൽ എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നത്.

സുസ്ഥിരവും വിശ്വസനീയവുമായ വൈദ്യുത സമ്പ്രദായം നിലനിർത്തുന്നതിന് ഉചിതവും കാര്യക്ഷമവുമായ റിലേ സംരക്ഷണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഇതിനായി റിലേ വിംഗിൽ ആധുനിക പരിശോധനായന്ത്രങ്ങൾ സജ്ജമാക്കേണ്ടതുണ്ട്. റിലേ പരിശോധന, ഉപകരണങ്ങൾ മെച്ചപ്പെടുത്തൽ, ആധുനിക പരിശോധനാ ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

ഈ പദ്ധതി പ്രധാനമായും പി.എൽ.സി.സി.യുടെ ആധുനികവൽക്കരണത്തിനുവേണ്ടിയുള്ളതാണ്. പുതിയ നിലയങ്ങൾ കമ്മീഷൻ ചെയ്യുന്നതിനും ഇ. എച്ച്. റ്റി. ലൈനുകൾ കമ്മീഷൻ ചെയ്യുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുന്നതിനും പി.എൽ.സി.സി. ഉപകരണങ്ങൾ, സംരക്ഷണ കപ്പ്ലറുകൾ, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവ വാങ്ങേണ്ടത് കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന്റെ നേരായ പരിപാലനത്തിന് അത്യാവശ്യമാണ്. ഇതിനായി 1200.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

50. ജലവൈദ്യുത പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണവും

(വിഹിതം : 1800.00 ലക്ഷം രൂപ)

താഴെപ്പറയുന്ന ജല വൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണ പരിപാടികളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) പൊരിങ്ങൽകുത്ത് (32 മെ. വാ.)

(ബി) ഷോളയാർ (54 മെ. വാ.)

(സി) കുറ്റ്യാടി (75 മെ. വാ.)

(ഡി) ഇടുക്കി സ്റ്റേജ്-1 (390 മെ. വാ.)

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**വിതരണം**

51. വിതരണം—നോർമൽ വർക്കുകൾ

(വിഹിതം : 19000.00 ലക്ഷം രൂപ)

വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അധിക സർവ്വീസ് കണക്ഷൻ നൽകുന്നതിനും സിസ്റ്റം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ബോർഡിന്റെ തനതു ഫണ്ട്, ഉപഭോക്തൃ വിഹിതം എം. പി., എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവ ഉപയോഗിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ വിതരണം നോർമൽ പദ്ധതിയുടെ കീഴിലുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി 19000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

52. ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) (പുതിയത്)

(വിഹിതം : 17500.00 ലക്ഷം രൂപ)

ഗ്രാമ പ്രദേശങ്ങളിൽ വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗ്രാമീണ ഗൃഹങ്ങളിൽ 24 × 7 ഊർജ്ജ വിതരണം ഉറപ്പുവരുത്തുന്നതിനുമാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന നിലവിൽ വന്നിട്ടുള്ളത്. ഗ്രാമ പ്രദേശങ്ങളിലെ ഉപ പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തൽ, ഫീഡറുകൾ വേർതിരിക്കുന്ന പണികൾ, വിതരണ ട്രാൻസ്ഫോമറുകൾ/ഫീസറുകൾ/ഉപഭോക്താക്കൾ തുടങ്ങിയവരുടെ മീറ്ററിംഗ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലുകളിൽ, ഊർജ്ജ മന്ത്രലായം 48292 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. പ്രവൃത്തികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തികരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ദീന ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 17500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നടന്നുകൊണ്ടിരിക്കുന്ന ആർ.ജി.ജി.വി.വൈ പദ്ധതി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

53. ആർ.-എ. പി. ഡി. ആർ. പി. (പുനഃസംഘടിപ്പിച്ച എ.പി.ഡി.ആർ.പി.) പദ്ധതി

*(വിഹിതം : 25000.00 ലക്ഷം രൂപ)*

തുടർച്ചയായ നഷ്ടം കുറച്ചുകൊണ്ട് പ്രകടമായ വിധത്തിൽ കൃത്യമായി പദ്ധതി നടപ്പാക്കുന്നതിന് ഊന്നൽ നല്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഊർജ്ജ വിവരം കണക്കാക്കുന്നതിന് സാങ്കേതിക വിദ്യ സ്വീകരിച്ചുകൊണ്ട് കൃത്യമായ അടിസ്ഥാന വിവരശേഖരണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. 30000-ൽ കൂടുതൽ ജനസംഖ്യയുള്ള കേരളത്തിലെ നഗര പ്രദേശങ്ങളിലും പട്ടണങ്ങളിലുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ആർ-എ.പി.ഡി.ആർ.പി പദ്ധതിയിൽ ഉൾപ്പെട്ട 43 അംഗീകൃത സ്കീമുകളുടെ പ്രോജക്ട് തുക 28832.00 ലക്ഷം രൂപയാണ്. ഇതിൽ 21440.00 ലക്ഷം രൂപ ലോണായി ഊർജ്ജ മന്ത്രാലയം അനുവദിച്ചു. എനർജി അക്കൗണ്ടിംഗിലും ഓഡിറ്റിംഗിലും വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം, വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കൺസ്യൂമർ ഇൻഡക്സിംഗ്, ജി.ഐ.എസ്. മാപ്പിംഗ്, എസ്.സി.എ.ഡി.എ./ഡി.എം.എസ്. സിസ്റ്റം, ഡി. റ്റി. ആർ.-ന്റെ മീറ്ററിംഗ്, ഫീടേഴ്സ് തുടങ്ങിയവയാണ് പാർട്ട്-എ യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എ. റ്റി. & സി നഷ്ടത്തെ 15% ത്തിൽ താഴെ നിലനിർത്താനുള്ള പദ്ധതിയാണ് ആർ-എ. പി. ഡി. ആർ. പി.-യുടെ പാർട്ട്-ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഊർജ്ജ മന്ത്രാലയം 43 അംഗീകൃത സ്കീമുകളിൽ 42 എണ്ണത്തിനു പ്രോജക്ട് തുകയായ 87217.00 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകി. വർക്കുകൾ പുരോഗതിയിലാണ്.

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ജില്ലകളുടെ 8315.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള എസ്. സി. എ. ഡി. എ. സ്കീമുകൾക്ക് അംഗീകാരം ലഭിച്ചു. ഈ പദ്ധതിയ്ക്കായി 25000.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

54. സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി. എസ്.)-(പുതിയത്)

*(വിഹിതം : 16000.00 ലക്ഷം രൂപ)*

നഗര പ്രദേശങ്ങളിലെ വിതരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. നഗര പ്രദേശത്തെ ഉപപ്രസരണ-വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുക, വിതരണ ട്രാൻസ്ഫോമറുകൾ/ഫീഡറുകൾ/ഉപഭോക്താക്കൾ തുടങ്ങിയവരുടെ മീറ്ററിംഗ്, കൂടാതെ വിവര സാങ്കേതികവിദ്യ സാധ്യമാക്കൽ, വിതരണം ശക്തിപ്പെടുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ. എല്ലാ ജില്ലകളിലുമായി 63 മുനിസിപ്പൽ ടൗണുകളുടെ 59207 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ ഐ.പി.ഡി.എസ്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 16000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സംസ്ഥാന പദ്ധതി സ്കീമുകൾ

55. ഇന്നോവേഷൻ ഫണ്ട് & എസ്ക്കോട്ട് (എനർജി സേവിംഗ് ആന്റ് കോ-ഓഡിനേഷൻ ടീം)

*(വിഹിതം : 677.00 ലക്ഷം രൂപ)*

ഉർജ്ജ മേഖലയിലെ തിരഞ്ഞെടുക്കപ്പെട്ട വ്യവസായ സംരംഭകർക്കും നൂതന ആശയമുള്ളവർക്കും കെ.എസ്.ഇ.ബി.എൽ. സ്റ്റാർട്ട് അപ് വില്ലേജിലെ എനർജി ഓപ്പൺ ഇന്നോവേഷൻ സോണിലൂടെ സാമ്പത്തിക സാങ്കേതിക സഹായം നൽകിവരുന്നു. നൂതന സൗരോർജ്ജ പി. വി. പ്ലാന്റുകൾ സ്ഥാപിക്കുക, റിസർവോയറുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ ഫ്ളോട്ടിംഗ് പ്ലാന്റുകൾ ഡിസൈൻ ചെയ്യലും സ്ഥാപിക്കലും, മൈക്രോഗ്രീഡുകൾ സ്ഥാപിക്കുക, പീക്ക് ലോഡ് ഷിഫ്റ്റേഴ്സുള്ള, സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഇൻവെർട്ടറുകൾ തുടങ്ങിയ പ്രോജക്ടുകളാണ് 2016-17 കാലയളവിൽ ഇന്നോവേഷൻ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊല്ലം, ആലപ്പുഴ, മറൈൻ ഡ്രൈവ്, കോഴിക്കോട്, ബേക്കൽ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കടൽത്തീരത്ത് മൈക്രോവിന്റ് പ്രോജക്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ എനർജി സേവിംഗ്സ് കോ-ഓഡിനേഷൻ ടീം (എസ്കോട്ട്) സംസ്ഥാനത്തിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തികളിൽ ഊർജ്ജസ്വലമായി പങ്കെടുക്കുന്നു. 2016-17 കാലയളവിൽ പൈലറ്റ് പ്രോജക്ടുകളായ ഹൈവോൾട്ടേജ് വിതരണ സിസ്റ്റം (എച്ച്.വി.ഡി.എസ്.), ഉപസ്റ്റേഷൻ ഓഡിറ്റും, ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കലും, കോൾ, പുഞ്ച നെല്ല് വയലുകളിൽ പെട്ടി-പാറ ഡീവാട്ടറിംഗ് പമ്പിംഗ് സിസ്റ്റം പുതുക്കിപ്പണിയൽ, നിലവിലുള്ള കാര്യക്ഷമമല്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി സ്ഥാപിക്കൽ, വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ മെച്ചപ്പെടുത്തൽ, സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കൽ, ഊർജ്ജ ഓഡിറ്റർമാർക്ക് പരിശീലനം, എനർജി ഓഡിറ്റ് കൺസൾട്ടൻസിയും മറ്റ് ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തികളായ അവബോധ പരിപാടികൾ സംഘടിപ്പിക്കുക, ഊർജ്ജ സംരക്ഷണ പോസ്റ്ററുകൾ/ലഘുലേഖകൾ തയ്യാറാക്കുക, പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ഊർജ്ജ സംരക്ഷണ കാംപെയ്ൻ മറ്റ് അനുബന്ധ ഊർജ്ജസംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവ എസ്കോട്ടിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികളാണ്.

ഇന്നോവേഷൻ ഫണ്ടിനും എസ്കോട്ടിനുമായി 2016-17 വാർഷിക ബഡ്ജറ്റിൽ 677.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവൃത്തികൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യാ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

56. ഗ്രീൻബുക്ക് പ്രോജക്ടുകൾ-കെ.എസ്.ഇ.ബി.എൽ.- (പുതിയത്)

(വിഹിതം : 1570.00 ലക്ഷം രൂപ)

2016-17 വാർഷിക ബഡ്ജറ്റിൽ 1570.00 ലക്ഷം രൂപ പൂവാർ മത്സ്യബന്ധന കോളനിയിൽ 1 മെ.വാട്ട് മൈക്രോവിന്റ് പ്രോജക്ടിനും ചതുരംഗപ്പാറയിൽ മൈക്രോഗ്രിഡ് പ്രോജക്ടിനും മാത്രമായി വകയിരുത്തിയിരിക്കുന്നു.

(എ) പൂവാർ മത്സ്യബന്ധന കോളനിയിൽ 1 മെ. വാട്ട് മൈക്രോവിന്റ് പ്രോജക്ട്

പൂവാർ മത്സ്യബന്ധന കോളനികളുടെ തീരദേശങ്ങളിൽ 1 മെ. വാട്ട് ശേഷിയുള്ള മൈക്രോവിന്റ് പൈലറ്റ് പ്രോജക്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 1 മെ.വാട്ട് വിന്റ് ഫാമിൽനിന്ന് പ്രതിവർഷം ശരാശരി 1.50 മില്ല്യൺ യൂണിറ്റ് ഊർജ്ജോൽപ്പാദനം പ്രതീക്ഷിക്കുന്നു. 1 മെ. വാട്ട് പൈലറ്റ് മൈക്രോവിന്റ് പ്രോജക്ടിനായി 20 കി. വാട്ട് വീതം ശേഷിയുള്ള 50 മൈക്രോവിന്റ് ടർബൈനുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. 5 വർഷം ഗ്യാരണ്ടിയോടെ 25 വർഷം ആയുസ്സുള്ള ടർബൈനുകളാണ് ക്രമീകരിക്കുന്നത്. ഒരു 1250 കെ.വി.എ., 11 കെ.വി./433 വി ട്രാൻസ്ഫോർമറുകൾ തുടങ്ങിയ ഊർജ്ജ ഇവാക്യുവേഷൻ സിസ്റ്റത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് 1 മെ.വാട്ട് എസ്.പി.വി. പവർ പ്ലാന്റിന്റെ 11 കെ. വി. ട്രാൻസ്ഫോർമറിലൂടെ വോൾട്ടേജ് വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കുന്നു. കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 2016-17 വാർഷിക ബഡ്ജറ്റിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ചതുരംഗപ്പാറയിലെ മൈക്രോ ഗ്രിഡ് പൈലറ്റ് പ്രോജക്ട്

ഇടുക്കി ജില്ലയിലെ ചതുരംഗപ്പാറയിൽ 800 കി. വാട്ട് ശേഷിയുള്ള വിന്റ് ടർബൈനുകൾ, 500 Kwp സൗരോർജ്ജം, 250 കി.വാട്ട് വനാഡിയം ഫ്ളോ ബാറ്ററി ബാക്ക് അപ് തുടങ്ങിയ സവിശേഷതകളോടുകൂടിയ ഒരു പൈലറ്റ് മൈക്രോ ഗ്രിഡ് പ്രോജക്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കാറ്റ്, സൂര്യൻ എന്നീ സ്രോതസ്സുകളിൽ നിന്ന് ഊർജ്ജോൽപ്പാദനം ലക്ഷ്യമിടുന്ന ഒരു ഹൈബ്രിഡ് രീതിയിലുള്ള പ്രോജക്ടാണിത്. 2.0995 മില്യൺ യൂണിറ്റ് വാർഷിക ഊർജ്ജോൽപ്പാദനം പ്രതീക്ഷിക്കുന്നു. (800 കി.വാട്ട് വിന്റ് ജനറേറ്ററുകളിൽ നിന്ന് 1.33 മില്ല്യൺ യൂണിറ്റും 500 Kwp സോളാർ പി.വി. പ്ലാന്റുകളിൽ നിന്ന് 0.7665 മില്ല്യൺ യൂണിറ്റും). ഈ പ്രോജക്റ്റിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 970.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതികളുടെ പ്രവൃത്തികൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു.

57. ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം (ഡി.ഡി.യു.ജി. ജെ.വൈ.)-(പുതിയത്)

*(വിഹിതം : 1.00 ലക്ഷം രൂപ)*

എ.റ്റി & സി നഷ്ടം കുറയ്ക്കുക, എല്ലാ ഗൃഹങ്ങളിലും വൈദ്യുതി ലഭ്യമാക്കുക, ഏവർക്കും 24×7 വൈദ്യുതി എന്നീ വിശാല ലക്ഷ്യങ്ങൾക്കായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന. പദ്ധതിയുടെ സാമ്പത്തിക ഘടന അനുസരിച്ച് അംഗീകരിച്ച ചെലവിന്റെ 60% കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകേണ്ടതാണ്. 10% തനതു ഫണ്ടും 30% സാമ്പത്തിക സ്ഥാപനങ്ങൾ/ബാങ്കുകളിൽ നിന്നുള്ള ലോണുമാണ്. നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കൈവരിച്ചാൽ കേന്ദ്ര സർക്കാർ മൊത്തം ലോൺ ഘടനയുടെ 50% അധിക ഗ്രാന്റായി അനുവദിക്കുന്നതാണ്.

ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി ഗ്രാമീണ മേഖലയെ ഉദ്ദേശിച്ചിട്ടുള്ളതാണ്. താഴെ കൊടുത്തിരിക്കുന്ന മൂന്ന് ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(1) കൃഷിക്കും കൃഷി ഇതര ആവശ്യങ്ങൾക്കുമുള്ള ഫീഡറുകൾ വേർതിരിക്കുക.

(2) ഉപപ്രസരണ വിതരണ സമ്പ്രദായം ശക്തിപ്പെടുത്തൽ.

(3) ഗ്രാമീണ വൈദ്യുതീകരണം.

ഊർജ്ജ മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ നിരീക്ഷണ കമ്മിറ്റി കേരളത്തിലെ 1297 വില്ലേജുകളിലും 27 എസ്.എ.ജി.വൈ. വില്ലേജുകളിലേക്കുമായി 482.92 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ആർ.ഇ.സി.-യും കേരള സർക്കാരും കെ.എസ്.ഇ.ബി.എൽ. തമ്മിൽ 6-10-2015-ൽ കരാറിൽ ഏർപ്പെട്ടു.

2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്രവിഹിതം ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

58. സംയോജിത ഊർജ്ജ വികസന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം (ഐ.പി.ഡി.എസ്.)

*(വിഹിതം : 1.00 ലക്ഷം രൂപ)*

നഗര/അർദ്ധ നഗര പ്രദേശങ്ങൾക്കുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണ് സംയോജിത ഊർജ്ജ വികസന പദ്ധതി. (ഐ.പി.ഡി.എസ്.) ഇതിൽ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

- ഉപപ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തൽ.
- ടാൻസ്ഫോർമറുകൾ/ഫീഡറുകൾ/ഉപഭോക്താക്കളുടെ മീറ്ററിംങ്ങ്.
- റൂഫ് ടോപ്പ് സൗരോർജ്ജ പ്രോജക്ടും സ്മാർട്ട്/നെറ്റ് മീറ്ററുകൾ നിർബന്ധിത ഘടകങ്ങളും.
- നാഷണൽ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല (എൻ.ഒ.എഫ്. എൻ.) സ്ഥാപിച്ച് ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിലെ തടസ്സങ്ങൾ കണ്ടെത്തി കണ്ണികൾ കൂട്ടിച്ചേർക്കുക.
- സി.ഇ.എ.-യിൽ നാഷണൽ പവർ ഹബ്ബ് സ്ഥാപിക്കുക.
- പരിശീലനവും കാര്യശേഷി വികസനവും.
- നിലവിലുള്ള ആർ-എ.പി.ഡി.ആർ.പി. പദ്ധതിയെ ഇതിൽ ലയിപ്പിക്കുക.

ഐ.പി.ഡി.എസ്. പദ്ധതിയുടെ സാമ്പത്തിക ഘടന അനുസരിച്ച് പ്രോജക്ട് ചെലവിന്റെ 60% കേന്ദ്ര സർക്കാർ ഗ്രാന്റായി നൽകേണ്ടതാണ്. 10% തനതു ഫണ്ടും 30% സാമ്പത്തിക സ്ഥാപനങ്ങൾ/ബാങ്കുകളിൽ നിന്നുള്ള ലോണുമാണ്. നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കൈവരിച്ചാൽ കേന്ദ്ര സർക്കാർ മൊത്തം ലോൺ ഘടനയുടെ 50% അധിക ഗ്രാന്റായി അനുവദിക്കുന്നതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര വിഹിതമായ 1.00 ലക്ഷം രൂപ ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

59. ട്രാൻസ്ഗ്രിഡ് 2.0 (നൂതന ഉൽപ്പാദന പ്രസരണ പശ്ചാത്തല സൗകര്യങ്ങൾ-(പുതിയത്)

കേരളത്തിൽ ടൂടയർ പ്രസരണ സൗകര്യങ്ങളോടെ അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള പ്രസരണ സൗകര്യങ്ങൾ

*(വിഹിതം : 1.00 ലക്ഷം രൂപ)*

സംസ്ഥാനത്ത് ടൂടയർ പ്രസരണ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള പ്രസരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. പുതിയ ഉപ സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണവും നിലവിലുള്ള ഉപസ്റ്റേഷനുകളുടെ പദവി ഉയർത്തുവാനും ഉദ്ദേശിക്കുന്നു.

ടു ടയർ പ്രസരണ സൗകര്യങ്ങൾ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്രവിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

## 5.2 പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജത്തെ പൊതുവെ പുനരാവർത്തക ഊർജ്ജമെന്നും പുനരാവർത്തികനാകാത്ത ഊർജ്ജമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. ലോകത്തിലെ 85 ശതമാനത്തിലധികം ഊർജ്ജം പുനരാവർത്തികാനാവാത്ത സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്. മിക്ക വികസിത രാജ്യങ്ങളും കോൾ, ഓയിൽ, ന്യൂക്ലിയർ പവർ തുങ്ങിയ പുനരാവർത്തിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെയാണ് കൂടുതലായി ആശ്രയിച്ചിരിക്കുന്നത്. ഉപയോഗത്തിനനുസരിച്ച് വളരെ പെട്ടെന്ന് പുനരുൽപ്പാദനവും ആവർത്തനവും സാധ്യമാകാത്തതിനാലാണ് ഈ സ്രോതസ്സുകളെ പുനാവർത്തികനാവാത്ത ഊർജ്ജമെന്ന് വിശേഷിപ്പിക്കുന്നത്. സൗരോർജ്ജം, ജിയോ തെർമൽ, ജല വൈദ്യുതി, ബയോമാസ്, വിന്റ് തുടങ്ങിയവ പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളിൽ ഉൾപ്പെടുന്നു. വികസ്വര രാജ്യങ്ങൾ കൂടുതലായും പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. അനർട്ട്, ഇ.എം.സി. എന്നിവരുടെ സ്കീമുകൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനം പുനരാവർത്തക ഊർജ്ജത്തിന്റെ വികസനം ലക്ഷ്യമിടുന്നു.

കേരളത്തിൽ പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ നിയന്ത്രിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് അനർട്ട്, ഇ.എം.സി., മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറികൾ എന്നീ ഏജൻസികൾ മുഖേനയാണ്. ഇതിന്റെ വിശദമായ പരിപാടികളും ഘടകങ്ങളും ചുവടെ ചേർക്കുന്നു.



5.2.1 ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

(വിഹിതം : 4388.00 ലക്ഷം രൂപ)

കേരള സർക്കാർ ഊർജ്ജവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായ അനർട്ട് പാരമ്പര്യേതര ഊർജ്ജ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. കെ.എസ്.ഇ.ബി.എൽ.-ൽ പുതുതായി ആരംഭിച്ച പരമ്പര്യേതര ഊർജ്ജവിഭാഗവും അനർട്ടും കൂട്ടായി പ്രവർത്തിച്ച് കാലകാലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പൊതു തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ 4388.00 ലക്ഷം രൂപ അനർട്ടിനായി വകയിരുത്തിയിരിക്കുന്നു. പ്രധാനപ്പെട്ട പരിപാടികൾ/ഘടകങ്ങൾ ചുവടെ ചേർക്കുന്നു. ഇവ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

(എ) അനർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികൾ

ഭാവിയിലെ വർദ്ധിച്ച ഉർജ്ജ ആവശ്യകത പരിഹരിക്കുന്നതിന് പുനരാവർത്തക ഉർജ്ജ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയുക്തത സുപ്രധാന മാർഗ്ഗങ്ങളിലൊന്നായി മാറിയിട്ടുണ്ട്. പാരമ്പര്യേതര ഉർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനവും പരിപാലനവുമാണ് അനർട്ടിന്റെ ഏറ്റവും പ്രധാന പരിപാടികൾ. ഈ പദ്ധതി പരമ്പര്യേതര ഊർജ്ജമാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനോടൊപ്പം പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെ സംരക്ഷിക്കുകയും ചെയ്യുന്നു. പ്രധാന പരിപാടികൾ താഴെപ്പറയുന്നു :

(1) ബയോഗ്യാസ് പ്ലാന്റ് (0.75-1 ക്യൂബിക് മീറ്റർ-പ്രതിദിനം)—6000 എണ്ണം.

(2) ബയോഗ്യാസ് പ്ലാന്റ് (6 ക്യൂബിക് മീറ്ററിന് മുകളിൽ-പ്രതിദിനം)—3100 ക്യൂബിക് മീറ്റർ.

(3) സോളാർ വാട്ടർ ഹീറ്റർ-എഫ്.പി.സി.—2000 എണ്ണം

(4) സോളാർ വാട്ടർ ഹീറ്റർ-ഇ.റ്റി.സി.—5000 എണ്ണം

(3)–(4): 7000 എണ്ണം

(5) മെച്ചപ്പെട്ട ചൂള-എസ്.സി./എസ്.റ്റി./എച്ച്.എസ്.—4000 എണ്ണം

(6) മെച്ചപ്പെട്ട ചൂള-കമ്മ്യൂണിറ്റി രീതി—1500 എണ്ണം

(5)–(6): 5500 എണ്ണം

(7) സൗര റാന്തൽ (എൽ.ഇ.ഡി.) ബി.പി.എൽ./എസ്.സി./എസ്.റ്റി./മത്സ്യബന്ധനക്കാർ—10000 എണ്ണം.

(8) സൗര റാന്തൽ (എൽ.ഇ.ഡി.) പൊതുവിഭാഗം—15000 എണ്ണം.

(9) മെട്ടപ്പെട്ട ബയോമാസ് സ്റ്റീം ജനറേറ്റർ/കുക്കർ—10 എണ്ണം.

(10) സോളാർ കോൺസെൻട്രേറ്റർ സ്റ്റീം ജനറേഷൻ സിസ്റ്റം—1500 സ്ക്വയർ മീറ്റർ.

മേൽ സൂചിപ്പിച്ച പരിപാടികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (ബി) പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം

പുനരാവർത്തക ഊർജ്ജവിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 2898.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രധാന പരിപാടികൾ താഴെപറയുന്നു. ഇതിൽ (1) (2) ഘടകങ്ങൾക്ക് ഉത്പാദനത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകുന്നത്.

1. വ്യക്തികൾ/സ്ഥാപനങ്ങൾക്ക് 2 കി. വാട്ട് മുതൽ 100 കി. വാട്ട് ശേഷിയുള്ള ഗ്രിഡ് ഇന്ററാക്ടീവ് എസ്.പി.വി. പവർ പ്ലാന്റ്—19000 കി.വാട്ട്.
2. 1-3 കി. വാട്ട് ശേഷിയുള്ള ഓഫ്-ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പി. വി. പവർ പ്ലാന്റ്—10000 കി.വാട്ട്.
3. മത്സ്യബന്ധന ബോട്ടുകളിൽ 0.25/0.50/1 കി. വാട്ട് ശേഷിയുള്ള സ്റ്റാന്റ്-എലോൺ എസ്. പി. വി. പവർ പ്ലാന്റ്—200 കി.വാട്ട്.

### (സി) പുനരാവർത്തക ഊർജ്ജ സ്ത്രോതസ്സുകളുടെ വിഭവ വിലയിരുത്തൽ

ശാസ്ത്രീയമാർഗ്ഗത്തിലൂടെ വിവിധ പുനാരവർത്തക ഊർജ്ജ സ്ത്രോതസ്സുകളുടെ വിലയിരുത്തൽ അവയുടെ ശരിയായ ആസൂത്രണത്തിനും പൂർണ്ണമായി ഉപയുക്തമാക്കുന്നതിനും ആവശ്യമാണ്. ഇതിനുവേണ്ടി താഴെപ്പറയുന്ന പരിപാടിയിലൂടെ കാറ്റിൽ നിന്നുമുള്ള ഊർജ്ജ ലഭ്യത വിലയിരുത്തുന്നതിന് അനർട്ട് ലക്ഷ്യമിടുന്നു.

1. വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ (100 മീ. ഉയരം)—4 എണ്ണം.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പ്രവൃത്തികൾ മുമ്പുള്ള പ്രോജക്ടുകളുടെയും അവയുടെ അനന്തര ഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നടപ്പാക്കേണ്ടത്.

### (ഡി) ഗവേഷണവും വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ

വൈദ്യുതിയുടെ ഗുണനിലവാരം നിലനിർത്തുന്നതിന് ബാറ്ററി ഇന്റർവെൻഷൻ പവർ സപ്ലൈ (ബി.ഐ.പി.എസ്.) രണ്ടാം ഘട്ടം വികസനം, നിലവിലുള്ള സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഓഫ് ഗ്രിഡ് ജനറേറ്ററുകളുടെ പരിശോധനയ്ക്കുവേണ്ടി ആധുനിക ഉപകരണങ്ങൾ വാങ്ങുക, അനർട്ടിന്റെ റൂഫ് ടോപ്പ് പ്രവർത്തനങ്ങളുടെ പ്രകടനങ്ങൾ സംബന്ധിച്ച് പഠനം നടത്തുക, സാങ്കേതിക സ്റ്റാന്റേർഡ് ലഭ്യമാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. വിവിധ ഗവേഷണ വികസന പ്രവൃത്തികളും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ പരിശോധനയ്ക്കുവേണ്ടി സോഫ്റ്റ് വെയറുകളും അനുബന്ധ സൗകര്യങ്ങളും, വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (ഇ) പരിശീലനം, വ്യാപനം, പ്രചരണം

പാരമ്പര്യേതര ഊർജ്ജ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന് പരിശീലനവും മനുഷ്യശേഷി വികസനവും ഒരു പ്രധാന ഘടകമാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്ന സാങ്കേതിക വിദഗ്ദ്ധർക്കുള്ള പരിശീലനം ഇതിൽ ഉൾപ്പെടുന്നു. ജനങ്ങളിൽ അവബോധനം വളർത്താനുള്ള പരിപാടികൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. എൻ.ജി.ഒ., കുടുംബശ്രീ, സീ-സ്റ്റെഡ് മറ്റു സർക്കാർ ഏജൻസികൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ പുനരാവർത്തക ഊർജ്ജത്താൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാനുള്ള സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. പരിശീലനം, വ്യാപനം, പ്രചരണം തുടങ്ങിയവയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 5.2.2 എനർജി മാനേജ്മെന്റ് സെന്റർ

(വിഹിതം : 740.00 ലക്ഷം രൂപ)

വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യവസായശാലകൾ, വാണിജ്യ സമുച്ചയങ്ങൾ, ഗാർഹിക മേഖലകൾ എന്നിവിടങ്ങളിൽ ഊർജ്ജം ലാഭിക്കൽ പ്രവർത്തനങ്ങളും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന ഒരു നോഡൽ ഏജൻസിയാണ് ഇ.എം.സി. സംസ്ഥാനത്തെ ഗവൺമെന്റ് സ്ഥാപനങ്ങളിലെ എനർജി ഓഡിറ്റ് ഇ. എം. സി. അതാത് വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. അതാത് വകുപ്പുകളിലെ വിഹിതത്തിൽനിന്നും ശുപാർശകൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്ത് പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനായി നിയമങ്ങൾ ആവിഷ്ക്കരിക്കേണ്ടത് ഇ.എം.സി. യുടെ ചുമതലയാണ്. ഇതിന്റെ വിവിധ പരിപാടികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 740.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള പരിപാടികൾ താഴെ പറയുന്നു :

### (i) സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ

വിവിധ വിഭാഗങ്ങളിലും പ്രത്യേക വിഭാഗങ്ങളിലുമുള്ള ഉപഭോക്താക്കളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നടപ്പിലാക്കുന്നത് ഇ.എം.സി. ആണ്. ഇതുകൂടാതെ ഊർജ്ജ സംരക്ഷണ ദിനത്തിന്റെ ആഘോഷങ്ങൾ നടപ്പിലാക്കുക, ദേശീയ/സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കളെ മാതൃകാ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുമായി സഹകരിക്കുക, മികച്ച മാതൃകകൾ പ്രസിദ്ധീകരിക്കുകയും മികച്ച മാതൃകകൾ പങ്കുവയ്ക്കുന്നതിനായി വർക്കുഷോപ്പുകൾ സംഘടിപ്പിക്കുക, സെൻസിറ്റേഷൻ ക്യാമ്പെയ്ൻ, വ്യവസായ ഊർജ്ജ സംരക്ഷണ അവബോധ പരിപാടി, അവാർഡ് ക്യാമ്പെയ്ൻ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലകളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിവിധ തരത്തിലുള്ള ഊർജ്ജ ഉപഭോക്താക്കൾക്ക് അവാർഡ് നൽകുന്നതിലൂടെ ഉപഭോക്താക്കൾക്കിടയിൽ മത്സരബുദ്ധിയും താൽപ്പര്യവും വിജയികളെ അനുകരിക്കുവാനുള്ള അവസരവും ഉണ്ടാകുന്നു ഈ പ്രവർത്തികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(ii) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

വ്യവസായ മേഖല, വിദ്യാഭ്യാസസ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ, ഗാർഹിക മേഖല എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണ പരിപാടികൾ, വ്യാവസായ/ വാണിജ്യ ഊർജ്ജ ഉപഭോക്താക്കൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങിയവർക്ക് കാര്യശേഷി വികസന പരിശീലന പരിപാടികൾ, ഊർജ്ജ ഓഡിറ്റർ, മാനേജർ തുടങ്ങിയവർക്ക് കാര്യശേഷി വികസനവും അനുബന്ധ ഊർജ്ജ പരിശീലന പരിപാടികൾ തുടങ്ങിയവ ഊർജ്ജ സംരക്ഷണ പ്രവർത്തികളിൽ ഉൾപ്പെടുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ എൻ.ജി.ഒ., റസിഡൻസ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തൽ, വീട്ടമ്മമാർക്കായി എനർജി ക്ലീനിക് പരിപാടികൾ, എനർജി ഇൻഫർമേഷൻ ബ്യൂറോ, ഡാറ്റാ ബാങ്ക് ക്രിയേഷൻ, ഉർജ്ജ മാനേജ്മെന്റിൽ ഗവേഷണവും പഠനവും, ഡീസൽ ജനറേറ്ററുകളിലേയും പ്രമുഖ ശുദ്ധജല പ്ലാന്റ് എന്നിവയിലെ ഊർജ്ജക്ഷമതാ പഠനം, എനർജി ഓഡിറ്റ് റിപ്പോർട്ടിന്റെ വിലയിരുത്തൽ എന്നിവയാണ് ഊർജ്ജ സംരക്ഷണ അവബോധ പരിപാടികളിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ പ്രവത്തികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യേ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(iii) പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് മോഡൽ എൽ.ഇ.ഇ.ഡി. ഗ്രീൻ കെട്ടിടത്തിന്റെ നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, ഇൻസ്ട്രുമെന്റ് ബാങ്കും ലാബും, വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, ലൈബ്രറി വിപുലീകരിക്കൽ, ഊർജ്ജ സംരക്ഷണ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരിശീലനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പരിപാടികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 155.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യേ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(iv) കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി

താഴെ പറയുന്ന പരിപാടികളുടെ നടത്തിപ്പിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(1) എൽ.റ്റി. വ്യവസായ ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റ്.

(2) കെട്ടിടങ്ങൾക്ക് സ്റ്റാർ റേറ്റിംഗ്-സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി-ഓഡിറ്റ് ശുപാർശകൾ നടപ്പിലാക്കൽ.

(3) മാതൃകാ ഊർജ്ജക്ഷമതാ പഞ്ചായത്ത് (2 എണ്ണം)

(4) ഊർജ്ജക്ഷമതാ സ്കൂളുകൾ (500 എണ്ണം)

(5) പി.പി.പി. അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതി.

വകയിരുത്തിയ 300.00 ലക്ഷം രൂപയിൽ 150.00 ലക്ഷം രൂപ പൊതു, സ്വകാര്യ, എൽ.എസ്.ജി.ഡി. എന്നിവയുടെ പങ്കാളിത്തത്തോടെ പി.പി.പി. മാതൃകയിൽ ചെലവു പങ്കുവയ്ക്കൽ വ്യവസ്ഥയിൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി മാത്രം വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ/ ഘടകങ്ങൾ കേരള പരിപ്രേക്ഷ്യേ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

## 5.3. മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്.എൽ.)

(വിഹിതം : 730.00 ലക്ഷം രൂപ)

2016-17 വാർഷിക ബഡ്ജറ്റിൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി താഴെ പറയുന്ന പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- സൗരോർജ്ജ ഫോട്ടോ വോൾട്ടേക്ക് സിസ്റ്റം ഉൾപ്പെടുത്തി മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിയുടെ പ്രവർത്തന പരിധി വർദ്ധിപ്പിക്കുക.
- എറണാകുളത്തും കോഴിക്കോടുമുള്ള റീജിയണൽ ലബോറട്ടറികളിൽ എനർജി മീറ്റർ ടെസ്റ്റ് ബഞ്ച് സ്ഥാപിക്കുക.
- എറണാകുളത്തും കോഴിക്കോടുമുള്ള റീജിയണൽ ലബോറട്ടറികളിൽ മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
- ഗവേഷണവും വികസനവും/അക്കാഡമിക്/റിസേർച്ച് സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് പവർ സിസ്റ്റത്തിൽ അഡ്വാൻസ്ഡ് റിസേർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ (എ.ആർ ആന്റ് ഡി.സി.ഇ.).
- എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നിലനിർത്തുന്നതിനാവശ്യമായ ചെലവുകൾ.
- ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ് ഓട്ടോമേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ ചെലവുകൾ.
- ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കൽ.

2016-17 വാർഷിക ബഡ്ജറ്റിൽ 730.00 ലക്ഷം രൂപ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 200.00 ലക്ഷം രൂപ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് മാത്രമാണ്. ബി.ഐ.എസ്. നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വൈദ്യുതോപകരണങ്ങൾ, വൈദ്യുത വയറുകൾ, കേബിളുകൾ, ഉപകരണങ്ങൾ, സംരക്ഷണ ഉപാധികൾ തുടങ്ങി പൊതുജനങ്ങൾ ഉപയോഗിക്കുന്ന ഇലക്ട്രിക്ക്/ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം, ശേഖരണം, വിൽപ്പന, വിതരണം എന്നിവയ്ക്കായി ഈ ഉത്തരവ് നടപ്പാക്കേണ്ടതാണ്. ഗുണനിലവാരപരിശോധന നടത്തുന്നതിന് ആവശ്യമായ വാഹനം വാടകയ്ക്കെടുക്കുന്നത് ഉൾപ്പെടെ മറ്റ് അനുബന്ധ പരിശോധന ഉപകരങ്ങൾ വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

# VI. വ്യവസായങ്ങളും ധാതുക്കളും

വ്യവസായ മേഖലയിൽ പ്രത്യേകിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ ആവശ്യാനുസൃതമായ പശ്ചാത്തല സൗകര്യങ്ങളുടെ സൃഷ്ടി, വൈദഗ്ധ്യ വികസനം, ബിസിനസ്സ് ഇൻക്യൂബേറ്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, ഉൽപ്പന്ന വൈവിധ്യ വൽക്കരണം, ആധുനികവൽക്കരണം, എന്നിവയ്ക്ക് കേരള സർക്കാർ വളരെയധികം ഊന്നൽ നൽകുന്നുണ്ട്. ഇന്ത്യയിലെയും കേരളത്തിലെയും മറ്റ് വ്യവസായ മേഖല കളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കൂടുതൽ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലാണ്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി.), പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേർണൽ ആഡിറ്റ് ബോർഡ് (റിയാബ്), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ.) എന്നിവയാണ് സംസ്ഥാനത്തെ ഇടത്തരം, വലിയ വ്യവസായ ങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ഏജൻസികൾ. ഈ മേഖലയിൽ പൊതു നിക്ഷേപത്തിന്റെ തോത് വളരെ കൂടുതലാണ്. ഈ നിക്ഷേപങ്ങളുടെ സഹായ ത്തോടെ കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും വൻകിട പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2014-15 വർഷത്തിൽ വ്യവസായ വികസന സോണിന് 100 കോടി രൂപ വകയിരു ത്തിയിരുന്നു.

കേരള സർക്കാരിന്റെ കീഴിലുള്ള വ്യവസായ വകുപ്പിന്റെ എല്ലാ തീരുമാനങ്ങളുടെയും നിർവ്വഹണ ഏജൻസി വ്യവസായ വാണിജ്യ ഡയറക്ടറേറ്റാണ്. ഹാന്റ്ലൂം ആന്റ് ടെക്സ്റ്റെയിൽസ് ഡയറക്ടറേറ്റ്, കയർ ഡയറക്ടറേറ്റ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവയുടെ സഹായത്തോടെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയുടെയും പരമ്പരാഗത മേഖലയുടെയും വ്യാവസായിക അഭിവൃദ്ധിക്കും സുസ്ഥിര വികസനത്തിനും സൗകര്യം ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി.), കേരള സംസ്ഥാന കശുവണ്ടി തൊഴി ലാളി സഹകരണ സൊസൈറ്റി (കാപ്പക്സ്) എന്നീ രണ്ട് ഏജൻസികൾ കശുവണ്ടി പ്രോസസിംഗ് മേഖലയിൽ പ്രവർത്തിക്കുന്നു.

വ്യവസായവും ധാതുക്കളും എന്ന വിഭാഗത്തിന് 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ 4 വർഷങ്ങളിലായി ആകെ 2373.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യവസായവും ധാതുക്കളും എന്ന വിഭാഗത്തിന് 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 658.93 കോടി രൂപയിൽ 16.02 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികളുടെ സമാന സംസ്ഥാന വിഹിതമാണ്. ഇടത്തരം വലിയ വ്യവസായ ങ്ങൾക്കായി 291.78 കോടി രൂപയും 0.84 കോടി രൂപ ധാതു ക്കൾക്കും 366.31 കോടി രൂപ ഗ്രാമ ചെറുകിട വ്യവസായ ങ്ങൾക്കും വകയിരുത്തിയിരിക്കുന്നു.

ഉപ മേഖലകൾക്ക് വകയിരുത്തിയിരിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | മേഖല/ ഉപമേഖല | 2012-13 മുതൽ 2015-16 വരെയുള്ള ബഡ്ജറ്റ് വിഹിതം | | 2016-17 ബഡ്ജറ്റ് വിഹിതം |
|---|---|---|---|---|
| | | ആകെ വിഹിതം | പ്രതീക്ഷിത ചെലവ് | |
| 1 | ഗ്രാമ-ചെറുകിട സംരംഭങ്ങൾ | | | |
| (i) | ചെറുകിട വ്യവസായങ്ങൾ | 28638.00 | 22290.08 | 11054.00 |
| ii) | വാണിജ്യം | 665.00 | 662.09 | 350.00 |
| (iii) | കരകൗശല വ്യവസായങ്ങൾ | 1820.40 | 2809.45 | 555.00 |
| (iv) | കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ | 27912.50 | 28279.07 | 7073.00 |
| (v) | കയർ വ്യവസായം | 44594.90 | 33896.32 | 11700.00 |
| (vi) | ഖാദി ഗ്രാമ വ്യവസായം | 5336.20 | 5532.20 | 1399.00 |
| (vii) | കശുവണ്ടി വ്യവസായം | 23600.00 | 19650.00 | 4500.00 |
| | ആകെ | 132567.00 | 113119.21 | 36631.00 |
| 2 | ഇടത്തരം-വലിയ വ്യവസായങ്ങൾ | 103998.00 | 77768.00 | 29178.00 |
| 3 | ധാതുക്കൾ | 809.00 | 490.57 | 84.00 |
| | ആകെ വ്യവസായങ്ങളും ധാതുക്കളും | 237374.00 | 191377.78 | 65893.00 |

സുസ്ഥിര സംരംഭകത്വ പ്രോത്സാഹനത്തെ സഹായി ക്കുന്ന വിധത്തിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകളും വ്യവസായ പശ്ചാത്തലവും ഒരുക്കുകയാണ് വ്യവസായ മേഖലയുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിലേ ക്കായി പുതിയ വ്യവസായ പാർക്കുകളുടേയും എസ്റ്റേറ്റു കളുടേയും വികസനം, പുതിയ വ്യവസായ ഏരിയകളുടെയും പ്ലോട്ടുകളുടെയും വികസനം, നിലവിലുള്ളവയുടെ ആധുനിക വത്കരണം തുടങ്ങിയ പല പദ്ധതികളും മേൽ പറഞ്ഞ കാലഘട്ടത്തിലേക്ക് ആവിഷ്ക്കരിച്ച് വിജയപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

പരമ്പരാഗത മേഖലകളായ കൈത്തറി, കരകൗശലം, കയർ മുതലായവയുടെയും അവിടത്തെ ജോലിക്കാരുടെയും പ്രോത്സാഹനത്തിനായി കൈത്തറി ഗ്രാമം, കയർ കേരള പദ്ധതി, ബാംബൂ ഫെസ്റ്റ് മുതലായവ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ ഉപമേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 6.1 ചെറുകിട വ്യവസായങ്ങൾ

### 1. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

സംരംഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗകര്യപ്രദമായ നിർമ്മിതി സ്ഥലം ആവശ്യമുണ്ട്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനും ക്ലസ്റ്ററുകൾക്കായി പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/ എസ്റ്റേറ്റ്/പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സംസ്ഥാനം ലക്ഷ്യമിടുന്നു. ഇതിനായി താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

(എ) നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം

(2500.00 ലക്ഷം രൂപ)

നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനും ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുന്നതിനും റോഡുകൾ, മറ്റു പൊതു സൗകര്യങ്ങൾ, ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള തുടർ പദ്ധതിയാണിത്. നിലവിലുള്ള പ്രവർത്തനക്ഷമമായ വ്യവസായ എസ്റ്റേറ്റ് ഈ പദ്ധതിയിൽ പരിഗണിക്കാവുന്നതാണ്. ക്ലസ്റ്ററുകൾക്കായുള്ള പൊതു സേവന സൗകര്യസെന്ററുകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. താഴെ ചേർത്തിരിക്കുന്ന അനുപാതത്തിൽ സർക്കാർ വിഹിതവും ഗുണഭോക്തൃ വിഹിതവുമായിട്ടാണ് ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

(i) സർക്കാർ ഗുണഭോക്തൃ വിഹിതം 50:50

പശ്ചാത്തല സൗകര്യങ്ങളായ റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ വൈദ്യുതീകരണം, കുടിവെള്ളപദ്ധതി ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, മറ്റ് പൊതു സൗകര്യങ്ങൾ ക്ലസ്റ്ററുകൾക്കായുള്ള പൊതു സേവന സൗകര്യ സെന്ററുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

(ii) സർക്കാർ ഗുണഭോക്തൃ വിഹിതം 70:30

പശ്ചാത്തല സൗകര്യങ്ങളായ റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, കുടിവെള്ളപദ്ധതികൾ, ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

(iii) സർക്കാർ ഗുണഭോക്തൃ വിഹിതം 100.00

അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ റോഡുകളുടെ നിർമ്മാണവും, അറ്റകുറ്റപ്പണികളും വൈദ്യുതീകരണം, കുടിവെള്ളപദ്ധതി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

പി. പി. പി. മോഡലിലുള്ള പശ്ചാത്തല വികസനം രാജ്യത്തെ പല മേഖലകളിലും നടന്നു വരുന്നു. നിശ്ചിത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പി. പി. പി. മോഡൽ പശ്ചാത്തല വികസനത്തിനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ആയി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി 2500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) വ്യവസായാവശ്യങ്ങൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ

(1.00 ലക്ഷം രൂപ)

സംസ്ഥാനത്തെ വ്യവസായങ്ങളുടെ സുസ്ഥിര വികസനത്തിന് മതിയായ പശ്ചാത്തല സൗകര്യങ്ങളോടു കൂടിയ വ്യവസായത്തിനുതകുന്ന ഭൂമി വളരെ അത്യാവശ്യമാണ്. പ്രദേശത്തിനനുയോജ്യമായ വ്യവസായ ആവശ്യത്തിന് ഭൂമി കണ്ടെത്തുകയും വ്യവസായ പ്രദേശങ്ങളാക്കി മാറ്റുകയും വേണം. പുതിയ ഭൂമി കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി 2016-17 ബഡ്ജറ്റിൽ നാമമാത്ര തുകയായ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം

(50.00 ലക്ഷം രൂപ)

വാർഷിക നവീകരണ ചെലവുകൾ, പ്ലാന്റ്, മെഷിനറി, സ്റ്റേറ്റ് ഓഫ് ആർട്ട് എന്നിവയ്ക്കുള്ള ചെലവുകൾ എന്നിവ ഉൾപ്പെടെനിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ (ചങ്ങനാശ്ശേരി, മഞ്ചേരി) നിലവാരം ഉയർത്തുന്നതിനും നവീകരണത്തിനുമാണ് ഈ തുടർ പദ്ധതി ലക്ഷ്യമിടുന്നത്.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതി നിർവ്വഹണത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഡി) ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം

(2000.00 ലക്ഷം രൂപ)

പരമാവധി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി ഫ്ളാറ്റ് രീതിയിൽ നിർമ്മിക്കുന്ന വ്യവസായ കേന്ദ്രങ്ങളാണ് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ.

വ്യവസായ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന ഡി.എ./ഡി.പി.-കളിൽ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഈ പദ്ധതിയിൽ വകയിരുത്തിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ആയി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

### 2. വൈദഗ്ദ്ധ്യ വികസന പരിപാടി

(വിഹിതം : 750.00 ലക്ഷം രൂപ)

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ നിക്ഷേപങ്ങളുപയോഗിച്ച് ബോധപൂർവ്വം കേന്ദ്രീകൃതവും ആസൂത്രിതവുമായ ശ്രമങ്ങളിലൂടെ പ്രധാനപ്പെട്ട മേഖലകളിൽ വ്യവസായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തീവ്ര വ്യവസായവത്കരണത്തിലൂടെ ലക്ഷ്യമിടുന്നു. ബ്ലോക്ക്, താലൂക്ക്, ജില്ലാതലങ്ങളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന മുഖ്യഘടകങ്ങൾ താഴെ പറയുന്നു:

(എ) സംരംഭക വികസന പ്രവർത്തനങ്ങൾ—

(300 ലക്ഷം രൂപ)

സംരംഭകത്വ വികസന പരിപാടി, ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, ഇന്ററാക്ടീവ് ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, കൂട്ടായ്മകൾ, ടെക്നോളജി

ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ എന്നിവയ്ക്കുള്ള ചെലവുകൾ ഇതിലുൾപ്പെടുത്തിയിരിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയും കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ്, CII, Tie പോലെയുള്ള സ്ഥാപനങ്ങളിലൂടെയുമാണ് ഈ പരിപാടികൾ നടത്തപ്പെടുന്നത്.

ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ

വേണ്ടത്ര മൂലധനമില്ലാത്ത, എന്നാൽ നൂതന ആശയങ്ങളുള്ള പുതിയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ദ്ധ്യ വികസനം, ബിസിനസ് ആസൂത്രണം, വിപണന സാമ്പത്തിക ശൃംഖലകൾ, പരിചയ സമ്പന്നരുടെ സഹായം, ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ട് എന്നീ സഹായങ്ങൾ നൽകി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബിസിനസ് ഇൻകുബേറ്റർ സഹായിക്കുന്നു. വിദഗ്ദ്ധരെയും വിജയം കൈവരിച്ച സംരംഭകരെയും പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ട് സംരംഭക ഗൈഡൻസ് സെല്ലുകൾ ബിസിനസ് ഇൻകുബേറ്ററുകളായി ഉയർത്തുന്നതിന് സംരംഭക വികസന പ്രവർത്തനങ്ങൾക്കുള്ള വിഹിതത്തിൽനിന്നും 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) നിർവ്വഹണോദ്യോഗസ്ഥർക്കുള്ള പരിശീലനം—
(50.00 ലക്ഷം രൂപ)

സംരംഭകർക്ക് മെച്ചപ്പെട്ടതും ഉപയോഗപ്രദവുമായ സേവനം നൽകുന്നതിനായി നിർവ്വഹണോദ്യോഗസ്ഥർക്കും മറ്റു ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള നൈപുണ്യ വികസന പരിശീലനമാണ് ഇതിൽ ലക്ഷ്യമിടുന്നത്.

(സി) മറ്റ് വ്യവസായ വികസന പ്രവർത്തനങ്ങൾ—
(400.00 ലക്ഷം രൂപ)

താഴെ പറയുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനായി പദ്ധതി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു:

(i) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിലവാരനിർണ്ണയം, യോഗ്യതാ നിർണ്ണയം എന്നിവ നടപ്പിലാക്കുക.

(ii) പ്രോജക്ട് പ്രൊഫൈലുകൾ, സംരംഭക സഹായികൾ എന്നിവ തയ്യാറാക്കുക, സർവ്വേകൾ നടത്തുക, റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയവയ്ക്കുള്ള ചെലവുകൾ.

(iii) ഓൺലൈനായി സംരംഭക മെമ്മോറാണ്ടം സമർപ്പിക്കുന്നതിനുള്ള ചെലവുകൾ.

(iv) ഏകജാലക തീർപ്പാക്കൽ ബോർഡ്, എന്റർപ്രണർ ഗൈഡൻസ് സെൽ, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ നടത്തിപ്പിനുള്ള ചെലവുകൾ.

(v) വ്യാവസായിക സ്രോതസ്സ് നിർണ്ണയം, വ്യവസായ ഇൻർഫെയ്സ് സെല്ലിന്റെ ചെലവുകൾ, കെ. എസ്. എസ്. ഐ. എ. സഹായം, സംരംഭവികസന ക്ലബ്ബുകൾ, ഹാൻഡ് ഹോൾഡിംഗ് സഹായം എന്നിവയ്ക്കുള്ള ചെലവുകൾ.

(vi) പേറ്റന്റിന് വേണ്ടി പുതിയ സാങ്കേതിക വിദ്യ ഉപയുക്തമാക്കുന്നതിനുള്ള ചെലവ്.

(vii) ആജീവനാന്ത സംഭാവനയ്ക്കുള്ള അവാർഡ്, സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങളിലെ സംരംഭക അവാർഡ്, കരകൗശലത്തൊഴിലാളികൾക്കുള്ള അവാർഡ്, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിലെ ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾക്കുള്ള അവാർഡ്, ജലസംരക്ഷണ സാങ്കേതിക വിദ്യയ്ക്കുള്ള അവാർഡ്, കാർബൺ ഫൂട്ട് പ്രിന്റുകൾ കുറയ്ക്കുന്നതിലൂടെ ഗ്രീൻഹൗസ് ഇഫക്ട് കുറയ്ക്കുന്നതിനുള്ള അവാർഡ് എന്നിവയ്ക്കുള്ള ചെലവുകൾ.

(viii) വ്യവസായ വകുപ്പിന്റെ ഹെഡ് ഓഫീസിലും സബ് ഓഫീസുകളിലും ഇ-ഗവേണൻസ് സെല്ലിന്റെ സഹായത്തോടെ സിറ്റിസൺ ചാർട്ടർ നടപ്പിലാക്കുന്ന തിനുള്ള ചെലവ്.

(ix) വകുപ്പിന്റെ വിവിധ പദ്ധതികൾക്കായുള്ള ഓൺലൈൻ ആപ്ലിക്കേഷൻ വികസനം.

(x) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിൽ നിന്നും ഉപകരണങ്ങൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സഹായം.

ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. സംരംഭക സഹായ പദ്ധതി

(വിഹിതം : 4500.00 ലക്ഷം രൂപ)

സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് എല്ലാത്തരത്തിലുമുള്ള സഹായം നൽകുക, തുകയുടെ മുഴുവൻ ആനുകൂല്യങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ പ്രത്യേക വിഭാഗങ്ങൾക്ക് അവശ്യപരിഗണനയോടെ സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകുക എന്നിവയാണ് സംരംഭക സഹായ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ആയി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 4500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും

(രൂപാന്തരപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതി)

(എ) പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(വിഹിതം : 200.00 ലക്ഷം രൂപ)

അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, വായ്പകൾക്കു വേണ്ടി മ്യൂച്ചൽ ക്രെഡിറ്റ് ഗാരന്റി, പൊതുവായ ബ്രാൻഡ് നിർമ്മാണം, വിപണനം പരിശീലന/പൊതു സ്വകാര്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഗുണനിലവാര പരിശോധന എന്നീ സഹായങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിൽ പ്രോജക്ട് കോസ്റ്റിന്റെ സിംഹഭാഗവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. അനുമതിക്കായി വിവിധ പ്രോജക്ടുകൾ ഭാരത സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് സമാന സംസ്ഥാന വിഹിതമായി 200.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

(ബി) നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളുടെ നവീകരണവും ആധുനിക വത്ക്കരണവും

(വിഹിതം : 400.00 ലക്ഷം രൂപ)

നിലവിലുള്ളതും പുതിയതുമായ ഡെവലപ്മെന്റ് പ്രദേശങ്ങൾക്ക് ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, അഴുക്ക്ചാൽ നിർമ്മാണം, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ, റോഡുനിർമ്മാണം, പ്രാഥമിക ശുശ്രൂഷ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കാന്റീൻ സൗകര്യം നൽകൽ, മറ്റു ആവശ്യാനുസൃത സൗകര്യങ്ങൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഈ പദ്ധതിയിൽ പ്രോജക്ട് കോസ്റ്റിന്റെ സിംഹഭാഗവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. ധന സഹായത്തിനായി അനേകം പ്രോജക്ടുകൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് സമാന സംസ്ഥാന വിഹിതമായി 400.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

5. ഫുഡ് സേഫ്റ്റി സിസ്റ്റത്തിന്റെ നിർവ്വഹണം

(വിഹിതം : 50.00 ലക്ഷം രൂപ)

കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കെ-ബിപിൽ (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ), ഭക്ഷ്യവ്യവസായത്തിൽ HACCP സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ HACCP സർട്ടിഫിക്കേഷൻ (NCHC) പ്രവർത്തിച്ചു വരുന്നു.

അവബോധ പരിപാടികൾ, വൈദഗ്ദ്ധ്യ വികസന പരിപാടികൾ, എന്നിവ നടപ്പിലാക്കിക്കൊണ്ട് NCHC-യിൽ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ഓഡിറ്റർമാരെ ഉൾപ്പെടുത്തി ഒരു ഓഡിറ്റ് ടീമിന്റെ സഹായത്തോടെ ഫുഡ് സേഫ്റ്റി സിസ്റ്റം നടപ്പിലാക്കുന്നതിന് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായം.

(വിഹിതം : 200.00 ലക്ഷം രൂപ)

പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായം പദ്ധതി പ്രകാരം വിവര സാങ്കേതികവിദ്യ, വിനോദ സഞ്ചാരം, ആരോഗ്യക്ഷേമം, കൃഷി, ഫുഡ് പ്രോസസിംഗ്, വൈദ്യുതോത്പാദനം, ഊർജ്ജ സംരക്ഷണ ഉൽപന്നങ്ങളുടെ ഉത്പാദനം, ഇലക്ട്രോണിക് ഹാർഡ്‌വെയർ, മൊബൈൽ ടെക്നോളജി, റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നി മേഖലകളിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരും 1-4-2014-ന് ശേഷം പുതുതായി 5 പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളതുമായ സംരംഭകർക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായമായി ലഭിക്കുന്നതാണ്.

ഗവൺമെന്റിൽ നിന്നോ, മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്നോ യാതൊരുവിധ ധനസഹായവും ലഭിക്കാൻ അർഹമല്ലാത്തതും വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതുമായ സംരംഭങ്ങൾക്കാണ് ഈ പദ്ധതികൊണ്ട് സഹായം ഉദ്ദേശിക്കുന്നത്.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ

(വിഹിതം : 1.00 ലക്ഷം രൂപ)

കരകൗശല തൊഴിലാളി സമൂഹത്തിന് അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും, വിപണനം ചെയ്യാനും വേദിയൊരുക്കുന്ന തനതും നൂതനവുമായ ഒരു സംരംഭമാണ്. വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ അസംഘടിതരും സാധാരണക്കാരുമായ ഗ്രാമീണ തൊഴിലാളികൾക്കും ആധുനിക കമ്പോളത്തിനുമിടയിൽ ഒരു മാധ്യമമായി പ്രവർത്തിക്കാനാണ് വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ ഉദ്ദേശിക്കുന്നത്.

ഹാന്റിക്രാഫ്റ്റ്സ്, കൈത്തറി, കയർ എന്നിങ്ങനെയുള്ള പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര തുകയായ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ

(വിഹിതം : 200.00 ലക്ഷം രൂപ)

സംസ്ഥാന സർക്കാർ അംഗീകരിച്ച എംപ്ലോയ്മെന്റ് ജനറേഷൻ മിഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുക പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

**പുതിയ പദ്ധതികൾ**

9. പി.പി.പി. മോഡിൽ വ്യവസായ പാർക്ക്/പ്രദേശം/എസ്റ്റേറ്റ് വികസനം

(വിഹിതം : 200.00 ലക്ഷം രൂപ)

വ്യവസായ സംരംഭങ്ങൾക്കായുള്ള സ്ഥലത്തിന്റെ ലഭ്യതയാണ് ഇപ്പോഴത്തെ സാമൂഹിക പാരിസ്ഥിതിക സ്ഥിതിയുടെ ഏറ്റവും വലിയ ആവശ്യം.

സ്വകാര്യ വ്യവസായ പാർക്ക്/എസ്റ്റേറ്റുകളിലൂടെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഹരിക്കുക എന്നതാണ് പുതുക്കിയ കേരള ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്ഷ്യൽ പോളിസി 2015-ലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് വ്യവസായ പാർക്ക്/പ്ലോട്ട്/എസ്റ്റേറ്റ് എന്നിവയുടെ വികസനത്തിനായി പി. പി. പി. മോഡിൽ പശ്ചാത്തല സൗകര്യം ഒരുക്കുവാനായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്.

മേൽ പ്രതിപാദിച്ചതുപോലെ തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയും വ്യവസായ സ്ഥാപനങ്ങൾ ഉയർത്തുവാനായി വ്യവസായ പ്രദേശമായി വികസിപ്പിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മുഴുവൻ തുകയും വഹിക്കാനാകാത്ത സാഹചര്യത്തിൽ സർക്കാർ ധനസഹായം ലഭ്യമാക്കാവുന്നതാണ്. തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിക്കായി വേണ്ട നിയമാവലി തയ്യാറാക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ആയി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

പി. പി. പി. മോഡിൽ വ്യവസായ പ്ലോട്ട്/പ്രദേശം/ എസ്റ്റേറ്റ് വികസനത്തിനായി 2016-17-ലെ വാർഷിക പദ്ധതി യിൽ 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. ഇന്നോവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് നിർമ്മാണം

(വിഹിതം : 1.00 ലക്ഷം രൂപ)

എറണാകുളം/തൃശ്ശൂർ പ്രദേശത്ത് വുഡ് ഫർണിച്ചർ യൂണിറ്റുകൾക്കായുള്ള ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സ്ഥിരമായ എക്സിബിഷൻ സെന്റർ ഉൽപന്ന പ്രദർശനം, ടെക്നിക്കൽ ട്രെയിനിംഗ് വർക്കർ ഹോസ്റ്റൽ, വെയർ ഹൗസിംഗ് സൗകര്യം, നെറ്റ് വർക്ക് കപ്പാസിറ്റി ബിൽഡിംഗ് സൗകര്യം എന്നിവ ഈ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ നിന്നുമുള്ള ധന സഹായത്തോടെ പദ്ധതി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ബനിഫിഷറി യൂണിറ്റുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ നിശ്ചിത മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ പങ്ക് വഹിക്കുന്നതാണ്.

നാളിതുവരെ പ്രസ്തുത പദ്ധതിയ്ക്ക് തത്വത്തിൽ മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളു. ഭൂമി ഏറ്റെടുക്കൽ വിശദമായ DPR, ധനകാര്യ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ അനുമതി ലഭിക്കുകയുള്ളു. ആയതിനാൽ ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി നാമമാത്ര തുകയായ 1.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

11. ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ നെറ്റ് വർക്ക്

(വിഹിതം : 1.00 ലക്ഷം രൂപ)

നൂതനാശയങ്ങളുടെയും ഗ്രാമീണ വ്യവസായത്തിന്റെയും സംരംഭകത്വത്തിന്റെയും പ്രോത്സാഹനത്തിനായുള്ള ASPIRE എന്ന കേന്ദ്ര പദ്ധതിയുടെ കീഴിൽ കാർഷിക വ്യവസായത്തിൽ നൂതനാശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പുകളുടെ മുന്നേറ്റത്തിനായി സാങ്കേതിക വിദ്യ, ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളുടെ ശൃംഖല സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. നിലവിലുള്ള ഇൻകുബേഷൻ സെന്ററുകളേയും പുതിയ സെന്ററുകളേയും പിന്തുണയ്ക്കുന്ന രണ്ട് തലത്തിലുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം, പശ്ചാത്തല സൗകര്യങ്ങൾ ഒഴികെയുള്ള പ്ലാന്റിന്റെയും മെഷിനറിയുടെയും ചെലവിന്റെ 50 ശതമാനം ഒറ്റത്തവണ സഹായമായി ഭാരത സർക്കാർ നൽകുന്നതാണ്. ഈ തുക നിലവിലുള്ളവയ്ക്ക് 30 ലക്ഷവും പുതിയവയ്ക്ക് 100 ലക്ഷവുമായി നിജപ്പെടുത്തിയിരിക്കുന്നു. ബാക്കി തുക സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

(i) ചങ്ങനാശ്ശേരി പൊതു സൗകര്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായത്തിന്റെയും

(ii) കൊച്ചിയിലുള്ള ബയോ പോളിമർ സയൻസ് ടെക്നോളജിയുടെ പ്ലാസ്റ്റിക് പുനഃ ചംക്രമണ കേന്ദ്രത്തിന്റെയും

(iii) മഞ്ചേരിയിലുള്ള പൊതു സൗകര്യ കേന്ദ്രത്തിലെ റബ്ബർ വ്യവസായത്തിന്റെയും വികസനത്തിനുള്ള പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളത്. പ്രസ്തുത പദ്ധതിക്കും ഇതുപോലെയുള്ള ഭാരത സർക്കാർ അംഗീകാരം ലഭിക്കാവുന്ന മറ്റ് പദ്ധതികൾക്കും സംസ്ഥാന സമാന ധനസഹായമായി നാമമാത്ര വിഹിതമായ 1.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## II. വാണിജ്യം

1. വാണിജ്യ വികസനം

(വിഹിതം : 350.00 ലക്ഷം രൂപ)

വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും വ്യവസായ മേഖലയിലാണ് നടക്കുന്നത്. എന്നാൽ വാണിജ്യ വികസനത്തിന് അർഹമായ ഒരു സ്ഥാനം ഇതുവരെ ലഭ്യമായിട്ടില്ല. സർക്കാരിന്റെ നികുതി വർദ്ധിപ്പിക്കുന്നതിനും സഹായകമായ രീതിയിൽ ഒരു ഉൾപ്രേരകം ആയി പ്രവർത്തിക്കാനാണ് ഈ വകുപ്പ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ അഭ്യസ്തവിദ്യരായവർക്ക്, പ്രത്യേകിച്ച് യുവതികൾക്ക് ഗുണകരമായിരിക്കുമെന്നതാണ് ഈ മേഖലയുടെ സവിശേഷത. ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

(എ) മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.

(ബി) വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ തരത്തിൽ ഗവേഷണ പഠനം നടത്തുക.

(സി) അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക.

(ഡി) സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.

(ഇ) രാജ്യാന്തരവിപണികളിലേക്ക് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് പ്രവേശനം സാധ്യമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക.

(എഫ്) ദേശീയ അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കുക.

(ജി) രാജ്യത്തിനകത്തും പുറത്തും എക്സിബിഷൻ മേളകൾ സംഘടിപ്പിക്കുക.

(എച്ച്) മിടുക്കരായ കയറ്റുമതിക്കാർക്ക് പ്രോത്സാഹനം നൽകുക.

(ഐ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വ്യവസായ വത്ക്കരണത്തിനുതകുന്ന മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(ജെ) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിൽ ബിസിനസ്സ് റ്റു ബിസിനസ്സ് മീറ്റ് നടത്തുക.

ഈ മേഖലയുടെ റോഡ് മാപ്പ് ഉറപ്പാക്കുന്നതിന് വേണ്ടി ഈ പ്രവർത്തനങ്ങളുടെ ഫലം കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## III. കരകൗശല വ്യവസായങ്ങൾ

1. കരകൗശല മേഖലാ വികസനം

(വിഹിതം : 355.00 ലക്ഷം രൂപ)

കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി, നിലവിലുള്ള ചില ഘടകങ്ങൾ ഉൾപ്പെടുത്തിയ പദ്ധതിയാണ് "കരകൗശല മേഖലാ വികസനം". 2016-17 വാർഷിക പദ്ധതിയിൽ 355.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

ഇതിന് താഴെപ്പറയുന്ന ഉപഘടകങ്ങളാണുള്ളത്.

(എ) കരകൗശല മേഖല അപെക്സ് സ്ഥാപനങ്ങൾക്ക് സഹായം—250.00 ലക്ഷം രൂപ.

കരകൗശല മേഖലയിലെ താഴെ പറയുന്ന അപെക്സ് സഹകരണ സംഘങ്ങൾക്ക് വ്യക്തമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന് 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)—100.00 ലക്ഷം രൂപ
- കേരള സംസ്ഥാന ബാംബൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ—25.00 ലക്ഷം രൂപ
- കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KADCO)—50.00 ലക്ഷം രൂപ
- കരകൗശല കോർപ്പറേഷൻ HDCK—50.00 ലക്ഷം രൂപ
- കേരള സംസ്ഥാന പനയുൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (KELPALM)—25.00 ലക്ഷം രൂപ

(ബി) കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ—50.00 ലക്ഷം രൂപ

കരകൗശല മേഖലയിൽ പരിശീലനം നൽകൽ, ഗുണ നിലവാര പരിശോധന, യന്ത്രവൽകൃത ജോലികൾ, ഡൈയിംഗ്, പോളിഷിംഗ്, പ്രിന്റിംഗ് ജോലികൾ എന്നിവയ്ക്ക് പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ ആവശ്യമാണ്. കരകൗശല യൂണിറ്റുകളുടെ നവീകരണത്തിനും പുതിയ ഡിസൈനുകളുടെ വികസനത്തിനും സുരഭി, KADCO, HDCK, KELPALM എന്നിവിടങ്ങളിലെ പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ സ്ഥാപിക്കലിനും നവീകരണത്തിനുമായി ഈ തുക വകയിരുത്തിയിരിക്കുന്നു.

(സി) കരകൗശല തൊഴിലാളികൾക്ക് സഹായം (ASHA)— (വിഹിതം : 30.00 ലക്ഷം രൂപ).

കരകൗശല മേഖലയിലെ സംരംഭക സഹായ പദ്ധതിയ്ക്ക് പകരമായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒറ്റത്തവണ സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പ്രത്യേക വിഭാഗങ്ങൾക്ക് അർഹമായ സഹായം ഈ പദ്ധതിയിൽ ലഭ്യമാക്കുന്നതാണ്.

(ഡി) വ്യവസായ സഹകരണ സൊസൈറ്റികൾക്ക് സഹായം—വിഹിതം : 25.00 ലക്ഷം രൂപ (പുതിയ ഘടകം)

സ്ത്രീകൾ, എസ്.സി./എസ്.ടി. അംഗ പരിമിതർ എന്നീ വിഭാഗങ്ങളിൽപെടുന്നവരുടെ വ്യവസായ സഹകരണ സൊസൈറ്റികൾക്ക് സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ സഹായം ഒരു സൊസൈറ്റിക്ക് പരമാവധി 5.00 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്. ധന സഹായം ലഭിക്കുന്ന സൊസൈറ്റികൾക്ക് ആസ്തിയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യം ഉണ്ടായിരിക്കേണ്ടതാണ്.

2. മുള വ്യവസായ വികസനം

(വിഹിതം : 200.00 ലക്ഷം രൂപ)

സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

മുള വ്യവസായത്തിന്റെ വികസനത്തിനായി 2016-17 വാർഷിക പദ്ധതിയിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെചേർത്തിരിക്കുന്നവയാണ്. വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.

ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുക്കുന്നതുൾപ്പെടെ ഈ മേഖലയിലെ പ്രോത്സാഹന പ്രവർത്തനങ്ങൾ:

- ബാംബൂ സപ്ലൈ ചെയിൻ നടപ്പിലാക്കലും ബാംബൂ ട്രീറ്റ്മെന്റ് പ്ലാന്റുകളും കേന്ദ്രങ്ങളും സ്ഥാപിക്കലും.
- വിവിധ കേന്ദ്രങ്ങളിൽ ആവശ്യങ്ങൾ വിലയിരുത്തി കൊണ്ടുള്ള പരിശീലനങ്ങൾ നൽകുക.
- പരിശീലനം ലഭിച്ച തൊഴിലാളികളെ സംഘടിപ്പിച്ച് പൊതു സൗകര്യ കേന്ദ്രങ്ങൾ നിർമ്മിക്കുക, പൊതു ഉപയോഗത്തിനായി ടൂൾസും മറ്റുപകരണങ്ങളും നൽകുക.
- അന്തർദേശീയ പ്രാതിനിധ്യത്തോടുകൂടി കേരളാ ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുക.
- ഹാൻഡ് ഹോൾഡിംഗ് ഇന്നവേഷൻ സെന്ററുകൾ സ്ഥാപിക്കുക.

## IV. കൈത്തറി—യന്ത്രത്തറി വ്യവസായം

### കൈത്തറി വ്യവസായം

#### 1. മൂലധന സഹായ പദ്ധതികൾ

(വിഹിതം : 800.00 ലക്ഷം രൂപ)

2016-17 ബഡ്ജറ്റിൽ പ്രൈമറി കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ, ഹാന്റെക്സ്-ഹാൻവീവ് എന്നിവിടങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

(വിഹിതം : 200.00 ലക്ഷം രൂപ)

സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസിബിൾ വിഭവ സ്ഥിതി ഉയർത്തുന്നതിനും, ആസ്തി സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. കുടിൽ മാതൃക, ഫാക്ടറി മാതൃക, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം യഥാക്രമം 2, 3, 5 ഇരട്ടിയാണ്. ഒരു സംഘത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തമാണ് നൽകുന്നത്. ഈ പദ്ധതിയിൽ 30 സഹകരണ സംഘങ്ങളെഉൾപ്പെടുത്താനും അതിന്റെ 10 ശതമാനം വനിതാ നെയ്ത്തുകാർക്കായി മാറ്റിവയ്ക്കാനുമുദ്ദേശിച്ചിരിക്കുന്നു. നിലവിലുള്ള യൂണിറ്റുകളുടെ വൈവിധ്യവത്ക്കരണത്തോടുകൂടിയുള്ള ആധുനികവൽക്കരണം, പുനരുദ്ധാരണം എന്നിവയ്ക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളുടെ പ്രായോഗികതയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഓഹരി പങ്കാളിത്തം അനുവദിക്കുന്നത്.

(ബി) ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം

(വിഹിതം : 600.00 ലക്ഷം രൂപ)

ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിന് ഇവയെ അർഹമാക്കുന്നതിനുമാണ് ഓരോ വർഷവും 2:3 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തം നൽകിവരുന്നത്. പുനരുദ്ധാരണം, ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി വിഭാവനം ചെയ്തിരിക്കുന്ന ഈ വിഹിതം പ്രായോഗികമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്.

#### 2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ

(വിഹിതം : 1000.00 ലക്ഷം രൂപ)

2016-17 ബഡ്ജറ്റിൽ, ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള വായ്പ, നൂലിനുള്ള സബ്സിഡി, ജോലിക്കാർക്കുള്ള ഉല്പാദന ധനസഹായം, കൈത്തറി മേഖലയിൽ ബിസിനസ് ഇൻകുബേറ്റർ, കൈത്തറി ഗ്രാമം എന്നീ ഘടകങ്ങൾക്ക് മൊത്തമായി 1000.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

(എ) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

(വിഹിതം : 150.00 ലക്ഷം രൂപ)

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായവിലയ്ക്ക് യഥാസമയം നെയ്തുകാർക്ക് ലഭ്യമാക്കുന്നതിനാണ് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. കഴിനൂൽ, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനുള്ള സബ്സിഡി നെയ്തുകാർക്ക് നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ ഹാന്റലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി നടപ്പാക്കാവുന്നതാണ്. കഴിനൂൽ സബ്സിഡി മിൽഗേറ്റ് പ്രൈസ് സ്കീം പ്രകാരം കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കിലായിരിക്കണം നിർണ്ണയിക്കേണ്ടത്. ചായങ്ങളുടെയും രാസവസ്തുക്കളുടെയും സബ്സിഡി സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി നിർണ്ണയിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിലുള്ള ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഉൽപ്പന്നങ്ങുടെ മൂല്യ വർദ്ധനവ്, ഉൽപ്പാദന വർദ്ധനവ്, മൊത്തം വിറ്റു വരവ് എന്നിവ അടിസ്ഥാനമാക്കി ധനസഹായം നിശ്ചയിക്കേണ്ടതും മറ്റേതെങ്കിലും പദ്ധതിയുടെ കീഴിൽ നിന്നും ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ലെന്നും ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

(ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

(വിഹിതം : 200.00 ലക്ഷം രൂപ)

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായവിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻമണി വായ്പ നൽകുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടാണ് മാർജിൻ മണി വായ്പ നൽകുന്നത്.

(സി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂബേറ്റർ

(വിഹിതം : 250.00 ലക്ഷം രൂപ)

കൈത്തറി മേഖലയിൽ ബിസിനസ് ഇൻക്യൂബേറ്ററുകൾ സ്ഥാപിക്കുന്നതിനും അതുവഴി സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്യിക്കുന്നതിനുമാണ് ഇതിൽ ഉദ്ദേശിച്ചിരിക്കുന്നത്. സംരംഭങ്ങൾക്കുള്ള സ്ഥലം അതുമായി ബന്ധപ്പെട്ട മറ്റ് സൗകര്യങ്ങൾ, സാങ്കേതികോപദേശം, ഉൽപ്പന്നങ്ങളുടെ ഡിസൈൻ, വിപണനം, സാമ്പത്തിക മാധ്യമങ്ങൾ, എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കാര്യക്ഷമതയുള്ള സംരംഭകർക്ക് 12 മാസം വരെ ബാലരാമപുരത്തും മറ്റിടങ്ങളിലുമുള്ള ഇൻക്യൂബേറ്ററുകൾ പ്രദാനം ചെയ്യുന്നതാണ്. യൂണിറ്റുകൾ തുടങ്ങുന്നതിന് ബാങ്ക് സഹായത്തിന് അർഹമായ പ്രോജക്ടുകൾക്ക് മാർജിൻമണി സഹായം (30% വരെ) നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു. 2016-17 വർഷത്തിൽ 25 സംരംഭകർക്ക് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ ഘടകത്തിന്റെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(ഡി) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായം

(വിഹിതം : 300.00 ലക്ഷം രൂപ)

അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസസ്സ്മെന്റ് നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സ്ഥാപനങ്ങളുടെ/മേഖലയുടെ മൊത്തത്തിൽ ഉള്ള ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, ആകെ വിറ്റുവരവ് എന്നിവ അടിസ്ഥാനമാക്കിയായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടത്. 2016-17 വർഷത്തിൽ ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന 25000 അർഹരായ നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾ എന്നിവർക്ക് സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ

(വിഹിതം : 100.00 ലക്ഷം രൂപ)

കൈത്തറി പഴമയുടെ കലാവൈഭവവും വ്യവസായത്തിന്റെ ഉദ്ഗമനവും പ്രദർശിപ്പിക്കുന്നതിനും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ നിരീക്ഷണവും ഇതിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായം ലഭിക്കുന്നു. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തുള്ള കൈത്തറി ഗ്രാമത്തിന്റെ പണി പൂർത്തിയാക്കുന്നതിനും തൃശ്ശൂരിൽ കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് വിശദമായ ഉദ്ദേശ ലക്ഷ്യങ്ങളോടെയുള്ള പ്രായോഗികമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി ഗ്രാമം സ്ഥാപിക്കുവാനുമാണ് പദ്ധതി വിഹിതം ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യ മാക്കിയിട്ടുള്ള പദ്ധതികൾ

(വിഹിതം : 98.00 ലക്ഷം രൂപ)

ഹാന്റ്ലൂം മേഖലയിലെ തൊഴിലാളികളുടെ പ്രോത്സാഹനത്തിനും ക്ഷേമത്തിനുമായി 2016-17 ബഡ്ജറ്റിൽ 98.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) അംശദാനസമ്പാദ്യ പദ്ധതി (80.00 ലക്ഷം രൂപ)

ഈ പദ്ധതിയിലെ വരിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം, വരിക്കാരുടെയും അവരുടെ കുട്ടികളുടെയും വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്കുള്ള സഹായം മുതലായവയ്ക്ക് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. ഇതിൽ 50% തുക വനിതാ നെയ്ത്തുകാർക്കായി ഉപയോഗിക്കേണ്ടതാണ്. ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന 25,000 നെയ്ത്തുകാർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. നെയ്ത്ത് തൊഴിലാളിയുടെ കൂലിയുടെ കുറഞ്ഞത് 8 ശതമാനം തുക ഇതിലേയ്ക്കായി ഈടാക്കുകയും അത്ര തന്നെ തുക സർക്കാരിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഇതേ സ്വഭാവമുള്ള മറ്റെതെങ്കിലും പദ്ധതിയിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ട ചുമതല അതാതു ഭരണ വകുപ്പുകളിൽ നിക്ഷിപ്തമായിരിക്കും. ഹാന്റ് ലൂം ആന്റ് ടെക്സ്റ്റൈൽസ് വകുപ്പിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന)

(വിഹിതം : 18.00 ലക്ഷം രൂപ)

മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ ഭാരത സർക്കാരിന്റെ വിഹിതം 150 രൂപയും, എൽ. ഐ. സി. ഓഫ് ഇന്ത്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. ഇതിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എൽ. ഐ. സി. ക്ക് നേരിട്ടു നൽകുന്നു. 2016-17 ബഡ്ജറ്റിൽ സംസ്ഥാന സർക്കാരിന്റെ സമാന ധനസഹായമായി നെയ്ത്തുകാരുടെ വിഹിതമായ 18.00 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

4. ഉത്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ

(വിഹിതം : 1900.00 ലക്ഷം രൂപ)

2016-17 ബഡ്ജറ്റിൽ ഉത്പാദനം, വിപണനം, പരിശീലനം എന്നിവയുടെ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 1900.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(എ) വിപണന-കയറ്റുമതി പ്രോത്സാഹനം (300.00 ലക്ഷം രൂപ)

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നതിന് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. സ്ഥാപനങ്ങളുടെ/മേഖലയുടെ ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, മൂല്യ വർദ്ധനവ്, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ആകെ വിറ്റു വരവ് എന്നിവ അടിസ്ഥാനമാക്കിയായിരിക്കണം ധനസഹായം നിശ്ചയിക്കേണ്ടത്.

(i) ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കയറ്റുമതി വരവിന്റെ 20% നിരക്കിൽ 20.00 ലക്ഷം രൂപ

(ii) ഉത്സവകാലങ്ങളിൽ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല/മേഖലാതല കൈത്തറി പ്രദർശനങ്ങൾ നടത്തുന്നതിനും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ നടത്തുന്ന വ്യവസായ മേളകൾക്കും ക്രയവിക്രയ സംഗമങ്ങൾക്കുമായി 55.00 ലക്ഷം രൂപ.

(iii) ഹാന്റെക്സ്, ഹൻവീവ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 2016-17-ലെ ദേശീയ അന്താരാഷ്ട്ര പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുന്നതിന് 25 ലക്ഷം രൂപ.

(iv) മികച്ച കൈത്തറി ഉൽപ്പങ്ങൾക്കുള്ള ഉത്പാദന സഹായം, വ്യാപാര മുദ്രണം, നിലവാര മികവ്, അവാർഡുകൾ എന്നിവയ്ക്കായി 30 ലക്ഷം രൂപ.

(v) കൈത്തറി ക്ലസ്റ്ററുകൾ/സംഘങ്ങൾ എന്നിവയ്ക്ക് പ്രവർത്തന ശാലകൾ നവീകരിക്കുന്നതിനും ഹാന്റ്ലൂം ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രദർശന-വിൽപ്പന ശാലകൾ സ്ഥാപിക്കുന്നതിനുമായി 140 ലക്ഷം രൂപ.

(vi) പ്രാഥമിക കൈത്തറി സംഘങ്ങൾ, വ്യക്തികൾ, സ്വകാര്യ മേഖലയിലുള്ളവർ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി ഉൽപ്പന്നങ്ങൾ കണ്ണൂരിലും മറ്റിടങ്ങളിലുമുള്ള പ്രമുഖ കൈത്തറി ഉൽപ്പന്ന കയറ്റുമതിക്കാരുമായി ബന്ധപ്പെടുത്തി നൽകുന്ന കയറ്റുമതി പ്രോത്സാഹന ധന സഹായത്തിന് 30 ലക്ഷം രൂപ.

(ബി) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും
(1200.00 ലക്ഷം രൂപ)

കൈത്തറി സംഘങ്ങളുടെ ഫാക്ടറി ഷെഡ്, പ്രദർശന ശാലകൾ, പണിശാലകൾ എന്നിവയുടെ ആധുനിക വത്കരണം, പുനരുദ്ധാരണം, വൈദ്യുതീകരണം, പുതിയ കണ്ടുപിടിത്തങ്ങൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, പുതിയ തറികൾക്കുള്ള സൗകര്യം, ഉല്പന്നങ്ങളുടെ ഡിസൈൻ, വികസനം എന്നിവയ്ക്കുള്ള യന്ത്ര സാമഗ്രികൾ (30 പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് മാത്രം) വ്യാപാര മുദ്രണം, വിപണി വികസനംഎന്നിവയ്ക്കായി 900 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഏകദേശം 500 നെയ്ത്തുകാരെ സഹായിക്കാനുദ്ദേശി ക്കുന്ന തരത്തിൽ തറി അനുബന്ധ ഉപകരണങ്ങളായ സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് 100 ലക്ഷം രൂപ ഇതിലൂടെ മാറ്റിവെച്ചിരിക്കുന്നു.

തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിലവാരം മെച്ചപ്പെടുത്തൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പ്രവർത്തനങ്ങളുടെ ആധുനിക വത്കരണം, ഗുണനിലവാര വികസന പ്രവർത്തനങ്ങൾ, ബ്രാൻഡ് നിർമ്മാണം, ദേശീയവും അന്തർ ദേശീയവുമായ സാങ്കേതിക വിദ്യയുടെയും ഡിസൈനുകളുടെയും ശേഖരണം, വ്യാപനം എന്നിവയ്ക്കായി 200 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ഉപയോഗി ക്കാവുന്നതാണ്. ഐ. ഐ. എച്ച്. ടി. കണ്ണൂരിന്റെ മാർഗ്ഗനിർദ്ദേശം പ്രകാരം 40 പ്രഥമികകൈത്തറി സഹകരണ സംഘങ്ങൾക്ക് ഇതിലൂടെ ധനസഹായം നൽകാൻ 2016-17-ൽ ഉദ്ദേശിച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ നടത്തിപ്പിൽ മറ്റു പദ്ധതികൾവഴി ആവർത്തിച്ച് ധനസഹായം ലഭിക്കുന്നില്ല എന്ന് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

(സി) പരിശീലനം, നൈപുണ്യം, ശേഷി വികസനം
(200.00 ലക്ഷം രൂപ)

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവന ക്കാർക്കും തൊഴിലാളികൾക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനശേഷി വർദ്ധിപ്പിക്കുന്ന തിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഇതിന്റെ പ്രവർത്തന ഘടകങ്ങൾ താഴെപ്പറയുന്നു.

(i) കൈത്തറി സഹകരണ സംഘങ്ങളിലെ ജീവന ക്കാർക്കും തൊഴിലാളികൾക്കും പ്രേരക/സാങ്കേതിക പരിശീലനം നൽകുന്നതിന് 5.00 ലക്ഷം രൂപ

(ii) നെയ്ത്തുകാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി നെയ്ത്ത് ജോലിയിൽ താൽപ്പര്യമുള്ള പുതിയ ആളുകൾക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് 60.00 ലക്ഷം രൂപ

(iii) വകുപ്പിലെ ജീവനക്കാർക്കും കൈത്തറി വികസന ത്തിൽ ഏർപ്പെട്ടിട്ടുള്ള അപ്പെക്സ് സ്ഥാപനങ്ങളിലെ ജീവന ക്കാർക്കും ഹ്രസ്വകാല പരിശീലനത്തിന് 5.00 ലക്ഷം രൂപ.

(iv) കണ്ണൂരിലെ കൈത്തറി നെയ്ത്ത് സാങ്കേതിക വിദ്യാ സ്ഥാപനത്തിലെ പരിശീലന ചെലവുകൾ വഹിക്കു ന്നതിനുള്ള ഗ്രാന്റ് 80.00 ലക്ഷം രൂപ.

(v) വെങ്കിടഗിരി, ഗഡ്ക് എന്നിവിടങ്ങളിലെ നെയ്ത്ത് സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങളിലുള്ള (IIHT) ഭാരത സർക്കാരിന്റെ ത്രിവൽസര ടെക്സ്റ്റൈൽ ടെക്നോളജി വിദ്യാർത്ഥികൾക്കും ഐ. ഐ. എച്ച്. റ്റി. കണ്ണൂരിലുള്ള വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് നൽകുന്നതിന് 15.00 ലക്ഷം രൂപ

(vi) പുതിയ ഡൈകൾ, ഡൈയിംഗ് രീതികൾ, കളർ പാക്കേജുകൾ, പുതിയ ഡിസൈനുകൾ എന്നിവ വികസിപ്പി ക്കുന്നതിനുള്ള പരിശീലനം, വ്യവസായ സ്ഥാപനങ്ങളുടെ ലിങ്കേജ് പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ, പ്രകൃതിദത്ത കൈത്തറി വസത്രങ്ങൾ, പരമ്പരാഗത തൊഴിലാളികളുടെ കലാവിരുത് വികസിപ്പിക്കുന്നതിനുള്ള പരിശീലനം മുതലായ വയ്ക്കായി 35.00 ലക്ഷം രൂപ.

എല്ലാ പരിശീലന വൈദഗ്ദ്ധ്യ ശേഷി വികസന പരിപാടികളും ഐ. ഐ. എച്ച്. ടി., സി. എം. ഡി., ഐ. എം. ജി., കെ. എ. എസ്. ഇ. എന്നിങ്ങനെയുള്ള വ്യവസ്ഥാപിത ദേശീയ/സംസ്ഥാന സ്ഥാപനങ്ങൾ മുഖേന യാണ് നടത്തപ്പെടേണ്ടത്. പരിശീലനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങ ളുടെ ഫലപ്രാപ്തി കൂടി പുതിയ പരിശീലന പദ്ധതി രൂപീക രണത്തിൽ കണക്കിലെടുക്കേണ്ടതാണ്.

(ഡി) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറിമാർക്ക് സ്കീമിന്റെ പ്രചാരണ സഹായം
(200.00 ലക്ഷം രൂപ)

കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതി നായി അച്ചടി, ദൃശ്യ, പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിനാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക, ഐ. ഐ. എച്ച്. ടി./ വീവേഴ്സ് സർവ്വീസ് സെന്ററുകൾ, ടെക്സ്റ്റൈൽ കമ്മിറ്റി എന്നിവയുമായി ചേർന്ന് സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക, നയരൂപീകര ണത്തിൽ സർക്കാരിനെ സഹായിക്കുക, ഓഫീസ് ഉപകരണ ങ്ങൾ വാങ്ങുക, ഐ. ടി. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള സോഫ്ട് വെയർ വികസനം എന്നിവയും ഇതിലുൾപ്പെടുത്തി യിരിക്കുന്നു. പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാൻവീവിന് കീഴിലുള്ള നെയ്ത്തുകാർക്കും കൈത്തറിമാർക്ക് സ്കീമിൽ അംഗത്വം നേടുന്നതിനായി ആകെയുള്ള 200. 00 ലക്ഷം രൂപ യിൽനിന്ന് 20.00 ലക്ഷം രൂപ മാറ്റിവെച്ചിരിക്കുന്നു.

5. സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് കേരളത്തിലെ കൈത്തറി വ്യവസായത്തെക്കുറിച്ച് വിശദമായ സർവ്വേ.

(വിഹിതം : 10.00 ലക്ഷം രൂപ)

സംസ്ഥാന ആസൂത്രണ ബോർഡുമായി കൂടിയാലോചിച്ച് കേരളത്തിലെ കൈത്തറി മേഖലയിലെ ഭൗതികവും സാമ്പത്തികവുമായ ഘടനയെക്കുറിച്ച് നടത്തിക്കൊണ്ടിരിക്കുന്ന സർവ്വെ പൂർത്തിയാക്കുന്നതിനും ബാക്കിയായ ബാധ്യതകൾ തീർക്കുന്നതിനുമായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പൊതു/സഹകരണ/സ്വകാര്യ/കോർപ്പറേറ്റ് മേഖലകളിലെ കൈത്തറി യൂണിറ്റിലെ അംഗങ്ങളിൽ നിന്നും നെയ്ത്തി ലേർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം, കൈത്തറി വസ്ത്രങ്ങളുടെ ഉൽപാദനം, തറികളുടെ എണ്ണം, കഴിനൂലിന്റെ ഉപയോഗം, പ്രവൃത്തി ദിനങ്ങൾ, അംഗങ്ങളുടെ വരുമാനം എന്നീ വിവരങ്ങൾ അതാത് മാതൃകകളിൽ നിന്നും നേരിട്ട് ശേഖരിച്ചാണ് സർവ്വേ നടത്തുന്നത്.

6. ദേശീയ കൈത്തറി വികസന പദ്ധതി (എൻ.എച്ച്.ഡി.പി.)

(വിഹിതം : 200.00 ലക്ഷം രൂപ)

2014-15 യൂണിയൻ ബഡ്ജറ്റിൽ ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ഡെവലപ്പമെന്റ് സ്കീമും (IHDS), കോംപ്രീഹെൻസീവ് ഹാന്റ്ലൂം ഡെവലപ്പ്മെന്റ് സ്കീമും (CHDS) സംയോജിപ്പിച്ച് നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് പ്രോഗ്രാം (NHDP) എന്ന പേരിൽ പുതിയ ഒരു പദ്ധതി ആരംഭിച്ചു. ബ്ലോക്ക് തലത്തിലുള്ള ക്ലസ്റ്ററുകളുടെ വികസനമാണ് NHDP-യിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഡിസൈൻ വികസനം, നൈപുണ്യ വികസന പരിശീലനം, പൊതു സൗകര്യങ്ങൾ, ഡൈ ഹൗസ്, പണിശാല നിർമ്മാണം എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. ഈ സാമ്പത്തിക വർഷം 4 ക്ലസ്റ്റർ അപേക്ഷകൾ DCH-ന് അയച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്.

2016-17 ബഡ്ജറ്റിൽ കേന്ദ്ര സഹായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സമാന ധനസഹായമായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. യന്ത്രത്തറി വ്യവസായ വികസനം

(വിഹിതം : 125.00 ലക്ഷം രൂപ)

2016-17 ബഡ്ജറ്റിൽ പവർലൂം ബിസിനസ് ഇൻകുബേറ്റർ വികസനത്തിനും യന്ത്രത്തറി നെയ്ത്തുകാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കുമായി 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) പവർലൂം ബിസിനസ് ഇൻകുബേറ്റർ/യന്ത്രത്തറി വ്യവസായത്തിൽ പരിശീലനത്തിനുള്ള സഹായവും സംരംഭങ്ങൾ ആരംഭിക്കലും (124.50 ലക്ഷം രൂപ)

നെയ്യാറ്റിൻകരയിലുള്ള ബിസിനസ് ഇൻകുബേറ്ററിന്റെ പരിശീലന, പ്രവർത്തന ചെലവുകൾക്കും അതുവഴി സംരംഭകത്വവും തൊഴിലവസരവും സൃഷ്ടിക്കുന്നതിനുമായി 50.00 ലക്ഷം രൂപ മാറ്റിവെച്ചിരിക്കുന്നു. സംരംഭകർക്ക് ആവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും, സാങ്കേതികോപദേശം, ഉൽപ്പന്നങ്ങളുടെ ഡിസൈൻ, വിപണനം, സാമ്പത്തിക മാധ്യമങ്ങൾ മുതലായവ കാര്യക്ഷമതയുള്ള സംരംഭകർക്ക് 12 മാസം വരെ ഇൻകുബേറ്ററിൽ ലഭ്യമാണ്. കൂടാതെ ബാങ്ക് ധനസഹായത്തിന് അർഹമായ പുതിയ യൂണിറ്റുകൾക്കുള്ള പ്രോജക്ടുകൾക്ക് മാർജിൻ മണി സഹായമായി 74.50 ലക്ഷം രൂപയും വക മാറ്റിയിരിക്കുന്നു. 2016-17 ബഡ്ജറ്റിൽ ഈ പ്രവർത്തനങ്ങൾക്കെല്ലാം കൂടി 124.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ബി. യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

(വിഹിതം : 0.50 ലക്ഷം രൂപ)

യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഓരോ നെയ്ത്തുകാരനുമുള്ള ആകെ പ്രീമിയം തുകയായ 470 രൂപയിൽ 100 രൂപ എൽ. ഐ. സി.യും 290 രൂപ കേന്ദ്ര സർക്കാരും, ബാക്കിയുള്ള 80 രൂപ നെയ്ത്തുകാരന് പകരമായി സംസ്ഥാന സർക്കാരും നൽകും. കേന്ദ്ര സർക്കാർ തുക നേരിട്ട് എൽ. ഐ. സിക്ക് നൽകും. നെയ്ത്തുകാർക്കുള്ള വിഹിതം സംസ്ഥാന സർക്കാരിന്റെ സമാന സഹായമായി 2016-17 ബഡ്ജറ്റിൽ 0.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. യന്ത്രത്തറി വ്യവസായങ്ങളുടെ ആധുനികവത്കരണം

(വിഹിതം : 315.00 ലക്ഷം രൂപ)

യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്കരണം എന്നീ ഘടകങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ 315.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം

(വിഹിതം : 15.00 ലക്ഷം രൂപ)

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം/സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ/വൈവിധ്യവത്ക്കരണം എന്നിവയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഓഹരി പങ്കാളിത്തം നൽകുന്നത്.

ടെക്സ്ഫെഡിന്റെ കീഴിൽ വരാത്ത നാല് യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് സഹായമായി 2016-17 വാർഷിക ബഡ്ജറ്റിൽ 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ ആധുനികവൽക്കരണം

(വിഹിതം : 300.00 ലക്ഷം രൂപ)

താഴെ പറയുന്ന 2 ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

(i) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പിയിൽനിന്ന് വസ്ത്ര നിർമ്മാണം

കുറ്റിപ്പുറത്തുള്ള കേരള ഹൈ-ടെക് വീവിംഗ് ആന്റ് ഗാർമെന്റ്സ് കോ-ഓപ്പറേറ്റീവ് മിൽസ് (കെൽടെക്സ്) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ പോലെയുള്ള വസ്തുക്കളിൽ

നിന്ന് ആധുനിക വസ്ത്ര നിർമ്മാണത്തിന് ഉദ്ദേശിക്കുന്നു. 2970.00 ലക്ഷം രൂപയ്ക്ക് ഈ പ്രോജക്ട് എൻ.സി.ഡി.സി.-യും ഗവൺമെന്റും അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 1650 ലക്ഷം രൂപ ടേം ലോണും 1320.00 ലക്ഷം രൂപ നിക്ഷേപ വായ്പയുമാണ്. കഴിഞ്ഞ വർഷം എൻ. സി. ഡി.സി. 812.50 ലക്ഷം രൂപ സർക്കാരിന് നൽകിയിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ ഈ പ്രോജക്ടിനായി 280.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

(ii) സംയോജിത യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്കരണം.

സംസ്ഥാനത്തെ 4 സംയോജിത യന്ത്രത്തറി സംഘങ്ങളിൽ ഘട്ടം ഘട്ടമായി ആധുനിക വൽക്കരണ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ 4 സംയോജിത യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനായി ആകെ 595.00 ലക്ഷം രൂപ മുൻ വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ 4 സംയോജിത യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുമായി 20.00 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്.

9. ടെക്സ്ഫെഡ് നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

(വിഹിതം : 2000.00 ലക്ഷം രൂപ)

ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള ആലപ്പുഴ, കൊല്ലം, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്ലാന്റ്, മെഷിനറി എന്നിവയുടെ നവീകരണത്തിനുള്ള പ്രോജക്ടുകൾ എൻ.സി.ഡി.സി സഹായത്തോടെ യഥാക്രമം 3394.28 ലക്ഷം രൂപ, 5739.16 ലക്ഷം രൂപ, 2997.78 ലക്ഷം രൂപയ്ക്ക് നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികളുടെ സാമ്പത്തിക മാർഗ്ഗരേഖകൾ താഴെ പറയുന്നു.

| മില്ലുകളുടെ പേര് | പ്രവർത്തന മൂലധനത്തിനുള്ള ടേം ലോൺ | എൻ.സി.ഡി.സി. യിൽ നിന്നുള്ള നിക്ഷേപ വായ്പ | പ്രൊമോട്ടേഴ്സ് കോൺട്രിബ്യൂഷൻ | എൻ.സി.ഡി.സി. യിൽ നിന്നുള്ള സബ്സിഡി | എൻ.സി.ഡി.സി. യിൽ നിന്നുള്ള ലോൺ | ആകെ പദ്ധതി തുക |
|---|---|---|---|---|---|---|
| ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ | 202.79 | 1116.97 | 319.14 | 478.70 | 1276.55 | 3394.15 |
| കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ | 354.22 | 1884.73 | 538.49 | 807.74 | 2153.98 | 5739.16 |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ | .. | 899.33 | 299.78 | 449.67 | 1349.00 | 2997.78 |
| **ആകെ** | **557.01** | **3901.03** | **1157.41** | **1736.11** | **4779.53** | **12131.09** |

2012-13 മുതൽ 2015-16 വരെയുള്ള വാർഷിക പദ്ധതി കാലയളവിൽ ഈ 3 മില്ലുകൾക്കുമായി ആകെ 1928.47 ലക്ഷം രൂപ ഗവൺമെന്റ് നൽകിയിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തുക വിനിയോഗിക്കുന്നതിന് ഫലപ്രദമായ സമഗ്ര പ്രോജക്ട് റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പ് വിലയിരുത്തി ഭരണാനുമതി നൽകേണ്ടതാണ്.

10. കെ. കരുണാകരൻ സ്മാരക സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസനം, മലബാർ സഹകരണ സ്പിന്നിംഗ് മിൽ (മാൽകോടെക്സ്), പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിലെ സാങ്കേതികവിദ്യ ഉദ്ഗ്രഥനം എന്നിവയ്ക്കുള്ള ധനസഹായം

(വിഹിതം : 625.00 ലക്ഷം രൂപ)

കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മില്ലിൽ രണ്ടു ഘട്ടങ്ങളിലായി 25000 സ്പിൻഡിലുകളുടെ സ്ഥാപനം, മാൽകോടെക്സിന്റെ വികസന പരിപാടികൾ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാങ്കേതികവിദ്യ നിലവാരം ഉയർത്തൽ എന്നിവയാണ് എൻ. സി. ഡി. സി. സഹായത്തോടെയുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2387.55 ലക്ഷം രൂപ പ്രോജക്ട് തുകയുള്ള കെ. കരുണാകരൻ സ്മാരക സഹകരണ സ്പിന്നിംഗ് മില്ലിന് 950.28 ലക്ഷം രൂപ നേരത്തെ തന്നെ അനുവദിച്ചിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 375.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4217.62 ലക്ഷം രൂപ പ്രോജക്ട് തുകയുള്ള മലബാർ സഹകരണ ടെക്സ്റ്റൈൽ മില്ലിന്റെ (മാൽകോടെക്സ്) വികസന ത്തിനായി 2710.00 ലക്ഷം രൂപ ഗവൺമെന്റ് നേരത്തെതന്നെ നൽകിയിട്ടുണ്ട്. മുമ്പുള്ള 3 വാർഷിക ബഡ്ജറ്റിലൂടെ 600.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ പ്രസ്തുത മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 175.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാങ്കേതിക വിദ്യ നവീകരണത്തിനും ഉപകരണ നവീകരണത്തിനുമുള്ള ആകെ പ്രോജക്ട് തുകയായ 3716.00 ലക്ഷം രൂപയിൽ മൂന്ന് വാർഷിക പദ്ധതികളിലായി 785.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2016-17 ബഡ്ജറ്റിൽ പ്രസ്തുത 3 മില്ലുകൾക്കുമായി മൂലധന പങ്കാളിത്ത സഹായമായി മൊത്തം 625.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നാളിതുവരെയുള്ള ഉദ്ഗ്രഥന പ്രവർത്തനങ്ങൾ വിലയിരുത്തി വിശദവും സമഗ്രവുമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വകുപ്പിന് തുക വിനിയോഗിക്കാവുന്നതാണ്.

## V കയർ വ്യവസായം

1. വിപണനം, പരസ്യപ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം

(വിഹിതം: 800.00 ലക്ഷം രൂപ)

കയർ മേഖലയുടെ സമഗ്രവികസനത്തിനായി കയർ മേഖലയിലെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും വിപണനം ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിർദ്ദിഷ്ട വിഹിതം സംസ്ഥാന ദേശീയ അന്താരാഷ്ട്ര തല ത്തിൽ 'കയർ കേരള' ഉൾപ്പെടെ വ്യാപാര മേളകൾ സംഘടിപ്പി ക്കുന്നതിനും അവയിൽ പങ്കെടുക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. കയർ സഹകരണ സംഘങ്ങൾക്കും, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കയർ ഗവേഷണസ്ഥാപനങ്ങൾക്കും, ഡിപ്പാർട്ടുമെന്റിനും, മേളകൾ, പ്രദർശനങ്ങൾ, ക്രയ വിക്രയ സംഗമം, എന്നിവ സംഘടിപ്പിക്കുന്നതിനും പ്രദർശനത്തിൽ പങ്കെടുക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളുടെ രേഖ/പ്രമാണം തയ്യാറാക്കൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സെമിനാർ/ ബോധവൽക്കരണ ക്യാമ്പ്/ വർക്ക്ഷോപ്പ് തുടങ്ങിയവ നടത്തുന്നതിനും അവാർഡ്/ സ്കോളർഷിപ്പ് വിതരണം, കയർ ദിനാചരണം മുതലായവയ്ക്കും വിനിയോഗിക്കാം.

2016-17 വാർഷിക ബഡ്ജറ്റിൽ 800.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

2. കയർ കയറുൽപ്പന്നങ്ങൾ എന്നവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം

(വിഹിതം: 800.00 ലക്ഷം രൂപ)

റിബേറ്റ് സ്കീമിനുപകരം ഭാരതസർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വിപണി വികസന സഹായം(എം. ഡി. എ.) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഭാരത സർക്കാർ നൽകുന്ന ധനസഹായത്തിന്റെ സമാന ധനസഹായമായി എം. ഡി. എ.യുടെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നു. കയർ കയറുൽപ്പന്നങ്ങൾ എന്നിവയുടെ വില്പന പ്രോത്സാഹിപ്പിക്കുക, വിപണി വികസന പരിപാടികൾ നടപ്പിലാക്കുക മുതലായവയ്ക്ക് ഭാരത സർക്കാർ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ് കയർഫെഡ്, കെ.എസ്.സി.സി., ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, കയർ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ വിറ്റുവരവ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കി വിപണി വികസന കണക്കാക്കി, ധനസഹായം നല്കണം. ഉല്പാദന, വിപണന സഹായം, ഇൻകം സപ്പോർട്ട് സ്കീം എന്നിവ പോലെയുള്ള സമാന പദ്ധതികളിൽ നിന്നും ധന സഹായത്തിൽ ഇരട്ടിപ്പ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട താണ്.

2016-17 വാർഷിക ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ സമാന ധനസഹായമായി 800.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

3. കയർ ഭൂവസ്ത്ര വികസന പരിപാടി

(വിഹിതം: 30.00 ലക്ഷം രൂപ)

മാതൃക പ്രോജക്ട് നടപ്പിലാക്കുക, സ്റ്റാന്റേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി കയർ ഭൂവസ്ത്രം ഉൾപ്പെടുത്തുക, ഭൂവസ്ത്രത്തെക്കുറിച്ച് ബോധവത്കരണം നടത്തുക, ഗവേഷണവികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഓറിയന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ സമഗ്ര ഭൂവസ്ത്ര വികസനപരിപാടിയിൽ ഉൾപ്പെടുത്തിരിയിക്കുന്നു. കയർഫെഡ്, കെ.എസ്.സി. സി., ഫോംമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്പ്മെന്റ് സൊസൈറ്റി, എൻ.സി. ആർ. എം. ഐ., പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്ര പ്രോജക്ടുകളുടെ നിർദ്ദിഷ്ട നേട്ടങ്ങൾക്ക് വിധേയമായി വിഹിതം നൽകാവുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ/പ്രവർത്തനങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 30.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിരിക്കുന്നു.

4. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം

(വിഹിതം: 750.00 ലക്ഷം രൂപ)

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കയർമേഖലയുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുള്ള ഗവേഷണ വികസന പരിപാടികൾ ഏറ്റെടുക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. നവീന യന്ത്രവൽക്കരണം/സാങ്കേതിക വിദ്യ, മൂല്യവർദ്ധിത കയറുല്പന്നങ്ങളുടെ വൈവിധ്യവത്കരണം, അടിസ്ഥാന സൗകര്യവികസനം, എൻ. സി. ആർ. എം. ഐ. യുടെ പ്രോജക്ടുകളെ ആധാരമാക്കിയുള്ള, ചെലവുകൾ ഇതര സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ചെലവുകൾ എന്നിവയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 750.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

5. സംരംഭകർക്ക് മാർജിൻമണിവായ്പ

(വിഹിതം : 5.00 ലക്ഷം രൂപ)

കയർ മേഖലയിലെ ചെറുകിട വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകളുടെ, വിപുലീകരണം/വൈവിദ്ധ്യവത്ക്കരണം/ആധുനികവത്കരണം തുടങ്ങിയ കാര്യങ്ങൾ മാനദണ്ഡ പ്രകാരം നടപ്പിലാക്കുന്നതിന് ബാങ്ക്/ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് 50 ശതമാനം വരെ മാർജിൻ മണിലോൺ സഹായം ലഭ്യമാക്കുകവഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുവാൻ പ്രോജക്ടുകളെടുക്കുന്നതിന് സംരംഭകരെ ആകർഷിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 5.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

6. കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണം

(വിഹിതം : 6835.00 ലക്ഷം രൂപ)

ആഗോള ആവശ്യങ്ങൾക്കനുസരിച്ച് ഉന്നത ഗുണ നിലവാരമുള്ള കയറുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും മറ്റു നാരുല്പന്നങ്ങളുമായുള്ള വില മത്സരത്തിൽ പിടിച്ചു നില്ക്കുന്നതിനും കയർവ്യവസായം ആധുനികവത്കരിച്ചു കൊണ്ട് ഈ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പി ക്കേണ്ടത് അനിവാര്യമാണ്.സഹകരണ സംഘങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കയർ മേഖലയിലെ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് യൂണിറ്റുകൾ/ഫാക്ടറികളുടെ ആധുനികവത്കരണം, വികസനം, വൈവിദ്ധ്യവത്കരണം, പുനസംഘടനം, പുനരുജ്ജീവനം എന്നിവയ്ക്ക് വിജയപ്രദ മായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ സഹായം നൽകുന്നു.

വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ/ആധുനിക വല്ക്കരണം, മലിനീകരണ നിയന്ത്രണം, കയർഗ്രാമം പദ്ധതി യുടെ നടപ്പിലാക്കൽ, വാണിജ്യ പ്രദർശന കേന്ദ്രം ആധുനിക റാട്ട്, സ്പിന്നിംഗ്/വില്ലോയിംഗ് മെഷീൻ മുതലായ അടിസ്ഥാന സൗകര്യങ്ങൾ നൽകൽ, കയർ സഹകരണ സംഘങ്ങൾക്ക് വർക്ക്ഷെഡ്, ക്വാളിറ്റി കൺട്രോൾ മെക്കാനിസം, പൊതു സേവന കേന്ദ്രങ്ങൾ, ഡിഫൈബറിംങ് മില്ലുകളുടെ പുനരുജ്ജീവനം/വിപുലപ്പെടുത്തൽ/ആധുനികവത്ക്കരണം/ വൈവിധ്യവത്കരണം മുതലായവയ്ക്ക് സഹായം നല്കാവുന്നതാണ്. മനുഷ്യ വിഭവശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രവർത്തന മൂലധനം ഇതിൽ വിഭാവനം ചെയ്തിട്ടില്ല. കയർ മേഖലയിലെ പുരോഗമനപരവും നൂതന വുമായ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ/ പ്രവർത്തനങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ 6835.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

7. പരിശീലനവും നേതൃത്വപാലനം മെച്ചപ്പെടുത്തലും

(വിഹിതം : 150.00 ലക്ഷം രൂപ)

കയർ വികസന വകുപ്പ്, കയർ ഫെഡ്, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും മറ്റ് തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. കയർ മേഖലയിലെ നൂതന ഗവേഷണ വികസനപ്രവർത്തനങ്ങൾ, പരിശീലനവും നൈപുണ്യ വികസനവും, കമ്പ്യൂട്ടർ സഹായത്തോടെ ഡിസൈൻ നിർമ്മാണം, ഐ. ടി. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാ നത്തിൽ കമ്പ്യൂട്ടർവൽക്കരണം, വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (എ. എം. സി.), ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ, വെബ്സൈറ്റ് മുതലായവയുടെ മെയിന്റനൻസ്, കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ, മറ്റ് ഇ-ഗവേർണൻസ് പ്രവർത്തികൾ എന്നിവയ്ക്കും പദ്ധതി വിഹിതം ഉപയോഗിക്കാം. കൂടാതെ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധനയ്ക്കുത കുന്ന കഴിവ് പരിപോഷിപ്പിക്കൽ പരിശീലന പദ്ധതികൾക്കും സംരംഭകത്വ വികസന പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ 150.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

8. ഉല്പാദനവും വിപണന പ്രചോദനവും

(വിഹിതം: 500.00 ലക്ഷം രൂപ)

കയർ മേഖലയിൽ കയറുല്പന്നങ്ങളുടെ സ്ഥായിയായ ഉല്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങൾ, അപ്പക്സ്സൊസൈറ്റികൾ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി കയറിന്റെയും റബ്ബർ അധിഷ്ഠിത കയർ ഉല്പന്നങ്ങളുടെയും ഉല്പാദനവും കയറ്റുമതി ഉൾപ്പടെയുള്ള വിപണനവും പ്രോൽസാഹിപ്പിക്കു ന്നതിനും പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. പാരമ്പര്യ കയർ ഉല്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം എന്നിവയ്ക്കും ഒരു വിഹിതം ഉപയോഗിക്കാവുന്നതാണ്. സ്ഥാപനങ്ങളുടെ വാർഷിക വിറ്റുവരവ്, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയുടെ അടിസ്ഥാനത്തിൽ ധനസഹായം നിശ്ചയിക്കു ന്നതാണ്. പദ്ധതി ധനസഹായത്തിൽ സർക്കാരിന്റെ സമാന പദ്ധതികളിലൂടെയുള്ള ഇരട്ടിപ്പ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

9. വിലവ്യതിയാനം സ്ഥിരതാ ഫണ്ട്

(വിഹിതം : 1700.00 ലക്ഷം രൂപ)

കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരി യുടേയും വില സ്ഥിരതയ്ക്കുവേണ്ടി വില വ്യതിയാനം പരിഹരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഉല്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് കയർഫെഡ്, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോള വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരി ക്കുന്നതിനും ഉദ്ദേശിക്കുന്നു. സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പക്സ് സംഘടനകൾ എന്നിവയ്ക്ക് പ്രത്യക്ഷമായും എല്ലാ കയർ തൊഴിലാളികൾക്കും നിയമാനു സൃതമായി കൂലി ഉറപ്പാക്കിക്കൊണ്ട്, പരോക്ഷമായും ഗുണം ലഭിക്കുന്നു. ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കു ന്നതിനും ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു. കയർഫെഡ്, കെ. എസ്. സി. സി., ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നിവ മുഖാന്തിരം വാങ്ങുന്ന സാമഗ്രികൾക്ക് വാർഷിക വിറ്റുവരവ്, ഇൻപുട്ട് ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം എന്നിവ കണക്കാക്കി ധനസഹായം നിശ്ചയിക്കാവുന്നതാണ്. മൂല്യ വർദ്ധിത ശൃംഖലയുടെ വിവിധ ഘട്ടങ്ങളിൽ മറ്റ് സമാന പദ്ധതികളിൽ നിന്നും ആവർത്തിച്ച് ധനസഹായം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ 1700.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

(വിഹിതം : 60.00 ലക്ഷം രൂപ)

കയർ മേഖലയിലെ പുതിയതും പഴയതുമായ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. അർഹമായ തുക മുഴുവനും ലഭിക്കാത്ത നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം 50 സംഘങ്ങൾക്ക് ആധുനികവല്ക്കരണത്തിന്/വൈവിദ്ധ്യവല്ക്കരണത്തിന് അംഗീകൃത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 60.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി

(വിഹിതം : 50.00 ലക്ഷം രൂപ)

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവന പദ്ധതി (എസ്. എഫ്. യു. ആർ. റ്റി. ഐ.) പ്രകാരം കയർ ബോർഡ് ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു. വ്യവസ്ഥകൾ പ്രകാരം ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതും പ്രോജക്ട് അധിഷ്ഠിത കേന്ദ്ര സഹായം നേടാവുന്നതുമാണ്.

ടി പദ്ധതി നടപ്പിലാക്കാൻ കേന്ദ്രം നൽകുന്ന ധനസഹായത്തിന്റെ സമാന സംസ്ഥാന വിഹിതമായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. കയർ ഭവൻ കെട്ടിട നിർമ്മാണം

(വിഹിതം : 20.00 ലക്ഷം രൂപ)

കയർ ഭവൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണം, ഓഫീസ് പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള മറ്റ് സൗകര്യങ്ങളൊരുക്കൽ തുടങ്ങിയവ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.പദ്ധതിതുകയുടെ ഒരു വിഹിതം ആലപ്പുഴ കയർ പ്രോജക്ട് ഓഫീസ് നിർമ്മാണത്തിനും ഉപയോഗിക്കാവുന്നതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ 20.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

## VI ഖാദി ഗ്രാമ വ്യവസായങ്ങൾ

1. വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും

(വിഹിതം : 175.00 ലക്ഷം രൂപ)

ഖാദി ഉൽപാദക കേന്ദ്രങ്ങളിൽ പണിശാലകൾക്ക് പുറമേ വിവിധ സ്ഥലങ്ങളിൽ പുതിയ പണിശാലകൾ നിർമ്മിക്കുവാൻ ഖാദി ബോർഡ് ഉദ്ദേശിക്കുന്നു. ഖാദി വകുപ്പ് തല ഉല്പ്പാദന കേന്ദ്രങ്ങളിൽ പണിശാലകളുടെ നിർമ്മാണം, വകുപ്പ് തല നൂൽ നൂൽപ്പ്/ നെയ്ത്ത് കേന്ദ്രങ്ങളുടെ പുനരുദ്ധാരണം സ്പെയർ പാർട്ട്സ് വാങ്ങൽ, ചർക്ക, തറി, എന്നിവയുടെ അറ്റകുറ്റപ്പണികൾ, എന്നിവ ഖാദി വകുപ്പ് തല ഉല്പ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചർക്ക തറി മുതലായവയുടെ ആധുനികവത്ക്കരണത്തിനാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നതെങ്കിലും അതിന്റെ സാംസ്ക്കാരിക പൈതൃകത്തേയും അടിസ്ഥാന തത്വത്തെയും അല്പംപോലും ബാധിക്കാതെ ഖാദി വ്യസായത്തെത്തന്നെ സമഗ്രമായി മാറ്റുക എന്നതാണ് ഖാദി ബോർഡിന്റെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യം നേടുതിലേക്കായി ഗവേഷണ വികസന പ്രവർത്തനങ്ങളുടെ സഹായത്തോടെ ഖാദി വ്യവസായത്തിൽ യന്ത്രവത്കൃത ആധുനികവത്ക്കരണത്തിനുള്ള പ്രവർത്തനങ്ങൾ 2016-17 വർഷത്തിൽ തുടക്കം കുറിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾക്ക് അംഗീകാരം വാങ്ങേണ്ടതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ/ പ്രവർത്തനങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 175.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോൽസാഹനവും ഉത്സവബത്തയും

(വിഹിതം: 400.00 ലക്ഷം രൂപ)

ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും സർക്കാർ എല്ലാ വർഷവും പ്രത്യേകിച്ച് ഓണക്കാലത്ത് ഉത്സവബത്തയും ഉല്പാദന പ്രോത്സാഹനവും പ്രഖ്യപിക്കാറുണ്ട്. നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും നല്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇത് വാർഷിക ഉൽപ്പാദനം, വില്പന വരുമാനം, തൊഴിൽ ദിനങ്ങളുടെ എണ്ണം ഉല്പന്നങ്ങളിന്മേലുള്ള മൂല്യ വർദ്ധനവ് ഇൻപുട്ട്, ഔട്ട്പുട്ട് ലിങ്കേജ് എന്നിവ കണക്കാക്കി വേണം നൽകേണ്ടത്.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. തേനീച്ച വളർത്തൽ വ്യവസായ വികസനം

(വിഹിതം : 6.00 ലക്ഷം രൂപ)

തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിലേക്കായി ഖാദി ഗ്രാമ വ്യവസായ ബോർഡ് തേനീച്ചയോട് കൂടിയ തേനീച്ചക്കൂടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും തേനീച്ച വളർത്തലിൽ പരിശീലനം നൽകുകയും ചെയ്യുന്നു. അങ്ങേയറ്റം ഒരു യൂണിറ്റിന് 6000 രൂപ നിരക്കിൽ 10 തേനീച്ചക്കൂടുകൾ തേനീച്ചയോട്കൂടി ഓരോ തേനീച്ച കർഷകനും നൽകാൻ ബോർഡ് ഉദ്ദേശിച്ചിരിക്കുന്നു. 2016-17 വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോട്ടയം തൃശ്ശൂർ എന്നീ തെരെഞ്ഞെടുക്കപ്പെട്ട 5 ജില്ലകളിൽ ഓരോന്നിൽ നിന്നും 20 പേരെ പദ്ധതിയിലെ ഗുണഭോക്താക്കളായി ബോർഡ് തെരെഞ്ഞടുക്കുന്നതായിരിക്കും.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 6.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും

(വിഹിതം : 25.00 ലക്ഷം രൂപ)

എറണാകുളം (നേരിയമംഗലം), പത്തനംതിട്ട എന്നീ ജില്ലകളിലെ തേൻ സംസ്ക്കരണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തലും പുനരുദ്ധാരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആലപ്പുഴ, കൊല്ലം, കോട്ടയം എന്നി വിടങ്ങളിലുള്ള റെഡിമെയ്ഡ് വസ്ത്ര യൂണിറ്റ്, കോഴിക്കോട് ബാലുശ്ശേരിയിലുള്ള ഗ്രാമീണ എണ്ണ യൂണിറ്റ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശ്കതിപ്പെടുത്തൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. എല്ലാ പ്രവർത്തനങ്ങളും അംഗീകൃത പദ്ധതികളുടെ അടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കേണ്ടതാണ്.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. വാർത്താ വിതരണവും പ്രചാരണവും പരിശീലനവും

(വിഹിതം : 25.00 ലക്ഷം രൂപ)

ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതു അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായി വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണ്. ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ദേശീയ പ്രാധാന്യമുള്ള അവസരങ്ങളിൽ ക്വിസ് മത്സരങ്ങളും സെമിനാറുകളും സംഘടിപ്പിക്കൽ, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ, ഇന്ത്യ-അന്താരാഷ്ട്ര വ്യാപാര മേളകളിൽ പങ്കെടുക്കൽ, ജീവനക്കാർക്ക് മേൽനോട്ട/ഭരണ നിർവഹണ പരിശീലനം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം

(വിഹിതം : 10.00 ലക്ഷം രൂപ)

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണവും ജീവനക്കാർക്ക് പരിശീലനവും നൽകിക്കൊണ്ടിരിക്കുകയാണ്. ഖാദി ഗ്രാമവ്യവസായ ബോർഡ് ഓഫീസുകൾ പൂർണ്ണമായും വിവര സാങ്കേതിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവര സാങ്കേതികവകുപ്പുമായി കൂടിയാലോചിച്ച് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. വിവര സാങ്കേതിക മാസ്റ്റർ പ്ലാനിലുൾപ്പെടുന്ന കമ്പ്യൂട്ടർ ഹാർഡ് വെയർ/സോഫ്റ്റ് വെയർ മുതലായവ വാങ്ങൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയിലുൾപ്പെടുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. ഖാദി സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം

(വിഹിതം : 8.00 ലക്ഷം രൂപ)

യോഗ്യമായ പ്രോജക്ട് പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനകത്ത് ഖാദി വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഖാദി സഹകരണ സംഘങ്ങളുടെയും ഖാദി സ്ഥാപനങ്ങളുടെയും പുനരുദ്ധാരണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പുനരുദ്ധാരണ ധനസഹായമായി ഓരോ യൂണിറ്റിനും 2 ലക്ഷം രൂപ വച്ച് രണ്ട് ഖാദി സംഘങ്ങളുടെയും 2 ഖാദി സ്ഥാപനങ്ങളുടെയും പുനരുദ്ധാരണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 8.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപന കേന്ദ്ര ങ്ങളുടെയും സംഭരണ ശാലകളുടെയും ആധുനിക വത്കരണം

(വിഹിതം : 100.00 ലക്ഷം രൂപ)

ഖാദി ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിലേക്കായി അംഗീകൃത പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വിപണന കേന്ദ്രങ്ങളുടെ നവീകരണവും കോട്ടയത്ത് ഖാദി ഗ്രാമ വ്യവസായ വിപണന കേന്ദ്രവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. പ്രത്യേക തൊഴിൽദാനപരിപാടി

(വിഹിതം : 550.00 ലക്ഷം രൂപ)

നഗര ഗ്രാമ പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ബാങ്ക് ധന സഹായം ലഭ്യമാകുന്ന പദ്ധതികൾക്കായി ചെറുകിട സംരംഭ കർക്കും പരമ്പരാഗത തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തി രിക്കുന്നു. സംരംഭകർക്ക് മാർജിൻ മണി സബ്സിഡിക്കുപു റമേ ആവശ്യമെങ്കിൽ പരിശീലന സഹായവും ബോർഡ് നൽകുന്നു. ബന്ധപ്പെട്ട ഉന്നതാധികാരികൾ പരിശോധിച്ചുറപ്പു വരുത്തിയ പ്രോജക്ടകൾക്ക് സഹായം നൽകാവുന്നതാണ്. 2016-17 വാർഷിക പദ്ധതിയിൽ പുതിയതായി 345 ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിലൂടെ 900 പുതിയ തൊഴിലവസരങ്ങൾ പ്രത്യക്ഷമായും 200 പുതിയതൊഴി ലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 550.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണവും ആധുനിക വത്കരണവും

(വിഹിതം : 100.00 ലക്ഷം രൂപ)

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റ് വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പ്കാർക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും ആവശ്യ മുള്ള ഗുണമേന്മയുള്ള സ്ലൈവർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഈ യൂണിറ്റ് വിപുലീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി വേസ്റ്റ് ബേൽ പ്രെസ്സിംഗ് മെഷീൻ, എയർ കംപ്രസ്സർ, സിംപ്ളക്സ് ഓവർഹെഡ് ക്ളീനിംഗ് മെഷീൻ എന്നിവ വാങ്ങൽ, ഫാക്ടറിക്ക് പ്ലാറ്റ്ഫോം ഗോഡൌൺ, ചുറ്റുമതിൽ, കെട്ടിടങ്ങൾക്കും മെഷിനുകൾക്കുമുള്ള അറ്റകുറ്റപ്പണികൾ, സെപയർ പാർട്ട്സ്, വൈദ്യുതവൽകരണം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## VII കശുവണ്ടി വ്യവസായം

പന്ത്രണ്ടാം പദ്ധതിയിലെ മുഖ്യ ലക്ഷ്യങ്ങളായ ജൈവ കശുമാവ് കൃഷിയുടെ അഭിവൃദ്ധി, കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കൽ, കായ്ഫലം കൂടിയ കശുമാവിനങ്ങളുടെ വികസനം എന്നിവയും (2) കശുവണ്ടി ഫാക്ടറികളുടെ യന്ത്രവത്ക്കരണവും (3) അന്തർ ദേശിയ വിപണികളിലെ ബ്രാന്റിംഗ്, പാക്കേജ് മെച്ചപ്പെടുത്തൽ എന്നിവയും 2012-17 പദ്ധതിക്കാലത്ത് ആരംഭിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ നാലു വർഷങ്ങളിൽ ഈ മേഖലയ്ക്കായി 23.6 കോടി രൂപ വകയിരുത്തിയിരുന്നു.

### 1. ജൈവ കശുമാവ് കൃഷിയും കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കലും

(വിഹിതം : 500.00 ലക്ഷം രൂപ)

തിരഞ്ഞെടുക്കപ്പെട്ട നിശ്ചിത ഭൂമിയിൽ ജൈവ കശുമാവ് കൃഷി ചെയ്യുന്നതിനും അസംസ്കൃത കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കുന്നതിനുമായി 2016-17 വാർഷിക ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നിശ്ചയിക്കപ്പെട്ട ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായി, അസംസ്കൃത കശുവണ്ടിയുടെ പ്രാദേശിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കാഷ്യു സെപ്ഷ്യൽ ഓഫീസർ, കൃഷി ഓഫീസറുമാരുടെ സഹായത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു. കശുവണ്ടി പ്രൊഡ്യൂസർ കമ്പനികൾ മുഖേനയുള്ള കശുമാവ് കൃഷിയുടെ സാധ്യതയും കണ്ടെത്താവുന്നതാണ്.

### 2. കെ.എസ്.സി.ഡി.സി. കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും

(വിഹിതം : 3000.00 ലക്ഷം രൂപ)

റോസ്റ്റിംഗ്, ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് മെഷീനുകൾ സ്ഥാപിച്ച് കശുവണ്ടിയുമായി ബന്ധപ്പെട്ട ഉൽപാദന പ്രവർത്തനങ്ങൾ ഭാഗികമായി യന്ത്രവൽക്കരിക്കുന്നതിലൂടെ കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലാളികളുടെ പ്രവർത്തനത്തിന് സമാന്തരമായി ഭാഗീകമായി യന്ത്ര വത്കരണം വഴി ജോലി ഭാരം ലഘുകരിച്ച് മാനവശേഷി പരമാവധി പ്രയോജനപ്പെടുത്തുവാൻ ഈ പദ്ധതി സഹായിക്കുന്നു. ഈ പദ്ധതിയിൽ ഫാക്ടറികളുടെ നവീകരണവും അടിസ്ഥാനസൗകര്യ വികസനവും ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതിയുടെ ഘടകങ്ങൾ/പ്രവർത്തനങ്ങൾ കേരള പരിപ്രേഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പദ്ധതി തുക മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കേണ്ടതും യാതൊരു കാരണവശാലും വക മാറ്റാൻ പാടില്ലാത്തതുമാകുന്നു. മുൻ പദ്ധതി കാലയളവിലെ നവീകരണ/യന്ത്രവത്ക്കരണ പരിപാടികളുടെ നേട്ടങ്ങളും ഫലങ്ങളും അപഗ്രഥിച്ച്, പുതിയ പ്രോജക്ടുകളുടെ വിശദമായ റിപ്പോർട്ടുകൾ ഭരണ വകുപ്പ് വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 ബഡ്ജറ്റിൽ കെ. എസ്. സി. ഡി. സി. ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും എന്ന തുടർ പദ്ധതിയ്ക്കായി 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. കാപെക്സ് കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും

(വിഹിതം : 800.00 ലക്ഷം രൂപ)

റോസ്റ്റിംഗ്, ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് മെഷീനുകൾ സ്ഥാപിച്ച് കശുവണ്ടിയുമായി ബന്ധപ്പെട്ട ഉൽപാദന പ്രവർത്തനങ്ങൾ ഭാഗികമായി യന്ത്രവൽക്കരിക്കുന്നതിലൂടെ കാപെക്സ് ഫാക്ടറികളുടെ ഉൽപാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലാളികളുടെ പ്രവർത്തനത്തിന് സമാന്തരമായി ഭാഗികമായി യന്ത്രവൽക്കരണം വഴി ജോലി ഭാരം ലഘൂകരിച്ച് മാനവശേഷി പരമാവധി പ്രയോജനപ്പെടുത്തുവാൻ ഈ പദ്ധതി സഹായിക്കുന്നു. ഈ പദ്ധതിയിൽ ഫാക്ടറികളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും സ്റ്റോറുകളുടെയും റെസ്റ്റ് റൂമുകളുടെയും നിർമ്മാണവും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ/പ്രവർത്തനങ്ങൾ കേരള പരിപ്രേഷ്യ പദ്ധതി 2030മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പദ്ധതി തുക മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കേണ്ടതും യാതൊരു കാരണവശാലും വക മാറ്റാൻ പാടില്ലാത്തതുമാകുന്നു. മുൻ പദ്ധതി കാലയളവിലെ നവീകരണ/യന്ത്രവത്ക്കരണ പരിപാടികളുടെ നേട്ടങ്ങളും ഫലങ്ങളും അപഗ്രഥിച്ച് പുതിയ പ്രോജക്ടുകളുടെ വിശദമായ റിപ്പോർട്ടുകൾ ഭരണ വകുപ്പ് വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 ബഡ്ജറ്റിൽ കാപെക്സ് ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവത്കരണവും എന്ന തുടർ പദ്ധതിക്കായി 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. ഇന്ത്യയിലും അന്തർദ്ദേശീയ വിപണികളിലും ബ്രാന്റ് നിർമ്മാണവും മാർക്കറ്റ് അവബോധവും

(വിഹിതം: 200.00 ലക്ഷം രൂപ)

'കാപെക്സ് കാഷ്യൂസ്' എന്ന ബ്രാന്റിൽ കാപെക്സ് ഗുണമേന്മയുള്ള ഉൽപന്നങ്ങൾ വികസിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. താഴെപറയുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

- ഇന്ത്യൻ കശുവണ്ടിയെയും കശുവണ്ടി ഉൽപന്നങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുക.
- പ്രധാനപ്പെട്ട ഭക്ഷ്യമേളകളിൽ പങ്കെടുക്കുക.
- ബ്രാന്റ് മാർക്കറ്റിംഗും ആധുനിക വിപണന കേന്ദ്രങ്ങളിലെ ആദ്യ ഡിസ്ട്രിബ്യൂഷൻ ആന്റ് ലിസ്റ്റിംഗ് ഫീസ് ഒടുക്കലും ചരക്കിന്റെ ലഭ്യത ഉറപ്പാക്കലും.
- പരസ്യത്തിലൂടെയുള്ള പ്രചരണം.

ഈ പദ്ധതിയുടെ ഘടകങ്ങൾ/പ്രവർത്തനങ്ങൾ 2030 കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മുൻ പദ്ധതി കാലയളവിലെ ഈ പദ്ധതിയുടെ നേട്ടങ്ങളും വിപണി വിശകലനവും കണക്കിലെടുത്ത് തുക ചെലവഴിക്കേണ്ടതാണ്. 2016-17 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ കാപെക്സ് കാഷ്യൂവിന്റെ ബ്രാന്റ് പ്രോൽസാഹനത്തിനായി വകയിരുത്തിയിരിക്കുന്നു.

## 6.2 ഇടത്തരവും വലുതുമായ വ്യവസായങ്ങൾ

സാമൂഹികവും പരിസ്ഥിതിപരവും സുസ്ഥിരവുമായ നൂതന ആശയങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള ഉന്നത മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിലെ പദ്ധതികളും/പരിപാടികളും കൊണ്ട് ഉദ്ദേശിക്കുന്നത്. കെ.എസ്.ഐ.ഡി.സി., കിൻഫ്ര, സി.എം.ഡി., റിയാബ്, ബി. പി. ഇ എന്നിവയാണ് ഇടത്തരവും വലുതുമായ വ്യവസായങ്ങളിൽ വരുന്ന ഏജൻസികൾ. 2012-13 കാലയളവിൽ 240.67 കോടി രൂപ ഈ മേഖലയ്ക്കായി വകയിരുത്തുകയും 269.20 കോടി രൂപ ചെലവിടുകയും ചെയ്തു. 2013-14 കാലയളവിൽ വകയിരുത്തിയ തുക 239.34 കോടി രൂപയാണ്. എന്നാൽ ഇത് 2014-15-ൽ 300.84 കോടി രൂപയായിരുന്നു. 2015-16-ൽ ഈ മേഖലയ്ക്കായി വകയിരുത്തിയ ആകെ തുക 259.13 കോടി രൂപയാണ്. 2014-15-ൽ 100 കോടി രൂപ വകയിരുത്തിയ ''വ്യവസായ വികസന മേഖല'' 2015-16-ൽ ''മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ'' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ 2015-16-ൽ പദ്ധതി വിഹിതം 2014-15-നെ അപേക്ഷിച്ച് കുറവായിരുന്നു. 2016-17-ൽ ഇടത്തരവും വലുതുമായ വ്യവസായങ്ങൾ എന്ന മേഖലയ്ക്കായി 291.78 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

### 1. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ. എസ്. ഐ. ഡി. സി)

*(വിഹിതം: 8752.00 ലക്ഷം രൂപ)*

സംസ്ഥാന സർക്കാരിന്റെ ഉന്നതമായ വ്യവസായ നിക്ഷേപക പ്രോത്സാഹന ഏജൻസിയാണ് 1961-ൽ സ്ഥാപിതമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ. കേരളത്തിന്റെ വ്യാവസായിക സാമ്പത്തിക വികസനത്തിന് ആവശ്യമായ തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല പദ്ധതികളും ആരംഭിച്ചത് കെ. എസ്. ഐ. ഡി. സി.യാണ്. താഴെ പറയുന്ന പദ്ധതികൾക്കായി 2016-17 വർഷത്തിൽ 8752.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | *നിക്ഷേപം സുഗമമാക്കുകയും വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളും :* | |
| | വീ മിഷൻ, കേരള ആയുർവേദ മാർട്ട്, ബ്രോഷറുകൾ, ന്യൂസ് ലെറ്ററുകൾ, വെബ് സൈറ്റുകൾ, പബ്ലിക് റിലേഷൻ പ്രവർത്തനങ്ങൾ, മാധ്യമങ്ങളും പ്രചരണവും, ബിസിനസ്സ് മീറ്റുകൾ, റോഡ് ഷോകൾ, വിദേശ നിക്ഷേപ പ്രോത്സാഹന സെൽ എന്നിവയിലൂടെ കേരളത്തെ ഒരു പ്രധാന നിക്ഷേപ കേന്ദ്രമാക്കി മാറ്റുകയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ വനിതാ സംരംഭകർക്ക് അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായവും നൽകുന്നുണ്ട് (യന്ത്രങ്ങൾ വാങ്ങുന്നതിനായി പരമാവധി 25 ലക്ഷം രൂപ വരെ) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുകയിൽ 5 കോടി രൂപ വനിത സംരംഭകർക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് മാത്രമാണ്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 800.00 |
| 2 | *ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം :* | |
| | തിരുവനന്തപുരം തോന്നയ്ക്കലിലെ വെയിലൂർ താലൂക്കിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി 260 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിനായി ഇതുവരെ 50 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കേന്ദ്ര/കേരള സർക്കാരുകളിൽ നിന്നുള്ള ഗ്രാന്റ്, കെ.എസ്.ഐ.ഡി.സി.-യിൽ നിന്നുള്ള ഗ്രാന്റ് വായ്പ എന്നിവയാണ് ഇതിന്റെ സാമ്പത്തിക ഉറവിടങ്ങൾ. ഈർപ്പമുള്ളതും വരണ്ടതുമായ ലാബ് സൗകര്യങ്ങളുള്ള ബയോടെക് ഇന്നവേഷൻ കം ഇൻകബേഷൻ സൗകര്യങ്ങൾ, ജൈവ സംസ്കരണ സംവിധാനങ്ങൾ, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങൾ എന്നിവയ്ക്കായി 2950 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു. | 2950.00 |
| 3 | *ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊച്ചി :* | |
| | എറണാകുളത്തെ ആമ്പല്ലൂർ താലൂക്കിൽ കെ. എസ്. ഐ. ഡി. സി. ഈ പദ്ധതിയ്ക്കായി കണ്ടെത്തിയ 100 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകി. സംസ്ഥാന സർക്കാർ/കെ. എസ്. ഐ.ഡി.സി.-ഇക്വിറ്റി, കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഇൻ എയ്ഡ്, പ്രധാനപ്പെട്ട നിക്ഷേപകർ/ഡവലപ്പേഴ്സ് എന്നിവയാണ് സാമ്പത്തിക ശ്രോതസ്സുകൾ. ഭൂമിയുടെ വില അതിന്റെ വികസനം ചുറ്റുമതിൽ, ആഭ്യന്തര റോഡുകൾ, വൈദ്യുതീകരണം, മഴ വെള്ള കൊയ്ത്ത്, ജലവിതരണം, അഴുക്ക് ചാൽ, കേബിളുകളും പൈപ്പുകളും സ്ഥാപിക്കുക, ടൂൾ റും സൗകര്യങ്ങൾ, പി. സി. ബി./ചിപ്പ് ഡിസൈൻ ട്രെയിനിംഗ് സെന്റർ, ഇൻകുബേഷനും ഗവേഷണ വികസന കേന്ദ്രവും ഇലക്ട്രോണിക് പരിശോധന വികസന കേന്ദ്രം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, പാർക്ക്, ഹെൽത്ത് സെന്റർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള ചെലവുമാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. ഈ പദ്ധതി രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും പശ്ചാത്തല വികസനത്തിനുമായി 2016-17 വർഷത്തിൽ ഒരു ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം, മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ശീർഷകത്തിൽ നിന്ന് ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. | 1.00 |

| (1) | (2) | (3) |
|---|---|---|
| 4 | *വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം :* | |
| | ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, മേഖലകളിലെ വ്യാവസായിക സാമ്പത്തിക വികസനത്തിനായി കെ. എസ്. ഐ. ഡി. സി. നാല് വ്യാവസായിക വളർച്ചാകേന്ദ്രങ്ങൾ ആരംഭിച്ചു. ചേർത്തല, കിനാലൂർ, കണ്ണൂർ എന്നിവിടങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും ചേർത്തല, കിനാലൂർ, വ്യവസായിക വളർച്ചാ കേന്ദ്രങ്ങളിൽ എസ്.ഡി.എഫ്. കെട്ടിടങ്ങൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും ഘടകങ്ങളും കേന്ദ്ര പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 500.00 |
| 5 | *ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായ പാർക്ക്, പാലക്കാട് :* | |
| | പാലക്കാട്ട് 34.45 ഏക്കറിലായി കെ. എസ്. ഐ. ഡി. സി. ഒരു ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായ പാർക്ക് വികസിപ്പിച്ചു. ചുറ്റുമതിൽ, പ്രധാന ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, ഭരണവിഭാഗ കെട്ടിടം, ആഭ്യന്തര റോഡുകൾ, അഴുക്ക് ചാൽ, ജലവിതരണ സംവിധാനം എന്നീ സൗകര്യങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. 7.8 ഏക്കർ ഭൂമി കൂടി അധികമായി ഏറ്റെടുക്കുന്നതിനും സ്റ്റാന്റേർഡ് ഡിസൈൻ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. വൈദ്യുതി വിതരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും, അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് അധികമായി 7.8 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും പാർക്കിലെ പശ്ചാത്തല സൗകര്യ വികസനത്തിനായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 500.00 |
| 6 | *സീഡ്ഫണ്ട്/എയ്ഞ്ചൽ ഫണ്ടിംഗ്/വെൻചർ കാപ്പിറ്റൽ :* | |
| | ഡി. എസ്. ടി., ഡി. ബി. ടി., മറ്റു കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ബിസിനസ്സ്/ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്ററുകൾക്ക് വേണ്ടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. യെസ് സംരംഭത്തിന്റെ ഭാഗമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. നൂതന സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 90 ശതമാനമോ 25 ലക്ഷമോ ഏതാണോ കുറവ് അത് സോഫ്റ്റ് ലോണായോ ഇക്വറ്റി മൂലധനമായോ സീഡ് ഫണ്ട് എന്ന നിലയിൽ നൽകുന്നതാണ്. കെ. എഫ്. സി. ടെക്നോപാർക്ക്, സ്റ്റാർട്ട് അപ്പ് വില്ലേജ്, മറ്റ് പ്രധാനപ്പെട്ട സ്ഥാപിത നിക്ഷേപകരുമായി കൈകോർത്ത് കെ.എസ്.ഐ.ഡി.സി. സീഡ്/എയ്ഞ്ചൽ ഫണ്ട്/വെഞ്ചർ ക്യാപിറ്റൽ നൽകുന്നതാണ്. 50 സ്റ്റാർട്ട് അപ്പുകൾക്ക് സഹായം നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 1200.00 |
| 7 | *മെന്ററിംഗിലൂടെ സംരംഭക സഹായം :* | |
| | റ്റി. ഐ. ഇ., സി. ഐ. ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് മെന്ററിംഗിലൂടെ സംരംഭക സഹായം നൽകുന്നതിനും 2016 യെസ് നടത്തുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 200.00 |
| 8 | *വൈദ്യശാസ്ത്ര ഉപകരണങ്ങൾക്കും ജൈവ വസ്തുക്കൾക്കുമായിട്ടുള്ള ബിസിനസ്സ് ഇൻകുബേറ്റർ :* | |
| | എസ്. സി. ടി. ഐ. എം. എസ്. ടി.-യും കെ. എസ്. ഐ. ഡി. സി.-യുമായി ചേർന്ന് ഉന്നതമായ വിദഗ്ദ്ധ വൈദ്യശാസ്ത്ര ഉപകരണ ഇൻകുബേഷൻ കേന്ദ്രം സ്ഥാപിച്ച് നടത്തികൊണ്ട് പോവുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 200.00 |
| 9 | *മെഗാ ഫുഡ് പാർക്ക്, ചേർത്തല :* | |
| | കടൽ ഭക്ഷ്യ വിഭവങ്ങളുടെ സംസ്കരണത്തിനും കയറ്റുമതിക്കും പ്രാധാന്യം നൽകി ചേർത്തല പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുള്ള 65 ഏക്കർ സ്ഥലത്ത് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ ആകെ ചെലവായ 130 കോടി രൂപയിൽ 50 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കുന്നതാണ്. ഭൂമി വികസനത്തിനും, ചുറ്റുമതിൽ നിർമ്മാണത്തിനും ആഭ്യന്തര റോഡുകൾ നിർമ്മിക്കുന്നതിനും, വൈദ്യുത ജല വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും, എസ്. ഡി. എഫ് കെട്ടിടങ്ങളും യൂണിറ്റുകളും നിർമ്മിക്കുന്നതിനുമായിട്ടാണ്. 2016-17-ൽ തുക വകയിരുത്തിയിരരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. | 1600.00 |

10 *പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി* :

എറണാകുളം പുത്തൻകുരിശിൽ ബി.പി.സി. എൽ. കൊച്ചിൻ റിഫൈനറി എന്നിവയോട് ചേർന്നുള്ള 118 ഏക്കർ ഭൂമി ഈ പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 73.63 ഏക്കർ സ്വകാര്യ വ്യക്തികളുടെയും 44.75 ഏക്കർ പുറമ്പോക്ക് ഭൂമിയുമാണ്. പദ്ധതിയുടെ ഏകദേശ ചെലവായ 300 കോടി രൂപയിൽ ഭൂമിയുടെ വിലയും ആഭ്യന്തര പശ്ചാത്തല സൗകര്യങ്ങളും ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും പശ്ചാത്തല വികസനത്തിനുമായി 2016-17 വർഷത്തിൽ ഒരു ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം, "മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ " എന്ന ശീർഷകത്തിൽ നിന്ന് ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി 2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു 1.00

## പുതിയ പദ്ധതികൾ

1 *അങ്കമാലിയിലെ ഉല്പന്ന നിർമ്മാണ വ്യവസായ മേഖല :*

കെ. എസ്. ഐ. ഡി. സി.-യുടെ 'വീ മിഷന്റെ' ഭാഗമായി അങ്കമാലിയിൽ അവരുടെ കൈവശമുള്ള 5 ഏക്കർ ഭൂമിയിൽ ഒരു ഉല്പന്ന നിർമ്മാണ നിക്ഷേപ മേഖല തുടങ്ങുന്നതിന് ലക്ഷ്യമിടുന്നു. ഇവിടെ 3 0,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിച്ച് അതിൽ വസ്ത്ര വ്യവസായത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വനിതാ സംരംഭകർക്ക് നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. 800.00

ആകെ 8752.00

2. <u>അതിവേഗ റെയിൽ ഇടനാഴി</u>

*(വിഹിതം: 1.00 ലക്ഷം രൂപ)*

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 570 കി. മീറ്റർ ദൂരത്തിൽ അതിവേഗ റെയിൽ ഇടനാഴി നിർമ്മിക്കുന്നതിന് ഡി. എം. ആർ. സി. 71245 കോടി രൂപയുടെ മതിപ്പ് ചെലവ് കണക്കാക്കി സമർപ്പിച്ച ടേംസ് ഓഫ് റഫറൻസ് സർക്കാർ അംഗീകരിച്ചു. കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാണ് ഈ പദ്ധതി നടപ്പാക്കുന്ന ഏജൻസി. 2016-17 വർഷത്തിലേക്ക് 1.00 ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിട്ടുണ്ട്.

3. <u>സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.)</u>

(വിഹിതം 100.00 ലക്ഷം രൂപ)

1979-ൽ കേരള സർക്കാർ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്. പഠനം, പരിശീലനം, ഗവേഷണം, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ മാനേജ്മെന്റ് നയങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. പരിശീലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ മെച്ചപ്പെടുത്തുന്നതിനും സെന്ററിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനുംവേണ്ടി 2016-17 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. <u>കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര)</u>

(വിഹിതം: 10120.00 ലക്ഷം രൂപ)

വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 1993-ൽ കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ രൂപീകരിച്ചത്. കേരളത്തിൽ വ്യാവസായികമായി പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന മേഖലകളിൽ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഉൾക്കൊള്ളുന്ന വ്യവസായ പാർക്കുകളും, ടൗൺഷിപ്പുകളും, സോണുകളും മറ്റും രൂപീകരിക്കുന്നതിലൂടെ സാമ്പത്തിക വികസനം സാദ്ധ്യമാക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 10120 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി 2030 വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുകവകയിരുത്തിയിരിക്കുന്നത് (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| (I) | <u>നിലവിലുള്ള പദ്ധതികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക്</u> | |
| 1. | വ്യാവസായിക ജലവിതരണ പദ്ധതി പാലക്കാടും കാസർഗോഡും | 1000.00 |
| 2. | വ്യവസായ പാർക്ക്, ഒറ്റപ്പാലം | 450.00 |
| 3. | വ്യവസായ പാർക്ക്, പിറവന്തൂർ (മുൻ റ്റി. പി. ഐ. പുനലൂർ) | 150.00 |
| 4 | ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി, കെ.ഇ.പി. ഐ. പി. എന്നിവിടങ്ങളിലെ ജലവിതരണവും റോഡ് നിർമ്മാണവും | 700.00 |
| 5. | കാക്കാഞ്ചേരിയിൽ നിലവിലുള്ള വ്യവസായിക പശ്ചാത്തല സൗകര്യങ്ങളുടെ നവീകരണം | 1.00 |
| 6. | കണ്ണൂർ മട്ടന്നൂരിലെ വ്യവസായ പാർക്ക് | 200.00 |
| 7. | തൃശ്ശൂരിലെ ജെം ആൻഡ് ജ്വല്ലറി പാർക്ക് | 400.00 |
| 8. | തൊടുപുഴ മുട്ടത്തെ സുഗന്ധ വ്യഞ്ജന പാർക്ക് | 1.00 |
| 9. | കളമശ്ശേരിയിലെ നാനോ ടെക് സോൺ, ഹൈടെക് പാർക്ക് | 1.00 |

| (1) | (2) | (3) |
|---|---|---|
| 10. | കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ അനിമേഷൻ/ഐ. റ്റി./ഐ. റ്റി. അനുബന്ധ മേഖലയിലെ പ്രത്യേക സാമ്പത്തിക മേഖല (എസൈഡ് പദ്ധതി) | 1298.00 |
| 11. | കൊരട്ടിയിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മാണം രണ്ടാംഘട്ടം | 1000.00 |
| 12. | കൊല്ലത്തെ കിൻഫ്ര ബിസിനസ്സ് പാർക്ക് | 1.00 |
| 13. | കയറ്റുമതി പശ്ചാത്തല സൗകര്യ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള സഹായം (സംസ്ഥാനത്തിന്റെ പദ്ധതികൾ എസൈസ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഏറ്റെടുക്കുന്നതിന്) | 3000.00 |
| (11) | കേന്ദ്ര സഹായ പദ്ധതികൾ | |
| 14. | പ്രതിരോധ പാർക്ക്, ഒറ്റപ്പാലം (പുതിയ പദ്ധതി) | |
| | 2016-17 വർഷത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുമായി ഒരു ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. | 1.00 |
| 15. | ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം | 715.00 |
| 16. | മെഗാ ഫുഡ് പാർക്ക്, പാലക്കാട് (ഭക്ഷ്യ സംസ്കരണ വകുപ്പിന്റെ കീഴിലുള്ള കേന്ദ്ര സർക്കാർ പദ്ധതി) | |
| | കേന്ദ്രീകൃത സംസ്കരണ കേന്ദ്രം, പ്രാഥമിക സംസ്കരണ കേന്ദ്രം, ശേഖരണ കേന്ദ്രങ്ങൾ എന്നിവ അടങ്ങുന്ന ഒരു ഹബ് ആന്റ് സ്പോക്ക് മാതൃകയാണ് കേരളത്തിലെ മെഗാ ഫുഡ് പാർക്ക്. പാലക്കാട് വാളയാറിലെ 78.68 ഏക്കറിലാണ് കേന്ദ്രീകൃത സംസ്കരണ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. വയനാട്ടിലെ കൽപ്പറ്റ, മലപ്പുറത്തെ കാക്കഞ്ചേരി, തൃശ്ശൂരിലെ കൊരട്ടി, എറണാകുളത്തെ മഴുവന്നൂർ എന്നിവിടങ്ങളിലായി 4 പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ലക്ഷ്യംവയ്ക്കുന്നു. ഇനിയും 15 ശേഖരണ കേന്ദ്രങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇകുറ്റി, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നുള്ള ഗ്രാന്റ്, വായ്പ എന്നിവയാണ് സാമ്പത്തിക സ്രോതസ്സുകൾ. ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുമായി 2016-17 വർഷത്തിൽ ഒരു ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിരിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം 'മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. | 1.00 |
| 17. | രാമനാട്ടുകരയിലെ ഫുട് വെയർ പാർക്ക് | |
| | ഫുട് വെയർ വ്യവസായത്തിന്റെ വികസനത്തിനായി മെഗാ ലതർ ക്ലസ്റ്റർ സ്കീമിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ 30 ഏക്കറിലായി ഒരു ഫുട് വെയർ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹായമായ 50 കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്നുള്ള ഫണ്ട്, ഗുണഭോക്താവിന്റെ വിഹിതം എന്നിവയാണ് സാമ്പത്തിക സ്രോതസ്സുകൾ. 2016-17 വർഷത്തിലേക്ക് 800 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. | 800.00 |
| 18. | ഇന്റർനാഷണൽ ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം എ. റ്റി. പി. ഒ-മായുള്ള സംയുക്ത സംരംഭം | 400.00 |
| | ആകെ | 10119.00 |

## (ബി) വ്യവസായ വികസന മേഖലയിലെ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും

(വിഹിതം: 1.00 ലക്ഷം രൂപ)

വ്യവസായ വികസന മേഖലകളായി തെരഞ്ഞെടുത്തിരിക്കുന്ന പ്രദേശങ്ങളിലെ നിർമ്മാണ വ്യവസായങ്ങളെയും, വാണിജ്യ സംരംഭങ്ങളെയും, സാമൂഹിക പശ്ചാത്തല സൗകര്യങ്ങളെയും വികസിപ്പിക്കുന്നതു വഴി ഈ മേഖലകളെ ദക്ഷിണേന്ത്യയിലെ പ്രധാന ഉൽപ്പാദന കച്ചവട കേന്ദ്രങ്ങളായി രൂപപ്പെടുത്തുകയാണ് ലക്ഷ്യം. വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് സർക്കാർ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 10 ചതുരശ്രകിലോമീറ്ററിൽ (പ്രധാന മേഖലയായി കണക്കാക്കി) കൂടുതലുള്ള സ്ഥലത്തായിരിക്കും വ്യവസായ വികസന മേഖല സ്ഥാപിക്കുന്നത്. ഇവിടെ വ്യവസായ വികസനത്തിന് ആവശ്യമായ എല്ലാ പരിസ്ഥിതിയും സജ്ജമാക്കിയിട്ടുണ്ടാകും. കൊച്ചി വ്യവസായ വികസന മേഖല കൊച്ചി നഗരത്തിന് 5 സ്ക്വയർ കി. മീ പരിധിയിൽ വ്യവസായ പ്രവർത്തനങ്ങൾക്കായി വികസിച്ച് കൊണ്ടിരിക്കുന്ന പ്രദേശമാണ്. കോഴിക്കോട് നഗരത്തിൽ നിന്നും 20 കിലോമീറ്റർ ദൂരപരിധിയിൽ ഏകദേശം 4.25 ചതുരശ്ര കിലോമീറ്റർ ആണ് കോഴിക്കോട് വ്യവസായ വികസന മേഖല. മലപ്പുറം, കോഴിക്കോട് ജില്ലകൾ ഈ മേഖലയിൽ ഉൾപ്പെടും. തിരുവനന്തപുരം വ്യവസായ വികസന മേഖലയിൽ (ഏകദേശം 3 ചതുരശ്ര കിലോമീറ്റർ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്നു. ഈ പദ്ധതിയ്ക്കായി കിൻഫ്ര നിലവിൽ 1168 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. (തിരുവനന്തപുരത്ത് 63 ഏക്കർ, എറണാകുളത്ത് 650 ഏക്കർ, കോഴിക്കോട് 250 ഏക്കർ, പാലക്കാട് 250 ഏക്കർ). വ്യക്തമായ നിർവചനങ്ങളോടെ 2016-17-ൽ പുതിയ വ്യവസായ വികസന മേഖലകൾ ആരംഭിക്കാവുന്നതാണ്. 2016-17 വർഷത്തിൽ ഒരു ലക്ഷം രൂപ കരുതൽ ധനമായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക 'മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ' എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

5. പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്)

(വിഹിതം: 165.00 ലക്ഷം രൂപ)

വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിയാബ്, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങൾക്കായി 1993-ൽ സ്ഥാപിച്ചതാണ്. 2016-17 വർഷ ത്തേക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 165 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| (i) | മാസം തോറും റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുക, വെബ് ബേസ്ഡ് മോണിറ്ററിംഗ് സിസ്റ്റം ഉപയോഗിച്ച് പൊതുമേഖല സ്ഥാപനങ്ങളിൽ നിന്ന് ഡേറ്റ ശേഖരിക്കുക, ബഞ്ച് മാർക്കിംഗ്, വെബ് പോർട്ടലുകൾ നവീകരിക്കുക, വിശകലന റിപ്പോർട്ടുകൾ തയ്യാറാക്കുക, സി. എസ്. ആർ. പ്രവർത്തനങ്ങളുടെ മേൽനോട്ടം, പൊതുമേഖലാ സ്ഥാപന ങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, പാനലിൽ നിന്ന് ചാർട്ടേഡ് അക്കൗണ്ടന്റ് മാരെ നിയമിക്കുക. | 45.00 |
| (ii) | വർക്കിംഗ് ഗ്രൂപ്പുകൾക്ക് വേണ്ടി പ്രൊപ്പോസലുകൾ സാങ്കേതികമായി വിലയിരുത്തുക. | 30.00 |
| (iii) | ഡയറക്ടർമാർക്കും സീനിയർ മാനേജ്മെന്റിനും ട്രെയിനിംഗ് നീഡ് അസ്സസ്മെന്റും കോർപ്പറേറ്റ് ഗവേണൻസ് പ്രോഗ്രാമുകളും ഉൾപ്പെടെ തൊഴിലാളികൾ/ സൂപ്പർവൈസറി സ്റ്റാഫുകൾക്കുമുള്ള സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമുകളിലെ ഉന്നതതല ഏകോപനം, ഇ-സെയിൽസ് ഇ-പ്രൊക്യയർമെന്റും തുടങ്ങിയ പുതിയ സംരംഭങ്ങളെ ക്കുറിച്ചുള്ള ബോധവൽക്കരണ വർക്ക്ഷോപ്പുകൾ, പി. എസ്. യു.-കളിലെ ഇ. ആർ. പി. നടപ്പാക്കുന്നതിന്റെ ഏകോപനം. | 40.00 |
| (iv) | വർക്ക്ഷോപ്പുകൾ നടത്തുക, പൊതു മേഖല സ്ഥാപനങ്ങളിൽ സെമിനാറുകളും പരിപാടികളും നടത്തുക, കേരളത്തിന്റെ പ്രധാന വ്യവസായ നേട്ടങ്ങളെക്കുറിച്ച് കേസ് സ്റ്റഡികൾ തയ്യാറാക്കുക, റീ സർജൻസുകൾ പ്രസിദ്ധീകരിക്കുക. | 20.00 |
| (v) | ശേഷി വികസനത്തിന് ദേശീയ അന്തർ ദേശീയ നോളജ് റപ്പോസിറ്ററികളുമായി ചേർന്ന് അറിവിന്റെ കൈമാറ്റം നടത്തുക. | 10.00 |
| (vi) | സാങ്കേതിക മാനേജ്മെന്റ് പുസ്തകങ്ങൾ വ്യവസായ ബഞ്ച് മാർക്കിംഗിനെക്കുറിച്ചുള്ള മാസികകൾ, പ്രവർത്തനം വിലയിരുത്തു ന്നതിനായി സാങ്കേതിക പുസ്തകങ്ങൾ എന്നിവ വാങ്ങുക, ഡിജിറ്റൽ വായനശാല ക്കായി ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുക, ഹാർഡ് വെയറിന്റെയും ലൈസൻസുള്ള സോഫ്റ്റ് വെയറുകളുടെയും നിലവാരം മെച്ചപ്പെടുത്താനും ഇ-ഓഫീസ് ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനും വേണ്ടി. | 20.00 |
| | ആകെ | 165.00 |

6. പ്രവർത്തന സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും

(വിഹിതം 10000.00 ലക്ഷം രൂപ)

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രത്യേക പരിഗണന നൽകി പദ്ധതി ശുപാർശകൾ തയ്യാറാക്കേണ്ടതാണ്. റീയാബ്, ധനകാര്യ വ്യവസായ വകുപ്പുകൾ വിശദമായ പദ്ധതി റിപ്പോർട്ട് വിലയിരു ത്തിയതിന് ശേഷം പ്രത്യേക വർക്കിംഗ് ഗ്രൂപ്പിലോ/വർക്കിംഗ് ഗ്രൂപ്പിലോ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മൂലധനം വർദ്ധിപ്പിക്കുന്നതിനോ, ആധുനികവത്കരണത്തിനോ, വൈവിധ്യവൽക്കരണത്തിനോ, പുനരുദ്ധാരണത്തിനോ 2016-17-ലെ പദ്ധതി വിഹിതം വിനിയോ ഗിക്കാവുന്നതാണ്.

| ക്രമ നമ്പർ | ലക്ഷ്യവും കമ്പനികളും | തുക വകയി രുത്തിയിരിക്കുന്നത് ലക്ഷത്തിൽ |
|---|---|---|
| (1) | (2) | (3) |
| (എ) | പോസിറ്റീവ് നെറ്റ് വർത്തുള്ള സ്റ്റാറ്റുട്ടറി ആഡിറ്റിൽ ബാക്ക് ലോഗ് ഇല്ലാത്ത, അസാധാരണ വരുമാനമോ ചെലവുകളോ ഇല്ലാത്ത ലാഭകരമായ ഉൽപ്പാദന പൊതു മേഖതാ സ്ഥാപനങ്ങൽക്കുമുള്ള സഹായം | |
| 1. | മലബാർ സിമന്റ്സ് ലിമിറ്റഡ് (സിമന്റും അനുബന്ധ സാമഗ്രികളും നിർമ്മിക്കുന്ന സി. പി. റ്റി.-യിലെ പുതിയ യൂണിറ്റിനും പൂച്ചാക്കലിലുള്ള യൂണിറ്റ് ചേർത്തല എസ്.എഫ് യു.-വിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള ധന സഹായം | 1000.00 |
| 2. | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 1000.00 |
| | ആകെ (എ) | 2000.00 |
| (ബി) | പൊതുമേഖലാസ്ഥാപനങ്ങളുടെ ശേഷി വികസനത്തിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇ-സഹായക സാങ്കേതി കതയ്ക്കും, മാനേജ്മെന്റ് പരിപാടികൾക്കും | 250.00 |
| (സി) | പ്രവർത്തന ശേഷിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം | |
| 1. | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് (എക്സ് പി എൻ.ഇ. കേബിൾ ഉൽപ്പാദന ത്തിന് ഡ്രൈ ക്യൂവർ സാങ്കേതികത നടപ്പാക്കുന്നതിന്) | 600.00 |
| 2. | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടി കൽസ് (നോൺ ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിന്) | 475.00 |
| 3. | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (മാമല യൂണിറ്റിലെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ പ്രൊഡക്ഷൻ സൗകര്യം ആധുനിക വൽക്കരിക്കുക) | 450.00 |
| 4. | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (സൾഫ്യൂരിക് ആസിഡ് പ്ലാന്റ് ആധുനിക വൽക്കരണം) | 500.00 |
| 5. | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർ ജിംഗ്സ് ലിമിറ്റഡ് (ചെലവ് ചുരുക്കലിന്റെ ഭാഗമായി ഹീറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപി ക്കുന്നതിന്) | 450.00 |

| (1) | (2) | (3) |
|---|---|---|
| 6. | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (അലൂമിനിയം ഇലക്ട്രോളയ്റ്റിക് കപ്പാസിറ്ററുകളുടേയും മോട്ടോർ റൺ കപ്പാസിറ്ററുകളുടേയും ഉൽപ്പാദന സൗക ര്യങ്ങൾ നവീകരിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും) | 500.00 |
| 7. | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 1500.00 |
| | ആകെ (സി) | 4475.00 |
| (ഡി) | പ്രവർത്തന സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പി ക്കുന്നതിന് | |
| (എ) | ആധുനിക വൽക്കരണത്തിന് 50 ശതമാനം മാർജിൻ മണി | 1875.00 |
| (ബി) | പ്രവർത്തന മൂലധനത്തിന് 30 ശതമാനം മാർജിൻ മണി | 1400.00 |
| | ആകെ (ഡി) | 3275.00 |
| | ആകെ മൊത്തം | 10000.00 |

7. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി. പി. ഇ.)

(വിഹിതം 40.00 ലക്ഷം രൂപ)

പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ ഭരണസിരാ കേന്ദ്രമായി പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പൊതുമേഖലാ സ്ഥാപനങ്ങളുടെ നയരൂപീകരണത്തിനും, നിക്ഷേപക തീരുമാനങ്ങളിലും തൊഴിൽ നിർവ്വഹണത്തിനും സർക്കാരിനെ സഹായിക്കുന്നു. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മാനേജ്മെന്റ് ട്രെയിനിങ്ങിനുമായി 2016-17 വർഷത്തേക്ക് 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6.3 ഖനനം

2016-17 വർഷത്തിൽ ധാതുകൾക്കായി 84 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

1. ധാതു പര്യവേഷണം

(വിഹിതം: 56.00 ലക്ഷം രൂപ)

| *ക്രമ നമ്പർ* | *പ്രവർത്തനം* | *തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1. | കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ബോക്സൈറ്റ്/അലുമിനിയം, ലാറ്ററൈറ്റ്, ചൈനക്ലെ എന്നിവ കണ്ടെത്തുന്നതിന് വിശദമായ പര്യവേഷണം | 56.00 |
| 2. | വാളയാർ പാലക്കാട് ജില്ലകളിൽ ചുണ്ണാമ്പുകല്ല് കണ്ടെത്തുന്നതിനുള്ള പര്യവേഷണം | |
| 3. | കൊല്ലം ജില്ലയിലെ പേരയം താലൂക്കിൽ കുമ്പളം, കോട്ടപ്പുറം മേഖലകളിൽ ചൈനക്ലെ പര്യവേഷണം | |
| 4. | സംസ്ഥാനത്ത് ഇഷ്ടിക/ഓട് നിർമ്മാണത്തിനുള്ള കളിമണ്ണ് ലഭ്യമായ സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നതിനുള്ള സർവ്വേ | |
| 5. | മൈനർ മിനറൽ ക്വാറി മാപ്പിങ്ങിനും ശേഖരിച്ച വിവരങ്ങൾ സമകാലീനമാക്കുന്നതിനും | |
| 6. | ഭൂപ്രകൃതി സർവ്വേ നടത്തി റിപ്പോർട്ട് അന്തിമമാക്കുന്നതിന് | |
| 7. | ഡ്രില്ലിംഗ് റിഗ്സിന് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് | |
| 8. | ഡ്രില്ലിംഗ് ക്യാമ്പിന് ടെന്റുകൾ വാങ്ങുന്നതിന് | |
| 9. | ഫീൽഡ് ഉപകരണങ്ങൾ വാങ്ങുന്നതിന് | |
| 10. | ആവശ്യാധിഷ്ഠിത പഠനത്തിനും മറ്റ് ശാസ്ത്ര സംഘടനകളുമായി ചേർന്ന് പഠനം നടത്തുന്നതിന് | |
| 11 | സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് യോഗം നടത്തുന്നതിനും മുൻകൂട്ടി കാണാൻ കഴിയാത്ത് മറ്റ് ചെലവുകൾക്കും. | |
| 12 | മിനറോളജി ആൻഡ് ജെം ടെസ്റ്റിംഗിന് ലബോറട്ടറിയിൽ വജ്രങ്ങളുടെ പരിശോധനയ്ക്കായി ഡയമണ്ട് ഷുവർ വാങ്ങുന്നതിന് | |

2. ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിന്

(വിഹിതം: 7.50 ലക്ഷം രൂപ)

കെമിക്കൽ ലബോറട്ടറി, മിനറോളജി ആൻഡ് ജെം ടെസ്റ്റിംഗ് ലബോറട്ടറി, ജി. ഐ. എസ്. ലബോറട്ടറി എന്നിങ്ങനെ 3 ലബോറട്ടറികൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുണ്ട്. ധാതു ഖനന പദ്ധതികൾക്ക് ഈ മൂന്ന് ലബോറട്ടറികളും സഹായിക്കുന്നു. പാറകളുടെയും ധാതുക്കളുടേയും രാസപരിശോധന കെമിക്കൽ ലബോറട്ടറിയിലാണ് നടക്കുന്നത്. പൊതുജനങ്ങൾക്കും മറ്റ് ശാസ്ത്ര സമൂഹത്തിനും ഈ ലാബിന്റെ സേവനം ലഭ്യമാണ്. മിനറോളജി ആൻഡ് ജെം ടെസ്റ്റിംഗ് ലാബിൽ പാറകളിലെ ധാതുക്കളെക്കുറിച്ച് പഠനം നടത്തുകയും രത്നകല്ലുകളുടെ പരിശോധനയും നടത്തുന്നു. സ്ഥല സംബന്ധമായ വിവരങ്ങൾ ജി.ഐ.എസ്-ലൂടെ വിശകലനം നടത്തി ഖനന പ്രവർത്തനങ്ങളെ സഹായിക്കാൻ ജി.ഐ.എസ്. ലാബിന് കഴിയും 2016-17 വർഷത്തിൽ മൈക്രോവേവ് ഡൈജഷൻ സിസ്റ്റം വാങ്ങുന്നതിനായി 7.50 ലക്ഷം രൂപ ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

3. ജീവനക്കാർക്കുള്ള പരിശീലനം (മാനവശേഷി വികസനം)

(വിഹിതം: 6.00 ലക്ഷം രൂപ)

ഭൗമശാസ്ത്രം, ഖനനം, പരിസ്ഥിതി വിഷയങ്ങൾ, ജി. ഐ. എസ്., ഇ-ഗവേണൻസ് തുടങ്ങിയ മേഖലകളിൽ സാങ്കേതിക കഴിവ് വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക ഭരണ വിഭാഗങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു. 2016-17 വർഷത്തിൽ യോഗങ്ങളും, വർക്ക്ഷോപ്പുകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള ചെലവിലേയ്ക്കായി 6.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും ശക്തിപ്പെടുത്തുന്നതിന്

(വിഹിതം: 9.00 ലക്ഷം രൂപ)

സബ്ജക്റ്റ് കമ്മിറ്റിയും, പരിസ്ഥിതി ലെജിസ്ലേറ്റീവ് കമ്മിറ്റിയും 1998-ൽ മൈനിംഗ് ആൻറ ജിയോളജി വകുപ്പിന് താലൂക്ക് തലത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ശുപാർശ നൽകിയിരുന്നു. 2016-17 വർഷത്തിൽ നിലവിലുള്ള ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും ശക്തിപ്പെടുത്തുന്നതിന് 9.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന്

(വിഹിതം: 5.50 ലക്ഷം രൂപ)

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസ് കോംപാസ് എന്ന ഇ-ഗവേണൻസ് പദ്ധതി വകുപ്പ് നിലവിൽ നടപ്പാക്കി വരുന്നു. ഇതുലൂടെ പൊതുജനത്തിന് ഇലക്ട്രോണിക് സേവനങ്ങൾ ലഭ്യമാക്കുന്നു. സോഫ്റ്റ് വെയർ മോഡ്യൂളുകൾ വികസിപ്പിക്കുന്നതിനും സോഫ്റ്റ് വെയർ കാര്യക്ഷമമാക്കുന്നതിനും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി 2016-17 വർഷത്തിൽ 5.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 6.4. വിവരസാങ്കേതികവിദ്യയും ഇ-ഗവേണൻസും

അന്താരാഷ്ട്ര നിലവാരത്തിൽ അറിവിലധിഷ്ഠിതമായ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും, ഇ-ഗവേണൻസിലെ കേന്ദ്ര പശ്ചാത്തല സൗര്യങ്ങൾ നിർമ്മിക്കുവാനും, കണ്ടുപിടിത്തങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുമാണ് ഈ മേഖലയിലെ പദ്ധതികൾ ലക്ഷ്യമിടുന്നത്. കെ. എസ്. ഐ. റ്റി.എം., ഐ.ഐ.ഐ.റ്റി.എം.കെ., ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കെ.എസ്.ഐ.റ്റി.ഐ.എൽ., റ്റി.റ്റി.ബി.ഐ., ഐ.സി. ഫോസ്സ് എന്നിവയാണ് വിവര സാങ്കേതികവിദ്യയുടെ കീഴിൽ വരുന്ന ഏജൻസികൾ. 2012-13 വർഷത്തിൽ ഈ മേഖലയ്ക്കായി 219.76 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 175.587 കോടി രൂപ ചെലവഴിച്ചു. 2013-14 വർഷത്തിൽ 232.58 കോടി രൂപയും 2014-15-ൽ 313.33 കോടി രൂപയും വകയിരുത്തിയിരുന്നു. 2015-16-ലെ ആകെ പദ്ധതി വിഹിതം 374.57 കോടി രൂപയായിരുന്നു. 2016-17 വർഷത്തിൽ വിവര സാങ്കേതികവിദ്യ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയിരിക്കുന്നത് 482.87 കോടി രൂപയാണ്. അതിൽ 50.78 കോടി രൂപ സൈബർ പാർക്കിനും കെ.എസ്.ഐ.റ്റി.ഐ.എല്ലിനുമുള്ള നബാർഡ് സഹായവുമാണ്.

1. കേരള സംസ്ഥാന വിവര സാങ്കേതിക മിഷൻ (കെ. എസ്. ഐ. റ്റി. എം.)

(വിഹിതം : 9459.00 ലക്ഷം രൂപ)

സംസ്ഥാന സർക്കാരിന്റെ വിവര സാങ്കേതികവിദ്യാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ഭരണപരമായ സഹായം നൽകുന്ന ഒരു സ്വയംഭരണ നോഡൽ ഏജൻസിയാണ് കെ. എസ്. ഐ. റ്റി. എം. ഇ-ഗവേണൻസ്, മാനവശേഷിയുടെ വികസനം, പൊതു ജനങ്ങൾക്കും സർക്കാരിനുമിടയിൽ വിവരങ്ങൾ കൈമാറുക, സർക്കാരിനും വ്യവസായങ്ങളുടെയും സമ്പർക്കമുഖമായി പ്രവർത്തിക്കുക, സാങ്കേതിക/ഡിജിറ്റൽ വിടവ് നികത്തുക, നിക്ഷേപക സംവാദം നടത്തുക, ഭരണത്തിൽ വേഗതയും സുതാര്യതയും ഉറപ്പാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ കെ. എസ്.ഐ.റ്റി.എം. നടപ്പാക്കുന്നു. 2016-17 വർഷത്തൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 9459.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി 2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | ഇ-ഗവേണൻസ് സെന്റർ നിർമ്മിക്കുക | 600.00 |
| 2 | കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (സെർട്ട് കേരള) | 230.00 |
| 3 | സിറ്റിസൺ കാൾ സെന്റർ | 165.00 |
| 4 | ഡിപ്പാർട്ട്മെന്റ് വാൻ | 50.00 |
| 5 | ഇ-ഡിസ്ട്രിക്ട് | 135.00 |
| 6 | ഇ-ഗവൺമെന്റ് പ്രൊക്വയർമെന്റ് (ഇ. ജി. പി.) | 129.00 |
| 7 | ഐ. ടി. വർചൽ കേഡർ രൂപീകരിക്കുക | 50.00 |
| 8 | ഇ-ഓഫീസ് | 1000.00 |
| 9 | ഫ്രണ്ട്സ് | 1.00 |
| 10 | ഇൻഫർമേഷൻ ആന്റ് ഡാറ്റാ എക്സേഞ്ച് അഡ്വാൻസ് സിസ്റ്റം (ഐഡിയാസ്) | 33.00 |
| 11 | ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ മാനേജ്മെന്റ് സെൽ (ഐ.പി.എം.സി) | 75.00 |
| 12 | ഐ.പി.വി.-ൽ നിന്നും ഐ.പി.വി. 6 മൈഗ്രേഷൻ | 75.00 |
| 13 | കേരള ഇ-ഗവേണൻസ് അവാർഡ്സ് | 10.00 |
| 14 | കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ.) | 64.00 |
| 15 | കേരള സ്റ്റേറ്റ് വൈഡ് ഏര്യ നെറ്റ് വർക്കിന്റെ (കെ.എസ്.വാൻ) പുനരുജ്ജീവനം | 3550.00 |
| 16 | മൊബൈൽ ഗവേണൻസ് | 345.00 |
| 17 | പ്രമോഷണൽ ക്യാംപെയിൻ | 100.00 |
| 18 | ഇ-ഗവേണൻസ് പ്രോജക്ടുകൾക്ക് പി. ജി. ഡിപ്ളോമ | 12.00 |
| 19 | സെക്രട്ടേറിയറ്റ് റെക്കോർഡ് ഡിജിറ്റൈസേഷൻ | 56.00 |
| 20 | സെക്രട്ടേറിയറ്റ് വൈഡ് ഏര്യാ നെറ്റ്വർക്ക് (സെക് വാൻ) | 800.00 |
| 21 | സർവ്വീസ് പ്ളസ് | 10.00 |
| 22 | സ്പാർക്ക് | 349.00 |
| 23 | കോബാങ്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ (പഴയത്) | 1490.00 |
| 24 | വീഡിയോ കോൺഫറൻസിങ്ങ് | 100.00 |
| **പുതിയ പദ്ധതികൾ** | | |
| 25 | വിവര സാങ്കേതിക സാക്ഷരതാ പദ്ധതി<br>വിദ്യാർത്ഥി പോലീസ് കേഡറ്റുകളിലൂടെ ജനങ്ങൾക്ക് വിവര സാങ്കേതിക സാക്ഷരത നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ വിദ്യാർത്ഥി പോലീസ് കേഡറ്റ് വിംഗ് തിരഞ്ഞെടുക്കുന്ന 10 സ്കൂളുകളിലെ വിദ്യാർത്ഥി പോലീസ് കേഡറ്റുകൾക്ക് കെ.എസ്.ഐ.റ്റി.എം. 100 ടാബ്ലെറ്റുകൾ വിതരണം ചെയ്യും. കെ. എസ്. ഐ. റ്റി. എം. വികസിപ്പിച്ച ആൻഡ്രോയിഡ് അടിസ്ഥാനമായ വിവര സാങ്കേതിക സാക്ഷരത സോഫ്റ്റ്‌വെയർ ഘടിപ്പിച്ച ഈ ടാബ്ലെറ്റുകളിൽ വിദ്യാർത്ഥി പോലീസ് കേഡറ്റുകൾക്ക് കെ. എസ്. ഐ.റ്റി.എം. തന്നെ പരിശീലനം നൽകുന്നു. ഈ വിദ്യാർത്ഥി പോലീസ് കേഡറ്റുകൾ ഈ ടാബ്ലെറ്റുകൾ ഉപയോഗിച്ച് പൗരൻമാരെ പഠിപ്പിക്കുകയും 100 പൗരൻമാരെ സാക്ഷരരാക്കിയതിന് ശേഷം ടാബ്ലെറ്റുകൾ എസ്.പി.സി. സ്കൂളുകൾക്ക് കൈമാറും. അക്ഷയയിലൂടെ നടപ്പാക്കുന്ന ഇ-സാക്ഷരത പദ്ധതികളിലെ ചെലവഴിക്കാത്ത തുക ജില്ലകളിലെ അക്കൗണ്ടിൽ നിന്നും ശേഖരിച്ച് ഈ പദ്ധതി നടപ്പാക്കുന്നതിന് 2016-17-ൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമേ ഉപയോഗിക്കാവുന്നതാണ്. | 25.00 |

26 പബ്ലിക് വൈഫൈ പദ്ധതി

| | | |
|---|---|---|
| | ഡിജിറ്റൽ കേരളയുടെ ഭാഗമായി കേരളത്തെ മൊത്തത്തിൽ വിവര സാങ്കേതിക മേഖലയാക്കുന്നതിനും ഡിജിറ്റൽ കാലഘട്ടത്തിന്റെ ഭാഗമാക്കുന്നതിനും വേണ്ടി കേരള സർക്കാർ പബ്ലിക് വൈഫൈ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സ്മാർട്ട് ഫോൺ/ടാബ്ലെറ്റ്/ലാപ്ടോപ്പ് എന്നിവ ഉപയോഗിക്കുന്ന പൗരൻമാർക്ക് ഒരു നിശ്ചിത സമയത്തേക്ക് സൗജന്യമായി ഇന്റർനെറ്റ് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനമാണ് പബ്ലിക് വൈഫൈ. ഈ വൈ ഫൈ നെറ്റ് വർക്കിലൂടെ മൊബൈൽ, ലാപ്ടോപ്പ്, ടാബ്ലെറ്റ് എന്നിവ ഉപയോഗിക്കുന്നവർക്ക് വെബ് പേജുകൾ സന്ദർശിക്കാനും ഇ-മെയിൽ, ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കാനും സാധിക്കും. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ചെലവുകൾക്കായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. | 5.00 |
| | ആകെ | 9459.00 |

2. അക്ഷയ പദ്ധതി

(വിഹിതം: 300.00 ലക്ഷം രൂപ)

സംസ്ഥാനത്തുടനീളം അക്ഷയ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നത് കേരള സംസ്ഥാന ഐ.റ്റി. മിഷനാണ്. വിവര സാങ്കേതികവിദ്യയിലെ വിടവ് നികത്തി സാധാരണക്കാർക്ക് വിവര സാങ്കേതികവിദ്യ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നിലവിൽ ഓരോ പഞ്ചായത്തിലും 2 കേന്ദ്രങ്ങൾ വീതം 14 ജില്ലകളിലായി 2000-ത്തോളം അക്ഷയ ഇ-കേന്ദ്രങ്ങളുണ്ട്. ഈ അക്ഷയ കേന്ദ്രങ്ങളിലൂടെ ജനങ്ങൾക്ക് വിവിധ സേവനങ്ങൾ നൽകിവരുന്നു. 2016-17 വർഷത്തിൽ അക്ഷയ പദ്ധതിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. ദേശീയ ഇ-ഗവേണൻസ് ആക്ഷൻ പദ്ധതി (എൻ.ഇ.ജി.എ.പി.)

(വിഹിതം: 3615.00 ലക്ഷം രൂപ)

ദേശീയ ഇ-ഗവേണൻസ് ആക്ഷൻ പദ്ധതിയിൽ 6 സ്കീമുകൾ ഉൾപ്പെടുന്നു-ഡാറ്റ് സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, സ്റ്റേറ്റ് വൈഡ് ഏര്യ നെറ്റ്‌വർക്ക്, ഇ-ഡിസ്ട്രിക്ട്, കോമൺ സർവ്വീസ് സെന്റർ, കപ്പാസിറ്റി ബിൽഡിംഗ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ സംസ്ഥാന വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *തുക വകയിരുത്തിയിരിക്കുന്നത് (തുക ലക്ഷത്തിൽ)* |
|---|---|---|
| 1 | കപ്പാസിറ്റി ബിൽഡിംഗ് | |
| 2 | കോമൺ സർവ്വീസ് സെന്റർ | |
| 3 | ഇ-ഡിസ്ട്രിക്ട് | 3615.00 |
| 4 | സ്റ്റേറ്റ് ഡാറ്റാ സെന്റർ | |
| 5 | സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ | |
| 6 | സ്റ്റേറ്റ് വൈഡ് ഏര്യ നെറ്റ്‌വർക്ക് | |

4. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഐ.റ്റി. സെൽ/ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന്റെ ആധുനികവൽക്കരണം

(വിഹിതം: 33.00 ലക്ഷം രൂപ)

സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ പരിശീലനം നൽകി വരുന്നു. 2014 മാർച്ച് മുതൽ സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് നടപ്പാക്കി വരുന്നതിനാൽ ഇ-ഗവണേൻസുമായി ബന്ധപ്പെട്ട പരിശീലനം അത്യന്താപേക്ഷിതമാണ്. 2016-17-ൽ എല്ലാ തലത്തിലുള്ള 1000 ജീവനക്കാർക്ക് പരിശീലനം നൽകാൻ ഐ.റ്റി. മിഷൻ ഉദ്ദേശിക്കുന്നു. കൂടാതെ മലയാളം യൂണികോഡിലും ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. മലയാളം യൂണീകോഡ് പരിശീലനത്തിനും ഇ-ഗവണേൻസ് പരിശീലനത്തിനുമായി 1000 ജീവനക്കാർക്കുവേണ്ടി 2016-17 വർഷത്തിൽ 33 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (ഐ.ഐ.ഐ.റ്റി.എം.കെ)

(വിഹിതം: 2050.00 ലക്ഷം രൂപ)

വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് മേഖലകളുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഉന്നത സ്ഥാപനമാണ് 2000-ൽ ആരംഭിച്ച ഐ.ഐ.ഐ.റ്റി.എം.കെ. പ്രായോഗിക വിവര സാങ്കേതികവിദ്യയിലും മാനേജ്മെന്റിലും അദ്ധ്യയനവും പരിശീലനവും ഗവേഷണവും നടത്തുന്ന ഒരു മികച്ച കേന്ദ്രമായി മാറുകയാണ് ഇതിന്റെ ലക്ഷ്യം. 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2050 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *വിഹിതം (തുക ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | ടെക്നോസിറ്റിയിൽ ഐ. ഐ. ഐ. റ്റി. എം.—കെ.-യ്ക്ക് എല്ലാ സൗകര്യങ്ങളുള്ള ക്യാമ്പസ് നിർമ്മാണം | 1650.00 |
| 2 | ലൈബ്രറി ആന്റ് ഇൻഫർമേഷൻ സർവ്വീസസ് | 50.00 |
| 3 | ഗവേഷണ പദ്ധതികൾക്കും ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ ആന്റ് മാനുഫാക്ചറിംഗിൽ (ഇ.എസ്.ഡി.എം.) ഉൾപ്പെടുന്ന പദ്ധതികളുടെ സംസ്ഥാന വിഹിതവും | 350.00 |
| | ആകെ | 2050.00 |

6. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐ.സി. ഫോസ്)

(വിഹിതം: 220.00 ലക്ഷം രൂപ)

ലോകത്ത് ആകമാനമുള്ള ഫ്രീ/ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകളും അതുമായി ബന്ധപ്പെട്ട മേഖലകളിലും ഉണ്ടാകുന്ന കണ്ടുപിടിത്തങ്ങളും മുന്നേറ്റങ്ങളും ഇന്ത്യയിലെയും കേരളത്തിലെയും ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസത്തിനും സർക്കാരിനും പ്രയോജനപ്പെടുത്താനും ആഗോള 'ഫോസ്' മൂവ്മെന്റിന്റെ ഭാഗമായി

സ്റ്റാർട്ട് അപ്പുകൾക്കും സംരംഭകർക്കും സഹായം നൽകുകയാണ് 2009-ൽ രജിസ്റ്റർ ചെയ്ത ഐ.സി. ഫോസിന്റെ ലക്ഷ്യം. 2016-17-ൽ താഴെ പറയുന്ന പദ്ധതികൾക്കായി 220 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *പ്രോഗ്രം* | *തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | പരിശീലന പരിപാടികൾ | 50.00 |
| 2 | കോൺഫറൻസ്/വർക്ക്ഷോപ്പ്, സെമിനാറുകൾ | 10.00 |
| 3 | ഗവേഷണ പരിപാടികൾ | 50.00 |
| 4 | ശേഷി വികസനം | 30.00 |
| 5 | മലയാളം കമ്പ്യൂട്ടിംഗ് ഐറ്റി മിഷന്റെ മേൽനോട്ടത്തിൽ | 50.00 |
| 6 | കോർപ്പറേറ്റ് സ്പോൺസേർഡ് പ്രോജക്ട് (സർക്കാർ വിഹിതം 1:1 അടിസ്ഥാനത്തിൽ) | 30.00 |
| | **ആകെ** | **220.00** |

7. <u>ടെക്നോപാർക്ക്</u>

(വിഹിതം: 7600.00 ലക്ഷം രൂപ)

കേരള സർക്കാരിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്-കേരള (ടെക്നോപാർക്ക്) രാജ്യത്തെ തന്നെ പ്രമുഖമായ ഐ. റ്റി. കേന്ദ്രമാണ്. നിലവിൽ ടെക്നോപാർക്കിലെ 365 കമ്പനികളിലായി 47000 യുവ ഐ.റ്റി./ഐ.റ്റി.ഇ.എസ്.-ജീവനക്കാരുണ്ട്. താഴെ പറയുന്ന പദ്ധതികൾക്കായി 2016-17 വർഷത്തിൽ 7600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഭരണ വകുപ്പ് അംഗീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ചും യോഗ്യമായ അധികാര കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സാങ്കേതിക അനുമതിക്കും വിധേയമായിട്ടായിരിക്കണം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി-2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതി* | *വിഹിതം (തുക ലക്ഷത്തിൽ)* |
|---|---|---|
| | <u>ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും</u> | 7600.00 |
| 1 | ശ്രീയ ബിൽഡിംഗ്—ഘട്ടം 1 | |
| 2 | വൈദ്യുതിക്കുള്ള അടിസ്ഥാന സൗകര്യം—ഘട്ടം ഒന്നും മൂന്നും | |
| 3 | ഘട്ടം മൂന്ന്—അനുബന്ധ റോഡുകൾ, പാലങ്ങൾ, ചാലുകൾ, ആഭ്യന്തര റോഡുകൾ | |
| 4 | ടെക്നോസിറ്റിയിലെ പുതിയ ഐ. ടി. കെട്ടിടം | |
| 5 | ടെക്നോസിറ്റിയിലെ വൈദ്യുതിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും | |

8. <u>ഇൻഫോപാർക്ക്:</u>

(വിഹിതം: 6161.00 ലക്ഷം രൂപ)

ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾക്ക് ആവശ്യമായ സ്ഥലം ജലവൈദ്യുത സംവിധാനങ്ങൾ തുടങ്ങിയവ ഒരുക്കുകയാണ് ഇൻഫോപാർക്കിന്റെ ലക്ഷ്യം. ഇൻഫോപാർക്ക് കൊച്ചി ഒന്നാം ഘട്ടത്തിൽ 100 ഏക്കർ ക്യാമ്പസ്, രണ്ടാം ഘട്ടത്തിൽ 160 ഏക്കറിൽ പുരോഗമിക്കുന്ന പാർക്കുകൾ, തൃശ്ശൂർ കെ.എസ്.ഐ.റ്റി.ഐ.എൽ.-ൽ 30 ഏക്കർ, ചേർത്തല കെ.എസ്.ഐ.റ്റി.ഐ.എൽ.-ൽ 66 ഏക്കർ എന്നിവയുണ്ട്. താഴെ പറയുന്ന പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കെട്ടിട നിർമ്മാണത്തിനുമായി 6161 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു. ഭരണവകുപ്പ് അംഗീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ചും യോഗ്യമായ അധികാര കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സാങ്കേതിക അനുമതിക്കും വിധേയമായിട്ടായിരിക്കണം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി-2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതി* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| | **ഇൻഫോപാർക്ക് കൊച്ചി ഘട്ടം I അടിസ്ഥാന സൗകര്യ വികസനം** | |
| 1 | ആഭ്യന്തര റോഡുകൾ ഉപരിതലം ലെവൽ ചെയ്ത് നിരപ്പാക്കുന്നതിനും | |
| 2 | അതുല്യയിലെയും വിസ്മയയിലെയും ഗസ്റ്റ് ഹൗസുകളിലെ മുഖപ്പ് മാറ്റുന്നതിനും രൂപഭേദം വരുത്തുന്നതിനും | |
| 3 | മലിനീകരണ നിയന്ത്രണ നിയമങ്ങൾക്കനുസരിച്ച് എസ്.റ്റി.പി. പ്ലാന്റിന്റെ പുനരുദ്ധാരണം | |
| | **ഇൻഫോപാർക്ക് കൊച്ചി ഘട്ടം II—അടിസ്ഥാന സൗകര്യ വികസനം** | |
| 4 | റോഡ് പണി/ചുറ്റുമതിൽ (പച്ചപ്പ് ഉൾപ്പെടെ ഉള്ള അടിസ്ഥാന സൗകര്യങ്ങൾ) | |
| 5 | ഘട്ടം II ഐ.ടി. കെട്ടിടത്തിലെ ഓപ്പൺ കാർപാർക്ക്/ബഹുനില പാർക്കിംഗ് സൗകര്യം | |
| 6 | ഐ.ടി. കെട്ടിടം (4 ലക്ഷം ചതുരശ്ര അടി) | |
| | (എ) സിവിൽ സ്ട്രക്ചർ മുഖപ്പ് | |
| | (ബി) എംഇ.പി. സേവനം | 6161.00 |
| | **ഇൻഫോ പാർക്ക്, തൃശ്ശൂർ—പശ്ചാത്തല സൗകര്യ വികസനം** | |
| 7 | പുതിയ ഐ. ടി. കെട്ടിടം 3.3 ലക്ഷം ചതുരശ്ര അടി ഘട്ടം II | |
| 8 | പുതിയ ഐ.ടി. കെട്ടിടത്തിന്റെ ആഡിറ്റോറിയം | |

9. സൈബർ പാർക്ക്:

(വിഹിതം: 2568.00 ലക്ഷം രൂപ)

മലബാർ മേഖലയുടെ വികസനത്തിന് ഉൾപ്രേരകമായി പ്രവർത്തിക്കുന്നതിന് ഐ.റ്റി./ഐ.റ്റി.ഇ. എസ്.-നിക്ഷേപകർക്ക് ആവശ്യമായ ഉന്നതമായ അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ ചെലവിലും സൗഹൃദപരമായി ലഭ്യമാക്കുകയാണ് സൈബർപാർക്കിന്റെ ലക്ഷ്യം. 2016-17 വർഷത്തേക്ക് താഴെ പറയുന്ന പദ്ധതികൾക്കായി 2568.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിൽ 1468 ലക്ഷം രൂപ നബാർഡ് സഹായമാണ്. ഭരണവകുപ്പ് അംഗീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ചും യോഗ്യമായ അധികാര കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സാങ്കേതിക അനുമതിക്കും വിധേയമായിട്ടായിരിക്കണം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി-2030-വുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | സൈബർ പാർക്കിന്റെ ഏകീകൃത പശ്ചാത്തല സൗകര്യ വികസനം—ഐ. ടി. കെട്ടിടവും അനുബന്ധ സൗകര്യങ്ങളും | |
| | 1. ഐ. റ്റി. കെട്ടിടം—എസ്.ബി.സി. യുടെ ഉൾഭാഗത്തെ പണികൾ പ്ലഗ് ആന്റ് പ്ലേ ഏര്യ—ഒന്നാമത്തെയും രണ്ടാമത്തെയും നിലകൾ—ഭാഗികമായി | |
| | 2. സൗരോർജ്ജ മേൽക്കൂര—1900 ചതുരശ്ര അടി—468 മെഗാവാട്ട് അവർ/വർഷത്തിൽ | |
| | 3. പദ്ധതി ചെലവും ബിസിനസ്സ് പ്രമോഷനും | |
| | 4. അപ്പർ ബേസ്മെന്റിന്റെ ഐ. റ്റി. സ്ഥലമായി മാറ്റുക | 1100.00 |
| | 5. ഐ.റ്റി കെട്ടിടത്തിനുള്ള ജല വിതരണം | |
| | നബാർഡ് സഹായം | |
| | 6. എം.ഇ.പി. പ്രവർത്തനങ്ങൾ (എച്ച്.വി. എ.സി. പ്ലംബിംഗ്, ബി.എം.എസ്, ഇലക്ട്രിക്കൽ) | |
| | 7. ഐ. ടി. കെട്ടിടത്തിന്റെ നിർമ്മാണം ബാക്കി പണികൾ | 1468.00 |
| | 8. ലിഫ്റ്റ് പണികൾ | |
| | ആകെ | 2658.00 |

10. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൻ.)

(വിഹിതം: 5780.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ഐ. റ്റി./ഐ. റ്റി. ഇ. എസ്.-കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. (കെ. എസ്. ഐ. റ്റി. ഐ. എൽ.) ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡുകൾ എന്നിവ നിർമ്മിച്ച് ഭൂമിയുടെ മൂല്യം വർദ്ധിപ്പിക്കുക, പ്രത്യേക മേഖലാ പദവി നേടിയെടുക്കുക തുടങ്ങിയ സർക്കാർ അംഗീകാരം ആവശ്യമായ നടപടികൾ നടപ്പാക്കുന്നതിനൊടൊപ്പം ഐ. റ്റി. പാർക്കുകളും ഐ.റ്റി. സെസുകളും വികസിപ്പിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് ഭൂമി ലഭ്യമാക്കുക എന്നിവയാണ് കെ.എസ്.ഐ.ടി.ഐ.എല്ലിന്റെ ലക്ഷ്യം. 2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 5780 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിൽ 3610 ലക്ഷം രൂപ നബാർഡ് സഹായമാണ്. ഭരണ വകുപ്പ് അഗീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ചായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങളും/ഘടകങ്ങളും കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| | **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ. എൽ.)** | |
| 1 | കോഴിക്കോട് ഐ.റ്റി. പാർക്ക് | 1770.00 |
| 2 | കണ്ണൂർ ഐ.റ്റി പാർക്ക് (നബാർഡ് സഹായം) | 1835.00 |
| 3 | കാസർഗോഡ് ഐ. റ്റി. പാർക്ക് (നബാർഡ് സഹായം) | 1775.00 |
| 4 | കൊരട്ടി ഐ.റ്റി പാർക്ക് | 200.00 |
| 5 | ബിസിനസ്സ് പ്രമോഷൻ | 100.00 |
| 6 | ആർ.ഐ.റ്റി.ഇ.എൽ. (റൂറൽ ഐ.റ്റി. ഐ.റ്റി.ഇ..എസും ഇലക്ട്രണിക് പാർക്കും) മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ (പുതിയ പദ്ധതി) | 100.00 |
| | **ആകെ** | **5780.00** |

11. ഐ.ഐ.ഐ.റ്റി - കെ - പാല

(വിഹിതം: ₹ 500.00 ലക്ഷം)

വിവര സാങ്കേതികവിദ്യയിലും അനുബന്ധ മേഖലയിലും ഗവേഷണങ്ങൾ നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനും നയിക്കുന്നതിനും വേണ്ടി കേരള സർക്കാർ കോട്ടയത്ത് ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി - കേരള, പാല. കേന്ദ്ര സർക്കാർ/സ്വകാര്യ പങ്കാളിത്ത നിക്ഷേപങ്ങളിൽ, മാച്ചിംഗ് ഫണ്ടായി 2016-17 വർഷത്തിൽ 500 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരിക്കുന്നു.

12. നോളജ് സിറ്റി

(വിഹിതം: ₹ 1.00 ലക്ഷം)

തിരുവനന്തപുരത്ത് നോളജ് സിറ്റി ആരംഭിക്കുക എന്നത് ഡോ. സാം പിത്രോദയുടെ പത്ത് നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു. ബൗദ്ധിക സ്വത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ഗവേഷണ വികസനങ്ങൾ, ഹൈ എന്റ് അനലറ്റിക്സ്, ഉത്പന്നത്തിന്റെ രൂപകല്പന, ആരോഗ്യ സംരക്ഷണം, ഔഷധങ്ങൾ. ഇലക്ട്രാണിക്, ജൈവ സാങ്കേതികത എന്നീ വിജ്ഞാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്

ഇതിലൂടെ ലക്ഷ്യമിടുന്നത്. ടെക്നോപാർക്കിന്റെ കീഴിലുള്ള പള്ളിപ്പുറം ടെക്നോസിറ്റിയിൽ ഐ.റ്റി വകുപ്പ് 100 മുതൽ 150 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. 2016-17 വർഷത്തേക്ക് കരുതൽ ധനമായി ഒരു ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. ടെക്നോളജി ഇന്നവേഷൻ സോൺ, കൊച്ചി

(വിഹിതം : ₹ 6000.00 ലക്ഷം )

കേരളത്തിലെ യുവതലമുറയിലെ ബിരുദധാരികളുടെ മനോഭാവത്തിലുണ്ടായ മാറ്റത്തിന് ശക്തി പകരുന്നതിന് സംസ്ഥാന സർക്കാർ ഇൻകുബേഷനിൽ ഒരു പുതിയ പരിസ്ഥിതി സൃഷ്ടിക്കാൻ കളമശ്ശേരിയിൽ കിൻഫ്ര ഹൈടെക്പാർക്കിൽ ടെക്നോളജി ഇന്നവേഷൻ സോൺ ആരംഭിച്ചു. പല മേഖലകളിലെ ഇൻകുബേറ്ററുകൾ ഒരു കുടക്കീഴിലാക്കി പശ്ചാത്തല സൗകര്യവും അറിവും മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നു. ടെക്നോളജി ഇന്നവേഷൻ സോണിന്റെ ചുമതല ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്ററിനാണ്. (റ്റി. റ്റി. ബി. ഐ.) താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തേക്ക് ₹ 6000 ലക്ഷം വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ* | *വിഹിതം (തുക ലക്ഷത്തിൽ)* |
|---|---|---|
| 1 | ടെക്നോളജി ഇന്നവേഷൻ സോൺ | |
| | സ്മാർട്ട് അപ്പ് പരിസ്ഥിതി വികസിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കറിൽ ടെക്നോളജി ഇന്നവേഷൻ സോൺ ആരംഭിച്ചു. ഇവിടെ സ്റ്റാർട്ട് അപ്പുകൾക്കുള്ള പരിസ്ഥിതി സംയുക്തമാക്കാൻ വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നു. | 5000.00 |
| 2. | ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് | |
| | ഇൻകുബേറ്ററുകളുടെ ആതിഥേയ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഗ്യാപ് ഫിനാൻസിംഗ് കണ്ടെത്തുന്നതിന് | 1000.00 |
| | **ആകെ** | **6000.00** |

14. യുവജന സംരംഭകത്വ വികസന പരിപാടികൾ

(വിഹിതം : ₹ 4000.00 ലക്ഷം)

സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട പ്രധാന മേഖലയായി യുവജന സംരംഭകത്വ വികസനത്തിനെ സർക്കാർ തീരുമാനിച്ചു. താഴെപ്പറയുന്ന 9 പ്രധാന പരിപാടികൾക്കായി 4000 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു:

(എ) *റാപ്സ്ബെറി പൈ പ്രോഗ്രാം* :

2016-17 വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സി.ബി.എസ്.ഇ./ഐ.സി.എസ്.സി. അംഗീകാരമുള്ള എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളിലെ 1000 കുട്ടികൾക്ക് ലേൺ ടു കോഡ് പ്രോഗ്രാം നൽകുന്നതിനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 8-ാം ക്ലാസ്സിലെ കുട്ടികളെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്. റാപ്സ്ബെറി പ്രോഗ്രാമിനും മറ്റു വിദ്യാർത്ഥി പരിശീലന പരിപാടികളായ ആർഡിനോ, ഇന്റൽ, ഗലീലിയോ എന്നിവ 10000 കുട്ടികൾക്ക് നൽകുന്നതിന് 2016-17-ൽ 633 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) *സ്റ്റാർട്ട് അപ് ബോക്സ് ക്യാമ്പിയൻ* :

ഇച്ഛാശക്തിയുള്ള യുവസംരംഭകർക്ക് സ്വന്തം കമ്പനി തുടങ്ങുന്നതിനാവശ്യമായ എല്ലാം അടങ്ങിയ സ്റ്റാർട്ട് അപ്പ് ബോക്സുകൾ നൽകുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 2016-17-ൽ 50 സ്റ്റാർട്ട് അപ് ബോക്സുകൾ നൽകുക എന്നതാണ് സ്റ്റാർട്ട് അപ് ബോക്സ് ക്യംമ്പിയൻ ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ സ്റ്റാർട്ട് അപ് ബോക്സുകൾ കോളേജ് വിദ്യാർത്ഥികൾക്ക്/സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) *സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാംമ്പ്* :

സംസ്ഥാനത്ത് സുസ്ഥിരമായ സംരംഭക പരിസ്ഥിതി സൃഷ്ടിക്കുന്നതിൽ വിദ്യാർത്ഥി സമൂഹത്തിന്റെ നേരിട്ടുള്ള പങ്ക് ഉറപ്പാക്കുകയാണ് സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പിന്റെ ലക്ഷ്യം. ലാഭേച്ഛയില്ലാത്ത ഒരു സംഘടന എന്ന രീതിയിലായിരിക്കും ബൂട്ട് ക്യാമ്പ് പ്രവർത്തിക്കുന്നത്. ബൂട്ട് ക്യാമ്പിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾക്കും ബൂട്ട് ക്യാമ്പിലെ വിദ്യാർത്ഥികൾ തന്നെയായിരിക്കും. നിലവിലുള്ള 30 കോളേജുകളിലും 50 പുതിയ കോളേജുകളിലും ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഐ. ഒ. റ്റി. 20 കോളേജുകളിൽ നിലവിലുള്ള സംവിധാനങ്ങൾ വിലയിരുത്തി പുതിയ ഐ.ഒ.റ്റി. ലാബുകൾ സ്ഥാപിക്കുന്നതിനുമായി 2016-17 വർഷത്തിൽ 200 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

(ഡി) *സ്കൂളുകളിലേക്കും കോളേജുകളിലേക്കുമുള്ള ഗ്രാസ്റൂട്ട് പ്രോഗ്രാമുകൾ* :

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് വേണ്ടി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് അതിലൂടെ മാനേജ്മെന്റ്, സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിൽ അടിസ്ഥാനപരമായ അറിവ് നൽകുക എന്നതാണ് അതിലൂടെ ലക്ഷ്യമിടുന്നത്. കോളേജ് വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ്, ഫിനാൻസ്, മറ്റ് മേഖലകൾ എന്നിവയിൽ പ്രമുഖ വ്യക്തികളെയും വിദ്യഭ്യാസ വിചക്ഷണരേയും ഉപയോഗിച്ച് സെമിനാറുകൾ നടത്തുകയും അത് വീഡിയോ വിജ്ഞാന ലൈബ്രറി ആയി വികസിപ്പിച്ച് മൊത്തം വിദ്യാർത്ഥി സമൂഹത്തിനും ഉപകാരപ്രദമാകുന്ന രീതിയിൽ ആക്കുക എന്നതും ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. സ്റ്റാർട്ട് അപ്പ് ലീഡർഷിപ്പും പരിശീലന പരിപാടികളും തുടർന്നു പോകുന്നതിനായി 281 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഇ) *അന്താരാഷ്ട്ര സംരംഭകത്വ വിനിമയ പരിപാടികൾ*:

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും യുവസംരംഭകർക്കും അന്താരാഷ്ട്ര സ്റ്റാർട്ട് അപ് പരിസ്ഥിതിയുമായി പൊരുത്തപ്പെടാനും ലോകത്തെമ്പാടുമുള്ള സ്റ്റാർട്ട് അപ് പരിസ്ഥിതിയുമായി സഹകരിക്കാനും അവസരം നൽകുന്ന പദ്ധതികളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ അന്താരാഷ്ട്ര തലത്തിലുള്ള മറ്റ് സ്റ്റാർട്ട് അപ്പുകൾ സന്ദർശിക്കാനും അവയുമായി ബന്ധം സ്ഥാപിക്കാനുമായിട്ട് 86 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

(എഫ്) *ഫാബ്‌ലാബ് പ്രോഗ്രാം* :

പ്രിന്റഡ് ഇലക്ട്രോണിക്സിലും അത് പോലുള്ള മറ്റ് മേഖലകളിലും സ്റ്റാർട്ട് അപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഫാബ്രിക്കേഷൻ ലബോറട്ടറികളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തുടനീളമുള്ള കോളേജുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പരിഗണിച്ച് 100 മിനി ഫാബ് ലാബുകൾ ആരംഭിക്കുന്നതിന് 1100 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

(ജി) *എന്റർപ്രണർഷിപ്പ് ഡ്രൈവിംഗ് പ്രോഗ്രാം* :

ബിസിനസ്സ് ഇൻകുബേറ്ററിൽ ഇൻകുബേറ്റഡ് സ്റ്റാർട്ട് അപ്പുകളുടെ പരിശീലനവും വികസനവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. താഴെ പറയുന്ന ഘടകങ്ങൾക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു :

(എ) എന്റർപ്രണർ എക്സ്പോഷർ പ്രോഗ്രാം

(ബി) എന്റർപ്രണർഷിപ്പ് പ്രൊമോഷൻ

(സി) എന്റർപ്രണർഷിപ്പ് സീഡ് സപ്പോർട്ട് (ബിസിനസ്സ് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ—ഡി.എസ്.റ്റി, ഡി.ബി.റ്റി മറ്റ് കേന്ദ്ര സർക്കാർ വകുപ്പുകൾ അംഗീകരിച്ചവ)

(ഡി) പ്രവർത്തന ചെലവുകൾ

(എച്ച്) *പെർഫോർമൻസ് ലിങ്ക്ഡ് സ്കീം* :

സംസ്ഥാനത്തെ ഡി.എസ്.റ്റി. അംഗീകരിച്ച ഇൻകുബേറ്റുകളിൽ ഇൻകുബേറ്റ് ചെയ്യുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ആദ്യത്തെ രണ്ട് വർഷം 10000 രൂപ പ്രതിമാസം പോർഫോർമൻസ് ഇൻസെന്റീവ് ആയി നൽകുന്നു. 2016-17-ൽ 1000 സ്റ്റാർട്ട് അപ്പുകൾക്ക് വേണ്ടി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഐ) *പേറ്റന്റ് സപ്പോർട്ട് സ്കീം* :

വിദ്യാർത്ഥി സംരംഭകരിൽ പേറ്റന്റ് നേടാൻ കഴിവുള്ള കുട്ടികൾക്ക് സഹായം നൽകുകയും പോറന്റിന് അർഹമായ പദ്ധതിക്ക് വേണ്ടി ബാങ്കിൽ നിന്ന് ലഭ്യമാക്കിയിരിക്കുന്ന വായ്പയ്ക്ക് അഞ്ച് വർഷം പലിശ സബ്സിഡി നൽകുകയും വിദ്യാർത്ഥികളുടെ ബിരുദാനന്തര ബിരുദമോ ഗവേഷണമോ തുടരുന്നതിന് മൂന്ന് വർഷത്തേക്ക് വർഷന്തോറും 3 ലക്ഷം രൂപ വരെ വിദ്യഭ്യാസ സഹായം ലഭ്യമാക്കുന്നു. 2016-17 വർഷത്തേക്ക് ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# VII. ഗതാഗതവും വാർത്താവിനിമയവും

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് വികസിതമായ ഗതാഗത വാർത്താവിനിമയ വ്യവസ്ഥ അത്യന്താപേക്ഷിതമാണ്. നഗരങ്ങളും, ഗ്രാമങ്ങളും തമ്മിലുള്ള ബന്ധം സാമ്പത്തിക വളർച്ചയ്ക്കാവശ്യമായ ഒരു ഘടകമാണ്. ഗതാഗത മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് തുറമുഖങ്ങൾ, റോഡുകളും പാലങ്ങളും, റോഡ് ഗതാഗതം, ഉൾനാടൻ ജലഗതാഗതം, മറ്റ് ഗതാഗത സേവനങ്ങൾ എന്നീ അഞ്ച് പ്രധാന ശീർഷകങ്ങളിലായാണ്. ഈ മേഖലകൾക്ക് താഴെ പറയും പ്രകാരം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തൽ നടത്തിയിരിക്കുന്നു:

| *ക്രമ നമ്പർ* | *ഉപമേഖല* | *2016-17-ലെ വാർഷിക ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 7.1 | തുറമുഖങ്ങൾ | 12,601.00 |
| 7.2 | റോഡുകളും പാലങ്ങളും | 1,20,621.00 |
| 7.3 | റോഡ് ഗതാഗതം | 7,532.00 |
| 7.4 | ഉൾനാടൻ ജലഗതാഗതം | 15,734.00 |
| 7.5 | മറ്റ് ഗതാഗത സേവനങ്ങൾ | 10.00 |
| | **ആകെ** | **1,56,498.00** |

**7.1 തുറമുഖങ്ങൾ**

തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം എന്നീ ഏജൻസികളാണ് സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. 2015-16-ലെ വാർഷിക ബഡ്ജറ്റ് വിഹിതമായ 11929 ലക്ഷം രൂപയിൽ നിന്നും 5.6% വർദ്ധനവോടുകൂടി 12601 ലക്ഷം രൂപ തുറമുഖ വികസന പ്രവർത്തനങ്ങൾക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഈ അധിക തുക കപ്പൽ ഗതാഗതത്തിനുള്ള പശ്ചാത്തല വികസനം, കടൽത്തീര കപ്പൽ ഗതാഗത പ്രചാരം എന്നീ പദ്ധതികൾക്കായി വകയിരുത്തിരിക്കുന്നു.

ഭരണപരമായ സൗകര്യത്തിനും സുഗമമായ നടത്തിപ്പിനായും തുറമുഖ വകുപ്പിന്റെ പദ്ധതികളിൽ സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് 20-ൽ നിന്നും 10 പദ്ധതികളായി ചുരുക്കിയിരിക്കുന്നു. സാഗരമാല നബാർഡ് എന്നീ പദ്ധതികളും പ്രത്യേകമായി ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ തുറമുഖവിഭാഗത്തിന് താഴെ പറയും പ്രകാരം തുക വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *വകുപ്പ്* | *2016-17-ലെ വാർഷിക ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | തുറമുഖ വകുപ്പ് | 10,721.00 |
| 2 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 1,370.00 |
| 3 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം | 510.00 |
| | **ആകെ** | **12,601.00** |

1. മൺസൂണിന് മുൻപും പിൻപുമുള്ള മണ്ണു മാന്തലിന്റെ സർവ്വേ

(വിഹിതം: 90.00 ലക്ഷം രൂപ)

കേരളത്തിലെ ഇടത്തര-ചെറുകിട തുറമുഖങ്ങളിൽ മൺസൂണിന് മുൻപും പിൻപുമുള്ളതും മണ്ണുമാന്തലിന് മുൻപും പിൻപുമുള്ളതുമായ ഹൈഡ്രോഗ്രാഫിക് സർവ്വേകൾ തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്. കൂടാതെ ധാരാളം പ്രൈവറ്റ് സർവ്വേകളും വകുപ്പ് ഏറ്റെടുക്കുന്നു. ഈ സർവ്വേകൾക്ക് ആവശ്യമായ തുക ഈ ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്. ജലസേചന വകുപ്പ്, ടൂറിസം വകുപ്പ്, വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ജലഗതാഗത വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സർവ്വേ ആവശ്യങ്ങൾക്ക് വേണ്ട ചെലവുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ 90 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വേ ഉപകരണങ്ങളും വാങ്ങൽ

(വിഹിതം: 75.00 ലക്ഷം രൂപ)

മൾട്ടി ബീം, എക്കോ സൗണ്ടർ, ഹൈഡ്രോ ഗ്രാഫിക് സർവ്വേ സോഫ്റ്റ്‌വെയർ, സർവ്വേ ഉപകരണങ്ങൾ വാങ്ങൽ, ഓൺലൈൺ സർവ്വേ ഡേറ്റാ ട്രാൻസ്മിഷൻ സിസ്റ്റം നടപ്പാക്കൽ, സബ് ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. പണിശാലകളും ഭരണ സംവിധാനങ്ങളും മെച്ചപ്പെടുത്തൽ

(വിഹിതം: 200.00 ലക്ഷം രൂപ)

തുറമുഖത്തിന്റെ കീഴിൽ നീണ്ടകരയിലും ബേപ്പൂരിലുമായി രണ്ട് വർക്ക്ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഫ്ളോട്ടിംഗ്, ക്രാഫ്റ്റ്, ക്രയിനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറും മെയിന്റനൻസും ഇവിടെ ചെയ്തുപോരുന്നു. സ്റ്റോർ സാധനങ്ങൾ, സ്പെയർ പാർട്ട്സുകൾ, വർക്ക്ഷോപ്പിന് ആവശ്യമായ മറ്റ് സാധനങ്ങൾ വാങ്ങൽ, കൺസൾട്ടൻസി ചാർജ്ജും, റീച്ച് സ്റ്റാക്കർ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ് എന്നിവയ്ക്കുള്ള താൽക്കാലിക ഷെഡ് നിർമ്മാണം, കൊല്ലം, ബേപ്പൂർ വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയ്ക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. ചെറുകിട തുറമുഖങ്ങളുടെ വികസനം

(വിഹിതം: 1,000.00 ലക്ഷം രൂപ)

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, കാസർഗോഡ്, മഞ്ചേശ്വരം, ചെറുവത്തൂർ- II, നീലേശ്വരം എന്നീ ഒൻപത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി നിലവിലുള്ള പദ്ധതിയാണിത്. കൂടാതെ വലിയതുറ/ തിരുവനന്തപുരം, ആലപ്പുഴ തുറമുഖങ്ങളുടെ വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കായംകുളം തുറമുഖത്ത് റിവർ സീ ടെർമിനൽ നിർമ്മാണം, ആലപ്പുഴയിൽ ബീച്ച് മെറൈന, വലിയതുറ പോർട്ട് ശക്തിപ്പെടുത്തൽ, പശ്ചാത്തല വികസനത്തിനും, ക്യാപ്പിറ്റൽ മെയിന്റനൻസിനും ആവശ്യമായ മറ്റ് പ്രവർത്തികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിൽ ആലപ്പുഴ തുറമുഖത്തിന് 730 ലക്ഷം രൂപയും തിരുവനന്തപുരത്തിന് 145 ലക്ഷം രൂപയും മറ്റ് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് 125 ലക്ഷം രൂപയും എന്നിങ്ങനെ ഈ പദ്ധതിയ്ക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. സർവ്വേ വെസ്സലുകളുടെ നവീകരണം

(വിഹിതം: 125.00 ലക്ഷം രൂപ)

4 സർവ്വേ വെസ്സലുകൾ പരിപാലിക്കുകയും നവീകരിക്കുകയും ചെയ്യുക ഒരു പഴയ കപ്പൽ മാറ്റുക അഗ്നി സുരക്ഷാ ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും വാങ്ങുകയും പരിപാലിക്കുകയും ചെയ്യുക എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 125.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

6. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവത്ക്കരണം, ഗവേഷണം, വികസനം

(വിഹിതം: 1020.00 ലക്ഷം രൂപ)

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഇ-ഗവേണൻസ് വർക്ക് നടപ്പാക്കുക, കമ്പ്യൂട്ടർ വാങ്ങുക, അറ്റകുറ്റപ്പണി നടത്തുക, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മറ്റ് മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുക വിവിധ പ്രോജക്ട് പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിനാവശ്യമായ നൂതന സാങ്കേതികവിദ്യ സ്വീകരിച്ചുകൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുക, ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വിഴിഞ്ഞം ഗസ്റ്റ് ഹൗസ് നിർമ്മാണം, വിഴിഞ്ഞം ഇൻസ്പെക്ഷൻ ബംഗ്ലാവ് പുനരുദ്ധാരണം, കമലേശ്വരത്ത് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് കെട്ടിടം, കമലേശ്വരം ടൈപ്പ് III ക്വാർട്ടേഴ്സ്, കൊല്ലം ഇൻവെസ്റ്റിഗേഷൻ ഓഫീസ്, ആലപ്പുഴ ഡിവിഷൻ ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണം ഓഫീസ് ആധുനികവത്കരണം, മുനമ്പം ഡിവിഷൻ ഓഫീസ് സ്പെഷ്യൽ റിപ്പയർ, കോഴിക്കോട് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ സോയിൽ മെക്കാനിക്സ് ലബോറട്ടറി പുനരുദ്ധാരണം, പൊന്നാനി കോൺഫറൻസ് ഹാൾ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 1020.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ കപ്പൽ ഗതാഗത ടെർമിനൽ വികസനം

(വിഹിതം : 1.00 ലക്ഷം രൂപ)

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ കപ്പൽ ഗതാഗത ടെർമിനൽ പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് രീതിയിൽ വികസിപ്പിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2016-17-ൽ വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധനം "മേജർ ഇൻഫ്രാക്സ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്സ്" എന്ന ശീർഷകത്തിൽ നിന്നും ആവശ്യമനുസരിച്ച് പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

8. ഇരവിപുരം, പരവൂർ തീരദേശ റോഡ് (എച്ച്. ഇ. ഡി.)

(വിഹിതം : 300.00 ലക്ഷം രൂപ)

ഗ്രോയിൻസിന്റെ കുറവ് നികത്തൽ, റോഡ് പുനരുദ്ധാരണം, കടൽഭിത്തിയുടെ ഉയരംകൂട്ടൽ കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ തുകകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. കടൽത്തീര കപ്പൽ ഗതാഗത വികസനം

(വിഹിതം : 468.00 ലക്ഷം രൂപ)

കടൽമാർഗ്ഗം ചരക്കുകൾ തിരിച്ചുവിടുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2020-ഓടുകൂടി 20% ചരക്കുകൾ കടൽമാർഗ്ഗം ആക്കുകയാണ് ലക്ഷ്യം. 2015-ൽ ചരക്ക് ഗതാഗതത്തിനുവേണ്ടി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളേയും യാത്രയ്ക്കായി വലിയതുറ, ആലപ്പുഴ, തലശ്ശേരി, കാസർഗോഡ്, പൊന്നാനി എന്നീ തുറമുഖങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, ആകർഷകമായ പ്രോൽസാഹനം, സബ്സിഡി പദ്ധതികൾ, തീരദേശവാഹനങ്ങൾ നിർമ്മിക്കുവാനായി സാമ്പത്തിക സഹായം, തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി കരുതൽ ധനം സമാഹരിക്കുക, തീരദേശ ഗതാഗതത്തിനുള്ള കപ്പൽ വാടകയ്ക്കെടുക്കുക, വേഗത കൂടിയ കട്ടാമാരാനുകൾ സംഭരിക്കുക, പരിശോധനാ ബോട്ടുകൾ, കോസ്റ്റൽ ഷിപ്പ് മാനേജർമാരെയും പൈലറ്റുകൾക്കും കരാറടിസ്ഥാനത്തിൽ വേതനം, കൺസൾട്ടന്റുമാർക്കുള്ള ഫീസ്, ക്വാറന്റൈൻ സൗകര്യങ്ങൾ വിദേശഗമനത്തിനുള്ള സൗകര്യങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 468 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

10. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനുവേണ്ടി തിരുവനന്തപുരത്ത് ഓഫീസ് നിർമ്മാണം

(വിഹിതം: 100.00 ലക്ഷം രൂപ)

സിവിൽ ജോലികൾ പൂർത്തീകരണം, വൈദ്യുതീകരണം, പ്ലംബിംഗ്, പെയിന്റിംഗ്, ഓഫീസ് സജ്ജീകരണം, ചുറ്റുമതിൽ, ഗെയിറ്റ് മാലിന്യ സംസ്കരണ പ്ലാന്റ്, സോളാർ പാനൽ, വാഹന ഷെഡ്, ഭൂപ്രദേശം ഭംഗിയാക്കൽ, മറ്റ് അനുബന്ധ ജോലികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. കേരള ഇൻലാന്റ് വെസ്സൽസ് നിയമം —2010 നടപ്പിലാക്കൽ

(വിഹിതം: 600.00 ലക്ഷം രൂപ)

പി.പി.പി. മോഡലിൽ ആലപ്പുഴ, കുമരകം മറ്റ് തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ ഡ്രൈഡോക്ക് നിർമ്മാണത്തിനുള്ള സംസ്ഥാന വിഹിതം മാലിന്യ സംസ്കരണ പ്ലാന്റ്, കേരള ഇൻലാന്റ് വെസ്സൽസ് നിയമപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ ഈ പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. കേരളത്തിൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

(വിഹിതം: 20.00 ലക്ഷം രൂപ)

ഹൈഡ്രോഗ്രാഫിക് സർവ്വേയിൽ പരിശീലനം നൽകുന്നതിനായി കൊച്ചിയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിംഗിനുവേണ്ടി നോർത്ത് പരവൂരിൽ ആഫീസ് മന്ദിരം പണിയൽ

(വിഹിതം: 40.00 ലക്ഷം രൂപ)

സോളാർ പാനൽ സ്ഥാപിക്കൽ, ഓഫീസ് സജ്ജീകരണം, മാലിന്യ സംസ്കരണം, ഭൂപ്രദേശം ഭംഗിയാക്കൽ, വാഹന ഷെഡ് നിർമ്മാണം എന്നീ ഘടകങ്ങൾക്കായി 2016-17 വാർഷിക പദ്ധതിയിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. പുതിയാപ്പയിൽ ഒരു ഓഫീസ് കോംപ്ലക്സ് നിർമ്മാണം

(വിഹിതം: 50.00 ലക്ഷം രൂപ)

കോഴിക്കോട്, നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായി ഓഫീസ് കോപ്ലക്സ് സ്ഥാപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. സിവിൽ ജോലികൾ 85% പൂർത്തീകരിച്ചു. തുടർ പ്രവർത്തികളുടെ പൂർത്തീകരണത്തിനായി 2016-17 വാർഷിക പദ്ധതിയിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. കൊല്ലം ഓഫീസ് കെട്ടിടം വിസ്തൃതമാക്കൽ

(വിഹിതം: 60.00 ലക്ഷം രൂപ)

കൊല്ലം മറൈൻ സർവ്വേ ഓഫീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് പുനരുദ്ധാരണത്തിന് 30 ലക്ഷം രൂപയും നീണ്ടകര അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് പുനരുദ്ധാരണത്തിനും, ബോട്ട്യാർഡ് നിർമ്മാണത്തിനും 25 ലക്ഷം രൂപയും, ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസ് വാഹനഷെഡ് നിർമ്മാണത്തിന് 5 ലക്ഷം രൂപയും. അങ്ങനെ പ്രസ്തുത പദ്ധതിക്ക് ആകെ 60.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

16. നബാർഡ്

(വിഹിതം: 500.00 ലക്ഷം രൂപ)

നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണത്തിനായി നബാർഡ് ധനസഹായം ലഭ്യമാണ്. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ അഴീക്കൽ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ രണ്ട് വെയർഹൗസ് നിർമ്മാണത്തിനായുള്ള ഭരണാനുമതിയും ലഭിച്ചിരിക്കുന്നു.

കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണത്തിനായും വെയർഹൗസുകളുടെ നിർമ്മാണത്തിനുമായി 2016-17-ൽ ആർ.ഐ.ഡി.എഫ്. സഹായമായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

17. കേരള മാരിടൈം ബോർഡ്

(വിഹിതം: 1.00 ലക്ഷം രൂപ)

കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ ഭരണ നിയന്ത്രണത്തിന് വേണ്ടിയാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചിരിക്കുന്നത് ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തിനാൽ 2016-17-ൽ ഈ പദ്ധതിക്ക് നാമമാത്ര തുകയായ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പുതിയ പദ്ധതികൾ

18. പോർട്ട് വകുപ്പ് ഇ-ഭരണവും വൈദഗ്ദ്ധ്യ വികസനവും

(വിഹിതം: 300.00 ലക്ഷം രൂപ)

(1) മാരി ടൈം എഡ്യൂക്കേഷൻ, പരിശീലന പരിപാടികളും കപ്പാസിറ്റി ബിൽഡിംഗും, (2) ഇ-ഭരണ ആധുനികവത്കരണം (3) മാരിടൈം വികസനത്തിന്റെ പാരിസ്ഥിതിക ഫല വിശകലനവും (4) മാരിടൈം, വ്യവസായ/സേവന വികസനവും, (5) തീരദേശ സുരക്ഷിതത്വവും ഇന്ത്യൻ നേവി ആക്റ്റിലെ യുദ്ധ നിരീക്ഷണ പ്രവൃത്തികളും എന്നിങ്ങനെ നിലവിലുള്ള അഞ്ച് പദ്ധതികൾ സംയോജിപ്പിച്ച് ഒരു പുതിയ പദ്ധതിയാക്കിയിരിക്കുന്നു.

ശില്പശാലകളും കോൺഫറൻസുകളും സംഘടിപ്പിക്കുക, പ്രോജക്ട് പരിശീലന കോഴ്സുകൾക്ക് EIA പഠനം, പോർട്ട് നിയമാവലി പുതുക്കൽ, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം, ഫർണീച്ചർ, കമ്പ്യൂട്ടർ, മറ്റ് പഠന ഉപകരണങ്ങൾ വാങ്ങൽ, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ കപ്പൽ മോഡൽ സ്ഥാപിക്കുക, തെരഞ്ഞെടുക്കപ്പെട്ട പോർട്ടുകളിൽ CISF സെക്യൂരിറ്റി, കോഴ്സുകൾക്ക് അംഗീകാരവും, സർട്ടിഫിക്കേഷനും, പരസ്യ ചെലവുകളും ഉൾപ്പെടുത്തിയിരുക്കുന്നു. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സമാന സംസ്ഥാന വിഹിതം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

19. കപ്പൽ ഗതാഗതത്തിനായി പോർട്ട് പശ്ചാത്തല വികസനം

(വിഹിതം: 7650.00 ലക്ഷം രൂപ)

2010-ഓടുകൂടി ഒരു നിശ്ചിത യാത്രക്കാർ/ചരക്കുകൾ കടൽ മാർഗ്ഗം തിരിച്ചുവിടുക എന്ന ലക്ഷ്യത്തോടുകൂടി പോർട്ട് പശ്ചാത്തല വികസനമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സമാന സ്വഭാവമുള്ള തങ്കശ്ശേരി കാർഗോ ഹാർബർ, കൊടുങ്ങല്ലൂർ (മുനമ്പം), പൊന്നാനി, ബേപ്പൂർ/കോഴിക്കോട് അഴീക്കൽ/വിഴിഞ്ഞം കാർഗോ ഹാർബർ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി നിലവിലുള്ള പദ്ധതികൾ സംയോജിപ്പിച്ച് ഒരു പുതിയ ആവിഷ്കരിച്ചിരിക്കുന്നു പദ്ധതിയാക്കിയിരിക്കുന്നു. മണ്ണുമാന്തൽ ക്യാപ്പിറ്റൽ മെയിന്റനൻസും, അറ്റകുറ്റ പണികളും ഡ്രെഡ്ജർ, ക്രെയിനുകൾ, പൈലറ്റ് ബോട്ട്, അഗ്നി സുരക്ഷാ ഉപകരണങ്ങൾ മറ്റ് മെഷിനറികളും ഉപകരണങ്ങളും വാങ്ങൽ, വാർഫ്, ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഗോഡൗൺ, വെയ്ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പാസഞ്ചർ ടെർമിനൽ, റോഡുമായി ബന്ധിപ്പിക്കൽ മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പി.പി. മോഡൽ പശ്ചാത്തല വികസനവും ഈ പദ്ധതി ലക്ഷ്യമിടുന്നു. തങ്കശ്ശേരി തുറമുഖത്തിനായി 1570 ലക്ഷം രൂപ, കൊടുങ്ങല്ലൂർ-1150 ലക്ഷം, പൊന്നാനി-170 ലക്ഷം, ബെയ്പൂർ, കോഴിക്കോട് -1290 ലക്ഷം, അഴീക്കൽ -1010 ലക്ഷം വിഴിഞ്ഞം കാർഗോ ഹാർബർ 2460 ലക്ഷം എന്നിങ്ങനെ ആകെ 7650.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

20. സാഗര മാല പദ്ധതി

(വിഹിതം: 1.00 ലക്ഷം രൂപ)

2020-ഓടുകൂടി പാസഞ്ചർ/ചരക്കുകളുടെ 40%-വും, 2030-ഓടുകൂടി 50%-വും കടൽ മാർഗ്ഗം തിരിച്ചുവിടും എന്നതാണ് ഈ കേന്ദ്ര പദ്ധതിയുടെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം സഫലീകരിക്കുന്നതിനായി ചെറുകിട തുറമുഖങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ഈ പദ്ധതിയ്ക്കായി 2016-17-ൽ വാർഷിക ബഡ്ജറ്റിൽ നാമമാത്ര തുകയായ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7.2 റോഡുകളും പാലങ്ങളും

സംസ്ഥാനത്തെ റോഡു വികസന പ്രവർത്തനങ്ങൾ പ്രധാനമായും റോഡുകളും, പാലങ്ങളും, റോഡു ഗതാഗതം, മറ്റു ഗതാഗത സർവ്വീസുകൾ എന്നീ മൂന്നു ശീർഷകങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഗതാഗത പശ്ചാത്തല സൗകര്യ ഗുണനിലവാരം മെച്ചപ്പെടുത്തി ഗതാഗത സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം ഗതാഗത ചെലവ് കുറയ്ക്കുന്നതിനാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. നിലവിലുള്ള നഗര ഗ്രാമ റോഡുകൾ

മെച്ചപ്പെടുത്തുന്നതോടൊപ്പം, പഞ്ചവത്സര പദ്ധതിയിൽ പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ, വാഹനങ്ങളുടെ പ്രവർത്തന ചെലവും റോഡപകടങ്ങളും കുറയ്ക്കുന്നതിനും, റോഡു മുഖേനയുള്ള യാത്രാ സമയം പരിഗണനീയമായ രീതിയിൽ കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ റോഡു ടാറിംഗിന് റബ്ബറും, പ്ലാസ്റ്റിക്കും ഉപയോഗിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നു.

റോഡുകളും പാലങ്ങളും മേഖലയ്ക്ക് 1206.21 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തേക്കാൾ 26.83 ശതമാനം കൂടുതലാണ്. കഴിഞ്ഞ വർഷം ഇത് 951.07 കോടി രൂപയായിരുന്നു. 2016-17-ൽ വർദ്ധിപ്പിച്ച തുക ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് പ്രാധാന്യം നൽകുന്ന നബാർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും, വിദേശ സഹായത്തോടെ നടപ്പിലാക്കി വരുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതിയ്ക്കുമാണ് വകയിരുത്തിയിട്ടുള്ളത്.

ഈ മേഖലയിലെ പ്രധാന പ്രവൃത്തികൾ

- സംസ്ഥാന ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയുടെയും, അവയിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണവും മെച്ചപ്പെടുത്തലും.
- പൊതുമരാമത്തു വകുപ്പു റോഡുകളിലെ പാലങ്ങളുടെയും റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും.
- റോഡു സുരക്ഷിതത്വം മുൻനിർത്തിയുള്ള പ്രവൃത്തികൾ.
- പുതിയ പദ്ധതികളുടെയും പരിപാടികളുടെയും സാധ്യതാ പഠനം.
- ശബരിമല റോഡു പദ്ധതിയിൽ ഉൾപ്പെടുത്തി 75 കി. മീറ്റർ റോഡുകളുടെ നിർമ്മാണം.
- സംസ്ഥാന റോഡു മെച്ചപ്പെടുത്തൽ പദ്ധതി.
- മലയോര പാതകൾ.
- ദേശീയ പാതകളിൽ ബൈപാസുകളുടെ നിർമ്മാണം.
- ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷയും, ഗതാഗതക്കുരുക്കു പരിഹരിക്കുന്ന പ്രവർത്തനങ്ങളും.
- ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം.

വിവിധ മേഖലകൾക്ക് 2016-17 വാർഷിക പദ്ധതിയിൽ താഴെ പറയും വിധം പദ്ധതി വിഹിതങ്ങൾ വകയിരുത്തുന്നു.

| *മേഖല* | *വാർഷിക പദ്ധതി 2016-17 വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)* |
|---|---|
| റോഡുകളും പാലങ്ങളും | 120621.00 |
| റോഡു ഗതാഗതം | 7532.00 |
| മറ്റു ഗതാഗത സർവ്വീസുകൾ | 10.00 |
| **ആകെ** | **128163.00** |

(1) സംസ്ഥാന ഹൈവേകൾ

(വിഹിതം: 2500.00 ലക്ഷം രൂപ)

600 കി.മീറ്റർ സംസ്ഥാന ഹൈവേകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഹൈവേകളുടെ അറ്റകുറ്റ പണികൾ ദീർഘകാലം നിലനിൽക്കുന്ന തരത്തിൽ നടത്തുക, നിലവിലുള്ള ഹൈവേകളെ ഹരിത വീഥികളാക്കി മാറ്റുക, ഹൈവേകൾ കടന്നുപോകുന്ന ജംഗ്ഷനുകളിൽ ഇതര യൂട്ടിലിറ്റീസ് കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ വികസനം, റോഡുകളിലെ അടയാളങ്ങൾ, പ്രതിഫലകങ്ങൾ, റംപിൾ വരകൾ, ബ്ലാക്ക് സ്പോട്ട് അടയാളങ്ങൾ മുതലായവ അംഗീകൃത സ്ഥാപനങ്ങളായ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നാറ്റ്പാക് മുതലായവയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച് അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനുദ്ദേശിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഇതിനായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. പാലങ്ങളും കലുങ്കുകളും

(വിഹിതം: 800.00 ലക്ഷം രൂപ)

ഹൈവേകളിലെ പാലങ്ങളുടെ നിർമ്മാണം/പുനർനിർമ്മാണം എന്നിവയ്ക്കും അതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പ്രധാന റോഡുകൾ, സംസ്ഥാന ഹൈവേകളായി ഉയർത്തുമ്പോൾ ആവശ്യമായി വരുന്ന പുതിയ പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, പഴയ പാലങ്ങളുടെ പ്രത്യേക സംരക്ഷണ പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഇത്തരം പ്രവൃത്തികൾക്കായി 2016-17 ബഡ്ജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. റെയിൽവേ സുരക്ഷാ പ്രവർത്തനങ്ങൾ

(വിഹിതം: 1000.00 ലക്ഷം രൂപ)

റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. നിലവിൽ നിർമ്മാണം നടന്നു വരുന്ന മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനും, പുതിയവയുടെ നിർമ്മാണത്തിനും, പുതിയവയുടെ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, സാധ്യതാ പഠനത്തിനുള്ള ചെലവ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു. കോഴിക്കോട്, ഡി. എം. ആർ. സി. നിർമ്മിച്ചുവരുന്ന പുതിയ റെയിൽവേ മേൽപ്പാലത്തിന്റെ ചെലവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

ഇതിനായി 2016-17 ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ

(വിഹിതം: 300.00 ലക്ഷം രൂപ)

കേന്ദ്ര സഹായമുള്ള ഒരു പദ്ധതിയാണിത്. ദേശീയ പാതയെ സാമ്പത്തിക പ്രാധാന്യമുള്ള മേഖലകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വീതി കൂട്ടൽ/ശക്തിപ്പെടുത്തൽ, വളവുകൾ നിവർക്കൽ എന്നീ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നത്. സംസ്ഥാന വിഹിതമായാണ് തുക വകയിരുത്തിയിട്ടുള്ളത്.

ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

5. സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (കേന്ദ്ര പദ്ധതി)

(വിഹിതം: 1.00 ലക്ഷം രൂപ)

ദേശീയ പാതകളെ സാമ്പത്തിക പ്രാധാന്യമുള്ള മേഖലകളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വീതി കൂട്ടൽ/ശക്തിപ്പെടുത്തൽ, വളവുകൾ നിവർക്കൽ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഈ പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ കണ്ണൂർ-ഒടുവല്ലിത്തട്ട്-കുടിയാമല റോഡിന്റെ വികസനവും ഉൾപ്പെടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

6. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

(വിഹിതം: 352.00 ലക്ഷം രൂപ)

റോഡു സുരക്ഷാ സംവിധാനങ്ങളായ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കൽ, റോഡടയാളങ്ങൾ രേഖപ്പെടുത്തൽ, കൈവരികളുടെ നിർമ്മാണം സെമിനാറുകൾ/ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കൽ, റോഡപകട സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ, അംഗീകൃത സ്ഥാപനങ്ങളായ നാറ്റ്പാക്, കെ. എച്ച്. ആർ. ഐ. എന്നിവയുടെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ട്രാഫിക് ലൈറ്റുകൾ, പ്രതിഫലകങ്ങൾ, മോഡുലാർ ബമ്പുകൾ സ്ഥാപിക്കൽ, പരിശീലന പരിപാടികൾ എന്നിവയും ഈ പദ്ധതി വഴി നടപ്പിലാക്കാവുന്നതാണ്.

ഇതിനായി 2016-17 ബഡ്ജറ്റിൽ 352.00 ലക്ഷം രൂപ വകയിരുത്തുന്നു.

7. കാവലില്ലാത്ത റെയിൽവെ ലെവൽ ക്രോസുകളിൽ ആളിനെ ചുമതലപ്പെടുത്തൽ

(വിഹിതം: 200.00 ലക്ഷം രൂപ)

കാവലില്ലാത്ത റെയിൽവെ ലെവൽ ക്രോസുകളിൽ കാവലിനായി ആളിനെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ ചെലവുകൾക്കായി 2016-17 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം

(വിഹിതം: 700.00 ലക്ഷം രൂപ)

ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പഴയ ദേശീയപാത 47-ന്റെ ഭാഗമായ കരമന-കളിയിക്കാവിള റോഡിന്റെ വീതികൂട്ടൽ, വെട്ടുറോഡ്-കഴക്കൂട്ടം പുനർനിർമ്മാണം, ചേലേറി-മലപ്പുറം, കൊണ്ടോട്ടി ജംഗ്ഷൻ വികസനം എന്നിവയും 2016-17-പദ്ധതിയിൽ ഉൾപ്പെടുന്നു.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 700.00 ലക്ഷം രൂപ വകയിരുത്തുന്നു.

9. ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാ പ്രവർത്തനങ്ങളും, ഗതാഗത കുരുക്ക് പരിഹരിക്കലും

(വിഹിതം: 1800.00 ലക്ഷം രൂപ)

ദേശീയ പാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങളാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകളെല്ലാം തന്നെ ഗതാഗതകുരുക്ക് നേരിടുന്നുണ്ട്. ടാർ പ്രതലത്തിന്റെ വീതി വർദ്ധിപ്പിക്കൽ, ബസ് ബേകളുടെ നിർമ്മാണം, ഗതാഗത കുരുക്ക് പരിഹരിക്കുന്നതരത്തിലുള്ള പാർക്കിംഗ് സംവിധാനങ്ങൾ നടപ്പാക്കൽ, നടപ്പാതകൾ, മേൽപ്പാലങ്ങൾ, നടപ്പാതകളുടെ അരികിൽ വേലികൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ആറ്റിങ്ങൽ ടൗണിൽ സ്വകാര്യ സ്ഥലം ഏറ്റെടുക്കാതെ നിലവിലെ റോഡ് വീതി കൂട്ടുന്ന വികസന പ്രവർത്തനങ്ങൾ ഒരു മാതൃക എന്ന നിലയിൽ മറ്റു സ്ഥലങ്ങളിലും നടപ്പിലാക്കാവുന്നതാണ്. അംഗീകൃത സ്ഥാപനങ്ങളായ നാറ്റ്പാക്ക്, കെ.എച്ച്.ആർ.ഐ. എന്നീ സ്ഥാപനങ്ങളുടെ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 2016-17-ൽ 1800.00 ലക്ഷം രൂപ വകയിരുത്തുന്നു.

10. പുതിയ പദ്ധതികളുടെയും പരിപാടികളുടെയും സാധ്യതാ പഠനങ്ങൾ

(വിഹിതം: 600.00 ലക്ഷം രൂപ)

പുതിയ പദ്ധതികളുടെയും, പരിപാടികളുടെയും സാധ്യതാ പഠനങ്ങളും, ഇൻവെസ്റ്റിഗേഷനും, രൂപകൽപ്പനയും നടത്തുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. വകുപ്പ് നടത്തുന്ന അന്വേഷണ പ്രവർത്തനങ്ങൾ, കെ. എച്ച്. ആർ. ഐ., നാറ്റ്പാക് എന്നീ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവ മുഖേന നടത്തുന്ന അന്വേഷണ പ്രവർത്തനങ്ങൾ, പുതിയ രൂപ കൽപ്പന ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ ഭാഗമായി എല്ലാ ജില്ലകൾക്കും, പ്രത്യേകിച്ച് കോർപ്പറേഷനുകളിൽ സമഗ്ര ട്രാഫിക് മൊബിലിറ്റി പദ്ധതി തയ്യാറാക്കുന്നതിനുദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും നഗര പ്രദേശങ്ങളിൽ ഹ്രസ്വകാല, ഇടക്കാല, ദീർഘകാല ട്രാഫിക് മൊബിലിറ്റി പദ്ധതികളിലൂടെ ജനങ്ങളുടെ ഗതാഗത പ്രശ്നങ്ങൾക്ക്, പശ്ചാത്തല വികസനത്തിലൂടെ സുരക്ഷിതവും, ദീർഘകാലയളവിലേക്കുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു പരിപാടിയാണിത്.

2016-17 ബഡ്ജറ്റിൽ ഇതിനായി 600.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 200.00 ലക്ഷം രൂപ കൊല്ലം, കണ്ണൂർ, തൃശ്ശൂർ കോർപ്പറേഷനുകൾക്കും, മറ്റ് പ്രധാന മുനിസിപ്പാലിറ്റികളുടെയും ട്രാഫിക് മൊബിലിറ്റി പ്ലാനുകൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു.

11. വകുപ്പുതല ഇ-ഗവേണൻസ് പദ്ധതികൾ

(വിഹിതം: 200.00 ലക്ഷം രൂപ)

സബ് ഡിവിഷൻ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, ചീഫ് ആർക്കിടെക്റ്റിന്റെ ഓഫീസ് എന്നിവിടങ്ങളിൽ കെ. എസ്. ടി. പി. നിലവിൽ നടത്തിവരുന്ന വിവര സാങ്കേതികവിദ്യ പരിപാടികളായ എഫ്.എം.എസ്., ആർ.എം.എം.എസ്. എന്നിവ തുടർന്നും നടത്തുന്നതിനാണ് വിഹിതം വകയിരുത്തുന്നത്. ഇതിനാവശ്യമായ ഹാർഡ് വെയർ, സോഫ്റ്റ്വെയർ, വിവര സാങ്കേതികവിദ്യാ പരിശീലനം, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ നിലവിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ, ഫോട്ടോകോപ്പിയർ വാങ്ങൽ, ഇ-ബാങ്കിംഗ് പ്രവർത്തനങ്ങൾ വകുപ്പിന്

സെക്രട്ടേറിയറ്റുമായി വീഡിയോ കോൺഫറൻസിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇ-ടെൻഡറിംഗ്, PRICE സോഫ്റ്റ് വെയർ, ഇ-ടോൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പുതിയ പ്രവൃത്തികൾ വിവര സാങ്കേതിക വിദ്യ വകുപ്പുമായി ആലോചിച്ച് വിവര സാങ്കേതിക വിദ്യ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതാണ്.

12. കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ. എസ്. ടി. പി.) (വിദേശ സഹായം)

(വിഹിതം: 52297.00 ലക്ഷം രൂപ)

ലോക ബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. 363 കി. മീറ്റർ റോഡുകളുടെ നിലവാരം ഉയർത്തൽ, റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്തു വകുപ്പു സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നീ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നത്. 363 കി. മീറ്റർ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഒരു ഭാഗം (പുനലൂർ-പൊൻകുന്നം) പി.പി.പി. മോഡിഫൈഡ് ആന്വറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന ഘടകങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

- റോഡുകളുടെ നിലവാരം ഉയർത്തലും, സുരക്ഷ മെച്ചപ്പെടുത്തലും.
- റോഡു സുരക്ഷാ ആസൂത്രണം.
- വകുപ്പു സ്ഥാപനങ്ങളുടെ ശാക്തീകരണം.

പുതിയ പ്രവൃത്തികൾ—1106 കി. മീറ്റർ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും പുനർ നിർമ്മാണം. വിദേശ ധനകാര്യ ഏജൻസികളുടെ സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- 1106 കി. മീറ്റർ റോഡുകളുടെ പുനർ നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ.
- റോഡു സുരക്ഷ മെച്ചപ്പെടുത്തൽ.
- ദീർഘവീക്ഷണത്തോടെയുള്ള പരിസ്ഥിതി സംരക്ഷണം.

കൂടാതെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റു ചെലവുകളും ഇതിൽ ഉൾപ്പെടുന്നു. പുനർ നിർമ്മാണ പ്രവർത്തനങ്ങൾ, റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയും ഇതിൽപ്പെടുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ 52297.00 ലക്ഷം രൂപ വകയിരുത്തുന്നു.

13. കേന്ദ്ര റോഡ് ഫണ്ട് പ്രവൃത്തികൾ

(വിഹിതം: 5400.00 ലക്ഷം രൂപ)

സംസ്ഥാന ദേശീയപാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാന റോഡുകളുടെ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 5400.00 ലക്ഷം രൂപ വകയിരുത്തുന്നു.

14. സംസ്ഥാന ദേശീയ പാതകളിൽ റോളിംഗ് ഹെവി മെയിന്റനൻസ് പദ്ധതി

(വിഹിതം: 300.00 ലക്ഷം രൂപ)

സംസ്ഥാനത്തെ പ്രധാന റോഡുകളിൽ വാഹന ബാഹുല്യത്തിനനുസരണമായി ഇന്ത്യൻ റോഡ് കോൺഗ്രസ് നിലവാരത്തിൽ റോഡിന്റെ ഉപരിതലം മെച്ചപ്പെടുത്തുന്ന പദ്ധതിയാണിത്.

ഇതിനായി 2016-17 ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

15. വല്ലാർപാടം ടെർമിനൽ-കോഴിക്കോട് വഴി തീരദേശ പാത

(വിഹിതം: 300.00 ലക്ഷം രൂപ)

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ മുതൽ പൊന്നാനി വഴി കോഴിക്കോടുവരെയുള്ള തീരദേശപാത വികസിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 117.00 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

16. മലമ്പാതകൾ

(വിഹിതം: 1100.00 ലക്ഷം രൂപ)

മലമ്പാതകളെ ദേശീയപാതയുടെ നിലവാരത്തിലേയ്ക്കുയർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. അംഗീകൃത സ്ഥാപനമായ നാറ്റ്പാക്കിന്റെ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

2016-17 ബഡ്ജറ്റിൽ ഇതിനായി 1100.00 ലക്ഷം രൂപ വകയിരുത്തുന്നു.

17. വികസനവും മെച്ചപ്പെടുത്തലും (പ്രധാന ജില്ലാ റോഡുകൾ)

(വിഹിതം: 7500.00 ലക്ഷം രൂപ)

വർദ്ധിച്ചുവരുന്ന ഗതാഗതാവശ്യങ്ങൾക്കനുസൃതമായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന അമിതമായ ആയാസം ലഘൂകരിക്കുന്നതിനായി പ്രധാന ജില്ലാ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിന് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരളപരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഇതിനായി 7500.00 ലക്ഷം രൂപ വകയിരുത്തുന്നു.

18. പാലങ്ങളും കലുങ്കുകളും (പ്രധാന ജില്ലാ റോഡുകൾ)

(വിഹിതം: 1500.00 ലക്ഷം രൂപ)

പ്രധാന ജില്ലാ റോഡുകളിലെ പാലങ്ങളുടെ നിർമ്മാണം, നിലവിലുള്ളവയുടെ പുനർ നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. നവീകരണം/പുനർനിർമ്മാണം നിലവിലുള്ള പാലങ്ങളുടെയും കലുങ്കുകളുടെയും പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ഇതിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവും ഈ വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഇത്തരം പ്രവൃത്തികൾക്കായി 2016-17 ബഡ്ജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തുന്നു.

19. നബാർഡിന്റെ സഹായത്തോടെ റോഡുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും

(വിഹിതം : 15760.00 ലക്ഷം രൂപ)

നിലവിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, നിരീക്ഷണ പ്രവർത്തനങ്ങളുടെ പ്രതിഫലം നൽകുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

2016-17 ബഡ്ജറ്റിൽ ഇതിനായി 15760.00 ലക്ഷം രൂപ വകയിരുത്തുന്നു.

20. നബാർഡിന്റെ സഹായത്തോടെ പാലങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും

(വിഹിതം : 13860.00 ലക്ഷം രൂപ)

ആർ. ഐ. ഡി. എഫ്. പദ്ധതിയിലുൾപ്പെടുത്തി (XIV മുതൽ XX വരെ) നിലവിൽ നിർമ്മാണം നടന്നുവരുന്ന പാലങ്ങൾ പൂർത്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആർ.ഐ.ഡി.എഫ്. (XXI)-ലെ പുതിയ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. അന്വേഷണ പ്രവർത്തനങ്ങളുടെ ചെലവും ഇതിൽനിന്നും വഹിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഇതിനായി 2016-17 -ൽ 13860.00 ലക്ഷം രൂപ വകയിരുത്തുന്നു.

21. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിലെ റോഡുകളുടെ വികസനം

(വിഹിതം : 400.00 ലക്ഷം രൂപ)

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ, പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന റോഡുകളുടെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. നിലവിലുള്ള റോഡുകളിൽ ബി. എം. ആന്റ് ബി. സി. കോൺക്രീറ്റിംഗ്, മേൽപ്പാലങ്ങളുടെ നിർമ്മാണം, പുതിയ ലിങ്ക് റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ വികസനം, ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2016-17 ബഡ്ജറ്റിൽ 400.00 ലക്ഷം രൂപ ഇത്തരം പ്രവൃത്തികൾക്കായി വകയിരുത്തുന്നു.

22. ശബരിമല റോഡു പദ്ധതി

(വിഹിതം : 1000.00 ലക്ഷം രൂപ)

ഘട്ടം ഘട്ടമായി വികസിപ്പിച്ചു വരുന്ന ശബരിമല റോഡുകളിൽ, ബാക്കിയുള്ളവയുടെ വികസന പ്രവർത്തനങ്ങൾ, നിലവാരം ഉയർത്തൽ എന്നിവ ഇന്ത്യൻ റോഡ് കോൺഗ്രസ് നിലവാരത്തിൽ വികസിപ്പിക്കുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

ഇത്തരം പ്രവൃത്തികൾക്കായി 2016-17 ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

23. വിമാനത്താവള-തുറമുഖ റോഡിന്റെ നിർമ്മാണം

(വിഹിതം : 1200.00 ലക്ഷം രൂപ)

നെടുമ്പാശ്ശേരിയിലെ വിമാനത്താവള-തുറമുഖ റോഡ്, കൊച്ചി അന്തർദേശീയ വിമാനത്താവളത്തെ കൊച്ചി തുറമുഖവുമായി ബന്ധിപ്പിക്കുന്നു. ഇരുമ്പനം-കളമശ്ശേരി, കളമശ്ശേരി-വിമാനത്താവളം, ഇരുമ്പനം-തൃപ്പൂണ്ണിത്തുറ എന്നിങ്ങനെ മൂന്ന് മേഖലകളായാണ് റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. നിർദ്ദിഷ്ട കൊച്ചി റോഡ്, കൊച്ചി ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി എന്നിവയുമായി ബന്ധപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കൊച്ചിയിലെ പ്രധാന വ്യാവസായിക മേഖലകളായ അമ്പലമുകൾ, കരിമുകൾ, ബ്രഹ്മപുരം, കളമശ്ശേരി, ഏലൂർ എന്നിവിടങ്ങളുമായി ബന്ധപ്പെടുന്ന ഒരു റിംഗ് റോഡാണിത്. ദേശീയ പാത 47-ലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് അങ്കമാലിയെയും കുണ്ടന്നൂരിനേയും ബന്ധിപ്പിക്കുന്ന ഒരു ബൈ-പാസ്സ് എന്ന നിലയിലും ദേശീയപാത 47-ന്റെ ആരംഭത്തിലുള്ള കൊച്ചി തുറമുഖത്ത്, കുണ്ടന്നൂരിന്റെ കിഴക്ക് വശത്ത് കൂടി കുണ്ടന്നൂർ ജംഗ്ഷൻവഴി ദേശീയപാത 47എ വരെ എത്തിച്ചേരുന്നതിന് നിർദ്ദിഷ്ട പാത മുഖേന സാധിക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഇത്തരം പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

24. സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (എസ്. ആർ. ഐ. പി.)

(വിഹിതം : 8230.00 ലക്ഷം രൂപ)

പ്രധാനപ്പെട്ട പാലങ്ങൾ, ചെറിയ പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, മഴവെള്ളം ഒഴുകിപോകുന്നതിന് കോൺക്രീറ്റ് ചാലുകളുടെ നിർമ്മാണം, കുടിവെള്ളം, വാർത്താവിനിമയം, വൈദ്യുതി എന്നിവയ്ക്കുള്ള യൂട്ടിലിറ്റി ഡറ്റ്സ് പണിയുക, ട്രാഫിക് സിഗ്നലുകൾ, റോഡടയാളങ്ങൾ, തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കൽ, കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിന് നടപ്പാതകൾ മുതലായവയുടെ നിർമ്മാണം, ദീർഘകാലാടിസ്ഥാനത്തിൽ റോഡുകളുടെ പരിപാലനം എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

വിവിധ ധനകാര്യ സ്രോതസ്സുകളിലൂടെ തുക ലഭ്യമാക്കി, കേരളാ റോഡ് ഫണ്ട് ബോർഡാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇൻഫ്രാസ്ട്രക്ചർ ബോണ്ട്, ടേം ലോൺ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ദീർഘകാല വായ്പകൾ നൽകുന്ന വിവിധ ഏജൻസികളിലൂടെ 4000 കോടി രൂപ സമാഹരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിൽ ഒരു ഭാഗം ടോൾ ഏർപ്പെടുത്തിയും, ഏറ്റെടുക്കുന്ന ഭൂമിയിൽ വാണിജ്യ പ്രവർത്തനങ്ങൾ നടത്തിയും സമാഹരിക്കാവുന്നതാണ്. ബാക്കി തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഉപയോഗിക്കാവുന്നതാണ്.

ഇതിനായി 2016-17 ബഡ്ജറ്റിൽ 8230.00 ലക്ഷം രൂപ വകയിരുത്തുന്നു.

25. പി. പി. പി. (ആന്യൂറ്റി) റോഡ് പരിപാലന പദ്ധതി

(വിഹിതം : 1400.00 ലക്ഷം രൂപ)

സംസ്ഥാന തലസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതിയുടെ മാതൃകയിൽ (പി. പി. പി. ആന്യൂറ്റി) മറ്റ് നഗരങ്ങളിലെയും പരമാവധി റോഡുകൾ നിശ്ചിത ഗുണനിലവാരത്തിൽ ഉയർത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നു. പ്രസ്തുത നയ രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പുതിയ ഹരിത റോഡുകൾ പൊതു സ്വകാര്യപങ്കാളിത്തത്തോടെ ബി. ഒ. ടി. /ആന്യൂറ്റി അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. താഴെപ്പറയുന്ന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി പരിഗണിക്കുന്നു.

- കോഴിക്കോട് നഗര റോഡുകളുടെ നവീകരണ പദ്ധതി
- മറ്റ് നഗര റോഡുകളുടെ നവീകരണ പദ്ധതികൾ
- കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേ
- സ്പീഡ് കേരള
- സംസ്ഥാന റോഡു നവീകരണ പദ്ധതി
- മട്ടന്നൂർ-അഞ്ചരക്കണ്ടി-തലശ്ശേരി റോഡ് (കണ്ണൂർ അന്തർദേശീയ വിമാനത്താവളം) നവീകരണ പദ്ധതി

ഇതിനായി 2016-17 ബഡ്ജറ്റിൽ 1400.00 ലക്ഷം രൂപ വകയിരുത്തുന്നു.

26. ദേശീയപാതയിൽ ബൈപാസുകളുടെ നിർമ്മാണം

(വിഹിതം : 750.00 ലക്ഷം രൂപ)

ദേശീയപാത കടന്നു പോകുന്ന പ്രധാന നഗരങ്ങളിൽ ഗതാഗത ഞെരുക്കം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ബൈപാസ്സുകൾ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്നു. ആറ്റിങ്ങൽ, കോഴിക്കോട്, തലശ്ശേരി-മാഹി തുടങ്ങിയ സ്ഥലങ്ങളിൽ ബൈപാസുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതികളുടെ ചെലവ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ചേർന്ന് നിർവഹിക്കുന്നതാണ്.

2016-17 ബഡ്ജറ്റിൽ ഇതിനായി 750.00 ലക്ഷം രൂപ വകയിരുത്തുന്നു.

27. ദേശീയപാതകളിൽ ബൈലൈനുകളുടെ നിർമ്മാണം

(വിഹിതം : 400.00 ലക്ഷം രൂപ)

ദേശീയപാതകളിൽ ബൈലൈനുകളുടെ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ദേശീയപാത 47-ൽ താഴെ ചൊവ്വ-പുതിയതെരു, കുറ്റിപ്പുറം, പുതുപൊന്നാനി എന്നീ റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

28. കെ.എച്ച്.ആർ.ഐ. യൂണിറ്റിന്റെ നിലവാരം ഉയർത്തൽ, ഗുണനിലവാര നിയന്ത്രണം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, പരിശീലനം

(വിഹിതം : 670.00 ലക്ഷം രൂപ)

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിന്റെ ഭാഗമായി നിലവിലുള്ള പരീക്ഷണശാലകൾ വിപുലപ്പെടുത്തുന്നതിനും, കെ.എച്ച്.ആർ.ഐ.-യെ ഒരു സ്റ്റേറ്റ്-ഓഫ്-ദി ആർട്ട് മാതൃകയിലുള്ള പരിശോധന കേന്ദ്രമാക്കി മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്നു. കൂടാതെ, പദ്ധതി പ്രവർത്തന പരിപാലന ചെലവുകൾ, ഗവേഷണ വികസന/ഉപകരണ പരിശോധനകൾ എന്നിവയും പരിശോധന പ്രവർത്തനങ്ങൾക്കാവശ്യമായ വാഹനങ്ങളുടെ വാടക എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്ക് പുതിയ സാങ്കേതിക വിദ്യ, ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയിൽ ആധുനിക പരിജ്ഞാനം നൽകുന്നതിനുദ്ദേശിക്കുന്നു. ഡ്രിക്ക് ബോർഡ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളും ഇതിൽ ഉൾപ്പെടുന്നു. റോഡു സുരക്ഷാ ഗവേഷണ പ്രവർത്തനങ്ങൾ, പുതിയ പദ്ധതികൾക്കും, പരിപാടികൾക്കും സാധ്യതാ പഠനങ്ങൾ, സെമിനാറുകൾ/വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കൽ, സംസ്ഥാനത്തും പുറത്തും പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, റോഡു വികസന ഗവേഷണ പ്രവർത്തനങ്ങൾ, പുതിയ നിർമ്മാണ സാങ്കേതിക വിദ്യകൾ, കഴിഞ്ഞ വർഷത്തെ പരിശീലന പരിപാടികളുടെ ചെലവിന്റെ ബാധ്യത പൂർത്തീകരിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഇതിനായി 2016-17 ബഡ്ജറ്റിൽ 670.00 ലക്ഷം രൂപ വകയിരുത്തുന്നു.

29. ദീർഘകാല റോഡു നവീകരണ പരിപാലന പദ്ധതി-(ലോക ബാങ്ക് സഹായത്തോടെ)-(1000 കി. മീറ്റർ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ)

(വിഹിതം : 100.00 ലക്ഷം രൂപ)

ലോകബാങ്ക് സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട 1000 കി. മീറ്റർ റോഡുകളുടെ നവീകരണവും, പരിപാലനവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ നിരീക്ഷണം, രൂപപ്പെടുത്തൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

30. കൊല്ലം-ആലപ്പുഴ ബൈപാസ്സുകൾ

(വിഹിതം: 1.00 ലക്ഷം രൂപ)

കൊല്ലം, ആലപ്പുഴ ബൈപാസുകളുടെ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഈ പദ്ധതിയുടെ ചെലവ് വഹിക്കുന്നതാണ്. 2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അധിക തുക ആവശ്യമായി വരുന്ന പക്ഷം മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്പ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

## 7.3 റോഡു ഗതാഗതം

റോഡ് ഗതാഗത മേഖലയിലെ വികസന പദ്ധതികൾ നടപ്പിലാക്കുന്നത് പ്രധാനമായും മോട്ടോർ വാഹന വകുപ്പും കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമാണ്. റോഡ് ഗതാഗത മേഖലയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 7532.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 4061.00 ലക്ഷം രൂപ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും, 3471.00 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിനുമായി വകയിരുത്തിയിരിക്കുന്നു.

### 7.3.1 കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)

കേരളത്തിലെ ഏറ്റവും വലിയ പൊതു ഗതാഗത സംവിധാനമായ കെ. എസ്. ആർ. ടി. സി. യുടെ വികസനത്തിനായി താഴെ പറയുന്ന പരിപാടികൾ 2016-17-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

(1) അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ നവീക്കരണവും

(വിഹിതം : 900.00 ലക്ഷം രൂപ)

ബസ്സ് ഡിപ്പോകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, നിലവാരമുള്ള ബസ്സ് സ്റ്റേഷൻ യാർഡുകൾ, ബസ്സ് സ്റ്റേഷൻ കെട്ടിടങ്ങൾ, ആധുനിക ബസ്സുകളുടെ അറ്റകുറ്റ പണികൾ എന്നിവയും നിലവിലുള്ള ഗ്യാരേജുകളുടെ വികസനവും ലക്ഷ്യമിടുന്നു. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു:

- താഴെ കൊടുത്തിരിക്കുന്ന ഡിപ്പോകളിൽ ബസ്സ് ടെർമിനലുകളുടെ നിർമ്മാണം:

  നിലമ്പൂർ, എറണാകുളം, തൊടുപുഴ, മൂവാറ്റുപുഴ, പാലക്കാട്, ഹരിപ്പാട്, നെടുങ്കണ്ടം, വെള്ളരിക്കുണ്ട്, പെരിക്കള്ളൂർ, പൂവാർ, വിഴിഞ്ഞം-ഗതാഗത വിശകലനം ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ
- വർക്ക്ഷോപ്പുകളുടെ നിർമ്മാണം.

  സെൻട്രൽ വർക്ക്ഷോപ്പ് പാപ്പനംകോട്ടും, ആലുവായിലും ഇടപ്പള്ളിയിലുമുള്ള റീജിയണൽ വർക്ക് ഷോപ്പുകൾ
- ഡിപ്പോകളിലെ അടിസ്ഥാന വികസന പ്രവൃത്തികൾ, കാരിക്കാമുറി (എറണാകുളം) മാവേലിക്കര ബസ്സ് സ്റ്റേഷൻ, പൂവാർ, വിഴിഞ്ഞം എന്നീ ഡിപ്പോകൾ
- വൈദ്യുതീകരണ പ്രവൃത്തികൾ.
- ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും മറ്റു അനുബന്ധ നവീകരണ പ്രവൃത്തികൾ.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത പ്രവൃത്തികൾ വിശദമായ പ്രായോഗിക പഠന നിർദ്ദേശങ്ങളുടെയും ഭരണ വകുപ്പിന്റെ അംഗീകാരത്തോടെയും നടപ്പിലാക്കാവുന്നതാണ്.

(2) കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേർണൻസും

(വിഹിതം : 1100.00 ലക്ഷം രൂപ)

കെ. എസ്. ആർ. ടി. സിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇ-ഗവേർണൻസ് പദ്ധതികൾ പ്രാവർത്തികമാക്കേണ്ടതുണ്ട്. 2016-17 വാർഷിക ബഡ്ജറ്റിൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി തുക വകയിരുത്തിയിരിക്കുന്നു. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ പരിഗണിച്ച് വിശദമായ വിവര സാങ്കേതിക വിദ്യാ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ അനുമതിയോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

- ഹാർഡ്‌വെയർ/സോഫ്റ്റ് വെയർ പരിഷ്ക്കരണം
- സർവൈലൻസ് ക്യാമറ വാങ്ങൽ
- ആർ. എഫ്. ഐ. ഡി. കാർഡുകൾ നടപ്പാക്കൽ
- ജി. പി. ആർ. എസ്സ്. ഉള്ള ഇ. ടി. എം. കളുടെ ആവർത്തന ചെലവ്
- സൂപ്പർ ക്ലാസ് സർവ്വീസുകളിൽ വൈ-ഫൈ സമ്പ്രദായം ഏർപ്പെടുത്തൽ.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ വിദഗ്ദാഭിപ്രായത്തോടെ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(3) ഡ്രൈവർമാർ, ടെക്നിക്കൽ ജീവനക്കാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം

(വിഹിതം : 100.00 ലക്ഷം രൂപ)

കെ. എസ്. ആർ. ടി. സി. ഉദ്യോഗസ്ഥരുടെ നൈപുണ്യം, കഴിവ്, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതു വഴി കെ. എസ്. ആർ. ടി. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് പ്രസ്തുത പദ്ധതി. തൽഫലമായി ഇന്ധനക്ഷമത, വാഹന ഭാഗങ്ങൾ ഉചിതമായി ഉപയോഗിക്കൽ, വാഹനങ്ങളുടെ കാര്യക്ഷമത, ഉപയോഗം, പരിപാലനം, ഓഫീസ് നിർവ്വഹണം കാര്യക്ഷമമാക്കൽ എന്നിവ ലക്ഷ്യമിടുന്നു. ബി.എസ്. III-ലോ ഫ്ളോർ വോൾവോ ബസ്സുകൾ, മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ, സെമി ലോ ഫ്ളോർ ബസ്സുകൾ തുടങ്ങി കെ. എസ്. ആർ. ടി. സി. നിരത്തിലിറക്കിയ ആധുനിക രീതിയിലുള്ള ബസ്സുകൾക്ക് വേണ്ടി വരുന്ന പല തരത്തിലുള്ള യന്ത്രോപകരണങ്ങൾ നന്നാക്കുന്നതിനുള്ള പരിശീലനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മെക്കാനിക്കൽ പരിശീലനത്തിനാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. പരിശീലന കേന്ദ്രത്തോടനുബന്ധിച്ചുള്ള മെഡിക്കൽ സെന്ററിൽ മെഡിക്കൽ പരിശോധന, വിശേഷിച്ച്, കാഴ്ച പരിശോധന നടത്തുന്നതിനും ഉദ്ദേശിക്കുന്നു. മുൻകാലങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ തുടരുന്നതിന് പരിഗണന നൽകി, പരിശീലന ആവശ്യകത വിശകലനം ചെയ്ത് വിശദമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(4) വാഹനങ്ങളുടെ ആധുനികവൽക്കരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

(വിഹിതം : 1961.00 ലക്ഷം രൂപ)

കേരള മോട്ടോർ വാഹനനിയമമനുസരിച്ച്, അപ്പർ ക്ലാസ് ബസ്സുകളുടെ (ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും അതിനു മുകളിലും) കാലാവധി, രജിസ്ട്രേഷൻ ദിവസം മുതൽ അഞ്ച് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വാഹനനിയമമനുസരിച്ച്, പഴയ അപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു. തുക വകയിരുത്തിയിരിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾക്കാണ്:

- സംസ്ഥാന/അന്തർ സംസ്ഥാന സേവനങ്ങൾക്കായി ഇന്ധനക്ഷമതയുള്ള പുതിയ മൾട്ടി ആക്സിൽ ബസ്സുകൾ വാങ്ങുന്നതിന്.
- പ്രാരംഭ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിൽ സി. എൻ. ജി. ബസ്സുകൾ ആരംഭിക്കുന്നതിന്. പ്രസ്തുത

പ്രവൃത്തികൾ സാങ്കേതിക/സാമ്പത്തിക പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1961.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7.3.2 മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന നിയമം നടപ്പാക്കൽ, മോട്ടോർ വാഹനങ്ങളിൽ നിന്ന് നികുതി പിരിക്കൽ, വാഹനങ്ങളുടെ രജിസ്ട്രേഷൻ, മോട്ടോർ വാഹന ലൈസൻസുകൾ നൽകൽ തുടങ്ങിയവയാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് വരുമാനം നേടിക്കൊടുക്കുന്നതിൽ ഒരു പ്രധാന പങ്ക് മോട്ടോർ വാഹന വകുപ്പിനുണ്ട്. 2016-17 വർഷത്തെ പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:

(1) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

(വിഹിതം : 1500.00 ലക്ഷം രൂപ)

താഴെ പറയുന്ന ഘടകങ്ങൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പി പി പി മാതൃകയിലും വകുപ്പ് മാതൃകയിലും ഭൂമി ലഭ്യമാകുന്ന ഏഴ് ആർ. ടി. ഓഫീസുകളുടെ പരിധിയിൽ ഡ്രൈവർ ട്രെയിനിംഗ് ട്രാക്കുകൾ സ്ഥാപിക്കൽ.
- അംഗീകൃത ഏജൻസികളുടെ ഉപയുക്തതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ റഡാർ സർവയിലൻസ് സിസ്റ്റം സ്ഥാപിക്കൽ.

പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പൊതു സ്വകാര്യ പങ്കാളിത്ത അന്യൂറ്റി മാതൃകയിൽ നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

(2) ഇ-ഗവേണൻസ് നടപ്പാക്കൽ

(വിഹിതം : 20.00 ലക്ഷം രൂപ)

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രൊഫഷണൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാമാണിത്. പരിശീലന ആവശ്യം കണ്ടെത്തി കാര്യക്ഷമതാ വർദ്ധനവ് വരുത്തുന്ന രീതിയിലുള്ള പരിശീലന പരിപാടിയാണ് ഉദ്ദേശിക്കുന്നത്. മോട്ടോർ വാഹന നിയമങ്ങളും, റോഡ് സുരക്ഷാ പ്രവർത്തനങ്ങളും ഫലപ്രദമായ രീതിയിൽ പരിചയപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പരിശീലനം ഐ.എച്ച്.ആർ.ഡി./ഐ.എ.പി.എസ്. എന്നിവ മുഖേന നൽകുന്നതിനും ഉദ്ദേശിക്കുന്നു. വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.



ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(3) വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ

(വിഹിതം : 1750.00 ലക്ഷം രൂപ)

വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ, ടെസ്റ്റിംഗിലുള്ള ഏകീകരണവും സുതാര്യതയും ഉറപ്പുവരുത്തുന്നു. പ്രസ്തുത പദ്ധതിയിൽ ഏഴ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വാഹനങ്ങളുടെ മികവും എഞ്ചിൻ അവസ്ഥയും നിലനിർത്തൽ, ഡ്രൈവർമാർക്ക് ക്രിയാത്മകമായ തീരുമാനങ്ങൾ എടുക്കാൻ കഴിവുണ്ടാക്കൽ, അപകടങ്ങൾ കുറയ്ക്കൽ, വകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. മുൻഗണനാടിസ്ഥാനത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

പ്രസ്തുത പദ്ധതിക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(4) ചെക്ക് പോസ്റ്റുകളുടെ നവീകരണം

(വിഹിതം : 200.00 ലക്ഷം രൂപ)

ചരക്ക് വാഹനങ്ങളുടെ അമിതഭാരം റോഡപകടങ്ങൾക്കും റോഡു ഉപരിതലത്തിന് കേടുപാടുകൾ സംഭവിക്കുവാനും ഇടവരുത്തുന്നു. പ്രസ്തുത വിഹിതം മറ്റ് വകുപ്പുകളുമായി സംയുക്തമായി സഹകരിച്ച് ഉപയോഗപ്പെടുത്തി ഭൂമി വാങ്ങി വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ച് നൂതന ഉപകരണങ്ങൾ വഴി ചെക്ക് പേസ്റ്റുകളുടെ നവീകരണം ലക്ഷ്യമിടുന്നു.

ഈ പദ്ധതിയ്ക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### പുതിയ പദ്ധതി

(5) മാതൃകാ പരിശോധന, സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കൽ

(വിഹിതം 1.00 ലക്ഷം രൂപ)

ഭാരത സർക്കാർ അംഗീകരിച്ച മാതൃകാ പരിശോധന, സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 1.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 7.4.1 ഉൾനാടൻ ജലഗതാഗതം

സംസ്ഥാന ജലഗതാഗത വകുപ്പ്, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളാണ് സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട (കായൽ) വികസനവും ഗതാഗത പ്രവർത്തനങ്ങളും നടത്തുന്നത്. 2016-17 വാർഷിക ബഡ്ജറ്റിൽ ഉൾനാടൻ ഗതാഗത വികസനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| *ക്രമ നമ്പർ* | *വകുപ്പ്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | സംസ്ഥാന ജലഗതാഗത വകുപ്പ് | 2000.00 |
| 2 | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 1202.00 |
| 3 | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് | 12,532.00 |
| | **ആകെ** | **15,734.00** |

**സംസ്ഥാന ജല ഗതാഗത വകുപ്പ്**

സംസ്ഥാന ജലഗതാഗത വകുപ്പിന് 2016-17 വാർഷിക ബഡ്ജറ്റിൽ 2000.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വർദ്ധിപ്പിച്ച വിഹിതം എറണാകുളത്ത് സംഭവിച്ച ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9 കറ്റാമറൻ ബോട്ടുകളും 5 സിംഗിൾ ഹൾ ബോട്ടുകളും മാറ്റി വാങ്ങിക്കുന്നതിനാണ്.

(1) <u>ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും</u>

(വിഹിതം : 100.00 ലക്ഷം രൂപ)

ടെർമിനൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ബോട്ട് ജെട്ടികൾ മെച്ചപ്പെടുത്തുക, തേവര ഡോക്ക് യാർഡിന് പുതിയ സ്റ്റോർ ഹൗസ് കെട്ടിടം, ഫെൻഡർ പോസ്റ്റിന് പകരമായി എല്ലാ ബോട്ടുജെട്ടികളിലും റബ്ബർ ബീഡിങ്ങുകൾ സ്ഥാപിക്കുക, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ സ്പിൽ ഓവർ തുക നൽകുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(2) <u>ബോട്ടുകൾ വാങ്ങലും കടത്തുസർവ്വീസുകൾ വിപുലീകരിക്കലും</u>

(വിഹിതം : 1650.00 ലക്ഷം രൂപ)

പുതിയ ബോട്ടുകൾ വാങ്ങുന്നതിനും കറ്റാമറാൻ ബോട്ടുകൾക്ക് പകരം ഡബിൾ ഹൾ ഡബിൾ എഞ്ചിൻ എന്നിവ ഉള്ള പുതിയ ബോട്ടുകൾ വാങ്ങുന്നതിനും, എറണാകുളത്ത് സംഭവിച്ച ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9 കറ്റാമറൻ ബോട്ടുകളും 5 സിംഗിൾ ഹൾ ബോട്ടുകളും മാറ്റി വാങ്ങിക്കുന്നതിനും പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടുകൾ, രക്ഷാ ബോട്ടുകൾ, വർക്ക്ഷോപ്പ് ബോട്ടുകൾ, നിരീക്ഷണ ബോട്ടുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ സ്പിൽ ഓവർ തുക നൽകുന്നതിനുമാണ് വിഹിതം വകയിരുത്തുന്നത്.

2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി 1650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(3) <u>പണിശാലാ സൗകര്യങ്ങൾ</u>

(വിഹിതം : 150.00 ലക്ഷം രൂപ)

പണിശാലാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിലെ നിലവിലുള്ള 2 ഡോക്ക് യാർഡുകൾ ആധുനികവൽക്കരിക്കുക, ഡ്രൈ ഡോക്ക് സ്ലിപ്പ്‌വേ എന്നിവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നൂതന യന്ത്ര സാമഗ്രികൾ വാങ്ങുക, നിലവിലുള്ള പ്രവൃത്തികൾക്ക് സ്പിൽ ഓവർതുക നൽകുന്നതിനുമാണ് വിഹിതം വകയിരുത്തുന്നത്. ഈ പദ്ധതിക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(4) <u>പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും</u>

(വിഹിതം : 100.00 ലക്ഷം രൂപ)

തടി വാങ്ങുക, തടി കൊണ്ടുള്ളതും സ്റ്റീൽ കൊണ്ടുള്ളതുമായ ബോട്ടുകളുടെ അറ്റകുറ്റപണികൾക്കാവശ്യമായ മറൈൻ എഞ്ചിനുകൾ, സ്റ്റിയറിംഗ്, ഗിയർ ബോക്സുകൾ, മറ്റു യന്ത്ര സാമഗ്രികൾ വാങ്ങുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 12-ാം പഞ്ചവൽസര പദ്ധതിയിൽ, സംസ്ഥാന ജലഗതാഗത വകുപ്പ് 1 വർഷം 10 ബോട്ടുകൾ വീതം പുതുക്കി പണിയുവാൻ ഉദ്ദേശിക്കുന്നു. 30$m^3$ തടി വാങ്ങുക, ഡോക്ക് യാർഡിൽ ആവശ്യമുള്ള ബന്ധപ്പെട്ട സാമഗ്രികളും മെഷീനുകളും വാങ്ങുകയും സ്പിൽ ഓവർ തുക നൽകുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 7.4 2. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)

(1) <u>ഫെറി ബോട്ടുകളുടെ നിർമ്മാണം</u>

(വിഹിതം : 300.00 ലക്ഷം രൂപ)

2013-14 വർഷത്തിൽ കൊച്ചിയിൽ രണ്ട് ഫെറി ബോട്ടുകളുടെ നിർമ്മാണത്തിനായി സർക്കാർ അനുമതി ലഭിക്കുകയും അവ നീറ്റിലിറക്കുകയും ചെയ്തു. കൊച്ചി നഗര പ്രദേശത്തെയും പ്രാന്തപ്രദേശങ്ങളെയും ബന്ധിപ്പിക്കുക എന്നതാണ് ഈ ബോട്ടുകളുടെ ലക്ഷ്യം. അടുത്തിടെയുണ്ടായ കൊച്ചി ബോട്ടുദുരന്തം സുരക്ഷിതവും, സൗകര്യ പ്രദവും, വേഗതയുള്ളതുമായ ടി ബോട്ടുകളുടെ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിച്ചിരിക്കുന്നു. നിലവിലുള്ള രണ്ട് ബോട്ടുകൾ പ്രസ്തുത പാതയിലൂടെയുള്ള യാത്രക്കാരുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. യാത്രക്കാരുടെ അധികരിച്ച ആവശ്യം പരിഗണിച്ച് രണ്ട് ബോട്ടുകൾ കൂടി നിർമ്മിക്കുവാൻ കെ. എസ്. ഐ. എൻ. സി. ഉദ്ദേശിക്കുന്നു. നിർമ്മാണത്തിനായുള്ള മതിപ്പ് ചെലവ് 500 ലക്ഷം രൂപയാണ്.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ സ്വകാര്യ സ്റ്റോക്ക് ഹോൾഡർമാർ എന്നിവരുടെ സമാന ധനസഹായത്തിനൊപ്പം സംസ്ഥാന വിഹിതമായ 300.00 ലക്ഷം രൂപ ഈ പദ്ധതിക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(2) ബോട്ട് ജെട്ടി ആധുനികവത്കരണം

(വിഹിതം : 150.00 ലക്ഷം രൂപ)

2013-14 വർഷത്തിൽ കമ്പനിയുടെ ഫെറി ടെർമിനൽ പുനരുദ്ധാരണത്തിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ കെട്ടിട പെർമിറ്റ് ലഭിക്കുവാനുണ്ടായ അസാധാരണ കാലതാമസംമൂലം 16-5-2015-ൽ മാത്രമാണ് ലൈസൻസ് ലഭിച്ചത്. ഇതിനിടയിൽ സാധന സാമഗ്രികളുടെയും, വേതനത്തിന്റെയും ചെലവ് വർദ്ധിച്ചത് കാരണം മതിപ്പ് ചെലവ് 375 ലക്ഷം രൂപയായി വർദ്ധിച്ചു. ഈ വർദ്ധിച്ച ചെലവ് വഹിക്കുന്നതിനായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(3) ഡ്രൈ ഡോക്ക് നിർമ്മാണം

(വിഹിതം : 200.00 ലക്ഷം രൂപ)

2015-2016 വർഷത്തിൽ ഡ്രൈഡോക്ക് നിർമ്മാണത്തിനായി 500 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൊടുങ്ങല്ലൂരാണ് ഡ്രൈഡോക്ക് നിർമ്മിക്കുവാനുദ്ദേശിച്ചിരുന്നത്. എന്നാൽ ഈ സ്ഥലം നിർമ്മാണത്തിന് യോഗ്യമല്ലാതിരുന്നതിനാൽ കുമരകത്ത് ഡ്രൈഡോക്കിനുവേണ്ടി മറ്റൊരു സൈറ്റ് കണ്ടെത്തിയിരിക്കുന്നു. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി ഡ്രൈഡോക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ആയിരത്തിൽ കൂടുതൽ ബോട്ടുകൾ ആലപ്പുഴയിലും, കുമരകത്തും പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ ഏകദേശ ചെലവ് 800 ലക്ഷം രൂപയാണ്. 2015-16-ൽ അനുവദിച്ച 500 ലക്ഷം രൂപ പദ്ധതി പൂർത്തീകരണത്തിനായി അപര്യാപ്തമാണ്.

ഇപ്പോൾ പുരോഗമിച്ചുവരുന്ന പ്രവർത്തികളുടെ സ്പിൽ ഓവർ തുകകൾ നൽകുന്നതിനായി 200.00 ലക്ഷം രൂപ 2016-17-ലെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതികൾ**

(4) കാർഗോ ബാർജ്ജുകളുടെ നിർമ്മാണം

(വിഹിതം : 550.00 ലക്ഷം രൂപ)

ചരക്കുകൾ കടൽമാർഗ്ഗം തിരിച്ചുവിടാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. ഫർണസ് ഓയിലും, ഹൈഡ്രോക്ലോറിക് ആസിഡും റെയിൽ റോഡ് ഗതാഗതത്തിൽ നിന്നും കടൽ മാർഗ്ഗമാക്കുവാൻ തത്വത്തിൽ അംഗീകാരം ലഭിച്ചിരിക്കുന്നു. കെ. എസ്. ഐ. എൻ. സി. ഫർണസ് ഓയിലും, ആസിഡും കടത്തുന്നതിന് 300MT വീതം കപ്പാസിറ്റിയുള്ള ഒരു ആസിഡ് ബാർജ്ജും, ഓയിൽ ബാർജ്ജും നിർമ്മിക്കുവാനുദ്ദേശിക്കുന്നു. ഇതിന്റെ ഏകദേശ ചെലവ് യഥാക്രമം 450 ലക്ഷം രൂപയും 400 ലക്ഷം രൂപയുമാണ്.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ സ്റ്റോക്ക് ഹോൾഡർമാർ എന്നിവയുടെ ധനസഹായത്തിനൊപ്പം സംസ്ഥാന വിഹിതമായ 550.00 ലക്ഷം രൂപ 2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

(5) ക്രൂയിസ് വെസ്സൽ നിർമ്മാണം

(വിഹിതം : 1.00 ലക്ഷം രൂപ)

കൊച്ചിയിൽ ടൂറിസത്തിന് വളരെയേറെ സാദ്ധ്യതയുള്ള സ്ഥലമാണ്. ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനായി കഴിഞ്ഞ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എന്നാൽ പ്രസ്തുത വെസ്സലിൽ രാത്രി താമസത്തിനുള്ള സൗകര്യമില്ല. രാത്രി താമസ സൗകര്യമുള്ള വെസ്സൽ ടൂറിസത്തിന് മുതൽകൂട്ടായിരിക്കും. മെർച്ചന്റ് ഷിപ്പിംഗ് ആക്ട് പ്രകാരം ക്ലാസ് iv വെസ്സലായി രജിസ്റ്റർ ചെയ്യുന്ന ഒരു പുതിയ വെസ്സൽ ലക്ഷദ്വീപ് ആന്റമാൻ നികോബാറിലേക്ക് യാത്രികരെ എത്തിക്കുന്നതിനുവേണ്ടിയാണ്. 150-200 ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള സൗകര്യമുള്ള ക്രൂയിസിന് 3000 ലക്ഷം രൂപ ചെലവ് വരും. ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, സ്വകാര്യ സ്റ്റോക്ക് ഹോൾഡർമാർ എന്നിവരുടെ സമാന സഹായ ത്തോടൊപ്പം സംസ്ഥാന വിഹിതമായി നാമമാത്ര തുകയായ ഒരു ലക്ഷം രൂപ 2016-17-വർഷത്തിലെ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

(6) കൊച്ചി കനാലുകളുടെ വികസനത്തിനായി പഠനവും, പ്രോജക്ട് തയ്യാറാക്കലും

(വിഹിതം : 1.00 ലക്ഷം രൂപ)

കൊച്ചി നഗരം കനാലുകളാലും ജല സ്രോതസ്സുകളാലും സമൃദ്ധമാണ്. എന്നാൽ പോയ പതിറ്റാണ്ടുകളിലെ ഉപേക്ഷമൂലം ഇവയെല്ലാം സഞ്ചാര യോഗ്യമല്ലാതായിരിക്കുന്നു. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കനാലുകളും മറ്റ് ജലപാതകളും ഗതാഗത യോഗ്യമാക്കുവാൻ പ്രയത്നിച്ചു വരുന്നു. 2016-17-ലെ വാർഷിക പദ്ധതിയിൽ കൊച്ചിയിലെ കനാലുകളുടെ സമഗ്ര വികസനത്തിനായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാർ, മറ്റ് ധനകാര്യ ഏജൻസികൾ എന്നിവയിൽ നിന്നും ധനസഹായം സ്വരൂപി ക്കുന്നതിനുതകുന്ന തരത്തിലായിരിക്കും ഈ റിപ്പോർട്ട്.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി നാമമാത്ര തുകയായ ഒരു ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

### 7.4.3. കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് (സി.എസ്.ഐ.എൻ.ഡി.)

(1) ഉൾനാടൻ കനാൽ പദ്ധതി

(വിഹിതം : 7032.00 ലക്ഷം രൂപ)

ഉൾനാടൻ ജലഗതാഗതം വളരെ കാര്യക്ഷമമായ ഗതാഗത മാർഗ്ഗമാണ്. ദേശീയ ജലപാത 111-മായി ബന്ധിപ്പിച്ച് വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിന് സംസ്ഥാന സർക്കാർ വളരെ അധികം പ്രാധാന്യം നൽകി വരുന്നു. ഫീഡർ കനാലുകളുടെ വികസനവും ആവശ്യമാണ്.

കേരള പെർസ്പെക്ടീവ് പ്ലാൻ 2030-ഉം ഉൾനാടൻ ജലഗതാഗത വികസനത്തിന് വളരെ അധികം പ്രാധാന്യം നൽകി വരുന്നു.

വെസ്റ്റ് കോസ്റ്റ് കനാലിന് 590 കി. മീറ്റർ ദൈർഘ്യമുണ്ട്. കോട്ടപ്പുറം നീലേശ്വരം വിഭാഗത്തിനും കോവളം കൊല്ലം വിഭാഗത്തിലുമുള്ള പ്രവർത്തനങ്ങൾക്കാണ് ഏറ്റവും അധികം പ്രാധാന്യം നൽകിവരുന്നത്. ഈ വിഭാഗങ്ങളിലെ പ്രവർത്തികളുടെ സുഗമമായ നടത്തിപ്പിന് സൗകര്യപ്രദമായ റീച്ചുകളായി വിഭജിച്ചിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) കൊല്ലം, കോവളം വിഭാഗം

(വിഹിതം 1000.00 ലക്ഷം രൂപ)

കൊല്ലം, കോവളം വിഭാഗത്തിന് 74 കി. മീ. ദൈർഘ്യമുണ്ട്. ഇതിൽ 31 കി. മീ. സഞ്ചാരയോഗ്യമാണ്. കൊല്ലം തോടിനു സമീപമുള്ള നിവാസികളുടെ മാറ്റി പാർപ്പിക്കൽ പൂർത്തായായിരിക്കുന്നു. കൊല്ലം, കോവളം പ്രദേശത്തെ ടൂറിസം വികസനത്തിനായി ഈ ഭാഗത്തെ വർക്കല വരെ വികസിപ്പിക്കാവുന്നതാണ്. 2015-16-ൽ തുടങ്ങിയ കൊല്ലം പട്ടണത്തിലെ കല്ലു പാലത്തെ പാലം പുനർനിർമ്മാണം പുരോഗമിച്ചു വരുന്നു. വർക്കല തെക്ക് 3 റോഡ് ഓവർബ്രിഡ്ജുകളുടെ നിർമ്മാണത്തിനായുള്ള അനുമതി ലഭിക്കുവാനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആരംഭിച്ച പ്രവർത്തികൾ തുടരുവാനും ശേഷിക്കുന്ന ഭാഗം സഞ്ചാരയോഗ്യമാക്കുവാനും വേണ്ട പ്രവർത്തികൾ ഏറ്റെടുക്കുവാൻ 2016-17-ലെ വാർഷിക ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) കോട്ടപ്പുറം, നീലേശ്വരം ഭാഗം വികസനം

(വിഹിതം 2000.00 ലക്ഷം രൂപ)

കോട്ടപ്പുറം, നീലേശ്വരം ഭാഗത്തിന്റെ ദൈർഘ്യം 348 കി. മീറ്ററാണ്. 195 കി. മീ. സഞ്ചാരയോഗ്യമാണ്. ഭൂമി ഏറ്റെടുക്കൽ, കനാലുകലുടെ ഭിത്തി സംരക്ഷണം സുഗമമായ സഞ്ചാരത്തിനാവശ്യമായ പ്രവർത്തികൾ, പുരോഗമിക്കുന്ന പ്രവർത്തികൾക്കായുള്ള സ്പിൽ ഓവർ തുക എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2016-17-ലെ വാർഷിക പദ്ധതിയിൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ക്രോസ്സ് സ്ട്രച്ചറുകളുടെ നിർമ്മാണം

(വിഹിതം 2800.00 ലക്ഷം രൂപ)

ഉൾനാടൻ ജലപാതയുടെ വികസനത്തിനായി, പല ഭാഗത്തേയും പാലങ്ങൾ, നടപ്പാലങ്ങൾ, റയിൽവേ ഓവർ ബ്രിഡ്ജ്, കനാൽ ക്രോസ്സിംഗ് എന്നിവയുടെ പുനർനിർമ്മാണം ഒഴിച്ചുകൂടാനാവാത്തതാണ്. മേൽ പ്രവർത്തിക്കുന്നവയുടെ പുനർനിർമ്മാണത്തിനും പുരോഗമിച്ചു വരുന്ന പ്രവർത്തികളുടെ സ്പിൽ ഓവർ തുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 2800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഡി) ഉൾനാടൻ ജലഗതാഗത ആധുനിക വൽക്കരണം

(വിഹിതം : 600.00 ലക്ഷം രൂപ)

ജലഗതാഗതം സുരക്ഷിതമാക്കുന്നതിനാവശ്യമായ നാവിഗേഷൻ, എയ്ഡ്സ്, ലൈറ്റിംഗ്, വാർണിംഗ് സിഗ്നൽ, പാർശ്വ ഭിത്തി സംരക്ഷണം, പുരോഗമിക്കുന്ന പ്രവർത്തികൾക്കായുള്ള സ്പിൽ ഓവർ തുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2016-17-ലെ വാർഷിക പദ്ധതിയിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഇ) ടെർമിനലുകൾ/ജെട്ടികൾ എന്നിവയുടെ നിർമ്മാണം

(വിഹിതം : 500.00 ലക്ഷം രൂപ)

പൂർത്തീകരിച്ച റീച്ചുകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുവാനാവശ്യമായ ടെർമിനലുകളുടെയും, ജെട്ടികളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എഫ്) ഉൾനാടൻ ജലഗതാഗത വകുപ്പ് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ

(വിഹിതം 132.00 ലക്ഷം രൂപ)

സംസ്ഥാനത്ത് ലഭ്യമായ ഉൾനാടൻ ജലഗതാഗത സൗകര്യങ്ങളുടെ വികസനത്തിനും, ഇൻവെസ്റ്റിഗേഷനും, പ്ലാനിംഗ്, ഡിസൈൻ, പഠനം, ഡി. പി. ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി 132.00 ലക്ഷം രൂപ 2016-17-ലെ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

(2) നബാർഡ്

(വിഹിതം 5000.00 ലക്ഷം രൂപ)

ഫീഡർ കനാലുകളുടെ വികസനത്തിനും മറ്റ് ഉൾനാടൻ ജലഗതാഗത ജോലികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ ആർ.ഐ.ഡി.എഫ്. സഹായമായി 5000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

(3) ഉൾനാടൻ ജലഗതാഗത പ്രമോഷൻ ഫണ്ട്

(വിഹിതം : 500.00 ലക്ഷം രൂപ)

ഭാരം കൂടിയതും അപകടകരമായ ചരക്കുകൾ ഉൾനാടൻ ജലമാർഗ്ഗേ തിരിച്ചുവിടുന്നതിനായി ഷിപ്പർമാർക്ക് ആകർഷകമായ പ്രോത്സാഹനം, സബ്സിഡി ഏർപ്പെടുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന പ്രകാരമുള്ള പ്രവർത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

1. ഉൾനാടൻ ജലഗതാഗത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുക.
2. ഉൾനാടൻ ജലഗതാഗതത്തിനായി ആകർഷകമായ ധനസഹായം/സബ്സിഡി പദ്ധതികൾ ഏർപ്പെടുത്തുക.
3. ഉൾനാടൻ ജലഗതാഗത പ്രോത്സാഹനത്തിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കുക.
4. ഉൾനാടൻ ജലവാഹനങ്ങൾ നിർമ്മിക്കുവാനുള്ള ധന സഹായം.

ഈ പദ്ധതിക്കായി 2016-17-ലെ വാർഷിക ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7.5 മറ്റു ഗതാഗത സർവ്വീസുകൾ

1. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ

(വിഹിതം : 1.00 ലക്ഷം രൂപ)

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് അധികഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

2. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യ വികസനം

(വിഹിതം : 1.00 ലക്ഷം രൂപ)

കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ, ബി.പി.സി.എൽ./കെ.ഐ.എ.എൽ. ജോയിന്റ് വെഞ്ചർ കമ്പനിക്കുള്ള ഓഹരി മൂലധനം, കാലവർഷത്തിന് മുന്നോടിയായുള്ള പ്രവൃത്തികൾ, തലശ്ശേരി മുതൽ വിമാനത്താവളം വരെ ബൈപ്പാസ് റോഡിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധികതുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

3. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

(വിഹിതം : 1.00 ലക്ഷം രൂപ)

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പ്രോജക്റ്റിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സബ് ഡെബ്റ്റിനും, ഇക്വിറ്റി (കെ. എം. ആർ. എൽ.), മറ്റു പ്രവൃത്തികൾക്കുമുള്ള പദ്ധതിയാണിത്. 2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽനിന്നും വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

4. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി—കേരള റാപ്പിഡ് ട്രാൻസിസ്റ്റ് കോർപ്പറേഷൻ ലിമിറ്റഡ്

(വിഹിതം : 1.00 ലക്ഷം രൂപ)

2016-17 വാർഷിക ബഡ്ജറ്റിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

- ഇക്വിറ്റി
- സബ് ഡെറ്റ്/ഗ്രാന്റ്/സെൻട്രൽ ടാക്സ്
- ഭൂമി ഏറ്റെടുക്കുന്നതിന് സബ് ഡെറ്റ്
- മറ്റ് പദ്ധതി ഘടകങ്ങൾ.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം ആവശ്യാനുസരണം മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

5. മൊബിലിറ്റി ഹബ്ബുകൾ

(വിഹിതം : 1.00 ലക്ഷം രൂപ)

വൈറ്റില മൊബിലിറ്റി ഹബ്ബും തിരുവനന്തപുരം മൾട്ടി മോഡൽ എയർപോർട്ട് ഹബ്ബും 2016-17 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബസ് ബേകളോടുകൂടിയ ടെർമിനൽ, മതിയായ പാർക്കിംഗ് സൗകര്യം, സിറ്റി ബസ് ടെർമിനൽ, രണ്ടു നിലകളിലായുള്ള എൻട്രി പ്ലാസ, ഗ്രീൻ ഏരിയ, ബോട്ട് ജെട്ടികൾ, മെട്രോ റെയിൽ സ്റ്റേഷൻ, പ്രവേശനത്തിനും നിർഗമനത്തിനുമുള്ള റോഡുകൾ, ബസ് ക്ലിനിക്കും ക്രൂ അമിനിറ്റിയും, ഇന്ധനം നിറയ്ക്കാനുള്ള കേന്ദ്രം, റെയിൽവെയുമായുള്ള ബന്ധിപ്പിക്കൽ തുടങ്ങിയവയാണ് വൈറ്റില മൊബിലിറ്റി ഹബ്ബ് പദ്ധതിയുടെ ഘടകങ്ങൾ.

തിരുവനന്തപുരം വിമാനത്താവളവുമായി ബന്ധപ്പെടുന്ന യൂണിറ്റുകൾ.—അതായത് എം. ആർ. ഒ., ബ്രഹ്മോസ്, വി. എസ്. എസ്. സി., ടെക്നോപാർക്ക്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി (വലിയമല), ഐ. എ. എഫ്., രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി മുതലായവ തമ്മിലുള്ള പ്രവർത്തന സാമ്പത്തിക സഹകരണമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആക്കുളത്ത് ഒരു അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. വിമാനം പുതുക്കൽ/പോളിഷ് ചെയ്യൽ, വിമാനങ്ങളുടെ ടയർ റീ ട്രേഡിംഗ് മുതലായ പ്രവൃത്തികൾ സമീപത്തുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ആരംഭിക്കുവാൻ ഇത് ഇടവരുത്തും. തിരുവനന്തപുരത്തെ മൾട്ടി മോഡൽ ഹബ്ബിന്റെ ഉദ്ദേശംതന്നെ പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗങ്ങളായ വ്യോമ ഗതാഗതം, റെയിൽ, റോഡ്, ഉൾനാടൻ ജലഗതാഗതം, കടൽ ഗതാഗതം എന്നിവയുടെ ഏകീകരണം കൂടിയാണ്. ഒരുപക്ഷേ ഇത് രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തെ സംരഭമായേക്കാം.

ഈ പദ്ധതികൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്നപക്ഷം മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

6. കോഴിക്കോട് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ

(വിഹിതം : 1.00 ലക്ഷം രൂപ)

കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

7. സംസ്ഥാനത്ത് ഹെലിപോർട്ട് സ്ഥാപിക്കൽ/ഹെലി ട്രാൻസ്പോർട്ട്/ടൂറിസത്തിന് അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : 1.00 ലക്ഷം രൂപ)

ഹെലിപ്പാഡിന്റെ വികസനം (സിംഗിൾ ലാന്റിംഗ് സൗകര്യം), ഹെലി ട്രാൻസ്പോർട്ട്/വിനോദ സഞ്ചാരം എന്നിവയ്ക്ക് അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു.

8. സബർബൻ റെയിൽ കോറിഡോർ

(വിഹിതം : 1.00 ലക്ഷം രൂപ)

2016-17 വാർഷിക ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി 1.00 ലക്ഷം രൂപ തിരുവനന്തപുരം-ചെങ്ങന്നൂർ/ഹരിപ്പാട് സബർബൻ ട്രെയിൻ സർവ്വീസിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

അധികതുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽനിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

## പുതിയ പദ്ധതികൾ

9. കൊച്ചിയിൽ സംയോജിത ജലഗതാഗത സമ്പ്രദായം

(വിഹിതം : 1.00 ലക്ഷം രൂപ)

കൊച്ചി നഗരത്തിൽ നിലവിലുള്ള ജലഗതാഗത സമ്പ്രദായത്തെ പുനരുജ്ജീവിപ്പിച്ച് അതിനെ നിലവിൽ വരാനിരിക്കുന്ന മെട്രോ പദ്ധതി, ബസ് അടിസ്ഥാനമായുള്ള പൊതു ഗതാഗത സമ്പ്രദായത്തോടു യോജിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. താഴെപ്പറയുന്ന ഘടകങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

- ബോട്ട് ജെട്ടികളുടെ അടിസ്ഥാനത്തിൽ വികസനം, ബോട്ട് യാർഡ്, ജലമാർഗ്ഗത്തിന് ആഴംകൂട്ടൽ, വ്യാപാര സമുച്ചയങ്ങൾ, ഉൾനാടൻ ജലഗതാഗതത്തിന് നിക്ഷേപം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന ചെലവുകൾ, മറ്റ് ചെലവുകൾ.
- സോഫ്റ്റ് കോസ്റ്റുകൾ—സെറ്റ് അപ്പ്/സ്റ്റാർട്ട് അപ്പ്/ ഡെവലപ്മെന്റ് കോസ്റ്റ് (2%).
- മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളായ റോഡുകൾ/ദ്വീപിലേക്കുള്ള റോഡ്, മോട്ടോർ രഹിത ഗതാഗതം, ഇലക്ട്രിക് ഫീഡറുകൾ, നടപ്പാത, സൈക്കിൾ യാത്രയുമായി പങ്കുവയ്ക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധിക തുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

10. ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ

(വിഹിതം : 1.00 ലക്ഷം രൂപ)

വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി ബേക്കലിൽ ചെറിയ എയർ ക്രാഫ്റ്റുകൾക്ക് പുറപ്പെടാനും ഇറങ്ങാനും ഉള്ള സൗകര്യം നൽകുന്ന ഒരു പദ്ധതിയാണിത്. റൺവേ (നോൺ ഇൻസ്ട്രമെന്റ് ടൈപ്പ്), എയർ ക്രാഫ്റ്റ് പാർക്കിംഗ് ബേ, പാസഞ്ചർ ടെർമിനൽ കെട്ടിടങ്ങൾ, കാർ പാർക്കിംഗ്, മറ്റ് സൗകര്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2016-17 വാർഷിക ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ നാമമാത്ര വിഹിതമായി വകയിരുത്തിയിരിക്കുന്നു. അധികതുക ആവശ്യമായി വരുന്നപക്ഷം 'മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട്' എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.

## 7.6 വിനോദസഞ്ചാരം

ഇന്ത്യയിലെ ഏറ്റവും മഹത്തരമായ വിനോദസഞ്ചാര കേന്ദ്രമാണ് "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം. കേരളത്തിലെ വിനോദസഞ്ചാര വ്യവസായം പശ്ചാത്തല വികസനം സാധ്യമാക്കുന്നതിലുപരി സന്തുലിതവും സ്ഥായിയായതുമായ വളർച്ചയും ഉറപ്പാക്കുന്നു. 12-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ നാലുവർഷങ്ങളിൽ ഈ മേഖലയ്ക്കായി ₹ 78983 ലക്ഷം മാറ്റിവച്ചിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ 24 സംസ്ഥാന സ്കീമുകളിലായി ₹ 31157 ലക്ഷം രൂപയുടെ പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു :

1. കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ (കെ. റ്റി. ഡി. സി.) ക്ലിപ്തം

(വിഹിതം: 650.00 ലക്ഷം രൂപ)

സംസ്ഥാനത്ത് വിനോദസഞ്ചാര വികസനത്തിനാവശ്യമായ പശ്ചാത്തല സംവിധാനമൊരുക്കുന്നതിൽ കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ സജീവമായ പങ്കുവഹിക്കുന്നു. കെ. ടി. ഡി. സി.-യുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ സംരക്ഷണവും പുതുക്കലും മെച്ചപ്പെടുത്തലും പ്രത്യേകിച്ച് ഹോട്ടൽ സമുദ്ര, മലമ്പുഴ ഗാർഡൻ ഹൗസ്, പറശിനിക്കടവ് ടാമറിൻഡ് ഹോട്ടൽ, മങ്ങാട്ടുപറമ്പ്, വടകര, കൊട്ടാരക്കര, കന്യാകുമാരി ആരാമുകളും, കോഴിക്കോട് മലബാർ മാൻഷനും ഉൾപ്പെടുന്നു. ഇതിലേക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 650.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

2. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

(വിഹിതം: 100.00 ലക്ഷം രൂപ)

സംസ്ഥാനത്ത് സംയുക്ത വിനോദസഞ്ചാര സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഏജൻസിയാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുള്ള സൗകര്യമൊരുക്കൽ, നൂതന വിനോദസഞ്ചാര ഉൽപ്പന്നവികസനം, കാരവാൻ ടൂറിസം സൗകര്യമൊരുക്കൽ, ഉൾനാടൻ ജലപാതകളിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നിക്ഷേപ വികസനം എന്നീ പ്രവർത്തനങ്ങൾ 2016-17 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതിലേക്കായി ₹100 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

3. <u>ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി. ആർ. ഡി. സി.)</u>

(വിഹിതം: 150.00 ലക്ഷം രൂപ)

ബേക്കലിന്റേയും സമീപപ്രദേശങ്ങളുടേയും വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. സൗത്ത് ബീച്ച് പാർക്ക് നവീകരണം, സർവ്വീസ് റോഡ് നിർമ്മാണം, ജലപദ്ധതി നടത്തിപ്പ്, വൈദ്യുതീകരണം, മാലിന്യ നിർമ്മാർജ്ജനം, ഭരണ-പരിശീലന ബ്ലോക്ക് നിർമ്മാണം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

ഇതിലേക്കായി ₹ 150 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

4. <u>വിനോദസഞ്ചാര വികസന സമിതികൾ</u>

(വിഹിതം: 605.00 ലക്ഷം രൂപ)

ജില്ലാ വിനോദസഞ്ചാര വികസന സമിതികൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക വിനോദസഞ്ചാര വികസനവും വിപണനവും, വിനോദസഞ്ചാര സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തി അംഗീകാരം നൽകൽ, വിനോദസഞ്ചാര ബോധവത്കരണം നടത്തി ആതിഥേയ സമൂഹത്തെ സജ്ജമാക്കൽ, ഹോംസ്റ്റേ പ്രോൽസാഹിപ്പിക്കൽ, ശുചിത്വ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കൽ, ബോട്ട് ജെട്ടികൾ, വിനോദസഞ്ചാര സൗകര്യങ്ങൾ, പണം കൊടുത്തുപയോഗിക്കാവുന്ന ശൗചാലയങ്ങൾ, പാർക്കുകൾ, അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങൾ മുതലായവയിലെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ നടപ്പിലാക്കൽ എന്നിവയാണ്. ചെറുതും ഇടത്തരവുമായ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളാണ്. ഡി. റ്റി. പി. സി.-യുടേയും ഡി. എം. സി.-യുടേയും മേൽപ്രവർത്തനങ്ങൾക്കും സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പദ്ധതിവിഹിതം ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതിലേക്കായി ₹ 605 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

5. <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസം മേഖലയിൽ മാനവശേഷി വികസനം</u>

(വിഹിതം: 850.00 ലക്ഷം രൂപ)

സംസ്ഥാനത്തെ വിനോദസഞ്ചാരത്തിന്റെ നിലനിൽപ്പിന് പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ട പ്രധാനപ്പെട്ട മേഖലകളിൽ ഒന്നാണ് ഗുണമേന്മയുള്ള മാനവശേഷി വികസനം. ടൂറിസം മേഖലയിലെ മാനവശേഷി വികസനത്തിന് ഊന്നൽ നല്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് എന്നിവ. പ്രസ്തുത സ്ഥാപനങ്ങളുടെ അക്കാദമിക താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം, ഗവേഷണ പരിപോഷണം, പഠനസാമഗ്രികൾ വികസിപ്പിക്കൽ, വെബ് അധിഷ്ഠിത സംവിധാനങ്ങൾ വികസിപ്പിക്കൽ, അവബോധ-പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതിലേക്കായി ₹ 850 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ കിറ്റ്സ്, എഫ്. സി. ഐ., കെ. എസ്. എച്ച്. എം. എന്നിവയുടെ വിഹിതം യഥാക്രമം ₹ 350 ലക്ഷം, ₹ 250 ലക്ഷം, ₹ 250 ലക്ഷം എന്ന തോതിലാണ്.

6. <u>വിനോദസഞ്ചാര മേഖലയെ ആസ്പദമാക്കിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരണവും ആഘാത പഠനവും</u>

(വിഹിതം: 85.00 ലക്ഷം രൂപ)

വിനോദസഞ്ചാര മേഖലയിൽ സ്ഥിരം ഫീഡ്ബാക്ക് പഠനങ്ങൾ, ഇംപാക്റ്റ് പഠനങ്ങൾ, വിപണി പഠനങ്ങൾ, മുതലായവ സംഘടിപ്പിക്കൽ, വിനോദസഞ്ചാരികളുടെ സന്ദർശന കണക്കുകൾ സ്ഥിരമായി ശേഖരിച്ചു പ്രസിദ്ധീകരിക്കൽ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

ഇതിലേക്കായി ₹ 85 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

7. <u>വിപണനം</u>

(വിഹിതം: 3500.00 ലക്ഷം രൂപ)

വിനോദസഞ്ചാര വിപണനത്തിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ നേതൃനിരയിലാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇക്കാര്യത്തിലും സംസ്ഥാനം ഉപയോഗിച്ചുവരുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ നൂതനവും കാലികവുമായ പല വിപണനമാർഗ്ഗങ്ങളും വിനോദ സഞ്ചാര വകുപ്പ് ഉപയുക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്:

(a) ദേശീയ-അന്തർദ്ദേശീയ വ്യവസായ മേളകളിൽ പങ്കെടുക്കുക.

(b) റോഡ് ഷോകൾ, സെമിനാറുകൾ, ശില്പശാലകൾ മുതലായവ നടത്തുക.

(c) ടൂർ ഓപ്പറേറ്റർമാർ, പ്രമുഖ ട്രാവൽ റൈറ്റേഴ്സ്, ജേർണലിസ്റ്റുകൾ എന്നിവർക്ക് പരിചയമാർജ്ജിക്കൽ സവാരികൾ സംഘടിപ്പിക്കുക.

(d) ടെലിവിഷൻ, പ്രിന്റ് മാധ്യമങ്ങളിലൂടെ പരസ്യ പ്രചരണം.

(e) ട്രെയിൻ ബ്രാന്റിംഗ്, എയർപോർട്ട് ബ്രാന്റിംഗ് സോഷ്യൽ മീഡിയ ക്യാംപെയ്ൻ തുടങ്ങിയ നൂതന വിപണന പരിപാടികൾ.

(f) വിസ ഓൺ അറൈവൽ രാജ്യങ്ങളിൽ പ്രത്യേക ക്യാമ്പെയ്നുകൾ.

(g) തനത് ഉല്പന്നങ്ങൾ വിപണനം ചെയ്യൽ, ഗ്രേറ്റ് ബാക്ക് വാട്ടർ ഓഫ് കേരള, കേരള ഹോം ഓഫ് ആയുർവേദ, യുവർ മൊമന്റ് ഈസ് വെയ്റ്റിംഗ്, ഡ്രീം സീസൺ തുടങ്ങിയ പുതിയ ബ്രാന്റുകൾ പ്രചരിപ്പിക്കൽ.

(h) ഉത്തരവാദിത്വ വിനോദസഞ്ചാരം, തീർത്ഥാടന വിനോദസഞ്ചാരം, ഗ്രാമ ജീവിതാനുഭവം, മൈസ് ടൂറിസം, വിവാഹ വിനോദസഞ്ചാരം തുടങ്ങിയ പുതിയ ഉല്പന്നങ്ങൾ പ്രോൽസാഹിപ്പിക്കൽ.

(i) "സുഗന്ധവ്യഞ്ജന പാത" പദ്ധതി അതുമായി ബന്ധപ്പെട്ട രാജ്യങ്ങളിൽ പ്രചരിപ്പിക്കലും വിപണനം ചെയ്യലും.

(j) സ്വകാര്യ മേഖലയുടെ വിപണന പദ്ധതികൾക്ക് പിന്തുണ നല്കൽ.

(k) ബേക്കൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ ദേശീയ-അന്തർദ്ദേശീയ വിപണനത്തിനായി 100 ലക്ഷം രൂപ വകയിരുത്തുന്നു.

(l) വന്യജീവി സങ്കേതങ്ങളിൽ നിന്നും തൽസമയ വീഡിയോ ദൃശ്യങ്ങൾ നല്കുന്നതിന് ഡ്രോണുകളും ക്യാമറാ ട്രാപ്പുകളും വാങ്ങി സ്ഥാപിക്കൽ. ഇതിലേക്കായി 100 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

(m) നവീന വന്യജീവി വിനോദസഞ്ചാര പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ട് നിലവിലുള്ള പ്രോജക്ടുകൾ കാര്യക്ഷമമാക്കുവാനും വിനോദസഞ്ചാരം വന വന്യജീവി വ്യവസ്ഥയ്ക്കുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനും വേണ്ടി ₹100 ലക്ഷം നീക്കിവയ്ക്കുന്നു.

(n) കേരള പൈതൃകങ്ങൾ പോലെയുള്ള കോഫിടേബിൾ ബുക്കുകൾ തയ്യാറാക്കുന്നതിലേക്ക് ₹ 100 ലക്ഷം നീക്കിവയ്ക്കുന്നു.

(o) വിവര സാങ്കേതിക വിനിമയ ഉപാധികളായ വെബ്ബ്, മൾട്ടിമീഡിയ, സോഷ്യൽ മീഡിയ, സോഫ്റ്റ്‌വെയർ എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി ₹ 750 ലക്ഷം നീക്കിവയ്ക്കുന്നു.

ഇതിലേക്കായി ₹ 3500 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തുന്നു.

8. പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷിപ്പിക്കലും

(വിഹിതം: 1464.00 ലക്ഷം രൂപ)

കേരളത്തിന്റെ തനത് ചരിത്രവും കലയും ഉത്സവങ്ങളും വാസ്തുവിദ്യയും സംസ്കാരവും ലോകത്തിന്റെ നാനഭാഗത്തു നിന്നും വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന, ആകയാൽ പരമ്പരാഗത ഉത്സവങ്ങൾ, മേളകൾ സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും നിശാഗന്ധി നൃത്തസംഗീത പരിപാടി, ഓണം വാരാഘോഷം, ആദിവാസി നൃത്തോത്സവം, ആദിവാസി ഉല്പന്നങ്ങളുടെ പ്രദർശനം മുതലായവ സംഘടിപ്പിക്കുന്നതിനും, പൂരം, തെയ്യം തുടങ്ങിയ ഉത്സവങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനും മേൽ പ്രവർത്തനങ്ങളുടെ പരസ്യ പ്രചാരണത്തിനും ബഡ്ജറ്റിൽ വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്നു. കൊച്ചി-മുസ്സരീസ് ബിനാലെയ്ക്കായി ₹ 750 ലക്ഷം നീക്കിവച്ചിരിക്കുന്നു.

ഇതിലേക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ മൊത്തം ₹ 1464 ലക്ഷം വകയിരുത്തിയിരിക്കുന്നു.

9. ഭാരത സർക്കാർ ആവിഷ്കരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പശ്ചാത്തല സൗകര്യവും മാച്ചിംഗ് ഗ്രാന്റും.

(വിഹിതം: 2400.00 ലക്ഷം രൂപ)

കേന്ദ്ര സർക്കാരിന്റെ കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികളിൽ അനുവദിക്കുന്ന പ്രവൃത്തികളുടെ അനുബന്ധ പരിപാടികൾ ഏറ്റെടുക്കുവാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അടുത്തിടെ കേന്ദ്ര സർക്കാർ ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും അതിൻപ്രകാരമുള്ള പ്രവൃത്തികളുടെ തുടർ ചെലവുകൾ ധനകാര്യകമ്മീഷൻ അധികമായി സ്റ്റേറ്റിന് അനുവദിച്ച തുകയിൽനിന്നും കണ്ടെത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും ഉല്പന്നങ്ങളുടേയും വികസനം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും ഇതിൽപ്പെടുന്നു. സ്വദേശി ദർശൻ, പ്രസാദ് എന്നീ രണ്ട് പുതിയ കേന്ദ്ര പദ്ധതികളിലും പ്രവൃത്തികൾ അനുവദിക്കുന്നുണ്ട്. ആയതിനാൽ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് :

(i) നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരമുള്ള പ്രവൃത്തികളുടെ ചെലവുകൾ വഹിക്കുന്നതിന്.

(ii) കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികളുടെ അനുബന്ധ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന്.

(iii) പണം മുൻകൂറായി അനുവദിക്കുന്നതിനും കേന്ദ്ര വിഹിതം ലഭിക്കുമ്പോൾ അത് തിരിച്ചടയ്ക്കുന്നതിനും.

₹ 2400 ലക്ഷം 2016-17 ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരിക്കുന്നു.

10. വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിനും സ്വകാര്യ മേഖലയ്ക്ക് സഹായം

(വിഹിതം: ₹ 50.00 ലക്ഷം)

സ്വകാര്യ പുരാവസ്തു കെട്ടിടങ്ങളുടെ സംരക്ഷണത്തിന് നൽകിവരുന്ന ധനസഹായം തുടരുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ഇതിലേക്കായി ₹ 50 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

11. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല അടിസ്ഥാന സൗകര്യമൊരുക്കൽ

(വിഹിതം: 13065 ലക്ഷം രൂപ)

ഒരേസമയം വിനോദസഞ്ചാരികൾക്ക് ലോക നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിന് വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക, കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ശരിയായി നിലനിർത്തുക എന്നീ കാര്യങ്ങളും അതേസമയം തദ്ദേശീയർക്ക് മെച്ചപ്പെട്ട ജോലിയും വരുമാനവും നേടുകയും പ്രകൃതിയും സംസ്കാരവും കോട്ടംതട്ടാതെ സൂക്ഷിക്കുകയുമാണ് കേരള വിനോദസഞ്ചാരം ഉന്നംവയ്ക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പിള്ളി, വയനാട്, ബേക്കൽ എന്നീ സ്ഥലങ്ങൾ മാത്രം മാസ്റ്റർ പ്ലാനും, ഡി.പി.ആർ.-ഉം അനുസരിച്ച് സുസ്ഥിരമായി വികസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. കോവളവും അതിരപ്പിള്ളിയും എല്ലാത്തരത്തിലും അന്താരാഷ്ട്ര നിലവാരത്തിൽ മനോഹരമാക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിലുള്ള മാതൃകാ പദ്ധതിയായി ഉയർത്തിക്കാട്ടുവാനുമാണ് ഇതിൽ മുൻഗണന നൽകുന്നത്

ഈ പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ മാനദണ്ഡം പൊതു സ്വകാര്യ പങ്കാളിത്തം, ഭാഗഭാക്കുകളുടെ സഹകരണം, സുസ്ഥിര വികസനം, സംയോജിത പ്രവർത്തികൾ എന്നിവയായിരിക്കും. തല്പരകക്ഷികളുടേയും പ്രാദേശിക സർക്കാരുകളുടേയും സഹകരണം എവിടെയൊക്കെ സാധ്യമാണോ അവിടെയൊക്കെ അത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.

₹ 13065 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരിക്കുന്നു. മേൽവിവരിച്ച വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സ്പിൽ ഓവർ പ്രവർത്തികളുടെ ചെലവ് ഈ പദ്ധതിയിൽനിന്നും മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും ഉല്പന്നങ്ങളുടേയും സ്പിൽ ഓവർ പ്രവൃത്തികൾ "മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങളുടേയും ഉല്പന്നങ്ങളുടേയും വികസനം" എന്ന പുതിയ പദ്ധതിയിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

12. മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടേയും വികസനം (പുതിയ പദ്ധതി)

(വിഹിതം: 2500.00 ലക്ഷം രൂപ)

സംസ്ഥാനത്ത് നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളും, പുതിയവയും, അധികം അറിയപ്പെടാത്തവയുമായ കേന്ദ്രങ്ങളും കേരളത്തിലുടനീളം ഡി. പി. ആർ. അധിഷ്ഠിത മാക്കി സർക്കാർ നേരിട്ടും, പി. പി. പി. മാതൃകയിലും വികസി പ്പിക്കുന്നതിനും മറ്റ് വിനോദസഞ്ചാര സംബന്ധമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു.

(i) വിനോദസഞ്ചാര കേന്ദ്രങ്ങളിലും, പട്ടണങ്ങളിലും, ഗതാഗത കേന്ദ്രങ്ങളിലും അത്യാധുനിക വിനോദ സഞ്ചാര വിവരവിനിമയ കേന്ദ്രങ്ങൾ വികസിപ്പിക്കുക.

(ii) സുസ്ഥിര മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്ന തുൾപ്പെടെ സംസ്ഥാന അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ പരിപാടികൾ ഏറ്റെടുക്കുക.

(iii) റെയിൽവേ സ്റ്റേഷനുകളിൽ ആധുനിക സന്ദർശക കേന്ദ്രങ്ങൾ.

(iv) വിനോദസഞ്ചാര കേന്ദ്രങ്ങളിലും വഴികളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള ചൂണ്ടുപലകകൾ സ്ഥാപിക്കൽ.

(v) മെച്ചപ്പെട്ട വഴിയോര സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(vi) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ഗതാഗത പ്രോജക്ടുകൾ.

(vii) ഡി. പി. ആറും മാസ്റ്റർ പ്ലാനുകളും തയ്യാറാക്കൽ.

(viii) സഞ്ചാരികളുടെ സുരക്ഷാ ക്രമീകരണങ്ങൾ.

(ix) മൃഗസംരക്ഷണ വകുപ്പുമായിച്ചേർന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നായ്ക്കളുടെ വന്ധ്യംകരണ പ്രോജക്ട് ഏറ്റെടുക്കുക.

(x) സ്പിൽ ഓവർ വർക്കുകൾ.

(xi) കുന്നംകുളം പുരാവസ്തു വിനോദസഞ്ചാരം.

(xii) കോട്ടയം ഗ്രീൻ ട്യൂറിസം സർക്യൂട്ട് പി. പി. പി. മാതൃകയിൽ വികസിപ്പിക്കുന്നതിന് ₹ 1000 ലക്ഷം ഈ വർഷത്തെ സർക്കാർ വിഹിതം.

എല്ലാ പശ്ചാത്തല സൗകര്യ പ്രോജക്ടുകളിലും മാലിന്യ സംസ്കരണം, വൃത്തിയുള്ള ശൗചാലയങ്ങൾ, ഊർജ സംരക്ഷണ ഉപാധികൾ എന്നിവ ഉറപ്പാക്കേണ്ടതാണ്. ഭാവിയിലെ അറ്റകുറ്റപ്പണികൾക്കാവശ്യമായ വരുമാനദായക പ്രവർത്തികളും ഏറ്റെടുക്കണം.

ഇവയ്ക്കായി ₹ 2500.00 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തുന്നു. മേൽപ്പടിയുള്ള കാര്യങ്ങളുടെ സ്പിൽ ഓവർ വർക്കുകൾ ഇതിൽ വഹിക്കേണ്ടതാണ്.

13. ഗസ്റ്റ് ഹൗസുകളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കലും മെച്ചപ്പെടുത്തലും

(വിഹിതം: 1000.00 ലക്ഷം രൂപ)

വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തും ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആലുവ, എറണാകുളം, മലപ്പുറം, മൂന്നാർ, പീരുമേട്, കോട്ടയം, പത്തനംതിട്ട, ഗുരുവായൂർ, ദേവികുളം, ചെറുതുരുത്തി, പാലക്കാട്, കോഴിക്കോട്, കാസറഗോഡ് ഗസ്റ്റ് ഹൗസുകളും മുംബൈയിലെ കേരളാ ഹൗസ്, തിരുവനന്തപുരം, എറണാകുളം, ദേവികുളം എന്നിവിടങ്ങളിലെ യാത്രീ നിവാസുകളും പുതുക്കാനും പുനരുദ്ധരിക്കാനും പനങ്ങാട്, കൊച്ചി, ഗുരുവായൂർ, കന്യാകുമാരി ഗസ്റ്റ് ഹൗസുകൾ പുനരുദ്ധരിക്കാനും ഗസ്റ്റുഹൗസുകൾ അത്യാവശ്യഘട്ടങ്ങളിൽ പുതുക്കാനും അറ്റകുറ്റപ്പണി ചെയ്യുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. വിനോദസഞ്ചാര വകുപ്പും, കെ. റ്റി. ഡി. സി. യും സംയുക്തമായി ഗസ്റ്റ് ഹൗസ്-കം-ഹോട്ടലുകൾ വികസിപ്പിക്കുകയും സർക്കാർ ഉദ്യോഗസ്ഥർക്ക് ന്യായവില താമസഭക്ഷണ സൗകര്യ മൊരുക്കുകയും ചെയ്യുന്ന പ്രവർത്തി ഏറ്റെടുക്കണം.

ഇതിലേക്കായി ₹ 1000.00 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

14. വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനിക വൽക്കരണവും ശക്തിപ്പെടുത്തലും

(വിഹിതം: 165.00 ലക്ഷം രൂപ)

വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപന ങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വം നൽകി പ്രൊഫഷണലൈസ് ചെയ്ത് കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നു. അതിനായി സേവനങ്ങൾ ഔട്ട് സോഴ്സ് ചെയ്യൽ, പ്രൊഫഷണൽ വ്യക്തികൾ/സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക, ആധുനിക സംവിധാനത്തോടെ സ്ഥാപനങ്ങൾ നവീകരിക്കുക, പ്രവർത്തനമേഖല മെച്ചപ്പെടുത്തുന്നതിന് ഫർണിച്ചർ ഉൾപ്പെടെ സാമഗ്രികൾ സജ്ജീകരിക്കുക, അവലോകന പഠനങ്ങൾ നടത്തുക, പരിശീലനങ്ങൾ നൽകുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതിലേക്കായി ₹ 165.00 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

15. വിനോദസഞ്ചാര താമസ സൗകര്യങ്ങൾ (ഗസ്റ്റ് ഹൗസുകൾ)

(വിഹിതം: 50.00 ലക്ഷം രൂപ)

വിവിധ സർക്കാർ ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം, അറ്റകുറ്റപ്പണി തുടങ്ങിയവയാണ് ഇതിൽപ്പെടുത്തിയിരിക്കുന്നത്.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 50.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

16. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വികസനം

(വിഹിതം: 385.00 ലക്ഷം രൂപ)

പരിസ്ഥിതി സൗഹൃദ പരിപാടികൾ ശക്തമായി നടപ്പിലാക്കുക, പുതിയ പരിസ്ഥിതി വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയവ യാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. താഴെ പറയുന്ന പരിപാടികൾക്കായി പദ്ധതി സഹായം നൽകുന്നതാണ് :

- ഇക്കോ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, ഫെസിലിറ്റേഷൻ സെന്ററുകൾ, താമസ സൗകര്യ യൂണിറ്റുകൾ, ഇന്റർപ്രേറ്റേഷൻ സെന്ററുകൾ.

- പുതിയ പ്രോജക്ടുകൾ, പരിസ്ഥിതി സൗഹൃദ പരിപാടികൾ ശക്തിപ്പെടുത്തുക, ഇംപാക്റ്റ് സ്റ്റഡീസ്, ശാസ്ത്രീയ പഠനങ്ങൾ, പരിശീലന പരിപാടികൾ, സെമിനാർ, വർക്ക്ഷോപ്പുകൾ, സിമ്പോസിയങ്ങൾ, സ്പിൽ ഓവർ പ്രവൃത്തികൾ.

- തെൻമല ഇക്കോ ടൂറിസം സൊസൈറ്റിയുടെ വികസന പ്രവർത്തനങ്ങൾ.

ഈ കാര്യങ്ങൾക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 385.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

17. ഉത്തരവാദിത്വ വിനോദസഞ്ചാരം

(വിഹിതം: 110.00 ലക്ഷം രൂപ)

വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന ഒരു ദാരിദ്ര്യ നിർമ്മാർജ്ജനോന്മുഖമായ പദ്ധതിയാണ് ഉത്തരവാദിത്വ വിനോദ സഞ്ചാരം. വിനോദസഞ്ചാരം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ പ്രദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാ തൽപ്പര കക്ഷികളുടെയും സഹകരണം ഈ പദ്ധതിയുടെ പ്രത്യേകതയാണ്. ഈ പദ്ധതിയിൽ വിനോദസഞ്ചാരത്തിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വശങ്ങൾ പരിഗണിച്ചുകൊണ്ടാണ് പരിപാടികൾ നടപ്പിലാക്കുന്നത്. ആഗോള അംഗീകാരം നേടിയ ഒരു പദ്ധതികൂടിയാണിത്. ഇതിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ വിജയംകണ്ട മാതൃക മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലും പകർത്തുവാൻ അവരുടെകൂടെ സഹകരണത്തോടെ “ദൈവത്തിന്റെ സ്വന്തം നാട്—ജനങ്ങളുടെ സ്വന്തം വിനോദ സഞ്ചാരം'' എന്നൊരു പദ്ധതിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം, ശേഷി വികസനം, പശ്ചാത്തലമൊരുക്കൽ, വിപണന സാമഗ്രികളൊരുക്കൽ, സെമിനാർ, ശിൽപ്പശാല എന്നിവയിലൂടെ ആശയ രൂപീകരണം, കിറ്റ്സിലെ ഉത്തരവാദിത്വ വിനോദസഞ്ചാര സ്കൂളിന്റെ വികസനം, സംയോജനം, നടത്തിപ്പ് എന്നിവ ഈ സ്കീംകൊണ്ട് ഉദ്ദേശിക്കുന്നു.

ഇതിലേക്കായി ₹ 110.00 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

18. ഹെറിറ്റേജ് & സ്പൈസ് റൂട്ട് പ്രോജക്ട്

(വിഹിതം: 1800.00 ലക്ഷം രൂപ)

സംസ്ഥാനത്തിന് കലയുടെയും സംസ്കാരത്തിന്റെയും വാണിജ്യത്തിന്റെയും ഒരു നല്ല ചരിത്രമുണ്ട്. ഇത് സംരക്ഷിക്കുകയും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്യുവാൻ സർക്കാർ പ്രത്യേകിച്ചും ശ്രദ്ധിക്കുന്നുണ്ട്. മുസരിസ് ഹെറിറ്റേജ് പദ്ധതിയിൽ മ്യൂസിയങ്ങളുടേയും, കൊട്ടാരങ്ങളുടേയും, കോട്ടകൾ, അമ്പലങ്ങൾ, പള്ളികൾ, സിനഗോഗുകൾ, മറ്റ് ചരിത്രസ്മാരകങ്ങൾ എന്നിവയുടെയും ഒരു ശൃംഖല ഉൾപ്പെടുന്നു. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിൽ തലശ്ശേരി കോട്ട, ഗുണ്ടർട്ട് ബംഗ്ലാവ്, കടൽപ്പാലം, കണ്ണൂർകോട്ട, അറക്കൽക്കെട്ട് മുതലായവ ഉൾപ്പെടുന്നു.

ഇവയ്ക്കായി താഴെപ്പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു :

- പശ്ചാത്തല വികസനത്തിന് ഭൂമി ഏറ്റെടുക്കൽ.
- പശ്ചാത്തല വികസനം, മ്യൂസിയങ്ങളും കൾച്ചറൽ സെന്ററുകളും.
- പുരാവസ്തു ഗവേഷണവും സംരക്ഷണവും.
- ഇത്തരത്തിലുള്ള മറ്റ് ഹെറിറ്റേജ് പ്രവൃത്തികൾ ആരംഭിക്കുന്നതും പദ്ധതി വിഭാവനം ചെയ്യുന്നു. സ്പൈസ് റൂട്ട് പ്രോജക്ടിന്റെ പ്രാഥമിക പണികളായ വർക്ക്ഷോപ്പുകൾ, പഠനങ്ങൾ, അന്താരാഷ്ട്ര ബന്ധങ്ങൾ സ്ഥാപിക്കൽ, പ്രചരണം, വിപണനം എന്നിവയും വിഭാവനം ചെയ്യുന്നു.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 1800.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

19. കേരളാ വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ സ്കീം

(വിഹിതം: 400.00 ലക്ഷം രൂപ)

ആധുനികരീതിയിലുള്ള മാലിന്യസംസ്കരണ പദ്ധതികളുടെ അഭാവം വിനോദസഞ്ചാര മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ശാസ്ത്രീയ രീതിയിൽ മാലിന്യശേഖരണം, നിർമ്മാർജ്ജനം എന്നിവ ഊന്നൽകൊടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളുടേയും, സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ വിനോദസഞ്ചാര മേഖലകളിൽ മാലിന്യ സംസ്കരണ പരിപാടി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി ക്യാംപെയ്നുകൾ, ശുചിയാക്കൽ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണ സംവിധാനമൊരുക്കൽ എന്നിവ എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും, പ്രത്യേകിച്ച് കോവളം, വർക്കല, അഷ്ടമുടി, ആലപ്പുഴ, കുമരകം, കൊച്ചി, മൂന്നാർ, തേക്കടി, വയനാട്, കോഴിക്കോട്, കണ്ണൂർ, ബേക്കൽ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടിയാണ്. പ്ലാസ്റ്റിക്ക് വിമുക്ത മേഖലകളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ തദ്ദേശഭരണ സ്ഥാപനങ്ങളും വിനോദസഞ്ചാര വ്യവസായ സംഘടനകളും ചേർന്നുള്ള പദ്ധതികൾക്ക് സഹായം നൽകാവുന്നതാണ്.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 400.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

20. നവീന ടൂറിസം ഉത്പന്നങ്ങളുടെ വികസനം

(വിഹിതം: 175.00 ലക്ഷം രൂപ)

കേരള ടൂറിസം, പ്രഗൽഭരായ സ്വകാര്യ സംരംഭകരുമായി ചേർന്ന് നവീനമായ വിനോദ സഞ്ചാര ഉത്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ശ്രമിക്കുന്നു. ആയുർവേദം, ഹൗസ് ബോട്ടുകൾ, ഇക്കോ-ടൂറിസം തുടങ്ങിയവ ഇത്തരത്തിൽ വിനോദസഞ്ചാര വികസനത്തിന് സംഭാവന നൽകിയ നവീന ഉത്പന്നങ്ങളാണ്. കാരവാൻ, ക്രൂയിസ്, എം.ഐ.സി.ഇ., സാഹസിക വിനോദസഞ്ചാരം, ജല കേളികൾ തുടങ്ങിയ നവീന ഉത്പന്നങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ വയബിലിറ്റി വിടവ് നികത്തുന്നതിനും മറ്റുമുള്ള പ്രവർത്തനങ്ങൾ കെ. റ്റി. ഐ. എൽ. പോലുള്ള ഏജൻസികൾ മുഖേന നടപ്പിലാക്കുവാൻ വിഭാവനം ചെയ്യുന്നു.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 175.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

21. കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ് മെക്കാനിസം

(വിഹിതം: 1650.00 ലക്ഷം രൂപ)

ദേശീയ-അന്തർദ്ദേശീയ രംഗങ്ങളിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാരും സ്വകാര്യമേഖലയും ചേർന്ന് ഒരു കൂട്ടായ സംരംഭം ആരംഭിക്കുന്നതാണ്. ദേശീയ-അന്തർദ്ദേശീയ വിപണിയിൽ പ്രകടമായ ഒരു ആഗോള ബ്രാന്റായി കേരള ടൂറിസത്തെ മാറ്റുക യെന്നതാണ് പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യം. ഈ ഉദ്ദേശ്യത്തോടെ സർക്കാർ സ്വകാര്യ മേഖലയുമായി ചേർന്ന് സംരംഭം രൂപീകരിക്കുന്നതാണ്. ഇതിന്റെ 26% ഓഹരി സർക്കാരിനും ബാക്കി സ്വകാര്യ സംരംഭകർക്കുമായിരിക്കും. രൂപീകരണത്തിനുശേഷം പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതാണ്.

ഇതിനായി 2016-17 വാർഷിക ബഡ്ജറ്റിൽ ₹ 1650.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

22. കേരള കടൽ വിമാന പദ്ധതി

(വിഹിതം: 1.00 ലക്ഷം രൂപ)

വിനോദസഞ്ചാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്ന തിനായി സംസ്ഥാനത്തെ ജലാശയങ്ങളെ വിനമാനത്താവള ങ്ങളുമായി തമ്മിൽ ബന്ധിപ്പിക്കുകയും വിനോദ ഉപാധിയായി വർത്തിക്കുവാനുമായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി യാണ്, കടൽ വിമാന പദ്ധതി.

ഇതിനായി ₹ 1.00 ലക്ഷം 2016-17 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

23. സ്വദേശി ദർശൻ (കേന്ദ്ര പദ്ധതി)

(വിഹിതം: 1.00 ലക്ഷം രൂപ)

ഭാരത സർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം സ്വദേശി ദർശൻ പദ്ധതിയിൽപ്പെടുത്തി വിഷയാധിഷ്ഠിതമായ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നുണ്ട്. സ്വദേശി ദർശൻ പദ്ധതിപ്രകാരമുള്ള ധനസഹായം സ്വീകരിക്കുന്നതിന് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

ഈ പദ്ധതിക്ക് 2016-17 വർഷം കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. അതിലേക്ക് ₹ 1.00 ലക്ഷം രൂപ വാർഷിക ബഡ്ജറ്റിൽ വകയിരുത്തുന്നു.

24. പ്രസാദ് (കേന്ദ്ര പദ്ധതി)

(വിഹിതം: 1.00 ലക്ഷം രൂപ)

തദ്ദേശ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് പിൽഗ്രിമേജ് റിജുവനൈസേഷൻ ആന്റ് സ്പിരിച്വൽ ഓഗ്മെന്റേഷൻ ഡ്രൈവിനുള്ള ദേശീയ മിഷൻ (പ്രസാദ്) എന്ന കേന്ദ്ര പദ്ധതിയിൽപ്പെടുത്തി ഭാരത സർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം പ്രവൃത്തികൾ അനുവദിക്കുന്നുണ്ട്. പ്രസാദ് പദ്ധതി പ്രകാരമുള്ള ധനസഹായം സ്വീകരിക്കുന്ന തിന് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

ഈ പദ്ധതിക്ക് 2016-17 വർഷം കേന്ദ്രസഹായം പ്രതീക്ഷിച്ചു കൊണ്ട് ₹ 1.00 ലക്ഷം വാർഷിക ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്നു.

# VIII. ശാസ്ത്രവും സാങ്കേതികതയും പരിസ്ഥിതിയും

## 8.1 ശാസ്ത്രസേവനങ്ങളും ഗവേഷണവും

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും (കെ. എസ്. സി. എസ്. റ്റി. ഇ.) റീജിയണൽ ക്യാൻസർ സെന്ററും (ആർ. സി. സി.) സമൂഹത്തിന് ഗുണകരമാകുന്ന ഗവേഷണ വികസന പരിപാടികൾ നടത്തി വരുന്നു. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാലു വർഷങ്ങളിൽ 50223 ലക്ഷം രൂപ ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. 2016-17 ബഡ്ജറ്റിൽ ഈ രണ്ട് വകുപ്പുകൾക്കുമായി 15,915 ലക്ഷം രൂപ താഴെ പറയും പ്രകാരം വകയിരുത്തിയിരിക്കുന്നു:

| *ക്രമ നമ്പർ* | *വകുപ്പ്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | കെ. എസ്. സി. എസ്. റ്റി. ഇ. | 9,979 |
| 2 | ആർ. സി. സി. | 5,936 |
| | ആകെ | 15,915 |

**എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിൽ**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 2016-17 വർഷത്തേക്ക് 7 പദ്ധതികൾ നടപ്പാക്കുന്നതിനായി 9,979 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

1. <u>കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ</u>

(വിഹിതം: 5650 ലക്ഷം രൂപ)

താഴെ പറയുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രത്യേക ഗവേഷണ പ്രോജക്ടുകൾക്കും, പശ്ചാത്തല സൗകര്യ വികസനത്തിനും, ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈബ്രറിയുടെയും ലബോറട്ടറിയുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലനവും പ്രസിദ്ധീകരണവും നടത്തുന്നതിനും ധനസഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിശോധനയ്ക്ക് വിധേയമായി അംഗീകരിക്കേണ്ടതാണ്.

താഴെ പറയുന്ന സ്ഥാപനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 5650 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(i) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി. ഡബ്ള്യൂ. ആർ. ഡി. എം.)

(ii) കേരള വന ഗവേഷണ കേന്ദ്രം (കെ. എഫ്. ആർ. ഐ.)

(iii) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ. എസ്. ഒ. എം.)

(iv) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്)

(v) ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ. എൻ. റ്റി. ബി. ജി. ആർ. ഐ.)

(vi) ക്രിട്ടിക്കൽ മിനറൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി. എം. ആർ. ഐ.)

(vii) സ്റ്റേറ്റ് സെന്റർ റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാർട്ട്ണർഷിപ്പ് ഇൻ ടെക്നോളജീസ് (സ്ക്രിപ്റ്റ്)

(viii) ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്.

(ix) മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ്

2. <u>കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്</u>

(വിഹിതം: 225 ലക്ഷം രൂപ)

കേരളത്തിലെ ശാസ്ത്ര ഗവേഷണത്തെ വികസിപ്പിക്കുന്നതിനും ശാസ്ത്ര മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം നൽകുന്നതിന്റെയും ഉത്തരവാദിത്വം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനാണ്.

താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തേക്ക് 225 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

(എ) ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട ചെലവുകൾ.

(ബി) ഫിറ്റിങ്ങുകൾ ഉൾപ്പെടെ കെട്ടിടത്തിന്റെ അറ്റകുറ്റപണി നടത്തുക.

(സി) ഫർണ്ണിച്ചറുകളും ഉപകരണങ്ങളും വാങ്ങുക.

(ഡി) ഇ-ഓഫീസും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും.

(ഇ) ഇലക്ട്രോണിക് റഫറൽ ലൈബ്രറി രൂപീകരിക്കുക.

(എഫ്) നിലവിലുള്ള കൗൺസിൽ ലൈബ്രറിയെ മെച്ചപ്പെടുത്തുക.

(ജി) ഡോക്കുമെന്റേഷൻ സെന്ററിന്റെ വിപുലീകരണവും ശക്തിപ്പെടുത്തലും.

(എച്ച്) ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൗൺസിലിന്റെ വിവിധ യോഗങ്ങളുടെ ചെലവ് വഹിക്കുക.

3. <u>കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളും പരിപാടികളും</u>

(വിഹിതം: 2544 ലക്ഷം രൂപ)

കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ താഴെപറയുന്ന പരിപാടികൾക്കായി 2016-17 ബഡ്ജറ്റിൽ 2544 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

**(എ) ശാസ്ത്ര സാങ്കേതികതയിലെ മാനവശേഷി വികസനം**

(1) ശാസ്ത്ര ഗവേഷണ പദ്ധതികൾ (എസ്.ആർ.എസ്.)

(2) ഇമരിറ്റസ് സയന്റിസ്റ്റ് സ്കീം (ഇ.എസ്.എസ്.)

(3) സ്റ്റുഡന്റ്സ് പ്രോജക്ട്സ്.

(4) വർഗീസ് കുര്യൻ യുവ ശാസ്ത്രജ്ഞ പുരസ്കാരം.

(5) പ്രൊമോഷൻ ഓഫ് യങ് ടാലന്റ്സ് (സ്കൂൾ) ആൻഡ് എൻ. ഇ. എസ്. റ്റി.

(6) കെ.എസ്.സി.എസ്.റ്റി.ഇ. റിസർച്ച് ഫെലോഷിപ്പും പി.ഡി.എഫും.

(7) ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് പരിശീലനം.

**(ബി) പരിസ്ഥിതിയെകുറിച്ചും പരിസ്ഥിതി വിജ്ഞാനത്തെ കുറിച്ചുമുള്ള പദ്ധതികൾ**

(1) പരിസ്ഥിതി, പരിസ്ഥിതി വിജ്ഞാന പരിപാടികൾ

(2) സർക്കാർ എയിഡഡ് സ്കൂളുകളിൽ ഇക്കോക്ലബ്ബുകൾ

(3) എൻവയോൺമെന്റ് മാനേജ്മെന്റ് ട്രെയിനിംഗ്

(4) എൻവയോൺമെന്റ് ഏർലി കരിയർ റിസർച്ച് അവാർഡ്

(5) ഔട്ട് സ്റ്റാൻഡിംഗ് എൻവയോൺമെന്റ് അവാർഡ്

(6) ഗ്രീൻ ടെക്നോളജി പരിപാടികൾ

(7) നീർത്തട സംരക്ഷണം

(8) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി

(9) മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ

**(സി) സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാമുകൾ**

(1) സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം

(2) ദേശീയ ശാസ്ത്രദിനവും ദേശീയ സാങ്കേതികദിന പ്രവർത്തനങ്ങളും

(3) സെമിനാർ-സിമ്പോസിയം-വർക്ഷോപ്പുകൾക്ക് വേണ്ട സഹായങ്ങൾ

(4) ടെക്നോളജി ഫെസ്റ്റിവൽ (ടെക്ഫെസ്റ്റ്)

(5) റൂറൽ ഇന്നവേറ്റേഴ്സ് മീറ്റ് (ആർ. ഐ. എം.)

(6) കേരള ശാസ്ത്ര കോൺഗ്രസ്

(7) ശാസ്ത്ര സാഹിത്യ അവാർഡുകളും ശാസ്ത്ര പുരസ്കാരവും ഉൾപ്പെടുന്ന ശാസ്ത്ര അവാർഡുകൾ

**(ഡി) ശാസ്ത്ര സാങ്കേതികതയിലെ പശ്ചാത്തല സൗകര്യ വികസനം**

(1) ഗവേഷണ വികസന പരിപാടികളിൽ സെലക്റ്റീവ് ഒഗ്മെന്റേഷൻ

(2) സ്കൂളുകളിൽ ശാസ്ത്രപോഷിണി.

**(ഇ) സാങ്കേതിക വികസനവും കൈമാറ്റവും**

(1) പേറ്റന്റ് ഇൻഫർമേഷൻ സെന്റർ

(2) എഞ്ചിനീയറിംഗും ടെക്നോളജി പ്രോഗ്രാമുകളും (ഇ. റ്റി. പി.)

(3) ടെക്നോളജി ഡവലപ്മെന്റും അഡാപ്റ്റേഷൻ പ്രോഗ്രാമും (റ്റി. ഡി. എ. പി.)

(4) റൂറൽ ടെക്നോളജി പ്രോഗ്രാമുകൾ (ആർ.റ്റി.പി.)

**(എഫ്) ശാസ്ത്ര സാങ്കേതികതയിലെ സ്ത്രീശാക്തീകരണം**

(1) ശാസ്ത്രത്തിൽ സ്ത്രീകൾക്കുള്ള പ്രോഗ്രാമുകൾ

(2) ശാസ്ത്ര ഗവേഷണ ആഭിമുഖ്യവും നൈപുണ്യവുമുള്ള വിദ്യാർത്ഥികൾക്കുള്ള പരിപാടി

4. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ്

(വിഹിതം: 170 ലക്ഷം രൂപ)

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിലയിരുത്തലിനും അംഗീകാരത്തിനും വിധേയമായി ചില സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് കൗൺസിൽ ഗ്രാൻഡ്-ഇൻ-എയ്ഡ് രീതിയിൽ സാമ്പത്തിക സഹായം നൽകുന്നു.

(i) സോഫിസ്റ്റികേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.റ്റി.ഐ.സി.)

(ii) ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി.)

(iii) സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് (സി. സ്റ്റെഡ്)

2016-17 വർഷത്തേക്ക് 170.00 ലക്ഷം രൂപ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്നു.

5. ബയോടെക്നോളജി ഡവലപ്മെന്റ് പരിപാടികൾ

(വിഹിതം: 275 ലക്ഷം രൂപ)

ഈ പദ്ധതിയുടെകീഴിൽ നടപ്പാക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

(1) പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

(2) യംഗ് ഇൻവെസ്റ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈ. ഐ. പി. ബി.).

(3) ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (ഐ. ബി. ആർ. എസ്.).

(4) ബയോടെക്നോളജി ഇന്നവേഷൻസ് ഫോർ റൂറൽ ഡെവല്പ്മെന്റ് (ബി. ഐ. ആർ. ഡി.).

(5) ബയോടെക്നോളജി ട്രെയിനിംഗ് ആന്റ് വർക്ക്ഷോപ്പ് (ബി. റ്റി. ഡബ്ല്യൂ).

(6) ജി. എൻ. രാമചന്ദ്രൻ റീ-എൻട്രി ഫെല്ലോഷിപ്പ് പ്രോഗ്രാം ഇൻ ബയോടെക്നോളജി.

(7) ബയോടെക്നോളജി യംഗ് എന്റർപ്രെണർഷിപ്പ് അവാർഡ്.

(8) ബയോടെക്നോളജി എഡ്യൂക്കേഷൻ ഡവലപ്മെന്റ് പ്രോഗ്രാം.

പദ്ധതികൾ നടപ്പാക്കുന്നതിന് മുമ്പായി കെ. എസ്. സി. എസ്. റ്റി. ഇ. യുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

2016-17 വാർഷിക പദ്ധതിയിൽ ഈ പദ്ധതി നടത്തിപ്പിനായി 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രത്യേക പരിപാടി

(വിഹിതം: 315.00 ലക്ഷം രൂപ)

2016-17 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്കായി 315.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്:

(എ) ട്രെയിനി സയന്റിസ്റ്റ് പ്രോഗ്രാം.

(ബി) ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്ര പ്രതിഭകളെ സൃഷ്ടിക്കൽ (ക്രെസ്റ്റ്).

(സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ്.

(ഡി) എ. പി. ജെ. അബ്ദുൾ കലാം യൂത്ത് ചലഞ്ച് സ്കീം.

7. കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട് (പൈലറ്റ്)

(വിഹിതം: 800.00 ലക്ഷം രൂപ)

കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്ന തിനുവേണ്ടി ഒരു സമഗ്ര ആക്ഷൻപ്ലാൻ തയ്യാറാക്കി നടപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കെ. എസ്. സി. എസ്. റ്റി. ഇ. തിരുവനന്തപുരം വികസന അതോറിറ്റി, ജൈവ വൈവിദ്ധ്യ ബോർഡ്, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ്, പരിസ്ഥിതി വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, നദി കടന്നുപോകുന്ന പഞ്ചായത്തുകൾ, പരിസ്ഥിതി പ്രഗത്ഭർ, ഫ്രാറ്റ്, എം. പി. മാർ, എം. എൽ. എ. മാർ, കൗൺസിലർമാർ എന്നിവർ ഉൾപ്പെടുന്ന റിവർ റീസ്റ്റോറേഷൻ കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ട്രിഡ, സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്, ജലസേചന വകുപ്പ് എന്നിവയെ ഏകോപിപ്പിച്ച് ഈ പ്രത്യേക പദ്ധതി നടപ്പാക്കുന്നത് ശാസ്ത്ര സാങ്കേതിക വകുപ്പാണ്.

താഴെ പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ 2016-17 ബഡ്ജറ്റിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) സീവേജ് മിറ്റിഗേഷൻ സിസ്റ്റം.

(ബി) റിവർ മാനേജ്മെന്റ് പ്രവർത്തികൾ.

(സി) നദീ തീര സംരക്ഷണം, ബോധവത്കരണം, നടപ്പാത, ബയോഗാർഡൻ, നിരീക്ഷണ ക്യാമറ മുതലായവ.

(ഡി) പ്രോജക്ട് നടത്തിപ്പ് ചെലവുകൾ.

(ഇ) സ്പിൽ ഓവർ വർക്കുകൾ.

**ബി. റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.) തിരുവനന്തപുരം**

ആർ. സി. സി.യുടെ താഴെ പറയുന്ന പദ്ധതികൾക്കായി 5936.00 ലക്ഷം രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

1. റീജണൽ ക്യാൻസർ സെന്റർ (ആർ. സി. സി.)

(വിഹിതം: 5935.00 ലക്ഷം രൂപ)

റീജണൽ ക്യാൻസർ സെന്ററിന് 2016-17 വർഷം താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 5935.00 ലക്ഷം രൂപ വക യിരുത്തിയിരിക്കുന്നു.

(എ) പശ്ചാത്തല വിപുലീകരണം— 3125.00 ലക്ഷം രൂപ.

ആർ. സി. സി. 18722.00 ലക്ഷം രൂപയുടെ പുതിയ കെട്ടിട നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവർത്തിക്ക് 2016-17 വർഷം 3125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) സ്ത്രീകളിലെ ക്യാൻസർ ചികിൽസയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ .. 850.00 ലക്ഷം രൂപ

(സി) കുട്ടികളിലെ ക്യാൻസർ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ .. 265.00 ലക്ഷം രൂപ

(ഡി) പുകയിലജന്യ ക്യാൻസർ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ .. 1,200.00 ലക്ഷം രൂപ

(ഇ) പൊതുവായുള്ള ക്യാൻസർ ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ .. 265.00 ലക്ഷം രൂപ

(എഫ്) ഗവേഷണ പരിശീലന പരിപാടികൾക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ .. 230.00 ലക്ഷം രൂപ

2. ആർ. സി. സി. സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തൽ

(വിഹിതം : 1.00 ലക്ഷം രൂപ)

ക്യാൻസർ, പ്രമേഹം, സിവിഡി, പക്ഷാഘാതം എന്നീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനുമുള്ള ദേശീയ പരിപാടിയിൽ (എൻ.പി.സി.ഡി.സി.എസ്.)പ്പെടുത്തി ആർ.സി.സി. യെ സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താനുള്ള 12,000.00 ലക്ഷത്തിന്റെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. കേന്ദ്ര സഹായമായ 9000.00 ലക്ഷം രൂപ ലഭിക്കാനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ വിഹിതമായി 1.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരുത്തിയിരിക്കുന്നു.

## 8.2 ആവാസ വ്യവസ്ഥയും പരിസ്ഥിതിയും

വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പരിസ്ഥിതി പരിപാലന പദ്ധതികൾ 12-ാം പദ്ധതിക്കാലത്ത് പരിസ്ഥിതി വകുപ്പിലൂടെ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ മേഖലയിലെ വിവിധ പദ്ധതികൾക്കായി 2016–17-ൽ വകയിരു ത്തിയിരിക്കുന്ന വിഹിതം 2942 ലക്ഷം രൂപയാണ്. പദ്ധതികൾ തിരിച്ചുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. പരിസ്ഥിതി വകുപ്പിന്റെ ശക്തിപ്പെടുത്തൽ

(വിഹിതം : 150.00 ലക്ഷം രൂപ)

വിവിധ വകുപ്പുകൾ, പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കിവരുന്ന പരിസ്ഥിതി അനുബന്ധ പരിപാടികളുടെ നടത്തിപ്പ് ഏകോപിപ്പിക്കാനാണ് 2006-ൽ സംസ്ഥാനത്ത് പരിസ്ഥിതിക്കായി ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചത്. പരിസ്ഥിതി വകുപ്പിനുകീഴിൽ 2007-ൽ സ്ഥാപിതമായ പരിസ്ഥിതി പരിപാലന ഏജൻസി 2010-ൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ആയി ഉയർത്തപ്പെട്ടു. പരിസ്ഥിതി ആഘാതം വിലയിരുത്തൽ അതോറിറ്റി (എസ്. ഇ. ഐ. എ. എ.), വിലയിരുത്തൽ വിദഗ്ദ്ധ സമിതി (എസ്. ഇ. എ. സി.) എന്നിവയുടെ സംസ്ഥാനതല സെക്രട്ടേറിയറ്റ് ആയും ഇപ്പോൾ ഈ വകുപ്പ് പ്രവർത്തിക്കുന്നു. പദ്ധതി വിഹിതം ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതാണ്.

(i) അടിസ്ഥാന സൗകര്യ വികസനം.

(ii) വകുപ്പ് വികസനത്തിനാവശ്യമായ വിദഗ്ദ്ധ ഉപദേശ റിപ്പോർട്ടുകൾ തയ്യാറാക്കൽ.

2. പരിസ്ഥിതി വിദ്യാഭ്യാസവും പ്രോത്സാഹനവും

(വിഹിതം : 100.00 ലക്ഷം രൂപ)

പരിസ്ഥിതിയുടെ നിലനിൽപ്പിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിന് അത്യന്താപേക്ഷിതമായ ഒരു ഉപാധിയായി പരിസ്ഥിതി വിദ്യാഭ്യാസം മാറിയിരിക്കുന്നു. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ക്വിസ്സ്, ഫിലിം ഷോ എന്നിവ നടത്തുക, പരിസ്ഥിതി പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുക, ബോധവത്കരണത്തിന്റെ ഭാഗമായി ലോകപരിസ്ഥിതിദിനം പോലെയുള്ള പ്രത്യേക പരിപാടികൾ ആചരിക്കുക എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം ഉപയോഗിക്കുന്നതാണ്. പരിസ്ഥിതി പ്രവർത്തനങ്ങളിൽ മികച്ച സംഭാവന നൽകിയിട്ടുള്ള വ്യക്തികൾക്കും സംഘടനകൾക്കും അവരുടെ പ്രവർത്തനത്തിനുള്ള അംഗീകാരമായി പ്രത്യേക അവാർഡുകൾ നൽകി ആദരിക്കുന്നതാണ്. 2010-11-ൽ ആരംഭിച്ച ഭൂമിത്രസേനാ പദ്ധതി സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലേക്കും ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. 2016-17-ൽ ഇത്തരത്തിലുള്ള 100 ക്ലബുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. സർക്കാരിതര സംഘടനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, പ്രൊഫഷണൽ സംഘടനകൾ എന്നിവയിലൂടെ സംസ്ഥാനതലത്തിൽ പരിസ്ഥിതി ബോധവത്കരണം നടത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയായ പാരിസ്ഥിതികം, പ്രാഥമിക പരിസ്ഥിതി സംരക്ഷണ യൂണിറ്റുകൾ സ്ഥാപിക്കുന്നതുവഴി ഗ്രാമ പ്രദേശങ്ങളിൽ പരിസ്ഥിതി വിജ്ഞാപനം വ്യാപിപ്പിക്കുന്ന പരിപാടി ഹരിതസ്പർശം, തെരഞ്ഞെടുക്കപ്പെട്ട ഭൂമിത്ര സേനാ കോളേജുകളെ കഴിവുറ്റതാക്കുന്നതിനുള്ള പരിശീലന പരിപാടിയായ ഹരിതശാല എന്നിങ്ങനെ ഇപ്പോൾ നിലവിലുള്ള പരിപാടികൾ പദ്ധതി വിഹിതം ഉപയോഗിച്ച് തുടരുന്നതാണ്. പ്രാദേശിക പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒരു പങ്കാളിത്ത പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിൽ കുളങ്ങളുടെ നവീകരണം, ഖരമാലിന്യ സംസ്കരണം എന്നിങ്ങനെ പരിസ്ഥിതിയിൽ പ്രത്യക്ഷഫലങ്ങൾ ഉളവാക്കുന്ന രീതിയിലുള്ള ഒരു പദ്ധതിയെങ്കിലും പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

3. പരിസ്ഥിതിയെ സംബന്ധിച്ച ഗവേഷണവും വികസനവും

(വിഹിതം : 50.00 ലക്ഷം രൂപ)

ചെലവുകുറഞ്ഞ മലിനജല സംസ്കരണ രീതി, നദി/ തടാക ജല ഗുണനിലവാര നിരീക്ഷണം, ഖരമാലിന്യ പരിപാലനം എന്നീ ആവശ്യാനുഷ്ഠിത പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിലുള്ള ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ പദ്ധതി ആരംഭിച്ചത്. പരിസ്ഥിതി വകുപ്പിന്റെ കീഴിൽ ഈ പദ്ധതിയനുസരിച്ച് ഗവേഷണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനവ്യവസ്ഥ ആവിഷ്കരിച്ചിട്ടുണ്ട്. ഗവേഷണ സ്ഥാപനങ്ങളിൽനിന്നും സർവ്വകലാശാലാ വകുപ്പുകൾ ഉൾപ്പെടെയുള്ള യോഗ്യതയുള്ള സംഘടനകളിൽ നിന്നും പ്രോജക്ടുകൾ ഇതിനായി ക്ഷണിച്ചിട്ടുണ്ട്. ഗവേഷണ റിപ്പോർട്ടുകൾ വിലയിരുത്തുകയും, അവയുടെ സാദ്ധ്യതയനുസരിച്ച് നടപ്പിലാക്കുന്നതിനായി പരിഗണിക്കുകയും ചെയ്യുന്നതാണ്. പരിസ്ഥിതി വകുപ്പിനാൽ നിർദ്ദേശിക്കപ്പെടുന്നതും പരിസ്ഥിതി പ്രാധാന്യമുള്ളതുമായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വിവിധ ഗവേഷണ പ്രൊജക്ടുകളുടെ നേട്ടങ്ങൾ സംബന്ധിക്കുന്ന സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. പ്രോജക്ടുകളുടെ വിശകലനം വിദഗ്ദ്ധ/ അദ്ധ്യക്ഷ സമിതി നടത്തുന്നതാണ്. ഗവേഷണ പരിപാടിയായ പരിസ്ഥിതി പോഷിണി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. ജൈവവൈവിദ്ധ്യ സംരക്ഷണം

(വിഹിതം : 517.00 ലക്ഷം രൂപ)

ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും അവയുടെ സുസ്ഥിര ഉപഭോഗത്തെ സഹായിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായാണ് 2002-ലെ ജൈവവൈവിദ്ധ്യ നിയമത്തിന്റെ പരിധിയിൽ കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പ്രവർത്തന ചെലവുകളെ സഹായിക്കുന്നതിനും ഈ പദ്ധതിയാൽ ഉദ്ദേശിക്കുന്നു. ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് പ്രാദേശിക ജനസമൂഹത്തിന് പ്രയോജനമാകും വിധത്തിലുള്ള പരിപാടികളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരള ജൈവവൈവിദ്ധ്യ പാർക്കിന്റെ പൂർത്തീകരണം, ജനകീയ ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ, ജൈവ വൈവിദ്ധ്യസംരക്ഷണം, ഗവേഷണം, ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾക്കായി 2016-17-ലെ പദ്ധതി വിഹിതമായ 517 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്. ജൈവ വൈവിദ്ധ്യ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളെ സംബന്ധിക്കുന്ന പ്രത്യേക റിപ്പോർട്ട് ഗവൺമെൻറിന് നൽകേണ്ടതാണ്.

5. തണ്ണീർത്തടങ്ങളുടെ നിലനിർത്തൽ

(വിഹിതം : 280.00 ലക്ഷം രൂപ)

സസ്യ ജന്തു ജൈവവൈവിദ്ധ്യ സമൃദ്ധമായ തണ്ണീർത്തടങ്ങൾ വംശനാശം നേരിടുന്ന പല സസ്യ/ജന്തു സമ്പത്തുകളേയും സംരക്ഷിച്ചുപോരുന്നു. ഗവേഷണ സ്ഥാപനങ്ങൾ, പ്രാദേശിക സർക്കാരുകൾ, വിവിധ വകുപ്പുകൾ, സർക്കാരിതര ഏജൻസികൾ എന്നിവയുമായി സഹകരിച്ച് ആശങ്കകളും, പരിഹാരങ്ങളും സംയോജിതമായി ഏകോപിപ്പിക്കുന്നതിനായി ഒരു വിശാല സമീപനം ആവശ്യമാണ്. ഇന്ത്യാ ഗവൺമെന്റിൽ നിന്നും വിവിധ ഏജൻസികളിൽനിന്നും തണ്ണീർത്തടങ്ങളുടെ നിലനിർത്തലിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട സംഘടനകൾ മുഖേന വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പദ്ധതി വിഹിതം വിനിയോഗിക്കുന്നതാണ്. 2016–17–ൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായൽ, വയനാട് ജില്ലയിലെ പൂക്കോട് കായൽ കോഴിക്കോട് ജില്ലയിലെ കോട്ടുള്ളി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം ബേസ് ലൈൻ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിന് വിനിയോഗിക്കുന്നതാണ്.

6. പരിസ്ഥിതി ആഘാതം വിലയിരുത്തൽ

(വിഹിതം : 75.00 ലക്ഷം രൂപ)

വികസന പദ്ധതികളിൽ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ, ജലവിഭവം, വ്യവസായം, പശ്ചാത്തലം തുടങ്ങിയവയിലെ പ്രധാന പദ്ധതികളുടെ അനിവാര്യമായ ഉപാധിയാണ് പരിസ്ഥിതി ആഘാതം വിലയിരുത്തൽ. പദ്ധതി കാലയളവിൽ പരിസ്ഥിതി ആഘാതം വിലയിരുത്തലിന് പ്രാധാന്യം നൽകി ഇത് ശക്തിപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു. പദ്ധതി തുക ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി യോഗങ്ങളുടെ ചെലവിനായും പരിസ്ഥിതി ആഘാതം വിലയിരുത്തൽ ശക്തിപ്പെടുത്തുന്നതിനും, ഈ വിഷയത്തിൽ ഒരു പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനും ഉപയോഗിക്കുന്നതാണ്. 2006–ലെ പരിസ്ഥിതി ക്ലിയറൻസ് വിജ്ഞാപനുസരിച്ച് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്ന പൊതുമേഖലാ ഏജൻസികളിൽ പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനുമായി പരിസ്ഥിതി ആശങ്കകൾ പ്രോജക്ടുകളിൽ സംയോജിപ്പിക്കുന്നതിനുവേണ്ടി കാര്യശേഷിവർദ്ധന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. കഴിവുകൾ വികസിപ്പിക്കൽ പരിപാടികൾ, പരിശീലകർക്കുള്ള പരിശീലനം, പരിശീലനത്തിനാവശ്യമായ വസ്തുക്കൾ തയ്യാറാക്കൽ, പരിസ്ഥിതി ആഘാതം വിലയിരുത്തുന്നതിനായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ചിട്ടുള്ള ജില്ലാതല അധികാര സമിതികൾ/കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം, എസ്. ഇ. ഐ. എ. എ., എസ്. ഇ. എ. സി. എന്നിവയുടെ വ്യവസ്ഥാപിതമായ ഭരണ നിർവ്വഹണം എന്നിവയ്ക്കായി പദ്ധതി വിഹിതം ഉപയോഗിക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള എക്സലൻസ് കേന്ദ്രം കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തുടർപരിപാടികൾ നടപ്പിലാക്കുന്നതാണ്.

7. നദികൾക്കായുള്ള കർമ്മ പരിപാടി

(വിഹിതം 20.00 ലക്ഷം രൂപ)

തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഏജൻസികളുടെ സഹായത്തോടെ സംസ്ഥാനത്തെ പ്രധാന നദികളുടെ സംരക്ഷണത്തിനായി ബൃഹത്തായ ഒരു കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നദീസംരക്ഷണപ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്. തെരഞ്ഞെടുത്ത നദികളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഭാരത സർക്കാർ, മറ്റ് ധനസഹായ ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും സഹായം ലഭ്യമാകുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പദ്ധതിവിഹിതം വിനിയോഗിക്കുന്നതാണ്. 2016–17–ൽ പെരിയാർ, ചാലിയാർ, ചാലക്കുടി, കരമന നദികൾക്കായി കർമ്മപരിപാടികൾ തയ്യാറാക്കുന്നതാണ്. മുൻപ് തയ്യാറാക്കപ്പെട്ടിട്ടുള്ള കർമ്മപരിപാടികൾ പ്രാവർത്തികമാക്കുന്നതാണ്.

8. കാലാവസ്ഥാ വ്യതിയാനം

(വിഹിതം : 200.00 ലക്ഷം രൂപ)

അടുത്തിടെയായി കാലാവസ്ഥാ വ്യതിയാനം വികസന ആസൂത്രണത്തിന്റെ മുഖ്യവിഷയമായിത്തീർന്നിട്ടുണ്ട്. സംസ്ഥാനത്ത്, കാലാവസ്ഥാ വ്യതിയാന സംബന്ധിയായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള മുഖ്യ ഏജൻസിയായി പരിസ്ഥിതി വകുപ്പ് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ കാലാവസ്ഥാ വ്യതിയാന കർമ്മപരിപാടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയുണ്ടായി. ഇതിൽ മുന്നോട്ടുവച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കുമായി 2016–17–ൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിഭവ സ്ഥാപനങ്ങൾ, കൺസൾട്ടന്റുകൾ എന്നിവ മുഖേന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പ്രബന്ധങ്ങൾ തയ്യാറാക്കുക, നയം അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുക, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങൾ. സി.എസ്.ഐ.ആർ.ന്റെ കീഴിലുള്ള സെന്റർ ഫോർ മാത്തമാറ്റിക് മോഡലിംഗ് ആന്റ് കമ്പ്യൂട്ടർ സിമുലേഷൻ, ബാംഗ്ലൂർ മുഖേന ആരംഭിച്ച കാലാവസ്ഥ മോഡലിംഗ് സംബന്ധിച്ച തുടർഗവേഷണ പദ്ധതിക്കായി വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് നിരന്തരമായ ഗവേഷണ പദ്ധതികൾക്ക് സഹായം അനുവദിക്കുന്നില്ല. മറ്റേതെങ്കിലും തരത്തിലുള്ള പഠനങ്ങൾക്കുള്ള സ്പിൽഓവർ ചെലവുകൾ പരിസ്ഥിതി ഗവേഷണ പദ്ധതിയിൽനിന്നും ലഭ്യമാക്കേണ്ടതാണ്.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രവർത്തനങ്ങൾ കോട്ടയം ആസ്ഥാനമായുള്ള കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട് ഏകോപിപ്പിക്കുന്നതാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനം ഉപയോഗപ്പെടുത്തുന്നതിനും ശ്രമങ്ങൾ ആരംഭിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, വിദഗ്ദ്ധാഭിപ്രായ റിപ്പോർട്ടുകൾ തയ്യാറാക്കൽ, ബേസ് ലൈൻ ഡേറ്റാ തയ്യാറാക്കൽ, നിരീക്ഷണം, ഏകോപന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 100 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടന്റ് വകയിരുത്തിയിരിക്കുന്നു.

9. സംസ്ഥാനത്തെ വ്യാപകമായ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള പദ്ധതി

(വിഹിതം : 100.00 ലക്ഷം രൂപ)

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും, മാറിയ ജീവിത രീതിയും നഗരപ്രദേശങ്ങളിലെ ജനസംഖ്യാവർദ്ധനവിനും, വർദ്ധിച്ചതോതിലുള്ള മാലിന്യ നിക്ഷേപങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഇത് ഗ്രാമപ്രദേശങ്ങളിലേക്ക് കുറഞ്ഞ തോതിലെങ്കിലും വ്യാപിക്കുന്നുമുണ്ട്. വ്യവസായശാലകളിൽ നിന്നുമുള്ള ഖരമാലിന്യങ്ങളും ബയോമെഡിക്കൽ മാലിന്യങ്ങളും ഈ അവസ്ഥയെ കൂടുതൽ

സങ്കീർണ്ണമാക്കുന്നു. അതുകൊണ്ടുതന്നെ വളരെ വ്യാപകമായ രീതിയിൽ ഈ പ്രശ്നം ദൂരീകരിക്കുന്നതിനായി ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സി.എസ്.ഐ.ആർ., ഐ.ഐ.റ്റി.കൾ എന്നിവയുടെ കീഴിൽ വരുന്ന പ്രസിദ്ധമായ സ്ഥാപനങ്ങൾ, രാജ്യത്തെ മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിച്ച് നൂതന പ്രദർശന യൂണിറ്റുകൾക്കുവേണ്ടിയും സാങ്കേതിക സഹായത്തിനു വേണ്ടിയും മുഴുവൻ വിഹിതവും ഉപയോഗിക്കുന്നതാണ്. ഖര, ദ്രാവക രൂപത്തിലുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുന്ന തിനായി ദേശീയ തലത്തിലുള്ള ഏജൻസികൾ ഉൾപ്പെടുത്തി ക്കൊണ്ട് ഒരു മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഈ വർഷം ലക്ഷ്യമിടുന്നു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാജ്ജന യൂണിറ്റുകൾക്ക് വേണ്ടിയും വിഹിതം വിനിയോഗിക്കുന്നതാണ്.

### 10. നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി

(വിഹിതം : 500.00 ലക്ഷം രൂപ)

മനുഷ്യജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമാണ് പരിസ്ഥിതി. മനുഷ്യന്റെ ആരോഗ്യത്തിൽ പരിസ്ഥിതിയുടെ ഗുണനിലവാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു. നഗര പ്രദേശ ങ്ങളിലെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങൾ വ്യത്യസ്തങ്ങളായ പ്രകൃതി വിഭവങ്ങളേയും ബാധിക്കുന്നു. നഗരങ്ങളിലെ താഴ്ന്ന ഭൂപ്രദേശ ങ്ങൾ അമിത ജലപ്രവാഹം ഉണ്ടാകുന്ന സമയത്ത് ജലനിർഗ്ഗമന സംവിധാനമായി പ്രവർത്തിക്കുകയും അരുവികളിലേക്കും കനാലുകളിലേക്കും സാവധാനം ജലം പുറംതള്ളുകയും ചെയ്യുന്നു. എന്നാൽ ഉയർന്ന ജനസംഖ്യാ സമ്മർദ്ദം കാരണം ഈ താഴ്ന്ന പ്രദേശങ്ങളിൽ അധികവും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് ജലനിർഗ്ഗമനത്തെ ബാധിക്കുന്നു. നഗരപ്രദേശങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ട മറ്റൊരു മേഖലയാണ് വർദ്ധിച്ചുവരുന്ന ഖരമാലിന്യ പ്രശ്നം. വായുവിന്റെ ഗുണനിലവാരം കുറയ്ക്കുന്നതിനും കുറയുന്നതു കാരണം ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ വർദ്ധിക്കുന്ന പ്രവണതയാണ് വായുമലിനീകരണം സംബന്ധിക്കുന്ന പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഭൂവിനിയോഗ രീതിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവത്കരണം കാരണം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ വർദ്ധിക്കുന്നതിന് സാദ്ധ്യതയുണ്ട്.

നഗരവത്ക്കരണത്തിന്റെയും അതിനോടനുബന്ധിക്കുന്ന ഇടപെടലുകളുടെയും ഫലമായി നഗരപ്രദേശങ്ങളിലെ മനുഷ്യ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി പന്ത്രണ്ടാം പദ്ധതിക്കാലത്ത് ഘട്ടം ഘട്ടമായി സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. സർക്കാർ വകുപ്പുകൾ, തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, തിരുവനന്തപുരം നഗരസഭ എന്നിവയുടെ സഹകരണത്തോടെ 2013-14-ൽ തിരുവനന്തപുരം നഗരത്തിൽ ഈ പദ്ധതി നടപ്പിലാ ക്കുന്നതിനായി 1005.00 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. നേട്ടങ്ങൾ ഏകീകരിക്കുന്നതിനായി തിരുവനന്തപുരം നഗരത്തിൽ പദ്ധതി വ്യാപിപ്പിക്കുന്നതിന് 800.00 ലക്ഷം രൂപ 2014-15-ൽ വകയിരുത്തുകയുണ്ടായി. 2015-16-ൽ 500.00 ലക്ഷം രൂപ പദ്ധതിയ്ക്കായി നീക്കിവയ്ക്കുകയുണ്ടായി. 2016-17-ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനും പരിപാടിയുടെ പ്രചരണത്തിനും നിരീക്ഷണത്തിനും, മറ്റേതെങ്കിലും നഗര മേഖലയിൽ ഇതേ പദ്ധതി ആരംഭിക്കുന്നതിനുമായി വകയിരു ത്തിയിരിക്കുന്ന തുക വിനിയോഗിക്കുന്നതാണ്. കേരള ജലസേചന അടിസ്ഥാന വികസന കോർപ്പറേഷനിൽ (കെ. ഐ. ഐ. ഡി. സി.) സ്ഥാപിച്ചിട്ടുള്ള സാങ്കേതിക യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനായി 25.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കെ. ഐ. ഐ. ഡി. സി. വനം വകുപ്പ് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലൂടെ പദ്ധതി നടപ്പിലാക്കുന്നതാണ്.

### 11. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെ.എസ്.പി.സി.ബി.)

(വിഹിതം : 950.00 ലക്ഷം രൂപ)

സംസ്ഥാനത്തെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള വിപുലമായ ഒരു പദ്ധതിയുടെ ആസൂത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്ക് നിയമപ്രകാരമായ അധികാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ജലം, വായു (മലിനീകരണം തടയലും നിയന്ത്രണവും), പരിസ്ഥിതി (സംരക്ഷണം), അപകടകാരികളായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, നഗരങ്ങളിൽനിന്നുള്ള ഖരമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ബാറ്ററികൾ (നിയന്ത്രണവും കൈകാര്യം ചെയ്യലും), ശബ്ദമലിനീകരണം (നിയന്ത്രിക്കൽ) എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളും വ്യവസ്ഥകളും നടപ്പിലാക്കുന്നതിനുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിനാണ്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, നിയന്ത്രണ സംവിധാനം, പരിസ്ഥിതി സംബന്ധമായ നിരീക്ഷണവും നടത്തിപ്പും, കഴിവുകൾ വികസിപ്പിക്കൽ എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 950.00 ലക്ഷം രൂപ 2016-17 വാർഷിക പദ്ധതിയിൽ നീക്കിവച്ചിരിക്കുന്നു.

ലബോറട്ടറി ഉപകരണങ്ങൾ, മറ്റ് ഉപയോഗ വസ്തുക്കൾ എന്നിവ വാങ്ങൽ, വെബ്സൈറ്റ് സ്ഥാപിക്കൽ, കമ്പ്യൂട്ടർവൽക്ക രണം, ലാബുകളെ എൻ. എ. ബി. എൽ. നിലവാരത്തിലേക്ക് ഉയർത്തുക, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി പദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്.

നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ മലിനീകരണ നിയന്ത്രണത്തിനുള്ള പ്രോത്സാഹനം, പൊതു ബോധവത്കരണം എന്നിവ നടപ്പിലാക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുന്നതിനായി സ്കൂളുകൾക്കും മലിനീകരണ നിയന്ത്രണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ആവശ്യമായ സൗകര്യങ്ങൾ ഉള്ള വ്യവസായങ്ങൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കും അവാർഡുകൾ ഏർപ്പെടുത്തുന്നതാണ്. പൊതുജനങ്ങളുടെ ഇടയിൽ ആരോഗ്യകരമായ പരിസ്ഥിതി അവബോധം നൽകുന്ന തിനായി പൊതു ബോധവത്കരണം നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, പരിസ്ഥിതി വാർത്തയും ലഘുലേഖകളും പ്രസിദ്ധീകരിക്കൽ എന്നിവ നടത്തുന്നതാണ്.

പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും എന്ന ഘടകത്തിന്റെ ഉപഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- ജലം, വായു എന്നിവയുടെ ഗുണനിലവാര പട്ടിക തയ്യാറാക്കൽ.
- പെരിയാർ നദീജല ഗുണനിലവാര മേൽനോട്ടം.
- ജലം/വായു മലിനീകരണ നിരീക്ഷണ കേന്ദ്രങ്ങൾ.
- സംസ്ഥാനത്തെ ജലാശയങ്ങൾ തരംതിരിക്കൽ.
- ശബരിമലയിലെ പരിസ്ഥിതി പരിപാലനം
- മലിനീകരണത്തിന്റെ അനന്തരഫലങ്ങൾ നിരീക്ഷിക്കൽ
- പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങൾക്കായുള്ള പദ്ധതികൾ.
- തിരുവനന്തപുരം ജില്ലയെ സംബന്ധിക്കുന്ന പരിസ്ഥിതി ഗുണനിലവാര റിപ്പോർട്ട് തയ്യാറാക്കൽ.
- പൊതു ആരോഗ്യ കേന്ദ്രങ്ങളിലെ മാലിന്യ നിയന്ത്രണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനവും സഹായവും.

ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, കഴിവുകൾ വികസിപ്പിക്കൽ എന്ന ഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *തുക (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കെട്ടിടനിർമ്മാണം | 310 |
| 2 | നിയന്ത്രണ സംവിധാനം | 120 |
| 3 | പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും | 495 |
| 4 | കഴിവുകൾ വികസിപ്പിക്കൽ | 25 |
| | **ആകെ** | 950 |

# IX. സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ

## 9.1 വിദ്യാഭ്യാസം

സംസ്ഥാനത്തിന്റെ 12-ാം പഞ്ചവൽസര പദ്ധതി വിദ്യാഭ്യാസത്തിന് അതിപ്രധാനമായ സ്ഥാനം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്താനും അവയിലെ പിഴവ് നികത്താനും വേണ്ടിയുള്ള ശ്രമം 12-ാം പഞ്ചവൽസര പദ്ധതിയിൽ ലക്ഷ്യമിടുന്നു. ഭൗതിക അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും, പാഠ്യപദ്ധതി, അധ്യയനരീതി, അധ്യാപകരെ തിരഞ്ഞെടുക്കൽ, അധ്യാപക പരിശീലനം, ഭരണ രീതി എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെയും, വിദ്യാഭ്യാസ മേഖലയിലെ നിലവിലുള്ള ഗുണനിലവാരക്കുറവ് നികത്തുന്നതിന് പ്രാധാന്യം നൽകുന്നതാണ്.

11-ാം പഞ്ചവൽസര പദ്ധതിയിൽ ഏറ്റെടുത്ത ദൗത്യങ്ങൾ പ്രത്യേകിച്ചും വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികളും 12-ാം പഞ്ചവൽസര പദ്ധതിയിലും തുടരുന്നതാണ്. 12-ാം പഞ്ചവൽസര പദ്ധതിയിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ അതിജീവിക്കാനായി പദ്ധതി നടത്തിപ്പിലും വിലയിരുത്തലിലും കൂടുതൽ ശ്രദ്ധ നൽകുന്നതാണ്.

വിദ്യാഭ്യാസ മേഖലയ്ക്ക് 2016-17 വർഷം 1330.79 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 502.51 കോടി രൂപ സ്കൂൾ വിദ്യാഭ്യാസ മേഖലയിലും 592.87 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിലും 235.41 കോടി രൂപ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുമാണ് വകയിരുത്തി യിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു:

| *സെക്ടർ* | *2016-17-ലെ പദ്ധതി വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|
| സ്കൂൾ വിദ്യാഭ്യാസം | 50251 |
| ഉന്നത വിദ്യാഭ്യാസം | 59287 |
| ആകെ പൊതുവിദ്യാഭ്യാസം | 109538 |
| സാങ്കേതിക വിദ്യാഭ്യാസം | 23541 |
| **ആകെ** | **133079** |

വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതി നാണ് സ്കൂൾ വിദ്യാഭ്യാസ മേഖല കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നതിനുമായി കൂടുതൽ തുക വകയിരിത്തിയിരിക്കുന്നു.

### എ. സ്കൂൾ വിദ്യാഭ്യാസം

വകുപ്പിനെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവയെ താഴെ പറയുന്ന അഞ്ച് പ്രധാന സബ് ഗ്രൂപ്പുകളായി തിരിച്ച് നൽകിയിരുന്നു. 12-ാം പഞ്ചവൽസര പദ്ധതിയിൽ മേൽ പറഞ്ഞ രീതിയിലുള്ള ലക്ഷ്യം കൈവരിക്കുന്നതിന് ഇത് കൂടുതൽ സഹായകമാകുന്ന താണ്. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ നാലു മേഖലകളിലും സമയബന്ധിതമായി ധന, സമയ, പ്രയത്ന നിക്ഷേപങ്ങൾ നടത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്. ഇത്തരത്തിലുള്ള ധനനിക്ഷേപം നടത്തുന്നതുമൂലം ഭരണവകുപ്പിന് പദ്ധതിയുടെ ഗുണനിലവാരം അനുസരിച്ച് ധനവിനിയോഗം നടത്തുന്നതിനും അതുവഴി തുക വകമാറ്റി ചെലവഴിക്കൽ, അധികകരിച്ച തുകയ്ക്ക് അനുമതി വാങ്ങൽ തുടങ്ങിയ നടപടികളിൽനിന്നും ഒഴിവാകാവുന്നതാണ്. ഓരോ സബ് ഗ്രൂപ്പിനുമായി പ്രത്യേകം വകമാറ്റിയിട്ടുള്ള തുക അതാത് സബ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്.

1. അടിസ്ഥാന സൗകര്യ വികസനം.
2. വിദ്യാഭ്യാസ രംഗത്തെ മികവ് ഉറപ്പാക്കൽ.
3. വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ.
4. വകുപ്പിനെ ആധുനികവൽക്കരിക്കൽ, ഇ-ഗവേണൻസ്, നിലവാരം ഉയർത്തൽ.
5. മറ്റ് പ്രവർത്തനങ്ങൾ.

### 1. അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : 6445.00 ലക്ഷം രൂപ)

കേരളത്തിൽ ഏകദേശം 11.54 ലക്ഷം കുട്ടികൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ 30.6 ശതമാനമാണ്.

സർക്കാർ സ്കൂൾ കെട്ടിടങ്ങളിൽ വലിയൊരു ഭാഗവും കാലഘട്ടത്തിനനുസരിച്ച് സൗകര്യപ്പെടുത്തിയിട്ടുള്ളവയല്ല. അടിസ്ഥാന സൗകര്യങ്ങളായ ടോയ്‌ലറ്റുകൾ, മൂത്രപ്പുരകൾ, കുടിവെള്ളം, വൈദ്യുതി, ആധുനീകരിച്ച അടുക്കള തുടങ്ങിയവയുടെയെല്ലാം അപര്യാപ്തത കാണപ്പെടുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുന്നുമില്ല.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം പകർന്നു നൽകുന്നതി നോടൊപ്പം പരിസ്ഥിതി സൗഹാർദ്ദപരമായ അടിസ്ഥാന സൗകര്യവും അത്യാവശ്യമാണ്. കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിലേക്ക് മാറിപ്പോകുന്നത് ഇതിനൊരു ഉദാഹരണമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പ്രതിപാദിക്കുന്നതു പോലെയുള്ള അനുയോജ്യമായ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഈ കൂടുമാറ്റം ഒരു പരിധിവരെ കുറയ്ക്കാ വുന്നതാണ്. പെൺകുട്ടികൾക്കാവശ്യമായ ടോയ്‌ലറ്റുകൾ, കുടിവെള്ള ലഭ്യത, ആധുനിക രീതിയിലുള്ള ക്ലാസ് റൂമുകൾ, ഓരോ കുട്ടിക്കും പ്രത്യേകം ഫർണിച്ചർ യൂണിറ്റ്, കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ, സംഭരണ സൗകര്യങ്ങൾ, ക്ലാസ് ലൈബ്രറികൾ, വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്

ഇവയെല്ലാം നേടുന്നതിനായി താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കാൻ 2016-17-വർഷത്തിൽ 6445.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

#### എ. ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

സർക്കാരിന്റെ അധീനതയിലുള്ള സ്പെഷ്യൽ സ്കൂളുകളിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനായി പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിത്തുടങ്ങിയ 7 സ്പെഷ്യൽ സ്കൂളുകളിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ശക്തിപ്പെടുത്തേണ്ടതാണ്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള ഹയർ സെക്കന്ററി/തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി കോഴ്സുകൾ, മേൽപ്പറഞ്ഞ 3 സ്കൂളുകളിൽ ആരംഭിച്ചു കഴിഞ്ഞു. നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ, ഹോസ്റ്റലുകൾ, ടോയ്‌ലറ്റുകൾ, ഭക്ഷണശാല, അടുക്കള എന്നിവയുടെ നവീകരണം, ചുറ്റുമതിലുകളുടെ

നിർമ്മാണം, ശുദ്ധജല പദ്ധതികൾ തുടങ്ങിയവയാണ് മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട അടിസ്ഥാന വികസന പദ്ധതികൾ. അന്തേവാസികളുടെ കാഴ്ച വൈകല്യം കണക്കിലെടുത്തുകൊണ്ട് ഘടനാപരമായ തടസ്സങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. സ്പെഷ്യൽ സ്കൂൾ കലോത്സവം, അധ്യാപക പരിശീലനം, തൊഴിൽ പരിചയ മേള, അന്ധരായ കുട്ടികൾക്കായി തിരുവനന്തപുരത്തുള്ള സർക്കാർ സ്കൂളിൽ വിവര വിനിമയ സാങ്കേതികവിദ്യാകേന്ദ്രം സ്ഥാപിക്കുക, സ്പെഷ്യൽ സ്കൂളുകളിലെ കമ്പ്യൂട്ടർ വിദ്യാഭ്യാസം, സ്കൂൾ ഹോസ്റ്റലുകളിലെ സൗകര്യ വർദ്ധിപ്പിക്കുക, ഉപകരണങ്ങളും പാത്രങ്ങളും വാങ്ങുക, സ്കൂൾ കെട്ടിട നിർമ്മാണം മുതലായവയ്ക്കുവേണ്ടിയാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

ബി. സ്കൂളുകളിലെ വിവര വിനിമയ സാങ്കേതികവിദ്യ പദ്ധതികൾ/എഡ്യൂക്കേഷൻ ടെക്നോളജി സ്കീം

കേരളത്തിലെ അപ്പർ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2002-03 അധ്യയന വർഷം മുതലാണ് പ്രോജക്റ്റ് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. സർക്കാർ ഹൈസ്കൂളുകളിൽ മൾട്ടിമീഡിയ ക്ലാസ് മുറികൾ സംവിധാനം നടപ്പാക്കുന്നതിനും എല്ലാ സർക്കാർ സ്കൂളികളിലും മോഡൽ സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിക്കുന്നതിനും, എല്ലാ ക്യാമ്പസുകളിലേക്കും ഡിജിറ്റൽ നെറ്റ് വർക്ക്, ഹയർ സെക്കന്ററി സ്കൂളുകളിലെ ഐസിറ്റി സഹായത്തോടെയുള്ള വിദ്യാഭ്യാസത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനും മോണിറ്ററിംഗിനും പാഠ്യപദ്ധതി വികസനത്തിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്.

സി. സ്കൂൾ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എം. പി. മാരുടെയും എം. എൽ. എ. മാരുടെയും പ്രാദേശിക ഫണ്ട് ഉപയോഗപ്പെടുത്തി അഭ്യുദയകാംക്ഷികളിൽനിന്നും സംഭാവനകൾ സ്വീകരിച്ച് 2016-17 വർഷത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു.

**2. വിദ്യാഭ്യാസ പരിപാടികളുടെ മികവ്**

(വിഹിതം: 1066.00 ലക്ഷം രൂപ)

ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് അനുസരിച്ച് ജീവിത നിലവാരം ഉയർത്തുന്നതിലേക്കുവേണ്ടി സ്കൂൾതലം തൊട്ടുതന്നെ ഉയർന്ന തലത്തിലുള്ള കഴിവുകളും, അറിവുകളും വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, തൊഴിൽപരമായ കഴിവുകളും, അറിവുകളും വികസിപ്പിക്കാനുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്ക് തൊഴിൽ നേടുന്നതിനായി ഒരുക്കി കൊടുക്കേണ്ടതാണ്. സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പ് വരുത്തുന്നതിനും, അധ്യാപക പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും (പ്രത്യേകിച്ച് വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക്) ഉതകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപകൽപന ചെയ്തിട്ടുള്ളത്. 2016-17 വർഷത്തിലേക്ക് താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി 1066.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

എ. സെക്കന്ററി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ

പ്രൈമറി വിദ്യാഭ്യാസം സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സെക്കന്ററി തലത്തിൽ വിദ്യാഭ്യാസ പരിപാടികൾ മികച്ച രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനതല, റവന്യൂ ജില്ലാതല, വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിംഗ്, ഓൺസൈറ്റ് സപ്പോർട്ട് പ്രോഗ്രാം, ക്യൂ.ഐ.പി. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി, അറബിക് പ്രോഗ്രാമുകൾ, ജില്ലാതല നൂതന പ്രവർത്തനങ്ങൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്കുള്ള പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

ബി. ഗുണനിലവാരമുള്ള വിദ്യാഭ്യാസം—വിദ്യാർത്ഥിയുടെ അവകാശം

2006 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ യിൽ 33 ശതമാനവും അതിന് താഴെയും വിജയ ശതമാനം നേടിയ സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ട് 2006-07-ൽ ആരംഭിച്ച വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക പരിപാടിയാണിത്. ഈ സ്കൂളുകളിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം സംസ്ഥാന ശരാശരിക്ക് തുല്യമായി ഉയർത്തി കൊണ്ടുവരുന്നതിന് ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമയബന്ധിതമായി പ്രദാനം ചെയ്യുകയെന്നുള്ളതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സ്കൂൾ, ജില്ല, സംസ്ഥാനതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക, അധ്യാപക പരിശീലനം, മോണിറ്ററിംഗും സഹായ പരിപാടികളും, സ്കൂളുകളിൽ പ്രത്യേക പരിപാടികൾ, പ്രത്യേക ഉച്ചഭക്ഷണ പരിപാടികൾ, ദ്രുതകർമ്മ പരിപാടികൾ, സഹവാസ ക്യാമ്പുകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

സി. സംസ്കൃത വിദ്യാഭ്യാസ വികസനം

ഉത്കൃഷ്ടമായ പൈതൃകവും സാംസ്കാരികത്തനിമയുമുള്ള ഭാഷയാണ് സംസ്കൃതം. സംസ്ഥാനത്തെ 3000 സ്കൂളുകളിൽ സംസ്കൃതം ഐച്ഛികവിഷയമായി പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്. സംസ്ഥാനത്ത് 2 ലക്ഷത്തോളം വിദ്യാർത്ഥികൾ സംസ്കൃതഭാഷ പഠിക്കുന്നുണ്ട്. സംസ്കൃത കൗൺസിലുകൾക്കുള്ള ധനസഹായം, സംസ്കൃതഭാഷ സംസാരിക്കുന്നതിന് പരിശീലനം, സംസ്കൃത സ്കോളർഷിപ്പും സർട്ടിഫിക്കറ്റും, സംസ്കൃത ദിനാചരണം, ശുദ്ധസംസ്കൃത സ്കോളർഷിപ്പ്, അധിക പഠനസഹായിയുടെ നിർമ്മാണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പർ തയ്യാറാക്കലും വിതരണം ചെയ്യലും, സംസ്കൃത കൗൺസിൽ സെക്രട്ടറിമാർക്കായുള്ള ഏകദിന പരിശീലനം, സംസ്കൃത പുസ്തകങ്ങൾ വാങ്ങൽ, സംസ്കൃത വെബ്സൈറ്റിനുവേണ്ടി വിശേഷാലുള്ള പുസ്തക ശേഖരണം, ലൈബ്രറിക്കുവേണ്ടിയുള്ള പുസ്തകങ്ങൾ, അദ്ധ്യാപകർക്കുള്ള പരിശീലനം, സ്മരണിക തയ്യാറാക്കൽ, സംസ്കൃത സെമിനാറുകൾ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പരിപാടികൾ.

ഡി. സ്കൂളുകളിൽ ഗണിതശാസ്ത്രം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ

ശാസ്ത്രവിഷയങ്ങളുടെ അധ്യയനം മെച്ചപ്പെടുത്തൽ വിദ്യാഭ്യാസ വകുപ്പിന്റെ തുടർ പരിപാടിയാണ്. വിദ്യാർത്ഥികളിൽ ശാസ്ത്രീയാവബോധം സൃഷ്ടിക്കുക, സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നിവ മികച്ച രീതിയിൽ സ്കൂളുകളിൽ

വിദ്യാർത്ഥികൾക്ക് പകർന്നു നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സയൻസ് സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, സയൻസ് ഫെയർ, കമ്പ്യൂട്ടർഫെയർ, വിദ്യാർത്ഥികൾക്കായുള്ള സയൻസ് നാടക മത്സരങ്ങൾ, ഉപന്യാസമത്സരം, മികച്ച സയൻസിനുള്ള സഹായം, കണക്ക്, സാമൂഹ്യ ശാസ്ത്ര ക്ലബുകൾക്കുള്ള ധനസഹായം, സാമൂഹ്യ ശാസ്ത്ര വാഗ്ധോരണി, എസ്.ഡി.എം.സി.എ.യ്ക്കും എസ്.ഡി.എസ്.സി.എ.യ്ക്കും എസ്.ഡി.എസ്.എസ്.എ.സി. എന്നിവയുടെ പ്രവർത്തനങ്ങൾക്കാമുള്ള ധനസഹായം, വാർത്താ വായന മത്സരങ്ങൾ പാഠ്യോപകരണങ്ങൾ, അധ്യാപക-പ്രോജക്ട് മത്സരങ്ങൾ, അധ്യാപകർക്കായുള്ള മാത്തമാറ്റിക്സ് ക്വിസ്, രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ മത്സരം തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്നു. അതിനൂതനമായ അധ്യാപക മാതൃകകൾ തയ്യാറാക്കുന്നതിനുള്ള മത്സര പരിപാടികളും ഈ പദ്ധയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്.

ഇ. പൊതു വിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ

സംസ്ഥാനത്തെ പ്രധാന വകുപ്പുകളിൽ ഒന്നാണ് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്. വകുപ്പിന്റെ കീഴിൽ ഉപജില്ല/ജില്ലാ/സംസ്ഥാന തലങ്ങളിൽ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആഫീസുകളിലെ ജീവനക്കാരുടെ പ്രവൃത്തി പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനായി തുടർച്ചയായി പരിശീലനം നൽകേണ്ടതും മോണിറ്ററിംഗ് ഏർപ്പെടുത്തേണ്ടതുമാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിലേക്കായി തുക വകയിരുത്തിയിരിക്കുന്നു. പരിശീലനത്തോടൊപ്പമുള്ള പൊതുവായുള്ള അറിവ് നൽകുന്ന പദ്ധതികളും പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

എഫ്. ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ

ഹൈദരാബാദിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസിന്റ മാതൃകയിൽ സംസ്ഥാനത്ത് 4 ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, ഭാഷയോടുള്ള നവീനമായ സമീപനം എന്നിവയിലൂടെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന അധ്യാപകരെ വിദഗ്ദ്ധരാക്കുവാൻ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്കൂളുകളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലബ്ബുകളുടെ രൂപീകരണം, ഇ. എൽ. ടി. ജേർണലുകൾ പ്രസിദ്ധീകരിക്കുക, എസ്.എസ്.എൽ.സി. അവലോകന പരിപാടി, ലോവർ പ്രൈമറി അധ്യാപകർക്കും ഹൈസ്കൂൾ അധ്യാപകർക്കും പരിശീലനം നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ 2016-17-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ.

ജി. പ്രത്യേക അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക്)

മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി സന്നദ്ധ സംഘടനകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തുന്ന 278 രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. നിലവിലുള്ള ഇത്തരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മറ്റു പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്.

(എച്ച്.) അന്തർദ്ദേശീയ ദ്രാവിഡ ഭാഷാസ്ഥാപനം

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിലേയും ഭാഷാ ശാസ്ത്ര ഗവേഷണത്തിനായി സ്ഥാപിക്കപ്പെട്ട ഒരു സ്വയംഭരണ സ്ഥാപനമാണിത്. ദ്രാവിഡ പഠനങ്ങളുമായി ബന്ധപ്പെട്ട തനതു സൃഷ്ടികൾ ഏറ്റെടുക്കുകയും സംഘടിപ്പിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം ദ്രാവിഡഭാഷ, കല, വാസ്തുവിദ്യ, ചരിത്രം, ഫിലോസഫി, സംസ്കാരം, മതം, പട്ടികവർഗ്ഗ സംസ്കാരം എന്നീ മേഖലകളിൽ നൂതനഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തുകഎന്നിവയാണ് ഈ സ്കൂളിന്റെ പ്രധാന ലക്ഷ്യങ്ങൾ. ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും ജേർണലുകളും ഫർണിച്ചറുകളും വാങ്ങുന്നതിനും കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അദ്ധ്യാപക പരിശീലനം തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. 2016-17-ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഐ.) സർക്കാർ റ്റി. റ്റി. ഐ. കളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക

സർക്കാർ മേഖലയിൽ നിലവിൽ 24 റ്റി. റ്റി. ഐ. -കൾ ഉണ്ട്. എൻ. സി. റ്റി. ഇ. യുടെ ഗുണനിലവാരത്തിന്റെയും അംഗീകൃത മാതൃകയുടെയും നിർദ്ദേശമനുസരിച്ച് പ്രസ്തുത റ്റി. റ്റി. ഐ.കളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ലൈബ്രറി വികസനം, ഫർണിച്ചർ, കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, കല, സംഗീതം, തൊഴിൽ പരിശീലനം, ശാസ്ത്രോപകരണങ്ങൾ, വിദ്യാഭ്യസ മനഃശാസ്ത്രം, വിദ്യാഭ്യസ സാങ്കേതികവിദ്യ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. എൻ. സി. റ്റി. ഇ. പ്രത്യേകമായ ഊന്നൽനൽകുന്ന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടിയാണ് തുക വകയിരുത്തിയിരിക്കുന്നത്.

**3. വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ**

(വിഹിതം: 4010.00 ലക്ഷം രൂപ)

വിദ്യാർത്ഥി കേന്ദ്രീകൃത അദ്ധ്യായന രീതി, പ്രവൃത്തിയിലധിഷ്ഠിതമായ പഠനരീതി എന്നിവയിലൂടെ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ അവലംബിക്കേണ്ട പ്രധാന മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള സമ്പൂർണ്ണ സൂചകങ്ങളെപ്പറ്റി വിദ്യാഭ്യാസ അവകാശ നിയമത്തിലെ 29-ാം വകുപ്പിൽ പ്രത്യേകം പ്രതിപാദിക്കുന്ന 8 ഘടകങ്ങൾ സൂചിപ്പിക്കുന്നു.

6 മുതൽ 18 വയസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിലൂടെ അവരുടെ കഴിവുകളുടെ ചുരുൾ മുഴുവൻ നിവർക്കാൻ സാധിക്കും. വ്യത്യസ്തങ്ങളായ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ സമൂഹത്തിൽ അവരുടെ ഭാവനാരൂപീകരണത്തിനും ദൈനംദിന ജീവിതത്തിൽ അവ പ്രാവർത്തികമാക്കുന്നതിനും, അഭിരുചി വർദ്ധിപ്പിക്കുന്നതിനും നിരൂപണത്തിലും സർഗ്ഗാത്മകതയിലും സഹായിക്കുന്നു. താഴെപ്പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി 2016-17-ൽ 4010.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ.) സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി പരിശീലന പരിപാടി

വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങളും പദാർത്ഥങ്ങളും ഉപയോഗിച്ച് ഉത്പാദനോന്മുഖ പ്രവർത്തനങ്ങളിലേർപ്പെടാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിൽ പരിശീലനം നൽകുക,

കായികാദ്ധ്യാനത്തിന് മാന്യമായ സ്ഥാനം നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാമൂഹികോപകാര പ്രദങ്ങളായ ഉൽപ്പാദന പ്രവർത്തന മേഖലകളിൽ പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. കൂടാതെ പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് സമൂഹത്തിന് ഉപയോഗപ്രദമായ ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പി ക്കുന്നതിനും സ്കൂളുകളിൽ പ്രവർത്തി പരിശീലന ക്ലബുകൾ രൂപീകരിക്കുക എന്നിവയാണ് 2016-17-ലെ പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പരിപാടികൾ. ഉപജില്ലാ, വിദ്യാഭ്യാസജില്ല, സംസ്ഥാന തലങ്ങളിൽ സയൻസ് മേളയോടൊപ്പം പ്രവൃത്തി പരിചയ മേളയും, ഓൺ ദി സ്പോട്ട് മത്സരവും പ്രദർശനവും 2016-17-ൽ സംഘടിപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നു.

(ബി) പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ

ഏഴാം ക്ലാസിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് വാങ്ങി വിജയിച്ച് എട്ടാംതരത്തിൽ പഠിക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ വിദ്യാഭ്യാസ ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 20 വിദ്യാർത്ഥികൾക്ക് സെമിനാറുകൾ, പ്രോജക്ടുകൾ, പര്യടനം തുടങ്ങിയവയിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ, വിവിധ ഗവേഷണ ലബോറട്ടറികളിൽ നിന്നും ലഭിക്കുന്ന നേരിട്ടുള്ള അനുഭവ പരിജ്ഞാനം, ക്വിസ് മത്സരങ്ങൾ, ചർച്ചകളും സെമിനാറുകളും, പുസ്തകങ്ങളും, റഫറൻസ് മാനുവലും നൽകുക, ലാബ് സന്ദർശനം, വ്യക്തീകരണ സന്ദർശനം, ഇന്റർവ്യൂ, ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികളാണ്.

(സി) കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം

കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന ഈ പദ്ധതി 1997-98 മുതൽ നടപ്പിലാക്കി വരുന്നു. സാമ്പത്തിക പരാധീനതമൂലം കലയിൽ പ്രാഗത്ഭ്യമുള്ള പല വിദ്യാർത്ഥികൾക്കും കലാമത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നില്ല. ഇത്തരത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാപ്രതിഭകളെ ജില്ലാ സംസ്ഥാനതലങ്ങളിൽ നടക്കുന്ന വിവിധ മത്സരങ്ങളിൽ സജീവമായി പങ്കെടുപ്പിക്കേണ്ട തുണ്ട്. 75,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. ഇതിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി വഴിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സബ്ജില്ലാ കലോത്സവത്തിലെ വിദ്യാർത്ഥികളുടെ മികവ് കണക്കിലെടുത്താണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

ഡി. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം

മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ സ്ഥാപനങ്ങളുടെ പശ്ചാത്തലസൗകര്യ വികസനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിനുമായാണ് തുക വകയിരുത്തി യിരിക്കുന്നത്. അംഗീകാരമുള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഈ പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിക്കുന്നുള്ളവെന്നും ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് തുക വിനിയോഗിക്ക പ്പെടുന്നതെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. ക്ലാസ് മുറികളുടെ നിർമ്മാണത്തിനും, മൂത്രപ്പുര, കുടിവെള്ള സൗകര്യം, അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വേതനം നൽകുന്ന ദിവസവും യാത്ര ചെയ്യുന്ന കുട്ടികൾക്കുള്ള യാത്ര ചെലവ്, ഹോസ്റ്റലിൽ താമസിക്കുന്നവരുടെ ചെലവ്, അന്തേവാസികൾക്ക് വൈദ്യശുശ്രൂഷ ചെലവ്, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, വാടക, മറ്റ് ഓഫീസ് ചെലവുകൾ ഫർണിച്ചർ, പിക്നിക്, അടുക്കളപ്പാത്രങ്ങൾ, കളിസ്ഥലം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

(ഇ) വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം (പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾ)

ഒന്നു മുതൽ 8-ാം ക്ലാസ് വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഒന്നു മുതൽ 8-ാം ക്ലാസ് വരെ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന 41948 കുട്ടികൾ ഉണ്ട്. പുസ്തകങ്ങൾക്കും സ്റ്റേഷനറിക്കുമായി 500 രൂപയും, യൂണിഫോം അലവൻസായി 500 രൂപയും യാത്ര അലവൻസായി 500 രൂപയും പ്രതിവർഷം നൽകുന്നു. കൂടാതെ അംഗവൈകല്യമുള്ള കുട്ടികൾക്ക് എസ്കോർട്ട് അലവൻസായി 750 രൂപയും കാഴ്ചയില്ലാത്തവർക്ക് വായനാ അലവൻസായി 500 രൂപയും പ്രതിവർഷം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

(എഫ്) ബഹുതരം പഠനകേന്ദ്രങ്ങൾ

ഉൾപ്രദേശങ്ങളിലെയും വനവാസമേഖലയിലെയും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ബഹുതരം പഠന കേന്ദ്രങ്ങൾ അഥവാ നൂതന വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ഇതിന്റെ നടത്തിപ്പിനായി 2010 ജൂൺ വരെ കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ട്. ഇതിന്റെ ചെലവുകളെല്ലാം സംസ്ഥാന ഫണ്ടിൽനിന്നും വിനിയോഗിച്ചുകൊണ്ട്, വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുന്നതു വരെ ഈ പദ്ധതി തുടർന്നുപോകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ജി. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ ക്രോഡീകരിക്കുക

1988 മുതൽ സംസ്ഥാനത്തെ എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും പി. റ്റി. എ.-യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി ക്ലാസുകൾ നടത്തിവരുന്നു. എന്നാൽ അടുത്ത കാലത്തായി മതിയായ അടിസ്ഥാനസൗകര്യം ഇല്ലാത്തതിനാൽ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം കുറവാണ്.

നിലവിൽ 1812 സ്കൂളുകളിൽ പി. റ്റി. എ.-യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടന്നുവരുന്നു. ശിശു സൗഹൃദ ക്ലാസ് മുറികൾ, ഡോൾ ഹൗസുകൾ, ചരിഞ്ഞ ബഞ്ചുകൾ, മറ്റു ബഞ്ചുകൾ, ഊഞ്ഞാലുകൾ, കുട്ടുകൾക്കായുള്ള സൈക്കിളുകൾ, വാട്ടർ ടാപ്സ്, കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

(എച്ച്) വിദ്യാർത്ഥികൾക്കുള്ള പാൽവിതരണം

8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണ പദ്ധതി നിലവിലുണ്ട്. 2010-11 അധ്യയനവർഷം മുതൽ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ രണ്ടുദിവസം പാൽ നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും പദ്ധതി ആരംഭിക്കുകയും ചെയ്തു. ഏതാണ്ട് 26 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യവും എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉച്ചഭക്ഷണ പദ്ധതിയിൽ അംഗങ്ങളായ 8-ാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ക്ലാസുകൾ ആരംഭിക്കുന്നതിനുമുമ്പ് 150 മി.ലി. തിളപ്പിച്ച് പഞ്ചസാരയിട്ട പാൽ നൽകുന്നതാണ്.

**4. ആധുനികവത്കരണം**

(വിഹിതം : 362.00 ലക്ഷം രൂപ)

ആധുനികവത്കരണ പദ്ധതിയിൻകീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2016-17-ലെ പദ്ധതി നടത്തിപ്പിനായി 362.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം

പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ്, ടെക്സ്റ്റ്ബുക്ക് ഓഫീസുകൾ, ടെക്സ്റ്റ്ബുക്ക് ഡിപ്പോകൾ, സൂപ്പർ ചെക്ക് ഓഫീസുകൾ എന്നിവ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി നവീകരിക്കാൻ ഉദ്ദേശിക്കുന്നു. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും കമ്പ്യൂട്ടർ ഇന്റർനെറ്റ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫോട്ടോകോപ്പിയറുകൾ വാങ്ങുന്നതിനും ഡയറക്ടറേറ്റും മറ്റ് ഉപ ആഫീസുകളും നവീകരിക്കുന്നതിനും ഐഡിയാസ് ഫയൽ ട്രാൻസ്ഫർ സിസ്റ്റം നടപ്പാക്കുന്നതിനും മേൽപ്പറഞ്ഞ ആഫീസുകളിലെ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) പരീക്ഷാഭവന്റെ വിപുലീകരണം

പരീക്ഷാഭവന്റെ സുപ്രധാന വിഭാഗമായ വിവര സാങ്കേതികവിദ്യാ സെല്ലിന്റെ അടിസ്ഥാനസൗകര്യത്തിനും, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരണത്തിനും, മറ്റു തുടർപ്രവർത്തനങ്ങൾക്കുമായാണ് 2016-17-ൽ തുക വകയിരുത്തിയിരിക്കുന്നത്.

സി. ഡി. ഇ. ഒ., എ. ഇ. ഒ. ഓഫീസുകൾ ശക്തിപ്പെടുത്തൽ

ആവശ്യമായ കമ്പ്യൂട്ടറുകൾ, ഫോട്ടോകോപ്പി മെഷീനുകൾ, ഫർണിച്ചർ, ആഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അതുവഴി ഡി.ഇ.ഒ./എ.ഇ.ഒ ഓഫീസുകളെ ശാക്തീകരിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

(ഡി) അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്കുള്ള പ്രോൽസാഹന സമ്മാനങ്ങൾ

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകുവാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. ഉപജില്ലാതലത്തിൽ 10,000 രൂപ ക്രമത്തിലും (163 എണ്ണം), ജില്ലാതലത്തിൽ 25,000 രൂപ ക്രമത്തിലും (38 എണ്ണം), റവന്യൂ ജില്ലാ പ്രൈമറിതലത്തിൽ ഒന്നാം സ്ഥാനത്തിന് 60,000 രൂപ ക്രമത്തിലും (14 എണ്ണം), രണ്ടാം സ്ഥാനത്തിന് (14 എണ്ണം) 40,000 രൂപ ക്രമത്തിലും, സെക്കന്ററി തലത്തിൽ ഒന്നാംസ്ഥാനത്തിന് 60,000 രൂപ ക്രമത്തിലും (14 എണ്ണം) രണ്ടാംസ്ഥാനത്തിന് (14 എണ്ണം) 40,000 രൂപ ക്രമത്തിലും, സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനത്തിന് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് 4 ലക്ഷം രൂപയും, മൂന്നാം സ്ഥാനത്തിന് 3 ലക്ഷം രൂപയും, നാലാം സ്ഥാനത്തിന് 2 ലക്ഷം രൂപയും, അഞ്ചാം സ്ഥാനത്തിന് 1 ലക്ഷം രൂപയും പ്രൈമറി സെക്കന്ററി തലങ്ങളിൽ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

**5. മറ്റ് പ്രവർത്തനങ്ങൾ**

(1) ആശ്വാസ്

(വിഹിതം : 500.00 ലക്ഷം രൂപ)

കല, കായികവിനോദം, തൊഴിലധിഷ്ഠിതമാക്കാനായി വിദ്യാഭ്യാസം മുതലായവയെ സമന്വയിപ്പിച്ച ഒരാശയമാണ് ആശ്വാസ്. ആർട്സ് ഹബ്, വർക്ക് സെന്റർ, സ്പോർട്സ് ഹബ് തുടങ്ങിയവയാണിതിന്റെ ഘടകങ്ങൾ. ആർട്സ് ഹബ് മുഖേന എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കാനുള്ള അവസരമൊരുക്കുന്നു. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും ജോലികളും കണ്ടെത്തുന്നതിന് തൊഴിലധിഷ്ഠിത കേന്ദ്രം സഹായിക്കുന്നു. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കാനുള്ള അവരുടെ കഴിവുകളെ കണ്ടെത്തി പ്രോൽസാഹിപ്പിച്ച് ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോൽസാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുന്നു. കേരള പരിപ്രേക്ഷ്യ പദ്ധതിയുമായി ബന്ധപ്പെടുത്തി പദ്ധതി ഘടകങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതാണ്. 2016-167-ൽ 500.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്ക് വകയിരുത്തിയിരിക്കുന്നു.

(2) ഇന്ററാക്ടീവ് ഇ-ലേണിംഗ് മാതൃകയിൽ അദ്ധ്യാപക പരിശീലനം

(വിഹിതം : 1.00 ലക്ഷം രൂപ)

പൊതു വിദ്യാഭ്യാസ വകുപ്പിലെ പതിവ് പ്രവർത്തനങ്ങളിലൊന്നാണ് അദ്ധ്യാപക പരിശീലനം. സംസ്ഥാനത്തെ റിസോഴ്സ് പേഴ്സൺസ്, ജില്ലാതല റിസോഴ്സ് പേഴ്സൺസിനും അവർ സ്കൂളുകളിലെ അദ്ധ്യാപകർക്കും ക്ലാസ് എടുക്കുമ്പോൾ

ആശയവിനിമയത്തിലുണ്ടാകുന്ന അപാകതകൾമൂലം പരിശീലിപ്പിക്കപ്പെടുന്ന കാര്യങ്ങളുടെ അന്തഃസത്ത വളച്ചൊടിക്കപ്പെടുകയും ഉൾക്കൊള്ളപ്പെടേണ്ടുന്ന ആശയങ്ങളിൽ ഗണ്യമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. ഈ കുറവ് പരിഹരിക്കപ്പെടുന്നതിനായി ഒട്ടുമിക്ക സർവകലാശാലകളും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്റർ ആക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ് രീതിയിലുള്ള പരിശീലന രീതിയിലേക്ക് മാറിക്കഴിഞ്ഞു. ഫിസിക്കൽ ക്ലാസ് മുറികൾക്ക് പകരം വിവര സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗിച്ചുകൊണ്ടുള്ള ദൃശ്യ വിദ്യാഭ്യാസ ക്ലാസ് മുറികളിലൂടെ വിദ്യാഭ്യാസം നൽകി തൽസമയ ആശയവിനിമയം പ്രാപ്യമാക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. 2016-17-ൽ 1.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷൻ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

(3) മിഷൻ 100-100 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക (നടക്കാവ് മോഡൽ)

(വിഹിതം : 1400.00 ലക്ഷം രൂപ)

12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഓരോ ജില്ലയിലേയും സർക്കാർ സ്കൂളുകളെ ആധുനീകരിച്ച്, അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്, പദ്ധതി വിഭാവനം ചെയ്യുന്നു. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസരംഗത്ത് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനും, വിദ്യാഭ്യാസരംഗത്തെ പുരോഗതി കലാകായിക വിനോദങ്ങളിലൂടെയും വിവര സാങ്കേതിക വിദ്യയിലൂടെയും. പലതരം നിപുണതകൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ പരിപാടികളാണ് പ്രസ്തുത പദ്ധതിയുലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. മേൽവിവരിച്ച നിലവാരത്തിലേക്ക് സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണ മുറികൾ, ലൈബ്രറി, എല്ലാ സംവിധാനത്തോടുംകൂടിയ ലബോറട്ടറികൾ (ഐ. ടി-യും ഭാഷാലാബുകളും ഉൽപ്പെടെ), കായിക കളരി, ആർട്സ് മുറികൾ/ഹാളുകൾ, ഭക്ഷണശാലകൾ, കാര്യനിർവ്വഹണത്തിനുള്ള കെട്ടിടങ്ങൾ, ഐ. ടി. ലാബ്, കൂടാതെ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിന്റൻ കോർട്ടുകൾ, കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ, പ്രവേശനകവാടത്തോടു കൂടിയ ചുറ്റുമതിൽ, നീന്തൽക്കുളങ്ങൾ തുടങ്ങിയവയുടെ ആവശ്യകതയുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണരീതിയിലും രൂപകല്പനയിലും, സജ്ജീകരണത്തിലും മികവുറ്റതാക്കേണ്ടതുണ്ട്. ഇതിലേക്ക് അധ്യാധുനിക സംവിധാനങ്ങൾ ആവശ്യമാണ്. കൂടാതെ എം. എൽ. എ. മാരുടെ പ്രത്യേക വികസന ഫണ്ട്, എം. പി. മാരുടെ പ്രാദേശിക വികസന പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപക രക്ഷാകർത്യ സംഘടന, മറ്റു വ്യക്തികളും, കോർപ്പറേറ്റുകളും, കേർപ്പറേറ്റുകളുടെ സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംയുക്ത വികസന മാതൃകയാണ് ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. കേരള പരിപ്രേക്ഷ്യ പദ്ധതി 2030 യുമായി ബന്ധപ്പെടുത്തി പദ്ധതി ഘടകങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതാണ്. 2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 1400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. തിരുവനന്തപുരത്തെ ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ കീഴിലുള്ള ജി. വി. എച്ച്. എസ്. കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : 1700.00 ലക്ഷം രൂപ)

(i) ജി. വി. രാജ സ്പോർട്സ് സ്കൂൾ

1975-76-ലാണ് ജി. വി. രാജ സ്പോർട്സ് സ്കൂൾ ആരംഭിച്ചത്. ദേശീയ അംഗീകാരം ലഭിച്ച നിരവധി മഹനീയ വ്യക്തികളെ പ്രസ്തുത സ്കൂൾ പ്രദാനം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂൾ ശംഖുമുഖത്തുനിന്നും മൈലത്തേക്ക് മാറ്റിയതുമൂലമുണ്ടായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ഈ സ്കൂളിലെ കായികതാരങ്ങളുടെ ഭാവിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഭാവിയിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും ഗുണമേൻമയുള്ള പരിശീലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നൽകിയാൽ മാത്രമേ ലോകോത്തര കായികതാരങ്ങളെ സൃഷ്ടിക്കുന്നതിന് സാധിക്കുകയുള്ളു. ജി. വി. രാജ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള ബാസ്ക്കറ്റ് ബോൾ കോർട്ടിന്റെയും ഹോക്കി ഗ്രൗണ്ടിനുള്ള ആസ്ട്രോ ടർഫിന്റെയും, വോളിബോൾ ഗ്രൗണ്ടിന്റെയും നവീകരണം, ക്രിക്കറ്റ് പിച്ച്, സൈക്കോളജിക്കൽ ലാബ്, സ്പോട്സ് സൈക്കോളജി ലാബ്, വീഡിയോ അനാലിസിസ് റൂം, റ്റേക്ക്വോൺഡോ മാറ്റുകൾ, പരിശീലകർക്കും കോച്ചുകൾക്കുമുള്ള ശാക്തീകരണ പരിപാടികൾ, സ്റ്റുഡൻസ് പെർഫോർമൻസ് അനാലിസിസ് സോഫറ്റ്വെയർ, സ്പോർട്സ് കിറ്റ്, കായികോപകരണങ്ങൾ, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റലുകളുടെ പുനരുദ്ധാരണം തുടങ്ങിയവ നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

(ii) കണ്ണൂരിലെ ജി. വി. എച്ച്. എസ്. എസ്. (കണ്ണൂർ സ്പോർട്സ് ഡിവിഷൻ)

കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ കീഴിലുള്ള അടിസ്ഥാനസൗകര്യം വളരെ അപര്യാപ്തമാണ്. നിലവിലുള്ള പരിമിതമായ സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഈ സ്ഥാപനത്തിന് കായികരംഗത്തെ ഇതിഹാസമായ പി. ടി. ഉഷയെപ്പോലുള്ള കായികതാരങ്ങളെ വാർത്തെടുക്കാൻ സാധിക്കുകയുണ്ടായി. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ നൽകുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ലോകോത്തര നിലവാരമുള്ള കായികതാരങ്ങളെ സൃഷ്ടിക്കാൻ കഴിയും. പരിശീലനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതും, ഇൻഡോർ സ്റ്റേഡിയം, ഹോസ്റ്റൽ കെട്ടിടം, വോളിബോൾ-ബാസ്കറ്റ് ബോൾ കോർട്ടുകളുടെ മേൽക്കൂര, ഡ്രസ്സിംഗ് ഷെഡ്, സ്പോർട്സ് കിറ്റുകളും ഉപകരണങ്ങളും, ഹോസ്റ്റലിലേക്കുള്ള കായിക-പഠനോപകരണങ്ങൾ, ജിംനേഷ്യം, ആഡിയോ വിശകലന മുറി, സ്റ്റുഡൻസ് പെർഫോർമൻസ് അനാലിസിസ് സോഫ്ട്വെയർ, പരിശീലകർക്കും കോച്ചുകൾക്കും ഉള്ള പരിപാടികൾ, ടോയ്ലറ്റുകളും നീറ്റുചൂളയും, ക്ലാസുമുറികൾ, വീഡിയോ കോൺഫറൻസ് ഹാൾ, കമ്പ്യൂട്ടർ, സയൻസ് ലാബ്, ഇൻവെർട്ടർ, സിസി. റ്റിവി സൗകര്യം മുതലായവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

2016-17-ൽ 1700.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

## II. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

(വിഹിതം: 1290.00 ലക്ഷം രൂപ)

1983-ലാണ് വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം കേരളത്തിൽ ആരംഭിച്ചത്. ഇപ്പോൾ 389 സ്കൂളുകളിൽ 1100 ബാച്ചുകളിലായി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി 2016-17-ൽ താഴെ പറയുന്ന പ്രധാന ഉപവിഭാഗങ്ങളിലായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 1290.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (1) അടിസ്ഥാന സൗകര്യ വികസന പരിപാടി

ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, സാധനങ്ങൾ, മെഷിനറികൾ, ബുക്കുകൾ എന്നിവ വാങ്ങൽ, കെമിക്കൽസ്, ലബോറട്ടറി ഫർണിച്ചർ, കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്ട്വെയർ, ലാബിലേക്ക് ആവശ്യമായ വസ്തുക്കൾ, ക്ലാസ്സ് മുറികളുടെ നിർമ്മാണം, ലബോറട്ടറികൾ, സോഫ്ട് വെയർ പരിഹാരത്തിലൂടെ ഇ-ഓഫീസ് അടിസ്ഥാന സൗകര്യ വികസനം, പരിപൂർണ്ണമായ ഇ-ഗവേണൻസ് സ്റ്റേജ് (എസ്.റ്റി.എ. ജി.ഇ.) എന്നിവയാണ് ഈ പരിപാടിയിലൂടെ 2016-17-ൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

### (2) പഠന നിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇൻസ്ട്രക്ടേഴ്സിനും, ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും തൊഴിൽ ലക്ഷ്യമിട്ടുള്ള പരിശീലനം, മറ്റു വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾക്കും 2016-17-ൽ തുക വകയിരുത്തിയിരിക്കുന്നു.

### (3) ഡയറക്ടറേറ്റും ഭരണവിഭാഗവും നവീകരിക്കുക

വിഷയങ്ങളിലും, സിലബസുകളിലും പുതുക്കൽ വരുത്തുന്നതിന്റെ ഭാഗമായി ഭരണവിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകൽ, ഓഫീസ് ഓട്ടോമേഷന്റേയും നെറ്റ് വർക്കിംഗിന്റേയും വികസനം, സ്കൂളുകളിലെ ലാബുകളുടേയും വർക്ക്ഷോപ്പുകളുടേയും നവീകരണം തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിരിക്കുന്നു.

### (4) വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള കരിയർ ബുക്കുകൾ വാങ്ങൽ, കരിയർ സ്റ്റേറ്റ്, കരിയർ ആഘോഷങ്ങൾ, കരിയർ ഗൈഡൻസും കൗൺസിലിംഗും, പെൺകുട്ടികൾക്കായുള്ള കൗമാര വിദ്യാഭ്യാസം, കോ-ഓഡിനേഷൻ കമ്മിറ്റി, വിഷയ സെമിനാറുകൾ എന്നീ പ്രവർത്തനങ്ങൾക്കായാണ് 2016-17-ൽ തുക വകയിരുത്തി യിരിക്കുന്നത്.

## III. ഹയർ സെക്കന്ററി വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രത്യേകം പ്രാധാന്യം നൽകേണ്ടത് ഹയർ സെക്കന്ററി വിദ്യാഭ്യാസരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനാണ്. ചുവടെ ചേർക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നതിന് 2016-17 വർഷത്തിൽ 9830.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (1) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : 6600.00 ലക്ഷം രൂപ)

അടിസ്ഥാന സൗകര്യങ്ങളായ ക്ലാസ്സ് മുറികൾ, ലബോറട്ടറി സൗകര്യങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ, ടോയ്ലെറ്റുകൾ, കുടിവെള്ള ലഭ്യത തുടങ്ങിയവയുടെ അഭാവം ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നു. മിക്ക സ്കൂളുകളിലും കുട്ടികൾക്ക് പഠിക്കാൻ മതിയായ കെട്ടിടങ്ങൾ ഇല്ലാത്തത് ഒരു പോരായ്മയാണ്. കുട്ടികളുടെ പഠനപ്രക്രിയയ്ക്ക് ഉതകുന്ന തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ കടമയാണ്. 40 സ്കൂളുകളിൽ ബഹുനിലകെട്ടിടം നിർമ്മിക്കുക, കമ്പ്യൂട്ടറുകൾ വാങ്ങുക, ലബോറട്ടറി നിർമ്മിക്കുന്നതിനും, ശക്തിപ്പെടുത്തുകയും ചെയ്യുക എന്നീ പരിപാടികൾ 2016-17-ൽ വിഭാവനം ചെയ്തിരിക്കുന്നു. 2016-17-ൽ 6600.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

### (2) ഹയർ സെക്കന്ററി സ്കൂൾതലത്തിൽ അദ്ധ്യാപനം മെച്ചപ്പെടുത്തൽ പരിപാടി

(വിഹിതം: 530.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗ മായി സർക്കാർ 2007-ൽ ആരംഭിച്ച പദ്ധതിയാണിത്. വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിൽ അദ്ധ്യാപകരുടെ പരിശീലനം ഒഴിച്ചുകൂടാനാവാത്തതാണ്. പരിശീലകർക്കുള്ള വർക്ക് ഷോപ്പുകൾ, ഫീൽഡ് തലത്തിലുള്ള പരിശീലന പരിപാടികൾ, നിരീക്ഷണം, വിലയിരുത്തൽ, ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് റസിഡൻഷ്യൽ മാനേജ്മെന്റ് ട്രെയിനിംഗ് നൽകുക തുടങ്ങിയ ഘടകങ്ങളാണ് ഈ പരിപാടിയിലൂടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ പ്രസ്തുത പദ്ധതിക്കായി 530.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (3) വിദ്യാർത്ഥീ കേന്ദ്രീകൃത പരിപാടികൾ

(വിഹിതം : 700.00 ലക്ഷം രൂപ)

ഗുണനിലവാരം മെച്ചപ്പെടുത്തൽ, കരിയർ ഗൈഡൻസ്, കലാപരമായ ഉണർവ്വും പുതു ചൈതന്യവും കുട്ടികൾക്ക് നൽകുന്നതിനുള്ള പരിശീലന കളരി (സിത്താർ), അഡോളസെന്റ് കൗൺസിലിംഗ്, സൗഹൃദ ഹെൽത്ത് ക്ലബ്ബ്, ഗുണനിലവാര പദ്ധതി, കരുത്ത് എന്നീ പരിപാടികൾ തുടർന്നും നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടുതൽ സ്കൂളുകളിലേക്കുംകൂടി കരുത്ത് എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പദ്ധതിക്കായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### (4) ഹയർ സെക്കന്ററി വകുപ്പിന്റെ നവീകരണം

(വിഹിതം : 100.00 ലക്ഷം രൂപ)

വിദ്യാർത്ഥികളിൽ സോഫ്ട്വെയർ അഭിരുചി ടെസ്റ്റ് നടത്തുക, സ്റ്റുഡന്റ് സെൻട്രിക് പരിപാടികളുടെ സോഫ്ട് വെയർ മാനേജ്മെന്റ് നടത്തുക, ഡിപ്പാർട്ടുമെന്റിനായി വെബ്സൈറ്റ് ആരംഭിക്കുക എന്നിവയാണ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ് പരിപാടികളിലുൾപ്പെടുത്തി യിരിക്കുന്നത്. 2016-17 വർഷത്തിൽ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(5) ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

(വിഹിതം : 700.00 ലക്ഷം രൂപ)

ഹയർ സെക്കന്ററി തലത്തിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനായി ഒരുവർഷം 14000 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് 5,000 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. നിർദ്ധനരായ വിദ്യാർത്ഥികളിൽ പഠിക്കുവാൻ സാമർത്ഥ്യമുള്ളവർക്ക് ഈ പദ്ധതി പ്രയോജനകരമാണ്. ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി 13,000 സ്കോളർഷിപ്പുകളും തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി 1000 സ്കോളർഷിപ്പുകളും നീക്കിവച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി 2016-17 വർഷത്തിൽ 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(6) നബാർഡിന്റെ ആർ.ഐ.ഡി.എഫ്-ൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം ഉപയോഗിച്ച് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം (പുതിയ പദ്ധതി)

(വിഹിതം : 1200.00 ലക്ഷം രൂപ)

ആർ.ഐ.ഡി.എഫ്. പദ്ധതിയുമായി ബന്ധപ്പെടുത്തി നബാർജിന്റെ സാമ്പത്തിക സഹായത്തോടെ ബഹുനില കെട്ടിടങ്ങളുടെയും ക്ലാസ് മുറികളുടെയും നിർമ്മാണം നടത്തുന്നതിനായി എഴ് സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമായിക്കഴിഞ്ഞു. ഇതിൽ മൂന്ന് ജി.എച്ച്.എസ്. എസ്.-കളുടെ പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതികളുമായി ബന്ധപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2016-17-ൽ 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## IV. മറ്റ് പദ്ധതികൾ

(1) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ (എസ്. സി. ഇ. ആർ. ടി.)

(വിഹിതം : 1500.00 ലക്ഷം രൂപ)

ദേശീയതലത്തിലുള്ള വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ മാതൃകയിൽ സംസ്ഥാനതലത്തിൽ കേരള സർക്കാർ രൂപംകൊടുത്ത സ്ഥാപനമാണിത്. വിദ്യാഭ്യാസ നയങ്ങൾ, ഗവേഷണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കൽ, അദ്ധ്യാപന വികസന പരിപാടികൾ എന്നിവയ്ക്ക് ഈ സ്ഥാപനം നേതൃത്വം നൽകി വരുന്നു. ഗ്രേഡിംഗും, വിവര സാങ്കേതികവിദ്യ പരീക്ഷയും ഹൈസ്കൂളുകളിൽ നടപ്പിലാക്കിയതോടെ ഓരോ വിഷയത്തിലും സമഗ്രമായ പരിശീലനം അദ്ധ്യാപകർക്ക് നൽകേണ്ടതുണ്ട്. പാഠ്യപദ്ധതി, ഹാൻഡ് ബുക്ക്, പാഠപുസ്തക പരിഷ്കരണം, വിലയിരുത്തൽ പരിപാടികൾ, അദ്ധ്യാപകർക്കുള്ള വിദ്യാഭ്യാസ പരിപാടികൾ, വിദ്യാഭ്യാസ ടെക്നോളജി, ഗവേഷണം, അനൗപചാരിക വിദ്യാഭ്യാസം, ഡോക്യുമെന്റേഷനും വിപുലീകരണവും, പ്രത്യേക വിദ്യാഭ്യാസം, ജനസംഖ്യാ വിദ്യാഭ്യാസം, ഗൈഡൻസും കൗൺസിലിംഗും കലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രിന്റിംഗും പ്രസിദ്ധീകരണവും, പാഠ പുസ്തക കമ്മിറ്റികൾ, ഓഫീസ് ആട്ടോമേഷൻ, ആഡിയോ-വിഷ്വൽ ഉപകരണങ്ങൾ, കല, ആരോഗ്യം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ, എസ്.സി.ഇ.ആർ.റ്റി. ലൈബ്രറി, പ്രസിദ്ധീകരണം, കാര്യശേഷി വർദ്ധനവ് എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. 2016-17 വർഷത്തിൽ പദ്ധതിക്കായി 1500.00 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

(2) സർവ്വശിക്ഷാ അഭിയാൻ (എസ്. എസ്. എ.)

(വിഹിതം: 800.00 ലക്ഷം രൂപ)

രാജ്യത്ത് എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഒരു മിഷൻ രൂപത്തിൽ നൽകുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ. 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും അനുയോജ്യമായതും ഉപയോഗപ്രദവുമായ വിദ്യാഭ്യാസം നൽകുന്നതിന് വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ ധനവിനിയോഗക്രമീകരണം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ യഥാക്രമം 65:35 എന്ന രീതിയിലാണ്. പദ്ധതിയുടെ സംസ്ഥാനവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു. വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും, ഫോക്കസ്-2015, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാന പ്രവർത്തനങ്ങൾ, റിവ്യൂ മീറ്റിംഗുകൾ, എൽ. ഇ. പി. പ്രവർത്തനങ്ങൾ, എജ്യു-എക്സലൻസ് ഫെസ്റ്റ്, കമ്പ്യൂട്ടർ എയ്ഡഡ് ലേണിംഗ്, ഐ.ഇ.ഡി.സി. എയ്ഡസ് ആന്റ് അപ്ലൈയൻസസ്, എസ്. സി./എസ്. റ്റി. പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സംസ്ഥാന വർക്ക്ഷോപ്പുകൾ, സ്കൂൾ ആർ. റ്റി. ഇ. പദ്ധതികൾ, ഗവേഷണവും വിലയിരുത്തലും, വിദ്യാരംഗം, സാഹിത്യോത്സവം മറ്റു പ്രവർത്തനങ്ങൾ എന്നിവയ്ക്കായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾക്കായി 800.00 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

3. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)

(വിഹിതം: 1500.00 ലക്ഷം രൂപ)

തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന തുടർവിദ്യാഭ്യാസ പരിപാടികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് 1988-ൽ സ്ഥാപിതമായ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. സംസ്ഥാനത്ത് അതോറിറ്റിയുടെ കീഴിലുള്ള 4000 കേന്ദ്രങ്ങളിലൂടെയാണ് പ്രധാന പരിപാടികൾ നിർവ്വഹിക്കപ്പെടുന്നത്. 2009-10 വാർഷിക പദ്ധതിവരെ ഈ പദ്ധതി 50% കേന്ദ്ര സഹായമുള്ള പദ്ധതികളുടെ കൂട്ടത്തിലായിരുന്നു ഉൾപ്പെട്ടിരുന്നത്. എന്നാൽ 2009-10 മുതൽ കേന്ദ്രപദ്ധതി നിർത്തലാക്കുകയും പുതിയ സംസ്ഥാന പദ്ധതി ആരംഭിക്കുകയും ചെയ്തു. തുടർവിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി നിരക്ഷരത തുടച്ചുമാറ്റാനുള്ള പ്രത്യേക പരിപാടി, പ്രത്യേക നൈപുണ്യ വികസന പദ്ധതി, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം മുതലായവയാണ് പ്രധാന വിദ്യാഭ്യാസ പദ്ധതികൾ. പട്ടികജാതിയിൽപ്പെട്ടവർക്കും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള പ്രത്യേക സാക്ഷരത/തുല്യതാ പദ്ധതികൾ എന്നീ പദ്ധതികൾക്കും തുടർപ്രവർത്തനങ്ങൾക്കുമായി 2016-17-ൽ തുക വകയിരുത്തിയിരിക്കുന്നു. 2016-17 വർഷത്തിൽ പരിപാടികൾ നടപ്പിലാക്കുന്നതിനായി അതോറിറ്റിക്ക് 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. സംസ്ഥാനതല വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലന സ്ഥാപനം (സീമാറ്റ്)

(വിഹിതം: 330.00 ലക്ഷം രൂപ)

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വിദ്യാഭ്യാസകാര്യ നിർവ്വാഹകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനമാണിത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുക, വിദ്യാഭ്യാസ

മേഖലയിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി സമഗ്രമായി വർദ്ധിപ്പിക്കുക, നൂതന മാതൃകയിലുള്ള മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആസൂത്രണം ചെയ്യുക തുടങ്ങിയ വയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതലകൾ. 2016-17 വർഷത്തിൽ സീമാറ്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു:

(i) വിദ്യാഭ്യാസപരമായ സംവിധാനം—ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസർമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ തുടങ്ങിയവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുക, അവലോകന വിലയിരുത്തൽ പരിപാടികൾ നടപ്പിലാക്കുക.

(ii) വിദ്യാഭ്യാസ വികസന പരിപാടികൾ, ട്രൈഔട്ടുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കർമ്മപദ്ധതി രൂപീകരണം, പഠനങ്ങളും ഗവേഷണങ്ങളും, നൂതന മാതൃകകളുടെ ശേഖരണം തുടങ്ങിയവ.

(iii) ഡോക്യുമെന്റേഷൻ, ജേർണലുകളുടെ പ്രസിദ്ധീകരണം, കൈപ്പുസ്തകങ്ങൾ, പഠനസാമഗ്രികൾ, പുസ്തകങ്ങൾ, സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ എന്നിവ.

(iv) ഓഫീസിന്റെ ആധുനികവൽക്കരണവും അറ്റകുറ്റ പണികളും.

(v) വിഷൻ 2020—സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താനുള്ള ജോലികൾ, വിദ്യാഭ്യാസ സംവിധാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക, ആസൂത്രണവും ഭരണവും.

പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 330.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

5. സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം

(വിഹിതം: 700.00 ലക്ഷം രൂപ)

സ്പെഷ്യൽ വിദ്യാഭ്യസം, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിശീലനവും പുനരധിവാസവും എന്നിവ നല്കുന്ന സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. 2016-17 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു:

1. ഭരണപരമായ കാര്യങ്ങൾ.
2. സ്പെഷ്യൽ വിദ്യാഭ്യാസത്തിനുള്ള ഡിപ്ലോമ കോഴ്സുകൾ.
3. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തൽ.
4. മാനസികമായി വെല്ലുവിളി നേരിടുന്നവർക്ക് ജോലി കണ്ടെത്തുന്നതിനുള്ള സഹായം.
5. രക്ഷിതാക്കളെ പരിശീലിപ്പിക്കുന്നതിന് സമൂഹ പങ്കാളിത്തത്തോടെയുള്ള പദ്ധതി.
6. ഡോക്യുമെന്റേഷനും, അനുബന്ധ പ്രവർത്തനങ്ങളും.
7. ആദ്യഘട്ടങ്ങളിലെ ഇടപെടലുകൾ—മാതൃകാ പദ്ധതികൾ.
8. അക്കാദമിക് ബ്ലോക്ക് നിർമ്മാണം.
9. പ്രത്യേക സ്കൂൾ വിദ്യാഭ്യാസത്തിലെ ആധുനീകരണം.
10. പുതുതായി കോഴ്സുകൾ ആരംഭിക്കൽ.
11. വർക്ക്ഷോപ്പുകളും സെമിനാറുകളും സംഘടിപ്പിക്കൽ.
12. പ്രസിദ്ധീകരണ യൂണിറ്റ് സ്ഥാപിക്കൽ.
13. കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും തെറാപ്പിസ്റ്റുകൾക്കും പ്രത്യേക പരിശീലനം നൽകൽ.
14. പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
15. സഞ്ചരിക്കുന്ന ആദ്യഘട്ട ഇടപെടലുകളുടെ യൂണിറ്റ്.
16. കമ്മ്യൂണിറ്റി റിസർച്ച് പ്രോജക്ട്.
17. സുസ്തിതി പ്രോജക്ട്—എസ്.ഐ.എം.സി. സർവ്വീസ് സെന്റർ 13 ജില്ലകളിൽ.

2016-17-ൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. സംസ്ഥാന പദ്ധതികളായ സൗജന്യവും നിർബന്ധിത വുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള വിദ്യാർത്ഥികളുടെ അവകാശം, പാർട്ട്-ടൈം ഉറുദു അധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള ധനസഹായം (പുതിയ പദ്ധതി)

(വിഹിതം: 35.00 ലക്ഷം രൂപ)

വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്ന വിദ്യാഭ്യാസ അവകാശ ആക്ട് 2009 അനുസരിച്ച് 6 മുതൽ 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും വിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്. ഇതിനായി നിലവിലുള്ള 250 മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ (MGLC) ഘട്ടംഘട്ട മായി ഉയർത്തി 8-ാം ക്ലാസുവരെയുള്ള യു. പി. സ്കൂളുക ളാക്കേണ്ടതുണ്ട്. ഇപ്രകാരം ഉയർത്തിയ എല്ലാ സ്കൂളുകളിലും അദ്ധ്യാപകരെയും ഫുൾടൈം മിനിസ്റ്റീരിയൽ സ്റ്റാഫ് (FTM) ഉൾപ്പെടെയുള്ള അദ്ധ്യാപകരെയും നിയമിക്കേണ്ടതുണ്ട്. അടിസ്ഥാനസൗകര്യ വികസനവും നടത്തേണ്ടതുണ്ട്. മുൻവർഷങ്ങളിൽ പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നു. മൊത്തം പദ്ധതി തുകയിൽ 90% ലഭ്യമായിരുന്നത് കേന്ദ്ര സർക്കാരിൽ നിന്നുമാണ്.

നിലവിലുള്ള ഉറുദു ഭാഷാ അദ്ധ്യാപകർക്ക് വേതനം അനുവദിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി യാണിത്. ഒരു മാസത്തിലേ്ഡ 1000 രൂപ എന്ന നിരക്കിലാണ് പാർട്ട് ടൈം ഉറുദു അധ്യാപകർക്ക് വേതനം അനുവദിക്കുന്നത്.

നിലവിൽ മുകളിൽ പ്രസ്താവിച്ച രണ്ട് പദ്ധതികളും നിർത്തിയതിനാൽ 35.00 ലക്ഷം രൂപ രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനായി 2016-17-ൽ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ആവശ്യാനുസരണം അധികമായ തുക ലഭ്യമാക്കുന്നതാണ്.

## V. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം

1. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം. എസ്. എ.) (40 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 6000.00 ലക്ഷം രൂപ)

സെക്കന്ററിതലത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യവും താങ്ങാൻപറ്റാവുന്ന തുമാക്കാനായി ഭാരത സർക്കാർ ആരംഭിച്ച പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. എല്ലാവർക്കും പ്രവേശനം, നീതി,

ഗുണമേന്മ എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. സ്കൂളുകളുടെ ഗുണനിലവാരം ഉയർത്താനും നിർമ്മാണപ്രവർത്തനങ്ങൾ, സ്കൂൾ ഗ്രാന്റുകൾ നൽകുക, ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക പരിശീലനം, ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ, സമത്വത്തിനുവേണ്ടിയുള്ള ഇടപെടലുകൾ, എന്നീ പരിപാടികൾക്കാണ് തുക നീക്കിവയ്ക്കുന്നത്. 2016-17-ലെ പദ്ധതി നടത്തിപ്പിലേക്കായി 6000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അധികമായി സംസ്ഥാന വിഹിതം ആവശ്യമായി വരുന്നപക്ഷം കേന്ദ്രവിഹിതത്തിന് ആനുപാതിക മായി അധിക സംസ്ഥാനവിഹിതം അനുവദിക്കുന്നതാണ്.

2. അദ്ധ്യാപകരുടെ വിദ്യാഭ്യാസവും പരിശീലനവും ഉൾപ്പെടെ വിദ്യാഭ്യാസ വികസനത്തിനുള്ള സഹായം (50% സംസ്ഥാന വിഹിതം)

(വിഹിതം: 2176.00 ലക്ഷം രൂപ)

ചതുർ വേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മൂന്ന് പദ്ധതികൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസവും പരിശീലനവും ഉൾപ്പെടെ വിദ്യാഭ്യാസ വികസനത്തിനുള്ള സഹായം അഥവാ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്ന പേരിൽ ഒരുമിച്ച് ചേർത്തിരിക്കുന്നു:

i. ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്) അഥാവ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ.
ii. മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്.
iii. സെക്കന്ററി വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് പ്രോത്സാഹനം നൽകൽ.

ഈ പദ്ധതി നടത്തിപ്പിനായി 2176.00 ലക്ഷം രൂപ കേന്ദ്ര സഹായമായി 2016-17-ൽ വകയിരുത്തിയിരിക്കുന്നു. അധികമായി സംസ്ഥാന വിഹിതം ആവശ്യമായി വരുന്ന പക്ഷം കേന്ദ്ര വിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്.

3. ഉച്ചഭക്ഷണ പരിപാടി (40 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 10606.00 ലക്ഷം രൂപ)

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ സ്കൂളുകളിലെ ഹാജർനില വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് 15-ാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൽ.പി.-എൻ.എസ്.പി.ഇ.) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997-98 വർഷ ത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും നടപ്പാക്കി. 1 മുതൽ 5 വരെ ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശഭരണ സ്ഥാപന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ.ജി.എസ്., എ.ഐ.ഇ കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെകൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002-ൽ വിപുലപ്പെടുത്തുകയുണ്ടായി. 2016-17 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 10606.00 ലക്ഷം രൂപ വകയിരുത്തിയി രിക്കുന്നു. അധികമായി സംസ്ഥാനവിഹിതം ആവശ്യമായി വരുന്നപക്ഷം കേന്ദ്രവിഹിതത്തിന് ആനുപാതികമായി അധിക സംസ്ഥാന വിഹിതം അനുവദിക്കുന്നതാണ്.

## ബി. ഉന്നത വിദ്യാഭ്യാസം

1. കേരള സർവ്വകലാശാല

(വിഹിതം: 2460.00 ലക്ഷം രൂപ)

തിരുവിതാംകൂർ സർവ്വകലാശാല ആക്ട് പ്രകാരം 1937-ൽ തിരുവിതാംകൂർ സർവ്വകലാശാലയായി സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല 1957-ൽ കേരള സർവ്വകലാശാല ആക്ട് പ്രകാരം കേരള സർവ്വകലാശാലയായി പുനഃസംഘടിപ്പിക്കപ്പെട്ടു. ഇപ്പോൾ കേരള സർവ്വകലാശാലയ്ക്ക് സർക്കാർ, എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് മേഖലകളിലായി തൊഴിലധിഷ്ഠിത, കലാശാസ്ത്ര കോളേജുകൾ ഉൾപ്പെടെ 222 അഫിലിയേറ്റഡ് കോളേജുകളുണ്ട്. 2016-17 വർഷത്തിൽ സർവ്വകലാശാല താഴെപറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു:

(1) ഡിജിറ്റൽ കൺഡന്റ് രൂപീകരണം, ലാബ്, ഇ-ലേണിങ് സൊല്യൂഷൻസ്, ക്യാമ്പസിലുടനീളം അതിവേഗ ഒ.എഫ്. സി. കണക്ടിവിറ്റിക്കുള്ള നിർദ്ദേശം, ഫിസിക്സ് വകുപ്പിൽ മാഗ്നറ്റിക് മെറ്റീരിയൽസ് ലബോറട്ടറി, ഡിവൈസ് ആപ്ലിക്കേഷനുവേണ്ടി ആധുനിക നാനോ ഫോട്ടോനിക്സ് ലബോറട്ടറിയുടെ നാലാംഘട്ടം ആരംഭിക്കുക, ബോട്ടണി വകുപ്പിൽ സസ്യകോശ കൾച്ചർ സാങ്കേതിക വിദ്യയിൽ ട്രാൻസ്ലേഷണൽ ഗവേഷണ സൗകര്യം സ്ഥാപിക്കുന്ന തിനുള്ള നിർദ്ദേശം തുടങ്ങിയ പ്രത്യേക പദ്ധതികൾ.
(2) പശ്ചാത്തല സൗകര്യങ്ങളുടെയും ലബോറട്ടറികളുടെയും വികസനം.
(3) വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നൂതനങ്ങളായ പദ്ധതികളും ഗവേഷണ പ്രോജക്ടുകളും.
(4) പുതിയ കോഴ്സുകൾ ആരംഭിക്കൽ.
(5) പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വാങ്ങൽ.
(6) സെമിനാറുകളും കോൺഫറൻസുകളും.
(7) നിർമ്മാണ പ്രവർത്തനങ്ങൾ.
(8) കേന്ദ്രങ്ങളുടെ ശാക്തീകരണം—കേരള പഠനത്തിനു വേണ്ടിയുള്ള അന്തർ ദേശീയ കേന്ദ്രം, ഗാന്ധിയൻ പഠനത്തിനുവേണ്ടിയുള്ള കേന്ദ്രം, പ്രകൃതി വിഭവ ങ്ങളുടെ മാനേജ്മെന്റിന് വേണ്ടിയുള്ള അന്തർദേശീയ അന്തർ സർവ്വകലാശാലാ കേന്ദ്രം, ഇവല്യൂഷനറി ആന്റ് ഇന്റഗ്രേറ്റീവ് ബയോളജിക്കുവേണ്ടിയുള്ള കേന്ദ്രം.
(9) തുടർന്നുകൊണ്ടിരിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ.

2016-17 വർഷത്തിൽ 2640.00 ലക്ഷം രൂപ കേരള സർവ്വകലാശാലക്കായി വകയിരുത്തിയിരിക്കുന്നു.

2. കോഴിക്കാട് സർവ്വകലാശാല

(വിഹിതം: 2350.00 ലക്ഷം രൂപ)

കോഴിക്കോട് സർവ്വകലാശാല ഉന്നത വിദ്യാഭ്യാസത്തി നുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക, കേരളത്തിൽ സാമൂഹ്യ പരമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ള മലബാർ മേഖലയെ മുന്നോട്ട് കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളോടെ 1968-ലാണ് സ്ഥാപിതമായത്. പഠനത്തിനും ഗവേഷണത്തിനുമായി ഇപ്പോൾ 35 ഡിപ്പാർട്ടുമെന്റുകളും 404 അഫിലിയേറ്റഡ് കോളേജുകളും ഈ സർവ്വകലാശാല യുടെ കീഴിൽ പ്രവർത്തിക്കുന്നു. 2016-17 വർഷത്തിൽ നിർദ്ദേശി ച്ചിരിക്കുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു :

(1) സെന്റർ ഫോർ അഡ്വാൻസ്ഡ് മോളിക്യൂളർ ബയോളജി കേന്ദ്രം.

(2) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമത്തിലുള്ള പൂർത്തീകരണം.

(3) നിർമ്മാണ പ്രവർത്തനങ്ങൾ—പരിസ്ഥിതി ശാസ്ത്രം, ഭൗമശാസ്ത്രം, വികിരണ ഭൗതികശാസ്ത്രം എന്നിവയ്ക്കു വേണ്ടിയുള്ള കെട്ടിടങ്ങൾ, ബയോടെക്നോളജി വകുപ്പിന്റെ രണ്ടാം നിലയുടെ നിർമ്മാണം, പ്ലാൻ ബയോടെക്നോളജി, സസ്യശാസ്ത്ര വകുപ്പുകളുള്ള താഴത്തെ നിലയ്ക്കും ഒന്നാം നിലയ്ക്കും ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, ഐ.റ്റി.എസ്.ആർ. ചേതാലയം, പുരുഷ ഹോസ്റ്റൽ അനക്സ്-II-ന്റെ താഴത്തെ നിലയും ഒന്നാം നിലയും, കൊടുവായൂർ, തൃശ്ശൂർ, വലപ്പാട് എന്നി വിടങ്ങളിലെ സർവ്വകലാശാലാ അദ്ധ്യാപക പഠന കേന്ദ്രങ്ങളുടെ നിർമ്മാണം, പൂർത്തിയായിക്കൊണ്ടിരിക്കുന്ന ജോലികൾക്ക് മുൻഗണന നൽകേണ്ടതാണ്.

(4) പുസ്തകങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ഫർണിച്ചറുകൾ.

(5) ആധുനീകരണവും ഭരണ സംവിധാനവും.

(6) കാമ്പസ് വികസനം.

(7) തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ.

2016-17 വർഷത്തിൽ 2350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 3. മഹാത്മാഗാന്ധി സർവ്വകലാശാല

(വിഹിതം: 2375.00 ലക്ഷം രൂപ)

1983-ൽ സ്ഥാപിതമായ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ 339 അഫിലിയേറ്റഡ് കോളേജുകളും 18 ഡിപ്പാർട്ടുമെൻറുകൾ/സ്കൂളുകൾ 33 സ്വയംധനാർജ്ജിത വ്യവസ്ഥാപിത കോളേജുകളും നിലവിലുണ്ട്. 2016-17 വർഷക്കാലത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ് :

(1) കൺവർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ നിർമ്മാണം.

(2) സർവ്വകലാശാല ആഡിറ്റോറിയത്തിന്റെ നിർമ്മാണം.

(3) ലൈബ്രറിക്കുവേണ്ടി ഹൈ-ടെക് ഇൻഫോനെറ്റ് കേന്ദ്രം.

(4) വൈകല്യമുള്ളവർക്കായി തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം.

(5) വേമ്പനാട് തണ്ണീർത്തട ആവാസ വ്യവസ്ഥയുടെ പരിസ്ഥിതി നിരീക്ഷണവും സുസ്ഥിര ഉപയോഗവും.

(6) ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക: സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി വകുപ്പുകൾക്കുവേണ്ടിയുള്ള ഉപകരണങ്ങൾ, രാസവസ്തുക്കൾ, ഉപഭോഗവസ്തുക്കൾ.

(7) ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് കമ്മ്യൂണിക്കേഷൻ സ്കിൽസ് (സി.ഇ.എൽ.സി.എസ്.) കേന്ദ്രത്തിനുവേണ്ടി ഇംഗ്ലീഷ് ആശയ വിനിമയത്തിൽ പുതിയ ബിരുദാനന്തര ഡിപ്ലോമ ആരംഭിക്കൽ.

(8) അധ്യയന വികസന കേന്ദ്രം.

(9) ക്യാമ്പസ് വികസന പ്രവർത്തനങ്ങൾ.

(10) നിലവിലുള്ള വിദ്യാഭ്യാസ പദ്ധതികൾ.

2016-17 വർഷത്തിൽ പദ്ധതിക്കായി 2375.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 4. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

(വിഹിതം: 1400.00 ലക്ഷം രൂപ)

സംസ്കൃത ഭാഷ, ഇൻഡോളജി, ഭാരതീയ തത്ത്വശാസ്ത്രം, ഭാരതീയ ഭാഷകൾ എന്നിവയുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി 1993-ൽ സ്ഥാപിതമായതാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല. സർവ്വകലാശാലയ്ക്ക് കാലടിയിലെ മുഖ്യ കേന്ദ്രത്തിൽ 23 വകുപ്പുകളും, കേരളത്തിലെ പല സ്ഥലങ്ങളിലായി 8 മേഖലാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ബിരുദം/ബിരുദാനന്തര ബിരുദം, എം. ഫിൽ., പി. എച്ച്. ഡി. എന്നീ കോഴ്സുകളാണ് സർവ്വകലാശാലയിൽ ഇപ്പോഴുള്ളത്. 2016-17-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു :

- സ്പിൽ ഓവർ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
- ഫർണിച്ചർ, ഉപകരണങ്ങൾ, ഹോസ്റ്റൽ, ലൈബ്രറി, കെട്ടിടങ്ങൾ മുതലായവ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക.
- നിർമ്മാണ പ്രവർത്തനങ്ങൾ.
- അദ്ധ്യയന രംഗത്തെ വികസന പദ്ധതികളും പ്രോജക്ടുകളും.
- വിവിധ വകുപ്പുകളിൽ റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ പ്രോഗ്രാം.
- പ്രസിദ്ധീകരണ വിഭാഗത്തിന്റേയും പുതിയ പ്രസിദ്ധീകരണങ്ങളുടേയും ശാക്തീകരണം.
- പുസ്തകങ്ങളും, പ്രസിദ്ധീകരണങ്ങളും വാങ്ങുക.
- എം. ഫിൽ, പിഎച്ച്.ഡി. വിദ്യാർത്ഥികൾക്ക് ഗവേഷണ ഫെല്ലോഷിപ്പ്.
- സംസ്കൃത വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പുകൾ.
- മേഖലാ കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സൗകര്യങ്ങളും, ഭാഷാ ലബോറട്ടറികളും നൽകുക.
- ഇ-ഗവേണൻസ്.
- തുടർ പ്രവർത്തനങ്ങൾ.

പദ്ധതിയുടെ നടത്തിപ്പിനായി 2016-17 വർഷത്തിൽ 1400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 5. കണ്ണൂർ സർവ്വകലാശാല

(വിഹിതം: 2370.00 ലക്ഷം രൂപ)

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വടക്കേ മലബാറിൽ നിലനിന്നിരുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി 1995-ൽ കണ്ണൂർ സർവ്വകലാശാല സ്ഥാപിച്ചു. വിദൂര പഠനകേന്ദ്രം കൂടാതെ 33 അദ്ധ്യയന വകുപ്പുകളാണ് സർവ്വകലാശാലയ്ക്കുള്ളത്. 3 എം. ബി. എ. കേന്ദ്രങ്ങളും 5 കമ്മ്യൂണിറ്റി കോളേജുകളും, 3 ഐ. റ്റി. വിദ്യാഭ്യാസ കേന്ദ്രങ്ങളും, പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ 134 അഫിലിയേറ്റഡ് കോളേജുകളും, സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2016-17 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

(1) വിവിധ ക്യാമ്പസുകളിലെ സ്പിൽ ഓവർ പദ്ധതികൾ/ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികളിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഇവ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.

(2) പുസ്തകങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടർ, തുടങ്ങിയവ വാങ്ങുക.

(3) ക്യാമ്പസ് വികസന പ്രവർത്തനങ്ങൾ.

(4) തുടർ പ്രവർത്തനങ്ങൾ.

2016-17 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2370.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. ഉന്നത നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല (നുവൽസ്)

(വിഹിതം: 650.00 ലക്ഷം രൂപ)

2005-ൽ സ്ഥാപിതമായ നുവൽസ് ആണ് സംസ്ഥാനത്ത് നിലവിലുള്ള ഏക ദേശീയ നിയമ സർവ്വകലാശാല. നിയമ വിദ്യാഭ്യാസത്തിലും, ഗവേഷണത്തിലും മികവിന്റെ കേന്ദ്രമായി നുവൽസിനെ മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടുകൂടി ഈ സ്ഥാപനത്തെ ഇന്ത്യയിലെ മഹത്തായ ഒരു നിയമ പഠനകേന്ദ്രവും അന്തർദേശീയ തലത്തിൽ ഗവേഷണത്തിനുള്ള ഒരു സ്ഥാപനവുമാക്കി മാറ്റുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പഠനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രങ്ങൾ, സൗരോർജ്ജം, ബിരുദാനന്തര പഠന ഗവേഷണകേന്ദ്രം, ഓഫീസ് ഓട്ടോമേഷൻ, മറ്റു പ്രവർത്തനങ്ങൾ, നിലവിലുള്ള ജോലികളുടെ പൂർത്തീകരണം എന്നിവയ്ക്ക് തുക വകയിരുത്തിയിരിക്കുന്നു. 2016-17-ൽ 650.00 ലക്ഷം രൂപ പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നതിനായി വകകൊള്ളിച്ചിരിക്കുന്നു.

7. മലയാളം സർവ്വകലാശാല (മലയാള സർവ്വകലാശാല സ്ഥാപിക്കൽ)

(വിഹിതം: 765.00 ലക്ഷം രൂപ)

10 ബിരുദാനന്തര ബിരുദ കോഴ്സുകളുമായി 2012 നവംബറിൽ തിരൂരിൽ പുതുതായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി സ്ഥാപിക്കുകയുണ്ടായി. 2016-17-ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ തുക വിനിയോഗിക്കാവുന്നതാണ്:

(i) *അക്കാദമിക ആവശ്യങ്ങൾ*—അക്കാദമിക് കോഴ്സുകൾ, സെമിനാറുകൾ, സംഭാഷണങ്ങൾ, അക്കാദമിക് വൈദഗ്ധ്യമുള്ളവരുമായുള്ള കോൺഫറൻസുകളും, മീറ്റിംഗുകളും, സുപ്രധാന പൈതൃക വസ്തുതകളുടെ സംരക്ഷണവും, പരിപാലനവും, നൈപുണ്യ വികസന പദ്ധതികളും കോഴ്സുകളും, ഗവേഷണ പരിപാടികൾ, സഹവർത്തിത്വ പരിപാടികൾ, എഴുത്തച്ഛൻ പഠന കേന്ദ്രം, മലയാളം കമ്പ്യൂട്ടിംഗ് സെന്റർ, ലൈബ്രറി വികസനം, അദ്ധ്യാപക പരിശീലനവും പ്രാപ്തി വർദ്ധിപ്പിക്കലും, സാഹിത്യ പ്രോൽസാഹനം, പബ്ലിക്കേഷൻ, വിദ്യാർത്ഥി ക്ഷേമ പരിപാടികൾ, സെമിനാർ വർക്കുകളുടെ മലയാള പരിഭാഷ, ഡിജിറ്റൽ ഗ്രന്ഥപ്പുര സൃഷ്ടിക്കുക, ഫിലിമുകളുടെയും മീഡിയകളുടെയും ഗ്രന്ഥപുരകൾ, മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള അഭിഭാഷണം എന്നിവ.

(ii) *അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ*—ആഫീസ് ഓട്ടോമേഷൻ, പരീക്ഷാവിഭാഗത്തിലേക്കുള്ള ഗുണമേന്മയുള്ള പ്രിന്റിംഗ് ഉപകരണങ്ങൾ, ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും, ക്ലാസ് മുറികളുടെ നിർമ്മാണം, കായിക വിനോദങ്ങൾക്കാവശ്യമായ ഫർണിച്ചറുകളുടെയും, മറ്റു വികസനം മുതലായവ.

(iii) പുതിയ ക്യാമ്പസിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലും വികസനവും.

2016-17 വർഷത്തിൽ 765.00 ലക്ഷം രൂപ സർവ്വകലാശാലയ്ക്കായി വകയിരുത്തിയിരിക്കുന്നു.

8. നിയമ പഠന കോളേജുകൾ

(വിഹിതം: 650.00 ലക്ഷം രൂപ)

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി സംസ്ഥാനത്ത് ആകെ നാല് നിയമ പഠന കോളേജുകൾ ഉണ്ട്. 2016-17 വർഷക്കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്.

(1) *ഗവൺമെന്റ് നിയമ പഠന കോളേജ്, തിരുവനന്തപുരം*

പ്രഗത്ഭരായ ലക്ചർമാരുടെ സെമിനാറുകൾ, വർക്ഷോപ്പുകൾ, പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ, കരിയർ ഗൈഡൻസ് പരിപാടി തുടങ്ങിയ അക്കാദമിക് പരിപാടികൾ സംഘടിപ്പിക്കുക, ലൈബ്രറികളിലേക്കും ഗവേഷണ കേന്ദ്രത്തിലേക്കും ആവശ്യമായ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വാങ്ങുക, നിലവിലുള്ള അടിസ്ഥാന സൗകര്യ വികസനവും വിപുലീകരണവും, ഗവേഷണ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഫർണിഷിംഗും, കമ്പ്യൂട്ടറുകളുടേയും മറ്റു ഉപകരണങ്ങളുടേയും അറ്റകുറ്റപണികൾ മുതലായ പരിപാടികൾ നടപ്പിലാക്കുക.

(2) *ഗവൺമെന്റ് നിയമ പഠന കോളേജ്, എറണാകുളം*

പുസ്തകങ്ങളും ജേണലുകളും ഇ-ജേണലുകളും വാങ്ങുക, അധ്യയന പരിപാടികളായ സെമിനാറുകൾ, വർക്ഷോപ്പുകൾ, മൂട്ട്കോർട്ടുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുകയും അവയുടെ പരിപാലനവും ഫർണിച്ചർ, ഇൻവെർട്ടർ, പാത്രങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ വാങ്ങുക, വോളിബോൾ കോർട്ട് സ്ഥാപിക്കുക, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റൽ കെട്ടിടങ്ങളുടെയും കുഴൽ കിണറിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യുക, ബ്രോഡ്ബാന്റ് കണക്ഷൻ പുതുക്കുക, ദേശീയ മൂട്ട്ക്കോർട്ട് മത്സരങ്ങൾ നടത്തുക എന്നിവയാണ് 2016-17-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(3) *സർക്കാർ നിയമ പഠന കോളേജ്, തൃശ്ശൂർ*

പുസ്തകങ്ങൾ, ജേണലുകൾ, ഫർണീച്ചറുകൾ, ഇലക്ട്രോണിക്, ഡേറ്റാബെയ്സ്, ഇ-ജേണലുകൾ മുതലായവ വാങ്ങുന്നതിനും ഇലക്ട്രിക്-ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഫയർ എക്സ്റ്റിംഗ്യൂഷറുകൾ, ശൗചാലയ അറ്റകുറ്റപ്പണികൾ, ക്ലാസ് മുറികളുടെ നവീകരണം, ഉപഭോഗ വസ്തുക്കൾ, ബയോഗ്യാസ് പ്ലാന്റ്, ക്യാമ്പസ് കെട്ടിട പരിഷ്കരണം, പഴയ ലൈബ്രറിയുടെ താഴത്തെ നിലയുടെ മാറ്റം വരുത്തലും നവീകരണവും, പ്ലേസ്മെന്റ് കരിയർ കൗൺസിലിംഗ് സെൽ, അക്കാഡമിക് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ, മൂട്ട് കോർട്ട് മത്സരങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയ അധ്യായന പ്രവർത്തനങ്ങൾ.

(4) *സർക്കാർ നിയമ പഠന കോളേജ്, കോഴിക്കോട്*

ഇ-ജേണലുകൾ ഉൾപ്പെടെയുള്ള ജേണലുകളും പുസ്തകങ്ങളും വാങ്ങുക, വിവിധയിനം ഫർണിച്ചറുകൾ വാങ്ങുക, കായിക വിനോദ ഉപകരണങ്ങൾ, കോളേജ് ഹോസ്റ്റലിനാവശ്യമായ പാത്രങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, മൂട്ട് കോർട്ട് മത്സരങ്ങൾ, സിംബോസിയം തുടങ്ങിയവ നടത്താനുദ്ദേശിക്കുന്നു. കൂടാതെ ഒരു ക്ലാസ് മുറി ഇ-ക്ലാസ് മുറിയായി മാറ്റുന്നതിലേക്കും, നാല് ക്ലാസ്മുറികളുടെയും മൂട്ട്കോർട്ട് ഹാൾ കോംപ്ലക്സിന്റെയും നിർമ്മാണണവും കാമ്പസ് ശുചീകരണവും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

സംസ്ഥാനത്തെ 4 കോളേജുകൾക്കുമായി 650.00 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു.

9. എൻ. സി. സി.

(വിഹിതം: 500.00 ലക്ഷം രൂപ)

വിദ്യാർത്ഥികൾക്കിടയിൽ സ്വഭാവം, കൃത്യനിഷ്ഠ, നേതൃത്വ ഗുണങ്ങൾ എന്നിവ വികസിപ്പിക്കുക എന്നതാണ് എൻ. സി. സി.-യുടെ ലക്ഷ്യം.

എൻ. സി. സി.-യിൽ സംസ്ഥാനത്ത് 5 ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സുകൾ, 409 യൂണിറ്റുകൾ, 1 ഡയറക്ടറേറ്റ് എന്നിവയുണ്ട്. 2016-17 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു:

(1) പയ്യന്നൂരിൽ എൻ.സി.സി. ആഫീസ് കെട്ടിട നിർമ്മാണം.

(2) തൃശ്ശൂരിൽ മൂന്ന് ഓഫീസ് കെട്ടിട നിർമ്മാണങ്ങൾ.

(3) ആക്കുളത്ത് ക്യാമ്പിംഗ് സൗകര്യമുള്ള കെട്ടിടം.

(4) കൊല്ലത്ത് എൻ. സി. സി. നേവൽ യൂണിറ്റിന് ക്യാമ്പിംഗ് സൗകര്യം.

(5) ചങ്ങനാശ്ശേരിയിൽ കിടങ്ങറയിലെ എൻ. സി. സി. യൂണിറ്റിന്റെയും, ബോട്ട് ഹൗസിന്റെയും നിർമ്മാണം.

(6) മലപ്പുറത്ത് കോഴിക്കോട് സർവ്വകലാശാലയിൽ എൻ. സി. സി. അക്കാദമി, ട്രെയിനിംഗ് ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം.

(7) തിരുവനന്തപുരം മണ്ണന്തലയിൽ എൻ.സി.സി. ഗ്രൂപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആഫീസ് കെട്ടിടം നിർമ്മാണം.

(8) വയനാട്ടിലെ മാനന്തവാടിയിൽ ഫയറിംഗ് റെയ്ഞ്ച്, ട്രെയിനിംഗ് അക്കാഡമി, ആഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണം.

(9) തിരുവനന്തപുരം എയർപോർട്ടിന് സമീപത്തെ 1 (കെ) എയർവിംഗ് എൻ. സി. സി. ഹാംഗറിന്റെ നിർമ്മാണം.

(10) എൻ. സി. സി. ഓഫീസുകളുടെ ആധുനീകരണം, എല്ലാ ആഫീസർമാർക്കും സ്റ്റാഫുകൾക്കും പരിശീലനം നൽകുക, ഫയറിംഗ് റെയ്ഞ്ചിന്റെ നിർമ്മാണവും റിപ്പയറിംഗും തുടങ്ങിയവ.

മുകളിൽ പറഞ്ഞിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനായി 2016-17 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ തുടങ്ങിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.

10. സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനം

(വിഹിതം: 600.00 ലക്ഷം രൂപ)

ഭൂരിഭാഗം സർക്കാർ കോളേജുകളിലും ആധുനിക സജ്ജീകരണ സൗകര്യങ്ങളോടുകൂടിയ ലൈബ്രറികളും ലബോറട്ടറികളും ആവശ്യമാണ്. എല്ലാവർഷവും പുതിയ ഉപകരണങ്ങളുമായി ലബോറട്ടറികൾ നവീകരിക്കേണ്ടതും വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സംവിധാനമുൾപ്പെടെ നൽകികൊണ്ട് ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യേണ്ടതുമുണ്ട്. പഴയ കോഴ്സുകൾക്ക് പകരം പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിനാൽ ആധുനിക ഉപകരണങ്ങളും കമ്പ്യൂട്ടറൈസ്ഡ്/ഡിജിറ്റൽ ലൈബ്രറി സൗകര്യവും, ലാബുകൾക്കും ലൈബ്രറികൾക്കും ഫർണിച്ചർ മുതലായവയും ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് കോളേജുകളുടെ നാക് അക്രഡിറ്റേഷനും അംഗീകാരത്തിനും ആവശ്യമാണ്. ആകെ തുകയുടെ 15% ലബോറട്ടറികളിൽ സയൻസ് കോഴ്സുകളുടെ നടത്തിപ്പിന് ആവശ്യമായ രാസപദാർത്ഥങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. പുതിയ കോഴ്സുകൾ ആരംഭിക്കുക/നിലവിലുള്ള കോഴ്സുകൾ വിപുലീകരിക്കുക

(വിഹിതം: 500.00 ലക്ഷം രൂപ)

നിലവിലുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകളോടൊപ്പം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോളേജുകളിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫർണിച്ചർ, ലാബ്/ലൈബ്രറി സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റികൾക്ക് നൽകേണ്ടുന്ന ഇൻസ്പെക്ഷൻ ഫീ, അഫിലിയേഷൻ ഫീ മുതലായവ കോളേജുകൾക്ക് തിരികെ നൽകേണ്ടതുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനും വിഭാവനം ചെയ്യുന്നു. മൈക്രോ ബയോളജി, ബയോകെമിസ്ട്രി, ബയോ ടെക്നോളജി, വ്യാവസായിക രസതന്ത്രം തുടങ്ങിയ പുതിയ കോഴ്സുകൾ ആരംഭിച്ച കോളേജുകളിൽ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്. പുതിയ കോഴ്സുകൾ അനുവദിക്കപ്പെട്ടിട്ടില്ലായെങ്കിൽ പദ്ധതി വിഹിതം നിലവിലുള്ള കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനായി വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2016-17-ൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. ഫാക്കൽറ്റി വികസനം

(വിഹിതം: 180.00 ലക്ഷം രൂപ)

പരിശീലന പരിപാടികളിൽക്കൂടി അദ്ധ്യാപകരുടെ നിലവാരം ഉയർത്തി വിദ്യാഭ്യാസ നിലവാരം വികസിപ്പിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. ഈ പരിപാടി മുഖേന രാജ്യത്തെ മറ്റു സ്ഥലങ്ങളിലെ ആധുനിക വികസന മാതൃകകളെപ്പറ്റിയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വികസന രീതികളെപ്പറ്റിയും അദ്ധ്യാപന രീതികളെപ്പറ്റിയും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഈ പദ്ധതി പ്രകാരം നടത്തുവാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്:

- ഹ്യുമാനിറ്റീസ്, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം തുടങ്ങിയ ശാഖകളിൽ അടുത്ത കാലത്തായി കൈവരിച്ച നേട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതിനായി ഫാക്കൾറ്റികൾക്ക് പുതിയ മേഖലകളിലുള്ള അറിവ് പ്രദാനം ചെയ്യുന്ന തരത്തിലുള്ള ഹ്രസ്വകാല പരിശീലന പദ്ധതികൾ സംഘടിപ്പിക്കുക. പരിശീലന കാലയളവ് ചുരുങ്ങിയത് 3 ദിവസമോ പരമാവധി ഒരാഴ്ചയോ ആയിരിക്കും. ഈ പരിപാടി രാജ്യത്തെ സർവ്വകലാശാല വകുപ്പുകളിലോ, അക്കാദമിക് സ്റ്റാഫ് കോളേജുകളിലോ, അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളിലോ, ഗവേഷണ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ ഗവേഷണ കേന്ദ്രങ്ങളുള്ള കോളേജുകളിലോ നടത്താവുന്നതാണ്.
- സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയതായി നിയമിക്കപ്പെട്ട അദ്ധ്യാപകർക്കായുള്ള പ്രാരംഭ പരിശീലന പരിപാടി നടപ്പിലാക്കുക.
- രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ഉള്ള പ്രഗത്ഭരായ ഫാക്കൽറ്റികളെ ക്ഷണിച്ച് സെമിനാറുകളും വർക്ക് ഷോപ്പുകളും നടത്തുക.

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 വർഷത്തിൽ 180.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകുന്നതിനും വികസനപ്രവർത്തന ങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

(വിഹിതം: 60.00 ലക്ഷം രൂപ)

കോളേജുകളിൽ ജില്ലാ കളക്ടർ ചെയർമാനായി കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനായി കോളേജ് വികസന സമിതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ സമിതി പൂർവ്വ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പൂർവ്വ വിദ്യാർത്ഥി അസോസിയേഷനുകൾ എന്നിവരിൽ നിന്നും ധനശേഖരണം നടത്തുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇങ്ങനെ ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്നതാണ്. ഈ പദ്ധതി ശേഖരിക്കുന്ന തുകയും മാച്ചിംഗ് ഗ്രാന്റും കോളേജുകളുടെ സർവ്വതോൻമുഖമായ വികസനത്തിന് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉപയോഗിക്കുന്നു. പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 60.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

14. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും, സോണൽ ഓഫീസുകളുടെയും നവീകരണം

(വിഹിതം: 50.00 ലക്ഷം രൂപ)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും, സോണൽ ആഫീസുകളുടെയും സുസജ്ജമായ പ്രവർത്തനത്തിന് മതിയായ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടിയ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉൾപ്പെടുത്തി ആധുനീകരിക്കേണ്ടതുണ്ട്. ഫാക്സ് മെഷീൻ, ഫോട്ടോകോപ്പി മെഷീനുകൾ എന്നിവ വാങ്ങൽ, ഇന്റർനെറ്റ് ബന്ധപ്പെടുത്തിയുള്ള ലാൻ സൗകര്യം, പുതിയ സോഫ്റ്റ്‌വെയറുകളും ആന്റി വൈറസ് സോഫ്റ്റ് വെയറുകളും ഘടിപ്പിക്കൽ, റീ-ഇലക്ട്രിഫിക്കേഷൻ ജോലികൾ, വീഡിയോ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം, ഡയറക്ടറേറ്റിലെയും സോണൽ ആഫീസുകളിലെയും അറ്റകുറ്റപണികൾ, എ. എം. സി. ചാർജ്ജുകൾ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുവാൻ തുക വിനിയോഗിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിനായി 2016-17-ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. ഐ. റ്റി. ഗ്രിഡ്

(വിഹിതം: 30.00 ലക്ഷം രൂപ)

ഐ. റ്റി. ഗ്രിഡ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും ഇന്റർനെറ്റിലൂടെ ബന്ധം സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിവരസാങ്കേതിക വിദ്യയിലൂടെ ശാക്തീകരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ഗവൺമെന്റ് കോളേജുകളിലും ഹോസ്റ്റലുകളിലുമുള്ള ബ്രോഡ് ബാൻഡ് കണക്ഷന്റെ പുതുക്കലിനും പുതുതായി തുടങ്ങിയ കോളേജുകളിലെ കണക്ടിവിറ്റി ചാർജ്ജുകൾ കണ്ടെത്തുന്നതിനും ബി. എസ്. എൻ. എൽ-ന് നൽകേണ്ട വാർഷിക തുക ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. 2016-17 വർഷത്തിൽ 30.00 ലക്ഷം രൂപ ഈ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നു.

16. കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

(വിഹിതം: 400.00 ലക്ഷം രൂപ)

പതിനൊന്നാം പദ്ധതി കാലയളവിൽ കേരള സംസ്ഥാന സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ ബിരുദാനന്തര തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തികച്ചും മെറിറ്റ്/സാമ്പത്തികസ്ഥിതി എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. പ്രതിഭാശാലികളായ നിർദ്ധന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് വളരെയധികം സഹായകരമായിരിക്കും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും അല്ലെങ്കിൽ താഴ്ന്ന വരുമാനമുള്ളതും യോഗ്യതാ പരീക്ഷയിൽ 50% മാർക്കെങ്കിലും നേടിയതുമായ ഗവൺമെന്റ്, എയ്ഡഡ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ എവിടെയെങ്കിലും ആർട്സ്, സയൻസ്, ഹ്യുമാനിറ്റീസ് എന്നീ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. പുതിയ സ്കോളർഷിപ്പുകൾ ആരംഭിക്കുന്നതിനും പഴയത് പുതുക്കുവാനും തുക വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി 2016-17-ൽ 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

17. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി (സി.ഐ.യു.പി.)

(വിഹിതം: 2500.00 ലക്ഷം രൂപ)

സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 58 ആർട്സ് ആന്റ് സയൻസ് കോളേജുകളും 3 ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളും, ഒരു അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടും, 4 സംഗീത കോളേജുകളും, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജും, സർക്കാർ കോളേജുകളോടനുബന്ധിച്ചുള്ള 15 ഹോസ്റ്റലുകളുമാണുള്ളത്. ഇവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ടെത്തുവാനും അവയെ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനും വേണ്ടി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഈ കമ്മിറ്റി കോളേജുകളിൽ സന്ദർശനം നടത്തി അടിസ്ഥാന സൗകര്യ വികസന മേഖലകൾ തിരഞ്ഞെടുത്ത് ഏകദേശം 100 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. ഇവയിൽ താഴെ പറയുന്ന പരിപാടികൾ ഉൾപ്പെടുന്നു:

(എ) കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം.

(ബി) പൊതു വികസന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനായി ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ.

(സി) കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികളും കായിക രംഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും.

(ഡി) കോളേജുകളുടെയും ഹോസ്റ്റലുകളുടെയും പൈതൃക സംരക്ഷണം.

(ഇ) കായിക ഉപകരണങ്ങൾ വാങ്ങൽ.

(എഫ്) വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ.

2017-18 ഓടുകൂടി ഈ പദ്ധതിയുടെ തുടർച്ച പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്.

2016-17 വർഷത്തേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

18. എഡ്യൂസാറ്റ് പദ്ധതി—ഗവൺമെന്റ് കോളേജുകളിൽ ടെലി-ട്രെയിനിംഗ്

(വിഹിതം: 35.00 ലക്ഷം രൂപ)

സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽ (എസ്. ഐ. റ്റി.) 38 സർക്കാർ കോളേജുകളിൽ സ്ഥാപിക്കുകയുണ്ടായി. വിസിറ്റിംഗ് സ്കോളർ പരിപാടിയുടെ ഭാഗമായി ഇന്ത്യയ്ക്കകത്തുള്ള സർവ്വകലാശാലകളിൽനിന്നും ഗവേഷണ കേന്ദ്രങ്ങളിൽനിന്നും കോളേജുകളിൽ നിന്നും പ്രഗത്ഭരായ പണ്ഡിതരെ സംസ്ഥാനത്തെ കലാലയങ്ങളിൽ വിസിറ്റിംഗ് ഫാക്കൽറ്റിയായി ക്ഷണിക്കുന്നതാണ്. ഈ വിദഗ്ദ്ധരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും രേഖപ്പെടുത്തി സംപ്രേഷണം ചെയ്യുന്നതാണ്. വിസിറ്റിംഗ് ഫാക്കൽറ്റിക്ക് വേതനം നൽകുവാനും, അവരുടെ റ്റി. എ./ഡി. എ.-ക്കും, അക്കാദമിക് കമ്മിറ്റി അംഗങ്ങൾക്കുള്ള ഹോണറേറിയത്തിനും കോളേജുകളിൽ വെർച്ച്വൽ ക്ലാസ്സ് റൂം നിർമ്മാണത്തിനും ഉപകരണങ്ങളുടെ മെയിന്റനൻസ് തുടങ്ങിയവയ്ക്കും തുക നീക്കിവച്ചിരിക്കുന്നു. കേരള പരിപ്രേക്ഷിത പദ്ധതി 2030-മായി ഈ പദ്ധതിയിലെ ഘടകങ്ങളും പ്രവർത്തനങ്ങളും ബന്ധിപ്പിക്കേണ്ടതാണ്. 2016-17 വർഷത്തിൽ പദ്ധതിക്കായി 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

19. പഠനയാത്രകൾ

(വിഹിതം: 70.00 ലക്ഷം രൂപ)

പഠനയാത്രകൾ/ഫീൽഡ് വിസിറ്റ് എന്നിവ പല വിഷയങ്ങളുടേയും ബിരുദ/ബിരുദാനന്തര പാഠ്യ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. സർക്കാർ കോളേജുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റിനും സാമ്പത്തിക സഹായം നൽകാനുദ്ദേശിച്ചുകൊണ്ടുള്ളതാണീ പദ്ധതി. പദ്ധതി നടത്തിപ്പിനായി 2016-17-ൽ 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

20. ഇറുഡൈറ്റ്-സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം

(വിഹിതം: 10.00 ലക്ഷം രൂപ)

സംസ്ഥാനത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നോബൽ സമ്മാന ജേതാക്കളുൾപ്പെടെ രാജ്യത്തിനകത്തും പുറത്തും നിന്നുമുള്ള വിഖ്യാതരായ വിദഗ്ധരുമായി സംവദിക്കാൻ അവസരം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നോബൽ സമ്മാന ജേതാക്കൾക്കും വിദഗ്ദ്ധർക്കും സംസ്ഥാനം സന്ദർശിച്ച് പ്രഭാഷണം നടത്താനും സംസ്ഥാനത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി ചേർന്ന് സംയുക്ത ഗവേഷണം നടത്താനും ക്ഷണം നൽകുന്നതാണ്. ഇങ്ങനെ സംസ്ഥാനം സന്ദർശിക്കുന്ന വിദഗ്ദ്ധർക്ക് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലകൾ ഒരുക്കേണ്ടതാണ്. വിദഗ്ദ്ധരുമായി സംവദിക്കാൻ മറ്റ് സർവ്വകലാശാലകളിലെ നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കുകൂടി അവസരം നൽകാൻ ബന്ധപ്പെട്ട സർവ്വകലാശാലകൾ സൗകര്യം ഒരുക്കേണ്ടതാണ്. ഈ പദ്ധതിയിലെ പദ്ധതി ഘടകങ്ങളും പ്രവർത്തനങ്ങളും കേരള പരിപ്രേക്ഷിത പദ്ധതി 2030-മായി ബന്ധിപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2015-16 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

21. ആസ്പെയർ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സ്കോളർഷിപ്പ് പദ്ധതി

(വിഹിതം 90.00 ലക്ഷം രൂപ)

രാജ്യത്തെ മികച്ച ഫാക്കൽറ്റുകളുടെയും സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്ത ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. കേരളത്തിലെ സർവ്വകലാശാലകളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2016-17 വർഷത്തിൽ പദ്ധതിക്കായി 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

22. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

(വിഹിതം: 50.00 ലക്ഷം രൂപ)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന മികവിനുമായി നിരന്തരപരിശീലനവും, മോണിറ്ററിംഗും ഏർപ്പെടുത്തേണ്ടതുണ്ട്. കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും, ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ജോലിയിൽ പുതുതായി പ്രവേശിച്ചവർക്കും തുടരുന്നവർക്കും പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. വകുപ്പ് മേധാവികളും, സർക്കാർ കോളേജിലെ പ്രിൻസിപ്പൽമാരും നിർബന്ധമായും പരിശീലന പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്. 2016-17 വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

23. എഡ്യൂസാറ്റ് ക്ലാസ് മുറിയുടെ ആധുനികവൽക്കരണം

(വിഹിതം: 250.00 ലക്ഷം രൂപ)

എഡ്യൂസാറ്റ് സംവിധാനം ലഭ്യമായ 38 കോളേജുകളിലെയും ക്ലാസ്മുറികൾ എൽ. സി. ഡി. പ്രോജക്ടർ, ലാപ്ടോപ് കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള വിവര സാങ്കേതികവിദ്യ ഇവ ലഭ്യമാക്കുന്ന സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റേണ്ടതുണ്ട്. ശീതീകരിച്ച അന്തരീക്ഷമായിരിക്കും

ഇത്തരം മുറികളിലുണ്ടാവുക. എഡ്യൂസാറ്റ് പദ്ധതിക്കായി സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, കേടുപാട് തീർക്കലുകൾക്കും തുക വിനിയോഗിക്കാവുന്നതാണ്. ബിരുദാനന്തര ബിരുദ കോഴ്സുകളുള്ള 38 ആർട്ട്സ് ആന്റ് സയൻസ് കോളേജുകളാണ് സംസ്ഥാനത്തുള്ളത്. ഗവൺമെന്റ് കോളേജുകളിലെ ഓരോ വിഭാഗങ്ങളി ലെയും ബിരുദ ബിരുദാനന്തര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികൾ ആക്കി മാറ്റേണ്ടതുണ്ട്. ഇതിനായി ക്ലാസ്സ് മുറികളിൽ വിവര സാങ്കേതിക സൗകര്യങ്ങളായ ടി. വി., ഇന്റർനെറ്റ് കണക്റ്റിവിറ്റി, വൈറ്റ് ബോർഡ്, ലാപ്ടോപ്പ്, കമ്പ്യൂട്ടർ, കസേര തുടങ്ങിയ സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. ക്ലാസ് മുറികളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ അധികമായി വരുന്ന വൈദ്യുതീകരണത്തിനും ഫർണിച്ചർ വാങ്ങുന്നതിനും തറയിൽ ടൈൽസിടുന്നതിനും റൂഫിംഗ് അറ്റകുറ്റപണികൾ മുതലായവയ്ക്കും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലെ ഘടകങ്ങളും പ്രവർത്തനങ്ങളും കേരള പരിപ്രേക്ഷിത പദ്ധതി 2030 തുമായി ബന്ധിപ്പിക്കേണ്ടതുമാണ്. 2016-17-ൽ പദ്ധതി നടപ്പിലാക്കുന്നതിനായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

24. സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പ് നൽകുക

(വിഹിതം: 75.00 ലക്ഷം രൂപ)

യുവജനങ്ങൾക്കിടയിൽ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് അറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം ഉണ്ടാക്കിയെടുക്കുകയും ഗവേഷണ സംസ്ക്കാരം വിദ്യാർത്ഥികളുടെയിടയിൽ വളർത്തിയെടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. അറിവ് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളെ പ്രോൽസാഹിപ്പിക്കുക, സ്കോളർഷിപ്പ് നൽകുക എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്.

(i) *അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി*

സംസ്ഥാനതലത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയിൽ നിന്നും സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ വിഷയങ്ങളിൽ അഭിരുചി പ്രകടിപ്പിക്കുന്ന സ്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികളെ തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. സാമൂഹ്യ ശാസ്ത്രത്തിലെ വിദഗ്ധർ നിർദ്ദേശിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ പ്രോജക്ട് നൽകുന്നു. സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, അവയുടെ അവലോകനം, സാഹിത്യ അവലോകനം എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ ഓറിയന്റേഷൻ പരിപാടി നടത്തുന്നു. പ്രോജക്ട് റിപ്പോർട്ടുകളുടെ പൂർത്തീകരണത്തിനു മുമ്പ് വിദ്യാർത്ഥികൾക്ക് ഒരു റസിഡൻഷ്യൽ പരിപാടികൂടി നടത്തുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സുവരെ പ്രതിമാസം 1,000 രൂപ വീതവും ഹയർസെക്കണ്ടറി തലംവരെ പ്രതിമാസം 2,000 രൂപ വീതവും പ്രതിമാസ സ്കോളർഷിപ്പ് നൽകുന്നു. ഇതിനു പുറമെ 12-ാം ക്ലാസ്സുവരെ പ്രതിവർഷം 3,000 രൂപ നിരക്കിൽ പുസ്തക അലവൻസും നൽകുന്നു. ഇതുവഴി കഴിവ് തെളിയിക്കുന്ന മേഖലകളിൽ ഉന്നത പഠനത്തിന് സഹായം നൽകുന്നു. ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,000 രൂപ നിരക്കിൽ 10 മാസത്തേക്ക് സ്കോളർഷിപ്പ് നൽകുകയും 5,000 രൂപ പുസ്തക അലവൻസായി നൽകുകയും ചെയ്യുന്നു. സ്കൂൾ തലത്തിലും ബിരുദ തലത്തിന് താഴെയുള്ള തലത്തിലും 100 കുട്ടികൾക്ക് വീതമാണ് സ്കോളർഷിപ്പ് ഉള്ളത്.

(ii) *സാമൂഹ്യ ശാസ്ത്രവിഷയങ്ങളിൽ സ്കോളർഷിപ്പ്*

ബിരുദാനന്തര ബിരുദവിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യ ശാസ്ത്രത്തിലെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിച്ചുള്ളതാണി പദ്ധതി. വിദ്യാർത്ഥികൾക്ക് രാജ്യത്തെ പ്രശസ്തനായ വിദഗ്ദ്ധനെ പ്രോജക്ട് ഉപദേശകനായും സർവ്വകലാശാലകളിലെയോ, കോളേജുകളിലെയോ വിദഗ്ദ്ധരെ പ്രോജക്ട് കൺസൾട്ടന്റായും തെരഞ്ഞെടുക്കാവുന്നതാണ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ പ്രോജക്ട് ഡയറക്ടർമാരായും കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾ റിസർച്ച് അസിസ്റ്റന്റുമാരുമായിരിക്കും. 3 മുതൽ 4 മാസം വരെയുള്ള കാലയളവിലാണ് പ്രോജക്ട് നടപ്പിലാക്കുക. ഉന്നത കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത്. ഓരോ പ്രോജക്ടിനും പരമാവധി 50,000 രൂപയാണ് അനുവദിക്കുന്നത്.

പദ്ധതിക്കായി 2016-17 വർഷത്തിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

25. സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ് നൽകുക

(വിഹിതം: 20.00 ലക്ഷം രൂപ)

സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും, അവർക്ക് താല്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനായി അധ്യാപകരിൽനിന്നും, പ്രശസ്ത എഴുത്തുകാരിൽ നിന്നും യോഗ്യരായവരെ കണ്ടെത്തുന്നതാണ്. പുസ്തക മേളകളിലും, പ്രശസ്ത എഴുത്തുകാരുടെ സമ്മേളനങ്ങളിലും പങ്കെടുക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതാണ്. 30 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസം 2,000 രൂപ നിരക്കിൽ പുസ്തക ഗ്രാന്റായും പ്രധാന ലൈബ്രറികൾ സന്ദർശിക്കാനുമായി സ്കോളർഷിപ്പ് നൽകുന്നതാണ്. അടിയന്തിര ചെലവുകൾ വഹിക്കുന്നതിനായി 5,000 രൂപ പ്രതിവർഷം കണ്ടിജൻസി ഗ്രാന്റായും നൽകുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്കും ബിരുദതലംവരെയുള്ള വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പിനു മുൻഗണന ലഭിക്കുന്നത്. 2016-17 വർഷത്തിൽ പദ്ധതിക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

26. സംഗീതം, കല, പെർഫോമിംഗ് ആർട്ട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ്

(വിഹിതം: 20.00 ലക്ഷം രൂപ)

വിവിധ കലാമേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുക അവർക്ക് താല്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇന്ത്യയ്ക്കകത്തുള്ള വിവിധ മേളകളിലും ഉത്സവങ്ങളിലും പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്. പ്രഗത്ഭരായ വ്യക്തികളുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. പ്രതിമാസം 2,000 രൂപ നിരക്കിൽ 60 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയും, 5,000 രൂപ പ്രതിവർഷം കണ്ടിജൻസി അലവൻസായി നൽകുകയും ചെയ്യുന്നുണ്ട്. വിവിധ കലാ രൂപങ്ങൾക്ക് പ്രസിദ്ധമായ സർവ്വകലാശാലകളും, സ്ഥാപനങ്ങളും സന്ദർശിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം

ലഭിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരമായി അന്തർദേശീയ ആഘോഷങ്ങളിലും പരിപാടി കളിലും പങ്കെടുക്കാൻ വ്യത്യസ്ത അന്തർദേശീയ സംഘടന കളായ യുണെസ്കോ തുടങ്ങിയവ മുഖാന്തിരം അവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കും, ബിരുദതലം വരെയുള്ള വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകുന്നതിൽ മുൻഗണന നൽകുന്നത്. 2016-17 വർഷത്തിൽ പദ്ധതിക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

27. വിവര സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി

(വിഹിതം: 15.00 ലക്ഷം രൂപ)

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ അധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ ഗുണനിലവാരം എത്തിച്ച് കൊടുക്കലിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകൾക്കും, നിയമ കോളേജുകൾക്കും കണക്റ്റിവിറ്റി നൽകാൻ കേന്ദ്ര ഗവൺമെന്റ് വിഭാവന ചെയ്തിരിക്കുന്നു. നിലവിലുള്ള ദേശീയ വിവര നെറ്റ്‌വർക്കുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാ ക്കുന്നത്. ബി.എസ്.എൻ.എൽ. വഴി ഇതിനായി ബ്രോഡ്ബാൻഡ് കണക്ഷൻ നൽകുന്നു. പദ്ധതിയുടെ കണക്റ്റിവിറ്റി ചാർജ്ജായി 15.00 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു.

28. സാമൂഹ്യശാസ്ത്രത്തിലെയും, ഭാഷാവിഷയങ്ങളിലെയും അധ്യാപകർക്ക് കേരളത്തിന് വെളിയിലുള്ള സർവ്വകലാ ശാലകളിലും, സെന്ററുകളിലും ഗവേഷണം ചെയ്യാനുള്ള സ്കോളർഷിപ്പ്

(വിഹിതം: 50.00 ലക്ഷം രൂപ)

സാമൂഹ്യ ശാസ്ത്രത്തിലെയും, ഭാഷാവിഷയങ്ങളിലെയും അദ്ധ്യാപകർക്ക് കേരളത്തിനുപുറത്തെ സർവ്വകലാശാലകളിലും, സെന്ററുകളിലും ഗവേഷണം നടത്തുവാൻ സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തിനുപുറത്തുള്ള സർവ്വകലാശാലകളിലും, സെന്ററുകളിലും ഗവേഷണത്തിന് പ്രവേശനം ലഭിച്ച അധ്യാപകർക്ക് വേണ്ടിയാണീപദ്ധതി. പദ്ധതിയിലുൾപ്പെട്ട അധ്യാപകരുടെ വേതനം സംരക്ഷിക്കുന്നതും റീ ഇംപേഴ്സ് ചെയ്യുന്നതുമായിരിക്കും. ഇത്തരത്തിൽ വേതനം സംരക്ഷി ക്കുന്നത് പരാമാവധി ഒരു വർഷത്തേക്കാണ്. പദ്ധതിക്കായി 2016-17-ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. അദ്ധ്യാപക വിദ്യാഭ്യാസ കോളേജുകളും വിദ്യാഭ്യാസത്തി നായുള്ള ഉന്നത പഠന ഇൻസ്റ്റിറ്റ്യൂട്ടും

(വിഹിതം: 65.00 ലക്ഷം രൂപ)

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മൂന്ന് അദ്ധ്യാപക വിദ്യാഭ്യാസ കോളേജുകൾ തിരുവനന്തപുരം, തലശ്ശേരി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഇതിനുപുറമേ വിദ്യാഭ്യാസത്തിനായുള്ള ഉന്നത പഠന ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂരിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകരാകാൻ പരിശീലിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസിലുള്ള അദ്ധ്യാപകർക്കും പരിശീലനവും നൽകുന്നതാണ്. റിഫ്രഷർ കോഴ്സുകൾ, സെമിനാറുകൾ, ടീച്ചർ ട്രെയിനികൾക്കുള്ള വർക്ക്ഷോപ്പുകൾ, കെട്ടിട നവീകരണം, ലൈബ്രറി പുസ്തകം വാങ്ങൽ, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഫോട്ടോ കോപ്പിയർ, ഫാക്സ് മെഷീൻ, നാക് അക്രഡിറ്റേഷൻ വർക്സ്, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയവയുടെ വാങ്ങൽ എന്നിവയ്ക്കായി 2016-17 വർഷം 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

30. അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ

(വിഹിതം: 900.00 ലക്ഷം രൂപ)

സർവ്വകലാശാലകൾക്ക് കീഴിൽ മൾട്ടി ഡിസിപ്ലിനറി ആയി പ്രവർത്തിക്കുന്ന അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾക്ക് 2009-ലാണ് സർക്കാർ രൂപം നൽകിയത്. ഈ സെന്ററുകൾ വിവിധ സർവ്വകലാശാലകളിലെ അധ്യാപകർക്കും, വിദ്യാർത്ഥി കൾക്കും അക്കാദമിക് രംഗത്ത് പിന്തുണ നൽകുകയും, ഓരോ മേഖലയിലും നടത്തപ്പെടുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളെ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ഓരോ വിഷയത്തിലുമുള്ള ബിരുദാനന്തര ബിരുദ പഠന മേഖലയെ ശക്തിപ്പെടുത്തുകയും, അതാത് വിഷയങ്ങളുടെ ഗവേഷണത്തിന്റെ അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളായി പ്രവർത്തിക്കുകയും, ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളുടെ ലക്ഷ്യം. ഹ്രസ്വകാല ഗവേഷണ സ്കോളർഷിപ്പിനും, എമിററ്റസ് സയന്റിസ്റ്റ് പദ്ധതിക്കും ഇതിൽ തുക വകയിരുത്തിയിരിക്കുന്നു. വിദ്യാർത്ഥി കൾക്ക് സർവ്വകലാശാലകളിൽ നിന്നുളള അദ്ധ്യാപകരിൽ നിന്നോ, വിസിറ്റിംഗ് ഫാക്കൽറ്റിമാരിൽ നിന്നോ ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകരിൽ നിന്നോ അക്കാദമിക് സഹായം ലഭ്യമാകുന്നതാണ്. 2016-17 വർഷത്തിൽ പദ്ധതിക്കായി 900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

31. തുടർ വിദ്യാഭ്യാസ കേന്ദ്രം

(വിഹിതം: 350.00 ലക്ഷം രൂപ)

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് തുടർ വിദ്യാഭ്യാസ കേന്ദ്രം. സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലനം നൽകാനായി ഒരു സിവിൽ സർവീസ് അക്കാദമി തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളിൽ അവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പി ക്കാനുതകുന്നതരത്തിൽ ആവശ്യമായ പരിശീലനം ഈ കേന്ദ്രം നൽകുന്നു. പാലക്കാട്, കോഴിക്കോട്, മൂവാറ്റുപുഴ, ചെങ്ങന്നൂർ കേന്ദ്രങ്ങളിൽ വെർച്ചൽ ക്ലാസ് റൂമുകൾ സ്ഥാപിച്ചുകൊണ്ട് തങ്ങളുടെ പ്രാഗത്ഭ്യ മേഖല വിപുലീകരിക്കുന്നതിനും പൊന്നാനിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ചിനും അക്കാദമി നിർദ്ദേശിക്കുന്നു. പാലക്കാട്, കോഴിക്കോട്, മൂവാറ്റുപുഴ, ചെങ്ങന്നൂർ കേന്ദ്രങ്ങളിലെ സിവിൽ സർവ്വീസ് അക്കാദമിയുടെ സൗകര്യങ്ങൾ വികസിപ്പിക്കു ന്നതിനും. പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സിവിൽ സർവ്വീസസ് മെയിൻ പരീക്ഷയിലും ഇന്റർവ്യൂവിലും പങ്കെടുക്കുന്ന വർക്കായുള്ള സൗജന്യ കോച്ചിംഗ്, ലൈബ്രറിയിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്ന തിനും വിദ്യാർത്ഥികൾക്കും ക്ലാസ് മുറികൾക്കും ആവശ്യമായ പാഠ്യപാഠ്യേതര ഉപകരണങ്ങൾ വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും ഫർണിച്ചർ, കമ്പ്യൂട്ടർ, ആഫീസ് ഉപകരണങ്ങൾ, ലാബ് മുതലായവ വാങ്ങുന്നതിനും വെള്ളിമണ്ണിലെ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ, ഫർണിച്ചർ, മുതലായവ വാങ്ങുക തുടങ്ങിയവയ്ക്കാണ് തുകവകയിരുത്തിയിരിക്കുന്നത്. 2016-17 വർഷത്തിൽ പദ്ധതിക്കായി 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

32. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

(വിഹിതം: 1350.00 ലക്ഷം രൂപ)

ഗവൺമെന്റ്, സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശങ്ങൾ നൽകുന്നതിനും ഇവയുടെ സംയോജിത പ്രവർത്തനങ്ങൾക്കുമായാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ഡാറ്റാബാങ്ക്, ഉന്നത വിദ്യാഭ്യാസ നയ രൂപീകരണം, ബിരുദതല കോഴ്സുകളുടെ പരിഷ്ക്കരണം, കോളേജ് ക്ലസ്റ്ററുകളുടെ രൂപീകരണം, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്, യൂണിവേഴ്സിറ്റി ആക്ട് പരിഷ്ക്കരണം എന്നിവയാണ് കൗൺസിൽ മുഖേന നടപ്പിലാക്കുന്നത്. കൗൺസിലിന് കീഴിലുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിലെ നയങ്ങൾക്ക് രൂപം നൽകാനുള്ള ഗവേഷണ പരിപാടികൾ, പാഠ്യപദ്ധതി വികസനത്തിനും പരീക്ഷാ നവീകരണത്തിനുമായുള്ള പരിപാടികൾ, മാനവ വിഭവശേഷി വികസനത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ, നിലവിലുള്ള 3 ക്ലസ്റ്റർ കോളേജുകൾക്കുള്ള സഹായം ടീച്ചർ എക്സ്ചേഞ്ച് ആന്റ് സ്റ്റുഡൻസ്, എകസ്ചേഞ്ച് പ്രോഗ്രാം, ഐ.ടി. @ കോളേജ്, അന്തർദേശീയ കോൺഫറൻസുകളും/കൺസൾട്ടേഷനുകളും സംഘടിപ്പിക്കുക, കെട്ടിടങ്ങളുടേയും ട്രെയിനിംഗ് സെന്ററുകളുടേയും നിർമ്മാണം, സ്കോളർഷിപ്പുകൾ, അന്തർദേശീയ ബന്ധങ്ങൾ, കോളേജുകൾക്കു അവാർഡുകൾ, പ്രോത്സാഹനങ്ങൾ കമ്പ്യൂട്ടറുകൾ വാങ്ങുക മുതലായവയ്ക്ക് തുക നീക്കിവച്ചിരിക്കുന്നു. 2016-17 വർഷത്തിൽ കൗൺസിലിന് ധനസഹായമായി 1350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

33. കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ.)

(വിഹിതം: 800.00 ലക്ഷം രൂപ)

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിൽ വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ. ആധുനിക ഗവേഷണങ്ങളും സ്കോളർഷിപ്പുകളും സാമൂഹ്യവും ചരിത്രപരവുമായ കാഴ്ചപ്പാടുകളും സമന്വയിപ്പിക്കുന്നതിന് ഈ സ്ഥാപനം ശ്രദ്ധചെലുത്തുന്നു. കേരളത്തിന്റെ ചരിത്ര അറ്റ്ലസ് തയ്യാറാക്കുക, എത്തനോ ആർക്കിയോളജിക്കൽ എക്സ്പ്ലോറേഷനുകളും സർവ്വേകളും, കേരള ജനതയുടെ ആർക്കൈവുകൾ, മലയാളി കുടിയേറ്റവും കുടിയേറ്റ സമൂഹങ്ങളും, പ്രാദേശിക ചരിത്രങ്ങൾ, ജീവചരിത്രങ്ങൾ, സ്ഥാപന ചരിത്രങ്ങൾ ഇവ തയ്യാറാക്കൽ, ലൈബ്രറിയിൽ കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കുക, പ്രസിദ്ധീകരണങ്ങൾ/ന്യൂസ് ലെറ്റർ, സെമിനാറുകൾ/ശിൽപ്പശാലകൾ/ലക്ചറുകൾ, അക്കാദമിക സമ്മേളനങ്ങൾ, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക, യാത്ര സഹായം, ഗവേഷണ ഫെല്ലോഷിപ്പുകൾ സെമിനാറുകൾ, ശില്പശാല, പരിശീലനങ്ങൾ എന്നിവയാണ് 2016-17 വർഷങ്ങളിൽ കൗൺസിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. പട്ടണം ആർക്കിയോളജിക്കൽ റിസർച്ചിനും കൂടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. 2016-17 വർഷത്തിൽ 800.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

34. കോളേജുകൾക്ക് നാഷണൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ. എ. എ. സി.) അംഗീകാരം

(വിഹിതം: 800.00 ലക്ഷം രൂപ)

കൗൺസിലിന്റെ അംഗീകാരം ലഭിക്കാനായി സർക്കാർ കോളേജുകളെ സജ്ജമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അംഗീകാരം ലഭിക്കുന്ന കോളേജുകൾക്ക് സ്ഥാപനത്തിന്റെ സമ്പൂർണ്ണ മേന്മ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ ഗണ്യമായ തുക യു. ജി. സി.-യിൽ നിന്ന് ധനസഹായം ലഭിക്കും. ഇത് ഒരു പരിധിവരെ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കും. ശേഷിക്കുന്ന കോളേജുകൾക്കുകൂടി അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ ഈ കോളേജുകൾ നവീകരിക്കേണ്ടതും, പശ്ചാത്തല സൗകര്യ വികസനം, അക്കാദമിക് ഉയർച്ച, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം, നൂതന ലാബ്, ലൈബ്രറി സൗകര്യങ്ങൾ, മികച്ച സെമിനാർ ഹാൾ, കാമ്പസ് മോടി പിടിപ്പിക്കൽ തുടങ്ങിയവ നാക് (എൻ.എ.എ.സി.)-ന്റെ അംഗീകാരത്തിനായി ഒരുക്കേണ്ടതുമാണ്. ഇതിനായി വലിയൊരു തുക ആവശ്യമാണ്. അംഗീകാരം ലഭിച്ച കോളേജുകളും 5 വർഷത്തിനുശേഷം വീണ്ടും അംഗീകാരം ലഭിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2016-17 വർഷത്തിൽ പദ്ധതിക്കായി 800 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു.

35. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (സി.ക്യു.ഐ.പി.)

(വിഹിതം: 500.00 ലക്ഷം രൂപ)

നാഷണൽ അക്രഡിറ്റേഷൻ നിശ്ചയിച്ചിരിക്കുന്നു ഗുണനിലവാരം കൈവരിക്കുന്നതിനായി കോളേജുകളെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയായാണ് സി. ക്യു. ഐ. പി. എന്ന ഈ പദ്ധതി.

അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൗകര്യ വികസനത്തിനും 25% തുക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ഇതിലെ പദ്ധതി ഘടകങ്ങളും പ്രവർത്തനങ്ങളും കേരള പരിപ്രേക്ഷിത പദ്ധതി 2030-തുമായി ബന്ധിപ്പിക്കേണ്ടതാണ്. 2016-17 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

36. പൈതൃക കോളേജുകൾ ഉൾപ്പെടെ പത്ത് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക

(വിഹിതം: 1200.00 ലക്ഷം രൂപ)

ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന പത്ത് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തുടർച്ചയായ ഗുണനിലവാരം വിലയിരുത്തുന്നതിനും/മെച്ചപ്പെടുത്തുന്നതിനും, ലൈബ്രറിയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് വായനാ സൗകര്യങ്ങളുള്ള മുറികൾ സജ്ജീകരിക്കുന്നതിനും ഈ പദ്ധതിയിൻ കീഴിൽ നേരത്തെതന്നെ എത്തിച്ചേർന്നിട്ടുള്ള കോളേജുകളുടെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും ഈ പദ്ധതിയിലുടെ ലക്ഷ്യമിടുന്നു. കുട്ടികളുടെയും ഫാക്കൽറ്റികളുടെയും വ്യക്തിഗത ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും 2017-18-ൽ പദ്ധതി തുടരേണ്ടതുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യേണ്ടതാണ്. 2016-17-ൽ 1200.00 ലക്ഷം രൂപ ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും വിലയിരുത്തലിനുമായി വകയിരുത്തിയിരിക്കുന്നു.

37. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി

(വിഹിതം: 23468.00 ലക്ഷം രൂപ ഇതിൽ 22748.00 ലക്ഷം രൂപ ഇ. എ. പി.)

ജൂലൈ 2012-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഡവലപ്മെന്റ് പ്രോജക്ടിന്റെ കീഴിലുള്ള ഒരു പ്രോഗ്രാമാണ് അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി. പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹയർ സെക്കണ്ടറിതലത്തിലും, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദതലം വരെയുള്ള 1 ലക്ഷം വിദ്യാർത്ഥികളുടേയും കണക്കുവിവര പട്ടിക തയ്യാറാക്കി അവരെ വ്യാവസായികവും തൊഴിൽപരവുമായ കഴിവുകൾ ആർജ്ജിക്കുന്നതിന് പ്രാപ്തരാക്കുകയാണ് 12-ാം പദ്ധതിയിൽ ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടം തുടക്കമിടുന്നത് ഹയർ സെക്കന്ററി സ്കൂളുകളിലും, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും കൂടാതെ ഗവണ്മെന്റ് കോളേജുകളിലുമാണ്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും തൊഴിൽ ലഭ്യമാകുന്നതരത്തിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കാണ് ഈ പദ്ധതി കേന്ദ്രീകരിക്കുന്നത്. വാർഷിക പദ്ധതി 2016-17-ലേക്ക് പദ്ധതി വിഹിതമായി 23,468.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതിൽ 22,748.00 ലക്ഷം രൂപ വിദേശ സഹായമാണ്.

38. ഗവേഷണ സഹായ പദ്ധതി

(വിഹിതം: 500.00 ലക്ഷം രൂപ)

ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായുള്ള പ്രത്യേകതരം ക്ലാസുകൾ നൽകുക, ചോദ്യപേപ്പറുകൾ, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപനം തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. യോഗ്യതാ പരീക്ഷയിൽ ഓരോ സെമസ്റ്ററിനും 60% മാർക്കിന് താഴെ വാങ്ങിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ പ്രവേശിക്കാം.

വാർഷിക പദ്ധതി 2016-17-ലേക്ക് 500.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

39. പഠിതാവിനൊപ്പം

(വിഹിതം: 700.00 ലക്ഷം രൂപ)

ആർട്സ്-സയൻസ്-കോമേഴ്സ് ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുക, അവരെ ഭാവി വാഗ്ദാനങ്ങളാക്കി മാറ്റുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി മാർഗ്ഗനിർദ്ദേശം എന്ന ആശയം അവതരിപ്പിക്കുന്നതോടൊപ്പം ഉപദേഷ്ടാവിനെ ഒരു മാർഗ്ഗദർശിയായും കൂട്ടുകാരനായും പരിഗണിക്കുന്നു.

ഈ പദ്ധതിയുടെ സവിശേഷതകൾ താഴെ പറയുന്നു.

- കുട്ടികൾക്കുള്ള മാർഗ്ഗനിർദ്ദേശ പദ്ധതികൾ സ്വമേധയായുള്ളവയാണ്.
- പദ്ധതിയുടെ കോർഡിനേറ്റേഴ്സ് പഠിതാവിനൊപ്പം.
- ആന്തരികോപദേഷ്ടാവ്.
- ബാഹ്യോപദേഷ്ടാവ്.

വാർഷിക പദ്ധതി 2016-17-ലേക്ക് 700.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകകൊള്ളിച്ചിരിക്കുന്നു.

40. സർവ്വകലാശാലകൾക്കുവേണ്ടിയുള്ള സംസ്ഥാന അവാർഡ് നിധി

(വിഹിതം: 500.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പടിപടിയായി ഉയർത്തുകയും ഇതിലൂടെ രാജ്യത്തെ മറ്റു സർവ്വകലാശാലകളേക്കാളുപരിയായി എടുത്തു പറയത്തക്ക നിലയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെ ഉയർത്തിക്കൊണ്ടുവരികയുമാണ് "സർവ്വകലാശാലകൾക്കു വേണ്ടിയുള്ള സംസ്ഥാന അവാർഡ് നിധി" യിലൂടെ വിഭാവനം ചെയ്യുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഒരു സമാന പദ്ധതിയായ യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസിൽ ഇടം നേടാൻ ഉതകുന്നതാണ് ഈ നവീന പദ്ധതി കേരളത്തിലെ ഒരു സർവ്വകലാശാലയും ഇന്നുവരെ ഈ നേട്ടത്തിന് അർഹത നേടിയിട്ടില്ല. അതുകൊണ്ടാണ് കേരളത്തിലെ സർവ്വകലാശാലയുടെ ഗുണനിലവാരം ഉയർത്തുന്നതരത്തിലുള്ള ഒരു പദ്ധതി, പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുകയും അതുവഴി യു.ജി.സി.-യുടെ യു.പി.ഇ. പദ്ധതിയുടെ നേട്ടം കൈവരിക്കാൻ സാധിക്കുന്ന തരത്തിൽ നടപ്പാക്കി വരികയും ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നന്നായി രൂപകല്പന ചെയ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും അതിനനുസരിച്ചുള്ള മൂല്യം നൽകുന്നതിനുമായി ഒരു സംഖ്യാസൂചകം നിർമ്മിക്കേണ്ടതാണ്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി ഈ പദ്ധതിയുടെ കീഴിൽവരുന്ന സർവ്വകലാശാലകൾ നേട്ടം കൈവരിക്കുന്നതരത്തിൽ സ്വയം പര്യാപ്തമാകുകയും യു.ജി.സി.-യുടെ നാഷണൽ അവാർഡിന് മത്സരിക്കുന്നതിന് സജ്ജമാകുകയും വേണം. സർവ്വകലാശാലകളുടെ സേവനവ്യാപന ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി തുക വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പരിധിയിൽ നേരത്തെ എത്തിച്ചേർന്നിട്ടുള്ള സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

വാർഷിക പദ്ധതി 2016-17-ലേക്ക് 500.00 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവെച്ചിരിക്കുന്നു.

41. നൈപുണ്യ വികസന പദ്ധതി

(വിഹിതം: 550.00 ലക്ഷം രൂപ)

തൊഴിലില്ലാത്ത യുവാൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുക, വ്യവസായ ശൃംഖലയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നത വിദ്യാഭ്യാസ വകുപ്പും, ബന്ധപ്പെട്ട മറ്റു വകുപ്പുകളും തൊഴിൽ വകുപ്പും ചേർന്ന് സംയോജിതമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. 2016-17-ൽ 550.00 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 42. പൊതു പ്രവേശന പരീക്ഷ പരിശീലന പദ്ധതി (പി. ഇ. ഇ. സി. എസ്.)

(വിഹിതം: 250.00 ലക്ഷം രൂപ)

കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ വലിയൊരു ശതമാനം കുട്ടികളും ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നും വരുന്നവരാണ്. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രവേശനപരീക്ഷയ്ക്ക് തയ്യാറെടുക്കാൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവർക്ക് സാധിക്കുന്നില്ല. പ്രാവീണ്യം നേടിയ അധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കുന്ന ചോദ്യാവലി പൊതു പ്രവേശന പരീക്ഷയ്ക്കുതുകുന്ന പരിശീലന പരീക്ഷകൾ, പ്രാവീണ്യം നേടിയ അധ്യാപകരുമായി പരസ്പരം സംശയങ്ങൾ ആരായുവാനും അവ ദൂരീകരിക്കുവാനുമുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്കായി സൃഷ്ടിക്കുക, പാഠ്യപദ്ധതി അടിസ്ഥാനമാക്കി വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അധ്യാപകരുടെ ക്ലാസ്സുകളുടെ ടെലിപ്രക്ഷേപണം തുടങ്ങിയവ വഴി കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിയിലെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

* പ്രത്യേക വെബ്സൈറ്റ് ശാക്തീകരണവും അതിന്റെ പരിപാലനവും.
* വിദഗ്ദ്ധർക്കുള്ള ഓണറേറിയം.
* വിദഗ്ദ്ധർക്കുവേണ്ടിയുള്ള വർക്ക്ഷോപ്പുകൾ നടത്തുക.
* റിക്കോർഡിംഗിനും ടെലിപ്രക്ഷേപണം ചെയ്യുന്നതിനുമുള്ള ചെലവ്.
* മറ്റു ചെലവുകൾ.

2016–17–ൽ 250.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 43. അധ്യയനരംഗത്തെ കണ്ടെത്തലുകളിലും ഗവേഷണങ്ങളിലുമുള്ള സമന്വയത്തെ ത്വരിതപ്പെടുത്തുക (ഫ്ളെയർ)

(വിഹിതം: 220.00 ലക്ഷം രൂപ)

കോളേജുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകരുടെ പ്രത്യേക വാസനകളെയും കഴിവുകളെയും പരിപോഷിപ്പിച്ച് സമൂഹത്തിനും സ്ഥാപനങ്ങൾക്കും പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഉന്നത വിദ്യാഭ്യാസ സംവിധാനത്തിലെ മാറ്റം അനിവാര്യമായ സംസ്ഥാനത്തെ കോളേജുകളിലെ യുവാക്കളായ അധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥി ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രസ്തുത പദ്ധതിയിലൂടെ യുവാക്കളായ ഫാൽക്കറ്റി അംഗങ്ങളും അദ്ധ്യയനരംഗത്തെ മുതിർന്ന പരിചയ സമ്പന്നരായ പ്രഗത്ഭരും തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുവാനും അതിലൂടെ അദ്ധ്യയനരംഗത്തെ ഗവേഷണം, വിപുലീകരണം എന്നിവ സ്വായത്തമാക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

35 വയസ്സിനകത്ത് പ്രായമുള്ളവരും അല്ലെങ്കിൽ 5 വർഷത്തിൽ കുറയാത്ത സേവന പാരമ്പര്യമുള്ളവരുമായ കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ സ്ഥിരനിയമനം ലഭിച്ച് പുതുതായി ജോലിയിൽ പ്രവേശിച്ചവരുമായ അധ്യാപകരെയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിലെ ഘടകങ്ങളും പ്രവർത്തനങ്ങളും കേരളാ പരിപ്രേക്ഷിതാപദ്ധതി 2030–തുമായി ബന്ധപ്പിക്കേണ്ടതാണ്. ഇതിനായി 2016–17–ൽ 220.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിന് താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.

*പദ്ധതിയിൽ ഉൾപ്പെടുന്നവരുടെ പരിശീലനവും ഇന്റേൺഷിപ്പും:*

അധ്യാപകർക്ക് അധ്യാപനത്തിലും, ഗവേഷണത്തിലും ഭരണപരമായ കഴിവുകളിലും പരിശീലനം നൽകുന്നതിനായി അന്തസ്സുറ്റതും, മുൻനിരയിൽ നിൽക്കുന്ന സ്ഥാപനങ്ങളായ ഐ. എസ്. ഇ. ആർ., ഐ. ഐ. എസ്. റ്റി., ഐ. ഐ. എസ്. സി., ഐ. ഐ. റ്റി. തുടങ്ങിയവയിൽ പ്രവേശനം നൽകി പരിശിലനം നൽകുന്നു എന്നത് ഫ്ളയറിന്റെ ഈ ഘടകത്തിന്റെ പ്രത്യേകതയാണ്. ഫ്ളയറിൻ കീഴിൽ ഉൾപ്പെടുന്ന അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനങ്ങൾ, അധ്യയനരംഗത്തെ ഭരണരീതി നന്നായി നടക്കുവാനും അവ നന്നായി കൈകാര്യം ചെയ്യാൻ സാധിക്കുന്ന നല്ലതുപോലെ കഴിവുള്ള ഒരു കൂട്ടം വ്യക്തികളുടെ കൂട്ടായ്മ കെട്ടിപ്പടുക്കുവാനും സംസ്ഥാനത്തിന് കഴിയുന്നതാണ്.

*അറിവിനുള്ള വ്യാപന സമൂഹം:*

വിഷയസംബന്ധമായി ഫാൽക്കറ്റി അംഗങ്ങളെ അവരവരുടേതായ ആശയങ്ങളും, നിരന്തര പരിശീലനങ്ങളും, അനുഭവങ്ങളും പങ്കുവയ്ക്കാൻ ഈ നെറ്റ്വർക്കിംഗ് സഹായിക്കുന്നു. സമൂഹത്തിൽ ഇതൊരു അറിവിന്റെ കേന്ദ്രമായും പ്രവർത്തിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി രൂപപ്പെടുത്തുന്ന വെബ്സൈറ്റ്, ആശയങ്ങളും അറിവുകളും കൈമാറ്റം ചെയ്യുന്നതിന്റെ ഒരു വേദിയായും പ്രവർത്തിക്കുന്നു.

*പ്രോത്സാഹന പദ്ധതികൾ:*

പ്രോത്സാഹനമാണ് ഫ്ളയറിന്റെ വിജയത്തിന്റെ അടിസ്ഥാന ഘടകം. യുവാക്കളായ ഫാക്കൽറ്റിമാരെ ഈ പദ്ധതിയിൽ ഭാഗമാക്കാനും സാധിക്കുന്നു. നിത്യവും നിലനിൽക്കുന്ന തരത്തിൽ, സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കുന്ന ഫാക്കൽറ്റിമാർക്ക് അവാർഡ് നൽകുന്ന പരിപാടിയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. രാജ്യത്തിനകത്തും, പുറത്തുമുള്ള പരിശീലനങ്ങളിലും സെമിനാറുകളിലും, വർക്ക്ഷോപ്പുകളിലും പങ്കെടുക്കുക, കോൺഫറൻസുകളിൽ ഹാജരാകൽ തുടങ്ങിയവയ്ക്കുവേണ്ടി സാമ്പത്തിക സഹായങ്ങളും പ്രസ്തുത പദ്ധതിയിലൂടെ നൽകുവാൻ ഉദ്ദേശിക്കുന്നു (പ്രത്യേകിച്ച് എടുത്തു പറയത്തക്ക തരത്തിൽ പ്രഗത്ഭരായവർക്ക്).

## 44. വാർഷികാടിസ്ഥാന പദ്ധതി

(വിഹിതം: 1.00 ലക്ഷം രൂപ)

നിലവിലുള്ള കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും, പുതിയ കോളേജുകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കും വലിയൊരു തുക ആവശ്യമാണ്. ഇത്രയും വലിയ തുക അനുവദിക്കുന്നത് സാമ്പത്തിക പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. വാർഷികാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നപക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിഭാരം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രൊജക്ട് ഫൈനാൻസിംഗ് സെല്ലിന്റെ സഹായം സ്വീകരിക്കാവുന്നതാണ്.

ഏജൻസികൾക്ക് തുക അനുവദിക്കുന്നത് വാർഷികാടിസ്ഥാനത്തിലാണ്. എറണാകുളം മഹാരാജാസ് കോളേജ്, അട്ടപ്പാടി സർക്കാർ കോളേജ് എന്നീ തിരഞ്ഞെടുത്ത രണ്ട്

കോളേജുകളിലെ അടിസ്ഥാന സൗകര്യവികസനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. 2016-17 വർഷത്തിൽ 1.00 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരിക്കുന്നു. കൂടുതൽ തുക വേണ്ട വരുന്നപക്ഷം ലഭ്യമാക്കുന്നതാണ്.

45. രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ)

(വിഹിതം: 6438.00 ലക്ഷം രൂപ)

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽനിന്നും നല്ലൊരു തുക ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട്, ഭാരത സർക്കാർ ആവിഷ്ക്കരിച്ച ഒരു പുതിയ കേന്ദ്രവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ റൂസ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിലേക്കുവേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. 18 മുതൽ 23 വയസ്സു വരെ പ്രായമായ പൗരൻമാരുടെ മൊത്ത പ്രവേശനാനുപാതം (ഗ്രോസ് എന്റോൾമെന്റ് റേഷ്യോ) 13-ാം പഞ്ചവൽസര പദ്ധതിയോടുകൂടി 19.4 ശതമാനത്തിൽ നിന്നും 25% മായും അടുത്ത 5 വർഷത്തിനുള്ളിൽ 32% മായും ഉയർത്തുക, പ്രവേശനം, സമത്വം, മേന്മ എന്നിവ നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രവർത്തന മികവുള്ള അധ്യാപകർ, പരീക്ഷ രീതിയിലുള്ള നവീകരണം, കേന്ദ്ര സർക്കാർ മാർഗരേഖകൾ അംഗീകരിച്ചിട്ടുള്ളപ്രവർത്തനങ്ങൾ മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. റൂസയ്ക്ക് പദ്ധതിയിൻ കീഴിൽ രൂപം കൊടുത്ത സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ പ്ലാൻ പ്രപ്പോസൽ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും 12-ാം പഞ്ചവൽസര പദ്ധതിയിലെ പ്രൊപ്പോസൽ പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. റൂസയുടെ മാർഗ്ഗ രേഖ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഈ പദ്ധതിക്ക് തുക വകകൊള്ളിക്കേണ്ടതാണ്. 2016-17-ൽ 6438.00 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്നു. അധികമായി വേണ്ടിവരുന്ന തുക കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായി ലഭ്യമാക്കുന്നതാണ്.

46. കേരളത്തിലെ പുതിയ സർക്കാർ സ്വയംഭരണാവകാശമുള്ള കോളേജുകളും സർക്കാർ കല്പിത സർവ്വകലാശാലകളും

(വിഹിതം: 1000.00 ലക്ഷം രൂപ)

ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തിച്ചേരാനുള്ള അവസരവും ഗുണനിലവാരവും, സമത്വവും ഉറപ്പാക്കുന്നതിലേക്ക് ഭാരത സർക്കാരും, സംസ്ഥാന സർക്കാരുകളും, യു. ജി. സി. മുതലായവ പോലുള്ള കാര്യ നിർവ്വഹണ സ്ഥാപനങ്ങളും നടത്തിയ പരിശ്രമങ്ങളിൽ ഒന്നാണ് സ്വയംഭരണാവകാശം. നല്ല അടിസ്ഥാന സൗകര്യങ്ങളും, ഉന്നത വിദ്യാഭ്യാസത്തിനായുള്ള പശ്ചാത്തലവും, സാദ്ധ്യതകളും ഉള്ള കേരളത്തിലെ മികവിന്റെ കേന്ദ്രങ്ങളായ സർക്കാർ, സ്വകാര്യ മേഖലയിലെ ഒരുപിടി കോളേജുകളെ കണ്ടെത്തി അവയ്ക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണാവകാശം പ്രദാനം ചെയ്യുന്നു. പാഠ്യ പദ്ധതി രൂപകല്പനയുമായി ബന്ധപ്പെട്ട പ്രവർത്തികളും, പരീക്ഷ സംവിധാന നവീകരണവും, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ബോധന വിദ്യയിൽ മാറ്റം വരുത്തുന്നതും ഉന്നത വിദ്യാഭ്യാസത്തിലെ സ്വയംഭരണാവകാശത്തിലൂടെ വിഭാവനം ചെയ്യുന്നു. നിലവിലുള്ള സംവിധാനത്തിനുപകരം ഒരു പുതിയ ആന്തരികമായ ഭരണ നിർവ്വഹണ സംവിധാനം യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശത്തിൽ മുന്നോട്ടുവയ്ക്കുന്നു. അക്കാദമിക് രംഗത്തെ വെല്ലുവിളികളെ നേരിടുന്നതിനും സാദ്ധ്യതകളെ ഉപയോഗിക്കുന്നതിനും കോളേജുകൾക്ക് ഭരണാധികാരപരമായ സ്വയംഭരണാവകാശം അത്യാവശ്യമാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളിലെ രാഷ്ട്രീയ അന്തരീക്ഷവും, നേരിട്ട് പണം കൊടുക്കുന്ന രീതി നിലനിൽക്കുന്നതും വിവാദങ്ങൾക്കുള്ള അവസരങ്ങൾ ഉള്ളതുകൊണ്ടും ഇവിടത്തെ സ്വയംഭരണ കോളേജുകളിൽ സാമ്പത്തിക സ്വയം ഭരണാവകാശം നടപ്പിലാക്കുന്നത് അത്യന്തം ദുഷ്ക്കരമായ പ്രവൃത്തിയാണ്. സർവ്വകലാശാലാ നിയമങ്ങളുടേയും ആക്ടുകളുടേയും പരിധിയിൽനിന്ന് പ്രവത്തിക്കും എന്ന് ഉറപ്പാക്കുന്നതിനായി സ്വയംഭരണാവകാശം ലഭിക്കുന്ന കോളേജുകൾ ഒരു ധാരണാ പത്രത്തിൽ ഒപ്പിടണമെന്ന് നിഷ്ക്കർഷിക്കുന്നതാണ്. 2016-17 വാർഷിക പദ്ധതിയിൽ 1,000.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു. ഏതെങ്കിലും ഒരു സർക്കാർ സ്വയംഭരണ കോളേജോ ഒരു സർക്കാർ പൈതൃക കോളേജോ കല്പിത സർവ്വകലാശാലയായി മാറ്റുന്നതിന് സർക്കാർ തീരുമാനിക്കുകയാണെങ്കിൽ അതിനായി ഈ തുക വിനിയോഗിക്കാവുന്നതാണ്.

47. ദൃശ്യ കലാ ശാസ്ത്രത്തിനായുള്ള കെ. ആർ. നാരായണൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്

(വിഹിതം: 170.00 ലക്ഷം രൂപ)

ലോക വ്യാപകമായി ദൃശ്യകലാ ശാസ്ത്ര മേഖലകളിൽ ഉണ്ടായിട്ടുള്ള സാങ്കേതിക വളർച്ചയിൽ ആഴപ്പെട്ട അറിവ് നൽകുന്നതിനും ആഗോള ധാരണകളെ തുറന്നു കാട്ടുന്നതിനുമായി സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ദൃശ്യകലാശാസ്ത്രത്തിനായുള്ള കെ. ആർ. നാരായണൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്. നടനം, എഡിറ്റിംഗ്, ഓഡിയോഗ്രാഫി, സിനിമാറ്റോഗ്രാഫി, തിരക്കഥാ രചന, സംവിധാനം, ആനിമേഷൻ, വിഷ്വൽ ഇഫക്ടുകൾ എന്നീ വിഷയങ്ങളിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസുകൾ ആരംഭിച്ചു കഴിഞ്ഞു. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17-ൽ 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

48. ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ

(വിഹിതം: 1000.00 ലക്ഷം രൂപ)

നാല് ഗവൺമെന്റ് കോളേജുകളിൽ ഓണേഴ്സ് പ്രോഗ്രാം ആരംഭിക്കുകയുണ്ടായി. നിലവിലുള്ള ഈ ഓണേഴ്സ് പ്രോഗ്രാമുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്ലേസ്മെന്റ്/ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളിൽ മികവ് പുലർത്തുന്ന സ്ഥാപനങ്ങളിലും, വിവിധ സർക്കാർ കോളേജുകളിലും സർവ്വകലാശാലകളിലും കമ്മ്യൂണിറ്റി കോഴ്സുകൾ ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ ആരംഭിക്കേണ്ടതായുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.2 കലയും സംസ്ക്കാരവും

വളരെ സമ്പന്നമായ കലാ-സാംസ്ക്കാരിക പൈതൃകം കേരളത്തിനുണ്ട്. കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനും വളർച്ചയ്ക്കുമായി ധാരാളം സ്ഥാപനങ്ങൾ കേരളത്തിൽ നിലകൊള്ളുന്നുണ്ട്. 2016-17 ബഡ്ജറ്റിൽ കലാസാംസ്ക്കാരിക മേഖലയുടെ വികസനത്തിനായി 9122 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2016-17 വർഷത്തിൽ ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | വകുപ്പിന്റെ/പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സംഗീത കോളേജുകൾ | 100 |
| 2 | പുരാവസ്തു വകുപ്പ് | 1820 |
| 3 | കേരള സംസ്ഥാന പുരാരേഖാ വകുപ്പ് | 345 |
| 4 | കാഴ്ചബംഗ്ലാവുകളും മൃഗശാലകളും | 1835 |
| 5 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 400 |
| 6 | സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട് | 155 |
| 7 | സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ | 3905 |
| 8 | സാംസ്ക്കാരിക ഡയറക്ടറേറ്റ് | 115 |
| 9 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം | 365 |
| 10 | കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ | 82 |
| | ആകെ | 9122 |

1. സംഗീത കോളേജുകൾ

(വിഹിതം: ₹ 100.00 ലക്ഷം)

എസ്. എസ്. ടി. സംഗീത കോളേജ്, തിരുവനന്തപുരം, ആർ. എൽ. വി. സംഗീത ഫൈൻ ആർട്സ് കോളേജ്, തൃപ്പൂണിത്തുറ, ചെമ്പൈ സ്മാരക ഗവൺമെന്റ് സംഗീത കോളേജ്, പാലക്കാട്, എസ്. ആർ. വി. സംഗീത ഫൈൻ ആർട്സ് കോളേജ്, തൃശ്ശൂർ എന്നീ നാല് സംഗീത കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ളത്. ഈ കോളേജുകൾ വായ്പാട്ട്, വീണ, വയലിൻ, മൃദംഗം, മദ്ദളം, ചെണ്ട, ഭരതനാട്യം, കഥകളിവേഷം, കഥകളിസംഗീതം, മോഹിനിയാട്ടം, പെയിന്റിംഗ് എന്നിവയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നുണ്ട്. 2016-17 ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ശബ്ദ ക്രമീകരണ സംവിധാനം—ക്ലാസ് മുറികളിൽ.
- ആധുനിക സംഗീതോപകരണങ്ങൾ വാങ്ങുന്നതിന്.
- സംഗീതോപകരണങ്ങളുടെ റിപ്പയറിംഗ്.
- ഫൈൻ ആർട്സിലേക്ക് ആവശ്യമായ പഠന സാമഗ്രികൾ വാങ്ങുക.
- ഐ. റ്റി. ഉപകരണങ്ങൾ വാങ്ങുക.
- സംഗീത, ലളിതകല, നാട്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ.
- മഹാസംഗീതജ്ഞരുടെ സംഗീതം സംരക്ഷിക്കൽ.
- സാധന
- വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ.
- വായനശാലക്കുള്ള പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന്.

2. പുരാവസ്തു വകുപ്പ്

(വിഹിതം: ₹ 1075.00 ലക്ഷം)

നമ്മുടെ സാംസ്ക്കാരിക പൈതൃകത്തേയും പാരമ്പര്യത്തേയും ശാസ്ത്രീയമായി സംരക്ഷിക്കുന്ന പുരാവസ്തു വകുപ്പിന് 115 വർഷത്തെ പാരമ്പര്യമുണ്ട്. ചരിത്രപരവും വാസ്തുപരവുമായ പ്രാധാന്യമർഹിക്കുന്ന 173 സംരക്ഷിത സ്മാരകങ്ങളും 10 പുരാവസ്തു മ്യൂസിയങ്ങളും സ്മാരകങ്ങൾ, ചുമർചിത്രങ്ങൾ, മരചിത്ര കൊത്തുപണികൾ, ഉത്ഖനനത്തിലൂടെ ലഭിക്കുന്ന വസ്തുക്കൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള ഒരു പ്രാദേശിക സംരക്ഷണ പരീക്ഷണശാലയും പുരാവസ്തു വകുപ്പിന് കീഴിലായുണ്ട്. 2016-17-ലേക്ക് താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 1075 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

(എ) മ്യൂസിയ വികസനവും പ്രദർശന സംവിധാനങ്ങളും

- എറണാകുളം ഹിൽപാലസിലേയ്ക്ക് ലൈറ്റ് ആന്റ് സൗണ്ട് ഷോയും അനുബന്ധജോലികളും
- മടവൂർപാറയിലെ പരിസ്ഥിതി സൗഹൃദ ആർക്കിയോളജിക്കൽ പാർക്കും മറ്റ് അനുബന്ധ ജോലികളുമായും ബന്ധപ്പെട്ടുള്ള വികസന പ്രവർത്തനങ്ങൾ (രണ്ടാം ഘട്ടം)
- സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട ഭിത്തികൾ നിർമ്മിക്കുന്ന ജോലികൾ (രണ്ടാം ഘട്ടം)
- പത്മനാഭപുരം കൊട്ടാരം, ഇടയ്ക്കൽ ഗുഹ എന്നിവയെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഡോക്യുമെന്റേഷൻ ജോലികൾ
- മ്യൂസിയം ഗൈഡ് സർവ്വീസ് പ്രോജക്ട് 2016-17
- കേരളത്തിലെ ചരിത്രാതീതകാലത്തെ ശിലാസൃഷ്ടികളുടെ ഡോക്യുമെന്റേഷൻ
- ശിലാലിഖിതങ്ങളുടെ സർവ്വേയും ഡോക്യുമെന്റേഷനും
- കേരളത്തിലെ നരവംശ പുരാവസ്തു പൈതൃകങ്ങളുടെ ഡോക്യുമെന്റേഷൻ
- സ്മാരകങ്ങൾക്ക് കീഴിലുള്ള മഹാശിലാപാർക്കുകളുടെ നവീകരണം.

(ബി) പുരാവസ്തു മ്യൂസിയം, എറണാകുളം

- വകുപ്പിന് കീഴിലുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രോജക്ട്
- പൈതൃക പ്രാധാന്യമുള്ള എറണാകുളം ഹിൽ പാലസിന്റെ പരിസരത്തിന്റെയും നിർമ്മിതികളുടെയും വികസനവും സുരക്ഷാ ക്രമീകരണവും
- എറണാകുളം അരിയിട്ടുവാഴ്ച കൊട്ടാരത്തിന്റെ പരിസര വികസനം
- എറണാകുളം ജില്ലയിലെ ഹിൽപാലസിന്റെയും സംരക്ഷിത സ്മാരകങ്ങളുടേയും വാർഷിക അറ്റകുറ്റ പണികൾ (ചിൽഡ്രൻസ് പാർക്കും നടപ്പാതയും ഉൾപ്പെടെ)

(സി) പ്രാദേശിക പരിരക്ഷണ പരീക്ഷണശാല

- ഖനനം ചെയ്തെടുത്ത വസ്തുക്കളുടെയും, കലവറകളിൽ മ്യൂസിയങ്ങളിൽ നിന്നും കണ്ടെടുത്ത വസ്തുക്കളുടെയും രാസസംരക്ഷണം
- പെയിന്റിംഗുകളുടെയും ചുമർചിത്രങ്ങളുടെയും രാസശുചീകരണം
- കോട്ടമതിലിനോടും മറ്റ് തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തോടും ചേർന്നുള്ള കാട് വെട്ടി വൃത്തിയാക്കൽ
- കാസർഗോഡ് പരിസരത്തെ കോട്ട സംരക്ഷണം
- സ്മാരകങ്ങളിലെ ചിതൽ-കീട നിയന്ത്രണ നടപടികൾ
- സംരക്ഷിക്കപ്പെട്ടിട്ടുള്ള അമ്പലങ്ങളിലും പള്ളികളിലുമുള്ള ശിലാശിൽപ്പങ്ങളുടെയും തടികൊണ്ടുള്ള വസ്തുക്കളുടെയും ശാസ്ത്രീയ സംരക്ഷണം
- സംരക്ഷണാവശ്യങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും വിശകലന ഉപകരണങ്ങളും വാങ്ങൽ
- സംരക്ഷണവുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥം വാങ്ങൽ
- സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണ ആനുകാലികത്തിന്റെ വരിസംഖ്യ
- ജീവനക്കാർക്കുള്ള പരിശീലനം.

(ഡി) പുരാവസ്തു കെട്ടിടങ്ങൾ

- പത്മനാഭപുരം കൊട്ടാരത്തിന്റെയും ഉപ്പിരിക്ക മാളികയുടെയും സംരക്ഷണ സംബന്ധമായുള്ള അനുബന്ധ ജോലികൾ—ഒന്നാം ഘട്ടവും, രണ്ടാംഘട്ടവും.
- ഇരവിമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെയും ഏഴിമലക്കോട്ടയുടെയും സംരക്ഷണ ജോലികൾ.
- സ്മാരകങ്ങളുടെ സൂക്ഷിപ്പുകാർക്കുള്ള പരിശീലന പരിപാടി 2016-17.
- നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിന്റെ അധിക ബ്ലോക്ക് നിർമ്മാണം-രണ്ടാം ഘട്ടം-ഈ വർഷം തന്നെ പണി പൂർത്തീകരിക്കേണ്ടതാണ്.
- കണ്ണവം തൊടിക്കുളം മഹാശിവക്ഷേത്രത്തിന്റെ സംരക്ഷണ ജോലികൾ—രണ്ടാം ഘട്ടം—ഈ വർഷം തന്നെ പണി പൂർത്തീകരിക്കേണ്ടതാണ്.
- മലബാർ കുടിയേറ്റ മ്യൂസിയം, ചെമ്പൻതോട്ടി, കണ്ണൂർ ജില്ല.

(ഇ) ഫീൽഡ് ആർക്കിയോളജി

- പുരാവസ്തു പ്രസിദ്ധീകരണങ്ങളുടെയും ഡോക്യുമെന്ററികളുടെയും സഞ്ചരിക്കുന്ന വിൽപ്പനശാലകൾ ആരംഭിക്കുക.
- ശിലാലിഖിതപഠന ശാഖ പുനഃസംഘടിപ്പിക്കുക.
- പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ പുരാവസ്തു പര്യവേഷണവും, ഡോക്യുമെന്റേഷനും.
- മഹാശിലാ കാലഘട്ടത്തിലെ സംരക്ഷിത സ്മാരകങ്ങളുടെ പരിരക്ഷണം.
- ഇടയ്ക്കൽഗുഹ, പത്മനാഭപുരം കൊട്ടാരം എന്നിവയെ ലോകപൈതൃക പട്ടികയിൽ നാമനിർദ്ദേശം ചെയ്യൽ. (നാലാം ഘട്ടം).
- സംരക്ഷിത സ്മാരകങ്ങളുടെ ഡോക്യുമെന്റേഷൻ.

(എഫ്) ആർക്കിയോളജിക്കൽ പ്രസിദ്ധീകരണങ്ങൾ

- വകുപ്പിന്റേയും മ്യൂസിയത്തിന്റേയും ലഘുലേഖ അച്ചടി.
- പൗരാവകാശരേഖ പുനഃപ്രസിദ്ധീകരണം.
- വിവിധ മ്യൂസിയങ്ങളുടെ ഗൈഡ് ബുക്കുകളുടെ പുനഃപ്രസിദ്ധീകരണം.
- പുരാവസ്തു ഉത്ഖനനം 2016-17 റിപ്പോർട്ട്.

3. പുരാവസ്തു/പൈതൃക കാഴ്ച ബംഗ്ലാവ് ജില്ലാതലത്തിൽ

(വിഹിതം ₹ 745.00 ലക്ഷം)

2012-13 വർഷത്തിലെ പദ്ധതിയുടെ ഭാഗമായി ജില്ലാതലത്തിൽ പുരാവസ്തു/പൈതൃക കാഴ്ചബംഗ്ലാവുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ എട്ട് ജില്ലകളിൽ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. അതായത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് , പത്തനംതിട്ട, ഇടുക്കി (രണ്ടാം ഘട്ടം). തുടർ പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 745 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആവർത്തനേതര ധനസഹായം

(വിഹിതം ₹ 58.00 ലക്ഷം)

വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ ആവർത്തനേതര ധനസഹായം നൽകിവരുന്നു. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം ലഭിക്കുവാൻ അർഹമായ സ്ഥാപനങ്ങൾക്ക് സാംസ്കാരിക വകുപ്പ് ധനസഹായം നൽകുന്നു. ധനസഹായം നൽകുന്നതിനായി 2016-17 ബഡ്ജറ്റിൽ 58 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

5. ഉൽകൃഷ്ടരായ കലാ/സാഹിത്യകാരന്മാരുടെ സ്മാരകങ്ങൾക്കുള്ള സഹായം.

(വിഹിതം: ₹ 138.00 ലക്ഷം)

വാർഷിക ഗ്രാന്റിന് പുറമേ തിരഞ്ഞെടുക്കപ്പെടുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് നൽകിവരുന്നു. പദ്ധതിയിനത്തിൽ പ്രത്യേകമായി തുക വകയിരുത്താത്ത സ്ഥാപനങ്ങൾക്ക് മാത്രം വിഹിതം നൽകുന്നതാണ്. ഈ പദ്ധതിപ്രകാരം അവശ സാഹചര്യങ്ങളിൽ ജീവിക്കുന്ന പ്രഗത്ഭരായ കലാസാഹിത്യകാരന്മാർക്കും സാമ്പത്തിക സഹായം നൽകുന്നു. ധനസഹായം നൽകുന്നതിനായി 2016-17-ബഡ്ജറ്റിൽ 138 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്

(വിഹിതം: ₹ 95.00 ലക്ഷം)

പുരാവസ്തു ശാസ്ത്രം, പുരാരേഖാ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം, മ്യൂസിയോളജി എന്നീ വിഷയങ്ങളിൽ ഉപരിപഠനങ്ങൾക്കായുള്ള ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2000-ാമാണ്ടിൽ സ്ഥാപിതമായതാണ് ഈ കേന്ദ്രം. 2016-17 വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായി 95 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- മുൻഗണനാടിസ്ഥാനത്തിൽ പൈതൃക സ്ഥലങ്ങളുടെ ഡോക്യുമെന്റേഷൻ.
- പൈതൃകസംബന്ധിയായ ദേശീയ സെമിനാറുകൾ
- ചരിത്ര മ്യൂസിയം സ്ഥാപിക്കൽ.
- കൈയെഴുത്തുപ്രതികളുടെയും അപൂർവ്വ ഗ്രന്ഥങ്ങളുടെയും അച്ചടിയും പുനരച്ചടിയും.
- ഹിൽപാലസ് പൂന്തോട്ടം സംരക്ഷിക്കലും ഭംഗി വരുത്തലും.

7. കേരള സംസ്ഥാന പുരാരേഖാ വകുപ്പ്

(വിഹിതം: ₹ 345.00 ലക്ഷം)

സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിര മൂല്യമുള്ളതും നിലവിൽ ഉപയോഗത്തിലില്ലാത്തുമായ പ്രധാന രേഖകളുടെ സൂക്ഷിപ്പിന് ചുമതലപ്പെട്ട വകുപ്പാണ് പുരാരേഖ വകുപ്പ്. സ്ഥായിയായി സംരക്ഷിക്കപ്പെടേണ്ടതായ ചരിത്ര പ്രാധാന്യമുള്ള രേഖകൾ, താളിയോലകൾ, കൈയെഴുത്തു പ്രതികൾ, സർക്കാർ രേഖകൾ, തുടങ്ങിയവയുടെ സംരക്ഷണം പുരാരേഖാവകുപ്പ് ഏറ്റെടുത്തുനടത്തുന്നു. അത്തരം രേഖകളെ റഫറൻസ് ആവശ്യങ്ങൾക്കായി വകുപ്പ് ശാസ്ത്രീയമായി സംരക്ഷിച്ച് സൂക്ഷിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2016-17-ൽ 345 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- റിക്കാർഡുകളുടെ ക്രമീകരണം :
  1. ഡിജിറ്റൽ പുരാരേഖ തയ്യാറാക്കൽ.
  2. ജില്ലാതലത്തിൽ വിവിധ വകുപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ സർവ്വേ, ശേഖരണം, സംരക്ഷണം.
  3. രേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ.
  4. തർജ്ജിമ വിഭാഗം ശക്തിപ്പെടുത്തൽ.
  5. പുരാരേഖ വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന താളിയോലകൾ യുനസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റിൽ ഉൾപ്പെടുത്തൽ.
  6. റഫറൻസ് ഗ്രന്ഥശാലയുടെ ആധുനികവൽക്കരണം.
  7. മറ്റ് വകുപ്പുകളിലെയും ജില്ലാ കളക്ടറേറ്റുകളിലെയും രേഖകളുടെ ക്രമീകരണവും സംരക്ഷണവും.
- റിക്കാർഡുകളുടെ സംരക്ഷണം.
- റിക്കാർഡുകളുടെ പ്രസിദ്ധീകരണം.
- പുരാരേഖാ മ്യൂസിയത്തിന്റെ വികസനം.
- പുരാരേഖാ ബോധവത്കരണ പരിപാടികൾ.
- കാര്യശേഷി വർദ്ധിപ്പിക്കൽ
- അഗ്നിശമന സംവിധാനം സ്ഥാപിക്കൽ
- പുരാരേഖ കമ്പ്യൂട്ടർ വൽക്കരണം.

8. കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

(വിഹിതം ₹ 1835.00 ലക്ഷം)

കാഴ്ചബംഗ്ലാവും മൃഗശാലയും വകുപ്പ് സംസ്ക്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. ഇതിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്തുള്ള കാഴ്ചബംഗ്ലാവും ചിത്രശാലയും, മൃഗശാലയും, കോഴിക്കോട്ടുള്ള ചിത്രശാലയും, കൃഷ്ണമേനോൻ കാഴ്ചബംഗ്ലാവും ഈ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളാണ് ഈ സ്ഥാപനങ്ങൾ. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 1835 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- തിരുവനന്തപുരം മൃഗശാലയുടെ ആധുനികവത്കരണം.
  1. പുതിയ സംരക്ഷണവേലികളുടെ നിർമ്മാണം.
  2. മൃഗശാലയിലേക്ക് കൂടുതൽ മൃഗങ്ങളെ സ്വായത്തമാക്കൽ.
  3. മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും.
  4. മൃഗശാല ആശുപത്രിയുടെ വികസനവും ക്വാറന്റൈൻ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ.
- മൃഗശാല, മ്യൂസിയം എന്നിവയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും ഗവേഷണവും:
  1. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ.
  2. ജീവനക്കാർക്കായുള്ള പരിശീലനം.
- മ്യൂസിയങ്ങളുടെ ആധുനികവത്കരണവും മ്യൂസിയം കാമ്പസിന്റെ വികസനവും:
  1. മ്യൂസിയം, ഗ്യാലറി, വകുപ്പുതല കെട്ടിടങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണിയും, വികസനവും.
  2. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സസ്യോദ്യാനങ്ങളുടെയും ക്യാമ്പസുകളുടെയും വികസനവും പരിരക്ഷയും.
  3. അടിസ്ഥാന സൗകര്യവികസനം, ഊർജ്ജലഭ്യത, ജലവിതരണം.
  4. പെയിന്റിംഗുകളുടെയും മറ്റുവസ്തുക്കളുടേയും പരിരക്ഷണവും പുനരുജ്ജീവനവും.
  5. വയനാട്ടിലെ കുങ്കിച്ചിറയിൽ പൈതൃക മ്യൂസിയം-പ്രദർശനങ്ങൾക്കുള്ള വസ്തുക്കളുടെ ശേഖരണം.

പുതിയ ഘടകം

- മൃഗശാലാ ഓഫീസ്, സ്റ്റോർ എന്നിവയ്ക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം.

9. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

(വിഹിതം: ₹ 400.00 ലക്ഷം)

സംസ്ഥാനത്ത് മലയാള സിനിമയുടെ പ്രോത്സാഹനത്തിനും നിർമ്മാണത്തിനുമായി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി 1975-ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിതമായി. തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 സിനിമാ പ്രദർശനശാലകളും അടങ്ങിയ ശൃംഖല കോർപ്പറേഷന്റെ അധീനതയിലുണ്ട്. തീയേറ്ററുകളുടേയും സ്റ്റുഡിയോകളുടേയും വികസനവും സിനിമാ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കലുമാണ് കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ. വടക്കൻ പറവൂരിലെ തീയേറ്റർ കോംപ്ലക്സിന്റെ നവീകരണം, ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ആധുനിക വൽക്കരണം, സ്റ്റുഡിയോയുടെ മൊത്തം നവീകരണത്തിനായുള്ള പ്രോജക്ട് തയ്യാറാക്കൽ എന്നിവയ്ക്കായി 2016-17 ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം

(വിഹിതം : ₹ 365.00 ലക്ഷം)

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി. സേവനരംഗത്തെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ധാരാളം പരിപാടികൾ ലൈബ്രറിയിൽ നടപ്പിലാക്കുന്നുണ്ട്. 2016-17-ൽ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കായി 365 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

- കമ്പ്യൂട്ടർവൽക്കരണം
- പുസ്തകങ്ങൾ, ആനുകാലികങ്ങൾ, വർത്തമാന പത്രങ്ങൾ എന്നിവ വാങ്ങൽ.
- ഡിജിറ്റൈസേഷൻ.
- ഗ്രന്ഥശാലക്കാവശ്യമായ വസ്തുക്കൾ വാങ്ങുക.
- ബുക്കുകൾ ബൈന്റ് ചെയ്യുക.
- പ്രോൽസാഹന പ്രവർത്തനങ്ങൾ, പൈതൃക മാതൃകയിലുള്ള റഫറൻസ് ബ്ലോക്കിന്റെ നിർമ്മാണ പൂർത്തീകരണം
- ആഡിറ്റോറിയം നവീകരിക്കൽ-സീലിംഗ്, സൗണ്ട് പ്രൂഫിംഗ് ജോലികൾ.
- ബ്രിട്ടീഷ് ലൈബ്രറി കൗൺസിലിൽ നിന്നും ഏറ്റെടുത്ത പുസ്തകങ്ങളുടെ വിഭാഗത്തിലേയ്ക്ക് ഉള്ള റഫറൻസ് ഗ്രന്ഥങ്ങൾ ഉൾപ്പെടെ പുതിയ പുസ്തകങ്ങൾ വാങ്ങുക.

11. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

(വിഹിതം: ₹ 135.00 ലക്ഷം)

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യത്തിനുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവയുടെ സ്വീകാര്യത വർദ്ധിപ്പിച്ച് ജനപ്രിയമാക്കുകയും ചെയ്യുന്നു. കുട്ടികൾക്കായി 'തളിര്' എന്ന മാഗസിൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. കുട്ടികളിലെ വായനാശീലവും, സർഗാത്മകതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 135 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കുട്ടികൾക്കുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.
- കുട്ടികളുടെ മാസികയായ തളിരിന്റെ പ്രസിദ്ധീകരണം.
- തിരുവനന്തപുരം പുസ്തകമേള.
- 'തളിര്' മാസിക വായനാ പ്രോൽസാഹന സ്കോളർഷിപ്പ്
- ബാലസാഹിത്യ അവാർഡ്, പരസ്യം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ പ്രവർത്തനങ്ങൾ.
- ശിൽപ്പശാലകളും സെമിനാറുകളും.
- റീജിയണൽ എക്സിബിഷനിൽ പങ്കെടുക്കൽ.
- ഇന്ററാക്ടീവ് ബുക്കുകളുടെ നിർമ്മാണം.
- ഓഫീസിന്റെ ഡിജിറ്റൈസേഷൻ.
- പദ്ധതി നിർവ്വഹണം.

12. സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്

(വിഹിതം : ₹ 155.00 ലക്ഷം)

വിജ്ഞാനകോശങ്ങളും സമാനതരത്തിലുള്ള മറ്റ് റഫറൻസ് പുസ്തകങ്ങളും മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്ഥാപനമാണ് സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട്. പൊതു വിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 8 വാല്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുവിജ്ഞാനകോശത്തിന്റെ 4 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 2 വാല്യങ്ങളും ഇനി പ്രസിദ്ധീകരിക്കുവാനുണ്ട്. പൊതുവിജ്ഞാനകോശത്തിന്റെ പരിഷ്ക്കരിച്ച പതിപ്പിന്റെ പത്തുവരെയുള്ള വാല്യങ്ങൾ പൂർത്തിയായി. താഴെ പറയുന്ന പ്രവർത്തികൾക്കായി 2016-17 ബഡ്ജറ്റിൽ 155 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സർവ്വവിജ്ഞാനകോശം വാല്യം 17-ന്റെ തുടർജോലികൾ.
- സർവ്വവിജ്ഞാനകോശം വാല്യം 18, 19, 20 എന്നിവയുടെ പ്രസിദ്ധീകരണത്തിനാവശ്യമായ വിജ്ഞാന സംബന്ധിയായ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള പ്രാഥമിക ചെലവ്.
- കേരള വിജ്ഞാനകോശത്തിന്റെ തുടർ ജോലികൾ.
- വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 10-ന്റെ പൂർത്തീകരണ ജോലികൾ.
- നവ സാങ്കേതിക വിജ്ഞാന കോശത്തിന്റെ തുടർ ജോലികൾ
- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഉചിതമായ ഇൻപുട്ട് ഹാർഡ് വെയറുകളും സോഫ്ട് വെയറുകളും ഉപയോഗിച്ച് കമ്പ്യൂട്ടറുകളുടെ നിലവാരം മെച്ചപ്പെടുത്തൽ.
- പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പരസ്യചെലവുകൾ.
- സെമിനാറുകളും ശില്പശാലകളും.

13. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

(വിഹിതം ₹ 175.00 ലക്ഷം)

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മഹത്തായ സേവനത്തിന്റെ 45 വർഷം പിന്നിട്ടിരിക്കുകയാണ്. പ്രാദേശിക ഭാഷാ വികസനത്തിന്റെ ദേശീയ നയത്തിന്റെ ഭാഗമായി 1968-ൽ ആണ് ഇത് സ്ഥാപിതമായത്. പ്രാദേശിക ഭാഷയുടെ വികസനത്തിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് പ്രാദേശിക ഭാഷയെ ആശയവിനിമയത്തിന്റെ മുഖ്യ ഉപാധിയായി മാറ്റുവാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രമിച്ചുവരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തു നടത്തുന്ന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പുസ്തക പ്രസിദ്ധീകരണം. ഇതിനോടകം 3500-ഓളം പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 100 പുതിയവയും 50 പുനഃപ്രസിദ്ധീകരണവും ഉൾപ്പെടെ 150-ഓളം പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഒരു വർഷം പ്രസിദ്ധീകരിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ 175.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. കേരള സാഹിത്യ അക്കാദമി

(വിഹിതം ₹ 245.00 ലക്ഷം )

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വികസനത്തിനായി സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപന മാണ് കേരള സാഹിത്യ അക്കാദമി. 1956-ൽ സ്ഥാപിതമായ അക്കാദമി മലയാള ഭാഷയിൽ അപൂർവ്വവും അമൂല്യവുമായ പുസ്തകങ്ങളും സാഹിത്യ ലോകം, സാഹിത്യ ചക്രവാളം തുടങ്ങിയ മാഗസിനുകളും പ്രസിദ്ധീകരിക്കുന്നു. അക്കാദമിയുടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 245.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സാഹിത്യ സമ്മേളനങ്ങൾ, സെമിനാറുകൾ, സ്മാരക പ്രഭാഷണങ്ങൾ, ജന്മ ശതാബ്ദി ആഘോഷങ്ങൾ സാഹിത്യക്യാമ്പുകൾ, സാംസ്കാരികോത്സവം, സാംസ്കാരിക വിനിമയ പരിപാടി.
- മലയാള സാഹിത്യ ചരിത്രം 10 വാല്യങ്ങളുടെ പ്രസിദ്ധീകരണം.
- പുസ്തക പ്രസിദ്ധീകരണം, മാഗസിനുകൾ, ഗ്രന്ഥശാലാ വികസനം.
- ഛായാചിത്രങ്ങൾ.
- പുസ്തക പ്രസിദ്ധീകരണത്തിന് ധനസഹായം.
- വൈദ്യുതീകരണത്തിന്റെ നവീകരണം.
- സാംസ്കാരിക ഡയറി.
- കൈരളി ഗ്രാമത്തിന്റെ നവീകരണം/അറ്റകുറ്റപ്പണി, ഛായാചിത്ര ഗ്യാലറിയുടെ സംരക്ഷണം എന്നിവ.

15. കേരള സംഗീത നാടക അക്കാദമി

(വിഹിതം ₹ 434.00 ലക്ഷം )

സംഗീതം, നൃത്തം, നാടകം, നാടൻ കലകൾ എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനുവേണ്ടി കേരള സംഗീത നാടക അക്കാദമി 1958-ൽ സ്ഥാപിക്കപ്പെട്ടു. അമച്വർ/ പ്രൊഫഷണൽ നാടകോത്സവങ്ങൾ, മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കൽ, കലോത്സവങ്ങൾ, സ്വാതി സംഗീതോത്സവം, ഷഡ്കാല ഗോവിന്ദമാരാർ സംഗീതോത്സവം എന്നിവ അക്കാദമി സംഘടിപ്പിക്കുന്നു. അക്കാദമിക്ക് 2016-17-ബഡ്ജറ്റിൽ 434 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിൽ 125 ലക്ഷം രൂപ നാടകങ്ങളുടെ പുനരുജ്ജീവനവും സ്കൂൾ വിദ്യാർത്ഥികൾക്ക് തിയേറ്റർ പരിശീലനവും എന്ന പദ്ധതിയ്ക്കായും 50 ലക്ഷം രൂപ കേരളത്തിലെ നാമാവശേഷ മാകുന്ന കലാരൂപങ്ങളുടെ പുനരുജ്ജീവനം എന്ന പദ്ധതിയ്ക്കായും 30 ലക്ഷം രൂപ കലാകാരൻമാർക്കുള്ള അപകട ഇൻഷ്വറൻസ് വൈദ്യ പദ്ധതിയ്ക്കായും ഉപയോഗിക്കാ വുന്നതാണ്. ബാക്കി തുക അക്കാദമി തെരെഞ്ഞെടുക്കുന്ന മറ്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

- കലാകാരന്മാർക്കുള്ള അപകട ഇൻഷുറൻസ് വൈദ്യ പദ്ധതി

കലാകാരന്മാർക്കും അവതാരകർക്കും അപകട ഇൻഷുറൻസ് നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഒരു പൊതു ഇൻഷ്വറൻസ് കമ്പിനിയുമായി ചേർന്ന് ഇൻഷ്വറൻസ് ബന്ധമുണ്ടാക്കുകയും 50 % ഫണ്ട് സംസ്ഥാന സർക്കാർ നൽകുകയും അവശേഷിക്കുന്ന തുക വ്യക്തികൾ, മനുഷ്യസ്നേഹികൾ, സന്നദ്ധ സംഘടനകൾ മുതലായവരിൽ നിന്നും കണ്ടെത്തുകയും വേണം. 2016-17-ൽ 30 ലക്ഷം രൂപ മാച്ചിംഗ് ഷെയർ ആയി നൽകുന്നു. സംസ്ഥാന വിഹിതമായും മറ്റ് സംഭാവനകളിലൂടെയും ലഭിക്കുന്ന ആകെ തുകയുടെ 50% വരെ കോർപ്പസ് (നിധി) ലേക്ക് മാറ്റുകയും പ്രസ്തുത നിധിയിൽ നിന്നും ലഭിക്കുന്ന പലിശ ഭാവിയിൽ ഇതേ ആവശ്യത്തിനായി വിനിയോഗിക്കാവുന്നതുമാണ്.

മറ്റ് പ്രവർത്തനങ്ങൾ

- ഗ്രന്ഥശാലാവികസനം, മ്യൂസിയം.
- 'കേളി' പ്രസിദ്ധീകരണം.
- ശില്പശാലകളും കലോത്സവങ്ങളും-സംഗീതം, നൃത്തം നാടകം, മറ്റു കലാരൂപങ്ങൾ എന്നിവയുടെ പ്രോൽസാഹനത്തിനായി പരിപാടികൾ സംഘടിപ്പിക്കൽ.
- സ്വാതി സംഗീതോത്സവം.
- അന്താരാഷ്ട്ര നാടകോത്സവം.
- പ്രമുഖ കലാകാരൻമാരെക്കുറിച്ചും കലാരൂപങ്ങളെ കുറിച്ചും ഡോക്യുമെന്ററികൾ.
- കലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ സി. ഡി. യിലും ഡി. വി. ഡി. യിലും റെക്കാർഡ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന്.
- ഷഡ്കാല ഗോവിന്ദമാരാർ സംഗീതോൽസവം.
- പ്രതിവാര നാടകം.
- കഥാപ്രസംഗ മഹോത്സവം.
- ഹ്രസ്വനാടക മത്സരം.
- മാജിക് ഫെസ്റ്റിവൽ.
- പ്രവാസി കലോത്സവം.
- മോഹിനിയാട്ട മഹോത്സവം (മോഹിനി നൃത്യതി).

16. കേരള ലളിതകലാ അക്കാദമി

(വിഹിതം : ₹ 425.00 ലക്ഷം )

കലാകാരന്മാരുടെ പ്രത്യേകിച്ചും ചിത്രകാരന്മാരുടേയും ശില്പികളുടേയും കലാവാസനകളെ പരിപോഷിപ്പിക്കുന്ന പരിപാടികളാണ് അക്കാദമി നടപ്പിലാക്കി വരുന്നത്. പ്രദർശനങ്ങൾ സംഘടിപ്പിക്കുവാൻ കലാകാരന്മാർക്ക് ധനസഹായവും ലളിതകലാ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അക്കാദമി നൽകിവരുന്നു. അക്കാദമിക്ക് 2016-17 വർഷത്തെ ബഡ്ജറ്റിൽ 425.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 10.00 ലക്ഷം രൂപ മഹന്മാരായ ചിത്രകാരന്മാരുടെ ചിത്രങ്ങളുടെ പുനരുദ്ധാരണ ത്തിനും 125 ലക്ഷം രൂപ പ്രമുഖ പട്ടണങ്ങളിൽ പൊതു ശിൽപ്പങ്ങളുടെ നിർമ്മാണത്തിനും തുറസ്സായ സ്ഥലത്ത് ശില്പ ഗ്യാലറി സ്ഥാപിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. ബാക്കി തുകയായ 290 ലക്ഷം രൂപ മറ്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

പ്രമുഖ പട്ടണങ്ങളിൽ പൊതുശില്പങ്ങളുടെ നിർമ്മാണം

കേരളത്തിലെ പ്രമുഖ പട്ടണങ്ങളിൽ/നഗരങ്ങളിൽ പൊതു ശിൽപ്പങ്ങളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയ അന്തർദേശീയ തലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച 50 വയസ്സിൽ താഴെയുള്ള മലയാളി ശിൽപ്പികളെ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ദേശീയ തലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രശസ്തർ, ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ/മേയർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ശിൽപ്പികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ശിൽപ്പികൾക്ക് ഫൈൻ ആർട്സിലെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികളുടെ സഹായം തേടാവുന്നതാണ്. ഒരു ശിൽപ്പ നിർമ്മാണത്തിന് പരമാവധി 10 ലക്ഷം രൂപ വരെയാണ് നൽകുന്നത്. അവശേഷിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്നോ സ്വകാര്യ വ്യക്തികളുടെ സംഭാവനകളിൽ നിന്നോ കണ്ടെത്താവുന്നതാണ്. തുക താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കും/ പ്രവർത്തനങ്ങൾക്കും കൂടിയുള്ളതാണ്.

മറ്റ് പ്രവർത്തനങ്ങൾ

കായംകുളത്തെ കാർട്ടൂൺ മ്യൂസിയം, കാക്കണ്ണപ്പാറയിൽ കലാഗ്രാമം, ആർട്ടിസ്റ്റ് ക്യാമ്പ്, ഗുരുവായൂരിലെ ചിത്രഗോപുരനഗരം, ശിൽപ്പങ്ങളുടെ സമ്പാദനവും അവയുടെ പരിരക്ഷയും, പുതിയ ഗ്യാലറികൾ, വികസന പ്രവർത്തനങ്ങൾ, ഗ്രൂപ്പ് മോണോ ക്യൂറേറ്റഡ് എക്സിബിഷനുകൾ, അവാർഡുകൾ, ഫെല്ലോഷിപ്പുകൾ, കളരി, ആർട്ട് ഗ്യാലറി, സ്കൂൾ ചിത്രകലാ ക്ലബ്, ശിൽപ്പകേന്ദ്രം, ഡിജിറ്റൽ ആർട്ട് സിറ്റി, രാജാരവിവർമ്മ സാംസ്ക്കാരിക കേന്ദ്രം, സെമിനാറുകൾ, പരിശീലന പരിപാടികൾ, ആർട്ട് ഗ്യാലറികൾ ഇരിങ്ങലിൽ അക്കാദമി ആർട്ട് റസിഡൻസി ഗ്യാലറി, പ്രസിദ്ധീകരണങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, ദൃശ്യകലാ ഫിലിം ഫെസ്റ്റിവൽ, പ്രവേശനോത്സവം, ശിൽപ്പനഗരം, ചുമർ ചിത്ര നഗരം എന്നിവയുടെ പരിപാലനം.

17. കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ

(വിഹിതം ₹ 82.00 ലക്ഷം)

ഗ്രന്ഥശാലകൾ അതുൾപ്പെടുന്ന സമൂഹത്തിന്റെ സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന് സഹായകമാകുന്നു. കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ ഇത്തരം ഗ്രന്ഥശാലകളുടെ ഒരു സംയോജിത സമ്പ്രദായം ആവിഷ്കരിക്കുവാൻ തങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ശ്രമിക്കുന്നു. കേരള പബ്ലിക് ലൈബ്രറീസ് ആക്ട്, 1989 പ്രകാരമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളും സാമൂഹിക പ്രസക്തിയുള്ള മറ്റ് പ്രവർത്തനങ്ങളും ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. ഗ്രന്ഥശാലാ സേവനം സാർവ്വത്രികമാക്കുക, വിവര ശേഖരണത്തിനായി ആധുനിക സൗകര്യമൊരുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധൻമാർക്കും പ്രത്യേകഗ്രന്ഥശാല സേവനങ്ങൾ ലഭ്യമാക്കുക എന്നിവ ഗ്രന്ഥശാലാ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. 2016-17 വർഷത്തെ ബഡ്ജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 82.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

- മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകൾ.
- അക്കാഡമിക പഠനകേന്ദ്രങ്ങൾ.
- ജയിൽ-ജുവനൈൽ ഹോം ലൈബ്രറി സർവ്വീസ്.
- ചിൽഡ്രൻസ്ഹോം ലൈബ്രറി സർവ്വീസ്
- അനാഥ മന്ദിരങ്ങളിലെ ഗ്രന്ഥശാലാ സേവനം.
- ആശുപത്രികളിലെ ഗ്രന്ഥശാലാ സേവനം.
- ഹെർമിറ്റേജ് ലൈബ്രറി.
- ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം.

18. കേരള നാടൻകലാ അക്കാദമി

(വിഹിതം : ₹ 190.00 ലക്ഷം)

സംസ്ഥാനത്തെ നാടൻകലകൾ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1995-ൽ കേരള നാടൻകലാ അക്കാദമി സ്ഥാപിതമായത്. നാടൻകലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ഒട്ടനവധി പ്രവർത്തനങ്ങൾ അക്കാദമി സംഘടിപ്പിക്കുന്നു. നാടൻ കലാമേളകൾ, സെമിനാറുകൾ, നിർധനരായ നാടൻ കലാകാരന്മാർക്ക് സഹായമെത്തിക്കൽ, അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകൽ, ശിൽപ്പശാലകൾ, ഡോക്യുമെന്റേഷൻ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. അക്കാദമിയുടെ 2016-17 വർഷത്തെ ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 190.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

- നാടൻ കലകളിൽ പരിശീലനത്തിനായി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്.
- നാടൻ കലാകാരന്മാർക്ക് സാമ്പത്തികസഹായം.
- അവാർഡുകൾ, ഫെല്ലോഷിപ്പുകൾ.
- ഗോത്രവർഗ്ഗ കലാരൂപങ്ങൾക്ക് പ്രോത്സാഹനം.
- പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.
- നാടൻ കലാ ക്ലബുകളുടെ വിപുലീകരണവും ധനസഹായം നൽകലും.
- ഗ്രന്ഥശാല, മ്യൂസിയം എന്നിവയുടെ വികസനം.
- നാമാവശേഷമായികൊണ്ടിരിക്കുന്ന നാടൻകലാ രൂപങ്ങളുടെ ഡോക്യുമെന്റേഷൻ.
- നാടൻകലാമേളകൾ, സെമിനാറുകൾ, ശില്പശാലകൾ.
- സർവ്വകലാശാലകളും കോളേജുകളുമായി സഹകരിച്ച്.

  നാടൻകലാമേളയും സെമിനാറുകളും.
- പ്രതിമാസ പ്രദർശനങ്ങൾ.
- തിരുവിതാംകൂർ നാടൻ കലാഗ്രാമം, നാടൻകലാ ഗവേഷണ കേന്ദ്രം.
- ഡിജിറ്റൽ ഗ്രന്ഥശാല.

19. ഗുരുഗോപിനാഥ് നടനഗ്രാമം, വട്ടിയൂർക്കാവ്

(വിഹിതം : 35.00 ലക്ഷം )

ഇന്ത്യൻ നൃത്തരൂപങ്ങളുടെ ഒരു പഠന, പരിശീലന ഗവേഷണ കേന്ദ്രമായാണ് ഗുരുഗോപിനാഥ് നടനഗ്രാമം സ്ഥാപിത മായത്. വിവിധ നൃത്ത രൂപങ്ങളുടേയും സംഗീതോപകരങ്ങളുടേയും പരിശീലന ക്ലാസ്സുകൾ നടനഗ്രാമം നടത്തി വരുന്നു. കേരളത്തിലെ നൃത്തരൂപങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ഇവിടെ സ്ഥിരമായി നടത്തിവരുന്നു. 2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി നടനഗ്രാമത്തിന് 35.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ദേശീയ തലത്തിൽ പ്രഭാഷണങ്ങളും, സെമിനാറുകളും, ശിൽപ്പശാലകളും.
- നടന സംഘത്തിനുള്ള ചെലവുകൾ.
- നടനോത്സവം 2016.
- ഗുരുഗോപിനാഥ് നാട്യപുരസ്ക്കാരം.
- അന്തർസംസ്ഥാന നൃത്തോത്സവം, ശിൽപ്പശാലകൾ, പ്രതിമാസ നൃത്തപരിപാടികൾ.
- ക്ലാസ്സ് മുറികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

20. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

(വിഹിതം 510.00 ലക്ഷം രൂപ)

മലയാളത്തിൽ നല്ല സിനിമകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 1998-ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിച്ചു. സിനിമ വ്യവസായത്തെക്കുറിച്ചും, ടെലിവിഷൻ രംഗത്തെക്കുറിച്ചും നയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ അക്കാദമി ഗവൺമെന്റിനെ സഹായിക്കുന്നു. ഫിലിം ഫെസ്റ്റിവൽ, സിനിമാ ആസ്വാദന കോഴ്സുകൾ, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങളിലൂടെ സിനിമ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളുടെ വികസനത്തിനായി അക്കാദമി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. അക്കാദമിയുടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജിറ്റിൽ 510.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- രാജ്യാന്തര ചലച്ചിത്ര മേള.
- ഡോക്യുമെന്ററികളും ഹ്രസ്വചലച്ചിത്രോത്സവങ്ങളും.
- ദേശീയ ചലച്ചിത്രോത്സവം.
- ഫിലിം ലൈബ്രറി.
- പ്രസിദ്ധീകരണവും ഡിജിറ്റലൈസേഷനും.
- ചലച്ചിത്ര ആസ്വാദനക്യാമ്പുകൾ.
- ഡോക്യുമെന്റേഷൻ.
- വെബ്സൈറ്റ്, പോർട്ടൽ എന്നിവ.
- മലയാളം സിനിമകളുടെ പ്രോത്സാഹനം.
- ഫിലിം സൊസൈറ്റികളുടെ പ്രോത്സാഹനം.
- ടൂറിംഗ് ടാക്കീസ്.
- ഫെല്ലോഷിപ്പുകളും ഗവേഷണവും.
- ടെലിവിഷൻ മാധ്യമ സെമിനാറുകൾ, ശില്പശാലകൾ. ഡോക്യുമെന്ററി മുതലായവ.
- മറ്റ് ഉത്സവങ്ങളും പ്രവർത്തനങ്ങളും.

പുതിയ ഘടകം

- ഫിലിം മ്യൂസിയവും ആർക്കൈവ്സും.

21. വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ സാംസ്ക്കാരിക സമുച്ചയം)

(വിഹിതം 65.00 ലക്ഷം രൂപ)

കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെയും കലാരൂപങ്ങളുടേയും, ഗവേഷണത്തിനും അവതരണത്തിനും സംരക്ഷണത്തിനും, ഡോക്യുമെന്റേഷനും ഉള്ള ഒരു സംസ്കാരിക സമുച്ചയമായി വൈലോപ്പിള്ളി സംസ്കൃതി ഭവൻ പ്രവൃത്തിച്ചുവരുന്നു. 2001-ലാണ് സൊസൈറ്റി സ്ഥാപിതമായത് ശാസ്ത്രീയ നൃത്ത രൂപങ്ങളിൽ കലാമേളകൾ, കേരള സംസ്കൃതിയെക്കുറിച്ചുള്ള സെമിനാറുകൾ, ശിൽപ്പശാലകൾ, അവതരണങ്ങൾ എന്നിവ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സംഘടിപ്പിക്കുന്നു. 2016-17 വർഷത്തേക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് അവധിക്കാല ക്യാമ്പുകൾ, പ്രതിവാര സാംസ്ക്കാരിക പരിപാടികൾ, മുദ്രാഫെസ്റ്റ്, താളമഹോത്സവം മറ്റ് സാംസ്ക്കാരിക പരിപാടികൾ ഉണർവ്വ് പരിപാടി, കാവ്യ സായാഹ്നം, കഥാവേള പരിപാടികൾ, സാഹിത്യ ക്യാമ്പ്, കവിതാക്യാമ്പ്, ഓപ്പൺ സ്കൂൾ, തിരക്കഥാ ക്യാമ്പ്, നടനകളരി, സംയുക്ത സാംസ്ക്കാരിക പരിപാടികൾ, സാംസ്ക്കാരിക വിനോദ സഞ്ചാരം, സ്വരരാഗ മഹോത്സവം, ചിലങ്ക ഫെസ്റ്റ്, അക്ഷരശ്ലോക സദസ്സ്, രബീന്ദ്ര സംഗീതം, നിർമ്മാണം, ലൈബ്രറി-പൂന്തോട്ട വികസനം, ശബ്ദപ്രകാശ സംവിധാനം മെച്ചപ്പെടുത്തൽ, ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ വാങ്ങൽ എന്നിവ. 2016-17 വർഷത്തെ ബഡ്ജറ്റിൽ മേൽപ്പഞ്ഞ പ്രവർത്തനങ്ങൾക്കായി 65.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

22. മാർഗ്ഗി

(വിഹിതം: 45.00 ലക്ഷം രൂപ)

കഥകളി എന്ന കലാരൂപത്തിന്റെ പരിപോഷണത്തിനായി 1970-ൽ സ്ഥാപിക്കപ്പെട്ട മഹനീയമായ ഒരു സ്ഥാപനമാണ് മാർഗ്ഗി. കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് തുടങ്ങിയ കലകളെ പ്രത്സാഹിപ്പിക്കുന്ന ഒരു കേന്ദ്രമായി മാർഗ്ഗി മാറിയിരിക്കുന്നു. കളിയോഗ മാതൃകയിലാണ് സ്ഥാപനം പ്രവർത്തിച്ചു പോരുന്നത് (ട്രെയിനിംഗ് കം പെർഫോർമിംഗ് ഗ്രൂപ്പ്).

പരമ്പരാഗത രംഗകലകളായ കഥകളി, കൂടിയാട്ടം തുടങ്ങിയവയിൽ സ്ഥിരം പരിപാടികളും, പരിശീലനങ്ങളും, മറ്റു സൗകര്യങ്ങളും ഒരുക്കികൊണ്ട് ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ക്കാരത്തെയും വിനോദസഞ്ചാരത്തെയും പ്രോൽസാഹിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യവികസനങ്ങൾക്കുമായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 45 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

23. വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള

(വിഹിതം: 55.00 ലക്ഷം രൂപ)

കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യകളും ചുമർ ചിത്രങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമാണ് ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലം. പരമ്പര്യ വാസ്തു ശാസ്ത്രത്തെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ഈ സ്ഥാപനം ഏറ്റെടുത്തു നടത്തുന്നു. പരമ്പരാഗത വാസ്തുശാസ്ത്രത്തെക്കുറിച്ചുള്ള സർവ്വേകൾ, ബോധവത്കരണ പരിപാടികൾ, സ്വകാര്യ പരമ്പരാഗത വാസ്തു ശിൽപ്പങ്ങളുടെ പരിരക്ഷണം, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങൾ ഇതിലുൾപ്പെടുന്നു. സ്ഥാപനത്തിന്റെ 2016-17 വർഷത്തെ ബഡ്ജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പരമ്പരാഗത വാസ്തു വിദ്യയുടെ പരിപോഷണ പ്രവർത്തനങ്ങൾ.
- ചുമർ ചിത്രങ്ങളുടെ സംരക്ഷണവും ഡോക്യു മെന്റേഷനും.
- ചുമർ ചിത്രങ്ങളുടെ പരിപോഷണവും ആർട്ട് ഗ്യാലറി യുടെ അറ്റകുറ്റപ്പണികളും.
- തർജ്ജമ, പ്രസിദ്ധീകരണം, ഗ്രന്ഥശാല
- സെമിനാറുകൾ
- വാസ്തു വിദ്യ ഗുരുകുലത്തിലെ ചുമർ ചിത്ര വിഭാഗ ത്തിന്റെയും അക്കാദമിക ഉപദേശപ്രവർത്തന ങ്ങളുടെയും വിപുലീകരണം.

24. ഭാരത് ഭവൻ

(വിഹിതം: 50.00 ലക്ഷം രൂപ)

കേരളത്തിൽ വസിക്കുന്ന വ്യത്യസ്ത ഭാഷക്കാരായ ജനങ്ങളുടെ സാംസ്കാരിക സമന്വയത്തിനുവേണ്ടി 1984-ൽ രൂപീകരിച്ച സ്ഥാപനമാണ് ഭാരത് ഭവൻ. ദേശീയ അന്തർ ദേശീയ സാംസ്കാരിക വിനിമയത്തിനും സമന്വയത്തിനും വേണ്ടി സ്ഥാപനം നിലകൊള്ളുന്നു. 2016-17 വർഷത്തെ ബഡ്ജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പ്രതിവാര കലോത്സവങ്ങൾ (അന്യ സംസ്ഥാനങ്ങളുടെ സാംസ്കാരിക പരിപാടികൾ).
- ദേശീയ തർജ്ജമ ക്യാമ്പ്.
- കേരള തനിമ.
- അതിഥി ദേവോഭവ.
- ദേശീയോദ്ഗ്രഥന പരിപാടികൾ.
- ബഹുഭാഷാ സെമിനാറുകൾ.
- അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ.

25. കേരള ഗ്രന്ഥവിപണന സൊസൈറ്റി

(വിഹിതം : 45.00 ലക്ഷം രൂപ)

സർക്കാർ പ്രസിദ്ധീകരണങ്ങളും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പുസ്തകങ്ങളും ആനുകാലികങ്ങളും വിറ്റഴിക്കുന്നതിനുള്ള സ്ഥാപനമാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. ജനങ്ങളുടെ വായനാശീലം വളർത്തുന്നതി നുതകുന്ന പ്രവർത്തനങ്ങളും സൊസൈറ്റി ഏറ്റെടുത്തു നടത്തുന്നു. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി പുസ്തക പ്രദർശനങ്ങളും സൊസൈറ്റി ഒരുക്കുന്നു. 2016-17-ലെ വർഷത്തെ ബഡ്ജറ്റിൽ സൊസൈറ്റിയുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 45.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

- പുസ്തക മേളകൾ.
- കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്കു മാറ്റുക. (2016-17-ൽ തന്നെ നടപ്പിലാക്കേണ്ടതാണ്).
- വായനാശീലം വളർത്തുക, വ്യക്തിത്വ വികസനവും കരിയർ ഗൈഡൻസും.
- മറ്റ് തുടർ പ്രവർത്തനങ്ങൾ.

26. ജവഹർ ബാലഭവൻ

(വിഹിതം : 100.00 ലക്ഷം രൂപ)

കുട്ടികളുടെ കലാപരവും സാംസ്കാരികപരവും ഭാഷാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി സ്ഥാപിച്ചതാണ് ജവഹർ ബാലഭവൻ. 2016-17 വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ 5 ബാലഭവനുകൾക്കുമായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്നു.

- തിരുവനന്തപുരം ജവഹർ ബാലഭവനിലെ കുട്ടികളുടെ ഗ്രന്ഥശാലാ ഓഫീസ് എന്നിവയുടെ നവീകരണം, ചുറ്റുമതിലിന്റെയും ക്ലേ മോഡലിംഗ് ക്ലാസിന്റെയും നിർമ്മാണം, മുറ്റവും റോഡും മുതൽ മുഖ്യ കവാടം വരെ ഇന്റർ ലോക്ക് ചെയ്യൽ, നഴ്സറി ക്ലാസിലേക്കാ വശ്യമായ കസേരകൾ, ഫർണ്ണിച്ചറുകൾ, കളിക്കോപ്പുകൾ എന്നിവ വാങ്ങൽ
- ആലപ്പുഴ ജവഹർ ബാലഭവനിൽ മിനി ഹാൾ/വിശ്രമ കേന്ദ്രം, കക്കൂസ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, ഫർണ്ണിച്ചറുകൾ വാങ്ങൽ, സംഗീതോപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും അറ്റകുറ്റപ്പണികൾ എന്നിവ.
- മറ്റു പ്രവർത്തനങ്ങൾ.

27. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ, തിരുവനന്തപുരം

(വിഹിതം : 1..00 ലക്ഷം രൂപ)

ദേശീയ സാംസ്കാരിക സ്ഥാപനം എന്ന നിലയിൽ ആശാൻ സ്മാരകം വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ആശാൻ സ്മാരകത്തിന്റെ നവീകരണം, ആശാന്റെ കയ്യെഴുത്തു പ്രതികളുടെ സംരക്ഷണം, വിവിധ സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, ആശാൻ കൃതി കളുടെ വിജ്ഞാന കോശം തയ്യാറാക്കൽ, ഗ്രന്ഥസൂചി തയ്യാറാക്കൽ, വിവേകോദയത്തിന്റെ പ്രസിദ്ധീകരണം എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 1 ലക്ഷം രൂപ ടോക്കൺ രീതിയിൽ വകയിരുത്തിയിരിക്കുന്നു.

28. സുപ്രസിദ്ധ എഴുത്തുകാരുടെയും കലാസാംസ്കാരിക വ്യക്തിത്വങ്ങളുടെയും സ്ഥാപനങ്ങൾക്ക് നവശക്തിയും പുതുചൈതന്യവും നല്കുന്ന പദ്ധതി

(വിഹിതം : 110.00 ലക്ഷം രൂപ)

ഈ പദ്ധതി പ്രകാരം സുപ്രസിദ്ധ എഴുത്തുകാരുടെയും കലാസാംസ്കാരിക വ്യക്തിത്വങ്ങളുടെയും നാമത്തിലുള്ള സ്ഥാപനങ്ങൾക്ക് അവരുടെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലൂടെ നവശക്തിയും പുതുചൈതന്യവും നൽകുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന ങ്ങൾക്ക് നവശക്തിയും പുതുചൈതന്യവും നൽകുന്നതിന് 10 ലക്ഷം രൂപ വരെ സാമ്പത്തികസഹായം നൽകുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 2016-17 വർഷത്തെ ബഡ്ജറ്റിൽ 110 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. കേരള കലാമണ്ഡലം

(വിഹിതം: 965.00 ലക്ഷം രൂപ)

കേരളത്തിലെ പാരമ്പര്യ കലകളായ കഥകളി, മോഹിനി യാട്ടം, കൂടിയാട്ടം, തുള്ളൽ എന്നിവയ്ക്കും അവയുടെ സംഗീത വാദ്യ ഉപകരണങ്ങളുടെ സംരക്ഷണത്തിനും ഉന്നതിക്കും വേണ്ടി 1930-ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ച

താണ് കലാമണ്ഡലം. കേരള പാരമ്പര്യ കലകളുടെ ഉന്നതിയ്ക്കുള്ള കേന്ദ്രമായ കേരള കലാമണ്ഡലത്തിന് 2007-ൽ കല്പിത സർവ്വകലാശാല പദവി ലഭിച്ചു. 2016-17 വർഷത്തെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി കലാമണ്ഡലത്തിന് 965.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഡോക്യുമെന്റേഷൻ.
  (1) താളിയോലകളുടെ ഡിജിറ്റൈസേഷൻ.
- ഗ്രന്ഥശാല.
  (1) ഗ്രന്ഥശാലാ നവീകരണവും ഓഫീസ് ഓട്ടോമേഷനും
  (2) പുസ്തകങ്ങൾ വാങ്ങുക.
- കെട്ടിടങ്ങളുടെ പുനരുദ്ധാരണം
  (1) കൂത്തമ്പലത്തിന്റെ നവീകരണം
- നിർമ്മാണം
  (1) അക്കാദമിക് ബ്ലോക്കിന്റെ (കളരി) നിർമ്മാണം.
- മറ്റു വികസന പ്രവർത്തനങ്ങൾ
  (1) ക്യാമ്പസിന്റെ സൗന്ദര്യവത്കരണം.
  (2) അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെയും കൂത്തമ്പലത്തിന്റേയും നവീകരണം.
- പ്രസിദ്ധീകരണങ്ങൾ.
- സെമിനാറുകൾ.
- വസ്ത്രാലങ്കാരങ്ങൾ, കൊട്ടുവാദ്യങ്ങൾ എന്നിവ വാങ്ങലും അവയുടെ അറ്റകുറ്റപ്പണികളും.
- ഫർണിച്ചർ വാങ്ങൽ.
- വള്ളത്തോൾ ചെയർ-അടിസ്ഥാന സൗകര്യങ്ങൾ.
- തുടർ പ്രവർത്തനങ്ങൾ.

30. മലയാളം മിഷൻ

(വിഹിതം 87.00 ലക്ഷം രൂപ)

സംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് മലയാളം മിഷൻ. പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷാപഠനം സാധ്യ മാക്കുന്നതിനും മലയാളികളുടെ സംസ്കാര പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുമായി സ്ഥാപിക്കപ്പെട്ടതാണ് മലയാളം മിഷൻ. 2016-17 വർഷത്തെ ബഡ്ജറ്റിൽ സ്ഥാപനത്തിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 87.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- അദ്ധ്യാപകർക്ക് പരിശീലനം.
- പഠന കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം.
- പാഠപുസ്തകങ്ങൾ, കൈപുസ്തകങ്ങൾ എന്നിവയുടെ അച്ചടിയും വിതരണവും.
- തിരുവനന്തപുരത്ത് ഭാഷാ പഠന കേന്ദ്രം സ്ഥാപിക്കൽ.

31. കേരള സംസ്ക്കാരത്തിന്റെ വ്യാപനം

(വിഹിതം : 57.00 ലക്ഷം രൂപ)

കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകത്തെ പ്രചരിപ്പി ക്കുന്നതിനും നമ്മുടെ കലാരൂപങ്ങളെ ശാക്തീകരിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ക്കാരത്തിന്റെ വിവിധ മുഖങ്ങളെ പരിചയപ്പെടുത്താൻ തയ്യാറാക്കിയ വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതിനും, കേരള സംസ്ക്കാരത്തെക്കുറിച്ചുള്ള അവബോധം വ്യാപിപ്പിക്കുന്നതിനും, സാംസ്ക്കാരിക വിനിമയ പരിപാടികൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 57 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.3 സാങ്കേതിക വിദ്യാഭ്യാസം

സംസ്ഥാനത്ത് വിദ്യാഭ്യാസ മികവ് നിലനിർത്തുന്ന തിനുവേണ്ടി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കു ന്നതിനായി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നു. മുൻ വർഷത്തേക്കാൾ 28% വർദ്ധനവ് വരുത്തി 235.41 കോടി രൂപ 2016-17 വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു. സർക്കാർ പോളിടെക്നിക്കുകളുടെ വികസനം, മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം, ടെക്നിക്കൽ ഹൈസ്ക്കൂളുകളുടെ വികസനം, പോളിടെക്നിക്കുകളിലും, ഹൈസ്കൂളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല തുടങ്ങിയ പദ്ധതികൾക്ക് വകയിരുത്തി യിരിക്കുന്ന തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ട്. കൊച്ചി സർവ്വകലാശാലയിൽ പരിപ്രേഷ്യാ പദ്ധതിയുടെ ഭാഗമായി കുസാറ്റ് 2020-നടപ്പിലാക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സെന്റർ ഫോർ ബാംബു ടെക്നോളജി, പോളിടെക്നിക്കുകളിൽ സർട്ടിഫിക്കേഷൻ സെന്റർ, പുനർജ്ജനി (സംസ്ഥാനാവിഷ്കൃത പദ്ധതി) എന്നീ 3 പുതിയ പദ്ധതി കൾക്കായി 1.75 കോടി രൂപ 2016-17-ൽ വകയിരുത്തിയിട്ടുണ്ട്.

1. പ്ലേസ്മെന്റ് ആന്റ് ട്രെയിനിംഗ്

(വിഹിതം : 50.00 ലക്ഷം രൂപ)

വിവിധ വ്യവസായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും വഴി എല്ലാ വർഷവും ഡിപ്ലോമക്കാർക്കും ബിരുദതല വിദ്യാർത്ഥികൾക്കും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നതിന് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നതോടൊപ്പം ഡിപ്പാർട്ടു മെന്റിൽ അപ്രന്റീസ് ട്രെയിനികളായി ജോലിചെയ്യുന്ന ബിരുദതല-ഡിപ്ലോമ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും നൽകുന്നു. പല വ്യവസായ സ്ഥാപനങ്ങളും സംരംഭകരും ഡിഗ്രി-ഡിപ്ലോമക്കാർക്കായി അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നു ണ്ടെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാവർക്കും ട്രെയിനിംഗ് സൗകര്യം ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ഡയറക്ടറേറ്റിനു കീഴിലുള്ള പല സ്ഥാപനങ്ങളിലും ട്രെയിനിംഗ് സൗകര്യം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ 350 ഉദ്യോഗാർത്ഥികൾക്ക് (300 ഡിപ്ലോമക്കാർക്കും 50 ഡിഗ്രിക്കാർക്കും) പരിശീലന സൗകര്യം നൽകാനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. സ്റ്റൈപ്പെൻഡിന്റെ 50% തുക ചെന്നൈയിലെ ബോർഡ് ഓഫ് അപ്രന്റീസ് ട്രെയിനിംഗിന്റെ ദക്ഷിണ മേഖലാ ഓഫീസ് തിരികെ നൽകുന്നതാണ്. 2016-17 വർഷത്തിൽ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനം

(വിഹിതം : 725.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം/എം. ടെക്., പി. എച്ച്. ഡി. കോഴ്സുകൾ സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജു കളിലെയും പോളിടെക്നിക് കോളേജുകളിലെയും അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ

വഹിക്കുക, അധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനീയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക തുടങ്ങിയ ചെലവുകൾക്കായി 2016-17 വർഷത്തേക്ക് 725.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

(വിഹിതം : 2100.00 ലക്ഷം രൂപ)

ബിരുദാനന്തര ബിരുദ കോഴ്സുകൾ, അപ്ലൈഡ് സയൻസ്, സാങ്കേതികരംഗം, വ്യവസായം, വാണിജ്യം എന്നീ മേഖലകളിൽ ഗവേഷണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1971-ലാണ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്ഥാപിതമായത്. മുൻ വർഷങ്ങളിൽ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് മുൻഗണന നൽകിയിരുന്നതെങ്കിലും ഇത്തവണ അക്കാദമിക് വികസനത്തിനും പാഠ്യപദ്ധതി വികസനത്തിനുമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ പ്രാധാന്യം നൽകുവാനുദ്ദേശിക്കുന്നത്. 2016-17 വർഷത്തിൽ സർവ്വകലാശാല താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത് :

1. നിർമ്മാണ, പുനരുദ്ധാരണ പണികൾ :
   - ക്യാമ്പസ് വികസനം
   - അക്കാദമിക് ഡിപ്പാർട്ടുമെന്റുകൾ, ലൈബ്രറി, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, അതിഥി മന്ദിരം, ക്യാമ്പസ് മുതലായവയുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും.
   - ക്യാമ്പസ് റോഡുകളുടെ നിർമ്മാണവും വലിയ അറ്റകുറ്റപ്പണികളും.
   - ക്യാമ്പസിന് ചുറ്റുമതിൽ.
   - അപ്ലൈഡ് ഇക്കണോമിക്സ്, ബയോടെക്നോളജി, ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ്, ഇൻസ്ട്രുമെന്റേഷൻ, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വകുപ്പുകളുടെ വിപുലീകരണം.
   - ബഹുനില അക്കാദമിക് കെട്ടിടത്തിന്റെ നിർമ്മാണം (ലേക്ക് സൈഡ് ക്യാമ്പസ്).
   - അനധ്യാപക സ്റ്റാഫുകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്.
   - കെ. എം. മാണി ബഡ്ജറ്റ് സ്റ്റഡീസിന് കെട്ടിട നിർമ്മാണം.
   - സ്ക്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ വിപുലീകരണം.
2. എൻറിച്ച് പദ്ധതി നടപ്പാക്കൽ.
3. ഫാക്കൽറ്റി അനുബന്ധ പദ്ധതികൾ.
4. പുസ്തകങ്ങൾ, ജേർണലുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ.
5. ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും, വാങ്ങൽ.
6. ഉദ്യോഗസ്ഥ പരിശീലനം.
7. ആട്ടോമേഷൻ ആന്റ് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്.
8. അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ പാനൽ ബോർഡ് സ്ഥാപിക്കുക.
9. അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾക്കാവശ്യമായ സഹായം.
10. മറ്റ് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും.
11. സെമിനാറുകൾ/കോൺഫറൻസുകൾ/സയൻസ് പോപ്പുലറൈസേഷൻ.
12. നടന്നുകൊണ്ടിരിക്കുന്ന മറ്റ് പദ്ധതികളുടെ പൂർത്തീകരണം.

2016-17 വർഷത്തിൽ സർവ്വകലാശാലക്കായി മാറ്റി വച്ചിരിക്കുന്ന 2100.00 ലക്ഷം രൂപയിൽ കുസാറ്റ് 2020 എന്ന പേരിൽ അക്കാദമിക് മികവിനായുള്ള പരിപ്രേക്ഷ്യാ പദ്ധതിയിലുൾപ്പെടുന്ന പദ്ധതികൾക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഗവേഷണത്തിന് ഊന്നൽ നൽകുന്ന വകുപ്പുകൾക്കു വേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, കണ്ടന്റ് വികസനം, ടെക്നോളജി ഇൻക്യുബേഷൻ, ഫാക്കൽറ്റി വികസനത്തിനുവേണ്ടിയുള്ള സെന്റർ, പേറ്റന്റ് ഫസിലിറ്റേഷൻ സെന്റർ, ഇന്റർഗ്രേഡ് എം. എസ്. സി. പ്രോഗ്രാം, അഡ്വാൻസ്ഡ് സെന്റർ ഫോർ അഡ്മോസ്ഫറിക് റഡാർ റിസർച്ച്, സെന്റർ ഫോർ എക്സലന്റ്സ് ഇൻ അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സെന്റർ ഫോർ എക്സലന്റ്സ് ഇൻ മറൈൻ സയൻസ്, സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി, സെന്റർഫോർ ഇന്റർനാഷണൽ റിലേഷൻസ്, ഐ. സി. റ്റി. പശ്ചാത്തല സൗകര്യങ്ങളുടെ ആധുനിക വൽക്കരണം എന്നീ പദ്ധതികളാണ് കുസാറ്റ് 2020-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കെ. എം. മാണി സെന്റർ ഫോർ ബഡ്ജറ്റ് സ്റ്റഡീസിനു വേണ്ടിയുള്ള തുകയും 2016-17-ൽ വകയിരുത്തിയിട്ടുണ്ട്.

4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം

(വിഹിതം : 500.00 ലക്ഷം രൂപ)

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമാണ് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്. 8 വിഷയങ്ങളിലായി വർഷംതോറും 685 വിദ്യാർത്ഥികൾക്ക് ബിരുദപഠനത്തിനായി ഇവിടെ പ്രവേശനം നൽകിവരുന്നു. 342 വിദ്യാർത്ഥികൾക്ക് 21 എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ബിരുദാനന്തരബിരുദ പഠനം നടത്തുന്നതിനും എം.ബി.എ., എം.സി.എ. കൂടാതെ കോഴ്സുകളിലേക്ക് 60 വീതം വിദ്യാർത്ഥികൾക്ക് വർഷംതോറും പ്രവേശനം നൽകുന്നതിനും ഇവിടെ സൗകര്യമുണ്ട്. ആകെ 3768 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ദേശീയ കൗൺസിൽ (എ.ഐ.സി.റ്റി.ഇ.) ക്യു.ഐ.പി. കേന്ദ്രമായി അംഗീകരിച്ച ഈ സ്ഥാപനത്തിൽ, ഇന്ത്യ ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഫാക്കൽറ്റികൾക്ക് എം. ടെക്ക്, പി. എച്ച്. ഡി. തുടങ്ങിയ പഠനങ്ങൾ നടത്തുവാൻ അവസരം ലഭിക്കുന്നു. ഗോൾഡൻ ജൂബിലി ഇലക്ട്രോണിക്സ് പി.ജി. & റിസർച്ച് ബ്ലോക്ക്, പ്ലാറ്റിനം ജൂബിലി ഫാക്കൽറ്റി അപ്പാർട്ട്മെന്റ്, സെമിനാർ ഹാളിന്റെ നിർമ്മാണം, പി. ജി. ഹൈഡ്രോളിക്സ് ലാബ്, റീജിയണൽ ജിയോമെറ്റീരിയൽസ് റിസർച്ച് ആന്റ് ടെസ്റ്റിംഗ് സെന്റർ, വോളിബോൾ കോട്ട്, റിസർച്ച് അപ്പാർട്ട്മെന്റ്, ക്യൂ. ഐ. പി. ഫാക്കൽറ്റി

അപ്പാർട്ട്മെന്റ്, മാലിന്യ മാനേജ്മെന്റ് സിസ്റ്റം, സ്വീവേജ് പ്ലാന്റ്, പശ്ചാത്തല സൗകര്യ വികസനങ്ങൾ, പരീക്ഷണശാലയിലേയ്ക്കു വേണ്ട അത്യന്താധുനിക സാധന സാമഗ്രികൾ സ്വായത്ത മാക്കൽ, ഡിജിറ്റൽ/ഇ- ലൈബ്രറികൾ തുടങ്ങിയവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ

(വിഹിതം : 410.00 ലക്ഷം രൂപ)

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ആദ്യകാല സ്ഥാപനങ്ങളിലൊന്നാണ് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്. വിവിധ വിഷയങ്ങളിലായി 738 വിദ്യാർത്ഥികൾക്ക് 8 ബിരുദ കോഴ്സുകളിലായും 180 വിദ്യാർത്ഥികൾക്ക് 10 ബിരുദാനന്തര ബിരുദ കോഴ്സുകളിലായും 30 പേർക്ക് എം.സി.എ. കോഴ്സിലും എല്ലാ വർഷവും അഡ്മിഷൻ നൽകിവരുന്നു. എ.ഐ.സി.റ്റി.ഇ., ക്യു.ഐ.പി. കേന്ദ്രമായി അംഗീകരിച്ച ഈ സ്ഥാപനത്തിൽ, ഇന്ത്യ ഒട്ടാകെയുള്ള എഞ്ചിനിയറിംഗ് ഫാൽക്കറ്റികൾക്ക് എം. ടെക്ക്, പി.എച്ച്.ഡി പഠനങ്ങൾ നടത്തുന്നതിന് അവസരം ലഭിക്കുന്നു. പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ്സ് മുറികൾ, നാനോ ടെക്നോളജിയിൽ ഒരു ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കൽ അധിക ഹോസ്റ്റൽ സൗകര്യം, പരീക്ഷണ ശാലയ്ക്ക് വേണ്ട ഉപകരണങ്ങൾ/സാങ്കേതിക വിദ്യ എന്നിവ ലഭ്യമാക്കുക, പാഠ്യേതര പ്രവർത്തനങ്ങൾക്ക് അത്യാവശ്യ ഘടകങ്ങളായ ഗ്രൗണ്ടുകൾ ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ ഇവ ഒരുക്കുക, ഡിജിറ്റൽ, ഇ-ലൈബ്രറികൾ ആരംഭിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ ബിരുദാനന്തര ബിരുദ കോഴ്സുകളും ഗവേഷണ പദ്ധതികളും നടത്തി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. 2016-17 വർഷത്തിൽ ഇതിലേക്കായി 410 .00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ

(വിഹിതം : 410.00 ലക്ഷം രൂപ)

സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ 372 വിദ്യാർത്ഥി കൾക്കും 4 ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 72 വിദ്യാർത്ഥികൾകൾക്കും പ്രവേശനം നൽകിവരുന്ന ഈ സ്ഥാപനം 1986-ൽ ആരംഭിച്ചു. എല്ലാ ബിരുദ കോഴ്സുകൾക്കും അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ലക്ഷ്യമിടുന്നു. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ്മുറികൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ്വർക്ക് സ്ഥാപിക്കൽ, നാനോ ടെക്നോളജിയിൽ ഒരു ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കൽ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ, ഇ-മാസികകൾ, ഐസിറ്റി ഘടകങ്ങൾ എന്നിവയ്ക്കായി 2016-17-ൽ 410.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

(വിഹിതം : 410.00 ലക്ഷം രൂപ)

1991-ൽ സ്ഥാപിതമായ കോട്ടയം എഞ്ചിനീയറിംഗ് കോളേജ് പിൽക്കാലത്ത് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന് നാമകരണം ചെയ്യപ്പെടുകയുണ്ടായി. അഞ്ച് വിഷയങ്ങളിൽ ബി.ടെക്. കോഴ്സുകളും, ബി.ആർക്ക് കോഴ്സും ഉൾപ്പെടെ മൊത്തം 315 കുട്ടികൾക്ക് ഓരോ വർഷവും ബിരുദ പഠനത്തിന് ഇവിടെ പ്രവേശനം നൽകുന്നു. 5 വിഷയങ്ങളിൽ 108 വിദ്യാർത്ഥികൾ എം. ടെക് കോഴ്സുകളിലും 60 വിദ്യാർത്ഥി കൾക്ക് എം. സി. എ. കോഴ്സിലും ഈ സ്ഥാപനത്തിൽ വർഷംതോറും പ്രവേശനം നടത്തിവരുന്നു. പ്രസ്തുത എഞ്ചിനിയറിംഗ് കോളേജിനെ ക്യു.ഐ.പി. കേന്ദ്രമാക്കാൻ എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പശ്ചാത്തല സൗകര്യ പ്രവർത്തനങ്ങളായ ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ആർകിടെക്ചർ ബ്ലോക്ക് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, അത്യന്താധുനിക വികസന സൗകര്യങ്ങ ളോടുകൂടിയ ക്ലാസ്സ് മുറികൾ, ആവശ്യാനുസൃതമായ ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായുള്ള അത്യാധുനിക ഉപകരണങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഫിറ്റ്നെസ് സെന്റർ/ഡിജിറ്റൽ ക്ലാസ്മുറികൾ, ഡിജിറ്റൽ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷത്തേക്ക് 410.00 ലക്ഷം രൂപ വകയിരുത്തിയി രിക്കുന്നു.

8. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയം

(വിഹിതം : 1350.00 ലക്ഷം രൂപ)

ശാസ്ത്ര സാങ്കേതിക വിദ്യയുടെ കണ്ടെത്തലുകൾ ജനങ്ങൾക്ക് സുപരിചിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1984-ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്ഥാപിതമായത്. 2016-17-ൽ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

1. ചാലക്കുടിയിലെ മേഖലാ സയൻസ് സെന്ററും, സയൻസ് ഗ്യാലറിയും.
2. പരപ്പനങ്ങാടിയിലെ റീജിയണൽ സയൻസ് സെന്റർ.
3. കോട്ടയത്ത് സയൻസ് സിറ്റി.
4. നിലവിലുള്ള കെട്ടിടങ്ങളുടേയും ഗ്യാലറികളുടെയും ആധുനീകരണം.
5. കാമ്പസിൽ മൾട്ടി പർപ്പസ് ബ്ലോക്കിന്റെ നിർമ്മാണം.
6. ഹൗ തിംഗ്സ് വർക്ക് എന്ന പുതിയ ഗ്യാലറി
7. കെ. എസ്. എസ്. റ്റി. എം.-ൽ ഫുഡ് കോർട്ടും കഫ്റ്റീരിയ സ്ഥാപിക്കലും.
8. കിഡ്സ് കോർണർ സ്ഥാപിക്കൽ
9. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മറ്റുമായ (മൊബൈൽ എക്സിബിഷൻ & അസ്ട്രോവൻ) സൗകര്യങ്ങളുടെ ആധുനീകരണം.

10. പുതിയ പ്ലാനറ്റേറിയകാഴ്ചകൾക്കുള്ള സാധനം വാങ്ങൽ.

11. മറ്റു നടപ്പു ജോലികൾ

2016-17-ൽ പ്രസ്തുത പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ നടത്തുന്നതിനായി 1350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് (ഐ. എച്ച്. ആർ. ഡി.)

(വിഹിതം : 1350.00 ലക്ഷം രൂപ)

സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണമുള്ളതും 1987-ൽ സ്ഥാപിച്ചതുമായ ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ്. 9 എഞ്ചിനീയറിംഗ് കോളേജുകൾ, 8 മോഡൽ പോളിടെക്നിക്കുകൾ, 44 അപ്ലൈഡ് സയൻസ് കോളേജുകൾ, 15 ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ, 2 റീജിയണൽ കേന്ദ്രങ്ങൾ, 6 പഠന/വിപുലീകരണ കേന്ദ്രങ്ങൾ, 2 മോഡൽ ഫിനിഷിംഗ് സ്കൂളുകൾ, 1 റ്റി. എം. സി. ധനുവച്ചപുരം എന്നിവ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളും അപ്ലൈഡ് സയൻസ് കോളേജുകളും സ്വാശ്രയ സ്ഥാപനങ്ങളായാണ് പ്രവർത്തിക്കുന്നത്. 2016-17 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

1. മുൻഗണനാക്രമത്തിലുള്ള കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും.
2. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മെഷിനറി, ലൈബ്രറി പുസ്തകങ്ങൾ, ഉപകരണങ്ങൾ മുതലായവ വാങ്ങുക.
3. ഹെഡ്കോർട്ടറിന്റെ ആധുനീകരണം.

പദ്ധതി നടത്തിപ്പിനായി 2016-17 വർഷത്തിൽ 1350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. ഫൈൻ ആർട്സ് കോളേജുകൾ—തിരുവനന്തപുരം, തൃശ്ശൂർ, മാവേലിക്കര

(വിഹിതം : 400.00 ലക്ഷം രൂപ)

മാവേലിക്കരയിലും, തൃശ്ശൂരിലും തിരുവനന്തപുരത്തുമുള്ള ഫൈൻ ആർട്സ് കോളേജുകളുടെ വികസനത്തിനുള്ളതാണ് ഈ പദ്ധതി. അത്യന്താധുനിക സൗകര്യത്തോടുകൂടിയ ക്ലാസ് മുറികൾ, അത്യാധുനിക സൗകര്യങ്ങളുള്ള ആർട്ട് ഗ്യാലറികൾ, സ്റ്റുഡിയോ സൗകര്യം മെച്ചപ്പെടുത്തുക, ലൈബ്രറി, ദൃശ്യശ്രാവ്യ സൗകര്യങ്ങളുടെ ഡിജിറ്റലൈസേഷന്റെ വികസനം, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വിദ്യാർത്ഥികൾക്കുള്ള മറ്റ് സൗകര്യങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, മൂന്ന് ഫൈൻ ആർട്സ് കോളേജുകൾക്കും ഉപകരണങ്ങൾ വാങ്ങുക, കേരളത്തിനകത്തും പുറത്തും നിന്നുള്ള കലാസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ദേശീയ കലാ ക്യാമ്പ് സംഘടിപ്പിക്കുക എന്നിവയ്ക്കാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. 2016-17-ൽ 400.00 ലക്ഷം രൂപ ഇതിനായി വകകൊള്ളിച്ചിരിക്കുന്നു.

11. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റും ആഫീസുകളും പരീക്ഷാ വിഭാഗവും

(വിഹിതം : 100.00 ലക്ഷം രൂപ)

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ 200-ഓളം ജീവനക്കാരെ വിവിധ സെക്ഷനുകളിലായി വിന്യസിച്ചിരിക്കുന്നു. വകുപ്പിന്റെ ഭരണപരമായ എല്ലാ മേഖലകളിലും ഇ-ഗവേണൻസ് നടപ്പിലാക്കി കഴിഞ്ഞു. സാങ്കേതിക വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ എഞ്ചിനിയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും റീജണൽ ഡയറക്ടറേറ്റുകളിലും സാങ്കേതിക പരീക്ഷകൾക്കുള്ള ജോയിന്റ് കൺട്രോളറുടെ ആഫീസിലും മറ്റ് ഉപ ആഫീസുകളിലും ഡിജിറ്റൽ ഡാറ്റാ ഫയലിംഗ് സിസ്റ്റം പൂർത്തീകരിക്കുന്നതിന് 2016-17-ൽ ഉദ്ദേശിക്കുന്നു. ഓഫീസുകളിൽ പാർട്ടീഷ്യനിംഗ്, ആധുനിക ഫർണിച്ചർ വാങ്ങൽ, നിലവിലുള്ള നെറ്റ് വർക്കിനെ CAT 6-ലേക്ക് നവീകരിക്കുക, ലിഫ്റ്റ് സ്ഥാപിക്കൽ, ടെക്നിക്കൽ ഹൈസ്ക്കൂളിലെയും പോളിടെക്നിക്കുകളിലെയും സ്റ്റാഫുകൾക്ക് പരിശീലനം നൽകൽ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, പേപ്പർ റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ, സോഫ്റ്റ്‌വെയർ ആധുനീകരണം, പ്രിന്റർ ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടെയുള്ള ഓഫീസ് ആധുനീകരണം തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയിരിക്കുന്നു. 100.00 ലക്ഷം രൂപ 2016-17 വർഷത്തേക്ക് വകയിരുത്തിയിരിക്കുന്നു.

12. സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

(വിഹിതം : 2450.00 ലക്ഷം രൂപ)

കേരളത്തിൽ 43 ഗവൺമെന്റ് പോളിടെക്നിക്കുകൾ ഉണ്ട്. ഇവയിൽ പൊതു പോളിടെക്നിക്കുകൾ, വനിതാ പോളിടെക്നിക്കുകൾ, അപ്ഗ്രേഡ് ചെയ്യപ്പെട്ട പോളിടെക്നിക്കുകൾ എന്നിവയുൾപ്പെടുന്നു. വളരെ നേരത്തെ ആരംഭിച്ച ചില പോളിടെക്നിക്കുകളിൽ അറ്റകുറ്റപ്പണികളും, ശക്തിപ്പെടുത്തലും ആവശ്യമാണ്. നിലവിലുള്ള പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോളിടെക്നിക്കുകൾക്ക് മുൻഗണന നൽകേണ്ടതുമുണ്ട്. ഭരണ, അക്കാദമിക് ബ്ലോക്കുകൾ, വർക്ക്ഷോപ്പുകൾ, ലബോറട്ടറികൾ, ലൈബ്രറി കെട്ടിടങ്ങൾ, പുതിയ ക്ലാസ് മുറികൾ, കായിക പരിശീലന കോംപ്ലക്സുകൾ എന്നിവയ്ക്ക് ഇപ്പോഴുള്ളതിനുപുറമേ പുതിയ കെട്ടിടങ്ങൾ പണിയുക, മെഷിനറികളും ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുക, ലബോറട്ടറി സൗകര്യങ്ങൾ നിർമ്മിക്കുക എന്നിവ അത്യാവശ്യമാണ്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട്. പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. നിർമ്മാണ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞ പുതുതായി നിർമ്മിക്കുന്ന പോളിടെക്നിക്കിനുള്ള തുകയും ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 2450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

(വിഹിതം : 1600.00 ലക്ഷം രൂപ)

1999-2000-ൽ കോഴിക്കോട്, ഇടുക്കി, വയനാട്, ബാർട്ടൺഹിൽ (തിരുവനന്തപുരം), ശ്രീകൃഷ്ണപുരം എന്നീ സ്ഥലങ്ങളിൽ ആരംഭിച്ച 5 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സഹായം നൽകാനുള്ളതാണ് ഈ വിഹിതം. പ്രസ്തുത കോളേജുകൾ ആരംഭിച്ചിട്ട് ഒരു പതിറ്റാണ്ടിലേറെ കഴിഞ്ഞെങ്കിലും എ.ഐ.സി.റ്റി.ഇ.-യുടെ നിലവാരത്തിനനുസൃതമായി കുറഞ്ഞ സൗകര്യങ്ങൾപോലും ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഈ കോളേജുകളിൽ ആവശ്യമായ ക്ലാസ്സ് മുറികൾ, ഹോസ്റ്റലുകൾ, ലബോറട്ടറി, ലൈബ്രറി, വാർത്താവിനിമയ സൗകര്യം, ജീവനക്കാർക്കുള്ള താമസസൗകര്യം എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പാക്കുകയും പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ സ്ഥാപനങ്ങൾക്കും സുപ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ലാബോറട്ടറികൾക്കായുള്ള ആധുനിക സാമഗ്രികൾ വാങ്ങുക, ഡിജിറ്റൽ/ഇ-ലൈബ്രറികൾ പോലെയുള്ള അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയ്ക്കും കൂടിയാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ കോളേജുകളെ സ്വയംപര്യാപ്തമായ ക്യാമ്പസ്സുകളാക്കി മാറ്റേണ്ടതുണ്ട്. പദ്ധതിക്കായി 2016-17 വർഷത്തിൽ 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

(വിഹിതം : 20.00 ലക്ഷം രൂപ)

ഡയറക്ടറേറ്റിൽ നടപ്പാക്കുന്ന ഇ-ഗവേണൻസ് പ്രോജക്ടിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഐ.എം.ജി.-യിലും, എഞ്ചിനീയറിംഗ് കോളേജുകളിലും, മറ്റു പ്രമുഖ പരിശീലന കേന്ദ്രങ്ങളിലുമായി കമ്പ്യൂട്ടർ പരിശീലനം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ജീവനക്കാരുടെ ജോലിയുടെ സ്വഭാവമനുസരിച്ച് വിവിധ തലങ്ങളിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

15. ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം

(വിഹിതം : 1000.00 ലക്ഷം രൂപ)

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ കുറെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ കെട്ടിടങ്ങൾ വിവിധ സ്ഥലങ്ങളിലായി ചിതറി കിടക്കുന്നവയും യാതൊരുവിധ സൗകര്യങ്ങളും ഇല്ലാതെ താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നവയുമാണ്. ചില ടെക്നിക്കൽ ഹൈസ്കൂളുകൾ സ്വന്തമായി ഭൂമി ഇല്ലാത്തതും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമാണ്. കമ്പ്യൂട്ടർ വാങ്ങുന്നതിനും ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും, ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും, വൃത്തിയുള്ള ടോയ്ലെറ്റുകൾക്കും, വർക്ഷോപ്പുകൾക്കും, ലൈബ്രറി സൗകര്യങ്ങൾക്കും, കളിസ്ഥലങ്ങൾക്കും, ചുറ്റുമതിൽ നിർമ്മിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. 2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

16. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ

(വിഹിതം : 150.00 ലക്ഷം രൂപ)

ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അധ്യാപകരെക്കൊണ്ടും വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ, എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഫൈൻ ആർട്സ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി പരിശീലനം നൽകുന്ന പദ്ധതിയാണിത്. വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഐ.ഐ.റ്റി.-കൾ, എൻ.ഐ.റ്റി.-കൾ, ഗവൺമെന്റ് മേഖലയിലെ പ്രൊഫഷണലുകൾ, അക്കാദമിക് വിദഗ്ദ്ധർ, തുടങ്ങി ദേശീയതലത്തിൽ പ്രശസ്തരായ വിദഗ്ദ്ധരെ വിദഗ്ദ്ധ പ്രഭാഷണം നടത്തുന്നതിനും കുട്ടികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനും 4 ആഴ്ചക്കാലം വരെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഫൈൻ ആർട്സ് കോളേജുകളിലും വിസിറ്റിംഗ് ഫാക്കൽറ്റി ആയി ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് അത്യാധുനിക വ്യാവസായിക രീതികളും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു. ഡിഗ്രി, ഡിപ്ലോമക്കാർക്കായി പുതിയതായി ഉയർന്നുവരുന്ന തൊഴിൽ മേഖലകളിൽ ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ പരിശീലനം നൽകുന്നതും വിവര സാങ്കേതിക വിദ്യാ മേഖലയിൽ തൊഴിൽ ലഭിക്കാൻ അവരെ പ്രാപ്തരാക്കുന്നതുമാണ്. ഈ പദ്ധതിക്കായി 2016-17-ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

17. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസേർച്ചിന്റെ വികസനം, കളമശ്ശേരി (ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ്)

(വിഹിതം : 200.00 ലക്ഷം രൂപ)

ത്രിവൽസര എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളുടെയും വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിലെയും ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിവിധ എഞ്ചിനീയറിംഗ് ട്രേഡുകളുടെയും സിലബസ് പരിഷ്ക്കരണവും, കരിക്കുലം വികസനവും നടപ്പാക്കുന്നതിനായാണ് കളമശ്ശേരിയിലെ കരിക്കുലം വികസന സെന്റർ സ്ഥാപിച്ചിട്ടുള്ളത്. 25-7-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 604/2014/H.Edn. നമ്പരായ ഉത്തരവ് പ്രകാരം ഈ കേന്ദ്രത്തെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസേർച്ച് സെന്റർ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

2016-17 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സംസ്ഥാനത്തിലെ പോളിടെക്നിക്ക് കോളേജുകളിലും, സർക്കാർ കൊമേഴ്സ്യൽ സ്ഥാപനങ്ങളിലും, സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലും ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും, മറ്റ് കേരള സർക്കാർ സർട്ടിഫിക്കറ്റ് പരീക്ഷകളിലും, സർക്കാർ ടെക്നിക്കൽ പരീക്ഷകളിലും കരിക്കുലം റിവിഷൻ സംഘടിപ്പിക്കുക.
2. ഡിപ്ലോമ പ്രോഗ്രാമുകൾ (സായാഹ്നം) ഉൾപ്പെടെ ഓൺലൈൻ വെബ്സൈറ്റുകൾ വഴി പോളിടെക്നിക്കുകളിലും ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിനും ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പ്രവേശനം നടത്തുക.
3. അദ്ധ്യാപക പാഠ്യപദ്ധതിയിലെ വസ്തുനിഷ്ഠമായ പാഠ്യവസ്തുക്കളുടെ വികസനം.
4. ടെക്നിക്കൽ-മിനിസ്റ്റീരിയൽ സ്റ്റാഫിനാവശ്യമായ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ എന്നിവ നടത്തുക.
5. കേരളത്തിലെ പോളിടെക്നിക്ക് കോളേജുകൾ, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ടെക്നിക്കൽ ഹൈസ്ക്കൂളുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങ് മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് പരിശോധനകൾ നടത്തുക.
6. പോളിടെക്നിക്കുകളിലും, ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലുള്ള സാങ്കേതിക-മിനിസ്റ്റീരിയൽ സ്റ്റാഫിനുവേണ്ടി വർക്ക്ഷോപ്പുകളും മീറ്റിംഗുകളും ഗുണമേൻമ പരിശീലനങ്ങളും നടത്തുക.
7. വിദ്യാർത്ഥികൾക്കുവേണ്ടി നേതൃത്വ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
8. കേന്ദ്രീകൃത പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുക.
9. ഫാക്കൽട്ടി, ലബോറട്ടറി സ്റ്റാഫ് എന്നിവർക്ക് വ്യാവസായിക പരിശീലനവും വിദ്യാർത്ഥികൾക്ക് വ്യാവസായിക പരിശീലനത്തിനുള്ള ഹോസ്റ്റൽകൂടി സഹായം നൽകുക.
10. അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുവേണ്ടി പോളിടെക്നിക്കുകൾക്ക് അക്രഡിറ്റേഷൻ ഏർപ്പെടുത്തുക.
11. പോളിടെക്നിക്ക് കോളേജുകളിലും സി. ഡി. സിക്ക് കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങളിലും കേന്ദ്രീകൃത പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുക.
12. ഫാക്കൽറ്റിക്കുവേണ്ടിയുള്ള ഹോസ്റ്റൽകൂടി ഉൾപ്പെട്ട കോൺഫറൻസ് ഹാളിന്റെ നിർമ്മാണത്തിന്റെ പൂർത്തീകരണം.
13. താൽക്കാലിക പാർട്ടീഷ്യൻസ് പോലെയുള്ള ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ.
14. കമ്പ്യൂട്ടറുകളും മറ്റ് അത്യാവശ്യ സാധനങ്ങളും വാങ്ങുക.
15. കുട്ടികളുടെ സെമിനാർ, മത്സരങ്ങൾ, പ്രോജക്ടുകൾ, സർട്ടിഫിക്കറ്റ് അവാർഡ് ഇവ സംഘടിപ്പിക്കുക.
16. ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും പോളിടെക്നിക്കുകളിലും എൻ. വി. ഇ. ക്യൂ. എഫ്. (NVEQF) നടപ്പാക്കുകയും അവലോകനം നടത്തുകയും ചെയ്യുക.

2016-17 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 18. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി

(വിഹിതം : 350.00 ലക്ഷം രൂപ)

എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, 1992-93-ൽ കാസർഗോഡ് ഒരു സ്വാശ്രയ കോളേജ് ആരംഭിച്ചു. 2001-02-ൽ വനിതകൾക്കായുള്ള ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരത്ത് ആരംഭിക്കുകയുണ്ടായി. 2005-06 മുതൽ ഗവൺമെന്റ് ക്വാട്ടയിലെ എഞ്ചിനീയറിംഗ് സീറ്റുകളിൽ സർക്കാർ നിർദ്ദേശിച്ച ഫീസ് മാത്രമേ വാങ്ങാവൂ എന്ന നിബന്ധന സെന്ററിന്റെ വരുമാനത്തെ ഗണ്യമായി ബാധിച്ചു. ഇത് സെന്ററിന്റെ വികസന പ്രവർത്തനങ്ങളായ കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ, അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തൽ, ലാബുകളുടെയും ലൈബ്രറികളുടെയും വികസനം എന്നിവയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, കെട്ടിടനിർമ്മാണം, യന്ത്രങ്ങൾ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയവ വാങ്ങുന്നതിന് പദ്ധതിവിഹിതം വിനിയോഗിക്കാവുന്നതാണ്. ആഡിറ്റോറിയം ഉൾപ്പെടെയുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, പുതിയ ക്ലാസ്മുറികളുടെയും അക്കാദമിക് ബ്ലോക്കിന്റെയും നിർമ്മാണം, വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പി. ജി. ബ്ലോക്കിനു വേണ്ടിയുള്ള നിർമ്മാണം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾക്കായി 2016-17-ൽ സെന്ററിന് 350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 19. സെന്റർ ഓഫ് എക്സലൻസ് ഇൻ ഡിസബിലിറ്റി സ്റ്റഡീസ്

(വിഹിതം : 100.00 ലക്ഷം രൂപ)

അദ്ധ്യാപനം, ഗവേഷണം, പരിശീലനം, വ്യാപനം എന്നിവയ്ക്കുള്ള നോഡൽ ഏജൻസിയായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. എൽ.ബി.എസ്. ഈ പദ്ധതിയുടെ പ്രവർത്തന നടത്തിപ്പ് തുടർന്നുകൊണ്ടുപോകുന്നുണ്ട്. വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും ആവശ്യമായ

ഗവേഷണ സൗകര്യങ്ങൾ, സേവന വിപുലീകരണ പരിപാടികൾ, നൈപുണ്യ വികസന പരിശീലന പരിപാടികൾ, കോൺഫറൻസുകളും സെമിനാറുകളും കൗൺസിലിംഗ് സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, 2016-17-ലേക്കുള്ള ട്രാവൽ എന്നീ പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരിക്കുന്നു.

പദ്ധതിക്കായി 2016-17 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

20. സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്)

(വിഹിതം : 250.00 ലക്ഷം രൂപ)

1992-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്റർ സംസ്ഥാനത്തെ സാങ്കേതിക, സാങ്കേതികേതര സ്ഥാപനങ്ങളുടെ റിസോഴ്സ് സെന്റർ ആയി പ്രവർത്തിക്കുകയാണ്. പ്രിന്റിംഗിലും, ആധുനിക റിപ്രോഗ്രാഫിക് ഉപകരണങ്ങളുടെ ഉപയോഗത്തിലും നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ/സെന്ററുകൾ നടത്തുന്നുണ്ട്. 2016-17 വർഷത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് സെന്റർ ഉദ്ദേശിക്കുന്നത്:

1. ബ്രയിലിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിഭവകേന്ദ്രം സ്ഥാപിക്കുക.
2. ഹെഡ് ഓഫീസ് കോംപ്ലക്സുകളുടെ ശാക്തീകരണം.
3. ഹെഡ് ഓഫീസിന്റെയും സബ് ഓഫീസുകളുടേയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും വിപുലീകരണവും.
4. എജ്യൂക്കേഷണൽ ആന്റ് ഇലക്ട്രോണിക് തീം പാർക്ക് സ്ഥാപിക്കുക.
5. പരിശീലന വിഭാഗങ്ങളുടെ ശാക്തീകരണം.

2016-17 വർഷത്തിൽ പദ്ധതിക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

21. എഞ്ചിനീയറിംഗ് ഗവേഷണത്തിനും, വികസനത്തിനുമായുള്ള സെന്റർ

(വിഹിതം : 220.00 ലക്ഷം രൂപ)

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. നൂതന മേഖലകളിലെ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും, ശക്തിപ്പെടുത്താനും, എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു ഏജൻസിയായി സെന്റർ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗിലെ അടിസ്ഥാന ഗവേഷണത്തിലും, ഉന്നത ഗവേഷണത്തിലും സെന്റർ ശ്രദ്ധ പതിപ്പിക്കും. സാങ്കേതിക വികസനം, 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെയും 3 ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഫാക്കൽറ്റി അംഗങ്ങൾക്ക് ഗവേഷണത്തിനായുള്ള ഗ്രാന്റ് വിതരണം, ബിരുദതലത്തിനു താഴെയുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം, ടെക്നോളജിക്കൽ കോൺഫറൻസിന്റെ സംഘാടനം, ഏറ്റവും നല്ല ഗവേഷകർക്കുള്ള വാർഷിക അവാർഡ്, പേപ്പർ പബ്ലിക്കേഷനുള്ള പാരിതോഷികം, ഗവേഷണ പ്രോത്സാഹനത്തിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയവയാണ് സെന്റർ 2016-17-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. 2016-17 വർഷത്തേക്ക് 220.00 ലക്ഷം രൂപ മേൽ വിവരിച്ച പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

22. പോളിടെക്നിക്കുകളിലെ ഫിനിഷിംഗ് സ്കൂളുകൾ

(വിഹിതം : 80.00 ലക്ഷം രൂപ)

സംസ്ഥാനത്തെ 43 പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിഷയങ്ങളിലും, സോഫ്ട് സ്കിൽ വികസനത്തിലും പരിശീലനം നൽകുക എന്നതാണ് ഫിനിഷിംഗ് സ്കൂൾ കൊണ്ട് ലക്ഷ്യമിടുന്നത്. എല്ലാ പോളിടെക്നിക്കുകളിലും ഒരേ പോലെയുള്ള ഫിനിഷിംഗ് സ്കൂൾ ക്ലാസ് റൂമുകൾ സൗകര്യപ്പെടുത്തി കരിയർ ഗൈഡൻസ്, പ്ലെയിസ്മെന്റ് സെൽ തുടങ്ങിയവ സ്ഥാപിക്കുക, പരിശീലന പദ്ധതികൾ സംഘടിപ്പിച്ചുകൊണ്ട് എല്ലാ പോളിടെക്നിക്കുകളിലും ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക എന്നിവയാണ് 2016-17-ൽ ഫിനിഷിംഗ് സ്കൂളുകൾ ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ ഇതിലേക്കായി 80.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

23. എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും കായിക വിദ്യാഭ്യാസ വികസനം

(വിഹിതം : 150.00 ലക്ഷം രൂപ)

മിക്ക എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഉൾപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ കായിക വികസന സൗകര്യങ്ങളോ കായികക്ഷമതാ സെന്ററുകളോ പ്രാപ്യമല്ലാത്ത അവസ്ഥയാണുള്ളത്. സ്റ്റേഡിയം കോപ്ലക്സുകളുടെ നിർമ്മാണം, ഇൻഡോർ സ്റ്റേഡിയം, സ്ക്വാഷ് കോർട്ടുകൾ, സ്വിമ്മിങ്ങ് പൂൾ, ആധുനിക ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലും കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ജില്ലയുടെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു സാങ്കേതിക സ്ഥാപനത്തെ കായിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി മാറ്റുന്ന നടപടിക്രമങ്ങൾക്ക് മുൻകൈ എടുക്കുവാനും ഉദ്ദേശിക്കുന്നു. കായിക പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്. പദ്ധതിക്കായി 2016-17 വർഷത്തിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

24. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിവര വിനിമയ സാങ്കേതികവിദ്യാ വികസനം

(വിഹിതം : 220.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെട്ടതാക്കാൻ വിവരവിനിമയ സാങ്കേതികവിദ്യ ഏറെ പ്രയോജനപ്പെടും. സംസ്ഥാന എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും എല്ലാ ക്ലാസ്സ് മുറികളിലും സ്മാർട്ട് ക്ലാസ്സ് മുറി

കളായി മാറ്റി കഴിഞ്ഞു. ഡിജിറ്റൽ ക്ലാസ്സ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, കാമ്പസ് നെറ്റ്‌വർക്കിംഗ്, ടെക്നിക്കൽ ഹൈസ്കൂളുകളും ഫൈൻ ആർട്സ് കോളേജുകളുമുൾപ്പെടെ സംസ്ഥാനത്തെ എല്ലാ സാങ്കേതിക സ്ഥാപനങ്ങളുടെയും വികസനത്തിനുള്ള ഓൺലൈൻ കോഴ്സ്, മാനേജ്മെന്റ് സിസ്റ്റം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തുക വിനിയോഗിക്കാവുന്നതാണ്. പദ്ധതിക്കായി 2016-17 വർഷത്തിൽ 220.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

25. വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി (50 % സംസ്ഥാന വിഹിതം)

(വിഹിതം : 250.00 ലക്ഷം രൂപ)

വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിന് ഒരു 50% കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട് (NMEICT). എല്ലാ ഉന്നത പഠനകേന്ദ്രങ്ങളുമായും ശക്തമായ വിവര സാങ്കേതിക ശൃംഖല സ്ഥാപിച്ച് രാജ്യത്തെ വിദഗ്ദ്ധരുമായി പഠനങ്ങൾ പങ്കുവയ്ക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും, വിജ്ഞാന വ്യാപനം നടത്തുന്നതിനും, മികച്ച കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും കണക്ടിവിറ്റി നൽകുന്നതാണ്. ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

26. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP-II) (50 % സംസ്ഥാന വിഹിതം)

(വിഹിതം : 1077.00 ലക്ഷം രൂപ)

എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടി (ടെക്വിപ്). ടെക്വിപ്പിന്റെ ഒന്നാം ഘട്ടത്തിൽ അഞ്ച് എൻജിനീയറിംഗ് കോളേജുകളെ തിരഞ്ഞെടുക്കുകയും 2003-09 കാലയളവിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ബിരുദധാരികളുടെ തൊഴിൽ ലഭ്യതയും പഠനമേന്മയും ഉയർത്തുന്നതിനുവേണ്ടി 19 എൻജിനീയറിംഗ് കോളേജുകളെ ശക്തിപ്പെടുത്തുന്നതിനും (ഉപഘടകം 1.1); അതുമൂലം പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും തെരഞ്ഞെടുക്കുകയുണ്ടായി.

ആഗസ്റ്റ് 2010-ന് തുടക്കം കുറിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്വിപ്പിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയം വഴിയാണ്. ഇത് 50:50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു. 2016-17 വർഷത്തിലെ സംസ്ഥാന വിഹിതമായി 1077.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

27. കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കൽ (എ. പി. ജെ. അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാല)

(വിഹിതം : 3000.00 ലക്ഷം രൂപ)

ഒരു രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും സാങ്കേതിക അഭിവൃദ്ധിക്കും സാങ്കേതിക വിദ്യാഭ്യാസം സുപ്രധാന ഘടകമാണ്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്ക്നിക്കുകൾ, ടെക്ക്നിക്കൽ ഹൈസ്കൂളുകൾ, വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ, തൊഴിലധിഷ്ഠിത സ്കൂളുകൾ മുതലായവ ഉൾപ്പെട്ട ഒട്ടനവധി സാങ്കേതിക സ്ഥാപനങ്ങൾ വഴി സാങ്കേതിക വിദ്യാഭ്യാസം നൽകിക്കൊണ്ട് കേരളം ഈ മേഖലയിൽ ഒരു പടി മുന്നിട്ടുനിൽക്കുന്നു. ഇക്കാരണത്താൽ നൂതനവും ക്രമാനുസൃതവുമായ മാറ്റങ്ങളിലൂടെ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കഴിവുകളെ പരിപോഷിപ്പിക്കുകയും ഗവേഷണത്തിലും ഗുണനിലവാരത്തിലും ഊന്നൽ നൽകികൊണ്ട് അറിവിന്റെ വിശാലമായ മേഖലകളിൽ എത്തിചേരുവാനുള്ള അവസരം അവർക്കായി സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാനം ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം പ്രാവർത്തികമാക്കിക്കൊണ്ട് ജൂലൈ 2014-ൽ കേരള സർക്കാർ സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുകയുണ്ടായി.

താഴെക്കൊടുത്തിരിക്കുന്നവയാണ് നിർദ്ദിഷ്ട സർവ്വകലാശാലയുടെ പ്രത്യേകതകൾ:

- സംസ്ഥാനത്തെ എഞ്ചിനീയറിംഗ് രംഗത്തെ ആസൂത്രണത്തിനും സാങ്കേതിക രംഗത്തെ നയം രൂപീകരിക്കുന്നതിനും നേതൃത്വം നൽകുക.
- എഞ്ചിനീയറിംഗ് സയൻസിലേയും ടെക്നോളജിലെയും, മാനേജുമെന്റിലെയും അദ്ധ്യയന രംഗത്ത് ബുരുദ, ബിരുദാനന്തര ബരുദ തലത്തിലും, ഗവേഷണത്തിലും ഗുണ നിലവാരം ഉറപ്പ് വരുത്തുക.
- സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകളുടെയും, ഗുണ നിലവാരം നിയന്ത്രിക്കുക.
- എഞ്ചിനീയറിംഗ് സയൻസ്, ടെക്നോളജി, മാനേജ്മെന്റ് എന്നീ മേഖലകളിൽ ഇന്റർ ഡിസിപ്ലിനറി എഡ്യൂക്കേഷൻ പ്രോത്സാഹിപ്പിക്കുക.
- പ്രമേയപരമായ മേഖലകളിൽ മൾട്ടി ഡിസ്പ്ലിനറി അപ്ലയ്ഡ് റിസർച്ച് സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് സഹായിക്കുക.

കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ കാമ്പസ് സ്ഥാപിക്കുക, കാമ്പസിലെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം, സെന്റർ ഫോർ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, ഫാക്കൽറ്റി ആന്റ് സ്റ്റാഫ് ഡവലപ്പ്മെന്റ് പരിപാടി, കുട്ടികളുടെ തൊഴിൽപരമായ നൈപുണ്യ വികസനം, നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു തുടർ പദ്ധതികൾ എന്നിവയാണ് 2016-17-ൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

സർവ്വകലാശാലക്കുവേണ്ടി 3000.00 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിരിക്കുന്നു.

28. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രങ്ങൾ (റ്റി. ആർ. സി.)

(വിഹിതം : 115.00 ലക്ഷം രൂപ)

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലാണ് ട്രാൻസ്പോർട്ടേഷൻ എൻജിനീയറിംഗ് ഗവേഷണകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. റ്റി. ആർ. സി. ഗവേഷണ പദ്ധതി ഊന്നൽ നൽകുന്നത് സാങ്കേതിക വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും, ട്രാൻസ്പോർട്ടേഷനിലുള്ള അറിവുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ട്രാൻസ്പോർട്ടേഷൻ അവലംബിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ സൗകര്യമുള്ള ലാബുകൾ സജ്ജമാക്കുന്നതിനും പഠനസഹായികൾ ലഭ്യമാക്കുന്നതിനുമാണ്.

**പ്രധാന ലക്ഷ്യങ്ങൾ :**

1. ഹൈവേ മെറ്റീരിയൽസ് മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണം സംഘടിപ്പിക്കുക.
2. നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലുമുള്ള മേന്മ ഉറപ്പ് വരുത്തുക.
3. പഞ്ചാത്തല സൗകര്യങ്ങളുടെ വിലയിരുത്തൽ.
4. അപകട സാദ്ധ്യതാ മാതൃകകളുടെ വികസനം.
5. സുസ്ഥിര അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഡാറ്റാ ബേസ് മെച്ചപ്പെടുത്തൽ.
6. ട്രാഫിക് സംവിധാനത്തിന്റെ മാനദണ്ഡങ്ങൾ, പരിശീലനങ്ങൾ എന്നിവ നിർദ്ദേശിക്കൽ.
7. റീജിയണൽ കൺസൾട്ടൻസികൾക്കുള്ള പ്രോത്സാഹനം.
8. ഗവേഷണ ഫലമായുണ്ടാകുന്ന ഉല്പന്നങ്ങൾ പ്രാവർത്തികമാക്കുന്നതിലേക്കുവേണ്ടി പ്രഗത്ഭരായവർക്ക് അറിവുകൾ കൈമാറ്റം ചെയ്യുക.
9. ഗവേഷണ ഫെലോഷിപ്പുകൾ നൽകുക.

ഫീൽഡിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉപഭോക്തൃ സാധനങ്ങൾ, യാത്രാചെലവുകൾ, അപ്രതീക്ഷിത ചെലവുകൾ, ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ , ഫീൽഡ് തലങ്ങളിലേക്കും, കമ്പ്യൂട്ടർവത്ക്കരണത്തിനുമുള്ള മാനവശേഷിയെ ഏർപ്പാടാക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഗവേഷണ പദ്ധതികൾ തുടരുന്നതിനും, ശില്പശാലകൾ/ കോൺഫറൻസുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും ഫോക്കൽട്ടികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനങ്ങൾ നൽകുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 115.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികളുടെ ശാക്തീകരണം

(വിഹിതം : 250.00 ലക്ഷം രൂപ)

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികളെ ഡിജിറ്റൽ ലൈബ്രറിയാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ലൈബ്രറി മാനേജ്മെന്റ് സിസ്റ്റത്തിൽ വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്.

താഴെ പറയുന്ന മേഖലകളിൽ പുരോഗതി കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

1. എല്ലാ സ്ഥാപനങ്ങളിലെയും ലൈബ്രറി പുസ്തകങ്ങളെ ഡിജിറ്റൽ സംവിധാനത്തിൽ ആക്കുക.
2. എല്ലാ മേഖലകളിലും ഓൺലൈൻ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.
3. ലൈബ്രറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, സോഫ്റ്റ്‌വെയർ സംവിധാനം ഇവ പ്രാവർത്തികമാക്കുക.
4. അന്താരാഷ്ട്ര ആനുകാലിക പ്രസിദ്ധീകരണങ്ങളായ ഐ.ഇ.ഇ.ഇ., എ.സി.എം. മുതലായവ ഓൺലൈൻ പഠനസഹായികളായി ലഭ്യമാക്കുക.
5. ഓൺലൈൻവഴി ബുക്കുകൾ വാങ്ങുവാനും അത് രേഖപ്പെടുത്തുവാനുമുള്ള സൗകര്യം ഒരുക്കുക.
6. ബുക്കുകൾ കണ്ടെത്താനുള്ള ഡിജിറ്റൽ സംവിധാനം.
7. പുതിയ പുസ്തകങ്ങൾ വാങ്ങുക, ജേർണലുകൾ, ഇ-പ്രസിദ്ധീകരണങ്ങൾ, ലൈബ്രറിക്കാവശ്യമായ ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കുക.
8. ഓട്ടോമേഷനും ഡിജിറ്റലൈസേഷനും ആവശ്യമായ ഡ്യൂപ്ലിക്കേറ്റിങ്ങ് മെഷീനുകൾ, സ്കാനറുകൾ, ഫോട്ടോസ്റ്റാറ്റ് എന്നിവ വാങ്ങുക.

വാർഷിക പദ്ധതി 2016-17-ലേക്ക് 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

30. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ

(വിഹിതം : 120.00 ലക്ഷം രൂപ)

ഐ.സി.റ്റി. സംരംഭങ്ങളുടെ ഭാഗമായി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ക്ലാസ് മുറികൾക്കും ഇന്റർനെറ്റ് കണക്ടിവിറ്റിയും എൽ. സി. ഡി. പ്രൊജക്ടറുകളും ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും നൽകി ക്ലാസ്മുറികളെ സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ട്. ഡിജിറ്റൽ മീഡിയാ സ്റ്റുഡിയോ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, ഇ-ജേർണൽ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കരിയർ ഗൈഡൻസും സോഫ്റ്റ് സ്കിൽ പരിശീലനവും, എഞ്ചിനീയറിംഗ് ഉള്ളടക്കമുള്ള ലേണിംഗ് സോഫ്റ്റ്‌വെയർ, ഇ-വിഭവങ്ങളുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സെർവറും മറ്റ് സൗകര്യങ്ങളും നൽകുക എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും കെ-ബെയ്സ് ഡിജിറ്റൽ സംവിധാനം വ്യാപിപ്പിക്കുക, എല്ലാ വിഷയങ്ങളിലെയും ഉള്ളടക്കം വികസിപ്പിക്കുക, ഗവേഷണ പദ്ധതികളുടെ ഒരു കലവറ സൃഷ്ടിക്കുക വിദഗ്ദ്ധക്ലാസ്സുകളും വീഡിയോ കോൺഫറൻസുകളും നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വാർഷിക പദ്ധതി 2016-17-ലേക്ക് 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

31. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ്

(വിഹിതം : 100.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗ് കോളേജുകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണമികവിനെ അടിസ്ഥാനമാക്കി നൽകിവരുന്ന റിസർച്ച് സ്കോളർഷിപ്പുകൾ തുടരുക എന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഒരു മാസം

ഒരു വിദ്യാർത്ഥിക്ക് 20,000 രൂപ എന്ന നിരക്കിൽ പി.എച്ച്.ഡി. വിദ്യാർത്ഥികൾക്കും 8,000 രൂപ നിരക്കിൽ എം.ടെക്. വിദ്യാർത്ഥികൾക്കും നൽകുന്നതാണ്. ഗേറ്റ് സ്കോളർഷിപ്പു കളില്ലാത്ത അർഹതയുള്ള സമർത്ഥരായ എം. ടെക്. വിദ്യാർത്ഥി കൾക്ക് 8,000 രൂപ എന്ന നിരക്കിലും സ്കോളർഷിപ്പുകൾ നൽകുന്നതാണ്. മെച്ചപ്പെട്ട ഗവേഷണ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വാർഷിക പദ്ധതി 2016-17-ലേക്ക് 100.00 ലക്ഷം രൂപ പദ്ധതി നടത്തി പ്പിനായി വകയിരുത്തിയിരിക്കുന്നു.

32. ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം

(വിഹിതം : 120.00 ലക്ഷം രൂപ)

ഫാക്കൽറ്റിക്കും സ്റ്റാഫിനുംവേണ്ടി അറിവ് വികസിപ്പി ക്കുന്നതിന്റെ ഭാഗമായി പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെകൊണ്ട് പരിശീലനം നൽകുന്നതിനായി തൃശ്ശൂരിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും തിരുവനന്തപുരം സി.ഇ.റ്റി.-യിലും സ്റ്റാഫ് ഡവലപ്മെന്റ് സെന്ററുകൾ ബന്ധപ്പെട്ട വകുപ്പ് സ്ഥാപിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ വ്യക്തിഗത വികസനം, ഓഫീസിലെ നടപടിക്രമങ്ങൾ, സേവന നിയമങ്ങളെ കുറിച്ചുള്ള അറിവുകൾ എന്നിവയും പ്രധാനം ചെയ്യുന്നു. കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഫാക്കൽട്ടി ഡെവലപ്മെന്റ് ട്രെയിനിംഗ് സെന്റർ 2016-17-ൽ ആരംഭിക്കാനും ലക്ഷ്യമിടുന്നു. 2016-17-ൽ 120.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

33. സ്കോളർ സഹായ പദ്ധതി

(വിഹിതം : 60.00 ലക്ഷം രൂപ)

പട്ടികജാതി/പട്ടികവർഗ്ഗ സംവരണാനുപാതത്തിൽ പ്രവേശനം നേടിയ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ വിജയ ശതമാനം കുറച്ചുവർഷങ്ങളായി കുറഞ്ഞുവരികയാണ്. പാർശ്വസ്തമായി പ്രവേശനം നേടിയവർ വന്നതോടെ ഈ ശതമാനം വീണ്ടും കൂടുകയുണ്ടായി. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സർവ്വകലാശാലയിലെ പരീക്ഷാ ഫലങ്ങൾ സൂചിപ്പിക്കുന്നത് ചില വിഷയങ്ങളിൽ, പ്രത്യേകിച്ച് പ്രയാസമുള്ള വിഷയങ്ങളിൽ, ഒരു പ്രത്യേക ശ്രദ്ധ ഈ വിദ്യാർത്ഥികൾക്ക് ആവശ്യമാണ് എന്നതാണ്. ഒരു ബാച്ചിൽ ഈ വിഭാഗത്തിൽപ്പെട്ട 30-40 വിദ്യാർത്ഥികൾ തോൽക്കുന്നുണ്ടെന്ന് സർവ്വേകൾ വെളിവാക്കുന്നു. അധിക പരിശീലനം നൽകി ഈ സാഹചര്യം ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

എൻജിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കു കളിലെയും ഇത്തരത്തിലുള്ള അനേകായിരം വിദ്യാർത്ഥികളുടെ പ്രശ്നപരിഹാരത്തിനുതകുന്ന ഒരു പുതിയ കോഴ്സ് പ്രതിവിധിയായി ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ റെമഡിയൽ ക്ലാസുകൾ നൽകുന്നുണ്ട്. നല്ലൊരു വിജയശതമാനം ഇത് വഴി ഉറപ്പാക്കുന്നു. എല്ലാ എൻജിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2015-16-മുതൽ പദ്ധതി ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ കൂടി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. കോച്ചിംഗിൽ ഏർപ്പെടുന്ന ഫാക്കൽറ്റികൾക്ക് വേതനം നൽകുന്നതിനും വിദ്യാർത്ഥികൾക്കാവശ്യമായ റിഫ്രഷ്മെന്റ് ചെലവുകൾക്കും, വിദ്യാർത്ഥികൾക്കുള്ള പാഠ്യവസ്തുക്കൾ നൽകുന്നതിനും തുക വകയിരുത്തി യിരിക്കുന്നു. 2016-17-ൽ 60.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പി നായി നീക്കിവച്ചിരിക്കുന്നു.

34. മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളിലെ ക്യൂ. ഐ. പി. കേന്ദ്രങ്ങൾ

(വിഹിതം : 421.00 ലക്ഷം രൂപ)

എ. ഐ. സി. റ്റി. ഇ., തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെയും, തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെയും മെച്ചപ്പെട്ട ഗുണനിലവാര കേന്ദ്രങ്ങളായി അംഗീകരിക്കുകയും അതുവഴി എഞ്ചിനീയറിംഗ് കോളേജു കളിൽ പി. എച്ച്. ഡി.ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ശാഖയ്ക്കും 2 അദ്ധ്യാപകർ എന്ന നിലയിൽ പി. എച്ച്. ഡി.ക്കുള്ള അവസരങ്ങൾ സൃഷ്ടിച്ച് സി. ഇ. റ്റി.ക്ക് അകത്ത് ക്യു. ഐ. പി. പദ്ധതികൾ അനുവദിച്ച നാല് ശാഖകൾ ഉണ്ട്. ഒരു ശാഖയ്ക്ക് 2 അദ്ധ്യാപകർ എന്ന നിരക്കിൽ തൃശ്ശൂരിലെ എൻജിനീയറിംഗ് കോളേജിൽ ക്യു. ഐ. പി. പദ്ധതികളുടെ മൂന്ന് ശാഖകൾ അനുവദിച്ചിട്ടുണ്ട്. എ. ഐ. സി. റ്റി. ഇ., കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന കോളേജിൽ മൂന്ന് ശാഖകളിലായി 2 അദ്ധ്യാപകർ എന്ന നിലയിൽ 6 അദ്ധ്യാപകർക്ക് ഗവേഷണം നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ ഈ മൂന്ന് കോളേജുകളിലുമായി 20 ഫാക്കൽറ്റിക്ക് പി. എച്ച്. ഡി. ചെയ്യാനാവും. ലബോറട്ടറിയുടെ ആധുനീകരണം, വർക്ക്ഷോപ്പുകൾ, ലൈബ്രറി സൗകര്യങ്ങൾ, ക്യു. ഐ. പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാൻ 2016-17-ൽ ഉദ്ദേശിക്കുന്നു. 2016-17-ൽ വാർഷിക പദ്ധതിയിൽ 421.00 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നു.

35. വിദഗ്ദ്ധ കഴിവ് നേടുന്നതിനുള്ള പദ്ധതി (എ. എസ്. എ.പി.)

(വിഹിതം : 30.00 ലക്ഷം രൂപ)

2012-13-ൽ ഏതാനും എഞ്ചിനീയറിംഗ് കോളേജുകളിൽ, എല്ലാ സമുദായത്തിലെയും തൊഴിലില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവാക്കൾക്കുവേണ്ടി ഹ്രസ്വകാല കഴിവ് വികസന പരിപാടികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി വിദഗ്ദ്ധ കഴിവ് നേടുന്നതിനുള്ള പദ്ധതി ആരംഭിക്കുകയുണ്ടായി. 2014-15-ൽ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിലൂടെ സെക്കണ്ടറി വിദ്യാർത്ഥികൾക്കായിട്ടുള്ള ഔട്ട്റീച്ച് പരിപാടികളും നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കണക്കിലെ കഴിവ് വികസി പ്പിച്ചുകൊണ്ട് എഞ്ചിനീയറിംഗ് കരിയർ തെരഞ്ഞെടുക്കു ന്നതിനുവേണ്ടിയുള്ള നിരന്തര കോഴ്സുകൾ, സെക്കണ്ടറി വിദ്യാർത്ഥികൾക്കുവേണ്ടി, പ്രസ്തുത പരിപാടി സംഘടിപ്പി

ക്കുന്നുണ്ട്. എഞ്ചിനീയറിംഗ് മേഖലയിലെ വിഷയങ്ങളോടു ബന്ധമുള്ള പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുകയും മാസംതോറുമുള്ള സ്റ്റൈപെന്റ്, റ്റൂൾ കിറ്റ് എന്നിവ നൽകുകയും ചെയ്യുന്നു. ഫാക്കൽറ്റികൾക്ക് ഓണറേറിയം നൽകുവാനും പങ്കെടുക്കുന്നവർക്ക് സ്റ്റൈപെന്റ് നൽകുവാനും തുക വകയിരുത്തിയിരിക്കുന്നു. 2016-17-ൽ 30.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിലേക്ക് വകയിരുത്തിയിരിക്കുന്നു.

36. കേരളത്തിൽ പുതിയ ഐ. ഐ. റ്റി.

(വിഹിതം : 1.00 ലക്ഷം രൂപ)

3-6-2015-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 229/2015 ഹയർ എഡ്യൂക്കേഷൻ അനുസരിച്ചാണ് പാലക്കാട് ഒരു പുതിയ ഐ. ഐ റ്റി. സ്ഥാപിക്കപ്പെട്ടത്. സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണത്തിലുമുള്ള ഗുണമേൻമയുടെയും അളവിന്റെയും അഭാവം പരിഹരിക്കാൻ പുതിയ ഐ. ഐ. റ്റി. വഴി സാധ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഗവേഷണത്തിലൂടെയും വ്യാവസായിക മേഖലയുടെ വളരെ ശക്തമായ ഇടപെടലിലൂടെയും മാത്രമേ സമഗ്ര വികസനം സാദ്ധ്യമാകൂ. പുതിയ ഐ. ഐ റ്റി.യുടെ സ്ഥാപനം വഴി ഇത് നടപ്പിലാകുമെന്ന് കരുതുന്നു. ഐ.ഐ.റ്റി.കളിൽ നിലവിൽ പൊതുവേ കുറവായി കാണുന്ന പെൺകുട്ടികളുടെ പങ്കാളിത്തം പരിഹരിക്കുന്ന തരത്തിൽ പുതിയ സ്ഥാപനം നിലവിൽ വരുന്നതോടെ കൂടുതൽ പെൺകുട്ടികൾ പ്രചോദിതരാകുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-വാർഷിക പദ്ധതിയിൽ ഐ. ഐ. റ്റി. യുടെ വികസനാവശ്യങ്ങൾക്കായി ഒരു ലക്ഷം രൂപയാണ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരിക്കുന്നത്. പശ്ചാത്തല വികസന പദ്ധതികൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്ന വിഹിതത്തിൽ നിന്ന് പദ്ധതി നടത്തിപ്പിനുവേണ്ടി കൂടുതൽ തുക നൽകുന്നതായിരിക്കും.

37. തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രെസ്റ്റ്)

(വിഹിതം : 200.00 ലക്ഷം രൂപ)

വ്യവസായ സ്ഥാപനങ്ങളും ശാസ്ത്രവിദ്യാഭ്യാസ സ്ഥാപനങ്ങളും പരസ്പരം സംവദിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെ പരിപോഷിപ്പിക്കുക, അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ സ്ഥാപിതമായ പദ്ധതിയാണ് ട്രെസ്റ്റ് റിസർച്ച് പാർക്ക്. വാണിജ്യപരമായ പ്രവർത്തനങ്ങളേക്കാൾ ഗവേഷണങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ടെക്നോപാർക്കിന്റെ മാതൃകയിലുള്ള റിസർച്ച്പാർക്ക് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സംയോജിച്ച് നടപ്പിലാക്കുന്നത് വിഭാവനം ചെയ്തിരുന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ലഭ്യമായ ഗവേഷണ സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും കൂടാതെ നന്നായി ഗവേഷണത്തിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജിയോ-എൻവയോൺമെന്റൽ എഞ്ചിനിയറിംഗ് ലബോറട്ടറി ആധുനീകരണം, പ്രോസസ് കൺട്രോൾ ആന്റ് ഇൻസ്ട്രുമെന്റേഷൻ, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, പവർ ഇലക്ട്രോണിക്സ് എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി 2016-17 വാർഷിക ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

38. പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപവത്ക്കരിക്കൽ (എൻ. വി. ഇ. ക്യു. എഫ്.)

(വിഹിതം : 358.00 ലക്ഷം രൂപ)

മാനവ വിഭവ ശേഷി മന്ത്രാലയത്തിൻകീഴിൽ വരുന്ന ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ 2012-13 അധ്യയനവർഷം മുതൽ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും യൂണിവേഴ്സിറ്റി സംവിധാനത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്ന എല്ലാ കോളേജുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂട് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നു.

ഏഴ് (7) സർട്ടിഫിക്കറ്റ് തലങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. ഏകദേശം 1000 മണിക്കൂർ വീതമുള്ള ഓരോ സർട്ടിഫിക്കറ്റ് തലങ്ങളിലും തൊഴിലധിഷ്ഠിതമായ നൈപുണ്യ വികസന മോഡ്യൂളുകൾ പ്രകാരവും ബാക്കിയുള്ള സമയങ്ങളിൽ പൊതുവായ പഠനവും നടത്തുന്നതോടൊപ്പം 5-ാമത്തെ സർട്ടിഫിക്കറ്റ് തലത്തിനുശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലുള്ള ഡിപ്ലോമ നൽകുക അല്ലെങ്കിൽ ഏഴാം സർട്ടിഫിക്കറ്റ് തലത്തിനുശേഷം യൂണിവേഴ്സിറ്റി സംവിധാനത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലുള്ള ബിരുദം, നിയമാനുസൃത അംഗീകാരത്തോടുകൂടി നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന സവിശേഷത.

പൊതു വിദ്യാഭ്യാസത്തിലെ കോഴ്സുകൾക്ക് മാറ്റം വരാതെയും സർട്ടിഫിക്കറ്റ് തലങ്ങളിലെ സാധ്യതകൾ നഷ്ടപ്പെടുത്താതെയും കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലുള്ള മൽസരങ്ങളിലധിഷ്ഠിതമായ പഠനത്തെ വിദ്യാർത്ഥികൾക്ക് തന്നെ തിരഞ്ഞെടുക്കാവുന്നതാണ്. ആത്യന്തികമായി തൊഴിലധിഷ്ഠിതകമ്പോളങ്ങളിലും പൊതു വിദ്യാഭ്യാസത്തിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും പരിപൂർണ്ണമായ ബഹുതല പ്രവേശന സംവിധാനം നിലവിൽ വരികയും ചെയ്യുന്നതാണ്.

സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിലും തിരഞ്ഞെടുക്കപ്പെട്ട ചില പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സംവിധാനം, ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും പോളിടെക്നിക്കുകളിലും ആട്ടോമൊബൈൽ, നിർമ്മാണ മേഖല (മാനുഫാക്ചറിംഗ്) കെട്ടിട നിർമ്മാണം (കൺസ്ട്രക്ഷൻ), വൈദ്യുതി തുടങ്ങിയ മേഖലകൾ സ്പെഷ്യലൈസേഷനുള്ള മേഖലകളായി എൻ. വി. ഇ. ക്യു. എഫ്. കണ്ടെത്തിയിട്ടുണ്ട്.

അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വ്യാവസായിക പങ്കാളിത്തവുമായി ബന്ധപ്പെട്ട് പ്രതിഫലം നൽകുവാനും വിദഗ്ദ്ധരായ ലക്ചർമാർ മുഖേനയുള്ള തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടപ്പാക്കുന്നതിനും എൻ. വി. ഇ. ക്യു. എഫിന് സാമ്പത്തികസഹായം ആവശ്യമായിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുകയും വിനിമയ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നതരത്തിലുള്ള അനുയോജ്യമായ പരിതസ്ഥിതി വിദ്യാലയങ്ങളിൽ സൃഷ്ടിക്കുന്നതും അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെക്കുറിച്ചുള്ള പരിശീലനം

നൽകുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. വിഭവങ്ങൾ തയ്യാറാക്കുന്നതിലേയ്ക്കും മെഷീനുകൾ വാങ്ങുന്നതിനും പുസ്തകങ്ങൾ, ഉപകരണങ്ങൾ ഇവ വാങ്ങുന്നതിനും കരിക്കുലം രൂപാന്തരണ വർക്ക്ഷോപ്പുകൾ, അക്കാദമിക് പരിശോധന, പുരോഗതി അവലോകന വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ നടത്തുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും, പോളിടെക്നിക്കുകളിലും എൻ.വി.ഇ.ക്യൂ. എഫ്. നടപ്പാക്കുന്നതിന് 2016-17 വർഷത്തിൽ 358.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

39. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ (പി. പി. പി.)

(വിഹിതം : 260.00 ലക്ഷം രൂപ)

താഴെപ്പറയുന്ന നാല് പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ദേശീയ, അന്തർദേശീയ സാഹചര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന തരത്തിലുള്ള കൂട്ടായ പദ്ധതിയാണിത്. മുൻ വർഷങ്ങളിലാരംഭിച്ച ഈ പദ്ധതികൾ 2016-17-ലും തുടരുന്നതാണ്. ഈ നാല് പദ്ധതികൾക്കും കൂടി ഒരു ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. അതിൽ നിന്ന് ഓരോ പദ്ധതിയ്ക്കാവശ്യമായ തുക വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതികൾക്കായി 2016-17-ൽ 260.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) ബാർട്ടൺ ഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ മെച്ചപ്പെട്ട ഡിപ്ലോമ സ്വായത്തമാക്കുക (എ.ഡി.എ.എം.)

ബഹുരാഷ്ട്ര കമ്പനികൾ ഇന്ത്യൻ കമ്പനികളുമായി യോജിച്ച് പ്രവർത്തിച്ചുകൊണ്ട് അവരുടെ സ്വന്തം ഉത്പാദന കേന്ദ്രങ്ങൾ ഓട്ടോമൊബൈൽ മേഖലയിൽ സ്ഥാപിച്ചതിനാൽ ഇന്ത്യൻ വ്യവസായരംഗത്ത് ഓട്ടോമൊബൈൽ മേഖലയിൽ വൻകുതിച്ചുചാട്ടം നടന്നുകൊണ്ടിരിക്കുകയാണ്. ആധുനിക കാലത്തെ ഓട്ടോമൊബൈൽ വാഹനങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും വളരെ സങ്കീർണ്ണവും ഉയർന്ന നിലവാരത്തിലുള്ളതുമാണ്. ഇവയുടെ സർവ്വീസിംഗിന് കഴിവുള്ളവരും പരിശീലനം ലഭിച്ചവരുമായ ധാരാളം വ്യക്തികളെ ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ പൂനയിലെ M/s മെഴ്സിഡസ് ബെൻസ് ഓഫ് ഇന്ത്യ (MBIL) എന്ന സ്വകാര്യ കമ്പനിയുടെ പങ്കാളിത്തത്തോടുകൂടി തിരുവനന്തപുരം ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ ആധുനിക ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഒരുവർഷം കാലദൈർഘ്യമുള്ള പ്രസ്തുത കോഴ്സുകൾ ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ തുടർവിദ്യാഭ്യാസ കേന്ദ്രം വഴി നടത്തുന്നതാണ്. എം. ബി. ഐ. എല്ലിന്റെ മേൽനോട്ടത്തിൽ ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് അധ്യാപകർ ഇതിനായുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. എ. ഡി. എ. എം. കോഴ്സ് നടത്തിപ്പിന്റെ ചുമതല പരിശീലനം സിദ്ധിച്ച ഈ രണ്ട് അദ്ധ്യപകർക്കായിരിക്കും. ഇവർക്ക് എം. ബി. ഐ. എല്ലിൽ നിന്നും മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതായിരിക്കും.

ഈ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ എടുത്ത് പറയാവുന്ന പുരോഗതിയാണ് കോളേജ് കൈവരിച്ചിരിക്കുന്നത്. ബാർട്ടർഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് മെഴ്സിഡസ് ബെൻസ് ഓഫ് ഇന്ത്യയുമായുള്ള ബന്ധം ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് മേഖലയിലെ അത്യാധുനിക സാങ്കേതികവിദ്യയും അത്യാധുനിക പഠനോപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള അസുലഭമായ ഒരു അവസരം നൽകുന്നുണ്ട്. കാർ ബേ സ്ഥാപിക്കുന്നതിനും ലാബ് സൗകര്യങ്ങളുടെ പൂർത്തീകരണത്തിനും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മറ്റ് തുടർ പദ്ധതികൾക്കുമായി തുക വകയിരുത്തിയിരിക്കുന്നു.

(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക.

എം/എസ് ബോഷ് റെക്സ്റോത്തുമായി കൂടിച്ചേർന്ന് ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിക്കുകയുണ്ടായി. 100 % ഉടമസ്ഥതയിലുള്ള ജർമ്മൻ കമ്പനിയായ എം/എസ് ബോഷ് റെക്സ്റോത്തുമായി ചേർന്ന് സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കുവാനും മേഖലാ ആസ്ഥാന ജില്ലകളിൽ കഴിവുറ്റ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഓട്ടോമേഷൻ ടെക്നോളജിയിൽ പി. ജി. പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സമീപമുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകാനുദ്ദേശിക്കുന്നു. ഇരുവരും ചേർന്ന് സർട്ടിഫിക്കറ്റ് നൽകുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു. പ്രസ്തുത കേന്ദ്രം ബോഷ് റെക്സ്റോത്തിന്റെ സാങ്കേതിക പങ്കാളിത്തത്തോടുകൂടിയാണ് സ്ഥാപിക്കുന്നത്. പരിശീലനത്തിനും സെന്ററിലുള്ള ലബോറട്ടറികളുടെ മെച്ചപ്പെടുത്തലിനും പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും മറ്റ് തുടർ പദ്ധതികൾക്കുമായി തുക ആവശ്യമാണ്.

(സി) കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്ക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രം ആക്കുന്നതിലേക്ക് വേണ്ടി

എറണാകുളത്തെ വ്യാവസായിക കേന്ദ്രത്തിലാണ് കളമശ്ശേരി സർക്കാർ പോളിടെക്നിക്ക് കോളേജ് സ്ഥാപിച്ചിട്ടുള്ളത്. എം/എസ് ബോഷ് റെക്സ്റോത്തുമായി ചേർന്ന് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് മേഖലയിൽ പര്യാപ്തമായ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ 2013-14-ൽ തീരുമാനിക്കുകയുണ്ടായി. ഇതിനായി എം/എസ്. ബോഷ് റെക്സ്റോത്തിന്റെ പരിശീലന കേന്ദ്രമായ മൈസൂരിലെ വിശ്വേശ്വര സാങ്കേതിക സർവ്വകലാശാലയിൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗിലെ 12 ഫാക്കൽറ്റി അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തിരുന്നു.

എം/എസ് ബോഷ് റോക്സ്റോത്തിന്റെ സഹായത്തോടെ സ്ഥാപിക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ മികവിന്റെ കേന്ദ്രമാണ് കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്ക് കോളേജ്. ഇതിനായി ന്യൂമാറ്റിക്സ്, സെസറിക്സ്, പിഎൽസികൾ, മെക്കട്രോണിക്സ്, ഹൈഡ്രോലിക്സ് എന്നിവയ്ക്കുവേണ്ടിയുള്ള അത്യാധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും എം/എസ് ബോഷ് റോക്സ്റോത്ത് ലഭ്യമാക്കും. ലൈസൻസ് നൽകുന്നതിനും സാങ്കേതിക അറിവിന്റെ കൈമാറ്റത്തിനും യന്ത്രഭാഗങ്ങൾ ലഭ്യമാക്കുന്നതിലും പ്രബോധന സംവിധാനത്തിന്റെ വിപുലീകരണത്തിനും സഹായിക്കുന്നു. സർക്കാർ പോളിടെക്നിക്കുകളിലെ ഫാക്കൽറ്റികൾ കമ്പനിയുടെ ഇന്ത്യയിലെ പ്ലാന്റുകളിൽ വിപുലമായ പരിശീലന പരിപാടികളും നൽകി സഹായിക്കുന്നു. കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിന്റെയും ബോഷ്റോത്തിന്റെയും ഈ സംയുക്ത സംരംഭം വ്യവസായ-അക്കാദമിക് പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നിർമ്മാണ മേഖലയിലെ ആഗോള വെല്ലുവിളികൾ നേരിടുന്നതിന് എടുത്തുപറയാവുന്ന തരത്തിൽ രാജ്യത്തിന് കഴിവ് നൽകുകയും ചെയ്യും. സ്റ്റേഷനറി, പഠന സഹായികൾ തയ്യാറാക്കൽ, ലാബ്കിറ്റുകൾ, പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയ്ക്കായി ഫണ്ട് നീക്കി വച്ചിരിക്കുന്നു.

(ഡി) <u>തിരുവനന്തപുരത്ത് ബാർട്ടൺഹില്ലിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ദ്വിവത്സര ട്രാൻസലേഷണൽ എഞ്ചിനീയറിംഗിൽ എംഎസ്. കോഴ്സ്</u>

ട്രാൻസ്ലേഷണൽ സയൻസ് ആന്റ് എഞ്ചിനിയറിംഗ് വിഷയത്തിൽ ഒരു വർഷത്തെ ഡിപ്ലോമാകോഴ്സ് ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കൊടുത്തിരുന്ന അനുവാദം പിന്നീട് ട്രാൻസിലേഷണൽ എഞ്ചിനിയറിംഗിൽ എം.ടെക്. പ്രോഗ്രാം ആരംഭിക്കുന്നതിനായി മാറ്റി നൽകുകയുണ്ടായി. കാനഡയിലെ മോൺട്രിയോൾ യൂണിവേഴ്സിറ്റിയുമായും കൊളംബിയ യൂണിവേഴ്സിറ്റിയുമായും ചെന്നൈയിലെ ഐ. ഐ. റ്റി. എം. പോലെയുള്ള മികവിന്റെ കേന്ദ്രങ്ങളുമായും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഏഴ് ഘടകങ്ങളുടെ നടത്തിപ്പിനുവേണ്ടിയാണ് ഈ പദ്ധതിയിൽ തുക മാറ്റി വച്ചിരിക്കുന്നത്.

(1) ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗിൽ TPLC-M. Teeh

(2) TPLC-യിൽ വിദ്യാർത്ഥികളുടെ തൊഴിൽ പരമായ ഊന്നൽ.

(3) ടാൻസ്ഫോർമേഷണൽ ലീഡർ ഷിപ്പിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കുക.

(4) TPLC-യിൽ സിസ്റ്റിംഗിഷ് ഗുഷ്സ് വിസിറ്റിംഗ് സ്കോളർ പ്രോഗ്രാം.

(5) TPLC-യിലെ സാമൂഹ്യ പ്രതിബന്ധതയുള്ള പ്രോജക്ടുകളുമായി ബന്ധിപ്പിക്കുക.

(6) TPLC-യിൽ ട്രാൻസ്ലേഷണൽ എഞ്ചിനിയറിംഗിൽ അന്തരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കുക.

(7) TPLC-യിൽ മാനവശേഷി വികസനം ട്രാൻസ്ലേഷണവും പ്രാഫഷണലുമായ നേതൃത്വരംഗത്ത് നേതൃത്വ രംഗത്ത് ഈ കേന്ദ്രത്തെ ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തിക്കൊണ്ട് സാമൂഹ്യ പ്രതിബദ്ധതയുള്ളവരും മൂല്യാധിഷ്ഠിതമായി പ്രവർത്തിക്കുന്നവരുമായ പ്രൊഫഷണലുകളെ ഭാവിയിൽ സൃഷ്ടിക്കുന്നതിനുള്ള അടിത്തറ ഇതിലൂടെ സൃഷ്ടിക്കുവാൻ കഴിയും.

40. <u>പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കൽ</u>

(വിഹിതം : 11.00 ലക്ഷം രൂപ)

പ്രായോഗിക പരിശീലനങ്ങളും വ്യാവസായിക മേഖലയിലേക്കുള്ള തുറക്കലുമാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ഘടകങ്ങൾ. വ്യാവസായിക ഉൽപാദന രംഗത്തുള്ള പ്രധാന വ്യവസായങ്ങളുടെ അഭാവം ഈ മേഖലയിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തെ പിന്നോട്ടടിക്കുന്നതാണ്. ഈ സ്ഥിതിയെ തരണം ചെയ്യുന്നതിന് പോളിടെക്നിക്കുകളിൽ ഉൽപാദന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കോഴിക്കോട് വനിതാ പോളിടെക്നിക്ക് കാമ്പസിൽ ഉൽപാദന പരിശീലന കേന്ദ്രം 2014-15-ൽ സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത കേന്ദ്രത്തിൽ എൽ. ഇ. ഡി. എമർജൻസി വിളക്കുകളുടെ ഉല്പാദനം , സോളാർ ലാബുകൾ, വാഹനവിളക്കുകൾ തുടങ്ങിയവയുടെ ഉല്പാദനം എന്നിവ ലക്ഷ്യമിടുന്നു. 2016-17 വർഷത്തിൽ ഈ പദ്ധതി തുടരുന്നതിനായി 11.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

41. <u>പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസ്സിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ</u>

(വിഹിതം : 100.00 ലക്ഷം രൂപ)

പുതുതായി വിജയിച്ചുവരുന്ന എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനായി സോഫ്ട്വെയർ ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളും, പോളിടെക്നിക്കുകളും പോലെയുള്ള സാങ്കേതിക സ്ഥാപനങ്ങളിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം സംരഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് പ്രസ്തുത കേന്ദ്രത്തിലെ പരിശീലനം സഹായിക്കുന്നു. ഈ ലക്ഷ്യം പൂർത്തീരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി, സോഫ്റ്റ്വെയർ ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥികളിൽ സംരംഭകത്വ കഴിവുകൾ വളർത്തുവാനും ബയോമെട്രിക്സ് ആക്സസ് കൺട്രോൾ ആന്റ് സെക്യൂരിറ്റി ക്യാമറകൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. 2016-17-ൽ 100.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്നു.

42. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റിന്റെ അവതരണം

(വിഹിതം : 1.00 ലക്ഷം രൂപ)

കേരളത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഇ-ഗവേണ്ടൻസ് നടപ്പിലാക്കുന്നതിന്റെ നടപടി ക്രമങ്ങൾ നടന്നുവരികയാണ്. കേരളത്തിലെ പല സർക്കാർ ജോലികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഇപ്പോൾ അനിവാര്യമാണ്. ഇതിലേക്കായി കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾക്കും ഓഫീസ് പാക്കേജുകൾക്കും അനുസൃതമായ സിലബസ്സ് അധിഷ്ഠിതമായ സർട്ടിഫിക്കേഷൻ എലിജിബിലിറ്റി പരീക്ഷ ആവശ്യമാണ്. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷനിലും പൊതുമേഖല സ്ഥാപനങ്ങളിലും അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള പദ്ധതി 2014-15-ൽ ആരംഭിച്ചിരുന്നു. 2016-17-ൽ ഈ പദ്ധതി തുടരുന്നതിനാവശ്യമായ അധിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പുതിയ പദ്ധതികൾ

43. ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബു ടെക്നോളജി

(വിഹിതം. 30.00 ലക്ഷം രൂപ)

ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ ബാംബു ടെക്നോളജി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. മുളയെ ഒരു നിർമ്മാണ വസ്തുവാക്കുക, വാണിജ്യ ഉല്പന്നമാക്കാവുന്ന രീതിയിൽ മൂല്യവർദ്ധനവ് നടത്തുക, ബയോ ഇന്ധനമായി മുളയെ ഉപയോഗിക്കുക എന്നിവയ്ക്കുവേണ്ടിയുള്ള പരീക്ഷണങ്ങൾ നടത്തുക, ബാംബു ടെക്നോളജിയിൽ അന്തർദേശീയ കോൺഫറൻസ് സംഘടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. യന്ത്രങ്ങൾ, ഉപകരണങ്ങൾ, പ്ളാന്റുകൾ, പരിശീലനങ്ങൾ, സെമിനാറുകൾ, കോൺഫറൻസുകൾ മറ്റു സ്ഥാപനങ്ങളുമായി MOV-യിൽ ഏർപ്പെടുക, സിവിൽ പണികൾ തുടങ്ങിയവക്കായി തുക മാറ്റിവച്ചിരിക്കുന്നു. 2016-17-ൽ 30.00 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

44. പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിങ്ങ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ

(വിഹിതം. 100.00 ലക്ഷം രൂപ)

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കാനുള്ള പദ്ധതിയാണിത്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ അവ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് മുൻപായി ടെസ്റ്റ് ചെയ്യുകയും സർട്ടിഫിക്കേഷൻ നേടുകയും ചെയ്യേണ്ടതുണ്ട്. പോളിടെക്നിക്കുകളിൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ കരികുലത്തിൽ ഇഷ്ടികകൾ, സ്റ്റീൽ ബാറുകൾ, സിമന്റ്, കോൺക്രീറ്റ് റ്റ്യൂബ് മുതലായവയുടെ ടെസ്റ്റിംഗ് ഉൾപ്പെടുന്നു. അതുകൊണ്ട് കോഴിക്കോട്, പാലക്കാട് തൃശ്ശൂർ കളമശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലെ 5 നോഡൽ പോളിടെക്നിക്കുകളിൽ ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ ഭാഗമായി തന്നെ ടെസ്റ്റിങ്ങിന്റെ യഥാർത്ഥ പ്രക്രിയ പഠിക്കുന്നതിന് സെന്റർ സഹായിക്കുകയും ടെസ്റ്റിംഗ് ഫീസ് വഴി സ്ഥാപനത്തിന് വരുമാനം ലഭിക്കുകയും ചെയ്യുന്നു. 5 സെന്ററുകൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

45. പുനർജ്ജനി (സംസ്ഥാനാവിഷ്കൃത പദ്ധതി)

(സംസ്ഥാന വിഹിതം : 45.00 ലക്ഷം രൂപ)

(എൻ. എസ്. ജി. ഡി. വിഹിതം 30.00 ലക്ഷം രൂപ)

ഉപയോഗശൂന്യമായ യന്ത്രങ്ങളും, ഉപകരണങ്ങളും, മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലെ നാഷണൽ സർവീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് പുനർജ്ജനി. സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും അതുപോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള സ്വത്തുക്കളുടെ പുനർവിന്യാസവും പുനർനിർമ്മാണവുമാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്ലംബിംഗ്, മലിനജല-മാലിന്യമാനേജ്മെന്റ്, ഇലക്ട്രിക്കൽ റിപ്പയറിംഗുകൾ എന്നിവ പദ്ധതി ലക്ഷ്യമിടുന്നു. 60.40 അനുപാതത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയിൽ പദ്ധതി തുകയുടെ 40 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സംഘാടക ചെലവുകൾ, അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. 2016-17-ൽ 45.00 ലക്ഷം രൂപയാണ് സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നത്.

46. പോളിടെക്നിക്കുകൾക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

(വിഹിതം : 2297.00 ലക്ഷം രൂപ)

പോളിടെക്നിക്കുകളുടെ മെച്ചപ്പെടുത്തൽ, പോളിടെക്നിക്കുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്കുകൾ വഴിയുള്ള സാമൂഹ്യ വികസനം, കമ്മ്യൂണിറ്റി കോളേജ് പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ഈ പദ്ധതിയ്ക്കുള്ളത്. 2016-17 വർഷത്തിൽ 2297.00 ലക്ഷം രൂപ ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 9.4 സ്പോർട്സും യുവജന ക്ഷേമവും

കായിക യുവജനകാര്യ വികസനത്തിനുവേണ്ടി 2016-17 വാർഷിക പദ്ധതിയിൽ 85.22 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷത്തേക്ക് വകുപ്പ് തിരിച്ച് വകയിരുത്തിയ വിഹിതം ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന (ആന്യുറ്റി) പദ്ധതി | 1.00 |
| 2 | കായിക യുവജനകാര്യ ഡയറക്ടറേറ്റ് | 3201.00 |
| 3 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ | 3,150.00 |
| 4 | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | 1,865.00 |
| 5 | കായിക വിദ്യാഭ്യാസ കോളേജ്, കോഴിക്കോട് | 105.00 |
| 6 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 30.00 |
| 7 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | 30.00 |
| 8 | കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് | 40.00 |
| 9 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 100.00 |
| | ആകെ | 8522.00 |

വാർഷിക പദ്ധതി 2016-17-ലെ വകുപ്പ് തിരിച്ചുള്ള പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 35-ാമത് കായികമേളയോടനുബന്ധിച്ചുള്ള വാർഷികാടിസ്ഥാന (ആന്യൂറ്റി) പദ്ധതി

(വിഹിതം : ₹ 1.00 ലക്ഷം)

26-9-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 35-ാമത് ദേശീയ കായികമേള നടത്തുന്നതിന്റെ ഭാഗമായി മൂന്ന് ഗ്രീൻ ഫീൽഡ് സ്റ്റേഡിയങ്ങളുടെ വികസനത്തിനും, നാല് സ്റ്റേഡിയങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും വാർഷികാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാനും ഭരണാനുമതി ലഭ്യമായിരുന്നു. സംസ്ഥാനത്ത് സംഘടിപ്പിച്ച 35-ാമത് ദേശീയ കായികമേളയോടനുബന്ധിച്ച് കാര്യവട്ടത്ത് നിർമ്മിച്ച ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ആന്യൂറ്റി അടിസ്ഥാനത്തിൽ 161 കോടി രൂപയാണ് ഭരണവകുപ്പ് ആവശ്യപ്പെട്ടിരുന്നത്.

2016-17 വാർഷിക പദ്ധതിയിൽ ടോക്കൺ പ്രോവിഷനായി ഒരു ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. ടി ആന്യുറ്റി തുക നൽകുന്നതിന് അധികമായി വേണ്ടിവരുന്ന തുക, മേജർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് പ്രോജക്ടിന്റെ ശീർഷകത്തിൽ നിന്നും ഈ വർഷത്തെ ആവശ്യകതയനുസരിച്ച് വിനിയോഗിക്കാവുന്നതാണ്.

2. കായിക യുവജനകാര്യ ഡയറക്ടറേറ്റ്

കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി കായികതാരങ്ങളെ സുസജ്ജരാക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, കായിക അസോസിയേഷനുകൾക്കും കായികതാരങ്ങൾക്കും ആവശ്യമായ ധനസഹായം നൽകുക എന്നിവയാണ് കായിക യുവജന ഡയറക്ടറേറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. 2016-17-ൽ മുൻഗണനാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 3201 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(i) പ്രചരണം

(വിഹിതം : ₹ 100.00 ലക്ഷം)

ചുവടെ ചേർത്തിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ജി.ഐ.എസ്. സംവിധാനത്തിന്റെ വികസനം.
- കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ പരിപാടികൾ
- കുട്ടികൾക്കും പൊതുജനങ്ങൾക്കും വേണ്ടിയുള്ള, കായിക വിനോദങ്ങളും ആരോഗ്യവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി ഫിലിമുകൾ, ആരോഗ്യ ബോധവൽക്കരണ ലഘുവിവരണ പത്രികകളുടെ വിതരണം മുതലായവ.
- കേരളത്തിലെ പൊതുജനങ്ങൾക്കിടയിലെ കായിക വിനോദസംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി, സെമിനാറുകളും, വർക്ഷോപ്പുകളും, പ്രചരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- ജനസമ്പർക്ക പരിപാടികൾ, പരസ്യങ്ങൾ, ലഘുലേഖകൾ പ്രസിദ്ധീകരിക്കൽ എന്നീ മാദ്ധ്യമങ്ങളിലൂടെ കായിക പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുക.

(ii) സ്പോർട്സ് മെഡിസിൻ സെന്റർ

(വിഹിതം : ₹ 40.00 ലക്ഷം)

കായികതാരങ്ങൾക്ക് ആവശ്യമായ സമയങ്ങളിൽ ശാസ്ത്രീയവും കൃത്യവുമായ വൈദ്യസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയും, പുനരധിവാസ തെറാപ്പിക്കുവേണ്ടിയും 1992-ൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ സ്ഥാപിക്കപ്പെട്ടു. 40 ലക്ഷം രൂപ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു:

- കായികതാരങ്ങളുടെ ആരോഗ്യവും കായികക്ഷമതയും വിലയിരുത്തുന്നതിനായി ഈ കേന്ദ്രത്തെ ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രമാക്കി നിലവാരം വർദ്ധിപ്പിക്കുക.
- കായികവിനോദങ്ങളിൽ മികവ് തെളിയിക്കുന്നതിനും സ്ഥിരത നിലനിർത്തുന്നതിനുമായി അൾട്ടിറ്റ്യൂഡ് സിമുലേറ്റഡ് ട്രെയിനിംഗ് സൗകര്യം സ്ഥാപിക്കുക.

- കേരളത്തിൽ ക്ലീൻസ് പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുക.
- സ്ത്രീകളുടെ ആരോഗ്യം ലക്ഷ്യമാക്കി നിലവിലുള്ള ഹെൽത്ത് ആന്റ് ഫിറ്റ്നസ് സെന്ററുകളുടെ നിലവാരം വർദ്ധിപ്പിക്കുക.

(iii) പ്രത്യേക പ്രോജക്ടുകൾ

(വിഹിതം : ₹ 370.00 ലക്ഷം)

2016-17 സാമ്പത്തിക വർഷത്തിൽ 370 ലക്ഷം രൂപ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയിരിക്കുന്നു:

- തമാശയ്ക്കായും ആരോഗ്യത്തിനും വേണ്ടി വിനോദങ്ങളിൽ ഏർപ്പെടുക:—1-ാം ക്ലാസ്സു മുതൽ 7-ാം ക്ലാസ്സുവരെയുള്ള സ്കൂൾ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിത്യേന കായിക പ്രവൃത്തികളിൽ പങ്കാളികളാക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്.
- സ്വിം.എൻ. സർവ്വൈവ് പ്രോഗ്രാം:—വെള്ളത്തിൽ വീണുള്ള അപകടങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിലേക്കുവേണ്ടി 5 വയസ്സ് മുതൽ 12 വയസ്സ് വരെ പ്രായമുള്ള കുട്ടികളിൽ നീന്തൽ കഴിവുകളെ വികസിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
- വയനാട്ടിലെ ആർച്ചറി അക്കാദമിക്ക് കൂടുതൽ നിലവാരമുള്ള പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക.

(iv) കായിക വിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

(വിഹിതം : ₹ 560.00 ലക്ഷം)

സംസ്ഥാനത്ത് കായികരംഗത്ത് വികസിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

- ➢ അത്യാധുനിക സാങ്കേതിക രീതി ഉപയോഗിച്ചുള്ള നീന്തൽകുളം
- ➢ സിന്തറ്റിക് റൺ അപ്പോടുകൂടിയ ലോംഗ് ജമ്പ്/ട്രിപ്പിൽ ജമ്പ് പിറ്റ്
- ➢ നാലുവരിയുള്ള സ്ട്രെയ്റ്റ് റണ്ണിംഗ് ട്രാക്ക്
- ➢ പുൽത്തകിടിയോടുകൂടിയ കൃത്രിമ ഫുട്ബോൾ കോർട്ടും, ഷട്ടിൽ ബാഡ്മിന്റൺ കോർട്ടും, കബഡി ഫ്ളോറും
- ➢ ഫട്സൽ ആന്റ് മാപ്പിൾ വുഡ് ഫ്ളോറിംഗ്.

2016-17 സാമ്പത്തിക വർഷത്തിൽ 560 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി വകയിരുത്തിയിരിക്കുന്നു.

(v) കായിക വികസന ഫണ്ട്

(വിഹിതം : ₹1500.00 ലക്ഷം)

സർക്കാർ സഹായത്തിനു പുറമേ സ്വകാര്യ മേഖലയിൽ നിന്നും തുക സമാഹരിച്ച് കായിക വികസന ഫണ്ടിന് രൂപം നൽകണമെന്ന് കേരള സംസ്ഥാന സ്പോർട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിൽ കായിക വികസന പരിപാടികളും പൊതു-സ്വകാര്യ പ്രോജക്ടുകളും ഏറ്റെടുക്കുന്നതിനുവേണ്ടിയാണ് ഈ ഫണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളും ഘടകങ്ങളും പരിപ്രേക്ഷ്യാ പദ്ധതി 2030 മായി ബന്ധിപ്പിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്. കൂടാതെ, 35-മാത് ദേശീയ കായിമേളയുടെ ഭാഗമായി ദേശീയ കായികമേള സെക്രട്ടേറിയറ്റ് നടപ്പിലാക്കിയ പദ്ധതികൾ എല്ലാം ഉൾപ്പെടുത്തി, അവയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വാർഷികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിലേക്കായി ഒരു സംയുക്ത സംരംഭം രൂപീകരിക്കുകയുണ്ടായി. 35-ാമത് ദേശീയ ഗയിംസുമായി മാത്രം ബന്ധപ്പെട്ട് ഉപയോഗിക്കപ്പെട്ട കളിസ്ഥലങ്ങൾ/സ്റ്റേഡിയങ്ങൾ എന്നിവയുടെ സൂക്ഷിപ്പിനും അറ്റകുറ്റപ്പണികൾക്കും, സ്പോർട്സ് വികസന ഫണ്ടിലേക്ക് ധനം സ്വരൂപിക്കുന്നതിലേക്കുമായി 2016-17-ൽ 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(vi) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്

(വിഹിതം : ₹130.00 ലക്ഷം)

കായിക മേഖലയിൽ നിന്നും സഹായങ്ങളൊന്നും ലഭിക്കാത്തതിന്റെ പേരിൽ പ്രശ്നങ്ങൾ നേരിടുന്ന ടീമംഗങ്ങൾക്കും അത്ലറ്റുകൾക്കും അവരുടെ വിഷമതകൾ നേരിടുവാനും അതിജീവിക്കുവാനും ഉപകരിക്കുന്നതും സ്പോർട്സ് സയൻസിനും ഗവേഷണത്തിനും സഹായകരമാകുന്നതുമായ ഒരു സമഗ്ര സ്ഥാപനമാണിത്. കൂടാതെ കേരളത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസസ് ആന്റ് അപ്ലൈഡ് റിസർച്ച് (ഐസ്പാർക്ക്) സ്ഥാപിക്കുന്നതിലേക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 100 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിരിക്കുന്നു. അവശേഷിക്കുന്ന തുക പദ്ധതി ശാക്തീകരണത്തിനായി ഉപയോഗിക്കുന്നതുൾപ്പെടെ 2016-17 വാർഷിക പദ്ധതിയിൽ 130.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(vii) ബഹുതല ലക്ഷ്യത്തോടുള്ള കായിക വിനോദങ്ങളുടെ/കളിസ്ഥലങ്ങളുടെ വികസനം

(വിഹിതം : ₹ 300.00 ലക്ഷം)

ഒന്നിൽ കൂടുതൽ വിനോദങ്ങൾക്കുവേണ്ടി കളിസ്ഥലങ്ങൾ ആധുനീകരിക്കുക അതായത് വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് കൂടാതെ ചെറിയ വിനോദങ്ങൾ ഇതിനൊക്കെ വേണ്ടി ഒരേ കളിസ്ഥലത്തെ തന്നെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കുട്ടികളെ ആകർഷിക്കുന്ന രീതിയിലുള്ള കളിസ്ഥലങ്ങൾ കണ്ടെത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിലേക്കുവേണ്ടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയുള്ള കളിസ്ഥലങ്ങൾ വികസിപ്പിക്കേണ്ടതായുണ്ട്. കൂടുതൽ സ്ഥലങ്ങളിലേക്ക് പദ്ധതി വിപുലീകരിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പദ്ധതി ശാക്തീകരണത്തിനുമായാണ് തുക നീക്കിവച്ചിരിക്കുന്നത്. 2016-17 ലേക്ക് 300.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്.

(viii) സാമൂഹ്യ കായിക വിനോദങ്ങളും ഹെൽത്ത് പാർക്കുകളും

(വിഹിതം : ₹ 200.00 ലക്ഷം)

വ്യത്യസ്ത ജീവിത നിലവാരത്തിലുള്ള ജനങ്ങളുടെ കായിക ക്ഷമതയും, ആരോഗ്യവും മെച്ചപ്പെടുത്തുക, പ്രാദേശിക-കായിക വിനോദങ്ങളിൽ അവരെ സജ്ജമാക്കുകവഴി അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ പരിപാടികളാണ് കമ്മ്യൂണിറ്റി സ്പോർട്സ് കൊണ്ട് ലക്ഷ്യമിടുന്നത്. കൂടാതെ മുതിർന്ന പൗരൻമാർ, മധ്യവയസ്കരായ പൗരൻമാർ, യുവജനങ്ങൾ, ഹയർ സെക്കന്ററി-കോളേജ് വിദ്യാർത്ഥികൾ എന്നിവർക്കു പ്രചോദനം നൽകുന്ന തരത്തിലുള്ള കായിക പ്രവർത്തനങ്ങൾക്ക് പദ്ധതി ഊന്നൽ നൽകുന്നു. കായിക വിനോദങ്ങളുടേയും ഹെൽത്ത് പാർക്കുകളുടേയും ഉന്നമനം ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യമിടുന്നു. എല്ലാ ജില്ലകളിലും ഇതിനോടകം ആരംഭിച്ചു കഴിഞ്ഞിട്ടുള്ള പ്രാഥമിക പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി 2016-17 സാമ്പത്തിക വർഷം 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ix) കൊച്ചിയിലെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നവീകരണം പുതിയ പദ്ധതി

(വിഹിതം ₹ 1.00 ലക്ഷം)

ഫിഫ ലോകകപ്പ് 2017 ഇന്ത്യയിൽ വച്ച് നടത്തുന്നതിനുള്ള അനുമതി ലഭ്യമായ സാഹചര്യത്തിൽ കൊച്ചിയിലെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം വേദിയായി മാറാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ഫിഫ ലോകകപ്പ് നടത്തുന്നതിനായി സ്റ്റേഡിയത്തിന്റെ മൊത്തത്തിലുള്ള നവീകരണത്തിന് 25 കോടി രൂപയുടെ എസ്റ്റിമേറ്റാണ് വിശാല കൊച്ചി വികസന അതോറിറ്റി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 1.00 ലക്ഷം രൂപ ടോക്കൺ തുകയായി വകയിരുത്തിയിരിക്കുന്നു. മാച്ചിംഗ് ഗ്രാന്റ് എന്ന നിലയിൽ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ലഭ്യമാക്കുന്നതാണ്.

3. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

(വിഹിതം : ₹ 3150.00 ലക്ഷം )

സംസ്ഥാനത്ത് കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു ഉന്നതതല സ്ഥാപനമായ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 1974-ൽ ആണ് സ്ഥാപിക്കപ്പെട്ടത്. കേരള സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന കേരള സ്പോർട്സ് ആക്ട് 2000 നടപ്പിലാക്കിയത് 2006-ലാണ്. പുതിയ നിയമനിർമ്മാണം സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചു. 2016-17-ൽ സ്പോർട്സ് കൗൺസിലിന്റെ താഴെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കാനായി 3150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(എ) രാജീവ് ഗാന്ധി ഖേൽ അഭിയാൻ

രാജീവ് ഗാന്ധി ഖേൽ അഭിയാൻ (പൈക്ക) ഒരു കേന്ദ്ര സഹായ പദ്ധതിയാണ്. ഒറ്റത്തവണ പ്രാരംഭ പ്രവർത്തന മൂലധന സഹായവും കേന്ദ്രസർക്കാരിൽ നിന്നും പരിമിത കാലാവധിയിൽ ആവർത്തന ധനസഹായവും ലഭ്യമാകുന്നു. ഈ കേന്ദ്ര സഹായ പദ്ധതി സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്നു. കായിക വിദ്യാഭ്യാസവും കായിക വിനോദവും സമന്വയിപ്പിക്കുന്നതിന്റെ ഭാഗമായി, ഔപചാരിക വിദ്യാഭ്യാസത്തിൽ ആറാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കായികോപകരണങ്ങൾ നൽകുന്നതിലേക്കും അനുബന്ധ കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്കും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തിയിരിക്കുന്നു .

(ബി) നീന്തൽക്കുള നിർമ്മാണവും നീന്തലിൽ പരിശീലന പരിപാടികളും

എല്ലാ ജില്ലകളിലും നീന്തൽക്കുള നിർമ്മാണവും സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനവും വിഭാവനം ചെയ്യുന്നു. എല്ലാ ജില്ലകളിലും ഒരു സുപ്രധാന സ്ഥലത്ത് നീന്തൽ കുളങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുകവഴി വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് നീന്തൽ പഠിക്കാനും സാധിക്കുന്നു.

(സി) സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ

കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും 41 കോളേജ് ഹോസ്റ്റലുകളും, 16 സ്കൂൾ ഹോസ്റ്റലുകളും നടത്തിവരുന്നു. കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ കേരള സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. വിദ്യാർത്ഥികളുടെ താമസം, വിദഗ്ദ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, ചികിത്സ, പഠന സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള അത്യാവശ്യ ചെലവുകൾ, പഠന സൗകര്യമൊരുക്കൽ എന്നിവയ്ക്കും വേണ്ടിയാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

- ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ദേശീയ ഗെയിംസിലെ പ്രീ-ഫാബ് സൗകര്യം ഉപയോഗിക്കുക.
- ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സിന്തറ്റിക്ക് ട്രാക്കിന്റേയും പുൽത്തകിടിയുടേയും അറ്റകുറ്റപ്പണികൾ.
- ആലപ്പുഴയിലെ നീന്തൽക്കുളത്തിന്റെ പൂർത്തീകരണവും പരിപാലനവും.
- കോട്ടയത്തെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം.
- വയനാട്ടിലെ ജിനചന്ദ്രാ സ്റ്റേഡിയത്തിന്റെ നിർമ്മാണം.
- കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലിന്റെ നവീകരണവും പരിപാലനവും.
- പാലക്കാട് മുനിസിപ്പൽ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം.
- കൊച്ചി പനമ്പള്ളി നഗറിലെ കായിക സ്കൂളിന്റെ നിർമ്മാണം.
- പിരപ്പൻകോടിലെ അക്വാട്ടിക് കോംപ്ലക്സിന്റെ നിർമ്മാണ പൂർത്തീകരണം.
- നന്ദിയോട്ടുള്ള നീന്തൽക്കുളത്തിന്റെ അറ്റകുറ്റപ്പണികൾ.

പ്രൊപ്പോസലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ 2016-17--ൽ പൂർത്തികരിക്കേണ്ടതാണ്.

(ഇ) ട്രാക്സ്യൂട്ടുകളും സ്പോർട്സ് പരിശീലന ഉപകരണങ്ങളും

സ്പോർട്സ് ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ട്രാക്സ്യൂട്ടുകൾ, കളിക്കോപ്പുകൾ, പരിശീലന കേന്ദ്രത്തിലുള്ള വർക്ക് യൂണിഫോമുകൾ, കായികോപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് കായികോപകരണങ്ങൾ, ഗ്രാമീണപരിശീലന കേന്ദ്രങ്ങൾ എന്നിവ പ്രസ്തുത പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. ദേശീയതല മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്സ്യൂട്ടുകൾ, സ്പോർട്സ് ഉപകരണങ്ങൾ തുടങ്ങിയവ നൽകുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

(എഫ്) ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് കായികവികസന പരിപാടികൾ

പഞ്ചായത്ത് ഗ്രാമീണ സ്പോർട്സ് സെന്ററുകൾ കായിക മത്സരങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിലേക്ക് വേണ്ടിയുള്ള കോച്ചിംഗ് ക്യാമ്പുകൾ, രാജ്യാന്തര/സൗത്ത് സോൺ മത്സരങ്ങൾ/ സംസ്ഥാനചാമ്പ്യൻഷിപ്പ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സ്പോർട്സ് അസോസിയേഷൻ/ജില്ലാ സ്പോർട്സ് കൗൺസിൽ തുടങ്ങിയവയ്ക്ക് നൽകുന്ന ധനസഹായം, മുതലായവയാണ് പ്രസ്തുത പരിപാടിയിലൂടെ നടപ്പിലാക്കുന്നത്.

(ജി) മികവിന്റെ കേന്ദ്രം/ സ്വർണ്ണമെഡലിനുവേണ്ടി (ഉന്നത പരിശീലന കേന്ദ്രം)

അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനു വേണ്ടി ശാസ്ത്രീയവും ആധുനികവുമായ പരിശീലനം നൽകി കായിക താരങ്ങളെ സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. അത്ലറ്റിക്സ്, നീന്തൽ, വോളിബാൾ, ഫെൻസിംഗ്, തെയ്ക്വാൻഡോ, ബാസ്ക്കറ്റ് ബോൾ എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കൊണ്ടുവരുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് പ്രത്യേക കഴിവുള്ള അത്ലറ്റുകൾക്കുവേണ്ടി ഗുണമേന്മയുള്ള പരിശീലന കേന്ദ്രവും പ്രസ്തുത പരിശീലന കേന്ദ്രത്തിലൂടെ വിഭാവനം ചെയ്യുന്നു.

(എച്ച്) സമ്പൂർണ്ണ കായികക്ഷമതാ പരിപാടി

സ്കൂൾ പാഠ്യ പദ്ധതിയിൽ സമ്പൂർണ്ണ കായികക്ഷമതാ പരിപാടിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യപരവും, കായികപരവുമായ വിദ്യാഭ്യാസത്തിലെ സുപ്രധാന ഘടകങ്ങളും ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ചു വരികയാണ്. സമ്പൂർണ്ണ കായികക്ഷമതാ പരിശോധനയും പരിഹാര പരിപാടികളും തുടർന്നും നടപ്പിലാക്കുന്നതാണ്.

(ഐ) അവാർഡുകൾ, പ്രോത്സാഹന സഹായങ്ങൾ, പ്രചരണം

ഏറ്റവും മികച്ച കായികതാരത്തിന് ജി. വി. രാജ ക്യാഷ് അവാർഡ്, സ്പോർട്സ് കൗൺസിൽ അവാർഡ്, പരിശീലന ത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സ്റ്റൈപ്പെന്റ്, കായിക പ്രതിഭകളെ ആദരിക്കൽ തുടങ്ങിയ പരിപാടികൾ ഈ പദ്ധതി യിലൂടെ നടപ്പിലാക്കിവരികയാണ്.



(ജെ) സ്പോർട്സ് ഇൻഫർമേഷൻ സംവിധാനം

നടക്കാനിരിക്കുന്ന കായിക മത്സരങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക, സ്പോർട്സ് സയൻസിനെക്കുറിച്ചുള്ള വിവരങ്ങൾ, കഴിഞ്ഞകാലത്തേയും വർത്തമാന കാലത്തേയും കായിക താരങ്ങളുടെ പ്രകടനങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ നൽകുവാൻ ഒരു ക്രമാനുഗതവും, ആധികാരികവുമായ സ്പോർട്സ് ഇൻഫർമേഷൻ സംവിധാനം ആവശ്യമാണ്. സ്പോർട്സ് ലൈബ്രറി, സ്പോർട്സ് ചിൽഡ്രൻസ് പാർക്ക്, ബയോ-മെട്രിക് പഞ്ചിംഗ് മെഷീനിന്റെ സ്ഥാപനം, കെ. എസ്. എസ്. സി. കമ്പ്യൂട്ടർ വത്ക്കരിക്കൽ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ.

4. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

സംസ്ഥാനത്ത് യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും ഉള്ള ഉന്നതതല സമിതിയായി കേരള സംസ്ഥാന യുവജനബോർഡ് 1985-ൽ സ്ഥാപിക്കപ്പെട്ടു. തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് ബോർഡ് സഹായം നൽകുന്നു. മുൻഗണന അടിസ്ഥാനത്തിൽ താഴെ പറയുന്ന പരിപാടികൾ 2016-17-ൽ നടപ്പിലാക്കുന്നതിന് 1865.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു:

i. കേരളോത്സവം

(വിഹിതം ₹ 420.00 ലക്ഷം)

ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാനതലം വരെ 15 വയസിനും 35 വയസിനും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്കുവേണ്ടി സാംസ്കാരിക കലാമത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതിലേക്കായി ഗ്രാമപഞ്ചാത്തുകൾക്ക് 15,000 രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 30,000 രൂപയും, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 30,000 രൂപയും, ജില്ലാതല മത്സരങ്ങൾക്ക് 2,00,000 രൂപയും, സംസ്ഥാതല മത്സരങ്ങൾക്ക് 70,00,000 രൂപയും ധനസഹായം നൽകുന്നു. പൊതുജനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും മറ്റും സാമ്പത്തിക സഹായത്തോടെയും പങ്കാളിത്തത്തോടെയും ആഘോഷപരിപാടികൾ വിപുലമാക്കാവുന്നതാണ്. 2016-17 സാമ്പത്തിക വർഷം 420.00 ലക്ഷം രൂപ പദ്ധതി നടത്തിപ്പി ലേക്കായി വകയിരുത്തിയിരിക്കുന്നു.

ii. യുവവികാസ്

(വിഹിതം ₹ 115.00 ലക്ഷം)

2016-17 വാർഷിക പദ്ധതിയിലെ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 115.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

- സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വ പാടവ വികസനം എന്നിവയിൽ പരിശീലനം നൽകൽ.
- യുവ സാഹിത്യ ക്യാമ്പ്.
- യൂത്ത് അവാർഡിനും, ജോബ് ഫെസ്റ്റിനും.

iii. യുവശക്തി

(വിഹിതം ₹ 610.00 ലക്ഷം)

കേരളത്തിലെ യുവജനങ്ങളെ ശാക്തീകരിക്കുക എന്ന ബൃഹത്‌ലക്ഷ്യത്തോടെ രൂപം നൽകിയ പ്രോജക്ടാണ് യുവശക്തി. സ്വയംതൊഴിൽ പരിപാടികൾ, തൊഴിൽ ബാങ്കുകൾ, ബോധവൽക്കരണ പരിപാടികൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയാണ് പ്രധാന പദ്ധതി പ്രവർത്തനങ്ങൾ. ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ്ബുകൾ മുഖേന സ്വയംതൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു. തൊഴിൽ പരിപാടികളും ബോധവൽക്കരണ പരിപാടികളും ഈ ക്ലബ്ബുകൾ മുഖേന ഏറ്റെടുക്കുന്നതാണ്. ഗ്രാമീണ യുവാക്കൾക്ക് പല തലങ്ങളിലായി യുവശക്തി പ്രോജക്ട് പരിശീലനം നൽകുന്നുണ്ട്. യുവജന കേന്ദ്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഓരോ ജില്ലയിലും ഓരോ യൂത്ത് കോ-ഓർഡിനേറ്ററെ വീതം നിയമിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 610.00 ലക്ഷം രൂപ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു:

- യുവാക്കൾക്ക് നാടൻകലകളിൽ പരിശീലനവും ഫോക്ക്ഫെസ്റ്റും
- യുവ മാദ്ധ്യമപ്രവർത്തകരുടെ ക്യാമ്പ്.
- സിനിമയുമായി ബന്ധപ്പെട്ട പരിപാടികൾ
- മറ്റു സാംസ്കാരിക പരിപാടികൾ
- സ്ത്രീ ശാക്തീകരണ പരിപാടികൾ.

iv. മറ്റ് പരിപാടികൾ

(വിഹിതം 720.00 ലക്ഷം രൂപ)

2016-17 സാമ്പത്തിക വർഷം 720.00 ലക്ഷം രൂപ താഴെ പറയുന്ന പരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു:

1. സാഹസിക പരിപാടികൾ
2. ഗവേഷണകേന്ദ്രം—ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ
3. അടിസ്ഥാന സൗകര്യ വികസനം—തിരുവനന്തപുരത്തെ സംസ്ഥാന യൂത്ത്ഭവന്റേയും പനമരത്തെ യൂത്ത്ഭവന്റെയും നിർമ്മാണം.
4. ദേശീയോദ്ഗ്രഥന പരിപാടികൾ.
5. കരുതലും ക്ഷേമവും.
6. പൊതുജന ബന്ധങ്ങളും ആശയ വിനിമയവും.

5. കായിക വിദ്യാഭ്യാസ കോളേജ്

(വിഹിതം: 105.00 ലക്ഷം രൂപ)

കേരളത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തുള്ള എൽ. എൻ. സി. പി. ഇ. പദവിയിലേക്ക് ഈ കോളേജിനെ ഉയർത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീന്തൽകുളം, ഫർണീച്ചർ, ബാസ്ക്കറ്റ്ബോൾ കോർട്ട്, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സ്മാർട്ട് ക്ലാസ് മുറികൾ, ലാബ് ഉപകരണങ്ങൾ എന്നിവയ്ക്കായി 105.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയ്ക്ക് ധനസഹായം

(വിഹിതം: 60.00 ലക്ഷം രൂപ)

കളികളും കായിക വിദ്യാഭ്യാസവും സ്കൂളുകളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും കളികളും കായികവിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനും, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനും ധനസഹായം നൽകിവരുന്നു. സ്പോർട്സ് കിറ്റ് വാങ്ങുന്നതിനും, വേതനം നൽകുന്നതിനും കോച്ചുകൾക്കും പരിശീലനാർത്ഥികൾക്കും ആതിഥ്യസൗകര്യം നൽകുന്നതിലേക്കുമായി തുക വകയിരുത്തിയിരിക്കുന്നു.

സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നതിനായി 2016-17-ൽ 60.00 ലക്ഷം രൂപ (30.00 ലക്ഷം രൂപ വീതം) വകയിരുത്തിയിരിക്കുന്നു.

7. കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്

(വിഹിതം: 40.00 ലക്ഷം രൂപ)

ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് വിഭാഗത്തിന്റെ പതിവ് പരിശീലന പരിപാടികൾ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ധനസഹായം നൽകിവരുന്നു. വിവിധ തലങ്ങളിലുള്ള അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ് പദ്ധതി. പരിപാടികൾ 2016-17 വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതിനായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. കേരള സംസ്ഥാന യുവജന കമ്മീഷൻ

(വിഹിതം: ₹ 100.00 ലക്ഷം)

2013-ലെ സംസ്ഥാന യൂത്ത് കമ്മീഷൻ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2013-ൽ കേരള സംസ്ഥാന യൂത്ത് കമ്മീഷൻ നിലവിൽ വന്നു. യുവാക്കളുടെ ക്ഷേമം മുൻനിർത്തിക്കൊണ്ട് ഒരു മാർഗ്ഗദർശിയായും സഹായിയായും യുവജനകാര്യ സംബന്ധിയായ വിഷയങ്ങളിൽ ഇടപെട്ട് ഉത്തരവാദിത്വത്തോടെ സംരക്ഷിക്കുകയും നല്ല വിദ്യാഭ്യാസവും തൊഴിലവസരങ്ങളും പ്രദാനം ചെയ്തുകൊണ്ട് തൊഴിലിന്റെ മേൻമയെക്കുറിച്ച് അറിവുനൽകുകയും യുവാക്കൾക്ക് തൊഴിലിലുള്ള മികവിനെ വികസിപ്പിക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സെമിനാറുകൾക്കും കമ്മീഷന്റെ പ്രാദേശിക തലത്തിലുള്ള സിറ്റിംഗിനും, യൂത്ത് ഹോസ്റ്റലുകളിലെ റാഗിങ്, മദ്യം-മയക്ക് മരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കും, ജോബ് പോർട്ടൽ, പട്ടികജാതി ജനവിഭാഗങ്ങളുടെയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെയും ഇടയിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും സംസ്ഥാനത്തിലെ യുവാക്കളുടെ നിലവാരം വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ, തൊഴിലാളികൾക്ക് വേണ്ടിയുള്ള നൈപുണ്യവികസന പരിശീലനങ്ങൾ, യുവാക്കളെ സംബന്ധിച്ച സമകാലിക വിഷയങ്ങളുടെ ചർച്ചകൾ എന്നിവയ്ക്കുമായി 2016-17 സാമ്പത്തിക വർഷം 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

2016-17 വാർഷിക പദ്ധതിയിൽ 'വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും' എന്ന മേഖലയ്ക്ക് 101311.00 ലക്ഷം രൂപയാണ് വകയിരിത്തിയിരിക്കുന്നത്. 2016-17 വർഷത്തെ വകുപ്പ് തിരിച്ചുള്ള വിഹിതം താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു:

| *ക്രമ നമ്പർ* | *വകുപ്പുകളുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | ആരോഗ്യ വകുപ്പ് | 52174.00 |
| 2 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 39388.00 |
| 3 | ആയുർവേദ വകുപ്പ് | 3412.00 |
| 4 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 3364.00 |
| 5 | ഹോമിയോപ്പതി വകുപ്പ് | 1983.00 |
| 6 | ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 990.00 |
| | ആകെ | 101311.00 |

ഇതിൽ 28316.00 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. പ്രോജക്ടുകൾക്ക് ഭരണാനുമതി നല്കുമ്പോൾ ഭൗതിക ലക്ഷ്യത്തോടൊപ്പം ഘടകങ്ങളും രേഖപ്പെടുത്തേണ്ടതാണ്. (സാദ്ധ്യമായിടത്തെല്ലാം വനിതാ ഘടകം സൂചിപ്പിക്കേണ്ടതാണ്.)

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകൾ/പ്രോജക്ടുകൾ സംബന്ധിച്ചുള്ള വകുപ്പ് തിരിച്ചുള്ള വിവരണം താഴെ കൊടുത്തിരിക്കുന്നു:

<u>അലോപ്പതി—ആരോഗ്യസേവനം</u>

ആരോഗ്യ വകുപ്പിന് കീഴിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ 1278 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവ കൂടാതെ 5403 സബ് സെന്ററുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്.

വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ കീഴിൽ 52174 ലക്ഷം രൂപയാണ് 2016-17-ൽ വകയിരുത്തിയിരിക്കുന്നത്.

1. <u>മോണിറ്ററിംഗ് സെൽ, മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും കമ്പ്യൂട്ടർവൽക്കരണവും</u>

*(വിഹിതം : 26.00 ലക്ഷം രൂപ)*

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (മോണിറ്റർ, യു.പി. എസ്, പ്രിന്റർ, സ്കാനർ, സോഫ്റ്റ്വെയർ, പെൻഡ്രൈവ്) വാങ്ങുന്നതിനും കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപണി, ഇന്റർനെറ്റ് കണക്ഷൻ, കേബിൾ, മോണിറ്ററിംഗ് സെല്ലുമായി ബന്ധപ്പെട്ട മറ്റ് ചിലവുകൾ എന്നിവയ്ക്കായി 26 ലക്ഷം രൂപ 2016-17 വർഷത്തേക്ക് വകയിരിത്തിയിരിക്കുന്നു.

2. <u>ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ</u>

*(വിഹിതം : 2375.00 ലക്ഷം രൂപ)*

2016-17 വർഷത്തിൽ 2375 ലക്ഷം രൂപ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിരിക്കുന്നത്. സിവിൽ വർക്സ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ഉൾപ്പെടെയുള്ള നവീകരണ അറ്റകുറ്റപ്പണികൾ, ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനം, മെഡിക്കൽ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, രോഗനിർണയ സംവിധാനം ശക്തിപ്പെടുത്തലും രോഗനിർണയ ഉപകരണങ്ങളും, പവർ ലോൺട്രി, ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ.

3. <u>മെഡിക്കൽ റെക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ</u>

*(വിഹിതം : 160.00 ലക്ഷം രൂപ)*

ഒരു വ്യക്തിയുടെ ആരോഗ്യ സംബന്ധമായ ചരിത്രം അടുക്കും ചിട്ടയോടുംകൂടി രേഖപ്പെടുത്തുന്ന സംവിധാനമാണ് മെഡിക്കൽ റിക്കോർഡ്. ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ മെഡിക്കൽ റെക്കോർഡുകൾ ശാസ്ത്രീയമായും ചിട്ടയായും സൂക്ഷിക്കാത്തതുമൂലം രോഗങ്ങൾ കൃത്യമായി നിർണ്ണയിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. രോഗികൾക്ക് ശരിയായ പരിചരണവും ശുശ്രൂഷയും നൽകുന്നതിനുള്ള ഒരു റഫറൻസായി ആരോഗ്യ പരിപാലകർക്ക് മെഡിക്കൽ റിക്കോർഡുകൾ സഹായിക്കുന്നു. നിലവിൽ ആകെ 1267 സ്ഥാപനങ്ങളിൽ 53 സ്ഥാപനങ്ങൾക്കുമാത്രമേ മെഡിക്കൽ റെക്കാർഡ് ലൈബ്രറി ഉള്ളൂ. മുൻഗണനാ അടിസ്ഥാനത്തിൽ പുതുതായി മെഡിക്കൽ റിക്കോർഡ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഉള്ളവയെ ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

2016-17-ൽ 160.00 ലക്ഷം രൂപ ഔട്ട്പേഷ്യന്റ് ഇൻപേഷ്യന്റ് ഓട്ടോമേഷൻ, മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപനങ്ങളിലെ മെഡിക്കൽ റെക്കോർഡ് വകുപ്പിലേക്കുള്ള ലാൻ ഫർണിച്ചറുകൾ, ഫോട്ടോകോപ്പിയർ, മൊബൈൽ സ്റ്റോറേജ് സംവിധാനം, മൈനർ വർക്കുകൾ, ആനുകാലിക പരിശോധന, മെഡിക്കൽ റിക്കോർഡ് ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രയിനിംഗ്, മെഡിക്കൽ റെക്കോർഡ് വകുപ്പിന്റെ നവീകരണം എന്നിവക്കായി നീക്കിവച്ചിരിക്കുന്നു.

4. <u>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ</u>

*(വിഹിതം : 1600.00 ലക്ഷം രൂപ)*

സംസ്ഥാനത്താകമാനമായി 61 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ ഇപ്പോൾ പ്രവർത്തിച്ച് വരുന്നു. എന്നാൽ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും മേറ്റേണിറ്റി യുണിറ്റുകൾ ഇല്ല. 2016-17-ൽ മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ മുൻഗണനാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനും നേരത്തെ ആരംഭിച്ചവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി 1600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. <u>കൊല്ലം, കോഴിക്കോട് ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു.-വും.</u>

*(വിഹിതം : 1100.00 ലക്ഷം രൂപ)*

ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ഹൈപ്പർടെൻഷൻ, ഡയബിറ്റിസ്, കിഡ്നി രോഗങ്ങൾ, മാനസിക രോഗങ്ങൾ എന്നീ പകർച്ചേതര രോഗങ്ങൾ അടുത്തകാലത്തായി കൂടുതലായി

കണ്ടുവരുന്നു. ഇത്തരം രോഗങ്ങൾക്കുള്ള ചികിത്സ സംസ്ഥാനത്ത് ആരംഭിച്ച് കഴിഞ്ഞു. ഇതിലൂടെ ഹൈപ്പർടെൻഷൻ, പ്രമേഹം തുടങ്ങിയ രോഗങ്ങൾ നേരത്തെ കണ്ടെത്തുകയും ഇതിനുള്ള ചികിൽസ സബ്സെന്ററുകൾ, പ്രൈമറിഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്നതുമാണ്. രോഗികൾക്ക് ആവശ്യമായ തിത്രീയതല ചികിത്സക്കും പ്രാധാന്യം നൽകേണ്ടതുണ്ട്.

2016-17-ൽ കൊല്ലം ജില്ലാ ആശുപത്രിയിലും കോഴിക്കോട് താലൂക്ക് ആശുപത്രികയിലും കാത്ത്ലാബ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി 2016-17-ൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ

*(വിഹിതം : 360.00 ലക്ഷം രൂപ)*

ഡയാലിസിസ് ചികിത്സ ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ച് വരികയാണ്. ഈ സാഹചര്യത്തിൽ താലൂക്ക് ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. 2016-17-ൽ വർക്കല, ഫോർട്ട് (തിരുവനന്തപുരം) താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 360 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. രക്ത ബാങ്കുകൾ

*(വിഹിതം : 299.00 ലക്ഷം രൂപ)*

ആരോഗ്യ വകുപ്പിന് കീഴിൽ 34 രക്ത ബാങ്കുകളും 34 രക്ത സംഭരണ കേന്ദ്രങ്ങളും 21 രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകളും ഉണ്ട്. രണ്ട് പുതിയ രക്ത സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, രക്തസംഭരണ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം, ഉപകരണങ്ങൾ, ഉപഭോഗ വസ്തുക്കൾ, കിറ്റുകൾ, റീഏജന്റുകൾ, രക്ത സംഭരണ ബാഗുകൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, രക്തദാനം, പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്കും വിവര വിജ്ഞാന ആശയ വിനിമയ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 2016-17-ൽ 299.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

8. ആരോഗ്യ ഗതാഗതം

*(വിഹിതം : 30.00 ലക്ഷം രൂപ)*

വിവിധതരത്തിലുള്ള ദേശീയ പരിപാടികൾ, സംസ്ഥാന പരിപാടികൾ, ആംബുലൻസ് സേവനം എന്നിവ നൽകിക്കൊണ്ട് വിവിധതരം വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും നടത്തുന്നതിനായി സംസ്ഥാന ആരോഗ്യ ഗതാഗത ഓഫീസറുടെ നിയന്ത്രണത്തിൻകീഴിൽ ആരോഗ്യ ഗതാഗത സംഘടന സ്ഥാപിച്ചിരിക്കുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും റിപ്പയറിനുമായി ഒരു സെൻട്രൽ പണിശാല തിരുവനന്തപുരത്തുണ്ട്. രണ്ട് റീജിയണൽ പണിശാലകൾ തൃശ്ശൂരും കോഴിക്കോട്ടുമുണ്ട്. 2016-17 വർഷത്തിൽ 30 ലക്ഷം രൂപ സെൻട്രൽ വർക്ക്ഷോപ്പിൽ പുതിയ ആർ. സി. സി. മേൽകൂരയ്ക്കും ഇലക്ട്രിഫിക്കേഷനും മറ്റ് പണിശാലകളിലെ മൈനർ പണികൾക്കുമായി വകയിരിത്തിയിട്ടുണ്ട്.

9. മാനസികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ വികസിപ്പിക്കൽ

*(വിഹിതം : 374.00 ലക്ഷം രൂപ)*

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. 2016-17-ൽ മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 374 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്നു:

- ഇൻ-സർവ്വീസ് പരിശീലനം നടത്തുക.
- വാർഷിക അറ്റകുറ്റപ്പണികളുടെ ഉടമ്പടി, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും.
- മാനസികാരോഗ്യ കേന്ദ്രങ്ങളിലെ വിവിധ വാർഡുകളിൽ വൈദ്യുതീകരണ പ്ലംബിംഗ് ജോലികൾ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണിയും.
- ഉപകരണങ്ങൾ, രോഗികൾക്കുള്ള വസ്ത്രങ്ങൾ, പുതപ്പുകൾ, കിടക്കകൾ, വാർഡുകളിലേക്കും ഒ. പി. ബ്ലോക്കുകളിലേക്കും ഫർണിച്ചർ എന്നിവ വാങ്ങൽ.
- സ്റ്റോറിലേക്ക് എയർകണ്ടീഷനർ, മരുന്നും മെഡിക്കൽ ഉപകരണങ്ങളും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും.
- മാലിന്യ സംസ്കരണം, ഉത്സവദിനങ്ങളിൽ ആഘോഷവും ഭക്ഷണവും സ്ഥലങ്ങൾ സന്ദർശിക്കലും, അടുക്കള ഉപകരണങ്ങൾ, റഫ്രിജിറേറ്റർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനായി ഇലക്ട്രിക് കാർ.

10. ജില്ലാ മാനസികാരോഗ്യ പരിപാടി.

*(വിഹിതം : 341.00 ലക്ഷം രൂപ)*

ജില്ലാ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഇതിൽ ഇടുക്കി, വയനാട്. കണ്ണൂർ ഒഴികെയുള്ള 11 ജില്ലകളിലെ മാനസികാരോഗ്യ പരിപാടി ഈ ശീർഷത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 341 ലക്ഷം രൂപ 2016-17 വർഷത്തേക്ക് നീക്കിവച്ചിരിക്കുന്നു.

വിവരവിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ, ജീവനക്കാർക്കുള്ള പരിശീലനം, പി. എച്ച്. സി., സി. എച്ച്. സി., താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ക്ലിനിക്കുകൾ നടത്തുക, വിവിധതരത്തിലുള്ള മാനസികാരോഗ്യ ഔഷധങ്ങൾ വാങ്ങൽ, സ്റ്റേഷനറി, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, ഉപകരണങ്ങൾ നന്നാക്കലും, അറ്റകുറ്റപ്പണികളും, പുസ്തകങ്ങൾ, വാഹനം വാടകയ്ക്കെടുക്കൽ മുതലായവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

11. സമഗ്ര മാനസികാരോഗ്യ പദ്ധതി.

*(വിഹിതം : 500.00 ലക്ഷം രൂപ)*

മാനസിക രോഗാവസ്ഥയിൽ നിന്നും മുക്തി നേടിയവരുടെ പുനരധിവാസം സർക്കാരും സമൂഹവും നേരിടുന്ന വെല്ലുവിളിയാണ്. ആരോഗ്യം, സാമൂഹ്യ നീതി, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിൽ നിന്നും ദേശീയ തലത്തിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. 2016-17-ൽ ഇതിലേക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തുടർന്ന് വരുന്ന പ്രവർത്തനങ്ങളായ പകൽ പരിപാലനകേന്ദ്രങ്ങൾ, സ്ക്കൂൾ മാനസികാരോഗ്യ പരിപാടി എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

12. ആരോഗ്യ വകുപ്പിലെ ദന്തൽ യൂണിറ്റികളുടെ ശാക്തീകരണം (ദന്തൽ ക്ലിനിക്കുകളുടെ മെച്ചപ്പെടുത്തൽ)

*(വിഹിതം : 200.00 ലക്ഷം രൂപ)*

പൊതുവായ ആരോഗ്യം നിലനിർത്തുന്നതിൽ ദന്താരോഗ്യം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദന്തൽ ക്ലിനിക്കുകളുടെ മെച്ചപ്പെടുത്തൽ എന്ന പദ്ധതി, ആരോഗ്യ വകുപ്പിന് കീഴിലുള്ള ദന്താരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ 89 ദന്തൽ യൂണിറ്റുകൾ ഉണ്ട്. തൃപ്തികരമായ ദന്തൽ സുരക്ഷ

രോഗികൾക്ക് ഉറപ്പാക്കുന്നതിനായി ആശുപത്രികളിലെ എല്ലാ ദന്തൽ ക്ലിനിക്കുകൾക്കും നൂതനവും അത്യന്താധുനിക ഉപകരണങ്ങളും സാമഗ്രികളും നൽകിക്കൊണ്ട് ശക്തിപ്പെടുത്തേണ്ടതാണ്. 2016-17 വർഷത്തിൽ 200 ലക്ഷം രൂപ പ്രധാന ഉപകരണങ്ങൾ, സാമഗ്രികൾ, സ്പെഷ്യാലിറ്റി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾക്കും ദന്തൽ ക്യാമ്പുകൾ നടത്തുന്നതിനും ഐ. ഇ. സി., മാർച്ച് 20-ന് ഓറൽ ഹെൽത്ത് ഡേ ആഘോഷം എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്നു.

13. പെയിൻ, പാലിയേറ്റീവ് ആന്റ് എൽഡർലി ഹെൽത്ത് കെയർ സെന്റർ

*(വിഹിതം : 110.00 ലക്ഷം രൂപ)*

ആരോഗ്യവകുപ്പിന് കീഴിൽ പാലിയേറ്റീവ് സേവനങ്ങൾ മൂന്ന് തലങ്ങളിലായി നടന്നുവരുന്നു.

(i) പ്രാഥമികതലം—തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പി.എച്ച്.സി. കളുടെയും സഹായത്തോടെയുള്ള ഭവനാധിഷ്ഠിതമായ പരിചരണങ്ങൾ.

(ii) ദ്വിതീയതലം—പൗരസമൂഹത്തിന്റെയും താലൂക്കുതല ആശുപത്രികളുടെയും സഹായത്തോടെയുള്ള സ്പെഷ്യാലിറ്റി പാലിയേറ്റീവ് പരിചരണങ്ങൾ.

(iii) തൃതീയതലം—മെഡിക്കൽ കോളേജിന്റെയും പൗര സമൂഹത്തിന്റെയും സഹായത്തോടെയുള്ള മെച്ചപ്പെട്ട ആരോഗ്യ പരിചരണങ്ങൾ.

കഠിനമായ രോഗം ബാധിച്ച രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ശാരീരികവും സാമൂഹികവും മനശാസ്ത്ര പരവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടും വൈദ്യസഹായം നല്കിക്കൊണ്ടും ഈ സെന്ററുകൾ രോഗികൾക്ക് പരിചരണം നല്കുന്നു. തീവ്രമായ വേദനയിൽ നിന്നും ആശ്വാസം പകരുക, മരണം സംഭവിക്കുന്നതുവരെ ഊർജ്ജസ്വലതയോടെ ജീവിക്കുന്നതിന് രോഗികൾക്ക് ശക്തി നല്കി സഹായിക്കുക എന്നിവ ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. പ്രസ്തുത സെന്ററുകളിലെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ഈ സെന്ററുകളുടെ ശക്തിപ്പെടുത്തൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. 2016-17-ൽ 50 ലക്ഷം രൂപ പ്രൈമറി, സെക്കന്ററി, അർബൻ പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

മിക്കവാറും വൃദ്ധജനങ്ങൾക്ക് പൊതു ഒ. പി. വിഭാഗത്തിൽ മറ്റു രോഗികൾക്കൊപ്പം മതിയായ ശ്രദ്ധ ലഭിക്കാറില്ല. അതുകൊണ്ട് പ്രത്യേകം ജറിയാട്രിക്ക് ക്ലിനിക്കുകൾ എല്ലാ തലങ്ങളിലും രൂപീകരിക്കേണ്ടത് ആവശ്യമാണ്. കേരളത്തിൽ 11 ശതമാനം ജനസംഖ്യയും വൃദ്ധജനങ്ങളാണ്. ഇത് 2026 ആകുമ്പോഴേക്കും 18 ശതമാനം ആയിത്തീരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വൃദ്ധജന പരിപാലനം പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. 2016-17 വർഷത്തേക്ക് 60 ലക്ഷം രൂപ വൃദ്ധജന പരിപാലനത്തിന് നീക്കിവച്ചിട്ടുണ്ട്. പക്ഷാഘാത രോഗികളുടെ പുനരധിവാസ യൂണിറ്റും ഉപകരണങ്ങളും, വൃദ്ധജനപരിപാലന ദിനാചരണം (സായം സന്ധ്യ), ശ്രവണ സഹായികൾ നൽകുക ഐ. ഇ. സി., സംസ്ഥാനതല പ്രവർത്തനങ്ങൾ എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

14. അർബുദ പരിചരണ പദ്ധതി

*(വിഹിതം : 230.00 ലക്ഷം രൂപ)*

വയസ്സ്, ലിംഗ-മതവ്യത്യാസമില്ലാതെ അർബുദം വിവിധങ്ങളായ കാരണങ്ങളാൽ ശരീരത്തിന്റെ വിവിധ ഭാഗങ്ങളെ ബാധിക്കുന്നു. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലുള്ള രോഗനിർണ്ണയവും ചികിത്സാരീതികളും നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ക്യാൻസർ കെയർ പദ്ധതി ഊന്നൽ നൽകുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളെയും കാൻസർ ചികിൽസയ്ക്കുള്ള മാതൃകാ കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മെഡിക്കൽ കോളേജുകൾക്കു പുറമേ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലും ക്യാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാകുന്നു. അർബുദ ചികിത്സ ലഭ്യമല്ലാത്ത ജില്ലയിലെ പ്രധാനപ്പെട്ട ഒരു സർക്കാർ ആശുപത്രിയെ ചികിത്സക്കായി സജ്ജമാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. 2016-17-ൽ 230 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി നീക്കി വച്ചിരിക്കുന്നു. ജില്ലാ ആശുപത്രികളിൽ അർബുദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുള്ള സെന്റർ ശക്തിപ്പെടുത്തുന്നതിനും, ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും, മരുന്നുകൾ, ലബോറട്ടറി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ഉപകരണങ്ങൾ, കിറ്റുകൾ എന്നിവ വാങ്ങുന്നതിനും, ബോധവൽക്കരണ പരിപാടികൾ, അർബുദ നിർണ്ണയ ക്യാമ്പുകൾ, സെമിനാറുകൾ ഐ. ഇ. സി. എന്നിവയാണ് ലക്ഷ്യമിടുന്നത്.

15. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്) സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡർ (എസ്.ആർ.സി.സി.ഡി)

*(വിഹിതം : 650.00 ലക്ഷം രൂപ)*

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിന് കീഴിൽ, രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നീറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡർ (എസ്.ആർ.സി.സി.ഡി.). ശൈശവം തൊട്ട് വാർദ്ധക്യം വരെ മാനവരാശിയുടെ ഭാഷ, ഓർമ്മശക്തി, ന്യൂറോ സംബന്ധിയായ മറ്റ് സാംക്രമികേതര വൈകല്യങ്ങൾ തുടങ്ങിയവയെ ബാധിക്കുന്ന ഭീതിതവും നാശോൻമുഖവുമായ പരിമിതികളുടെ ആവിർഭാവം തടയുന്നതിനും പുനരധിവാസത്തിനും ഉതകുന്ന തരത്തിൽ ചിട്ടയോടും ശാസ്ത്രീയവുമായ സമീപനം അവലംബിച്ചുള്ള ഒരു സമഗ്ര മാനേജ്മെന്റ് സമ്പ്രദായം വാർത്തെടുക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന നൂതന കാഴ്ചപ്പാടോടുകൂടി രൂപീകരിച്ചതാണ് പ്രസ്തുത സൊസൈറ്റി. ഈ സൊസൈറ്റിക്ക് കീഴിലുള്ള സ്ഥാപനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ന്യൂറോ സയൻസ് (ഐകോൺസ്) എന്ന് നാമകരണം ചെയ്തിരിക്കുന്നു. പ്രസ്തുത സ്ഥാപനം ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ള എല്ലാ പ്രായക്കാരെയും ശൈശവം മുതൽ വാർദ്ധക്യം വരെ ചികിത്സിക്കുന്നതിനായി പ്രവർത്തിക്കുന്നു. ഇതിന് തിരുവനന്തപുരത്തും ഷൊർണ്ണൂരുമായി രണ്ടു സെന്ററുകളുണ്ട്. 2016-17-ൽ 650.00 ലക്ഷം രൂപ സൊസൈറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്:

- ഓട്ടിസം, മാനസിക വൈകല്യം, മറ്റ് വൈകല്യങ്ങൾ എന്നിവയുള്ള കൗമാരക്കാർക്ക് പുനരധിവാസവും തൊഴിലധിഷ്ഠിത പരിശീലനത്തിനുള്ള സൗകര്യങ്ങളും താമസ സൗകര്യങ്ങളോടുകൂടിയ വിദ്യാലയം സ്ഥാപിക്കൽ.

- ഷൊർണ്ണൂരുള്ള സെന്ററിൽ നിർമ്മാണത്തിലിരിക്കുന്ന ബ്ലോക്കിന്റെ പൂർത്തീകരണം.
- ഉപകരണങ്ങളുടെയും, കൺസ്യൂമബിൽസിന്റെയും അറ്റകുറ്റപ്പണികൾ, പുസ്തകങ്ങൾ, ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (ഷൊർണ്ണൂർ).
- ന്യൂറോ സർജറി ബ്ലോക്കിന്റെയും ബ്ലഡ് ബാങ്കിന്റെയും നിർമ്മാണം.

16. സ്റ്റേററ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ

*(വിഹിതം : 325.00 ലക്ഷം രൂപ)*

കേരള സ്റ്റേററ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻറ് ഫാമിലി വെൽഫെയർ എന്ന ഉന്നതതല പരിശീലന കേന്ദ്രം ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട്, ഗവേഷണവും കൺസൾട്ടൻസി സേവനങ്ങളും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പ്രസ്തുത സ്ഥാപനം വിവിധ തരത്തിലുള്ള പരിശീലനങ്ങളായ ഇൻസർവ്വീസ് ട്രെയിനിംഗ്, നൈപുണ്യവികസനം, പരിശീലകർക്കുള്ള പരിശീലനം എന്നിവ നൽകിവരുന്നു. 2016-17-ൽ 325 ലക്ഷം രൂപ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പരിശീലനത്തിനുമായി വകയിരുത്തിയിരിക്കുന്നു.

17. ആരോഗ്യ മേഖലയിൽ മനുഷ്യവിഭവ വികസന ഇൻസ്റ്റിറ്റ്യൂട്ട്

*(വിഹിതം : 850.00 ലക്ഷം രൂപ)*

വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ആരോഗ്യ വകുപ്പിന് കീഴിൽ ഒരേ ഒരു പരിശീലന സ്ഥാപനം മാത്രമാണുള്ളത്. ആരോഗ്യ സേവനവിഭാഗത്തിന് കീഴിൽ മുഴുവൻ മനുഷ്യ വിഭവത്തിനും പരിശീലനം നൽകുന്നതിന് ഈ സ്ഥാപനം അപര്യാപ്തമാണ്. അതിനാൽ കൊരട്ടിയിലെ കുഷ്ഠരോഗാശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന 110 ഏക്കർ ഭൂമി ഘട്ടംഘട്ടമായി പരിശീലനസ്ഥാപനം നിർമ്മിക്കുന്നതിനായി വിനിയോഗിക്കാവുന്നതാണ്. 2016-17-ൽ 850 ലക്ഷം രൂപ നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുന്നു.

18. ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റും ലിംബ് ഫിറ്റിംഗ് സെന്ററും ശക്തിപ്പെടുത്തൽ

*(വിഹിതം : 91.00 ലക്ഷം രൂപ)*

ശാരീരിക വൈകല്യമുള്ളവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും പരമാവധി ശ്രദ്ധ നൽകുന്നതിനായിട്ടാണ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തുടനീളമായി ആകെ 18 ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റുകളുണ്ട്. എല്ലാ ജില്ലകളിലേയും നിലവിലുള്ള യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി പ്രധാന ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി 50 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരിത്തിയിട്ടുണ്ട്.

ലിംബ് ഫിറ്റിംഗ് സെന്ററുകളിൽ നിന്നും കൃത്യമ അവയവങ്ങൾ ആവശ്യമുള്ള രോഗികൾക്ക് നൽകുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ 8 ലിംബ് ഫിറ്റിംഗ് സെന്ററുകൾ ഉണ്ട്. 2016-17 വർഷത്തിൽ നിലവിലുള്ള സെന്ററുകളിൽ കൃത്യമ അവയവങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ വാങ്ങുന്നതിനായി 41 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

19. ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള സൊസൈറ്റി

*(വിഹിതം : 50.00 ലക്ഷം രൂപ)*

ചലന വൈകല്യമുള്ളവർക്ക് ഉപകരണങ്ങളും സഹായങ്ങളും നൽകുകയെന്നതാണ് ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനായുള്ള സൊസൈറ്റിയുടെ ലക്ഷ്യം. പ്രസ്തുത സൊസൈറ്റി, നിർദ്ധനർക്ക് ചലനക്ഷമത നൽകുന്ന ഉപകരണങ്ങൾ നൽകുകയും അംഗവൈകല്യം ആരംഭത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ആശാ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യവകുപ്പ് ജീവനക്കാർ സന്നദ്ധ സംഘടനകൾ, അദ്ധ്യാപകർ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ചലനവൈകല്യം ഉള്ളവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് സൊസൈറ്റി ക്യാമ്പുകൾ നടത്തുകയും രോഗികൾക്ക് കൃത്രിമാവയവങ്ങൾ, ചലന സഹായികൾ എന്നിവ സൗജന്യമായി വിതരണം നടത്തുകയും ചെയ്യുന്നു. 2016-17-ൽ 50 ലക്ഷം രൂപ വൈകല്യ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനായും ക്യാമ്പുകളിലേക്ക് ഉപകരണങ്ങളും സഹായങ്ങളും നൽകുന്നതിനും മറ്റു ചെലവുകൾക്കുമായി നീക്കിവെച്ചിരിക്കുന്നു.

20. പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

*(വിഹിതം: 150.00 ലക്ഷം രൂപ)*

ഓപ്പൺ ഹാർട്ട് സർജറി, ബ്രയിൻ സർജറി, പേസ്മേക്കർ ട്രാൻസ്പ്ലാന്റേഷൻ, ക്യാൻസർ, ആൻജിയോപ്ലാസ്റ്റി, റീനൽ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്രൂമർ റിസഷൻ ആന്റ് പ്രോസ്തസിസ്, ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്യൂമർ ഓഫ് ലുംബാർ തൊറാസിക് വെർടിബ്രൽ എന്നിവയുടെ ചികിത്സയ്ക്കായി വരുന്ന നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ പാവപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനായി 150.00 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

21. പബ്ലിക് ഹെൽത്ത് ലബോറട്ടറി ശക്തിപ്പെടുത്തൽ

*(വിഹിതം : 205.00 ലക്ഷം രൂപ)*

പൊതു-സ്വകാര്യ മേഖലയിൽ നിന്നുമുള്ള രോഗികളുടെ രോഗനിർണ്ണയ ആവശ്യങ്ങൾ നിറവേറ്റുന്നത് പബ്ലിക് ഹെൽത്ത് ലബോറട്ടറിയാണ്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ബയോ മെഡിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലെ മാർഗ്ഗദർശ്ശിയാണ്. പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളത്തും, കോഴിക്കോടും കണ്ണൂരും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കൊല്ലം, ആലപ്പുഴ ജില്ലകളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ പ്രതിദിനം 3500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. അതുപോലെ റീജിണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും 1500-ഓളം ടെസ്റ്റുകൾ നടത്തിവരുന്നു. ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ സാംക്രമിക രോഗങ്ങളുടെ പരിശാധനക്കും റിപ്പോർട്ടിംഗിനും സഹായിക്കുന്നു. 2016-17-ൽ 205 ലക്ഷം രൂപ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ നിത്യോപയോഗത്തിനുള്ള റീ ഏജന്റുകൾ, മറ്റുപഭോഗ വസ്തുക്കൾ, വിവിധ ഉപകരണങ്ങൾ ടെസ്റ്റ് കിറ്റുകൾ, റേഡിയോ ഇമ്മ്യൂണൽ അസ്സെ ടെസ്റ്റ് കിറ്റ്, ഫർണിച്ചറുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും ജൈവമാലിന്യ സംസ്കരണത്തിനും വാർഷിക അറ്റകുറ്റപ്പണികൾക്കും മൈനർ വർക്കുകൾക്കും മറ്റു ചെലവുകൾക്കുമായും നീക്കിവച്ചിട്ടുണ്ട്.

22. നഴ്സിംഗ് വിദ്യാഭ്യാസം—നഴ്സിംഗ് സ്കൂളുകൾ

*(വിഹിതം : 173.00 ലക്ഷം രൂപ)*

ആരോഗ്യ വകുപ്പിന് കീഴിൽ 16 നഴ്സിംഗ് സ്കൂളുകളുണ്ട്. പ്രതിവർഷം 425 വിദ്യാർത്ഥികൾ വീതം ജനറൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം തേടാറുണ്ട്. 2016-17-ൽ താഴെ പറയുന്ന സ്കൂളുകൾ നഴ്സിംഗ് വിദ്യാഭ്യാസത്തിനുകീഴിൽ ഉണ്ട് :

ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കളമശ്ശേരി, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്, എസ്സ്. സി./എസ്സ്.ടി. നഴ്സിംഗ് സ്കൂൾ ആശ്രാമം കൊല്ലം എന്നിവയാണ് ഈ പദ്ധതിയിൻ കീഴിലുള്ളത്. 2016-17-ൽ ലാബുകൾ ശക്തിപ്പെടുത്തുന്നതിനും സാധനസാമഗ്രികൾ, ഫർണിച്ചറുകൾ, അടുക്കളപാത്രങ്ങൾ, പുതപ്പുകൾ, കിടക്കകൾ, സ്കൂളുകളിലേക്കും ഹോസ്റ്റലുകളിലേക്കും ആവശ്യമുള്ള മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുന്നതിനും സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണജോലികൾ, പുസ്തകങ്ങൾ, ശ്രവ്യ-ദൃശ്യ ഉപകരണങ്ങൾ, പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൈനർ വർക്കുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 173.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

23. ഡിപ്ലോമാറ്റ് ഓഫ് നാഷണൽ ബോർഡ് (ഡിപ്. എൻ.ബി.) കോഴ്സുകൾ

*(വിഹിതം : 75.00 ലക്ഷം രൂപ)*

ഡിപ്. എൻ. ബി. കോഴ്സിനുവേണ്ടി ദേശീയ ബോർഡ് നിലവിൽ അക്രഡിറ്റ് ചെയ്തിട്ടുള്ളത് ആരോഗ്യ വകുപ്പിന് കീഴിലുള്ള രണ്ട് സ്ഥാപനങ്ങളെയാണ്. ഇവ ജനറൽ മെഡിസിനായുള്ള തിരുവനന്തപുരം ജനറൽ ആശുപത്രിയും മാനസികാരോഗ്യത്തിനായുള്ള തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രവുമാണ്. സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും 2016-17-ൽ 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

24. പകർച്ചവ്യാധികളുടെ നിയന്ത്രണം

*(വിഹിതം: 920.00 ലക്ഷം രൂപ)*

ഡെങ്കിപ്പനി, മലേറിയ, ലെപ്ടോസ്പൈറോസിസ്, ഹെപ്പറ്റൈറ്റിസ്, ചിക്കൻഗുനിയ, എച്ച് 1 എൻ1 പനി, പക്ഷിപ്പനി, മലേറിയ മുതലായ സാംക്രമികരോഗങ്ങൾ വർഷം തോറും വർദ്ധിച്ചുവരികയാണ്. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് നിയന്ത്രിച്ചുകൊണ്ട് മരണനിരക്കും രോഗനിരക്കും കുറയ്ക്കുകയെന്നതാണ് പകർച്ചവ്യാധികളുടെ നിയന്ത്രണം എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നേരത്തേയുള്ള ചികിത്സയും നിയന്ത്രണ പരിപാടികളും ഇതിനാവശ്യമാണ്. 2016-17-ൽ 920.00 ലക്ഷം രൂപ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു :

- പകർച്ചവ്യാധി മുന്നൊരുക്കങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ.
- പകർച്ചവ്യാധികൾ നിയന്ത്രിക്കലും തടയലും.
- ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, കീടനാശിനികൾ, ബ്ലീച്ചിംഗ് പൗഡർ, ഒ. ആർ. എസ്., ഐ. ഇ. സി./ബി. സി. സി. പ്രവർത്തനങ്ങൾ.
- പരിശീലന പരിപാടികൾ നടത്തുക, ഗുണനിലവാര നിരീക്ഷണവും മേൽനോട്ടവും.
- ഗതാഗത സൗകര്യവും, വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും.
- ഒബ്സർവേഷൻ ഓഫ് സി. ഡി. ഡി. ഒ. ആർറ്റി വീക്ക് വയറിളക്ക നിയന്ത്രണ പരിപാടികൾ.
- കുഷ്ഠരോഗ നിർമ്മാർജന പരിപാടി (റീ കൺസ്ട്രക്റ്റീവ് സർജറി), എം. സി. ആർ. ചെരിപ്പുകൾ വിതരണം ചെയ്യൽ, കുഷ്ഠരോഗ പരിശോധന ക്യാമ്പുകൾ.

25. അക്രമങ്ങൾക്കും സാമൂഹ്യ ദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്ക് ആരോഗ്യസംരക്ഷണം :

*(വിഹിതം : 40.00 ലക്ഷം രൂപ)*

അക്രമങ്ങൾക്കും സാമൂഹ്യ ദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്കും ആരോഗ്യസംരക്ഷണം നൽകുന്ന പദ്ധതിയാണ് 2009-ൽ ആരംഭിച്ച "ഭൂമിക" ശാരീരികാഘാതങ്ങൾക്ക് ചികിത്സ നൽകുന്നതിന് പുറമേ ഈ സെന്ററിലെ കൗൺസിലർമാരിൽ നിന്നും സ്ത്രീകൾക്ക്, ധാരാളമായി മാനസിക പിന്തുണ ലഭിക്കുന്നു. ഈ പദ്ധതി എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും 7 താലൂക്കാശുപത്രികളിലും നടപ്പിലാക്കിവരുന്നു. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുക, റഫറൽ സേവനങ്ങൾ നൽകുക, നിയമസഹായം നൽകുക എന്നിവയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. 2016-17-ൽ പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, പരിശീലന പരിപാടികൾ നടത്തുന്നതിനും, അവലോകന യോഗങ്ങൾ, സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഐ.ഇ.സി. പ്രവർത്തനം, വാഹനസൗകര്യം ഏർപ്പെടുത്തൽ, നിലവിലുള്ള 21 കേന്ദ്രങ്ങളിലെ കണ്ടിജൻസി ചെലവുകൾ എന്നിവയ്ക്കായി 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

26. ലഹരി വിമുക്ത കേന്ദ്രങ്ങൾ

*(വിഹിതം : 34.00 ലക്ഷം രൂപ)*

ആരോഗ്യ വകുപ്പിനുകീഴിൽ ഇപ്പോൾ 18 ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. 2016-17-ൽ കാസർഗോഡ് ഒരു ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 34.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. 12 കിടക്കകളോടുകൂടിയ കെട്ടിട നിർമ്മാണം, വൈദ്യുതീകരണവും പ്ലംബിംഗ് പണികളും, മരുന്ന്, ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങുന്നതിനും മൈനർ പണികളുമാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികൾ.

27. ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം

*(വിഹിതം: 300.00 ലക്ഷം രൂപ)*

കേരളത്തിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന സാധാരണ ജന്മനാലുള്ള തകരാറുകളായ കൺജനിറ്റൽ ഹൈപ്പോതൈറോഡിസം, കൺജനിറ്റൽ അഡ്രിനൽ ഹൈപ്പർപ്ലാസിയ, ജി-6 പി.ഡി. ഡഫിഷ്യൻസി, ഫിനൽകെറ്റോനൂറിയ എന്നീ രോഗങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്നു. 2016-17-ൽ പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനായി ഉപകരണങ്ങൾ, ടെസ്റ്റ് കിറ്റുകൾ, റീയേജന്റുകൾ, ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി 300.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

28. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ

*(വിഹിതം: 1830.00 ലക്ഷം രൂപ)*

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകിച്ച് ഗർഭിണികളായ സ്ത്രീകൾക്ക് പ്രത്യേക പരിചരണം ലഭ്യമാക്കുന്നു. ഈ ആശുപത്രികളിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകിവരുന്നു. ഇപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു. കോട്ടയം, മലപ്പുറം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ആശുപത്രികളുടെ പണി പുരോഗമിക്കുന്നു. നേരത്തെ അനുവദിച്ച ഡബ്ല്യിയു. ആന്റ് സി. ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും വന്ധ്യത ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തികൾക്കായി 2016-17-ൽ 1830.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

29. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് (108 ആംബുലൻസ്)

*(വിഹിതം: 1254.00 ലക്ഷം രൂപ)*

റോഡ് അപകടത്തിനിരയായവർക്കും മറ്റ് അത്യാഹിതം സംഭവിച്ചവർക്കും കേരള എമർജൻസി മെഡിക്കൽ സർവ്വീസ് സമയോചിതമായി വൈദ്യസഹായം നൽകുന്നു. ഈ പരിപാടി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. പ്രധാന റോഡുകളുടെ വശങ്ങളിലുള്ള ആശുപത്രികളിൽ അത്യാഹിത പരിചരണ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, സമയോചിതമായി ആംബുലൻസ് സേവനം ലഭ്യമാക്കുകയും ചെയ്യുന്നതുവഴി റോഡ് അപകടങ്ങൾമൂലമുള്ള രോഗനിരക്കും മരണ നിരക്കും കുറയ്ക്കുവാൻ കഴിയും. പ്രസ്തുത പരിപാടി തിരുവനന്തപുരത്തും ആലപ്പുഴയിലും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടപ്പാക്കിയിട്ടുണ്ട്. 2016-17-ൽ 1254.00 ലക്ഷം രൂപ ആംബുലൻസുകളുടെ പ്രവർത്തന ചെലവുകൾക്കും വികസനത്തിനുമായി വക്കയിരുത്തിയിരിക്കുന്നു.

30. ഡി.എച്ച്.എസ്.-ന് കീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ

*(വിഹിതം : 4826.00 ലക്ഷം രൂപ)*

2016-17-ൽ 4826.00 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക നീക്കി വച്ചിരിക്കുന്നു. നേരത്തെ നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുൻഗണനാ നൽകേണ്ടതാണ് :

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെയും പ്രവൃത്തിയുടെയും പേര്* |
|---|---|
| (1) | (2) |
| 1 | കോട്ടയത്ത് വൈക്കം താലൂക്ക് ആശുപത്രിയിൽ കാഷ്വലിറ്റിയുടെയും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെയും നവീകരണം. |
| 2 | തിരുവനന്തപുരത്ത് കേശവദാസപുരം സി. എച്ച്.സി. യിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണവും എക്സ്റേ യൂണിറ്റിന്റെ നിർമ്മാണവും. |
| 3 | ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 4 | തൃശ്ശൂർ വടക്കേക്കാട് സി. എച്ച്. സി.യിൽ ഒ. പി., ഐ. പി., അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുടെ നിർമ്മാണം. |
| 5 | ഇടുക്കി ചിത്തിരപുരം സി. എച്ച്. സി. യിൽ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം. |
| 6 | മാനന്തവാടി ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം. |
| 7 | മഞ്ചേരി നഴ്സിംഗ് സ്കൂളിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം. |
| 8 | മഞ്ചേരിയിൽ ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 9 | തിരുവനന്തപുരം എസ്. ടി. ഡി. സി.യിൽ വാഹന പാർക്കിംഗ് ഷെഡിന്റെ നിർമ്മാണം. |
| 10 | അമരമ്പലം പി. എച്ച്. സി.യിൽ ഫാർമസി കെട്ടിടത്തിന്റെ നിർമ്മാണം |
| 11 | തിരുവനന്തപുരത്ത് ഫാമിലി വെൽഫെയർ ഓഫ്സെറ്റ് പ്രസ്സിന്റെ നവീകരണം |
| 12 | ആലപ്പുഴ ജനറൽ ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഒന്നാംഘട്ട നിർമ്മാണം. |
| 13 | കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഇലക്ട്രിക്ക് ഹൈ ടെൻഷൻ സബ് സ്റ്റേഷന്റെ നിർമ്മാണം. |
| 14 | കോഴിക്കോട് എം. എച്ച്. സി.യിൽ പുതിയ ഒ. പി., അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുടെ നിർമ്മാണം. |
| 15 | പാരിപ്പള്ളി പി. എച്ച്. സി.യിൽ ലാബ് കെട്ടിടത്തിന്റെ നിർമ്മാണം. |
| 16 | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഫാർമസി സ്റ്റോറിന്റെ നവീകരണം |
| 17 | വയനാട് മുപ്പെനാട് പി. എച്ച്. സി.യിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 18 | തൃശ്ശൂർ ചാവക്കാട് താലൂക്ക് ആശുപത്രിയിൽ ക്ലിനിക്കൽ ലാബ്, എക്സ്റേ റൂം എന്നിവയുടെ നിർമ്മാണം. |
| 19 | കൊല്ലം ജില്ലാ ആശുപത്രിയിൽ സി. സി. യു., ഐ. സി. യു. വാർഡ് നിർമ്മാണം. |
| 20 | ഫോർട്ട് താലൂക്ക് ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനം. |
| 21 | തിരുവനന്തപുരം എം. എച്ച്. സിയിൽ അക്കാഡമിക് ബ്ലോക്ക്, ഫാർമസി സ്റ്റോർ നിർമ്മാണം |
| 22 | തിരുവനന്തപുരം നഴ്സിംഗ് സ്കൂളിൽ ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം |
| 23 | പൂന്തുറ പി. എച്ച്. സിയിൽ ഒ. പി. ഐ. പി., ലിഫ്റ്റ്, റാംപ് എന്നിവയുടെ നിർമ്മാണം. |
| 24 | വാമനപുരം 24 × 7 പി. എ. സി.യിൽ 50 കിടക്കകളുള്ള വാർഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം. |
| 25 | മാനന്തവാടി ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് സ്കൂളിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം. |

| (1) | (2) |
|---|---|
| 26 | വർക്കല താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 27 | കൊല്ലം ആശ്രമം നഴ്സിംഗ് സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 28 | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ രണ്ടാം ഘട്ട നിർമ്മാണം |
| 29 | കൊല്ലം പി. എച്ച്. ലാബിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |
| 30 | തൊളിക്കോട് 24 × 7 പി. എച്ച്. സി.യിൽ നിർമ്മാണ പ്രവർത്തനം. |
| 31 | വള്ളിക്കുന്നം പി. എച്ച്. സി.യിൽ ഐ. പി. ബ്ലോക്കിന്റെ നിർമ്മാണം. |
| 32 | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം. |

31. പൊതുജനാരോഗ്യ സംരക്ഷണ ഏജൻസി

*(വിഹിതം : 500.00 ലക്ഷം രൂപ)*

ആധുനിക വൈദ്യശാസ്ത്രം 18 മുതൽ 20 വരെയുള്ള നൂറ്റാണ്ടുകളിൽ വിശാലമായ പരസ്പര ബന്ധമുള്ള മൂന്ന് ശാഖകളോടുകൂടി പുരോഗതി നേടി. പൊതുജനാരോഗ്യം, ശസ്ത്രക്രിയ, വൈദ്യശാസ്ത്രം (അവസാനത്തെ രണ്ട് ഘടകങ്ങൾ ചേർന്ന് ആരോഗ്യ സുരക്ഷ രൂപം കൊണ്ടു.) ജൈവ വൈദ്യശാസ്ത്ര കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനു മുൻപ് തന്നെ ദ്വിഘടക മാതൃക സ്വീകരിച്ച രാജ്യങ്ങൾ (പൊതുജനാരോഗ്യവും ആരോഗ്യസുരക്ഷയും)-സാമൂഹ്യ സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഭൂരിഭാഗം സാംക്രമിക രോഗങ്ങളേയും നിയന്ത്രിക്കുന്നതിൽ വിജയം വരിച്ചു. എല്ലാ വികസിത രാജ്യങ്ങൾക്കും വിവിധ പേരുകളിൽ പൊതു ജനാരോഗ്യ സംരക്ഷണ ഏജൻസികളുണ്ട്. എന്നാൽ കേരളം എന്ന സംസ്ഥാനത്തിനോ ഇന്ത്യ എന്ന രാജ്യത്തിനോ പൊതുജനാരോഗ്യ സംരക്ഷണ ഏജൻസികളില്ല. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് ഉയർന്ന രോഗാവസ്ഥയാണുള്ളതെങ്കിലും മരണനിരക്ക് കുറവാണ്. കാരണം ജനങ്ങളുടെ ആരോഗ്യസുരക്ഷയിലുള്ള ശ്രദ്ധയും ഭൗമ രാഷ്ട്രീയ സാഹചര്യങ്ങളുമാണ്. നല്ല ആരോഗ്യം കൊണ്ടർത്ഥമാക്കുന്നത് സാംക്രമിക രോഗങ്ങളുടെ നിയന്ത്രണമാണ്. സാംക്രമിക രോഗങ്ങളെ പ്രത്യേകിച്ചും പകർച്ചവ്യാധികളെയും മാരക രോഗങ്ങളേയും നിയന്ത്രിക്കുന്നതിനായി പൊതുജനാരോഗ്യ സംരക്ഷണ ഏജൻസിക്ക് രൂപം നൽകുകയും സ്ഥാപിക്കുകയും ചെയ്യുക എന്നുള്ള സുശക്തമായ വാദം കേരളത്തിനനുകൂലമായിട്ടുണ്ട്. പകർച്ചവ്യാധികളുടെ അതിപ്രസരം കാരണം അവഗണിക്ക പ്പെട്ടുകിടക്കുന്ന മേഖലകളിൽ ആരോഗ്യ സുരക്ഷ ശക്തമായി ഉറപ്പിക്കണം. ഗുണമേന്മയുള്ള ആരോഗ്യ സുരക്ഷകൊണ്ട് ആരോഗ്യ സുരക്ഷയുടെ മൊത്തത്തിലുള്ള ചെലവ് കുറയുകയും ആരോഗ്യ സുരക്ഷ മെച്ചപ്പെടുകയും ചെയ്യും. 2016-17-ൽ പ്രത്യേക പൊതുജനാരോഗ്യ പ്രവർത്തന സംഘത്തിന്റെ വികസനത്തിനും അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടെ ഒരു പൊതുജനാരോഗ്യ പ്രചരണം നടത്തുന്നതുമായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

32. ആരോഗ്യകിരണം:

*(വിഹിതം : 3150.00 ലക്ഷം രൂപ)*

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം മുൻകൈയെടുത്തു നടത്തുന്ന ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ള ദേശീയ ശിശു ആരോഗ്യ പരിപാടി (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം) ലക്ഷ്യമിടുന്നത് കുട്ടികളുടെ രോഗനിർണ്ണയവും പരിശോധനയും നേരത്തെ കണ്ടെത്തി ചികിത്സിക്കുക കൂടാതെ കുട്ടികളിൽ കൂടുതലും കണ്ടുവരുന്ന 4 അപര്യാപ്തതകൾ നേരത്തെ കണ്ടെത്തി അവ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ്. ഇത്തരം അപര്യാപ്തതകളാണ് ജനനവൈകല്യങ്ങൾ, കുട്ടികളിലെ രോഗങ്ങൾ, അപര്യാപ്ത അവസ്ഥയും വൈകല്യങ്ങൾ ഉൾപ്പെടെ വൈകിയുള്ള വികാസവും. കേരള സർക്കാർ ആരംഭിച്ച ആരോഗ്യകിരണം പദ്ധതിയിലൂടെ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അപകടങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അസുഖങ്ങൾ, ദേശീയ ശിശുജനാരോഗ്യ പദ്ധതിയിൻകീഴിൽ വരാത്തവയ്ക്കുള്ള ചികിത്സാചെലവ് എന്നിവ സർക്കാർ വഹിക്കും. ദാരിദ്ര്യരേഖയ്ക്ക് താഴെ/മുകളിൽ എന്ന വ്യത്യാസമില്ലാതെ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഐ. ഇ. സി., ബി. സി. സി. പ്രവർത്തനങ്ങൾ, നിരീക്ഷണവും വില യിരുത്തലും ആരോഗ്യ മേള എന്നിവയും ഈ പദ്ധതിയി ലുൾപ്പെടുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ സാമൂഹിക നീതി വകുപ്പിന്റെ പദ്ധതികളായിരുന്ന 1. കുട്ടികൾക്കുള്ള കാൻസർ സുരക്ഷപദ്ധതി (18 വയസ്സിൽ താഴെയുള്ള രോഗികൾക്ക് സൗജന്യ ചികിൽസ) 2. താലോലം (ഗുരുതരമായ രോഗംമൂലം ദുരുതമനുഭവിക്കുന്ന 18 വയസ്സിൽ താഴെയുള്ള രോഗികൾക്ക് സൗജന്യ ചികിൽസ) എന്നിവ ഈ പദ്ധതിയിൽ ലയിപ്പിക്കുകയും ബഡ്ജറ്റ് വിഹിതം അനുപാതികമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2016-17-ൽ 3150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

33. പേവിഷ ബാധക്കെതിരായ പ്രചാരണം

*(വിഹിതം : 500.00 ലക്ഷം രൂപ)*

അനിമൽ വെൽഫെയർ ബോർഡിന്റെയും സർക്കാർ ഇതര സംഘടനകളുടെയും സഹായത്തോടെ, പേവിഷ ബാധക്കെതിരായി ഒരു സുപ്രധാന പ്രചാരണ പരിപാടി ആരംഭിക്കുന്നതിനും ഇതിലേക്കായി കേന്ദ്രഫണ്ട് സ്വരൂപിക്കുന്നതിനുംവേണ്ടി 2016-17-ൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. തെരുവ് നായ്ക്കളുടെ നിയന്ത്രണം, ജനന നിയന്ത്രണം, പേവിഷത്തിനെതിരായ വാക്സിനേഷൻ, ഇമ്മ്യൂണോഗ്ലോബു ലിൻ എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആരോഗ്യം, മൃഗ സംരക്ഷണം, ടൂറിസം, നഗരകാര്യം എന്നീ വകുപ്പുകളുടെ ഒരുമിച്ചുള്ള പദ്ധതിയാണിത്. കേരളംപോലെ വിനോദസഞ്ചാര പ്രാധാന്യമുള്ള സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളെ നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. പദ്ധതി നടപ്പിലാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ ഒരുമിച്ച് തീരുമാനിക്കുന്നതാണ്.

34. ഇ-ഹെൽത്ത് പ്രോഗ്രാം

*(വിഹിതം : 388.00 ലക്ഷം രൂപ)*

ഇ-ഹെൽത്ത് പദ്ധതി എന്നത് വിവര വിനിമയ സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ പ്രയോജന പ്പെടുത്തലാണ്. ഇതിൽ ചികിൽസ, റിസർച്ച്, ആരോഗ്യ പ്രവർത്തകരുടെ ട്രയിനിംഗ്, രോഗനിർണ്ണയം, പൊതുജനാരോഗ്യം നിരീക്ഷിക്കൽ, എന്നിവ ഉൾപ്പെടുത്തുന്നു.

കൂടാതെ രോഗിയുടെ രോഗവിവരങ്ങൾ മനസ്സിലാക്കൽ, വിവര വിനിമയം, പ്രാഥമിക-ദ്വിതീയ തൃതീയ മേഖലകൾ തമ്മിലും സ്വകാര്യ പൊതു മേഖലകളും തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം, മെഡിക്കൽ രേഖകളുടെ കമ്പ്യൂട്ടർ വൽക്കരണം എന്നിവയും ഉൾപ്പെടുന്നു. ഇ-ഹെൽത്ത് വൈഞ്ജാനികവും നിർവ്വഹണാധിഷ്ടിതവും പരിവർത്തികവുമാണ്. ഈ പദ്ധതി ആരോഗ്യവകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ചേർന്ന് നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായും കേന്ദ്രവിഹിതം ലഭ്യമാകാത്ത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2016-17-ൽ 388 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഡി. എച്ച്. എസി.ന് കീഴിലെ ടെലിമെഡിസിൻ യൂണിറ്റുകളുടെ പ്രവർത്തനത്തിനും ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്. ടെലികമ്മ്യൂണിക്കേഷന്റെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും സഹായത്തോടെ വിദൂരതയിലിരുന്ന് ആരോഗ്യസംരക്ഷണം നൽകാവുന്നതാണ്. ടെലിമെഡിസിൻ പദ്ധതി അകലംമൂലമുള്ള തടസ്സം ഇല്ലാതാക്കുന്നു. പാലക്കാട്, വയനാട് ജില്ലകളിലെപോലെ ഒറ്റപ്പെട്ട പ്രദേശങ്ങളിലും സമൂഹങ്ങൾക്കിടയിലും ടെലിമെഡിസിൻ പ്രയോജനകരമാണ്. ടെലിമെഡിസിൻ ഒരു പഠന ഉപാധിയായിട്ടും വദൂര മെഡിക്കൽ വിദ്യാഭ്യാസത്തിന് ഉപയോഗിക്കാവുന്നതാണ്.

35. അടിയന്തിര വൈദ്യസഹായം ശക്തിപ്പെടുത്തൽ

*(വിഹിതം : 250.00 ലക്ഷം രൂപ)*

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, ആരോഗ്യപ്രശ്നങ്ങളായ ഹൃദയാഘാതം, പക്ഷാഘാതം, ആസ്ത്മ, പാമ്പിൻ വിഷം, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയ്ക്ക് അടിയന്തിര വൈദ്യസഹായം എത്തിക്കേണ്ടതുണ്ട്. അടിയന്തിര വൈദ്യസഹായം എന്നതിൽ ജനറൽ മെഡിസിൻ, സർജറി എന്നിവ ഉൾപ്പെട്ടിരിക്കുന്നു. അടിയന്തിര വൈദ്യസഹായം ആവശ്യമായ ഘട്ടം നേരിടുന്നതിനായി സുശക്തമായ സംവിധാനവും മെഡിക്കൽ സംഘവും ആവശ്യമാണ്. ഇത് സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

36. സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി

*(വിഹിതം: 1000.00 ലക്ഷം രൂപ)*

സാംക്രമികേതര രോഗങ്ങൾ സമൂഹത്തിന് ഒരു വലിയ ഭീക്ഷണിയായി പ്രത്യേകിച്ചും കാർഡിയോവാസ്കുലർ രോഗങ്ങൾ, അർബുദം, ടൈപ്പ് 2 ഡയബറ്റിക്സ് മെലിറ്റസ് (30-60 വയസ്സിനും ഇടയിലുള്ളവർ) അതുപോലെ അമിതവണ്ണം ആകട്ടെ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, സ്തനാർബുദം, പ്രമേഹം, സന്ധിരോഗങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു. അതിനാൽ സാംക്രമികേതര രോഗങ്ങൾ തടയേണ്ടത് അത്യാവശ്യമാണ്. 2016-17-ൽ 1000.00 ലക്ഷം രൂപ സാംക്രമികേതര രോഗങ്ങൾ തടയുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ആരോഗ്യകരമായ ഒരു ചുറ്റുപാട് താഴെപ്പറയുന്ന പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട് :

- സി.സി.യു. ഉപകരണങ്ങൾ, എക്സറേ മെഷീൻ, മാമോഗ്രാം, ലാൻസെറ്റ്സ്, ഗ്ലൂക്കോസ്ട്രിപ്പ്സ്, മരുന്നുകൾ, മാനേജ്മെന്റ് ഓഫ് ക്രോണിക് ഓബ്സ്ട്രക്ടീവ്, പൾമൊണറി ഡിസീസ്.
- കെയർ ഓൺവീൽ, കെയർഓൺ വേവ്സ് പരിപാടി.
- സംസ്ഥാന/ജില്ലാ പഞ്ചായത്ത് തലങ്ങളിൽ സെമിനാറുകൾ, വർക്ഷോപ്പുകൾ, മാർച്ച്, റാലി എന്നിവ സംഘടിപ്പിക്കൽ.
- ഐ. ഇ. സി./ബി. സി. സി. പ്രവർത്തനങ്ങൾ
- പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
- പുകയില വിരുദ്ധദിനാചരണം, സിഗരറ്റ് ആൻഡ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (COTPA) മറ്റ് അനുബന്ധ പ്രവർത്തനങ്ങളും.
- ജില്ലാ ഉപജില്ലാതല ആശുപത്രികളിൽ എൻ. സി. ഡി. ക്ലിനിക് ശക്തിപ്പെടുത്തൽ.
- പട്ടണങ്ങളിൽ പരിശോധന ക്യാമ്പുകൾ, ആരോഗ്യ ദായക പ്രവർത്തി സ്ഥലങ്ങൾ, സ്കൂളുകളിലും ജോലി സ്ഥലങ്ങളിലും യോഗ പരിശീലനം.

37. സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതി (കേരള പരിപ്രേഷ്യ പദ്ധതി 2030)

*(വിഹിതം: 100.00 ലക്ഷം രൂപ)*

സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ മേഘലകളിൽ ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ച നടത്തി ഒരു പരിപ്രേഷ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി. എച്ച്. എസ്സ്. സംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതി ശുപാർശചെയ്തിട്ടുണ്ട്. പ്രാഥമിക ദ്വിദീയ തലങ്ങളിലുള്ള ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ മുഖേന സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുകയും തടയുകയും ചെയ്യുകവഴി ആരോഗ്യ രക്ഷാ ചിലവ് കുറക്കുകയാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പദ്ധതി ചികിൽസയേക്കാൾ പ്രതിരോധത്തിനാണ് മുൻതൂക്കം നൽകുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17-ൽ 100 ലക്ഷം രൂപ പൊതുജനാരോഗ്യ വിഭാഗത്തിനായി വകയിരുത്തിയിരിക്കുന്നു.

നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ :

- സാംക്രമികേതരരോഗങ്ങളുടെ നിയന്ത്രണവും അപകട സാധ്യതയുമായി ബന്ധപ്പെട്ട ഒരു അടിസ്ഥാന വിവര ശേഖരണം.
- സാംക്രമികേതരരോഗങ്ങളുടെ നിയന്ത്രണത്തിനായി പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസിയുടെ ശരിയായ പ്രവർത്തനം
- പ്രധാന സാംക്രമികേതരരോഗങ്ങളായ കാൻസർ, ഡയബറ്റിസ്, കാർഡിയോവാസ്കുലർ രോഗങ്ങൾ, സ്ട്രോക്ക് മുതലായവയുടെ നിയന്ത്രണപരിപാടികൾ
- തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സാംക്രമികേതര രോഗങ്ങൾക്കെതിരായ ബോധവൽക്കരണം.
- വിവരാധിഷ്ഠിത നിയന്ത്രണവും ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുത്തലും.
- വിവരാധിഷ്ഠിത വിലയിരുത്തലും അവലോകനവും.

38. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ്

*(വിഹിതം: 175.00 ലക്ഷം രൂപ)*

ഇ. എസ്. ഐ. പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 7.62 ലക്ഷം ഇ. എസ്. ഐ. ഗുണഭോക്താക്കൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനായി ആകെ 140 ഇ. എസ്. ഐ. ഡിസ്പെൻസറികളും, 9 ഇ. എസ്. ഐ. സംസ്ഥാനതല ആശുപത്രികളും ഉണ്ട്. ഒൻപത് ഇ. എസ്. ഐ. ആശുപത്രികളിൽ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ഒൻപത് ആശുപത്രികളുടെ പരിസരം മോടി പിടിപ്പിക്കൽ, നാല് ആശുപത്രികളിൽ ഐ. എസ്. ഒ. അംഗീകാരം ലഭ്യമാക്കൽ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 175.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

39. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ശക്തിപ്പെടുത്തൽ

*(വിഹിതം : 235.00 ലക്ഷം രൂപ)*

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ക്രിമിനൽ നീതി ഭരണ സമ്പ്രദായത്തിന് സ്വതന്ത്രമായ ശാസ്ത്ര സേവനങ്ങൾ നൽകിവരുന്നു. കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡികോ-ലീഗൽ വിദഗ്ദ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ഗുണകരവും ക്രിമിനൽ കേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽ നീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. ഉൽസവ കാലങ്ങളിൽ മദ്യ സാമ്പിളുകളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് സഹായിക്കുകയും, ക്രിമിനൽ കേസുകളുടെ വസ്തുത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും വിദഗ്ധാഭിപ്രായം നൽകുകയും ചെയ്യുന്നു. 2015-16 വർഷത്തേക്ക് എൻ. എ. സി. എൽ. അക്രഡിറ്റേഷൻ, അനലിറ്റിക്കൽ ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ്‌വെയർ, ലബോറട്ടറി ഉപകരണങ്ങൾ, സ്പെയേർസ്, കൺസ്യൂമബിൾസ്, അനലിറ്റിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ഉടമ്പടി, നിർമ്മാണ പ്രവർത്തനങ്ങൾ, രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം എന്നിവയ്ക്കായി 235 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

40. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികൾ ശക്തിപ്പെടുത്തൽ

*(വിഹിതം : 650.00 ലക്ഷം രൂപ)*

എറണാകുളത്തും കോഴിക്കോടുമായി രണ്ട് റീജിണൽ അനലിറ്റിക്കൽ ലബോറട്ടറികളും തിരുവനന്തപുരത്ത് ഒരു ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയും പത്തനംതിട്ടയിൽ ഒരു സ്റ്റേറ്റ് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും ഉണ്ട്. ജലം, പാൽ. സാധാരണ മായം ചേർക്കുന്ന വസ്തുക്കളായ നിറം, കൃത്രിമ മധുരം, ബാഹ്യവസ്തുക്കൾ, ഫംഗൽ വളർച്ച എന്നിവ ഈ ലബോറട്ടറികളിലൂടെ പരിശോധിക്കുന്നു. പെട്ടെന്ന് ജീർണ്ണിച്ചു പോകുന്ന ഭക്ഷണ ഇനങ്ങൾ ഈ ലബോറട്ടറികളിലൂടെ വിശകലനം നടത്താവുന്നതാണ്. 2016-17-ൽ അനലിസ്റ്റ് ലബോറട്ടറികളുടെ ശക്തിപ്പെടുത്തലിനായി 650 ലക്ഷം രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

- എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഫുഡ് ലബോറട്ടറികളുടെ നവീകരണവും പുനരുദ്ധാരണവും.
- അനലറ്റിക്കൽ ഉപകരണങ്ങളും സാമഗ്രികളും ലിക്വുഡ് ക്രോമറ്റോഗ്രാഫ് എന്നിവ വാങ്ങൽ.
- ലബോറട്ടറി മൈക്രോബയോളജി കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ, സി.ആർ.എം. ശാസ്ത്രപുസ്തകങ്ങൾ എന്നിവ വാങ്ങൽ.
- ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ഉടമ്പടി, മൈനർ വർക്സ്.
- മൈക്രോബയോളജി ലാബിന്റെ ശാക്തീകരണം.
- അനലിറ്റിക്കൽ ലബോറട്ടറികളുടെ എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ.

41. ഭക്ഷണവസ്തുക്കളിൽ മായം ചേർക്കൽ തടയലും ഭരണ സംവിധാനവും

*(വിഹിതം : 500.00 ലക്ഷം രൂപ)*

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട്, 2006 പ്രകാരം ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായാണ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിതമായിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനും ഉൽപ്പാദനം ക്രമീകരിക്കുന്നതിനും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ജനങ്ങളുടെ ഉപയോഗത്തിന് സുരക്ഷിതമായതും കേടുവരാത്തതുമായ ഭക്ഷണം ഇറക്കുമതി ഉറപ്പുവരുത്തുന്നതിനുമാണ് ഈ സ്ഥാപനം ഉദ്ദേശിക്കുന്നത്. ജനങ്ങൾ ഉപയോഗിക്കുന്ന എല്ലാ ഭക്ഷണ സാധനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ ലക്ഷ്യം. 2016-17-ൽ 500 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു :

- ഓഫീസുകളിലും ലബോറട്ടറികളിലും ഫർണിച്ചർ വാങ്ങൽ.
- ഗുണഭോക്താക്കൾക്കിടയിൽ നിലവിലുള്ള ബോധവൽക്കരണ നിലവാരം അവലോകനം ചെയ്യുന്നത് ഉൾപ്പെടെയുള്ള ഐ.ഇ. സി. പ്രവർത്തനങ്ങൾ നടത്തുക, ദൃശ്യ മാധ്യമങ്ങളിലൂടെയും, എഫ്. എം. ചാനലിലൂടെയും, പ്രിന്റ് മീഡിയയിലൂടെയും തുടർച്ചയായ പരസ്യങ്ങൾ, വിദ്യാലയ ആരോഗ്യ പരിപാടി, വിവിധ സ്റ്റേക്ക് ഹോൾഡർമാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടി എന്നിവ.
- എൻഫോഴ്സ്മെന്റ് വിഭാഗത്തിലും ഡിപ്പാർട്ടമെന്റ് ലബോറട്ടറി വിഭാഗത്തിലേയും ജീവനക്കാർക്ക് പരിശീലനം നൽകൽ.
- ഫുഡ് ബിസിനസ് സംഘടനയുടെ പരിശോധനയുമായി ബന്ധപ്പെട്ട സാമ്പിൾ പരിശോധനയ്ക്കായി ഭക്ഷണ സാമ്പിളുകൾ വാങ്ങൽ, നിയമപുസ്തകങ്ങൾ , ശാസ്ത്ര പുസ്തകങ്ങൾ, ജേർണലുകൾ, സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ എന്നിവ വാങ്ങൽ.
- വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് ഓഫീസ് ചെലവുകൾ, ഇ-ഗവേണൻസ്, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി.
- ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്, കെട്ടിടനിർമ്മാണം.
- മെഷിനറി, ഉപകരണങ്ങൾ, ഷെഫ്തെർമോമീറ്റർ, ഡീപ് ഫ്രീസർ, ഡി. എൽ. പി. പ്രെജക്റ്റർ ആന്റ് സക്രീൻ, ഡിജിറ്റൽ ക്യാമറ, ഡീപ് ഫ്രീസറനുള്ള പവർ സപ്ലൈ, കമ്പ്യൂട്ടർ (ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കുള്ള സിം ഉൾപ്പെടെയുള്ള ടാബിലറ്റ്).

42. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് ശക്തിപ്പെടുത്തൽ

*(വിഹിതം : 348.00 ലക്ഷം രൂപ)*

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാരം മരുന്ന് നിയന്ത്രണ വകുപ്പ് നിയന്ത്രിക്കുന്നു. ഉൽപ്പാദന ലൈസൻസ്, മരുന്നുകളുടെ വിതരണവും

വിൽപ്പനയും, വിൽപ്പന കേന്ദ്രങ്ങൾ/ആശുപത്രികൾ/സ്ഥാപനങ്ങളുടെ പരിശോധന, മരുന്നുകളുടെ സാമ്പിളുകളും അവയുടെ പരിശോധനയും, നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾ മുതലായവ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിയന്ത്രണ പരിധിയിൽ വരുന്നു. ലഹരിമരുന്നുകളായ മോർഫിൻ, പെത്തഡിൻ മുതലായവ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റ് അനുസരിച്ച് അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് നിയന്ത്രിച്ചിരിക്കുന്നു. ഒരു പ്രത്യേക ആയുർവേദ വിഭാഗവും വകുപ്പിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. 2016-17-ൽ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന് താഴെപറയുന്ന പ്രവർത്തനങ്ങൾക്കായി 348 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് :

- പത്തനംതിട്ട, കോഴിക്കോട് ഡ്രഗ്സ്ടെസ്റ്റിംഗ് ലാബിന്റെ കെട്ടിട നിർമ്മാണവും പൂർത്തീകരണവും.
- കെമിക്കൽസ് മെഷിനറികളും ഉപകരണങ്ങളും ഗ്ലാസ്‌വെയറുകളും എറണാകുളത്തെയും തിരുവനന്തപുരത്തെയും ഡ്രഗ് ടെസ്റ്റിംഗ് ലാബോറട്ടറികളിൽ വാങ്ങുന്നതിന്.
- മെയിന്റനൻസ് പണികൾ
- കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ബ്ലഡ് ബാങ്കിനുള്ള സോഫ്റ്റ് വെയർ.
- മെഷിനറികളുടെയും ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി.
- ഫർണിച്ചർ വാങ്ങൽ.

43. നാഷണൽ ഹെൽത്ത് മിഷൻ (40% സംസ്ഥാന വിഹിതം)

*(വിഹിതം: 24300.00 ലക്ഷം രൂപ)*

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷൻ (2012-17) നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കൽ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്കായി അഞ്ച് ധനസഹായ ഘടകങ്ങൾ ഉണ്ട്. ഇവ :

(i) എൻ. ആർ. എച്ച്. എം./ആർ. സി. എച്ച്. ഫ്ളക്സിപൂൾ

(ii) എൻ. യു. എച്ച്. എം. ഫ്ളക്സിപൂൾ

(iii) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ളക്സിപൂൾ

(iv) സാംക്രമികരോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ളക്സിപൂൾ

(v) ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ്.

ഫാമിലി വെൽഫെയർ പ്രോഗ്രാമിന്റെ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷനും നാഷണൽ അർബൻ ഹെൽത്ത് മിഷനും നാഷണൽ ഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. മൊത്തം കേന്ദ്ര വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന വിഹിതമായി നൽകേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും എൻ. എച്ച്. എം.നായി 370 കോടി രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 24300 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

കുടുംബക്ഷേമ പരിപാടികളിലെ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗരകുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റിവാബിംഗ് സ്കീം (ഹെൽത്ത് പോസ്റ്റ്), എ. എൻ. എം./എൽ. എച്ച്. വി. ട്രെയിനിംഗ് സ്കൂൾ, ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. എന്നിരുന്നാലും പുതിയ എസ്. സി. എച്ച്. പുതിയ തസ്തികകൾ എന്നിവ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ അനുവദിക്കുകയുള്ളൂ. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്ര സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എൻ. എച്ച്. എം.ന്റെ നടപ്പിലാക്കൽ നിർദ്ദേശങ്ങളുനുസരിച്ചും 2016-17 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചിലവഴിക്കാൻ പാടുള്ളൂ.

**പുതിയ പദ്ധതികൾ**

44. ഡ്രഗ്ഗ് സ്റ്റോറുകളുടെ ആധുനികവൽക്കരണം

*(വിഹിതം: 600.00 ലക്ഷം രൂപ)*

മരുന്നുകൾ കൈകാര്യം ചെയ്യുന്ന ചക്രത്തിലെ ഒരു പ്രധാന ഘടകമാണ് മരുന്നു സൂക്ഷിച്ചുവയ്ക്കൽ, ശരിയായ രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതുമൂലം അവ ചീത്തയാകുന്നതും മലിനമാക്കുന്നതും വികലമായി അണുബാധയേൽക്കുന്നതും തടയുന്നതിനും മോഷണം നഷ്ടപ്പെടൽ മുതലായവ മൂലമുള്ള നഷ്ടം ഒഴിവാക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും സാധിക്കുന്നു. ആരോഗ്യ വകുപ്പ് വർഷം തോറും ഏകദേശം 300 കോടി രൂപയുടെ മരുന്നു വാങ്ങുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സൂക്ഷിച്ചുവച്ചാൽ മാത്രമേ മരുന്നുകളുടെ യഥാർത്ഥ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ. ശരിയായ രീതിയിൽ സൂക്ഷിക്കാത്ത മരുന്നുകൾക്ക് രോഗം ശമിപ്പിക്കൽ ശേഷി കുറയും. മരുന്നുകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം മിക്കവാറും ആശുപത്രികളിൽ ലഭ്യമല്ല. ആശുപത്രികളിലെ മരുന്നു ശേഖരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഒന്നാം ഘട്ടമെന്ന നിലയിൽ ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും ഉൾപ്പെടെ 5 ആശുപത്രികൾ ഇതിനായി തിരഞ്ഞെടുത്ത് മൈനർ വർക്സ്, ഉപകരണങ്ങൾ, സാമഗ്രികൾ എന്നീവയ്ക്കായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ആരോഗ്യ വിദ്യാഭ്യാസം**

തിരുവനന്തപുരം (2), ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി (മലപ്പുറം), ഇടുക്കി, എറണാകുളം, കോന്നി (പത്തനംതിട്ട), കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലെ 11 മെഡിക്കൽ കോളേജുകൾ വഴിയാണ് കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ 6 നഴ്സിംഗ് കോളേജുകൾ വഴി നഴ്സിംഗ് വിദ്യാഭ്യാസവും നൽകിവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ 5 ദന്തൽകോളേജുകളും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും ഈ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ വികസനത്തിനായി 2016-17-ൽ 39,388 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

45. <u>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം</u>

*(വിഹിതം: 500.00 ലക്ഷം രൂപ)*

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിനായി 2016-17-ൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫർണീച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി/സമഗ്ര വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി പുതുക്കൽ, മൈനർ വർക്സ് (സിവിൽ, ഇലക്ട്രിക്കൽ & പ്ലംബിംഗ്) നെറ്റ് വർക്കിംഗ്, ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ, ബയോമെട്രിക് പബിംഗ് സംവിധാനം, ഇ-ഗവേണൻസ് മുതലായവ.

46. <u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ വികസനം</u>

*(വിഹിതം : 12110.00 ലക്ഷം രൂപ)*

2016-17-ൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി 12110 ലക്ഷം രൂപ വകയിരിത്തിരിക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *റവന്യൂ* | *ക്യാപ്പിറ്റൽ* | *ആകെ* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 1500 | 1100 | 2600 |
| 2 | മെഡിക്കൽ കോളേജ്, കോഴിക്കോട് | 800 | 875 | 1675 |
| 3 | മെഡിക്കൽ കോളേജ്, കോട്ടയം | 550 | 650 | 1200 |
| 4 | മെഡിക്കൽ കോളേജ്, ആലപ്പുഴ | 600 | 650 | 1250 |
| 5 | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 650 | 625 | 1275 |
| 6 | മെഡിക്കൽകോളേജ്, മഞ്ചേരി. | 450 | 0 | 450 |
| 7 | മെഡിക്കൽ കോളേജ്, ഇടുക്കി | 400 | 0 | 400 |
| 8 | മെഡിക്കൽ കോളേജ് എറണാകുളം | 400 | 600 | 1000 |
| 9 | മെഡിക്കൽ കോളേജ്, കോന്നി | 200 | 0 | 200 |
| 10 | മെഡിക്കൽ കോളേജ്, ജി. എച്ച്. ക്യാംമ്പസ് തിരുവനന്തപുരം | 400 | 0 | 400 |
| 11 | മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം | 1000 | 0 | 1000 |
| 12 | റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി തിരുവനന്തപുരം | 500 | 0 | 500 |
| 13 | കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, തിരുവനന്തപുരം | 60 | 100 | 160 |
| | ആകെ | 7510 | 4600 | 12110 |

അടിസ്ഥാന സൗകര്യവികസനം, മരുന്നുകൾ, ഉപഭോഗവസ്തുക്കൾ, ഉപകരണങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ, മൈനർ വർക്സ്, നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, നിലവിലുള്ള മെഷീനുകളുടെ അനുബന്ധ ഭാഗങ്ങൾ, ഗ്ലാസ് വെയർ, കെമിക്കലുകൾ, ലൈബ്രറി ബുക്കുകൾ, പഠന ഉപകരണങ്ങൾ, ഫർണിച്ചറുകൾ, അടിയന്തിര വൈദ്യസഹായം, മാലിന്യ സംസ്കരണം, രോഗനിർണ്ണയം, വാർഷിക അറ്റകുറ്റപ്പണി, ഉടമ്പടി, ഫെർട്ടിലിറ്റി ആൻഡ് അസിസ്റ്റഡ് റീ പ്രൊഡക്റ്റീവ് ടെക്നോളജി യൂണിറ്റിന്റെ പ്രവർത്തനവും നിലവാരം ഉയർത്തലും മറ്റ് ചിലവുകൾ മുതലായവയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിട്ടുള്ളത്.

47. <u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ദന്തൽ കോളേജുകളുടെ വികസനം</u>

*(വിഹിതം : 2600.00 ലക്ഷം രൂപ)*

ദന്തൽ കോളേജുകളുടെ വികസനത്തിനായി 2016-17-ൽ 2600 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

- മെഷിനറികൾ, ഉപകരണങ്ങൾ, ഉപഭോഗ വസ്തുക്കൾ, റീയേജന്റുകൾ എന്നിവ വാങ്ങൽ
- ലൈബ്രറിയുടെ നവീകരണം, ലൈബ്രറി ബുക്കുകൾ, പഠന ഉപകരണങ്ങൾ, ആനുകാലികങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ, കമ്പ്യൂട്ടറുകൾ, മരാമത്ത്, ഇലക്ട്രിക്കൽ ജോലികൾ.
- മൈനർപണികളും, റിപ്പയറും, അറ്റകുറ്റപ്പണികളും വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, മറ്റു ചിലവുകളും.
- കമ്പ്യൂട്ടർ വത്ക്കരണവും ശൃംഖലീകരണവും.
- നിർമ്മാണ പ്രവർത്തനങ്ങൾ.
- മറ്റു തുടർ പ്രവർത്തനങ്ങൾ.

*(രൂപ ലക്ഷത്തിൽ)*

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *റവന്യൂ* | *ക്യാപിറ്റൽ* | *ആകെ* |
|---|---|---|---|---|
| 1 | ഡെന്റൽ കോളേജ്, തിരുവനന്തപുരം | 180 | 100 | 280 |
| 2 | ഡെന്റൽ കോളേജ്, കോഴിക്കോട് | 130 | 300 | 430 |
| 3 | ഡെന്റൽ കോളേജ്, കോട്ടയം | 180 | 300 | 480 |
| 4 | ഡെന്റൽ കോളേജ്, ആലപ്പുഴ | 645 | 0 | 645 |
| 5 | ഡെന്റൽ കോളേജ്, തൃശ്ശൂർ | 765 | 0 | 765 |
| | ആകെ | 1900 | 700 | 2600 |

48. നഴ്സിംഗ് കോളേജുകൾ

*(വിഹിതം : 467.00 ലക്ഷം രൂപ)*

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 467 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റവന്യൂ | ക്യാപ്പിറ്റൽ | ആകെ |
|---|---|---|---|---|
| 1 | നഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 45 | 50 | 95 |
| 2 | നഴ്സിംഗ് കോളേജ്, കോഴിക്കോട് | 32 | 142 | 174 |
| 3 | നഴ്സിംഗ് കോളേജ്, കോട്ടയം | 25 | 100 | 125 |
| 4 | നഴ്സിംഗ് കോളേജ്, ആലപ്പുഴ | 15 | 0 | 15 |
| 5 | നഴ്സിംഗ് കോളേജ്, തൃശ്ശൂർ | 8 | 0 | 8 |
| 6 | നഴ്സിംഗ് കോളേജ്, എറണാകുളം | 40 | 10 | 50 |
| | ആകെ | 165 | 302 | 467 |

ഉപകരണങ്ങൾ വാങ്ങൽ, തുടർ പണികളുടെ പൂർത്തീകരണം, നിർമ്മാണ ജോലികൾ, അറ്റകുറ്റപണികൾ, നവീകരണ ജോലികൾ, ലാബ് റീയേജന്റുകൾ, കെമിക്കലുകൾ, സാമഗ്രികൾ, പഠന സഹായികൾ, ലൈബ്രറി പുസ്തകങ്ങൾ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, എ. എം. സി. സി. എ. എം. സി. ചാർജ്ജ്, ഫർണിച്ചറുകൾ എന്നിവ വാങ്ങലുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

49. സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്

*(വിഹിതം : 500.00 ലക്ഷം രൂപ)*

വൈദ്യ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും കോർത്തിണക്കുന്നതിനുമായിട്ടാണ് സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2016-17-ൽ 500 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആനുകാലികങ്ങളുടെ സബ്സ്ക്രിപ്ഷൻ, ഗവേഷണ പ്രവർത്തനങ്ങൾ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

50. ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി

*(വിഹിതം : 20.00 ലക്ഷം രൂപ)*

എക്സറേ യൂണിറ്റുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നത് റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റാണ്. 2016-17-ൽ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിനായി ഉപകരണങ്ങൾ, സാമഗ്രികൾ മറ്റു ചെലവുകൾ എന്നിവയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

51. കേരള ഹാർട്ട് ഫൗണ്ടേഷൻ

*(വിഹിതം : 75.00 ലക്ഷം രൂപ)*

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് കേരള ഹാർട്ട് ഫൗണ്ടേഷൻ. ഹൃദയസംബന്ധമായ രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സമഗ്ര ഹൃദയസംരക്ഷണം നൽകുന്നതിനായിട്ടാണ് പ്രസ്തുത സൊസൈറ്റി സ്ഥാപിച്ചിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗമാണ് കേരള ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റ്. 2016-17-ൽ 75 ലക്ഷം രൂപ ഹൃദ്രോഗ ബോധവൽക്കരണ പരിപാടികൾക്കും മെഷിനുകളും ഉപകരണങ്ങളും വാങ്ങുന്നതിനും, ട്രയിനിംഗ്, റിസർച്ച് എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്നു.

52. മെഡിക്കൽ കോളേജുകളിലും മറ്റാശുപത്രികളിലെയും ഖരമാലിന്യ നിർമ്മാർജ്ജനം

*(വിഹിതം : 210.00 ലക്ഷം രൂപ)*

ശരിയായ രീതിയിലുള്ള ഖരമാലിന്യ നിർമ്മാർജ്ജനം, ടൈഫോയ്ഡ്, കോളറ, ഹെപ്പറ്റൈറ്റിസ് എന്നിവ പോലുള്ള രോഗങ്ങളുടെ നിയന്ത്രണവും തടയലും ഉറപ്പുവരുത്തുന്നു. ആശുപത്രികളിലെ ആരോഗ്യകരമായ അന്തരീക്ഷം പകർച്ചവ്യാധികളെ തടയുന്നതിന് സഹായിക്കുന്നു. ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും ഖരമാലിന്യ നിർമ്മാർജനത്തിനായി 210 ലക്ഷം രൂപ 2016-17-ൽ വകയിരുത്തിയിട്ടുണ്ട്.

53. ബിരുദ/ബിരുദാനന്തര മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണവും പുനരുദ്ധാരണവും

*(വിഹിതം : 500.00 ലക്ഷം രൂപ)*

ബിരുദ/ബിരുദാനന്തര മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണവും പുനരുദ്ധാരണവും എന്ന പദ്ധതിക്കായി 2016-17-ൽ 500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പുതിയ ഹോസ്റ്റൽ നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നിലവിലുള്ള ഹോസ്റ്റലിന്റെ നവീകരണം, കോഴിക്കോട് പുരുഷൻമാരുടെ ഹോസ്റ്റലിന്റെ അധിക നില എന്നിവയാണ് പ്രവർത്തനങ്ങൾ.

54. എല്ലാ മെഡിക്കൽ കോളേജുകളിലും ക്വാർട്ടേഴ്സ് ടു റെസിഡൻസ് :—

*(വിഹിതം : 750.00 ലക്ഷം രൂപ)*

ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി താമസ സമ്പ്രദായം സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കിക്കഴിഞ്ഞു. നിലവിലുള്ള താമസ സൗകര്യങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ട് റസിഡൻസിനും ഡോക്ടർമാർക്കും പി.ജി. വിദ്യാർത്ഥികൾക്കും താമസ സൗകര്യങ്ങൾക്കായി ബഹുനിലയുള്ള റസിഡൻഷ്യൽ ഫ്ളാറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം വനിതാ ഹോസ്റ്റലിന്റെയും കോട്ടയം റസിഡന്റ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പുരോഗതിക്കായി 2016-17-ൽ 750 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

55. ലക്ചർ ഹാൾ കോംപ്ലക്സ്

*(വിഹിതം : 200.00 ലക്ഷം രൂപ)*

എല്ലാ മെഡിക്കൽ കോളേജുകളിലും ഒരേസമയത്ത് വിവിധ ക്ലാസുകൾ വിവിധ ബാച്ചുകളിലായി നടത്തേണ്ടതുകൊണ്ട് ലക്ചർ ഹാൾ കോംപ്ലക്സ് അത്യാവശ്യമാണ്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായ ഡമോൺസ്ട്രേഷൻ മുറികൾ മെഡിക്കൽ കോളേജുകളിൽ നിലവിലില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലക്ചർ ഹാൾ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി 2016-17-ൽ 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

56. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (സിമറ്റ്)

*(വിഹിതം : 50.00 ലക്ഷം രൂപ)*

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ് സീമാറ്റ്. വൈദ്യശാസ്ത്ര മേഖലയിലെ 3 വിഭാഗങ്ങളായ ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി എന്നിവയിലെ മെഡിക്കൽ, പാരാമെഡിക്കൽ മേഖലയിൽ അറിവ് നേടുകയും കൈമാറുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സീമാറ്റ് 6 നഴ്സിംഗ് കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. 2016-17-ൽ നിലവിലുള്ള 6 നഴ്സിംഗ് കോളേജുകളുടെയും ഡയറക്ടറേറ്റിന്റെയും പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി സീമാറ്റിന് 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

57. മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ :

*(വിഹിതം : 500.00 ലക്ഷം രൂപ)*

മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളുടെ പേരായ്മകൾ പരിഹരിച്ചുകൊണ്ട് ശരിയായ രോഗപരിചരണം സാധ്യമാക്കുക എന്ന കാഴ്ചപാടോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് ഐ. സി. യൂണിറ്റ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് എന്നിവയിലെ പോരായ്മകൾ സർജിക്കൾ ന്യൂബോൺ യൂണിറ്റ്, അക്യൂട്ട് വാർഡ്, ട്രോമാവാർഡ്, ലാൻട്രി സർവ്വീസ് യൂണിറ്റ്, താമസ സൗകര്യമൊരുക്കൽ എന്നിവയാണ് ആവശ്യമായിട്ടുള്ളത്. കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലെ മാതൃശിശു ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി 2016-17-ൽ 500 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

58. സ്റ്റേറ്റ് പൈഡ് സെൽ

*(വിഹിതം : 35.00 ലക്ഷം രൂപ)*

അഞ്ച് മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് പൈഡ് സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളമായി രൂപപ്പെട്ടുവരുന്ന അതിരൂക്ഷമായ സാംക്രമിക രോഗങ്ങളെ അതിജീവിക്കുന്ന ഉത്തരവാദിത്വം സ്റ്റേറ്റ് പൈഡ് സെല്ലിൽ നിക്ഷിപ്തമായിരിക്കുന്നു. സംസ്ഥാനത്ത് പുതുതായി രോഗങ്ങൾ രൂപം കൊള്ളുന്നത് ഒരു പ്രധാന പ്രശ്നമാണ്. അതുകൊണ്ട് രോഗ നിയന്ത്രണ പരിപാടികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗൃഹസംരക്ഷണചുമതലകളുമായി ബന്ധപ്പെട്ട അറിവ് നൽകുന്നതിന്റെയും ശുചിത്വത്തിന്റേയും ഭരണം സെല്ലിനാണുള്ളത്. സാംക്രമിക രോഗങ്ങൾ തടയുന്നതിനായി റീജയണൽ, സംസ്ഥാന പൈഡ് സെലിന്റെ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 35 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

59. പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്, മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ

*(വിഹിതം : 8650.00 ലക്ഷം രൂപ)*

പത്തനംതിട്ട (750 ലക്ഷം), ഇടുക്കി (750 ലക്ഷം), മലപ്പുറം (2100 ലക്ഷം), വയനാട് (2200 ലക്ഷം), തിരുവനന്തപുരം (2100 ലക്ഷം), കാസർഗോഡ് (750 ലക്ഷം) ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2016-17-ൽ 8650 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

60. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ :

*(വിഹിതം : 110.00 ലക്ഷം രൂപ)*

ആശുപത്രികളിൽ ഡയാലിസിസ് നടത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നു. സമൂഹത്തിലെ താഴെ തട്ടിലുള്ള നിർദ്ധനർക്ക് ഡയാലിസിസിനുള്ള ചെലവ് താങ്ങാൻ കഴിയുന്നതല്ല. കൂടാതെ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് നടത്തുക ചെലവേറിയതുമാണ്. ഇതുമൂലം സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമായി മാറിയിരിക്കുന്നു. 2016-17 വർഷത്തിൽ ഡയാലിസിസ് നടത്തുന്നതിന് ആവശ്യമായ ഉപഭോഗ സാമഗ്രികൾ വാങ്ങുന്നതിനും തുടർപ്രവർത്തനങ്ങൾക്കുമായും 110 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

61. മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് സ്ഥാപിക്കലും ആനിമൽ ഹൗസ് സൗകര്യങ്ങളുടെ നിലവാരം ഉയർത്തലും :

*(വിഹിതം : 100.00 ലക്ഷം രൂപ)*

പുതിയതും പുനർ ആവിർഭവിക്കുന്നതുമായ സാംക്രമിക രോഗങ്ങൾ പിടിപെടുന്നതിനുള്ള സാദ്ധ്യത കേരളത്തിൽ ഏറെയാണ്. ഈ അണുബാധ മരണത്തിലേക്കും നയിക്കുന്നു. വൈറസുമൂലമുണ്ടാകുന്ന അണുബാധകൾക്ക് ഉചിതമായ ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ നൽകേണ്ടതാണ്. 2016-17-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ശക്തിപ്പെടുത്തുന്നതിന്റെ പൂർത്തീകരണത്തിനും അനിമൽ ഹൗസ് സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനുമായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

62. ഗവൺമെന്റ് ഡന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡന്റിസ്ട്രിയും ദന്തൽ പബ്ലിക് ഹെൽത്ത് സെന്ററും സ്ഥാപിക്കൽ

*(വിഹിതം : 30.00 ലക്ഷം രൂപ)*

ജനങ്ങളുടെ ദന്താരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനും അതുവഴി ഗവൺമെന്റ് ദന്തൽ കോളേജുകളുടെ സമീപ ജില്ലകളിലെ അവികസിതമായ പട്ടികവർഗ്ഗ പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും സേവനം എത്തിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യൻ ദന്തൽ കൗൺസിലിന്റെ മാനദണ്ഡപ്രകാരം കമ്മ്യൂണിറ്റി ഡന്റിസ്ട്രിയിലും പ്രിവന്റീവ് ഡന്റിസ്ട്രിയിലും ദന്തൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി കമ്മ്യൂണിറ്റി ഡന്റിസ്ട്രി എന്ന ഒരു പ്രത്യേക വിഭാഗം സ്ഥാപിക്കുക എന്നുള്ളതാണ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിലുള്ള 3 ദന്തൽ കോളേജുകളിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും ആലപ്പുഴ, കോട്ടയം ദന്തൽ കോളേജുകളിൽ പദ്ധതി ആരംഭിക്കുന്നനതിനും 2016-17-ൽ 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

63. ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻട്രാൻസ്പ്ലാന്റേഷൻ

*(വിഹിതം : 200.00 ലക്ഷം രൂപ)*

ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പദ്ധതി ഒരു തുടർ പദ്ധതിയാണ്. ഈ പദ്ധതിയുടെ പ്രധാന സവിശേഷത മരിച്ചുപോയവരുടെ നഷ്ടപ്പെട്ടേക്കാമായിരുന്ന അവയവങ്ങളായ വൃക്ക, കരൾ, കണ്ണുകൾ, ഹൃദയം എന്നിവ വീണ്ടെടുത്ത് അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ഉള്ള ചികിൽസാ ചെലവ് താങ്ങാനാകാത്ത പാവപ്പെട്ട അവശ്യ

രോഗികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക എന്നുള്ളതാണ്. 2016-17-ൽ ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മേൽ പറഞ്ഞിരിക്കുന്ന തുകയിൽ 50 ലക്ഷം രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കഡാവർ ആൻഡ് ലിവർ ട്രാൻസ്പ്ലാന്റേഷൻ സെന്ററിനാണ്.

64. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ആന്റ് ടെർഷറി കെയർ സെന്റർ

*(വിഹിതം : 725.00 ലക്ഷം രൂപ)*

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്യാൻസർ വിഭാഗം സൗജന്യചികിത്സ പ്രദാനം ചെയ്യുന്നു. എന്നാൽ റീജിയണൽ ക്യാൻസർ സെന്ററിന്റെ സ്ഥാപനത്തോടുകൂടി മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിന്റെ പ്രവർത്തനം ഏറെക്കുറെ നിലച്ചു. അതിനാൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. 2016-17-ൽ 725 ലക്ഷം രൂപ, തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജിൽ ലിനിയർ ആക്സലറേറ്റർ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്നു.

65. മെഡിക്കൽ കോളേജിന് കീഴിലുള്ള നാല് ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സമ്പ്രദായം ആരംഭിക്കൽ

*(വിഹിതം : 45.00 ലക്ഷം രൂപ)*

കേരളത്തിൽ മെഡിക്കൽ കോളേജിന് കീഴിലായി നാല് ഫാർമസ്യൂട്ടിക്കൽ കോളേജുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിലെ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പ്രസ്തുത ഫാർമസ്യൂട്ടിക്കൽ കോളേജുകളിലെ മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുന്നതിന് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകൾ വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2016-17-ൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും എൻ. എ. ബി. എൽ. അക്രഡിറ്റേഷനും വേണ്ടി 45 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

66. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി. വി. റ്റി. എസ്സും കാത്ത് ലാബും സ്ഥാപിക്കൽ

*(വിഹിതം : 860.00 ലക്ഷം രൂപ)*

കാർഡിയോ വാസ്കുലാർ തൊറാസിക് സർജറിയും കാത്ത് ലാബുമില്ലാത്ത ഒരേ ഒരു മെഡിക്കൽ കോളേജാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. അടുത്തുള്ള 4 ജില്ലകളിലെ ജനങ്ങൾ ഈ മെഡിക്കൽ കോളേജിനെയാണ് ആശ്രയിക്കുന്നത്. 2013-14 ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഗവൺമെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ സി. വി. റ്റി. എസ്. വകുപ്പും കാർഡിയോളജി വിഭാഗവും മെച്ചപ്പെടുത്തുന്നതിനായി കാത്ത് ലാബും സ്ഥാപിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. പുതിയതായി ആരംഭിക്കുന്ന സി. വി. റ്റി. എസ്. വകുപ്പിന്റെ സ്ഥാപനത്തിനും തുടർപ്രവർത്തനങ്ങൾക്കും കാർഡിയോളജി വകുപ്പ് മെച്ചപ്പെടുത്തുന്നതിന് കാത്ത്ലാബിനുമായി 2016-17-ൽ 860 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

67. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ

*(വിഹിതം : 75.00 ലക്ഷം രൂപ)*

ഉപകരണങ്ങളുടെ ശരിയായ രീതിയിലുള്ള പട്ടിക തയ്യാറാക്കൽ, റിപ്പയറും അറ്റകുറ്റപണികളും നടത്തുക, ഉൽപ്പാദക യൂണിറ്റുകളുമായുള്ള അറ്റകുറ്റപ്പണി ഉടമ്പടിയുടെ മേൽനോട്ടവും നിർവ്വഹണവും വഴി ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, ഗുണമേൻമയില്ലാത്ത ഉപകരണങ്ങളെ കണ്ടെത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും സമയബന്ധിതമായി പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക എന്നിവയാണ് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉദ്ദേശം. തെറ്റായ രീതിയിലുള്ള പരിപാലനം, അറ്റകുറ്റപണികളുടെ അഭാവം ചിലവേറിയ ഉപകരണങ്ങൾ വാങ്ങുന്നതിലെ ആവർത്തനം എന്നിവ മൂലം ഗവൺമെന്റിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക്കൽ വിഭാഗം ആവശ്യമാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ, സ്പെയേർസ് എന്നിവ വാങ്ങുന്നതിനുമായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

68. ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

*(വിഹിതം : 110.00 ലക്ഷം രൂപ)*

മെഡിക്കൽ അധ്യാപകർക്ക് ട്രാൻസ്പ്ലാന്റ് മെഡിസിൻ, ഓങ്കോളജി എന്നീ മേഖലകളിൽ പുതിയ അറിവുകൾ പകർന്നു നൽകുക എന്ന ഉദ്ദേശമാണ് പ്രസ്തുത പദ്ധതിക്കുള്ളത്. നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതകളും നിയമന രീതിയും പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് അധ്യാപകസേവനമല്ലാതെ ഭരണപരമായ വൈദഗ്ധ്യം സംബന്ധിച്ച പരിശീലനം ആവശ്യമില്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, സ്ഥാപന മേധാവികൾ എന്നിവരാണ് അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഉൾപ്പെട്ടിട്ടുള്ളത്. മേൽപ്പറഞ്ഞവരെ കൂടാതെ ആശുപത്രി സൂപ്രണ്ടുമാർ, ഡെപ്യൂട്ടി സൂപ്രണ്ടുമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ എന്നിവർക്ക് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിലും ഹോസ്പിറ്റൽ മാനേജ്മെന്റിലും കെയ്സ് സ്റ്റഡികൾ ഉൾപ്പെടെ വിദഗ്ധ പരിശീലനം നൽകേണ്ടതുണ്ട്. പ്രോജക്ട് തയ്യാറാക്കൽ, നടപടിക്രമങ്ങൾ, ഉപകരണങ്ങളുടെ നിയന്ത്രണം, എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള മറ്റു നിയമങ്ങൾ എന്നിവ നടപ്പാക്കുന്നതിനായി അടിസ്ഥാന മാനേജീരിയൽ ഭരണവൈദഗ്ധ്യമുള്ള മുതിർന്ന വിദഗ്ധ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ട്. 2016-17-ൽ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പദ്ധതിക്കായി 110 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 30 ലക്ഷം രൂപ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ ശക്തിപ്പെടുത്തുന്നതിനായി ട്രയിനിംഗിനായി വകയിരുത്തിയിരിക്കുന്നു.

69. ഇ-ഹെൽത്ത് പ്രോഗ്രാം

*(വിഹിതം : 300.00 ലക്ഷം രൂപ)*

ഇ-ഹെൽത്ത് പദ്ധതി എന്നത് വിവര വിനിമയ സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ പ്രയോജനപ്പെടുത്തലാണ്. ഇതിൽ ചികിൽസ, റിസർച്ച്, ആരോഗ്യ പ്രവർത്തകരുടെ ട്രയിനിംഗ്, രോഗനിർണ്ണയം, പൊതുജനാരോഗ്യം നിരീക്ഷിക്കൽ എന്നിവ ഉൾപ്പെടുത്തുന്നു. കൂടാതെ രോഗിയുടെ രോഗവിവരങ്ങൾ മനസ്സിലാക്കൽ, വിവര വിനിമയം, പ്രാഥമിക-ദ്വിതീയ തൃതീയ മേഖലകൾ തമ്മിലും സ്വകാര്യ

പൊതു മേഖലകളും തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം, മെഡിക്കൽ രേഖകളുടെ കമ്പ്യൂട്ടർ വൽക്കരണം എന്നിവയും ഉൾപ്പെടുന്നു. ഇ-ഹെൽത്ത് വൈഞ്ജാനികവും നിർവഹണാധിഷ്ഠിതവും പരിവർത്തികവുമാണ്. ഈ പദ്ധതി ആരോഗ്യവകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ചേർന്ന് നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായും കേന്ദ്രവിഹിതം ലഭ്യമാകാത്ത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനും 2016-17-ൽ 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

70. ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

*(വിഹിതം : 300.00 ലക്ഷം രൂപ)*

ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി.) ദേശീയതലത്തിൽ ബാല്യകാല വൈകല്യങ്ങൾ തടയുന്നതിനായുള്ള നോഡൽ റഫറൽ കേന്ദ്രമായും പരിശീലന കേന്ദ്രമായും പ്രവർത്തിക്കുന്നു. ചൈൽഡ് ഡവലപ്മെന്റ് സെന്റർ കുഞ്ഞുങ്ങളുടെ സുരക്ഷ, വിദ്യാഭ്യാസം, കൗമാരക്കാരുടെ പരിരക്ഷ, വിവാഹപൂർവ്വ കൗൺസിലിംഗ്, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും അനുബന്ധ വിഷയങ്ങളിലും പിന്തുണ നൽകുക തുടങ്ങിയവ നിർവ്വഹിക്കുന്നു. 2016-17-ൽ സി.ഡി.സി. കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും ഉപകരണങ്ങളും ഫർണീച്ചറുകളും വാങ്ങുന്നതിനും, റിസർച്ച്, ട്രെയിനിംഗ്, സ്പെഷ്യാലിറ്റി ക്ലിനിക്ക്, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഓഫീസ് ചിലവുകൾ എന്നിവക്കായി 300 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

71. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

*(വിഹിതം : 200.00 ലക്ഷം രൂപ)*

കേരള സർക്കാരിന്റെയും അഖിലേന്ത്യാ ഡയബറ്റിക് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി 2001-ൽ തിരുവനന്തപുരത്തെ പുലയനാർകോട്ടയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് സ്ഥാപിതമായി. പ്രമേഹരോഗികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് പ്രമേഹരോഗികൾക്കും ആരോഗ്യപരിചരണം നൽകുന്നവർക്കും വിദ്യാഭ്യാസം നൽകുകയും ഈ മേഖലയിൽ ഗവേഷണം നടത്തുകയും ചെയ്യുന്നു. 2016-17-ൽ നിലവിൽ നടപ്പിലാക്കി പദ്ധതികളുടെ തുടർച്ചക്കായി 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

72. മലബാർ ക്യാൻസർ സെന്ററിന് ധനസഹായം

*(വിഹിതം : 2900.00 ലക്ഷം രൂപ)*

കേരള സർക്കാരിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്റർ. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ക്യാൻസർ ചികിൽസയും പരിചരണവും നൽകുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടതാണ് ഈ സ്ഥാപനം. ക്യാൻസർ രോഗികൾക്ക് ചികിത്സ നൽകാനുതകുന്ന പലവിധ ആധുനിക സൗകര്യങ്ങളും ഇവിടെയുണ്ട്. 2016-17-ൽ മലബാർ ക്യാൻസർ സെന്ററിന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സി. റ്റി. സ്കാനർ, ലിനിയർ ആക്സലറേറ്റർ എന്നിവ വാങ്ങൽ.
- റേഡിയോഗ്രാഫി ബ്ലോക്കിന്റെ നിർമ്മാണം, നിലവിലുള്ള കൊബാൾട്ട് റൂമിന്റെ രൂപാന്തരണം, ജനറേറ്റർ.
- പീടിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ അടിസ്ഥാന സൗകര്യ വികസനം.
- ക്ലീനിക്കൽ ലബോറട്ടറി സേവനങ്ങളുടെ നിലവാരം ഉയർത്തൽ, ട്രൺസിലേഷണൽ റിസർച്ച്.

73. ആരോഗ്യ സർവ്വകലാശാല

*(വിഹിതം : 2250.00 ലക്ഷം രൂപ)*

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് ചേർന്നാണ് കേരള ആരോഗ്യ സർവ്വകലാശാല പ്രവർത്തിക്കുന്നത്. വൈദ്യശാസ്ത്ര അനുബന്ധ വിഷയങ്ങളിലെ വിവിധ അക്കാഡമിക് പരിപാടിയിൽ സമാനത കൈവരിക്കുക, ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം എന്നീ വിഭാഗങ്ങളിൽ ശരിയായതും ശാസ്ത്രീയവുമായ അദ്ധ്യാപനവും പരിശീലനവും ഗവേഷണവും ഉറപ്പുവരുത്തുക എന്നീ ഉദ്ദേശത്തോടെയാണ് സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് 2016-17 വർഷത്തേക്ക് 2250 ലക്ഷം രൂപ നൽകിയിരിക്കുന്നു.

- തൃപ്പൂണിത്തുറയിൽ ആയുർവേദത്തിൽ ഗവേഷണ സ്കൂൾ ആരംഭിക്കൽ (രണ്ടാംഘട്ടം).
- തിരുവനന്തപുരത്ത് ആരോഗ്യനയത്തിനും ആസൂത്രണത്തിനും വേണ്ടിയുള്ള സ്കൂൾ സ്ഥാപിക്കൽ.
- അടിസ്ഥാന സൗകര്യ വികസനം-കെ.യു.എച്ച്.എസ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം, വിലയിരുത്തൽ കേന്ദ്രം.
- അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിലും വിലയിരുത്തൽ കേന്ദ്രത്തിലും വിവരസാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ.

## പുതിയ പദ്ധതികൾ

74. ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവൽക്കരണവും

*(വിഹിതം : 600.00 ലക്ഷം രൂപ)*

മരുന്നുകൾ കൈകാര്യം ചെയ്യുന്ന ചക്രത്തിലെ ഒരു പ്രധാന ഘടകമാണ് മരുന്ന് സൂക്ഷിച്ചുവയ്ക്കൽ ശരിയായ രീതിയിൽ മരുന്നുകൾ സൂക്ഷിക്കുന്നതുമൂലം അവ ചീത്തയാകുന്നതും മലിനമാകുന്നതും വികലമായി അണുബാധയേൽക്കുന്നതും മോഷണം, നഷ്ടപ്പെടൽ മുതലായവമൂലമുള്ള നഷ്ടം ഒഴിവാക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും സാധിക്കുന്നു. ആരോഗ്യവകുപ്പ് വർഷം തോറും ഏകദേശം 300 കോടി രൂപയുടെ മരുന്നു വാങ്ങുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സൂക്ഷിച്ച് വച്ചാൽ മാത്രമെ മരുന്നുകളുടെ യഥാർത്ഥ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ. ശരിയായ രീതിയിൽ സൂക്ഷിക്കാത്ത മരുന്നുകൾക്ക് രോഗം ശമിപ്പിക്കൽ ശേഷി കുറയും. മരുന്നുകൾ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം മിക്കവാറും ആശുപത്രികളിൽ ലഭ്യമല്ല. ആശുപത്രികളിലെ മരുന്നു ശേഖരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടതും ഇല്ലാത്തിടങ്ങളിൽ പുതിയവ ആരംഭിക്കേണ്ടതും അത്യാവശ്യമാണ്. ഒന്നാം ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പദ്ധതി ആരംഭിക്കുന്നതിനായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

75. <u>ഡി.എം.ഇ യുടെ കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതി കൾക്കുള്ള സംസ്ഥാന വിഹിതം.</u>

*(വിഹിതം : 3416.00 ലക്ഷം രൂപ)*

2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനകൈമാറ്റ ക്രമത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. കേന്ദ്രസർക്കാർ പ്രത്യേകമായി ധന കൈമാറ്റ ക്രമം നിശ്ചയിച്ചിട്ടില്ലാത്ത പദ്ധതികൾ സംസ്ഥാനങ്ങൾ നടപ്പിലാക്കണമെന്ന് നിർബന്ധമില്ലാത്തതും അവയുടെ കേന്ദ്രസംസ്ഥാന വിഹിതം യഥാക്രമം 50 : 50ഉം ആയിരിക്കും. ഇപ്രകാരം മാറ്റം വരുത്തിയ ധനകൈമാറ്റ ഫോർമുല പ്രകാരം ഡി.എം.ഇ-ക്ക് സംസ്ഥാനവിഹിതം ആവശ്യമാണ്. 2016-17 വർഷത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകാൻ സാധ്യതയുള്ള മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം വകയിരുത്തുന്നതിനാണ് ഡി.എം.ഇ-ക്ക് ഈ തുക അനുവദിച്ചിരിക്കുന്നത്. അനുവദിച്ചിരിക്കുന്ന തുക മുൻഗണനാടിസ്ഥാനത്തിൽ ചിലവഴിക്കേണ്ടതാണ്. ഇത്തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനകൈ മാറ്റക്രമം (പ്രീ-റീ വൈസ്ഡ് | ആകെ പദ്ധതി തുക | ലഭ്യമായ കേന്ദ്ര സർക്കാർ വിഹിതം | 2015-16 വരെ അനുവദിച്ച സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | പുതിയ പി. ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി മെഡിക്കൽ കോളേജുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും (മെഡിക്കൽ കോളേജ്-തൃശ്ശൂർ) | 75.25 | 26.66 | 11.04 | 6.87 |
| 2 | പുതിയ പി. ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി മെഡിക്കൽ കോളേജുകൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും (മെഡിക്കൽ കോളേജ്-കോഴിക്കോട്) | 75.25 | 27.79 | 10.42 | 3.48 |
| 3 | എൻ.പി.സി.ഡി. സി.എസ്. മുഖേനയുള്ള ടെറിഷറി കാൻസർ കെയർ സ്കീം (മെഡിക്കൽ കോളേജ്-കോഴിക്കോട്) | 75.25 | 44.50 | 25.03 | 8.34 |
| 4 | കോഴിക്കോട് മെഡിക്കൽ കോളേജ്-പി.എം.എസ്.എസ്. വൈ. പ്രകാരമുള്ള മാച്ചിംഗ് ഗ്രാന്റ് | 80.20 | 150 | 0 | 14.95 |
| 5 | ആലപ്പുഴ മെഡിക്കൽ കോളേജ് പി.എം.എസ്. എസ്.വൈ. പ്രകാരമുള്ള മാച്ചിംഗ് ഗ്രാന്റ് | 80.20 | 150 | 0 | 5 |
| | ആകെ | | 398.95 | 46.49 | 38.44 |

2016-17-ൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതമായി 3416 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ആയുർവ്വേദം

ഭാരതീയ ചികിത്സാവകുപ്പ് ആയുർവ്വേദം, സിദ്ധ, യുനാനി, പ്രകൃതിചികിത്സ എന്നീ വിഭാഗങ്ങളിലായി 127 ആശുപത്രികൾ, 815 ഡിസ്പെൻസറികൾ, 20 സബ്സെന്ററുകൾ എന്നിവയിലൂടെ സംസ്ഥാനത്ത് സേവനം നടത്തിവരുന്നു. ഭാരതീയ ചികിത്സാവകുപ്പിനായി 2016-17 വർഷത്തിൽ 3412 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

76. <u>ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും</u> :

*(വിഹിതം : 250.00 ലക്ഷം രൂപ)*

സംസ്ഥാനത്തുടനീളമായി 815 ഡിസ്പെൻസറികളും 20 സബ് സെന്ററുകളും ആയുർവേദ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഫർണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഓഫീസ് ചെലവുകൾ, പുതിയ ഡിസ്പെൻസറികൾ, മരുന്ന് വാങ്ങൽ, മറ്റു ചെലവുകൾ, ഉത്സവകാലത്ത് ശബരിമല, പമ്പ, എരുമേലി, പന്തളം, അരുവിപ്പുറം, ശിവഗിരി, ആറ്റുകാൽ, കുരിശുമല, ചെറുകോൽപ്പുഴ, വള്ളിയൂർക്കാവ് (വയനാട്), മാരാമൺ (പത്തനംതിട്ട), കടപ്പാറ്റൂർ, കൊട്ടിയൂർ, ഓച്ചിറ എന്നിവിടങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2016-17-ൽ 250.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

77. <u>ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും ആധുനികവൽക്കരണവും</u>

*(വിഹിതം : 1326.00 ലക്ഷം രൂപ)*

ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തുന്നതിനുള്ള ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(എ) ആശുപത്രികളുടെ നിലവാരമുയർത്തൽ :

സംസ്ഥാനത്താകമാനമായി ഇപ്പോൾ 14 ജില്ല ആയുർവേദ ആശുപത്രികൾ ഉണ്ട്. ഇവയിൽ അഞ്ച് ആശുപത്രികൾ മാത്രമാണ് 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. അതിനാൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ മുൻഗണനാടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി നിലവാരം ഉയർത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നു. മരുന്നു വാങ്ങൽ, ആശുപത്രി നവീകരണം, 50 കിടക്കകളുള്ള ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി നിലവാരമുയർത്തൽ, പഞ്ചകർമ്മ/ഫിസിയോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകളുടെ നവീകരണവും അറ്റകുറ്റപണികളും, ഫർണിച്ചർ, ഉപകരണങ്ങൾ, എന്നിവ വാങ്ങൽ, കോഴിക്കോട് ജില്ലയിൽ കൗമാരക്കാർക്കും കുട്ടികൾക്കുമായുള്ള ആയുർവ്വേദ പരിരക്ഷണ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ ജില്ലാ ആയുർവേദ ആശുപത്രികളിൽ എമർജൻസി കിറ്റും വൃദ്ധജനപരിപാലനകേന്ദ്രങ്ങളുടെ പ്രവർത്തനം, അട്ടപ്പാടിയിലേയും കോട്ടൂരിലേയും ആദിവാസി സെറ്റിൽമെന്റിലെ ശിശുക്കളുടേയും കുട്ടികളുടേയും മരണനിരക്ക് നിയന്ത്രണവിധേയമാക്കൽ, മദ്യപാനികളിൽ കരൾരോഗമുക്തി, സ്നേഹധാര-പാലിയേറ്റീവ് കെയർ പരിപാടി, മാനസിക രോഗ ചികിത്സാ യൂണിറ്റുകളുടെയും പുതിയ യൂണിറ്റുകളുടെയും പ്രവർത്തനം, വയനാട് സിക്കിൾ സെൽ അനീമിയ യൂണിറ്റ് ജില്ലാ ആശുപത്രികളിൽ ആയുഷ് ജീവിത ശൈലി രോഗക്ലീനിക്, ശിശുക്കൾക്കായുള്ള സ്പെഷ്യാലിറ്റി ക്ലീനിക് (കൗമാരഭൃത്യം), സ്ത്രീരോഗ വിഭാഗം (പ്രസ്തുതി തന്ത്രം), കോഴിക്കോട്ടുള്ള ആയുർവേദ ശിശു കൗമാര പരിചരണ കേന്ദ്രം, സർക്കാർ ആയുർവേദ ആശുപത്രികളെ കാഷ് നിലവാരത്തിലേക്ക് ഉയർത്തുക എന്നീ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നു.

(ബി). സിദ്ധ ആശുപത്രി :

ആയുർവേദ വകുപ്പിന്റെ കീഴിൽ ഒരു സിദ്ധ ആശുപത്രിയും രണ്ട് സിദ്ധ യൂണിറ്റുകളും 6 സിദ്ധ ഡിസ്പെൻസറികളും സംസ്ഥാനത്തുടനീളമായി പ്രവർത്തിച്ചുവരുന്നു. സിദ്ധാശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനും ഫർണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലും/അറ്റകുറ്റ പണികളും, 8 ജില്ലാ ആശുപത്രികളിൽ സിദ്ധ യൂണിറ്റുകൾ ആരംഭിക്കൽ എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

(സി). പ്രകൃതി ചികിത്സ ആശുപത്രിയും ഡിസ്പെൻസറികളും :

ആയുർവേദ വകുപ്പിനുകീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന ഒരേ ഒരു പ്രകൃതി ചികിത്സാ ആശുപത്രി നിലവിലുള്ളത് വർക്കലയിലാണ്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സർക്കാർ ആയുർവേദ ആശുപത്രിയോട് ചേർന്ന് 10 കിടക്കകളോടുകൂടിയ ഒരു പ്രകൃതി ചികിത്സാ വിഭാഗവും കൊല്ലം ജില്ലയിൽ ഒരു ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. 2016-17-ൽ അറ്റകുറ്റ പണികൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും ജില്ലാ ആശുപത്രികളിൽ നിലവിലുള്ള യോഗ, പ്രകൃതി ചികിത്സാ വിഭാഗം എന്നിവ നിലനിർത്തുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

(ഡി). ആയുർവേദ മനോരോഗാശുപത്രി, കോട്ടയ്ക്കൽ:

ഇപ്പോൾ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ മാത്രമാണ് ആയുർവേദ മനോരോഗാശുപത്രി പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രി 1974-ൽ ആരംഭിച്ചു. ഇപ്പോൾ ഇത് ശിശുരോഗ മാനസിക വാർഡ് ഉൾപ്പെടെ 50 കിടക്കകളോടുകൂടിയ ആശുപത്രിയാണ്. 2016-17-ൽ മരുന്നുകൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ആശുപത്രി കെട്ടിടത്തിന്റെ നവീകരണവും അറ്റകുറ്റപ്പണികളും പുനരധിവാസ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണി, ഔഷധത്തോട്ടത്തിന്റെ നവീകരണം, ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പൂർത്തീകരണത്തിനും തുക വകയിരുത്തിയിരിക്കുന്നു.

(ഇ). ആയുർവേദ ഡയറക്ടറേറ്റിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും :

2016-17 വർഷത്തിൽ ഡയറക്ടറേറ്റിന്റെയും ഡി. എം. ഒ. ഓഫീസിന്റെയും ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുന്നു. അത്യാവശ്യ ഐ. റ്റി. അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സോഫ്റ്റ് വെയർ, അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ, ഐ. റ്റി. ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി ഉടമ്പടി, ജീവനക്കാർക്കുള്ള പരിശീലനം, മൈനർ ജോലികൾ/ഡയറക്ടറേറ്റ്, ഡി.എ.ഒ. ഓഫീസ് എന്നിവയുടെ നവീകരണം, ബെസ്റ്റ് ഡോക്ടർ അവാർഡ് എന്നീ പ്രവർത്തനങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2016-17-ൽ പ്രസ്തുത പദ്ധതിയ്ക്കായി 1326.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

78. ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ. എം.) കേരള ലിമിറ്റഡ്, തൃശ്ശൂർ :

*(വിഹിതം : 300.00 രൂപ ലക്ഷം)*

ഇൻഡ്യയിൽ ആയുർവേദ മരുന്നു നിർമ്മിക്കുന്ന ഏറ്റവും വലിയ സർക്കാർ കമ്പനിയാണ് ഔഷധി. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, സർക്കാർ ആയുർവേദ മരുന്നു കമ്പനിയാണിത്. 2016-17-ൽ 300.00 ലക്ഷം രൂപ ഓഹരി മൂലധന വിഹിതമായി താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

- പഞ്ചകർമ്മ ആശുപത്രിയുടെ വികസനം
- തിരുവനന്തപുരം മുട്ടത്തറയിൽ ഫാക്ടറി നിർമ്മാണം.
- നിലവിലുള്ള പ്ലാന്റിന്റെ ആധുനികവൽക്കരണം, സോളാർ ഹീറ്റിംഗ് സിസ്റ്റം, അസംസ്കൃത വസ്തുക്കൾ കഴുകുന്നതിനുള്ള വാഷിംഗ് ആന്റ് ഡ്രൈയിംഗ് യൂണിറ്റ് സ്ഥാപിക്കൽ.

79. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം :

*(വിഹിതം : 240.00 ലക്ഷം രൂപ)*

സ്പോർട്സ് താരങ്ങൾക്ക് ഓജസ്സും കരുത്തും വർദ്ധിപ്പിക്കുന്നതിനായി ഇൻഡ്യൻ സ്പോർട്സ് മെഡിസിൻ പഞ്ചകർമ്മ, മർമ്മ തുടങ്ങിയ ചികിത്സകൾ പ്രദാനം ചെയ്യുന്നു. സ്പോർട്സ് താരങ്ങളുടെ കഴിവും പ്രകടനവും മെച്ചപ്പെടുത്തുന്നതിനായി ആയുർവേദത്തെ വിവിധ തലങ്ങളിൽ പ്രയോജന

പ്പെടുത്തുക എന്നതാണ് സ്പോർട്സ് ആയുർവേദകൊണ്ട് ഉദ്ദേശിക്കുന്നത്. സ്പോർട്സ് ആയുർവേദ റിസർച്ച് സെല്ലിന്റെ കീഴിൽ നാലു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടുകൂടി ഈ റിസർച്ച് സെൽ ആരോഗ്യ സംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ഈ റിസർച്ച് സെല്ലിന്റെ പ്രവർത്തന ങ്ങൾക്കായി 2016-17-ൽ 240 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

- മരുന്ന് വാങ്ങലും പ്രത്യേക മരുന്നുകൾ തയ്യാറാക്കലും
- നിലവിലുള്ള സ്പോർട്സ് മെഡിസിൻ യൂണിറ്റ് ശക്തിപ്പെടുത്തൽ.
- തൃശ്ശൂർ ജില്ലയിൽ 50 കിടക്കകളുള്ള ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ ജോലികളുടെ പൂർത്തീ കരണം.
- യാത്രയ്ക്കുള്ള സഹായവും രോഗനിർണ്ണയ ചെലവുകളും.
- ബോധവൽക്കരണം/ഐ. ഇ. സി./ഡോക്യുമെന്റേഷൻ.
- ദേശീയ/സംസ്ഥാന/ജില്ലാതല സ്പോർട്സ് ഈവന്റ്സിന് ചികിത്സാ സഹായം.

80. നിർമ്മാണ പ്രവർത്തനങ്ങൾ :

*(വിഹിതം : 596.00 ലക്ഷം രൂപ)*

2016-17-ൽ ആയുർവേദ വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 596 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആശുപത്രികളിൽ വാർഡുകളുടെയും പേവാർഡുകളുടെയും നിർമ്മാണം നിലവിലുള്ള ആശുപത്രി കെട്ടിടങ്ങളുടെയും വാർഡുകളുടെയും നവീകരണം, ഡി. എം. ഒ. ഓഫീസിന്റെയും ആശുപത്രി കെട്ടിടത്തിന്റെയും നിർമ്മാണം എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. മുൻവർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് മുൻഗണന നൽകേണ്ടതാണ്.

81. വിദ്യാലയ ആരോഗ്യ പരിപാടികൾ

*(വിഹിതം : 180.00 ലക്ഷം രൂപ)*

2012-13-ൽ വിദ്യാലയ ആരോഗ്യ പരിപാടി പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ മൂന്ന് ജില്ലകളിൽ ആരംഭിച്ചു. കഴിഞ്ഞവർഷം പ്രസ്തുത പരിപാടിയുടെ ഭാഗമായി വകുപ്പ് 'പ്രസാദം', എന്ന പരിപാടി കാസർകോഡ്, ഇടുക്കി, വയനാട് എന്നീ ജില്ലകളിലും കൊല്ലം, തൃശ്ശൂർ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 'റിതു' എന്ന പരിപാടിയും നടപ്പിലാക്കി. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളിലെ ആർത്തവ ക്രമക്കേടുകളും ആർത്തവ പ്രശ്നങ്ങളും ക്രമപ്പെടുത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. യോഗ, കൗൺസിലിംഗ്, ബോധവത്ക്കരണ ക്ലാസ്സുകൾ, വൈദ്യ സഹായം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളിൽ കാണുന്ന ഇരുമ്പിന്റെ അഭാവം മൂലമുണ്ടാകുന്ന അനീമിയ ക്രമപ്പെടുത്തുന്നതിനാണ് പ്രസാദം എന്ന പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.സ്കൂൾ കുട്ടികളിലെ അമിതവണ്ണം ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് കൗമാര സ്തൗല്യം. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രത്യേകം തയ്യാറാക്കിയ മരുന്നുകൾ, ചികിത്സാ രീതികൾ, യോഗ, രക്ഷാകർത്താക്കൾക്ക് നൽകുന്ന പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

കുട്ടികളുടെ ജീവിതമേൻമയെ ബാധിക്കുന്ന ഒരു പ്രധാന ആരോഗ്യതടസ്സമാണ് മയോപ്പിയ. 2016-17-ൽ തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പദ്ധതിയുടെ തുടർനടത്തിപ്പിനായി തുക വകയിരുത്തുന്നു. ആരോഗ്യ വിദ്യാലയ പദ്ധതിയിൽ 2016-17-ൽ 180 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

82. സംസ്ഥാന ഔഷധ സസ്യ ബോർഡ് :

*(വിഹിതം : 60.00 ലക്ഷം രൂപ)*

ഇൻഡ്യാ ഗവൺമെന്റിന് കീഴിലുള്ള ആയുഷിന്റെ നിർദ്ദേശപ്രകാരം, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണ അധികാര പരിധിയിൽ 2002-ലാണ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സ്ഥാപിതമായത്. സംസ്ഥാനത്ത് മരുന്ന് ചെടികളുടെ ഉൽപ്പാദനം, പരിചരണം, ഗവേഷണം, വികസന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് വിഭാഗവുമായി ബന്ധപ്പെടുത്തുക എന്നതാണ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ ലക്ഷ്യം. സംസ്ഥാനത്തെ ഔഷധസസ്യ സമ്പത്തിന്റെ കണക്കെടുപ്പ്, ഔഷധസസ്യങ്ങളെ അവയുടെ ആവാസവ്യവസ്ഥയിൽതന്നെ സംരക്ഷിക്കുക, ആവാസവ്യവസ്ഥയ്ക്ക് പുറത്ത് മതിയായ സംരക്ഷണം നൽകി പരിരക്ഷിക്കുക, ഉയർന്ന ഗുണനിലവാരമുള്ള വിളകളുടെ ഉൽപ്പാദനം, ബോധവൽക്കരണ പരിപാടികൾ, സ്കൂളുകളിലും കോളേജുകളിലും ഔഷധ സസ്യത്തോട്ടം വികസിപ്പിക്കുക, കാവുകൾ പോലെയുള്ള ഇടങ്ങളിൽ ഔഷധ സസ്യങ്ങൾ ഉൾപ്പെടെ സംരക്ഷിച്ച് നിലനിർത്തുകയും സമ്പന്നമാക്കുകയും ചെയ്യുക. പ്രസിദ്ധീകരണങ്ങൾ, സംസ്ഥാന മെഡിസിനൽ പ്ലാന്റ്സ് ബോർഡ് ശക്തിപ്പെടുത്തൽ എന്നീ പരിപാടികൾക്കായി 2016-17-ൽ 60 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

83. ജീവനിയും പുനർനവയും :

*(വിഹിതം : 60.00 ലക്ഷം രൂപ)*

ഇൻഡ്യയിൽ പ്രമേഹം ഒരു പ്രധാന ആരോഗ്യ പ്രശ്നമായി ആവിർഭവിച്ചിരിക്കുന്നു. ഇന്റർനാഷണൽ ഡയബറ്റിക്സ് ഫെഡറേഷൻ (ഐ. ഡി. എഫ്.) പ്രസിദ്ധീകരിക്കുന്ന ഡയബറ്റിക്സ് അറ്റ്ലസിന്റെ പ്രവചന പ്രകാരം 2025 ആകുമ്പോഴേക്കും പ്രമേഹ രോഗികളുടെ എണ്ണം 70 മില്ല്യൻ ആയി ഉയരുമെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ടൈപ്പ്-2 പ്രമേഹ രോഗം കൈകാര്യം ചെയ്യുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ് ജീവനി.

ഉയർന്ന രക്തസമ്മർദ്ദം, ഡിസ്ലിപിഡാമിയ മെലിറ്റസ്, തെറ്റായ ജീവിതചര്യകൾ എന്നിവമൂലം കാർഡിയോവാസ്കുലർ അപകടങ്ങൾ വർദ്ധിച്ചുവരുന്നു. പോസ്റ്റ് സെറിബ്രോവാസ്കുലർ അപകടങ്ങൾ തരണം ചെയ്യുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ആയുർവ്വേദ വകുപ്പ് പുനർനവ എന്ന പേരിൽ ഒരു പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത പദ്ധതി കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ തുടർന്ന് പോരുവാൻ ഉദ്ദേശിക്കുന്നു. മരുന്നുകൾ, ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങുന്നതിനും ബോധവൽക്കരണ പരിപാടികൾ, ഐ. ഇ. സി. സാമഗ്രികൾ, ഡോക്യുമെന്റേഷൻ, ഫർണീച്ചർ വാങ്ങൽ എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ. 2016-17-ൽ പ്രസ്തുത പദ്ധതിയ്ക്കായി 60.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

84. പകർച്ചാവ്യാധികളും പ്രകൃതി ദുരന്തവും തടയൽ:-

*(വിഹിതം : 100 ലക്ഷം രൂപ)*

പകർച്ചാവ്യാധികൾ നിയന്ത്രിക്കുന്നതിന് ആയുർവേദ ഔഷധങ്ങൾ വളരെയധികം ഫലപ്രദമാണ്. രോഗബാധിത പ്രദേശങ്ങളിൽ പ്രത്യേകം ആരോഗ്യ ക്യാമ്പുകൾ നടത്തുക, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക, മരുന്നുകൾ, മെഡിക്കൽ കിറ്റുകൾ വാങ്ങൽ, പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം, ആരോഗ്യ ക്യാമ്പിനുള്ള ഗതാഗതസൗകര്യം, ഐ. ഇ. സി. പ്രവർത്തനങ്ങൾ, തുടർച്ചയായുള്ള പകർച്ചവ്യാധികളുടെ വരവ് തടയുക എന്നീ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നു. 2016-17-ൽ 100.00 രൂപ ലക്ഷം പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

85. ദേശീയ ആയുഷ്മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) (സംസ്ഥാന വിഹിതം) :—

*(വിഹിതം : 300.00 ലക്ഷം രൂപ)*

കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയ തലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചിലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ്മിഷന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2016-17 വർഷത്തിൽ ദേശീയ ആയുഷ്മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 300.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ നിബന്ധനകൾക്ക് വിധേയമായി കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം നടത്തിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിനായി 3364.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

### ആയുർവേദ കോളേജുകൾക്കുള്ള സഹായം

86. ആയുർവേദ കോളേജ്, തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവയ്ക്ക് ധനസഹായം

*(വിഹിതം : 2692.00 ലക്ഷം രൂപ)*

2016-17-വർഷത്തേക്ക് 2692.00 ലക്ഷം സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരം വകയിരുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *റവന്യൂ* | *കാപ്പിറ്റൽ* | *ആകെ* |
|---|---|---|---|---|
| 1 | ആയുർവേദ കോളേജ്, തിരുവനന്തപുരം | 1192 | 240 | 1432 |
| 2 | ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ | 360 | 250 | 610 |
| 3 | ആയുർവേദ കോളേജ്, കണ്ണൂർ | 350 | 300 | 650 |
| | ആകെ | 1,902 | 790 | 2692 |

ആയുർവ്വേദ കോളേജ് തിരുവനന്തപുരം : ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *തുക* (രൂപ ലക്ഷത്തിൽ) | *പ്രവർത്തനങ്ങൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആധുനികവൽക്കരണവും നവീകരണവും | 216 | വൈദ്യ ഉപകരണങ്ങൾ, അദ്ധ്യാപന സഹായികൾ എന്നിവ വാങ്ങൽ, മെഡിക്കൽ ക്യാമ്പുകൾ, ലിഫ്റ്റ് സംവിധാനം, ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം, മ്യൂസിയം സ്ഥാപിക്കൽ, പരിശീലന പരിപാടികൾ, മുതലായവ.<br>മൈനർ ജോലികൾ--വിവിധ വകുപ്പുകളിലെ നവീകരണ/ അറ്റകുറ്റപ്പണികൾ. |
| 2 | ലൈബ്രറി | 14 | ലൈബ്രറി ഡിജിറ്റലൈസേഷൻ ബുക്കുകൾ, ആനുകാലികങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ. |
| 3 | സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി | 245 | പവർലാൻട്രി, ആശുപത്രി ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, ആശുപത്രി നവീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ. |
| 4 | പഞ്ചകർമ്മ ആശുപത്രി | 107 | അത്യാവശ്യ ആശുപത്രി സാധനങ്ങൾ വാങ്ങൽ, പഴയ കെട്ടിടത്തിന്റെ റൂഫിംഗ്, പാർട്ടീഷൻ ജോലികൾ, ഓഫീസ് റൂം, പേവാർഡ് എന്നിവയുടെ നവീകരണം, സോളിഡ് വേസ്റ്റ്, ബർണർ, വിശ്രമമുറിയുടെ നിർമ്മാണം മുതലായവ. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ഫാർമസി | 45 | ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഉൽപ്പാദക വിഭാഗത്തിൽ ക്യാമറ സ്ഥാപിക്കൽ, രണ്ടാംഘട്ടം ഫാർമസിയുടെ ആധുനിക വൽക്കരണം, ഫാർമസി മാനേജ്മെന്റ് സോഫ്ട്‌വെയർ, ഇൻസിനറേറ്റർ സ്ഥാപിക്കൽ, ജീവനക്കാർക്ക് പരിശീലനം. |
| 6 | റിഫ്രഷർ കോഴ്സ് | 10 | അദ്ധ്യാപകർ, മെഡിക്കൽ ഓഫീസർ,മാർ, പാരാമെഡിക്കൽ സ്റ്റാഫ്, ഓഫീസ് സ്റ്റാഫ് എന്നിവർക്ക് റിഫ്രഷർ കോഴ്സ് നടത്തുക. |
| 7 | ഫാർമോകോഗ്നോസി/ മരുന്ന് ഗുണനിലവാര യൂണിറ്റ് | 35 | ഫാർമോകോഗ്നോസി യൂണിറ്റ്: പൂന്തോട്ട ഉപകരണങ്ങൾ വാങ്ങൽ, നവീകരണ/അറ്റകുറ്റപ്പണികൾ, മരുന്ന് ഗുണനിലവാര യൂണിറ്റ്: ഉപകരണങ്ങൾ വാങ്ങൽ, കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ/സ്പെയർ എന്നിവയുടെ അറ്റകുറ്റപണികൾ. |
| 8 | പ്രസിദ്ധീകരണ വിഭാഗം | 10 | ന്യൂസ് ലെറ്റർ, ക്യാബിൻ നിർമ്മാണം, അറ്റകുറ്റപ്പണികൾ |
| 9 | നിർമ്മാണജോലികൾ (ക്യാപിറ്റൽ) | 240 | 3 നില കെട്ടിടത്തിന്റെ നിർമ്മാണം-ഒന്നാംഘട്ടം, കൂട്ടിരിപ്പുകാർക്കുള്ള വിശ്രമകേന്ദ്രം-രണ്ടാം ഘട്ടം, ലേഡീസ് ഹോസ്റ്റൽ നിർമ്മാണം |
| 9 | സ്പെഷ്യൽ ജറിയാട്രിക് കെയർ സെന്റർ | 110 | കെട്ടിട നിർമ്മാണം-രണ്ടാംഘട്ടം, മരുന്ന്, മറ്റ് വസ്തുക്കൾ എന്നിവ വാങ്ങൽ. |
| 10 | 1. ആയുർവേദ ഗൈനക്കോളജി സെന്റർ | 300 | പൂജപ്പുര ആയുർവേദ ആശുപത്രി ഉന്നതതല കേന്ദ്രമായും തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകൾ നോഡൽ കേന്ദ്രമായും ആയുർവേദ ഗൈനക്കോളജി നടപ്പിലാക്കൽ. ഒന്നാം ഘട്ടമായി പുതിയ കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യം, മരുന്ന് വാങ്ങൽ മുതലായവ ഉദ്ദേശിച്ചിരിക്കുന്നു. |
| | 2. കുട്ടികളിലെ വൈകല്യം നിയന്ത്രിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ട് | 100 | |
| | ആകെ | 1432 | |

ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ

- ലാബ്/ആശുപത്രി ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, പുസ്തകങ്ങൾ, മരുന്നുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, യന്ത്രോപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, അറ്റകുറ്റപണികൾ, മരാമത്ത് ജോലികൾ എന്നിവയ്ക്കും
- അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണം-രണ്ടാം ഘട്ടം (തുടർ പ്രവർത്തനങ്ങൾ)
- കോളേജിന്റെ തുടർ പ്രവർത്തനങ്ങൾ, പരിശീലനം, ഇ-ഹോസ്പിറ്റൽ, ഗവേഷണം മുതലായവ.

ആയുർവേദ കോളേജ്, കണ്ണൂർ

- ആശുപത്രി കെട്ടിടത്തിന്റെ നവീകരണം, അറ്റകുറ്റപണി മുതലായവ.
- ആയുർവേദകോളേജ്, കണ്ണൂർ—കെട്ടിട നിർമ്മാണം
- സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി നിർമ്മാണവും, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണവും (തുടർച്ച)
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പി. ജി. ഹോസ്റ്റൽ നിർമ്മാണം.
- യന്ത്രങ്ങൾ, ഉപകരണങ്ങൾ, മരുന്നുകൾ, പഠനോപകരണങ്ങൾ, സാധന സാമഗ്രികൾ മുതലായവ വാങ്ങുന്നതിന്
- കണ്ണൂർ ആയുർവേദ കോളേജ് സിൽവർ ജൂബിലി ആഘോഷം, സിൽവർ ജൂബിലി മന്ദിരം എന്നിവ.
- കോളേജിന്റെ തുടർപ്രവർത്തനങ്ങൾ.

87. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും

*(വിഹിതം : 44.00 ലക്ഷം രൂപ)*

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനുമായി 2016-17-ൽ 44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇ-ഗവേണൻസ്, പദ്ധതിയുടെ തുടർച്ച, ഉപകരണങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, വിവിധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി ഉടമ്പടി, മരാമത്ത് ജോലികൾ, അറ്റകുറ്റപ്പണികൾ, ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം, ജീവനക്കാർക്ക് പരിശീലനം, ഔദ്യോഗിക ഭാഷ പരിശീലനം നൽകൽ മുതലായവയാണ് ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ.

88. കോട്ടയ്ക്കലിലുള്ള കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിക്ക് ധനസഹായം

*(വിഹിതം : 400.00 ലക്ഷം രൂപ)*

കോട്ടയ്ക്കൽ വൈദ്യരത്നം പി. എസ്. വാരിയർ ആയുർവേദ കോളേജിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയായ കോട്ടയ്ക്കലിലെ കേരള ആയുർവേദിക് സ്റ്റഡീസ് ആൻഡ് റിസർച്ച് സൊസൈറ്റിയാണ്.

പ്രസ്തുത സ്ഥാപനത്തെ ആയുർവേദത്തിന്റെ എല്ലാ തലങ്ങളിലും ഒരു മാതൃകാ സ്ഥാപനമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1976-ലാണ് സ്ഥാപിച്ചിരിക്കുന്നത്. കോളേജ് കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ബി. എ. എം. എസ്. കോഴ്സും അഞ്ച് പി. ജി. കോഴ്സുകളും നടത്തിവരുന്നു. 2016-17-ൽ 400 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി താഴെ പറയുന്ന പ്രവർത്ത നങ്ങൾക്ക് നീക്കിവച്ചിരിക്കുന്നു.

- 500 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി-രണ്ടാം-ഘട്ടം- രണ്ടും മൂന്നും നിലകൾ, മറ്റ് തുടർ പ്രവർത്തനങ്ങളും, ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങലും.

89. ഒല്ലൂർ ആയുർവേദ കോളേജിന് ഗ്രാന്റ്-ഇൻ-എയ്ഡ്

*(വിഹിതം : 75.00 ലക്ഷം രൂപ)*

1955-ലെ ലിറ്ററി സയന്റിഫിക്ക് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം വൈദ്യരത്നം ആയുർവേദ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിൻകീഴിൽ 1976 ഒക്ടോബർ രണ്ടിന് പരേതനായ ഇ. ടി. നീലകണ്ഠൻ മൂസ് ആണ് വൈദ്യരത്നം ആയുർവേദ കോളേജ് സ്ഥാപിച്ചത്. പ്രസ്തുത കോളേജിന് ആരോഗ്യ സർവ്വകലാശാലയിൽ രജിസ്ട്രേഷൻ ഉള്ളതും ബി. എ. എം. എസ്. ഡിഗ്രി കോഴ്സ് നടത്തിവരുന്നതുമാണ്. 2016-17-ൽ ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിനായി 75 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്നു.

90. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് കീഴിൽ തുടർ വിദ്യാഭ്യാസം

*(വിഹിതം : 13.00 ലക്ഷം രൂപ)*

2016-17-ൽ പാരാമെഡിക്കൽ കോഴ്സുകൾ, പി. ജി. അലോട്ട്മെന്റ്, ബി.എ.എം.എസ്. കോഴ്സിനായി സ്പോട്ട് അഡ്മിഷൻ, ആയുർവേദ സർട്ടിഫിക്കറ്റ് കോഴ്സിനായുള്ള പരീക്ഷ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിനും ഉപകരണങ്ങൾ, സാധന സാമഗ്രികൾ എന്നിവ വാങ്ങുന്ന തിനുമായി 13.00 രൂപ ലക്ഷം വകയിരുത്തിയിരിക്കുന്നു.

91. ട്രഡീഷണൽ നോളഡ്ജ് ഇന്നവേഷൻ ഇൻ കേരള

*(വിഹിതം : 140.00 ലക്ഷം രൂപ)*

ആയുർവേദത്തിലെ പരമ്പരാഗത അറിവ് സംരക്ഷിക്കുക യെന്ന ഉദ്ദേശത്തോടെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 2003-ൽ പേറ്റന്റ് സെൽ രൂപീകൃതമായി. പുരാതന താളിയോലകളിൽ നിന്നും ലിപികളിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ട് കേരളീയ ഔഷധ വിജ്ഞാനം എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഡോക്യുമെന്റേഷൻ, ഗവേഷണം, രജിസ്ട്രേഷൻ, നടപ്പിലാക്കൽ എന്നീ പ്രവർത്തന ങ്ങൾ, ഉൾക്കൊള്ളിച്ച് പ്രവർത്തിക്കുന്ന പേറ്റന്റ് സെല്ലിന്റെ ശാക്തീകരണം ലക്ഷ്യമിട്ട് കേരളത്തിൽ ഒരു പരമ്പാഗത വിഞ്ജാന കേന്ദ്രം സ്ഥാപിതമായിട്ടുണ്ട്. 2016-17-ൽ പദ്ധതിക്കായി 140 ലക്ഷം വകയിരുത്തുന്നു. പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- രേഖകളുടെ സർവ്വേ, കണ്ടെത്തൽ, ശേഖരണം മുതലായവ.
- പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ.
- പേറ്റന്റ് ഓഫീസുമായി ചേർന്നുള്ള ഡേറ്റാബേസ് രൂപീകരണം.
- പ്രസിദ്ധീകരണം.
- മരുന്ന് വികസിപ്പിക്കൽ.
- പാരമ്പര്യ വിജ്ഞാന മ്യൂസിയം, ലൈബ്രറി, വിൽപ്പന കൗണ്ടർ എന്നിവ ശക്തിപ്പെടുത്തൽ.
- ഓഫീസ് ഉപകരണങ്ങൾ, മരാമത്ത് ജോലികൾ.

## ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൻകീഴിൽ 660 ഹോമിയോപ്പതിക് ഡിസ്പെൻസറികളും 975 കിടക്കകളോടു കൂടിയ 34 ആശുപത്രികളും ഉണ്ട്. ഇതുകൂടാതെ ആലപ്പുഴ യിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റും ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2016-17-ൽ ഹോമിയോപ്പതി വകുപ്പിന്റെ ശാക്തീകരണത്തിനായി 1983 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

92. ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും

*(വിഹിതം : 603.00 ലക്ഷം രൂപ)*

മികച്ചതും ഗുണമേൻമയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനായി ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും ആവശ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 603 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തി യിരിക്കുന്നു.

എ. ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും

പൊതുജനങ്ങൾക്ക് മികച്ചതും ഗുണമേൻമയുള്ളതുമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനാണ് ഹോമിയോപ്പതി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണവും ആധുനിക വൽക്കരണവും കൊണ്ട് വിഭാവനം ചെയ്യുന്നത്. ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സജ്ജമാക്കുന്നതിനും, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടെയും, പ്രിന്ററുകളുടേയും അറ്റകുറ്റപ്പണി ഉടമ്പടി, ഏറ്റെടുക്കുന്നതിനും പൊതുമരാമത്ത് (സിവിൽ & ഇലക്ട്രിക്കൽ) ജോലികൾക്കും ഡയറക്ടറേറ്റിലേക്ക് വാഹനം വാടക ക്കെടുക്കുന്നതിനും ആണ് 2016-17-ൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

ബി. ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറി കളുടേയും നിലവാരം മെച്ചപ്പെടുത്തൽ

ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറി കളുടെയും നിലവാരം ഉയർത്തുന്നതിനായി 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.

- ഡിസ്പെൻസറികളെ മാതൃകാ ഡിസ്പെൻസറികളായി നിലവാരം ഉയർത്തൽ.
- നിലവിലുള്ള മാതൃകാ ഡിസ്പെൻസറികളെ ശക്തി പ്പെടുത്തൽ.

- ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗിന്റെ അറ്റകുറ്റപ്പണി.
- ക്ലിനിക്കൽ ലാബുകളിലേക്ക് റീ ഏജന്റ് വാങ്ങൽ.
- ക്ലിനിക്കൽ ലാബിന്റെ സ്ഥാപനവും ശക്തി പ്പെടുത്തലും.
- ഹോമിയോപ്പതി സ്ഥാപനങ്ങളുടെ അറ്റകുറ്റപണി മരാമത്തു ജോലികൾ.
- ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന്.

സി. മെഡിക്കൽ സ്റ്റോറുകളുടെ ശക്തിപ്പെടുത്തൽ

ഹോമിയോപ്പതി ആശുപത്രികളിലേക്കും, ഡിസ്പെൻസറി കളിലേക്കും, മരുന്നുകൾ വാങ്ങുന്നതിനും, സൂക്ഷിക്കുന്നതിനും, ശേഖരിക്കുന്നതിനും, വിതരണത്തിനുമായി മെഡിക്കൽ സ്റ്റോറുകൾ ആവശ്യമാണ്. ഇപ്പോൾ തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി നാല് മെഡിക്കൽ സ്റ്റോറുകൾ ഉണ്ട്. 2015-16-ൽ പ്രസ്തുത മെഡിക്കൽ സ്റ്റോറുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള മെഡിക്കൽ സ്റ്റോറുകൾ ശക്തിപ്പെടുത്തുന്നതിനും, മരുന്നുകൾ വാങ്ങുന്നതിനും കരാറടിസ്ഥാനത്തിൽ മരുന്നുകൾ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു:

93. ആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും

*(വിഹിതം : 590.00 ലക്ഷം രൂപ)*

2016-17 സാമ്പത്തിക വർഷത്തിൽ ഏഴ് ഘടകങ്ങളിലായി ആരോഗ്യ പരിപാലനവും സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്ററുകളും എന്ന പദ്ധതിക്കായി 590 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു:

എ. സാംക്രമികരോഗ നിയന്ത്രണ പരിപാടി

സാംക്രമിക രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്ന പദ്ധതിയിലൂടെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനിടയുള്ള പ്രദേശങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു. താഴെ പറയുന്ന പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരിക്കുന്നത്:

- പ്രാദേശിക സാംക്രമികരോഗ നിയന്ത്രണ പരിപാടി. (ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ)
- ഉത്സവകാലങ്ങളിൽ തീർത്ഥാടന കേന്ദ്രങ്ങളിലും യുവജനോത്സവവേദികളിൽ സ്കൂളുകളിലും കോളേജുകളിലും താൽക്കാലിക ഡിസ്പെൻസറികൾ സ്ഥാപിക്കൽ.

ബി. കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി

കൗമാര ആരോഗ്യ പരിചരണ സ്വഭാവ രൂപീകരണ പദ്ധതി (സദ്ഗമയ), കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും അവരുടെ മാനസികവും ബൗദ്ധികവുമായ വൈകല്യങ്ങൾക്കും സ്വഭാവ വൈകല്യങ്ങൾക്കും ചികിത്സയും നൽകുന്നു. വിദ്യാലയ ആരോഗ്യ പരിപാടി നടത്തുന്നതിനും, കൗമാര പരിചരണ ആരോഗ്യ കേന്ദ്രത്തിന്റെ ശക്തി പ്പെടുത്തലിനുമായി തുക വകയിരുത്തിയിരിക്കുന്നു.

സി. ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ

ജില്ലാ ആശുപത്രികളിൽ പ്രത്യേക ദിവസങ്ങളിൽ സമീപ ഡിസ്പെൻസറികളിൽനിന്നുള്ള മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് പ്രമേഹം, തൈറോയിഡ്, ആസ്ത്മ, അലർജി എന്നീ രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനുള്ള പ്രത്യേക ഒ. പി. വിഭാഗം പ്രവർത്തിച്ചുവരുന്നു. 2016-17-ൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടർന്ന് പ്രവർത്തി ക്കുന്നതിനും, വൃദ്ധജനപരിപാലനത്തിനും പ്രമേഹം, ആസ്ത്മ, തൈറോയ്ഡ്, അലർജി, സന്ധിവാതം, മാനസികവൈകല്യങ്ങൾ, സഞ്ചരിക്കുന്ന ഹോമിയോപ്പതി ആരോഗ്യ കേന്ദ്രങ്ങൾ, ഗ്രന്ഥി വ്യവസ്ഥയിലുള്ള തകരാർ തുടങ്ങിയവയ്ക്കും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

ഡി. വനിതകൾക്കായുള്ള ആരോഗ്യപരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം)

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ആദ്യ ലിംഗാധിഷ്ഠിത പദ്ധതിയാണ് വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം). സീതാലയം സമൂഹത്തിൽ ദുരിതം അ നുഭവിക്കുന്ന സ്ത്രീകൾക്ക് സഹായം നൽകുന്നു. ചികിത്സയ്ക്കുപരിയായി സാമൂഹ്യക്ഷേമവകുപ്പ്, സംസ്ഥാന വനിതാ കമ്മീഷൻ, ആഭ്യന്തരവകുപ്പ് മുതലായവയുടെ ബഹുവിധമായ സേവനങ്ങൾ സീതാലയം മുഖാന്തിരം ലഭ്യമാക്കുന്നു. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് ജില്ലകളിലെ സീതാലയം യൂണിറ്റുകളിൽ നിന്നും ഇപ്പോൾ വന്ധ്യതാ നിവാരണ ക്ലിനിക്കുകളും ലഹരി വിരുദ്ധ ചികിത്സയും ലഭ്യമാണ്. നിലവിലുള്ള സീതാലയം യൂണിറ്റുകൾ ശക്തിപ്പെടു ത്തുന്നതിനും മരുന്നുകളും ലേപനങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ നടത്തുന്നതിനും, ഐ.ഇ.സി. പ്രവർത്തന ങ്ങൾക്കുമായി 2016-17-ൽ തുക വകയിരുത്തിയിരിക്കുന്നു.

ഇ. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമ പഞ്ചായത്തിലെ ചേതന എന്ന 10 കിടക്കകളോടുകൂടിയ കാൻസർ പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തിച്ചുവരുന്നു. 2016-2017 സാമ്പത്തിക വർഷത്തിൽ ജില്ലാ ഹോമിയോ ആശുപത്രികളിൽ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ വാർഡുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു.

എഫ്. ജീവിത ശൈലിരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്ന തിനുമായി ആയുഷ് ഹോളിസ്റ്റിക് സെന്റർ

വ്യത്യസ്ത ആയുഷ് സമ്പ്രദായങ്ങളായ ഹോമിയോപ്പതി, ആയുർവേദ, നാച്ചുറോപ്പതി, യോഗ എന്നിവയുടെ മേന്മകളെ സംയോജിപ്പിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ തടയു വാനായിട്ടുള്ള പദ്ധതിയാണിത്. ജീവിതശൈലീ രോഗങ്ങൾ തടയുകയും നിയന്ത്രിക്കുകയും ചെയ്യുകയെന്ന ഉദ്ദ്യേശത്തോടെ ഹോമിയോ വകുപ്പ് തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇത്തരം സെന്റർ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ശക്തിപ്പെടു ത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും തുക നീക്കിവച്ചി രിക്കുന്നു.

ജി. തുടർ മെഡിക്കൽ വിദ്യാഭ്യാസവും പരിശീലനവും

2016-17-ൽ തുടർ മെഡിക്കൽ വിദ്യാഭ്യാസത്തിനും, പരിശീലനത്തിനുമായും, ഐ. ഇ. സി. പ്രവർത്തനങ്ങൾക്കും, ഈ മേഖലയിലെ ഏറ്റവും നവീനമായ വികസനങ്ങൾ വ്യാപിപ്പിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

94. പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും

*(വിഹിതം : 80.00 ലക്ഷം രൂപ)*

പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും എന്ന പദ്ധതിയിൽ 2 ഘടകങ്ങളാണുള്ളത്. 2016–17 വർഷത്തിൽ ഈ പദ്ധതിക്കായി 80 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു:

എ. പുതിയ ഹോമിയോ ഡിസ്പെൻസറികൾ

നിലവിൽ സംസ്ഥാനത്ത് 661 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ഹോമിയോ ചികിത്സയ്ക്ക് പ്രചാരം വർദ്ധിച്ചുവരികയാണ്. 2016-2017 വർഷത്തിൽ 50 പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തുക വകയിരുത്തിയിരിക്കുന്നു.

ബി. പുതിയ ഹോമിയോ ആശുപത്രികൾ

ഹോമിയോ വകുപ്പിൽ 13 ജില്ലാ ആശുപത്രികളും 17 താലൂക്ക് ആശുപത്രികളും 10 കിടക്കകളോടുകൂടിയ 3 ആശുപത്രികളും നിലവിലുണ്ട്. 25 കിടക്കകളോട് കൂടിയ പുതിയ ആശുപത്രികൾ ശേഷിക്കുന്ന 46 താലൂക്കുകളിലും 36 മുനിസിപ്പാലിറ്റികളിലും ഘട്ടംഘട്ടമായി ആരംഭിക്കാനുദ്ദേശിക്കുന്നു. 2016–17–ൽ ഒരു താലൂക്ക് ആശുപത്രി ആരംഭിക്കുന്നതിനും ഒരു ഡിസ്പെൻസറിയെ 10 കിടക്കകളുള്ള ഡിസ്പെൻസറിയായി ഉയർത്തുന്നതുമായി തുക വകയിരുത്തുന്നു.

95. കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്

*(വിഹിതം : 60.00 ലക്ഷം രൂപ)*

കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി, ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നടത്തിവരുന്നു. പ്രസ്തുത സ്ഥാപനം 1980 മുതൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ഔഷധ വിതരണം നടത്തുന്ന ഏക സ്ഥാപനമാണ്. ഹോംകോ ഇൻഡ്യയിൽ 15-ഓളം സംസ്ഥാനങ്ങൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതോടൊപ്പം മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതിയും നടത്തുന്നു. ഫാർമസിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 2016-17-ൽ 60 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

96. ഹോമിയോപ്പതിക് സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം

*(വിഹിതം : 350.00 ലക്ഷം രൂപ)*

2016–17–ൽ സംസ്ഥാനത്തെ ഹോമിയോ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹോമിയോപ്പതി ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ 2–ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

97. ദേശീയ ആയുഷ് മിഷൻ–ഹോമിയോ (സംസ്ഥാന വിഹിതം)

*(വിഹിതം : 300.00 ലക്ഷം രൂപ)*

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവേദം, യോഗ, പ്രകൃതി ചികിൽസാ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചിലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഘലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ്. ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60 : 40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2016-17 വർഷത്തിൽ ദേശീയ ആയുഷ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഹോമിയോ വകുപ്പിന് 300 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നു.

## ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

കേരളത്തിൽ ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം ആറ് സ്ഥാപനങ്ങളാണ് നൽകുന്നത്. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി 990 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ധനസഹായം

98. തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള ഹോമിയോ മെഡിക്കൽ കോളേജുകൾക്ക് ധനസഹായം

*(വിഹിതം : 990.00 ലക്ഷം രൂപ)*

2016–17 വർഷത്തേക്ക് തിരുവനന്തപുരത്തും കോഴിക്കോടുമുള്ള ഹോമിയോ മെഡിക്കൽ കോളേജുകളിലെ വിവിധ പ്രവർത്തനങ്ങൾക്കായി 990 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സ്ഥാപനങ്ങൾക്ക് താഴെ പറയുംപ്രകാരം തുകവകയിരുത്തിയിട്ടുണ്ട്.

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *റവന്യൂ* | *ക്യാപ്പിറ്റൽ* | *ആകെ* |
|---|---|---|---|---|
| 1 | ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 195 | 700 | 895 |
| 2 | ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട് | 95 | 0 | 95 |
| | **ആകെ** | **290** | **700** | **990** |

താഴെപറയുന്ന പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാത്തിൽ ഏറ്റെടുത്ത് നടത്തുന്നതാണ്.

- മൈനർ പണികളും അറ്റകുറ്റപ്പണിയും മറ്റു ചിലവുകളും.
- മെഷിനറികൾ, ഉപകരണങ്ങൾ, ഗ്ലാസ്വെയറുകൾ, രാസപദാർത്ഥങ്ങൾ, ആരോഗ്യപുസ്തകങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ.
- നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും ക്ലിനിക്കൽ സൗകര്യങ്ങളും ശക്തിപ്പെടുത്തൽ.
- അധ്യാപക പരിശീലനം, ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം, ചുറ്റുമതിൽ ഔഷധതോട്ടം വികസിപ്പിക്കൽ,തിരുവനന്തപുരത്ത് കാൻസർ കെയർ യൂണിറ്റ്.
- കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ ബിരുദാനന്തര വിദ്യാർത്ഥിനികൾക്കും ഇന്റേണീസിനും വേണ്ടിയുള്ള വനിതാ ഹോസ്റ്റലിന്റെ തുടർനിർമ്മാണം (അധിക ബ്ലോക്ക്)
- തിരുവനന്തപുരത്ത് ഫാർമസി കോളേജിന്റെ നിർമ്മാണം.

## 9.6 ശുദ്ധജല വിതരണവും മാലിന്യ നിവാരണവും

ജീവന് ജലവും ജീവസന്ധാരണത്തിന് സുരക്ഷിതമായ ശുദ്ധജലവിതരണവും അത്യാവശ്യമാണ്. കേരളത്തിൽ ഗുണ നിലവാരമുള്ളതും ശരിയായ രീതിയിലുള്ളതുമായ സ്ഥിരമായ കുടിവെള്ള ലഭ്യത സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമാണ്. ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജനസംഖ്യ കേരളത്തിൽ 79 ശതമാനം ആണ്. പദ്ധതി നടത്തിപ്പിലെ സങ്കീർണ്ണതകൾ ഒഴിവാക്കാനും വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ അനായാസകരമാക്കാനും ജലവിതരണ, മാലിന്യ നിവാരണ മേഖലയിലെ നിലവിലുള്ള 32 പദ്ധതികളെ 16 എണ്ണമാക്കി കുറച്ചിട്ടുണ്ട്. ജപ്പാൻ സഹായ കുടിവെള്ള പദ്ധതി (ജി.ഐ.സി.എ.)യുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സ്രോതസ്സിൽ നിന്നും 150 കോടി രൂപ പദ്ധതി പൂർത്തീകരണത്തിനായി ഒറ്റത്തവണ സഹായമായി വകയിരുത്തി യിരിക്കുന്നു. 2016-17 ബജറ്റിൽ ശുദ്ധജലവിതരണവും മാലിന്യ നിവാരണവും എന്ന മേഖലയ്ക്ക് കഴിഞ്ഞ വർഷത്തേക്കാൾ 10.7 ശതമാനം വർദ്ധനവോടെ 996.92 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 ബജറ്റിലെ പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *വിഹിതം (ലക്ഷം രൂപ)* |
|---|---|---|
| (1) | (2) | (3) |
| 1 | പദ്ധതി തയ്യാറാക്കൽ | 75.00 |
| 2 | നിലവിലുള്ള സിവിൽ സ്ട്രക്ചറുകളുടെ നവീകരണം | 700.00 |
| 3 | നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതി | 11000.00 |
| 4 | രണ്ടാംഘട്ട കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പദ്ധതി (ജലനിധിയുടെ ആഡ്-ഓൺ പദ്ധതി) | 31442.00 |
| 5 | കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന നടപ്പിലാക്കുന്ന മഴ വെള്ള സംഭരണശേഷി ഉയർത്തലും ഭൂഗർഭ ജല റീ ചാർജ്ജ് പരിപാടിയും | 1000.00 |
| 6 | കേരള വാട്ടർ അതോറിറ്റിയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ | 100.00 |
| 7 | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി | 10000.00 |
| 8 | മാനവവിഭവശേഷി വികസനം, വികസനവും, ഗുണനിയന്ത്രണവും | 100.00 |
| 9 | വാട്ടർ അതോറിറ്റിയുടെ മാലിന്യ നിവാരണ പദ്ധതികൾ | 750.00 |
| 10 | നഗര ജലവിതരണ പദ്ധതികൾ | 6000.00 |
| 11 | ഗ്രാമീണ-ജലവിതരണ പദ്ധതികൾ | 8735.00 |
| 12 | പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ | 225.00 |
| 13 | ഇ-ഗവേണൻസ്, ജി.ഐ.എസ്., ഇൻഫർമേഷൻ മാനേജ്മെന്റ് | 229.00 |
| 14 | ഉൽപ്പാദനവും വിതരണവും പരമാവധിയിൽ എത്തിക്കുക | 10536.00 |
| 15 | നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും | 700.00 |
| 16 | കേരള ജലവിതരണ പദ്ധതി (ജി.ഐ.സി.എ.) നിർവ്വഹണം | 15000.00 |
| | പുതിയ പദ്ധതികൾ | |
| 17 | സ്ഥാപന ശാക്തീകരണത്തിനുവേണ്ടിയുള്ള സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി.) | 1000.00 |
| 18 | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം | 1000.00 |
| 19 | തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക-കുടിവെള്ള ശിൽപശാലയുടെ ഫലമായുള്ള പദ്ധതി | 1100.00 |
| | ആകെ | 99692.00 |

1. പദ്ധതി തയ്യാറാക്കൽ

(വിഹിതം : ₹ 75.00 ലക്ഷം)

പുതിയ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാന ആവശ്യം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കലാണ്. ഇത്തരത്തിലുള്ള പ്രോജക്ട് തയ്യാറാക്കലിന്റെ ഭാഗമാണ് സർവ്വേ നടത്തലും അനുബന്ധ വിശദ പഠനങ്ങളും. സംസ്ഥാനതല പദ്ധതികൾക്ക് അംഗീകാരം നൽകുന്ന സമിതിയുടെയും മറ്റു ശീർഷകങ്ങളു ടെയും കീഴിലായി പുതിയ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുന്നതും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതുമായ പ്രവർത്തനങ്ങൾക്കായി 2016-17 കാലയളവിൽ 75.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള സിവിൽ സ്ട്രക്ച്ചറുകളുടെ നവീകരണം

(വിഹിതം : ₹ 700.00 ലക്ഷം)

വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റി ഓഫീസ് കെട്ടിടങ്ങൾ, സംസ്ക്കരണ ശാലകൾ, പമ്പ് ഹൗസുകൾ, ടാങ്കുകൾ തുടങ്ങിയ വിവിധ സിവിൽ സ്ട്രക്ചറുകൾ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചു വരുന്നു. കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളുടെ അഭാവംമൂലം പല സ്ട്രക്ചറുകളും ജീർണ്ണാവസ്ഥയിലാണ്. ഈ സ്ട്രക്ചറുകൾ കൂടുതൽ പൊതുജന സൗഹൃദ മാക്കുന്നതിനും പ്രത്യക്ഷ സൗന്ദര്യം ഉറപ്പുവരുത്തുന്നതിനായി അടയാള ബോർഡുകൾ ഉൾപ്പെടെയുള്ള സ്ട്രക്ചറുകൾക്ക് ഒരേ വർണ്ണ വിന്യാസം നൽകാൻ വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നു. പഴയ സ്ട്രക്ചറുകൾ ഒരു പാക്കേജ് ആയി പുനരുദ്ധരിക്കുന്നതിനായി 700.00 ലക്ഷം രൂപ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3. നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജല വിതരണ പദ്ധതികൾ

(വിഹിതം: ₹ 11000.00 ലക്ഷം)

നബാർഡിന്റെ സ്പാൻ-ആർ. ഐ. ഡി. എഫ്-ൽ ഉൾപ്പെട്ട 36 പദ്ധതികൾക്കും 124 പഞ്ചായത്ത് ഗ്രാമങ്ങളിലെ 27.35 ലക്ഷം ജനങ്ങളും ഗുണഭോക്താക്കളായുണ്ട്. ഈ 36 പദ്ധതികളിൽ 28 എണ്ണം പൂർത്തിയാക്കുകയും ബാക്കിയുള്ളവ നടപ്പിലാക്കി വരികയുമാണ്. കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റുക, കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ മറ്റിനിയിലേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള

ജലവിതരണ പദ്ധതികൾ എന്നിവയാണ് ആർ. ഐ. ഡി. എഫ്. XVI-നു കീഴിൽ വരുന്ന പദ്ധതികൾ. ആർ. ഐ. ഡി. എഫ്. XVII-യുടെ കീഴിൽ തൃശ്ശൂർ ജില്ലയിലെ കാട്ടൂർ, പടിയൂർ, പൂമംഗലം എന്നീ ഗ്രാമങ്ങളിലേക്കുള്ള ജലവിതരണ പദ്ധതികളും, വയനാട് ജില്ലയിലെ മാനന്തവാടി ഇടവക, നല്ലൂമാട് ഗ്രാമം എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതികളും ഉൾപ്പെടുന്നു. ആർ. ഐ. ഡി. എഫ്. XVIII-ന്റെ കീഴിൽ 9 പദ്ധതികൾക്കും എൻഡോസൾഫാൻ ബാധിതർക്കുള്ള ഒരു ജലവിതരണ പദ്ധതിക്കും നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആർ. ഐ. ഡി. എഫ്. XIX-ന്റെ കീഴിൽ 8 പദ്ധതികളും ആർ. ഐ. ഡി. എഫ്. XX-ന്റെ കീഴിൽ 9 പദ്ധതികളും ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന എല്ലാ ജോലികളും പറഞ്ഞിരുന്ന സമയപരിധിക്കുള്ളിൽതന്നെ പൂർത്തിയാക്കേണ്ടതാണ്. ഈ പദ്ധതിക്കായി 2016-17 ബഡ്ജറ്റിൽ 11000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. രണ്ടാംഘട്ട കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പദ്ധതി (ജലനിധിയുടെ ആഡ്-ഓൺ പദ്ധതി)

(വിഹിതം: ₹ 31442.00 ലക്ഷം)

ലോക ബാങ്ക് സഹായത്തോടെയുള്ള രണ്ടാംഘട്ട കേരള ഗ്രാമീണ ജല വിതരണ ശുചീകരണ പദ്ധതിയുടെ (ജലനിധിയുടെ ആഡ്-ഓൺ പദ്ധതി) ചെലവ് 1022 കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്. ആകെ ചെലവിന്റെ 64% തുക ലോകബാങ്കിൽ നിന്ന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ്വഴി തിരികെ ലഭിക്കും. 12% ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5 ശതമാനം ഗുണഭോക്താക്കളിൽ നിന്നും ബാക്കിയുള്ള 19% സംസ്ഥാന സർക്കാർ വിഹിതമായും ലഭിക്കും. ജനുവരി 2012 മുതൽ അഞ്ചര വർഷം നീളുന്ന പദ്ധതി കാലയളവിൽ 200 ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കുമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. 500 ചെറുകിട ജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 650 ചെറുകിട ജലവിതരണ പദ്ധതികളുടെ കമ്മീഷൻ ചെയ്യൽ, 3 വലിയ വിവിദോദ്ദേശ ഗ്രാമപഞ്ചായത്ത് പദ്ധതികളുടേയും 21 ഏകോദ്ദേശ ഗ്രാമ പഞ്ചായത്ത് പദ്ധതികളുടേയും കമ്മീഷൻ ചെയ്യൽ, 93 പഞ്ചായത്തുകളിൽ പദ്ധതി വ്യാപിപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 31442.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന നടപ്പിലാക്കുന്ന മഴ വെള്ള സംഭരണ പദ്ധതിയുടെ ശേഷി ഉയർത്തലും ഭൂഗർഭ ജല റീ ചാർജ്ജ് പരിപാടിയും

(വിഹിതം : ₹ 1000.00 ലക്ഷം)

കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്ന മഴവെള്ളസംഭരണ പ്രവർത്തനങ്ങൾ നിലനിർത്തുകയെന്നതാണ് ഈ പരിപാടിയുടെ മുഖ്യലക്ഷ്യം. ഫെറോ സിമന്റ് യൂണിറ്റുകൾ സ്ഥാപിക്കുക, സ്കൂളുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, ശില്പശാലകൾ, ചർച്ചകൾ, പ്രദർശനങ്ങൾ, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവയിലൂടെ മഴവെള്ള സംഭരണ പരിപാടി ജനകീയമാക്കുക എന്നിവയാണ് ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. ഭൂഗർഭ ജല സ്രോതസ്സുകളുടെ സ്ഥിരത മെച്ചപ്പെടുത്തുന്നതിലേക്ക് ഒരു ആവശ്യാധിഷ്ഠിത മാതൃകയാക്കി ഇതിനെ മാറ്റേണ്ടതുണ്ട്. കെ.ആർ.ഡബ്യൂ. എസ്.എ. യിലൂടെ മഴവെള്ള സംഭരണവും (ആർ. ഡബ്യൂ. എച്ച്.) ഭൂഗർഭജല റീചാർജ്ജും (ജി. ഡബ്യൂ. ആർ) നടപ്പാക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. കേരള വാട്ടർ അതോറിറ്റിയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്

(വിഹിതം : ₹ 100.00ലക്ഷം)

കുപ്പിയിലുള്ള കുടിവെള്ളത്തിന്റെ ആവശ്യകത കുറച്ചു വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പൊതുമേഖലയിലുള്ള ഇത്തരം യൂണിറ്റിലൂടെ ഈ മേഖലയിലെ വില നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുന്നു. കൂടാതെ ഇത്തരം നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ കേരള വാട്ടർ അതോറിറ്റിക്കും വിപണിയുടെ നേട്ടത്തിന്റെ ഒരു ഭാഗം ലഭിക്കുന്നു. പ്രസ്തുത ആശയത്തെ പിന്തുണച്ചുകൊണ്ട് അത്തരം പ്ലാന്റുകൾ തിരുവനന്തപുരത്തെ അരുവിക്കര, ഇടുക്കിയിലെ തൊടുപുഴ, കോഴിക്കോട് ജില്ലയിലെ തുഷാരഗിരി എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അരുവിക്കരയിലെ പ്ലാന്റ് 2017-ഓടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നേരത്തെ ആരംഭിച്ചവയുടെ തുടർ പ്രവർത്തനങ്ങൾക്കും, പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും 2016-17 വർഷത്തെ ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

(50% സംസ്ഥാന വിഹിതം)

(വിഹിതം: ₹ 10000.00 ലക്ഷം)

രാജീവ്ഗാന്ധി ദേശീയ കുടിവെള്ള ദൗത്യത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൻകീഴിൽ ധാരാളം ഗ്രാമീണ ജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭാരത സർക്കാർ തുക നൽകുന്നുണ്ട്.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ. ആർ. ഡി. ഡബ്ല്യൂ. പി.) മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനതല കമ്മിറ്റി (എസ്. എൽ. എസ്. സി.) അംഗീകരിച്ചിട്ടുള്ള പുതിയതും നിർമ്മാണത്തിലിരിക്കുന്നതുമായ എൻ. ആർ. ഡി. ഡബ്ല്യൂ. പി. പദ്ധതികളുടെ ആകെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കണമെന്ന് കേന്ദ്ര സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമീണമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിവെള്ള ലഭ്യത, ഗുണമേന്മ, നിലനിൽപ്പ് എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ദൂരീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വ്യാപനം, നിലനിർത്തൽ, ഗുണനിലവാരം, പ്രകൃതി ദുരന്തങ്ങൾ, ഓപ്പറേഷനും മാനേജ്മെന്റും (ഒ. ആന്റ് എം.), മറ്റു പിന്തുണ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ സംസ്ഥാനവുമായി ബന്ധപ്പെട്ട ഘടകങ്ങൾ. വ്യാപനം 47 ശതമാനം, ഗുണനിലവാരം 20 ശതമാനം, ഒ. ആന്റ് എം. 15 ശതമാനം, നിലനിർത്തൽ 10 ശതമാനം, മറ്റു പൂരക പ്രവർത്തനങ്ങൾ 5 ശതമാനം, വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവെയിലൻസ് (ഡബ്ലിയു. ക്യൂ. എം. എസ്.) 3 ശതമാനം എന്നിങ്ങനെയാണ് ഫണ്ട് വിഭജനരീതി. വ്യാപനം, ഒ. ആന്റ് എം., ഗുണനിലവാരം എന്നിവയ്ക്ക് തുക പങ്കുവെയ്ക്കുന്നത് 50:50 എന്ന അനുപാതത്തിലാണ്. പൂരക പ്രവർത്തനങ്ങൾ, ഡബ്ലിയു. ക്യൂ. എം. എസ്. എന്നിവയ്ക്ക് 100 ശതമാനം കേന്ദ്ര സർക്കാർ ധനസഹായം ലഭിക്കുകയും ചെയ്യും. കേന്ദ്ര സംസ്ഥാന വിഹിതം പങ്കിടുന്ന 183 എ. ആർ. ഡബ്യൂ. എസ്. പി.-യുടെ തുടർ പദ്ധതികൾ നിലവിലുണ്ട്.

ടെക്നോളജി മിഷൻ സ്കീം എന്ന ഘടകത്തിനു കീഴിൽ കേന്ദ്ര സഹായത്തോടുകൂടി 15 പദ്ധികളാണ് നടപ്പിലാക്കുന്നതിനായി ഏറ്റെടുത്തിരുന്നത്. കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 11 പദ്ധതികൾക്ക് 75:25-ഉം 3 പദ്ധതികൾക്ക് 50:50-ഉം ഒരു പദ്ധതിക്ക് 96.3:3.7-ഉം ആയിരുന്നു. 15 പദ്ധതികളിൽ 9 പദ്ധതികൾ പൂർത്തീകരിക്കുകയും 5 പദ്ധതികൾ ഭാഗികമായി പൂർത്തീകരിക്കുകയും അവശേഷിക്കുന്ന ഒരു പദ്ധതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയുമാണ്.

2013-14-ൽ ആറ് പദ്ധതികളാണ് ഭാരത സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ജലത്തിന്റെ ഗുണനിലവാലക്കുറവ് ബാധിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾക്കായി 5 ശതമാനം വകയിരുത്തിയിട്ടുള്ള ഫണ്ട്, എൻ. ആർ. ഡി. ഡബ്യൂ. പി.-യുടെ കീഴിലുള്ള സാധാരണ വകയിരുത്തലിനും പുറമേയാണ്. പ്രസ്തുത പദ്ധതികൾക്കെല്ലാം കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ പദ്ധതി വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിൽ എൻ. ആർ. ഡി. ഡബ്യൂ. പി. പദ്ധതിക്ക് 10000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും, ഗുണനിയന്ത്രണം

(വിഹിതം: ₹ 100.00 ലക്ഷം)

മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും

ശുദ്ധജല ഉത്പാദനം, വികസനം, മാനേജ്മെന്റ്, മോണിറ്ററിംഗ് സിസ്റ്റം തുടങ്ങിയ മേഖലകളിൽ കേരള വാട്ടർ അതോറിറ്റി നവീന സാങ്കേതിക വിദ്യകൾ നടപ്പാക്കിവരുന്നു. എന്നുതന്നെയല്ല ജി. ഐ. സി. എ. സഹായത്തോടെയുള്ള ജലവിതരണ പദ്ധതി ഉൾപ്പെടെയുള്ള വലിയ പദ്ധതികളും വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നുണ്ട്. ഇത്തരം വലിയ പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനും ഉയർന്ന സാങ്കേതികവിദ്യകളുടെ കാലാനുചിത പരിപാലനത്തിനും എഞ്ചിനീയർ, മാനേജർ, മറ്റു ഉദ്യോഗസ്ഥർ എന്നിവർക്ക് ആധുനിക പദ്ധതി നിയന്ത്രണ സങ്കേതങ്ങളെക്കുറിച്ച് പരിശീലനം നൽകേണ്ടത് ആവശ്യമാണ്. കേരള വാട്ടർ അതോറിറ്റിയുടെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി 2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നു.

- സ്ഥാപനത്തിനകത്തും പുറത്തുമുള്ള പരിശീലനം.
- ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടി.
- പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം.
- ലൈബ്രറി സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ.
- പരിശീലന കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ.

ഗുണനിലവാര നിയന്ത്രണം

ഭാരത സർക്കാരിന്റെ ദേശീയ കുടിവെള്ള ഗുണനിലവാര പരിശോധനയും നിരീക്ഷണവും പരിപാടിയുടെ മാർഗ്ഗരേഖ അനുസരിച്ച് സംസ്ഥാനത്തിലെ എല്ലാ ജല സ്രോതസ്സുകളും ഒരു സ്ഥാപനവൽക്കരണ പരിപാടിയിലൂടെ ഗുണനിലവാരം പരിശോധിക്കണം. അതുപ്രകാരം സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് (എസ്. ആർ. ഐ.) എറണാകുളത്തെ നെട്ടൂരിൽ സ്ഥാപിച്ചു. എസ്. ആർ. ഐ.-യുടെ കീഴിൽ 14 ജില്ലാ ഗുണനിയന്ത്രണ പരിശോധനശാലകളും എൻ. ആർ. ഡി. ഡബ്യൂ. പി.-യുടെ 16 ഉപമേഖലാ പരിശോധനശാലകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ജലഗുണനിലവാര പരിശോധന വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ 2016-17 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:

- എറണാകുളത്തെ നെട്ടൂരിൽ പുതിയ കെട്ടിട നിർമ്മാണം.
- ആധുനീകരിക്കപ്പെട്ട ജല ഗുണനിലവാര പരിശോധനാശാലയ്ക്കുവേണ്ടി ഗ്രാഫൈറ്റ് ഫർണസോടുകൂടിയ അറ്റോമിക് അബ്സോപ്ഷൻ സ്പെക്ട്രോഫോട്ടോമീറ്റർ, മൾട്ടി പാരാമീറ്റർ ടെസ്റ്റർ, മൾട്ടി ഇലക്ട്രോടുകളോടു കൂടിയ അയോൺ മീറ്റർ തുടങ്ങിയ പുതിയ ഉപകരണങ്ങൾ.
- ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ഗുണനിയന്ത്രണ ജില്ലാ ലബോറട്ടറിയുടെ പുതിയ മന്ദിര നിർമ്മാണം—രണ്ടാം ഘട്ടം.
- 14 ജില്ലാ പരിശോധന ശാലകളിൽ മലിനജല സംസ്കരണ യൂണിറ്റുകളുടെ നിർമ്മാണം.

ഇത്തരം പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുവാനായി 2016-17 ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

9. കേരള വാട്ടർ അതോറിറ്റിയുടെ മാലിന്യ നിവാരണ പദ്ധതികൾ

(വിഹിതം : ₹ 750.00 ലക്ഷം)

തിരുവനന്തപുരം മാലിന്യ നിവാരണ പദ്ധതി എ, ബി, സി, ഡി, ഇ, എഫ്, ജി എന്നീ ബ്ലോക്കുകളായി തരംതിരിച്ചിട്ടുണ്ട്. ജനസംഖ്യയും സമ്പത്ത് ക്രയവിക്രയങ്ങളും പ്രവർത്തനങ്ങളും വർദ്ധിച്ചു വരുന്നതിനാൽ നിലവിലുള്ള മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ പുനരുദ്ധരിക്കേണ്ടത് അത്യാവശ്യമാണ്. എ, ബി, സി എന്നീ ബ്ലോക്കുകളിൽ നിലവിലുള്ള മാലിന്യ ലൈനുകളും ബ്രിക്ക്മാൻ ഹോളുകളും പുനർ നിർമ്മിക്കേണ്ടതുണ്ട്. നഗരത്തിലെ ത്വരിതഗതിയിലുള്ള ജനസംഖ്യാ വളർച്ചയെ നേരിടുന്നതിനായും നഗരം മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനും നിലവിലുള്ള 100 എം.എം., 50 എം.എം. മാലിന്യ ലൈനുകൾ ഏറ്റവും കുറഞ്ഞത് 200 എം. എം. ആയി മാറ്റേണ്ടതാണ്. തേയ്മാനം കാരണം മിക്ക പമ്പുകളും മോട്ടോറുകളും പ്രവർത്തനരഹിതമാണ്. എന്നു മാത്രമല്ല ചില പമ്പ് ഹൗസുകളിൽ ബദൽ പമ്പുസെറ്റുകളില്ല. അതിനാൽ പമ്പുകളുടെയും മോട്ടോറുകളുടേയും പുനരുദ്ധാരണം ആവശ്യമാണ്. ആവശ്യമായ സ്ഥലങ്ങളിൽ പമ്പ് ഹൗസുകളും ഓഫീസ് കെട്ടിടങ്ങളും നവീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലെ മാലിന്യങ്ങളിൽ ജൈവ മെഡിക്കൽ മാലിന്യവും ഉൾപ്പെട്ടിട്ടുണ്ട്. ഇത് സാംക്രമിക രോഗങ്ങളുണ്ടാക്കുന്നതും മനുഷ്യ ജീവന് ഭീഷണിയുമാണ്. ഇപ്പോൾ ഇത്തരം മാലിന്യം നഗരത്തിലെ ജനസംഖ്യാ നിബിഡമായ ഇടങ്ങളിലൂടെ ഒരു പരിധിവരെ കവിഞ്ഞൊഴുകാറുണ്ട്. അതിനാൽ മെഡിക്കൽ കോളേജിനു മാത്രമായി മാലിന്യ പംബിംഗ്

മെയിൻ മുട്ടത്തറ മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് 9 കി. മീ. നീളത്തിൽ സ്ഥാപിക്കേണ്ടതാണ്. ജനസംഖ്യാ സാന്ദ്രതയേറിയ ഗുരുവായൂർ മുൻസിപ്പാലിറ്റിക്കു കീഴിൽ ശരിയായ മലിനജല നിർഗ്ഗമന സംവിധാനം ഏർപ്പെടുത്തുന്നതിനായി ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിയുടെ നിലവിലുള്ള ജോലികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനായി 2016-17 ബഡ്ജറ്റിൽ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. നഗര ജലവിതരണ പദ്ധതികൾ

(വിഹിതം : ₹ 6000.00 ലക്ഷം)

നിലവിലുള്ള മിക്ക നഗര ജലവിതരണ പദ്ധതികളും വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്തവയാണ്. ഈ പദ്ധതികളുടെ ഭാഗമായ പമ്പുകൾക്കും മോട്ടോറുകൾക്കും ഭാഗികമായി തേയ്മാനം സംഭവിച്ചതിനാൽ അവയുടെ കാര്യശേഷി വളരെ കുറഞ്ഞിരിക്കുന്നു. വിവിധ പദ്ധതികൾക്കായി സ്ഥാപിച്ചിരുന്ന പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ എന്നിവയുടെ കാലദൈർഘ്യവും ശേഷിയും തീർന്നിരിക്കുകയാണ്. വിള്ളൽ വീണ് ജലവിതരണം മുടങ്ങാതിരിക്കാൻ ഈ പൈപ്പുകൾ ഉടനടി മാറ്റി സ്ഥാപിക്കേണ്ടതാണ്. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഫിൽട്ടർ മീഡിയയുടെ പുനരുദ്ധാരണവും ശുദ്ധീകരണ സംവിധാനത്തിന്റെ നവീകരണവും ചെയ്യേണ്ടതുണ്ട്. കൊച്ചി നഗരത്തിലെ ജലവിതരണ പദ്ധതിയുടെ ഇടക്കാല ശേഷി വർദ്ധനവ്, കൊല്ലം ജലവിതരണ പദ്ധതിയിലേക്ക് കല്ലട നദിയിൽ നിന്നുള്ള അധിക സ്രോതസ്സ്, നിലമ്പൂർ മുൻസിപ്പാലിറ്റിയിലേക്കുള്ള ജലവിതരണ പദ്ധതി ശേഷി വർദ്ധിപ്പിക്കുക എന്നിവയും നടപ്പിലാക്കൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ നിലവിലുള്ള നഗര ജലവിതരണ പദ്ധതികളുടെ പൂർത്തീകരണവും ഉദ്ദേശിക്കുന്നുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ നഗര ജല വിതരണത്തിന്റെ ഉടനടിയുള്ള പുനരുദ്ധാരണം/ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 2016-17 ബജറ്റിൽ 6000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. ഗ്രാമീണ ജലവിതരണ പദ്ധതികൾ

(വിഹിതം : ₹ 8735.00 ലക്ഷം)

നിലവിൽ ധാരാളം ഗ്രാമീണ ജല വിതരണ പദ്ധതികളുണ്ട്. ഇവയിൽ ഭൂരിഭാഗവും വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്തവയാണ്. അതിനാൽ പൈപ്പ്ലൈനുകൾ, പമ്പുസെറ്റുകൾ, മോട്ടോറുകൾ, വൈദ്യുതി കണക്ഷൻ എന്നിവയുടെ അറ്റകുറ്റപ്പണികൾ/മാറ്റിസ്ഥാപിക്കൽ ആവശ്യമാണ്. പഴയ പൈപ്പുകളും, അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം 40 % ജലവിതരണ നഷ്ടത്തിന് ഇടവരുത്തുന്നതായി നിരീക്ഷിക്കപ്പെടുന്നു. വെള്ളം തുടർച്ചയായി അരിച്ചെടുക്കുന്ന തുമൂലമുള്ള തടസ്സങ്ങൾ മാറ്റുവാനും ജലവിതരണത്തിൽ ഗുണനിലവാരം മെച്ചപ്പെടുന്നതിലേക്ക് വേണ്ടിയും ഫിൽട്ടർ മീഡിയയുടേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പുനഃസ്ഥാപിക്കൽ അത്യന്താപേക്ഷിതമാണ്. കൂടാതെ എല്ലാ പഴയ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഗ്രാമീണ ജലവിതരണ പരിപാടി മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ വേഗം പൂർത്തീകരിക്കാനായി മുൻഗണനാക്രമത്തിൽ എടുക്കേണ്ടതാണ്.

- ചീക്കോടും സമീപ ഗ്രാമങ്ങളിലേക്കുമുള്ള ജലവിതരണ പദ്ധതി (ഫെറോക്ക്-കരുവന്തുരുത്തി വിതരണം).
- പുതിയ മൂലധന പദ്ധതി (പാറശ്ശാലയും കുമരകവും).
  - (എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാലയിലേക്കും സമീപ ഗ്രാമങ്ങളിലേക്കും മറുകിൽ, മാറാനല്ലൂർ ഗ്രാമങ്ങളിലേക്കുമുള്ള സമഗ്ര ജലവിതരണ പദ്ധതി.
  - (ബി) കുമരകം-തിരുവാർപ്പ് പഞ്ചായത്തുകളിക്കുള്ള ജലവിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ.
- കിളിമാനൂർ, പഴയകുന്നുമേൽ, മടവൂർ ഗ്രാമങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി.
- വിതുര, തൊളിക്കോട് ഗ്രാമങ്ങളിലേക്കുള്ള സമഗ്ര ജലവിതരണ പദ്ധതി.
- രാമപുരത്തേക്കുള്ള ജലവിതരണ പദ്ധതി.
- ആനക്കല്ലിലേക്കുള്ള ജലവിതരണ പദ്ധതി.
- പാറത്തോട് പഞ്ചായത്തിലെ പാലപ്രയിലേക്കുള്ള ജലവിതരണ പദ്ധതി.
- തേവരുപാറയിലേക്കുള്ള ജലവിതരണ പദ്ധതി.
- മുണ്ടക്കയത്തേക്കുള്ള ജലവിതരണ പദ്ധതി.
- കോരുത്തോടിലേക്കുള്ള ജലവിതരണ പദ്ധതി.
- സാർക്ക് 2010-11.

ഈ പ്രവർത്തനങ്ങളുടെ മുൻഗണനാക്രമത്തിലുള്ള നടത്തിപ്പിനായി 2016-17 ബജറ്റിൽ 8735.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ

(വിഹിതം : ₹ 225.00 ലക്ഷം)

സംസ്ഥാനത്തെ ചില പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കും തടസ്സം കൂടാതെയുള്ള ജലവിതരണ സംവിധാനം ആവശ്യമാണ്. ഇതിന്റെ അത്യാവശ്യം പരിഗണിച്ച് താഴെപ്പറയുന്ന പദ്ധതികൾ ഈ പരിപാടിയിൽ ഉൾപ്പെടുന്നു:

(എ) മെഡിക്കൽ കോളേജുകൾ/ആശുപത്രികളിലേക്കുള്ള ജലവിതരണ പദ്ധതികൾ.

തിരുവനന്തപുരം മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിലേക്ക് തടസ്സം കൂടാതെയുള്ള ജലവിതരണം ഉറപ്പുവരുത്തുന്നതിനായി തടസ്സമുണ്ടാകുമ്പോൾ ഉപയോഗിക്കുന്നതിനായി സമാന്തര ജലവിതരണ ലൈൻ കുമാരപുരത്തുനിന്നും മെഡിക്കൽ കോളേജിലേക്ക് സ്ഥാപിക്കേണ്ടതുണ്ട്. കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ മറ്റു മെഡിക്കൽ കോളേജുകളിലേക്കും ജലവിതരണ പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതാവശ്യമാണ്.

(ബി) ശബരിമലയിലേക്കുള്ള ജലവിതരണ പദ്ധതി.

ശബരിമലയിലെ തീർത്ഥാടകർക്കായി മതിയായ അളവിൽ ജലം ലഭ്യമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. മെച്ചപ്പെടുത്തൽ പദ്ധതിയുടെ പൂർത്തീകരണത്തോടെ കേരള വാട്ടർ അതോറിറ്റിക്ക് പമ്പയിലേക്കും സന്നിധാനത്തേക്കും 13 എം. എൽ. ഡി. ജലം എത്തിക്കാൻ കഴിയും. പമ്പയിലേക്കും കുന്നിൻ മുകളിലേക്കും ഇപ്പോഴത്തേയും ഭാവിയിലേക്കും ജലത്തിനുള്ള ആവശ്യം, മതിയായ അളവിലും ഗുണത്തിനും എത്തിക്കുന്നതിനായി ത്രിവേണിയിൽ 18 എം. എൽ. ഡി. ശേഷിയുള്ള ഒരു ജലസംസ്കരണ ശാല നിർമ്മിക്കുന്ന തിനായി നിർദ്ദേശിച്ചിട്ടുണ്ട്. 18 എം. എൽ. ഡി. ശേഷിയുള്ള ജല സംസ്ക്കരണശാല നിർമ്മിക്കുക, അസംസ്കൃത ജല പമ്പിംഗ് മെയിനായി 500 എം. എം. ഡി1 പൈപ്പുകൾ സ്ഥാപിക്കുക, കുന്നിൻമുകളിൽ ശുദ്ധജല സംഭരണി (15 ലക്ഷം ലിറ്റർ ശേഷി) യുടെ നിർമ്മാണം, 300 എം. എം. ഡി. ഐ. ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കുക, വിതരണ സംവിധാനം സ്ഥാപിക്കുക തുടങ്ങിയവ ഈ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡി. ഐ., ജി. ഐ. പൈപ്പുകൾ ഉപയോഗിച്ചുള്ള വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലും സംഭരണി, പമ്പ് ഹൗസ്, ജലവിതരണ ഘടന എന്നിവയുടെ ശുദ്ധീകരണവും സുരക്ഷയും കൂടി ഈ നിർദ്ദേശത്തിലുണ്ട്.

(സി) തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിലേക്കുള്ള ജലവിതരണ പദ്ധതി.

തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലേക്ക് സമർപ്പിതമായ ജലവിതരണം നടപ്പിലാക്കുക എന്ന് ഈ പദ്ധതിയുടെ ഉദ്ദേശ്യമാണ്. കുറ്റിമക്കൂൽ ജംഗ്ഷനിൽ നിന്നും 1350 മീറ്റർ നീളത്തിൽ 200 എം. എം. ഡി. ഐ. പൈപ്പുപയോഗിച്ച് നിലവിലുള്ള ഗ്രാവിറ്റി മെയിനിൽനിന്നും തലശ്ശേരിയിലേക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുക, സംപ്, പമ്പ് ഹൗസ്, മീറ്റർ ഹൗസ്, മറ്റ് അത്യാവശ്യ തുടർ ജോലികൾ തുടങ്ങിയവയാണ് നടപ്പിലാക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി 2016-17 ബജറ്റിൽ 225.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. ഇ-ഗവേർണൻസ്, ജി. ഐ. എസ്., ഇൻഫർമേഷൻ മാനേജ്മെന്റ്

(വിഹിതം : ₹ 229.00 ലക്ഷം)

കേരള വാട്ടർ അതോറിറ്റി ഇപ്പോൾ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളിലാണ്. ഒട്ടുമിക്ക ഉദ്യോഗസ്ഥരേയും ഇപ്പോൾതന്നെ കേരള വാട്ടർ അതോറിറ്റി വൈഡ് ഏരിയ നെറ്റ്വർക്കിൽ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ പ്രധാന ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഡി. ഡി. എഫ്. എസ്. വഴിയാണ്. ഇ-അബാക്കസ് കൂടാതെ, ഹാജർ നിരീക്ഷണ സംവിധാനം, ഒ. ആന്റ് എം. തുടങ്ങിയ മറ്റ് സോഫ്റ്റ്വെയറുകളും വിവിധ സെക്ഷനുകളിലെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി ഇന്റർനെറ്റ്/ഫ്രണ്ട്സ് കേന്ദ്രങ്ങൾ/ബാങ്കുകൾ/അക്ഷയ സെന്ററുകൾ/പോസ്റ്റ് ഓഫീസുകൾ തുടങ്ങിയവയിലൂടെ വാട്ടർ ചാർജ്ജ് പേയ്മെന്റ് സൗകര്യവും പരിചയപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത ബാങ്കുകളിലെ ഇ.സി.എസ്. വഴി ഓൺലൈൻ വാട്ടർ ചാർജ്ജ് ശേഖരണവും തുടങ്ങിയിട്ടുണ്ട്. ഇ-അബാക്കസിന്റെ അറ്റകുറ്റപ്പണികൾക്കും സഹായത്തിനുമായി കാര്യക്ഷമമായ ഒരു സപോർട്ട്സെൽ പ്രവർത്തിക്കുന്നു. നന്നായി പരിപാലിക്കപ്പെടുന്ന നെറ്റുവർക്കുകൾ, സെർവറുകൾ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ നവീകരിച്ച ശരിയായി പരിപാലിക്കപ്പെടുന്ന അടിസ്ഥാനസൗകര്യങ്ങൾ ഊർജ്ജസ്വലമായ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമുണ്ട്.

എല്ലാ അത്യാവശ്യ അനുമതി ഉത്തരവുകളും ഭൂമി കൈമാറ്റ രേഖകളും വിവരങ്ങൾ പദ്ധതി നടത്തിപ്പിലെ ഇതുവരെ നേടിയ അനുഭവ സമ്പത്ത് പൂർത്തീകരിച്ച പദ്ധതി ഘടകങ്ങളുടെ നിർമ്മിത ചിത്രങ്ങൾ, പൈപ്പ് ശൃംഖലയുടെ സ്ഥാപിത മാപ്പുകൾ തുടങ്ങിയവ കമ്പ്യൂട്ടറിലേക്ക് മാറ്റേണ്ടതാവശ്യമാണ്. കോൺട്രാക്ടർ സമർപ്പിക്കുന്ന പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പരിപാലനരേഖയും പദ്ധതി പൂർത്തീകരണ ഡോക്യുമെന്റിന്റെ ഭാഗമാകേണ്ടതാണ്. വാറന്റി/ഗ്യാരന്റി സർട്ടിഫിക്കറ്റുകൾ, ലഭിച്ച സേവനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടെ കിട്ടിയ ലൈസൻസുകൾ എന്നിവയും ഭാവിയിൽ ഉപയോഗിക്കുന്നതിനായി ഡോക്യുമെന്റിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ പദ്ധതികൾ ഡോക്യുമെന്റ് ചെയ്യേണ്ടതും ഇലക്ട്രോണിക് (സോഫ്റ്റ് കോപ്പി) രൂപത്തിൽ അവതരിപ്പിക്കേണ്ടതും ആവശ്യമാണ്.

ഇത്തരം പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 229.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14. ഉൽപാദനവും വിതരണവും പരമാവധിയിലെത്തിക്കുക

(വിഹിതം : ₹ 10536.00 ലക്ഷം)

ഉൽപാദനവും വിതരണവും പരമാവധിയിലെത്തിക്കുക എന്ന പരിപാടിയിൽ താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്:

(എ) പഴയ ജല ശുദ്ധീകരണശാലകളുടെ നവീകരണവും ചെറിയ ജല ശുദ്ധീകരണശാലകളുടെ നിർമ്മാണവും

സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ കുറഞ്ഞ ഗുണനിലവാരത്തെക്കുറിച്ച് നടന്ന വ്യാപക ചർച്ചകൾ പരിഗണിച്ച് കേരള സർക്കാർ, പഴയ ജലശുദ്ധീകരണ ശാലകളുടെ നവീകരണത്തിനായി ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ കൂടെ ചെറിയ ജല ശുദ്ധീകരണശാലകൾ നിർമ്മിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ജല വിതരണ പദ്ധതികളുടെ പഴക്കമേറിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ

കൂടെക്കൂടെയുണ്ടാകുന്ന പൈപ്പുപൊട്ടൽ കാരണം പൊതുജനങ്ങൾക്ക് ശുദ്ധജലം നൽകുന്നതിനുണ്ടാകുന്ന തടസ്സമാണ് വാട്ടർ അതോറിറ്റി നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. ഈ തടസ്സം ഒഴിവാക്കാൻ കുറഞ്ഞത് 10% പൈപ്പുകളെങ്കിലും വർഷംതോറും മാറ്റി സ്ഥാപിക്കുകയോ പുതുക്കുകയോ വേണം. ഇതുവഴി സുഗമവും ശരിയായ രീതിയിലുമുള്ള കുടിവെള്ള വിതരണം പൊതുജനങ്ങൾക്ക് ഉറപ്പുവരുത്താനും വരുമാനരഹിത ജലം കുറയ്ക്കാൻ കഴിയുന്നതുവഴി കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുവാനും സാധിക്കും.

(സി) ഊർജ്ജസംരക്ഷണ നടപടികളും കാലഹരണപ്പെട്ട പമ്പുകൾ, മോട്ടോറുകൾ മറ്റ് വൈദ്യുത ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണവും

കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളായ വൈദ്യുതി സംബന്ധിയായ പിഴയൊടുക്കൽ, വർദ്ധിച്ചുവരുന്ന കരാർ ആവശ്യങ്ങൾ, ഹൈടെൻഷൻ കണക്ഷനുകൾ, കാര്യശേഷി കുറഞ്ഞ യന്ത്രങ്ങൾ എന്നിവ ഉയർന്ന വൈദ്യുത

ചെലവിനും കാരണമാകുന്നു. വാട്ടർ അതോറിറ്റിയുടെ വാർഷിക വൈദ്യുത ചെലവും വൈദ്യുത ഉപഭോഗവും കുറയ്ക്കാനായി സ്റ്റാറ്റിക് കപ്പാസിറ്ററുകൾ സ്ഥാപിക്കുക, പഴയതും കാര്യശേഷിയില്ലാത്തതുമായ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ യന്ത്രങ്ങൾ മാറ്റുക, വൈദ്യുതി കണക്ഷനുകൾ എച്ച്.റ്റി-യിലേക്ക് മാറ്റുക എന്നിവ ചെയ്യേണ്ടതത്യാവശ്യമാണ്.

ഉൽപാദനവും വിതരണവും പരമാവധിയിലെത്തിക്കുക എന്ന പരിപാടിയ്ക്കായി 2016-17 ബഡ്ജറ്റിൽ 10536.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

15. നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും

(വിഹിതം : ₹ 700.00 ലക്ഷം)

വരുമാനരഹിത പാഴുജലം കുറച്ചുകൊണ്ടു വരുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിക്ക് ആധുനിക സാങ്കേതിക വിദ്യയും മാനേജ്മെന്റ് സംവിധാനങ്ങളും സ്വീകരിക്കേണ്ടതായുണ്ട്. വാട്ടർ അതോറിറ്റി അതിന്റെ മുഴുവൻ ജലവിതരണ പദ്ധതികളിലും ജല ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും ശരിയായ അളവറിയാൻ വലിയ മീറ്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തന നിയന്ത്രണത്തിനുവേണ്ടി പ്രമുഖ ജലവിതരണ പദ്ധതികളുടെ വിതരണ സംവിധാനത്തിലെ മർദ്ദവും ഒഴുക്കും ഓൺലൈൻ (ശരിയായ സമയം) നിരീക്ഷണത്തിലാക്കേണ്ടതാവശ്യമാണ്. ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകളായ അസറ്റ്മാപ്പിംഗ്, വാട്ടർ ഓഡിറ്റ്, ഹൈഡ്രോമിക് മോഡലിംഗ്, റിമോട്ട് മോണിറ്ററിംഗ്, ഓട്ടോമേഷൻ, സ്കാഡ തുടങ്ങിയവ ഘട്ടംഘട്ടമായി പ്രദർശിപ്പിക്കുന്ന തരത്തിൽ നിലവിലുള്ള പദ്ധതിയെ ഒരു 24 × 7 ജല വിതരണ പദ്ധതിയായി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഇതിനായി 700.00 ലക്ഷം രൂപ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

16. കേരള ജലവിതരണ പ്രോജക്ട്, ജിക്ക

(വിഹിതം : ₹15000.00 ലക്ഷം രൂപ)

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പ്രോജക്ടുകൾ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 2987.40 കോടി രൂപ ചിലവഴിച്ചു കൊണ്ട് നടപ്പിലാക്കുന്നതിനാണ് ജിക്ക അസിസ്റ്റഡ് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന് ഇപ്പോൾ അറിയപ്പെടുന്ന ജെ.ബി.ഐ.സി വിഭാവനം ചെയ്യുന്നത്. പദ്ധതി കാലയളവ് 2003 മുതൽ 2015 വരെയാണ്. മൊത്തത്തിൽ പണി പൂർത്തീകരിച്ച സ്ഥിതി 94.77 ശതമാനവും പ്രാദേശികതലത്തിലെ പണിപൂർത്തീകരിച്ച സ്ഥിതി തിരുവനന്തപുരം-93.72%വും, മീനാട്-92.46%വും, ചേർത്തല-100%വും, കോഴിക്കോട്-91.13%വും, പട്ടുവം-99.29%വുമാണ്. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാന കുടിവെള്ള പദ്ധതികളിലൊന്നാണ് ജിക്ക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രോജക്ട്. ജിക്കയുടെ വായ്പാ കാലാവധി 28-7-2015-ൽ തീർന്നതിനാൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകേണ്ടതായിവന്നു. പദ്ധതി പൂർത്തീകരിക്കേണ്ട പ്രദേശങ്ങളിലെ പൂർത്തീകരണത്തിനും പര്യാപ്തമായ കുടിവെള്ള വിതരണത്തിനും 2016-17 വർഷത്തെ ബഡ്ജറ്റിൽ ജിക്ക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രോജക്ടിന് 15000.00 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി വകയിരുത്തിയിരിക്കുന്നു.

പുതിയ പദ്ധതികൾ

17. സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായുള്ള സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി)

(വിഹിതം : ₹ 1000.00 ലക്ഷം)

2013-ൽ അവസാന ജിക്ക ദൗത്യ സന്ദർശനത്തിൽ സംരംഭക വിഭവ ആസൂത്രണം ഉടനടി നടപ്പിലാക്കുവാനും കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്ര നിയന്ത്രണ യൂണിറ്റിന് അംഗീകാരം നൽകുന്നതിന് ഇതൊരു മാനദണ്ഡമായി പരിഗണിക്കുകയും വേണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി. സ്ഥാപന ശാക്തീകരണത്തെ സഹായിക്കുന്നതിനായി വിവിധ സംരംഭകർ നേരത്തേ വികസിപ്പിച്ചിട്ടുള്ളതും നിലവിലുള്ളതുമായ സോഫ്ട്വെയറുകൾ സംരംഭക വിഭവ ആസൂത്രണത്തിൽ ലയിപ്പിക്കണം. ഇ.ആർ.പി. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

18. അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം

(വിഹിതം : ₹ 1000.00 ലക്ഷം)

ശുദ്ധീകരിച്ച ജലത്തിന്റെ അളവ് 84 എം.എൽ.ഡി.-യിൽ നിന്നും 100 എം.എൽ.ഡി-യായി വർദ്ധിപ്പിക്കാനും അതിലൂടെ ഇലക്ട്രിക്കൽ ലോഡ് കുറയ്ക്കാനും കേരള വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കേരള സംസ്ഥാന ആസൂത്രണ ബോർഡും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച കേരളത്തിലെ കുടിവെള്ള മാനേജ്മെന്റ്-പ്രശ്നങ്ങളും വെല്ലുവിളികളും എന്ന ദേശീയ ശിൽപശാലയിൽ കേരളത്തിലുടനീളം നിലവിലുള്ള പമ്പിംഗ് സ്റ്റേഷനുകളുടെ ആധുനികവൽക്കരണത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി. സബ്സ്റ്റേഷന്റെ നവീകരണം, 335 എച്ച്.പി. (4 × 2) പമ്പുകൾ മാറ്റി സ്ഥാപിക്കലും ഉയർന്ന കാര്യക്ഷമതയുള്ള പമ്പുകളോടുകൂടിയ ക്ലിയർ വാട്ടർ പമ്പ് ഹൗസുകളും, ക്ലാരിഫയർ ബ്രിഡ്ജുകളുടെ നവീകരണവും, വാഷ്വാട്ടർ പമ്പുകളും ബ്ലോവറുകളും മാറ്റി സ്ഥാപിക്കൽ എന്നിവയാണ് അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണത്തിൽ ഉദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പു സാമ്പത്തിക വർഷംതന്നെ അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 1000.00 ലക്ഷം രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

19. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ-കുടിവെള്ള ശിൽപശാലയുടെ ഫലമായുള്ള പദ്ധതി

(വിഹിതം : ₹ 1100.00 ലക്ഷം)

സംസ്ഥാനത്താകെ ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ചേർന്ന് ഒരു ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ജലസംരക്ഷണം, ജലഗുണമേന്മ, സ്ഥാപനപരമായ നിയന്ത്രണം എന്നീ മേഖലകളിൽ ധാരാളം ശുപാർശകൾ ശിൽപശാലയുടെ ഫലമായി ഉരുത്തിരിഞ്ഞു. കേരളത്തിലെ 69 പഞ്ചായത്തുകളിൽ യാതൊരു ഏജൻസി മുഖേനയും ജലവിതരണ പദ്ധതികൾ ഇല്ല എന്നതാണ് കണ്ടെത്തിയ പ്രശ്നങ്ങളിലൊന്ന്. ഇപ്പോൾ ജലവിതരണ പദ്ധതികൾ നിലവിലില്ലാത്ത 5 പഞ്ചായത്തുകൾ മുൻഗണനാ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അവശേഷിക്കുന്ന പഞ്ചായത്തുകളിൽ ഘട്ടം ഘട്ടമായി നടപ്പാക്കും. പ്രസ്തുത പദ്ധതിയ്ക്കായി 2016-17 ബഡ്ജറ്റിൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 9.7 ഭവന നിർമ്മാണം

പന്ത്രണ്ടാം പദ്ധതിയുടെ അവസാനത്തോടെ "എല്ലാ വർക്കും സുരക്ഷിതവും താങ്ങാനാവുന്നതുമായ ഭവനങ്ങൾ" എന്നതാണ് സംസ്ഥാനം ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് തന്നെ യായിരുന്നു പാർപ്പിട നയവും വിഭാവനം ചെയ്തിരുന്നത്. 2016-17 വർഷത്തിൽ 7092.00 ലക്ഷം രൂപ ഭവന നിർമ്മാണ മേഖലയ്ക്കായി നീക്കിവെച്ചിരിക്കുന്നു.

2016-17-ൽ ഭവന നിർമ്മാണ മേഖലയിലെ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | വകുപ്പിന്റെ/പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| I | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 4,285.00 |
| II | ഭവന വകുപ്പ് സാങ്കേതിക സെൽ | 170.00 |
| III | കേരള പോലീസ് ഭവന നിർമ്മാണ കോർപ്പറേഷൻ | 1,100.00 |
| IV | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | 377.00 |
| V | കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ | 410.00 |
| VI | പൊതുമരാമത്ത് വകുപ്പ് | 750.00 |
| | ആകെ | 7,092.00 |

2016-17-ൽ ഭവന നിർമ്മാണ മേഖലയിലെ ഓരോ പദ്ധതിക്കുമുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു:

### I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

സർക്കാരിന് കീഴിലുള്ള ഭവന നിർമ്മാണ മേഖലയിലെ നടത്തിപ്പ് ഏജൻസി എന്ന നിലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തെരഞ്ഞെടുക്കപ്പെടുന്ന ഗുണ ഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനവായ്പാ സഹായ ത്തിനുപുറമേ പൊതു ഭവന പദ്ധതികളിലൂടെ വാസ സൗകര്യവും നൽകുന്നു. 2016-17-ലേക്ക് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

(1) ഗൃഹശ്രീ ഭവന പദ്ധതി

(വിഹിതം : ₹ 3615.00 ലക്ഷം)

രണ്ടോ മൂന്നോ സെന്റ് ഭൂമി കൈവശമുള്ള താഴ്ന്ന വരുമാനക്കാർക്കും സാമ്പത്തിക ദുർബല വിഭാഗക്കാർക്കും ഭവനനിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിക്കൊണ്ട് സന്നദ്ധ സംഘടനകളുടെയും സർക്കാരിതര സംഘടനകളുടെയും മനുഷ്യസ്നേഹി കളുടെയും പങ്കാളിത്തത്തോടെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന സബ്സിഡി പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സബ്സിഡി തുക നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളായാണ് വിതരണം ചെയ്യുന്നത്. 2016-17-ൽ സാമ്പത്തിക ദുർബല വിഭാഗക്കാരും താഴ്ന്ന വരുമാന ക്കാരുമായ കൂടുതൽ ഭവനരഹിതർക്ക് ഈ പദ്ധതിയുടെ നേട്ടം ലഭ്യമാകുന്നതിനായി ഏകദേശം 1800 വീടുകൾക്ക് സബ്സിഡി തുക വിതരണം ചെയ്യുവാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് സർക്കാർ സബ്സിഡി നൽകുന്നതിനും പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുകയും, അവലോകനം ചെയ്യുന്നതിനുമായി 2016-17-ൽ 3615.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(2) വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (50% സംസ്ഥാന വിഹിതം

(വിഹിതം : ₹ 600.00 ലക്ഷം)

വനിതാ ജീവനക്കാർ നേരിടുന്ന വാസസ്ഥല ലഭ്യതക്കുറവ് തരണം ചെയ്യുന്നതിന് വേണ്ടിയാണ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതി, നിർമ്മാണ ചെലവിന്റെ 50% കേന്ദ്ര സർക്കാർ ഗ്രാന്റും 50% സംസ്ഥാന സർക്കാർ വിഹിതവും ബാക്കി ഭവന നിർമ്മാണ ബോർഡിന്റെ സ്വന്തം വിഹിതവും ഉപയോഗിച്ചാണ് ബോർഡ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും ഉപയോഗിച്ച് കോഴിക്കോട്, കട്ടപ്പന, എൻ.സി.സി. നഗർ (തിരുവനന്തപുരം), മുളങ്കുന്നത്തുകാവ്-ചാലക്കുടി (തൃശ്ശൂർ), ഇടപ്പള്ളി (എറണാകുളം) എന്നിവിടങ്ങളിൽ വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നു. 2016-17 കാലയളവിൽ കോട്ടയം ഗാന്ധിനഗറിൽ ബോർഡിന്റെ സ്വന്തം സ്ഥലത്തും (അധിക ബ്ലോക്ക്) വയനാട് മാനന്തവാടിയിലും വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. 2016-17-ലേക്ക് വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് 50% സംസ്ഥാന വിഹിതമായി 600.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

(3) പരിശീലന പദ്ധതിയും ഓഫീസ് ഓട്ടോമേഷനും

(വിഹിതം : ₹ 70.00 ലക്ഷം)

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ജീവനക്കാർക്ക് പരിശീലന പരിപാടി ആവശ്യമാണ്. ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു എങ്കിലും കാര്യക്ഷമവും സമഗ്രവുമായ പ്രവർത്തനത്തിന് ഓരോ ജീവനക്കാരനും കമ്പ്യൂട്ടറിലും സോഫ്റ്റ്വെയറിലും നൈപുണ്യം ഉണ്ടാകണം. ഇതിലേയ്ക്കായി സാങ്കേതിക/ഭരണ വിഭാഗം ജീവനക്കാർക്ക് നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകേണ്ടതുണ്ട്. 2016-17-ൽ ഈ പ്രവർത്തന ങ്ങൾക്കായി 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### II. ഭവന വകുപ്പ് സാങ്കേതിക സെൽ

(വിഹിതം : ₹ 170.00 ലക്ഷം)

സംസ്ഥാനത്തെ വിവിധങ്ങളായ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഹൗസിംഗ് കമ്മീഷണറുടെ നേരിട്ടുള്ള നേതൃത്വത്തിൻകീഴിൽ സംയോജിപ്പിച്ച് കൊണ്ടുപോകുക എന്ന ലക്ഷ്യബോധത്തോടെ സംസ്ഥാന സർക്കാർ 1980-ൽ ഭവന വകുപ്പിനുവേണ്ടി ഒരു സാങ്കേതിക സെല്ലിന് രൂപം നൽകി. 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തന ങ്ങൾക്കായി ഭവന വകുപ്പ് സാങ്കേതിക സെല്ലിന് 170.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഭവന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി സെല്ലിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയും ക്ഷമതയും വിശദമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്.

- ആശ്രയ നിധി രൂപീകരണം

12-ാം പദ്ധതി കാലയളവിൽ പൊതുജനങ്ങളുടെ, പ്രത്യേകിച്ചും സാമ്പത്തിക ദുർബല വിഭാഗക്കാരുടേയും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടേയും ഭവന നിർമ്മാണ ആവശ്യത്തിനുവേണ്ടി ചെലവ് കുറഞ്ഞ ധനലഭ്യതയ്ക്ക് ആവശ്യമായ തുക കണ്ടെത്തുന്നതിനായി ഒരു ആശ്രയനിധി രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വികസന ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, വിദേശ

ഇന്ത്യക്കാരിൽനിന്നും സന്നദ്ധ സംഘടനകളിൽ നിന്നുമുള്ള വിഹിതം എന്നിവയിൽ നിന്നുമാണ് ആശ്രയനിധിക്കാവശ്യമായ ധനസമാഹരണം നടത്തുന്നത്. ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- നൂതന സാങ്കേതികവിദ്യാ നിധി രൂപീകരണം

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി പുതിയ കെട്ടിട നിർമ്മാണോൽപ്പന്നങ്ങളും നൂതന സങ്കേതങ്ങളും വിപണന മേഖലയിൽ പരിചയപ്പെടുത്തുക, ഭവന നിർമ്മാണമേഖലയിൽ ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ഇണങ്ങിയതും ഹരിതോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ളതുമായ പുതിയ കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുക, കെട്ടിട നിർമ്മാണ സാങ്കേതികവിദ്യാരംഗത്ത് പുതിയ ആശയങ്ങൾ കൊണ്ടുവരുന്നതിന് ഗവേഷണങ്ങൾ നടത്തുക എന്നിവയ്ക്കാണ് നൂതന സാങ്കേതികവിദ്യാ നിധി രൂപീകരിക്കുന്നത്. ഭവനനിർമ്മാണ മേഖലയിൽ ചെലവ് കുറഞ്ഞതും പരിസ്ഥിതിക്കനുയോജ്യമായതും ഹരിത സാങ്കേതിക വിദ്യയിലും ഉള്ള പരീക്ഷണങ്ങളും ഗവേഷണങ്ങളും ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനങ്ങളെയും യൂണിറ്റുകളെയും സാമ്പത്തികമായി സഹായിക്കുന്നതിനാണ് സാങ്കേതിക വിദ്യാനിധി ഉപയോഗിക്കുക. നൂതന സാങ്കേതികവിദ്യാനിധി രൂപീകരണത്തിനായി 70.00 ലക്ഷം രൂപ വകയിരുത്തുന്നു.

## III. കേരള പോലീസ് ഭവന നിർമ്മാണ കോർപ്പറേഷൻ ലിമിറ്റഡ്

(വിഹിതം : ₹ 1100.00 ലക്ഷം)

പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്, ജയിലുകൾ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുതലായവയ്ക്കു വേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായിട്ടാണ് 1990-ൽ കേരള പോലീസ് ഭവന നിർമ്മാണ കോർപ്പറേഷൻ സ്ഥാപിതമായത്. പട്ടികവർഗ്ഗ വികസന വകുപ്പ്, ടൂറിസം വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് തുടങ്ങി മറ്റ് വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങളും കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്ത് നടത്തുന്നു. 2016-17 കാലയളവിൽ 1100.00 ലക്ഷം രൂപ കോർപ്പറേഷന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു:

1. വനിതാ പോലീസ് സെൽ (4 എണ്ണം)—200 ലക്ഷം രൂപ. (12-ാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടുള്ള എല്ലാ വനിതാ പോലീസ് സെല്ലുകളുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.)
2. പോലീസ് ആസ്ഥാന സമുച്ചയത്തിന്റെ പൂർത്തീകരണം—300.00 ലക്ഷം രൂപ.
3. പോലീസ് കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപണികളും പരിപാലനവും—600.00 ലക്ഷം രൂപ.

## IV. (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

(വിഹിതം : ₹ 265.00 ലക്ഷം)

പരിസ്ഥിതിക്കനുയോജ്യമായതും ചെലവ് കുറഞ്ഞതുമായ സാങ്കേതികവിദ്യ (സി.ഇ.ഇ.എഫ്.) ഉപയോഗിച്ച് ഭവന നിർമ്മാണ/ആവാസ കേന്ദ്ര വികസന മേഖലകളിൽ ഇടപെടുന്നതിലേയ്ക്കായി 1989-ലാണ് കേരള സംസ്ഥാന നിർമ്മിതികേന്ദ്രം സ്ഥാപിക്കപ്പെടുന്നത്. 2016-17 വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിർമ്മിതി കേന്ദ്രത്തിന് 265.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | സീറോ എനർജി-സീറോ ഡിസ്ചാർജ് കെട്ടിടങ്ങൾക്കവലംബിക്കാവുന്ന ആശയ നിർദ്ദേശം | 5.00 |
| 2 | 10 പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള ബയോഗ്യാസ് യൂണിറ്റുകളുടെ പുതിയ ഉൽപ്പാദനകേന്ദ്രങ്ങളുടെ രൂപീകരണം | 50.00 |
| 3 | ദേശീയ ഹാബിറ്റാറ്റ് മ്യൂസിയവും ടെക്നോളജി പാർക്കും | 15.00 |
| 4 | കൈത്തൊഴിലാളികളുടെ പരിശീലനം | 129.00 |
| 5 | കലവറകളുടെ രൂപീകരണം | 50.00 |
| 6 | നിലവിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 15.00 |
| 7 | നിർമ്മിതി ജീവനക്കാരുടെ കാര്യ ശേഷി വികസനം | 1.00 |
| | ആകെ | 265.00 |

### (ബി) ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാറി ബേക്കർ നിർമ്മിതി ഗവേഷണ പരിശീലന സ്ഥാപനം)

(വിഹിതം : ₹ 112.00 ലക്ഷം)

അന്തരിച്ച പ്രശസ്ത ശില്പി പത്മശ്രീ ഡോ. ലാറി ബേക്കറിനോടുള്ള ബഹുമാന സൂചകമായി കേരള സർക്കാർ സ്ഥാപിച്ചതാണ് ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ്. ഈ സ്ഥാപനം ശേഷി വികസന പരിശീലന പരിപാടികൾ, ആവാസ കേന്ദ്രവികസനത്തിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ഗവേഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ചെലവു കുറഞ്ഞതും കാര്യക്ഷമമായി നടപ്പിലാക്കാനാവുന്നതുമായ ഇതര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി നിലനിൽക്കുന്ന ആവാസ വ്യവസ്ഥകളിൽ വ്യതിയാനമില്ലാതെ ആസൂത്രണ, രൂപകൽപനാ വിഷയങ്ങളിൽ ഗവേഷണം നടത്തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2016-17-ൽ 112.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| (എ) | ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ്, വാഴമുട്ടം ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ശാക്തീകരണം | 100.00 |
| (ബി) | സന്നദ്ധ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും മാലിന്യ നിയന്ത്രണത്തിനെക്കുറിച്ച് പരിശീലനം | 4.00 |
| (സി) | ആവാസ സാങ്കേതികവിദ്യയുടെ വ്യതിയാനമില്ലാത്ത അവസ്ഥയും കാലാവസ്ഥാ വ്യതിയാനവും എന്ന വിഷയത്തിനെക്കുറിച്ചുള്ള വസ്തുതകളുടെ പ്രസാധനവും അറിവിന്റെ വ്യാപനവും | 4.00 |
| (ഡി) | സന്തുലിത നിർമ്മാണം, പ്രകൃതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ കുട്ടികൾക്കും അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കൽ | 4.00 |
| | ആകെ | 112.00 |

## V. കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ

(വിഹിതം : ₹ 410.00 ലക്ഷം)

23-9-1970-ൽ രജിസ്റ്റർ ചെയ്യപ്പെട്ട കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ, സംസ്ഥാന പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക് കഴിയുന്നത്ര കുറഞ്ഞ ചെലവിൽ വീടുകളുടെ നിർമ്മാണത്തിന്, തിരിച്ചടവ് എളുപ്പമായതരത്തിൽ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഉന്നതതല സ്ഥാപനമാണ്. അംഗങ്ങളായ സംഘങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഓഹരി മൂലധനം, എൽ. ഐ. സി., ദേശീയ ഭവന ബ്ലോക്ക്, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന വായ്പകൾ തുടങ്ങിയവയാണ് ഫെഡറേഷന്റെ മുഖ്യ ധനസമാഹരണ മാർഗ്ഗങ്ങൾ. ഫെഡറേഷന്റെ അടിസ്ഥാന ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ധനസഹായങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി 2016-17-ൽ 410.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

## VI. പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക പദ്ധതികളും)

(വിഹിതം : ₹ 750.00 ലക്ഷം)

സർക്കാർ ക്വാർട്ടേഴ്സുകൾ, വനിതാ ജീവനക്കാർക്കായുള്ള ഹോസ്റ്റലുകൾ എന്നിവ അടക്കമുള്ള സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കായി 2016-17-ൽ 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം | 450.00 |
| 2 | വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണം | 300.00 |
| | ആകെ | 750.00 |

## 9.8 നഗര വികസനം

നഗരവികസന പരിപാടികൾക്ക് സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 694 കോടി രൂപയിൽ നഗരകാര്യ വകുപ്പിന് 36 കോടി രൂപയും നഗര ഗ്രാമാസൂത്രണ വകുപ്പിന് 3.40 കോടി രൂപയും നഗര പ്രദേശങ്ങളിൽ കുടുംബശ്രീ പരിപാടികൾ നടപ്പാക്കുന്നതിന് 135 കോടി രൂപയും കെ.എസ്.യു.ഡി.പി.ക്ക് 395.01 കോടി രൂപയും ശുചിത്വമിഷന് 68.59 കോടി രൂപയും വികസന അതോറിറ്റികൾക്ക് 55 കോടി രൂപയും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷന് 1 കോടി രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

## I നഗരകാര്യ വകുപ്പ്

1. കഴിവു വർദ്ധിപ്പിക്കലും സേവനം ലഭ്യമാക്കലും

(വിഹിതം: 40.00 ലക്ഷം രൂപ)

മൂന്ന് തുടർ പദ്ധതികളെ സംയോജിപ്പിച്ചിട്ടുള്ള ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണവും ഇ-ഗവേണൻസ് പരിപാടികളും | 10.00 |
| 2 | നഗരകാര്യ വകുപ്പിലെ അടിസ്ഥാന സൗകര്യ വികസനം | 5.00 |
| 3 | നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശീലനവും കഴിവു വർദ്ധിപ്പിക്കലും പദ്ധതി വിലയിരുത്തലും | 25.00 |
| | **ആകെ** | **40.00** |

നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിലേയും റീജിയണൽ ആഫീസുകളിലെയും കമ്പ്യൂട്ടർവത്ക്കരണ പരിപാടികൾ പൂർത്തീകരിക്കുന്നതിനും ഇ-ഓഫീസ് സംവിധാനം, വെബ് സൈറ്റ് എന്നിവ നടപ്പിലാക്കുന്നതിനുമായി 2016-17 വർഷം 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്ന നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തതിലേക്ക് 2016-17 വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നഗരകാര്യ വകുപ്പിലേയും മുനിസിപ്പൽ കോമൺ സർവ്വീസിലേയും ജീവനക്കാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി 2016-17 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഗരകാര്യവകുപ്പിലെയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പ്രധാന പ്രവർത്തനങ്ങളെ വിശദമാക്കുന്നതിനുതകുന്ന പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കിലയിൽവച്ച് 200 ഉദ്യോഗസ്ഥർക്കും ഐ. എം. ജി.-യിൽ വച്ച് 300 ഉദ്യോഗസ്ഥർക്കും പരിശീലനം നൽകാനായി ഈ വിഹിതം നീക്കിവച്ചിരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണത്തിൽ ഉൾപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിന്, സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാങ്കേതിക സഹായത്തോടുകൂടിയുള്ള ഒരു പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി വിഹിതത്തിന്റെ ഒരു വിഹിതം വിനിയോഗിക്കാവുന്നതാണ്.

2. നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

(വിഹിതം: 2060.00 ലക്ഷം രൂപ)

ഈ പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന തുടർ പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

| *ക്രമ നമ്പർ* | *ഘടകം* | *വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | നഗരപ്രദേശങ്ങളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം | 1000.00 |
| 2 | നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങളുടെ നിർമ്മാണം | 50.00 |
| 3 | നഗരപ്രദേശങ്ങളിൽ ഗ്യാസ് അധിഷ്ഠിത ശ്മശാനം നിർമ്മിക്കൽ | 1000.00 |
| 4 | യന്ത്രവൽകൃതമല്ലാത്ത നഗര ഗതാഗത സംവിധാനത്തിന് തുടക്കം കുറിക്കൽ | 10.00 |
| | **ആകെ** | **2060.00** |

നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ് ആധുനിക അറവുശാലകളുടെ നിർമ്മാണവും നവീകരണവും. ഇതിലേക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, യന്ത്രസാമഗ്രികൾ വാങ്ങുക എന്നിവയ്ക്കുള്ള ധനസഹായം നഗരകാര്യ വകുപ്പ് നൽകുന്നു. തെരഞ്ഞെടുക്കപ്പെട്ട നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒറ്റത്തവണ ധനസഹായം എന്ന നിലയിലാണ് ഇത് നൽകുന്നത്. നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തുല്ല്യവിഹിതം വകയിരുത്തിന്നതിന് ഫണ്ട് കുറവായതിനാൽ 2016-17 മുതൽ മൊത്തം പ്രോജക്ട് തുകയും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനിവദിക്കുന്നതാണ്. നിർമ്മിക്കാനുദ്ദേശിക്കുന്ന അറവുശാലകൾ നിയമപരമായ എല്ലാ ചട്ടങ്ങളും പാലിക്കേണ്ടതും ശരിയായ മാലിന്യ സംസ്കരണ വ്യവസ്ഥയോടുകൂടിയതുമായിരിക്കണം. 8 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഓരോ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനായി 1.25 കോടി രൂപ വീതം 1000 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിരിക്കുന്നു.

ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ തങ്ങളുടെ ജീവിത വൃദ്ധിക്കായി സംസ്ഥാനത്ത് വരുന്നുണ്ട്. അവർക്ക് സുരക്ഷിതമായി രാത്രി കാലങ്ങളിൽ കഴിയുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് വളരെ കുറവാണ്. ഇവർക്കു വേണ്ട സൗകര്യം നൽകുന്നതിന് സംസ്ഥാന സർക്കാർ ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഒരു വിധിയിലൂടെ പരാമർശിച്ചിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന രണ്ട് നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓരോ രാത്രികാല അഭയകേന്ദ്രങ്ങൾ 2016-17 വർഷം നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും ഉദ്ദേശവും പാലിക്കുന്ന നഗര സഭകളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രോജക്ടുകൾക്ക് ഫണ്ട് നൽകുന്നതാണ്.

മനുഷ്യന്റെ ഭൗതികശരീരം ദഹിപ്പിക്കുന്നതിനുവേണ്ട മെച്ചപ്പെട്ട ശ്മശാനം ഉണ്ടാക്കുക എന്നുള്ളത് നഗരസഭകളുടെ മൗലീക ചുമതലകളിൽപ്പെട്ടതാണ്. ശ്മശാനത്തിന് അനുയോജ്യമായ സ്ഥലവും ഫണ്ടും ലഭിക്കുന്നില്ല എന്നുള്ളതാണ് നഗരസഭകൾ നേരിടുന്ന പ്രധാന പ്രശ്നം. ലഭ്യമായ 50 സെന്റ് സ്ഥലത്ത് ഗ്യാസ് അധിഷ്ഠിത ശ്മശാനങ്ങൾ

നിർമ്മിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഏറ്റവും കുറഞ്ഞത് 100 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഒരു കെട്ടിടം ശ്മശാനം നിർമ്മിക്കുന്നതിനായി വേണ്ടിവരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടുള്ള 20 നഗരസഭകളിൽ ഓരോ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി ശുചിത്വമിഷൻ നൽകുകയും പദ്ധതി നഗരകാര്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ നടപ്പാക്കുകയും ചെയ്യുന്നു.

വാഹനങ്ങളുടെ ക്രമാതീതമായ ബാഹുല്യം കാരണം വായു മലിനീകരണവും ഗതാഗതക്കുരുക്കും നഗരപ്രദേശങ്ങളിൽ ഭീകരമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഇതു ചെറിയ തോതിലെങ്കിലും പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിൽ കാൽനട യാത്രയും സൈക്കിൾ യാത്രയും പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഘടകങ്ങൾ കാൽനടയാത്രക്കാർക്ക് വേണ്ടിയുള്ള മേൽപാലങ്ങൾ, ട്രാക്കുകൾ, സൈക്കിൾ സവാരിക്കുള്ള പ്രത്യേക പാതകൾ, തടസ്സങ്ങളില്ലാത്ത കാൽനടയാത്രാ വഴികൾ, കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി റോഡുമുറിച്ചു കടക്കുന്നതിനുള്ള സൗകര്യം, സുരക്ഷിതമായ സൈക്കിൾ സവാരിക്ക് അനുയോജ്യമായ റോഡുകളും ലെയിനുകളും കണ്ടെത്തൽ എന്നിവയാണ്. ഇതിലേക്ക് 2016-17 വർഷം 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ-2030-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

3. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

(വിഹിതം : 1500.00 ലക്ഷം രൂപ)

നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ/ഭാഗിക തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള സംസ്ഥാന പദ്ധതിയാണിത്. അവിദഗ്ദ്ധ തൊഴിലുകൾ ചെയ്യുവാൻ താൽപ്പര്യമുള്ള നഗര പ്രദേശ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് കുറഞ്ഞത് ഒരു വർഷത്തിൽ 100 ദിവസത്തെയെങ്കിലും തൊഴിൽ ഉറപ്പു വരുത്തി ജീവിത സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്ഥിരമായി നിലനിൽക്കുന്ന സമൂഹ ആസ്തികൾ ഉണ്ടാക്കുക, നഗരങ്ങളിലെ പാവപ്പെട്ടവരുടെ ജീവനോപാധി മെച്ചപ്പെടുത്തുക എന്നിവയ്ക്ക് ഈ പദ്ധതി ലക്ഷ്യമിടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മാതൃകയിലാണ് ഇത് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ തൊഴിൽ ചെയ്യുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആവശ്യക്കാരുമായ ഗുണഭോക്താക്കളിൽ കുറഞ്ഞത് 50 ശതമാനം പേർ സ്ത്രീ തൊഴിലാളികളാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

നിലവിലെ വേതന നിരക്കായ 180 രൂപ അടിസ്ഥാനത്തിൽ കണക്കാക്കിയിരിക്കുന്ന തൊഴിൽദിനങ്ങൾ 7,77,778 ആണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്സ്-ന്റെ പുതുക്കിയ കൂലി ദിവസേന 229 രൂപ എന്ന് കണക്കാക്കിയതിനാൽ സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാനത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വേതനം 230 രൂപ ആക്കി നിജപ്പെടുത്തിയിരിക്കുന്നു. 2016-17 വർഷത്തിൽ ഈ പദ്ധതിക്കായി 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുമായി ഉപകരണങ്ങളും ചെറിയ മെഷീനുകളും ഈ പരിപാടി പ്രകാരം തൊഴിലാളികൾക്ക് നൽകാവുന്നതാണ്. തൊഴിൽ ദിനങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിന് ആവർത്തന സ്വഭാവമുള്ള ജോലികളായ ഓടകളും, തെരുവുകളും വൃത്തിയാക്കൽ എന്നത് ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## II നഗര-ഗ്രാമാസൂത്രണ വകുപ്പ്

4. ഭൂമിശാസ്ത്രപരമായ വിവര ശേഖരണവും (ജി.ഐ.എസ്.), സേവനം ലഭ്യമാക്കലും

(വിഹിതം : 65.00 ലക്ഷം രൂപ)

രണ്ട് തുടർ പദ്ധതികളെ സംയോജിപ്പിച്ചിട്ടുള്ളതാണ് ഈ പദ്ധതി:

| *ക്രമ നമ്പർ* | *ഘടകം* | *വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | ഭൂമിശാസ്ത്രപരമായ വിവര ശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും | 15.00 |
| 2 | നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും | 50.00 |
| | **ആകെ** | **65.00** |

സംസ്ഥാനത്തെ വാസ സ്ഥലങ്ങളുടെ നഗര പ്രാദേശിക ഭൂപട നിർമ്മാണവും ജി.ഐ.എസ്. സ്ഥാപിക്കുന്നതിനുള്ള അധിക സൗകര്യം കൈവരിക്കുകയും ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ജി.ഐ.എസ്. സോഫ്റ്റ് വെയറുകളുടെ എ.എം.സി. പുതുക്കൽ, പുതിയ ജി.ഐ.എസ്. സോഫ്റ്റ് വെയറും ഹാർഡ് വെയറും വാങ്ങൽ, അനുബന്ധ ഘടകങ്ങൾ മെച്ചപ്പെടുത്തൽ, ജില്ലാ ഓഫീസുകളിലെ ജി.ഐ. എസ്. സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവ ശക്തിപ്പെടുത്തൽ മുതലായവയ്ക്കായി 2016-17 വർഷം 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായി 50 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. വകുപ്പിന്റെ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും നവീകരണവുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്., ടോട്ടൽ സ്റ്റേഷൻ, ഡിസ്റ്റോമീറ്റർ എന്നിവ വാങ്ങുന്നതിന് വിഹിതം ഉൾപ്പെടുന്നു. ഉൾപ്പെടുത്തിയിട്ടുള്ള വിഹിതത്തിന്റെ ഒരു ഭാഗം വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിൽ ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.

5. ഗവേഷണം, വികസനം, പരിശീലനം, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

(വിഹിതം : 265.00 ലക്ഷം രൂപ)

| *ക്രമ നമ്പർ* | *ഘടകം* | *വിഹിതം (ലക്ഷം രൂപയിൽ)* |
|---|---|---|
| 1 | മാസ്റ്റർ പ്ലാനുകളും വിശദമായ നഗരപ്ലാനുകളും തയ്യാറാക്കുന്ന പദ്ധതി | 200.00 |
| 2 | മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളെ സംബന്ധിച്ചുള്ള ഗവേഷണവും വികസനവും | 50.00 |
| 3 | നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റീസുകളുടെയും പരിശീലനം | 15.00 |
| | **ആകെ** | **265.00** |

മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതി 2009-10-ൽ ആരംഭിച്ചിട്ടുള്ളതാണ്. നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ആദ്യഘട്ടമായി തെരഞ്ഞെടുത്ത 32 നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 13-11-2008-ലെ ഗവൺമെന്റ് ഉത്തരവ് ആർ.റ്റി.നമ്പർ 3982/2008 ത.സ്വ.ഭ.വ പ്രകാരം അനുമതി ലഭിക്കുകയും ഇത് പ്രകാരം പ്രസ്തുത ജോലി പൂർത്തീകരണ ഘട്ടത്തിലുമാണ്. സംസ്ഥാനത്തെ ശേഷിക്കുന്ന നഗരങ്ങളുടെയും തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളുടെയും മാസ്റ്റർ പ്ലാനുകളും, മുൻഗണനക്രമത്തിൽ നിശ്ചയിച്ചിട്ടുള്ള നഗരങ്ങളുടെ വിശദമായ നഗരപ്ലാനുകളും തയ്യാറാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2012-13-ൽ തുടങ്ങിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത നഗരങ്ങളുടെ പദ്ധതി പൂർത്തീകരണവും രണ്ടാം ഘട്ടത്തിൽപ്പെടും. 2016-17-ൽ വിശദമായ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വിശദമായ സർവ്വേകൾ, വിവര ശേഖരണം സമാഹരണം, മാപ്പ് ഡിജിറ്റൈസേഷൻ, വിവര വിശകലനം, വിവിധ തലത്തിലുള്ള വിദഗ്ദ്ധരുടെ ഉപദേശം ആരായൽ, റിപ്പോർട്ടുകൾ തയ്യാറാക്കലും അച്ചടിയും, പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പരിശീലനം, ശില്പശാലകൾ, സെമിനാറുകൾ, യോഗങ്ങൾ മുതലായവയാണ് ഈ പദ്ധതിയുടെ വിശദമായ ഘടകങ്ങൾ. ടൂൾകിറ്റുകൾ, കൈപ്പുസ്തകങ്ങൾ, നിയമാനുസൃതമായ സോഫ്റ്റ് വെയർ, പ്ലാൻ ഡോക്യുമെന്റേഷൻ, പ്ലാനുകളുടെ ആവശ്യകതയെ സംബന്ധിച്ചുള്ള അവബോധം ഉണ്ടാക്കൽ എന്നിവയും ഈ പദ്ധതിയുടെ ഭാഗമാണ്. പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പ്ലാൻ/കേന്ദ്രീകൃത രീതിയിലുള്ള പ്ലാൻ വർക്കുകൾ ചെയ്യുന്നതിന് അത്യാവശ്യമായ പ്രൊഫഷണലുകളെ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ പുറമെ നിന്നും നിയോഗിക്കുക, പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകളായ ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, കമ്പ്യൂട്ടർ ഹാർഡ്‌വെയറും സോഫ്റ്റ് വെയറും വാങ്ങുക മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2016-17 വർഷം 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നഗര-ഗ്രാമാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി അർപ്പണബോധമുള്ള ഒരു സംഘത്തെ ഉണ്ടാക്കുകയും അവയുടെ പ്രവർത്തനത്തിലൂടെ അനുയോജ്യമായ നഗരവികസന മോഡലുകളെ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. എല്ലാ ഗവേഷണ വികസന പരിപാടികളും ഈ സംഘം സംയോജിതമായി നടപ്പാക്കുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമെങ്കിൽ വിദഗ്ദ്ധസേവനം പുറമെ നിന്നും കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കാവുന്നതാണ്. ആസൂത്രണം, കെട്ടിട നിയമം, പരമ്പര്യ ഘടകം, പൊതു ഗതാഗത സൗകര്യം, ഗതാഗത വികസനം, പൊതു ഗതാഗത വഴികൾ തയ്യാറാക്കൽ, ട്രിപ്പ് ജനറേഷൻ മെട്രിക്സ് എന്നീ മേഖലകളെ സംബന്ധിച്ച ഒരു സമഗ്ര പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഒരു കോർപ്പറേഷനെ സംബന്ധിച്ച് നടത്തുന്ന പഠനങ്ങൾ മറ്റ് നഗരസഭകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ പഠനത്തിന്റെ ഫലം വകുപ്പിന്റെ പദ്ധതി രൂപീകരണത്തിനെന്നപോലെ മറ്റ് വികസന വകുപ്പുകൾക്കും ഉപയോഗിക്കാവുന്നതാണ്. വകുപ്പിന്റെ വികസനത്തിനാവശ്യമായ അർപ്പണ മനോഭാവത്തോടെയുള്ള ഒരു ഗവേഷണ വികസന വിഭാഗത്തെ വാർത്തെടുക്കുക, ഗവേഷണ വികസന ഘടകത്തിനു വേണ്ട അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, കാര്യക്ഷമമായി ഈ ഘടകത്തെ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട പ്രാരംഭ ചെലവുകൾ വഹിക്കുക, മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളെ സംബന്ധിച്ച നഗര പ്രദേശങ്ങളിൽ പഠനങ്ങൾ നടത്തുക, പ്രത്യേകിച്ച് കാൽനട, സൈക്കിൾ സവാരി, സൗഹൃദ നഗര ഗതാഗതം പ്രോത്സാഹിപ്പിക്കുക, ഗതാഗതം മെച്ചപ്പെടുത്തൽ സംവിധാനത്തെക്കുറിച്ച് പഠിക്കുക, പൊതു ഗതാഗതം വ്യാപിപ്പിക്കുക, നഗര പ്രദേശങ്ങളിലെ പാരിസ്ഥിതി സംരക്ഷണം, ഹരിതവൽക്കരണം മുതലായവയാണ് പ്രധാന ഘടകങ്ങൾ, മേൽ ഘടകങ്ങൾക്കായി 2016-17 വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

നഗരഗ്രാമസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും വിവിധ ജില്ലകളിലായി നടത്തുന്ന ഗ്രാജുവേറ്റ് എഞ്ചിനീയേഴ്സ്/ ഡിപ്ലോമ ഹോൾഡേഴ്സിന്റെ അപ്രന്റീസ് ട്രെയിനിംഗ് പരിപാടികൾക്കായി 15 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. 'സങ്കേതം' സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും ഈ പദ്ധതി വഴി നൽകുന്നു. 'സങ്കേതം' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി പ്രോസസ് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

6. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ

(വിഹിതം : 10.00 ലക്ഷം രൂപ)

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത് പ്രധാനമായും പൈതൃക സമുച്ചയങ്ങളും സ്മാരകങ്ങളും നിലകൊള്ളുന്ന പ്രദേശങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കുക, വാസ്തു വിദ്യാ പ്രധാന്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കുക., ഒരു പ്രത്യേക വാസ്തു വിദ്യാ പ്രകാരമുള്ള കെട്ടിട സമുച്ചയങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലമോ തെരുവോ കണ്ടെത്തുകയും ആ സ്ഥലത്തിനുവേണ്ടി മാതൃകാ പ്ലാനുകൾ, എലിവേഷനുകൾ മുതലായവ തയ്യാറാക്കുക, ഒരു പ്രത്യേക പ്രദേശത്ത്/തെരുവിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വാസ്തു വിദ്യാ രീതികളെയും അവയുടെ സൗന്ദര്യാത്മകമായ ഘടനയേയും വിശകലനം ചെയ്യുക, മേൽ പരാമർശിച്ചിട്ടുള്ള വിഷയത്തിന്മേൽ സർക്കാരിനും നഗരസഭകൾക്കും ഉപദേശം നൽകുക, സമയബന്ധിത റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക എന്നിവയാണ് ചുമതലകൾ.

തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ പൈതൃക മൂല്യത്തെക്കുറിച്ചുള്ള പരമ്പര പ്രസിദ്ധപ്പെടുത്തുക, പൈതൃക മൂല്യമുള്ള തെരുവുകൾ കണ്ടെത്തുകയും ചിത്രീകരണം നടത്തുകയും ചെയ്യുക. കേരള നഗരപാലിക കെട്ടിട നിയമം 1999, കേരള പഞ്ചായത്ത് കെട്ടിട നിയമം 2011, നഗരാസൂത്രണ പദ്ധതിയുടെ വിജ്ഞാപനം എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത പ്രദേശങ്ങളുടെ നിയന്ത്രണം, പൈതൃക സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ, കമ്മീഷൻ മെമ്പർ സെക്രട്ടറി, ക്ഷണിതാക്കൾ, സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർ, സാങ്കേതിക സെക്രട്ടേറിയറ്റ് സർവ്വീസസ് എന്നിവരുടെ ഹോണറേറിയം, അലവൻസുകൾ, യാത്രാപ്പടി എന്നീ ചെലവുകൾക്കുമായി 2016-17 വർഷം 10 ലക്ഷം രൂപ നീക്കിവെച്ചരിക്കുന്നു.

**III കെ.എസ്.യു.ഡി.പി.**

7. തലസ്ഥാന മേഖലാ വികസന പദ്ധതി

(വിഹിതം : 1.00 ലക്ഷം രൂപ)

തലസ്ഥാന മേഖലാ വികസന പദ്ധതിയും തലസ്ഥാന മേഖലയുടെ ത്വരിത വികസന പദ്ധതിയുമാണ് ഈ പരിപാടിയുടെ രണ്ട് ഘടകങ്ങൾ. അടിയന്തിര പശ്ചാത്തല സൗകര്യങ്ങളായ നഗര റോഡുകൾ മെച്ചപ്പെടുത്തൽ, ഈഞ്ചക്കൽ ബസ് ടെർമിനൽ പ്രോജക്ട് നിർമ്മാണം, ഹ്രസ്വകാല ജലവിതരണ പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിലൂടെ തലസ്ഥാന മേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ഒന്നാമത്തെ ഘടകമായ തലസ്ഥാന മേഖലാ വികസന പദ്ധതിയുടെ ഉദ്ദേശം. ഈഞ്ചക്കൽ ബസ് ടെർമിനൽ നിർമ്മാണം, ബി. ഒ. റ്റി. അടിസ്ഥാനത്തിൽ 12 റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ, ആരംഭിച്ചിട്ടുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം എന്നിവയാണ് 2016-17-ൽ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പരിപാടികൾ.

നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങളായ വാഹന പാർക്കിംഗ്, മാർക്കറ്റുകൾ എന്നിവയുടെ നവീകരണം, നഗര റോഡുകൾ, റിംഗ് റോഡുകൾ, ലിങ്ക് റോഡുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ ഗതാഗത സൗകര്യം ശക്തിപ്പെടുത്തൽ, നഗരത്തിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം എന്നിവയാണ് തലസ്ഥാന മേഖലാ വികസന പദ്ധതിയുടെ രണ്ടാം ഘട്ടമായ തലസ്ഥാന മേഖലയുടെ ത്വരിത വികസന പദ്ധതിയിൽ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. പാർക്കിംഗിനുള്ള അടിസ്ഥാന സൗകര്യം, കാൽനട യാത്രയ്ക്കുള്ള മേൽപാലങ്ങൾ, സബ്‌വേയ്സ്, നഗര റോഡുകൾ, ഔട്ടർ റിംഗ് റോഡുകൾ, ജംഗ്ഷനുകളും പ്രാദേശിക മാർക്കറ്റുകളും മെച്ചപ്പെടുത്തൽ, സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ എന്നിവയാണ് 2016-17-ൽ ലക്ഷ്യമിട്ടിട്ടുള്ള പരിപാടികൾ. ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾക്കുകൂടി ടോക്കൺ വിഹിതമായി 1 ലക്ഷം രൂപ 2016-17 വർഷം വകയിരുത്തിയിരിക്കുന്നു.

2013-14 വർഷം പുതുതായി ആരംഭിച്ച "വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾ" എന്ന പദ്ധതിയിൽ തലസ്ഥാന മേഖലാ വികസന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രീതി 2016-17-ലും തുടരുന്നതാണ്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൻകിട അടിസ്ഥാന വികസന പദ്ധതിക്ക് 2016-17 വർഷം 2536.07 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തലസ്ഥാന മേഖലാ വികസന പദ്ധതിയുടെ രണ്ട് ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായി വരുന്ന തുക ഭരണ സാമ്പത്തിക സേവന വിഭാഗത്തിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുള്ള വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതിയുടെ രണ്ടാം ഘടകമായ തലസ്ഥാന മേഖലയുടെ ത്വരിത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളുടെ ഭരണാനുമതി വകുപ്പ്തല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നേടേണ്ടതാണ്.

**IV** ശുചിത്വമിഷൻ

8. നഗരപ്രദേശങ്ങളിലെ ചെലവ് കുറഞ്ഞ സംയോജിത ശുചിത്വ പരിപാടി—(മൂല്യവർദ്ധിത സംസ്ഥാന പദ്ധതി)

(വിഹിതം : 50.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതിയായ ചെലവു കുറഞ്ഞ സംയോജിത ശുചിത്വ പരിപാടിയുടെ മൂല്യവർദ്ധിത സംസ്ഥാന പദ്ധതിയായി ശുചിത്വമിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നടപ്പാക്കുന്ന വ്യക്തിഗത കക്കൂസുകളുടെ ഫ്ളഷ് ടാങ്കുകൾ മാറ്റി പകരം കൂടുതൽ ശുചിത്വപരമായ ജൈവ ദ്രവീകരണ ടാങ്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പരിപാടി. 496 ആധുനിക ജൈവദ്രവീകരണ ടാങ്കുകൾ നിർമ്മിക്കുവാൻ 2016-17-ൽ ലക്ഷ്യമിടുന്നു. ഇതിനായി 50 ലക്ഷം രൂപ മൂല്യവർദ്ധിത സംസ്ഥാന വിഹിതമായി 2016-17-ൽ നീക്കിവച്ചിരിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ-2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

9. നഗര പ്രദേശങ്ങൾക്കു വേണ്ടിയുള്ള മാലിന്യ പരിപാലന പദ്ധതി)

(വിഹിതം : 1809.00 ലക്ഷം രൂപ)

അറവുശാലകളിലെ മാലിന്യ പ്രശ്നമുൾപ്പെടെയുള്ള നഗരസഭാ സ്ഥാപനങ്ങളുടെ പ്രത്യേക മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഖരമാലിന്യ പരിപാലന പദ്ധതികൾ ഉൾപ്പെടെയുള്ള മാലിന്യ പരിപാലനം നടപ്പാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഖരമാലിന്യ സംസ്കരണം മെച്ചപ്പെടുത്തലും നവീകരണവും, ഉറവിടങ്ങളിൽത്തന്നെയുള്ള മാലിന്യ സംസ്കരണം, പൊതുസ്ഥലങ്ങളിലെ ശൌചാലയ സമുച്ചയങ്ങളുടെ നിർമ്മാണം, നവീന സംസ്ക്കരണ പ്ലാന്റുകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണം, മൺസൂൺ മുന്നോടിയായുള്ള ശുചിത്വ പ്രചാരണ പരിപാടികൾ എന്നിവയാണ് 2016-17-ൽ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി ഘടകങ്ങൾ. ഇതിലേക്ക് 2016-17 വർഷം 1809 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ-2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**V** മററു പരിപാടികൾ

10. സ്വച്ഛ് ഭവനം (പുതിയ പദ്ധതി)

(വിഹിതം : 100.00 ലക്ഷം രൂപ)

വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കുറഞ്ഞ വരുമാനക്കാരായ പരമ്പരാഗത സ്ഥിരം കണ്ടിൻജന്റ് ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയോടു കൂടി 2016-17-ൽ ഭവന വായ്പ നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു പുതിയ പദ്ധതിയാണിത്. നിലവിലുള്ള ഭവന വായ്പാ സംവിധാനത്തിൽ നിന്നുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ കേരള നഗര-ഗ്രാമ വികസന ധനകകാര്യ കോർപ്പറേഷനാണ് കണ്ടിൻജന്റ് ജീവനക്കാർക്കുള്ള ഈ വായ്പാ പദ്ധതി നടപ്പാക്കുന്നത്. ജീവനക്കാർക്ക് പലിശ നൽകാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയിലൂടെ പലിശ രഹിത വായ്പ കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ നൽകുന്നു. ഗുണഭോക്താവിന്റെ അടിസ്ഥാന

ശമ്പളത്തിന്റെ 50 ഇരട്ടിയോ അല്ലെങ്കിൽ പരമാവധി 8 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതനുസരിച്ച് 20 വർഷത്തേക്ക് സബ്സിഡി നിരക്കിൽ വായ്പ നൽകുന്നു. ഗുണഭോക്താക്കൾക്ക് അനുവദിച്ച വായ്പാ തുകയ്ക്ക് 11 ശതമാനം പലിശ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നു. വായ്പയുടെ തിരിച്ചടവ് കാലാവധി 20 വർഷമാണ്. 2016-17 വർഷം പലിശയിനത്തിലുള്ള സബ്സിഡിയായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. വികസന അതോറിറ്റികൾ-(തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ വികസന അതോറിറ്റികൾ)

(വിഹിതം : 5500.00 ലക്ഷം രൂപ)

വികസന അതോറിറ്റികളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളുടെ സുസ്ഥിര വികസനമാണ് ഈ പരിപാടിയിൽ ലക്ഷ്യമിടുന്നത്. വ്യാപാര സമുച്ചയങ്ങളുടെ നിർമ്മാണം, ബസ്സ്റ്റാന്റ് ടെർമിനലുകൾ, പാർക്കിംഗ് പ്ലാസ, കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങളുടെ വികസനം, നഗരങ്ങളിലെ പ്രധാന റോഡുകളുടെ വീതി വർദ്ധിപ്പിക്കൽ മുതലായവയാണ് വികസന അതോറിറ്റികൾ ഏറ്റെടുക്കുന്ന മുഖ്യ പരിപാടികൾ. ബാങ്കിംഗ് ധനസഹായം, സ്വകാര്യ പങ്കാളിത്തം, ഗുണഭോക്തൃ വിഹിതം, വിദേശ ധനസഹായം എന്നിവ ആകർഷിക്കാൻ പര്യാപ്തമായ പ്രോജക്ടുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. ഒഴിച്ചുകൂടാൻ പാടില്ലാത്ത സ്പിൽ ഓവർ ബാധ്യതകൾ തീർക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. തമ്പാനൂർ മുതൽ കിഴക്കേകോട്ട വരെ മേൽ നടപ്പാലം നിർമ്മിക്കുക എന്നത് 2016-17 വർഷം തിരുവനന്തപുരം വികസന അതോറിറ്റി ലക്ഷ്യമിട്ടിട്ടുള്ള പുതിയ പദ്ധതിയാണ്.

2016-17 വർഷം 5500 ലക്ഷം രൂപ താഴെപറയുംപ്രകാരം വിവിധ വികസന അതോറിറ്റികൾക്ക് ഗ്രാന്റായി വകയിരുത്തിയിരിക്കുന്നു.

തിരുവനന്തപുരം വികസന അതോറിറ്റി —3000 ലക്ഷം രൂപ

വിശാല കൊച്ചി വികസന അതോറിറ്റി—700 ലക്ഷം രൂപ

കോഴിക്കോട് വികസന അതോറിറ്റി— 800 ലക്ഷം രൂപ

തൃശ്ശൂർ വികസന അതോറിറ്റി — 500 ലക്ഷം രൂപ

കൊല്ലം വികസന അതോറിറ്റി — 500 ലക്ഷം രൂപ

ബന്ധപ്പെട്ട വികസന അതോറിറ്റികൾ ഇതിൻപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വെച്ച് ഭരണാനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ 2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## VI തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്ക് ആകെ 58000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | എൻ.യു.എൽ.എം. | 1500.00 |
| 2 | ഐ. എച്ച്. എസ്. ഡി. പി. & ബി.എസ്.യു.പി. | 800.00 |
| 3 | രാജീവ് ആവാസ് യോജന | 1200.00 |
| 4 | പി.എം.എ.വൈ. | 10000.00 |
| 5 | ജെ.എൻ.എൻ.യു.ആർ.എം. | 10000.00 |
| 6 | അമൃത് | 9000.00 |
| 7 | സ്മാർട്ട് സിറ്റി മിഷൻ | 6000.00 |
| 8 | കെ.എസ്.യു.ഡി.പി. | 14500.00 |
| 9 | സ്വച്ഛ് ഭാരത് മിഷൻ | 5000.00 |
| | **ആകെ** | **58000.00** |

### 9.9 വാർത്താ വിതരണവും പ്രചരണവും

2016-17 വർഷത്തെ ബഡ്ജറ്റിൽ വാർത്താ വിതരണ പ്രചരണ മേഖലയ്ക്ക് 3,800 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *വകുപ്പ്/ഏജൻസിയുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1. | ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് | 3375 |
| 2. | സി-ഡിറ്റ് | 425 |
| | ആകെ | 3,800 |

പ്രോജക്ടുകൾക്ക്/സ്കീമുകൾക്ക് ഭരണാനുമതി നൽകുമ്പോൾ ഇതിലെ ഘടകങ്ങൾ എതൊക്കെയാണെന്ന് വ്യക്തമാക്കേണ്ടതും ഭൗതിക ലക്ഷ്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമായി നിർവ്വചിക്കേണ്ടതുമാണ്. 2016-17 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീം/സ്ഥാപന അടിസ്ഥാനത്തിലുള്ള വിഹിതം താഴെ കാണിച്ചിരിക്കുന്നു:

#### 1. പ്രസ് ഇൻഫർമേഷൻ സർവ്വീസസ്

(1) പ്രസ് ഫസിലിറ്റീസ്

(വിഹിതം : 104.00 ലക്ഷം രൂപ)

സർക്കാർ പരിപാടികൾ റിപ്പോർട്ട് ചെയ്യാൻവേണ്ട അടിസ്ഥാന സൗകര്യം മാധ്യമപ്രവർത്തകർക്ക് വകുപ്പ് തലത്തിൽ ഏർപ്പെടുത്തി ഇത്തരം പരിപാടികളുടെ വ്യാപനം ഉറപ്പാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തിനകത്തുള്ള പ്രസ്യാത്ര, മൊബൈൽ അലർട്ട് സൗകര്യങ്ങൾക്കുള്ള പണമടയ്ക്കൽ, യാത്രാ പാസിനും ട്രാൻസ്പോർട്ട് ബസ്സുകൾ വാടകയ്ക്കെടുക്കുന്നതിനും കെ. എസ്. ആർ. ടി. സി.-ക്ക് പണം അടയ്ക്കൽ, വാർത്താദിനത്തിൽ സെമിനാറുകൾ (സംസ്ഥാന, ജില്ലാ തലത്തിൽ) സംഘടിപ്പിക്കുക, മാധ്യമ അവാർഡുകളുടെയും സ്വദേശാഭിമാനി കേസരി അവാർഡിന്റെയും വിതരണം, ജേർണലിസ്റ്റ് ആന്റ് നോൺ-ജേർണലിസ്റ്റുകളുടെ ഡേറ്റാ ബാങ്കിന്റെ നടത്തിപ്പ് മുതലായ പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2016-17-ൽ 104.00 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

(2) മാധ്യമ അക്കാഡമി

(വിഹിതം : 325.00 ലക്ഷം രൂപ)

മാധ്യമവുമായി ബന്ധപ്പെട്ട കോഴ്സുകൾ നടത്തുന്ന കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കേരള മാധ്യമ അക്കാഡമി 2016-17 വർഷത്തിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കാൻ 325.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

- ഹെഡ്കോർട്ടേഴ്സ് കെട്ടിടത്തിന്റെ നവീകരണവും കമ്പ്യൂട്ടർ ലാബിന്റെയും ക്ലാസ്സ് മുറികളുടേയും നവീകരണം.
- എഡിറ്റ് സ്യൂട്ട് ടി. വി. ജേർണലിസം എന്നിവ സാങ്കേതികമായി മെച്ചപ്പെടുത്തുക.
- വിക്റ്റേഴ്സ് ചാനൽ പോലെയുള്ള ടി. വി. ചാനലുകൾ വഴി മാധ്യമ പഠനപരിപാടികൾ സംഘടിപ്പിക്കുക.
- കേരള മാധ്യമരംഗത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടുള്ള പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.
- പരിശീലന പരിപാടികൾ, ഭൗതികസാഹചര്യം ഉയർത്തൽ, പഠനക്യാമ്പുകൾ.
- ലൈബ്രറി പുസ്തകങ്ങളുടെ വാങ്ങലും മീഡിയാ മാഗസിൻ, പുസ്തകങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണവും.
- ഫോട്ടോ ജേർണലിസം കോഴ്സുകൾക്ക് ക്ലാസ്സ് മുറികൾ തരപ്പെടുത്തുക.
- വിഖ്യാതരായജേർണലിസ്റ്റുകളെക്കുറിച്ചുള്ള ഡോക്യുമെന്ററി നിർമ്മാണം, മുൻപത്രങ്ങൾ, മാഗസീനുകൾ എന്നിവയുടെ സൂക്ഷ്മശേഖരണം.
- ഫോട്ടോഫെസ്റ്റിവലുംഅനുസ്മരണ പ്രഭാഷണ പരിപാടികളും.

#### 2. ദൃശ്യ പ്രചരണം

(1) ഫോട്ടോ പ്രചരണം

(വിഹിതം: 65.00 ലക്ഷം രൂപ)

ഡയറക്ടറേറ്റ്, റീജിയണൽ ഓഫീസുകൾ ജില്ലാ ഓഫീസുകൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫോട്ടോഗ്രാഫിക് യൂണിറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട ചെലവുകൾ ഫോട്ടോഗ്രാഫിക് സാധനങ്ങൾ, സാമഗ്രികൾ എന്നിവയുടെ വാങ്ങലും മെയിന്റനൻസും, ഫോട്ടോകളുടെ ഡിജിറ്റലൈസേഷനും അവയുടെ ശേഖരണവും, ഫോട്ടോഗ്രാഫിയിൽ സംസ്ഥാന അവാർഡ് ഏർപ്പെടുത്തൽ, ഫോട്ടോഗ്രാഫർമാർക്കുള്ള കരാർ തുക തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 65.00 ലക്ഷം രൂപ വകയിരുത്തുന്നു.

(2) വീഡിയോ പ്രചരണം

(വിഹിതം: 205.00 ലക്ഷം രൂപ)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഹെഡ്ക്വാർട്ടേഴ്സ്, 14 ജില്ലാ ഓഫീസുകൾ, കേരള ഹൗസ് ന്യൂഡൽഹി എന്നിവിടങ്ങളിൽ നിന്ന് ന്യൂസ് ക്ലിപ്പുകൾ പല ടെലിവിഷൻ ചാനലുകൾക്കും വെബ്ചാനലുകൾക്കുംവേണ്ടി പുറത്തിറക്കാറുണ്ട്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറേറ്റിന്റെ ഇലക്ട്രോണിക് മാധ്യമ ഡിവിഷന്റെ കീഴിലുള്ള എഡിറ്റ് സ്യൂട്ടും ക്ലിപ്മെയിൽ സർവ്വീസും ശക്തിപ്പെടുത്തൽ, വീഡിയോസ്ട്രിംഗേഴ്സ്, ക്യാമറാമാൻ, ക്യാമറ അസിസ്റ്റന്റ്, സർവ്വീസ് പ്രൊവൈഡേഴ്സ് എന്നിവരുടെ പുറം കരാർ സംവിധാനം, വീഡിയോ ക്യാമറ വാങ്ങൽ, ആർക്കൈവ്സും ലൈബ്രറി അറ്റകുറ്റപണികളും, ജില്ലകളിൽ വീഡിയോ എഡിറ്റിംഗ് സംവിധാനം, വോയ്സ് റെക്കാർഡിംഗ് എന്നിവ ഏർപ്പെടുത്തൽ തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. ഇതിനായി 2016-17 വർഷം 205.00 ലക്ഷം രൂപ വകയിരുത്തുന്നു.

#### 3. വാർത്താ വിതരണ കേന്ദ്രങ്ങൾ

(വിഹിതം: 90.00 ലക്ഷം രൂപ)

സർക്കാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഐ. ആന്റ്. പി. ആർ. ഡി. ഡയറക്ടറേറ്റിലുള്ള റിസർച്ച് ആന്റ് റഫറൻസ് വിംഗിന്റെ

കീഴിൽ ഒരു സ്റ്റേറ്റ് ഇൻഫർമേഷൻ സെന്ററും ജില്ലാ ഇൻഫർമേഷൻ ആഫീസുകളോട് ചേർന്ന് ഇൻഫർമേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. മുകൾതട്ടിലുള്ള ആഫീസർമാർക്ക് മാനേജ്മെന്റിൽ എക്സിക്യൂട്ടീവ് ട്രെയിനിംഗ്, സോഫ്റ്റ്വെയർ വികസിപ്പിക്കലും കണ്ടന്റ് മാനേജ്മെന്റും, മാധ്യമപരിശോധനയിലും പൊതുജന അഭിപ്രായ മോണിറ്ററിംഗിലുമുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കൽ, സെമിനാറുകൾ/ അവതരണങ്ങൾ, ഇ-ഗവേണൻസ് സമ്പുഷ്ടമാക്കാനുള്ള വർക്ക്ഷോപ്പ്, ഐ.എം.ജി. ട്രെയിനിംഗ്, ആർ.ആർ.-ന്റെ ഭൗതിക സാഹചര്യം ഒരുക്കൽ, ഫോട്ടോഗ്രാഫി ട്രെയിനിംഗ്, റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുക, കംപ്യൂട്ടറുകൾ അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുകയും അവയുടെ മെയിന്റനൻസും, എ.എം. സി.യുമാണ് ഈ പദ്ധതിയിൽ ചേർത്തിട്ടുള്ളത്. ഇതിന് 90.00 ലക്ഷം രൂപ 2016-17-ൽ വകയിരുത്തുന്നു.

4. ഫിലിമുകൾ

(1) വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം

(വിഹിതം : 225.00 ലക്ഷം രൂപ)

ഐ. ആന്റ്.പി.ആർ.ഡി. വകുപ്പിന്റെ കീഴിലുള്ള ഇലക്ട്രോണിക് മീഡിയാ ഡിവിഷനിൽ പ്രവർത്തിക്കുന്ന ആഡിയോ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗം ഇലക്ട്രോണിക് മാധ്യമം മുഖേനയുള്ള വിവിധ വീഡിയോ മാഗസിൻ പരിപാടികൾ നിർമ്മിച്ച് സംപ്രേഷണം ചെയ്യുന്നു. ബഹു. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ദൂരദർശൻ, റേഡിയോ, മറ്റ് ചാനലുകൾ വഴി അവതരിപ്പിക്കുന്ന അരമണിക്കൂർ ദൈർഘ്യമുള്ള നവകേരളം ദ്വൈമാസ മാഗസിൻ പരിപാടിയുടെ നിർമ്മാണ സംപ്രേഷണം, സർക്കാർ ഊന്നൽ കൊടുക്കുന്ന പരിപാടികളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ, ന്യൂസ് ക്യാപ്സ്യൂളുകൾ എന്നിവയുടെ നിർമ്മാണവും സംപ്രേഷണവും, വിജയഗാഥകൾ സാമൂഹ്യ അവബോധന വിഷയങ്ങൾ, സാംസ്കാരികവും പൈതൃകവുമായ പ്രവർത്തനങ്ങളുടെ ചാനൽ, റേഡിയോ ആവിഷ്കാരം, വിദ്യാഭ്യാസം ആരോഗ്യം, വനിതാശാക്തീകരണം, സാമ്പത്തികം, പരിസ്ഥിതി, പൈതൃകസംരക്ഷണം, വ്യവസായം, കൃഷി, വിനോദസഞ്ചാരം അധികാരവികേന്ദ്രീകരണം എന്നീ രംഗങ്ങളിൽ കഴിഞ്ഞ 60 വർഷം കേരളം കൈവരിച്ച നേട്ടങ്ങളെപ്പറ്റിയുള്ള ഡോക്യുമെന്ററികളുടെ നിർമ്മാണം, മുൻമുഖ്യമന്ത്രിമാരുടേയും നവ കേരളശിൽപ്പികളെക്കുറിച്ചുള്ള വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം, പ്രത്യേക അവസരങ്ങളിലുള്ള ഡോക്യുമെന്റേഷൻ ചെലവുകൾ തുടങ്ങി പരിപാടികൾ ഈ പദ്ധതിയിൽ ചേർത്തിട്ടുണ്ട്. കൂടാതെ ജനപഥം റേഡിയോ പരിപാടി, പ്രിയകേരളം ദൂരദർശൻ പരിപാടി എന്നിവയുടെ നിർമ്മാണ സംപ്രേക്ഷണ ചാർജ്ജ്, ഡിപ്പാർട്ട്മെന്റ് നിർമ്മിച്ച വീഡിയോ ഡോക്യുമെന്ററികളുടെ പ്രദർശനം, ദൃഷ്യകേരളം പ്രതിവാര വികസന വീഡിയോ മാഗസിൻ നിർമ്മാണം വീഡിയോ ആർക്കൈവ്സിന്റെ മെയിന്റനൻസും വിപുലപ്പെടുത്തലും കേരളത്തിന്റെ സാസ്കാരിക പാരിസ്ഥിതിക രംഗത്തെ സംബന്ധിക്കുന്ന 5 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണവും സംപ്രേഷണവും, വെബ് അടിസ്ഥാന ചാനൽ, റേഡിയോ എന്നിവയ്ക്കുള്ള കണ്ടന്റ് ജനറേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 225.00 ലക്ഷം രൂപ വകയിരുത്തുന്നു.

(2) ടാഗോർ തീയേറ്ററിന്റെ നവീകരണം

(വിഹിതം : 300.00 ലക്ഷം രൂപ)

തിരുവനന്തപുരത്തുള്ള ടാഗോർ തിയേറ്ററിന്റെ നവീകരണ പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി തീയേറ്ററിന് വാർഷിക അറ്റകുറ്റപ്പണിയും പ്രകാശ-ശബ്ദ ക്രമീകരണങ്ങളുടെ മെച്ചപ്പെടുത്തലും ആവശ്യമുണ്ട്. പ്രൊഡക്ഷൻ ഹബ്ബ് ഉൾക്കൊള്ളുന്ന ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ തിയേറ്ററിന്റെ തൊട്ടടുത്ത് സ്ഥാപിക്കുന്നതിനും ഫീൽഡ് പബ്ലിസിറ്റി സാമഗ്രികൾ സൂക്ഷിക്കാനുള്ളസ്ഥലം തിയേറ്ററിനോടൊപ്പം ഒരുക്കേണ്ടതുമുണ്ട്. അനുബന്ധ നിർമ്മാണ പ്രവൃത്തികൾ വാർഷിക അറ്റകുറ്റപ്പണികൾ പ്രകാശ ശബ്ദക്രമീകരണങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവ നടത്തുന്നതിലേയ്ക്ക് 2016-17 വർഷം 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

5. സർക്കാർ വെബ്പോർട്ടലും മെയിൽ സർവറിന്റെ മെയിന്റനൻസും

(വിഹിതം : 115.00 ലക്ഷം രൂപ)

ഐ. & പി. ആർ. ഡി. വകുപ്പിന്റെ വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷനാണ് സർക്കാർ വെബ്പോർട്ടലിന്റെയും (www.kerala.gov.in) മറ്റ് വകുപ്പുകളുടെ വെബ്സൈറ്റുകളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ഗവൺമെന്റിന്റെ ഘടന, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം, മന്ത്രിമാർ, എം. എൽ. എ. മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ, മറ്റ് വകുപ്പുകളുടെ വെബ്സൈറ്റുകളിലേക്കുള്ള പ്രവേശനം എന്നിവയുൾപ്പെടെ സംസ്ഥാനത്തെ സംബന്ധിച്ച പൊതു വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ലഭ്യമാണ്. സ്റ്റേറ്റ് ഡേറ്റാ സെന്ററിലുള്ള ഐ.റ്റി. മിഷൻ സെർവറിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന എല്ലാ സൈറ്റുകളും സൂക്ഷിക്കപ്പെടുന്നു. ഗവൺമെന്റ് സൈറ്റുകളുടെ മെയിന്റനൻസ്, സൈറ്റുകളുടെ കണ്ടന്റ് പുനരവലോകനം, ഉയർന്ന സാങ്കേതിക ശ്രേണിയിലുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ സാമഗ്രികൾ, സോഫ്റ്റ്വെയർ, ടെമ്പലറ്റ്സ് എന്നിവ വാങ്ങുക, സൈറ്റുകളുടെ മലയാളം പതിപ്പ് പുറത്തിറക്കുക, ന്യൂസ്പോർട്ടലിന്റെ മെയിന്റനൻസ് പുതിയ ഉപകരണങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള പുതിയ പദ്ധതികളും മൊബൈലിനുള്ള പുതിയ ആപ്ലിക്കേഷനുകളും വികസിപ്പിക്കുക തുടങ്ങിയ പരിപാടികളും ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. 2016-17 വർഷം 115.00 ലക്ഷം രൂപ വകയിരുത്തുന്നു.

6. സുതാര്യ കേരളം

(വിഹിതം: 300.00 ലക്ഷം രൂപ)

ഐ. ആന്റ് പി.ആർ.ഡി. വകുപ്പ് മുൻകൈ എടുത്ത ബഹു. മുഖ്യമന്ത്രി നടത്തുന്ന പൊതുജനപരാതി പരിഹാര പരിപാടിയുടെ നേരിട്ടുള്ള ടെലിവിഷൻ-വീഡിയോ കോൺഫറൻസിംഗ് പ്രോഗ്രാമാണ് സുതാര്യകേരളം. വീഡിയോ കോൺഫറൻസിംഗ്, കാൾ സെന്റർ എന്നീ സൗകര്യങ്ങൾ കേരള സംസ്ഥാന ഐ. റ്റി. മിഷൻ ഒരുക്കുകയും സി-ഡിറ്റ് ഈ പ്രോഗ്രാമിന്റെ മുഖ്യ സേവന ദാതാവായിട്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ പ്രോഗ്രാം ദൂരദർശൻ സംപ്രേഷണം ചെയ്യുകയും ഇതിന്റെ ആഡിയോ ആവിഷ്കാരം ആൾ ഇന്ത്യാ റോഡിയോയുടെ എല്ലാ സ്റ്റേഷനുകളും പ്രക്ഷേപണം ചെയ്യുകയും ചെയ്യുന്നു. താഴെ തട്ടിലുള്ള പരാതികൾക്ക് പരിഹാരം കാണാൻ എല്ലാ ജില്ലകളിലും സുതാര്യകേരളം ജില്ലാ സെല്ലുകളും പ്രവർത്തിക്കുന്നു. 2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു:

- സുതാര്യ കേരളം ദൂരദർശൻ പ്രോഗ്രാമിന്റെ നിർമ്മാണചെലവ്.
- പ്രോഗ്രാമിന്റെ 52 എപ്പിസോഡുകൾ സംപ്രേഷണം ചെയ്യുന്നതിനുള്ള ഫീസ്.
- സംസ്ഥാന സുതാര്യ കേരളം സെല്ലിന്റെയും ജില്ലാതല സെല്ലിന്റെയും ആവർത്തന ചെലവുകൾ.
- ബഹു. മുഖ്യമന്ത്രിയുടെ വെബ്സൈറ്റിന്റെ മെയിന്റനൻസ് ചാർജ്ജ്.
- സുതാര്യ കേരളം റേഡിയോ പ്രോഗ്രാം തയ്യാറാക്കുന്നതിനും 52 എപ്പിസോഡുകൾ ആൾ ഇൻഡ്യാ റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നതിനുമുള്ള ഫീസ്.
- സുതാര്യകേരളം സംസ്ഥാന/ജില്ലാസെല്ലുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ.
- വീഡിയോ കോൺഫറൻസിംഗ് സാമഗ്രികൾ വാങ്ങിക്കുക.

7. സെൻർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

(വിഹിതം: 425.00 ലക്ഷം രൂപ)

ഇമേജിംഗ് ടെക്നോളജി രംഗത്തെ ഗവേഷണത്തിനും പരിശീലനത്തിനുമായി കേരള സർക്കാരിന്റെ കീഴിൽ 1988-ൽ രൂപംകൊണ്ട സ്വയംഭരണ പദവിയിലുള്ള സ്ഥാപനമാണ് സി-ഡിറ്റ്. ഇമേജ് പ്രോസസിംഗിനുള്ള ഗവേഷണവും വികസനവും, വിദ്യാഭ്യാസ വികസനം എന്നീ മേഖലകളിലുള്ള ഡോക്യുമെന്ററികളുടെ നിർമ്മാണം, വിവരസാങ്കേതികതയുടെ പ്രായോഗികത, ബന്ധപ്പെട്ടമേഖലയിലുള്ള പരിശീലനം തുടങ്ങിയ ബഹുമുഖ മേഖലകളിൽ ഇപ്പോൾ സി-ഡിറ്റിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. 2016-17 വർഷം താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 425.00 ലക്ഷം രൂപ വകയിരുത്തുന്നു:

- കപ്പാസിറ്റി ബിൽഡിംഗ് & കോർപ്പറേറ്റ് റീ-സ്ട്രക്ചറിംഗ്.
- വാർത്താവിനിമയ പരിശീലന പദ്ധതികളുടെ പുനരാവിഷ്കാരവുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കൽ.
- സി-ഡിറ്റ് ആസ്ഥാന മന്ദിര കെട്ടിടത്തിന്റെ പൂർത്തീകരണം.
- ഇന്ത്യൻ ലാംഗ്വേജ് (മലയാളം) കമ്പ്യൂട്ടിംഗ്.
- സേവന പ്രദാന പരിപാടികളുടെ ഉള്ളടക്കവും വിതരണവും സമ്പുഷ്ടമാക്കാൻ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തലും കപ്പാസിറ്റി ബിൽഡിംഗും. ലൈവ് വെബ്കാസ്റ്റിംഗിനുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, ഡിജിറ്റൽ കണ്ടന്റ് ഡവലപ്പ്മെന്റ്, ഡിജിറ്റൽ കൾച്ചർ ആർക്കൈവ്സ് സോഫ്റ്റ്വെയർ/ഹാർഡ്വെയറുമായി ബന്ധപ്പെട്ട പകർത്തപ്പെടാനും ആവശ്യങ്ങൾ നേരിടുന്നതിനും ഉതകുന്ന ആർക്കൈവൽ സൊലൂഷൻസ് എന്നിവയുടെ ആവിഷ്കാരം എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്.
- സൈബർ ദർശൻ പരിപാടിയും സൈബർ സുരക്ഷയെപ്പറ്റിയുള്ള അവബോധനവും ഇന്റർനെറ്റ് മറ്റ് വിവര സാങ്കേതിക വിദ്യയും സുരക്ഷിതമായി കൈകാര്യം ചെയ്യാൻ ജനങ്ങൾക്ക് പ്രത്യേകിച്ച് കുട്ടികൾ, ചെറുപ്പക്കാർ എന്നിവർക്ക് പ്രചോദനം നൽകാനുള്ള വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ ഈ രംഗത്തെ പുതിയ വെല്ലുവിളികൾ പരാജയ സാധ്യതകൾ എന്നിവ കണ്ടുപിടിക്കാൻ ബന്ധപ്പെട്ട ആൾക്കാരുമായുള്ള കൂടികാഴ്ച, തീ മാറ്റിക് പോർട്ടൽ രൂപീകരണം എന്നിവ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു.

8. അന്തർ സംസ്ഥാന പൊതുജനസമ്പർക്ക പരിപാടി

(വിഹിതം: 55.00 ലക്ഷം രൂപ)

മുഖ്യമന്ത്രിമാർ വിളിച്ചു ചേർക്കുന്ന പ്രത്യേക വാർത്താ സമ്മേളനങ്ങളും മാധ്യമ പൊതു സമ്പർക്ക പരിപാടികളും മെട്രോ നഗരങ്ങളിലും മറ്റ് പ്രധാന നഗരങ്ങളിലും നടത്തപ്പെടുന്നത് സംസ്ഥാനങ്ങളിൽ പതിവാണ്. വ്യവസായം, വിവരസാങ്കേതികവിദ്യ ആരോഗ്യപരിപാലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അവരവരുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ഉയർത്തികാണിക്കുന്നതിന് വേണ്ടിയുള്ള ശ്രമമാണിത്. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രസ് കോൺഫറൻസുകൾ സംഘടിപ്പിക്കാനും, ഊന്നലുകൾ കൊടുക്കേണ്ട മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഉയർത്തിക്കാട്ടാൻ സാംസ്കാരിക പരിപാടികളും പ്രദർശനങ്ങളും മെട്രോ നഗരങ്ങളിൽ സംഘടിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ വികസനത്തെപ്പറ്റി പഠിക്കാൻ ദൃശ്യ-ശ്രാവ്യ രംഗത്തെ വിദേശ പത്ര പ്രവർത്തകരെയും അന്യ സംസ്ഥാനപത്രപ്രവർത്തകരെയും ക്ഷണിക്കാനും, സംസ്ഥാന ഹിതത്തിനെതിരായ രീതിയിൽ ഇംഗ്ലീഷിലും മറ്റു ഭാഷകളിലും വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾ പരിശോധിക്കാനും ഉദ്ദേശിക്കുന്നു. 2016-17-ൽ 55.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് വകയിരുത്തുന്നു.

9. കേരള കലാ സാംസ്കാരിക കേന്ദ്രം, ന്യൂഡൽഹി

(വിഹിതം: 30.00 ലക്ഷം രൂപ)

ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേരള കലാ സാംസ്കാരിക കേന്ദ്രം കല, സംസ്കാരം, സാഹിത്യം എന്നിവയിലുള്ള കേരളത്തിന്റെ മഹത്തരമായ പൈതൃകം വിളിച്ചറിയിക്കുവാൻ വേണ്ടിയുള്ളതാണ്. കല, സംസ്കാരം, സാഹിത്യം എന്നിവയിലൂന്നിയ പരിപാടികൾ ഏറ്റെടുക്കാനും കേരളത്തിന്റെ സാംസ്കാരിക തനിമ പ്രോൽസാഹിപ്പിക്കാനുമുള്ള പരിപാടികൾ ന്യൂഡൽഹി ഇൻഫർമേഷൻ ആഫീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് 2016-17-ൽ 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

10. പരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണം

(വിഹിതം 55.00 ലക്ഷം രൂപ)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരിശോധനാ വിഭാഗമാണ് അച്ചടി, ദൃശ്യമാധ്യമം മുഖേന വരുന്ന സർക്കാരിന്റെ വിവിധ നയങ്ങൾ, പരിപാടികൾ, സർക്കാരുമായി ബന്ധമുള്ള മറ്റ് പ്രധാന വിഷയങ്ങൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. സർക്കാരിന്റെ പ്രവർത്തന മികവ് വിലയിരുത്താൻ ബാഹ്യഏജൻസികൾ

മുഖേന ഫീഡ്ബാക്ക് സർവ്വെയും, എസ്.എം.എസ്. വോട്ടെടുപ്പും വാർത്താപത്രങ്ങളുടെ ഡിജിറ്റലൈസേഷൻ ഓൺലൈൻ മീഡിയ മോണിറ്ററിംഗ് ഡിജിറ്റൽ ആപ്ലിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. ഇതിനായി 2016-17-ൽ 55.00 ലക്ഷം രൂപ വകയിരുത്തുന്നു.

11. പ്രത്യേക പൊതുജന പ്രചരണ പരിപാടികൾ

(വിഹിതം: 120.00 ലക്ഷം രൂപ)

സർക്കാരിന്റെ താൽപ്പര്യങ്ങളും പരിപാടികളും ഗ്രാമ പ്രദേശങ്ങളിൽ എത്തിക്കാൻ മറ്റ് വകുപ്പുകൾ, കേന്ദ്ര സർക്കാർ വകുപ്പുകൾ, സർക്കാർ സംഘടനകൾ, എന്നിവരുടെ സഹായത്തോടെ പ്രത്യേക പൊതുജന പ്രചരണ പരിപാടികൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. വിഖ്യാതരായ വ്യക്തികളുടെ സ്മരണ നിലനിർത്തുന്ന പരിപാടികൾ സംഘടിപ്പിക്കുക, കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സംഘടനകൾ എന്നിവരുടെ സഹകരണത്തോടും അല്ലാതെയുമുള്ള പ്രത്യേക പൊതുജന പരിപാടികൾ നടപ്പാക്കുക, സ്ത്രീകൾക്കായുള്ള പ്രത്യേക പരിപാടികൾ, ഫ്ളാഗ്ഷിപ്പ് പരിപാടികൾക്ക് വേണ്ടിയുള്ള പൊതുജന സമ്പർക്ക പ്രചരണ പരിപാടികൾ താലൂക്ക്തല പ്രദർശനങ്ങൾ തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. ഇതിനായി 2016-17വർഷം 120.00 ലക്ഷം രൂപ വകയിരുത്തുന്നു.

12. പ്രദർശന വിഭാഗം ശക്തിപ്പെടുത്തൽ—സഞ്ചരിക്കുന്ന പ്രദർശന യൂണിറ്റുകൾ

(വിഹിതം: 95.00 ലക്ഷം രൂപ)

പ്രദർശന വിഭാഗത്തിന്റെ ശാക്തീകരണത്തിനായി മൂന്ന് സഞ്ചരിക്കുന്ന പ്രദർശന വാഹനങ്ങൾ വകുപ്പ് വാങ്ങിയിരുന്നു. പ്രദർശന വാഹനങ്ങളുടെ മെയിന്റനൻസും റിപ്പയറും, വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കൽ, മനുഷ്യ വിഭവത്തിനുള്ള പുറംകരാർ, പ്രദർശന വിഷയാടിസ്ഥാനത്തിൽ പ്രദർശന വാഹനങ്ങൾക്ക് രൂപമാറ്റം വരുത്തുകയും മറ്റ് പണികൾ നടത്താനും 2016-17-ൽ 95.00 ലക്ഷം രൂപ വകയിരുത്തുന്നു.

13. സംയോജിത വികസന വാർത്താ പ്രചരണി

(വിഹിതം: 143.00 ലക്ഷം രൂപ)

തദ്ദേശ സ്വയംഭരണ തലത്തിൽ വികസന വാർത്തകൾ സമയബന്ധിതമായി എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി ചില ജില്ലകളിൽ നടപ്പാക്കിയിരുന്നു. മറ്റ് ജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ എടുത്ത് വരുന്നു. മനുഷ്യവിഭവശേഷി പുറം കരാറുകാർവഴി കണ്ടെത്താൻ (80 ഇൻഫർമേഷൻ അസിസ്റ്റന്റ്സ്, 14 സബ്എഡിറ്റേഴ്സ്/കോ-ഓഡിനേറ്റേഴ്സ്) 2016-17വർഷം 143.00 ലക്ഷം രൂപ വകയിരുത്തുന്നു.

14. വീഡിയോവാൾ നെറ്റ്വർക്ക്

(വിഹിതം: 145.00 ലക്ഷം രൂപ)

ജില്ലാ ആസ്ഥാനങ്ങളിൽ പൊതുജനങ്ങൾക്ക് എൽ. ഇ. ഡി. പ്രദർശന ബോർഡുകൾ (വീഡിയോ വാൾ) മുഖേന സർക്കാരിന്റെ ക്ഷേമ പരിപാടികളുടേയും വികസന പദ്ധതികളുടേയും വിവരങ്ങൾ പ്രദർശിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇത്തരത്തിലുള്ള വീഡിയോവാൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2016-17വർഷം മറ്റ് നാല് ജില്ലകളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പുതിയ വീഡിയോവാൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളതിന്റെ അറ്റകുറ്റപ്പണിക്കുമായി 2016-17-ൽ 145.00 ലക്ഷം രൂപ വകയിരുത്തുന്നു.

15. ജില്ലാ ഇൻഫർമേഷൻ ആഫീസുകളുടെ ആധുനികവൽകരണവും മീഡിയാ സെന്ററും

(വിഹിതം 500.00 ലക്ഷം രൂപ)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ 14 ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ, ന്യൂഡൽഹിഇൻഫർമേഷൻ ആഫീസ്, മറ്റ് ആറ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. മിക്ക ഓഫീസുകളുടേയും പ്രവർത്തനം വളരെ പരിതാപകരവും സ്ഥലപരിമിതികൊണ്ടുള്ള അനുചിത അവസ്ഥയിലുമാണ്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് സ്ഥാപിക്കൽ, ജില്ല, റീജണൽ, ഹെഡ്ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ ആഫീസുകളുടെ നവീകരണ ജോലികൾ, മീഡിയാ സെന്ററുകൾ സജ്ജമാക്കൽ, ലാപ്ടോപ്പ് മറ്റ് വിനിമയ ഉപകരണ ഉപാധികൾ ഉദ്യോഗസ്ഥർക്ക് വാങ്ങി നൽകുക തുടങ്ങിയ പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു. ഇതിനായി 2016-17-ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

16. ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തുള്ള കേരള പവലിയന്റെ നവീകരണം

(വിഹിതം: 15.00 ലക്ഷം രൂപ)

അന്താരാഷ്ട വ്യാപാരമേള വർഷം തോറും ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തുള്ള കേരള പവലിയനിൽവെച്ച് നടത്തിവരുന്നു. ഈ പവലിയന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ മോശമാണ്. പവലിയന്റെ വാർഷികഅറ്റകുറ്റപണിക്കായി 2016-17വർഷം 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

17. മീഡിയാ സിറ്റി

(വിഹിതം: 10.00 ലക്ഷം രൂപ)

വിവിധ മാധ്യമ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുകയാണ് മീഡിയാ സിറ്റികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രക്ഷേപണം, പ്രസിദ്ധീകരണം, നിർമ്മാണം, നിർമ്മാണാനന്തര പ്രവർത്തനങ്ങൾ, അച്ചടി മാധ്യമവും ഇലക്ട്രോണിക് മാധ്യമവും വഴിയുള്ള പരസ്യവിപണന സേവനം എന്നീ സൗകര്യങ്ങൾ മീഡിയാ സിറ്റിയിൽ ലഭ്യമാകുന്നതാണ്. ഇ-കോമേഴ്സ്, മാധ്യമ സ്വതന്ത്ര മേഖല, കച്ചവട സ്ഥാപനങ്ങൾ സ്വന്തമാക്കാൻ ഉതകുന്ന തരത്തിലുള്ള സജ്ജീകരണം, മാധ്യമ കമ്പനികളേയും, ഇ-കോർപ്പറേറ്റുകളേയും ആകർഷിക്കാൻ നികുതി വിമുക്ത പാക്കേജ് തുടങ്ങിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഒരു ചീഫ് എക്സ്ക്യൂട്ടീവ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2016-17വർഷം 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

18. വിവര വിദ്യാഭ്യാസ വിനിമയ (ഐ.ഇ.സി.) വിഭാഗം

(വിഹിതം: 30.00 ലക്ഷം രൂപ)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ കീഴിൽ ഒരു വിവര വിദ്യാഭ്യാസ വിനിമയ യൂണിറ്റ് തുടങ്ങാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും സർക്കാർ സ്ഥാപനങ്ങൾക്ക് വിവരം കൈമാറുന്നതോടൊപ്പം അവബോധം സൃഷ്ടിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഫീൽഡ് പബ്ലിസിറ്റി ആന്റ് എക്സിബിഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ഈ യൂണിറ്റ് മറ്റ് രംഗങ്ങളിൽ വിദഗ്ധ രായവരുടെ സേവനം പ്രോജക്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്. സർക്കാരിന്റെ ഓരോ പദ്ധതിയും ലക്ഷ്യം വെയ്ക്കുന്ന ഗ്രൂപ്പുകൾക്കുവേണ്ടി വിനിമയ വിവര ശേഖരണം നടത്തുക, ഗുണഭോക്താക്കൾക്കും തൽപ്പര കക്ഷികൾക്കും കാതലായ സന്ദേശം നൽകുക, സംയോജിത ഐ.ഇ.സി. തന്ത്രം മെനഞ്ഞ് അനുയോജ്യമായ വിനിമയ മാർഗ്ഗത്തിലൂടെ ഇത് നടപ്പാക്കാൻ നടപടികൾ എടുക്കുക എന്നിവയാണ് ഈ യൂണിറ്റിന്റെ ചുമതലയും ഉത്തരവാദിത്വവും. കൂടാതെ വിവിധ പ്രചാരണ പരിപാടികളുടെ വിലയിരുത്തൽ നടത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണ ത്തോടെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. പദ്ധതി തുടരുന്നതിലേയ്ക്ക് 2016-17വർഷം 30.00 ലക്ഷം രൂപ വകയിരുത്തുന്നു.

19. ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ആഫീസിന് പുതിയ കെട്ടിടം

(വിഹിതം: 25.00 ലക്ഷം രൂപ)

ആലപ്പുഴ ജില്ല ഇൻഫർമേഷൻ ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ 2014-15 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത കെട്ടിടം നിലവിലെ കെട്ടിടത്തിനോട് ചേർന്ന് പണിയാൻ വേണ്ടി ജില്ലാ കളക്ടർ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ ചിലസാങ്കേതിക പ്രശ്നങ്ങൾമൂലം തുകപിൻവലിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2014-15-ൽ വകയിരുത്തിയ തുക നഷ്ടപ്പെട്ടിരുന്നു. കഴിഞ്ഞ വർഷം വകയിരുത്തിയ 25 ലക്ഷം രൂപ ഉപയോഗിച്ചുകൊണ്ടും കെട്ടിടത്തിന്റെ പദ്ധതി അടങ്കൽ കുറച്ചുകൊണ്ടും 50 ലക്ഷം രൂപയ്ക്ക് കെട്ടിടം പണി പൂർത്തിയാക്കാൻ പി.ഡബ്ല്യൂ.ഡി.-യെ ചുമതലപ്പെടുത്തിയിരുന്നു. കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് 25 ലക്ഷം രൂപകൂടി ഈ വർഷം ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയാക്കാൻ 2016-17 വർഷം 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

20. വജ്രകേരളം

(വിഹിതം: 423.00 ലക്ഷം രൂപ)

കേരളം പിന്നിട്ട 60 വർഷം കൈവരിച്ച നേട്ടവും പുരോഗതിയും വിളംബരം ചെയ്യുകയെന്നതാണ് വജ്രകേരളം പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള സെമിനാറുകൾ പ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ, കോറിയോഗ്രാഫി പ്രോഗ്രാമുകൾ, അന്തർ സംസ്ഥാന വിനിമയപരിപാടികൾ, വിഖ്യാതരായ ഡയറക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി കഴിഞ്ഞ 60 വർഷം കേരളം കൈവരിച്ച നേട്ടങ്ങളെ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററി നിർമ്മാണം, ദൃശ്യ-ശ്രാവ്യ-നവമാദ്ധ്യമങ്ങൾവഴിയുള്ള പരിപാടികളുടെ നിർമ്മാണം, വിദ്യാർത്ഥികൾ, കൗമാരക്കാരായ പെൺകുട്ടികൾ, വനിതകൾ എന്നിവർക്കുള്ള പ്രത്യേക പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്നതാണ്. കേരള രൂപീകരണത്തിന്റെ 60 വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ നടപ്പാക്കാൻ 2016-17 വർഷം 423.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 9.10. തൊഴിലും തൊഴിലാളിക്ഷേമവും

2016-17 വാർഷിക ബഡ്ജറ്റ് 509.43 കോടി രൂപ തൊഴിലും തൊഴിലാളി ക്ഷേമവും മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നു. പ്രോജക്ടുകൾ/പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതി നേടുന്നതിനായി അവയുടെ ഘടകങ്ങളും, ഭൗതിക ലക്ഷ്യങ്ങളും വ്യക്തമാക്കിയിരിക്കണം. (വനിത ഘടകപദ്ധതികൾ പ്രത്യേകമായി വ്യക്തമാക്കണം). 2016-17 വർഷത്തിൽ ഈ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം വകുപ്പുകൾ/സ്ഥാപനങ്ങൾ തിരിച്ച് താഴെ നൽകിയിരിക്കുന്നു:

| *ക്രമ നമ്പർ* | *വകുപ്പ്/ സ്ഥാപനങ്ങളുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | ലേബർ കമ്മീഷണറേറ്റ് | 30,863.00 |
| 2 | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് | 10,000.00 |
| 3 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) | 2,500.00 |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് | 280.00 |
| 5 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് | 500.00 |
| 6 | പ്രവാസി മലയാളി ക്ഷേമ വകുപ്പ് | 2,800.00 |
| 7 | അഗ്നിശമന രക്ഷാസേവന വകുപ്പ് | 4,000.00 |
| | ആകെ | 50,943.00 |

## I. ലേബർ കമ്മീഷണറേറ്റ്

1. രാഷ്ട്രീയ സ്വാസ്ഥ്യ ബീമയോജന (ആർ.എസ്.ബി.വൈ.)

(40% സംസ്ഥാന വിഹിതം)

(വിഹിതം : 5,000.00 ലക്ഷം രൂപ)

അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി 2008-09 വർഷത്തിൽ ആരംഭിച്ച കേന്ദ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമയോജന (ആർ.എസ്.ബി.വൈ.) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആണ് ആർ.എസ്.ബി.വൈ. പദ്ധതി നടപ്പാക്കുന്നത്. തൊഴിലാളിയുടെ ഭാര്യ/ഭർത്താവ്, കുട്ടികൾ, ആശ്രിതരായ മാതാപിതാക്കൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന്റെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 30,000 രൂപയാണ്. ടെണ്ടർ നടപടിയിലൂടെയാണ് വാർഷിക ഇൻഷ്വറൻസ് പ്രീമിയം തീരുമാനിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശം അനുസരിച്ച് പ്രീമിയം തുകയുടെ 60% കേന്ദ്ര ഗവൺമെന്റും 40% തുക സംസ്ഥാന സർക്കാരും വഹിക്കണം. കേന്ദ്ര ഗവൺമെന്റ് ഭാവിയിൽ നിഷ്ക്കർഷിക്കുന്നപക്ഷം ആർ.എസ്.ബി.വൈ. പദ്ധതി പൂർണ്ണമായും ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ ഏകദേശം 33 ലക്ഷം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അധികമായി 3.77 ലക്ഷം കുടുംബങ്ങൾക്കുകൂടി ആരോഗ്യപരിരക്ഷ ലഭ്യമാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 2016-17 വാർഷിക ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 5000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്, ചിസ് പ്ലസ്)

(വിഹിതം : 17500.00 ലക്ഷം രൂപ)

മുൻകാല ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖകൾ അനുസരിച്ച് ആർ.എസ്.ബി.വൈ. പദ്ധതിയിൽ അംഗമല്ലാത്ത ദാരിദ്രരേഖയ്ക്ക് താഴെയല്ലാത്ത എന്നാൽ തീർത്തും നിർധനരുമായ കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്) വ്യാപിപ്പിച്ചിട്ടുണ്ട്. ആർ. എസ്. ബി. വൈ. പദ്ധതിയിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ രണ്ടായി തിരിക്കുന്നു.

(എ) ആസൂത്രണ കമ്മീഷന്റെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദാരിദ്ര്യരേഖ പട്ടികയിൽ ഉൾപ്പെടുന്നവരും.

(ബി) ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പട്ടികയിലും സംസ്ഥാന സർക്കാരിന്റെ പട്ടികയിലും ഉൾപ്പെടാത്ത എ.പി.എൽ. കുടുംബങ്ങൾ. 2016-17 വർഷത്തിൽ 2.29 ലക്ഷം കുടുംബങ്ങൾകൂടി ചിസ് പദ്ധതിയിൽ അധികമായി വരുമെന്ന് വകുപ്പ് കണക്കാക്കുന്നു. 2016-17 വർഷ ബഡ്ജറ്റിൽ 9800.00 ലക്ഷം രൂപ ചിസിനും 7700.00 ലക്ഷം രൂപ ചിസ് പ്ലസിനുമായി ആകെ 17500.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.

3. ആം ആദ്മി ബീമാ യോജന

(വിഹിതം : 500.00 ലക്ഷം രൂപ)

രാജ്യത്ത് ആകമാനം 48 വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പദ്ധതിയാണ് ആം ആദ്മി ബീമ യോജന (എ. എ. ബി. വൈ.). ഈ പദ്ധതി പ്രകാരം ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ കുടുംബനാഥനെയോ അല്ലെങ്കിൽ വരുമാനം ആർജ്ജിക്കുന്ന ഒരു വ്യക്തിയെയോ ഇൻഷ്വർ ചെയ്യുന്നു. പ്രാരംഭഘട്ടത്തിൽ ലേബർ കമ്മീഷണർ മുഖേന നടപ്പാക്കിയ ഈ പദ്ധതി ഇപ്പോൾ 'ചിയാക്ക്-ൽ' നിക്ഷിപ്തമാണ്. പദ്ധതിയുടെ പ്രീമിയം തുകയായ 200 രൂപയുടെ 50% കേന്ദ്ര സർക്കാർ പദ്ധതിക്കായി രൂപീകരിച്ച ഫണ്ടിൽ നിന്നും സബ്സിഡിയായും ശേഷിക്കുന്ന 50% സംസ്ഥാന ഗവൺമെന്റും നൽകുന്നു. ഈ പദ്ധതിയിലുടെ ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| (എ) | സ്വാഭാവികമരണം | — 30,000 രൂപ |
| (ബി) | അപകടമരണം | — 75,000 രൂപ |
| (സി) | അപകടംമൂലമുള്ള സ്ഥിരമായ അംഗവൈകല്യം | — 75,000 രൂപ |
| (ഡി) | അപകടംമൂലം ഉള്ള അംഗ വൈകല്യം (ഒരു കൈ/കാൽ/ കണ്ണ്) | — 37,500 രൂപ |
| (ഇ) | 100 രൂപ വീതം ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് | — 200 രൂപ |

കേന്ദ്ര ഗവൺമെന്റിന്റെ പ്രോഫിറ്റ് ഷെയറിംഗ് ഫോർമുലയുടെ അടിസ്ഥാനത്തിൽ നിലവിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ 10 ലക്ഷം കുടുംബ ങ്ങളുടെ അംഗത്വം പുതുക്കുന്നതിന് 400.00 ലക്ഷം രൂപയും ഇതിനുപുറമേ അധികമായി ഒരു ലക്ഷം കുടുംബങ്ങൾക്ക്കൂടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി 100.00 ലക്ഷം രൂപയും നടപ്പുവർഷം ആവശ്യമായിവരുന്നു. പദ്ധതിയുടെ നടത്തിപ്പിനുള്ള 50% സംസ്ഥാന വിഹിതമായ 500.00 ലക്ഷം രൂപ 2016-17 വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചി രിക്കുന്നു.

4. എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസനിധി

(വിഹിതം : 10.00 ലക്ഷം രൂപ)

ദുരന്തങ്ങളിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളി കളുടെ നിയമാനുസൃത അനന്തരാവകാശികൾക്ക് ഒറ്റത്തവണ സാമ്പത്തികസഹായമായി 25000 രൂപ നൽകുന്നതിനുള്ള പദ്ധതിയാണിത്. 2016-17 വർഷത്തിൽ 10.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

5. ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും സംസ്ഥാനത്തെ തൊഴിലാളികൾക്കും നല്ല താമസ സൗകര്യം പ്രദാനം ചെയ്യൽ. (ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി കളുടെ പുനരധിവാസ പദ്ധതി)

(വിഹിതം : 100.00 ലക്ഷം രൂപ)

ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് തൊഴിലിനായി എത്തുന്ന തൊഴിലാളികളിൽ അധികം പേർക്കും ഇവരുടെ കരാറുകാരനോ തൊഴിൽ ദാതാവോ താമസസൗകര്യം ഒരുക്കി നൽകാറില്ല. ഈ തൊഴിലാളികൾ വൃത്തിഹീനമായ ലയങ്ങളിലോ ഷെഡ്ഡുകളിലോ താമസിക്കാൻ നിർബന്ധിതരാകുന്നത് പകർച്ചവ്യാധികൾക്കും മറ്റു സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചെലവുകുറഞ്ഞ താമസസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി റ്റുഡ (തൃശ്ശൂർ നഗരവികസന അതോറിറ്റി) പോലെയുള്ള തെരഞ്ഞെടുത്ത ഏജൻസി കളുമായി ആലോചിച്ച് തൊഴിൽ വകുപ്പ് തയ്യാറാക്കിവരുന്നു. ഈ പദ്ധതിക്കായി 2016-17 ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. നഗരപ്രദേശങ്ങളിലെ അസംഘടിത തൊഴിലാളി കൾക്കുള്ള ഭവന നിർമ്മാണവും തോട്ടം തൊഴിലാളി കൾക്കുള്ള പുനരധിവാസവും

(വിഹിതം : 500.00 ലക്ഷം രൂപ)

അസംഘടിത മേഖലയിലെ കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് ചെലവ് കുറഞ്ഞ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വിവിധ ക്ഷേമനിധി ബോർഡുകളുടെ സഹായത്തോടെ നഗര പ്രദേശങ്ങളിലുള്ള ഭൂമി ഏറ്റെടുത്ത് മതിയായ വലിപ്പത്തിലും ചെലവ് കുറഞ്ഞ തരത്തിലുമുള്ള ഫ്ളാറ്റുകൾ നിർമ്മിച്ച് കൈമാറുന്നതിനായി തൊഴിൽ വകുപ്പ് ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി 2016-17 വാർഷിക ബഡ്ജറ്റിൽ 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സംസ്ഥാനത്തെ പ്രമുഖ തൊഴിൽ മേഖലകളിലൊന്നാണ് തോട്ടങ്ങൾ. സവിശേഷമായ തൊഴിൽ സാഹചര്യം, വേതന വ്യവസ്ഥ, നഗരത്തിലേതുപോലെയുള്ള സൗകര്യങ്ങളുടെ അഭാവം, മോശമായ അടിസ്ഥാന സൗകര്യങ്ങൾ മുതലായവ തോട്ടം മേഖലയിലെ പ്രത്യേക ജീവിത രീതിയ്ക്ക് പ്രധാന പങ്കുവഹിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് തോട്ടം തൊഴിലാളികൾ വളരെ അകന്നു നിൽക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിട അസൗകര്യങ്ങൾ എന്നിവ തങ്ങളുടെ തൊഴിൽ മേഖലതന്നെ ഉപേക്ഷിച്ചു പോകാൻ അവരെ നിർബന്ധിതരാക്കുന്നു. തൊഴിൽ സ്ഥലത്തോ സമീപപ്രദേശത്തോ താമസസൗകര്യവും കുട്ടികൾക്ക് വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം തുടങ്ങിയവ ഉറപ്പാക്കി നൽകുന്നതിനായി 250.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

7. ഒ. ഡി. ഇ. പി. സി.-യുടെ ശാക്തീകരണം

(വിഹിതം : 50.00 ലക്ഷം രൂപ)

എമിഗ്രന്റ്സ് പ്രൊട്ടക്ടർ ജനറലിന്റേയും ഇന്ത്യൻ പ്രവാസികാര്യ മന്ത്രാലയത്തിന്റെയും അംഗീകാരത്തോടുകൂടി വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ അന്വേഷകരെ അയയ്ക്കുന്ന ഏജൻസിയാണ് ഓവർസീസ് ഡെവല്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് (ഒ.ഡി.ഇ.പി.സി.). യോഗ്യരായ യുവതീയുവാക്കൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം, തൊഴിൽ നൈപുണ്യ വികാസം എന്നിവ നൽകുന്നതിലൂടെ അവർക്ക് തങ്ങളുടെ തൊഴിലിലും ജീവിതത്തിലും സർവ്വതോന്മുഖമായ വിജയം കരസ്ഥമാക്കു ന്നതിന് സഹായിക്കുന്നു. ഭാരത സർക്കാരിന്റെ 12-3-2015 ഉത്തരവ് പ്രാബല്യത്തിൽ വന്നതോടുകൂടി വിദേശ രാജ്യങ്ങളലിലേക്ക് നേഴ്സിംഗ് മേഖലയിൽ ഉദ്യോഗാർത്ഥി കളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നതിനുള്ള പൂർണ്ണ ചുമതല നോർക്ക റൂട്ടിസിനും ഒ.ഡി.ഇ.പി.സി.-യ്ക്കും മാത്രമാണുള്ളത്. സംസ്ഥാനത്തിന്റെ ഊർജ്ജസ്വലവും വൈവിധ്യവുമാർന്ന തൊഴിൽ ശക്തിയുടെ ലഭ്യത വിദേശ രാഷ്ട്രങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്ന തരത്തിൽ റോഡ് ഷോകൾ, അച്ചടി ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള പരസ്യപ്രചരണങ്ങൾ എന്നിവ നടത്തുന്നു. മാത്രമല്ല ഈ രംഗത്ത് ഒ.ഡി.ഇ.പി.സി.-യുടെ ഭൗതികവും സാമ്പത്തികവും സാമൂഹികവുമായ ഇടപെടലുകൾ വിദേശ സംരംഭകരെ ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

8. ആധുനികവത്ക്കരണവും ഇ-പേയ്മെന്റ് സംവിധാനവും

(വിഹിതം : 100.00 ലക്ഷം രൂപ)

ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റിന്റെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനായി പഴയ കമ്പ്യൂട്ടറുകൾ പുതുതലമുറ കമ്പ്യൂട്ടറുകളുമായി ഒത്തുപോകുന്ന വിധത്തിൽ നവീകരിക്കേ ണ്ടതായിട്ടുണ്ട്. വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖലകളെ കുറിച്ച് ജീവനക്കാർക്ക് വികസിതവും അത്യന്താധുനിക പരിജ്ഞാനം ലഭ്യമാകുന്ന തരത്തിലുള്ള പരിശീലനം നൽകേണ്ടത് ഒഴിവാക്കാനാകാത്തതാണ്. പൊതുജനത്തിന്റെ ഭാഗത്തു നിന്നുമുള്ള ആവലാതികളും പരാതികളും വേഗത്തിലും സുതാര്യമായും പരിഹരിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് ഹെൽപ്പ്ലൈൻ/കാൾ സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്. ഇതിലൂടെ വകുപ്പിന്റെ വിവിധ തലങ്ങളിൽ ലഭിക്കുന്ന വ്യത്യസ്തവും പൊതു സ്വഭാവം ഉള്ളതുമായ ആവലാതികളെ കാര്യക്ഷമതയോടും കൃത്യതയോടെയും ജീവനക്കാർക്ക് പരിഹരിക്കുന്നതിന് സാധിക്കും.

1948-ലെ മിനിമം വേതന ആക്ട് ഷെഡ്യൂൾഡ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നു. മിനിമം വേതനം നിശ്ചയിക്കുന്നത് ഗവൺമെന്റാണ്. കേരളത്തിൽ ഏതാണ്ട് എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതന വ്യവസ്ഥ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് നടപ്പിലാക്കുന്ന സംവിധാനമാണ് ഇ-പെയ്മെന്റ് സമ്പ്രദായം. 2016-17 വർഷത്തിൽ കൂടുതൽ തൊഴിൽ മേഖലകളെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. 2016-17 വർഷ ബഡ്ജറ്റിൽ ആധുനികവത്ക്കരണം, ഇ-പെയ്മെന്റ് പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. (ആധുനികവത്ക്കരണം 86.00 ലക്ഷം രൂപ ഇ-പെയ്മെന്റ് 14.00 ലക്ഷം രൂപ.)

9. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി

(വിഹിതം : 5.00 ലക്ഷം രൂപ)

അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ നിയമം 31-12-2008-ലാണ് നിലവിൽ വന്നത്. സംസ്ഥാനത്ത് ഈ നിയമങ്ങൾ 11-8-2010-ൽ പ്രത്യേകമായി വിജ്ഞാപനം ചെയ്തു. ഈ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ സേവനങ്ങൾ കാര്യക്ഷമമായി ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ നിയമ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാജ്യത്ത് എവിടെയും ഏതു സമയത്തും തൊഴിലാളികൾക്ക് സുരക്ഷാ സേവനങ്ങൾ ലഭ്യമാകുന്ന തരത്തിൽ വ്യക്തിഗത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ക്ഷേമ ബോർഡുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടതായിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ എല്ലാത്തരം പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കും, അസംഘടിത തൊഴിലാളികൾക്കുള്ള വ്യക്തിഗത തിരിച്ചറിയൽ നമ്പർ ഉൾപ്പെട്ട യുവിൻ കാർഡ് നൽകുന്നതിനുള്ള നടപടികൾക്കുമായി 5.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

10. അസംഘടിത മേഖലയിലെ അവശതയനുഭവിക്കുന്ന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി

(വിഹിതം : 15.00 ലക്ഷം രൂപ)

ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപെട്ടിട്ടില്ലാത്തവരും ദിവസ വേതന തൊഴിലാളികൾ എന്ന നിർവചനത്തിൻ വരുന്നവരുമായ തൊഴിലാളികൾക്ക് അവരുടെ തൊഴിലിനിടയിലുള്ള അപകടത്താൽ പരിക്ക് പറ്റിയാൽ 2000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2007-08 വർഷത്തിൽ നിലവിൽ വരികയും തൊഴിൽ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 2016-17 വാർഷിക ബഡ്ജറ്റിൽ 15.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

11. അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

(വിഹിതം : 160.00 ലക്ഷം രൂപ)

കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി 1-1-2012-ലാണ് നിലവിൽ വന്നത്. 2016-17 വർഷത്തിൽ 630 രൂപ നിരക്കിൽ (മണിയോർഡർ ചാർജ്ജ് ഉൾപ്പെടെ) 2100 പേർക്ക് പെൻഷൻ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി 160.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

12. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ

(വിഹിതം : 100.00 ലക്ഷം രൂപ)

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന 500 രൂപ മുതൽ 3000 രൂപ വരെയുള്ള പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2011-12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്. ക്ഷേമനിധി ബോർഡുകളിൽനിന്ന് പ്രസവാനുകൂല്യമായി വിതരണം ചെയ്യുന്ന തുക ബോർഡുകളുടെ അപേക്ഷ പ്രകാരം ഗവൺമെന്റ് തിരിച്ചു നൽകിവരുന്നു. 2016-17 വർഷ ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

13. പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ധനസഹായം

(വിഹിതം : 6500.00 ലക്ഷം രൂപ)

സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യ ബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, കരകൗശല നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡ് നിലവിൽ വന്നിട്ടുള്ളതിനാൽ ഈ പദ്ധതി ബോർഡ് വഴി നടപ്പാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിനായി 2016-17 വർഷ ബഡ്ജറ്റിൽ 6500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ മുൻകാല വർഷങ്ങളിലെ ഭൗതിക നേട്ടങ്ങൾ വിശകലനത്തിന് വിധേയമാക്കിയതിനുശേഷം മാത്രമേ 2017-18 വർഷത്തിൽ പദ്ധതി തുടർന്ന് നടപ്പിലാക്കുകയുള്ളൂ.

14. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ

(വിഹിതം : 50.00 ലക്ഷം രൂപ)

കേരളത്തിലെ തൊഴിൽ രംഗത്ത് കണ്ടുവരുന്ന നൂതനമായ പ്രവണതയാണ് പശ്ചിമ ബംഗാൾ, ബീഹാർ, ഒറീസ, ഉത്തർപ്രദേശ്, ഛത്തിസ്ഗഢ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ പ്രവാഹം. ശരിയായ ആരോഗ്യ സംരക്ഷണ മാർഗ്ഗങ്ങൾ ഇല്ലാതെ

വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജോലിസ്ഥലത്തിനടുത്തു തന്നെ ഇത്തരം തൊഴിലാളികൾ താമസിക്കുന്നതിന് നിർബന്ധിതരാകുന്നു. ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട സാമൂഹ്യ സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ കണക്കിലെടുത്ത് മെഡിക്കൽ ക്യാമ്പ്, സമ്പർക്ക പരിപാടികൾ, പരസ്യ പ്രചരണങ്ങൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പദ്ധതി ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

15. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ

(വിഹിതം : 50.00 ലക്ഷം രൂപ)

തൊഴിൽ വകുപ്പിന്റെ അന്വേഷണ കേന്ദ്രങ്ങൾ വഴി നേടിയെടുക്കാവുന്ന പരാതി പരിഹാര സംവിധാനം, വകുപ്പ് നടത്തിവരുന്ന വിപുലമായ പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ റോഡ് ഷോ, സെമിനാർ, ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണങ്ങൾ എന്നിവ നടത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. 2016-17 വർഷത്തിൽ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 50.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

16. മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം

(വിഹിതം : 223.00 ലക്ഷം രൂപ)

ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയാണ് കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡിഎച്ച്.പി.) നിവവിൽ ലേബർ ഓഫീസർ, പ്ലാന്റേഷൻ ഇൻസ്പെക്ടർ ആഫീസ് എന്നിവ റ്റാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസവാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തൊഴിൽ നൈപുണ്യ വകുപ്പ് ഓഫീസ് ദേവികുളം താലൂക്കിലെ കെ.ഡിഎച്ച്.പി. വില്ലേജിൽ ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്നു. തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് തൊഴിലാളികളുടെ ആവലാതികളും പരാതികളും നിർഭയമായും എളുപ്പത്തിലും അധികാരികളുടെ സമക്ഷം എത്തിക്കുന്നതിനായി വിവിധ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഒരു സ്ഥലത്തേക്ക് കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. ലേബർ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഒരു ലേബർ ഓഫീസ് കോംപ്ലക്സ് മൂന്നാറിൽ സ്ഥാപിക്കുന്നത് അഭിലഷണീയമാണ്. മൂന്നാറിലെ ലേബർ ഓഫീസ് കോംപ്ലക്സ് നിർമ്മാണം 2016-17 വർഷത്തിൽത്തന്നെ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 223.00 ലക്ഷം രൂപ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## II. വ്യാവസായിക പരിശീലന വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പ് ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ്, സർക്കാർ/സ്വകാര്യ ഐ. റ്റി. ഐ. കളിലൂടെയും അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് പദ്ധതി ആർ. ഐ. സെന്ററുകൾ മുഖേനയും നടപ്പാക്കുന്നു. കേരളത്തിൽ 78 സർക്കാർ ഐ. ടി. ഐ. കൾ, ഒരു പ്രാഥമിക പരിശീലന കേന്ദ്രം, ജീവനക്കാർക്കുള്ള ഒരു പരിശീലന കേന്ദ്രം, രണ്ട് ഉന്നതതല തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, 486 സ്വകാര്യ ഐ. ടി. ഐ. കൾ, പട്ടികജാതി വികസന വകുപ്പിനുകീഴിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി 44 ഐ. ടി. ഐ.കൾ, പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 2 ഐ. ടി. ഐ.കൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ ഐ. ടി. ഐ. കളിലായി ഏകദേശം 96702 സീറ്റുകളാണുള്ളത്. വെർച്വൽ ക്ലാസ്സ് മുറികൾ, ബയോമെട്രിക് ഹാജർ സംവിധാനം എന്നിവ ഏർപ്പെടുത്തിയതിലൂടെ ഗുണമേൻമയുള്ള പരിശീലനം സാദ്ധ്യമായിട്ടുണ്ട്. വ്യാവസായിക പരിശീലന രംഗത്ത് സ്ത്രീ-പുരുഷ അന്തരം കുറയ്ക്കുന്നതിനായി വനിതാ ഐ. ടി. ഐ. കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. സർക്കാർ മേഖലകളിൽ പ്രവർത്തിക്കുന്ന 1377 ഐ. ടി. ഐ. യൂണിറ്റുകളിൽ 316 ഐ. ടി. ഐ. കൾക്ക് ദേശീയ തൊഴിലധിഷ്ഠിത പരിശീലന കൗൺസിലിന്റെ അംഗീകാരം ഇതുവരെ നേടിയെടുക്കാൻ ആയിട്ടില്ല. ഐ. ടി. ഐ. കൾ വഴി നൽകുന്ന സേവന പരിശീലനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

1. ജീവനക്കാരുടെ പരിശീലന പദ്ധതിക്കായി അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : 205.00 ലക്ഷം രൂപ)

1999-ൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി 2015-ൽ സ്കിൽ അപ്ട്രേഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ആധുനിക സാങ്കേതിക വിദ്യയിലും ഡി. ജി. ഇ. & ടി മാനദണ്ഡങ്ങൾക്കനുസൃതവുമായി പരിഷ്കരിച്ച പാഠ്യപദ്ധതിയിലും പരിശീലനം നൽകുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. വ്യവസായം, വ്യവസായവുമായി ബന്ധപ്പെട്ട അസോസിയേഷനുകൾ തുടങ്ങിയവയിലെ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി നൂതന സാങ്കേതിക വിദ്യയിലെ പുത്തൻ പ്രവണതകളിലും ആവശ്യാധിഷ്ഠിത പരിശീലനം നൽകുന്നതിനായി ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. 2016-17 വർഷ ബഡ്ജറ്റിൽ 130.00 ലക്ഷം രൂപ പരിശീലന പരിപാടികൾ, പുത്തൻ സേഫ്റ്റ്വെയറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിന്യാസം, ശ്രേഷ്ഠസേവന അവാർഡ്, കത്തിടപാടുകൾ-ആശയവിനിമയ ശേഷി (ഇംഗ്ലീഷ്), നൈപുണ്യ വികസനം തുടങ്ങിയ പരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു. വനിത ഡോർമിറ്ററി, ക്ലാസ് മുറികളുടെ നിർമ്മാണം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## 2. വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ (കെ. എ. എസ്. ഇ.)

(വിഹിതം : 3054.00 ലക്ഷം രൂപ)

വ്യാവസായിക പരിശീലന വകുപ്പിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി കേരള അക്കാഡമി ഫോർ സ്കിൽസ് ആന്റ് എക്സലൻസ് (കേയ്സ്) രൂപീകരിച്ചിട്ടുണ്ട്. 2016-17 വർഷ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം III C ഘട്ടം 1-ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നേഴ്സിംഗ്, ഓട്ടോമേഷനും മെക്കാട്രോണിക്സും ബാങ്കിംഗ് & ധനകാര്യം സംരഭ വികസനം സെക്യൂരിറ്റി, ഓയിൽ & റിഗ് സംരംഭം വ്യാപിപ്പിക്കൽ, കൗശൽ കേന്ദ്ര നിർമ്മാണം, നൈപുണ്യ വികസനങ്ങൾ എന്നിവയ്ക്ക് 2016-17 വർഷ ബഡ്ജറ്റിൽ 3054.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 3. ഐ.റ്റി.ഐ. കളുടെ ആധുനികവൽക്കരണം

(വിഹിതം : 5761.00 ലക്ഷം രൂപ)

2016-2017 വർഷ ബഡ്ജറ്റിൽ 3761.00 ലക്ഷം രൂപ താഴെപ്പറയുന്ന കാര്യങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നു.

- നിലവിലുള്ള ട്രേഡുകളുടെ/യൂണിറ്റുകളുടെ നവീകരണം, അധികമായി ആവശ്യമുള്ള യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക, എൻ. സി. വി. ടി.-യുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതരത്തിൽ കെട്ടിടങ്ങൾക്ക് ആവശ്യമായ നവീകരണം തുടങ്ങിയവയ്ക്കായി 2015-17-ൽ വർഷ ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- ചാക്ക, കഴക്കൂട്ടം (വനിത), ആറ്റിങ്ങൾ, കൊല്ലം, കൊല്ലം (വനിത) കായംകുളം, ചന്നിക്കര, ചെങ്ങനൂർ, ചെങ്ങനൂർ (വനിത), പുറക്കാട്, ഏറ്റുമാനൂർ, പള്ളിക്കത്തോട്, രാജാക്കാട്, കളമശ്ശേരി, കളമശ്ശേരി (വനിത), ചാലക്കുടി, ചാലക്കുടി (വനിത) കുഴൽമന്ദം, വാണിയംകുളം, അട്ടപ്പാടി, പുഴക്കാട്ടിരി, അരീക്കോട്, കോഴിക്കോട്, കോഴിക്കോട് (വനിത), കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ, കാസർഗോഡ് എന്നീ ഐ. ടി. ഐ. കൾക്കുള്ള എൻ. സി. പി. ടി യുടെ പുനരംഗീകാരം തേടി എടുക്കുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ 1913.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
- പരിശീലന ഉപകരണങ്ങളുടെയും സാധനസാമഗ്രികളുടെയും നവീകരണം പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് അനുസരിച്ച് സത്വരപ്പെടുത്തേണ്ടതായിട്ടുണ്ട്. എൻ. സി. വി. ടി യുടെ അംഗീകരം ലഭിക്കുന്നതിന് ഇത് ഒഴിച്ചുകൂടാൻ ആവാത്തതാണ്. ഇതോടൊപ്പം ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം വാങ്ങുന്നതിനായുള്ള ഫീസ് ഇനത്തിലുമുള്ള ചെലവുകൾക്കായി 2016-17 വർഷ ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.
- ഐ. ടി. ഐ. കളുടെ നവീകരണം പദവി ഉയർത്തൽ ഈ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കണം. 2016-17 വർഷം ചാക്ക, കോഴിക്കോട് ഐ. ടി. ഐ. കളുടെ പദവി ഉയർത്തിണ്ടതായിട്ടുണ്ട്. ഇതിനായി 2016-17-ൽ 800.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്നു.
- ആറ്റിങ്ങൽ, കൊല്ലം, കളമശ്ശേരി, ചാലക്കുടി, വാണിയംകുളം, മലമ്പുഴ, കണ്ണൂർ, കാസറാഗോഡ്, കൊല്ലം ബി. സി. ടി. എന്നീ ഗവൺമെന്റ് ഐ. ടി. ഐ. കളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 218.00 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു.
- ഐ. ടി. ഐ. കളിലെ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അട്ടപ്പാടി, പള്ളിപ്പാട്, ഐ. ടി. ഐ-കളിലെ സിവിൽ വർക്കുകൾക്കുമായി 200.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.
- 2016-17 വർഷത്തിൽ പത്തിലധികം ഐ. ടി. ഐ. കൾക്ക് കൂടി ഐ. എസ്. ഒ. സർട്ടിഫിക്കറ്റ് നേടിയെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി 2016-17 വർഷ ബഡ്ജറ്റിൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

  കൂരുമാത്തൂർ, വാണിയംകുളം, ചാക്ക, ആറ്റിങ്ങൽ, കട്ടപ്പന, തേവലക്കര, കല്പറ്റ, അട്ടപ്പാടി, കെയ്യൂർ, പേരാവൂർ, പള്ളിപ്പാട് എന്നീ ഐ. ടി. ഐ കൾക്ക് കെട്ടിട നിർമ്മാണം, പരിശീലന കേന്ദ്ര നിർമ്മാണം എന്നിവയ്ക്കായി 2000.00 ലക്ഷം രൂപ മൂലധന ശീർഷകത്തിൽ ഉൾപ്പെടുത്തി 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## 4. വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങൾ

(വിഹിതം : 100.00 ലക്ഷം രൂപ)

വിവര സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭങ്ങൾളുടെ ഭാഗമായി കണ്ണൂർ പ്രാദേശിക ഡയറക്ട്റേറ്റ്, അഞ്ച് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഓഫീസുകൾ, രണ്ട് ഐ. ടി. ഐ-കൾ എന്നിവിടങ്ങളിൽ ഡിജിറ്റൽ ഡോക്മെന്റ് ഫയലിംഗ് സമ്പ്രദായം ഏർപ്പെടുത്തികൊണ്ട് ഐ. ടി. ഐ ബിരുദധാരികൾക്കും തൊഴിൽ നൈപുണ്യ പരിശീലനം നേടിയ മറ്റുള്ളവർക്കും സ്കിൽ കാർഡ് വിതരണം ചെയ്യുന്നതിനും, ഇത്തരം സ്കിൽ കാർഡുകൾ തൊഴിൽ നിയമന സെല്ലുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തു നടത്തുന്നു. സ്കിൽ കാർഡ് പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓൺലൈൻ പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ സ്ഥാപിച്ച് തൊഴിൽ ദാതാക്കളും തൊഴിലന്വേഷകരും തമ്മിലുള്ള സമ്പർക്കം ശക്തിപ്പെടുത്തുന്നതിനും ഹാർഡ് വയറുകളും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനും വകുപ്പ് നടപടികൾ കൈക്കൊള്ളുന്നതാണ്. 2016-17 വർഷ ബഡ്ജറ്റിൽ 100.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

## 5. ആസൂത്രണ മേൽനോട്ട സെൽ (ആധുനിക വൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും)

(വിഹിതം : 25.00 ലക്ഷം രൂപ)

വകുപ്പുതല പദ്ധതികളുടെ കാര്യക്ഷമമായ മേൽനോട്ടത്തിനും സ്ഥിതിവിവര കണക്കുകളുടെ ശേഖരണത്തിനുമുള്ള സോഫ്റ്റ് വെയർ, അനുബന്ധ സാങ്കേതിക സംവിധാനങ്ങൾ ആർജ്ജിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണ മേൽനോട്ടപ്രവർത്തനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് (ആധുനികവത്കരണവും കമ്പ്യൂട്ടർ വത്കരണവും) 2016-17 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 25.00 ലക്ഷം രൂപ വകയിരിത്തിയിരുക്കുന്നു.

6. ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ. ടി. ഐ. കളുടെ ശാക്തീകരണം

(വിഹിതം : 50.00 ലക്ഷം രൂപ)

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്രപുരം, പാലക്കാട് ജല്ലയിലെ കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിൽ ഭാഷാ ന്യനപക്ഷ പ്രദേശ ഐ. ടി. ഐ. കൾ സ്ഥാപിക്കപ്പെട്ടു. 2016-17 വർഷ ബഡ്ജറ്റിൽ ഈ ഐ. ടി. ഐ കൾ തുടർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള മെഷനറി, യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ-ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

(വിഹിതം : 300.00 ലക്ഷം രൂപ)

2013-14 വർഷം മുതൽ മെക്കാനിക്കൽ വിഭാഗത്തിലെ ഐ. ടി. ഐ. ട്രെയിനികൾക്ക് ആഴ്ചയിൽ മൂന്നു ദിവസം പാൽ, മുട്ട എന്നിവ അടങ്ങിയ പോഷകാഹാര പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ഐ. ടി. ഐ. ട്രെയിനികളിൽ ബഹുഭൂരിപക്ഷവും വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്നവരും, താഴ്ന്ന വരുമാനമുള്ള കുടംബങ്ങളിൽപ്പെട്ടവരുമാണ്. അതിനാൽ പോഷകാഹാര പദ്ധതി വിപുലീകരിച്ച് എല്ലാ ഐ. ടി. ഐ. ട്രെയിനികൾക്കും എല്ലാദിവസവും നൽകാൻ ഉദ്ദേശിക്കുന്നു. ആര്യനാട്, അട്ടപ്പാടി ഐ. ടി. ഐ. കളിൽ നടപ്പാക്കിയ ഉച്ച ഭക്ഷണ പദ്ധതി 2016-17 വർഷത്തിൽ നിലമ്പൂർ ഐ. ടി. ഐ-ൽ കൂടി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷ ബഡ്ജറ്റിൽ 300.00 ലക്ഷം വകയിരുത്തിയിരിക്കുന്നു.

8. വനിത ഐ. ടി. ഐ. കളുടെ പദവി ഉയർത്തൽ

(വിഹിതം : 50.00 ലക്ഷം രൂപ)

ചെങ്ങനൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ, എന്നീ ഗ്രേഡ്-2 വനിത ഐ. ടി. ഐ. കളുടെ പദവി ഉയർത്തുന്നതിനായി തുടർന്നുവരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. പരസ്യ/പ്രചാരണം

(വിഹിതം : 100.00 ലക്ഷം രൂപ)

ആഗോളവത്ക്കരണത്തിന്റെ ഭാഗമായുള്ള തൊഴിൽ സാധ്യതകൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കുന്നതിനും ഇതിലൂടെ തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിന് നൈപുണ്യ വികസനം ഒരു പ്രധാന പ്രവർത്തനമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. ഈ സാഹചര്യത്തിൽ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തേണ്ടതായിട്ടുണ്ട്. ഇതിനായി പൊതുജന ശ്രദ്ധ കിട്ടുന്നതരത്തിൽ വലിയതോതിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ വൻകിട വ്യാവസായിക ഗ്രൂപ്പുകളെയും അവരുടെ സാങ്കേതിക വിദ്യയേയും സംസ്ഥാനത്തെ ഐ. ടി. ഐ. കളിലേക്ക് ആകർഷിക്കുന്നതരത്തിൽ തൊഴിൽ മേളകൾ, സാങ്കേതിക വൈദഗ്ദ്ധ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. ട്രേഡ് പരിശോധനാവിഭാഗത്തിന്റെ നവീകരണം

(വിഹിതം : 30.00 ലക്ഷം രൂപ)

മനുഷ്യവിഭവശേഷിയുടെ ആനുകൂല്യം ഉപയോഗപ്പെടുത്തുന്നതിനും രാജ്യത്ത് തൊഴിലില്ലായ്മ അമർച്ച ചെയ്യുന്നതിനുമായി തൊഴിൽ നൈപുണ്യം കൈവരിക്കുന്നതിൽ പ്രഥമ ശ്രദ്ധ നൽകേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ഓരോവർഷവും ഒൻപതിൽ അധികം ട്രേഡ് പരീക്ഷകൾ നടന്നുവരുന്നു. ട്രേഡ് പരീക്ഷകളുടെ ചോദ്യപേപ്പർ ഉത്തരക്കടലാസുകൾ എന്നിവ സുരക്ഷിതമായ സ്ഥാനങ്ങളിൽ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ക്രമക്കേടുകൾ പൂർണ്ണമായും അവസാനിപ്പിച്ച് സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തുന്നതിനായുള്ള ഹാർഡ്‌വെയർ, സോഫ്ട്‌വെയർ എന്നിവ ആർജ്ജിക്കുന്നതിനും എസ്. സി. വി. ടി. സർട്ടിഫിക്കറ്റ് വിതരണം 2016-17 വർഷത്തിൽ നടപ്പിൽ വരുത്തുന്നതിന് ശ്രമിക്കുന്നു. ഈ പദ്ധതിക്കായി 2016-17 വർഷത്തിൽ 30.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

11. ഐ. ടി. ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തൽ (25% സംസ്ഥാന വിഹിതം)

(വിഹിതം : 25 ലക്ഷം രൂപ)

ലോകബാങ്കിന്റെ പങ്കാളിത്തത്തോടുകൂടി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന "തൊഴിലധിഷ്ഠിത പരിശീലന ശാക്തീകരണം" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 7 ഐ. ടി. ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2007-12 കാലയളവിൽ ആരംഭിച്ച പദ്ധതിയുടെ ചെലവ് 75:25 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളാണ് വഹിക്കുന്നത്. പിന്നീട് പദ്ധതി കാലയളവ് 2014 വരെ ദീർഘിപ്പിച്ചു. എന്നാൽ ഈ പദ്ധതി 2016 വരെ ദീർഘിപ്പിച്ചിരിക്കുന്നതായി വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 2016-17 വർഷ ബഡ്ജറ്റിൽ 25.00 ലക്ഷം രൂപ വകയിത്തിയിരിക്കുന്നു.

## പുതിയ പദ്ധതി

12. നിയമന ലബ്ദ തൊഴിൽ പരിപാലന പരിപാടി (പ്ലെയ്സ്മെന്റ് ലിങ്കഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം) (പി.എൽ.ഇ.പി.)

(വിഹിതം : 300.00 ലക്ഷം രൂപ)

നൈപുണ്യ വികസനത്തിലൂന്നി മത്സരാധിഷ്ഠിതവും ഉത്പാദനക്ഷമതയും അടിസ്ഥാനമായുള്ള വ്യവസായിക മേഖയിലുറച്ച് വൈവിദ്ധ്യമായ വിജ്ഞാന സമ്പദ് വ്യസ്ഥയുടെ രൂപീകരണമാണ് കേരള പരിപ്രേഷ പദ്ധതി 2030 വിഭാവനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ വരും കാലത്ത് കഴിവും നൈപുണ്യയുമുള്ള തൊഴിൽ ശക്തിയുടെ ദൗർലഭ്യം ഇല്ലാതാക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയാണ്. നിയമന ബാദ്ധ്യത തൊഴിൽ പരിപാലന പദ്ധതി വ്യാവസായിക പരിശീലന വകുപ്പ്, ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ്, വ്യവസായിക ബോഡികൾ, തൊഴിലധിഷ്ഠിത പരിശീലന ദാതാക്കൾ എന്നിവരിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സമൂഹത്തിലെ അസംഘടിതരും പ്രാന്തവത്ക്കരിക്കപ്പെട്ടവരുമായ ഒരു വലിയ വിഭാഗത്തെ തൊഴിൽ ശേഷിയുള്ളവരാക്കുന്നതിനുള്ള വിപുലമായ സംരംഭമാണിത്. 2016-17 ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിത്തിയിരിക്കുന്നു.

### III. ദേശീയ തൊഴിൽ സേവന വകുപ്പ് (കേരള)

അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കുക, ഉചിതമായ തൊഴിൽ നേടി എടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക. നയരൂപീകരണത്തിനും ഗവേഷണങ്ങൾക്കുമായി തൊഴിൽ വിപണന വിവരങ്ങൾ ശേഖരിക്കുക എന്നീ കാര്യങ്ങളിൽ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ അന്വേഷകരെ സഹായിക്കുന്നു. തൊഴിൽ അന്വേഷകരുടെ നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ശക്തിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ തൊഴിൽ സംബന്ധമായ വിവരങ്ങളും സാങ്കേതിക വിദ്യയും ലഭ്യമാക്കുന്നതിനുള്ള ഇടങ്ങളായി എംപ്ലോയ്മെന്റ് എക്സേഞ്ചുകളെ എംപ്ലോയബിൾ സെന്ററുകളാക്കി മാറ്റുകയാണ് വകുപ്പിന്റെ ലക്ഷ്യം. എല്ലാത്തരത്തിലുള്ള തൊഴിൽ അന്വേഷകർക്കും എംപ്ളോയ്മെന്റ് എക്സേഞ്ചുകളിൽ രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടാക്കുകയും രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് അവരുടെ കഴിവും വൈദഗ്ദ്ധ്യവും തിരിച്ചറിഞ്ഞ് പോരായ്മകൾ നികത്തി തൊഴിൽ മേഖലകളിലേക്ക് നേരിട്ട് പ്രവേശിക്കുന്നതിനായി അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (എ. എസ്. ഇ. പി.) വിഭാവനം ചെയ്യുന്നു.

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും തൊഴിൽ ഡയറക്ട്റേറ്റ് ആസ്ഥാനത്തുമുള്ള കമ്പ്യൂട്ടർവൽക്കരണം.

(വിഹിതം : 50.00 ലക്ഷം രൂപ)

കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും വഴി എല്ലാ സേവനങ്ങളും ലഭ്യമാക്കാൻ ശേഷിയുള്ള ഓൺ ലൈൻ സോഫ്റ്റ് വെയർ കൊണ്ടുവന്നാൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടർവത്കരണം പൂർണ്ണമാകുകയുള്ളു. എവിടെ നിന്നും ഏതു സമയത്തും ഉപയോഗിക്കാവുന്ന തരത്തിൽ ഇപ്പോഴുള്ള ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ തൊഴിൽ വെബ് അടിസ്ഥാനമാക്കിയുള്ള സോഫ്റ്റ് വെയറിലേക്ക് മാറ്റാൻ വകുപ്പ് നടപടി ആരംഭിച്ചു കഴിഞ്ഞു. വകുപ്പ് ഓൺലൈൻ സർവ്വീസുകൾ നൽകാൻ നിശ്ചയിച്ചിട്ടുള്ളതിനാൽ തുടർ സേവനങ്ങൾ നിരന്തരമായി ലഭ്യമാക്കേണ്ടതുണ്ട്. 2015-16 വർഷത്തിൽ പശ്ചാത്തല സൗകര്യം ഉയർത്തൽ, കമ്പ്യൂട്ടർ ഹാർഡ് വെയർ, സാങ്കേതിക നൈപുണ്യവിഭാഗം, വകുപ്പിലെ ഡി.ഡി.എഫ്.എസ്. നടപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016-17 വർഷത്തിലെ പ്രവർത്തനങ്ങൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്കായി 6 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസുകൾ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ഇ. ഓഫീസ് പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിനാണ്. 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

2. വിവിധോദ്ദേശ്യ തൊഴിൽ ക്ലബുകൾ

(വിഹിതം : 100.00 ലക്ഷം രൂപ)

അസംഘടിത മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരും യോഗ്യരുമായ തൊഴിൽ അന്വേഷകർക്കായി വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങൾ/തൊഴിൽ ക്ലബുകൾ വിഭാവനം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ, എംപ്ലോയ്മെന്റ് ആഫീസറുടെ (എസ്. ഇ.) സഹായത്തോടുകൂടി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. സമാനയോഗ്യതകളോ പരിശീലനം ലഭിച്ചിട്ടുള്ളവരോ ആയ ഓരോ വിഭാഗം ഗുണഭോക്താക്കൾ ഒന്നിച്ച് തൊഴിൽ ക്ലബുകൾ രൂപീകരിക്കുന്നു. ഇവർക്ക് സംരംഭകത്വ പരിശീലനം നൽകുകയും ചെയ്യുന്നു. ഓരോ തൊഴിൽ ക്ലബ്ബുകളും ബാങ്കുകളുമായി നേരിട്ട് ബന്ധപ്പെടുത്തുന്നത് വഴി സാമ്പത്തിക സഹായം വായ്പയായി എളുപ്പത്തിൽ ലഭ്യമാകുന്നു. ഓരോ തൊഴിൽ ക്ലബ്ബിനും അനുവദിച്ചിട്ടുള്ള പരമാവധി വായ്പ തുക 10 ലക്ഷം രൂപയാണ്. വായ്പ തുകയുടെ 10% ക്ലബ് അംഗങ്ങൾ സ്വരൂപിക്കേണ്ടതാണ്. വായ്പ തുകയുടെ 25% അല്ലെങ്കിൽ 2 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത്രയും തുക സബ്സിഡിയായി ലഭിക്കുന്നു. പ്രാദേശികമായ സാധ്യതകളോ ആവശ്യങ്ങളോ കണക്കിലെടുത്ത് ഒരു ജില്ലയിൽ എത്ര തൊഴിൽ ക്ലബുകൾ വേണമെങ്കിലും തുടങ്ങാവുന്നതാണ്. ഓരോ തൊഴിൽ ക്ലബുകളും പ്രത്യേകം തൊഴിൽ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരായിരിക്കും. മോട്ടോർ മെക്കാനിക്ക്, ഇലക്ട്രോണിക് മെക്കാനിക്ക്, ഇലക്ട്രീഷ്യൻ, കാർപ്പന്റർ, പ്ലംബർ, പെയിന്റർ, തെങ്ങു കയറ്റതൊഴിലാളി, വീട്ടുജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഹോംനഴ്സുമാർ തുടങ്ങിയവരെ ഉൾപ്പെടുത്തികൊണ്ടുള്ള തൊഴിൽ ക്ലബുകൾ സാധ്യമാണ്. 2016-17-ൽ വിവിധോദ്ദേശ്യ തൊഴിൽ ക്ലബുകൾക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തികരണം.

(വിഹിതം : 50.00 ലക്ഷം രൂപ)

ദേശീയ തൊഴിൽ സേവന വകുപ്പിനുകീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി 21 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളേയും 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോകളേയും 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എക്സ്ചേഞ്ചുകളേയും ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. സംസ്ഥാന വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണത്തിനായുള്ള താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പരിശീലന പരിപാടികൾ നടത്തൽ
- കരിയർ സെമിനാർ/എക്സിബിഷൻ നടത്തുക.
- സോഫ്റ്റ് സ്കിൽ പരിശീലനം
- തൊഴിൽ പ്രസിദ്ധീകരണങ്ങൾ, തൊഴിൽ വാർത്ത ബുള്ളറ്റിനുകൾ, വാരികകൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കരിയർ ലൈബ്രറികളിലേക്ക് വാങ്ങുക
- കരിയർ ബുക്കുകൾ പ്രസിദ്ധീകരിക്കുക
- തൊഴിൽ മേളകൾ, സെമിനാറുകൾ സംഘടിപ്പിക്കുക.

4. രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ/അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

(വിഹിതം : 1600.00 ലക്ഷം രൂപ)

തൊഴിൽ രഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ/വിവാഹമോചനം നേടിയ വനിതകൾ, അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്ക് ഈ പദ്ധതിയിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നു. തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ചെലവിന്റെ 50% സബ്സിഡി ആയും 50% പലിശരഹിത വായ്പയായും നൽകുന്നു. വായ്പാ തുകയും സബ്സിഡിയും തൊഴിൽ വകുപ്പാണ് നൽകുന്നത്. ഓരോ യൂണിറ്റും സംരംഭകർതന്നെ കൃത്യയായി പരിപാലിക്കണം. 2015-16 വർഷത്തിൽ തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ട/വിവാഹമോചനം നേടിയ അവിവാഹിതകളായ വനിതകൾ, അവിവാഹിതരായ അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽപദ്ധതി (ശരണ്യ)യ്ക്കായി 1600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ

(വിഹിതം : 650.00 ലക്ഷം രൂപ)

ചുരുങ്ങിയ കാലയളവിനുള്ളിൽ തൊഴിൽരഹിതരായ യുവാക്കളെ ആഗോള തൊഴിൽ ചുറ്റുപാടുകളോട് മത്സരിക്കാനാകും വിധം ഉയർന്ന വൈദഗ്ദ്ധ്യമുള്ളവരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി 2012-13- വർഷത്തിൽ സംസ്ഥാനത്തുടനീളം തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തൊഴിൽ വകുപ്പ് പദ്ധതിയിട്ടു. 2014-15-ൽ കോഴിക്കോട്, കൊല്ലം, എറണാകുളം, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ സമയബന്ധിതമായി ഈ പദ്ധതി പൂർത്തിയാക്കപ്പെട്ടു. വയനാട്, കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**പുതിയ പദ്ധതി**

6. മാതൃക തൊഴിൽ കേന്ദ്രങ്ങൾ.

(വിഹിതം : 50.00 ലക്ഷം രൂപ)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ കേന്ദ്രങ്ങളായി പരിവർത്തിപ്പിക്കുക എന്ന കേന്ദ്രഗവൺമെന്റ് നയം പിന്തുടർന്ന് ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ് തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് അസിസ്റ്റൻസ് ബ്യൂറോയിൽ മാതൃക കരിയർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൗൺസിലിംഗ് ധർമ്മങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. തൊഴിൽ കാര്യ വകുപ്പിന് ഈ ആവശ്യത്തിലേക്കുള്ള കെട്ടിടം ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത് കേരള സർവ്വകലാശാലയാണ്. മാതൃക കരിയർ സെന്ററിന്റെ പ്രാഥമിക വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള തുക ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃക കരിയർ സെന്ററിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി 50.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

## IV. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

(വിഹിതം : 280.00 ലക്ഷം രൂപ)

തൊഴിൽ മേഖലയിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രഭാഷണങ്ങൾ, ഗവേഷണങ്ങൾ എന്നിവ നടത്തുക എന്ന പ്രാഥമിക ലക്ഷ്യവുമായി തൊഴിലും, പുനരധിവാസവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ). 2016-17 വർഷത്തിൽ പരിശീലനങ്ങൾ/സെമിനാറുകൾ/ശില്പശാലകൾ, ഗവേഷണങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നീ പ്രവർത്തനങ്ങൾക്കൊപ്പം അതിന്റെ പ്രവർത്തനസീമകൾ വികസിപ്പിക്കുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ചില സവിശേഷ പരിപാടികളും വകുപ്പ് നടത്താനുദ്ദേശിക്കുന്നു. താഴെപ്പറയുന്ന ഘടകങ്ങൾക്കായി 2016-17 വർഷത്തിൽ 280.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കുടിയേറ്റ തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ/സെമിനാറുകൾ/ശില്പശാലകൾ/അനുസ്മരണ പ്രഭാഷണങ്ങൾ/ബോധവത്കരണ പരിപാടികൾ.
- ഗവേഷണങ്ങൾ/പഠനപ്രവർത്തനങ്ങൾ.
- കിലെ വാർത്തകളുടെ പ്രസിദ്ധീകരണം, "തൊഴിൽ കേരളത്തിൽ" ഭേദഗതി വരുത്തിയ പതിപ്പിന്റെ പ്രസിദ്ധീകരണം, ഗവേഷണ കൈപ്പുസ്തകം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പഠനങ്ങളെക്കുറിച്ചുള്ള പ്രസിദ്ധീകരണം.
- ഇ.എസ്.ഐ. ആനുകൂല്യത്തെക്കുറിച്ച് ലേബർ വെൽഫയർ ഫണ്ട് ബോർഡുകൾക്ക് അവബോധ പരിപാടികൾ.
- ഇൻസ്റ്റിറ്റ്യൂട്ടിനായി അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ
- ഹാർഡ് വെയർ വാങ്ങൽ, ഡോക്യുമെന്റേഷൻ, ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കിലെയുടെ ആധുനികവത്കരണവും, കമ്പ്യൂട്ടർ വത്കരണവും.

## V. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

(വിഹിതം : 500.00 ലക്ഷം രൂപ)

ഫാക്ടറി തൊഴിലാളികൾക്കും പരിസരവാസികൾക്കും മാത്രമായി ചില പ്രത്യേക നിയമങ്ങൾ ബാധകമാക്കുന്നതിന്റ ഭാഗമായി അവരുടെ ആരോഗ്യവും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള നിയമ പ്രകാരമുള്ള സ്ഥാപനമാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്. ഫാക്ടറികളുടെ രജിസ്ട്രേഷനും ലൈസൻസ് അനുവദിക്കലും ഫാക്ടറി തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യവും സുരക്ഷയും മാനേജ്മെന്റ് നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ, അപകടകരമായ ഫാക്ടറികളിൽ മുൻകരുതൽ പരിശോധനകളും അന്തരീക്ഷ വായു മലിനീകരണനിയന്ത്രണങ്ങളുടെ

പരിശോധന നടത്തുക, ഫാക്ടറികളിലെ തൊഴിലാളികൾക്ക് വൈദ്യപരിശോധന, രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളെ കണ്ടെത്തുന്നതിനായുള്ള പരിശോധന എന്നിവയാണ് ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17 വർഷ ബഡ്ജറ്റിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലുള്ള സബ് ഓഫീസുകളെ മാതൃകാ ഓഫീസുകളാക്കി മാറ്റൽ.
- കമ്പ്യൂട്ടർവൽക്കരണം (അറ്റകുറ്റപ്പണികൾ/ തകരാറുകൾ പരിഹരിക്കൽ).
- സുരക്ഷ അവാർഡ് വിതരണം.
- പരിശീലന പരിപാടികൾ.
- സുരക്ഷാവാര ആഘോഷവും സുരക്ഷാ ബോധവൽക്കവും.
- വ്യവസായ ലാബോറട്ടറികളുടെ നവീകരണവും വ്യാവസായിക ശുചിത്വ പരിപാലന മേൽനോട്ട പരിപാടിയും.
- ഐ. ടി. അധിഷ്ഠിത തൊഴിൽ സുരക്ഷ ആരോഗ്യ സംരക്ഷണ സമ്പ്രദായം.
- തൊഴിൽ ആരോഗ്യ സർവ്വേ.

## VI. പ്രവാസി മലയാളികാര്യ വകുപ്പ് (നോർക്ക)

ഏകജാലക ഏജൻസിയായി 1996-ലാണ് പ്രവാസി മലയാളികാര്യ വകുപ്പ് രൂപീകരിച്ചത്. പ്രവാസി മലയാളികളുടെ സർവ്വതോന്മുഖമായക്ഷേമമാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പക്കുക, പരാതി പരിഹാരം, അവകാശ സംരക്ഷണം, മടങ്ങിയെത്തുന്നവരുടെ പുനരധിവാസം, പ്രവാസി നിക്ഷേപം സംസ്ഥാനത്ത് പ്രോൽസാഹിപ്പിക്കൽ എന്നിവയാണ് നോർക്കയുടെ പ്രധാന ലക്ഷ്യങ്ങൾ. വകുപ്പ് നേരിട്ടും നോർക്കാ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴിയും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. 2016-17 വർഷത്തിൽ 2800.00 ലക്ഷം രൂപ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

### 1. നോർക്ക വകുപ്പ്

(വിഹിതം : 760.00 ലക്ഷം രൂപ)

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ 760.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- സാന്ത്വനം പദ്ധതി : 500.00 ലക്ഷം രൂപ
- നോർക്ക വകുപ്പ് പൊതുനിധി: 100.00 ലക്ഷം രൂപ
- നോർക്ക സെൽ—ന്യൂഡൽഹി: 10.00 ലക്ഷം രൂപ
- പ്രവാസികൾക്കുള്ള പുനരധിവാസത്തിനുള്ള എമർജൻസി റീപാട്രിയേഷൻ ഫണ്ട് : 150.00 ലക്ഷം രൂപ

### 2. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ പരിശോധന എന്നിവയിൽ ബോധവൽക്കരണം പ്രവാസി കേരളിയർക്ക് സംവേദന ശേഷിയുള്ളവരാക്കലും

(വിഹിതം : 40.00 ലക്ഷം രൂപ)

വിദേശ മലയാളികൾക്കും തിരിച്ച് എത്തുന്നവർക്കും നോർക്ക നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ വിദേശങ്ങളിലെ തൊഴിൽ അന്വേഷകർക്കുള്ള സുരക്ഷിതമായ കുടിയേറ്റ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നോർക്ക നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. നിയമാനുസൃതമല്ലാത്ത റിക്രൂട്ടിംഗ് ഏജൻസികൾ, വിസ തട്ടിപ്പ്, വിദേശ രാജ്യങ്ങളിലെ പൊതുനിയമങ്ങൾ, സാംസ്ക്കാരിക പാരമ്പര്യങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിൽ പരമ്പരാഗത, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ പദ്ധതിക്കായി 2016-17 വർഷത്തിൽ 40.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 3. നോർക്ക വെൽഫയർ ഫണ്ട്

(വിഹിതം : 1.00 ലക്ഷം രൂപ)

കേരള നിയമസഭ 2008-ൽ പാസ്സാക്കിയ പ്രവാസി മലയാളി ക്ഷേമനിധി നിയമ പ്രകാരം പ്രവാസി മലയാളികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2010-ൽ കേരള പ്രവാസി മലയാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. 2016-17 വർഷത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 4. പ്രവാസി മലയാളികളുടെ നൈപുണ്യവികസനവും റീ ഇന്റഗ്രേഷൻ പരിശീലനവും

(വിഹിതം : 200.00 ലക്ഷം രൂപ)

വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതി-യുവാക്കൾക്ക് നൈപുണ്യ നവീകരണത്തിനുള്ള പദ്ധതിയാണ്. സാങ്കേതിക വിദ്യ, സോഫ്ട് സ്കിൽ, പരിശീലനം, വിസ തൊഴിൽ കരാർ ഇമിഗ്രേഷൻ എന്നിവയെക്കുറിച്ച് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഓഫ് കേരളയുടെ വിവിധ ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്ത മികവ് തെളിയിച്ചിട്ടുള്ള അംഗീകൃത സ്വകാര്യ ട്രെയിനിംഗ് സെന്ററുകൾ എന്നിവയിലൂടെ നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പാക്കുന്നതിനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. തൊഴിൽ സ്വീകാര്യതയ്ക്ക് ഉതകുന്ന തരത്തിൽ വ്യക്തി കേന്ദ്രീകൃതവും വ്യവസായിക കേന്ദ്രീകൃതവുമായ ആവശ്യങ്ങൾ പരിഗണിച്ച് കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികളാണ് നടപ്പാക്കുന്നത്. ഓരോ തൊഴിൽ അന്വേഷകന്റേയും നൈസർഗ്ഗിക കഴിവുകൾ കണക്കിലെടുത്തുകൊണ്ടുള്ള സാങ്കേതികവും സോഫ്ട് സ്ക്കിൽ പരിശീലനവുമാണ് നൽകുന്നത്. സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി തിരിച്ചെത്തിയ പ്രവാസി മലയാളികളെ അവരുടെ യോഗ്യതയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ മുഖ്യ പരിശീലകരായി നിയമിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഈ പദ്ധതിയ്ക്കായി 2016-17 വർഷ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

5. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

(വിഹിതം : 50.00 ലക്ഷം രൂപ)

കുടിയേറ്റത്തെക്കുറിച്ച് പൊതുവായും വിദേശ തൊഴിൽ നിയമങ്ങളെക്കുറിച്ച് പ്രത്യേകമായും പൊതുജനങ്ങൾക്കുള്ള അവബോധം ആശാവഹമല്ല. നിയമാനുസൃത കുടിയേറ്റം സാധ്യമാക്കുന്നതരത്തിൽ തൊഴിൽ അന്വേഷകർക്ക് പരിശീലനവും അവബോധവും നൽകുന്നതിനുള്ള പദ്ധതി യാണിത്. സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുകവഴി വിസ തട്ടിപ്പ്, അനധികൃത റിക്രൂട്ടിംഗ് നിയമാനുസൃതമല്ലാത്ത കുടിയേറ്റം തുടങ്ങി അനഭിലഷണീയമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് കഴിയും. വിദേശതൊഴിൽ അന്വേഷകർക്ക് വിദേശ തൊഴിൽ അവസരങ്ങൾ, പൊതുവായ നിയമവ്യവസ്ഥകൾ, വിദേശ സംസ്ക്കാരം, ജീവിത രീതികൾ, തൊഴിൽ നിയമങ്ങൾ, വിസ നിയമങ്ങൾ, ഇമിഗ്രേഷൻ ബാഗേജ്, കസ്റ്റംസ് ക്ലിയറൻസ്, സാമ്പത്തിക സാക്ഷരത തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ പരിശീലന പരിപാടികൾ കേരളത്തിന്റെ ജില്ലകൾ തോറും നോർക്ക റൂട്ട്സ് വഴി നടപ്പാക്കിവരുന്നു. ഇതിനുപുറമെ വിദേശ തൊഴിൽ കാംഷിക്കുന്നുണ്ട്. വിദ്യാഭ്യാസ നൈപുണ്യപരമായ അറിവ് നൽകുകയും വിദേശ തൊഴിലവസരങ്ങളെക്കുറിച്ചുള്ള പൊതു അവബോധവും സൃഷ്ടിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. പ്രവാസി നിയമ സഹായ സെൽ

(വിഹിതം : 1.00 ലക്ഷം രൂപ)

കേരളത്തിൽ നിന്നും മധ്യകിഴക്കൻ രാജ്യങ്ങളിലേക്ക് കുടിയേറിപ്പാർക്കുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് അവർ നേരിടുന്ന കോടതി വ്യവഹാരങ്ങളും, മറ്റു നിയമ പ്രശ്നങ്ങളും. ഏതെങ്കിലും തരത്തിലുള്ള നിയമസഹായം ലഭിക്കാതെ നിസ്സഹായരായ തൊഴിലാളികൾ ജയിലുകളിൽ എത്തിപ്പെടുകയും കടുത്ത ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മതിയായ നിയമസഹായം ലഭിക്കാതെ വരുന്നതിനാൽ നിസാര കേസുകളിലും മിക്കപ്പോഴും യാതൊരു കുറ്റവും ചെയ്യാതെയും വലിയ ശിക്ഷയാണ് അനുഭവിക്കേണ്ടിവരുന്നത്. ഇത്തരത്തിലുള്ള കേസുകളുടെ ആധിക്യം പരിഗണിച്ച് അർഹരായവർക്ക് എല്ലാതരത്തിലുള്ള നിയമസഹായം ഗവൺമെന്റ് ലഭ്യമാക്കണമെന്നുള്ള വിദേശ കുടിയേറ്റ തൊഴിലാളികളുടെ ആവശ്യം കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

ഓറിയന്റേഷൻ, നിയമ സഹായം, പിന്തുണ, നിയമോപദേശം തുടങ്ങിയ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. നിയമ സഹായപദ്ധതിയുടെ ഭാഗമായി വിദഗ്ദ്ധ നിയമ ഉപദേശം, കേസുകൾ ഫയൽ ചെയ്യൽ, വ്യവഹാരങ്ങളിൽ നിയമ സഹായം നൽകൽ എന്നിവ ഉൾപ്പെടുന്നു. പന്ത്രണ്ടാം പദ്ധതിക്കാലത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ ഇത്തരം പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് ഈ പദ്ധതി 2017 വർഷത്തിൽ തുടർന്ന് നടപ്പിലാക്കുന്നതിനുള്ള സാധൂകരണമായിരിക്കും. 2016-17 വർഷ ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. 24 മണിക്കൂർ ഹെൽപ്പ്ലൈൻ/കാൾ സെന്ററുകൾ

(വിഹിതം : 50.00 ലക്ഷം രൂപ)

വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും, വിഷമഘട്ടങ്ങളിൽപെട്ടവർക്ക് കൗൺസിലിംഗ് നടത്തുക, വിദേശത്ത് പോകുന്നവർക്കും പോകാൻ താൽപ്പര്യമുള്ളവർക്കും അംഗീകൃത കുടിയേറ്റത്തിനെക്കുറിച്ചും ഈ രംഗത്ത് നിലനിൽക്കുന്ന ചൂഷണങ്ങളെക്കുറിച്ചും ഗവൺമെന്റും നോർക്ക-റൂട്ട്സും നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള പദ്ധതിയാണിത്. വിദേശ യാത്രക്കാർക്ക് തൊഴിൽ അന്വേഷകർക്കും ആവശ്യാടിസ്ഥാനത്തിലുള്ള വിവരങ്ങളും സഹായങ്ങളും ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അപ്രതീക്ഷിത ദുരന്തങ്ങൾ വന്നുചേരുന്ന സന്ദർഭങ്ങളിൽ ഇത്തരം കാൾ സെന്ററുകൾ അടിയന്തര കൺട്രോൾ റൂം ആയി പ്രവർത്തിക്കേണ്ടിതായി വരുന്നു. അതിനാൽ കാൾ സെന്ററുകൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ, ജില്ലാ സെല്ലുകൾ എന്നിവയുടെ ശാക്തീകരണം

(വിഹിതം : 50.00 ലക്ഷം രൂപ)

പ്രവാസി മലയാളികൾക്ക് പ്രത്യേകിച്ച് ഇവരുടെ പുതു തലമുറയ്ക്ക് കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചുള്ള അവബോധവും ഭാഷാപഠനവും പ്രോൽസാഹിപ്പിക്കുന്നതിനും സമ്പർക്ക പരിപാടികൾ, സഹായങ്ങൾ, പ്രശ്ന പരിഹാരങ്ങൾ , നാട്ടിലും വിദേശത്തും ലഭ്യമാക്കുന്നതിനുള്ള പൊതു വേദിയായി പ്രവർത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രവാസി മലയാളികൾക്ക് എളുപ്പത്തിലും സൗകര്യപ്രദമായും സഹായം ലഭ്യമാണെന്ന് ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും നോർക്ക-റൂട്ട്സ് സെൽ/സബ് ഓഫീസുകൾ സ്ഥാപിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതും ആവശ്യമാണ്.

മിഷൻ 676-ന്റെ ഭാഗമായി എല്ലാ ജില്ലകളിലും നോർക്ക സെൽ രൂപീകരണത്തിനും ബംഗലൂരു, ചെന്നൈ, ഹൈദ്രാബാദ്, ബറോഡ എന്നിവിടങ്ങളിലെ നോർക്ക ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2016-17 ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസം

(വിഹിതം : 1200.00 ലക്ഷം രൂപ)

ആഗോള മാന്ദ്യത്തിന്റെയും ദേശസാത്കരണത്തിന്റെയും ഭാഗമായി ജി. സി. സി. രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തിരുന്നവർ വൻ തോതിലുള്ള തൊഴിൽ സുരക്ഷിതത്വമില്ലായ്മ അനുഭവിക്കുന്നു. സാമൂഹ്യ-രാഷ്ട്രീയ സംഭവവികാസങ്ങൾ തൊഴിൽ നഷ്ടത്തിന് കൂടുതൽ കാരണമായിത്തീരുന്നു. ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്നവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടുപിടിക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നോർക്ക പ്രഥമ പരിഗണനയാണ് നൽകുന്നത്. ഇങ്ങനെ മടങ്ങിയെത്തുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനവും പലിശയിൽ ഇളവ് അനുവദിച്ച് വായ്പയും വകുപ്പ് നൽകി വരുന്നു. ഈ പദ്ധതിക്കായി 1200.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

10. നോർക്കാ ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ

(വിഹിതം : 300.00 ലക്ഷം രൂപ)

വിദേശ മലയാളികൾക്കും വിദേശത്തുനിന്ന് തിരിച്ചെത്തുന്നവർക്കും നിക്ഷേപ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകജാലക സംവിധാനമാണ് നോർക്കബിസിനസ് ഫെസിലിറ്റേഷൻ സെന്റർ. നിക്ഷേപങ്ങൾക്കും വിസിനസ് സംരംഭവങ്ങൾ ആരംഭിക്കുന്നതിനുമായുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകപ്പെടേണ്ടതായിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

- കേരളത്തിൽ ബിസിനസിനും നിക്ഷേപങ്ങൾക്കും താൽപ്പര്യമുള്ള വിദേശ മലയാളികളുടെ വിവരശേഖരണം.
- കേരളത്തിൽ ബിസിനസ് തുടങ്ങുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ഡോക്കുമെന്റേഷനുകൾ പൂർത്തിയാക്കൽ തുടങ്ങിയ വക്കായി സഹായവും പ്രോൽസാഹനവും നൽകുക.
- ബന്ധപ്പെട്ട ഏജൻസികളുമായി വേഗത്തിലും നേരിട്ടും ബന്ധപ്പെടുന്നതിനുള്ള ഉപദേശവും കണ്ടസൾട്ടിംഗ് സർവ്വീസും നൽകുക.
- കേരളത്തിലെ നിക്ഷേപ അവസരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി കേരളത്തിലെ വിജയകരമായ ബിസിനസ് സംരംഭകരെ വിദേശ മലയാളികളായ സംരഭകരും നിക്ഷേപകരുമായുള്ള പങ്കാളിത്തം ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. നിലവിലെ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് സ്ഥാപനങ്ങളെ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ പങ്കാളിയായി തീരുന്നതിനെ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. 12 പദ്ധതികാലത്ത് ഇത്തരം പ്രവർത്തനങ്ങൾ വിശകലന വിധേയമാക്കികൊണ്ട് 2017-18 വർഷ പദ്ധതി തുടങ്ങുന്നതിനുള്ള സാധ്യത ഉറപ്പാക്കേണ്ടതാണ്. ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ 2016-17 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

11. സ്വപ്ന സാഫല്യം

(വിഹിതം : 25.00 ലക്ഷം രൂപ)

തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ താഴ്ന്ന തലങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസി മലയാളികൾ വളരെയധികം ദുരിതങ്ങൾക്ക് ഇരയാകുന്നു. ഇങ്ങനെ ജയിലിൽ കഴിയുന്നവരിൽ നല്ലൊരു വിഭാഗം കേരളീയരാണ്. തങ്ങളുടേതല്ലാത്ത കുറ്റങ്ങളാൽ ജയിലിലായ പ്രവാസി മലയാളികൾക്ക് ജയിലിൽ മോചിതരാകുമ്പോൾ വിമാനയാത്ര ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതിയാണ് സ്വപ്ന സാഫല്യം. ഇതിനായി 2016-17 വർഷ ബഡ്ജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. വിജ്ഞാന കൈമാറ്റം, നയരൂപീകരണം, നിക്ഷേപ സമാഹരണം എന്നിവയ്ക്കായി പ്രവാസികളുമായുള്ള സമ്പർക്കം സ്ഥാപിക്കൽ.

(വിഹിതം : 50.00 ലക്ഷം രൂപ)

പ്രവാസി മലയാളികളുമായുള്ള ബന്ധം പുനഃസ്ഥാപിച്ചും പരസ്പര സമ്പർക്കം സ്ഥാപിച്ചുകൊണ്ടുമുള്ള സംയുക്ത സംരംഭങ്ങൾക്കാണ് നോർക്ക ഉദ്ദേശിക്കുന്നത്. പ്രവാസി മലയാളികളുടെ വിജ്ഞാനവും അറിവും അനുഭവങ്ങളും കൈമാറ്റം ചെയ്യുന്നതിലൂടെ നയരൂപീകരണത്തിനും നിക്ഷേപസമാഹരണത്തിനും നോർക്ക ലക്ഷ്യമിടുന്നു. കേരളത്തിലെ നിക്ഷേപ സാധ്യതകളും കേരളത്തിന്റെ തനതു സാംസ്കാരിക പൈതൃകം വിദേശമലയാളികളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിലൂടെയും നിക്ഷേപങ്ങൾ സ്വരൂപിച്ച് അവരുടെ സ്വന്തം നാടിന്റെ സാമ്പത്തിക സാംസ്കാരിക സ്ഥിതിയെ ശക്തിപ്പെടുത്താൻ കഴിയും. 2016-17 ഈ പദ്ധതിയ്ക്കായി വർഷത്തിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. ജോബ് പോർട്ടൽ ആന്റ് വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് പദ്ധതി

(വിഹിതം 50.00 ലക്ഷം രൂപ)

ഇന്ത്യൻ പ്രവാസികാര്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. ഇന്ത്യൻ ഗവൺമെന്റ് 12-3-2015-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വിദേശ രാജ്യങ്ങളിലേക്കുള്ള നേഴ്സിംഗ് തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അധികാരം ഗവൺമെന്റ് നിയന്ത്രിത ഏജൻസികളിൽ മാത്രം നിക്ഷിപ്തമാണ്. ഇത്തരത്തിൽ നേഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തുന്നതിന് അധികാരപ്പെട്ട സ്ഥാപനമാണ്. നോർക്ക റൂട്ട്സ്, പ്രവാസി കാര്യ മന്ത്രാലയത്തിന്റെ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമാണ് നോർക്ക റൂട്ട്സ് നേഴ്സിംഗ് നിയമനങ്ങൾ നടത്തുന്നത്. നോർക്ക റൂട്ട്സ് തയ്യാറാക്കിട്ടുള്ള ജോബ് പോർട്ടൽ തൊഴിൽ അന്വേഷകർക്കും വിദേശ തൊഴിൽ ഉടമകൾക്കും ഒരുപോലെ പ്രയോജനകരമാണ്. തൊഴിൽ അന്വേഷകരും തൊഴിൽ ദാദാക്കളും തമ്മിലുള്ള പരസ്പര ബന്ധത്തിലൂടെ സുരക്ഷിതമായ കുടിയേറ്റം സാധ്യമാക്കുന്നതിനായി ജോബ് പോർട്ടൽ നവീകരിക്കുകയും പുത്തൻ സാങ്കതിക വിദ്യ സങ്കേതങ്ങളുമായി യോജിപ്പിച്ച് നവീകരിക്കേണ്ടതായിട്ടുണ്ട്. ഈ പദ്ധതിക്കായി 2016-17 വർഷ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

14. മികച്ച വിജയം വരിച്ച പ്രവാസി മലയാളികളുടെ ഡാറ്റാബേസ് തയ്യാറാക്കൽ

(വിഹിതം 23.00 ലക്ഷം രൂപ)

ലോകത്ത് എമ്പാടുമുള്ള പ്രവാസി മലയാളികളിൽ ശാസ്ത്രം, അക്കാദമിക്, വ്യവസായം ഇതര തൊഴിൽ മേഖലകളിൽ മികച്ച വിജയം വരിച്ചവരും ശ്രേഷ്ഠവിജയം നേടിയവരുമായ വ്യക്തിത്വങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ ഉന്നത വിജയം വരിച്ച മലയാളികളെ കണ്ടെത്തുന്നതിനും അവരുടെ അറിവും അനുഭവങ്ങളും കഴിവും സംസ്ഥാനത്തിന്റെ പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിനും കഴിയും. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 വർഷ ബഡ്ജറ്റിൽ 23.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## VIII. അഗ്നിശമന വിഭാഗ സേവനങ്ങൾ

1. അഗ്നിശമനസേന വകുപ്പിന്റെ ആധുനിക വത്ക്കരണം

(വിഹിതം 4000.00 ലക്ഷം രൂപ)

1962-ലെ കേരള ഫയർഫോഴ്സ് ആക്ട് പ്രകാരം പോലീസ് വകുപ്പ് വിഭജിച്ചാണ് അഗ്നിശമനസേന വകുപ്പ് രൂപീകരിച്ചത് പ്രാരംഭ ഘട്ടത്തിൽ അഗ്നിശമന പ്രവർത്തനങ്ങൾ നടത്തിയിരുന്ന വകുപ്പ് ഇപ്പോൾ എല്ലാത്തരം ദുരന്തനിവാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സേവന രീതികളിലെ മാറ്റം കാരണം സർക്കാർ 2002-ൽ വകുപ്പിന്റെ പേര് കേരള അഗ്നിശമന രക്ഷാസേവന വകുപ്പ് എന്ന് പുനർ നാമകരണം ചെയ്തു. രക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും ഇതിൽ ഉന്നത നിലവാരം പുലർത്തുന്നതിനും വകുപ്പ് നിതാന്ത ശ്രദ്ധചെലുത്തുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2016-17 വർഷ ബഡ്ജറ്റിൽ 3900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

* ടേൺ ടേബിൾ ലാഡർ
* ഹെവിഡ്യൂട്ടി കൈയ്യുറകൾ (വലിപ്പം കൂടിയവ)
* ഫയർ റാക്ക്
* സീലിംഗ് ഹുക്ക്
* ഉയർന്ന മർദ്ധത്തിലുള്ള പമ്പോടുകൂടിയ വാട്ടർ ടെൻണ്ടർ
* ഉയർന്ന മർദ്ധത്തിലുള്ള പമ്പോടുകൂടിയ ചെറിയ വാട്ടർ ടെൻണ്ടർ
* സ്കൂബ വാഹനം
* ഫയർസ്യൂട്ട്.
* സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള മറ്റ് മുൻഗണന യർഹിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ.

2016-17 വർഷ ബഡ്ജറ്റിൽ അഗ്നിശമനസേനയ്ക്ക് കെട്ടിട നിർമ്മാണത്തിനും ഫാമിലി ക്വോർട്ടേഴ്സ് നിർമ്മാണത്തിനുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പന്ത്രണ്ടാം പദ്ധതി കാലയളവിൽ ആരംഭിച്ചുകഴിഞ്ഞതും/ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിലയിരുത്തലിന് ശേഷം മേൽപ്പറഞ്ഞ നിർമ്മാണപ്രവർത്തികളുടെ പൂർത്തീകരണം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

(എ) പട്ടികജാതി വികസനം

1. ഭൂമി, ഭവനം തുടങ്ങിയ വികസന പരിപാടികൾ

(വിഹിതം :45697.00 ലക്ഷം രൂപ)

ഈ പരിപാടിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-യുമായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ പരിപാടിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

(എ) ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി

(വിഹിതം : 17497.00 ലക്ഷം രൂപ)

പാവപ്പെട്ടവരും അർഹതയുള്ളവരുമായ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങാനുള്ള സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ ഈ പദ്ധതിയിലൂടെ ഏകദേശം 4326 കുടുംബങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2016-17-ൽ 17497.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി മാറ്റി വെച്ചിരിക്കുന്നു.

നിർദ്ദേശിച്ചിരിക്കുന്ന ധനസഹായ നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു:

| തദ്ദേശ ഭരണ സ്ഥാപനം | ഓരോ കുടുംബത്തിനും നിലവിലുള്ള നിരക്ക് (രൂപ ലക്ഷത്തിൽ) | വാങ്ങേണ്ട ഭൂമിയുടെ കുറഞ്ഞ വിസ്തൃതി (സെന്റിൽ) | ആവശ്യമായ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3.75 | 5 | 12847.00 |
| മുനിസിപ്പാലിറ്റി | 4.50 | 3 | 2250.00 |
| കോർപ്പറേഷൻ | 6.00 | 3 | 2400.00 |
| | | **ആകെ** | **17497.00** |

- ഭൂരഹിതർക്ക് മുകളിൽ പറഞ്ഞ നിരക്കിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകാൻ ലക്ഷ്യമിടുന്നു.

  2016-17-ൽ 17497.00 ലക്ഷം രൂപ ഈ ഘടകത്തിനായി വകയിരുത്തിയിരിക്കുന്നു.

(ബി) ഭവനരഹിതർക്ക് ഭവനം, ഭാഗികമായ ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം.

(വിഹിതം : 26500.00 ലക്ഷം രൂപ)

ഈ പദ്ധതി പ്രകാരം

(i) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പ്രായോഗികത കണക്കിലെടുത്ത് പുതിയതായി വീട് വയ്ക്കാനോ അല്ലെങ്കിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനോ ഉള്ള സാമ്പത്തിക സഹായം നൽകുന്നു. ഓരോ കുടുംബങ്ങൾക്കുമുള്ള നിരക്കുകൾ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കും നൽകുക. ഏകദേശം 6000 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം നൽകാൻ ഉദ്ദേശിക്കുന്നത്.

(ii) വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിയതിൽ പൂർത്തീകരിക്കപ്പെടാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും മെയിന്റനൻസിനും കൂടി ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടിയുള്ള സാമ്പത്തിക സഹായവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. (ബാക്കിയുള്ള ഗഡുക്കൾ പുതുക്കിയ/ ഉയർന്ന നിരക്കിൽ നൽകുക).

(iii) ജീർണ്ണാവസ്ഥയിലായ വീടുകളുടെ കാര്യത്തിൽ സ്ഥിതി മെച്ചപ്പെടുത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ മുറികൾ കൂട്ടിച്ചേർക്കുന്നതിനും കൂടി പദ്ധതി ലക്ഷ്യമിടുന്നു.

(iv) നിലവിലുള്ള എല്ലാവർക്കും വീട് (ഗ്രാമീൺ)-(ഐ. എ. വൈ.) പദ്ധതിയിൽ നൽകി വരുന്ന ഭവന ധനസഹായവും സംസ്ഥാന സർക്കാർ നൽകുന്ന ഭവന ധനസഹായവും തമ്മിൽ ഏകീകരിക്കുന്നതിന് വേണ്ടി ഓരോ വീടിനും അധികമായി വരുന്ന ഒരു ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനും നിർദ്ദേശിച്ചിരിക്കുന്നു.

2016-17 വർഷത്തിൽ പ്രസ്തുത പരിപാടിക്കായി 26500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

(വിഹിതം : 1700.00 ലക്ഷം രൂപ)

ഭൂമി ഇല്ലാത്തവരും, ഭവന രഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളായ വേടർ, വേട്ടുവൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്കിലിയാർ എന്നിവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ഗവൺമെന്റ് നിരക്കനുസരിച്ച് 5 സെന്റ് ഭൂമി വാങ്ങിക്കാനും വീട് വയ്ക്കാനുമുള്ള സഹായം നൽകുക.
- കണക്ടിവിറ്റി, വാർത്താവിനിമയ സൗകര്യങ്ങൾ, വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് നൽകുക.
- കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2016-17-ൽ പ്രസ്തുത പരിപാടിക്കായി 1700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഭൂമി, ഭവനം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കായി 2016-17 വർഷം മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി ആകെ 45697 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

(വിഹിതം : 500.00 ലക്ഷം രൂപ)

വിവിധ വകുപ്പുകൾ, സർക്കാർ ഏജൻസികൾ എന്നിവയ്ക്ക് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്കായി 2016-17 വർഷം 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രോജക്ടുകളുടെ പരിശോധന, അനുമതി, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയവ 19-6-2009-ലെ ജി. ഒ. (പി) നമ്പർ 44/2009/പജ.പവ.വിവ പ്രകാരമായിരിക്കും.

3. മരാമത്തും കെട്ടിടവും

(വിഹിതം : 1500.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

- വ്യവസായ പരിശീലന കേന്ദ്രങ്ങൾ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, പാരാമെഡിക്കൽ കേന്ദ്രങ്ങൾ, നഴ്സിംഗ് കോളേജ് (കോഴിക്കോട്), പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ, ജീവനക്കാർക്കുള്ള താമസ സ്ഥലം, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾക്കും ഡയറക്ടറേറ്റിനും ആവശ്യമായ കെട്ടിട നിർമ്മാണം, വൈദ്യുതീകരണം, മറ്റു സിവിൽ പ്രവൃത്തികൾ.
- നിലവിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, വ്യവസായ പരിശീലന കേന്ദ്രങ്ങൾ, പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ/ നവീകരണം/കേടുപാടുകൾ തീർക്കുക.
- അംബേദ്ക്കർ ഭവനം, പുതിയ ഡയറക്ടറേറ്റ് കെട്ടിടം, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയുടെ തുടർ പ്രവൃത്തികൾ.
- ജീർണ്ണാവസ്ഥയിലായ ഐ. ടി. ഐ. കെട്ടിടങ്ങൾ പൊളിച്ചു മാറ്റി പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.
- ഐ.റ്റി.ഐ.-കളിലെ ട്രേഡുകളുടെ പരിഷ്ക്കരണത്തിന്റെ ഭാഗമായി പുതിയ ട്രേഡുകൾ തുടങ്ങാൻ വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുക.
- 2015-16-ൽ നിർമ്മാണം ആരംഭിച്ച തൃശ്ശൂർ ജില്ലയിലെ ചേലക്കര, പാലക്കാട് ജില്ലയിലെ തൃത്താല, ഇടുക്കി ജില്ലയിലെ പീരുമേട്, ആലപ്പുഴ, എറണാകുളം ജില്ലയിലെ ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന്.
- 2015-16-ൽ നിർമ്മാണം ആരംഭിച്ച തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലും, ആലപ്പുഴ ജില്ലയിലെ ഹരിപ്പാടും, പി.ഇ.റ്റി.സി.-ക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന്.

ഈ പരിപാടിയുടെ ബഡ്ജറ്റ് ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2016-17-ൽ ഇതിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും

(വിഹിതം : 800.00 ലക്ഷം രൂപ)

പട്ടികജാതി വികസന വകുപ്പ് ഡയറ്കടറേറ്റ്, വകുപ്പിന്റെ കീഴിലുള്ള ജില്ലാ, മേഖല, തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, ആവശ്യമായ ഉപകരണ സാമഗ്രികൾ വാങ്ങുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്:

- പട്ടികജാതി വികസന വകുപ്പിലുള്ള ഓഫീസർമാർക്കും മറ്റു ജീവനക്കാർക്കും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പരിശീലനം നൽകുക. കൂടാതെ സെമിനാറുകളിലും വർക്ക് ഷോപ്പുകളിലും പങ്കെടുപ്പിക്കുക.
- ഉദ്യോഗസ്ഥർക്ക് മുമ്പ് നൽകിയ പഴയ കമ്പ്യൂട്ടറുകൾ മാറ്റിനൽകുക, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുക, ഡയറക്ടറേറ്റിനെ പ്രാദേശിക, ജില്ലാ, ബ്ലോക്ക് ഓഫീസുകളുമായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക.
- നന്ദാവനത്തുള്ള ഡയറക്റ്ററേറ്റ് കെട്ടിടത്തിൽ അധിക സൗകര്യങ്ങൾ, ഡയറക്ടറേറ്റിന്റെയും വകുപ്പിന്റെ കീഴിൽ വരുന്ന ഓഫീസുകളുടെയും കമ്പ്യൂട്ടർ വത്ക്കരണം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- വെബ്സൈറ്റിന്റെ നവീകരണം/ഐ.റ്റി.-യുമായി ബന്ധപ്പെട്ട സേവനങ്ങൾ, വെബ്സൈറ്റ് മെയിന്റനൻസ്, എ. എം. സി. ചാർജ്ജുകൾ, ജില്ലാ ഓഫീസുകളിലേയും ഡയറക്ടറേറ്റിലേയും ഇന്റർനെറ്റ് ചാർജ്ജുകൾ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ. റ്റി. ഐ.-കൾക്കും/സ്വന്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്മാർട്ട് ക്ലാസ്സുകളും ലൈബ്രറിയും നൽകുക.
- എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും ഇ-ഗവേണൻസിലൂടെ നേരിട്ട് പണം നൽകുന്നതിനും ജീവനക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് ഇലക്ട്രോണിക് സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള സോഫ്റ്റ്വെയർ വികസനം.
- വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യുക, വകുപ്പിന്റെ പരസ്യചെലവുകൾ, വകുപ്പിന്റെ കീഴിൽ നടത്തുന്ന വിവിധ പരിപാടികളുടെയും, പദ്ധതികളുടെയും ഡോക്യുമെന്റേഷൻ, നോട്ടീസുകൾ, ബാനറുകൾ, വകുപ്പിന്റെ വികസന ഗൈഡ്, ഡിജിറ്റൽ പ്രദർശനങ്ങൾ, ലഘുലേഖകൾ, മാധ്യമ പരസ്യങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ.
- വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം.
- സർക്കാർ അനുമതിയോടുകൂടി പഴയതും കേടായതുമായ ഓഫീസ് വാഹനങ്ങൾ മാറ്റുകയും ഓഫീസ് ആവശ്യങ്ങൾക്കായി പുതിയ വാഹനങ്ങൾ വാങ്ങുകയും വാടകയ്ക്ക് എടുക്കുകയും ചെയ്യുക.
- സർക്കാർ, സന്നദ്ധ സംഘടനകൾ, മറ്റ് പ്രമുഖ ഏജൻസികൾ എന്നിവയുടെ സഹായത്തോടെ പട്ടികജാതിക്കാരുടെ ജനസംഖ്യയുടെ സ്ഥിതി വിവര കണക്കുകൾ പുതുക്കൽ.
- പട്ടികജാതി വികസന വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന എസ്.സി.പി. പ്രോജക്ടുകളുടെ മോണിട്ടറിംഗിനും വിലയിരുത്തലിനും വേണ്ടി ഡയറക്ടറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുക, ജില്ലകളിൽ കോഡിനേറ്റർമാരെ ഏർപ്പെടുത്തുക.
- വകുപ്പിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ ഐ.ടി./എഞ്ചിനീയറിംഗ്/നിയമം/മറ്റു പ്രധാന മേഖലകളിലെ വിദഗ്ദ്ധരുടെ ഒരു കോർഗ്രൂപ്പ് ഏർപ്പെടുത്തുക.
- വിവിധ കമ്മീഷനുകൾ, വി. ഐ. പി.-കൾ, കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ, മറ്റു ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ.

- കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, എന്നിവയ്ക്കുവേണ്ടിയുള്ള ചെലവുകൾ.

2016-17 വർഷത്തിൽ 800.00 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

5. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)

(വിഹിതം : 24523.00 ലക്ഷം രൂപ)

പദ്ധതികളുടെ അനുമതിയും നിർവ്വഹണവും അവലംബി ച്ചിരിക്കുന്നത് വിവിധ ഘടക പദ്ധതിയിലെ നിർണ്ണായകമായ വിടവ് നികത്താൻ ഉദ്ദേശിച്ച് പ്രോജക്ടധിഷ്ഠിത രീതിയിൽ തുക നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മുൻ കാലങ്ങളിൽ അനുവദിച്ച പദ്ധതികളുടെ 2016-17-ലെ നടത്തി പ്പിനുവേണ്ടി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മൂന്നിൽ ഒന്ന് തുക ജില്ലകൾക്ക് അനുവദിക്കുന്നു. 25 ലക്ഷം രൂപ വരെ യുള്ള പദ്ധതികൾക്കുള്ള ഭരണാനുമതി ജില്ലാതല കമ്മറ്റിക്ക് 6-8-2014-ലെ സർക്കാർ ഉത്തരവ് (ആർ. ടി.) നം. 1301/2014/ പജ.പവ.വിവ പ്രകാരം അനുവദിക്കാവുന്നതാണ്. ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 യുമായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു.

2016-17-ൽ താഴെപ്പറയുന്ന ഘടകങ്ങൾക്കായി 24523.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

- പട്ടികജാതിക്കാരുടെ ശ്മശാനത്തിന്റെ നവീകരണ ത്തിനാവശ്യമായ ചെലവുകൾ ഇതിൽ നിന്ന് കണ്ടെത്താവുന്നതാണ്.
- കുടിവെള്ളം, ശുചിത്വം, ഊർജ്ജസ്രോതസ്സുകൾ, മാലിന്യ സംസ്കരണം, പശ്ചാത്തല വികസനം, വാർത്താവിനിമയ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പട്ടികജാതി വിഭാഗക്കാർക്ക് ഏർപ്പെടുത്തുക.
- സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ വ്യക്തികൾക്ക് ചികിത്സക്കായുള്ള സാമ്പത്തിക സഹായം.
- പട്ടികജാതി വകുപ്പിനുകീഴിലുള്ള വിജ്ഞാനവാടി കളുടെയും ഹോമിയോ ഡിസ്പെൻസറികളുടേയും തുടർ ചെലവുകൾ വഹിക്കുക.
- ഈ പദ്ധതിയിലൂടെ സ്വയം സഹായ സംഘങ്ങൾ വഴി യോഗ്യതയുള്ള സഹകരണ സംഘങ്ങൾക്ക് സഹായം, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾക്ക് സഹായം, വ്യവസായം, കയർ, മത്സ്യബന്ധനം, കരകൗശല വസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- "സ്വയം പര്യാപ്ത ഗ്രാമപദ്ധതി" ക്കാവശ്യമായ ചെലവുകൾ വഹിക്കുക.

6. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

(വിഹിതം : 200.00 ലക്ഷം രൂപ)

പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി/ പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിലുള്ള പട്ടികജാതി സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ സാമ്പത്തിക വികസന പരിപാടികൾ ഏറ്റെടുക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ആയുർധാര (ഒരു ആയുർവേദ സംരംഭം)യ്ക്കും, പെട്രോൾ പമ്പിനുമായുള്ള സാമ്പത്തിക സഹായം ഫെഡറേഷൻ നൽകുന്നു. ഈ പദ്ധതിയിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷനിലെ അടിസ്ഥാന സൗകര്യങ്ങളായ സാങ്കേതിക വിദ്യാ ഉപകരണങ്ങൾ, ഇന്റർനെറ്റ്/വെബ്സൈറ്റ് സംവിധാനം എന്നിവയുടെ വികസനത്തിനുള്ള ചെലവും ഫെഡറേഷന്റെ പ്രവർത്തനം മെച്ചമാക്കാനുള്ള പ്രോജക്ടുകളും നടപ്പാക്കാവുന്നതാണ്.

2016-17 വർഷത്തിൽ 200.00 ലക്ഷം രൂപ ഈ പദ്ധതി ക്കായി വകയിരുത്തിയിരിക്കുന്നു.

7. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

(വിഹിതം : 5000.00 ലക്ഷം രൂപ)

വാർഷിക വരുമാനം 50,000 രൂപ വരെയുള്ള പട്ടികജാതി പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനുവേണ്ടി ഒരോ കുടുംബത്തിനും പെൺമക്കളുടെ വിവാഹത്തിന് 50,000 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നു.

ഇതിലേക്കായി 2016-17-ൽ 5000.00 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു.

8. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

(വിഹിതം : 1500.00 ലക്ഷം രൂപ)

വെള്ളായണിയിൽ ഉള്ള മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 10 മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. പഠനത്തിലും കായികമായും മികവു പുലർത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 5 മുതൽ 12-ാം ക്ലാസ്സ്വരെ താമസസൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്:

- സ്പോർട്സിനായുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന നടത്തിപ്പിനായുള്ള എല്ലാ ചെലവുകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ഒഴികെ (വേതനങ്ങളും, അലവൻസുകളും).
- അധിക നിർമ്മാണപ്രവൃത്തികൾ, അടിസ്ഥാന സൗകര്യങ്ങൾ, മെയിന്റനൻസ്/അറ്റകുറ്റപ്പണികൾ, മാലിന്യസംസ്ക്കരണം, ലാൻഡ്-സ്കേപ്പിംഗ്, ശുചിത്വം, കുടിവെള്ളം, ഊർജ്ജവും ഊർജ്ജത്തിന്റെ മറ്റ് സ്രോതസ്സുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള ചെലവുകൾ.
- മാതൃകാ റസിഡൻഷ്യൽ സ്കൂളുകളിൽ പുതിയ ബാച്ചുകളും അധിക ബാച്ചുകളും ആരംഭിക്കുന്നതിനും നടത്തിപ്പിനും വേണ്ടിയുള്ള ചെലവുകൾ.
- ന്യൂട്രീഷൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരം നൽകുന്നതിനുള്ള ചെലവുകൾ, ഇടവിട്ടുള്ള മെഡിക്കൽ പരിശോധനകൾ, കൗൺസലിംഗ് തുടങ്ങിയവക്കുള്ള ചെലവുകൾ.
- വ്യക്തിത്വ വികസനം, ആശയവിനിമയ ശേഷി, മറ്റു പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പ്രത്യേക കോച്ചിംഗ്.

- സംസ്ഥാന, ദേശീയ, അന്തർദേശീയ, മത്സരങ്ങളിലെ ജേതാക്കൾക്ക് തുകയായും അവാർഡായും സമ്മാനം നൽകുന്നതിനുള്ള ചെലവുകൾ.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിപാടി, അധിക നൈപുണ്യ ആർജ്ജവ പരിപാടി, എൻ. സി. സി., എൻ. എസ്. എസ്. സമാന പരിപാടികൾ മാതൃകാ റസിഡൻഷ്യൽ സ്കൂളിലും സ്പോർട്സ് സ്കൂളിലും നടത്തുക.
- പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും, സ്ഥലങ്ങളും, പ്രദേശങ്ങളും, മികച്ച സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും, പഠന യാത്ര, മാതൃകാ റസിഡൻഷ്യൽ സ്കൂൾതല കലാകായിക പരിപാടികൾ എന്നിവയ്ക്കുള്ള ചെലവുകൾ.
- നവീകരണവും ഇ-ഗവേണൻസുമായി ബന്ധപ്പെട്ട ഓൺലൈൻ പ്രവേശനം, വെബ്സൈറ്റിന്റെ വികസനം തുടങ്ങിയ പ്രോജക്ടുകൾ.

ഇതിൽ അധിക നിർമ്മാണ പ്രവൃത്തികൾ, പുതിയ ബാച്ചുകൾ ആരംഭിക്കൽ എന്നിവയ്ക്കായി ഏകദേശം 200.00 ലക്ഷം രൂപയോളം കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ ഭാഗമായി ബന്ധപ്പെട്ടിരിക്കുന്നു. 2016-17-ൽ 1500.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

9. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

(വിഹിതം : 38000.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്ഥാപനങ്ങളിലേയും, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, കോഴ്സുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, പോക്കറ്റ് മണി, കോഴ്സ് ഫീ തുടങ്ങിയവ.
- വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനും 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രീ മെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളുടെ പരിധിയിൽ ഉൾപ്പെടാത്തവർക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
- അംഗീകൃത യൂണിവേഴ്സിറ്റി/സ്ഥാപനങ്ങൾ, അംഗീകൃത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകളും, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പും നൽകൽ, എം. ബി. എ., എം. എസ്. സി. കമ്പ്യൂട്ടർ സയൻസ്, എം. സി. എ., എം. ബി. ബി. എസ്., ബി. ഡി. എസ്., ബി. എച്ച്. എം. എസ്., ബി. എ. എം. എസ്., ബി. വി. എസ്., & എ. എച്ച്., ബി. ടെക്., എം. ടെക്. എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗകര്യം ലഭിക്കുന്നത്. ഇതിന് വേണ്ടി സ്ഥാപനത്തിന്റെ മേധാവി/പ്രിൻസിപ്പൽ വഴി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. കോഴ്സ് കാലയളവിൽ ഒരു തവണ മാത്രമേ ലാപ്പ്ടോപ്പ് നൽകുകയുള്ളൂ.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനത്തിനും പരിഹാരബോധനത്തിനും വേണ്ടിവരുന്ന ചെലവ്.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പഠന യാത്രകൾ, അതുമായി ബന്ധപ്പെട്ട ആകസ്മിക ചെലവുകൾ എന്നിവ സർക്കാർ നിരക്ക് പ്രകാരം നൽകാനുള്ള തുക.
- എസ്. എസ്. എൽ. സി./പ്ലസ് ടു തലത്തിൽ പഠനം, കലാ കായിക മേള എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് എ ഗ്രേഡോ എ പ്ലസ്സോ നേടിയ വിദ്യാർത്ഥികൾക്ക് തുകയോ അവാർഡോ സമ്മാനം നൽകുന്നതിനുള്ള തുക.
- അയ്യൻങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതിക്കുള്ള പ്രത്യേക സാമ്പത്തിക സഹായം.
- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ദൈനംദിന നടത്തിപ്പ്, (എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളായ വേതനങ്ങളും അലവൻസുകളും ഒഴികെ), മെയിന്റനൻസ്/അറ്റകുറ്റപ്പണികൾ, മാലിന്യസംസ്ക്കരണം, ലാന്റ് സ്കേപ്പിംഗ്, കുടിവെള്ളം, ശുചിത്വം, ഊർജ്ജവും അതിന്റെ മറ്റ് സ്രോതസ്സുകളും, ഹോസ്റ്റലുകളിലെ താൽക്കാലിക ജീവനക്കാരുടെ ഓണറേറിയം, ന്യൂട്രീഷൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പോഷകാഹാരത്തിനുള്ള തുക, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, നവീകരണവും, ഇ-ഗവേണൻസും ഓൺലൈൻ അഡ്മിഷൻ, വെബ് സൈറ്റുകൾ മുതലായവയ്ക്കുള്ള ചെലവ്.
- വകുപ്പിന്റ കീഴിലുള്ള 44 ഐ. ടി. ഐ.-കൾക്ക് ആവശ്യമായ പണികൾ നടത്തുക, യന്ത്രസാമഗ്രികൾ വാങ്ങുക, താൽക്കാലിക ജീവനക്കാർക്ക് ഓണറേറിയം നൽകുക, ആവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തി ഐ. ടി. ഐ.-കളുടെ അംഗീകാരം നിലനിർത്തുക, പുതിയ ട്രേഡുകൾക്ക് അംഗീകാരം നേടുക കൂടാതെ ഡി. ജി. ഇ. & ടി. നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നവീകരണം സമയാസമയങ്ങളിൽ ചെയ്യുക, ഐ.ടി.ഐ.-കളിലെ നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നവീകരണം സമയാസമയങ്ങളിൽ ചെയ്യുക, ഐ. ടി. ഐ. കളിലെ നിലവിലുള്ള ട്രേഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ട്രേഡുകൾ ആരംഭിക്കുക, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുക, ഹ്രസ്വകാല കോഴ്സുകൾ ഉൾപ്പെടെയുള്ള റിഫ്രഷർ കോഴ്സുകൾക്കുള്ള ചെലവുകൾ, നൈപുണ്യവികസന പരിപാടികൾ, മോഡുലാർ എംപ്ലോയ്ബിൾ സ്കിൽസ്, ഐ. ടി. ഐ.-കളിലെ പ്രോജക്ടുകളായ അധിക നൈപുണ്യ ആർജ്ജവ പരിപാടികൾ, ഐ. ടി. ഐ.-കളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ നടത്തിപ്പിനായുള്ള ചെലവുകൾ, ഐ. ടി. ഐ. വിദ്യാർത്ഥികൾക്ക് പോഷകാഹാര പരിപാടിയും ടൂൾ കിറ്റുകളുടെ വിതരണവും.
- ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക വിദ്യാഭ്യാസ സഹായം.
- അപ്രന്റീസുകളുടെ പരിശീലന പരിപാടിക്കും വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപരിശീലനത്തിനുമുള്ള ചെലവ്.
- വർഷാവർഷം കലാകായിക മേളകൾ ഐ.ടി.ഐ. -യിലും, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലും വിവിധ തലങ്ങളിലായി നടത്തുക, കൂടാതെ സാംസ്കാരിക മേളകളും, ക്യാമ്പുകളും നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യുക, വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് ധനസഹായം നൽകുക.

- വിദേശ വിദ്യാഭ്യാസത്തിനായുള്ള ധനസഹായം, വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവയിലൂടെ അറിവ്/ വിവരം പ്രചരിപ്പിക്കുന്നതിനുള്ള ചെലവ്.

- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ട പ്രാരംഭ ചെലവ് യഥാക്രമം 10,000 രൂപ, 5,000 രൂപ നിരക്കിൽ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയനുസരിച്ചു മാതാപിതാക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുക.

- പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരിശീലനത്തിനുവേണ്ടി സാമ്പത്തിക സഹായം.

- പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണവും മറ്റു അനുബന്ധ ചെലവുകളും.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 38000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

10. <u>തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം</u>

(വിഹിതം : 4000.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

- തൊഴിൽ ലഭിക്കുന്നതിനുവേണ്ടി മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ വഴി പട്ടികജാതി യുവാക്കൾക്ക് പരിശീലനം നടത്താനുള്ള ചെലവുകൾ.

- പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റു ഇതര വകുപ്പുകളുടെയും സഹായത്തോടെ സംരംഭകത്വ വികസന പരിശീലനം.

- പട്ടികജാതി വിഭാഗക്കാർക്ക് മേൽക്കോയ്മയുള്ള സ്വയം സഹായ സംഘങ്ങൾക്കും പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിലിനായുള്ള സാമ്പത്തിക സഹായം/വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനം നൽകുക.

- കലാകായികം, സിനിമ, വർഗ്ഗപരമായ സംസ്ക്കാരം, എന്നിവയിൽ കഴിവ് തെളിയിച്ച പട്ടികജാതി വിഭാഗക്കാർക്ക് പരിശീലനം ഉൾപ്പെടെയുള്ള മാനവ വിഭവശേഷി വികസനവും നൈപുണ്യ വർദ്ധനവും.

- വകുപ്പിന് കീഴിലുള്ള അപ്രന്റീസ്-ക്ലാർക്ക് കം ടൈപ്പിസ്റ്റ്, എസ്. സി. പ്രൊമോട്ടർ എന്നിവർക്കുള്ള ഓണറേറിയവും പരിശീലനത്തിനുള്ള ചെലവുകളും.

- സ്വയം തൊഴിൽ സബ്സിഡികളിലെ ചെലവുകൾ വഹിക്കുക.

- ഇൻക്യുബേഷൻ സെന്ററുകൾ, സ്റ്റാർട്ട് അപ്പ് വിഷൻ സംരംഭങ്ങൾ, മറ്റു സംരംഭകത്വ പ്രവർത്തനങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള ചെലവുകൾ.

- നാടൻകലാമേള, സാഹിത്യോത്സവം, ടൂറിസം ഫ്ളോട്ട് മുതലായവയ്ക്കുവേണ്ട ചെലവുകൾ.

- സാംസ്കാരിക പരിപാടികൾ, വാണിജ്യമേളകൾ, തൊഴിൽ മേളകൾ എന്നിവയിൽ പങ്കെടുക്കുകയും മേളകൾ നടത്തുകയും ചെയ്യുക.

- വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്കായുള്ള സാമ്പത്തിക സഹായം.

- സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ. സി. എസ്. ഇ. ടി. എസ്.), പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (പി. ഇ. ടി. സി.), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഓഫ് സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രസ്റ്റ്) സൈബർശ്രീ, എന്നിവയ്ക്ക് ധനസഹായം നൽകുക. കൂടാതെ അനുയോജ്യമായ പ്രോജക്ടുകൾ സമർപ്പിക്കുന്ന മറ്റ് പ്രശസ്ത സ്ഥാപനങ്ങൾക്കും ധനസഹായം നൽകുക.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 4000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

11. <u>പട്ടികജാതിക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (50% സംസ്ഥാന വിഹിതം)</u>

(വിഹിതം : 3600.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

(എ) <u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി.പി. (51% സംസ്ഥാന വിഹിതം)</u>

(വിഹിതം : 2500.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്ന ഈ പദ്ധതിയ്ക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്ഥങ്ങളായ സാമ്പത്തിക പ്രവർത്തികളിൽ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും സബ്സിഡികളും ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഭൂരിപക്ഷം പാവപ്പെട്ടവർക്ക് മൈക്രോവായ്പ നൽകിവരുന്നതിനോടൊപ്പം കേരള പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി ഊർജ്ജസ്വലരായ ഒരു കൂട്ടം എസ്. സി. സംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ നിക്ഷേപങ്ങൾ നടത്തുന്നതിന് സഹായമായി കോർപ്പറേഷൻ വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനായി വായ്പയെ മൈക്രോ, ചെറുകിട, ഇടത്തരം വായ്പകൾ എന്ന് തരംതിരിക്കാൻ ഉദ്ദേശിക്കുന്നു. ദളിത് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെയോ (ഡി. ഐ. സി. സി. ഐ.) അതുപോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയോ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വായപയ്ക്കായി സമീപിക്കുന്ന ഭൂരിപക്ഷം പാവപ്പെട്ടവരുടെ താൽപര്യങ്ങൾ ഹനിക്കുന്നില്ല എന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്.

2016-17-ൽ 2500.00 ലക്ഷം രൂപ 51 ശതമാനം സംസ്ഥാന വിഹിതമായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

(ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50%)

(വിഹിതം : 400.00 ലക്ഷം രൂപ)

തിരുവനന്തപുരത്തും (മണ്ണന്തല) എറണാകുളത്തുമുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പാലക്കാടും ചേർത്തലയിലും പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനും വണ്ടിപ്പെരിയാറിൽ പ്രീ മെട്രിക് ഹോസ്റ്റൽ, പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ എല്ലാ ചെലവുകളും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2016-17-ൽ ഈ പദ്ധതിക്ക് 50 ശതമാനം സംസ്ഥാന വിഹിതമായി 400.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) പൗരാവകാശ സംരക്ഷണനിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 700.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

- 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും.
- പട്ടികജാതി സംരക്ഷണസെല്ലും പ്രത്യേക പോലീസ് സ്റ്റേഷനുകളുടെ നടത്തിപ്പ് ശക്തിപ്പെടുത്തലും.
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും.
- അതിക്രമങ്ങൾക്ക് ഇരയായവരെ സഹായിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക.
- മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുക.
- ബോധവൽക്കരണം, സെമിനാറുകൾ, സാമൂഹിക ഐക്യ ദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, ജാഗ്രതയ്ക്കും മോണിറ്ററിംഗിനും വേണ്ടി വരുന്ന ചെലവ്.

2016-17-ൽ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന 700.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും അതിന്റെ തുടർ നടത്തിപ്പിനും വേണ്ടിയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ-എസ്. സി. പി.

(വിഹിതം : 6230.00 ലക്ഷം രൂപ)

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക ഘടക പദ്ധതിയിലെ പരിപാടികൾ നടപ്പിലാക്കുന്നതിന് 2016-17 വർഷം 6230.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *പരിപാടിയുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | പ്രീപ്രൈമറി വിദ്യാഭ്യാസം | 90.00 |
| 2 | ബോർഡിംഗ് ഗ്രാന്റ് | 70.00 |
| 3 | പ്രീമെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ സമ്പ്രദായം | 250.00 |
| 4 | എല്ലാവർക്കും വീട് (ഇന്ദിര ആവാസ് യോജന പ്രത്യേക ഘടക പദ്ധതി (സംസ്ഥാന വിഹിതം 40 ശതമാനം) | 5120.00 |
| 5 | എൻ. ആർ. എൽ. എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി (സംസ്ഥാന വിഹിതം 40 ശതമാനം) | 700.00 |
| | ആകെ | 6230.00 |

6230.00 ലക്ഷം രൂപയുടെ വിശദാംശങ്ങൾ 2016-17-ലെ ബഡ്ജറ്റ് അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്.

പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം

(വിഹിതം : 2400.00 ലക്ഷം രൂപ)

പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം ഇന്ത്യാ ഗവൺമെന്റിന്റെ പട്ടികജാതി ക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം പട്ടികജാതി കുടുംബങ്ങളുടെ തൊഴിലിൽ ഊന്നൽ നൽകി സാമ്പത്തിക വികസനപരിപാടികൾ നടപ്പിലാക്കുകയും കൂടാതെ പരിമിതമായ വിഭവത്തിൽ നിന്നും ഉല്പാദന ക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുകയുമാണ്. ഈ പദ്ധതി നടത്തിപ്പിനായി തുകയുടെ ഒരു ഭാഗം ജില്ലാ കളക്ടർമാർക്ക് നൽകുന്നു. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ജില്ലകൾക്ക് തുക അനുവദിക്കുന്നത്. ഇന്ത്യാ ഗവൺമെന്റ് ഈ പദ്ധതിയുടെ തത്സമയ മോണിറ്ററിംഗും മൂല്യനിർണ്ണയവും നിഷ്കർഷിക്കുന്നു. പട്ടികജാതി വികസന ഡയറക്ടറേറ്റിലെ മേണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. അതിനായി സംസ്ഥാന ആസൂത്രണ ബോർഡിലെ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലെ മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തി വകുപ്പിന്റെ എസ്. സി. പി. പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന എസ്. സി. പി. പദ്ധതികളും ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. കമ്പ്യൂട്ടർ/ലാപ്ടോപ്പ് സംവിധാനവും വിവര വിനിമയത്തിനായുള്ള ശൃംഖലകളും ഇതിനായി ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി മോണിറ്ററിംഗ് ഘടകത്തിന്റെ 3 % തുക വിനിയോഗിക്കേണ്ടതാണ്.

ഈ പരിപാടിയുടെ ഘടകങ്ങൾ താഴെ പറയും പ്രകാരമാണ്.

- പട്ടികജാതി വികസനത്തിനായി മറ്റ് വകുപ്പുകൾ മുഖേന ജില്ലാ കളക്ടർമാർ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം.
- പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ധനസഹായം.
- സംസ്ഥാനതല മോണിട്ടറിംഗ് സംവിധാനം
- സാമ്പത്തിക വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുക.

- കൂടുതൽ ആളുകളുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിലേയും പട്ടികജാതി ഡയറക്ടറേറ്റിന്റെയും കീഴിൽ വരുന്ന പരിപാടികളുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുക

2016-17 വർഷം പ്രത്യേക കേന്ദ്ര സഹായമായി 2400.00 ലക്ഷം രൂപ ഈ പരിപാടിയിൽ പ്രതീക്ഷിക്കുന്നു.

**(ബി) പട്ടികവർഗ്ഗ വികസനം**

1. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം

(വിഹിതം : 1350.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ നാല് ഘടകങ്ങൾ ഉണ്ട്. ഈ ഘടകങ്ങൾ താഴെ വിശദീകരിക്കുന്നു.

(i) പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം

(വിഹിതം : 175.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരായ മാതാപിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹ സമയത്തുണ്ടാകുന്ന ചെലവുകളുടെ ഭാരം കുറയ്ക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. വകുപ്പ് സഹായധനം വിവാഹ ഗ്രാന്റായിട്ട് മാതാപിതാക്കൾക്ക് നൽകുന്നു. ഈ ഗ്രാന്റ് 50,000 രൂപ വീതം ഒരു കുടുംബത്തിന്/പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് സഹായധനമായി നൽകുന്നു. വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും, സാമ്പത്തിക ശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടെയും പെൺമക്കൾക്ക് മുൻഗണന നൽകുന്നതാണ്. അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഈ പദ്ധതി വഴി 1 ലക്ഷം രൂപ നൽകുന്നു. പ്രസ്തുത അധികസഹായം സർക്കാർ ഉത്തരവ് വഴി നൽകുന്നു. ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഗുണഭോക്താക്കൾ ഹാജരാക്കേണ്ടതാണ്. ഈ പദ്ധതി 2016-17-ൽ ഏകദേശം 300 കുടുംബങ്ങളെ/വിവാഹ പ്രായമെത്തിയ പെൺകുട്ടികളെ ലക്ഷ്യമിടുന്നു.

(ii) സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം

(വിഹിതം : 150.00 ലക്ഷം രൂപ)

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾ-സെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസിക സമ്മർദ്ദം, കഠിനമായ ജോലിചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷകാഹാര കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ഈ രോഗികൾ അനുഭവിക്കുന്നു. ഈ പദ്ധതി വഴി സിക്കിൾ-സെൽ അനീമിയ രോഗികൾക്ക് സംസ്ഥാന സർക്കാർ ഓരോ മാസവും 1000 രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

(iii) ജനനി ജന്മരക്ഷ

(വിഹിതം : 1000.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ച പ്രധാനപ്പെട്ട ഉൽക്കണ്ഠ അമ്മയുടെയും കുട്ടിയുടെയും പോഷകാഹാരത്തെക്കുറിച്ചുള്ളതാണ്. യഥാസമയം സാമ്പത്തിക സഹായം ലഭ്യമല്ലാത്തത് പ്രസവത്തിന് മുമ്പും പിമ്പും അവർക്ക് വേണ്ടത്ര പരിചരണം കിട്ടുന്നതിന് തടസ്സമാകുന്നു. ആകയാൽ ഗർഭിണിയായതിനു ശേഷമുള്ള മൂന്നുമാസം മുതൽ പതിനെട്ട് മാസ കാലയളവിൽ കുഞ്ഞിന് ഒരു വയസ് തികയുന്നതുവരെ 1000 രൂപ വീതം ഓരോ മാസവും സഹായധനം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ബാങ്ക് അക്കൗണ്ട് വഴിയോ/പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴിയോ ആയിരിക്കണം സഹായധനം നൽകേണ്ടത്.

(iv) പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

(വിഹിതം : 25.00 ലക്ഷം രൂപ)

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഗുണഭോക്താവിന്റെ ആധാർ കാർഡ് അക്കൗണ്ട് വഴി ഡി. ബി. റ്റി. രീതിയിൽ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നു. 2016-17-ൽ 250 പരമ്പരാഗത ട്രൈബൽ പട്ടികവർഗ്ഗ വൈദ്യൻമാരെ ഈ പദ്ധതിവഴി സഹായിക്കുന്നതിന് തുക വകയിരുത്തുന്നു.

2016-17-ൽ മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി 1350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും

(വിഹിതം : 410.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ അഞ്ച് ഘടകങ്ങൾ ഉണ്ട്.

(i) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം

(വിഹിതം : 100.00 ലക്ഷം രൂപ)

അക്കാദമിക്ക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്ന ഘടകമാണിത്. നിലവിലുള്ള സർക്കാർ ഉത്തരവിലെ നിരക്ക് പ്രകാരം എസ്.എസ്.എൽ.സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയ വയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഈ പദ്ധതി പ്രകാരം പ്രോൽസാഹനം നൽകുന്നു. കലകളിലും സ്പോർട്സിലും മികച്ചുനിൽക്കുന്നവർക്ക് ക്യാഷ് അവാർഡുകളോ/സ്വർണ്ണ മെഡലോ പാരിതോഷികമായി നൽകുന്നു.

2016-17-ൽ ഏകദേശം 2000 കുട്ടികളെ ഈ പദ്ധതിവഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

(ii) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

(വിഹിതം : 40.00 ലക്ഷം രൂപ)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂൾ പഠനകാലത്ത് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരും വീട്ടിൽ പോയി വരുന്നവരുമായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി ഉള്ള ഈ പദ്ധതി പഠനത്തിനും പാഠ്യേതര പ്രവർത്തികൾക്കും തുടർച്ചയായി സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും 5-ാം ക്ലാസ്സിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെ ബുദ്ധിശക്തി പരീക്ഷയിലൂടെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് അനുസരിച്ച് (5 മുതൽ 10 ക്ലാസ്സുവരെ) തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആറ് വർഷത്തേക്ക് ഫർണീച്ചറുകളും, ബുക്കുകളും വാങ്ങാനുള്ള സ്റ്റൈപ്പന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, വൈദ്യസഹായം ലഭിക്കുന്നതിനായുള്ള സാമ്പത്തിക സഹായം, പ്രത്യേക മാർഗനിർദ്ദേശവും കൗൺസിലിംഗ് തുടങ്ങിയവ സമയാസമയങ്ങളിൽ നൽകുന്നു.

2016-17-ൽ ഏകദേശം 1200 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(iii) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം

(വിഹിതം : 50.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മുൻകൂറായി പണം നൽകുകയും പിന്നീട് ആവശ്യത്തിനനുസരിച്ച് ബാക്കി പണം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഭാരത ദർശനം/ഇന്ത്യയിൽ എല്ലായിടത്തേക്കും ഉള്ള പഠനയാത്രയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടത്താനുള്ള ഉദ്ദേശവും ഈ പദ്ധതിയിലുണ്ട്.

(iv) അനാഥരായ കുട്ടികൾക്കുള്ള സഹായം

(വിഹിതം : 80.00 ലക്ഷം രൂപ)

മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരം കുട്ടികളെ നോക്കുകയും അവരെ വളർത്തുകയും ചെയ്യുന്നതിനാവശ്യമായ സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും/കണക്കെടുപ്പ് നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരെ വളർത്താനുള്ള സഹായവും ഇതിൽ നിന്ന് വഹിക്കാവുന്നതാണ്.

(v) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

(വിഹിതം : 140.00 ലക്ഷം രൂപ)

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. എം.ബി.എ., എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ., എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.വി.എസ്.സി. ആന്റ് എ.എച്ച്., ബി. ടെക്., എം.ടെക്ക്. കോഴ്സുകൾക്കാണ് ഈ സൗകര്യം നൽകുന്നത്. സ്ഥാപന മേധാവി/പ്രിൻസിപ്പാൾ മുഖേന അപേക്ഷകൾ സമർപ്പിക്കണം. കോഴ്സ് കാലയളവിൽ ഒരിക്കൽ മാത്രമേ ലാപ്ടോപ്പുകൾ നൽകുകയുള്ളൂ.

2016-17-ൽ മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി 410.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)

(വിഹിതം : 5057.69 ലക്ഷം രൂപ)

പ്രോജക്ടാധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജില്ലകളിൽനിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകളിൽ സ്വയം തൊഴിൽ, നൈപുണ്യ വികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതിക വിദ്യാ കൈമാറ്റവും വിവരങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകളും, വാർത്താവിനിമയവും, വിദ്യാഭ്യാസവും, ആരോഗ്യവും-ശുചിത്വവും മെച്ചപ്പെടുത്തൽ സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവർത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി ഇന്റർനെറ്റ്, ഡി.ടി.പി., ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവുനികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ ഒരു വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

ഇതു കൂടാതെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും മികവുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും വിദേശത്ത് ജോലിക്കായുള്ള അവസരം അന്വേഷിക്കുന്ന പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം ചെയ്യുക, എന്നിവ പരിഗണിക്കുന്നു. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും പരിഗണിക്കും. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷിക്കാർക്ക് അവർ പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ട തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ട്രൈബൽ മേഖലകളിൽ കുടുംബശ്രീ യൂണിറ്റ് തുടങ്ങുകയും നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണവും, പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായവും നൽകുന്നതാണ്.

പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരുഭാഗം ജില്ലാതലത്തിലേക്ക് നീക്കി വെച്ചിരിക്കുന്നു. 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് പട്ടികവർഗ്ഗവികസനത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റികൾക്ക് ജില്ലകളിൽ ഭരണാനുമതി നൽകാവുന്നതാണ്. ജില്ലകൾക്കനുവദിക്കുന്ന തുക റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാൻ പാടില്ല. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടികവർഗ്ഗവികസനവകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു.

2016-17-ൽ ഈ പരിപാടികൾക്കായി 5057.69 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി

(വിഹിതം : 300.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ മൂന്ന് ഘടകങ്ങൾ ഉണ്ട്. ഈ ഘടകങ്ങൾ താഴെ വിശദീകരിക്കുന്നു.

(i) അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗ വിഭാഗം

അടിയൻ, പണിയൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ആവശ്യാധിഷ്ഠിത പ്രാദേശിക പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുന്നു. ഈ പ്രത്യേക വിഭാഗക്കാരുടെ ആരോഗ്യം, ഭക്ഷണത്തിന് സഹായം, സാമ്പത്തിക വികസനം മുതലായ പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നു. സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനാവശ്യമായ തുക പരിഗണിക്കുന്നു. പുതിയ വീടുകൾ ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ii) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം

വനത്തിനുള്ളിലോ/പരിസരപ്രദേശങ്ങളിലോ ജിവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നു. വനത്തിനുള്ളിലോ/പരിസരപ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകുക/മറ്റു വരുമാനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുക, വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും കൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, കണക്റ്റിവിറ്റിയും മറ്റ് വാർത്താവിനിമയ സൗകര്യങ്ങളും ചെയ്തു കൊടുക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കുക, ഇവരുടെ പ്രാദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നതു തടയുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശങ്ങൾ. വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് വനം വകുപ്പിൽ നിന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് വനത്തിനുള്ളിൽ അധിവസിക്കാനുള്ള സൗകര്യം ചെയ്യുന്ന പ്രത്യേക പ്രോജക്ടുകൾ/ നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്യുന്നു. മറ്റു വകുപ്പുകളുടെ മതിയായ പ്രോജക്ടുകൾ ഇല്ലാത്ത പക്ഷം പട്ടികവർഗ്ഗ വകുപ്പ് തന്നെ അനുയോജ്യമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്.

(iii) അഗതി മന്ദിരം

അട്ടപ്പാടി, മാനന്തവാടി (കുഴിനിലം) സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പിനാവശ്യമായ ചെലവ് ഇതിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

8000 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ട് 2016-17-ൽ 300.00 ലക്ഷം രൂപ മേൽ സൂചിപ്പിച്ച മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

5. ഭക്ഷണത്തിനുള്ള സഹായ പരിപാടി

(വിഹിതം : 2500.00 ലക്ഷം രൂപ)

ദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുന്നു. ഭക്ഷ്യധാന്യങ്ങൾ പ്രാദേശിക അഭിരുചിയുടെയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പട്ടികവർഗ്ഗ ഓഫീസ് തലത്തിൽ തീരുമാനിക്കുന്നതാണ്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കും അനുബന്ധ മേഖലകൾക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നതാണ്. പട്ടികവർഗ്ഗ മിഷന്റെ പുനരധിവാസ വികസന പരിപാടിയുമായി ഭക്ഷണസഹായ പദ്ധതിയെ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഗുണഭോക്താക്കളായി പരിഗണിച്ച് ആസ്തി നിർമ്മാണത്തിനു ഊന്നൽ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഇതുകൂടാതെ ഓണത്തിനും അതുപോലെയുള്ള പ്രത്യേക അവസരങ്ങളിലും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഹാര പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള വിതരണ ചെലവും ഗതാഗത ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ദേവികുളം ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇടുക്കിയിലുള്ള ഇടമലക്കുടി പട്ടികവർഗ്ഗ അധിവാസ കേന്ദ്രത്തിലുള്ള രണ്ടുറേഷൻകടകളിലേക്കും ഇതുപോലുള്ള മറ്റു സ്ഥലങ്ങളിലേക്കും റേഷൻ കൊണ്ടുപോകുന്നതിനുള്ള ഗതാഗത ചെലവും കുടുബശ്രീ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി കിച്ചനുവേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പണിയൻ, അടിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, രാത്രി ഭക്ഷണം നൽകുക വഴി സ്ഥിരം പോഷകാഹാരം ഉറപ്പ് വരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, കിടപ്പുരോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

2016-17-ൽ 2500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

6. പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം

(വിഹിതം : 220.00 ലക്ഷം രൂപ)

ഈ വിഹിതത്തിലൂടെ സഹായം നൽകാനായി ഉദ്ദേശിക്കുന്നത്:

(i) മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ടത്തിന്റെ വികസനവും, എസ്റ്റേറ്റിന്റെ അധികാരപരിധിയിൽ വരുന്ന തേയില ഫാക്ടറികളുടെ നടത്തിപ്പും നവീകരണവും.

(ii) നിലവിലുള്ള ഫാമുകളുടെ വികസനവും പ്ലാന്റേഷനെ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും അവയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പ്രോജക്ടുകൾക്കായുള്ള അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക്

(iii) പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി അത്യധികം വൈവിദ്ധ്യമുള്ള നേതൃത്വ പരിശീലനങ്ങൾ, നൈപുണ്യ വികസന പരിപാടികൾ, അതുപോലെയുള്ള തൊഴിൽ നൽകുന്ന പ്രവർത്തനങ്ങളായ കരകൗശല വസ്തുക്കളുടെ ഉൽപ്പാദനം, തയ്യൽ, കമ്പ്യൂട്ടർ പരിശീലനം, പ്രിന്റിംഗ്, ബുക്ക് നിർമ്മാണം, പി. എസ്. സി. പരീക്ഷകൾക്കായുള്ള കോച്ചിംഗ്, ഡ്രൈവിംഗ് എന്നിവ നടപ്പാക്കുന്ന വയനാട്ടിലെ അംബേദ്ക്കർ സ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന് സഹായം.

(iv) ചിണ്ടക്കിയിലുള്ള പട്ടികവർഗ്ഗ ഹോസ്റ്റലും അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി നടത്തുന്ന ഹൈസ്ക്കൂളിന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവും ഈ പദ്ധതിയിൽ കൂടി നടത്തുന്നു. ഇതുകൂടാതെ സ്കൂളിലേയും ഹോസ്റ്റലിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

(v) കൃഷി, കയർ, മറ്റു പരമ്പാരാഗത മേഖലകളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായവും ഈ പദ്ധതിയിലൂടെ ചെയ്യുന്നു. പട്ടികവർഗ്ഗ സംഘങ്ങളുടെ തൊഴിലും, വരുമാനദായകവുമായ പ്രോജക്ടുകൾക്കും സഹായം നൽകുന്നു.

2016-17-ൽ ഈ പദ്ധതിക്കായി 220.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം

(വിഹിതം : 1500.00 ലക്ഷം രൂപ)

താഴെ പറയുന്ന ഘടകങ്ങൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്:

### (i) ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്

ഇടുക്കി (1 ക്ലിനിക്), ചാലക്കുടി (1 ക്ലിനിക്), മാനന്തവാടി (1 ക്ലിനിക്), അട്ടപ്പാടി (2 ക്ലിനിക്) തുടങ്ങിയ വിദൂര പട്ടികവർഗ്ഗ മേഖലകളിൽ 5 അലോപ്പതി ഒ. പി. ക്ലിനിക്കുകൾ വകുപ്പ് നടത്തുന്നു. വർഷംതോറും 23,800-ൽ അധികം രോഗികളെ ഈ കേന്ദ്രങ്ങൾ വഴി സഹായിക്കുന്നു. ഈ ഒ. പി. ക്ലിനിക്കുകൾ വഴി ആംബുലൻസ് സേവനവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. ഒ.പി. ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വികസനവകുപ്പ് നിയമിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും മരുന്നുകളുടെ വിലയും ഈ സ്ഥാപനങ്ങൾ നടത്തി കൊണ്ടു പോകാനുള്ള മറ്റു ചെലവ് എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. അതുപോലെ ഒ. പി. ക്ലിനിക്കുകൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

### (ii) ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യ സഹായം പട്ടികവർഗ്ഗ വിഭാഗത്തിന് കൊടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അംഗീകൃത ആശുപത്രികൾ വഴി വിവിധ രോഗങ്ങളായ സിക്കിൾസെൽ അനീമിയ, ടി. ബി., കാൻസർ, ഹൃദയം, തലച്ചോർ, കിഡ്നി സംബന്ധിച്ച അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങിയവയുടെ പിടിയിലുള്ള പട്ടികവർഗ്ഗക്കാർക്ക് സഹായം ചെയ്യുന്നു. അനുവദിച്ച തുക കൊണ്ട് മരുന്നുകൾ വാങ്ങുക, സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ നടത്തുക, വൈദ്യസഹായം ലഭ്യമാക്കുക, ആംബുലൻസ് സർവ്വീസ് ഗവൺമെന്റ് ആശുപത്രികളിൽ ലഭ്യമാക്കുക തുടങ്ങിയവ ചെയ്യുന്നു. രോഗികൾക്ക് കൂട്ടു നിൽക്കുന്നവർക്ക് പോക്കറ്റ്മണിയും ആവശ്യമുള്ള രോഗികൾക്ക് ആഹാരത്തിന്റെ ചെലവും നൽകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴിയാണ് 14 ജില്ലാ ആശുപത്രികളിലേയ്ക്കും ഉള്ള തുക നൽകുന്നത്. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾക്കും, മെഡിക്കൽ കോളേജുകൾക്കും കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് കൊച്ചി, പരിയാരം മെഡിക്കൽ കോളേജിനും തുക സൂപ്രണ്ട് വഴിയും കൊടുക്കുന്നു. ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് & റിസർച്ച് സെന്ററിലും, റീജിയണൽ ക്യാൻസർ സെന്ററിലും, മലബാർ ക്യാൻസർ സെന്ററിലും ഡയറക്ടർമാർ മുഖേന തുക കൊടുക്കുന്നു.

### (iii) പട്ടികവർഗ്ഗ ആശ്വാസനിധി

പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും മാരകമായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നതുമായ പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. സർക്കാർ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ സഹായധനം നൽകുന്നു. കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരാശ്വാസം നൽകുക എന്നതു കൂടി ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സാമ്പത്തിക സഹായം നൽകുന്നത് ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്റ്റീഷണർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങൾ അടങ്ങിയ ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മാർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാനുള്ള സഹായനിധി/അപ്രതീക്ഷിത സംഭവങ്ങൾ/അപകടങ്ങൾ, ആവശ്യമുള്ളവർക്ക് പെട്ടെന്ന് സഹായം എത്തിച്ചുകൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ. 2016-17 വർഷത്തിൽ 15000 ഗുണഭോക്താക്കളെ ലക്ഷ്യമിടുന്നു.

2016-17-ൽ മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങൾക്കുമായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 8. ഭവനനിർമ്മാണം

(വിഹിതം : 5000.00 ലക്ഷം രൂപ)

വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ/വീട് പൂർത്തിയാക്കാൻ/പുനരുദ്ധാരണം മുതലായവയ്ക്കുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### (i) പുതിയ ഭവനങ്ങളുടെ നിർമ്മാണം

ഭവനരഹിതരായ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം 2016-17-ൽ ചെയ്ത് കൊടുക്കുന്ന പദ്ധതിയാണിത്. വാസയോഗ്യമായ വീടുകളില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2016-17-ൽ ഈ പദ്ധതി വഴി സർക്കാർ അംഗീകരിച്ച നിരക്കിൽ വീടുവയ്ക്കാനുള്ള സഹായം ചെയ്യുന്നു. ഈ തുക നാലു ഗഡുക്കളായി നൽകുന്നു.

### (ii) സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം

മുൻ വർഷങ്ങളിൽ അനുവദിച്ച (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

### (iii) ഭവനങ്ങളുടെ പുനരുദ്ധാരണം

2008-ലെ പട്ടികവർഗ്ഗ സർവ്വേയിൽ 55 ശതമാനം പട്ടികവർഗ്ഗ ഭവനങ്ങൾ തകർന്നവയായും 44 ശതമാനം വീടുകളിലും അടുക്കളയില്ലാത്തതുമാണെന്ന് കണ്ടെത്തി. കൂടാതെ 51 ശതമാനം വീടുകൾക്ക് സ്ഥലസൗകര്യങ്ങൾ ഇല്ലാത്തവയായും 87 ശതമാനം വീടുകൾക്ക് സ്റ്റോർ സൗകര്യം ഇല്ലായെന്നും കണ്ടെത്തി. ഇത് പരിഗണിച്ച് വീടുകളുടെ നവീകരണത്തിന് വേണ്ടി അധികമുറികൾ കൊടുക്കുകയും ജീർണ്ണിച്ച ഭവനങ്ങളുടെ പുനരുദ്ധാരണവും ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നു. അവശ്യാനുസരണം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതാണ്. പരമാവധി ഒരു ലക്ഷം രൂപ വരെ ഭവന നവീകരണത്തിന് നൽകുന്നു. 2016-17-ൽ 500 കുടുംബങ്ങളെ ഈ പദ്ധതി വഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 5000.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

9. 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും.

(വിഹിതം : 50.00 ലക്ഷം രൂപ)

1999-ലെ ഭൂമി കൈമാറ്റ നിയമവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമത്തിൻകീഴിൽ പട്ടിക വർഗ്ഗക്കാർക്ക് കിട്ടേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമ പ്രകാരം സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിലുള്ള ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവർക്ക് അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ചു കൊടുക്കുകയും അതുമായി ബന്ധപ്പെട്ടുള്ള ചെലവുകൾ നടത്തുകയും ചെയ്യുന്നു. അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകുന്നതിനും, ഭൂമിയിലുള്ള വികസന പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിഹിതം വകയിരുത്തിയിരിക്കുന്നു.

2016-17-ൽ ഈ പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10. പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റു വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്

(വിഹിതം : 1000.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടി സർക്കാർ വകുപ്പുകളോ/കേന്ദ്രമോ/ഏജൻസികളോ/എൻ.ജി.ഒ.കളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കാൻ വേണ്ടിയുള്ളതാണ് പൂൾഡ് ഫണ്ട്. പൂൾഡ് ഫണ്ടിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ട വകുപ്പുകൾ പട്ടികവർഗ്ഗ വികസനത്തെ ലക്ഷ്യം വെച്ചുള്ള പ്രോജക്ട് സംസ്ഥാന ആസൂത്രണ ബോർഡിനു സമർപ്പിക്കണം. പ്രോജക്ടുകൾ പ്രായോഗികവും അനുമതി കൊടുക്കാൻ പറ്റിയതുമാണെന്നു കണ്ടെത്തിയാൽ ആസൂത്രണബോർഡ് ഇത് പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് കൈമാറുന്നു. ഈ പ്രോജക്ടുകൾ പിന്നീട് സംസ്ഥാനതല/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കും അംഗീകാരത്തിനും സമർപ്പിക്കുന്നു. ഈ പ്രോജക്ടുകളുടെ വിശകലനം, ഭരണാനുമതി നൽകൽ, നടപ്പാക്കൽ, മോണിട്ടറിംഗ് എന്നിവ 19-6-2009-ലെ സർക്കാർ ഉത്തരവ് പി. നമ്പർ 44/2009/ പജ.പവ.വിവ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കും.

സർക്കാർ വകുപ്പുകൾ കൂടാതെ സംസ്ഥാന കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ, സ്വതന്ത്ര സ്ഥാപനങ്ങൾ, കോപ്പറേറ്റീവ്/ചാരിറ്റബിൾ സൊസൈറ്റികൾ, എൻ.ജി.ഒ.-കൾക്കും യൂണിവേഴ്സിറ്റികൾക്കും പ്രൊപ്പോസലുകൾ സമർപ്പിക്കാൻ അർഹതയുണ്ട്.

2016-17-ൽ ഈ പദ്ധതിക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ. ഇ. സി.)

(വിഹിതം : 200.00 ലക്ഷം രൂപ)

ഈ പദ്ധതിക്ക് രണ്ട് ഘടകങ്ങളുണ്ട് (എ) പബ്ലിസിറ്റി വിഭാഗം/ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രോജക്ടും (ഐ. ഇ. സി. പ്രോജക്ട്) (ബി) ദേശീയകലാ വ്യാപാരമേള. ഈ പദ്ധതിയുടെ പ്രധാപ്പെട്ട ഘടകത്തിൽ പട്ടിക വർഗ്ഗക്കാരുടെ സർവ്വതോന്മുഖ വിക്സനമാണ് ലക്ഷ്യമിടുന്നത്.

എ. പബ്ലിസിറ്റി വിഭാഗം/ഇൻഫോർമേഷൻ, എഡ്യുക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രോജക്ട് (ഐ. ഇ. സി. പ്രോജക്ട്)

ഇതിലെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ് :

(i) സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ, നാടൻ കലോൽസവങ്ങൾ, മദ്യവിരുദ്ധ പ്രചാരണം തുടങ്ങിയവ നടത്തുക.

(ii) പട്ടികവർഗ്ഗക്കാരുടെ ജീവിതരീതിയിലും, സാംസ്കാരികവും ദൈനംദിനവുമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഡിജിററൽ ഡോക്കുമെന്റേഷൻ വിഡിയോ ഡോക്കുമെന്റേഷൻ അടക്കമുള്ള ജോലികൾ പൂർത്തിയാക്കുക.

(iii) സർഗ്ഗോൽസവം, (വകുപ്പിൻ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലുമുള്ള സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള കലാമേള).

(iv) സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ കലാകായിക മികവു പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോൽസാഹനം.

(v) പട്ടികവർഗ്ഗ വികസന വകുപ്പിന്റെയോ/പി. ആർ. ഡി.യുടേയോ പദ്ധതി പരിപാടികളെക്കുറിച്ചുള്ള പ്രോജക്ടുകൾക്ക് പ്രചാരണം/പരസ്യം/ഡോക്യുമെന്റേഷൻ/ആനുകാലിക പ്രസിദ്ധീകരണങ്ങൾ/തുടങ്ങിയവ നടത്തുക.

(vi) പട്ടികവർഗ്ഗ വികസന ഗൈഡും (ഡയറി)വകുപ്പിന്റെ മാനുവലും പ്രസിദ്ധീകരിക്കുക.

ബി. ദേശീയകലാ വ്യാപാരമേള

പട്ടികവർഗ്ഗക്കാരുടെ കലകളേയും, ഉത്സവങ്ങളേയും പരിപോക്ഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയ കലാവ്യാപാരമേള. പട്ടിക വർഗ്ഗക്കാരുടെ രണ്ട് കലാമേളകളും പട്ടികവർഗ്ഗക്കാർ നിർമ്മിച്ച ഉൽപന്നങ്ങളുടെ പ്രദർശന വിൽപ്പന മേളകളും നടത്താൻ ഉദ്ദേശിക്കുന്നു. സ്റ്റാളുകളും, വിൽപന കൗണ്ടറുകളും നിർമ്മിക്കുവാനും സാംസ്ക്കാരിക പരിപാടികൾ നടത്താനുമുള്ള തുക ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2016-17-ൽ 200.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു.

12. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി. ആർ. ഡി. എം.)

(വിഹിതം : 4200.00 ലക്ഷം രൂപ)

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി മുതൽ പരമാവധി അഞ്ചേക്കർ ഭൂമി വരെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഒരേക്കർ ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി വാങ്ങിക്കുന്നതു കൂടാതെ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലുണ്ട്. പ്രോജക്ടാധിഷ്ഠിത രീതിയിൽ ഊരുക്കൂട്ടങ്ങൾ വഴി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കലിലൂടെ പുനരധിവാസം നടത്തുന്നു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ള ട്രൈബൽമിഷൻ ആയ ടി.ആർ.ഡി.എം. പ്രോജക്ടുകൾ സ്വീകരിക്കുകയും അവയെ അംഗീകാരം സംബന്ധിച്ച വിശകലനം നടത്തുകയും ചെയ്യുന്നു.

ഇതിന്റെ പ്രധാന ഘടകങ്ങൾ :

- അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി, എന്നിവയുടെ പുരോഗതി.
- പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തിയിൽ ഉള്ള ചുറ്റുമതിലിന്റെ നിർമ്മാണം.
- കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ.
- സ്വയം തൊഴിൽ പരിപാടികൾ.
- ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള വ്യവസ്ഥ.
- വിദ്യാഭ്യാസമേഖലയിലെ ഇടപെടൽ.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-യുമായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2016-17-ൽ 4200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാൻഡ് ഇൻ-എയ്ഡ്

(വിഹിതം : 600.00 ലക്ഷം രൂപ)

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കുടിവെള്ളം, ജലസേചനം, നടപ്പാതകൾ, നടപാലങ്ങൾ, വനങ്ങളിലെ ഊരുകളുടെ വൈദ്യുതീകരണം, വാർത്താവിനിമയം, ഗ്രാമീണ മാർക്കറ്റുകൾ, കൃഷി, മൃഗസംരക്ഷണം, ചെറുവന വിഭവങ്ങളുടെ സംസ്ക്കരണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവശേഷി വികസനം, ജലസംഭരണം, പുറമ്പോക്കിലുള്ളവരുടെ പുനരധിവാസം, ആദിവാസികളുടെ ഭൂപരിപാലനം, കായിക വികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെടുന്നത്. സാമൂഹ്യാധിഷ്ഠിത ആസ്തികൾ, കമ്മ്യൂണിറ്റി സെന്ററുകൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ, സ്പോർട്സ് ക്ലബുകൾ, സഹായി കേന്ദ്രങ്ങൾ, കുട്ടികളുടെ പാർക്ക്, ടി. വി. പാർക്ക്, സ്ക്കൂളുകളുടെ അറ്റകുറ്റ പണികൾ, പോഷാകാഹാരക്കുറവുള്ള കുട്ടികൾക്കും അമ്മമാർക്കും മറ്റ് മുതിർന്നവർക്കും പോഷകാഹാരം നൽകൽ, സമൂഹധാന്യ സംഭരണി, കുടിവെള്ളം ഉറപ്പുവരുത്തുക. എന്നിവയ്ക്കു പുറമേ താഴെപ്പറയുന്ന പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.

- പട്ടികവർഗ്ഗ കാലാകായിക ക്ലബ്ബുകൾക്ക് നടത്തിപ്പിനും രജിസ്ട്രേഷനുമുള്ള സഹായം.
- പട്ടികവർഗ്ഗ കലകളുടെ പ്രദർശനവും പട്ടികവർഗ്ഗ കലാകാരന്മാർക്ക് പ്രസ്തുത മേഖലയിൽ തുടരാനുള്ള സഹായവും.

ഈ വിഹിതം ജനസംഖ്യാനുപാതമായി എല്ലാ പ്രോജക്ട് ഓഫീസർമാർക്കും പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും വിഭജിച്ചു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡയറക്ടറേറ്റിലേക്ക് അയയ്ക്കുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിലെ പ്രത്യേക പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലവനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകേണ്ടതാണ്.

2016-17-ൽ 600.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

14. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം

(വിഹിതം : 250.00 ലക്ഷം രൂപ)

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരു നിശ്ചിത നിലവാരത്തിലുള്ള ജീവിതരീതി ഉറപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നു. വളരെ പിന്നോക്ക മേഖലകളിലുള്ള പട്ടികവർഗ്ഗക്കാർക്ക് അംഗീകൃത രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു സൗകര്യങ്ങളും സ്കൂളുകളിലും, ആശുപത്രികളിലും നൽകാൻ ഒരു പ്രത്യേക ശ്രദ്ധ കൊടുക്കുന്നു. പട്ടികവർഗ്ഗക്കാർക്ക് ഒരു നിശ്ചിത നിലവാരത്തിലുള്ള സേവനം ആശുപത്രികളിൽനിന്നും ലഭ്യമാക്കുകയും ഗുണപരമായ വിദ്യാഭ്യാസം സ്കൂളുകളിൽ നിന്നും ഉറപ്പു വരുത്തുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.

പട്ടികവർഗ്ഗ മേഖലകളിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക/മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. സോഫ്റ്റ് സ്കിൽ വികസനത്തിനായുള്ള പ്രോജക്ടുകൾ/പാഠ്യേതര പ്രവർത്തനങ്ങൾ/നൈപുണ്യ വികസന പ്രോജക്ടുകൾ/സംരംഭകത്വ വികസനം/വ്യക്തിത്വ വികസനം/പ്രത്യേക കോച്ചിംഗ്/സ്കൂളുകളിൽ തൊഴിലവസരങ്ങൾ ഉയർത്തുന്നതിനായുള്ള സഹായവും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും/ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ പ്രോജക്ടുകൾ ഈ പദ്ധതിയിൽപ്പെടുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് 20 ശതമാനം വിദ്യാർത്ഥികളുള്ള സ്കൂളുകളുടെ പ്രവർത്തനം മെച്ചമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-തുമായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 250.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തി യിരിക്കുന്നു.

15. ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം

(വിഹിതം : 1600.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.

(i) ട്രൈബൽ പ്രൊമോട്ടർമാർ

(വിഹിതം : 1100.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി തെരഞ്ഞെടുത്തു നിയമിക്കുന്നവരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. ഗുണഭോക്താക്കളേയും പഞ്ചായത്തുകളേയും വികസന വകുപ്പുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു. 1178 പട്ടികവർഗ്ഗ യുവാക്കളെ തെരഞ്ഞെടുത്ത് നിയമിക്കുകയും (ഹെൽത്ത് പ്രമോട്ടർമാരായി 138 യുവാക്കൾ സേവനമനുഷ്ഠിക്കുന്നു) അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്ത മോണിറ്ററിംഗ്, പ്രാഥമിക ആരോഗ്യ പരിപാലനം, പ്രകൃതി വിഭവങ്ങളുടെ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു. ഇവർക്ക് പ്രതിമാസം 8000 രൂപ ഓണറേറിയവും 1000 രൂപ യാത്രാ അലവൻസും നൽകുന്നുണ്ട്. ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും പരിശീലനം നൽകുന്നതിനും, വിവിധ അവബോധന പരിപാടികൾ നടത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആശുപത്രിയിൽ പട്ടികവർഗ്ഗ രോഗികളെ നോക്കുന്ന ആരോഗ്യ പ്രൊമോട്ടർമാർക്കും തുക വിനിയോഗിക്കാവുന്നതാണ്.

(ii) ഊരുകൂട്ടങ്ങളുടെ സംഘാടനം

(വിഹിതം : 50.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിക്കേണ്ടതുണ്ട്. ഊരുകൂട്ടങ്ങൾ നാലു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും ഇതിനുവരുന്ന ചെലവ് ഓരോ ഊരുകൂട്ടത്തിനും 2500 രൂപയിൽ കവിയരുത്. ഇതിന് വേണ്ടിയുള്ള ചെലവുകൾ നടത്താനും കൂടാതെ കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിന് എല്ലാ അംഗങ്ങൾക്കും ഊരുകൂട്ടങ്ങളിൽ അവബോധന പരിപാടികൾ നടത്താനും തുക വിനിയോഗിക്കുന്നു.

(iii) മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം

(വിഹിതം : 133.00 ലക്ഷം രൂപ)

ജോലിയില്ലാത്ത വിദ്യാഭ്യാസമുള്ള പട്ടികവർഗ്ഗ യുവാക്കൾക്ക് അപ്രന്റിസ്ഷിപ്പ് നിയമം അനുസരിച്ച് ഒരു വർഷത്തേക്ക് സമയാസമയങ്ങളിൽ പറയുന്ന യോഗ്യത അനുസരിച്ച് മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് അപ്രന്റിസ്ഷിപ്പ് പരിശീലനം നൽകുന്നു. 2016-17-ൽ ഏകദേശം 140 മാനേജ്മെന്റ് പരിശീലകർക്കും 50 ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കും ഇതുപ്രകാരം പരിശീലനം നൽകുന്നതാണ്.

(iv) ഹോസ്റ്റലുകളിലും എം. ആർ. എസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം

(വിഹിതം : 98.00 ലക്ഷം രൂപ)

പട്ടികവർഗ്ഗവികസന വകുപ്പിന്റെ 107 പ്രീമെട്രിക്ക് ഹോസ്റ്റലുകളിലും 3 പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലും 20 എം. ആർ.എസ്സുകളിലുമായി 10,000-ത്തിൽ അധികം വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ, പൊരുത്തപ്പെടലുകളിലെ പ്രശ്നങ്ങൾ, അന്തർമുഖ സ്വഭാവമുള്ളവരും, വ്യക്തി ബന്ധങ്ങളുമൊക്കെ പ്രശ്നങ്ങളായിത്തീരാറുണ്ട്. അവരുടെ ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2005-06 മുതൽ 49 സ്റ്റുഡന്റ് കൗൺസിലേഴ്സിനെ ഏർപ്പെടുത്തി. കേരള സർക്കാർ അംഗീകരിച്ച എം. എസ്. ഡബ്ല്യു/എം. എ. സൈക്കോളജി അല്ലെങ്കിൽ തത്തുല്യ യോഗ്യതാണ് കൗൺസിലർക്ക് വേണ്ട കുറഞ്ഞ യോഗ്യത. നല്ല പ്രവർത്തി പരിചയമുള്ളവർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട സ്റ്റുഡന്റ്സ് കൗൺസിലർമാർക്കും മുൻഗണന നൽകുന്നതാണ്. ഗവൺമെന്റ് ഉത്തരവനുസരിച്ച് ഓണറേറിയവും നൽകുന്നതാണ്.

(v) പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ.

(വിഹിതം : 219.00 ലക്ഷം രൂപ)

എം.എസ്.ഡബ്ല്യു ബിരുദമുള്ള സാമൂഹ്യപ്രവർത്തകർ (സോഷ്യൽ വർക്കർ) പട്ടികവർഗ്ഗ വികസന മേഖലയിൽ കൗൺസിലിംഗ് നടത്തുന്നതിനായി ഫെസിലിറ്റേറ്ററായി പ്രവർത്തിക്കുന്നു. കൗൺസിലിംഗ്, വിഭവ സമാഹരണം, കോൺഫറൻസിന് വേണ്ട സൗകര്യം ഏർപ്പെടുത്തുകയും മദ്യം, ലഹരി, പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധന ക്യാമ്പുകൾ നടത്തി ജനങ്ങളിൽ ബോധവത്കരണം ഉണ്ടാക്കുകയും ചെയ്യുന്നു. വിഹിതം വകയിരുത്തിയിരിക്കുന്നത്.

(i) നിലവിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നതും കൂടാതെ അട്ടപ്പാടിയിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നതുമായ കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സിനുമുള്ള ഹോണറേറിയം.

(ii) ഗവൺമെന്റ് ഉത്തരവ് അനുസരിച്ചുള്ള വനിതാ സോഷ്യൽ വർക്കേഴ്സിനുള്ള ഹോണറേറിയം.

2016-17-ൽ 1600.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

16. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നവീകരണം

(വിഹിതം : 200.00 ലക്ഷം രൂപ)

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വിനിയോഗിക്കാവുന്നതാണ് :

- ❖ പട്ടികവർഗ്ഗ വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്കും, ജീവനക്കാർക്കും പരിശീലനം നൽകുക.
- ❖ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടാബ്ലറ്റ്/പി. സി., നോട്ട് ബുക്കുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, മേശയും കസേരയും വാങ്ങാൻ, ആവശ്യമനുസരിച്ച് ഡയറക്ടറേറ്റിനേയും പ്രാദേശിക/ജില്ലാ ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കൽ.
- ❖ ഡയറക്ടറേറ്റിൽ ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്തുക.
- ❖ സോഫ്റ്റ്വെയറുകളുടെ വികസനം, പഴയ സോഫ്റ്റ് വെയറുകളുടെ തുടർ ചെലവുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ തുടങ്ങാനായുള്ള ഹാർഡ് വെയർ
- ❖ വകുപ്പിന്റെ വെബ്സൈറ്റ് പരിപാലിക്കൽ, ഐ. റ്റിയുമായി ബന്ധപ്പെട്ട സേവനങ്ങളും, ഐ. റ്റി. മാനേജർമാർ (ടെക്നിക്കൽ)/പ്രോഗാമർമാർ/ഹാർഡ് വെയർ എഞ്ചിനീയർ എന്നിവരെ നിയോഗിക്കലുമായി ബന്ധപ്പെട്ട ചെലവ്.
- ❖ പി. ഒ./ടി. ഡി. ഒ./ടി. ഇ. ഒ. ഓഫീസ്/ എഞ്ചിനീയർ വിംഗ് ശക്തിപ്പെടുത്തൽ.
- ❖ ആവശ്യകത അനുസരിച്ച് ഓഫീസുകളിലും/ ഡയറക്ടറേറ്റിലും/അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- ❖ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തൽ. (സബ് പ്ലാൻ സെൽ).
- ❖ ഡി. ബി. ടി./ഇ. ഗ്രാന്റ്സ് തുടങ്ങിയവയിൽ പരിശീലനം.
- ❖ വളരെ അത്യാവശ്യമാണെന്ന് ഉത്തമബോധ്യമുള്ളപക്ഷം വകുപ്പിന് വാഹനം വാങ്ങൽ.
- ❖ കാര്യക്ഷമമായ ഫീൽഡ് വർക്കിന് അത്യാവശ്യമാണെന്ന് ഉത്തമ ബോധ്യമുള്ള ഇടങ്ങളിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കൽ.
- ❖ തുടർച്ചയായുള്ള ലഹരി വിരുദ്ധ ക്യാമ്പയിനിംഗിന് വേണ്ടി ആഡിയോ വിഷ്വൽ ഉപകരണങ്ങൾ വാങ്ങൽ.

2016-17-ൽ 200.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

17. <u>പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ</u>

(വിഹിതം : 50.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ചികിൽസാരീതിയായ വംശീയ വൈദ്യത്തിനുവേണ്ടിയുള്ള സംസ്ഥാനത്തെ സെന്റർ തിരുവനന്തപുരത്തെ വിതുരയിൽ തുടങ്ങി. ഈ സെന്ററിൽ ഗവേഷണ വികസന വിംഗ്, വിദ്യാഭ്യാസവും പരിശീലനവും, പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള പൊതുവായ ഫെസിലിറ്റേഷൻ സെന്ററുകൾ, ഔഷധ സസ്യങ്ങളുടെ തോട്ടം മുതലായ വിഭാഗങ്ങളുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണം, ഔഷധ സസ്യങ്ങളുടെ തോട്ടം നിർമ്മാണം തുടങ്ങിയവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

2016-17-ൽ 50.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

18. <u>പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം</u>

(വിഹിതം : 500.00 ലക്ഷം രൂപ)

2008-ലെ ട്രൈബൽ സർവ്വേ അനുസരിച്ച് കേരളത്തിലുള്ള 107965 പട്ടികവർഗ്ഗ കുടുംബങ്ങൾ 4762 സങ്കേതങ്ങളിലായി കഴിയുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യ 426,208 ആണ്. അവരിൽ 1815 കുടുംബങ്ങൾ ഉപജീവനമാർഗ്ഗം ഇല്ലാത്തവരാണ്. 15 മുതൽ 59 വയസിനിടയിൽ പ്രായമുള്ള തൊഴിൽ രഹിതരുടെ എണ്ണം 84207ആണ്. അതായത് 30.27 ശതമാനം. പട്ടികവർഗ്ഗ യുവതി യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുവേണ്ടി സ്വയം തൊഴിൽ സംവിധാനംവഴി സഹായം നല്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതുവഴിയുള്ള പരമാവധി സഹായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥരായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്:

- പെട്ടിക്കടകൾ തുടങ്ങൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി. ടി. പി. സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ.
- കോഴി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ക്ഷീരയൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ.
- നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ആശാരിപ്പണി (തച്ചൻ), മേസ്തിരി, ഇലക്ട്രീഷൻ, പ്ലംബർ തുടങ്ങിയ ജോലിയിലേർപ്പെടുന്ന പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകാരപത്രം ലഭ്യമാക്കാൻ ലേബർ ബാങ്കുകൾ രൂപീകരിക്കുക മുതലായവ.
- പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേക്കും, ഐ. ടി.-യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേക്കും പട്ടിക വർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.
- ഐ. ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങളായ ഡി. സി. എ., പി. ജി. ഡി. സി. എ., ഡാറ്റാ എൻട്രി, ഡി. ടി. പി., എം. എസ് ഓഫീസ്, ടാലി & കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക.
- പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ കിറ്റ്സിൽ ഭക്ഷ്യ സാങ്കേതിക വിദ്യയിലും, ടൂറിസം ടെക്നോളജിയിലും പരിശീലനം നൽകുക, എൻ. ടി. ടി. എഫിലൂടെയുള്ള ടെക്നിക്കൽ ട്രേയിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങളിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ പരിശീലനം (കോവളം, ലക്കിടി), കിൻഫ്രയിലെ തുന്നൽ പരിശീലനം, മറ്റു പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നു.
- പി. എസ്. സി., യു. പി. എസ്. സി., എസ്. എസ്. സി., ആർ. ആർ. ബി. ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.
- ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെയുള്ള നൈപുണ്യ ശിക്ഷണം.
- പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുക.
- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനമാഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം നൽകുക.
- പാരമ്പര്യ വൈദ്യത്തിലും ആയുർവേദത്തിലുമുള്ള പരിശീലനം.
- വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ് കോഴ്സിനുമുമ്പ് പരിശീലനം നൽകുക.
- ഐ. ടി. ഐ., ഐ. ടി. സി. പാസ്സായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ്.ടു, ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, ബിരുദധാരികളല്ലാത്തവർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- അഭ്യസ്ഥ വിദ്യരായ യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കരിയർ ഗൈഡൻസ് സെന്റർ വഴിയുള്ള പരിശീലനം/അറിവുവളർത്തുക/ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കൗൺസിലിംഗ് കേന്ദ്രം എന്നിവയ്ക്കുള്ള സഹായം.
- നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ/സംരംഭകത്വ വികസനം/വ്യക്തിത്വവികസനം/ പ്രത്യേക കോച്ചിംഗും, ഇന്ത്യയിലും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുക തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ വരുന്നു.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 500.00 ലക്ഷം രൂപ 500 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

19. ആദികലാഗ്രാമം

(വിഹിതം : 35.00 ലക്ഷം രൂപ)

കിർത്താഡ്സ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്:

1. ദേശീയ കലാശില്പ വർക്ക്ഷോപ്പ് (ഐ.ജി.ആർ. എം.എസ്സുമായും ലളിതകലാ അക്കാഡമിയുമായി ചേർന്ന്).
2. കേരളത്തിലെ പട്ടികവർഗ്ഗ കലാകാരൻമാർക്കായുള്ള ശിൽപ്പശാലകൾ.
3. കേരളത്തിലെ പട്ടികവർഗ്ഗക്കാർക്ക് നാടൻ പാട്ടിനുള്ള ശിൽപ്പശാലകൾ
4. വയനാട് ജില്ലയിലെ പണിയന്മാർക്ക് പണിയ നൃത്തത്തിന്റെ പഠനകളരി.
5. ആദികലാനാടൻ കലാമേള.
6. പട്ടികജാതി പട്ടികവർഗ്ഗ കലാകാരൻമാർക്ക് കിർത്താഡ്സ് അവാർഡ്, സുവർണ്ണമുദ്ര പുരസ്ക്കാരം.

2016-17-ൽ 35.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

20. ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലറ്റ് പദ്ധതി)

(വിഹിതം : 1000.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വികസനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ചെറുസങ്കേതങ്ങളുടെ സമഗ്ര വികസനം അത്യന്താപേക്ഷിതമാണ്. ഈ ചെറുസങ്കേതങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കൺസോളിഡേറ്റഡ് ഫണ്ടായി 100.00 ലക്ഷം രൂപ ഓരോ ചെറു സങ്കേതത്തിനും വകയിരുത്തുന്നു. കുടിവെള്ളം, വൈദ്യുതി, സോളാർ ലെറ്റിംഗ്, ലിങ്ക്റോഡുകൾ, നടപ്പാതകൾ, നടപ്പാലങ്ങൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, വായനശാലകൾ, സ്പോർട്സ് സെന്റർ, കുട്ടികളുടെ പാർക്ക്, ടി. വി. പാർക്ക്, തൊഴിൽ, വരുമാനദായക പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ. പിന്നോക്ക അവസ്ഥയിലുള്ള 10 പട്ടികവർഗ്ഗ ചെറുസങ്കേതങ്ങളിൽ ഇവ ആദ്യമായി നടപ്പിലാക്കുന്നു. ഈ വിഹിതം സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിനുവേണ്ടിയാണ് വകയിരിത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ വീടുകളുടെ നിർമ്മാണം അനുവദിക്കുന്നതല്ല.

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. 2016-17-ൽ 1000.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

21. എ. റ്റി. എസ്. പി. ഫണ്ട്/പ്രത്യേക പാക്കേജ്

(വിഹിതം : 15000.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് വേണ്ടി സാധാരണ പട്ടികവർഗ്ഗ വിഹിതത്തിന് പുറമേ ഒരു പ്രത്യേക പാക്കേജായാണ് എ.ടി.എസ്. പി. ഫണ്ട് വകയിരുത്തിയിരിക്കുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ, ഗ്രോത്രഭാഷയും സംസ്ക്കാരവും പരിപോശിപ്പിക്കുന്നതിന് വേണ്ടി ദ്രവിഡിയൻ ലംഗ്വിസ്റ്റിക്സിന് സഹായം എന്നിവയാണ് 2016-17-ൽ എ.റ്റി.എസ്.പി./പ്രത്യേക പാക്കേജ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ രഹിതരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ വേതനം, തൊഴിൽ ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ 100 തൊഴിൽ ദിനത്തിന് ഉപരിയായി അധിക തൊഴിൽ എ.റ്റി.എസ്.പി. പ്രകാരം നൽകുന്നതാണ്. മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും ഈ പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഭവന നിർമ്മാണം, തൊഴിൽദാനം (എം.എൻ.ആർ.ഇ.ജി.എസ്.) ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്. എൻ.എസ്.എ.പി. തുടങ്ങിയ പദ്ധതികൾ എ.റ്റി.എസ്.പി.യുമായി സംയോജിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ എടുക്കേണ്ടതാണ്.

ഗ്രാമവികസനം സാമൂഹ്യനീതി, വനംവകുപ്പ്, കുടംബശ്രീ, എൻ.ആർ.ഇ.ജി.എസ്. മിഷൻ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളുടെയും, പഞ്ചായത്തുകളുടെയും ഏകോപനം പ്രാദേശിക, ജില്ല, സംസ്ഥാനതലത്തിൽ ഉറപ്പാക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെയും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാന തലത്തിൽ ഈ പരിപാടിയുടെ മോണിറ്ററിംഗ് നടത്തുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2016-17-ൽ 15000.00 ലക്ഷം രൂപ എ.ടി.എസ്.പി./സ്പെഷ്യൽ പാക്കേജിനായി വകയിരുത്തിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനെ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി വഴിയാണ് എ.റ്റി.എസ്.പി. ഫണ്ട് കൈകാര്യം ചെയ്യുന്നതാണ്.

22. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ

(വിഹിതം : 6725.00 ലക്ഷം രൂപ)

ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(എ) മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടെ നടത്തിപ്പിനായുള്ള ചെലവുകൾ

(വിഹിതം : 5000.00 ലക്ഷം രൂപ)

17 മാതൃകാ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, രണ്ട് ഏകലവ്യ ഒരു പ്രത്യേക സി. ബി. എസ്. ഇ മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ/ആശ്രമം സ്ക്കൂളുകൾ തുടങ്ങിയവയുടെ നടത്തിപ്പിനുള്ള ചെലവുകളാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്.

സ്കൂളുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| 1 | ഡോ. അംബേദ്ക്കർ മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ (പെൺകുട്ടികൾ), കട്ടേല, തിരുവനന്തപുരം. |
| 2 | ഡോ. അംബേദ്ക്കർ മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ (ആൺകുട്ടികൾ), നല്ലൂർനാട് |
| 3 | രാജീവ്ഗാന്ധി മെമ്മോറിയൽ ആശ്രമം എച്ച്. എസ്. സ്ക്കൂൾ, നൂൽപ്പുഴ |
| 4 | ഇന്ദിരാഗാന്ധി മെമ്മോറിയൽ ആശ്രമം എച്ച്. എസ്. സ്ക്കൂൾ, നിലമ്പൂർ, |
| 5 | സൈലന്റ്‌വാലി മാതൃകാ റസിഡൻഷ്യൽ സ്കൂൾ, മുക്കാലി, അട്ടപ്പാടി |
| 6 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, മൂന്നാർ, ഇടുക്കി. |
| 7 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, മൂന്നാർ, സൗത്ത് വയനാട്, കണിയാമ്പറ്റ, കൽപ്പറ്റ |
| 8 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട |
| 9 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, ചാലക്കുടി, തൃശ്ശൂർ |
| 10 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, കണ്ണൂർ |
| 11 | മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, കാസർഗോഡ് |
| 12 | ആശ്രമം സ്ക്കൂൾ, മലമ്പുഴ, പാലക്കാട് |
| 13 | ആശ്രമം സ്ക്കൂൾ, (അടിയ/പണിയ) തിരുനെല്ലി, വയനാട്. |
| 14 | മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, ഏറ്റുമാനൂർ, കോട്ടയം |
| 15 | മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, പുനലൂർ കുളത്തുപ്പുഴ |
| | **ആർട്ടിക്കിൾ 275 (1) ഗ്രാൻഡ് ഇൻ-എയ്ഡ് പ്രകാരം തുടങ്ങിയ സ്ക്കുളുകൾ** |
| 16 | ഏകലവ്യ മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, പൂക്കോട് വയനാട്. |
| 17 | ഏകലവ്യ മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, ഇടുക്കി |
| 18 | ഡോ. അംബേദ്ക്കർ മെമ്മോറിയൽ വിദ്യാനികേതൻ മാതൃകാ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, ഞാറനീലി, തിരുവനന്തപുരം |
| 19 | മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, കൊറഗ, കാസർഗോഡ് |
| 20 | മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, കുറ്റിച്ചൽ |

മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകൾ നടത്തുന്നതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് (വേതനവും, അലവൻസുകളും) ഉൾപ്പെടെയുള്ള ചെലവുകളും, കേടുപാടുകൾ തീർക്കുക, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, അധിക ഇന്ധനത്തിനായുള്ള തുക, പാചക വാതകത്തിനുള്ള തുക, മാലിന്യ സംസ്ക്കരണം, ഊർജ്ജ പരിപാടികൾ, നവീകരണത്തിനായുള്ള പ്രോജക്ടുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്ടുകൾ, അധിക കോച്ചിംഗ്, അധിക നൈപുണ്യ ആർജ്ജവപരിപാടി ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് പ്രവൃത്തികളായ സ്റ്റുഡന്റ് പോലീസ് കാഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്., ഇ-ഗവേണൻസ്, ഫർണിച്ചർ, കമ്പ്യൂട്ടർ/അനുബന്ധ സാധനങ്ങൾ വാങ്ങിക്കൽ, അധിക സോഫ്റ്റ് സ്കില്ലുകളുടെ വികസനത്തിനായുള്ള പരിപാടികളും, അധിക/പരിഹാര കോച്ചിംഗുകൾ, സെമിനാറും, വർക്ക് ഷോപ്പും നടത്തുന്നതിനായുള്ള ചെലവുകൾ, വിവിധ പരിപാടികൾ/കമ്പ്യൂട്ടറുകൾ/ഫിൽഡ് സന്ദർശനം/വർക്ക്ഷോപ്പുകൾ/ഇന്ത്യയിലും വിദേശത്തുമുള്ള മത്സരങ്ങൾ തുടങ്ങിയവയക്കുള്ള യാത്രചെലവും മറ്റു അലവൻസുകളും വിദ്യാർത്ഥികളുടെ പഠന യാത്രയ്ക്കുള്ള ചെലവുകൾ, ആരോഗ്യ സംരക്ഷണം ഉൾപ്പെടെ കൗൺസിലിംഗും പ്രത്യേക പരിപാടികളും, സ്റ്റുഡൻസ് ഡോക്ടർ, സ്റ്റുഡൻസ് പോലീസ്, കുട്ടികളുടെ സമഗ്ര വികസനം, സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സഹവാസ ക്യാമ്പിനുള്ള ചിലവ് തുടങ്ങിയവ ഇതിലുൾപ്പെടുന്നു. 2016-17-ൽ 7,000 വിദ്യാർത്ഥികളെ ലക്ഷ്യമിടുന്നു.

2016-17-ൽ 5,000.00 ലക്ഷം രൂപ ഈ സ്ക്കൂളുകളുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

(ബി) പട്ടികവർഗ്ഗവിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ

(വിഹിതം : 1000.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന 3 ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(i) പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം

പ്രാക്തനാ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കും അതുപോലെ സമാനമായ മറ്റു പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി 2005-06-ൽ 37 പെരിപ്പതറ്റിക് വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് കീർത്താഡ്സ് വഴി പരിശീലനം നൽകുകയും ചെയ്തുവരുന്നു. പട്ടികവർഗ്ഗക്കാരെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് സങ്കേതങ്ങളിൽ വെച്ചുതന്നെ വിദ്യാഭ്യാസം നൽകി വിദ്യാഭ്യാസത്തിൽ താൽപ്പര്യം ജനിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. രണ്ടും മൂന്നും ക്ലാസ്സുകളിൽ എത്തുന്ന വിദ്ധ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 34 ഏകാധ്യാപക സ്ക്കുളുകളും 5 ബാല വിജ്ഞാന കേന്ദ്രങ്ങളും 2006-07 മുതൽ പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിപാടി 1000 കുട്ടികളെ ലക്ഷ്യമിടുന്നു.

(ii) **വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി**

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹൈസ്ക്കൂളിലേയും പതിനൊന്നാം ക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി പ്രത്യേക കോച്ചിംഗ് നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടി വഴി, അടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. മുകളിൽ പറഞ്ഞ വിഭാഗത്തിലുള്ള 6,000 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ളതാണ് ഈ പദ്ധതി. ഇതിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

- ഹൈസ്ക്കുളിലെയും, പതിനൊന്ന്-പന്ത്രണ്ട് ക്ലാസ്സുകളിലേയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- പരാജിതരായ എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- പാലക്കാട്ടുള്ള നെഹ്റു യുവകേന്ദ്ര ഏറ്റെടുത്തിരിക്കുന്ന അട്ടപ്പാടി ഗിരി വികാസ് പദ്ധതി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഗുരുകുലം പരിപാടികളും നടപ്പാക്കുക.
- പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥരുടെ/പ്രോജക്ട് ഓഫീസർമാരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ തീവ്രപരിശീലനം (ജില്ലതിരിച്ച്) നടത്തുക. ആഹാരം പാർപ്പിടം, പഠന സഹായികൾ അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയവ ഈ പദ്ധതി പ്രകാരം നൽകുക. ഒരു കുട്ടിക്ക് 3500 രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ല.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിലേക്ക് ഹാംലെറ്റ് കേന്ദ്രീകൃത ട്യൂഷൻ സിസ്റ്റം.

(iii) **ഗോത്ര സാരഥി**

14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതുവഴി അവർക്ക് നിയമാനുസൃതമായി ചെലവില്ലാതെ കിട്ടേണ്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾവനത്തിലും എത്തിച്ചേരാൻ പറ്റാത്താസ്ഥലം ആയതിനാലും വാഹനഗതാഗതം ലഭ്യമല്ല. അതുപോലെ വന്യമൃഗങ്ങളുടെ ഭീഷണികൊണ്ടും സ്ക്കൂളിൽ എത്തിച്ചേരാൻ കഴിയുന്നില്ല. വകുപ്പ് നൽകുന്ന ഹോസ്റ്റൽ സൗകര്യവും അപര്യാപ്തമാണ്. ഈ കാര്യങ്ങൾ കണ്ടുകൊണ്ട് അദ്ധ്യാപക രക്ഷാകർത്ത്യസംഘടനകൾ വഴിയും തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യവും ചെയ്തു കൊടുക്കേണ്ടതായുണ്ട്. ഉൾവനങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി മാത്രമേ ഈ സൗകര്യം ഉപയോഗിക്കാവൂ.

2016-17-ൽ 1,000.00 ലക്ഷം രൂപ മുകളിൽ സൂചിപ്പിച്ച മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

(സി) <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>

(വിഹിതം : 125.00 ലക്ഷം രൂപ)

കോഴിക്കോട് (ഈസ്റ്റ് ഹിൽ), പാലക്കാട് (നൂറണി) തിരുവനന്തപുരം (പട്ടം) എന്നിവിടങ്ങളിൽ നിലവിൽ ഉള്ള മൂന്ന് ആൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നതിന് വേണ്ടിയാണ് വിഹിതം വകയിരിത്തിയിരിക്കുന്നത്. മൂന്ന് ഹോസ്റ്റലുകളിൽ സൗകര്യം അനുവദിച്ചിട്ടുള്ളത് 130 വിദ്യാർത്ഥികൾക്കാണ്. ഇപ്പോൾ 163 വിദ്യാർത്ഥികൾക്ക് താമസസൗകര്യം കൊടുത്തിരിക്കുന്നു. (പട്ടം-38, നൂറണി-90, ഈസ്റ്റ് ഹിൽ-35.) പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് ശേഷമുള്ള ആവർത്തന ചെലവുകളും ഈ പദ്ധതിയിൽ നിന്ന് വഹിക്കാവുന്നതാണ്.

2016-17-ൽ ഈ പദ്ധതിക്കായി 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഡി) <u>പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടു ത്തൽ</u>

*(വിഹിതം : 500.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ചെറിയ കേടുപാടുകൾ തീർക്കുന്നതിനുള്ള ചെലവും ഹോസ്റ്റലുകളുടെ പുനരുദ്ധാരണവും ഇതിൽ ഉൾപ്പെടുന്നു. വിവിധ പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണം, വനിതാ ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, മേൽക്കൂരകളുടെ പുനരുദ്ധാരണം, പാത്രങ്ങൾ വാങ്ങിക്കുക, ഫർണിച്ചറുകൾ, എന്നിവ വാങ്ങിക്കുക, കമ്പ്യൂട്ടറുകൾ, ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ/പുനരുദ്ധാരണം നടത്തുക, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ നൽകാനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

ഇതുകൂടാതെ കേടുപാടുകൾ തീർക്കൽ, പുനരുദ്ധാരണവും അധിക നിർമ്മാണം, ഇന്ധനം, പാചകവാതകം, മാലിന്യ സംസ്ക്കരണം, ഊർജ്ജ പ്രോജക്ടുകൾ, നവീകരണത്തിനുള്ള പ്രോജക്ടുകൾ ഹോസ്റ്റലുകൾക്കായുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കാനുള്ള പ്രോജക്ടുകൾ, ഫർണിച്ചറുകൾ/കമ്പ്യൂട്ടറുകൾ അതുപോലെയുള്ള സാമഗ്രികൾ വാങ്ങൽ, കൗൺസിലിംഗ് തുടങ്ങിയ പ്രത്യേക പരിപാടികളടങ്ങിയ ആരോഗ്യ വികസനം, കുട്ടികളുടെ സമഗ്രവികസനത്തിനായുള്ള ചെലവുകൾ, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കാനുള്ള അധിക കോച്ചിംഗുകൾ, സെമിനാറുകളും വർക്ക്ഷോപ്പുകളും, നടത്താനായുള്ള ചെലവുകൾ, അധിക കോച്ചിംഗ്, ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കായി നൈപുണ്യ വികസന ക്ലാസ്സുകൾ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

2016-17-ൽ 500.00 ലക്ഷം രൂപ ഇതര കേന്ദ്ര സഹായമായി ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

(ഇ) ഗുരുകുലം (കലിംഗാ മാതൃക) പദ്ധതി

(വിഹിതം : 100.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ ജീവിത രീതി, സംസ്ക്കാരം, പാരമ്പര്യ മൂല്യങ്ങൾ കുട്ടികളുടെ അഭിരുചി എന്നിവ വിദ്യഭ്യാസത്തിലൂടെ നൽകുകയാണ് ഗുരുകുലം പദ്ധതി ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി ഗോത്ര സംസ്ക്കാരം, പൈതൃകം, ഭാഷ, നൈപുണ്യവികസനവും പരിശീലനവും എന്നിവ പട്ടിക വർഗ്ഗ യുവാക്കൾക്ക് നേഴ്സറി തലം മുതൽ ഉന്നത വിദ്യഭ്യാസം വരെ വിദ്യാഭ്യാസത്തിലൂടെ നൽകുന്നു. വയനാട് ജില്ലയിലെ മാനന്തവാടി പ്രിയദർശിനി ടീ എസ്റ്റേറ്റിലാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

2016-17-ൽ 100.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

23. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50% സംസ്ഥാന വിഹിതം)

(വിഹിതം : 2062.95 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(എ) പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടേയും ആശ്രമം സ്ക്കൂളുകളുടേയും നിർമ്മാണം (50% സംസ്ഥാന വിഹിതം)

(വിഹിതം : 1500.00 ലക്ഷം രൂപ)

ആശ്രമം സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണ ചെലവ് 50 ശതമാനം ഇന്ത്യാ ഗവൺമെന്റ് നൽകുന്നു. 2016-17-ൽ താഴെപ്പറയുന്ന 10 സ്ക്കൂൾ കെട്ടിട നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിനും/നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി 50 ശതമാനം സംസ്ഥാന വിഹിതമായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതു കൂടാതെ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണവും ഈ പദ്ധതിയിൽ പരിഗണിക്കാവുന്നതാണ്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| *ക്രമ നമ്പർ* | *സ്കൂളിന്റെ പേര്* | *തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | ആശ്രമം സ്കൂൾ, നൂൽപ്പുഴ, വയനാട് | |
| 2 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി, പാലക്കാട് | |
| 3 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ, കൊല്ലം | |
| 4 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് | 1500.00 |
| 5 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്, വയനാട് | |
| 6 | ആശ്രമം സ്കൂൾ, തിരുനെല്ലി | |
| 7 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ, തിരുവനന്തപുരം | |
| 8 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, ആറളം, കണ്ണൂർ | |
| 9 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കൊറാഗ, കാസർഗോഡ് | |
| 10 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, മേലുകാവ്, കോട്ടയം | |
| | ആകെ | 1500.00 |

(ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)

*(വിഹിതം : 410.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള 66 ഹോസ്റ്റലുകളിൽ 55 എണ്ണത്തിനു മാത്രമേ സ്ഥിരം കെട്ടിടങ്ങൾ ഉള്ളൂ. വാടകയ്ക്ക്/താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം പണിയുവാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. നിർമ്മാണം പുരോഗതിയിലിരിക്കുന്ന ഹോസ്റ്റലുകളുടെ പട്ടിക താഴെ കൊടുക്കുന്നു :

| *ക്രമ നമ്പർ* | *ഹോസ്റ്റലിന്റെ പേര്* |
|---|---|
| 1 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മണ്ണന്തല, തിരുവനന്തപുരം |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ, ഇരുമ്പ് പാലം, ഇടുക്കി |
| 3 | പ്രീമെട്രിക്ഹോസ്റ്റൽ, ഷോലയൂർ, പാലക്കാട് (2 ഹോസ്റ്റൽ 60 കിടക്ക, 100 കിടക്ക) |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, പിണങ്ങോട്േ, വയനാട്. |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി, വയനാട്. |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ, കാസർഗോഡ് |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ, അഗളി, അട്ടപ്പാടി. |
| 8 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, അഗളി, അട്ടപ്പാടി (ആൺകുട്ടികൾ) |

ഇതു കൂടാതെ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്. 2014-15-ൽ അട്ടപ്പാടിയിലെ അഗളിയിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണവും (ആൺകുട്ടികൾ) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിലേക്ക് ലയിപ്പിച്ചു (50 % സംസ്ഥാന വിഹിതം). 2016-17-ൽ 410 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകൾട പൂർത്തീകരിക്കുന്നതിനും വകയിരുത്തിയിരിക്കുന്നു.

(സി) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം : 30.00 ലക്ഷം രൂപ)

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനഃരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ.
- വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന പ്രത്യേക പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- വയനാട്ടിൽ പ്രത്യേക കോടതി സ്ഥാപിക്കൽ.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2016-17-ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ഡി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം)

(വിഹിതം : 100.00 ലക്ഷം രൂപ)

2016-17-ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

(i) *ഗവേഷണ പ്രവർത്തനങ്ങൾ*

1. പ്രാക്തനാ ഗോത്രവർഗ്ഗക്കാരെക്കുറിച്ചുള്ള (പി.വി.ടി.ജി. എസ്.) വിലയിരുത്തൽ പഠനം.
2. പരമ്പരാഗതവും നവീനവുമായ ആരോഗ്യസംരക്ഷണ സമ്പ്രദായങ്ങളുടെ സ്വീകാര്യത, കാണിക്കാർ, മലവേടൻ സമുദായങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ.
3. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെക്കുറിച്ചുള്ള നരവംശശാസ്ത്ര ഡോക്യുമെന്റേഷൻ.
4. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെക്കുറിച്ചുള്ള ചരിത്രാതീത കാര്യങ്ങൾ മനസ്സിലാക്കുകയും ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്യുക.
5. ദ്വി ഭാഷാ നിഘണ്ടു, കാണി സമുദായക്കാരുടെ ഭാഷ/ പട്ടികവർഗ്ഗ ഭാഷകളുടെ/കൈയെഴുത്ത് പ്രതി എന്നിവ തയ്യാറാക്കൽ.
6. പഠനകലണ്ടറുകൾ തയ്യാറാക്കൽ, പഠനസഹായികൾ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ ആചാര നിയമങ്ങളുടെ ക്രോഡീകരണം.
7. പ്രാചീന അവശിഷ്ടങ്ങളുടെ പ്രദർശനവും പരമ്പരാഗത വിവര സമ്പ്രദായത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.
8. കിർത്താഡ്സിന്റെ ലൈബ്രറിക്ക് വേണ്ട ബുക്കുകളും ജേർണലുകളും വാങ്ങുക.
9. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക.
10. പട്ടികവർഗ്ഗ ഉപപദ്ധതി (പഞ്ചായത്ത് രാജ് വഴി) കൊറഗ വിഭാഗക്കാർക്കിടയിൽ നടപ്പിലാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ പഠനം.
11. വയനാട് ജില്ലയിലെ അടിയൻ, കാട്ടുനായിക്കൻ എന്നീ വിഭാഗക്കാർ അഭിമുഖീകരിക്കുന്ന ഉപജീവനപ്രശ്നങ്ങൾ.
12. കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ വിവരാടിത്തറ പുതുക്കൽ.
13. കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ ഉപയോഗത്തിലുള്ള വിവിധ സംഗീത ഉപകരണങ്ങൾ ശേഖരിക്കലും ഡോക്യുമെന്റേഷനും.

(ii) *പരിശീലനം*

1. പട്ടികവർഗ്ഗ മേഖലകളിലെ എം.ആർ.എസ്./ആശ്രമം/ ട്രൈബൽ സ്കൂൾ എന്നിവിടങ്ങളിലെ ടീച്ചർമാർക്കും അംഗൻവാടി വർക്കേഴ്സിനും പരിശീലന പരിപാടികൾ.
2. ആരോഗ്യ അവബോധന പരിപാടിയും ആരോഗ്യ ക്യാമ്പും.
3. 34-ാമത് തലയ്ക്കൽ ചന്തു മെമ്മോറിയൽ അമ്പെയ്ത്ത് (ആർച്ചറി) മത്സരം.
4. പരമ്പരാഗത വൈദഗ്ദ്ധ്യവും നൈപുണ്യവും നവീകരിക്കുന്നതിനും, പരിശീലനത്തോടുകൂടിയ വർക്ക്ഷോപ്പുകൾ.
5. കേരളത്തിലെ പട്ടികവർഗ്ഗ വനിതകൾക്ക് ശാക്തീകരണ പരിപാടി.
6. കേരളത്തിലെ പട്ടികവർഗ്ഗ യുവാക്കൾക്ക് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളിലും പരിശീലന പരിപാടികൾ.
7. പട്ടികവർഗ്ഗ യുവാക്കൾക്ക് പി.എസ്.സി./യു.പി.എസ്. സി.യും മറ്റ് തൊഴിലധിഷ്ഠിത പരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലന പരിപാടി.
8. പെരിപ്പതറ്റിക് സ്ക്കൂളിലേയും ഏകാദ്ധ്യാപക സ്ക്കൂളിലേയും ബാലവിജ്ഞാന കേന്ദ്രങ്ങളിലേയും ടീച്ചർമാർക്കുള്ള പരിശീലന പരിപാടികൾ.
9. കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗൈഡൻസോടുകൂടിയ ശാക്തീകരണ പരിപാടി.
10. കാടർ, കുറുമ്പർ വിഭാഗത്തിൽപ്പെട്ടവർക്ക് അവബോധന പരിപാടി.
11. ഡോ. ബി. ആർ. അംബേദ്കറിന്റെ ഓർമ്മയ്ക്കായുള്ള പ്രഭാഷണം.
12. കേരളത്തിലെ ത്രിതല പഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടി.
13. കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പരിപാടി.

14. അരനാടൻ വിഭാഗത്തിൽപ്പെട്ടവർക്കുള്ള നേതൃത്വ പരിശീലന പരിപാടി.

15. നാടൻപാട്ട് കളരി-ഗോത്ര ഗാനം/നാടൻ പാട്ടുകളും സംബന്ധിക്കുന്ന ശില്പശാല.

(ഇ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം—റ്റി. സി. പി. (51 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 22.95 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്നതായ ഈ പദ്ധതിക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്രവിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ സാമ്പത്തിക പ്രവൃത്തികളിൽ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും സബ്സിഡികളും ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2016-17-ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനമായി 51 ശതമനം സംസ്ഥാന വിഹിതമായി 22.95 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികവർഗ്ഗ ഉപപദ്ധതി—തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

(വിഹിതം : 2869.36 ലക്ഷം രൂപ)

തദ്ദേശഭരണ സ്ഥാപനങ്ങൾവഴി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2869.36 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *വിഹിതം (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | എല്ലാവർക്കും വീട് (ഐ.എ.വൈ) റ്റി. എസ്.പി. (സംസ്ഥാന വിഹിതം 40 ശതമാനം) | 2614.36 |
| 2 | എൻ.ആർ.എൽ.എം. (ദേശീയ ഗ്രീമീണ ഉപജീവന മിഷൻ-റ്റി.എസ്.പി.) | 255.00 |
| | ആകെ | 2869.36 |

2869.36 ലക്ഷം രൂപയുടെ വിശദാംശങ്ങൾ 2016-17-ലെ ബഡ്ജറ്റ് അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്. സി. എ റ്റു ടി. എസ്. പി.)

(വിഹിതം 1200.00 ലക്ഷം രൂപ)

കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയം സഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് വരുമാന വർദ്ധനവുണ്ടാക്കുന്ന തൊഴിൽ ഏറ്റെടുത്ത് നടത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ശ്രമിക്കുന്നത്. ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉൽപ്പാദനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പരിപാടികൾക്ക് മുൻഗണന നൽകേണ്ടതാണ്. നീർത്തട വികസനം, ചെറുകിട ജലസേചനം, ഉദ്യാനകൃഷി, ഭക്ഷ്യസംസ്ക്കരണം, ചെറുകിട വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിപാടികൾ, ഔഷധചെടികളുടെ സംരക്ഷണം മുതലായവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതാണ്. ഇന്ത്യാ ഗവൺമെന്റ് ഈ പദ്ധതിയുടെ തത്സമയ മോണിറ്ററിംഗും മൂല്യ നിർണ്ണയും നിഷ്കർഷിക്കുന്നു. അതിനാൽ പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിലെ മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു. ഇതിനായി മോണിറ്ററിംഗിനുള്ള ഘടകത്തിന്റെ 3 ശതമാനം തുക ഉപയോഗിച്ച് സംസ്ഥാന ആസൂത്രണബോർഡിലെ ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലെ മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളും കമ്പ്യൂട്ടർ/ലാപ്പ് ടോപ്പും മറ്റു ശൃംഖല വഴി ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

2016-17 വർഷം പ്രത്യേക കേന്ദ്രസഹായമായി 1200.00 ലക്ഷം രൂപ ഈ പരിപാടിയിൽ പ്രതീക്ഷിക്കുന്നു.

**(സി) മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം**

1. കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ

(വിഹിതം : 1300.00 ലക്ഷം രൂപ)

സംസ്ഥാന പിന്നാക്ക വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക പദവി ശക്തിപ്പെടുത്തുകയാണ് കോർപ്പറേഷന്റെ ലക്ഷ്യം. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ കോർപ്പറേഷൻ മറ്റുപിന്നാക്ക വിഭാഗത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും ഓഹരി മൂലധന സഹായം നേടിയെടുക്കുന്നതിനുള്ള പദ്ധതി വിഹിതമാണ് ഇതിലുള്ളത്.

2016-17-ൽ ഈ പദ്ധതിക്കായി 1300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

(വിഹിതം : 600.00 ലക്ഷം രൂപ)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർക്കും മറ്റു ശുപാർശിത വിഭാഗക്കാർക്കും സംസ്ഥാന സർക്കാരിൽ നിന്നും എൻ. ബി. സി. ഡി. എഫ്. സി.-യിൽ നിന്നുള്ള വായ്പാസൗകര്യം നടപ്പാക്കുക, സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതാണ് ഈ കോർപ്പറേഷന്റെ ലക്ഷ്യം. കൃഷിഭൂമി വാങ്ങുന്നതിനായുള്ള സാമ്പത്തികസഹായം, ഭവന പദ്ധതി, ഭവന പുനരുദ്ധാരണം, വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ, ഭൂരഹിത ഭവനരഹിത പദ്ധതി, വിവാഹത്തിനായുള്ള വായ്പാ പദ്ധതി, തൊഴിലധിഷ്ഠിത പരീശീലന പരിപാടികൾ, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്

പരിപാടികൾ, അവബോധന ക്ലാസുകൾ, പി.എസ്.സി/ബാങ്ക് ടെസ്റ്റ് കോച്ചിംഗ് പരിപാടി, ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സംസ്ഥാന വിഹിതം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

ഈ പരിപാടിക്കായി 2016-17-ൽ 600.00 ലക്ഷം രൂപ ഓഹരി മൂലധനമായി വകയിരുത്തിയിരിക്കുന്നു.

3. വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ

(വിഹിതം : 2300.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) പ്രീ മെട്രിക് സഹായം (ഒ. ഇ. സി.)

(വിഹിതം : 300.00 ലക്ഷം രൂപ)

മറ്റു പിന്നാക്ക സമുദായത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളെ മറ്റ് അർഹതപ്പെട്ട സമൂഹമായി കണക്കാക്കുന്നു. ഈ വിഭാഗത്തിലെ പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡപ്രകാരം വിദ്യാഭ്യാസ സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് ഈ പദ്ധതി മുഴുവനായും നടപ്പിലാക്കുന്നത്. 23-5-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) 10/2014/ബി.സി.ഡി.സി. പ്രകാരം വാർഷിക വരുമാന പരിധി 6 ലക്ഷത്തിൽ താഴെയുള്ള മറ്റ് അർഹതപ്പെട്ട വിഭാഗക്കാർക്ക് പുറമേ 30 പുതിയ വിഭാഗങ്ങൾക്ക് കൂടി സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്. ഈ അധിക സാമ്പത്തിക ആവശ്യത്തിലേക്കായി 2016-17-ൽ 300.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിരിക്കുന്നു.

(ബി) പോസ്റ്റ് മെട്രിക് സഹായം (ഒ. ഇ. സി.)

(വിഹിതം : 2000.00 ലക്ഷം രൂപ)

മറ്റു പിന്നാക്ക സമുദായത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളെ മറ്റ് അർഹതപ്പെട്ട സമുഹമായി കണക്കാക്കുന്നു. ഈ വിഭാഗത്തിലെ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡപ്രകാരം വിദ്യാഭ്യാസ സഹായം കൊടുക്കുന്നതിനായുള്ള സംസ്ഥാന പദ്ധതിയാണിത്.

2016-17-ൽ 2000.00 ലക്ഷം രൂപ ഈ ഘടകത്തിനായി വകയിരിത്തിയിരിക്കുന്നു.

4. പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം

(വിഹിതം : 675.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

(വിഹിതം : 170.00 ലക്ഷം രൂപ)

പിന്നാക്ക വിഭാഗ സമുദായത്തിലെ ചില വിഭാഗങ്ങൾ പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത രീതി അവലംബിച്ച് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് കമ്പോളത്തിലെ മത്സരങ്ങളിൽ പിടിച്ചുനിൽക്കാനാവില്ല. ഈ പരിതസ്ഥിതികളിൽ മൺപാത്രനിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിൽ ഉള്ള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകുകയും ഈ മേഖല നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കാനും ആവശ്യമായ സാമ്പത്തിക സഹായവും നൽകേണ്ടതാണ്.

2016-17-ൽ 170.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) ബാർബർഷോപ്പുകളുടെ നവീകരണത്തിനുവേണ്ടിയുള്ള സഹായം

(വിഹിതം : 255.00 ലക്ഷം രൂപ)

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ബാർബർ സമുദായത്തിലെ പരമ്പരാഗത മുടിവെട്ടു തൊഴിലാളികൾ സാമ്പത്തികവും സാമൂഹികവുമായി പാർശ്വവത്കരിക്കപ്പെട്ട അവസ്ഥയിലാണ്. നവീന ഉപകരണങ്ങളോടുകൂടിയ ബ്യൂട്ടിപാർലറുകളുടെ ആവിർഭാവം ഇവരുടെ നിലനിൽപ്പിന് തന്നെ വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവരുടെ പ്രവർത്തന മേഖല നവീകരിക്കാനുള്ള സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ ഇവർക്ക് ഈ മേഖലയിൽ തുടരാൻ സാധിക്കുകയുള്ളു. 25,000 രൂപ വീതം അർഹരായ 1020 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

2016-17-ൽ 255.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തുന്നു.

(സി) മറ്റ് പിന്നാക്ക സമുദായത്തിലെ പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും (പുതിയ പദ്ധതി)

(വിഹിതം : 250.00 ലക്ഷം രൂപ)

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/കൈപ്പണിക്കാർ/പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ദ്ധ്യം കൂട്ടുന്നതിന്/ശക്തിപ്പെടുത്തുന്നതിന് ആണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യ വികസനവും ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്തലും ഇതിന്റെ ഭാഗമാണ്. നിർദ്ദിഷ്ഠ പദ്ധതിയിലൂടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുവാനുള്ള സബ്സിഡി തുകയ്ക്കും ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു. എല്ലാ തരത്തിലുള്ള പരമ്പരാഗത കരകൗശല വൈദഗ്ദ്ധ്യ പോഷണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. 2016-17 കാലവളവിൽ ഈ പദ്ധതിയുലൂടെ 1000 കുടുംബങ്ങൾക്ക് സഹായം ലഭ്യമാകുന്നതാണ്. പ്രോജക്ട് തുകയുടെ 50 ശതമാനം പരമാവധി 25000 രൂപ പരിശീലനത്തിനും സബ് സിഡിക്കുള്ള സാമ്പത്തിക സഹായത്തിനുമായി ഏർപ്പെടുത്തിയിരിക്കുന്നു.

2016-17-ൽ കാലയളവിൽ 250.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

5. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ

(വിഹിതം : 200.00 ലക്ഷം രൂപ)

മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദാനന്തര ബിരുദവും പി. എച്ച്. ഡി.യും വിദേശത്ത് ചെയ്യുന്ന തെരഞ്ഞെടുത്ത പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക

സഹായം ഈ പദ്ധതി വഴി കൊടുക്കാൻ ഉദ്ദേശിക്കുന്നു. 3 വർഷം അല്ലെങ്കിൽ കോഴ്സ് കാലാവധി ഇതിൽ ഏതാണോ കുറവ് ആ കാലാവധി വരെ മാത്രമേ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

ഇന്ത്യയിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിന് അടുത്തുള്ള സ്ഥലത്തേക്കും തിരിച്ചുമുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിക്കുള്ള ഇക്കോണമി ക്ലാസുകളിൽ ഉള്ള വിമാനചാർജ്ജുകൾ, യഥാർത്ഥ കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, യാത്രാ അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, തലവരി നികുതി, വിസ ഫീസ്, മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയത്തിൽ ആകെ ചിലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ തുടങ്ങിയ ചെലവുകൾ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിന്റെ മുഴുവൻ സമയത്തും ലഭ്യമാക്കുന്നു.

2016-17-ൽ 200.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

6. തൊഴിലധിഷ്ഠിത പദ്ധതികൾ

(വിഹിതം : 590.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം

(വിഹിതം : 550.00 ലക്ഷം രൂപ)

വിദ്യാർത്ഥികൾക്ക് പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായം ഈ പദ്ധതി പ്രകാരം നൽകുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് കേന്ദ്ര സംസ്ഥാന സർവ്വീസുകളിൽ ജോലിക്കായുള്ള മത്സരപരീക്ഷകൾ, ബാങ്ക്, ഇൻഷ്വറൻസ്, പൊതുമേഖല സ്ഥാപനങ്ങളിൽ നെറ്റ്, ഗേറ്റ്, മാറ്റ് തുടങ്ങിയവയിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളെ പ്രായോഗികതയുടെയും അപേക്ഷയുടെയും പ്രശസ്തിയുടെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധരുടെ ഒരു പാനൽ തെരഞ്ഞെടുക്കുന്നു.

2016-17-ൽ 550.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ മേഖലയിലെ തൊഴിലുകൾ

(വിഹിതം : 40.00 ലക്ഷം രൂപ)

ആഗോളവത്ക്കരണത്തിന്റെ ഫലമായി ഓട്ടോമൊബൈൽ നിർമ്മാണ പരിതസ്ഥിതികളിൽ വളരെയേറെ മാറ്റം സംഭവിക്കുകയും അന്തർദേശീയതലത്തിലും ദേശീയതലത്തിലുമുള്ള വാഹന നിർമ്മാണ രംഗത്ത് മത്സരങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കമ്പനികളുമായി പൊതുമേഖലാ സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മാതൃകയിൽ ചേർന്ന് പ്രവർത്തിക്കുകയും അതുവഴി ഐ. ടി. ഐ./ഐ. ടി. സി. പാസ്സായ തെരഞ്ഞെടുത്ത 1000 മറ്റു പിന്നോക്ക വിഭാഗക്കാരായ ഡിപ്ലോമക്കാർക്ക് സാമ്പത്തിക വർഷത്തിൽ ഇത്തരം സ്ഥാപനങ്ങൾ പ്രൊഫഷണൽ പരിശീലനം നൽകുകയും ഐ. ടി. ഐ/ ഐ. ടി. സി. യോഗ്യതയുള്ളവർക്ക് മാസം 3000 രൂപയും, ഡിപ്ലോമക്കാർക്ക് 3500 രൂപയും, ബി.ടെക് കാർക്ക് 5000 രൂപയും സ്റ്റൈപ്പന്റ് ആയി നൽകുവാനും ഉദ്ദേശിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തീയാക്കിയവർക്ക് അനുയോജ്യമായ തൊഴിലുകൾ കമ്പനികൾ നൽകുന്നുവെന്ന് ഉറപ്പാക്കണം.

2016-17-ൽ 40.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

7. ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും

(വിഹിതം : 135.00 ലക്ഷം രൂപ)

സിസിടിവി പോലെയുള്ള പുതിയ ഓഫീസ് സാമഗ്രികളും ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫയൽ ട്രാക്കിംഗ് സിസ്റ്റം, വകുപ്പിലെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും ദേശീയതലത്തിൽ ഇൻസർവ്വീസ് പരിശീലന പരിപാടികൾ നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ പുതിതായി രൂപീകരിച്ച പ്രാദേശിക ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പട്ടികജാതി ഡയറക്ടറേറ്റിലേത് പോലെ മറ്റു പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റിലും ഒരു ആസൂത്രണ മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ ഉള്ള പദ്ധതിയും ഇതിൽപ്പെടുന്നു.

2016-17-ൽ 135.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

8. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (50% സംസ്ഥാന വിഹിതം)

(വിഹിതം : 3600.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം) ഒ. ബി. സി.

(വിഹിതം : 3200.00 ലക്ഷം രൂപ)

മാതാപിതാക്കാളുടെ വാർഷിക വരുമാനം 44500 രൂപയിൽ കുറവുള്ള മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പാണിത്. പ്രീമെട്രിക് ഘട്ടത്തിലോ/ ഒന്നാം ക്ലാസ്സിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. 10-ാം ക്ലാസ്സിൽ എത്തുന്നതോടെ ഈ സ്കോളർഷിപ്പ് തീരുന്നു. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു.

2016-17-ൽ 3200.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി ഈ പരിപാടിക്കായി വകയിരിത്തിയിരിക്കുന്നു.

(ബി). പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം)

(വിഹിതം : 400.00 ലക്ഷം രൂപ)

ഇടുക്കി ജില്ലയിലെ ഇടുക്കി എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുവാൻ പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപ്പ് വർഷം പദ്ധതി ലക്ഷ്യമിടുന്നു. ആവശ്യത്തിന് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ പഠനാർത്ഥം വാടക മുറികളിൽ താമസിക്കുന്നത് ഒഴിവാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കൂടാതെ ഗ്രമീണ പശ്ചാത്തലത്തിൽ നിന്ന് പഠനത്തിനായി പ്രൊഫഷണൽ കോളേജുകളിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് താമസ സൗകര്യമൊരുക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. സർക്കാർ, സർവ്വകലാശാല, അംഗീകൃത സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു. നിലവിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ്

ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല വഹിച്ച് വരുന്നതെങ്കിലും വകുപ്പിന്റെ മേൽനോട്ടം ഇക്കാര്യത്തിൽ ആവശ്യമാണ് എന്നതിനാൽ സംസ്ഥാന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗം ഈ ആവശ്യത്തിനായി നീക്കിവയ്ക്കാവുന്നതാണ്.

50 ശതമാനം സംസ്ഥാന വിഹിതമായി 400.00 ലക്ഷം രൂപ ഈ ഘടകത്തിനായി 2016-17 വർഷം വകയിരുത്തിയിരിക്കുന്നു.

**(ഡി) ന്യൂനപക്ഷ ക്ഷേമം**

1. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലുള്ള ബഹുമേഖലാ വികസന പരിപാടികൾ (25% സംസ്ഥാന വിഹിതം)

(വിഹിതം : 500.00 ലക്ഷം രൂപ)

25 ശതമാനം സംസ്ഥാന വിഹിതമായി ന്യൂനപക്ഷ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ബഹു മേഖലാ വികസന പദ്ധതിയുടെ ലക്ഷ്യം 12-ാം പദ്ധതിയിൽ ന്യൂനപക്ഷകാര്യ വകുപ്പ് വയനാട്ടിലെ 4 ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ ഒരു ടൗണും (പൊന്നാന്നി), 12 ജില്ലകളിൽ നിന്ന് 42 ക്ലസ്റ്റർ വില്ലേജുകളും തെരഞ്ഞെടുത്തു. ഇതുകൂടാതെ സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ഗ്രാമങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

2016-17-ൽ 500.00 ലക്ഷം രൂപ 25% സംസ്ഥാന വിഹിതമായി ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

**(2) സ്കോളർഷിപ്പ് പദ്ധതികൾ**

(വിഹിതം : 350.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെപറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) സി.എ/സി.എസ്./ഐ.സി.ഡബ്ല്യു.എ. തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നവർക്കുള്ള സ്കോളർഷിപ്പുകൾ

(വിഹിതം : 200.00 ലക്ഷം രൂപ)

അംഗീകാരമുള്ള സ്ഥാപനങ്ങളിൽ സി. എ., ഐ. സി. ഡബ്ല്യു. എ. കമ്പനി സെക്രട്ടറി ഷിപ്പ് എന്നീ കോഴ്സുകൾ തുടരുന്നതിനായി 2000 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പൊതുവായ വ്യവസ്ഥകളനുസരിച്ച് മെറിറ്റ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് സഹായം കൊടുക്കുന്ന ഒരു പദ്ധതിയാണിത്. മുസ്ലീം മറ്റ് ന്യൂനപക്ഷ സമുദായം എന്നിവ തമ്മിലുള്ള അനുപാതം 80 : 20 ആണ്. ന്യൂനപക്ഷം/ഭാഷാന്യൂനപക്ഷം വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് 60 ശതമാനം മാർക്ക് +2-വിന് വാങ്ങിയ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ളതാണിത്. മുകളിൽ പറഞ്ഞ സമുദായിക അനുപാതത്തിൽ നിലവിലുള്ള സ്കോളർഷിപ്പുകളിൽ 30 ശതമാനം ന്യൂനപക്ഷം/ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കായി മാറ്റിവെച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ അവർ കോഴ്സ് നടത്തിയ സ്ഥാപനത്തിന്റെ തലവൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. നിലവിലുള്ള സർക്കാർ ഉത്തരവു പ്രകാരമാണ് സഹായധനം നൽകേണ്ടത്.

2016-17-ൽ ഈ പരിപാടിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) കഴിവുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പുതിയ പദ്ധതി)

(വിഹിതം : 150.00 ലക്ഷം രൂപ)

ബിരുദാനന്തര ബിരുദം, ബിരുദം, വൊക്കേഷണൽ ഹയർസെക്കന്ററി, പ്ലസ് ടു, എസ്.എസ്.എൽ.സി. എന്നിവയിൽ എ പ്ലസ് ഗ്രേഡ് അല്ലെങ്കിൽ 90% മാർക്കിന് മുകളിൽ ലഭിച്ച ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതിയാണിത്. ഗവൺമെന്റ്/എയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇതിന് അർഹർ. ബി.പി.എൽ കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ വാർഷിക വരുമാന പരിധി 6 ലക്ഷത്തിന് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്താവുന്നതാണ്. എസ്.എസ്.എൽ.സി./ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് 10,000 രൂപയും, കോളേജ് വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് ആണ് സ്കോളർഷിപ്പ്.

2016-17-ൽ ഈ പദ്ധതിക്കായി 150.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

3. വൈദഗ്ദ്ധ്യ വികസനം

(വിഹിതം : 400.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) മത/ഭാഷാ ന്യൂനപക്ഷത്തിലെ വിദ്യാർത്ഥികൾക്കായുള്ള കരിയർ മാർഗ്ഗ നിർദ്ദേശവും വ്യക്തിത്വ വികസന പരിപാടിയും

(വിഹിതം : 100.00 ലക്ഷം രൂപ)

ഓരോ അദ്ധ്യായനവർഷത്തിന്റെയും ആദ്യ രണ്ട് പാദങ്ങളിൽ ഒരു കരിയർ മാർഗ്ഗ നിർദ്ദേശ പരിപാടി ഹൈസ്ക്കൂൾ/ഹയർസെക്കന്ററി സ്ക്കൂളുകളിൽ പഠിക്കുന്ന മതന്യൂനപക്ഷ/ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സർക്കാർ ഇതര സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി രണ്ട് ദിവസത്തെ പരിപാടി നടത്തുന്നു. 30% സീറ്റുകൾ വിദ്യാർത്ഥിനികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ബി. പി. എൽ. കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കാണ് മുൻഗണന. പ്രസ്തുത മേഖലയിലെ വിദഗ്ദ്ധരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

തക്ക സമയത്ത് വ്യക്തിത്വ വികസനം നൽകുന്നതുവഴി ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവർ എത്തിപ്പെടുന്ന എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്. ഹയർസെക്കന്ററി, ഹൈസ്ക്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ഒരുമിച്ചാണ് ഈ പരിപാടി നടത്തുന്നത്. കൂടാതെ സൗജന്യമായി താസവും ഭക്ഷണവും നൽകുന്നു നൂറോളം വിദ്യാർത്ഥികളെ ഈ രണ്ട് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കാൻ അനുവദിക്കുന്നു.

2016-17-ൽ 100.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

(ബി) നൈപുണ്യ പരിശീലനം—വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായുള്ള ഫീസ് തിരിച്ചു നൽകൽ

(വിഹിതം : 300.00 ലക്ഷം രൂപ)

ന്യൂനപക്ഷ വിഭാഗക്കാരുടെ മാനവവിഭവശേഷി വികസനത്തിന് വ്യവസായ വാണിജ്യനൈപുണ്യ പരിശീലനം അത്യാവശ്യമാണ്. വയറിംഗ്, പ്ലംബിംഗ്, തയ്യൽ, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ മെക്കാനിക്ക്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, ഗ്യാസ് വെൽഡിംഗ്, ഇരുചക്ര/മുചക്രവാഹനമെക്കാനിക്ക് ട്രെയിനിംഗ്, ചെറിയ മോട്ടോർ വാഹനങ്ങളുടെ പരിശീലന കോഴ്സ് തുടങ്ങിയവയിൽ നൈപുണ്യ പരിശീലനം നൽകുന്നു. യോഗ്യതാ പരീക്ഷയിൽ കഴിവ് തെളിയിക്കുന്ന സ്വകാര്യ ഐ. ടി. ഐ. യിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ബി. പി. എൽ. വിദ്യാർത്ഥികളുടെ അഭാവത്തിൽ വാർഷിക വരുമാന പരിധി 6 ലക്ഷത്തിന് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്താവുന്നതാണ്. 10 ശതമാനം സ്കോളർഷിപ്പ് വിദ്യാർത്ഥിനികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 3000 ന്യൂനപക്ഷ ഗുണഭോക്താക്കൾക്ക് ഈ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

2016-17-ൽ ഈ പരിപാടിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

4. അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയയുള്ള അമ്പ്രല്ലാ പദ്ധതികൾ

(വിഹിതം : 3550.00 ലക്ഷം രൂപ)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) വിവാഹ ബന്ധം വേർപെടുത്തിയ/വിധവകളായ/ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകൾക്കുള്ള ഭവന പദ്ധതി

(വിഹിതം : 3100.00 ലക്ഷം രൂപ)

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവരാണ് ഈ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ, ഭവന നിർമ്മാണത്തിന്റെ നിരക്ക് സർക്കാർ മാനദണ്ഡപ്രകാരമായിരിക്കും. ഓരോ ജില്ലയിലുമുള്ള ന്യൂനപക്ഷ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് വീടുകൾ ഓരോ ജില്ലയ്ക്കും അനുവദിക്കുന്നത്. 2016-17-ൽ ഏകദേശം 1550 ന്യൂനപക്ഷ സ്ത്രീകൾക്ക് ഇതുവഴി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

2016-17-ൽ ഈ പരിപാടിക്കായി 3100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണം പദ്ധതി

(വിഹിതം : 450.00 ലക്ഷം രൂപ)

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളായ കടലോരത്തും മലയോര പ്രദേശങ്ങളിലും കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യത കാണാൻ കഴിഞ്ഞിട്ടുണ്ട്. കടലോരമേഖലകളിൽ ശുദ്ധജലത്തിന്റെ അപര്യാപ്തതയുണ്ട്. മലയോരപ്രദേശങ്ങളിൽ വെള്ളം ചില സമയങ്ങളിൽ മാത്രം ലഭ്യമാകുന്നു. വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. ശുദ്ധജലലഭ്യത അനിവാര്യമായതിനാൽ ഈ മേഖലകളിൽ ശുദ്ധജലവിതരണം നടത്തേണ്ടതുണ്ട്. കേരള സംസ്ഥാന വാട്ടർ അതോറിറ്റി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന വാട്ടർ അതോറിറ്റി മുൻകൂട്ടി കണ്ടെത്തിയ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

2016-17-ൽ ഈ പരിപാടിക്കായി 450.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം

(വിഹിതം : 1500.00 ലക്ഷം രൂപ)

കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം ലക്ഷ്യമിട്ട് കമ്പനി ആക്ട് പ്രകാരം രൂപീകൃതമായതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തികവും മറ്റു ജീവിതരീതികളും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരവും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിലും അംഗീകരിച്ചതാണിത്. 15 ശതമാനം വിഹിതം സംസ്ഥാന സർക്കാർ കൊടുക്കുകയാണെങ്കിൽ 85 ശതമാനം തുക സാമ്പത്തിക സഹായമായിട്ട് കെ. എസ്. എം. ഡി. എഫ്. സി.-ക്ക് കൊടുക്കാൻ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ സന്നദ്ധമാണ്.

2016-17-ൽ ഈ പരിപാടിക്കായി 1500.00 ലക്ഷം രൂപ ഓഹരി മൂലധനമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വകയിരുത്തിയിരിക്കുന്നു.

## ഇ. മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (ക്ലിപ്തം)

(വിഹിതം : 3500.00 ലക്ഷം രൂപ)

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അംഗങ്ങളുടെ സമഗ്ര വികസനവും ക്ഷേമ പ്രവർത്തനവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. 2016-17 വർഷം താഴെ പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

| *ക്രമ നമ്പർ* | *പ്രവർത്തനങ്ങൾ/ഘടകങ്ങൾ* | *തുക (ലക്ഷത്തിൽ)* |
|---|---|---|
| 1 | ഓഹരി മൂലധന സഹായം | 1000.00 |
| 2 | പ്രവർത്തന ചെലവുകൾ | 60.00 |
| 3 | സ്കോളർഷിപ്പ് | 1500.00 |
| 4 | കോച്ചിങ്ങ് ക്ലാസ്സുകളുടെ സംഘാടനവും നടത്തിപ്പും | 140.00 |
| 5 | സ്വയം തൊഴിലിന് ധനസഹായം | 400.00 |
| 6 | സംരംഭകത്വ/നൈപുണ്യ വികസന പ്രവർത്തനങ്ങൾ | 100.00 |
| 7 | ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം/നവീകരണത്തിനുള്ള ധനസഹായം | 300.00 |
| | **ആകെ** | **3500.00** |

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അംഗങ്ങളുടെ മുകളിൽ സൂചിപ്പിച്ച ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ മാനദണ്ഡങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 2016-17 വാർഷിക ബഡ്ജറ്റിൽ 3500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.12 സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2016-17 ബഡ്ജറ്റിൽ പോഷകാഹാര പരിപാടികൾ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷിതത്വ ക്ഷേമമേഖലയ്ക്ക് ആകെ 58352.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകുപ്പ്/ഏജൻസി തിരിച്ചുള്ള 2016-17-ലെ വിഹിതം താഴെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വകുപ്പ്/ഏജൻസി | വകയിരുത്തിയ വിഹിതം |
|---|---|---|
| 1 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് | 21972.95 |
| 2 | കേരള സാമൂഹ്യസുരക്ഷാ മിഷൻ | 9637.05 |
| 3 | ജയിൽ വകുപ്പ് | 1725.00 |
| 4 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 950.00 |
| 5 | കേരള വനിതാ കമ്മീഷൻ | 310.00 |
| 6 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 415.00 |
| 7 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | 1000.00 |
| 8 | വൈകല്യമുള്ളവർക്കായുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | 110.00 |
| 9 | സൈനികക്ഷേമ വകുപ്പ് | 15.00 |
| 10 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 80.00 |
| 11 | പോഷകാഹാരം | 22137.00 |
| | ആകെ | 58,352.00 |

പ്രോജക്ടുകൾക്ക്/സ്കീമുകൾക്ക് ഭരണാനുമതി നൽകുമ്പോൾ ഇതിലെ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കേണ്ടതും ഭൗതിക ലക്ഷ്യങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതുമാണ് (സാദ്ധ്യമായിടത്തെല്ലാം വനിതാ ഘടകം വ്യക്തമാക്കിക്കൊണ്ട്). 2016-17-ലെ സ്കീം/സ്ഥാപന അടിസ്ഥാനത്തിലുള്ള തുകയുടെ വിവരം താഴെ ചേർത്തിരിക്കുന്നു:

### 1. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

(വിഹിതം: 415.00 ലക്ഷം രൂപ)

ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസവും അവർക്ക് മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കാൻ വേണ്ടി 1979-ൽ സ്ഥാപിതമായതാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. താഴെ പറയുന്ന പരിപാടികളുടെ മുൻഗണനാ ക്രമത്തിലുള്ള നടത്തിപ്പിനായി 2016-17-ൽ 415.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകകൊള്ളിക്കുന്നു:

- സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പാ സബ്സിഡി)
- വൈകല്യമുള്ളവർക്കുള്ള സഹായസാമഗ്രികളുടെ സൗജന്യ വിതരണം.
- മോട്ടോറൈസ്ഡ് അഡാപ്റ്റീവ് ഇരുചക്രവാഹനങ്ങൾക്കുള്ള സബ്സിഡി.
- വൈകല്യമുള്ളവരുടെ പുനരധിവാസത്തിനും ശാക്തീകരണത്തിനുമുള്ള സംസ്ഥാന പദ്ധതി.
- വൈകല്യമുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹന വിതരണം.
- എൻ. എച്ച്. എഫ്. ഡി. സി. വായ്പയുടെ കോർപ്പറേഷൻ വിഹിതം.
- വൈകല്യം ബാധിച്ച ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള സ്ഥിരനിക്ഷേപ പദ്ധതി.
- സ്റ്റേറ്റ് റിസോഴ്സ് സെന്റർ.
- സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം.
- വൃദ്ധസദനം, പാഠശാല.
- വൈകല്യസൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.
- ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി.
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയിസ് എൻഹാൻസ്ഡ് സോഫ്റ്റ്‌വെയർ സംവിധാനമുള്ള ലാപ്ടോപ്, പവേർഡ് ബഡ് തുടങ്ങിയ ആധുനിക സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ സൗജന്യ വിതരണം.

### 2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്

(വിഹിതം: 1000.00 ലക്ഷം രൂപ)

മൂകരും ബധിരരുമായവർക്ക് പുനരധിവാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1997-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം തുടങ്ങിയത്. കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുനഃസ്ഥാപിക്കുക, പ്രീ-സ്കൂൾ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ഗൈഡൻസ് പരിപാടി, ഇ. എൻ. റ്റി. സേവനങ്ങൾ, മനഃശാസ്ത്ര സേവനങ്ങൾ, സ്പീച്ച് തെറാപ്പി, കേൾവിശക്തി കുറഞ്ഞവർക്കുള്ള ബിരുദ കോഴ്സുകൾ, മനുഷ്യവിഭവശേഷി വികസനത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ തുടങ്ങിയ സൗകര്യങ്ങളാണ് ഇപ്പോൾ ഈ സ്ഥാപനത്തിൽ ഉള്ളത്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു:

- പ്രാരംഭ ഇടപെടൽ പദ്ധതികൾ.
- ക്യാമ്പസ് വിപുലീകരണം.
- ഹിയറിംഗ് ആന്റ് സ്പീച്ച് ലാംഗ്വേജ് ഡിസ്ഓർഡർ പരിപാടി.
- ന്യൂറോ ഡവലപ്മെന്റ് സയൻസ് പരിപാടി.
- അക്കാഡമിക് പരിപാടികൾ.
- മനശ്ശാസ്ത്രം, ആരോഗ്യ അനുബന്ധ സേവനങ്ങൾ.
- ഐ.റ്റി.ക്ക് പശ്ചാത്തല സൗകര്യം ഏർപ്പെടുത്തൽ.

### 3. വൈകല്യമുള്ളവർക്കുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ്

(വിഹിതം: 110.00 ലക്ഷം രൂപ)

വൈകല്യമുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ വികസനക്ഷേമ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി

കേന്ദ്രസർക്കാർ അംഗപരിമിതർക്കായുള്ള ദേശീയനയം (പി. ഡബ്ലിയു. ഡി. ആക്ട്) 1995-ൽ പാസ്സാക്കുകയുണ്ടായി. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുമായി 1999-ൽ കേരളത്തിൽ സ്റ്റേറ്റ് കമ്മീഷണറേറ്റ് രൂപീകരിച്ചു. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ 2016-17-ൽ 110.00 ലക്ഷം രൂപ വകയിരുത്തുന്നു:

- സ്റ്റേറ്റ് പോളിസി ബ്രോഷറുകൾ, സിറ്റിസൺ ചാർട്ടർ എന്നിവയുടെ പ്രസിദ്ധീകരണവും വൈകല്യ വിഷയ രചനകൾക്കുള്ള അവാർഡ്ദാനവും.
- വൈകല്യമുള്ളവർക്ക് വിനോദ പരിപാടി സംഘടിപ്പിക്കലും അവരെ സ്പോർട്സിൽ സജ്ജമാക്കലും.
- സെമിനാർ, നിയമസഹായം അവബോധന പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ ടി. എ. ഉൾപ്പെടെ.
- അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള പ്രസിദ്ധീകരണം, അവബോധം സൃഷ്ടിക്കൽ, വിദ്യാഭ്യാസ പരിപാടികൾ.

4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

(വിഹിതം : 765.00 ലക്ഷം രൂപ)

വനിതാ വികസനത്തിനും ക്ഷേമത്തിനുമുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് 1988-ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപീകരിച്ചു. 2016-17-ൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 765.00 ലക്ഷം രൂപ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി വകയിരുത്തുന്നു:

- വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി.
  എൻ. ബി. സി. എഫ്. ഡി. സി./
  എൻ. എം. ഡി. എഫ്. സി./
  എൻ. എസ്. എഫ്. ഡി. സി.
- സ്വയംതൊഴിൽ വായ്പാപദ്ധതി (പൊതുവിഭാഗം)
- ഇ. ഡി. പി. പ്രോഗ്രാം, ബോധവത്കരണ ക്യാമ്പുകൾ, തൊഴിൽ പരിശീലനവും പ്രദർശനങ്ങളും.
- ഉദ്യോഗസ്ഥ വനിതകൾക്ക് ഹോസ്റ്റൽ.
- സ്റ്റെപ്പ്—തൊഴിൽ പരിശീലന പരിപാടി.
- സർവ്വേ, റിപ്പോർട്ട് ആന്റ് ഡോക്കുമെന്റേഷൻ.
- ഷീ-ടോയിലറ്റ്/നാപ്കിൻ വെന്റിംഗ് മെഷീൻ/ഇൻസിനറേറ്റർ.

5. ഷോർട്ട് സ്റ്റേ ഹോമുകളുൾപ്പെടെയുള്ള വനിതാ വികസന പരിപാടികൾ

(വിഹിതം : 1200.00 ലക്ഷം രൂപ)

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിയമം, പ്രിവൻഷൻ ഓഫ് ഇമ്മോറൽ ട്രാഫിക്കിംഗ് നിയമം തുടങ്ങിയ നിയമങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കാൻ ഈ പദ്ധതി ഊന്നൽ കൊടുക്കുന്നു. നിർഭയാ പോളിസി, ലിംഗ സമത്വ അവബോധന പരിപാടികൾ, സ്ത്രീശാക്തീകരണ പരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ നടപ്പാക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

(എ) നിർഭയാ പരിപാടികൾ :

- കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ പുതിയ നിർഭയാ ഷെൽട്ടർ ഹോമുകൾ തുടങ്ങുക.
- നിർഭയാ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തന ചിലവുകൾ വൺസ്റ്റോപ്പ് ക്രൈസിസ് സെൽ ടെലി-കൗൺസലിംഗ് സെന്റർ, അന്തേവാസികളുടെ ആരോഗ്യ സംബന്ധമായ ചിലവ് ഉൾപ്പെടെ.
- വിദ്യാഭ്യാസ ധനസഹായം, സ്വയംതൊഴിൽ ഉൾപ്പെടെയുള്ള തൊഴിൽ പരിശീലനം, അന്തേവാസികൾക്ക് കൗൺസിലിംഗ് സംവിധാനം, മുൻ അന്തേവാസികൾക്കുള്ള തുടർസേവനങ്ങൾ.
- നിർഭയാ ഷെൽട്ടർ ഹോമുകളിൽ ചെറുകിട വ്യവസായ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക.
- ലൈംഗിക ദുരുപയോഗം ദുഷിച്ച മാർഗ്ഗത്തിലുള്ള സഞ്ചാരം എന്നിവ തടയാനുള്ള പരിശീലനവും അവബോധന പരിപാടികളും
- ജാഗ്രതാസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ.
- നിർഭയാ ഷെൽട്ടർ ഹോമുകളിൽ തയ്യൽ യൂണിറ്റുകൾ തുടങ്ങുക.

(ബി) ജെൻഡർ അവബോധന പരിപാടികൾ:

- പി. ഡബ്ലിയു. ഡി. വി. കേസുകൾ സിവിൽ കേസ് ആയതിനാൽ അവ കൈകാര്യം ചെയ്യാൻ വക്കീലന്മാരെ ചുമതലപ്പെടുത്തുക.
- ഓരോ ജില്ലയിലും ഒരു മെസഞ്ചറെ നിയോഗിക്കുക.
- ഗാർഹിക പീഡനത്തിന് വിധേയരായവർക്ക് നിയമ കൗൺസലിംഗ് ഏർപ്പെടുത്താൻ 111 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് ധനസഹായം.
- താഴെ തട്ടിലുള്ള അവബോധന പരിപാടികൾ, വീഡിയോ ക്യാമ്പയിനുകൾ, പി. ഡബ്ല്യയു. ഡി. പി. നിയമത്തിന്റെ കീഴിൽ വരുന്ന തൽപ്പരകക്ഷികളുടെ കഴിവ് വർദ്ധിപ്പിക്കാനുള്ള പരിപാടികൾ.
- പുതിയ കൗൺസലിംഗ് സെന്ററുകൾ തുടങ്ങുകയും പ്രത്യേക സേവനങ്ങൾ ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തലും.
- ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനങ്ങൾ-വാടക ഉൾപ്പെടെ ഷെൽട്ടർ ഹോമുകൾക്കുള്ള ഗ്രാന്റ്, വസ്ത്രം, ആഹാരം, ആരോഗ്യ ചെലവുകൾ, സ്റ്റാഫിന്റെ ഹോണറേറിയം, തൊഴിൽ പരിശീലനം, സ്വയംതൊഴിൽ കൗൺസിലിംഗിനുള്ള ധനസഹായം, സ്വഭാവ പരിശീലനം, നിയമ സഹായ ഹെൽപ്പ്ലൈൻ, മാർഗ്ഗ നിർദ്ദേശം നൽകൽ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ.

- ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം- ജെൻഡർ അഡ്വൈസറുടെയും സ്റ്റാഫിന്റെയും വേതനവും അലവൻസും, വാഹനങ്ങളുടെ പി. ഒ. എൽ. ആന്റ് മെയിന്റനൻസ് ചാർജ്ജ്, ജെൻഡർ അഡ്വൈസറി കമ്മിറ്റിയുടെ ചെലവ്, ജെൻഡർ പ്ലാനിംഗ്, ജെൻഡർ ബഡ്ജറ്റിംഗ്, ജെൻഡർ ആഡിറ്റിംഗ്, ഡിപ്പാർട്ടുമെന്റൽ ജെൻഡർ ആക്ഷൻ പ്ലാനിന്റെ നിർവ്വഹണം, സെഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക്പ്ലേസ് (പ്രിവൻഷൻ, പ്രൊഹിബിഷൻ ആന്റ് റിഡ്റെസ്സൽ) ആക്ട്, 2013-ന്റെ നിർവ്വഹണത്തിന്റെ മോണിട്ടറിംഗ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ.
- ലിംഗസമത്വവും സ്ത്രീശാക്തീകരണവും
- ട്രൈബൽ പ്രദേശങ്ങളിലെ നീതി സുരക്ഷിതമാക്കുക.
- സ്കൂളുകളിൽ നിർഭയാ പ്രതിരോധ പരിപാടികൾ ആവിഷ്ക്കരിക്കുക.
- പൂജപ്പുര നിർഭയാ ഷെൽട്ടർ ഹോമിൽ ഡിസ്പെൻസറി തുടങ്ങുക.

(സി) സ്ത്രീ ശാക്തീകരണ പരിപാടികൾ:

- സ്വന്തം വീട്ടിൽ കഴിയുന്ന മാനസിക വൈകല്യമുള്ള വനിതകൾക്ക് ധനസഹായം നൽകൽ.
- വൺഡേ ഹോമുകളുടെയും ഉദ്യോഗസ്ഥ വനിതകൾക്കുള്ള ഹോസ്റ്റലുകളുടെയും പ്രവർത്തനം.
- വനിത ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ധനസഹായം.
- ജെൻഡറുമായി ബന്ധപ്പെട്ട അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ.
- പാർശ്വവത്കരിക്കപ്പെട്ട വിധവകൾ, ഏകവനിത, എയ്ഡ്സ്, എച്ച്. ഐ. വി. പോസിറ്റീവ് എന്നീ രോഗം ബാധിച്ച വനിതകൾ, എയ്ഡ്സ് രോഗികളുടെ കുട്ടികൾ എന്നിവർക്കുള്ള സ്ഥാപന/സ്ഥാപനേതര സേവനങ്ങൾ.
- ഡിപ്പാർട്ട്മെന്റൽ ജെൻഡർ ആക്ഷൻ പ്ലാൻ, വനിതാ ഘടക പദ്ധതി എന്നിവയ്ക്ക് രൂപം കൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.
- മുതിർന്ന വനിതകൾക്കുവേണ്ടി ഡേ കെയർ സെന്ററുകൾ തുടങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തൽ.
- അഭയസ്ഥാനമില്ലാത്ത വിധവകൾക്ക് അഭയവും കുടുംബ ചുറ്റുപാടും നൽകുന്ന ബന്ധുക്കൾക്കുള്ള സഹായം.
- നാഷണൽ മിഷൻ ഫോർ എംപവ്വർമെന്റ് ഓഫ് വിമണിന്റെ കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്റർ.
- ഹോം നഴ്സുകൾക്കുള്ള പരിശീലനം.

(ഡി) വനിതാ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള പരിപാടികൾ :

- ട്യൂഷൻ ഫീസ്, താമസച്ചിലവ്, പഠന ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസഹായം.
- വനിതാക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും തൊഴിൽ പരിസീലനം നൽകലും, സ്വയം തൊഴിലിന് ധനസഹായം നൽകലും.
- വിവാഹത്തിനുള്ള ധനസഹായം.
- മുൻ അന്തേവാസികളുടെ വാർഷിക ഒത്ത് ചേരലും, വിജയം കൈവരിച്ച വ്യക്തികളുടെ വിജയഗാഥകളുടെ പ്രദർശനവും
- കൗൺസലിംഗും ആരോഗ്യ ചെലവുകളും.
- വനിതാ ക്ഷേമ സ്ഥാപനങ്ങളിൽ തയ്യൽ യൂണിറ്റുകൾ ആരംഭിക്കുക.

2016-17-ൽ 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

6. കേരള വനിതാ കമ്മീഷൻ

(വിഹിതം : 185.00 ലക്ഷം രൂപ)

കേരള വനിതാ കമ്മീഷൻ 1996-ൽ നിലവിൽവന്നു. കേരളത്തിലെ വനിതകളുടെ നിലവാരം മെച്ചപ്പെടുത്താനും, സ്ത്രീകൾക്കെതിരായ അനീതികളെപ്പറ്റി അന്വേഷണം നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് വനിതാ കമ്മീഷന്റെ ലക്ഷ്യം. സ്ത്രീ സമൂഹത്തെ ശാക്തീകരിക്കുക, എല്ലാ തരത്തിലുമുള്ള അനീതിയ്ക്കെതിരെ പോരാടാൻ അവരെ സജ്ജമാക്കുക എന്നീ ദ്വിമുഖ പ്രവർത്തനങ്ങളിലൂടെ സ്ത്രീ സമൂഹത്തിന്റെ നഷ്ടപ്പെട്ട സ്ഥാനം വീണ്ടെടുക്കാൻ വനിതാ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം കൈവരിക്കാൻ 2016-17 താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു:

- ലീഗൽ വർക്ക് ഷോപ്പുകൾ/സെമിനാറുകൾ.
- അദാലത്തുകൾ.
- ഡി. എൻ. എ. ടെസ്റ്റ്
- ഹ്രസ്വകാല ഭവനങ്ങൾ.
- സ്ത്രീശക്തി ന്യൂസ്ലെറ്ററിന്റെ പ്രസിദ്ധീകരണം.
- ജാഗ്രതാസമിതി അംഗങ്ങൾക്കുള്ള പരിശീലനം.
- ലൈബ്രറി വികസനം.
- ഗവേഷണം/വിലയിരുത്തൽ പഠനം.
- പൂർണ്ണസമയ കൗൺസിലർമാർക്കുള്ള പ്രതിഫലം.
- ഓഫീസ് ഓട്ടോമേഷൻ

കമ്മീഷന്റെ മുകളിൽ പറഞ്ഞ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2016-17 വർഷം 185.00 ലക്ഷം രൂപ വകയിരുത്തുന്നു.

7. നിലവിലുള്ള സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം

(വിഹിതം : 600.00 ലക്ഷം രൂപ)

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 380 ഓഫീസുകളും 78 ക്ഷേമ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ക്ഷേമസ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് വകുപ്പിന്റെ ചുമതലയാണ്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു:

- സാമൂഹ്യനീതി സ്ഥാപനങ്ങൾക്കും ക്ഷേമസ്ഥാപനങ്ങൾക്കും സ്വന്തമായി കെട്ടിടം.
- ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും സ്പിൽ ഓവർ പണികളുടെ പൂർത്തീകരണവും.
- സാമൂഹ്യനീതി സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പുതുക്കലും, വിപുലീകരണവും റിപ്പയറും.
- ആശാഭവൻ (വനിത), തൃശ്ശൂർ കെട്ടിട നിർമ്മാണ പൂർത്തീകരണം.
- വൃദ്ധസദനം, കണിയാംമ്പറ്റ, വൃദ്ധസദനം, പൂജപ്പുര എന്നിവയ്ക്ക് ചുറ്റുമതിൽ നിർമ്മാണം.
- കൊല്ലം ഒബ്സർവേഷൻ ഹോമിന്റെ പണിയുടെ പൂർത്തീകരണം.
- പ്രതീക്ഷാ ഭവൻ, മലപ്പുറത്തിന്റെ വിപുലീകരണ പണികൾ.
- ഒബ്സർവേഷൻ ഹോം, എറണാകുളത്തിന്റെ പുതുക്കി പണിയലും പുനരധിവാസപ്പണിയും.
- ആശാഭവൻ (വനിത), കോഴിക്കോടിന്റെ വിപുലീകരണവും റിപ്പയർ പണികളും.
- മലപ്പുറം മഹിളാ മന്ദിരത്തിന്റെ പണികൾ.
- കോഴിക്കോട് വെള്ളിമാട്കുന്ന് ആഫ്റ്റർ കെയർഹോമിന് ആഡിറ്റോറിയം നിർമ്മിക്കുക (ഒന്നാം നില).

2016-17-ൽ 600.00 ലക്ഷം രൂപ വകയിരുത്തുന്നു.

8. പാർശ്വവത്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

(വിഹിതം : 1725.00 ലക്ഷം രൂപ)

ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി താഴെ പറയുന്ന സാമൂഹ്യ നിയമങ്ങൾ നടപ്പിലാക്കേണ്ടത് നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പാണ്.

- അംഗപരിമിതർക്കായുള്ള ദേശീയനയം, 1995 (തുല്യ അവസരങ്ങൾ, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം).
- മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007.
- വയോജന നയം, 2013.
- പോഷകാഹാര നയം.
- സർക്കാർ-പൊതുജന പങ്കാളിത്തം സംബന്ധിയായ നയം.
- വൈകല്യമുള്ളവരുടെ അവകാശങ്ങളും അതിന്റെ നിർബന്ധമല്ലാത്ത പെരുമാറ്റചട്ടങ്ങളുടെ സംരക്ഷണവും.
- തിരസ്ക്കരിക്കപ്പെട്ട വനിതകൾ, കുട്ടികൾ, അഗതികൾ എന്നിവരുടെ സംരക്ഷണം.
- ട്രാൻസ്ജെൻഡർ പോളിസി.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

താഴെ പറയുന്ന പരിപാടികളാണ് 2016-17-ൽ നിർദ്ദേശിച്ചിട്ടുള്ളത്.

(എ) വയോജന നയം 2013-ന്റെ പരിപാടികൾ:

- പൊതുസ്ഥാപനങ്ങൾ, ഉപയോഗവസ്തുക്കൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ വയോജന സൗഹൃദ പരമാക്കിത്തീർക്കുക.
- വയോജനങ്ങൾക്ക് ഐ.സി.റ്റി. എനേബിൾഡ് ഇൻഡിപെൻഡന്റ് ലിവിംഗ് തരപ്പെടുത്തുക.
- വൃദ്ധസദനങ്ങളിലെ പരിരക്ഷയ്ക്ക് നിലവാരം ഉയർത്താനുള്ള പദ്ധതികൾ.
- മെയിന്റനൻസ് ഓഫ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007-ന്റെ ഫലപ്രദമായ നിർവ്വഹണം.
- ഉപേക്ഷിക്കപ്പെട്ട മുതിർന്ന പൗരൻമാരുടെ പരിരക്ഷയും സംരക്ഷണവും.
- മെയിന്റനൻസ് ട്രൈബ്യൂണലിലുള്ള കോൺസിലിയേഷൻ ആഫീസർമാരുടെ ഹോണറേറിയം
- മുതിർന്ന പൗരൻമാർക്ക് എല്ലാ ജില്ലകളിലും ഹെൽപ്പ്ലൈൻ സജ്ജമാക്കൽ.
- മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്ക് അവബോധം സൃഷ്ടിക്കൽ.
- വയോജന-സൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസ്ഥാപിതമാക്കുകയും ശയ്യാവലംബരായ മുതിർന്ന പൗരൻമാരുടെ പരിരക്ഷയ്ക്കുവേണ്ടി പാലിയേറ്റീവ് കെയർ നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- മുതിർന്നവരുടെ പരിരക്ഷ-അൾഷിമിയേഴ്സ്, പർക്കിൻസൺസ് എന്നീ രോഗങ്ങൾക്കുള്ള പ്രാരംഭ ഇടപെടലുകൾ, ആരും നോക്കാനില്ലാതെ ഒറ്റയ്ക്ക് താമസിക്കുന്ന അഗതിയായ മുതിർന്ന പൗരന്മാർക്ക് പോഷകാഹാരം, യോഗ, മെഡിക്കൽ ക്യാമ്പ്, മ്യൂസിക് തെറാപ്പി, ഹോൾട്ടികൾച്ചർ തെറാപ്പി, കൗൺസലിംഗ് സർവ്വീസസ്, മരുന്ന് വാങ്ങൽ, അനുബന്ധ സാമഗ്രികൾ, മൊബിലിറ്റി സപ്പോർട്ട് എന്നിവ വൃദ്ധസദനങ്ങളിൽ ഏർപ്പെടുത്തുക.
- വയോജന സംരക്ഷണ പദ്ധതി.

(ബി) അംഗപരിമിതർക്കായുള്ള നയം 1995-ന്റെ പരിപാടികൾ:

- വൈകല്യം തടയുക, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയിലുള്ള അവബോധന പരിപാടികൾ.
- വൈകല്യം ഉണ്ടാകുന്നതും അത് സംഭവിക്കുന്ന രീതിയെക്കുറിച്ചുമുള്ള സർവ്വേ, അന്വേഷണം, റിസർച്ച് എന്നിവ ഏറ്റെടുക്കൽ.
- വൈകല്യം തടയുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഏറ്റെടുക്കുക.

- പ്രീ-സ്കൂൾ, സ്കൂൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടി വർക്കേഴ്സ് എന്നിവയിലൂടെയുള്ള ബോധവൽക്കരണം.
- ഓപ്പൺ സ്കൂൾ അല്ലെങ്കിൽ ഓപ്പൺ യൂണിവേഴ്സിറ്റീസ് മുഖേനയുള്ള പഠന സൗകര്യം ഏർപ്പെടുത്തൽ, അംഗപരിമിതരായ കുട്ടികളുടെ പഠനാവശ്യത്തിന് സ്പെഷ്യൽ ബുക്കുകൾ, യൂണിഫോം, മറ്റ് സാമഗ്രികൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുക.
- തൊഴിൽ പരിശീലനവും പ്രൊഫഷണൽ പരിശീലനവും സർക്കാർ സ്ഥാപനങ്ങളിലൂടെ നേടാൻ സാമ്പത്തിക സഹായം.
- ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികളുടെ വിവാഹത്തിനും ഇത്തരത്തിലുള്ള ദമ്പതിമാരുടെ കുട്ടികൾക്കുമുള്ള ധനസഹായം.
- അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുക:
  1. 80 ശതമാനത്തിലേറെ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.
  2. അന്ധർക്കുള്ള ചലന സഹായ ഉപകരണങ്ങൾ.
  3. കാഴ്ചശക്തി കുറഞ്ഞവർക്ക് മാഗ്നിഫൈയിംഗ് ഗ്ലാസ്സ്.
  4. ബ്രയിലി കിറ്റ്, സംസാരിക്കുന്ന കാൽക്കുലേറ്റർ, ഡെയ്സിപ്ലെയർ തുടങ്ങിയവ.
- തളർവാത രോഗികൾക്കുള്ള പുനരധിവാസ പരിപാടികൾ.
- ആദ്യ രണ്ട് വർഷം അന്ധരായ അമ്മമാർക്ക് അവരുടെ കുട്ടികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള ധനസഹായം.
- അംഗപരിമിതരുടെ പ്രത്യേക ഗ്രൂപ്പിന് സ്വയംതൊഴിലിനുള്ള റിവോൾവിംഗ് ഫണ്ട്.
- നാഷണൽ/ഇന്റർനാഷണൽ തലത്തിൽ കലാകായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്ന അംഗപരിമിതർക്ക് എക്സ്ഗ്രേഷ്യാ നൽകുക.
- അംഗപരിമിതർക്ക് പ്രതിബന്ധ വിമുക്ത സംവിധാനം ഏർപ്പെടുത്താൻ സഹായം നൽകുക.
- എൻ.ജി.ഒ.-കളുടെ സഹായത്തോടെ ബുദ്ധിമാന്ദ്യം ബാധിച്ചവർക്ക് സംരക്ഷണവും, പുനരധിവാസവും പരിരക്ഷയും ഏർപ്പെടുത്തൽ.
- യോഗാതെറാപ്പി, മാനസിക ആരോഗ്യ പരിപാലനം, പുനരധിവാസ പരിപാടികൾ എന്നിവ അംഗപരിമിതർക്കായി സംഘടിപ്പിക്കുക.
- നാഷണൽ ട്രസ്റ്റ് ആക്ടിന്റെ നിർവ്വഹണം ശക്തിപ്പെടുത്തുക.

(സി) ട്രാൻസ്ജെൻഡർ പോളിസിയുമായിട്ട് ബന്ധപ്പെട്ട പരിപാടികൾ:

- തൊഴിൽ പരിശീലനത്തിനും സ്വയംതൊഴിലിനുമുള്ള ധനസഹായം.
- 60 വയസ്സിന് മുകളിലുള്ള വിധവകളായ ട്രാൻസ്ജെൻഡറുകൾക്കുള്ള പെൻഷൻ.
- ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എൻ.ജി.ഒ. കളുമായി ചേർന്ന് ക്ഷേമ പരിപാടികൾ ആവിഷ്കരിക്കുക.
- സ്കൂൾ വിട്ട് പോകുന്നവരുടെ എണ്ണം കൂടുതലായതിനാൽ അവരുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള ധനസഹായം, സെക്സ് റീ-അസൈയിൻമെന്റ് സർജറി വൈദ്യ ഉപദേശത്തിന്റെ പിൻബലത്തോടെ സർക്കാർ ആശുപത്രികളിൽ നടത്തുക, എച്ച്.ഐ.വി. സീറോ സർവ്വലയൻസ് സെന്ററുകൾ ട്രാൻസ്ജെൻഡറുകൾക്കു വേണ്ടി ആരംഭിക്കുക.
- ട്രാൻസ്ജെൻഡർ-പരിചരണവും ധാർമ്മിക നീതി ഉറപ്പാക്കലും.
- ട്രാൻസ്ജെൻഡർ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക.

(ഡി) പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള മറ്റ് പരിപാടികൾ:

- വിദ്യാഭ്യാസ സഹായം, ട്യൂഷൻ ഫീസ്, യാത്രാബത്ത, പഠന ഉപകരണങ്ങൾ വാങ്ങാനുള്ള സഹായം, വിനോദ പരിപാടികൾ, ലൈബ്രറി സംവിധാനം, ആരോഗ്യ ചെലവ് തുടങ്ങിയ സൗകര്യങ്ങൾ ആഫ്റ്റർ കെയർ ഹോമുകളിലെ അന്തേവാസികൾക്ക് നൽകുക.
- സ്ട്രീറ്റ് ലൈറ്റ് പ്രോജക്ട് നടപ്പാക്കൽ.
- വൈകല്യമുള്ളവരുടെ അവകാശങ്ങളും അതിന്റെ നിർബന്ധമല്ലാത്ത പെരുമാറ്റച്ചട്ടങ്ങളുടെ സംരക്ഷണ പരിപാടികളും.
- തിരസ്കരിക്കപ്പെട്ട അഗതികളും/ഉപേക്ഷിക്കപ്പെട്ടവരുമായ വനിതകളുടെയും കുട്ടികളുടെയും സംരക്ഷണം.
- സംസ്ഥാനത്തിനകത്തും പുറത്തും ഉണ്ടായിട്ടുള്ള വർഗ്ഗീയ ലഹളകളിൽ ഇരയായവർക്കുള്ള സ്ഥാപന സേവനങ്ങൾ ഉൾപ്പെടെയുള്ള പരിചരണ സംരക്ഷണം.
- ദുർബല വിഭാഗക്കാരുടെ പരിരക്ഷ, സംരക്ഷണം, പുനരധിവാസം, ശാക്തീകരണം എന്നിവ മുൻനിർത്തി സർക്കാർ നയങ്ങൾ, അന്തർദേശീയ കൺവൻഷൻ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതും കേന്ദ്ര സർക്കാർ അംഗീകരിച്ചതുമായ വ്യവസ്ഥകളുടെയും പദ്ധതികളുടെയും നിർവ്വഹണം.
- പ്രൊബേഷൻ സേവനത്തിന്റെ കീഴിൽ വരുന്ന നേർവഴി പ്രോജക്ട് നടപ്പാക്കൽ.
- കമ്മ്യൂണിറ്റി അടുക്കളയുടെ പ്രവർത്തനം.

2016-17-ൽ 1725.00 ലക്ഷം രൂപ വകയിരുത്തുന്നു.

9. <u>ജയിൽ വിമുക്തരായ കുറ്റവാളികൾ, പീഢിതർ എന്നിവരുടെ പുനരധിവാസവും തുടർ സേവനവും</u>

(വിഹിതം : 180.00 ലക്ഷം രൂപ)

ജയിൽ വിമുക്തരായ കുറ്റവാളികളേയും, അക്രമത്തിനിരയായവരേയും, പ്രത്യേകിച്ച് സ്ത്രീകളെ പുനരധിവസിപ്പിക്കാൻ സാമൂഹ്യനീതിവകുപ്പിനെയാണ് ഏൽപ്പിക്കുന്നത്. അവരുടെ പുനരധിവാസം കുട്ടികൾക്കുള്ള വിദ്യാഭ്യാസം എന്നിവ അവർക്കായി നൽകേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന പരിപാടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്:

- മുൻ കുറ്റവാളികൾക്കും അന്തേവാസികൾക്കും പ്രൊബോഷണർമാർക്കും ദരിദ്രരായ കുറ്റവാളികളുടെ ആശ്രിതർക്കുമുള്ള ധനസഹായം.
- കുറ്റവാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം.
- ദരിദ്രരായ കുറ്റവാളികൾക്കുള്ള പദ്ധതികളും ഗാർഹിക പീഢനങ്ങൾക്ക് ഇരയാകുന്ന വനിതകൾ, കുട്ടികൾ എന്നിവരുടെ പുനരധിവാസ പരിപാടികളും.
- പീഢനത്തിന് ഇരയാകുന്നവർക്കുള്ള നൈപുണ്യ പരിശീലന പരിപാടികളും തുടർ സേവനങ്ങളും.
- സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാനുള്ള ധനസഹായം.
- ആക്ഷൻ റിസർച്ച് പരിപാടികൾ/പഠനങ്ങൾ.

2016-17-ൽ 180.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

10. ജയിലുകളുടെ നവീകരണം.

(വിഹിതം : 1200.00 ലക്ഷം രൂപ)

ജയിൽ ഭരണം നവീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഒരു ദീർഘകാല പ്രോജക്ട് രൂപകല്പന ചെയ്തിട്ടുണ്ട്. 2016-17-ൽ താഴെപ്പറയുന്ന പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

- വിയ്യൂർ ഹൈ സെക്യൂരിറ്റി ജയിലിന്റെ പൂർത്തീകരണം.
- പത്തനംതിട്ട ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ പൂർത്തീകരണം.
- ആലപ്പുഴ ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ പൂർത്തീകരണം.
- പരിശീലനത്തിനുള്ള പശ്ചാത്തല സംവിധാനം.
- മൂന്ന് സെൻട്രൽ പ്രിസൺസിൽ വയർലസ്സ് കമ്മ്യൂണിക്കേഷൻ ഒരുക്കൽ.
- ജയിലുകളുടെ നിലവിലെ അടുക്കള നവീകരണം.
- മൂന്ന് സെൻട്രൽ പ്രിസൺസിൽ 2000 കട്ടിൽ വാങ്ങിക്കുക.
- വളരെ പഴക്കംചെന്ന ജയിലുകളുടെയും പ്രിസൺസിന്റെയും മെയിന്റനൻസ്.

2016-17 ബഡ്ജറ്റിൽ 1200.00 ലക്ഷം രൂപ വകയിരുത്തുന്നു.

11. ഭരണ സംവിധാനം മെച്ചപ്പെടുത്തൽ

(വിഹിതം : 550.00 ലക്ഷം രൂപ)

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 380 ആഫീസുകളും 78 ക്ഷേമസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ചില ഓഫീസുകളിലും സ്ഥാപനങ്ങളിലും പശ്ചാത്തല സൗകര്യത്തിന്റെ അഭാവമുണ്ട്. ഫലപ്രദമായ പ്രവർത്തനത്തിന് ഈ സ്ഥാപനങ്ങളും ഓഫീസുകളും കൂടുതൽ പ്രബലപ്പെടുത്തേണ്ടതുണ്ട്. 2016-17-ൽ താഴെപ്പറയുന്ന പരിപാടികൾ ഈ പദ്ധതിയിൽ നിർദ്ദേശിക്കുന്നു:

(എ) ക്ഷേമസ്ഥാപനങ്ങളുടെയും സബ് ഓഫീസുകളുടെയും വിപുലീകരണവും, നിലവാരം ഉയർത്തലും :

- ഡി.വി.ഡി./പെൻഡ്രൈവ്സ്, മറ്റ് ഉപയോഗപ്രദ സാധനങ്ങൾ വാങ്ങുക.
- സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റും/സോഫ്റ്റ്‌വെയർ വാങ്ങലും.
- ഇ-ഗവേണൻസ് സൗകര്യം ഏർപ്പെടുത്താനുള്ള ഐ.റ്റി. കൺസൾട്ടിംഗ് ചാർജ്ജ്, സാങ്കേതിക സഹായം/മനുഷ്യവിഭവശേഷി എന്നിവ നേടാനുള്ള സഹായം.
- ആഫീസ് വെബ്സൈറ്റ്, കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ, യു.പി.എസ്സ്., പ്രോജക്ടർ, ഇ.പി.എ.ബി.എക്സ് എന്നിവയുടെ എ.എം.സി.യും മെയിന്റനൻസ് ചാർജ്ജും ഈ ഉപകരണങ്ങളുടെ വാങ്ങലും.
- ബ്രോഡ്ബാന്റ് കണക്ഷൻസ്, ഡേറ്റാകാർഡ് എന്നിവയുടെ വാർഷിക ഉപയോഗ ചാർജ്ജ്.
- ക്ഷേമസ്ഥാപനങ്ങളുടെയും സാമൂഹ്യനീതി സബ് ഓഫീസുകളുടെയും ചെറിയ റിപ്പയറും മെയിന്റനൻസും.
- സബ് ഓഫീസുകളിലേക്കും ക്ഷേമ സ്ഥാപനങ്ങളിലേക്കും ഫർണിച്ചർ, മെഷനറീസ് മറ്റ് സാമഗ്രികൾ എന്നിവ വാങ്ങിക്കുക.
- സോളാർ പാനൽ, മഴവെള്ള സംഭരണി, ബയോഗ്യാസ് പ്ലാന്റ്, സ്ത്രീകളുടെ ടോയിലറ്റിൽ ഇൻസിനിറേറ്റർ, പൊതു അടുക്കള, പൊതു പവ്വർ ലോണ്ടറി എന്നിവ ക്ഷേമ സ്ഥാപനങ്ങളിലും സാമൂഹ്യ ക്ഷേമ കോംപ്ലക്സുകളിലും സ്ഥാപിക്കുക.
- ക്ഷേമ സ്ഥാപനങ്ങളിൽ ആരോഗ്യ ക്ലിനിക് സംഘടിപ്പിക്കലും ആരോഗ്യ സാമഗ്രികൾ ശേഖരിക്കലും.

(ബി) തൊഴിൽ പരിശീലന സെന്ററുകളുടെ നവീകരണം :

- തൃശ്ശൂരിൽ വി.റ്റി.സി. ആരംഭിക്കലും, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ വി.റ്റി.സി.കളിലെ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തലും.
- തിരുവനന്തപുരം വി.റ്റി.സിയിൽ വ്യവസായ ഉൽപ്പാദന യൂണിറ്റിന്റെ തുടർച്ച.
- വി.റ്റി.സി.കളിൽ തൊഴിൽ പരിശീലന കോഴ്സുകളുടെ തുടർച്ച.
- പുതിയ വാണിജ്യ രംഗത്തെ തൊഴിൽ മുന്നേറ്റം സ്ഥാപിക്കലും സ്ഥാനം ഉറപ്പിക്കാനുള്ള സഹായ നടപടികളും.
- എൻ.സി.വി.റ്റി. മാനദണ്ഡം അടിസ്ഥാനമാക്കി വി.റ്റി.സി.കളെ നവീകരിക്കുക.
- പുതുക്കിപ്പണിയൽ, ചെറിയ രീതിയിലുള്ള റിപ്പയർ, മെയിന്റനൻസ്, മിഷനറികൾ വാങ്ങുക, ആവശ്യമുള്ള അധിക ഉപകരണങ്ങൾ, സാമഗ്രികൾ വാങ്ങുക തുടങ്ങിയവ.

(സി) മറ്റ് പ്രവർത്തനങ്ങൾ :

- പ്രൊട്ടക്ഷൻ ആഫീസർമാർ, ജില്ലാ പ്രൊബേഷൻ ആഫീസർമാർ, ജില്ലാ സാമൂഹ്യനീതി ആഫീസർമാർ, ഡയറക്ടറേറ്റിലും അനക്സിലും ക്ഷേമസ്ഥാപനങ്ങളിലുമുള്ള വനിതാ പ്രൊട്ടക്ഷൻ ആഫീസർമാർ, ഡവറി പ്രൊഹിബിഷൻ ആഫീസർമാർ എന്നിവർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ.
- കംപ്യൂട്ടർ, അനുബന്ധ സാമഗ്രികൾ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഇ-ഗവേണൻസിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ വാങ്ങിക്കുക.
- ക്ഷേമ സ്ഥാപനങ്ങളിൽ സോഷ്യൽ ആഡിറ്റ് നടത്താനും സോഷ്യൽ ആഡിറ്റ് മാനുവൽ തയ്യാറാക്കാനുമുള്ള ആക്ഷൻ റിസർച്ച് പരിപാടികൾ.
- സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളിലുള്ള ഗവേഷണവും പഠനവും, നിലവിലുള്ള പദ്ധതികളുടെ കൺകറന്റ് ഇവാലുവേഷനും.

2016-17-ൽ ഈ പ്രവർത്തനങ്ങൾക്കായി 550.00 ലക്ഷം രൂപ വകയിരുത്തുന്നു.

12. വകുപ്പ് ഉദ്യോഗസ്ഥരുടെ കഴിവ് മെച്ചപ്പെടുത്തൽ

(വിഹിതം : 140.00 ലക്ഷം രൂപ)

സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും സ്തുത്യർഹമായി നിർവ്വഹിക്കുന്നതിന് പരിശീലനം ആവശ്യമാണ്. വകുപ്പ് തയ്യാറാക്കുന്ന കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻഡക്ഷൻ പരിശീലനമുൾപ്പെടെയുള്ള പരിശീലന പരിപാടികൾ നൽകേണ്ടതുണ്ട്.

2016-17-ൽ താഴെ പറയുന്ന പരിപാടികൾ നിർദ്ദേശിക്കുന്നു.

- പരിശീലനം/സെമിനാർ/വർക്ക്ഷോപ്പ്, പഠനങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
- രാജ്യത്തെ മഹത്തായ സ്ഥാപനങ്ങൾ മുഖേന സീനിയർ, മിഡിൽ ലെവൽ ആഫീസർമാർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ.
- ഹാൾ വാടക, ബോർഡിംഗ്, ലോഡ്ജിംഗ്, പരിശീലന സാമഗ്രികളുടെ വാങ്ങൽ, റിസോഴ്സ് പേഴ്സൺസിന്റെ ഹോണറേറിയം, റ്റി.എ., വാഹനം വാടകയ്ക്കെടുക്കൽ തുടങ്ങിയ ഭരണപരമായ ചെലവുകൾ വഹിക്കുക.

2016-17 ബഡ്ജറ്റിൽ 140.00 ലക്ഷം രൂപ വകയിരുത്തുന്നു.

13. സാമൂഹ്യനീതി വകുപ്പിന്റെ ആധുനികവത്കരണം

(വിഹിതം : 900.00 ലക്ഷം രൂപ)

വൃദ്ധർ, വികലാംഗർ, കുട്ടികൾ, വനിതകൾ എന്നിവരുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 78 ക്ഷേമ സ്ഥാപനങ്ങൾ വകുപ്പിനുണ്ട്. 2016-17-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- തിരുവനന്തപുരം പൂജപ്പുരയിലുള്ള പെൺകുട്ടികൾക്കായുള്ള ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണം.
- നിലവിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം.

1. ആശാഭവൻ (പുരുഷൻമാർ), കോഴിക്കോട്
2. ഒബ്സർവേഷൻ ഹോം, മായിത്തറ
3. ഒബ്സർവേഷൻ ഹോം, തെരുവ് വെളിച്ചം, കാക്കനാട്
4. ഒബ്സർവേഷൻ ഹോം, പാലക്കാട് (പുതിയകെട്ടിടം)
5. ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം
6. ചിൽഡ്രൻസ് ഹോം, ആലപ്പുഴ
7. ആഫ്റ്റർ കെയർ ഹോം, തലശ്ശേരി, കണ്ണൂർ
8. വൃദ്ധസദനം, കോട്ടയം

- വിവിധ അധികാര ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെ അടിയന്തിര റിപ്പയറും പുതുക്കലും.

2016-17-ബഡ്ജറ്റിൽ 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

14. അംഗനവാടി സ്ഥാപനങ്ങളെ വനിതകൾക്കും, കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം

(വിഹിതം : 300.00 ലക്ഷം രൂപ)

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം, വിഭവങ്ങൾ, പശ്ചാത്തലസൗകര്യം, മനുഷ്യവിഭവ ശേഷി എന്നിവ സമന്വയിപ്പിച്ച് അംഗനവാടികളെ കമ്മ്യൂണിറ്റി റിസോഴ്സ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2016-17-ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു:

- അംഗനവാടികളിൽ പുതിയ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങിക്കുക.
- കുട്ടികൾക്ക് വിജ്ഞാനവും ഉല്ലാസവും പ്രദാനം ചെയ്യുന്ന സീഡികൾ വാങ്ങുക.
- അംഗൻവാടി ഹെൽപ്പർമാർ, വർക്കർമാർ സൂപ്പർവൈസർമാർ, സി.ഡി.പി.ഒ.-മാർ എന്നിവർക്ക് അവാർഡ് നൽകുക.
- മുതിർന്ന വനിതകൾക്ക് ഉള്ള ഡേ കെയർ സെന്ററുകൾ തുടങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തൽ.
- അംഗൻവാടി കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും.
- ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന സ്ഥലത്തെ അംഗനവാടി കേന്ദ്രീകരിച്ചുള്ള പ്രീ-സ്കൂൾ പഠനം.
- വളർച്ചാ മാന്ദ്യം ഉള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ അംഗൻവാടികൾ.

- അംഗൻവാടികളുടെ സോഷ്യൽ ആഡിറ്റ്.
- ഗോത്ര വർഗ്ഗ പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി അടുക്കള.
- ഐ. സി. ഡി. എസ്സ്. സൂപ്പർവൈസർമാർ, അംഗൻവാടി വർക്കർമാർ എന്നിവർക്ക് ഏർലി ചൈൽഡ്ഹുഡ് കെയർ, വിദ്യാഭ്യാസ പോളിസി, തീംചാർട്ടുകളുടെ മൊഴിമാറ്റം എന്നിവയിൽ പരിശീലനം.
- ഓരോ ജില്ലയിലുമുള്ള മികച്ച അംഗൻവാടിക്ക് അവാർഡ് ഏർപ്പെടുത്തൽ.

2016-17-ൽ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

15. വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്കുള്ള പരിശീലനം

(വിഹിതം : 15.00 ലക്ഷം രൂപ)

വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതർക്കുമുള്ള ക്ഷേമവും പുനരധിവാസവും സൈനിക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. വിമുക്ത ഭടന്മാർക്കും, വിധവകൾക്കും പുനർനിയമനത്തിനും, സ്വയം തൊഴിലിനുമായി പ്രാപ്തരാക്കുന്ന പരിശീലനം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ നടത്താനും മറ്റ് ജില്ലകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കാനുമായി 2016-17-വർഷം 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

16. ജയിൽപുള്ളികളുടെ ക്ഷേമം

(വിഹിതം : 525.00 ലക്ഷം രൂപ)

സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ, വനിതാ ജയിലുകൾ എന്നിവയാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജയിലുകൾ. 2016-17-ൽ താഴെ പറയുന്ന പരിപാടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ജയിലുകളിൽ സി. സി. ടി. വി. സ്ഥാപിക്കൽ ആനുവിറ്റി രീതിയിൽ നടപ്പാക്കേണ്ടതാണ്:

- ജയിലുകളിൽ സി. സി. ടി. വി. സ്ഥാപിക്കൽ.
- വിവിധ ജയിലുകളിൽ പശ്ചാത്തല വികസന മുൾപ്പെടെയുള്ള തൊഴിൽ പരിശീലന പരിപാടികൾ.
- മൂന്ന് സെൻട്രൽ പ്രിസൺസിൽ നൂതന ഇന്റർവ്യൂ ഹാൾ, സി. സി. ടി. വി. സൗകര്യത്തോടെയുള്ളത്.
- മൂന്ന് സെൻട്രൽ പ്രിസണിലും 2 തുറന്ന ജയിലുകളിലും പശ്ചാത്തലസൗകര്യം ഏർപ്പെടുത്തി യോഗയും കായികപരിശീലനവും ക്രമീകരിക്കുക.
- മൂന്ന് സെൻട്രൽ ജയിലുകളിൽ എല്ലാ ജാതിക്കാർക്കുമായി വിവിധ നിലകളിലുള്ള പ്രാർത്ഥനാ ഹാളിന്റെ നിർമ്മാണം.

2016-17-ബഡ്ജറ്റിൽ 525.00 ലക്ഷം രൂപ വകയിരുത്തുന്നു.

17. ജെൻഡർ അവബോധന പരിപാടികൾ

(1) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ജെൻഡർ അവബോധന പരിപാടികൾ

(വിഹിതം : 60.00 ലക്ഷം രൂപ)

തുടർച്ചയായ പ്രചരണ പരിപാടികൾ കുടുംബങ്ങളിൽ സമൂഹത്തിലുമുള്ള ബോധവൽക്കരണം പോലെയുള്ള പരിഹാരമാർഗ്ഗങ്ങൾ എന്നിവ കൈക്കൊണ്ട് ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം ഇല്ലാതാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. അതുപോലെ തന്നെ ചെറുപ്പക്കാരായ പെൺകുട്ടികൾക്കും വനിതകൾക്കും നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് ഈ പ്രവണതയെ പ്രതിരോധിക്കാനുള്ള പരിഹാര മാർഗ്ഗങ്ങൾ നടപ്പാക്കേണ്ടതുണ്ട്. ഈ തുടർ പദ്ധതിയുടെ വ്യാപ്തി ഇനിയും വിപുലീകരിക്കേണ്ടതാണ്. ഈ പദ്ധതി കേരള വനിത വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

- സർക്കാർ/സർക്കാർ അംഗീകൃത വനിതാകോളേജുകളിൽ വനിതാസെൽ/ഐ. സി. സി. ബോധവത്കരണ പരിപാടികൾ.
- 24/7 വനിതാ വിവരസഹായ സെന്ററുകൾ.

ഈ പദ്ധതി നടപ്പാക്കാൻ കേരള വനിതാ വികസന കോർപ്പറേഷന് 2016-17-ൽ 60.00 ലക്ഷം രൂപ വകയിരുത്തുന്നു.

(2) കേരള വനിതാ കമ്മീഷൻ നടപ്പാക്കുന്ന ജെൻഡർ അവബോധന പരിപാടികൾ

(വിഹിതം : 125.00 ലക്ഷം രൂപ)

കേരള വനിതാ കമ്മീഷൻ ഏറ്റെടുത്ത് നടപ്പാക്കുന്ന ഒരു തുടർ പദ്ധതിയാണിത്. ചെറുപ്പക്കാരായ പെൺകുട്ടികൾക്കും വനിതകൾക്കും നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് എങ്ങനെ ഇവയെ പ്രതിരോധിക്കാമെന്നും പരിഹാര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം കുടുംബങ്ങളിലും സമൂഹത്തിലും ഇത്തരം പ്രവണതകൾക്കെതിരെ ചിന്ത ഉണർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി വനിതാ കമ്മീഷൻ നിർദ്ദേശിക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു:

- ഡോക്യുമെന്ററി മുഖേനയുള്ള ബോധവത്കരണം.
- അച്ചടി മാധ്യമം വഴിയുള്ള ബോധവത്കരണം.
- മീഡിയ മോണിറ്ററിംഗ് സെൽ.
- വിവാഹ പൂർവ്വ കൗൺസലിംഗ്.
- ബ്രോഷർ ആന്റ് ബുക്ക്ലെറ്റ് തയ്യാറാക്കൽ.
- കലാലയ ജ്യോതി (സ്കൂൾ/കോളേജ് കാമ്പസിലൂടെയുള്ള ബോധവത്കരണം).

ഈ പദ്ധതി നടപ്പാക്കാൻ കേരള വനിതാ കമ്മീഷന് 2016-17-ൽ 125.00 ലക്ഷം രൂപ വകയിരുത്തുന്നു.

18. വനിതകൾക്കുള്ള ഫിനിഷിംഗ് സ്കൂൾ

(വിഹിതം : 125.00 ലക്ഷം രൂപ)

തൊഴിലന്വേഷകരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഫിനിഷിംഗ് സ്കൂൾ പരിപാടി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം എൽ.ബി. എസ്സിന്റെയും സ്റ്റെഡിന്റെയും സഹായത്തോടെ വനിതാ സ്ഥാപനങ്ങളിൽ ഫിനിഷിംഗ് സ്കൂൾ, ഉത്പാദന പരിശീലന സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. 2007-08-ൽ ആരംഭിച്ച ഈ പരിപാടി 2016-17-ലും തുടരേണ്ടതുണ്ട്. തൊഴിൽ അന്വേഷകരായ വനിതകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കാനുള്ള ഈ പരിപാടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നിർവ്വഹിക്കുന്നതാണ്.

തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിലുള്ള ഫിനിഷിംഗ് സ്കൂളുകളുടെ (റീച്ച്) റിപ്പയറിംഗ്, മെയിന്റനൻസ് എന്നീ ചെലവുകൾ വഹിക്കാൻ 125.00 ലക്ഷം രൂപ 2016-17 ബഡ്ജറ്റിൽ വകയിരുത്തുന്നു.

19. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ-സോഷ്യൽ സർവീസസ്

(വിഹിതം : 1250.00 ലക്ഷം രൂപ)

തിരഞ്ഞെടുക്കപ്പെട്ട 807 സ്കൂളുകളിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക ആരോഗ്യ ക്ലിനിക്കുകൾ ഈ പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പ് ആരംഭിച്ചിരുന്നു. ഈ പദ്ധതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി. റ്റി. എ. യുടെയും സഹായത്തോടെയാണ് നടപ്പാക്കുന്നത്. വിദഗ്ദ്ധരായ കൗൺസിലർമാരുടെ സേവനം കൗമാരക്കാരായ പെൺകുട്ടികൾക്ക് നൽകാനാണ് പദ്ധതി നിർദ്ദേശം. 2016-17 വർഷം 205 സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ട്. കൗൺസിലർമാർക്കുള്ള ഹോണറേറിയം, റ്റി. എ., വെന്റിംഗ് മെഷീനുകൾ വാങ്ങുക, നാപ്കിൻ വിലയുടെ സർക്കാർ വിഹിതം വഹിക്കുക തുടങ്ങിയ ചെലവുകൾക്ക് 2016-17-ൽ 1250.00 ലക്ഷം രൂപ വകയിരുത്തുന്നു.

20. സംയോജിത ശിശു സംരക്ഷണ പദ്ധതി (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം : 1600.00 ലക്ഷം രൂപ)

ജുവനൈൽ ജസ്റ്റീസ്, ദത്തെടുക്കൽ എന്നീ പദ്ധതികളുടെ നിലവിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണിത്. ശിശു സംരക്ഷണവും ശിശുക്കൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന ശിശു സംരക്ഷണ യൂണിറ്റ്, സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ സൊസൈറ്റി, ശിശുക്ഷേമ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റീസ് ബോർഡ്, ജെ. ജെ. ആക്ട് 2000 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി, അഭയഭവനങ്ങൾ, തുറന്ന അഭയഭവനങ്ങൾ, ചൈൽഡ്ലൈൻ എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളായി പ്രവർത്തിക്കുന്നു. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന മുകളിൽ പറഞ്ഞിട്ടുള്ള ഘടകങ്ങളുടെ പ്രവർത്തന ചിലവ് ഐ.സി.പി.എസ്സ്.-ൽ നിന്നും വഹിക്കുന്നതാണ്. ജുവൈനൽ ജസ്റ്റീസ് ആക്ട് (ശ്രദ്ധയും പരിചരണവും), ശൈശവ വിവാഹ നിരോധന നിയമം, കേരള ഭിക്ഷാടന നിരോധന നിയമം, ചൈൽഡ് റൈറ്റ് കൺവെൻഷൻ പരിപാടികൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ തുടങ്ങിയ സാമൂഹ്യ നിയമങ്ങൾ അനുശാസിക്കുന്ന പരിപാടികൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. സംസ്ഥാനം പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായുള്ള കുട്ടികളുടെ ട്യൂഷൻ ഫീസ്, ഉന്നത വിദ്യാഭ്യാസ ധനസഹായം, പഠന സാമഗ്രികളുടെ വിതരണം, ലൈബ്രറി സംവിധാനം, വിനോദയാത്ര, സ്പോർട്സ് ഉപകരണങ്ങൾ, ഐ.ടി. സംവിധാനം, ലാപ്ടോപ്പ്, യൂണിഫോം, സൗന്ദര്യവർദ്ധക സാമഗ്രികൾ തുടങ്ങിയവയുടെ ചിലവും ഈ പദ്ധതിയിൽ നിന്നും വഹിക്കേണ്ടതുണ്ട്. കുട്ടികളുടെ ബൗദ്ധിക കഴിവുകൾ വികസിപ്പിക്കാനും അവരുടെ ആരോഗ്യപരിപാലനത്തിനുമുള്ള പരിപാടികൾ, മരുന്ന് വാങ്ങാനുള്ള ചിലവ്, കല, കായികം, ഐ. റ്റി. തുടങ്ങിയ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ താൽക്കാലിക നിയമനം, കുട്ടികളുടെ കഴിവുകൾ ഉയർത്താനുള്ള പരിപാടികൾ, ചൈൽഡ്ലൈനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എല്ലാ വിഷയങ്ങളിലും ഏറ്റവും കൂടുതൽ ഗ്രേഡ് കരസ്ഥമാക്കുന്ന 7, 8, 9, 10 സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ സ്ക്കോളർഷിപ്പ് ഏർപ്പെടുത്തൽ, സ്റ്റുഡന്റ് പ്രോജക്ട്/സെമിനാർ/മൽസരം, ഏറ്റവും മികച്ച വിദ്യാർത്ഥിക്കും സഹായ സ്റ്റാഫിനുമുള്ള അവാർഡ്, ഒബ്സർവേഷൻ ഹോമുകളിലും സ്പെഷ്യൽ ഹോമുകളിലും സെക്യൂരിറ്റി സർവ്വലയൻസ് സിസ്റ്റം ഏർപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളുടെ ചെലവും വഹിക്കേണ്ടതുണ്ട്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 1600.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

21. ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടെയുള്ള പ്രചരണവും ഡോക്യുമെന്റേഷനും

(വിഹിതം : 85.00 ലക്ഷം രൂപ)

സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങൾക്ക് സാമൂഹ്യ പ്രതിരോധ സേവനങ്ങളും സാമൂഹ്യ സുരക്ഷിതത്വവും സാമൂഹ്യ നീതി വകുപ്പ് ഉറപ്പാക്കുന്നു. ഭാരത സർക്കാരിന്റെ വനിതാ ശിശു വികസനം, സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയങ്ങളിലൂടെയുള്ള വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് സാമൂഹ്യ നീതി വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും സാമൂഹ്യനീതി വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതുകൂടാതെ സാഹിത്യവുമായി ബന്ധപ്പെട്ട സാമൂഹ്യക്ഷേമ പരിപാടികൾ പ്രോൽസാഹിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ മാഗസീനുകൾ പ്രസിദ്ധീകരിക്കുന്നതിനും ഗവേഷണ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. മനുഷ്യാവകാശദിനം, ശിശുദിനം, വയോജനദിനം, അന്തർദേശീയ വനിതാദിനം, സ്ത്രീധന നിരോധന ദിനം, മുലയൂട്ടൽ ദിനം, കൗമാരക്കാരുടെ ദിനം, മാതൃദിനം, വികലാംഗ ദിനം, സാമൂഹ്യ നീതി ദിനം തുടങ്ങിയ പ്രാധാന്യമുള്ള ദിന/വാരാചരണങ്ങളും വകുപ്പ് ആചരിക്കുന്നുണ്ട്. വിദഗ്ദ്ധരുടെ സഹായത്തോടെ ഐ.ഇ.സി. പദ്ധതി തയ്യാറാക്കുക, അവകാശാടിസ്ഥാനത്തിലുള്ള ആക്ടുകൾ, നയങ്ങൾ എന്നിവ വിവേചിച്ച് അറിയാൻ തെരുവു നാടകങ്ങൾ, റോഡ്ഷോ എന്നിവ സംഘടിപ്പിക്കുക, പരിപാടികളും നയങ്ങളും ദൃശ്യ, ശബ്ദ, അച്ചടി, റേഡിയോ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുക, പ്രാധാന്യമുള്ള ദിന/വാരാചരണങ്ങളോട്

അനുബന്ധിച്ച് സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക തുടങ്ങിയ ചെലവുകൾക്ക് 2016-17-ൽ 85.00 ലക്ഷം രൂപ വകയിരുത്തുന്നു.

22. ഐ. സി. ഡി. എസ്. പരിശീലനപരിപാടി (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം : 420.00 ലക്ഷം രൂപ)

ശൈശവാരംഭത്തിലുള്ള കുട്ടികൾക്ക് ഗുണനിലവാരമുള്ള പരിപാലനവും വികസനവും ലഭ്യമാക്കുന്നതിന് ഐ. സി. ഡി. എസ്. പ്രവർത്തകരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ദേശീയ കാൽവെയ്പാണ് ഐ. സി. ഡി. എസ്. പരിശീലന പരിപാടി. ഈ പരിപാടിയുടെ വിജയത്തിന് പരിശീലനം വളരെ പ്രധാനപ്പെട്ടതാണ്. ഐ. സി. ഡി. എസ്. സൂപ്പർവൈസർ, അംഗനവാടി ജോലിക്കാർ, ഹെൽപ്പർമാർ ഉൾപ്പെടെ എല്ലാ ഐ. സി. ഡി. എസ്. പ്രവർത്തകർക്കും ആരംഭത്തിൽ തൊഴിൽ പരിശീലനവും എല്ലാ രണ്ട് വർഷം കൂടുമ്പോഴും ഓറിയന്റേഷൻ പരിശീലനവും റിഫ്രെഷർ പരിശീലനവും നൽകുന്നു. ഈ പരിപാടിയിൽ 60:40 എന്ന ക്രമത്തിൽ ആയിരിക്കും കേന്ദ്ര-സംസ്ഥാന വിഹിതം പങ്കിടീൽ എന്ന് പ്രതീക്ഷിക്കുന്നു. പരിശീലന പരിപാടിയുടെ തുടർ നടത്തിപ്പിനായി 2016-17-ൽ 420.00 ലക്ഷം രൂപ വകയിരുത്തുന്നു.

23. ജെൻഡർ പാർക്ക്

(വിഹിതം : 1000.00 ലക്ഷം രൂപ)

ലിംഗപദവി സംബന്ധിച്ച വികസന അസമത്വത്തിന് പരിഹാരം കാണുവാൻ വേണ്ടി സാമൂഹ്യനീതി വകുപ്പ് മുൻകൈ എടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് തന്റേടം-ജെൻഡർ പാർക്ക്. സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സാമൂഹ്യ-സാമ്പത്തിക വേർതിരിവില്ലാതെ ഒരു പൊതുവേദിയിൽ കൊണ്ടുവന്ന് പരിഹാരം കാണുകയും, സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വികസന പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്ന ഒരു ഏജൻസി ആയിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. വിവിധ വികസന മേഖലകളിൽ സ്ത്രീകളുടെ സൃഷ്ടിപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും അവരെ നേതൃത്വ സ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ഈ പദ്ധതി സഹായകമാകുന്നു. ഈ പദ്ധതി ഘട്ടംഘട്ടമായി ആണ് നടപ്പാക്കുന്നത്. കോഴിക്കോട്ടും എറണാകുളത്തും ജെൻഡർ പാർക്ക് ക്യാമ്പസുകൾ സജ്ജീകരിക്കുക, ഓഫ്-ക്യാമ്പസ് പ്രവർത്തനങ്ങൾ (ഷീ-ടാക്സി, ഫുഡ് ഓൺ വീൽസ് പ്രോജക്ട്, പരിശീലന പരിപാടികളും മറ്റ് തൊഴിൽദാന പരിപാടികളും പി. പി. പി. മോഡലിൻ കീഴിൽ) സംഘടിപ്പിക്കുക, അറിവ് നേടാനുള്ള പ്രവർത്തനങ്ങളും പ്രചരണ പരിപാടികളും ഏറ്റെടുക്കുക, പ്രവർത്തന ചെലവ് എന്നിവയ്ക്കായി 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

24. കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി

(വിഹിതം : 151.00 ലക്ഷം രൂപ)

കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരംഭിച്ച ഈ പദ്ധതി പ്രകാരം 18 വയസ്സിന് താഴെ ക്യാൻസർ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്നു. തുടക്കത്തിൽ 50,000 രൂപവരെ ധനസഹായമായി നൽകുന്നു. എന്നാൽ ചികിൽസാചെലവ് 50,000 രൂപയിൽ കൂടുതലായാൽ തുടർന്നും ധനസഹായം നൽകുന്നതാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ചികിൽസാചെലവ് (സർജറി, മരുന്ന്, ലാബ്ടെസ്റ്റ്)
- കൗൺസിലർമാർക്കുള്ള ഹോണറേറിയം
- പരസ്യം, അവബോധനം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യകിരണം പദ്ധതി പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അപകടം ഉൾപ്പെടെയുള്ള എല്ലാവിധ രോഗത്തിന്റെയും ചികിത്സാചെലവ് സർക്കാർ വഹിക്കുന്നതാണ്. ആയതിനാൽ 2016-17 വർഷം മുതൽ കുട്ടികൾയുള്ള ക്യാൻസർ സുരക്ഷാപദ്ധതി ആരോഗ്യകിരണം പദ്ധതിയിൽ കൂട്ടിച്ചേർത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും മുൻ വർഷത്തെ ബാധ്യത തീർക്കാനായി 2016-17-ൽ കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതിയ്ക്ക് 151.00 ലക്ഷം രൂപ വകയിരുത്തുന്നു.

25. തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള സഹായം (ആശ്വാസകിരണം) (സംസ്ഥാനാവിഷ്കൃത പദ്ധതി-60%സംസ്ഥാന വിഹിതം)

(വിഹിതം : 3200.00 ലക്ഷം രൂപ)

ശയ്യാവലംബികളായ നിത്യരോഗികളെ പരിപാലിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്. ശയ്യാവലംബിയായ ഒരു രോഗി കുടുംബത്തിലുണ്ടെങ്കിൽ അവരെ പരിചരിക്കുന്നതിനു വേണ്ടി പ്രധാനമായും ഒരു സ്ത്രീ, മുഴുവൻ സമയവും വീട്ടിൽ നിൽക്കേണ്ടതുണ്ട്. ഇത്തരം സന്ദർഭത്തിൽ അവർക്ക് പുറത്തുപോയി വരുമാനദായക ജോലികളിൽ ഏർപ്പെടാൻ കഴിയുന്നില്ല. ഇങ്ങനെയുള്ള കുടുംബങ്ങളുടെ വരുമാനത്തിന് അനുബന്ധ സഹായമെന്ന നിലയിൽ ധനസഹായം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2016-17 മുതൽ ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയായി നടപ്പാക്കുന്നതാണ്. പദ്ധതിയുടെ 60 ശതമാനം തുക സംസ്ഥാനവും ബാക്കി 40 ശതമാനം തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതിയുടെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നതാണ്. 2016-17-ൽ പദ്ധതിക്ക് 3200.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

26. സ്നേഹസ്പർശം

(വിഹിതം : 250.00 ലക്ഷം രൂപ)

അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ വ്യത്യസ്ഥവും പല വ്യാപ്തിയിലുള്ളതുമാണ്. ഇവർ നേരിടുന്ന ഏറ്റവും ദയനീയവും മനുഷ്യത്വരഹിതവുമായ ചൂഷണത്തിന്റെ അടിസ്ഥാന കാരണം പരിഷ്കൃത സമൂഹം ഇത്തരക്കാരുടെ നേർക്ക് നടത്തുന്ന പീഡനങ്ങളാണ്. ഇപ്രകാരം ചൂഷണത്തിന് വിധേയരാകുന്ന വനിതകൾ കടുത്ത മാനസിക പിരിമുറുക്കത്തിനും സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടലിനും ഇരയാകുന്നു. ഇവരുടെ കുട്ടികളുടെ അവസ്ഥ അതിദയനീയവും സങ്കൽപ്പിക്കാൻപോലും പറ്റാത്തതുമാണ്. അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. അവിവാഹിതരായ അമ്മമാർ അവരുടെ അപേക്ഷ അംഗൻവാടി വർക്കർ/ഐ. സി. ഡി. എസ്.

സൂപ്പർവൈസർ/ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ആഫീസർ മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് നൽകേണ്ടതും ജില്ലാ സാമൂഹ്യനീതി ആഫീസർ ശുപാർശ ചെയ്ത് അപേക്ഷ കേരള സാമൂഹ്യസുരക്ഷാ മിഷന് കൈമാറേണ്ടതുമാണ്. അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസ ധനസഹായം നൽകുന്നതിലേക്ക് 2016-17-ൽ 250.00 ലക്ഷം രൂപ വകയിരുത്തുന്നു.

27. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സംയോജിത പാക്കേജ്

(വിഹിതം : 1000.00 ലക്ഷം രൂപ)

സംസ്ഥാനത്ത് എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോസൾഫാൻമൂലം ശയ്യാവലംബികളായ രോഗികൾക്ക് 2,000 രൂപ നിരക്കിലും, വികലാംഗ പെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ, മറ്റുള്ള രോഗികൾക്ക് 1,000 രൂപ വച്ചും ധനസഹായം നൽകുന്നു. എൻഡോസൾഫാൻമൂലം പൂർണ്ണമായും ശയ്യാവലംബികളായ രോഗികളേയോ അല്ലെങ്കിൽ തീവ്രമായ മാനസിക പ്രതിബന്ധം ഉള്ളവരേയോ സംരക്ഷിക്കാൻ പരിചരണ സഹായിക്ക് പ്രത്യേക ധനസഹായമായി 700 രൂപ നൽകുന്നതാണ്. കൂടാതെ ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1,000 രൂപ, 8 മുതൽ 10 വരെ 2,000 രൂപ, 11-ഉം 12-ഉം ക്ലാസ്സുകളിൽ ഉള്ളവർക്ക് 2,000 രൂപ എന്നീ നിരക്കിൽ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. എൻഡോസൾഫാൻമൂലം ദുരിതം അനുഭവിക്കുന്ന പൂർണ്ണശയ്യാവലംബികളായവർ, മാനസികരോഗികൾ എന്നിവരെ പരിചരിക്കുന്നവർക്ക് 700 രൂപ പ്രത്യേക ധനസഹായമായി നൽകുന്നതാണ്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിൽ ആംബുലൻസ് സൗകര്യം ഒരുക്കുന്നതിനുള്ള ചെലവും ബഡ്സ് സ്കൂൾ ജോലിക്കാർക്ക് ഹോണറേറിയം നൽകുന്നതിനുള്ള ചെലവും ഈ പദ്ധതിയിൽ നിന്ന് വഹിക്കുന്നതാണ്. ഈ പദ്ധതി കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്നതാണ്. 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

28. താലോലം

(വിഹിതം : 151.00 ലക്ഷം രൂപ)

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് 18 വയസ്സിന് താഴെ ജീവന് ഭീഷണിയായ രോഗം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു. ഈ പദ്ധതി സർക്കാർ അംഗീകൃത ആശുപത്രികൾ മുഖാന്തിരം നടപ്പാക്കിവരുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- ചികിത്സാ ചെലവ് (സർജറി, മരുന്ന്, വാൽവ്, പ്രോസ്തീസിസ്, ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള അത്യാവശ്യ സാമഗ്രികൾ, ലാബ് ടെസ്റ്റ്)
- കൗൺസിലർമാരുടെ ഹോണറേറിയം
- പരസ്യവും അവബോധനവും.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യകിരണം പദ്ധതി ഇപ്പോൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയനുസരിച്ച് 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അപകടം ഉൾപ്പെടെയുള്ള എല്ലാവിധ രോഗങ്ങളുടെയും ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതാണ്. ഈ സാഹചര്യത്തിൽ 2016-17-വർഷം മുതൽ താലോലം പദ്ധതി ആരോഗ്യകിരണം പദ്ധതിയിൽ കൂട്ടിചേർത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും മുൻവർഷത്തെ ബാദ്ധ്യത തീർക്കാനായി 2016-17 ബഡ്ജറ്റിൽ താലോലം പദ്ധതിക്ക് 151.00 ലക്ഷം രൂപ വകയിരുത്തുന്നു.

29. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി

(വിഹിതം : 200.00 ലക്ഷം രൂപ)

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 78 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടില്ല. മൂന്നോ നാലോ സ്റ്റാഫിന്റെ പിൻബലത്തിലാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ച് വരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഒരു പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ 8 വൃദ്ധസദനങ്ങളിലും, 5 ആശാഭവനുകളിലും പരിചരണത്തിനായി സഹായികളെ കൊടുത്തിരുന്നു. എല്ലാ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലും ആവശ്യാനുസരണം പരിചരണത്തിന് സഹായികളെയും വിദഗ്ദ്ധ ജീവനക്കാരെയും കൊടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നു. 2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

- സാമൂഹ്യ നീതി വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ നിയോഗിക്കുന്ന പരിചരണ സഹായി, വിദഗ്ദ്ധ ജീവനക്കാർ എന്നിവർക്കുള്ള ഹോണറേറിയം.
- മൊബൈൽ ക്ലിനിക്കുകളിലെ സ്റ്റാഫിനുള്ള ഹോണറേറിയം.
- മൊബൈൽ ക്ലിനിക്കുകൾക്ക് വേണ്ട മരുന്ന്, ആരോഗ്യ സാമഗ്രികൾ, സ്റ്റേഷനറി തുടങ്ങിയവ.
- മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കാനുള്ള വാഹന വാടക.
- പ്രത്യേക പരിശീലന പരിപാടികൾ.
- പ്രചരണ അവബോധ പരിപാടികൾ.

ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാമിഷൻ നടപ്പാക്കുന്നതാണ്. 2016-17-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

30. വയോമിത്രം

(വിഹിതം : 900.00 ലക്ഷം രൂപ)

കേരളത്തിലെ വയോജനങ്ങളുടെ എണ്ണം അടുത്ത കാലത്തായി വർദ്ധിച്ചുവരുന്നതായിക്കാണാം. 65 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹെൽപ്പ് ഡെസ്ക് സൗകര്യം, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, മരുന്ന് തുടങ്ങിയ സൗജന്യ സേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കും. 5 കോർപ്പറേഷനുകളിലും 29 മുനിസിപ്പാലിറ്റികളിലും ഈ പരിപാടി നടക്കുന്നുണ്ട്.

പ്രോജക്ട് സ്റ്റാഫിന്റെ ഹോണറേറിയം, മരുന്ന്, പാലിയേറ്റീവ് കിറ്റ്, മൊബൈൽ ക്ലിനിക്കുകൾക്കുള്ള വാഹന വാടക, ഓഫീസ് ചെലവുകൾ, പ്രത്യേക പരിശീലന പരിപാടികൾ, പ്രചരണ അവബോധന പരിപാടികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾഈ പദ്ധതിയിൽ നിന്ന് വഹിക്കുന്നതാണ്. 2016-17-ൽ 900.00 ലക്ഷം രൂപ വകയിരുത്തുന്നു.

31. വിശപ്പ് വിമുക്ത നഗരം

(വിഹിതം : 254.00 ലക്ഷം രൂപ)

ആഹാരം വേണ്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-ൽ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ ആരംഭിച്ച ഈ പരിപാടി ഇപ്പോൾ ഹോമിയോ ആശുപത്രി, മലപ്പുറം, തിരുവനന്തപുരം മെഡിക്കൽകോളേജ്, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം, കൊല്ലം താലൂക്കാശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിലും നടപ്പാക്കിവരുന്നു. ഈ പരിപാടിയുടെ തുടർ നടത്തിപ്പിനായി 2016-17-ൽ 254.00 ലക്ഷം രൂപ വകയിരുത്തുന്നു.

32. കോക്ളിയർ ഇംപ്ളാന്റേഷൻ പദ്ധതി

(വിഹിതം : 1000.00 ലക്ഷം രൂപ)

ബാല്യത്തിൽതന്നെ കുട്ടികളിലെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ളിയർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയ. റീജിയണൽ/സ്റ്റേറ്റ്തല സാങ്കേതിക കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കോക്ളിയർ ഇംപ്ളാന്റ് ശസ്ത്രക്രിയ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി നടത്താനും സർജറി കഴിഞ്ഞ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷന് ധനസഹായം നൽകാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 3 വയസ്സിനുതാഴെയുള്ള കുട്ടികൾക്കാണ് ഇപ്രകാരം സഹായം നൽകാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ചില കേസ്സുകളിൽ 3 മുതൽ 5 വയസ്സുവരെയുള്ള കുട്ടികളെക്കൂടി പരിഗണിക്കാനുള്ള അധികാരം എംപവേർഡ് കമ്മിറ്റിക്കുണ്ട്. ഈ പരിപാടി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കും. ആഡിയോ വെർബൽ ഹബിലിറ്റേഷൻ, സ്പീച്ച് തെറാപ്പിസ്റ്റിന്റെ ഹോണറേറിയം, ഡോക്ടർമാർ, സ്പീച്ച്തെറാപ്പിസ്റ്റുകൾ, ആഡിയോളജിസ്റ്റ് എന്നിവർക്കുള്ള പരിശീലനം, സർജറി നടത്തിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ്മ സംഘടിപ്പിക്കൽ, സർക്കാർ മെഡിക്കൽ കോളേജുകളിൽ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുകയും പശ്ചാത്തല സൗകര്യം ഒരുക്കുകയും ചെയ്യുക, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കുള്ള ടി. എ./ഡി. എ. എന്നീ ചെലവുകൾ വഹിക്കാൻ 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

33. സ്നേഹപൂർവ്വം (സംസ്ഥാനാവിഷ്കൃത പദ്ധതി-60% സംസ്ഥാന വിഹിതം)

(വിഹിതം : 1800.00 ലക്ഷം രൂപ)

കേരള സർക്കാരിന്റെ മഹത്തായ ഒരു സംരംഭമെന്ന നിലയിൽ സ്നേഹപൂർവ്വം പദ്ധതി സർക്കാർ ഉത്തരവ് നമ്പർ 36/2012 എസ്സ്.ഡബ്ല്യു.ഡി. തീയതി 6-6-2012 പ്രകാരം നിലവിൽ വന്നു. സമൂഹത്തിന്റെയോ, ബന്ധുക്കളുടെയോ, കുട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് സഹായം നൽകുന്ന പദ്ധതിയാണിത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഈ പദ്ധതി നടപ്പാക്കുന്നു. ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- അഞ്ചു വയസ്സിന് താഴെയും 1 മുതൽ 5 വരെ ക്ലാസ്സിലുള്ളവർക്ക് പ്രതിമാസം 300 രൂപ.
- 6 മുതൽ 10 വരെയുള്ള ക്ലാസ്സിലുള്ളവർക്ക് പ്രതിമാസം 500 രൂപ.
- 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപ.

2016-17-മുതൽ ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയായി നടപ്പാക്കുന്നതാണ്. പദ്ധതിയുടെ 60 ശതമാനം തുക സംസ്ഥാനവും ബാക്കി 40 ശതമാനം തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാമിഷൻ ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്നതാണ്. 2016-17-ൽ പദ്ധതിക്ക് 1800.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

34. അഗതികൾക്കുള്ള അഭയകേന്ദ്രം (എന്റെകൂടെ)

(വിഹിതം : 88.00 ലക്ഷം രൂപ)

സർക്കാർ ഇതര സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹായത്തോടെ അഗതികൾക്ക് താമസം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കി അവർക്കുള്ള ഒരു അഭയകേന്ദ്രം തുടങ്ങാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഈ കേന്ദ്രത്തിൽ ഇവരെ ചേർക്കുന്നതിനോ, വിടുതൽ ചെയ്യുന്നതിനോ ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഈ കേന്ദ്രത്തിൽച്ചേരുന്ന അഗതികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. ഇതോടൊപ്പംതന്നെ അഗതികളുടെ ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കുന്നത് പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ ഇവരുടെ പുനരധിവാസ നടപടികൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതുമാണ്. കോർപ്പറേഷൻ തലത്തിൽ ഒന്നാംഘട്ടമായി ആരംഭിച്ച ഈ പദ്ധതി ഇനിയും തുടരേണ്ടതുണ്ട്. പശ്ചാത്തലസൗകര്യം ഒരുക്കുക, നിത്യചിലവുകൾ വഹിക്കുക തുടങ്ങിയ ആവശ്യത്തിലേക്ക് 2016-17-ൽ 88.00 ലക്ഷം രൂപ വകയിരുത്തുന്നു.

35. അംഗപരിമിതർക്കുള്ള തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം, വയനാട്

(വിഹിതം : 20.00 ലക്ഷം രൂപ)

അംഗപരിമിതർക്ക് അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ പരിശീലനവും തൊഴിലവസരവും സൃഷ്ടിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഡേകെയർ സെന്റർ തുടങ്ങുന്നതിന് ഇംഹാൻസിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. അന്തേവാസികൾക്ക് ആറുമാസം പരിശീലനം സംഘടിപ്പിക്കും. പരിശീലന കാലത്ത് സ്റ്റൈപെന്റായി ചെറിയ തുക നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് മറ്റു ജോലികൾ ലഭ്യമാകുന്നതുവരെ ഈ കേന്ദ്രത്തിൽ യഥാവിധിക്കുള്ള വേതനം നൽകി ജോലിയിൽ തുടരുവാൻ അനുവദിക്കും. സെന്ററിന്റെ തുടർ പ്രവർത്തനം, സ്റ്റൈപെന്റ്, അന്തേവാസികളെ കൊണ്ടുവരാനുള്ള ചിലവ്, സൂപ്പർവൈസറുടെ ഹോണറേറിയം തുടങ്ങിയ ചെലവുകൾ വഹിക്കാൻ 2016-17 വർഷം 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

36. നിർഭയ പദ്ധതി

(വിഹിതം : 400.00 ലക്ഷം രൂപ)

പീഡനത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയകേന്ദ്രങ്ങൾ തുടങ്ങാൻ ഈ പദ്ധതി

ലക്ഷ്യമിട്ടു. തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിതവൈദഗ്ദ്ധ്യ വിദ്യാഭ്യാസം ഈ കേന്ദ്രങ്ങളിലൂടെ സ്ത്രീകൾക്ക് നൽകുന്നതാണ്. 2014-15 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ തുടർച്ചയെന്നോണം ജില്ലകളിൽ നിർഭയാകേന്ദ്രങ്ങൾ തുടങ്ങാൻ പദ്ധതി ലക്ഷ്യമിടുന്നു. 2016-17-ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണം, പുനരുദ്ധാരണം, വിപുലീകരണം.
- വയനാട്ടിലെ നിർഭയാഹോമിന്റെ റിപ്പയറും മെയിന്റനൻസും.
- നിലവിലുള്ള നിർഭയാ ഹോമുകളുടെ നിർമ്മാണ ജോലികളുടെ പൂർത്തീകരണം.

2016-17-ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

37. സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക പ്രതിബന്ധമുള്ളവർ ഉൾപ്പെടെ വൈകല്യമുള്ള മുതിർന്നവർക്ക് സഹായവും പുനരധിവാസവും ഉറപ്പാക്കുന്ന മോഡൽ പരിപാടി

(വിഹിതം : 200.00 ലക്ഷം രൂപ)

സാമൂഹ്യ സുരക്ഷിതത്വ പരിപാടിയുടെ ഭാഗമായി മുതിർന്ന പ്രായക്കാരായ വൈകല്യമുള്ളവർ (35 വയസ്സിന് മുകളിലുള്ളവർ), സെറിബ്രൽ പൾസി, തീവ്രമായ മാനസിക പ്രതിബന്ധമുള്ളവർ, ഓട്ടിസം ഉൾപ്പടെയുളളവരെ പുനരധിവസിപ്പിക്കാനുള്ള ഒരു മോഡൽ പദ്ധതിക്ക് രൂപം കൊടുത്തിരുന്നു. ഈ ഗ്രൂപ്പിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള അസിസ്റ്റഡ് ലിവിംഗ് മോഡൽ പദ്ധതിക്ക് രൂപം നൽകാൻ സംസ്ഥാന ആസൂത്രണ ബോർഡ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ വെളിച്ചത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ എൻ.ജി.ഒ. പോളിസിയുടെ ഭാഗമായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതാണ്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾ വഹിക്കാൻ 2016-17-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

38. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ, കേരള

(വിഹിതം : 181.05 ലക്ഷം രൂപ)

തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന യുവാക്കൾ, കൗമാരപ്രായക്കാർ എന്നിവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ, വിദഗ്ദ്ധ ഏജൻസികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരുടെ ബഹുമുഖ ഏകോപനത്തിലൂടെ ഉള്ള ഒരു പ്ലാറ്റ്ഫോം ഉണ്ടാക്കി കുട്ടികളെയും 12 മുതൽ 18 വയസ്സു വരെയുള്ള യുവാക്കളെയും തമ്മിൽ ബന്ധപ്പെടുത്തി സാമൂഹ്യ ഇടപെടലിലൂടെ പുതിയ വെല്ലുവിളികൾ നേരിടാൻ യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് താഴെ പറയുന്ന ബൃഹത്തായ പരിപാടികൾ ഉണ്ടായിരിക്കും :

- സെൻസിറ്റൈസേഷനും ട്രെയിനിംഗ് പ്രോഗ്രാമുകളും.
- പ്രതിരോധ പരിപാടികൾ.
- അപഥസഞ്ചാരത്തിൽപ്പെട്ട കുട്ടികളുടെ പുനരധിവാസം.
- മോണിട്ടറിംഗും വിലയിരുത്തലും.

ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കിയുള്ള സംസ്ഥാന പരിപാടിക്ക് തുടക്കമിടാൻ തീരുമാനിച്ചിരുന്നു. സമൂഹത്തിൽനിന്ന് കുട്ടികൾ ഒറ്റപ്പെട്ട് പോകാതിരിക്കാൻ അവരുടെ സാമൂഹ്യ, മനശാസ്ത്ര, വികാരപരമായ മനോഭാവത്തിന് പിന്തുണയേകി ഇവരുടെ ഒറ്റപ്പെടലിന് തടയിടാനും ഇപ്രകാരം വഴിതെറ്റുന്ന കുട്ടികളെ പുനരധിവസിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണ് ഈ പരിപാടി. പ്രസ്തുത പരിപാടി പോലീസ്, വിദ്യാഭ്യാസം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കും. ഈ പരിപാടി സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകളിൽ തെരഞ്ഞെടുത്ത 36 സ്കൂളുകളിൽ നടത്തി. 2016-17 വർഷം ഈ പരിപാടി മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ 181.05 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു.

39. വീ കെയർ

(വിഹിതം : 100.00 ലക്ഷം രൂപ)

കേരള സാമൂഹ്യ സുരക്ഷാമിഷൻ ഏറ്റെടുക്കുന്ന ക്ഷേമ പരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ, സാമൂഹ്യ, മാനസികപരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിന് തീരെ നിവർത്തിയില്ലാത്തതോ ആയ കേരളത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിൽ അടിസ്ഥാന ഫണ്ട് കണ്ടെത്താനുള്ള ഒരു ഉദ്യമമാണ് ഈ പദ്ധതി. ഇപ്രകാരം സ്വരൂപിക്കുന്ന തുക ഭരണപരമായ ആവശ്യങ്ങൾക്കോ പദ്ധതി നടപ്പാക്കുന്നതിനുള്ള മതിയായ ചെലവുകൾക്കോ ഒരിക്കലും ഉപയോഗിക്കുന്നതല്ല. ഈ പ്രവേശന മാർഗ്ഗത്തിലൂടെ ദാതാവ് ഒടുക്കുന്ന ഓരോ നയാപൈസയും ഒരു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന്റെ ആവശ്യത്തിന് മാത്രം ചെലവഴിക്കുന്നതും ദാതാവിന് ചിലവ് സംബന്ധിച്ച എല്ലാ കണക്കുകളും പരിശോധിക്കുന്നതിന് അവസരം ലഭിക്കുന്നതുമാണ്. അതോടൊപ്പംതന്നെ ഭരണ സാമ്പത്തിക സാമൂഹിക ഓഡിറ്റുകൾ നിർബന്ധമാക്കുന്നതുമാണ്. ഈ പരിപാടി കേരള സാമൂഹ്യമിഷൻ ഏറ്റെടുത്ത് നടപ്പാക്കും. 2016-17 സാമ്പത്തികവർഷം ഉദ്ദേശം 100 കോടി രൂപ ഈ പരിപാടിയിലൂടെ സമാഹരിക്കാൻ ഉദ്ദേശിക്കുന്നു. മനുഷ്യസ്നേഹികൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ നൽകുന്ന ഇഷ്ടദാനഫണ്ട്, സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റാൻ കോർപ്പറേറ്റുകൾ നീക്കി വെക്കുന്ന ഫണ്ടുകൾ, മറ്റ് സംഘടനകളുടെ ഫണ്ടുകൾ എന്നിവയിലൂടെ പണം സമാഹരിക്കുന്നതാണ്. ഈ പരിപാടിയുടെ ഭരണ പരമായ ചെലവുകൾ, ഓവർഹെഡ് ചാർജ്ജുകൾ എന്നിവ വഹിക്കാൻ 2016-17-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

40. സംസ്ഥാനം ഒട്ടുക്കുള്ള വികലാംഗ സർവ്വേ

(വിഹിതം : 50.00 ലക്ഷം രൂപ)

ജി.ഒ. (ആർറ്റി.) നം. 44/2014/എസ്.ജെ.ഡി. തീയതി 16-1-2014 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ ഒരു പ്രത്യേക പ്രോജക്ടായി "വികലാംഗ സർവ്വേ"യെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സർവ്വേ പൂർത്തിയാക്കി ഡേറ്റാ എൻട്രി വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സർവ്വേയുടെ ശേഷിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചലനാത്മകമായ ഡേറ്റാ രൂപപ്പെടുത്താനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി 2016-17-ൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു. ഈ പരിപാടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നതാണ്.

41. ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ എൻ. ജി. ഒ. കൂട്ടുകെട്ട്.

(വിഹിതം : 1000.00 ലക്ഷം രൂപ)

കുട്ടികൾ, മുതിർന്ന പൗരന്മാർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, മാനസിക രോഗത്തിനടിമപ്പെട്ടവർ, ഗാർഹിക പീഡനത്തിനും ലൈംഗിക പീഡനത്തിനും ഇരയാവുന്ന സ്ത്രീകൾ, പെൺകുട്ടികൾ എന്നിവരുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പ് കുറേയധികം ക്ഷേമസ്ഥാപനങ്ങൾ നടത്തുകയും അതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. സർക്കാർ സംവിധാനത്തിന് അതിന്റേതായ പരിമിതികൾ ഏറെ ഉണ്ടെങ്കിലും ഈ രംഗത്ത് എടുത്ത് പറയത്തക്ക സേവനങ്ങൾ സർക്കാർ നൽകുന്നുണ്ട്. പുതിയ ക്ഷേമസ്ഥാപനങ്ങളുടെ ആവശ്യം ഇപ്പോൾ കൂടുതലായതിനാൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിചരണ സ്ഥാപനങ്ങൾ ആവശ്യത്തിനില്ലാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് സർക്കാർ എൻ. ജി. ഒ. കൂട്ടുകെട്ടിൽ ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള നയരൂപീകരണത്തിന് തീരുമാനം എടുത്തിരുന്നു. സർക്കാരും പൊതുസമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സ്തുത്യർഹമായ കൂട്ടുകെട്ടിനും രൂപം കൊടുക്കുക എന്നതാണ് എൻ. ജി. ഒ. ചട്ടക്കൂട് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള പരിപാടികൾ തുടരാനും സർക്കാരിതര സംഘടനകൾ നടത്തുന്ന ക്ഷേമ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനത്തിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പോളിസിയുടെ ഭാഗമായി വൈകല്യമുള്ള മുതിർന്നവർക്ക് അസിസ്റ്റഡ് ലിവിംഗ് ഹോമുകൾ തുടരാനും ഉദ്ദേശിക്കുന്നു. സംഘടനകളുടെ മുൻകാല ചരിത്രം, പ്രവർത്തന പരിചയം, ആഡിറ്റ് പ്രസ്താവനകൾ, ഈ രംഗത്തുള്ള പ്രാഗൽഭ്യം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത എൻ. ജി. ഒ.-കൾ അംഗീകൃതമായവ ആയിരിക്കണമെന്ന് ഉറപ്പാക്കിയശേഷം മാത്രം തിരഞ്ഞെടുക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണവകുപ്പായി പ്രവർത്തിക്കും. 2016-17-ൽ 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

42. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

(വിഹിതം : 80.00 ലക്ഷം രൂപ)

ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം, 2005 അനുസരിച്ച് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 3-6-2013 മുതൽ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ അവകാശങ്ങൾ ഇപ്പോഴുള്ള ബാലാവകാശ നിയമത്തിന് കീഴ്പ്പെട്ട് കൊണ്ടാണോ നടക്കുന്നതെന്ന് പരിശോധിക്കുന്നതിനും, പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിനുമുള്ള അധികാരം ഈ കമ്മീഷനുണ്ട്. കൂടാതെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുക, അവകാശങ്ങൾ നടപ്പാക്കുന്നതിന് തടസ്സമായിട്ടുള്ള കാര്യങ്ങൾ കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കാനും കമ്മീഷന് അധികാരമുണ്ട്. ആർ. റ്റി. ഇ. മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തനം, പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്, 2012-ന്റെ നിർവ്വഹണവും മോണിട്ടറിംഗും, കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കമ്മീഷണറേറ്റിന്റെ നിലവിലുള്ള പരിപാടികളുടെ നടത്തിപ്പ് എന്നീ ചെലവുകൾ വഹിക്കാൻ 2016-17-ൽ 80.00 ലക്ഷം രൂപ വകയിരുത്തുന്നു.

43. അംഗൻവാടികളിൽ പ്രീ-സ്കൂൾ, പ്രീ പ്രൈമറി വിദ്യാഭ്യാസ ഏകീകരണ സെന്ററുകൾ

(വിഹിതം : 500.00 ലക്ഷം രൂപ)

കേരളത്തിൽ മൂന്നിലൊന്ന് അംഗൻവാടികൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഇവയുടെ ഘടനയും ചുറ്റുപാടും കുട്ടികൾക്ക് അനുയോജ്യമല്ല. ഒരു അംഗൻവാടിക്ക് 13 ലക്ഷം രൂപ വെച്ച് പുതിയ 30 അംഗൻവാടി സെന്ററുകൾ നിർമ്മിക്കാനും നിലവിലെ അംഗൻവാടികൾ മെച്ചപ്പെടുത്താനും 2016-17-ൽ ഉദ്ദേശിക്കുന്നു. 2016-17-ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

44. സംസ്ഥാന സർക്കാർ പ്രത്യേക താൽപ്പര്യം എടുത്ത് നടപ്പാക്കുന്ന വൈകല്യമുള്ളവർക്കുള്ള പദ്ധതി—വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കലും പുനരധിവാസവും

(വിഹിതം : 3700.00 ലക്ഷം രൂപ)

വൈകല്യം തടയുക, വൈകല്യ നിർണ്ണയം, പ്രാരംഭ ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി കേരള സർക്കാർ പ്രത്യേക താൽപ്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണിത്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കാൻ സാമൂഹ്യനീതി വകുപ്പ് മുൻകൈ എടുത്ത് വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ഒരു ഉപമിഷനിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പരിപാടിയുടെ ആദ്യഘട്ടത്തിൽ വൈകല്യം തടയാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ താഴെ നിർദ്ദേശിക്കുന്നു:

(1) വാക്സിനേഷൻ—എം. എം. ആർ. & റുബല്ലാ

2013-14-ൽ അമ്മമാർക്കും കുട്ടികൾക്കുമുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായി കുട്ടികൾക്ക് എം. എം. ആർ. പ്രതിരോധ കുത്തിവയ്പ് പരിപാടി ആരംഭിച്ചിരുന്നു. ഈ പരിപാടി 2016-17-ലും തുടരേണ്ടതുണ്ട്. 2016-17-ൽ 6,00,000 ഡോസ് എം. എം. ആർ. വാക്സിൻ ആവശ്യമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്ക് റുബല്ല വൈറസിനെ പ്രതിരോധിക്കാനുള്ള കുത്തിവയ്പും തുടരേണ്ടതുണ്ട്. 2016-17-ൽ 5,00,000 ഡോസ് റുബല്ലാ വാക്സിൻ ആവശ്യമുണ്ട്. എം. എം. ആർ., റുബല്ല വാക്സിനുകൾ വാങ്ങാനും ഇതുമായി ബന്ധപ്പെട്ട ഐ. ഇ. സി. പരിപാടികൾ ഏറ്റെടുക്കാനുമായി 700.00 ലക്ഷം രൂപ 2016-17-ൽ വകയിരുത്തുന്നു.

(2) ഡിസ്ട്രിക് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ

കുട്ടികളിലുള്ള വളർച്ചാമുരടിപ്പും വൈകല്യവും തിരിച്ചറിയാൻ എല്ലാ ജില്ലകളിലും ഡിസ്ട്രിക് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. 14 ജില്ലകളിലും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കണ്ടെത്തിയ സ്ഥലത്ത് സെന്റർ തുടങ്ങാനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ കെട്ടിട നിർമ്മാണം പി. ഡബ്ലിയു. ഡി. യെ ഏൽപ്പിക്കുകയും 2016 ഒടുവിലോടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. 2016-17-ൽ ഈ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വേണ്ടതുണ്ട്. കൂടാതെ ഈ സെന്ററുകളിലും മറ്റ് സെന്ററുകളിലും പോകാൻ കഴിയാത്തവർക്ക് അവരുടെ വീട്ടിൽ ചെന്ന് സേവനങ്ങൾ നൽകുന്നതിനായി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 1750.00 ലക്ഷം രൂപ വകയിരുത്തുന്നു.

(3) യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് പരിപാടി

സർക്കാർ താല്പര്യമെടുത്ത് നടപ്പാക്കുന്ന വൈകല്യ പരിപാടിയുടെ ഭാഗമായി ജനനസമയത്ത് കുട്ടികളിൽ ഹിയറിംഗ് സ്ക്രീനിംഗ് നടത്താൻ ഒട്ടോ അകാസ്റ്റിക് എവിഷൻ സ്ക്രീനേഴ്സ് 40 അമ്മമാർക്കും കുട്ടികൾക്കുമുള്ള സർക്കാർ ആശുപത്രികളിൽ നൽകിയിരുന്നു. കണ്ടുപിടിച്ച കെയ്സുകൾ മോണിട്ടർ ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ഈ 40 ആശുപത്രികളിൽ ഓരോ ജൂനിയർ പബ്ലിക് നേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. കൺജൻഷ്യൽ അനോമലീസ് കണ്ടെത്താനുള്ള സ്ക്രീനിംഗ് പരിപാടി കൂടി ഇതോടൊപ്പം നിർദ്ദേശിക്കുന്നു. സ്ക്രീനിംഗ് മെഷീനുകൾ വാങ്ങുക, സോഫ്റ്റ്വെയർ രൂപപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾക്ക് 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

(4) ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡറുള്ള കുട്ടികളുടെ പുനരധിവാസ പരിപാടികൾ.

രോഗാവസ്ഥ, പരിണിത ഫലം, കുടുംബത്തിലുണ്ടാകുന്ന ആഘാതം, സാമൂഹ്യവില എന്നിവ കണക്കിലെടുത്താൽ കുട്ടികളിൽ ഉണ്ടാകുന്ന ഒരു ഗുരുതരമായ വൈകല്യമാണ് ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ. കേരളത്തിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ പുനരധിവാസം ഒരു വലിയ പ്രശ്നമായതിനാൽ നിലവിലെ പ്രവർത്തനങ്ങൾ ഒരു ചിട്ടയായ രീതിയിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മുൻകൂട്ടിയുള്ള നിർണ്ണയം, ഇടപെടൽ, അനുയോജ്യമായ തെറാപ്പി സേവനങ്ങൾ നൽകുക, മാതാപിതാക്കൾക്കുള്ള പരിശീലനം, പരിശീലന പരിപാടികൾ, ഇത്തരം കുട്ടികളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നൽകുവാൻ ഒരു പ്രൊഫഷണൽ ടീമിന്റെ രൂപീകരണം, മറ്റു ചെലവുകൾ എന്നിവ വഹിക്കാൻ 2016-17-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

(5) പരിശീലനം, ശിൽപശാലകൾ, ഗവേഷണം പുതിയ സംരംഭങ്ങൾ ആരംഭിക്കൽ.

അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പൊതു സമൂഹത്തിന്റെ ഇടപെടലും സഹായവും ആവശ്യമാണ്. ഇപ്പോൾ ഇതിന് സമൂഹത്തിന്റെ വലിയ ശ്രദ്ധ കിട്ടുന്നില്ല. അതുകൊണ്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാനും താഴെ തട്ടിൽ അവബോധന പരിപാടികൾ ഏറ്റെടുക്കാനും 2016-17-ൽ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി 2016-17-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

(6) റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ

വിവിധ തരം വൈകല്യങ്ങളുള്ള മുതിർന്നവരെയും കുട്ടികളെയും പുനരധിവസിപ്പിക്കാൻവേണ്ടി സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. 2016-17-ൽ നിർമ്മാണത്തിലിരിക്കുന്ന പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ ഫെൻസിംഗ്, ട്രസ് വർക്ക്, പ്രോസ്തെറ്റിക്, ഓർത്തോപ്പഡിക് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ പുനഃരുദ്ധാരണ പണികളും നടത്തേണ്ടതുണ്ട്. സെമിനാറുകൾ, മെഡിക്കൽ ക്യാമ്പ്, സി. പി. കുട്ടികൾക്കും അവരുടെ പരിചരണ സഹായികൾക്കുമുള്ള തൊഴിൽ പരിശീലനം, ജീവനക്കാർക്കുള്ള പരിശീലനവും നിർദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങൾ നടത്താൻ 300.00 ലക്ഷം രൂപ വകയിരുത്തുന്നു.

(7) നിഷിനെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ ഡിസബിലിറ്റീസ് സ്റ്റഡീസ് ആന്റ് റിഹാബിലിറ്റേഷൻ സയൻസസ് ആക്കി ഉയർത്തുക

വൈകല്യരംഗത്ത് പ്രവർത്തിക്കുന്ന ഒരു ഉന്നത സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. അംഗപരിമിതരായ ആൾക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള മുന്തിയ സൗകര്യം ഏർപ്പെടുത്തുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരെ പരിശീലിപ്പിക്കുന്നതിനുമുള്ള ഒരു നാഷണൽ യൂണിവേഴ്സിറ്റിയായി നിഷിനെ ഉയർത്താനുള്ള പ്രഖ്യാപനം കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിരുന്നു. നിഷിനെ നാഷണൽ യൂണിവേഴ്സിറ്റിയായി മാറ്റാനുള്ള പ്രവർത്തനങ്ങൾ തുടരുന്നതിലേക്ക് 2016-17-ൽ 500.00 ലക്ഷം രൂപ വകയിരുത്തുന്നു.

45. വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകൽ

(വിഹിതം : 400.00 ലക്ഷം രൂപ)

അംഗപരിമിതർക്കുള്ള ദേശീയനയപ്രകാരം എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകേണ്ടത് നിയമപരമായ ബാദ്ധ്യതയാണ്. ഇതിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് എല്ലാ ബ്ലോക്ക്/ഗ്രാമതലത്തിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ, അംഗനവാടി വർക്കേഴ്സ്, ഐ.സി.ഡി.എസ്. ആൾക്കാർ എന്നിവരുടെ സഹായത്തോടെ ക്യാമ്പുകൾ നടത്തിവരുന്നു. ക്യാമ്പിൽവച്ചു തന്നെ അംഗവൈകല്യ സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും നൽകുന്നു. പദ്ധതി നടപ്പാക്കിയ ജില്ലകളിൽ വിട്ടുപോയവർക്കു കൂടി തിരിച്ചറിയൽ കാർഡ് നൽകുന്നതിലേക്ക് 2016-17-ൽ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

46. <u>അട്ടപ്പാടിയിലെ ശിശുക്കൾക്കുള്ള ആദ്യത്തെ ആയിരം ദിവസ പരിപാടി</u>

(വിഹിതം : 25.00 ലക്ഷം രൂപ)

സ്ത്രീകളുടെ ഗർഭധാരണവും (270 ദിവസം) കുട്ടിയുടെ രണ്ടാം ജന്മദിനവും (730 ദിവസം) ചേർന്നുള്ള ആദ്യ ആയിരം ദിവസങ്ങൾ കുട്ടികളുടെ ജീവിതത്തിലെ വളരെ സങ്കീർണ്ണവും നിർണ്ണായകവുമായ കാലഘട്ടമാണ്. ഒമ്പത് മാസത്തെ ഗർഭധാരണ സമയവും ആദ്യ രണ്ടുവർഷത്തെ കുട്ടിയുടെ ജീവിതവും കുട്ടിയുടെ മാനസിക, ശാരീരിക വളർച്ചക്ക് അടിസ്ഥാന ഹേതുവാണ്. അതുകൊണ്ട് ഗർഭധാരണ കാലയളവിലും ജനനശേഷമുള്ള കുട്ടിയുടെ ആദ്യ രണ്ട് വർഷകാലയളവിലും അവരെ കൂടുതൽ ആരോഗ്യ സമ്പുഷ്ഠിയുള്ളവരാക്കി മാറ്റാനും കുട്ടിയുടെ ഉന്നതഭാവിക്കും തലമുറകൾക്കിടയിലുണ്ടായിരുന്ന പോഷകാഹാരകുറവെന്ന ന്യൂനത ഭേദിച്ച് അത് നികത്താനുമുള്ള ഒരു വലിയ തുറന്ന അവസരവുമാണ് ഈ കാലഘട്ടം. ഇത് സമൂഹത്തിന്റെ തന്നെ ദീർഘദൂര ആരോഗ്യം, നിലനിൽപ്പ്, ഉയർച്ച എന്നിവകൂടി രൂപപ്പെടുത്തുന്നു. ഇത് മുന്നിൽ കണ്ടുകൊണ്ട് അട്ടപ്പാടിയിലെ ശിശുക്കൾക്കായി ഒരു പ്രത്യേക പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. താഴെ പറയുന്ന അത്യാവശ്യനേട്ടങ്ങൾ കൈവരിക്കാൻ ഈ പരിപാടി ഊന്നൽ നൽകുന്നതാണ്.

- ജനനത്തിന് ശേഷമുള്ള ആദ്യ ഒരുമണിക്കൂറിലെ മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക.
- ആദ്യ ആറുമാസത്തെ നിർബന്ധ മുലയൂട്ടൽ.
- 6 മാസം തികയുന്ന അന്നുമുതൽ തന്നെ പരിപൂരകാഹാരങ്ങൾ കൃത്യമായി നൽകുക.
- പ്രായത്തിനനുയോജ്യമായ ആരോഗ്യ പോഷക സമൃദ്ധമായ പരിപൂരകാഹാരം 6 മുതൽ 24 മാസം വരെ നൽകുകയും മുലയൂട്ടൽ തുടരുകയും ചെയ്യുക.
- പരിപൂരകാഹാരങ്ങൾ സൂക്ഷ്മമായി കൈകാര്യം ചെയ്യലും വൃത്തിയായ രീതിയിലുള്ള പരിപോഷണവും.
- പൂർണ്ണമായ പ്രതിരോധകുത്തിവെയ്പ്പ്, വിറ്റാമിൻ-എ നൽകലും അതോടൊപ്പമുള്ള വിരയകറ്റൽ തുടങ്ങിയവയും.
- രോഗസമയത്തും അതിനുശേഷമുള്ള മുലയൂട്ടലും കൂടെക്കൂടെയുള്ള ആഹാരം നൽകലും.
- കടുത്ത പോഷക വൈകല്യമുള്ള കുട്ടികൾക്ക് തക്ക സമയത്തുള്ള ഫലപ്രദമായ ഊട്ടലും പരിചരണവും.

2016-17-ൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

- നടത്തിയ ഇടപെടലുകളുടെ ഫലപ്രാപ്തി തിട്ടപ്പെടുത്താനും മോണിറ്റർ ചെയ്യാനുംവേണ്ടി അടിസ്ഥാന വിവര ശേഖരണം.
- പരിശീലനപരിപാടികൾ ഐ. ഇ. സി/ബി. സി. സി. അവബോധന ക്യാമ്പുകൾ
- റഫറൽ സർവ്വീസസ്.
- ഓരോ കോളനി കേന്ദ്രീകരിച്ച് അംഗൻവാടി വർക്കർമാരുടെ മേൽനോട്ടത്തിൽ മൈക്രോ ആർ.ആർ.റ്റി. (റാപ്പിഡ് റസ്പോൺസ് ടീം) രൂപീകരണം
- നാലുമാസം കൂടുമ്പോഴുള്ള വിലയിരുത്തലും അവലോകനവും

സാമൂഹ്യനീതി വകുപ്പ് ഈ പരിപാടിയുടെ നിർവ്വഹണ ഏജൻസിയായിരിക്കും. 2016-17-ൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

47. <u>മാനന്തവാടി ബ്ലോക്കിൽ ജി. ഐ. എസ്സ്. അടിസ്ഥാനമാക്കി അമ്മയുടെയും കുട്ടിയുടെയും ആരോഗ്യഗതി നിർണ്ണയിക്കാനുള്ള സിസ്റ്റം രൂപപ്പെടുത്തൽ</u>

(വിഹിതം: 100.00 ലക്ഷം രൂപ)

ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ (ജി.ഐ.എസ്സ്.) പിൻബലത്തോടെ പ്രവർത്തിക്കുന്ന രണ്ട് സ്വതന്ത്ര സോഫ്റ്റ്വയറുകളാണ് ജാതക്കും ജനനിയും. ജാതക്ക് ജനനി ഉദ്യമത്തിന്റെ പ്രവർത്തനങ്ങൾ താഴെ ചേർത്തിരിക്കുന്നു:

- ഗർഭധാരണം റിപ്പോർട്ട് ചെയ്ത് 42 ദിവസം മുതൽ പ്രസവ ശേഷവും അതുപോലെതന്നെ കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പ്പിന് ശേഷവുള്ള അമ്മയുടെ ആരോഗ്യ നില നിർണ്ണയിക്കുക.
- കുട്ടികളുടെ വളർച്ച മാസം തോറും അവലോകനം ചെയ്യുക.
- 5 വയസ്സ് വരെ കുട്ടികളുടെ രോഗവിവരം റിപ്പോർട്ട് ചെയ്യുക, ഹെൽത്ത് വർക്കർ, സൂപ്പർവൈസർമാർ എന്നിവർ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അമ്മയെയും കുട്ടിയെയും മോണിട്ടർ ചെയ്യുക തുടങ്ങിയവ.

ഈ പരിപാടി പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയിരുന്നു. വയനാട് ജില്ലയിൽ മാനന്തവാടി ബ്ലോക്കിൽ ഈ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പാക്കാൻ 2016-17-ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതികൾ**

48. <u>കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പദ്ധതി (40 ശതമാനം എസ്. എസ്. ടു. സി. എസ്. എസ്.)</u>

(വിഹിതം : 1065.00 ലക്ഷം രൂപ)

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരം ഉയർത്തുന്നതിന് കൊല്ലം, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്ന കേന്ദ്ര പദ്ധതിയാണിത്. 11-നും 18-നും ഇടയിൽ പ്രായമായ പെൺകുട്ടികളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഐ. സി. ഡി. എസ്സിന്റെ വേദി ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൗമാരക്കാരായ പെൺകുട്ടികളെ സ്വയം തൊഴിലിന് പ്രാപ്തരാക്കുക അവരുടെ ശാക്തീകരണം, പോഷകാഹാര ആരോഗ്യ പരിപാലനം, ആരോഗ്യ ശുചിത്വം, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, പൊതുസേവനങ്ങളെക്കുറിച്ചുള്ള വിവരവും ഉപദേശവും നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60 :40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 1065.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

49. മാനസിക രോഗമുള്ള അനാഥർക്കുള്ള സൈക്കോ-സോഷ്യൽ പരിപാടി

(വിഹിതം: 300.00 ലക്ഷം രൂപ)

പൊതുനിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തിര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിപ്രകാരം ജില്ലാ കേന്ദ്രങ്ങളിൽ കുറഞ്ഞപക്ഷം ഒരു ശ്രദ്ധാഭവനമെങ്കിലും ഇവർക്ക് വേണം എന്ന രീതിയിൽ ശ്രദ്ധാഭവനം തുടങ്ങാനുള്ള ഗ്രാന്റ് തികച്ചും അംഗീകൃതമായ എൻ. ജി. ഒ. കൾക്ക് മാത്രം നൽകുന്നതാണ്. കേരള രജിസ്ട്രേഷൻ ഓഫ് സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ഇൽ പേഴ്സൺസ് നിയമം, 2012-ന്റെ റൂൾ-2 (എച്ച്) പ്രകാരമുള്ള അനാഥരായ മാനസികരോഗികളും, കൂടാതെ പ്രൈവറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽനിന്നും രോഗം ഭേദമായിട്ട് വിടുതൽ ചെയ്യപ്പെട്ടവരുമായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2016-17-ൽ പദ്ധതിയ്ക്കായി 300.00 ലക്ഷം രൂപ വകയിരുത്തുന്നു. സാമൂഹ്യ നീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണ വകുപ്പായി പ്രവർത്തിക്കും.

50. അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പദ്ധതി - (സംസ്ഥാനാവിഷ്കൃത പദ്ധതി-60% സംസ്ഥാനവിഹിതം)

(വിഹിതം : 850.00 ലക്ഷം രൂപ)

അംഗപരിമിതരായ ആൾക്കാർക്ക് തൊഴിലവസരം സൃഷ്ടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ച് ഈ വിഭാഗക്കാരെ സ്വയാധികാരവും ദൃഢനിശ്ചയവും ഉള്ളവരാക്കി മാറ്റിയെടുക്കാവുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ജീവിതത്തിൽ ഒരവസരം കിട്ടിയാൽ ഇത് അയാളുടെ വൈകല്യത്തിന് ആശ്വാസം ആകുകയും ഇതേ വിഭാഗത്തിൽപ്പെടുന്ന മറ്റുള്ളവരെ സഹായിക്കാനുള്ള ഒരു മനസ്സ് ഇവരിൽ ഉണ്ടാക്കിയെടുക്കാനും കഴിയും. കെ. എസ്. എസ്. എം., നിഷ്, എസ്. ഐ. ഡി. എന്നീ സ്ഥാപനങ്ങൾ ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള പ്രേരക ശക്തികളായി വർത്തിക്കുന്നതാണ്. അപേക്ഷകരെ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ അപേക്ഷകന് തൊഴിൽ അനായാസം നേടാനുള്ള പ്രേരക പരിശീലനമോ അല്ലെങ്കിൽ നവീകരണ പരിശീലനമോ നിഷ് മുഖേന നൽകുന്നതായിരിക്കും. ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയായി നടപ്പാക്കുന്നതാണ്. പദ്ധതിയുടെ 60 ശതമാനം തുക സംസ്ഥാനവും ബാക്കി 40 ശതമാനം തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. സാമൂഹ്യ നീതിവകുപ്പ് ഈ പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്. 2016-17-ൽ ഈ പദ്ധതി നടപ്പാക്കാൻ 850.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

51. അംഗപരിമിതർക്ക് സഹായ സാങ്കേതികവിദ്യ (സംസ്ഥാനാവിഷ്കൃത പദ്ധതി—60 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 500.00 ലക്ഷം രൂപ)

അംഗപരിമിതരുടെ കൃത്യനിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന സഹായ ഉപകരണങ്ങൾ നൽകാനുള്ളതാണ് ഈ പദ്ധതി. അർഹരായവർക്ക് യോജിച്ച തരത്തിലുള്ള സഹായ ഉപകരണങ്ങളും പുനരധിവാസത്തിന് സഹായമാകുന്ന ഉപകരണങ്ങളും നൽകുന്നതാണ്. വൈകല്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പാക്കുന്നതാണ്. പദ്ധതിയുടെ 60 ശതമാനം തുക സംസ്ഥാനവും ബാക്കി 40 ശതമാനം തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പ് ഈ പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്. 2016-17-ൽ പദ്ധതി നടപ്പാക്കാൻ 500.00 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തുന്നു.

52. അംഗൻവാടികളുടെ നിർമ്മാണവും നവീകരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി-60 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം : 2562.00 ലക്ഷം രൂപ)

ആറ് വയസ്സിന് താഴെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ സംഗമസ്ഥാനമായിട്ടാണ് അംഗൻവാടികൾ കണക്കാക്കപ്പെടുന്നത്. പ്രായമായവരെക്കൂടി ഈ സെന്ററുകളിൽ എത്തിച്ചാൽ അവരുടെ അനുഭവങ്ങൾ ഇളം തലമുറയ്ക്ക് പങ്കുവച്ച് അംഗൻവാടിയെ ഒരു സൗഹൃദ കേന്ദ്രമാക്കി മാറ്റാവുന്നതാണ്. ഇത്തരത്തിലുള്ള അംഗൻവാടികൾക്ക് സാധാരണ അംഗൻവാടികളെപ്പോലെ ക്ലാസ് മുറികൾ, അടുക്കള, ഭക്ഷണശാല പ്രതിരോധകുത്തിവയ്പ് എടുക്കാനുള്ള മുറികൾ, അമ്മമാർക്കുള്ള ഹാൾ തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടാകും. ഇതിനു പുറമെ പ്രായമായവർക്ക് പ്രത്യേക വായനാമുറിയും ഉണ്ടാകും. പ്രതിബന്ധവിമുക്തമായ സൗകര്യങ്ങൾ ഈ സെന്ററിൽ ക്രമീകരിക്കുന്നതാണ്. ഒരു അംഗൻവാടിക്ക് 14.50 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായി കണക്കാക്കുന്നു. 2016-17 വർഷം ഇത്തരത്തിലുള്ള 200 അംഗൻവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഈ പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതാണ്. ഒരു അംഗൻവാടി കെട്ടിടത്തിന്റെ 60 ശതമാനം തുക സംസ്ഥാനവും ബാക്കി 40 ശതമാനം തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. കൂടാതെ 2016-17-ൽ 1370 അംഗൻവാടി കെട്ടിടങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള നിർദ്ദേശവുമുണ്ട്. അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിംഗ്, പ്ലമ്പിംഗ്, സാനിട്ടറി പണികൾ, ശിശുസൗഹൃദ മൂത്രപ്പുരകളുടെ നിർമ്മാണം, ചുറ്റുമതിൽ, ഇലക്ട്രിക്കൽ വർക്കുകൾ തുടങ്ങിയ പ്രവർത്തികൾ ഇതിൽ ഉൾപ്പെടുന്നതാണ്. നിലവിലെ ഒരു അംഗൻവാടിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ആവശ്യമായ തുകയുടെ 60 ശതമാനം സംസ്ഥാനവും ബാക്കി 40 ശതമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതാണ്. സാമൂഹ്യനീതിവകുപ്പ് ഈ പദ്ധതിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്. 2016-17-ൽ ഈ പദ്ധതിക്കായി 2562.00 ലക്ഷം രൂപ സംസ്ഥാനവിഹിതമായി വകയിരുത്തുന്നു.

53. ഓൺലൈൻ നിഷ് ഇന്റർ ആക്ടീവ് ഡിസബിലിറ്റീസ് അവയർനസ്സ് സെമിനാർ

(വിഹിതം : 82.95 ലക്ഷം രൂപ)

ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് അംഗപരിമിതരുടെ രക്ഷിതാക്കൾക്കും അംഗപരിമിതരുടെ പരിചരിക്കുന്നവർക്കും പരിശീലനവും അവബോധവും നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിഷ് ക്യാമ്പസിൽ വെച്ച് നടത്തുന്ന സെമിനാർ ഓരോ ജില്ലയിലെയും ജില്ലാ സാമൂഹ്യ നീതി ഓഫീസ്/ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസ് എന്നിവ കേന്ദ്രീകരിച്ച് ലൈവ് ആയി പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് ഇതു നേരിട്ട് കാണാവുന്നതുമാണ്. ഓരോ കേന്ദ്രത്തിലും ഇന്റർനെറ്റ് സംവിധാനം, പി. സി., വെബ്ക്യാം തുടങ്ങിയവ ക്രമീകരിച്ച ഒരു മുറി ഈ പ്രോഗ്രാം ലൈവ് ആയി കിട്ടാൻ ആവശ്യമാണ്. നിഷിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വൈകല്യരംഗത്തെ വിവിധ വിഷയങ്ങളെക്കുറിച്ച് വെബ് സെമിനാർ ഒരു തുടർപരിപാടിയായി നടത്തുന്നതാണ്. സെമിനാർ നിഷിൽ നടത്തുന്ന വേളയിൽതന്നെ ഇതിൽ പങ്കെടുക്കുന്നവർക്ക് വിദഗ്ധരോട് ചോദ്യങ്ങൾ തൽസമയം ചോദിച്ച് ഉത്തരങ്ങൾ കണ്ടെത്താവുന്നതാണ്. തുടക്കത്തിൽ കേരളത്തിൽ മാത്രമുള്ള ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസുകളിൽ മാത്രമായി ഈ പരിപാടി മലയാളത്തിൽ ലഭ്യമാകുന്നതായിരിക്കും. എന്നാൽ നിഷ് ഒരു ദേശീയ യൂണിവേഴ്സിറ്റി ആയി മാറുന്ന മുറയ്ക്ക് ഈ പ്രോഗ്രാം രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതായിരിക്കും. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹ്യനീതി വകുപ്പ് ഈ പദ്ധതിയുടെ നിർവ്വഹണ വകുപ്പ് ആയിരിക്കും. പദ്ധതി നടപ്പാക്കാൻ 2016-17-ൽ 82.95 ലക്ഷം രൂപ വകയിരുത്തുന്നു.

54. ഇന്ദിരാഗാന്ധി മാതൃത്വ സഹയോജയോജന (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം : 630.00 ലക്ഷം രൂപ)

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യ പോഷക നിലവാരം ഉയർത്താനുള്ള ഒരു കേന്ദ്ര പദ്ധതിയാണിത്. ഗർഭകാലത്ത് ശരിയായ പരിചരണം നേടുന്നതിനും നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും ആറുമാസംവരെ കുട്ടികൾക്ക് മുലപ്പാൽ നൽകുന്നതുൾപ്പെടെ ഐ. വൈ. സി. എഫ്. ശീലങ്ങൾ സ്ത്രീകളിൽ വളർത്തിയെടുക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക, ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മാരുടെയും ആരോഗ്യ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തി അവരുടെ ജീവിത സാഹചര്യം ഉയർത്താൻ ധനസഹായം നൽകുക, അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രോൽസാഹനം നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60 : 40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 630.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### 9.13 പോഷകാഹാരം

1. സംസ്ഥാന പോഷകാഹാര ബ്യൂറോ

(വിഹിതം : 35.00 ലക്ഷം രൂപ)

സംസ്ഥാന പോഷകാഹാര ബ്യൂറോ 2016-17-ൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു:

- പോഷകാഹാര അവബോധന പരിപാടികളുടെ തുടർ നടത്തിപ്പ്.
- പരിശീലകർക്കുള്ള പരിശീലന പരിപാടികളും വോളന്റിയേഴ്സ് പരിശീലനവും.
- പോഷകാഹാര പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
- ഐ.ഇ.സി. സാമഗ്രികളുടെ പ്രിന്റിംഗും പ്രസിദ്ധീകരണവും.
- ദേശീയ പോഷകാഹാര വാരാചരണവും മറ്റ് പ്രധാനപ്പെട്ട പോഷകാഹാരപ്രദമായ ദിവസങ്ങളുടെ ആചരണവും.
- സാമഗ്രികളും അടുക്കള സാധനങ്ങളും വാങ്ങിക്കുക.
- ആഫീസ് ചെലവുകൾ തുടങ്ങിയവ.

2016-17-ൽ 35.00 ലക്ഷം രൂപ വകയിരുത്തുന്നു.

2. പോഷകാഹാര ഗവേഷണ കേന്ദ്രം

(വിഹിതം : 66.00 ലക്ഷം രൂപ)

ഏറ്റവും ഉന്നതമായ ബയോകെമിക്കൽ ഗവേഷണവും സർവ്വേയും ഹ്രസ്വകാല ഗവേഷണ പഠനം ഉൾപ്പെടെയുള്ള കേരളത്തിലെ പോഷകാഹാര ഘടകങ്ങളെ സംബന്ധിച്ച് പഠനങ്ങൾ നടത്തുകയാണ് പോഷകാഹാര ഗവേഷണ കേന്ദ്രത്തിന്റെ പ്രധാന ദൗത്യം. പോഷണ വൈകല്യത്തെക്കുറിച്ചുള്ള ഇടപെടൽ പരിപാടികൾ, സെമിനാറുകൾ, സെൻസിറ്റേഷൻ പ്രോഗ്രാമുകൾ, ഐ. ഇ. സി. സാമഗ്രികളുടെ പ്രിന്റിംഗ്, സി.ഡി. നിർമ്മാണം, ക്യാമ്പുകൾ സംഘടിപ്പിക്കുക, സർവ്വേ, പഠനം, വിലയിരുത്തൽ എന്നിവ നടത്തുക, സ്ക്കോളർഷിപ്പും, സ്റ്റൈപ്പന്റും നൽകുക, മൊബിലിറ്റി ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ വഹിക്കാൻ 2016-17-ൽ 66.00 ലക്ഷം രൂപ വകയിരുത്തുന്നു.

3. സംയോജിത ശിശു വികസന സേവനങ്ങൾ (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം : 19960.00 ലക്ഷം രൂപ)

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് "സംയോജിത ശിശുവികസന സേവനങ്ങൾ". കുട്ടിയുടെ ശൈശവാവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽനിന്നും മാറ്റിനിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. സംസ്ഥാനത്ത് നിലവിൽ 258 സംയോജിത ശിശു വികസന പദ്ധതി കേന്ദ്രങ്ങളും 33115 അംഗനവാടി കേന്ദ്രങ്ങളുമാണുള്ളത്. അംഗനവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം.

പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, അംഗനവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്ക്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ.ഇ.സി. പ്രവർത്തനങ്ങൾ, അംഗനവാടി ആകസ്മിക ചെലവുകൾ, യൂണിഫോം തുടങ്ങിയവ നടപ്പാക്കാനുള്ള ചിലവ് ഈ ശീർഷകത്തിൽപ്പെടും. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ പദ്ധതി തുടരാൻ 19960.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

## പുതിയ പദ്ധതികൾ

4. പൂരക പോഷകാഹാര പരിപാടി (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം. 2000.00 ലക്ഷം രൂപ)

മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾ, പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം നൽകുക എന്ന ലക്ഷ്യം നിറവേറ്റാനുള്ള ഒരു കേന്ദ്ര പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നീ പരിപാടികളിലൂടെ അംഗനവാടികളുടെ മേൽനോട്ടവും നിയന്ത്രണവും പൂരകപോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ. സി. ഡി. എസ്. മാനദണ്ഡപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാര സാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്. അംഗനവാടി സെന്ററുകൾ മുഖേനയാണ് ഈ പരിപാടി നടത്തിവരുന്നത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ പദ്ധതി നടപ്പാക്കാൻ 2000.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

5. കിഷോരി ശക്തിയോജന (40 ശതമാനം എസ്. എസ്. ടു സി. എസ്. എസ്.)

(വിഹിതം. 76.00 ലക്ഷം രൂപ)

പതിനൊന്നിനും പതിനെട്ടിനും ഇടയിൽ പ്രായമായ കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുവാൻ ഐ. സി. ഡി. എസ്. വേദി ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന ഒരു കേന്ദ്ര പദ്ധതിയാണിത്. കൗമാരക്കാരായ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം, ആരോഗ്യ ക്ലീനിക്കുകൾ, ആരോഗ്യ പോഷകാഹാര ദിനങ്ങളുടെ ആഘോഷം, വിവിധ തലങ്ങളിലുള്ള മോണിട്ടറിംഗും വിലയിരുത്തലും, ഓറിയന്റേഷൻ പരിപാടി, സ്റ്റേഷനറി ചെലവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 76.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

# X. സാമ്പത്തിക സർവ്വീസുകൾ

## 10.1 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

### സംസ്ഥാന ആസൂത്രണ ബോർഡ്

1. സംസ്ഥാന ആസൂത്രണവിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം: 115.00 ലക്ഷം രൂപ)

നവീന രീതികൾക്ക് അനുസൃതമായി പ്രത്യേകിച്ച്, വിവര സാങ്കേതിക വിദ്യയുടേയും ഈ-ഗവേണൻസിന്റെയും മേഖലകളിൽ സംസ്ഥാന ആസൂത്രണ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതിയാണിത്. 2016-17-ൽ ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | ഘടകങ്ങൾ/പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| എ. | ഇ-ഗവേണൻസ് | |
| 1 | കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും, ഘടക ഭാഗങ്ങൾ, ഡിവിഡി, പെൻഡ്രൈവ് വാങ്ങുക. | |
| 2 | സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുക/ സോഫ്റ്റ്‌വെയറുകൾ വാങ്ങുക/ പുതുക്കുക. വെബ്സൈറ്റ്, വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ മെയിന്റനൻസ് ചെലവ്. | |
| 3 | ഇ-ഗവേണൻസ് സൗകര്യങ്ങൾക്കും സാങ്കേതിക സഹായങ്ങൾക്കുമുള്ള ഐ. ടി കൺസൽട്ടൻസി ചെലവുകൾ (മാനവശേഷി) | 55.00 |
| 4 | പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പി യറുകൾ മുതലായവയുടെ അനുബന്ധ ഉപകരണങ്ങളും സ്പെയറുകളും വാങ്ങുക, ഇവയുടെ മെയിന്റനൻസും അറ്റകുറ്റപ്പണികളും നടത്തുക, ടോണറുകൾ മാറ്റിസ്ഥാപിക്കുക. | |
| 5 | കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, റൂട്ടേഴ്സ്, സ്വിച്ചുകൾ, ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ, യു.പി.എസ്., പ്രൊജക്ടർ, ഇ.പി.എ.ബി.എക്സ്, എയർകണ്ടീഷനറുകൾ ബ്രോഡ്ബാന്റ് കണക്ഷൻ, ഡാറ്റാകാർഡ് എന്നിവയുടെ വാർഷിക ചെലവുകൾ | |
| ബി. | സംസ്ഥാന ആസൂത്രണ ബോർഡിലെ ലൈബ്രറിയുടെ ശാക്തീകരണം | |
| 1 | ജേർണലുകൾ/ബുക്കുകൾ/പത്രമാധ്യമങ്ങൾ ലഭ്യമാക്കുക. | |
| 2 | ഓൺലൈൻ ഡാറ്റാബേസുകളുടെയും ജേർണലുകളുടെയും വാർഷിക വരിസംഖ്യ പുതുക്കുക. | 25.00 |
| 3 | അത്യപൂർവ്വ പ്രസിദ്ധീകരണങ്ങൾ ഡിജിറ്റൈസ് ചെയ്യുക. | |
| 4 | മാനവശേഷി-ട്രെയിനികളെ നിയോഗിക്കുക. | |
| 5 | ടി. വി. സ്റ്റാന്റ്, ബാർകോഡ് സ്കാനർ, സി. ഡി. റാക്ക് വാങ്ങുക | |
| 6 | പഴയ ബുക്കുകളുടെ ബൈയൻഡിംഗ് | |
| 7 | പ്രൊഫഷണൽ സ്ഥാപനങ്ങൾ പ്രസിദ്ധീകരി ക്കുന്ന വിദേശ ജേണലുകൾ വാങ്ങുക. | |
| സി. | ജില്ലാ പ്ലാനിംഗ് ആഫീസുകളിൽ ഇ ഓഫീസ് ആരംഭ പ്രവർത്തനങ്ങൾ | 35.00 |
| | ആകെ | 115.00 |

2016-2017-ലെ വർഷം 115.00 ലക്ഷം രൂപ ഈ പദ്ധതി കൾക്കായി വകയിരുത്തുന്നു.

2. ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം: 1200.00 ലക്ഷം രൂപ)

പുത്തൻ വികസന വെല്ലുവിളികളെ നേരിടുന്നതിനും വിവര സാങ്കേതിക വിദ്യയും ഈ-ഗവേണൻസും ലഭ്യമാക്കുന്ന സാദ്ധ്യതകൾ സ്വായത്തമാക്കുന്നതിനുംവേണ്ടി ജില്ലാ ആസൂത്രണ സമിതി സംവിധാനം ശക്തിപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കമ്പ്യൂട്ടറുകൾ, അനുബന്ധ സാമഗ്രികൾ, മറ്റു ഓഫീസ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ മതിയായ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും സജ്ജമാക്കേണ്ടതുണ്ട്. 2016-17-ലെ ബജറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 1200 ലക്ഷം രൂപ വകയിരുത്തുന്നു.

- ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണത്തിന്റെ പൂർത്തീകരണം.
- ജില്ലാ പദ്ധതികൾ.
- തദ്ദേശസ്വയംഭരണ ഗവൺമെന്റുകളുടെ പദ്ധതി പരിശോധന ചെലവുകൾ
- വിവര സാങ്കേതികവിദ്യയുടെ മികച്ച ഉപയോഗം സാദ്ധ്യമാക്കുന്നതിനുവേണ്ട കമ്പ്യൂട്ടറുകൾ, യു.പി.എസുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പി മെഷീനുകൾ, മറ്റ് സാമഗ്രികൾ, ഉപകരണങ്ങൾ മുതലായവയുടെ വാങ്ങലും മെയിന്റനൻസും
- ജില്ലാ പ്ലാനിംഗ് ഓഫീസികളിലെ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കൽ.

3. പദ്ധതികൾ തയ്യാറാക്കുക, സർവ്വേകളും പഠനങ്ങളും നടത്തുക.

(വിഹിതം: 280.00 ലക്ഷം രൂപ)

വിവിധ പദ്ധതികൾ തയ്യാറാക്കുക, സർവ്വേകളും പഠനങ്ങളും നടത്തുക, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയുടെ നടത്തിപ്പിനായി 2016-17-ലെ ബഡ്ജറ്റിൽ ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം ₹ 280 ലക്ഷം വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | പ്രോജക്ടുകൾ/ പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പദ്ധതി നിർവ്വഹണ ത്തിന്റെ നിരീക്ഷണം | വികസന വകുപ്പുകൾക്ക് അവാർഡ് നൽകുന്ന സമ്പ്രദായം പ്രാവർത്തികമാക്കുക. | 43.00 |
| | | ഇ-ഗവേണൻസ് ഉദ്യമങ്ങൾ- ഓൺലൈൻ പദ്ധതി സമർപ്പണവും പദ്ധതി നിരീക്ഷണവും<br>(i) പ്ലാൻ സ്പേസ് പ്രോജക്ട്- തുടർച്ചയായ പരിഷ്ക്കരണം, മെയിന്റനൻസ്, ജില്ലാതല നിർവഹണം മുതലായവ.<br>● സോഫ്റ്റ്വെയർ വികസിപ്പിക്കൽ, ഏകോപിപ്പിക്കൽ, മെയിന്റനൻസ് എന്നിവയ്ക്ക് ഒരു സീനിയർ സോഫ്റ്റ് വെയർ എഞ്ചിനീയറുടെ ശമ്പളം<br>● ജില്ലാതല നിർവ്വഹണം പിന്താങ്ങുന്നതിനായി രണ്ട് പ്രോജക്ട് അസ്സോസിയേറ്റുമാരുടെ ശമ്പളം<br>● തുടർച്ചയായ സപ്പോർട്ട്, വികസനം എന്നിവയ്ക്ക് ഒരു സീനിയർ ടെക്നിക്കൽ അസിസ്റ്റന്റിനുള്ള ശമ്പളം<br>● സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രോജക്ട് ഓഫീസറുടെ മാനവശേഷി ലഭ്യമാക്കുന്നതിനുള്ള ചെലവ്.<br>● കൺസൾട്ടിന്റെ വാർഷിക ശമ്പളം<br>● ജില്ലാതലത്തിൽ ഡാറ്റാ അപ്‌ലോഡ് ചെയ്യുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും സംസ്ഥാന ആസൂത്രണ ബോർഡിലെ പദ്ധതി സംയോജിത വിഭാഗത്തിലും മാനവശേഷി ലഭ്യമാക്കുന്നതിന് കരാർ വ്യവസ്ഥയിൽ പ്രോജക്ട് അസോസിയേറ്റ് മാരെ നിയോഗിക്കുക.<br>● സംസ്ഥാന/ജില്ലാതല ഉപയോക്താക്കൾക്ക് പരിശീലനം.<br>● പ്രവർത്തന/നടത്തിപ്പ് ചെലവുകൾ. | 73.00 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | (ii) സംയോജിത ഓൺലൈൻ പദ്ധതി സമർപ്പണ സംവിധാനം വികസിപ്പിക്കൽ | |
| 2 | സർവേകളും പഠനങ്ങളും നടത്തുക, വികസന റിപ്പോർട്ടുകൾ തയ്യാറാക്കുക | 2.1 കീർത്തികേട്ട സർവകലാശാലകളിലെയും സ്ഥാപനങ്ങളിലെയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുവേണ്ടി സമ്പദ് വ്യവസ്ഥയുടെ വളർച്ചയുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിൽ ഇന്റേൺഷിപ്പ് സ്കീം.<br>2.2 വിഭവ സമാഹരണവും പദ്ധതി നിർവഹണവും' എന്ന മേഖലയ്ക്ക് വേണ്ടി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനച്ചെലവുകൾ.<br>2.3 വെബ് അധിഷ്ഠിത സാമ്പത്തിക അവലോകനം വികസിപ്പിച്ചെടുക്കുക, പ്രീ-പ്രസ് ജോലികൾ ഉൾപ്പെടെ. | 7.00 |
| | | 2.4 അഗ്രോ ഇക്കോളജിക്കൽ സോൺ വിവരാടിത്തറ വിശകലനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കുക, പുതിയ പഠനങ്ങൾ നടത്തുക- കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗിക്കുന്നതിനുള്ള വിഹിതം ഉൾപ്പെടെ.<br>2.5 കൃഷി അനുബന്ധ മേഖലകളിലെ വിവിധ സമിതികളുടെ പ്രവർത്തനം. | 15.00 |
| | | 2.6 കേരളത്തിലെ കശുവണ്ടി മേഖലയെക്കുറിച്ചുള്ള പഠനം<br>2.7 കേരളത്തിലെ വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം (ഇ.എസ്.എസ്.) | 20.00 |
| | | 2.8 വിദ്യാഭ്യാസം, വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യം, കുടിവെള്ളം ശുചിത്വം, സാമൂഹ്യനീതി, തൊഴിൽ തൊഴിലാളിക്ഷേമം എന്നിവയെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുക | 25.00 |
| | | 2.9 കേരള പരിപ്രേക്ഷ്യ പദ്ധതി 2030 പഠനം | 20.00 |
| | | 2.10 വിലയിരുത്തൽ/ആഘാതപഠനം നടത്തുക (യാത്രാ ചെലവുകൾ ഉൾപ്പെടെ), വർക്കിംഗ് പേപ്പറുകൾ തയ്യാറാക്കുക, ശില്പശാലകളും പഠന ശിബിരങ്ങളും നടത്തുക, റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക മുതലായവ (വിലയിരുത്തൽ വിഭാഗം) | 20.00 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കാര്യശേഷി വികസന പരിപാടികൾ | 3.1 സംസ്ഥാന ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക്കയെന്ന ലക്ഷ്യത്തോടെ ദേശീയ അന്തർദ്ദേശീയതലത്തിൽ വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ളവരെ ക്ഷണിച്ചുവരുത്തി പ്രഭാഷണങ്ങൾ, ശില്പശാലകൾ, പഠന ശിബിരങ്ങൾ മുതലായവ നടത്തുക. | 7.00 |
| | | 3.2 സംസ്ഥാന ആസൂത്രണ ബോർഡിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് അവരെ രാജ്യത്തെ മികച്ച സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുക. (വിലയിരുത്തൽ വിഭാഗം) | 40.00 |
| 4 | പദ്ധതി പ്രചാരണം | 4.1 വാർഷിക പദ്ധതി രേഖ, വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ, പഠന റിപ്പോർട്ടുകൾ മുതലായ രേഖകൾ പ്രസിദ്ധീകരിക്കുക.<br>● രേഖകൾ ജില്ലാ പ്ലാനിംഗ് ഓഫീസുകളിൽ എത്തിച്ച് വിതരണം ചെയ്യുക.<br>● ഫീൽഡ് പബ്ലിസിറ്റി (പോസ്റ്റർ) അച്ചടി ജോലികളും പൊതു പ്രദർശനവും (എക്സിബിഷൻ) | 5.00 |
| | | 4.2 മലയാളം കേരളത്തിന്റെ ഭരണഭാഷയാക്കി മാറ്റുന്നത് സംബന്ധിച്ചുള്ള അവബോധന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക.<br>● ശില്പശാലകൾ,പ്രഭാഷണങ്ങൾ, മത്സരങ്ങൾ മുതലായവ ആസ്ഥാന ഓഫീസിലും ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും നടത്തുക.<br>● ഔദ്യോഗിക ഭാഷാവകുപ്പ് നിർദ്ദേശിക്കുന്ന വിവിധ പരിപാടികൾ നടപ്പാക്കുകയും ബോർഡുകളും പോസ്റ്ററുകളും സ്ഥാപിക്കുകയും ചെയ്യുക.<br>● ഔദ്യോഗിക പദങ്ങളുടെ ശബ്ദകോശവും വാർഷിക റിപ്പോർട്ടും തയ്യാറാക്കുക.<br>● ആസ്ഥാന ഓഫീസിലേക്കും ജില്ലാ പ്ലാനിംഗ് ഓഫീസുകളിലേക്കും വേണ്ടി നിഘണ്ടുകളും മറ്റ് സമാന പുസ്തകങ്ങളും വാങ്ങുക. | 5.00 |
| | | ആകെ മൊത്തം | 280.00 |

4. സംസ്ഥാന ആസൂത്രണ ബോർഡിന് കെട്ടിടം

(വിഹിതം: 105.00 ലക്ഷം രൂപ)

സംസ്ഥാന ആസൂത്രണ ബോർഡിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഒരു തുടർ പദ്ധതിയാണിത്. 2016-17 സാമ്പത്തികവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാന കവാടത്തിൽ ഗേറ്റ്, ലാന്റ് സ്കേപ്പിംഗ് പ്രവർത്തനങ്ങളായ ഭൂമി നിരപ്പാക്കലും ഇന്റർ ലോക്കിംഗും പഴയ മതിലിന്റെ പുനരുദ്ധാരണവും കിഴക്കുവശത്തുള്ള മതിലിന്റെ പുനരുദ്ധാരണവും, ആറാം നിലയിലെ ട്രെയിനിംഗ് ഹാളിൽ അകൂസ്റ്റിക്, ഇലക്ട്രിക്കൽ പ്രവർത്തികൾ, വെൽഫയർ ബ്ലോക്കിന് രണ്ടാം നില പണിയുക, ജനറേറ്ററിനോടു ചേർന്ന് വാഹന പാർക്കിംഗ് ഭാഗത്ത് മേൽക്കൂര പണിയൽ, കുടിവെള്ള പൈപ്പ് ലൈൻ, മാലിന്യ പൈപ്പ് ലൈൻ, ഇലക്ട്രിക്, ഇലക്ട്രോണിക് പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇതിനായി 105 ലക്ഷം രൂപ വകയിരുത്തുന്നു.

5. സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനവും ഫർണിച്ചറും വാങ്ങൽ

(വിഹിതം: 200.00 ലക്ഷം രൂപ)

സംസ്ഥാന ആസൂത്രണ ബോർഡിനും ജില്ലാപ്ലാനിംഗ് ഓഫീസുകളിലേയ്ക്കും വാഹനവും ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 2016-17 വർഷം 200 ലക്ഷം രൂപ വകയിരുത്തുന്നു.

6. കാർഷിക ജൈവ വ്യവസ്ഥാ ആസൂത്രണവും വികസനവും

(വിഹിതം: 75.00 ലക്ഷം രൂപ)

കാലാവസ്ഥ, ഭൂമിയുടെ ഘടന, ഭൂവിനിയോഗം, ജൈവവൈവിദ്ധ്യമാർന്ന മണ്ണുകൾ എന്നിവയെ അടിസ്ഥാനമാക്കി സംസ്ഥാനത്തൊട്ടാകെ കാർഷിക ജൈവവ്യവസ്ഥാ വിശകലന പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ പ്രധാനമായും അഞ്ച് കാർഷിക ജൈവവ്യവസ്ഥാ മേഖലകളായി തിരിച്ച് ഇരുപത്തിമൂന്ന് കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റുകളായി വിഭജിച്ചിക്കുകയും ചെയ്തിട്ടുണ്ട്. ഭൗമശാസ്ത്രപഠനകേന്ദ്രവും കേരള ഭൂവിനിയോഗ ബോർഡും ചേർന്ന് ഇതിനകം തന്നെ ഒരു ജി. ഐ. എസ്. വിവരശേഖരം തയ്യാറാക്കിക്കഴിഞ്ഞു. അന്തരീക്ഷ് പ്രോജക്ടിന്റെ ഭാഗമായി കാർഷിക-ജൈവവ്യവസ്ഥാ മേഖലകളെ അടിസ്ഥാനമാക്കി കാലാവസ്ഥാ പ്രവചനം നടത്തുന്നതിനുള്ള സംവിധാനം പൂനയിലെ സി-ഡാക് എല്ലാ ജില്ലകൾക്കും വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാലാവസ്ഥാ പ്രവചനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് 'കാലാവസ്ഥ' എന്ന പേരിൽ ഒരു പോർട്ടലിന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

കാർഷിക ജൈവവ്യവസ്ഥാ പഠനങ്ങളുടെ നേട്ടങ്ങൾ സംയോജിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനും പൈലറ്റ് പ്രോജക്ടുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുമായാണ് 'കാർഷിക ജൈവ വ്യവസ്ഥാ ആസൂത്രണവും വികസനവും' എന്ന പരിപാടി ആരംഭിച്ചിട്ടുള്ളത്. 2016-17-ൽ, വിവിധ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കാർഷിക ജൈവ വ്യവസ്ഥാ മേഖലകളിൽ നടത്തിയ പഠന വിശകലനങ്ങളുടെ നേട്ടങ്ങൾ സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും നിർണ്ണായകമായ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുവാൻ പുതിയ പഠനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. ഈ പരിപാടിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ താഴെ പറയുന്നവയാണ്

നവീന കൃഷി രീതികൾ കണ്ടെത്തി മാപ്പിംഗ് നടത്തുകയും നവീന രീതികളുടെ ചരിത്രമാനങ്ങൾ, നവീന രീതികളെ പ്രചരിപ്പിക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ, കൃഷിയുടെയും കാർഷിക ജൈവ വ്യവസ്ഥാ വികസനത്തിന്റെയും ചരിത്രം എന്നിവ വിശദമാക്കുകയും ചെയ്യുന്ന ഒരു രേഖ തയ്യാറാക്കുക. ഓരോ കാർഷിക ജൈവവ്യവസ്ഥാ മേഖലയുടെയും വിവരശേഖരം വികസിപ്പിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുക. കാർഷിക ജൈവ വ്യവസ്ഥാ മേഖലാ റിപ്പോർട്ടുകളുടെ അച്ചടി. മണ്ണിനെ അടിസ്ഥാനമാക്കിയുള്ള ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാനുകളുടെ പൂർത്തീകരണം. ജി.ഐ.എസ്. ചട്ടക്കൂടിന് പുതിയ ലെയറുകൾ രൂപപ്പെടുത്തുക. കാർഷിക ജൈവവ്യവസ്ഥാ മേഖലയുമായി ബന്ധപ്പെട്ട പഠനശിബിരങ്ങൾ സംഘടിപ്പിക്കുക. കർഷകരുടെയും ഗ്രാമീണ മേഖലയിലെയും നവീന രീതികളെക്കുറിച്ചുള്ള പഠനം. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തന ചെലവുകൾ വഹിക്കുക. കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റുകളിലേയും നഗര കൃഷി സമ്പ്രദായങ്ങളിലേയും കൃഷി രീതികളെക്കുറിച്ചുള്ള പഠനങ്ങൾ. ജി.ഐ.എസ്. യൂണിറ്റുകളുടെ ശാക്തീകരണം ഉൾപ്പെടെ യൂണിറ്റുകളുടെ പ്രവർത്തന ചെലവുകൾ വഹിക്കുക. കാർഷിക ജൈവ വ്യവസ്ഥാ ആസൂത്രണത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിന് ഊന്നൽ നൽകിക്കൊണ്ട് പ്രധാന രോഗങ്ങളേയും കീടങ്ങളെയും സംബന്ധിക്കുന്ന സ്പെഷ്യൽ മാപ്പിംഗ് നടത്തുക.

ഇവ കൂടാതെ കേരളത്തിലെ ഭൂവിനിയോഗ ആസൂത്രണത്തിന് വേണ്ട നാളികേരാധിഷ്ഠിത ഭൂവിനിയോഗ സമ്പ്രദായങ്ങളുടെ സാമ്പത്തിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ബംഗളൂരുവിലെ എൻ. ബി. എസ്. എസ്. ആന്റ് എൽ. യു. പി., സി. റ്റി. സി. ആർ. ഐ., ഐ. ഐ. എസ്. ആർ., സി. പി. സി. ആർ. ഐ., ഐ. ഐ. ഐ. ടി. എം. കെ., കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി 2014-15-ൽ ആരംഭിച്ച പുതിയ പ്രോജക്ടിന്റെ മുഴുവൻ സ്പിൽഓവർ ബാധ്യതയും ഈ പരിപാടിയുടെ ബജറ്റ് വിഹിതത്തിൽ നിന്നും വഹിക്കുന്നതാണ്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആർ. ഐ. എസ്. എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടുകൂടി കാർഷിക മേഖലയിലെ നവീനരീതികളെ കുറിച്ച് പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ഉദ്ദേശിക്കുന്നു. 2016-17-ൽ പുതിയ ആവശ്യാധിഷ്ഠിത പഠനങ്ങൾ ഏറ്റെടുക്കുന്നതുമാണ്. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 7. സംസ്ഥാനത്ത് നിക്ഷേപങ്ങൾ പരമാവധി സമാഹരിക്കുന്നതിനായുള്ള പ്രോജക്ട് ഫിനാൻസിംഗ് സെൽ

(വിഹിതം : 175.00 ലക്ഷം രൂപ)

ബജറ്റിതര സ്രോതസ്സുകളിൽ നിന്ന് വിഹിതം സമാഹരിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക ഉൾപ്പെടെ ബജറ്റിതര സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം കണ്ടെത്തി നിർവ്വഹണ യോഗ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം വിവിധ വികസന വകുപ്പുകൾക്കും സ്റ്റാറ്റ്യൂട്ടറി അതോറിറ്റികൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഈ സെൽ നൽകുന്നതാണ്. വിവിധ മേഖലകളിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് തുടക്കമിടുന്നതിനും ഇത്തരത്തിൽ വിഹിതം ലഭിക്കാനിടയുള്ള മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക ഉൾപ്പെടെ ബജറ്റിതര സ്രോതസ്സുകൾ ലക്ഷ്യമിടുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമായി 2016-17-ൽ ചില മേഖലകളിൽ പഠനശിബിരങ്ങൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. സെല്ലിന്റെ ഭരണച്ചെലവുകൾ ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2016-17-ലെ ബജറ്റിൽ ചുവടെ വിവരിക്കുന്ന പ്രകാരം 175 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ/പ്രവർത്തനങ്ങൾ | വിഹിതം (₹ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| ബി | ഭരണച്ചെലവുകൾ | |
| 1 | ശമ്പളം/വേതനം/മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | 68.00 |
| 2 | ടൂർ ടി.എ./ട്രാൻസ്ഫർ ടി.എ. | 6.00 |
| 3 | ടെലിഫോൺ ചാർജ്ജ് | 1.50 |
| 4 | വാഹനം വാടകയ്ക്ക് എടുക്കുക, സാധനസാമഗ്രികളുടെ വാങ്ങൽ, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും മുതലായ ഓഫീസ് ചെലവുകൾ | 9.50 |
| | ആകെ (എ) | 85.00 |
| ബി. | പരിപാടികൾ | |
| I | ശില്പശാലകളും പഠന ശിബിരങ്ങളും കാര്യശേഷി വർദ്ധിപ്പിക്കലും | 10.00 |
| II | പഠനങ്ങൾ | |
| A | നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർപ്ലാൻ | |
| B | പൊതു സ്വകാര്യ പങ്കാളിത്തത്തിലുള്ള മാതൃകാ പ്രോജക്ടുകൾ വികസിപ്പിക്കുക | |
| | • നടപ്പാതകൾ, അടിപ്പാതകൾ എന്നിവ പൊതു സ്വകാര്യ പങ്കാളിത്ത സമ്പ്രദായത്തിൽ | 80.00 |
| | • കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാലവിളംബം പുനർ ജീവനം | |
| | ആകെ (ബി) | 90.00 |
| | ആകെ (എ+ബി) | 175.00 |

8. കേരള പരിപ്രേക്ഷ്യ പദ്ധതി 2030–പഠനങ്ങൾ

(വിഹിതം : ₹ 850 ലക്ഷം)

സംസ്ഥാന ആസൂത്രണ ബോർഡ്, ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് റിസെർച്ച് (എൻ. സി. എ. ഇ. ആർ.) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി ഒരു പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ നിർവ്വഹണം നടത്തുന്ന തിനായി വ്യക്തതയുള്ള പരിപാടികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന സാധാരണ പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി വിശദാംശങ്ങൾ കുറഞ്ഞതും മൂർത്തമല്ലാത്തതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ദീർഘ കാലയളവിലേക്ക് തയ്യാറാക്കുന്ന ഒരു പദ്ധതിയെയാണ് പരിപ്രേക്ഷ്യ പദ്ധതി എന്ന് പറയുന്നത്. അതുകൊണ്ട് കേരള പരിപ്രേക്ഷ്യ പദ്ധതി 2030–ൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആശയങ്ങളെയും നിർദ്ദേശങ്ങളെയും ലക്ഷ്യങ്ങളെയും വാർഷിക പദ്ധതികളുമായും പഞ്ചവത്സര പദ്ധതികളുമായും സംയോജിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള കർമ്മപദ്ധതികളായി മാറ്റേണ്ടതുണ്ട്. ഇതിനായി പഠനങ്ങൾ നടത്തുന്നതിന് 2016-17-ലെ ബഡ്ജറ്റിൽ 850.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ്**

9. സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യൂണിറ്റ് നവീകരണം.

(വിഹിതം : ₹ 15.00 ലക്ഷം)

സംസ്ഥാനപദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിദേശ സഹായ പദ്ധതികൾ, അധിക കേന്ദ്ര സഹായ പദ്ധതികൾ, മുൻഗണനാപരിപാടികൾ, ഇരുപതിന പരിപാടി നടത്തിപ്പ്, എം. പി. മാരുടെ പ്രാദേശിക വികസന പരിപാടി, എന്നിവയുടെ നടത്തിപ്പ് നിരീക്ഷണത്തിനായി ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിൽ ഒരു സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. യൂണിറ്റ് ശക്തിപ്പെടുത്താനും അവലോകന യോഗങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിനും ആസൂത്രണ വകുപ്പിലെ പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ, ഫോട്ടോകോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഡ്യൂപ്ലോ മെഷീൻ എന്നിവയുടെ പരിപാലനത്തിനും സംസ്ഥാനത്തെ എല്ലാ ഭരണ വകുപ്പുകളിലും പെർഫോർമൻസ് ആന്റ് മോണിറ്ററിംഗ് ഇവാലുവേഷൻ സിസ്റ്റം (പി. എം. ഇ. എസ്.) നടപ്പാക്കുന്നതിന്റെ ഭാഗമായി റിസൾട്ട് ഫ്രെയിംവർക്ക് ഡോക്യുമെന്റ് തയ്യാറാക്കി നടപ്പാക്കുകയും അവയുടെ അവലോകനം ചെയ്യുന്നതിനുമായി 2016-17 വർഷത്തിൽ 15 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

10. ജില്ലാ ആസൂത്രണ സമിതികൾ/ജില്ലാ വികസന കൗൺസിലുകൾ

(വിഹിതം: ₹ 35.00 ലക്ഷം)

എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികളും ജില്ലാ വികസന സമിതികളും പ്രവർത്തിച്ചു വരുന്നു. ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരു ത്തുന്നതിനായി എല്ലാ മാസവും ജില്ലാ വികസന കൗൺസിലുകൾ കൂടാറുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ ഭരണഘടനാസമിതികൾ എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ അംഗീകരിക്കുന്ന തിനായും ജില്ലയുടെ മൊത്തമായുള്ള വികസനം നിരീക്ഷിക്കുന്നതിനായും തുടർച്ചയായി യോഗം ചേരുന്നുണ്ട്. ഈ രണ്ട് സമിതികളുടേയും യോഗങ്ങൾ ചേരുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 2016-17-ൽ 35 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു.

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

11. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

(വിഹിതം: ₹ 680.00 ലക്ഷം)

കേരള സംസ്ഥാനത്തെ ഉന്നതതല പരിശീലന സ്ഥാപനമാണ് ഐ. എം. ജി. തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിനുപുറമേ ഐ. എം. ജി. ക്ക് കൊച്ചിയിലും കോഴിക്കോട്ടുമായി രണ്ട് പ്രാദേശിക കേന്ദ്രങ്ങൾ കൂടി ഉണ്ട്. ഈ സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും പരിശീലന പരിപാടികൾക്കുമുള്ള സാമ്പത്തിക സഹായം ഗ്രാന്റ്-ഇൻ-എയ്ഡ് രൂപത്തിൽ സർക്കാർ വഹിക്കുന്നു. സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

- ആധുനിക മാനേജ്മെന്റ് ശാസ്ത്രത്തിന്റെയും നൂതന സാങ്കേതിക വിദ്യയുടേയും സാധ്യതകൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.
- സേവന മേഖലകളിലെ ആസൂത്രണ നിർവഹണത്തിൽ നടത്തിപ്പ് ശേഷിയും കാര്യപ്രാപ്തിയും ഉണ്ടാക്കിയെടു ക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
- പുതിയ നയങ്ങൾ ആവിഷ്കരിക്കുന്നതിനുവേണ്ട ഗവേഷണങ്ങളും പഠനങ്ങളും നടത്തുകയും പുതിയ ആശയങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക.
- സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ശേഷി മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക-പ്രൊഫഷണൽ സഹായങ്ങൾ നൽകുക.
- സംസ്ഥാന പരിശീലന നയത്തിനനുസൃതമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- എല്ലാ വകുപ്പുകളിലേയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക.
- മറ്റ് ഫണ്ടിംഗ് ഏജൻസികൾക്ക് വേണ്ട വിവിധ പരിശീലന പരിപാടികളും കൺസൾട്ടൻസി സേവനങ്ങളും നൽകുക.

സദ്ഭരണം, ഭൂ ഭരണം, സുസ്ഥിര വികസനം, സാമൂഹ്യ നീതി (സ്ത്രീപക്ഷന്യൂനപക്ഷനീതി), അവലോകനം, ആഘാത പഠനം എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രമായി ഐ. എം. ജി.-യെ വികസിപ്പിക്കേണ്ടതുണ്ട്. പരിശീലനം, പഠന സംബന്ധിയായ കാര്യങ്ങൾ, കെട്ടിട നിർമ്മാണം, സംരക്ഷണം, മോടി പിടിപ്പിക്കൽ, അടിസ്ഥാന സൗകര്യവികസനം, കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്നിവയ്ക്കായി 680 ലക്ഷം രൂപ 2016-17 വർഷത്തേക്ക് വക കൊള്ളിച്ചിരിക്കുന്നു.

12. പരിശീലന പരിപാടികൾ

(വിഹിതം: ₹ 1200.00 ലക്ഷം)

സംസ്ഥാന പരിശീലന നയം നടപ്പിലാക്കുന്ന നോഡൽ ഏജൻസി എന്ന നിലയിൽ, സംസ്ഥാന ഭരണ നിർവ്വഹണം ശക്തിപ്പെടുത്തുവാൻ വിവിധ വിഭാഗം സർക്കാർ ജീവനക്കാരുടെ കാര്യശേഷി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ചുമതലപ്പെട്ടിരിക്കുന്നു. അഞ്ച് വർഷത്തിലൊരിക്കൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ഓരോ ഉദ്യോഗസ്ഥനും പരിശീലനം നൽകുകയെന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് പരിശീലനത്തിന്റെ ആവശ്യകതയെ സംബന്ധിക്കുന്ന അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പല ഉദ്യമങ്ങളും ഐ. എം. ജി. നടപ്പാക്കുന്നുണ്ട്. 30 പേർ വീതമുള്ള വിവിധ ബാച്ചുകൾക്കായി 6,300 പരിശീലന ദിനങ്ങളുളള പരിശീലനവും പുതിയതായി നിയമിതരായവർക്ക് 12 ദിവസം നീണ്ടു നിൽക്കുന്ന 40 പരിശീലനങ്ങളും 2016-17-ൽ നടത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പരിശീലന പരിപാടികൾക്കായി 2016-17 ലേക്ക് 1,200 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

13. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.)

(വിഹിതം: ₹ 713.00 ലക്ഷം)

വികസന പ്രസക്തമായ വിഷയങ്ങളിൽ അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 1971-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായതാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്. കേരള സർക്കാരും ഇൻഡ്യൻ സമൂഹ്യശാസ്ത്ര കൗൺസിലും ഗ്രാന്റ് നൽകുന്ന ഒരു സ്വയംഭരണ സ്ഥാപനമാണിത്. കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ ഫലമായി സി.ഡി.എസ് അക്കാദമിക്, ഗവേഷണ മികവുകളുള്ള ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി മാറിയിട്ടുണ്ട്. രാജ്യത്തും പുറത്തുമുള്ള കഴിവുറ്റവരെ അത് ആകർഷിക്കുന്നുണ്ട്. അതിന്റെ ബൗദ്ധിക നിലവാരം നിലനിർത്താൻ സെന്ററിന് ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുമായി വർദ്ധിച്ച മത്സരം നടത്തേണ്ടതായിട്ടുണ്ട്. അതിനായിത്തന്നെ സി.ഡി.എസിന്റെ പ്രവർത്തനങ്ങൾ വിശാലമാക്കുകയും ശക്തിപ്പെടുത്തുകയും വേണം. 2016-17 വർഷത്തേക്ക് 713 ലക്ഷം രൂപയാണ് ഗ്രാന്റായി സെന്ററിന് നീക്കിവച്ചിരിക്കുന്നത്. ലൈബ്രറിയ്ക്ക് പുസ്തകങ്ങളും ജേർണലുകളും ഡേറ്റാബേസും വാങ്ങുക, കമ്പ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സർവ്വേകൾ, പഠനങ്ങൾ, സാമ്പത്തിക വികസന വിഷയങ്ങളിൽ റിപ്പോർട്ട് തയ്യാറാക്കൽ, അവ പ്രസിദ്ധീകരിക്കൽ, ക്യാമ്പസിലെ അടിസ്ഥാന സൗകര്യങ്ങൾ കൂട്ടിച്ചേർക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുക, ഫർണീച്ചറുകൾ വാങ്ങുക, ക്യാമ്പസ്, കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവ നവീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. എം. ഫിൽ., പി. എച്ച്. ഡി. ഫെലോഷിപ്പുകൾ നൽകുക, പുതുതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ശമ്പളം എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. "കേരളവും ആഗോള സമ്പദ്ഘടനകളും തമ്മിലുള്ള ബന്ധവും പ്രവാസികളായ കേരളീയരുടെ പങ്കും" എന്ന വിഷയത്തെ ആധാരമാക്കി ഒരു ഗവേഷണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി മൊത്തം വിഹിതത്തിൽനിന്ന് 300 ലക്ഷം രൂപ ഒറ്റത്തവണ എന്റോവ്മെന്റ് ഗ്രാന്റായി നീക്കിവച്ചിരിക്കുന്നു. കേരളത്തിന് ആഗോള ബന്ധങ്ങളിൽ നിന്ന് കൂടുതൽ നേടുന്നതിനും കഷ്ടനഷ്ടങ്ങൾ ലഘൂകരിക്കാനുമാണ് ഈ യൂണിറ്റ് ലക്ഷ്യമാക്കുന്നത്. ചുവടെ ചേർക്കുന്ന പ്രശ്നങ്ങളാണ് വിശാല ഗവേഷണ അജണ്ട ലക്ഷ്യമിടുന്നത്.

- ഘടനാരൂപീകരണം, ഭൗമ രാഷ്ട്രമീമാംസ, എണ്ണ, സാമ്പത്തിക ആഘാതവും അസ്ഥിരതയും തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഗോള സമ്പദ്ഘടനയുടെ സാമ്പത്തികശാസ്ത്രം.
- ലോകത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് കേരളത്തിൽ നിന്നുള്ള തൊഴിലാളികളുടെ ഒഴുക്കും മാറുന്ന നൈപുണ്യഘടനയും
- വിദേശത്തുനിന്നുള്ള പണമടവും അതിന്റെ ഉപയോഗവും.
- പ്രവാസി കേരളീയരുടെ നിക്ഷേപങ്ങൾ.
- തൊഴിലവസരവും നൈപുണ്യ ആവശ്യങ്ങളും.
- ബന്ധപ്പെട്ട വിഷയങ്ങൾ.

## നിയമസഭ

14. നിയമസഭാ സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിവരവിനിമയ സംവിധാനം

(വിഹിതം: ₹ 75.00 ലക്ഷം)

നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ പത്താം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച പരിപാടിയാണിത്. മുൻ വർഷങ്ങളിലായി നിയമസഭാ സെക്രട്ടറിയേറ്റിലെ ഏതാണ്ട് എല്ലാ വിഭാഗങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 2016-17 ലേക്ക് 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- നിയമസഭാ സെക്രട്ടറിയേറ്റിൽ ഇ-ഓഫീസ് സംവിധാനം.
- നിയമസഭാ സെക്രട്ടറിയേറ്റിൽ ഇ-അസംബ്ലി സംവിധാനം.
- നിയമസഭാ സെക്രട്ടറിയേറ്റിലെ നെറ്റ്വർക്കിംഗ് പുനസംഘടന.
- നിയമസഭാ വെബ്സൈറ്റ് സ്റ്റാറ്റിക്കിൽ നിന്നും ഡൈനമിക് ആക്കുക.
- കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുക.
- നിയമസഭാ സെക്രട്ടേറിയറ്റിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾ (വെബ്സൈറ്റ്, കൺസ്യൂമബിൾസ്, വാർഷിക അറ്റകുറ്റപ്പണികരാർ, കൊളക്ഷേൻ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ).
- നിയമസഭാ സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ സംവിധാനത്തിന്റെ നിലവാരമുയർത്തൽ (കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. തുടങ്ങിയവ മാറ്റി സ്ഥാപിക്കൽ).

15. കേരള നിയമസഭാ ലൈബ്രറി ആധുനിക വൽക്കരിക്കൽ

(വിഹിതം: ₹ 55.00 ലക്ഷം)

നിയമസഭാ രേഖകൾ ഡിജിറ്റൈസ് ചെയ്ത് കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2010-11-ൽ ആരംഭിച്ച പദ്ധതിയാണിത്. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾക്കായി 2016-17-ലേക്ക് 55.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- പഴയതും അമൂല്യവുമായ പുസ്തകങ്ങളുടെ സംരക്ഷണം.
- ഗ്ലാസ് ഡോറുള്ള അലമാര, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങൽ.
- അംഗങ്ങളുടെ റഫറൻസ് ബ്രാഞ്ചിൽ എയർകണ്ടീഷണർ.
- ബുക്ക് ട്രോളികൾ, ഷെൽഫുകൾ, മേശ എന്നിവ വാങ്ങൽ.
- കുട്ടികളുടെ ലൈബ്രറിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ.

## ട്രഷറി

16. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം

(വിഹിതം: ₹ 500.00 ലക്ഷം)

മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ട്രഷറി ഡയറക്ടറേറ്റിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഐ. റ്റി. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക, കമ്പ്യൂട്ടറുകൾ വാങ്ങുക, ട്രഷറി ഓഫീസർമാർക്കായി ലാപ്ടോപ്പുകളും, കമ്പ്യൂട്ടറുകളും വാങ്ങുക, കമ്പ്യൂട്ടർ കൺസ്യൂമബിൾസും അനുബന്ധ ഉപകരണങ്ങളും വാങ്ങുക, ഐ.റ്റി. ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുക, യു.പി. എസ്. ബാറ്ററികൾ വാങ്ങുക, എല്ലാ ട്രഷറികൾക്കും ലേബർ പ്രിന്ററുകൾ, ജനറേറ്ററുകൾ, സെർവർ റൂമിന് എയർകണ്ടീഷനർ എന്നിവ വാങ്ങുക തുടങ്ങി ചെലവുകൾക്കായി 2016-17-ൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

17. ട്രഷറികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തലും സെൻട്രൽ സെർവർസിസ്റ്റം, എ.റ്റി.എം. എന്നിവ സ്ഥാപിക്കലും.

(വിഹിതം: ₹ 1500.00 ലക്ഷം)

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ട്രഷറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2009-10-ൽ ആരംഭിച്ച ഒരു തുടർ പദ്ധതിയാണിത്.

(എ) സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം (ഐ. എഫ്. എം. എസ്.)

സംസ്ഥാന ധനകാര്യ വകുപ്പ്, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, ഡി.ഡി.ഒ. മാർ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ശക്തമായ ധനകാര്യ മാനേജ്മെന്റ് സമ്പ്രദായം ഉണ്ടാക്കിയെടുക്കുകയെന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പ്രകൃതി സൗഹൃദവും കടലാസ് ഇല്ലാത്തതുമായ ഓഫീസ് എന്ന ലക്ഷ്യം നേടാൻ വിവര സാങ്കേതിക സമ്പ്രദായത്തിന്റെയും നവീനവും മെച്ചപ്പെട്ടതുമായ സാങ്കേതിക വിദ്യയുടെയും പ്രയോഗം കൊണ്ട് ട്രഷറിയുടെ പ്രവർത്തനം പൂർണ്ണമായും പുനഃസംഘടിപ്പിക്കുക എന്നതാണ് ഈ സ്കീമിന്റെ ഉദ്ദേശ്യം. ചുവടെ ചേർക്കുന്ന ലക്ഷ്യങ്ങൾ അതിനുണ്ട്:

1 വിവര-വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്താൽ പ്രവർത്തന രീതിയിൽ മാറ്റംവരുത്തി സേവനവിതരണം മെച്ചപ്പെടുത്തുക.

2 പുതിയ കാലഘട്ടിനായി ഇ-ട്രഷറിയുടെ അവതരണം.

3 വർദ്ധിച്ച കാര്യക്ഷമതയും സമയബന്ധിത സേവനവും.

4 തല്പര കക്ഷികളുമായി വിവരവിനിമയ അവസരം.

5 ധനകാര്യ സ്ഥിതിയുടെ യഥാസമയാടിസ്ഥാന റിപ്പോർട്ടിംഗ്.

(ബി) ട്രഷറി അടിസ്ഥാനസൗകര്യ വികസന പ്രോജക്ട് (റ്റി.ഐ.ഡി.പി.)

സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയവ ഈ പദ്ധതിയിൽ നിർമ്മിക്കുന്നതാണ്. പഴയതും തകർന്നതുമായ കെട്ടിടങ്ങൾക്ക് പകരം പുതിയവ നിർമ്മിക്കുന്നതും ഇതിൽപ്പെടുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികളുടെ മെച്ചപ്പെടുത്തലും ഉദ്ദേശിക്കുന്നു. ട്രഷറികൾക്ക് ആവശ്യമായ മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതും ഈ പ്രോജക്ടിന്റെ ഭാഗമാണ്. ട്രഷറികളുടെ ആധുനികവൽക്കരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ആവശ്യമായതോ അനുബന്ധമായതോ ആയ ഇലക്ട്രോണിക് ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനോ, വാങ്ങുന്നതിനോ സ്ഥാപിക്കുന്നതിനോ ഈ പദ്ധതി വിഭവന ചെയ്യുന്നു.

ഈ പദ്ധതിയുടെ നടത്തിപ്പിനായി 2016-17 ലേക്ക് 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

18. കാര്യശേഷി വർദ്ധനവും സേവന സംവിധാനം മെച്ചപ്പെടുത്തലും

(വിഹിതം : ₹ 70.00 ലക്ഷം)

ട്രഷറികളുടെ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി ട്രഷറി ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനാണീ പരിപാടി. വേഗമേറിയതും മെച്ചപ്പെട്ടതുമായ സേവനം ലഭ്യമാക്കുന്നതിന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഇലക്ട്രോണിക് ചുറ്റുപാടിലേക്ക് മാറ്റികൊണ്ടിരിക്കുകയാണ്. ഐ. എം. ജി.-യുമായി സഹകരിച്ച് സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായുള്ള പരിശീലനത്തിനുപുറമേ ട്രഷറി പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു പരിശീലന പാക്കേജാണ് വകുപ്പ് നിർദ്ദേശിക്കുന്നത്. ഈ സ്കീമിലെ പരിശീലന ഘടകങ്ങൾ ഇവയാണ്:

(1) സബ്ട്രഷറി ഓഫീസർമാർക്ക് നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിൽ നൽകുന്ന പരിശീലനം.

(2) സിസ്റ്റം അഡ്മിനിസ്ട്രേഷനിൽ ആർ.റ്റി.റ്റി.സി. (ബി.എസ്.എൻ.എൽ.) നിൽകുന്ന സാങ്കേതിക പരിശീലനം.

(3) സൈബർ സുരക്ഷയിൽ അടിസ്ഥാനപരമായതും മെച്ചപ്പെട്ടതുമായ പരിശീലനം.

(4) വരുമാന നികുതി നിയമങ്ങൾ

2016-17-ലെ വാർഷിക പദ്ധതിക്കാലത്തേയ്ക്ക് ഈ പരിപാടിയ്ക്കായി 70 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## രജിസ്ട്രേഷൻ

19. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം

(വിഹിതം: ₹ 600.00 ലക്ഷം)

രജിസ്ട്രേഷൻ വകുപ്പ് അവരുടെ ഐ. റ്റി. സാദ്ധ്യതകൾക്ക് ഉള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്കാവശ്യമായ സേവനം കമ്പ്യൂട്ടറിലൂടെ ലഭ്യമാക്കാൻ ശ്രമിക്കുകയും പൗരൻമാരെ അതിന് പ്രാപ്തരാക്കാൻ നടപടികൾ എടുത്ത് വരികയുമാണ്. ഈ ആശയം സാദ്ധ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം ഒരു പ്രധാന ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട ഐ.റ്റി. സംരംഭങ്ങളിൽ വകുപ്പുതല ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം, സബ് രജിസ്ട്രാർ ഓഫീസുകളിലെ ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ബയന്റിംഗ് ജോലികൾ പുറത്തേൽപ്പിക്കൽ, ഓപ്പൺ പേൾ പദ്ധതി, സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയതും കാലഹരണപ്പെട്ടതുമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും മാറ്റി സ്ഥാപിക്കൽ, ഇ-സ്റ്റാംമ്പിംഗ് എന്നിവ ഉൾപ്പെടുന്നു. ബന്ധപ്പെട്ട ചെലവുകൾക്കായി 2016-17 ലേക്ക് 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

20. രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

(വിഹിതം: ₹ 250.00 ലക്ഷം)

വിവര സാങ്കേതികവിദ്യാ സൗകര്യങ്ങളിലൂടെയും അടിസ്ഥാന സൗകര്യ വിപുലീകരണത്തിലൂടെയും രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണം തുടരാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, സബ് രജിസ്ട്രാർ ഓഫീസുകളിൽ സൈറ്റ് പ്രിപ്പറേഷൻ (ലാൻ കേബിൾ, യു.പി.എസ്. വയറിംഗ്, ഫർണിച്ചർ), രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ അടിസ്ഥാന സൗകര്യ വികസനം (സിവിൽ ജോലികൾ) എന്നീ പരിപാടികൾക്കായി 2016-17-ൽ 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

21. സംസ്ഥാന തല പരിശീലന കേന്ദ്രം

(വിഹിതം: ₹ 200.00 ലക്ഷം)

പേൾ പോലെയുള്ള ഇ-ഗവേണൻസ് ഉദ്യമങ്ങൾ നടപ്പിലാക്കുന്നതിന് പുതിയതും കുറേക്കൂടി മെച്ചപ്പെടുത്തിയതുമായ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിന്റെ രൂപങ്ങളും സഹായ ഉപകരണങ്ങളും ആവശ്യമാണ്. വെബ് അടിസ്ഥാനമാക്കിയുള്ള സേവന വിതരണത്തിനും മെച്ചപ്പെട്ട പരിപാടികൾക്കും വകുപ്പുതല ഉദ്യോഗസ്ഥരെ പര്യാപ്തവും വിശാലവുമായ പരിശീലനം നല്കി പ്രാപ്തരാക്കേണ്ടതുണ്ട്. ഈ പദ്ധതിയുടെ തൽപ്പര കക്ഷികൾ എന്ന നിലയിൽ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആധാരം എഴുത്തുകാരേയും ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യം നേടാനായി എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സംസ്ഥാന തല പരിശീലന കേന്ദ്രം സ്ഥാപിക്കേണ്ടതുണ്ട്. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കേന്ദ്രം സ്ഥാപിക്കുന്നതിനായി 2016-17-ൽ 200 ലക്ഷം രൂപ മാറ്റി വെച്ചിരിക്കുന്നു. കെട്ടിടത്തിന്റെ രൂപകല്പന, നിർമ്മാണം എന്നിവ പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

22. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം

(വിഹിതം: ₹ 500.00 ലക്ഷം)

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർ വൽക്കരണത്തിനായി 2002-2003 വർഷം ആ,രംഭിച്ച പദ്ധതി അതിവേഗം പുരോഗമിക്കുകയാണ്. ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ഈ പദ്ധതിയിൽ കമ്പ്യൂട്ടർ, സെർവർ, പ്രിന്റർ എന്നിവ വാങ്ങൽ, എം.ഐ.എസ്.നുവേണ്ടി ഡേറ്റാവെയർഹൗസുകൾ സൃഷ്ടിക്കൽ, ക്വസ്റ്റ്യൻ ബാങ്ക് രൂപീകരിക്കൽ, ഉദ്യോഗസ്ഥർക്ക് പരിശീലനം , സൈബർ സുരക്ഷ, സോഫ്റ്റ് വെയർ, പ്രാദേശിക ഓഫീസുകളുടെയും ജില്ലാ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം എന്നിവ ഉൾപ്പെടുന്നു. ഇവ നടപ്പാക്കുന്നതിനായി 2016-17 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## വിജിലൻസ്

23. വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണം

(വിഹിതം: ₹ 150.00 ലക്ഷം)

വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണം എന്ന തുടർ പരിപാടി 2002-03 വർഷത്തിലാണ് ആരംഭിച്ചത്. കമ്പ്യൂട്ടർ (39 എണ്ണം) യു.പി.എസ്. (39 എണ്ണം), ലേസർ പ്രിന്റർ (60 എണ്ണം) ഫോട്ടോ കോപ്പിയർ (5 എണ്ണം), ഫർണീച്ചർ എന്നിവ വാങ്ങൽ, ലൈറ്റിനിംഗ് സ്ക്വാഡിന്റെ പരിശീലനം, ജീവനക്കാർക്ക് പരിശീലനം എന്നിവയാണ് ഈ പരിപാടിയുടെ ഘടകങ്ങൾ, ഇതിലേക്കായി 2016-17 വർഷത്തിൽ 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

24. വിജിലൻസ് വകുപ്പിനുവേണ്ടി ഓഫീസ് കെട്ടിടം നിർമ്മിക്കൽ

(വിഹിതം: ₹ 300.00 ലക്ഷം)

വിജിലൻസ് വകുപ്പിനുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി 2016-17 വർഷത്തേയ്ക്ക് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നിയമ വകുപ്പ്

25. നിയമ വകുപ്പിന്റെ നവീകരണം

(വിഹിതം: ₹ 110.00 ലക്ഷം)

നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ 2003-04-ൽ ആരംഭിച്ച ഒരു പദ്ധതി യാണിത്. ഇപ്പോൾ നിയമനിർമ്മാണം, നിയമോപദേശം, വിവർത്തനം തുടങ്ങി നിയമവകുപ്പിന്റെ എല്ലാ പ്രസക്ത പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞു. നിയമങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ ബൃഹത്തായ ഒരു നിയമ വിജ്ഞാന അടിത്തറ ഡിജിറ്റൽ രൂപത്തിൽ ഉപയോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിയമ വകുപ്പിനുവേണ്ടി വികസിപ്പിക്കപ്പെട്ടതും ഇപ്പോൾ ഉപയോഗിച്ചുവരുന്നതുമായ ആപ്ലിക്കേഷനുകളിൽ പ്രധാനപ്പെട്ട ഒരെണ്ണമാണ് "ലോ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം(എൽ.ഐ.എം.എസ്.)". അവശേഷിക്കുന്ന പ്രവർത്തനങ്ങൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികാലയളവിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2016-17-ൽ 110 ലക്ഷം രൂപ വകയിരുത്തുന്നു.

- സോഫ്റ്റവെയറിന്റ നിലവാരം വർദ്ധിപ്പക്കൽ (എൽ.ഐ. എം. എസ്.)-മലയാളം യൂണീകോട് ഉൾപ്പെടെ സമകാലീക നിലവാരത്തിന് അനുയോജ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തുക.
- സോഫ്റ്റ്വെയർ മെയിന്റനൻസ് (എൽ. ഐ. എം. എസ്.)-നിയമവകുപ്പിൽ രണ്ട് പേരെ വിന്യസിച്ച് ഓൺസൈറ്റ് സപ്പോർട്ടും ഓറാക്കിൾ സ്യൂട്ട് സപ്പോർട്ടും ലഭ്യമാക്കുക, ചെറിയ തോതിൽ ഹാർഡ്‌വെയറുകളുടെ നിലവാരം ഉയർത്തുക.
- സെർവർ ഹാർഡ്‌വെയർ മെയിന്റനൻസ്
- രേഖകൾ സ്കാൻ ചെയ്ത് വിവരാടിത്തറയുടെ ഭാഗമാക്കുക (ഏകദേശം 25000 പേജുകൾ)

26. <u>നിയമ ഓഫീസുകൾക്ക് കോർട്ട് കെയ്സസ് സൊല്യൂഷൻ</u>

(വിഹിതം: ₹ 20.00 ലക്ഷം)

സർക്കാർ ഒരു കക്ഷിയായി വരുന്ന കോടതി കേസുകളുടെ ഫലപ്രദമായ നിരീക്ഷണം സാധ്യമാക്കുന്നതിന് കോർട്ട് കെയ്സ്സ് ട്രാക്കിംഗും മോണിട്ടറിംഗ് സമ്പ്രദായവും (സി.സി.എം.എസ്.) നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇപ്പോൾ സി.സി.എം.എസ്. 14 ജില്ലാ ഗവൺമെന്റ് പ്ളീഡർമാരുടെ ഓഫീസുകളിലും ന്യൂഡൽഹിയിലെ ലോ ഓഫീസിലും ഉപയോഗിച്ചുവരുന്നുണ്ട്. ഈ സമ്പ്രദായത്തിലൂടെ കോടതി കേസുകളെ സംബന്ധിക്കുന്ന വിവരകൈമാറ്റം വളരെ വേഗത്തിൽ നടത്താൻ കഴിയും. 2016-17-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള വിഹിതമായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

- സി. സി. എം. എസ്. ഹാർഡ്‌വെയറുകളുടെ നിലവാരം ഉയർത്തുക-സബ് കോടതി കേന്ദ്രങ്ങളിലെ ഹാർഡ്‌വെയറുകളും നെറ്റ്‌വർക്കിംഗും, ജില്ലാ ലോ ഓഫീസർമാർക്കും ന്യൂഡൽഹിയിലെ ലോ ഓഫീസർക്കും നൽകിയിട്ടുള്ള ടാബ്‌ലറ്റിന്റെ കണക്ടിവിറ്റിക്ക് വേണ്ട സഹായം, സി. സി. എം. എസ്. സെർവറിന്റെ വാർഷിക അറ്റകുറ്റപ്പണികരാർ എന്നിവ ഉൾപ്പെടെ.
- സി. സി. എം. എസ്. സോഫ്റ്റ്വെയറിന്റെ നിലവാരം ഉയർത്തുക-300 മനുഷ്യദിവസത്തെ ഓൺസൈറ്റ് സപ്പോർട്ട് ലഭ്യമാക്കുകയും പരിശീലനവും ഉൾപ്പെടെ

## കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

27. <u>ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നവീകരണം</u>

(വിഹിതം: ₹ 200.00 ലക്ഷം)

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നവീകരണമാണ് ഈ പരിപാടിയുടെ ലക്ഷ്യം. വകുപ്പിന്റെ കാതലായ പ്രവർത്തന മേഖലകൾ ആധുനികവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത് 2008-09-ലാണ്. ഓഡിറ്റ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (എ.ഐ.എം.എസ്.) എന്ന പേരിൽ ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും അത് 14 ജില്ലാ ഓഫീസുകളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് മാനേജ്മെന്റ് എൻഡോവ്മെന്റ് മാനേജ്മെന്റ് എന്നിങ്ങനെ ഈ സോഫ്റ്റ് വെയറിന് രണ്ട് മോഡ്യൂളുകളുണ്ട്. കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമാക്കുന്നതിനും എ.ഐ.എം.എസ്. സോഫ്റ്റ്വെയർ പൂർണ്ണമായി വിന്യസിക്കുന്നതിനും കൺകറന്റ് ഓഡിറ്റ് ഓഫീസുകളിലെ ഓഡിറ്റ് ഓഫീസർമാർക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാക്കേണ്ടതുണ്ട്. 2016-17-ൽ 200 ലക്ഷം രൂപ വകയിരുത്തുന്നത് 100 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിനും എ.ഐ.എം.എസ്. സോഫ്റ്റ്വെയർ പരിഷ്ക്കരിക്കുന്നതിനും, ഇലക്ട്രിക്കൽ-നെറ്റ്‌വർക്കിംഗ് ജോലികൾ നിർവഹിക്കുന്നതിനും ക്യാബിൻ, ക്യുബിക്കുളുകൾ, റിക്കോർഡ് റൂമുകൾ മുതലായ സൗകര്യങ്ങളോടെ നാലു ജില്ലാ ഓഫീസുകൾ നവീകരിക്കുന്നതിനും സ്കാനറുകൾ പ്രിന്ററുകൾ, ക്യാമറ പ്രൊജക്ടർ എന്നിവ വാങ്ങാനും സോഫ്റ്റ്വെയർ പരിശീലനത്തിനും കൊല്ലം ജില്ലാ ഓഫീസിന് കെട്ടിട നിർമ്മാണത്തിനും ബി.എസ്.എൻ.എൽ.-ന് സെർവർ വാടക നൽകാനുമാണ്.

## പോലീസ്

28. <u>പോലീസ് വകുപ്പിന്റെ നവീകരണം.</u>

*(വിഹിതം: ₹ 4000 ലക്ഷം)*

ഇരുപത്തിഒന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികൾ ഫലപ്രദമായി നേരിടുകയെന്ന ലക്ഷ്യത്തോടെയാണ് പോലീസ് വകുപ്പ് പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ ആധുനികവൽക്കരണ പരിപാടികൾക്ക് പ്രത്യേകിച്ച് വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചത്. ഈ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിലൂടെ വകുപ്പിന്റെ കാര്യശേഷി, വിശിഷ്യ ഫീൽഡ്തല സേനാംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശ്യം. ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് 2016-17-ലെ ബഡ്ജറ്റിൽ 4000 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് ഘടകങ്ങൾ/ പ്രവർത്തനങ്ങൾ | വിഹിതം (ലക്ഷം രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷാപ്രോജക്ട്) | 1.1 38 പോലീസ് സ്റ്റേഷനുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കൽ | |
| | | 1.2 ബീറ്റ് ഓഫീസർമാർക്ക് പരിശീലനം | |
| | | 1.3 ജില്ലാതലത്തിൽ ബീറ്റ് ഓഫീസർമാരല്ലാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകൽ | |
| | | 1.4 പട്ടികവർഗ്ഗമേഖലയിലെ ജനമൈത്രി ബീറ്റ് ഓഫീസർമാർക്കും മറ്റ് സ്റ്റേക്ക് ഹോൾഡർമാർക്കും പരിശീലനം | |
| | | 1.5 ജെ. എം. ബീറ്റ് ഓഫീസർമാർക്കും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർക്കും പരിശീലനം (മേഖല തലത്തിൽ) | |
| | | 1.6 ജനമൈത്രി പോലീസ് സ്റ്റേഷനിലെ സി. ആർ. ഒ./എസ്. എച്ച് ഒ./ സി. ഐ. എന്നിവർക്ക് പരിശീലനം. | |
| | | 1.7 പുതിയതായി ആരംഭിച്ച മയക്കുമരുന്ന് ദുർവിനിയോഗ പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം, പ്രിന്റിംഗ്, പബ്ലിസിറ്റി പ്രവർത്തനങ്ങൾ | |
| | | 1.8 കമ്മ്യൂണിറ്റി പോലീസിന്റെ വാർത്താപത്രിക ജേണൽ | 350 |
| | | 1.9 ജനമൈത്രികേന്ദ്രം പദ്ധതികൾ | |
| | | 1.10 ജനമൈത്രി സുരക്ഷാപദ്ധതി പ്രചാരം | |
| | | 1.11 തൃപ്തികരമായ പ്രവർത്തനത്തിനനുസരിച്ച് ബീറ്റ് ഓഫീസർമാർക്ക് അലവൻസ് | |
| | | 1.12 കമ്മ്യൂണിറ്റി പോലീസിന്റെ പുതിയ രീതി ശാസ്ത്രം സംബന്ധിച്ച അന്താരാഷ്ട്ര സെമിനാർ | |
| | | 1.13 ഡാറ്റാബെയിസ് രൂപീകരണം. | |
| | | 1.14 സ്റ്റേക്ക് ഹോൾഡേഴ്സിന് പരിശീലനം | |
| | | 1.15 ജെ. എം. ഓഫീസർമാർക്കും കമ്മ്യൂണിറ്റി മെമ്പർമാർക്കും പരിശീലനം | |
| | | 1.16 തീരപ്രദേശത്ത് കടലോര ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക | |
| 2 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് | 2.1 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 429 സ്കൂളുകളിൽ (ജൂനിയർ/സീനിയർ) നടപ്പിലാക്കുന്നതിനുള്ള ചെലവ് | 1070 |
| | | 2.2 ജില്ലാതല ഭരണച്ചെലവുകൾ | |
| | | 2.3 സംസ്ഥാനതല ഭരണച്ചെലവുകൾ | |
| | | 2.4 100 സ്കൂളുകളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള ചെലവ് | |
| 3 | കോളനികളിൽ പോലീസ് സേവനങ്ങൾ മെച്ചപ്പെടുത്തൽ | 3.1 എസ്.എം.എസ്. സംവിധാനം മെച്ചപ്പെടുത്തുക, അദാലത്ത്/ സഭകൾ നടത്തുക (കോളനികളിൽ തർക്കങ്ങളുടെ ദ്രുത പരിഹാരത്തിന് ബദൽ മാർഗ്ഗം) | 50 |
| | | 3.2 പട്ടികവർഗ്ഗ കോളനികളിൽ അടിയന്തിര അറ്റകുറ്റപ്പണികളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക (ഘട്ടം 2) | |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | സുരക്ഷിത ക്യാമ്പസ് (പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് എതിരെയുള്ള നടപടി | 4.1 എൻഫോഴ്സ്മെന്റ്, ഷാഡോ വർക്ക് മുതലായ നടത്തിപ്പ് ചെലവുകൾ<br>4.2 സംസ്ഥാന വ്യാപകമായി ബോധവത്കരണ നടപടികൾ നടപ്പിലാക്കുക | 20 |
| 5 | സ്മാർട്ട് പോലീസിംഗ് | 5.1 ഇൻവെന്ററി മാനേജ്മെന്റ്, സോഫ്റ്റ് വെയർ 19 പോലീസ് ജില്ലകളിലും പോലീസ് ആസ്ഥാനത്തും (20 എണ്ണം)<br>5.2 പബ്ലിക് അഡ്രസ്സിംഗ് സംവിധാനവും ക്രമസമാധാനത്തിന് വാഹനവും (100 പോലീസ് സ്റ്റേഷനിൽ)<br>5.3 ബോഡി വോം ക്യാമറ (100 എണ്ണം)<br>5.4 എസ്. എസ്. ഒ മാർക്ക് സ്മാർട്ട് മോഡേൺ പോലീസ് ബെൽറ്റ് (100 എണ്ണം)<br>5.5 പോലീസ് വാഹനത്തിൽ ക്യാമറ (100 എണ്ണം)<br>5.6 വീഡിയോ അനലിറ്റിക്സ് (1 എണ്ണം)<br>5.7 സോഷ്യൽ മീഡിയ മോണിറ്ററിംഗ് ടൂൾ- (1 എണ്ണം)<br>5.8 ആർ. എഫ്. ഐ. ഡി. ബെയ്സ്ഡ് ഐ.ഡി. കാർഡ്<br>5.9 എൻകെയ്സ് (20 എണ്ണം)<br>5.10 വയർ ബ്ലോക്കേഴ്സ് (20 എണ്ണം)<br>5.11 ട്രൂ ഇമേജർ (20 എണ്ണം)<br>5.12 ഫ്രെഡ് (2 എണ്ണം)<br>5.13 ഫ്രെഡ്ഡി (2 എണ്ണം)<br>5.14 നെറ്റ് വർക്ക് ഫോറൻസിക്ക് ഉപകരണം (2 എണ്ണം)<br>5.15 സൈബർ ചെക്ക് സ്യൂട്ട് (3 എണ്ണം)<br>5.16 പാസ്സ് വേർഡ് റിക്കവറി ടൂൾ കിറ്റ് (10 എണ്ണം)<br>5.17 അക്സസ് ഡാറ്റാ എഫ്. ടി. കെ. എസ് (2 എണ്ണം)<br>5.18 എച്ച്. ഡി. ഡി. (20 എണ്ണം) | 400 |
| 6 | ഡിജിറ്റലൈസേഷനും കുറ്റാന്വേഷണം മെച്ചപ്പെടുത്തലും | 6.1 ഗുരുതര കേസുകളുടെ കുറ്റാന്വേഷണത്തിന് സംയോജിത അന്വേഷണ വാഹനം (4 എണ്ണം)<br>6.2 കുറ്റാന്വേഷണ പ്രക്രിയ ഡിജിറ്റലൈസ് ചെയ്യുക (28 ഡിജിറ്റൽ ഡയറികൾ)<br>6.3 തെളിവെടുപ്പിന് ഡിജിറ്റൽ സൗകര്യം<br>6.4 ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജമാക്കൽ (3 എണ്ണം)<br>6.5 ഡിജിറ്റൽ വോയിസ് റിക്കോർഡറുകൾ വാങ്ങൽ (100 എണ്ണം)<br>6.6 അതിർത്തി സംരക്ഷണ സേനയിൽ നിന്നും ഉയർന്ന നിലവാരമുള്ള ശ്വാനൻമാരെ വാങ്ങുക (10 എണ്ണം) സബ് ഡിവിഷനുകൾക്ക് നായ്ക്കൂടുകൾ (5 എണ്ണം) ലഭ്യമാക്കുക. | 250 |

| (1) | (2) | | (3) | (4) |
|---|---|---|---|---|
| 7 | ശാസ്ത്രീയ അന്വേഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ | | <u>ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും റീജിയണൽ എഫ്. എസ്. എൽ.ന്റെയും നിലവാരം ഉയർത്തൽ</u><br>• കൊച്ചിയിൽ റീജിണൽ എഫ്. എസ്. എൽ സ്ഥാപിക്കാൻ ആവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ, ഫർണിച്ചർ മുതലയവ<br>• എഫ്. എസ്. എൽ-ഉം ആർ. എഫ്. എസ്. എൽ-ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ്<br>• എച്ച്. ക്യൂ.ലബോറട്ടറിയിലേക്ക് ഡി. എൻ. എ. കിറ്റ്, രാസവസ്തുക്കൾ, എഫ്.എസ്.എൽ ആന്റ് ആർ. എഫ് എസ് എൽ, ലാബ് ഉപകരണങ്ങൾ, സൈബർ ഫോറൻസിക് ഉപകരണങ്ങൾ<br>• ട്രെയിനിംഗ് ഹാളും, പോലീസ് ഉദ്യോഗസ്ഥർ, നീതിന്യായ ഉദ്യോഗസ്ഥർ, പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർക്ക് എച്ച്. ക്യൂ, എഫ്. എസ്. എല്ല്-ൽ പരിശീലനവും<br><u>ഫിംഗർപ്രിന്റ് ബ്യൂറോയുടെ നിലവാരം ഉയർത്തൽ</u><br>• സംയോജിത വിരലടയാളം വികസന വാഹനവും എഫ്. പി. കിറ്റും (16 എണ്ണം)<br>• ലബോറട്ടറിയും ഉപകരണങ്ങൾ സ്ഥാപിക്കലും (നിർമ്മാണങ്ങൾ ഇലക്ട്രിക് പ്രവർത്തനങ്ങൾ)<br>• ആട്ടോമാറ്റഡ് ഫിംഗർ പ്രിന്റ് ഐഡന്റിഫിക്കേഷൻ സംവിധാനത്തിന്റെ വാർഷിക മെയിന്റനൻസ് ചിലവ്<br>• ഫോറൻസിക് ലൈറ്റ് സോഴ്സ് (19 ജില്ലകളിലും-10 ലക്ഷം വീതം)<br>• സാങ്കേതിക ലൈബ്രറി സ്ഥാപിക്കൽ | 600 |
| 8 | ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ | | സെൻട്രൽ വർക്ക്ഷോപ്പിൽ ടെസ്റ്റ് ചെയ്യാനുള്ള ഉപകരണങ്ങൾ, വയർലസ് (എൽ. ബി., എച്ച്. ബി., യു. എച്ച്. എഫ്. റിപ്പിറ്റേഴ്സ്, എൽ. ബി., എച്ച്. ബി., യു. എച്ച്. എഫ്. സ്റ്റാറ്റിക്സെറ്റ്, എൽബി, എച്ച്.ബി., യു.എച്ച്.എഫ്. ആന്റിനകൾ, ഹാന്റ്ഹെൽഡ്സെറ്റ്, ബാറ്ററികൾ, കേബിൾ, യു. പി. എസ്. മുതലായവ | 750 |
| 9 | ആഭ്യന്തര ഭരണ നിർവ്വഹണ സംവിധാനം (ഐ.എ.പി.എസ്.) | | സോഫ്റ്റ്വെയർ വികസനം, കമ്പ്യൂട്ടറുകൾ (40 എണ്ണം) ഷീറ്റ്ഫീഡ് സ്കാനറുകൾ (20 എണ്ണം) യു. പി. എസ്. (10 എണ്ണം) ഇലക്ട്രിഫിക്കേഷൻ, നെറ്റ്വർക്കിംഗ്, സോഫ്റ്റ് വെയർ വികസനം, സെർവർ വികസനം, ഹാർഡ്വെയർ മെയിന്റനൻസും സപ്പോർട്ടും, സെർവറിന്റെ ഭരണച്ചെലവുകൾ, വാർഷിക അറ്റകുറ്റപ്പണി കരാറുകൾ, ഉപയോക്താക്കൾക്ക് പരിശീലനം. | 250 |
| 10 | ഫോറൻസിക് സയൻസ്<br><br>ലബോറട്ടറിയിൽ സൈബർ ഫോറൻസിക് സാങ്കേതികവിദ്യയുടെ നിലവാരം ഉയർത്തൽ | | പോലീസ് ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും സൈബർ ട്രെയിനിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഹൈ എൻഡ് പി. സി. കൾ സൈബർ സെല്ലിനും, സൈബർ പോലീസ് സ്റ്റേഷനും വാങ്ങൽ, പരിശീലനത്തിനായി എൽ. സി. ഡി. പ്രൊജക്ടുകൾ പരിശീലനത്തിനായ് വാങ്ങൽ. | 60 |
| 11 | പരിശീലന സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ | 11.1<br><br>11.2 | ട്രാക്ടിക്കൽ ഫയറിംഗ് സ്റ്റിമുലേറ്ററുകൾ ലഭ്യമാക്കുക (2 ബറ്റാലിയൻ)<br><br>പോലീസ് ട്രെയിനിംഗ് കോളേജിൽ ഭരണപരമായ പരിശീലന സെന്റർ സ്ഥാപിക്കുക. | 90.00 |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | ഡിജിററലൈസേഷൻ ഓഫ് ക്രൈംബ്രാഞ്ച് (സി. ബി. സി. ഐ. ഡി.) | • സോഫ്റ്റ് വെയർ വികസനം (സിസ്റ്റം കോൺഫിഗറേഷൻ, ആപ്ലിക്കേഷൻ വികസനം, മനുഷ്യചെലവ്)<br>• എസ്. എ. എൻ., ആർ. എ. ഐ. ഡി.യോടുകൂടിയ ഹാർഡ് ഡിസ്ക് അനുബന്ധ വസ്തുക്കളുമുള്ള സെർവർ കമ്പ്യൂട്ടർ<br>• യു. പി. എസ്-ഓടുകൂടി വർക്ക് സ്റ്റേഷൻ (40 എണ്ണം)<br>• ഡോക്യുമെന്റ് സ്കാനർ, ഡിജിറ്റൽ ക്യാമറകൾ, ഡിജിറ്റൽ ഫിംഗർ പ്രിന്റ് സ്കാനർ, തെളിവെടുപ്പിനും സ്റ്റേറ്റ്മെന്റുകൾ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനുമായി വോയ്സ് റിക്കോർഡർ.<br>• ഹൈസ്പീഡ് കണക്ടിവിറ്റിയുടെ ചെലവ് | 50 |
| 13 | പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് ജി. ഐ. എസ്. അധിഷ്ഠിത നിയമനിർവ്വഹണം | • പോലീസ് സ്റ്റേഷനുകളിലെ വാഹനത്തിൽ ഘടിപ്പിക്കാവുന്ന ക്രൈം & പി. ഒ. ഐ. റിക്കോർഡിംഗ് സംവിധാനത്തോടുകൂടിയ വാഹനത്തിൽ ഘടിപ്പിക്കാവുന്ന ജി. പി. എസ്. യൂണിറ്റ് (150 എണ്ണം)<br>• സർക്കിൾ/സബ് ഡിവിഷൻ പോലീസ് ഓഫീസർമാർക്ക് ബെസിക് ട്രാക്കിംഗ് ഉള്ള വാഹനത്തിൽ ഘടിപ്പിക്കാവുന്ന ജി. പി. എസ്. യൂണിറ്റ് (320 എണ്ണം)<br>• വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ചിലവ്<br>• വെബ് ആപ്ലിക്കേഷന്റെ കസ്റ്റമൈസേഷനും പുതിയ മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും<br>• സ്ഥാപന, കമ്മീഷൻ ചിലവുകൾ<br>• പരിശീലന ചിലവുകൾ മുതലായവ | 60 |
| | | ആകെ | 4000 |

29. പോലീസ് വകുപ്പിൽ ജന്റർ അവബോധത്തിനും ജന്റർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പരിപാടി

*(വിഹിതം: 550 ലക്ഷം രൂപ)*

പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ പശ്ചാത്തലം ഒരുക്കുന്നതുൾപ്പെടെ സ്ത്രീകൾക്ക് അക്രമ രഹിതമായ ഒരു ചുറ്റുപാട് സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 2010-11-ൽ ആരംഭിച്ച ഒരുപരിപാടിയാണ് ഇത്. നിലവിലുള്ള നിയമവ്യവസ്ഥകൾ സംബന്ധിച്ച് പെൺകുട്ടികളിലും സ്ത്രീകളിലും അവബോധം ഉണ്ടാക്കുവാനും ആവശ്യമായ സന്ദർഭങ്ങളിൽ പരിഹാരമാർഗ്ഗം കണ്ടെത്തുവാനും ഈ പരിപാടി സഹായകമാകുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പരിപാടിക്കായി വകയിരുത്തുന്ന 550 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വേണ്ടിയാണ്.

- ഫാമിലി കൗൺസിലിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തനം കൗൺസിലർമാരുടെ പ്രതിഫലം ഉൾപ്പെടെ.
- പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന വനിതകൾക്ക് വേണ്ടി ടോയ്ലറ്റുകൾ നിർമ്മിക്കുക.
- വിക്ടിം സപ്പോർട്ട് സ്കീം.
- ജന്റർ അവബോധം ഉണ്ടാക്കുന്നതിന് പ്രത്യേക പോലീസിംഗ് ഉദ്യമങ്ങളും അവബോധന പരിപാടികളും, വനിതകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുക (സർക്കാർ അംഗീകൃത പരിപാടി) മുതലായവ.
- സ്വയം പ്രതിരോധ ക്ലാസ്സുകൾ, സ്കൂൾ സന്ദർശനം, സർവ്വേ, പ്രത്യേക പരിശീലനം, ഓട്ടോകാർ പരിശീലനം.
- വാഹനങ്ങളിൽ സത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുക.
- ജന്റർ അവബോധവും സുരക്ഷയും എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ പഠന ശിബിരം സംഘടിപ്പിക്കുക.

30. പോലീസ് സേനയുടേയും മറ്റ് സേനാ വിഭാഗങ്ങളുടേയും നവീകരണത്തിനായുള്ള ദേശീയ പരിപാടി (സംസ്ഥാന വിഹിതം)

*(വിഹിതം: 2000 ലക്ഷം രൂപ)*

പോലീസ് സേനയുടേയും മറ്റ് സേനാവിഭാഗങ്ങളുടേയും നവീകരണത്തിനുള്ള പദ്ധതി 60:40 എന്ന ക്രമത്തിൽ ഫണ്ട് വിഭജനം നടത്തുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തീവ്രവാദ

പ്രവർത്തന ബാധിത പ്രദേശങ്ങളിൽ പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ട അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക, പരിശീലന കേന്ദ്രങ്ങളുടെ നിർമ്മാണം, പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടനിർമ്മാണം, പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കുവാനുള്ള കെട്ടിട നിർമ്മാണം, കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക, കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസ്റ്റ് സ്കൂളുകൾ സ്ഥാപിക്കുക, പൗരസേനാ (സിവിൽ ഡിഫൻസ്) സംവിധാനം നവീകരിക്കുക, അഗ്നിശമന സംവിധാനവും അടിയന്തിര സേവനങ്ങളും ശക്തിപ്പെടുത്തുക മുതലായവ ഇതിൽ ഉൾപ്പെടുന്നു. 2016-17-ൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 2000 ലക്ഷം രൂപ വകയിരുത്തുന്നു.

## ഹൈക്കോടതി

### 31. കേരള ഹൈക്കോടതിയിൽ ആസൂത്രണ നടത്തിപ്പ് യൂണിറ്റ്

(വിഹിതം : ₹ 10.00 ലക്ഷം)

സംസ്ഥാനത്തെ നീതിന്യായ ഭരണ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും നയങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഹൈക്കോടതിയിൽ ആസൂത്രണ നടത്തിപ്പ് യൂണിറ്റ് ആരംഭിച്ചത്. പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഇവയാണ്.

1. കേരളത്തിലെ കോടതികളിലെ പ്രവർത്തി ഭാരത്തിന്റെ സ്ഥിതി വിവരക്കണക്ക് വിശകലനം.
2. പ്രവർത്തക സൂചകങ്ങൾ ഉൾപ്പെടെ നീതിന്യായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിന് മികച്ച മാതൃക നിർദ്ദേശിക്കുക.
3. അവകാശ സംരക്ഷണത്തിന് കോടതികളെ സമീപിക്കാൻ കഴിയാതെയും നീതിലഭിക്കാതെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് പഠനം നടത്തുക.
4. കോടതികളിലെ നീതിന്യായ സംവിധാനം വികസിപ്പിക്കുന്നതിനുള്ള കരട് പഞ്ചവത്സര പദ്ധതി തയ്യാറാക്കുക.
5. നീതിന്യായ സംവിധാനം വികസിപ്പിക്കുന്നതിന് വാർഷിക വിഹിതം ഉൾപ്പെടെ ഒരു പ്ലാൻ സ്കീം നിർദ്ദേശിക്കുക.
6. കേരള കോർട്ട് കേസ് ലോഡ് മാനേജ്മെന്റ് സിസ്റ്റം ആവിഷ്ക്കരിക്കുന്നതിനുള്ള കരട് പഞ്ചവത്സര പദ്ധതി തയ്യാറാക്കുക.
7. നീതിന്യായ വ്യവസ്ഥയിൽ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കുക.
8. കേരളത്തിലെ കോടതികളുടെ മാനവശേഷി വികസന തന്ത്രം ആവിഷ്ക്കരിക്കുക.
9. കേരളത്തിലെ കോടതികളിലെ ജോലിയുടെ അളവും ഗുണമേന്മയും മാനേജ് ചെയ്യുന്നതിനുള്ള ഒരു സമ്പ്രദായം നിർദ്ദേശിക്കുക.
10. വിവിധതരം കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസവും അതിനുള്ള കാരണവും നിരീക്ഷിക്കുകയും കോടതികളുടെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തുകയും ചെയ്യുക.
11. കോടതി രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
12. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുക.

ഈ പ്രവൃത്തിക്കായി 2016-17 വർഷത്തേയ്ക്ക് ₹ 10 ലക്ഷം വകയിരുത്തിയിരിക്കുന്നു.

### 32. കോടതികളുടെ ആധുനികവൽക്കരണവും മാതൃകാ കോടതികൾ സ്ഥാപിക്കലും

(വിഹിതം: ₹ 220.00 ലക്ഷം)

നിലവിലുള്ള നിയമ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപടിക്രമങ്ങളുടെ ക്രമവൽക്കരണവും ഓഫീസുകളുടെ ആധുനികവൽക്കരണവും നടത്തുവാനാണ് മാതൃകാ കോടതികളിലൂടെ ശ്രമിക്കുന്നത്. കോടതി മുറികൾ മാത്രമല്ല തെരഞ്ഞെടുത്ത കോടതി പരിസരവും ഐ. റ്റി. സഹായത്താൽ കേസുകൾ ഫയൽ ചെയ്യുന്നതുമുതൽ ഉത്തരവു പുറപ്പെടുവിക്കുന്നതുവരെയുള്ള വിവരങ്ങൾ ഇ-ഫ്ളോയിലൂടെ നൽകുന്നതിന് സാദ്ധ്യമാക്കുകയാണ് മാതൃകാകോടതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ജഡ്ജിമാർ അടക്കം കോടതിയിലെ എല്ലാ ജീവനക്കാർക്കും സേവന വിതരണത്തിൽ പരിശീലനം നൽകുന്നതാണ്. കോടതി കേസ് മാനേജ്മെന്റ് തത്വങ്ങൾ തയ്യാറാക്കുന്നതും മുൻകൂട്ടി സമയപട്ടിക നിശ്ചയിക്കുന്നതും അത് അഭിഭാഷകർ ഉൾപ്പെടെ ഉള്ളവരെ അറിയിക്കുന്നതുമാണ്. 2016-17 വാർഷിക പദ്ധതിയിൻ കീഴിൽ 28 മാതൃകാ കോടതികൾ ചുവടെ ചേർക്കുന്ന ലക്ഷ്യങ്ങളോടെ സ്ഥാപിക്കുന്നതാണ്.

1. കേസ്-ഫ്ളോ സിസ്റ്റവും റിക്കാർഡ് മാനേജ്മെന്റും മെച്ചപ്പെടുത്തുക.
2. കോർട്ട് മാനേജ്മെന്റ് പരിഷ്ക്കരണം.
3. മാതൃകാ കോടതിയിൽ ഒരു റിസപ്ഷൻ ആന്റ് ഇൻഫർമേഷൻ കൗണ്ടർ ആയി പ്രവർത്തിക്കുന്നതിന് ഒരു ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുക.
4. മാതൃകാ കോടതികളെ വ്യവഹാരി സൗഹൃദമാക്കുന്നതിനായി വ്യവഹാരികൾക്കും പൊതുജനങ്ങൾക്കുമായി കോടതിയിൽ ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.
5. പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയുന്നതിന് ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുക.
6. കോടതി ഉദ്യോഗസ്ഥർക്ക് ആധുനിക ഇരിപ്പിട സൗകര്യങ്ങളും ഇർഗോണമിക് ഫർണീച്ചറും ലഭ്യമാക്കുക.
7. കേസ് തീർപ്പാക്കുന്നതും വിധി പകർപ്പ് നൽകുന്നതും വേഗതയിലാക്കുന്നതിന് ഒരു ഡിക്റ്റേഷൻ സോഫ്റ്റ് വെയർ വികസിപ്പിക്കുക.

കേരള ഹൈക്കോടതിയിൽ ഇ-ഗവേർണൻസ് ആരംഭിക്കുന്നതിനും മാതൃകാകോടതികൾ സ്ഥാപിക്കുന്നതിനുമായി 2016-17 ലേക്ക് 220 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പ്രോസിക്യൂഷൻ

33. പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

(വിഹിതം: ₹ 75.00 ലക്ഷം)

പ്രോസിക്യൂഷൻ വകുപ്പിനെ ആധുനികവൽക്കരിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം. ഈ പരിപാടിയിൽ ഫർണിച്ചർ വാങ്ങൽ, ഓഫീസ് കെട്ടിട നിർമ്മാണം, എ. പി. പി. ഓഫീസിലെ ഇന്റർനെറ്റ് ചാർജ്, എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## എക്സൈസ് വകുപ്പ്

34. എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

(വിഹിതം: ₹ 200.00 ലക്ഷം)

ഈ നടപ്പ് പദ്ധതിയുടെ ലക്ഷ്യം എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണമാണ്. വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പുറമേ ഈ പരിപാടിയിലുള്ള വ്യത്യസ്തഘടകങ്ങളിൽപ്പെടുന്നവയാണ് ക്രൈം, ക്രിമിനൽ ട്രാക്കിംഗ് വികസന നെറ്റ്‌വർക്കും സിസ്റ്റവും (CCTNS), എക്സൈസ് ചെക്ക്പോസ്റ്റുകൾക്ക് കണ്ടെയ്നർ മോഡ്യൂൾസ്, വകുപ്പിൽ വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം, എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സിസിറ്റിവി ക്യാമറ, എൽ.ഇ.ഡി./സോളാർ വിളക്കുകൾ എന്നിവ സ്ഥാപിക്കലും എക്സൈസ് ഫീൽഡ് ഓഫീസുകളുടെ നവീകരണവും. ഇതിന്റെ ചെലവുകൾക്കായി 2016-17-ലേക്ക് 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

35. സംസ്ഥാന എക്സൈസ് അക്കാദമിയും ഗവേഷണ കേന്ദ്രവും—സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

(വിഹിതം : ₹ 200.00 ലക്ഷം)

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനവും തുടർ പരിശീലനവും നൽകുന്നതിനായി സ്ഥാപിതമായ സംസ്ഥാന എക്സൈസ് അക്കാദമിയും ഗവേഷണ കേന്ദ്രവും തൃശ്ശൂരിൽ പ്രവർത്തിക്കുന്നു. പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രാഥമിക കാര്യങ്ങൾക്കുമായി 2016-17-ൽ 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

36. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ

(വിഹിതം : ₹ 80.00 ലക്ഷം)

സർക്കാരിന്റെ തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 2013-14-ൽ ആരംഭിച്ച പരിപാടിയാണിത്. ഗവേഷണം, കോഴ്സുകളുടേയും പരിശീലന പരിപാടികളുടേയും സംഘാടനം, കൺസൾട്ടൻസി സേവനം നൽകൽ, പബ്ലിക് ഫിനാൻസ്, നിയമം, ടാക്സേഷൻ, അക്കൗണ്ടൻസി എന്നീ മേഖലകളിൽ പ്രസിദ്ധീകരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാന സർക്കാർ രൂപീകരിച്ചതുമായ ഒരു സ്വയംഭരണ സ്ഥാപനമാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ. താഴെ പറയുന്ന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിനായി 2016-17 വർഷത്തിൽ ₹ 80.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

(എ) ഫലപ്രദമായി വരുമാനം സ്വരൂപിക്കുന്നതിലൂടെ സാമ്പത്തിക ഭദ്രതയിലേക്ക് ( 62 ലക്ഷം രൂപ)

(ബി) പരിശീലന പരിപാടികൾ : നികുതിദായകർ, ടാക്സ് പ്രാക്ടീഷണർമാർ, കൊമേഴ്സ്യൽ ടാക്സ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്കായി പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിക്കുക. (18 ലക്ഷം രൂപ)

## റവന്യൂ വകുപ്പ്

37. റവന്യൂ വകുപ്പിലെ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

(വിഹിതം : ₹ 110.00 ലക്ഷം)

റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പഴയ കെട്ടിടങ്ങളെ ശരിയായ പരിപാലന നടപടികളിലൂടെയും, അറ്റകുറ്റപ്പണികളിലൂടെയും പൈതൃക കെട്ടിടങ്ങളായി സംരക്ഷിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇവയിൽ ചില കെട്ടിടങ്ങളെ മ്യൂസിയങ്ങളോ, ഗ്രന്ഥശാലകളോ, ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള മറ്റ് കേന്ദ്രങ്ങളോ ആയി മാറ്റാവുന്നതാണ്. ഇവയിൽ കളക്ടർമാരുടെ ഓഫീസുകളും, ക്യാമ്പ് ഓഫീസുകളും, സബ് കളക്ടർമാരുടെ ഓഫീസുകളും, താലൂക്ക് ഓഫീസുകളും, വില്ലേജ് ഓഫീസുകളും ഉൾപ്പെടുന്നു. ഈ പദ്ധതി 2010-11 വർഷമാണ് ആരംഭിച്ചത്. കണ്ണൂർ, തളിപ്പറമ്പ് താലൂക്ക് ഓഫീസുകൾ, ആർ.ഡി.ഒ. ഓഫീസ് തലശ്ശേരി ആർ.ഡി.ഒ. ഓഫീസ് പാലക്കാട്, വില്ലേജ് ഓഫീസ്, പാലക്കാട് ജില്ലയിലെ വടകരപ്പതി വില്ലേജ് ഓഫീസ് എന്നിവയുടെ സംരക്ഷണം നടത്തുന്നതിനായി 2016-17 വർഷത്തേക്ക് 110 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

38. പൊതുമുതൽ സംരക്ഷണം—കേരള ഭൂ ബാങ്ക് പദ്ധതി

(വിഹിതം : ₹ 40.00 ലക്ഷം)

കൈയേറ്റങ്ങളിൽ നിന്നും സർക്കാർ ഭൂമി സംരക്ഷിക്കുക എന്നതാണ് കേരള ഭൂ ബാങ്ക് പ്രോജക്ട് ലക്ഷ്യമിടുന്നത്. 2008-09-ൽ ആരംഭിച്ച ഈ പരിപാടിയിൽ മൂന്ന് പ്രധാന പ്രവൃത്തികൾ ഉൾപ്പെടുന്നു. അവ (1) സർക്കാർ ഭൂമിയുടെ പട്ടിക തയ്യാറാക്കൽ, (2) ജാഗ്രത്തായ നിരീക്ഷണവും, സംരക്ഷണവും, (3) സർക്കാർ ഭൂമിയിൽ നിന്നും വരുമാനം ഉണ്ടാക്കൽ എന്നിവയാണ്. താഴെപ്പറയുന്ന പ്രവൃത്തികൾ തുടരുന്നതിന് വേണ്ടി 2016-17 വർഷത്തിൽ ₹ 40 ലക്ഷം വകയിരുത്തിയിരിക്കുന്നു.

1. പൊതു ഭൂമി സംരക്ഷണ സേനയുടെ പരിപാലനം
2. സർവ്വെയും അതിർത്തി തിരിക്കലും
3. സംരക്ഷണ ചെലവുകൾ
4. കമ്പ്യൂട്ടറുകളുടെയും, ടോട്ടൽ സ്റ്റേഷൻ മെഷീനുകളുടെയും മറ്റു അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി കരാർ
5. ഓഫീസ് ചെലവുകൾ
6. ക്യാമ്പെയിനിംഗ് ഓഫീസർമാരുടെ യാത്രാ ചെലവുകൾ

39. ഭൂരഹിതരില്ലാത്ത കേരളം

(വിഹിതം : ₹ 600.00 ലക്ഷം)

കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണിത്. അർഹതയുള്ള ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി നൽകിക്കൊണ്ട് കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 2016-17 വർഷത്തേയ്ക്ക് ഈ പദ്ധതിക്കായി 600 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക |
|---|---|---|
| 1 | കണ്ടെത്തിയ ഭൂമി യോഗ്യമാക്കുന്നതിനുള്ള ആദ്യഘട്ട ചെലവുകൾ | |
| 2 | സർവ്വെജോലികളും സർവ്വെക്കല്ലുകളും | |
| 3 | കണ്ടെത്തിയ ഭൂമിയിലേയ്ക്ക് വഴിയുണ്ടാക്കുന്നതിനുവേണ്ടി ഭൂമി വാങ്ങൽ | |
| 4 | സ്റ്റേഷനറി ചെലവുകളും യാത്രാ അലവൻസും മറ്റും | 600 |
| 5 | സോഫ്റ്റ് വെയർ, ഒ.എ, പട്ടയം എന്നിവ തയ്യാറാക്കൽ | |
| 6 | സ്റ്റേഷനറി ഫാറങ്ങൾ തയ്യാറാക്കൽ | |
| 7 | മറ്റ് അത്യാവശ്യ ചെലവുകൾ | |

### 40. സ്മാർട്ട് റവന്യൂ ഓഫീസുകൾ

(വിഹിതം : ₹ 600.00 ലക്ഷം)

വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിയാണിത്. 2016-17-ലേയ്ക്ക് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 14 ജില്ലകളിലുമായി ആധുനികമായി രൂപകല്പന ചെയ്ത 14 വില്ലേജ് ഓഫീസുകൾ ഓൺലൈൻ സേവനങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നത്.

### 41. റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

(വിഹിതം : ₹ 800.00 ലക്ഷം)

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഭൂമി കൈമാറ്റം നടക്കുമ്പോൾ തന്നെ സ്ഥല സംബന്ധിയായ വിവരവും പ്രമാണ സംബന്ധമായ വിവരവും ഓൺലൈനായിത്തന്നെ പരിവർത്തനം വരികയും പുതുക്കുകയും ചെയ്യുന്ന സംവിധാനം ഇതിന്റെ ഒരു ലക്ഷ്യമാണ്. രജിസ്ട്രേഷൻ, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ഭൂരേഖ സേവന വിനിമയ സംവിധാനം ഏകോപിപ്പിക്കുകയും ഭൂരേഖ കൈകാര്യം ചെയ്യുന്നതിന് ഒരു ഫലപ്രദമായ സംവിധാനം കൊണ്ടുവരുക എന്നതുമാണ് ഇതിന്റെ ആശയം. 2016-17 വർഷത്തേയ്ക്ക് രൂപ 800 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഐ.റ്റി. മിഷനുമായി കൂടിയാലോചിച്ച ശേഷമായിരിക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. താഴെപ്പറയുന്ന ഉപഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഓൺലൈൻ പോക്ക് വരവ് സംയോജിപ്പിക്കൽ
   - എ) എല്ലാ വില്ലേജ് ഓഫീസുകളിലേയും തണ്ടപ്പേർ രജിസ്റ്ററും അടിസ്ഥാന നികുതി രജിസ്റ്ററും ഡിജിറ്റൈസ് ചെയ്യൽ.
   - ബി) കേരളത്തിലുടനീളം ഓൺലൈൻ പോക്ക് വരവ് സംയോജിപ്പിക്കുക
2. റവന്യൂ കമ്മീഷണറേറ്റിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്.
   - എ) കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും വാങ്ങുക.
   - ബി) സോഫ്റ്റ് വെയറും വസ്തുതകളും നവീകരിക്കുക
3. കേരള സ്റ്റേറ്റ് ലാന്റ് ബോർഡിൽ കമ്പ്യൂട്ടർ വൽക്കരണം

### 42. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്

(വിഹിതം : ₹ 130.00 ലക്ഷം)

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലനം, സേവനവേളയിലെ പരിശീലനം, ദുരന്ത അവസ്ഥ കൈകാര്യം ചെയ്യൽ ഉൾപ്പെടെയുള്ള പ്രത്യേക വിഷയങ്ങളിൽ പരിശീലനം എന്നിവ നടത്തുന്നതിനായി 1996 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്. 2016-17 വർഷത്തിൽ പ്രോജക്ട് തുടരുന്നതിനായി ₹ 130 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | വിശദ വിവരം | വിഹിതം ലക്ഷത്തിൽ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ (മാനവശേഷി വികസനം) | ജില്ലാതല പരിശീലന പരിപാടികൾ | 10 |
| 2 | | ജനസൗഹൃദ വില്ലേജ് ഓഫീസ് | 5 |
| 3 | | വികേന്ദ്രീകൃത കമ്പ്യൂട്ടർ പരിശീലനം. | 5 |
| 4 | | സേവന വേളയിലെ പ്രത്യേക പരിശീലനം (ഐ.എൽ.ഡി.എം.-ൽ വച്ച്) | 17 |
| 5 | | റവന്യൂ വകുപ്പിലെ വനിതാ ജീവനക്കാരുടെ കഴിവ് രൂപപ്പെടുത്തൽ | 3 |
| 6 | മികച്ച ഭരണകാര്യ പരിശീലന സ്ഥാപനങ്ങൾ, മാനേജ്മെന്റ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയുമായി സഖ്യത്തിലേർപ്പെടുക | 1. വനിതാ ഹോസ്റ്റൽ ഘട്ടം II നിർമ്മാണം<br>2. പരിശീലന പരിപാലന സംവിധാനം രൂപീകരിക്കുക<br>3. വൈ-ഫൈ ക്യാമ്പസും നെറ്റ് വർക്കിംഗ് സംവിധാനവും | 64 |
| 7 | ദുരന്ത നിവാരണത്തിന് ഐ.ഇ.സി. പ്രവർത്തനങ്ങൾ | വിദ്യാർത്ഥികൾക്കുള്ള അക്കാദമിക് ഗവേഷണ പ്രോജക്ടുകൾക്ക് സഹായം | 2 |
| 8 | വിവര വ്യാപനം (പ്രസിദ്ധീകരണം) | റവന്യൂ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുക | 18 |
| | | റവന്യൂ വാർത്ത (ത്രൈമാസ പ്രസിദ്ധീകരണം പ്രതിമാസം ആക്കൽ) | 6 |

## ദുരന്തനിവാരണം

43. ദുരന്തം കൈകാര്യം ചെയ്യലും, ലഘൂകരണവും പുനരധിവാസവും

(വിഹിതം : ₹ 500.00 ലക്ഷം)

ദുരന്ത സാഹചര്യങ്ങളിൽ അതിവേഗം പ്രതികരിക്കുന്നതിനും ആസൂത്രണം നടത്തുന്നതിനും വേണ്ടി ശക്തമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. താഴെപ്പറയുന്ന പരിപാടികൾക്കായി 2016-17 വർഷത്തേക്ക് 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ദുരന്ത നിവാരണ അതോറിറ്റിക്കുവേണ്ടി കെട്ടിടം നിർമ്മിക്കൽ
- അത്യാഹിത പ്രതികരണ ശേഷി ശക്തിപ്പെടുത്തൽ
- സ്ഥാപനങ്ങളെ ശാക്തീകരിക്കൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി
- ദുരന്തഅപകട സാദ്ധ്യതാ ലഘൂകരണത്തിനായി ശാസ്ത്രവും സാങ്കേതിക വിദ്യയും
- ദുരന്ത കൈകാര്യ പദ്ധതികൾ തയ്യാറാക്കൽ
- പ്രകൃതി ദുരന്ത ആഘാതം ലഘൂകരിക്കലും കൈകാര്യം ചെയ്യലും
- മനുഷ്യജന്യ ദുരന്തങ്ങളും ലഘൂകരണവും കൈകാര്യം ചെയ്യലും

44. ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി എൻ.സി.ആർ.എം.പി. (സംസ്ഥാന വിഹിതം 25%)

(വിഹിതം : ₹ 300 ലക്ഷം)

കൊടുങ്കാറ്റ് അപകട സാധ്യതയുള്ള 13 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കൊടുങ്കാറ്റിൽ നിന്നുള്ള അപകടങ്ങളും മറ്റ് ജല കാലാവസ്ഥാ അപകടങ്ങളും അപകട സാധ്യതയും ഏറ്റവും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ഒരു കേന്ദ്ര ഗവൺമെന്റ് സഹായ പദ്ധതിയാണ് എൻ.സി.ആർ.എം.പി. കേരളത്തെ പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന്റെ നടപ്പിലാക്കലിനായി കേരള ഗവൺമെന്റും ലോകബാങ്കുമായി 11-8-2015-ന് കരാർ ഒപ്പുവച്ചു. ദുരന്തങ്ങളോട് ഫലപ്രദമായി പ്രതികരിക്കാനും രക്ഷപ്പെടാനുമുള്ള സംസ്ഥാനങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഇതിന്റെ പ്രധാന ഘടകങ്ങൾ (1) മുന്നറിയിപ്പ് സംവിധാനം (100% കേന്ദ്രം) (2) കൊടുങ്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രം 25% സംസ്ഥാനം) ഇതിൽ 27 വിവിധോദ്ദേശ്യ കൊടുങ്കാറ്റ് അഭയകേന്ദ്രങ്ങളും 9 ജില്ലകളിൽ അപ്രോച്ച് റോഡുകളും ഉൾപ്പെടുന്നു. (3) ദുരന്ത നിവാരണ സംവിധാനത്തിന് സാങ്കേതിക സഹായം (100% കേന്ദ്രം) (4) പദ്ധതി കൈകാര്യം ചെയ്യലും, നടപ്പിലാക്കുന്നതിന് പിന്തുണയും (100% കേന്ദ്രം) 2016-17 വർഷത്തേയ്ക്ക് രണ്ടാമത്തെ ഉപഘടകം പൂർത്തീകരിക്കുന്നതിന് ₹ 300 ലക്ഷം വകയിരുത്തിയിരിക്കുന്നു.

## സർവ്വേയും ഭൂരേഖയും

45. സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

(വിഹിതം : ₹ 300 ലക്ഷം)

സർവ്വേ വകുപ്പിന്റെ കീഴിലുള്ള സർവ്വേ പരിശീലന സ്കൂളുകളെ താമസസൗകര്യത്തോടുകൂടി ആധുനികവൽക്കരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. സർവ്വേ സ്കൂളിൽ വിവിധ തരത്തിലുള്ള സർവ്വേ കോഴ്സുകൾ നടത്തുന്നതിനും ദേശീയതലത്തിലുള്ള ഒരു സർവ്വേ പരിശീലന സ്ഥാപനമായി ഉയർത്തുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ മോഡേൺ സർവ്വേ സ്കൂളിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 2016-17 വർഷത്തേയ്ക്ക് 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

46. ഭൂരേഖാ സംവിധാനങ്ങളുടെ സംയോജനം

(വിഹിതം : ₹ 700.00 ലക്ഷം)

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുവേണ്ടി ഭൂവിവര സേവന വിനിമയ സംവിധാനത്തെ സംയോജിപ്പിക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂരേഖ കൈകാര്യം ചെയ്യുന്നതിൽ മൂന്ന് വകുപ്പുകൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ പൗരന് ഒന്നിലധികം തവണ മൂന്ന് വകുപ്പിലെയും ഫീൽഡ്തല ഉദ്യോഗസ്ഥരെ സമീപിക്കേണ്ടി വരുന്നു. ഉദാഹരണത്തിന് ഭൂപടങ്ങൾ തയ്യാറാക്കുന്നത് സർവ്വെയും ഭൂരേഖയും വകുപ്പും ഭൂമിയുടെ ക്രയവിക്രയം രജിസ്റ്റർ ചെയ്യൽ, കടത്തിന് ഈട് വയ്ക്കൽ തുടങ്ങിയവ രജിസ്ട്രേഷൻ വകുപ്പും വസ്തു സംബന്ധമായ മറ്റു രേഖകളെല്ലാം കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പുമാണ്. ഈ മൂന്ന് വകുപ്പുകളുടേയും ഭൂരേഖാ അനുബന്ധ സേവനങ്ങളെ ഒന്നിപ്പിക്കുന്നതിന് ഒരു സംവിധാനം ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം ഉണ്ടാക്കുന്നതിനു വേണ്ടി 2016-17-ൽ 700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. (1) കേരളത്തിലെ വടക്കൻ ജില്ലകളിൽ പ്രമാണ വിവരങ്ങൾ സംയോജിപ്പിക്കുക, (2) ഭൂരേഖാ സംയോജനത്തിന് ഓൺലൈൻ നിരീക്ഷണ സംവിധാനം എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. വിശദമായ പദ്ധതി റിപ്പോർട്ട് സംസ്ഥാന ഐ.റ്റി. മിഷനുമായി ആലോചിച്ച് രൂപപ്പെടുത്തേണ്ടതാണ്.

## പൊതുഭരണവകുപ്പ്

47. ന്യൂനപക്ഷ ഭാഷകളിൽ പരിശീലനം നൽകുന്നതിന് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(വിഹിതം : ₹ 100.00 ലക്ഷം)

സർക്കാർ ജീവനക്കാർക്കും മറ്റുള്ളവർക്കും തമിഴ്, കന്നട തുടങ്ങിയ ന്യൂനപക്ഷ ഭാഷകൾ പഠിക്കുന്നതിനും, പരിശീലനം നൽകുന്നതിനുമായി കേരളത്തിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ അനുയോജ്യമായ രണ്ട് സ്ഥലങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ന്യൂനപക്ഷ ഭാഷാ വിഭാഗത്തിന്റെ സംസ്കാരവും പാരമ്പര്യവും പ്രോൽസാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ നടത്തുന്നതിനുമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

**ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്**

48. വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനം

(വിഹിതം : ₹ 275.00 ലക്ഷം)

വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിന് 2012-13-ൽ രൂപീകരിച്ച "വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ, വിദേശ ഇന്ത്യാക്കാരുടെ യടക്കം സംയുക്ത സംരംഭങ്ങളായോ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ഒരു ഫെസിലിറ്റേറ്റർ ആയി പ്രവർത്തിപ്പിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സീഡ്മണി, കൺസൾട്ടിംഗ് ചാർജ്ജുകൾ തുടങ്ങി വിവിധ പ്രോജക്ടുകളുടെ ഡി. പി. ആർ. തയ്യാറാക്കൽ, അടിസ്ഥാനതല നിക്ഷേപങ്ങൾ എന്നീ ചെലവുകൾക്കായി 2016-17-ൽ 275 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസന പദ്ധതി, കമ്പനിയ്ക്കായി വർക്കലയിൽ കെട്ടിടം നിർമ്മിക്കൽ, വർക്കലയിൽ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് സ്ഥാപിക്കൽ, വർക്കലയിൽ ജിയോ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കൽ, ജിയോ ഇൻഫർമേഷൻ സിസ്റ്റം എന്നിവയാണ് 2016-17-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ. 2016-17 വർഷത്തെ പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം ജീവനക്കാരുടെ ശമ്പളം, വാടക, കറന്റ് ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വാഹനത്തിന്റെ ഇന്ധനം, മെയിന്റനൻസ് തുടങ്ങിയവ ഉൾപ്പെടുന്ന ഓഫീസ് ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്.

49. മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(വിഹിതം : ₹ 2,53,607.00 ലക്ഷം)

മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒരു ബഡ്ജറ്റ് ശീർഷകത്തിലായി വകയിരുത്തുന്ന രീതി 2016-17-ലും തുടരുകയാണ്. പലപദ്ധതികൾക്ക് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വെവ്വേറെ ഫണ്ട് വകയിരുത്തുമ്പോൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പണം പാഴായിപോകുന്ന മുൻകാലങ്ങളിലെ സ്ഥിതി അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ രീതി അവലംബിക്കുന്നത്. മുഖ്യ അടിസ്ഥാന സൗകര്യ വികസനപദ്ധതികളുടെ കാര്യത്തിൽ, പ്രത്യേകിച്ച് തുടക്കത്തിൽ, വകയിരുത്തുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ ധാരാളം പരിമിതികളുണ്ടെന്നാണ് മുൻകാല അനുഭവം വ്യക്തമാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ അനുവദിച്ച ഫണ്ടുകൾ പലപ്പോഴും ലാപ്സായിപ്പോകുകയോ മറ്റ് പദ്ധതികൾക്ക് വകമാറ്റി ചെലവാക്കുകയോ ചെയ്യുമായിരുന്നു. ഇത് ഒഴിവാക്കുന്നതിന് മൊത്തം തുക ഒരു ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയാൽ അതിൽ നിന്നും നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യാനുസരണം നിർദ്ദിഷ്ട പദ്ധതികൾക്കേതിനും വിനിയോഗിക്കുവാൻ കഴിയും. ചുവടെ ചേർത്തിരിക്കുന്ന മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവ്വഹണം സാദ്ധ്യമാക്കുന്നതിനായി 2016-17-ലെ ബഡ്ജറ്റിൽ 2,53,607 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മേഖല/ഉപമേഖല |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പ്രോജക്റ്റുകൾ/ ലൈറ്റ് മെട്രോ സംവിധാനം | ഗതാഗതവും വാർത്താവിനിമയവും/ മറ്റ് ഗതാഗത സർവ്വീസുകളും |
| 2 | വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം | ഗതാഗതവും വാർത്താ വിനിമയവും/ പോർട്ടും ലൈറ്റ് ഹൗസും, ഷിപ്പിംഗ് ട്രാൻസ്പോർട്ട് സർവ്വീസുകളും |
| 3 | കൊച്ചി മെട്രോ | ഗതാഗതവും വാർത്താവിനിമയവും/ മറ്റ് ഗതാഗത സർവ്വീസും |
| 4 | കണ്ണൂർ എയർപോർട്ട് | ,, |
| 5 | മൊബിലിറ്റി ഹബ്ബ് | ,, |
| 6 | സബർബൻ റെയിൽ കോറിഡോർ | ,, |
| 7 | 35-ാം ദേശീയ ഗെയിംസ് വാർഷികവേതന പദ്ധതികൾ | സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ/ കായികവും യുവജന കാര്യങ്ങളും |
| 8 | ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് സോൺ (ഐ.ഡി.ഇസഡ്.)- ഭൂമി ഏറ്റെടുക്കലും അടിസ്ഥാന സൗകര്യ വികസനവും | വ്യവസായം/ധാതുക്കൾ & വൻകിട ചെറുകിട വ്യവസായങ്ങൾ |
| 9 | കൊല്ലം ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് | ഗതാഗതവും വാർത്താവിനിമയവും/ റോഡും പാലങ്ങളും |
| 10 | പാലക്കാട് പുതിയ ഐ.ഐ.ടി. | വിദ്യാഭ്യാസം |
| 11 | ട്രാൻസ്ഗ്രിഡ് 2.0 | ഊർജ്ജം |
| 12 | പാലക്കാട് മെഗാവുഡ് പാർക്ക് | വ്യവസായവും മിനറൽസും |
| 13 | ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക് | ,, |
| 14 | കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക് | ,, |
| 15 | കൊച്ചിയിൽ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക് | ,, |
| 16 | കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം | മറ്റ് ഗതാഗത സേവനങ്ങൾ |
| 17 | ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ | മറ്റ് ഗതാഗത സേവനങ്ങൾ |

മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ പദ്ധതിക്കും ഒരു ലക്ഷം രൂപ വീതം ബന്ധപ്പെട്ട മേഖലകളിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തി വിശദമായ ഉപയോഗവ്യവസ്ഥ വിശദമാക്കിയിട്ടുണ്ട്. അധികമായി ആവശ്യം വരുന്ന തുക മൊത്തത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽനിന്നും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അനുസരിച്ച് അധികാരപ്പെടുത്തി നൽകുന്നതാണ്. ഈ ഫണ്ടിന്റെ നിയന്ത്രണവും വിനിയോഗവും ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതലയിലായിരിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റേയും ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിന്റേയും ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ധനകാര്യ വകുപ്പ് ഫണ്ട് നൽകുക. ഇപ്രകാരം ഫണ്ട് നൽകുന്നതിനനുസരിച്ച് ധനകാര്യ വകുപ്പ് ആവശ്യമായ ഡെബിറ്റ്/ക്രെഡിറ്റ് അഡ്ജസ്റ്റ്മെന്റുകൾ കണക്കിൽ വരുത്തുകയും അതിനുശേഷം ഈ അഡ്ജസ്റ്റുമെന്റുകളെ ഉപധനാഭ്യർത്ഥനയിലൂടെ ക്രമപ്പെടുത്തുകയും ചെയ്യുന്നതാണ്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ ഫണ്ട് ബോർഡിന് വിദേശ വായ്പാ സമാഹരണം സാധ്യമാക്കുന്നതിനായി ഈ പരിപാടിക്ക് വകയിരുത്തിയിരിക്കുന്ന വിഹിതം സർക്കാർ അനുയോജ്യമായ സമയത്ത് ആ സ്ഥാപനത്തിന് അനുവദിച്ച് നൽകുന്നതാണ്.

50. തൊഴിൽ സൃഷ്ടിക്കായുള്ള സമഗ്ര മിഷൻ (മെഗാ)

(വിഹിതം : ₹ 10.00 ലക്ഷം)

വിവിധ സർക്കാർ ഏജൻസികളും ബാങ്കുകളും നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് സമഗ്ര ദിശാബോധം നൽകുന്നതിനും അവയുടെ നിർവ്വഹണ മേൽനോട്ടം വഹിക്കുന്നതിനുമായി മുകൾത്തട്ടിൽ ഒരു നിരീക്ഷണ സംവിധാനം-തൊഴിൽ സൃഷ്ടിക്കായുള്ള സമഗ്രമിഷൻ എന്ന പേരിൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഈ മിഷൻ നൈപുണ്യ വികസനം, ബിസിനസ് പ്ലാനിംഗ്, ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കൽ, വിപണിയുമായി ബന്ധിപ്പിക്കൽ, സാങ്കേതിക വിദ്യയ്ക്കും അടിസ്ഥാന സൗകര്യത്തിനും സഹായം, മാർഗ്ഗ നിർദ്ദേശവും ഹാൻഡ് ഹോൾഡിംഗും, നിയമങ്ങളും ചട്ടങ്ങളും പാലിക്കൽ മുതലായവ ഉൾപ്പടെ സംരംഭകർക്ക് വേണ്ട സഹായ സേവനങ്ങൾ ആദ്യാവസാനം നൽകുന്നതാണ്. എല്ലാ ജില്ലകളിലും ബിസിനസ് ഇൻകുബേറ്ററുകളും എല്ലാ മേഖലകളിലും ടെക്നോളജി ഇൻകുബേറ്ററുകളും സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. മിഷന്റെ ഭരണ-നടത്തിപ്പ് ചെലവുകൾ വഹിക്കുന്നതിനും സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട്, സീഡ് ഫണ്ട്, ഏഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി 2016-17-ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും

1. സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം: ₹ 32.00 ലക്ഷം)

കേരള സമ്പദ്ഘടനയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകളുടെ ശേഖരണം, ക്രോഡീകരണം, വിശകലനം, വസ്തുനിഷ്ഠമായ വ്യാഖ്യാനം, പ്രചാരണവും വ്യാപനവും മുതലായ ചുമതലകൾ നിറവേറ്റുന്നതിന് സംസ്ഥാനത്തെ ഉത്തരവാദപ്പെട്ട നോഡൽ ഏജൻസിയാണ് സാമ്പത്തിക-സ്ഥിതിവിവര കണക്ക് വകുപ്പ്. സ്ഥിതിവിവര കണക്കുകളുടെ വലിയ ശേഖരത്തിന്റെ പ്രോസസിംഗ്, ഡിജിറ്റൈസേഷൻ മുതലായ ജോലികൾ ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗമാണ് ചെയ്തുവരുന്നത്. പ്രതിവർഷം ശരാശരി 30 പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്. ഇവ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. വിവിധ സാമൂഹിക-സാമ്പത്തിക കാര്യങ്ങളെകുറിച്ചുള്ള കാലാനുക്രമ വിവരങ്ങളും വകുപ്പ് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നുണ്ട്. കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ലേസർ പ്രിന്ററുകൾ, യു. പി. എസ്., മുതലായവ ആർജിക്കുക, നെറ്റ് വർക്കിംഗ്-ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ നിർവ്വഹിക്കുക, കമ്പ്യൂട്ടർ ഡിവിഷനിലെ ഡെപ്യൂട്ടി ഡയറക്ടറുടെ ശമ്പളം നൽകുക, വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടുക, ഇന്റർനെറ്റ് ചാർജ് വഹിക്കുക മുതലായ ചെലവുകൾക്കായി 2016-17-ലെ ബജറ്റിൽ 32.00 ലക്ഷം രൂപ വകയിരുത്തുന്നു.

2. ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ

(വിഹിതം: ₹ 50.00 ലക്ഷം)

സാമ്പത്തിക-സ്ഥിതി വിവരകണക്ക് വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഡാറ്റാ എൻട്രി, ഡാറ്റാ പ്രോസസിംഗ്, ഡി. റ്റി. പി. ജോലികൾ എന്നിവയാണ് ഈ യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ, അവശ്യവസ്തുക്കളുടെ വില എല്ലാ ദിവസവും ശേഖരിക്കുകയും ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ഇ-മെയിൽ മുഖേന അതത് ദിവസങ്ങളിൽ തന്നെ ഡയറക്ടറേറ്റിലേക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. ജില്ലാ ഓഫീസുകളിലെ ജോലിയുടെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ ഐ. റ്റി. അധിഷ്ഠിത സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും പഴയ മോഡൽ കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ കമ്പ്യൂട്ടർ യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 2016-17-ലെ ബഡ്ജറ്റിൽ രൂപ 50.00 ലക്ഷം വകയിരുത്തുന്നു. കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങുക, വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടുക, ഇന്റർനെറ്റ് ചാർജ്ജ് വഹിക്കുക, ഐ. ടി. ഉപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

3. സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം

(വിഹിതം: ₹ 25.00 ലക്ഷം)

വിവരശേഖരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജില്ലാ-താലൂക്ക് ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് സംസ്ഥാന-ജില്ലാ തലത്തിൽ പരിശീലനം നൽകുക, സീനിയർ ഉദ്യോഗസ്ഥരേയും മദ്ധ്യതല ഉദ്യോഗസ്ഥരേയും രാജ്യത്തെ മികച്ച സ്ഥാപനങ്ങളായ ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ, നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ്, ലേബർ ബ്യൂറോ എന്നിവിടങ്ങളിൽ അയച്ച് പരിശീലനം നൽകുക വകുപ്പിന്റെ കീഴിലുള്ള പരിശീലന ഹാളിന്റെ നവീകരണവും അതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് 2016-17-ൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ. ഇവയ്ക്കായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

4. സർവ്വേകളും പഠനങ്ങളും

(വിഹിതം: ₹ 15.00 ലക്ഷം)

ആസൂത്രിത വികസനത്തിന് ആവശ്യമായ വിവരങ്ങളുടെ കുറവ് നികത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് സർവ്വേകളും പഠനങ്ങളും ക്രമമായി നടത്താറുണ്ട്. കൂടാതെ, ദേശീയ അടിസ്ഥാനത്തിൽ പ്രാധാന്യമുള്ള വിഷയങ്ങളിൽ എൻ. എസ്. എസ്. ഒ.-യുടെ ആഭിമുഖ്യത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹകരണത്തോടെ അഡീഷണൽ സാമ്പിൾ സർവ്വേകളും നടത്തുന്നുണ്ട്. 2016-17-ൽ 'കേരളത്തിലെ സിമന്റ്കട്ട നിർമ്മാണ യൂണിറ്റുകളെകുറിച്ചുള്ള പഠനം നടത്തുന്നതിനായും കൂടി 15.00 ലക്ഷം രൂപ വകയിരുത്തുന്നു.

5. സ്ഥിതി വിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം (ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പ്രോജക്ട്-സംസ്ഥാന വിഹിതം)

(വിഹിതം: ₹ 60.00 ലക്ഷം)

'പ്രാദേശികതല വികസനത്തിനുള്ള അടിസ്ഥാന സ്ഥിതി വിവരങ്ങൾ', 'ഇൻഡ്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെഗ്തനിംഗ് പ്രോജക്ട്' എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് പുനരാവിഷ്ക്കരിച്ചതാണ് 'സ്ഥിതി വിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി.

സംസ്ഥാനത്തിന് താഴെ തട്ടിലുള്ള തലങ്ങളിലെ ആസൂത്രണത്തിനും തീരുമാനങ്ങൾ എടുക്കുന്നതിനും ആവശ്യമായ സ്ഥിതി വിവരങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് "പ്രാദേശികതല വികസനത്തിനുള്ള അടിസ്ഥാന വിവരങ്ങൾ" എന്ന പദ്ധതിയുടെ ലക്ഷ്യം. "ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെഗ്തനിംഗ് പ്രോജക്ട് (ഐ. എസ്. എസ്. പി.)" ലക്ഷ്യമിടുന്നത് സംസ്ഥാനങ്ങളിലെ സ്ഥിതിവിവര കണക്ക് സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിച്ച് ഇന്ത്യയിലെ സ്ഥിതി വിവരക്കണക്ക് സംവിധാനത്തിന്റെ ശേഷിയും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനാണ് നയ തീരുമാനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും പ്രത്യേകിച്ച് സംസ്ഥാനതലത്തിലും അതിന് താഴെ തട്ടിലും ആവശ്യമായ വിശ്വസനീയ ഔദ്യോഗിക സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിനും അവ ക്രോഡീകരിച്ച് പ്രചാരപ്പെടുത്തുന്നതിനും വേണ്ടശേഷിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും സ്ഥിതി വിവര കണക്ക് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന തരത്തിലാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ഐ. എസ്. എസ്. പി. യുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന പ്രധാന മേഖലകളിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക:

⇒ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും സ്ഥിതിവിവരകണക്ക് പ്രവർത്തനങ്ങളുടെ ഏകോപനവും മാനേജ്മെന്റും മെച്ചപ്പെടുത്തുക.

⇒ മാനവശേഷി വികസനം.

⇒ സ്ഥിതിവിവരകണക്ക് സംവിധാനങ്ങളും ഉപകരണങ്ങളും വികസിപ്പിക്കുക.

⇒ വിവരസാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

⇒ സ്ഥിതി വിവരകണക്ക് സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക വിശിഷ്യാ സ്ഥിതിവിവര കണക്കുകളുടെ ഗുണമേന്മയും പ്രചാരണ-വ്യാപനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെ സഹായിക്കുക.

ഐ. എസ്. എസ്. പി. യുടെ കേന്ദ്ര ഉന്നതതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ 2011 ആഗസ്റ്റ് 2-ലെ യോഗം 2011-16 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കേണ്ട സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാനിന് അംഗീകാരം നൽകുകയുണ്ടായി. എന്നാൽ പദ്ധതിയുടെ നിർവ്വഹണം തൃപ്തികരമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മന്ത്രാലയം സംസ്ഥാനത്തെ സാമ്പത്തിക-സ്ഥിതിവിവരകണക്ക് വകുപ്പിനോട് കർമ്മ പദ്ധതി പരിഷ്ക്കരിക്കാനും സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി നിർവ്വഹണ നടപടികൾ ആരംഭിക്കാനും ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതി പരിഷ്ക്കരിക്കുകയും പദ്ധതി കാലയളവ് 2016-17 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

'സ്ഥിതിവിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം' എന്ന പുനരാവിഷ്ക്കരിക്കപ്പെട്ട പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തെ നടത്തിപ്പിനുള്ള സംസ്ഥാന വിഹിതമായി 60 ലക്ഷം രൂപ വകയിരുത്തുന്നു.

## 10.3 മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ

### അളവുകളും തൂക്കങ്ങളും

1. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ

(വിഹിതം: ₹ 518.00 ലക്ഷം)

കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 2016-17-ലെ ബജറ്റിൽ ഈ പരിപാടിയുടെ താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പാക്കുന്നതിനായി 518.00 ലക്ഷം രൂപ വകയിരുത്തുന്നു.

(i) ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം —

വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന തിനുമായി വകുപ്പ് നടപ്പിലാക്കുന്ന ഈ സിസ്റ്റത്തിന്റെ 3-ാം ഘട്ടത്തിൽ വകുപ്പിന് കീഴിലുള്ള മുഴുവൻ ഓഫീസുകളെയും ഓൺലൈനിൽ ബന്ധിപ്പിക്കുന്നതാണ്. ഇതോടെ വകുപ്പ് നൽകുന്ന സേവനങ്ങൾ, ഫീസ് ശേഖരണം എന്നിവ ഓൺലൈൻ വഴി ആക്കാവുന്നതാണ്. ഇതിന് ആവശ്യമായ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മറ്റ് ഹാർഡ്‌വെയറുകൾ എന്നിവ വാങ്ങൽ

(ii) കാക്കനാട് എൻ.എ.ബി. എൽ. അക്രഡിഷനോടു കൂടിയ സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കാനുള്ള ലബോറട്ടറി ( ഒന്നാം ഘട്ടം)

(iii) എറണാകുളത്ത് വാട്ടർ മീറ്റർ കാലിബറേഷൻ യൂണിറ്റ്

(iv) വർക്കിംഗ് സ്റ്റാന്റേർഡ് ബാലൻസുകൾ വാങ്ങൽ 73 ഫുൾസെറ്റ് വർക്കിംഗ് സ്റ്റാൻഡേർഡും 93 എണ്ണം 2 കെ. ജി ബാലൻസുകളും.

(v) ഓഫീസുകളുടെ ആധുനികവൽക്കരണം— കൺട്രോളർ, ഡെപ്യൂട്ടി കൺട്രോളർ, അസിസ്റ്റന്റ് കൺട്രോളർ, താലൂക്ക് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, ക്യാബിൻ എന്നിവ സ്ഥാപിക്കൽ.

(vi) കാക്കനാട്ടെ വെഹിക്കിൾ ടാങ്ക് കാലിബറേഷൻ യൂണിറ്റ് ശക്തിപ്പെടുത്തലും ആവശ്യമായ അറ്റകുറ്റ പ്പണികൾ നടത്തലും, ചില ഉപകരണങ്ങൾ മാറ്റി വെക്കലും

(vii) സ്റ്റാമ്പിംഗ് പഞ്ചും സീലിംഗ് സ്റ്റണ്ടും എൻഫോഴ്സ് മെന്റ് ഓഫീസിലേക്ക് വാങ്ങൽ.

(viii) 14 വാഹനങ്ങളുടെ പുനഃസ്ഥാപനവും വാങ്ങലും.

(ix) ടാക്സി മീറ്ററുകളിൽ ജി.പി.എസ്.-ൽ അധിഷ്ഠിത മായ പരിശോധന സംവിധാനം നടപ്പിലാക്കൽ

(x) വാർഷിക മെയിന്റനൻസ് ഉടമ്പടി വർക്കിംഗ് സ്റ്റാൻഡേർഡുകൾ, 5 വെയിറ്റ് ഡ്രഡ്ജ് കിറ്റുകൾ, ലബോറട്ടറി ഉപകരണങ്ങൾ, പൾസ്മീറ്റർ, ഫോട്ടോ കോപ്പികൾ, കമ്പ്യൂട്ടർ, യു. പി. എസ്., പ്രിന്റർ, എക്സ്.ആർ.എഫ് മിഷ്യൻ എന്നിവയുടെ വാർഷിക മെയിന്റനൻസ് പ്രവർത്തനങ്ങൾ.

(xi) കാക്കനാട് ഓട്ടോറിക്ഷ കാലിബറേഷൻ ട്രാക്ക് സ്ഥാപിക്കൽ.

(xii) കാക്കനാട് ക്ലീനിക്കൽ തെർമോമീറ്റർ കാലിബറേഷൻ യൂണിറ്റ് സ്ഥാപിക്കൽ

(xiii) ഒരു ടൺ വെയിറ്റ് വെരിഫിക്കേഷൻ ലാബിന്റെ നിർമ്മാണം. ഇതിനുള്ള കെട്ടിടം, തറ ഉയർത്തുന്ന ക്രയിൻ തുടങ്ങിയ ഉപകരണങ്ങൾ.

2. പരസ്യപ്രചാരണം

(വിഹിതം: ₹ 20.00 ലക്ഷം)

അളവ്, തൂക്കം എന്നിവയുടെ സൂക്ഷ്മത ഉറപ്പാക്കുന്ന തിലൂടെ ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലീഗൽ മെട്രോളജി വകുപ്പ് പ്രവർത്തി ക്കുന്നത്. വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വ്യാപക പ്രചരാണം നടത്തേണ്ടതുണ്ട്. പ്രസ്തുത ലക്ഷ്യം നേടുന്നതിനായി വിഭാവന ചെയ്തിട്ടുള്ള ഈ പരിപാടിക്ക് 2016-17-ൽ 20.00 ലക്ഷം രൂപ വകയിരുത്തുന്നു. ദൃശ്യ, ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെ പരസ്യം നൽകുക, വ്യാപാര മേളകളിലും സർക്കാരിന്റെ ആഘോഷ പരിപാടി കളിലും ലോക ഉപഭോക്തൃ ദിനാഘോഷ ചടങ്ങുകളിലും പങ്കെടുക്കുക മുതലായവയാണ് ഉദ്ദേശിക്കുന്ന പരിപാടികൾ.

3. പരിശീലന പരിപാടികൾ

(വിഹിതം: ₹ 10.00 ലക്ഷം)

കേന്ദ്ര നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്ക്കർഷിച്ചിട്ടുള്ളത് പ്രകാരം ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാർ, റാഞ്ചിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ മെട്രോളജി നടത്തുന്ന അടിസ്ഥാന പരിശീലന കോഴ്സിലും കേന്ദ്ര സർക്കാരിന്റെ ലീഗൽ മെട്രോളജി ഡയറക്ടർ നിർദ്ദേശിക്കുന്നതും നാഷണൽ ഫിസിക്കൽ ലബോറട്ടറി, ഫ്ളൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് മുതലായ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതുമായ സ്പെഷ്യൽ കോഴ്സുകളിലും പങ്കെടുക്കേണ്ടതുണ്ട്. ഈ പരിശീലന പരിപാടികൾ നടപ്പിലാക്കാനും കാക്കനാട്ടെ ലീഗൽ മെട്രോളജി ഭവനിലെ സെമിനാർ ഹാൾ നവീകരിച്ച് ആവശ്യമായ ഉപക രണങ്ങൾ വാങ്ങി പരിശീലന സെന്റർ ആക്കിമാറ്റുവാനുമായി 2016-17-ൽ 10.00 ലക്ഷം രൂപ വകയിരുത്തുന്നു.

4. ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം

(വിഹിതം: ₹ 450.00 ലക്ഷം)

ലീഗൽ മെട്രോളജി വകുപ്പിന്റെ വിവിധ ഓഫീസുകൾക്കും ലബോറട്ടറികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള താണ് ഈ പദ്ധതി. പത്തനംതിട്ട, കോട്ടയം, പാലക്കാട്, വയനാട് എന്നിവിടങ്ങളിലെ വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തിരുവനന്തപുരത്ത് ലീഗൽ മെട്രോളജി ഭവൻ നിർമ്മിക്കുന്നതിനുമായി 450.00 ലക്ഷം രൂപ വകയിരുത്തുന്നു.

# XI പൊതുസേവനങ്ങൾ

## 11.1 സ്റ്റേഷനറിയും അച്ചടിയും

### സ്റ്റേഷനറി

1. സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം

(വിഹിതം : ₹ 50.00 ലക്ഷം)

വകുപ്പിലെ എല്ലാ ഓഫീസർമാരെയും ഒരു നെറ്റ്‌വർക്കിംഗ് സംവിധാനത്തിൻകീഴിൽ കൊണ്ടുവരുകയെന്ന ഉദ്ദേശ്യത്തോടെ നവീന സമ്പ്രദായങ്ങൾക്ക് അനുസൃതമായി സ്റ്റേഷനറി വകുപ്പിനെ നവീകരിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കെൽട്രോണിന്റെ സഹായത്തോടു കൂടി വികസിപ്പിച്ചെടുത്ത ഒരു ഓൺലൈൻ സൊലൂഷനാണ് 'ഇലക്ട്രോണിക് മാനേജ്മെന്റ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം (ഇ-മിസ്റ്റ്)'. പുതിയ കോൺഫിഗറേഷനിലുള്ള കമ്പ്യൂട്ടറുകളും ലാപ്ടോപ്പും വാങ്ങുക വെബ്സൈറ്റിന്റെ പരിപാലനം ഇ-മിസ്റ്റ് സോഫ്റ്റ്‌വെയറിന്റെ പരിപാലനവും നിലവാരം ഉയർത്തലും, ആസ്ഥാനമന്ദിരത്തിൽ ലിഫ്റ്റ് സ്ഥാപിക്കൽ, ആലപ്പുഴ ജില്ലാ സ്റ്റേഷനറി ആഫീസിൽ ലാൻ സ്ഥാപിക്കൽ, ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ പരിശീലനം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിന്റെ പരിപാലനം, പേപ്പർ കെട്ടുകൾ അട്ടിവെയ്ക്കുന്നതിനായി 360 പേപ്പർ ക്ലാമ്പോട് കൂടിയ ഫോർക്ക് ലിഫ്റ്റ് വാങ്ങുക എന്നീ പ്രവർത്തനങ്ങൾക്കായി 2016-17-ലെ ബഡ്ജറ്റിൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

### അച്ചടി

1. ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം

(വിഹിതം : ₹ 600.00 ലക്ഷം)

അച്ചടിവകുപ്പ്, വിവിധ സർക്കാർ പ്രസ്സുകളിൽ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് വിപുലമായ ആധുനികവത്ക്കരണ പരിപാടി ആരംഭിച്ചിട്ടുണ്ട്. അച്ചടി സാങ്കേതിക വിദ്യയിൽ അനുദിനം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി അച്ചടി വകുപ്പിനെ നവീകരിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് ഘടകങ്ങൾ | വാങ്ങാനുദ്ദേശിക്കുന്ന യന്ത്രത്തിന്റെ പേരും എണ്ണവും |
|---|---|---|
| (1) | (2) | (3) |
| 1 | മണ്ണന്തല ഗവൺമെന്റ് പ്രസ്സ് | ഫുള്ളി ഓട്ടോ പെർഫെക്ട് ബൈൻഡിംഗ് ലൈൻ മെഷീൻ (1 എണ്ണം) |
| 2 | മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, വാഴൂർ ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് | ഗാതറിംഗ് മെഷീൻ (3 എണ്ണം) |
| 3 | ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ | കമ്പ്യൂട്ടർ പ്ലാറ്റ് (CTP) (1 എണ്ണം), |
| 4 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, വാഴൂർ | പെർഫെക്ട് ബൈൻഡിംഗ് മെഷീൻ 8 ക്ലാമ്പ് (1 എണ്ണം). |
| 5 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം സെൻട്രൽ ജയിൽ പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, കൊല്ലം, ഗവൺമെന്റ് പ്രസ്സ്, വാഴൂർ | പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ (5 എണ്ണം). |
| 6 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം സെൻട്രൽ ജയിൽ പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, കൊല്ലം, ഗവൺമെന്റ് പ്രസ്സ് വാഴൂർ, ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ | ഓട്ടോമാറ്റിക് നൈഫ് ഗ്രൈൻറിംഗ് മെഷീൻ (5 എണ്ണം). |
| 7 | ഗവൺമെന്റ് പ്രസ്സ്, കൊല്ലം, ഗവൺമെന്റ് പ്രസ്സ്, വയനാട് | സിംഗിൾ കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ (ആർ.എ.-1) (2 എണ്ണം) |
| 8 | ഗവൺമെന്റ് പ്രസ്സ്, കൊല്ലം, ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ, ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് | വയർസ്റ്റിംച്ചിംഗ് മെഷീൻ (ഹൈഡ്യൂട്ടി) (3 എണ്ണം) |
| 9 | ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, ഗവൺമെന്റ് പ്രസ്സ്, വയനാട് | വയർസ്റ്റിച്ചിംഗ് മെഷീൻ (ലൈറ്റ്ഡ്യൂട്ടി) (2 എണ്ണം) |
| 10 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, വയനാട് | ബോക്സ് സ്ട്രാപ്പിംഗ് മെഷീൻ (3 എണ്ണം) |
| 11 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, ഗവൺമെന്റ് പ്രസ്സ്, എറണാകുളം ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ | കമ്പ്യൂട്ടർ (17 എണ്ണം) |

2. സർക്കാർ പ്രസ്സുകൾക്ക് കെട്ടിടനിർമ്മാണം

(വിഹിതം : ₹ 200.00 ലക്ഷം)

സർക്കാർ സംവിധാനത്തിൽ ഏറ്റവും വലിയ ഫാക്ടറി സ്ഥാപനം നേരിട്ട് നടത്തുന്ന ഒരു വകുപ്പാണ് അച്ചടി. ഈ വകുപ്പിന് കീഴിൽ 11 പ്രസ്സുകളിലായി 2576 ആളുകൾ ജോലി ചെയ്യുന്നതിൽ 1536 പേർ ഫാക്ടറി യന്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരാണ്. ഈ സവിശേഷത മതിയായ സ്ഥലസൗകര്യങ്ങളോടുകൂടിയ സ്വന്തം കെട്ടിടം അനിവാര്യ

മാക്കുന്നു. മുൻവർഷങ്ങളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ബാധ്യത തീർക്കുന്നതിനും താഴെ പറയുന്ന പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് ഘടകങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1 | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | 1. ജില്ലാ ഫോം സ്റ്റോറിന് പുതിയ കെട്ടിട നിർമ്മാണം<br>2. കാർ പാർക്കിംഗ് ഷെഡ് നിർമ്മാണം<br>3. ജിഐ. ഷീറ്റ് ഉപയോഗിക്കുന്ന നാഫ് ഓഫ്സെറ്റ് മെഷീൻ റൂമിന്റെ ഫ്ളോറിംഗ് നവീകരണം<br>4. കിണർ നിർമ്മാണം<br>5. പെയിന്റിംഗ് പ്രവർത്തനങ്ങൾ |
| 2 | ഗവൺമെന്റ് പ്രസ്സ് കോഴിക്കോട് | 1. കിണർ നിർമ്മാണം<br>2. വനിതകളുടെ വിശ്രമറൂമി നോട് ചേർന്ന് ശുചിമുറി നിർമ്മാണം<br>3. ട്രെസ്സ് വർക്ക് |
| 3 | ഗവൺമെന്റ് പ്രസ്സ്, എറണാകുളം | 1. വേസ്റ്റ് പേപ്പർ ഷെഡ് നിർമ്മാണവും അനുബന്ധ റോഡിന്റെ ടാറിംഗും |
| 4 | ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ | 1. ചുറ്റുമതിൽ നിർമ്മാണം പ്രസ്സ് പ്രദേശത്തെ റോഡ് ടാറിംഗ് |
| 5 | ഗവൺമെന്റ് പ്രസ്സ്, കൊല്ലം | 1. പേപ്പർകട്ടിംഗ് വെയ്സ്റ്റ് സ്ലംചിംഗും ഗ്ലൂ നിർമ്മാണവും ഉൾപ്പെടെ ഷെഡ് നിർമ്മാണം |
| 6 | ഗവൺമെന്റ് പ്രസ്സ്, വയനാട് | 1. കെട്ടിടത്തിന് ചോർച്ച സുരക്ഷ പ്രവർത്തനങ്ങൾ<br>2. വെയർഹൗസിംഗ് റൂമിൽ വുഡ്പാനലിന് ഫ്ളോറിംഗ്<br>3. ഡ്രസ്സിംഗ് റൂം, റസ്റ്റ് റൂം നിർമ്മാണം |
| 7 | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, | 1. പ്രസ്സിന്റെ പ്രധാന തവാട ത്തിലെ ഗെയ്റ്റ് നവീകരണം<br>2. വെയ്സ്റ്റ് പേപ്പർ ഷെഡ് നിർമ്മാണം<br>3. പുതിയ ഡയറക്ടറേറ്റ് മന്ദിരത്തിന് മുകളിൽ ട്രസ്സ് വർക്ക് |

## 11.2 പൊതുമരാമത്ത്

11.2 പൊതുമരാമത്ത്

1. പബ്ലിക് ഓഫീസ് കെട്ടിടനിർമ്മാണം

(വിഹിതം: ₹ 5731.00 ലക്ഷം)

കോമൺ പൂളിൽ ഉൾപ്പെടുന്ന വിവിധ സർക്കാർ ഓഫീസുകളായ സംസ്ഥാന നിയമനിർമ്മാണസഭ, ഇലക്ഷൻ, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ്, വിൽപന നികുതി ഓഫീസുകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സെക്രട്ടേറിയറ്റ്, ട്രഷറി, പോലീസ് സ്റ്റേഷനുകൾ, ജയിൽ, അച്ചടിയും സ്റ്റേഷനറിയും, ഫയർഫോഴ്സ്, പൊതുജനാരോഗ്യ വകുപ്പ്, വില്ലേജ് ഓഫീസുകൾ, കോടതി കെട്ടിടങ്ങൾ, പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഓഫീസുകളും മറ്റ് കെട്ടിടങ്ങളും എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനുമായാണ് ഈ പദ്ധതി. നിലവിലുള്ള പണികൾ പൂർത്തിയാക്കാനും പുതിയവ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കാനുമായി 2016-17-ൽ 5731.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പൊതു കെട്ടിടങ്ങൾക്ക് വേണ്ട ഊർജ്ജ സംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമായിരിക്കും.

2. നിയമസഭാസാമാജികർക്കുവേണ്ടി ഫ്ളാറ്റുകളുടെ നിർമ്മാണം

(വിഹിതം: ₹ 1.00 ലക്ഷം)

നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പരിപാടിയുടെ തുടർ നടത്തിപ്പിനായി 2016-17-ൽ 1.00 ലക്ഷം രൂപ, നാമമാത്ര വിഹിതമായി വകയിരുത്തുന്നു. പൊതു കെട്ടിടങ്ങൾക്കുവേണ്ട ഊർജ്ജസംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമായിരിക്കും.

3. നീതിന്യായ കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം) 40% സംസ്ഥാന വിഹിതം)

(വിഹിതം: ₹ 1200.00 ലക്ഷം)

ഈ 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാരുടെ വസതികളുടെയും നിർമ്മാണം തുടർന്നും നടത്തുന്നതാണ്. എറണാകുളം, തൃശ്ശൂർ, തളിപ്പറമ്പ്, തിരൂർ, ചേർത്തല എന്നീ കോടതി സമുച്ചയങ്ങളുടെയും, പയ്യന്നൂർ, മാനന്തവാടി, എന്നിവിടങ്ങളിലെ സബ്കോടതികളുടേയും പറവൂർ, വടക്കാഞ്ചേരി മുൻസിഫ് കോടതികളുടേയും നിർമ്മാണം പുരോഗതിയിലാണ്. കോഴിക്കോട് കോടതിയുടെ ബൈ-സെന്റിനറി സ്മാരക കോടതി സമുച്ചയം, ആറ്റിങ്ങൽ, പാല, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, തിരുവല്ല, ചെങ്ങന്നൂർ, ഏറ്റുമാനൂർ, ഇരിങ്ങാലക്കുട, ഇടുക്കി, പെരുമ്പാവൂർ, സുൽത്താൻ ബത്തേരി, കൽപ്പറ്റ, പയ്യോളി, കൊയിലാണ്ടി എന്നിവിടങ്ങളിലെ കോടതി സമുച്ചയങ്ങളുടെ പണി ഏറ്റെടുക്കുന്നതാണ്.

കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നത് ഉൾപ്പെടെ നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 1200 ലക്ഷം രൂപ 2016-17-ൽ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു. ഇതിൽ 300 ലക്ഷം രൂപ ജഡ്ജിമാർക്ക് വസതികൾ നിർമ്മിക്കുന്നതിനാണ്. പൊതുകെട്ടിടങ്ങൾക്ക് വേണ്ട ഊർജ്ജ സംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമായിരിക്കും.

4. ജെൻഡർ ബഡ്ജറ്റിംഗ്

(വിഹിതം: ₹ 300.00 ലക്ഷം)

പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതി യാണിത്. മിക്ക പബ്ലിക് ഓഫീസുകളിലേയും ടോയ്‌ലെറ്റ് സൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ കുറവ് പരിഹരിക്കുന്ന തിന് ജില്ല, താലൂക്ക്, വില്ലേജ് ആസ്ഥാനങ്ങളിലെ പബ്ലിക് ഓഫീസുകളിൽ സ്ത്രീകൾക്കായി കൂടുതൽ ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പൊതു കെട്ടിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനുവേണ്ടി ഇടുങ്ങിയ വഴികൾ, പടിക്കെട്ടുകൾ മുതലായവ ഒഴിവാക്കേണ്ടതും പ്ലാനുകളും, ഡിസൈനുകളും ഇതിനനുസരണമായാണ് തയ്യാറാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 11.3 സിവിൽ സപ്ലൈസ്

1. അന്നപൂർണ്ണ പദ്ധതി (സംസ്ഥാന വിഹിതം)

(വിഹിതം: ₹ 51.00 ലക്ഷം)

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പാക്കുന്ന "ദേശീയ സാമൂഹ്യ സഹായ പരിപാടിയുടെ (എൻ. എസ്. എ. പി.) " ഒരു പ്രോജക്ട് ഘടകമാണ് അന്നപൂർണ്ണ പദ്ധതി. ദേശീയ വയോജന പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിട്ടും പലവിധ കാരണങ്ങളാൽ അത് ലഭിക്കാത്ത 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്കും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയാണ് 'അന്നപൂർണ്ണ' യുടെ ലക്ഷ്യം. പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. 2016-17 വർഷത്തേക്ക് കണക്കാക്കിയിരിക്കുന്ന പ്രതീക്ഷിത പദ്ധതിചിലവ് 254 ലക്ഷം രൂപയാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ, കടത്ത് കൂലി, കൈകാര്യചെലവ് എന്നിവ വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ 51 ലക്ഷം രൂപ വകയിരുത്തേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. 51 ലക്ഷം രൂപയ്ക്ക് ഉപരിയായി വരുന്ന അധിക ചെലവ് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 51 ലക്ഷം രൂപ വകയിരുത്തുന്നു.

2. പൊതുവിതരണ സമ്പ്രദായത്തിന്റെ ആധുനികവൽക്കരണം

(വിഹിതം: ₹ 1000.00 ലക്ഷം)

സംസ്ഥാന ആസൂത്രണ ബോർഡ് അന്തിമമാക്കിയ "12-ാം പഞ്ചവത്സര പദ്ധതി-സമീപനരേഖയിൽ" വിഭാവനം ചെയ്തിട്ടുള്ളതുപോലെ സുതാര്യവും കാര്യക്ഷമവും അഴിമതി കുറഞ്ഞതും പൊതുജനങ്ങളോട് ഉത്തരവാദപ്പെട്ടതുമായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് വേണ്ട ആധുനികവൽക്കരണ നടപടികൾ സിവിൽ സപ്ലൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടിയിൽ താഴെ പറയുന്ന നാല് പ്രധാന പ്രവർത്തനങ്ങളെ ഉള്ളത്.

(i) റേഷൻകാർഡും ഗുണഭോക്താവിനെ സംബന്ധിക്കുന്ന മറ്റ് വിരങ്ങളും ഡിജിറ്റൈസ് ചെയ്യുക.

(ii) സപ്ലൈ-ചെയിൻ മാനേജ്മെന്റിന്റെ കമ്പ്യൂട്ടർ വൽക്കരണം.

(iii) ട്രാൻസ്പരൻസി പോർട്ടൽ സ്ഥാപിക്കുക.

(iv) പരാതി പരിഹാര സംവിധാനം.

ഈ പരിപാടിയുടെ പൈലറ്റ് ഘട്ടം ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ 6 റേഷൻ കടകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ഡിസൈനും നടത്തിപ്പ് രീതിയും പ്രാമാണീകരിച്ച് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. ഈ പരിപാടിക്കായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തുന്നു.

3. പൊതുവിതരണ സമ്പ്രദായത്തിൽ പരിശീലനം

(വിഹിതം: ₹ 15.00 ലക്ഷം )

സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക്; വിശിഷ്യാ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും സൂപ്പർവൈസറി കേഡറിലുള്ളവർക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ, ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ മുതലായ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകുന്നതിനുദ്ദേശിച്ചുള്ള പദ്ധതി യാണിത്. 2016-17-ൽ ചുവടെ ചേർത്തിരിക്കുന്ന പരിശീലന പരിപാടികൾ നടപ്പാക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

(i) 120 റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് 'ഭക്ഷ്യധാന്യ ങ്ങളുടെ ഗുണമേന്മാ പരിശോധന' എന്ന വിഷയത്തിൽ കോന്നിയിലെ ഭക്ഷ്യഗവേഷണ വികസന കൺസിലിൽ വച്ച് രണ്ടു ദിവസത്തെ പരിശീലനം.

(ii) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട്, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, സാമ്പിൾ ശേഖരിക്കൽ, വിജിലൻസ് നടപടിക്രമങ്ങൾ, മണ്ണെണ്ണ, എൽ.പി.ജി-പഞ്ചസാര നിയന്ത്രണ ഉത്തരവുകൾ, അഴിമതി തടയൽ, വ്യക്തിത്വ വികസനം മുതലായ വിഷയങ്ങളിൽ 80 ജീവനക്കാർക്ക് (സീനിയർ ക്ലാർക്കുമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ) ഭക്ഷ്യഗവേഷണ വികസന കൗൺസിലിൽ വച്ച് 4 ദിവസത്തെ പരീശീലനം.

(iii) 60 താലൂക്ക് സപ്ലൈ ഓഫീസർമാർക്ക്/സിറ്റി റേഷനിംഗ് ഓഫീസർമാർക്ക് ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മാ പരിശോധനയെക്കുറിച്ച് രണ്ട് ദിവസത്തെ പരിശീലനം.

4. ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ (സി.എഫ്.ആർ.ഡി.)

(വിഹിതം: ₹ 600.00 ലക്ഷം)

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കു ന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻതക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ രൂപീകരിക്കുകയും ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ ചേർത്തി രിക്കുന്ന ഭക്ഷ്യ സംസ്ക്കരണ-മൂല്യ വർദ്ധന പ്രവർത്തനങ്ങൾക്ക് വേണ്ട പ്രധാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനാണ് 2016-17-ൽ ഉദ്ദേശിക്കുന്നത്.

(i) ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് (സെൽഫ് ഫിനാൻസിസ് സ്കൂൾ—(₹ 200.00 ലക്ഷം)

നിർദ്ദിഷ്ട ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്ക്കൂളിനാവശ്യമായ അക്കാദമിക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഫുഡ്മാനേജ്മെന്റ് സ്കൂൾ ആരംഭിക്കുന്നതിനുമുൻപായി സി.എഫ്.ആർ.ഡി., എ.ഐ.സി.റ്റി.ഇ.-യുടെ അഫിലിയേഷൻ ഉറപ്പാക്കേണ്ടതാണ്.

(ii) ഔഷധ പരിശോധനാ ലബോറട്ടറി സ്ഥാപിക്കൽ—(₹ 47.00 ലക്ഷം)

ഭക്ഷ്യഗുണനിലവാര നിരീക്ഷണ ലബോറട്ടറിക്ക് കീഴിൽ ഒരു ഔഷധ പരിശോധനാ ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടേക്ക് മുഴുവൻ ഉപകരണങ്ങൾക്കുമുള്ള യു.പി.എസ്. സംവിധാനം, 40 കി. വാട്ട് ആംപിയർ ജനറേറ്റർ, കെമിക്കൽ ഗ്ലാസ്സ് ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനായി 47 ലക്ഷം രൂപ വകയിരുത്തുന്നു.

(iii) എറണാകുളത്ത് ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കൽ—(₹ 208 ലക്ഷം)

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കുന്നതിനുവേണ്ടി, എറണാകുളത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും പൂർത്തീകരണത്തിനായി 208 ലക്ഷം രൂപ വകയിരുത്തുന്നു.

(iv) ഭക്ഷ്യപാർക്ക്—(₹ 100 ലക്ഷം)

മൂല്യവർദ്ധിതഭക്ഷ്യ വസ്തുക്കളുടെ 25 ഉൽപ്പാദന യൂണിറ്റുകളാണ് ഭക്ഷ്യ പാർക്കിൽ ഉള്ളത്. ഭക്ഷ്യപാർക്കിന്റെ ചുറ്റുവേലി പൂർത്തീകരിക്കുന്നതിനും റോഡും മറ്റ് ഭൂമി വികസന പ്രവർത്തനങ്ങൾക്കുമായി 100.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(v) പരിശീലന പരിപാടികൾ—(₹ 45.00 ലക്ഷം)

അടിസ്ഥാന ഭോജ്യ ശുചിത്വം നല്ല നിർമ്മാണ സമ്പ്രദായം, മൂല്യ വർദ്ധനം സംരംഭകർക്ക് ഉപയോഗപ്രദമായ ഭക്ഷ്യ സുരക്ഷ മതലായവയിൽ പരിശീലനം നൽകുന്നതിനായി 45 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

# പുതിയ പദ്ധതി

## XII. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി ധനസഹായം

### 12.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതിധന സഹായം

(വിഹിതം : 50000.00 ലക്ഷം രൂപ)

സംസ്ഥാനത്തിന്റെ പൊതു താൽപര്യത്തിനുതകുന്നതും, എന്നാൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ലാത്തതുമായ മേഖലകളിൽ, പ്രധാനമായും മാലിന്യ സംസ്കരണവും ജൈവവളനിർമ്മാണവും, തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം, മഴവെള്ള/മലിനജല നിർഗ്ഗമന സംവിധാനങ്ങൾ, ആധുനിക അറവുശാലകളുടെ നിർമ്മാണം, ശ്മാശാനം/ക്രിമിറ്റോറിയം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, വ്യവസായ പാർക്കുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യവികസനം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തൽ, വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങളുടെ സാക്ഷ്യപത്രം നൽകൽ, പൊതുശൗചാലയങ്ങളുടെയും വഴിയോര സൗകര്യങ്ങൾ/വിശ്രമകേന്ദ്രങ്ങളുടേയും നിർമ്മാണം എന്നിവയ്ക്ക് സാധാരണ വികസന ഫണ്ടിന് പുറമെ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് മാതൃകയിൽ അധിക വിഹിതം നൽകി തദ്ദേശഭരണസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും 70:30 എന്ന അനുപാതത്തിലായിരിക്കും പദ്ധതി ചെലവ് വഹിക്കുക. ജില്ലാപഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാധിഷ്ഠിതമായി മാത്രം ഈ ഫണ്ടിൽ നിന്ന് തുക വകയിരുത്തുകയും ഇവയുടെ പ്രവർത്തനങ്ങളെ പ്രത്യേക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയതിനുശേഷം തുക അനുവദിക്കുന്നതുമായിരിക്കും. പദ്ധതി തുകയുടെ 50 ശതമാനം ഖര/ദ്രവ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾക്ക് മാത്രമായി നീക്കിവെച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഫണ്ട് കൈകാര്യം ചെയ്യുക. സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും രൂപീകരിക്കുന്ന ഒരു ഉന്നതതല കമ്മിറ്റി പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും നൽകുന്നതായിരിക്കും. വിശദമായ മാർഗ്ഗരേഖയും മാതൃകാ പ്രോജക്ടുകളുടെ പട്ടികയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. താൽപര്യമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ക്ഷമതയുള്ള പ്രോജക്ടുകൾ ഈ പട്ടികയിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

2016-17-ലെ വാർഷിക ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായ 50000 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 25000 ലക്ഷം രൂപ ഖര/ദ്രവ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾക്കും 25000 ലക്ഷം രൂപ മറ്റ് പ്രവർത്തനങ്ങൾക്കുമാണ്.

### 12.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

(വിഹിതം : 500000.00 ലക്ഷം രൂപ)

പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 500000.00 ലക്ഷം രൂപ 2016-17 വർഷത്തിലേക്ക് വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ 2016-17ലെ ബഡ്ജറ്റ് അനുബന്ധം IV-ൽ ചേർത്തിരിക്കുന്നു.

# അനുബന്ധം ബി

നൂറുശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

## I. കൃഷിയും അനുബന്ധ മേഖലകളും

### 1.1 കൃഷി

### വിളപരിപാലനം

1. സംയോജിത പദ്ധതി-കൃഷി ഉന്നതി യോജനയുൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ (60% കേന്ദ്രവിഹിതം) (പുതിയത്)

(വിഹിതം : 21300.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനസംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപപദ്ധതികൾക്ക് രൂപം നൽകുന്നതിനും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്ര ബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പുതിയ സംയോജിത പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള പുതിയ സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാനവിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം.), ഹോൾട്ടികൾച്ചർ വികസനത്തിനായുള്ള സംയോജിതമിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി (എൻ.എം.എസ്.എ), എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം.ഒ.ഒ.പി.), കാർഷിക വിജ്ഞാപന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ. വി. വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി. കെ. വി. വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം. കെ.എസ്.വൈ), കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്യറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2016-17 വർഷം ഈ പദ്ധതിയുടെ പ്രതീക്ഷിത കേന്ദ്ര സഹായമായി 21,300 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 3,000 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുള്ള പദ്ധതിയുടെ ഉപ പദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്. എം. എ.ഇ) നീക്കിവെച്ചിരിക്കുന്നു. ഇതിനു പുറമെ 2016-17-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുക യാണെങ്കിൽ അവയ്ക്കുള്ള വിഹിതവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. ആർ. കെ. വി. വൈയിൻ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം, പച്ചക്കറി വികസനം ജൈവ കൃഷി പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്. ഈ സംയോജിത പദ്ധതിയുടെ സംസ്ഥാന വിഹിതം വിളപരിപാലനം എന്ന ഉപമേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

6. ദേശീയ ബയോഗ്യാസ് വികസന പരിപാടി

(വിഹിതം : 385.00 ലക്ഷം രൂപ)

ഈ പദ്ധതി പ്രകാരം സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിട്ടറി ടോയ്‌ലറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും ഗുണഭോക്താവിനും മറ്റ് ടേൺകീ ഏജന്റ് മാർക്കും സാമ്പത്തിക സഹായവും ലക്ഷ്യമിട്ടിരിക്കുന്നു. ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 8,000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10,000 രൂപയുമാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ചെലവ്, പരിശീലന ചെലവ്, മറ്റ് പ്രവർത്തന ചെലവുകൾക്കും നടത്തിപ്പിനുമായി വിഹിതം വകകൊള്ളിച്ചിരിക്കുന്നു. വകയിരുത്തിയ വിഹിതം നൂറുശതമാനം കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

### 1.3 മൃഗ സംരക്ഷണം

1. രാഷ്ട്രീയ പശുധൻ വികാസ് യോജന ((60% കേന്ദ്രവിഹിതം)

(വിഹിതം : 1,050.00 ലക്ഷം രൂപ)

ഇന്ത്യാ ഗവൺമെന്റ് രാഷ്ട്രീയ പശുധൻ വികാസ് യോജന എന്ന പുതിയ പദ്ധതി 2015-16-ൽ ആരംഭിക്കുക യുണ്ടായി. ദേശീയ കന്നുകാലി പരിപാലന പരിപാടി, ദേശീയ മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടിയും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ തുകയുടെ 60 ശതമാനം ഇൻഡ്യാ ഗവൺമെന്റും 40 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നതാണ്. ഇതിന്റെ കേന്ദ്ര വിഹിതമായി 1,050 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കന്നുകാലി സെൻസസ് (100 % കേന്ദ്രാവിഷ്കൃതം)

(വിഹിതം : 51.00 ലക്ഷം രൂപ)

കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ആരംഭിച്ച പത്തൊൻപതാമത് കന്നുകാലി സെൻസസിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 2016-17-ൽ 51 ലക്ഷം രൂപ വക യിരുത്തിയിട്ടുണ്ട്. എന്യൂമറേഷൻ ചാർജ്ജ്, പ്രിന്റിംഗ്, കണ്ടിജന്റ് ചിലവ്, ഹോണറേറിയം. സൂപ്പർവിഷൻ ചാർജ്, ട്രെയിനിംഗ്, ബ്രീഡ് സർവ്വെ മുതലായവയ്ക്ക് തുക വിനിയോഗി ക്കാവുന്നതാണ്.

### 1.4 ക്ഷീര വികസനം

1. രാഷ്ട്രീയ പശുധൻ വികാസ് യോജന (കേന്ദ്ര വിഹിതം 60%

(വിഹിതം : 950.00 ലക്ഷം രൂപ)

ഇന്ത്യാഗവൺമെന്റ് രാഷ്ട്രീയ പശുധൻ വികാസ് യോജന എന്ന പുതിയ പദ്ധതി 2015-16-ൽ ആരംഭിക്കുകയുണ്ടായി. ഡയറി വികസനത്തിനുള്ള ദേശീയ പദ്ധതിയാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ തുകയുടെ 60 ശതമാനം ഇൻഡ്യാ ഗവൺമെന്റും 40 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നതാണ്. ഇതിന്റെ കേന്ദ്രവിഹിതമായി 950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 1.5 മത്സ്യ വികസനം

ഫിഷറീസ് മേഖലയിലെ അടിസ്ഥാന വിവര ശേഖരണവും ഭൗമ വിവര സാങ്കേതിക സംവിധാനം ശക്തിപ്പെടുത്തലും (100 ശതമാനം സി.എസ്സ്.എസ്സ്.)

(വിഹിതം : 48.00 ലക്ഷം രൂപ)

സി.ഐ.എഫ്.ആർ.ഐ./സി.എം.എഫ്.ആർ.ഐ. നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾസ് പ്രകാരം ഉൾനാടൻ/ ആഴക്കടൽ മത്സ്യബന്ധന വിവര ശേഖരണം നടത്തുക എന്നതാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത വിവര ശേഖരണത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, താൽക്കാലിക എന്യൂമറേറ്റർമാരുടെ ഓണറേറിയം എന്നിവ ഇതിനായി നീക്കിവച്ചിട്ടുള്ള വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ഈ പദ്ധതി 2016-17-ൽ നടപ്പാക്കുന്നതിന് കേന്ദ്രവിഹിതമായി 48 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 1.6 വനവും വന്യജീവി സംരക്ഷണവും

1. നീലഗിരി ബയോസ്ഫിയർ റിസർവ്വ്

(വിഹിതം : 250.00 ലക്ഷം രൂപ)

വനസംരക്ഷണം, പരിസ്ഥിതി വികസനം, കാട്ടുതീയിൽ നിന്നും സംരക്ഷണം, സങ്കേതങ്ങളുടെ വികസനം, കാലിമേച്ചിലും നിയമവിരുദ്ധമായ മരം മുറിക്കലും വനസമ്പത്ത് മോഷണവും തടയൽ, പ്രകൃതിയെക്കുറിച്ച് അവബോധ പരിപാടികൾ സംഘടിപ്പിക്കൽ, ഗവേഷണം, ഡാറ്റാബാങ്ക്, ഹൈഡ്രോളജി, വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള സാമൂഹിക സേവന പരിപാടികൾ ഉൾപ്പെടെയുള്ളവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. 2016-17-ൽ ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് വിഹിതം വകയിരുത്തിയിരിക്കുന്നു.

2. പ്രോജക്ട് എലിഫന്റ്

(വിഹിതം : 400.00 ലക്ഷം രൂപ)

ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ, പൊതുജന സഹായം ലഭ്യമാക്കൽ, മനുഷ്യമൃഗ സംഘർഷം ഒഴിവാക്കൽ, വിളകൾക്കും മനുഷ്യർക്കും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രതീക്ഷിത കേന്ദ്ര വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

3. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്

(വിഹിതം : 300.00 ലക്ഷം രൂപ)

അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് തുക വകകൊള്ളിച്ചിരിക്കുന്നു. പരിസ്ഥിതി വികസനം, വനസംരക്ഷണം, പശ്ചാത്തല വികസനം, വിദ്യാഭ്യാസം, പരിശീലനം, അവബോധ ക്യാമ്പുകൾ, സങ്കേതം മെച്ചപ്പെടുത്തൽ, മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ ലഘൂകരിക്കുന്നതിനുള്ള പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു. പ്രസ്തുത പരിപാടികൾ 2016-17-ൽ നടപ്പിലാക്കുന്നതിനാണ് വിഹിതം വകയിരുത്തിയിട്ടുള്ളത്.

4. തണ്ണീർത്തട സംരക്ഷണം

(വിഹിതം : 100.00 ലക്ഷം രൂപ)

കണ്ടൽ വനങ്ങൾ വെച്ചുപിടിപ്പിക്കുക, സംരക്ഷണ പരിപാടിക്കാവശ്യമായ സാധന സാമഗ്രികൾ, വിപുലീകരണവും ബോധവൽക്കരണവും നടത്തുക, ചപ്പുചവറുകൾ നീക്കം ചെയ്യൽ, ശുചീകരണ പ്രക്രിയകൾ, കുടുംബ ആരോഗ്യ സംരക്ഷണ പരിപാടികൾ, അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, മലിനീകരണ നിവാരണം, ആവാസ വികസനം തുടങ്ങിയ പരിപാടികൾ ഈ പദ്ധതിപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കണ്ടൽവനങ്ങളുടെ സുരക്ഷയും സംരക്ഷണ പരിപാടികളും നടപ്പിലാക്കുന്ന പദ്ധതിയുടെ കേന്ദ്ര വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

5. വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി

(വിഹിതം : 1000.00 ലക്ഷം രൂപ)

വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഏകദേശം 110 കോളനികളിലായി 10,000-ൽ പരം ജനങ്ങൾ വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ അധിവസിക്കുന്നുണ്ട്. എന്നാൽ വന്യമൃഗങ്ങളുടെ കടുത്ത ആക്രമണവും വളരെ മോശമായ അടിസ്ഥാന സൗകര്യങ്ങളുംമൂലം ഇവർ സ്വമേധയാ മാറി താമസിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിനായി സംസ്ഥാന വനം വകുപ്പ് സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയം അംഗീകരിക്കുകയും ഇതുവരെ 1334 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. ഈ പദ്ധതി 2016-17-ലും തുടർന്ന് നടപ്പാക്കുന്നതിന് പ്രതീക്ഷിത കേന്ദ്ര വിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

### 60 ശതമാനം കേന്ദ്ര സഹായ പദ്ധതികൾ

1. വനം, വന്യജീവി സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവയ്ക്കുള്ള കേന്ദ്ര സഹായപദ്ധതികൾ

(വിഹിതം : 4800.00 ലക്ഷം രൂപ)

നാഷണൽ ഡവലപ്പ്മെന്റ് അജണ്ടയുടെ ഭാഗമായുള്ള താഴെ പറയുന്ന പദ്ധതികളെ പ്രധാന പദ്ധതികളായി കണക്കാക്കിയിരിക്കുന്നു. 60:40 അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതികൾക്ക് തുക അനുവദിക്കുന്നത്. വന്യജീവികളുടെ സംയോജിത വികസനം, പ്രൊജക്ട് ടൈഗർ, ദേശീയ വനവത്ക്കരണ പരിപാടി (നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ) മുതലായവയാണ് 'കോർ പദ്ധതികൾ'.

(A) വന്യജീവികളുടെ സംയോജിത വികസനം (60 ശതമാനം കേന്ദ്രസഹായ പദ്ധതികൾ)

15. വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, 5 ദേശീയ പാർക്കുകൾ, ഒരു കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയ്ക്കാണ് ഇതിൽ ധന സഹായം ലഭിക്കുന്നത്.

(i) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം (എണ്ണം 15)

(വിഹിതം 1560.00 ലക്ഷം രൂപ)

സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 15 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനത്തിനുള്ള 60 ശതമാനം തുക കേന്ദ്ര വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വന്യജീവി സംരക്ഷണ കേന്ദ്രം | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രം | 165.00 |
| 2. | വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം | 225.00 |
| 3. | ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം | 135.00 |
| 4. | പീച്ചികേന്ദ്രം സംരക്ഷണ വന്യജീവി, വാഴാനി | 97.50 |
| 5. | പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം | 82.50 |
| 6. | ഷെന്തുരുണി വന്യജീവി സംരക്ഷണ കേന്ദ്രം | 82.5 |
| 7. | ചിമ്മിണി വന്യജീവി സംരക്ഷണ കേന്ദ്രം | 82.5 |
| 8. | ആറളം വന്യജീവി സംരക്ഷണ കേന്ദ്രം | 142.50 |
| 9. | ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം | 127.50 |
| 10. | തട്ടേക്കാട് പക്ഷിസങ്കേതം | 105.00 |
| 11. | മംഗളവനം പക്ഷിസങ്കേതം | 52.50 |
| 12. | കുറിഞ്ഞിമല സങ്കേതം | 45.00 |
| 13. | ചൂളന്നൂർ മയിൽ സങ്കേതം | 52.50 |
| 14. | മലബാർ വന്യമൃഗ സംരക്ഷണകേന്ദ്രം | 60.00 |
| 15. | കൊട്ടിയൂർ വന്യജീവി സംരക്ഷണ കേന്ദ്രം | 105.00 |
| | **ആകെ** | **1560** |

(ii) ദേശീയ പാർക്കുകളുടെ പരിപാലനം (എണ്ണം 5)

(വിഹിതം 775.50 ലക്ഷം രൂപ)

ചുവടെ ചേർത്തിട്ടുള്ള 5 ദേശീയ പാർക്കുകളുടെ പരിപാലനത്തിനുള്ള തുകയായ 775.50 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | ഇരവികുളം ദേശീയ പാർക്ക് | 210.00 |
| 2. | സൈലന്റ് വാലി ദേശീയ പാർക്ക് | 300.00 |
| 3. | ആനമുടി ദേശീയ പാർക്ക് | 90.00 |
| 4. | മതികെട്ടാൻമല ദേശീയ പാർക്ക് | 85.50 |
| 5. | പാമ്പാടും ചോല ദേശീയ പാർക്ക് | 90.00 |
| | **ആകെ** | **775.50** |

(iii) കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ്

60 ശതമാനം കേന്ദ്ര വിഹിതമായി 22.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് | 22.50 |
| | **ആകെ** | **22.50** |

B. പ്രോജക്ട് ടൈഗർ (60 ശതമാനം കേന്ദ്ര സഹായ പദ്ധതികൾ)

(വിഹിതം 975.00 ലക്ഷം രൂപ)

2 ടൈഗർ റിസർവ്വുകൾക്ക് ഈ പദ്ധതിയിലൂടെ ധന സഹായം ലഭ്യമാകുന്നു. 60 ശതമാനം കേന്ദ്രവിഹിതമായി തുക വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ദേശീയ പാർക്കുകൾ | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | പെരിയാർ ടാഗർ റിസർവ്വ് | 600.00 |
| 2. | പറമ്പിക്കുളം ടൈഗർ റിസർവ്വ് | 375.00 |
| | **ആകെ** | **975.00** |

കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, കാനനപാതകളുടെ നിർമ്മാണവും പരിപാലനവും, അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ്, ക്വാർട്ടേഴ്സ്, വിശ്രമകേന്ദ്രങ്ങൾ, ഡോർമെട്രികൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ വനസംരക്ഷണ ത്തിനും പരിപാലനത്തിനുമുള്ള വാഹനങ്ങൾ, വൈദ്യുത വേലികളുടെ നിർമ്മാണം, കരിങ്കൽ ഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്ന തിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ജൈവ വൈവിദ്ധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പരിശീലനങ്ങളും, വനത്തിനുള്ളിലെ ചതുപ്പ് വയലുകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, ഉപദ്രവകാരികളായ കളകളുടെ നിർമ്മാർജ്ജനം, പ്രകൃതി ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘു ലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികളായ നല്ലയിനം കന്നുകാലികളെ നൽകൽ, തൊഴിൽ പരിശീലനങ്ങൾ, സൗരോർജ്ജ വിളക്കുകൾ നൽകൽ മുതലായ പ്രധാന പ്രവർത്തനങ്ങളാണ് മേൽ പരാമർശിച്ചിട്ടുള്ള പരിപാടികളിൽ വിഭാവനം ചെയ്തിരിക്കുന്നത്.

C. ദേശീയ വനവൽക്കരണ പരിപാടി (നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ)

(വിഹിതം 1467.00 ലക്ഷം രൂപ)

ദേശീയ വനവൽക്കരണ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും.
2. വനവും മരങ്ങളും സംരക്ഷിക്കുക വഴി വനവിസ്തൃതി വർദ്ധിപ്പിക്കൽ.
3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ.

ദേശീയ വനവൽക്കരണ പരിപാടിയിൻ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ.
2. ആർട്ടിഫിഷ്യൽ റീജനറേഷൻ (ആർ.എ.)
3. പുൽമേടുകൾ വികസിപ്പിക്കൽ.
4. ചൂരൽ കാടുകളുടേയും, മുളങ്കാടുകളുടേയും പുനരുജ്ജീവനം.
5. പാസ്ച്ചർ ഡവലപ്പ്മെന്റ് (പി. ഡി.)
6. തടിയിതര മൂല്യമുള്ളതും ഔഷധ ഗുണമുള്ളതും ആയ വൃക്ഷങ്ങൾ നട്ടു വളർത്തൽ.
7. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷ സസ്യങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും പുനരുജ്ജീവനം.

കാലാവസ്ഥ വ്യതിയാനംമൂലം വനമേഖല നേരിടുന്ന പ്രശ്നങ്ങളാണ് ഗ്രീൻ ഇൻഡ്യ മിഷൻ പ്രധാനമായും അഭിമുഖീകരിക്കുന്നത്. ഈ പദ്ധതിയിൽ താഴെ പറയുന്ന വിഷയങ്ങളാണ് പ്രധാനമായും വിഭാവനം ചെയ്യുന്നത്. (1) നിബിഢ വനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക. (2) വനവിസ്തൃതി വർദ്ധിപ്പിക്കുക (3) നഗരപ്രദേശങ്ങളിലെ വനവിസ്തൃതി വർദ്ധിപ്പിക്കുക (4) അഗ്രോഫോറസ്റ്ററിയും ഫാം ഫോറസ്റ്ററിയും (5) ചതുപ്പ് പ്രദേശങ്ങൾ പുനരുദ്ധരിക്കുക (6) ഇതര ഊർജ്ജ സ്രോതസ്സുകളെ പ്രചരിപ്പിക്കുക. 60 ശതമാനം കേന്ദ്ര വിഹിതമായി 1467 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

# II. ഗ്രാമ വികസനം

## 2.1 ഗ്രാമ വികസന പരിപാടികൾ

1. എല്ലാവർക്കും വീട് (ഗ്രാമീൺ)-ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) (60% കേന്ദ്ര വിഹിതം)

(വിഹിതം: 14196.00 ലക്ഷം രൂപ)

എല്ലാവർക്കും വീട് (ഗ്രാമീൺ)- ഇന്ദിര ആവാസ് യോജന ഗ്രാമ വികസന മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഗ്രാമപ്രദേശങ്ങളിലെ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, അടിമ തൊഴിലിൽ നിന്ന് മോചിതരാക്കപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത മറ്റ് പാവപ്പെട്ടവർ എന്നിവർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം സാധാരണ സ്ഥലങ്ങളിൽ 70000 രൂപയും എത്തിപ്പെടുവാൻ പ്രയാസമേറിയ മലയോര പ്രദേശങ്ങളിൽ ഇത് 75000 രൂപയും ആണ്. നിലവിലുള്ള മോശപ്പെട്ട വീടുകളുടെ നിലവാരം മെച്ചപ്പെടുത്തി വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിന് 15000 രൂപ വീതം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് സ്വച്ഛ് ഭാരത് മിഷനിൽ (ഗ്രാമീൺ) ഉൾപ്പെടുത്തി ശുചിത്വ കക്കൂസുകൾ നിർമ്മിക്കേണ്ടതാണ്. 2015-16 മുതൽ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതി വിഹിതം വകയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് ചുരുങ്ങിയത് 2 സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 20 ചതുരശ്ര മീറ്ററിൽ കുറവ് ആകാൻ പാടില്ല. എന്നാൽ പ്ലാനും ഡിസൈനും നിർബന്ധമല്ല. ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

കേന്ദ സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2016-17-ൽ ഈ പദ്ധതിയിലൂടെ ഏകദേശം 30600 പുതിയ വീടുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു.

**വനിതാ ഘടകം**

ഐ.എ.വൈ. യുടെ മാർഗ്ഗരേഖ അനുസരിച്ച് വനിതാ ഗുണഭോക്താവിന്റെ പേരിലാണ് വീട് അനുവദിക്കേണ്ടത്. അതിന് സാധിക്കാതെ വന്നാൽ ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായി അനുവദിക്കാം. 2016-17-ൽ 12240 വീടുകൾ വനിതകൾക്ക് അനുവദിക്കാൻ കഴിയുമെന്ന് കണക്കാക്കുന്നു. ആകെ വീടുകളുടെ 3% (918 എണ്ണം) വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

2016-17-ൽ ഈ പദ്ധതിയ്ക്ക് 14196.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90 % കേന്ദ്ര വിഹിതം)

(വിഹിതം: 219720.00 ലക്ഷം രൂപ)

ഇന്ത്യാ ഗവൺമെന്റിന്റെ ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 90:10 എന്ന അനുപാതത്തിൽ വിഹിതം വകയിരുത്തിയിരിക്കുന്നു. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയുടെ 100 ശതമാനവും മെറ്റീരിയൽ ഘടകത്തിന്റെ 75 ശതമാനവും ഭരണചെലവിന്റെ 100 ശതമാനവും ഭാരത സർക്കാരും മെറ്റീരിയൽ വിലയുടെ 25 ശതമാനം സംസ്ഥാന സർക്കാരും കണ്ടെത്തുന്നു. 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര വിഹിതം ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഈ നിയമപ്രകാരം അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർ അവരുടെ പേര് അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ കുറഞ്ഞ കാർഷിക വേതന നിരക്കിൽ സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പാക്കൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളിലൊന്നാണ്.

**ലക്ഷ്യം**

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

(എ) അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവും താൽപ്പര്യവുമുള്ള ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ഉറപ്പ് നൽകുന്നതിലൂടെ ഗുണനിലവാരവും ഈടുമുള്ള ഉല്പാദന പരമായ ആസ്തി സൃഷ്ടിക്കൽ

(ബി) പാവപ്പെട്ടവരുടെ ഉപജീവന മാർഗ്ഗങ്ങളെ ശക്തിപ്പെടുത്തുക

(സി) സാമൂഹിക അംഗീകാരം ഉറപ്പുവരുത്തുക

(ഡി) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

**2016-17-ലെ ഭൗതിക ലക്ഷ്യം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പരിപാടിയുടെ മാർഗ്ഗരേഖയ്ക്കുവിധേയമായി ആവശ്യാനുസൃതം കേന്ദ്ര വിഹിതം അനുവദിക്കുന്ന ഈ പരിപാടിയുടെ 2016-17 സാമ്പത്തിക വർഷത്തെ ഭൗതികലക്ഷ്യം കൃത്യമായും

കണക്കാക്കാനാവില്ല. എന്നാൽ ഏകദേശം 500 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലൂടെ 8.33 ലക്ഷം കുടുംബങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വനിതാ ഘടകം**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1/3 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തതും തൊഴിലിന് അപേക്ഷിച്ചതുമായ വനിതകളായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. കേരളത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 90 ശതമാനത്തിൽ അധികം പേരും വനിതകളാണെന്ന് പ്രതീക്ഷിക്കുന്നു.

2016-17-ൽ ഈ പദ്ധതിക്കായി 219720.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

3. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) (60% കേന്ദ്ര വിഹിതം)

(വിഹിതം: 6000.00 ലക്ഷം രൂപ)

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന-ഡി.ഡി.യു.ജി.കെ.വൈ. (ആജീവിക നൈപുണ്യ വികസന പദ്ധതി), ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവുകൾ(ഡി. ആർ. ഡി. എ.)എന്നിവയാണ് എൻ. ആർ. എൽ. എം. -ന്റെ ഘടകങ്ങൾ. ഘടകങ്ങൾ താഴെ പറയുന്നു.

**(എ) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.)**

സ്വയംതൊഴിൽ കണ്ടെത്തലിലൂടെയോ കൂലിവേലയിലൂടെയോ ഗ്രാമങ്ങളിലെ സ്വയംസഹായ ഗ്രൂപ്പുകൾ മുഖേന പാവപ്പെട്ടവരുടെ വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന എന്ന പദ്ധതി പുനർനാമകരണം ചെയ്ത് ഒരു മിഷൻ മോഡിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.). മുൻകാലങ്ങളിൽ നടപ്പിലാക്കിയതും ഇപ്പോൾ പ്രവർത്തനത്തിൽ ഇല്ലാത്തതുമായ തൊഴിൽ ഉറപ്പ് പദ്ധതികളായ ഐ.ആർ.ഡി.പി., ട്രൈസം, ഡി.ഡബ്ലിയു.സി.ആർ.എ., എസ്.ഐ.റ്റി.ആർ.എ., ജി.കെ.വൈ., എം.ഡബ്ലിയു.എസ്., എസ്.ജി.എസ്.വൈ. എന്നീ പദ്ധതികൾക്ക് പകരം ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതിയുടെ നോഡൽ ഏജൻസി ഇപ്പോൾ കുടുംബശ്രീ മിഷനാണ്.

പാവപ്പെട്ട ഗ്രാമീണരെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് അവരുടെ ശേഷി വർദ്ധിപ്പിക്കുകയും പ്രവർത്തന ഗ്രൂപ്പുകളുണ്ടാക്കി സൂക്ഷമ സംരംഭങ്ങൾ ഏർപ്പെടുത്തുകയുമാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുക, സാങ്കേതിക വിദ്യ കൈമാറുക, വായ്പ ലഭ്യമാക്കുക, വിപണന സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയ്ക്ക് സഹായവും നൽകുന്നതാണ്. നെറ്റ് വർക്ക് സംവിധാനത്തിന്റെ കാര്യശേഷി ഉണ്ടാക്കുക, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുക, വിപണന സംവിധാനത്തിന് സഹായം, മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ട സമുദായത്തെ സമൂഹത്തിന്റെ ഭാഗമാക്കുക, ഉപജീവന മാർഗ്ഗത്തിനുവേണ്ട സഹായം നൽകുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ഘടകങ്ങൾ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യഥാക്രമം 60:40 എന്ന അനുപാതത്തിൽ ഇതിന്റെ ഫണ്ട് വിനിയോഗിക്കുന്നു.

**ഊന്നൽ നൽകുന്ന മേഖലകൾ**

- സാമൂഹ്യ അംഗീകാരം
- സാമ്പത്തിക അംഗീകാരം
- ഉപജീവനമാർഗ്ഗത്തിന്റെ വളർച്ച
- സംഘകൃഷി
- സൂക്ഷ്മ സംരംഭങ്ങളുടെ ഉൽപാദനവും സേവനവും
- മൃഗസംരക്ഷണവും അനുബന്ധ മേഖലയിലെ സംരംഭങ്ങളും
- മത്സ്യബന്ധന മേഖല
- വൈവിധ്യമാർന്ന ഉപജീവന മാർഗ്ഗങ്ങൾ
- ഉൾനാടൻ മത്സ്യബന്ധനത്തിന് പ്രോത്സാഹനം
- സംരംഭങ്ങളുടെ വികസനം
- സൂക്ഷ്മസംരംഭങ്ങൾക്ക് കൈത്താങ്ങ്
- വിജയകരമായ മാതൃകകൾ ഉയർത്തിക്കാട്ടൽ
- സേവന മേഖലയിലെ സൂക്ഷ്മസംരംഭങ്ങൾ
- സൂക്ഷ്മസംരംഭങ്ങളുടെ സമാഹരണം
- വിപണനത്തിന് ആരംഭം കുറിയ്ക്കൽ
- സൂക്ഷ്മതല സംരംഭങ്ങൾക്ക് വേണ്ട കൺസൾട്ടന്റുമാരുടെ സംരംഭം
- തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നൈപുണ്യ പരിശീലനം നൽകൽ.

(ബി) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന—ഡി.ഡി.യു.ജി.കെ.വൈ. (ആജീവിക നൈപുണ്യ വികസന പദ്ധതി) (60% കേന്ദ്ര വിഹിതം)

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിലുള്ള വൈദഗ്ദ്ധ്യത്തിനും ഉദ്യോഗ നിയമത്തിനുമുള്ള സംരംഭം ആണ് ഡി.ഡി.യു.ജി.കെ.വൈ. (ആജീവിക നൈപുണ്യ വികസന പദ്ധതി). സംസ്ഥാനത്ത് നൈപുണ്യ വികസനത്തിനുള്ള കർമ്മ പരിപാടികൾ ആരംഭിക്കുക, ജില്ലകൾ തോറും പാവപ്പെട്ട ഗ്രാമീണ യുവാക്കൾക്ക് വൈദഗ്ദ്ധ്യ പരിശീലനത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും അതുവഴി അനുയോജ്യമായ തൊഴിൽ നേടിയെടുക്കാൻ സാധിക്കുക എന്നിവയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന പദ്ധതിയുടെ ലക്ഷ്യങ്ങൾ. കുടുംബശ്രീയാണ് ഇതിന്റെ നോഡൽ ഏജൻസി.

പ്രധാനപ്പെട്ട ഘടകങ്ങൾ: വൈദഗ്ദ്ധ്യ പരിശീലനം, സർട്ടിഫിക്കറ്റ് നൽകൽ, ഉദ്യോഗ നിയമനം/മോണിറ്ററിംഗ്, മൂല്യ നിർണ്ണയം, നിയമനം ലഭിച്ചതിനുശേഷമുള്ളവർക്കും മുൻ പരിശീലനാർത്ഥികൾക്കും സഹായം, നൈപുണ്യ വിടവ് വിലയിരുത്തൽ, വിവര വിദ്യാഭ്യാസ വിനിമയ പ്രചരണം, പ്രാപ്തി വർദ്ധിപ്പിക്കൽ, തൊഴിൽ മേള എന്നിവയാണ്. സംസ്ഥാനം പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖ/കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാണ് തന്ത്രങ്ങൾ രൂപപ്പെടുത്തുന്നത്.

ഈ രണ്ട് പദ്ധതികളിലേക്കായി 2016-17 സാമ്പത്തിക വർഷം 6000.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. വിഹിതം ഗ്രാമപഞ്ചായത്തുകൾക്കായി നീക്കിവെച്ചിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി ബന്ധപ്പെട്ടിരിക്കുന്നു.

(സി) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവുകൾ (60% കേന്ദ്ര വിഹിതം)

(വിഹിതം: 600.00 ലക്ഷം രൂപ)

ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റുകളായി പ്രവർത്തിക്കുന്ന ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവിലേക്കായി 600.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

4. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) (75% കേന്ദ്ര വിഹിതം)

(വിഹിതം: 21000.00 ലക്ഷം രൂപ)

ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമീണ ആവാസ കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഏത് കാലാവസ്ഥയേയും ചെറുത്തു നില്ക്കാൻ ശേഷിയും ഉന്നത ഗുണനിലവാരത്തിലുള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് പി.എം.ജി.എസ്.വൈ. പദ്ധതി ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.) ആണ് പദ്ധതി നടത്തിപ്പിനുള്ള സംസ്ഥാന നോഡൽ ഏജൻസി. പി.എം.ജി.എസ്.വൈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വിഹിതം യഥാർത്ഥ എസ്റ്റിമേറ്റ് ചെലവിന് മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. 2014-15 വരെ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഹിതം കെ.എസ്.ആർ. ആർ.ഡി.എ-യ്ക്ക് നേരിട്ട് കൈമാറിയിരുന്നു. 2015-16 വരെ പി.എം.ജി.എസ്.വൈ.-I-100% കേന്ദ്രവിഹിതം ലഭിക്കുന്ന പദ്ധതി ആയിരുന്നു. പി.എം.ജി.എസ്.വൈ-II-ന്റെ വിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി ബന്ധപ്പെട്ടിരിക്കുന്നു.

2016-17-ൽ ഈ പദ്ധതിയ്ക്കായി 21000.00 ലക്ഷം രൂപ 75% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും

5. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)—നീർത്തട ഘടകം—(ഐ.ഡബ്ലിയു.എം.പി. യ്ക്കു പകരം) (60% കേന്ദ്ര വിഹിതം)

(വിഹിതം: 4500.00 ലക്ഷം രൂപ)

മുമ്പുണ്ടായിരുന്ന സമഗ്ര നീർത്തട പരിപാലന പരിപാടിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന—നീർത്തട ഘടകം എന്ന് നാമകരണം ചെയ്തിരിക്കുന്നു. മഴവെള്ള സംഭരണം, കൃഷി ഭൂമിയിലെ കുളങ്ങളുടെ നിർമ്മാണം, മഴവെള്ളക്കൊയ്ത്ത്, ചെറിയ തടയണകൾ, കോണ്ടൂർ ബണ്ട് എന്നിവയുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്.

2016-17-ൽ പദ്ധതിക്കായി 4500.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)(60% കേന്ദ്ര വിഹിതം)

(വിഹിതം: 6000.00 ലക്ഷം രൂപ)

2014 ഒക്ടോബർ 2 മുതൽ നിർമ്മൽ ഭാരത് അഭിയാൻ എന്ന പദ്ധതി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ആയി പുനരാവിഷ്കരിക്കുകയും പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 2015-16 മുതൽ പദ്ധതി വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

- ഗ്രാമീണ മേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.
- 2019 ഒക്ടോബർ മാസത്തോടുകൂടി രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പദവി ലഭ്യമാകത്തക്ക വിധത്തിൽ ശുചിത്വമേഖലയെ ത്വരിതപ്പെടുത്തുക.
- ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ വിദ്യാഭ്യാസം എന്നിവയിലൂടെ സ്ഥായിയായ ശുചീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പൊതുസമൂഹത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രചോദനം നൽകൽ.

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)-ന്റെ 2016-17-ലെ ഭൗതിക ലക്ഷ്യങ്ങൾ താഴെ പറയുന്നു.

**ഭൗതിക ലക്ഷ്യങ്ങൾ 2016-17**

| *ക്രമ നമ്പർ* | *ഘടകങ്ങൾ* | *യൂണിറ്റ്* |
|---|---|---|
| 1 | ഗാർഹിക ഉപയോഗത്തിനുവേണ്ടി വ്യക്തിഗതമായി നൽകുന്ന ശൗചാലയങ്ങൾ | 50,000 |
| 2 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ നിർമ്മാണം | 100 |
| 3 | ബോധവൽക്കരണ പ്രവർത്തനങ്ങൾ (വിവര വിദ്യാഭ്യാസ വിനിമയ പ്രചരണവും മനുഷ്യ വിഭവശേഷി വികസനവും) | 941 ഗ്രാമ പഞ്ചായത്തുകൾ |
| 4 | ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം | 500 ഗ്രാമ പഞ്ചായത്തുകൾ |
| 5 | ഭരണപരമായ ചെലവുകൾ | 14 ജില്ലകൾ |

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നടത്തിപ്പുകാർ. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണത്തിന്റെ ചുമതല സംസ്ഥാന തലത്തിൽ ശുചിത്വമിഷനും ജില്ലാതലത്തിൽ ജില്ലാശുചിത്വ മിഷനുമാണ് നടത്തേണ്ടത്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ/ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി ബന്ധപ്പെട്ടിരിക്കുന്നു.

2016-17-ൽ 6000.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### 2.3 ഭൂപരിഷ്ക്കരണം

7. ദേശീയ ഭൂരേഖാ നവീകരണ പരിപാടി (എൻ. എൽ. ആർ. എം. പി.)—ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം (100% കേന്ദ്ര വിഹിതം)

(വിഹിതം:1249.00 ലക്ഷം രൂപ)

100% കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുന്ന പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

- ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുക
- ReLIS പ്രോജക്ട് (റവന്യൂ ഭൂ വിജ്ഞാന സമ്പ്രദായം)
- ഭൂരേഖയുടെ ഡിജിറ്റൈസേഷൻ

2016-17 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 1249.00 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

1. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന, കേന്ദ്ര വിഹിതം (60 ശതമാനം)

(വിഹിതം: 3600.00 ലക്ഷം രൂപ)

2016-17 കാലയളവിൽ ഭാരത സർക്കാർ പ്രധാൻമന്ത്രി കൃഷി സിഞ്ചായി ജോയന എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. എ.ഐ.ബി.പി. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ, കമാന്റ് ഏരിയ വികസന പരിപാടികൾ, ജലാശയങ്ങളുടെ പുനരുദ്ധാരണവും നവീകരണവും മുതലായവ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിക്കുവേണ്ടി തുക വകയിരുത്തുന്നത് 60:40 എന്ന അനുപാതത്തിലാണ്. ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലൂടെ ജലസേചനാ സാദ്ധ്യതാ പ്രദേശങ്ങളുടേയും നിലവിൽ ജലസേചനം നടപ്പിലാക്കുന്ന പ്രദേശങ്ങളും തമ്മിലുള്ള അന്തരം കുറച്ച് ജലസേചന പ്രദേശങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതമായാണ് തുക വകയിരിത്തിയിരിക്കുന്നത്.

## VIII. ശാസ്ത്രസർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും

### 8.2 ആവാസ വ്യവസ്ഥയും പരിസ്ഥിതിയും

1. പ്രകൃതി വിഭവങ്ങൾ, ആവാസ വ്യവസ്ഥ എന്നിവയുടെ സംരക്ഷണം

(വിഹിതം: 100.00 ലക്ഷം രൂപ)

ജല ആവാസ വ്യവസ്ഥ, കണ്ടൽകാടുകൾ, പവിഴപ്പുറ്റുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണവും ഗ്രാമീണ മേഖലയിലെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തലും, പൈതൃക, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പരിസ്ഥിതി പരിപാലനം എന്നിവയ്ക്ക് വേണ്ടിയുള്ളതാണ് പദ്ധതി. 2016-17-ലെ കേന്ദ്ര വിഹിതത്തിനായുള്ളതാണ് പദ്ധതി വിഹിതം. ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുന്നതാണ്.

## IX. സാമൂഹ്യവും സാമൂഹ്യ സേവന പരവുമായ സർവ്വീസുകൾ

### 9.1 പൊതു വിദ്യാഭ്യാസം

സെക്കന്ററി വിദ്യാഭ്യാസം

1. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 9000.00 ലക്ഷം രൂപ)

സെക്കന്ററി തലത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യവും താങ്ങാൻ പറ്റാവുന്നതുമാക്കാനായി ഭാരത സർക്കാർ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. എല്ലാവർക്കും പ്രവേശനം, നീതി, ഗുണമേന്മ എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. സ്കൂളുകളുടെ ഗുണനിലവാരം ഉയർത്താനും, നിർമ്മാണ പ്രവർത്തനങ്ങൾ, സ്ക്കൂൾ ഗ്രാന്റുകൾ നൽകുക, ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക പരിശീലനം ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ എന്നീ പരിപാടികളാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. 2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 9000.00 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

2. ഉച്ചഭക്ഷണ പരിപാടി (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 15900.00 ലക്ഷം രൂപ)

കുട്ടികളുടെ സ്കൂൾ പ്രവേശനം വർദ്ധിപ്പിക്കുക, പ്രവേശനം നേടിയ കുട്ടികളുടെ ഹാജർ നിലനിർത്തുക എന്നിവ കൂടാതെ കുട്ടികളിലെ പോഷകാഹാര നിലവാരവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1995 ആഗസ്റ്റ് 15-ാം തീയതി പ്രാഥമിക വിദ്യാഭ്യാസത്തിന് പോഷകാഹാര സഹായം (എൻ. പി.-എൻ. എസ്. പി. ഇ) എന്ന പദ്ധതി രാജ്യത്തെ 2408 ബ്ലോക്കുകളിൽ ആരംഭിക്കുകയുണ്ടായി. 1997-98 വർഷത്തോടുകൂടി ഈ പദ്ധതി രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും നടപ്പാക്കി. 1 മുതൽ 5 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികളെ കൂടാതെ ഇ. ജി. എസ്., എ. ഐ. ഇ. കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികളെ കൂടി ഉൾക്കൊള്ളുന്ന രൂപത്തിൽ ഈ പദ്ധതി 2002-ൽ വിപുലപ്പെടുത്തുകയുണ്ടായി. 2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 15900.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

3. വൈകല്യമുള്ളവർക്കും, ന്യൂനപക്ഷ വിഭാഗങ്ങൾക്കും, മദ്രസകൾക്കും വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള പദ്ധതി (100 % കേന്ദ്രാവിഷ്കൃത പദ്ധതി)

(വിഹിതം : 6303.00 ലക്ഷം രൂപ)

ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മൂന്ന് പദ്ധതികൾ വിവിധ മേഖലകളിലെ വികസന പദ്ധതികൾ എന്ന പേരിൽ ഒരുമിച്ച് ചേർത്തിരിക്കുന്നു.

(i) മദ്രസകൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുക. (എസ്.പി.ക്യൂ.ഇ.എം.) (മദ്രസ വിദ്യാഭ്യാസം ആധുനീകരിക്കൽ).

(ii) സെക്കന്ററി സ്ക്കൂളിലെ വൈകല്യമുള്ള വിദ്യാർത്ഥികൾക്കായുള്ള ഏകീകൃത വിദ്യാഭ്യാസം (ഐ.ഇ.ഡി.എസ്.എസ്.).

(iii) ന്യൂനപക്ഷ സ്ഥാപനങ്ങൾക്കായുള്ള അടിസ്ഥാന വികസന പദ്ധതി (ഐ.ഡി.എം.ഐ.).

2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 6303.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

4. സർവ്വ ശിക്ഷാ അഭിയാൻ (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 24300.00 ലക്ഷം രൂപ)

രാജ്യത്തെ എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രവേശനം നൽകുക, പ്രവേശനം ലഭിച്ച കുട്ടികളെ വിദ്യാഭ്യാസ മേഖലയിൽ നിലനിർത്തുക, ലിംഗപരവും സാമൂഹ്യപരവുമായ വിടവുകൾ നികത്തുക, പഠന ഗുണ നിലവാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി വിവിധ തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നതിന് സർവ്വ ശിക്ഷാ അഭിയാൻ ലക്ഷ്യം വയ്ക്കുന്നു. സ്കൂൾ സൗകര്യം ഇല്ലാത്ത ജനവാസ കേന്ദ്രങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുക, കൂടുതൽ ക്ലാസ്മുറികൾ, ശൗച്യാലയങ്ങൾ, കുടിവെള്ളം എന്നിവ ലഭ്യമാക്കുക, മെയിന്റനൻസ് ഗ്രാന്റ്, സ്കൂൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ് ഇവ നൽകുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതിക്കുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്. 40 ശതമാനം സംസ്ഥാന വിഹിതം സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് നൽകുന്നത്. 2016-17-ൽ 24300.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

5. ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ മേഖലകളിലെ വികസന പദ്ധതികൾ

(വിഹിതം : 11929.00 ലക്ഷം രൂപ)

ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നാല് പദ്ധതികൾ ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ മേഖലകളിലെ വികസന പദ്ധതികൾ എന്ന പേരിൽ ഒരുമിച്ച് ചേർത്തിരിക്കുന്നു.

(i) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.

(ii) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (സംയോജിപ്പിക്കുന്നതിന് മുമ്പ് ഈ പദ്ധതി ഉന്നത വിദ്യാഭ്യാസത്തിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത്).

(iii) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് പദ്ധതി (സംയോജിപ്പിക്കുന്നതിന് മുമ്പ് ഈ പദ്ധതി ഉന്നത വിദ്യാഭ്യാസത്തിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത്).

(iv) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് പദ്ധതി (സംയോജിപ്പിക്കുന്നതിന് മുമ്പ് ഈ പദ്ധതി സാങ്കേതിക വിദ്യാഭ്യാസത്തിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത്).

ഈ പദ്ധതി നടത്തിപ്പിനായി 11929.00 ലക്ഷം രൂപ കേന്ദ്ര സഹായമായി 2016-17-ൽ പ്രതീക്ഷിക്കുന്നു.

## ബി. ഉന്നത വിദ്യാഭ്യാസം

1. രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ

(വിഹിതം : 9657.00 ലക്ഷം രൂപ)

സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും നല്ലൊരു തുക ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കികൊണ്ട്, ഭാരത സർക്കാർ ആവിഷ്ക്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ). സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ റൂസ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിലേക്കുവേണ്ടി സർക്കാരിന്റെ കീഴിൽ ഒരു പ്രോജക്ട് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. 18 മുതൽ 23 വയസ്സ് വരെ പ്രായമായ പൗരന്മാരുടെ മൊത്ത പ്രവേശനാനുപാതം (ഗ്രോസ് എൻറോൾമെന്റ് റേഷ്യോ) 13-ാം പഞ്ചവത്സര പദ്ധതിയോടുകൂടി 19.4 ശതമാനത്തിൽ നിന്നും 25.2 ശതമാനമായി ഉയർത്തുകയും അടുത്ത 5 വർഷത്തിനുള്ളിൽ 32 ശതമാനമായി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. പ്രവേശന സമത്വം, മേന്മ എന്നിവ നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രവർത്തന മികവുള്ള അധ്യാപകർ, പരീക്ഷാ രീതിയിലുള്ള നവീകരണം മുതലായവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സ്റ്റേറ്റ് ഹയർ എജ്യൂക്കേഷൻ രൂപം കൊടുത്ത റൂസ പദ്ധതിയുടെ പ്ലാൻ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും 12-ാം പഞ്ചവത്സര പദ്ധതിയിലെ പ്രൊപ്പോസൽ പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തു. റൂസയുടെ മാർഗ്ഗരേഖ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഈ പദ്ധതിക്ക് തുക വകയിരുത്തേണ്ടതാണ്. 2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 9657.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.4 കായിക വിനോദവും യുവജനക്ഷേമവും

1. സംസ്ഥാനതല എൻ.എസ്.എസ്. സെൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

(വിഹിതം : 57.00 ലക്ഷം രൂപ)

കേരളത്തിലെ സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എൻ. എസ്. എസ്. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ചെലവ് കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. കേന്ദ്ര സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 100% കേന്ദ്ര സഹായം ലഭിക്കുന്നു. 2016-17-ൽ 100% കേന്ദ്രസഹായമായി 57.00 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

(100% കേന്ദ്രാവിഷ്കൃത പദ്ധതി)

1. നാഷണൽ ഹെൽത്ത് മിഷൻ (60% കേന്ദ്രവിഹിതം)

(വിഹിതം : 36999.99 ലക്ഷം രൂപ)

ഭാരത സർക്കാരിലെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ പദ്ധതിയായ നാഷണൽ ഹെൽത്ത് മിഷൻ (2012-17) നടപ്പിലാക്കുന്നതിനുള്ള പ്രോഗ്രാം നടപ്പിലാക്കൽ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്കായി അഞ്ച് ധനസഹായ ഘടകങ്ങൾ ഉണ്ട്. ഇവ :

(i) എൻ. ആർ. എച്ച്. എം./ആർ. സി. എച്ച്. ഫ്ളക്സിപൂൾ

(ii) എൻ. യു. എച്ച്. എം. ഫ്ളക്സിപൂൾ

(iii) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ളക്സിപൂൾ

(iv) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ളക്സിപൂൾ

(v) ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ്

നാഷണൽ റൂറൽ ഹെൽത്ത് മിഷനും നാഷണൽ അർബൻ ഹെൽത്ത് മിഷനും നാഷണൽ ഹെൽത്ത് മിഷന്റെ രണ്ട് ഉപഘടകങ്ങളാണ്. മൊത്തം കേന്ദ്രവിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന വിഹിതമായി നൽകേണ്ടതുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 36999.99 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

കുടംബക്ഷേമ പരിപാടികളിലെ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് (v) എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാ തലങ്ങളിൽ കുടംബക്ഷേമ ബ്യൂറോകൾ), സബ് സെന്ററുകൾ, നഗരകുടുംബക്ഷേമ കേന്ദ്രങ്ങൾ, അർബൻ റിവാബിംഗ് സ്കീം (ഹെൽത്ത് പോസ്റ്റ്), എ.എൻ. എം./എൽ.എച്ച്.വി. ട്രെയിനിംഗ് സ്ക്കൂൾ, ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷ തൊഴിലാളികളുടെ പരിഷീലനം എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കുന്നത്. എന്നിരുന്നാലും പുതിയ എസ്. സി. എച്ച്. പുതിയ തസ്തികൾ എന്നിവ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ അനുവദിക്കുകയുള്ളു. ഇ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്ര സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എൻ. എച്ച്. എം.-ന്റെ നടപ്പിലാക്കൽ നിർദ്ദേശങ്ങളനുസരിച്ചും 2016-17 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചിലവഴിക്കാൻ പാടുള്ളു.

2. ദേശീയ ആയുഷ്മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ)

(വിഹിതം : 450.00 ലക്ഷം രൂപ)

കേന്ദ്രസർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചിലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനായി 450 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

3. ദേശീയ ആയുഷ്മിഷൻ ഹോമിയോ (60% കേന്ദ്രവിഹിതം)

(വിഹിതം : 450.00 ലക്ഷം രൂപ)

കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപതി) ദേശീയതലത്തിൽ ആയുഷ് മിഷൻ ആരംഭിച്ചിരിക്കുന്നു. ചിലവ് കുറഞ്ഞ രീതിയിൽ ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ-സിദ്ധ-യുനാനി-ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധ സസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുകയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ ആയുഷ് മിഷൻ (ഹോമിയോ) പദ്ധതി നടപ്പിലാക്കുന്നതിനായി 450 ലക്ഷം രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

4. ദേശീയ എയ്ഡ്സ് & എസ്. ടി. ഡി. നിയന്ത്രണ പരിപാടി (100% കേന്ദ്രവിഹിതം)

(വിഹിതം : 3742.00 ലക്ഷം രൂപ)

എച്ച്. ഐ. വി./എയിഡ്സും മറ്റ് ലൈംഗിക രോഗങ്ങളും വർദ്ധിച്ച അപകടസാധ്യതയുള്ള വിഭാഗങ്ങളിൽ നിന്നും സാധാരണ ജനങ്ങളിലേക്കും വർദ്ധിച്ച അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്കും പകരുന്നത് തടയേണ്ടതുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ദേശീയ എയ്ഡ്സ്& എസ്. ടി. ഡി. നിയന്തണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതമായി 3742 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്ര സർക്കാരിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ എയ്ഡ്സ്& എസ്. ടി. ഡി. നിയന്ത്രണ പരിപാടിയുടെ നടപ്പിലാക്കൽ നിർദ്ദേശങ്ങളനുസരിച്ചും 2016-17 വർഷത്തിലെ കേന്ദ്ര വിഹിതത്തിനനുസരിച്ചും മാത്രമേ ചിലവഴിക്കാൻ പാടുള്ളു.

5. കുടുംബ ക്ഷേമ പരിപാടികൾ (60% കേന്ദ്രവിഹിതം)

(വിഹിതം : 0.01 ലക്ഷം)

കുടുംബക്ഷേമ പരിപാടികളുടെ ഘടകങ്ങൾ നാഷണൽ ഹെൽത്ത് മിഷനിൽ ലയിപ്പിച്ചിരിക്കുന്നു. കുടുംബക്ഷേമ പരിപാടികളുടെ സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും വഹിക്കേണ്ടതാണ്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ധനകൈമാറ്റ അനുപാതം 60:40 ആയിരിക്കും. 2016-17-ൽ 0.01 രൂപ ഒരു ടോക്കൺ പ്രൊവിഷനെന്ന നിലയിൽ കുടുംബക്ഷേമപരിപാടികൾക്കായി ലഭ്യമാകാൻ സാധ്യതയുള്ള കേന്ദ്രവിഹിതത്തിനായി വകയിരുത്തിയിരിക്കുന്നു.

## 9.8 നഗരവികസനം

2. ദേശീയ നഗര ഉപജീവന ദൗത്യം (എൻ. യു. എൽ. എം.) (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 2200.00 ലക്ഷം രൂപ)

നഗര ദാരിദ്യം എന്നത് ബഹുമുഖമാന സ്വഭാവമുള്ളതാണ്. നഗരപ്രദേശങ്ങളിലെ ജനവിഭാഗങ്ങൾ വിവിധ തരത്തിലുള്ള പോരായ്മകൾ അനുഭവിക്കുന്നു. ജോലി സംബന്ധമായും അധിവാസ സംബന്ധമായും സാമൂഹികമായും അവർ അനുഭവിക്കുന്ന കഷ്ടതകൾ വളരെയേറെയാണ്. ഈ പോരായ്മകൾ സമയബന്ധിതമായും സമൂലമായും ഏകോപിതമായും പരിഹരിക്കേണ്ടതുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പരിപാടിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (എൻ. യു. എൽ. എം.). നിലവിലുണ്ടായിരുന്ന സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്. ജെ. എസ്. ആർ. വൈ.)-ക്ക് പകരമായാണ് ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളത്. ദരിദ്രരായ

ജനവിഭാഗങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന താഴെ തട്ടിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ നഗരത്തിലെ ദരിദ്ര വിഭാഗങ്ങളുടെ ദാരിദ്ര്യവും മറ്റു പോരായ്മകളും പരിഹരിക്കുന്നതിനായി അവർക്ക് പ്രയോജനപ്രദമായ സ്വയം തൊഴിലുകളും വേതനം ലഭിക്കുന്ന വിദഗ്ദ്ധ തൊഴിലുകളും ലഭ്യമാക്കി ഇവരുടെ ഉപജീവനമാർഗ്ഗത്തിന് സ്ഥായിയായ ഒരു അടിസ്ഥാനം ഉണ്ടാക്കുക എന്നതാണ് മിഷൻ ലക്ഷ്യമിടുന്നത്. ഘട്ടം ഘട്ടമായി നഗരത്തിലെ വീടില്ലാത്തവർക്ക് അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ പാർപ്പിട സൗകര്യം നൽകുക എന്നതും ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നു. കൂടാതെ നഗരവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. സാമൂഹ്യ വിഭവ സമാഹരണവും സ്ഥാപനങ്ങളുടെ ശാക്തീകരണവും, കഴിവ് വർദ്ധിപ്പിക്കലും പരിശീലനങ്ങളും വിദഗ്ദ്ധ പരിശീലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാക്കലും, മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ സൗകര്യം ഉറപ്പിക്കലും സ്വയം തൊഴിൽ പദ്ധതി നഗര പ്രദേശത്തെ വീടില്ലാത്ത പാവപ്പെട്ടവർക്ക് സാമൂഹിക അഭയകേന്ദ്രങ്ങൾ വഴിയോര കച്ചവടക്കാർക്ക് സഹായം എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ 2016-17 വർഷം കേന്ദ്ര വിഹിതമായി 2200 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

2. പ്രധാനമന്ത്രി പാർപ്പിട പദ്ധതി (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 15000.00 ലക്ഷം രൂപ)

2015 മുതൽ 2022 വരെയുള്ള കാലഘട്ടത്തിൽ നഗരത്തിലെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം നേടുന്നതിലേക്ക് 2015-ൽ കേന്ദ്രഗവൺമെന്റ് 60:40 എന്ന അനുപാതത്തിൽ ആരംഭിച്ചിട്ടുള്ള ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 2022-ടെ എല്ലാ അർഹരായ കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ആവശ്യമായ കേന്ദ്രസഹായം സംസ്ഥാന സർക്കാർ മുഖേന നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നതാണ്. 30 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള വീടും അനുബന്ധ അടിസ്ഥാന ഘടകങ്ങളും നിർമ്മിക്കുന്നതിലേക്ക് മിഷൻ ധനസഹായം നൽകുന്നതാണ്. ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിയോട് കൂടി കേന്ദ്ര സഹായ ഭവന നിർമ്മണ നിരക്കിൽ മാറ്റം വരുത്താതെ വീടിന്റെ വലുപ്പത്തിലും മറ്റു സൗകര്യങ്ങളുടെ കാര്യത്തിലും സംസ്ഥാന തലത്തിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. ചേരി വികസന പദ്ധതികൾ കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി അടിസ്ഥാന നിർമ്മാണ സൗകര്യങ്ങളായ വെള്ളം, ശൗചാലയങ്ങൾ, അഴുക്കുചാൽ, റോഡ്, വൈദ്യുതി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി നിലവിൽ സംസ്ഥാനത്തെ 15 നഗരങ്ങളെ തെരഞ്ഞെടുക്കുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് 79.42 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 2016-17-ൽ 840 കോടി രൂപ ചെലവ് പ്രതീക്ഷിച്ചുകൊണ്ട് 40,000 വീടുകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കായി പ്രത്യേകം പ്രോജക്ട് ഇല്ല. ആലപ്പുഴ, കൽപ്പറ്റ, കണ്ണൂർ, കാസർഗോഡ്, കൊച്ചി, കൊല്ലം, കോട്ടയം, കോഴിക്കോട്, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം, തൊടുപുഴ, തൃശ്ശൂർ എന്നീ നഗരങ്ങളെയാണ് ഈ പദ്ധതിയിൻ കീഴിൽ കേരളത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ളത്. 2016-17-ൽ 60 ശതമാനം കേന്ദ്ര വിഹിതമായി 15,000 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

3. സ്മാർട്ട് സിറ്റി മിഷൻ (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 9000.00 ലക്ഷം രൂപ)

പ്രാദേശിക വികസനത്തിനു സഹായകരമായി പ്രത്യേകിച്ച് സാങ്കേതിക മുന്നേറ്റത്തിലൂടെ ജനങ്ങളുടെ സാമ്പത്തിക വളർച്ചയും ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള കേന്ദ്രഗവൺമെന്റിന്റെ ഒരു പുതിയ മുൻനിര പദ്ധതിയാണിത്. ഈ പദ്ധതിയുടെ സാമ്പത്തിക ഘടന 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും എന്നതാണ്. അധികമായി വേണ്ടി വരുന്ന തുക സംസ്ഥാനവും ബന്ധപ്പെട്ട നഗര തദ്ദേശഭരണ സ്ഥാപനവും കണ്ടെത്തേണ്ടതാണ്. സംസ്ഥാനത്ത് നിന്നും ഈ പദ്ധതിയിലേക്ക് കൊച്ചി നഗരത്തെ തെരഞ്ഞെടുക്കുകയും ഇതിലേക്കുള്ള സ്മാർട്ട്സിറ്റി പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധിക ഓഫീസ് ചെലവുകൾക്കായി 2 കോടി രൂപ 2015-16-ൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും നഗരകാര്യ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി സംസ്ഥാനതല മിഷൻ ഡയറക്ടറുമായുള്ള ഒരു സംസ്ഥാന ഉന്നതതല വിഷയ നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾക്കായി കെ. എസ്. യു. ഡി. പി. പ്രോജക്ട് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കേന്ദ്ര വിഹിതമായി 2016-17-ൽ 9000 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ 2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. അമൃത് (അടൽ മിഷൻ ഫോർ റിജൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ), ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ട്രാൻസീഷൻ ഫെയ്സ്), ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു. ഐ. ഡി. എസ്. എസ്. എം. ടി.)

   (i) അമൃത് (60 ശതമാനം കേന്ദ്ര വിഹിതം) (വിഹിതം 13,500.00 ലക്ഷം രൂപ)

   (ii) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ട്രാൻസീഷൻ ഫെയ്സ്), (യു. ഐ. ഡി. എസ്. എസ്. എം. ടി.) (വിഹിതം 10,000.00 ലക്ഷം രൂപ)

നഗരത്തിലെ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വെല്ലുവിളികളെ നേരിടുന്നതിന് ഭൗതീകവും സ്ഥിരതയുള്ളതുമായ വികസനത്തിന് നഗര ഗതാഗതം, കുടിവെള്ള വിതരണം, കക്കൂസ് മാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം, ഹരിത പ്രദേശങ്ങളും പാർക്കുകളും നിർമ്മിക്കുക കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ ഘടകങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രോജക്ട് അടിസ്ഥാന

സമീപനത്തിന് കേന്ദ്ര നഗരവികസന മന്ത്രാലയം രൂപീകരിച്ചിട്ടുള്ള ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത്. ഈ പദ്ധതിയുടെ സാമ്പത്തിക ഘടന 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും എന്നതാണ്. 6 മുനിസിപ്പൽ കോർപ്പറേഷൻ, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റി എന്നിങ്ങനെ 9 നഗര തദ്ദേശഭരണ സ്ഥാപനങ്ങളെയാണ് അമൃത് പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. സംസ്ഥാനത്തെ 7 മുനിസിപ്പാലിറ്റികളുടെ സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി 25 ലക്ഷം രൂപ വീതം 175 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് 2015-16 വർഷം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി 13,500 ലക്ഷം രൂപ 2016-17-ൽ പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ-2030-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം പദ്ധതി (ജെ. എൻ. എൻ. യു. ആർ. എം.) 2015-16 മുതൽ നിർത്തലാക്കിയിരുന്നു. എന്നാൽ കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ 14-8-2015-ലെ കെ-14027/ജെ. എൻ. എൻ. യു. ആർ. എം./2015 കത്ത് പ്രകാരം 2005-12 കാലയളവിൽ എല്ലാ വിഭാഗങ്ങളിലുമായി അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകൾക്കും 2012-14 കാലയളവിൽ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകൾക്കും അനുവദിക്കുവാൻ ബാക്കിയുള്ള തുക അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 50 ശതമാനം ധനാനുപാതത്തിൽ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (യു. ഐ. ജി. ഘടകം) ചെറുകിട ഇടത്തര പട്ടണങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി (യു. ഐ. ഡി. എസ്. എം. ടി.) ദേശീയ നഗര വിവര സംവിധാനം (എൻ. യു. ഐ. എസ്.) എന്നീ പരിപാടികളുടെ പൂർത്തീകരണത്തിനായി 10,000 ലക്ഷം രൂപ 2016-17-ൽ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

5. സ്വച്ഛ ഭാരത മിഷൻ (നഗരം) (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 7500.00 ലക്ഷം രൂപ)

രാജ്യത്താകമാനം ശുചിത്വം, മാലന്യ സംസ്കരണം, വൃത്തി എന്നിവ കൈവരിക്കുക, ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോട് കൂടി കേന്ദ്ര ഗവൺമെന്റിന്റെ നഗര വികസന മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത ശുചിത്വ പദ്ധതിയാണിത്. ഈ പദ്ധതിയുടെ ധനാനുപാതം 60:40 എന്ന രീതിയിലാണ്. രാജ്യത്തെ എല്ലാ നഗരങ്ങളും ഈ പദ്ധതിയിൻ കീഴിൽ വരുന്നു. പൊതു കക്കൂസുകൾ, വ്യക്തിഗത കക്കൂസുകൾ, ഖരമാലിന്യ പരിപാലനം, പൊതുവായ അവബോധം സൃഷ്ടിക്കൽ, കഴിവ് വർദ്ധിപ്പിക്കൽ എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ മാലിന്യ സംസ്കരണ പരിപാലനം ശുചിത്വം എന്നിവ പൂർണ്ണമായ തോതിൽ നടപ്പിലാക്കുന്നതിന് പൊതു ജനങ്ങൾ, വൻകിട സ്ഥാപനങ്ങൾ, മറ്റു വിഭാഗങ്ങൾ എന്നിവരുടെ പൂർണ്ണമായ ജനപങ്കാളിത്തവും താല്പര്യവും ആവശ്യമാണ്. ശൗചാലയങ്ങൾ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും ശൗചാലയം നിർമ്മിച്ചു നൽകുക, ശുചിത്വമില്ലാത്ത ശൗചാലയങ്ങളിൽ 25 ശതമാനത്തെ ശുചിത്വമാക്കുക എന്നീ പരിപാടികളാണ് 2016-17-ൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഖരദ്രവ മാലിന്യ പരിപാലനം, വ്യാപകമായുള്ള ഇൻഫർമേഷൻ എഡ്യുക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുറസ്സായ സ്ഥലങ്ങളിലെ മാലിന്യ വസ്തുക്കൾ നീക്കം ചെയ്യുക, ആളുകളെ ഉപയോഗിച്ചുള്ള സ്കാവഞ്ചിംഗ് ജോലികൾ ഒഴിവാക്കുക, അധുനികവും ശാസ്ത്രീയവുമായ ഖരമാലിന്യ പരിപാലനം നടപ്പാക്കുക, ആരോഗ്യപരമായ ശുചിത്വ രീതികൾ സ്വീകരിക്കുന്ന സ്വഭാവ രൂപീകരണം ഉണ്ടാക്കുക, കഴിവ് വർദ്ധിപ്പിക്കുക എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. നഗരതല ശുചിത്വ പദ്ധതി, സംസ്ഥാന ശുചിത്വ ദിശ, സംസ്ഥാന ശുചിത്വ തന്ത്രം, പൊതു ജനങ്ങളുടെ മനോഭാവം, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ എഡ്യൂക്കേഷൻ, സ്വകാര്യ മേഖലയുടെ പങ്കാളിത്തം ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടാക്കൽ, കഴിവ് വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു സമഗ്ര ശുചിത്വ പദ്ധതി തയ്യാറാക്കുക എന്നതാണ് മിഷന്റെ തന്ത്രം. 2016-17-ൽ 7,500 ലക്ഷം രൂപ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിലെ പരിപാടികൾ/ഘടകങ്ങൾ കേരള പേഴ്സ്പെക്ടീവ് പ്ലാൻ- 2030-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 9. 10. തൊഴിലും തൊഴിലാളിക്ഷേമവും

1. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ. എസ്. ബി. വൈ.) (60% സംസ്ഥാന വിഹിതം)

(വിഹിതം : 7500.00 ലക്ഷം രൂപ)

അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി 2008-09 വർഷത്തിൽ ആരംഭിച്ച കേന്ദ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ. എസ്. ബി. വൈ.). കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആണ് (ആർ. എസ്. ബി. വൈ.) പദ്ധതി നടപ്പിലാക്കുന്നത്. തൊഴിലാളിയുടെ, ഭാര്യ/ഭർത്താവ്, കുട്ടികൾ, ആശ്രിതരായ മാതാപിതാക്കൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് വാർഷിക ഇൻഷുറൻസ് പരിരക്ഷ 30,000 രൂപയാണ്. ടെണ്ടർ നടപടിയിലൂടെയാണ് വാർഷിക ഇൻഷ്വറൻസ് പ്രീമിയം തീരുമാനിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശം അനുസരിച്ച് പ്രീമിയം തുകയുടെ 60% കേന്ദ്രഗവൺമെന്റും 40% തുക സംസ്ഥാന സർക്കാരും വഹിക്കണം. കേന്ദ്രഗവൺമെന്റ് ഭാവിയിൽ നിഷ്ക്കർഷിക്കുന്നപക്ഷം ആർ. എസ്. ബി. വൈ. പദ്ധതി പൂർണ്ണമായും ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ ഏകദേശം 33 ലക്ഷം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അധികമായി 3.77 ലക്ഷം കുടുംബങ്ങൾക്കുകൂടി ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. (ആർ. എസ്. ബി. വൈ.) പദ്ധതിക്കായി 2016-17 വർഷത്തിൽ കേന്ദ്ര വിഹിതമായി 7500.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

2. ഐ.റ്റി.ഐ.-കൾ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി ഉയർത്തൽ (75% കേന്ദ്ര വിഹിതം)

(വിഹിതം : 75.00 ലക്ഷം രൂപ)

ലോകബാങ്ക് സഹായത്തോടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം ഐ.റ്റി.ഐ.-കളെ മെച്ചപ്പെടുത്തി ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റാൻ ഏഴ് ഐ.റ്റി.ഐ.-കളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ കേന്ദ്രസംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലാണ്. തുടക്കത്തിൽ പ്രോജക്ട് കാലാവധി 2007-12 ആയിരുന്നു. പിന്നീട് അത് നവംബർ 2014 വരെ നീട്ടുകയുണ്ടായി. ഭരണവകുപ്പിന്റെ അറിയിപ്പ് പ്രകാരം ഈ പ്രോജക്ടിന്റെ കാലാവധി സെപ്റ്റംബർ 2016 വരെ വീണ്ടും നീട്ടിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി 75 ശതമാനം കേന്ദ്രവിഹിതമായി 75.00 ലക്ഷം രൂപ 2016-17-ൽ പ്രതീക്ഷിക്കുന്നു.

3. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഐ.റ്റി.ഐ.-കളുടെ നിലവാരം ഉയർത്തൽ സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെൽ. (100% കേന്ദ്ര വിഹിതം)

(വിഹിതം : 6.00 ലക്ഷം രൂപ)

ഐ.റ്റി.ഐ.-കളിലെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുന്ന പദ്ധതിയുടെ മേൽനോട്ടത്തിനായി ഒരു സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ സെൽ പരിശീലന വകുപ്പിന്റെ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി 6 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി 2016-17-ൽ പ്രതീക്ഷിക്കുന്നു.

4. നൈപുണ്യ വികസന ഉദ്യമ പദ്ധതി (എസ്.ഡി.ഐ.എസ്.) (100% കേന്ദ്ര വിഹിതം)

(വിഹിതം : 2000.00 ലക്ഷം രൂപ)

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായവർക്കും, നിലവിൽ തൊഴിൽ എടുക്കുന്നവർക്കും, ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്കും ജോലി ചെയ്യുന്നതിനുള്ള നൈപുണ്യം വളർത്തിയെടുക്കാൻ വേണ്ടിയുള്ള ഒരു 100 ശതമാനം കേന്ദ്ര പദ്ധതിയാണ്. "നൈപുണ്യ വികസന ഉദ്യമ പദ്ധതി" നിലവിൽ നിശ്ചിത യോഗ്യതാ രേഖകളില്ലാതെ തൊഴിൽ ചെയ്യുന്നവരുടെ കഴിവ് പരിശോധിച്ച് അവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. സംസ്ഥാനത്തിന്റെ പരിശീലന ആവശ്യം അനുസരിച്ച് ഈ പദ്ധതി ശാക്തീകരിക്കേണ്ടതാണ്. ഈ പദ്ധതിയ്ക്കായി 2000.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി 2016-17-ൽ പ്രതീക്ഷിക്കുന്നു.

### 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം

### (എ) പട്ടികജാതി വികസനം

1. പട്ടികജാതി വികസനത്തിനുള്ള ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ

(വിഹിതം : 37190.00 ലക്ഷം രൂപ)

ഈ പരിപാടിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

(വിഹിതം : 26000.00 ലക്ഷം രൂപ)

പ്രൈവറ്റ് സ്ഥാപനങ്ങൾ, ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള സ്വാശ്രയ കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ വഴി പോസ്റ്റ് മെട്രിക്കുലേഷൻ അല്ലെങ്കിൽ പോസ്റ്റ് സെക്കൻഡറി കോഴ്സുകൾ ചെയ്യാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലെ പ്രധാന ഘടകങ്ങൾ:

- മെയിന്റനൻസ് അലവൻസുകൾ.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർബന്ധമായും അടയ്ക്കേണ്ട തിരിച്ച് ലഭിക്കാത്ത ഫീസ് തിരിച്ചുനൽകൽ.
- പ്രത്യേക കോഴ്സുകൾക്കായുള്ള ബുക്ക് ബാങ്ക് സൗകര്യം.
- പഠനയാത്രയുടെ ചെലവുകൾ.
- ഗവേഷകർക്ക് പ്രബന്ധം ടൈപ്പ് ചെയ്യാനും/പ്രിന്റ് ചെയ്യാനുമുള്ള ചെലവുകൾ. കറസ്പോൺണ്ടൻസ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക് അലവൻസ്, വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അധിക അലവൻസുകൾ തുടങ്ങിയവ.

മാതാപിതാക്കളുടെ വാർഷിക വരുമാനം 2.50 ലക്ഷം രൂപ കവിയാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ കൊടുക്കുന്നു. സ്ഥാപനത്തിന്/യൂണിവേഴ്സിറ്റികൾക്ക് വിദ്യാർത്ഥികൾ കൊടുക്കാനുള്ള അംഗത്വം/രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ, കളികൾ, യൂണിയൻ, വായനശാല, മാഗസിൻ, മെഡിക്കൽ പരിശോധന തുടങ്ങിയവയ്ക്കുള്ള ഫീസുകൾ പഠിതാക്കൾക്ക് നൽകുന്നു. തിരിച്ചടയ്ക്കാവുന്ന ഡെപ്പോസിറ്റുകൾ ഒഴിവാക്കുന്നു.

മുൻകൂറായി തുക ചെലവഴിച്ച ശേഷം തുക നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥയുണ്ടെങ്കിൽ തുക മുൻകൂറായി നൽകുന്നതാണ്. 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതി നടപ്പാക്കുന്നു.

2016-17-ൽ 26000.00 ലക്ഷം രൂപ 100% കേന്ദ്രവിഹിതമായി ഈ പരിപാടിക്ക് പ്രതീക്ഷിക്കുന്നു.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

(വിഹിതം: 20.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തി അവർക്ക് റസിഡൻഷ്യൽ സ്ക്കൂളുകളിൽ വിദ്യാഭ്യാസ വികസനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുക എന്നതാണ്. 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കോച്ചിംഗ് ഏർപ്പാടാക്കുന്നതിനായി സംസ്ഥാന സർക്കാരിന് ഈ പദ്ധതി വഴി 100 ശതമാനം കേന്ദ്രസഹായം നൽകുന്നു. സ്ക്കൂൾ വിഷയങ്ങളിലെ പോരായ്മകൾ മാറ്റാൻ പരിഹാര പരിശീലനം

നടത്തുകയും, പ്രത്യേക കോച്ചിംഗ് വഴി വിദ്യാർത്ഥികളെ മൽസരപരീക്ഷകളിലേയ്ക്ക് തയ്യാറെടുപ്പിക്കുകയും, അതുവഴി പ്രൊഫഷണൽ കോഴ്സുകളിൽ അവർക്ക് പ്രവേശനം ലഭിക്കാൻ സഹായിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസ കോഴ്സുകളിൽ പ്രവേശനം ലഭിക്കുവാനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കൂടി ഈ പദ്ധതി സഹായിക്കുന്നു.

ഈ പദ്ധതിയിൽകൂടി തെരഞ്ഞെടുക്കുന്ന സ്ക്കൂളുകൾക്ക് (a) സമഗ്ര വികസനത്തിനുള്ള സൗകര്യം, (b) ഹോസ്റ്റൽ സൗകര്യം, (c) തുടർച്ചയായി 3 വർഷങ്ങളിൽ നല്ല അക്കാദമിക് റിസൽറ്റുള്ള സ്കൂളുകൾ അല്ലെങ്കിൽ ഹോസ്റ്റൽ സൗകര്യമുള്ള കേന്ദ്രീയ വിദ്യാലയമോ ആയിരിക്കണം. തെരഞ്ഞെടുത്ത സ്ക്കൂളിനെക്കുറിച്ച് സാമൂഹ്യ നീതിക്കും ഉന്നമനത്തിനും വേണ്ടിയുള്ള മന്ത്രാലയത്തിൽ സംസ്ഥാന സർക്കാർ അറിയിക്കേണ്ടതാണ്. കേരള സംസ്ഥാനത്തിനായി നീക്കിവെച്ചിരിക്കുന്ന അവാർഡുകളുടെ എണ്ണം 10 ആണ്. ഒമ്പതാം ക്ലാസ്സ് മുതൽ കോച്ചിംഗ് തുടങ്ങി പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള നാലു വർഷത്തേക്കായിരിക്കും കോച്ചിംഗ് നൽകുക. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 15,000 രൂപ വീതം താഴെപ്പറയുന്ന രീതിയിൽ പാക്കേജായി ഈ പദ്ധതിയിൽ കൂടി നൽകുന്നു.

1. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 8,000 രൂപ എന്ന നിരക്കിൽ

(എ) താമസം, ഭക്ഷണം തുടങ്ങിയ ചിലവുകൾക്കായി 500 രൂപ വീതം 10 മാസത്തേക്ക്.

(ബി) 10 മാസത്തേയ്ക്ക് പോക്കറ്റ് മണിയായി 100 രൂപ വീതം.

(സി) 2,000 രൂപ വീതം പുസ്തകങ്ങൾക്കും ലേഖന സാമഗ്രികൾക്കും.

2. പ്രിൻസിപ്പലിനും, വിദഗ്ദ്ധർമാർക്കുമുള്ള ഓണറേറിയവും മറ്റു ചാർജ്ജുകൾക്കുമായി പ്രതിവർഷം ഓരോ കുട്ടിക്കും 7,000 രൂപ വീതം നൽകുന്നു.

2016-17-ൽ 20.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

(സി) <u>പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ്മെട്രിക്) ബാബുജഗജീവൻ റാം ഛത്രവാസ് യോജന (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)</u>

(വിഹിതം: 400.00 ലക്ഷം രൂപ)

സംസ്ഥാന സർക്കാർ മുഖേന നടപ്പാക്കുന്ന പട്ടികജാതി പെൺകുട്ടികൾക്കായുള്ള ഈ പദ്ധതിക്ക് 100 ശതമാനം കേന്ദ്രസഹായം പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണവും ഉദ്ദേശിക്കുന്നു.

2016-17-ൽ 400.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

(ഡി) <u>ശുചിത്വഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ</u>

(വിഹിതം: 40.00 ലക്ഷം രൂപ)

ശുചിത്വഹീന തൊഴിലുകൾ, തുകൽ നിർമ്മാണം തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടവരുടെ മക്കൾക്ക് പ്രീമെട്രിക് വിദ്യാഭ്യാസത്തിനായുള്ള സാമ്പത്തിക സഹായം ചെയ്തു കൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വീട്ടിൽ താമസിച്ചു പഠിക്കുന്ന ഒന്നാം ക്ലാസ്സിലോ അല്ലെങ്കിൽ പ്രീമെട്രിക് ഘട്ടത്തിലുള്ള മറ്റു ക്ലാസ്സുകളിലോ പേര് ചേർത്തിട്ടുള്ള കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് കൊടുക്കുന്നു. അതുപോലെ ഹോസ്റ്റലിൽ താമസിക്കുന്ന മൂന്നാം ക്ലാസിലോ അല്ലെങ്കിൽ പ്രീമെട്രിക് ഘട്ടത്തിലുള്ള മറ്റു ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികൾക്കും ഈ സ്കോളർഷിപ്പ് നൽകുന്നു. 10-ാംക്ലാസ്സോടുകൂടി ഈ സ്കോളർഷിപ്പുകൾ അവസാനിക്കുന്നു. ഒരു അദ്ധ്യയന വർഷത്തേക്കുള്ള ഈ സ്കോളർഷിപ്പുകളുടെ കാലയളവ് 10 മാസമാണ്. ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് ഈ സ്കോളർഷിപ്പിന്റെ നിരക്ക് പ്രതിമാസം 700 രൂപയും വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസം 110 രൂപയുമാണ്. പ്രതിവർഷം വീട്ടിൽ താമസിച്ച് പഠിക്കുന്നവർ 750 രൂപയും, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 1,000 രൂപയും പ്രത്യേക ഗ്രാന്റായി നൽകാൻ പരിഗണിക്കുന്നതാണ്. വൈകല്യം അനുഭവിക്കുന്നവരെ ലക്ഷ്യം വെച്ചുള്ളതായ ചില അധിക നടപടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

മുൻകൂറായി തുക ചെലവഴിച്ച ശേഷം തുക നൽകാമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ വ്യവസ്ഥയുണ്ടെങ്കിൽ തുക മുൻകൂറായി നൽകുന്നതാണ്.

2016-17-ൽ 40.00 ലക്ഷം രൂപ 100% കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.

(ഇ) <u>ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)</u>

(വിഹിതം: 2000.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ ഉദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9-ാം ക്ലാസ്സിലും, 10-ാം ക്ലാസ്സിലും ഉള്ള വിദ്യാർത്ഥികളുടെ മാതാപിതാക്കളെ പിന്തുണയ്ക്കുന്നതുവഴി ഹൈസ്ക്കൂളിൽ നിന്ന് സെക്കന്ററി തലത്തിലേക്കുള്ള മാറ്റത്തിൽ പഠിത്തം നിർത്തിപോകുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നു.

(ബി) പ്രീമെട്രിക് സ്റ്റേജിൽ പഠിക്കുന്ന 9-ാം ക്ലാസ്സിലും, 10-ാം ക്ലാസ്സിലും ഉള്ള കുട്ടികളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതു വഴി അവരുടെ നിലവാരം മെച്ചപ്പെടുകയും, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ഘട്ടത്തിൽ കൂടുതൽ നന്നായി മുന്നേറാൻ പറ്റുന്നു.

(സി) മാതാപിതാക്കളുടെ വാർഷിക വരുമാനം 2.00 ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നു. സ്കോളർഷിപ്പിൽ ഉൾപ്പെടുന്ന കാര്യങ്ങൾ:

(i) സ്കോളർഷിപ്പും മറ്റു ഗ്രാന്റുകളും.

(ii) സ്വകാര്യ/അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ആ കോഴ്സ് കാലാവധി മുഴുവൻ അധിക അലവൻസുകൾ നൽകുന്നു. വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് 150 രൂപ സ്കോളർഷിപ്പും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 350 രൂപ വീതം 10 മാസം വരെ നൽകുന്നു. ബുക്കുകളും പ്രത്യേക ഗ്രാന്റുകളും വീട്ടിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിവർഷം 750 രൂപയും ഹോസ്റ്റലിൽ നിൽക്കുന്നവർക്ക് 1000 രൂപയും പ്രതിവർഷം നൽകുന്നു. ഒരു ക്ലാസ്സിൽ പഠിക്കുവാനുള്ള സ്കോളർഷിപ്പ് ഒരു പ്രാവശ്യമേ ലഭിക്കുന്നുള്ളൂ. മുൻകൂറായി തുക ചെലവഴിച്ച ശേഷം തുക നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥയുണ്ടെങ്കിൽ തുക മുൻകൂറായി നൽകുന്നതാണ്. 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി ഈ പദ്ധതി നടപ്പാക്കുന്നത് സംസ്ഥാന സർക്കാരാണ്.

2016-17-ൽ 2000.00 ലക്ഷം രൂപ 100% കേന്ദ്ര സഹായമായി ഈ പരിപാടിക്ക് പ്രതീക്ഷിക്കുന്നു.

**ഗ്രാമവികസന പരിപാടികൾ**

(എഫ്) എല്ലാവർക്കും വീട് (ഗ്രാമീൺ) (ഇന്ദിര ആവാസ് യോജന)—പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)

(വിഹിതം : 7680.00 ലക്ഷം രൂപ)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നൽകുകയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം. പുതിയ വീടുകൾ നിർമ്മിക്കുക, നിലവിലുള്ള മോശമായ വീടുകളെ നല്ല വീടുകളാക്കി നവീകരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

2016-17-ൽ 7680.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

(ജി) എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)

(വിഹിതം : 1050.00 ലക്ഷം രൂപ)

ഗ്രാമീണ മേഖലയിൽ ധാരാളം ചെറുകിട സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ പ്രത്യേക ഘടക പദ്ധതി പ്രകാരം 1050.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഈ വിഹിതം വകയിരുത്തിയിരിക്കുന്നത്.

**(ബി) പട്ടികവർഗ്ഗ വികസനം**

1. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (100% കേന്ദ്ര വിഹിതം)

(വിഹിതം : 5200.41 ലക്ഷം രൂപ)

ഈ പരിപാടിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

(വിഹിതം : 0.01 ലക്ഷം രൂപ)

പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക കോച്ചിംഗ് നൽകാനായി ഈ പദ്ധതി ഉദ്ദേശിക്കുന്നു. മുൻകൂറായി തുക ചെലവഴിച്ച ശേഷം തുക നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥയുണ്ടെങ്കിൽ മാത്രം തുക മുൻകൂറായി നൽകുന്നതാണ്. 100 ശതമാനം കേന്ദ്ര സഹായത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2016-17-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(ബി) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം(100% കേന്ദ്ര വിഹിതം)

(വിഹിതം : 350.00 ലക്ഷം രൂപ)

പെൺകുട്ടികളുടെ ഹോസ്റ്റലിന് വേണ്ടി സ്ഥിരം കെട്ടിടങ്ങൾ ഘട്ടം ഘട്ടമായി നിർമ്മിക്കാൻ ലക്ഷ്യമാക്കുന്ന പദ്ധതിയാണിത്. പെൺകുട്ടികളുടെ 44 ഹോസ്റ്റലുകളിൽ 43 എണ്ണത്തിന് മാത്രമേ സ്ഥിരം കെട്ടിടങ്ങളുള്ളൂ. ബാക്കിയുള്ളത് വാടകയ്ക്കോ അല്ലെങ്കിൽ താൽക്കാലികമായ ഷെഡ്ഡുകളിലോ ആണ് പ്രവർത്തിക്കുന്നത്. 2016-17-ൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ ജോലികൾ തീർക്കുന്നതിനുമായി 100 ശതമാനം കേന്ദ്ര സഹായമായി 350.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

2016-17-ൽ താഴെ പറയുന്ന ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു:

- പ്രീമെട്രിക് ഹോസ്റ്റൽ, ഓർകാഡ്, ഇടുക്കി ജില്ല.
- പ്രീമെട്രിക് ഹോസ്റ്റൽ, മീനാക്ഷിപുരം, പാലക്കാട് ജില്ല.
- പ്രീമെട്രിക് ഹോസ്റ്റൽ, ചാലക്കുടി, തൃശ്ശൂർ ജില്ല.
- പ്രീമെട്രിക് ഹോസ്റ്റൽ, മറയൂർ, ഇടുക്കി ജില്ല.
- പ്രീമെട്രിക് ഹോസ്റ്റൽ, ആറളം, കണ്ണൂർ ജില്ല.
- പ്രീമെട്രിക് ഹോസ്റ്റൽ, കട്ടേല, തിരുവനന്തപുരം ജില്ല.

(സി) 10-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്ര സഹായ പദ്ധതി)

(വിഹിതം : 500.00 ലക്ഷം രൂപ)

2012-13-ൽ ഇന്ത്യാ ഗവൺമെന്റ് ഗോത്രവർഗ്ഗകാര്യ മന്ത്രാലയം വഴി ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ 10-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ ആരംഭിച്ചു. 1-7-2012 മുതൽ ഈ പദ്ധതി നിലവിൽവന്നു. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന ഈ പദ്ധതിയുടെ 100 ശതമാനം സഹായവും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നു.

കേന്ദ്രത്തിൽ നിന്നുള്ള സഹായം പ്രത്യേക ഗ്രാന്റ് ആയിട്ടാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ പദ്ധതി പുതിയതായതിനാൽ സംസ്ഥാന ബജറ്റിൽ നിന്ന് ഇതിന്റെ ചെലവുകൾ നടത്തുകയും കേന്ദ്രത്തിൽ നിന്ന് ഇത് തിരിച്ചു കിട്ടാനുള്ള അവകാശം ഉന്നയിക്കുകയും ചെയ്യാവുന്നതാണ്. ഇപ്പോഴുള്ള വിദ്യാഭ്യാസ സഹായമായ ലംസം ഗ്രാന്റ്, പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് മാസംതോറുമുള്ള സ്റ്റൈപ്പന്റ് തുടങ്ങിയവ സംസ്ഥാനത്തെ നോൺ പ്ലാനിൽ നിന്നുമാണ് വഹിക്കുന്നത്. സംസ്ഥാനം ഇതേ നിരക്കിൽ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീമെട്രിക് സ്കോളർഷിപ്പിന്റെ ചെലവുകൾ നടത്തുന്നു.

2016-17-ൽ 500.00 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

(ഡി) പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടു കൂടിയ ഹോസ്റ്റലുകൾ

(വിഹിതം : 300.37 ലക്ഷം രൂപ)

സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക മാറ്റങ്ങൾക്കനുസരിച്ച് കൂടുതൽ വനിതകൾ തൊഴിലിനും ഉന്നത പഠനത്തിനും അപ്രന്റീസ് പരിശീലനത്തിനും വേണ്ടി നഗരങ്ങളിലും ഗ്രാമ പ്രദേശത്തും എത്താറുണ്ട്. സൗകര്യങ്ങളോടുകൂടി സുരക്ഷിതമായി താമസിക്കുക എന്നതാണ് അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നഗരങ്ങളിലും ഗ്രാമ പ്രദേശത്തും ജോലി നോക്കുന്ന വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിനാണ് കേന്ദ്ര സർക്കാരിൽ നിന്നും ധന സഹായം പ്രതീക്ഷിക്കുന്നത്. പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത

വിദ്യാഭ്യാസം ചെയ്യുന്നവർക്കും അപ്രന്റീസ് പരിശീലകർക്കും ഈ സൗകര്യം ലഭിക്കുന്നതാണ്. ഇത്തരം ജോലി നോക്കുന്ന വനിതകൾക്ക് 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാരോടൊപ്പം താമസിക്കാനുള്ള സൗകര്യം ലഭിക്കുന്നതാണ്. നിർദ്ദേശിക്കപ്പെട്ട വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ താഴെ പറയുന്നവയാണ്.

- വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റൽ, മരംപള്ളി, എറണാകുളം ജില്ല.
- വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റൽ, ഫോർഷോർ, എറണാകുളം ജില്ല.

കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം വിനിയോഗിക്കുന്നതിനായി 2016-17-ൽ ഈ പദ്ധതിക്കായി 300.37 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

(ഇ) ആർട്ടിക്കിൾ 275 (1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)

(വിഹിതം : 100.00 ലക്ഷം രൂപ)

ആർട്ടിക്കിൾ 275 (1) പ്രകാരം 29-7-2008-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കത്ത് നമ്പർ 14020/10/2008/എസ്.ജി.(1) പ്രകാരം 2008-09-ൽ 15.94 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കുന്നതിനായുള്ള ചെലവുകൾക്കായി സംസ്ഥാന ഗവൺമെന്റിന് നൽകി. (വനാവകാശം അംഗീകരിക്കൽ). ഇതിന്റെ വിഹിതം ഭൂമിയുടെ സർവ്വെയും, ഭൂമിയുടെ അവകാശം നൽകുന്നതിനും, നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും ഈ നിയമപ്രകാരം ഉള്ള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഉപയോഗിക്കുന്നു. കാസർഗോഡും ആലപ്പുഴയും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കി. 2016-17-ൽ കേന്ദ്ര സഹായമായി 100.00 ലക്ഷം രൂപ ഈ പദ്ധതിക്കായി പ്രതീക്ഷിക്കുന്നു.

(എഫ്) മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടെ കെട്ടിട നിർമ്മാണം [100 ശതമാനം കേന്ദ്ര സഹായം ആർട്ടിക്കിൾ 275 (1)പ്രകാരം]

(വിഹിതം : 370.00 ലക്ഷം രൂപ)

ഭരണഘടനയിലെ ആർട്ടിക്കിൾ 275 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് തെരഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയിലെ പൂക്കോട് ഉള്ള മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, ഇടുക്കി ജില്ലയിലെ മാതൃക റസിഡൻഷ്യൽ സ്ക്കൂൾ, തിരുവനന്തപുരത്ത് ഞാറനീലിയിലുള്ള മാതൃക റസിഡൻഷ്യൽ സ്ക്കൂളുകളുടെ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾ ലയിപ്പിച്ച് മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആർട്ടിക്കിൾ 275 (1) പ്രകാരം (100 ശതമാനം കേന്ദ്ര സഹായം) എന്ന് പുനർ നാമകരണം ചെയ്തു.

വയനാട്ടിലെ പൂക്കോട്ടുള്ള മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ 2000-2001-ലാണ് ആരംഭിച്ചത്. പൂക്കോട്ടുള്ള ഭൂമിയാണ് നിർമ്മാണ പ്രവർത്തനത്തിന് തെരഞ്ഞെടുത്തത്. ഇതിന്റെ രണ്ടാം ഘട്ടമായി 2002-03-ൽ കേന്ദ്ര സർക്കാർ 150.00 ലക്ഷം രൂപ അനുവദിച്ചു. ആകെ 250.00 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. ഓരോ ക്ലാസ്സുകളിലെയും 60 കുട്ടികളിൽ 30 പേർ ആൺകുട്ടികളും 30 പേർ പെൺകുട്ടികളുമായി മൊത്തം 300 കുട്ടികൾ 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി ഈ സ്ക്കൂളിൽ പഠിക്കുന്നു.

6-ാം ക്ലാസ്സിലേക്ക് കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനായി 2001-02-ലാണ് ഇടുക്കിയിലെ മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. ഓരോ ക്ലാസ്സുകളിലെയും 60 കുട്ടികളിൽ 30 പേർ ആൺകുട്ടികളും 30 പേർ പെൺകുട്ടികളുമായി മൊത്തം 300 കുട്ടികൾ 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലായി ഈ സ്ക്കൂളിൽ പഠിക്കുന്നു.

ഒരു താൽക്കാലിക കെട്ടിടത്തിൽ 2000-01-ലാണ് ഞാറനീലിയിലുള്ള മാതൃകാ റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. സ്കൂളിൽ സി.ബി.എസ്.ഇ. സിലബസാണ് തുടരുന്നത്. ഓരോ ക്ലാസ്സിലും 40 കുട്ടികൾ വീതം 480 കുട്ടികൾ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലായി പഠിക്കുന്നു.

2016-17-ൽ 100 ശതമാനം കേന്ദ്ര സഹായമായി 370.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. മുകളിൽ പറഞ്ഞ സ്ക്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും തുടർ ചെലവുകൾക്കും കൂടാതെ പുതിയ മാതൃകാ റസിഡൻഷ്യൽ സ്ക്കൂളിന്റെ നിർമ്മാണത്തിനും വിഹിതം വിനിയോഗിക്കാവുന്നതാണ്.

(ജി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

(വിഹിതം: 2500.00 ലക്ഷം രൂപ)

കേരളത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യാനുള്ള സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്- മുഖേനയാണ് (നെറ്റ് ബാങ്കിംഗ്).

- ലംസം ഗ്രാന്റ്
- സ്റ്റൈപ്പന്റ്
- ഹോസ്റ്റലുകളുടെ ചെലവുകൾ
- പോക്കറ്റ് മണി.

2014-15 വർഷത്തിൽ 13000 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി വഴി സഹായം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിയമ പ്രകാരം പദ്ധതിയുടെ അവസാന വർഷത്തെ ചെലവ് സംസ്ഥാന സർക്കാർ ചുമതലയായി ഏറ്റെടുക്കേണ്ടതാണ്. ഈ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഇത് 100 ശതമാനം ഇന്ത്യാ ഗവൺമെന്റിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു.

13600 വിദ്യാർത്ഥികളെ 2016-17-ൽ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ 100 ശതമാനം കേന്ദ്രവിഹിതമായി 2500.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

(എച്ച്) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം

(വിഹിതം: 80.00 ലക്ഷം രൂപ)

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരമുള്ള 5 ട്രേഡുകളിൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി രണ്ട് കേന്ദ്രങ്ങൾ തിരുവനന്തപുരത്തും ഇടുക്കിയിലും നിലവിൽ പ്രവർത്തിക്കുന്നു. മുൻകൂറായി തുക ചെലവഴിച്ച ശേഷം തുക നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥയുണ്ടെങ്കിൽ മാത്രം തുക മുൻകൂറായി നൽകുന്നതാണ്. 2016-17-ൽ 100 ശതമാനം കേന്ദ്രസഹായമായി 80.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

(ഐ) കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ

(വിഹിതം: 0.01 ലക്ഷം രൂപ)

2005-06 ഗോത്രവർഗ്ഗ കാര്യ മന്ത്രാലയം വഴി 50 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി സംസ്ഥാന ഗോത്രവർഗ്ഗ ഗവേഷക സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങളായ പരിശീലന ഹാൾ പുതിയതായി നിർമ്മിക്കുന്നതിനും, ലൈബ്രറി, ഹോസ്റ്റൽ കെട്ടിങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുമായി അനുവദിച്ചു. താഴെപ്പറയുന്ന ഘടകങ്ങളിലൂടെ ഈ തുക വിനിയോഗിക്കുന്നു:

- ലൈബ്രറിയുടെയും മ്യൂസിയത്തിന്റെയും നവീകരണം.
- പുതുതായി നിർമ്മിച്ച ട്രെയിനിംഗ് ഹാളിലേക്കും ഹോസ്റ്റലിലേക്കും ഫർണിച്ചറുകൾ, ആംപ്ലിഫയർ, പാത്രങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന്.

ഈ പദ്ധതി തുടർ വർഷങ്ങളിലേക്ക് സ്പിൽ ഓവർ ആയിരിക്കും. കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2016-17-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു:

(ജെ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം

(വിഹിതം : 0.01 ലക്ഷം രൂപ)

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ചെറുവന ഉൽപ്പന്നങ്ങളുടെ ശേഖരവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി ഇന്ത്യാ ഗവൺമെന്റ് ധനസഹായം നൽകാറുണ്ട്. താഴെ പറയുന്ന ഘടകങ്ങൾ ധനസഹായത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നു.

- ഓഹരി മൂലധന നിക്ഷേപം
- ചെറുവന ഉൽപ്പന്നങ്ങളുടെ ശേഖരണം
- ഗോഡൗൺ/വെയർഹൗസ് എന്നിവയുടെ നിർമ്മാണം

കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2016-17-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(കെ) പ്രാക്താന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി. പദ്ധതി)

(വിഹിതം : 0.01 ലക്ഷം രൂപ)

ട്രൈബൽ സബ് പ്ലാൻവഴിയുള്ള പ്രാക്തനാ ഗോത്ര വർഗ്ഗക്കാരുടെ പൊതുവികസന പരിപാടിക്കിടയിലുള്ള വിടവ് നികത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതി വഴി ഇന്ത്യാ ഗവൺമെന്റ് പ്രത്യേക പ്രോജക്ടു കളായ ആരോഗ്യം, വിദ്യാഭ്യാസം ഭൂമി സംബന്ധമായ കാർഷിക വികസന പരിപാടികൾ തുടങ്ങിയവയ്ക്കായുള്ള തുകകൾ അനുവദിക്കുന്നു. 2009-10-ൽ ഇന്ത്യാഗവൺമെന്റ് 960 ലക്ഷം രൂപ ഏറ്റവും മോശമായ അവസ്ഥയിൽ താമസിക്കുന്ന പ്രാക്തന ഗോത്രവിഭാഗങ്ങൾക്ക് സംരക്ഷണ ത്തോട് കൂടിയുള്ള വികസന പദ്ധതിക്കായി അനുവദിക്കുകയും അതിലെ 50 ശതമാനം ഭവന നിർമ്മാണത്തിനായും 50 ശതമാനം ഉപജീവനത്തിനായും മാറ്റിവച്ചിരിക്കുന്നു. കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2016-17-ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു.

(എൽ) വനബന്ധു കല്ല്യാൺ യോജന (പുതിയ പദ്ധതി)

(വിഹിതം : 1000.00 ലക്ഷം രൂപ)

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴി ലുള്ള പട്ടികവർഗ്ഗ കാര്യ മന്ത്രാലയം തുടങ്ങിയ പദ്ധതിയാണി ത്. ഈ പദ്ധതി പ്രാരംഭാടിസ്ഥാനത്തിൽ പത്ത് സംസ്ഥാനങ്ങ ളിൽ നടത്തിവരികയാണ്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോ ടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്രവികസന ത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്ന ത്. സംസ്ഥാന സർക്കാർ 2015-20 ലേക്കായി ഒരു ദീർഘവീ ക്ഷണ പദ്ധതി കേന്ദ്രസർക്കാരിന് ഇതിലേക്കായി സമർപ്പിച്ചിട്ടു ണ്ട്. ഈ പദ്ധതിയിൽ പ്രതിപാദിക്കുന്ന ഘടകങ്ങൾ താഴെ കൊടുക്കുന്നു:

- ഗുണനിലവാരമുള്ളതും സുസ്ഥിരവുമായ തൊഴിൽ.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകൽ.
- പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക.
- സമ്പൂർണ്ണ ആരോഗ്യം.
- സമ്പൂർണ്ണ ഭവനം.
- ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽ ക്കൽ ലഭ്യമാക്കുക.
- സ്ഥലത്തിന് അനുയോജ്യമായ ജലസേചന സൗകര്യങ്ങൾ.
- അടുത്തുള്ള ടൗൺ/സിറ്റികളെയും ബന്ധിപ്പിക്കുന്ന തിനുള്ള എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ്.
- എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക.
- നഗര വികസനം.
- പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോൽസാഹിപ്പിക്കുക.
- പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണവും പ്രോൽസാഹനവും.

2016-17 വർഷത്തിൽ 1000.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി ഈ പദ്ധതിക്ക് പ്രതീക്ഷിക്കുന്നു.

**ഗ്രാമവികസന പരിപാടികൾ**

2. എല്ലാവർക്കും വീട് (ഗ്രാമീൺ)-(ഇന്ദിര ആവാസ് യോജന) (പട്ടികവർഗ്ഗ ഉപപദ്ധതി) (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 3921.54 ലക്ഷം രൂപ)

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നൽകാൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ എല്ലാവർക്കും വീട് (ഗ്രാമീൺ)-(ഇന്ദിര ആവാസ് യോജന)യിലൂടെ ലക്ഷ്യമിടുന്നു. പുതിയ വീടുകൾ നിർമ്മിക്കുകയും നിലവിലുള്ള മോശമായ വീടുകളെ നല്ല വീടുകളാക്കി നവീകരിക്കുകയുമാണ് ഈ പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

2016-17-ൽ 3921.54 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കുവേണ്ടി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തി യിരിക്കുന്നത്.

3. എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) (60 % കേന്ദ്ര വിഹിതം)

(വിഹിതം : 382.00 ലക്ഷം രൂപ)

ഗ്രാമീണ മേഖലയിൽ ധാരാളം ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016-17-ൽ പട്ടികവർഗ്ഗ ഉപ പദ്ധതിപ്രകാരം 382.00 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം പ്രതീക്ഷിക്കുത്.

**സി. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വികസനം**

1. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

(വിഹിതം : 5000.00 ലക്ഷം രൂപ)

പോസ്റ്റ് മെട്രിക്കുലേഷൻ അല്ലെങ്കിൽ പോസ്റ്റ് സെക്കൻഡറി തലങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പുകൾ നൽകുന്നു. എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത, മാതാപിതാക്കളുടെ തൊഴിൽരഹിതരായ മക്കൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്.

2016-17-ൽ ഈ പദ്ധതിക്കായി 5000.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

**ഡി. ന്യൂനപക്ഷങ്ങളുടെ ക്ഷേമം**

1. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലുള്ള ബഹുമേഖലാ വികസന പരിപാടികൾ (75 % കേന്ദ്ര സഹായ വിഹിതം)

(വിഹിതം : 1500.00 ലക്ഷം രൂപ)

75 ശതമാനം കേന്ദ്ര വിഹിതമായി ന്യൂനപക്ഷ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ബഹുമേഖലാ വികസന പദ്ധതിയുടെ ലക്ഷ്യം. പന്ത്രണ്ടാം പദ്ധതിയിൽ ന്യൂനപക്ഷകാര്യ വകുപ്പ് വയനാട്ടിലെ നാല് ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ ഒരു ടൗണും (പൊന്നാനി), 12 ജില്ലകളിൽ നിന്ന് 42 ക്ലസ്റ്റർ വില്ലേജുകളും തെരഞ്ഞെടുത്തു. ഇതുകൂടാതെ സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ഗ്രാമങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

2016-17-ൽ 1500.00 ലക്ഷം രൂപ 75 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

2. ഉസ്താദ് (USTTAD)-(പാരമ്പര്യ കലകൾ പരിപോഷിപ്പിക്കുന്നതിനും, കരകരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനവും നൈപുണ്യവികസനവും) (പുതിയ പദ്ധതി) (100% കേന്ദ്ര വിഹിതം)

(വിഹിതം : 500.00 ലക്ഷം രൂപ)

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കിയ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉസ്താദ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 2014-15 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി പാരമ്പര്യകലകൾ പരിപോഷിപ്പിക്കുന്നതിനും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനവും നൈപുണ്യ വികസനവും ലക്ഷ്യമിടുന്നു. ഇന്ത്യാ രാജ്യം അറിയപ്പെടുന്നത് അതിന്റെ പാരമ്പര്യത്തിലും സംസ്കാരത്തിലും ആണ്. ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങൾ അറിയപ്പെടുന്നത് അവരുടെ പരമ്പരാഗതമായ നൈപുണ്യത്തിലും കലയിലും കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിലുമാണ്. പക്ഷേ മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയും ആഗോള വൽക്കരണവും, കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരുടേയും കരകൗശലപ്പണിക്കാരുടേയും സാമൂഹ്യവും സാമ്പത്തികവുമായ അധഃപതനവും ഇന്നത്തെ അവസ്ഥ പുതുതലമുറയെ ഈ രംഗത്തേക്ക് കടന്നുവരുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ഇവ സംരക്ഷിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതുമാണെന്ന ഉത്തമ ബോധം കേന്ദ്ര സർക്കാരിനുണ്ട്. കുടിൽ വ്യവസായം, ചെറുകിട വ്യവസായം എന്നിവയുടെ നട്ടെല്ലായ പാരമ്പര്യ കലകളേയും, സംരംഭകത്വ നൈപുണ്യത്തെയും സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിലൂടെ ഈ മേഖലയിൽ വിപണന സാധ്യത ഉറപ്പിക്കുന്നതിനും അതിലൂടെ വാണിജ്യമുദ്ര പതിപ്പിക്കുന്നതിനും ഖ്യാതി നേടുന്നതിനും വഴിവെയ്ക്കുന്നതാണ്. താഴെ പറയുന്ന ഈ പദ്ധതിയുടെ ഘടകങ്ങളാണ്:

1. ബന്ധപ്പെട്ട സ്ഥാപനങ്ങളിലൂടെ പാരമ്പര്യകലകൾ പരിപോഷിപ്പിക്കുന്നതിനും കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള നൈപുണ്യ വികസനവും പരിശീലനവും നൽകുക.
2. ഈ മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമായി 'ഉസ്താദ്' സ്കോളർഷിപ്പ് നൽകുക.
3. പാരമ്പര്യ കലകൾക്കും കരകൗശല വസ്തുക്കൾ പരിപാലിക്കുന്നതിനുമുള്ള ക്രാഫ്റ്റ് മ്യൂസിയത്തിന് സഹായം നൽകുക.
4. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ശില്പികളെയും കരകൗശലപ്പണിക്കാരെയും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുവാൻ സഹായിക്കുക.

2016-17-ൽ 500.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

**9.12 സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

1. സംയോജിത ശിശു സംരക്ഷണ പദ്ധതി (60% കേന്ദ്ര വിഹിതം)

(വിഹിതം: 2400.00 ലക്ഷം രൂപ)

ജൂവനൈൽ ജസ്റ്റീസ്, ദത്തെടുക്കൽ എന്നീ പദ്ധതികളുടെ നിലവിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണിത്. ശിശു സംരക്ഷണവും ശിശുക്കൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന ശിശുസംരക്ഷണ യൂണിറ്റ്, സംസ്ഥാന ശിശുസംരക്ഷണ സൊസൈറ്റി, ജില്ലാ ശിശു സംരക്ഷണ സൊസൈറ്റി, ശിശുക്ഷേമ കമ്മിറ്റികൾ, ജൂവനൈൽ ജസ്റ്റീസ് ബോർഡ്, ജെ. ജെ. ആക്ട് 2000 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, സ്പെഷ്യൽ അഡോപ്ഷൻ റിസോഴ്സ് ഏജൻസി, അഭയ ഭവനങ്ങൾ, തുറന്ന അഭയ ഭവനങ്ങൾ, ചൈൽഡ്ലൈൻ എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളായി പ്രവർത്തിക്കുന്നു. സംയോജിത ശിശുസംരക്ഷണപദ്ധതിയുടെ കീഴിൽ വരുന്ന മുകളിൽ പറഞ്ഞിട്ടുള്ള ഘടകങ്ങളുടെ പ്രവർത്തന ചെലവ് ഐ. സി. പി. എസ്.-ൽ നിന്നും വഹിക്കുന്നതാണ്. ജൂവൈനൽ ജസ്റ്റീസ് ആക്ട് (ശ്രദ്ധയും പരിചരണവും), ശൈശവ വിവാഹ നിരോധന നിയമം, കേരള ഭിക്ഷാടന നിരോധന നിയമം, ചൈൽഡ് റൈറ്റ് കൺവെൻഷൻ പരിപാടികൾ, ദത്തെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങൾ

തുടങ്ങിയ സാമൂഹ്യ നിയമങ്ങൾ അനുശാസിക്കുന്ന പരിപാടികൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. സംസ്ഥാനം പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള കുട്ടികളുടെ ട്യൂഷൻ ഫീസ്, ഉന്നത വിദ്യാഭ്യാസ ധനസഹായം, പഠന സാമഗ്രികളുടെ വിതരണം, ലൈബ്രറി സംവിധാനം, വിനോദയാത്ര, സ്പോർട്സ് ഉപകരണങ്ങൾ, ഐ.ടി. സംവിധാനം, ലാപ്ടോപ്, യൂണിഫോം, സൗന്ദര്യവർദ്ധക സാമഗ്രികൾ, തുടങ്ങിയവയുടെ ചെലവും ഈ പദ്ധതിയിൽ നിന്നും വഹിക്കേണ്ടതുണ്ട്. കുട്ടികളുടെ ബൗദ്ധിക കഴിവുകൾ വികസിപ്പിക്കാനും അവരുടെ ആരോഗ്യപരിപാലനത്തിനുമുള്ള പരിപാടികൾ, മരുന്നു വാങ്ങാനുള്ള ചെലവ്, കല, കായികം, ഐ. റ്റി. തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ താൽക്കാലിക നിയമനം, കുട്ടികളുടെ കഴിവുകൾ ഉയർത്താനുള്ള പരിപാടികൾ, ചൈൽഡ്‌ലൈനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എല്ലാ വിഷയങ്ങളിലും ഏറ്റവും കൂടുതൽ ഗ്രേഡ് കരസ്ഥമാക്കുന്ന 7, 8, 9, 10 സ്റ്റാന്റേർഡുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ/സ്കോളർഷിപ്പ് ഏർപ്പെടുത്തൽ, സ്റ്റുഡന്റ് പ്രോജക്ട്/സെമിനാർ/മൽസരം, ഏറ്റവും മികച്ച വിദ്യാർത്ഥികൾക്കും സഹായ സ്റ്റാഫിനുമുള്ള അവാർഡ്, ഒബ്സർവേഷൻ ഹോമുകളിലും സ്പെഷ്യൽ ഹോമുകളിലും സെക്യൂരിറ്റി സർവ്വലെയൻസ് സിസ്റ്റം ഏർപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളുടെ ചെലവും വഹിക്കേണ്ടതുണ്ട്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 2400.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്ക് പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

2. <u>ഐ. സി. ഡി. എസ്. പരിശീലന പരിപാടി</u> (60% കേന്ദ്ര വിഹിതം)

(വിഹിതം : 630.00 ലക്ഷം രൂപ)

ശൈശവാരംഭത്തിലുള്ള കുട്ടികൾക്ക് ഗുണനിലവാരമുള്ള പരിപാലനവും വികസനവും ലഭ്യമാക്കുന്നതിന് ഐ. സി. ഡി. എസ്. പ്രവർത്തകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ദേശീയ കാൽവെയ്പാണ് ഐ. സി. ഡി. എസ്. പ്രവർത്തകരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ദേശീയ കാൽവെയ്പാണ് ഐ. സി. ഡി. എസ്. പരിശീലന പരിപാടി. ഈ പരിപാടിയുടെ വിജയത്തിന് പരിശീലനം വളരെ പ്രധാനപ്പെട്ടതാണ്. ഐ. സി. ഡി. എസ്. സൂപ്പർവൈസർ, അംഗനവാടി ജോലിക്കാർ, ഹെൽപ്പർമാർ ഉൾപ്പെടെ എല്ലാ ഐ. സി. ഡി. എസ്. പ്രവർത്തകർക്കും ആരംഭത്തിൽ തൊഴിൽ പരിശീലനവും എല്ലാ രണ്ട് വർഷം കൂടുമ്പോഴും ഓറിയന്റേഷൻ പരിശീലനവും റിഫ്രെഷർ പരിശീലനവും നൽകുന്നു. ഈ പരിപാടിയിൽ 60:40 എന്ന ക്രമത്തിലായിരിക്കും കേന്ദ്ര സംസ്ഥാന വിഹിതം പങ്കിടൽ എന്ന് പ്രതീക്ഷിക്കുന്നു. പരിശീലന പരിപാടിയുടെ തുടർ നടത്തിപ്പിനായി 2016-17-ൽ 630.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

3. <u>കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പദ്ധതി (60% കേന്ദ്രവിഹിതം)</u>

(വിഹിതം : 1596.00 ലക്ഷം രൂപ)

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരം ഉയർത്തുന്നതിന് കൊല്ലം, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്ന കേന്ദ്ര പദ്ധതിയാണിത്. 11-നും 18-നും ഇടയിൽ പ്രായമായ പെൺകുട്ടികളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഐ. സി. ഡി. എസ്.-ന്റെ വേദി ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൗമാരക്കാരായ പെൺകുട്ടികളെ സ്വയംതൊഴിലിന് പ്രാപ്തരാക്കുക, അവരുടെ ശാക്തീകരണം, പോഷകാഹാര ആരോഗ്യപരിപാലനം, അരോഗ്യശുചിത്വം, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, പൊതു സേവനങ്ങളെക്കുറിച്ചുള്ള വിവരവും ഉപദേശവും നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്രസർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 1596.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്രവിഹിതമായി വകയിരുത്തുന്നു.

4. <u>ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ്യോജന (60% കേന്ദ്ര വിഹിതം)</u>

(വിഹിതം : 945.00 ലക്ഷം രൂപ)

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യപോഷക നിലവാരം ഉയർത്താനുള്ള ഒരു കേന്ദ്ര പദ്ധതിയാണിത്. ഗർഭകാലത്ത് ശരിയായ പരിചരണം നേടുന്നതിനും നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നതിനും ആറു മാസം വരെ കുട്ടികൾക്ക് മുലപ്പാൽ നൽകുന്നതുൾപ്പെടെ ഐ. വൈ.സി. എഫ്. ശീലങ്ങൾ സ്ത്രീകളിൽ വളർത്തിയെടുക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക, ഗർഭിണികളുടേയും പാലൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തി അവരുടെ ജീവിത സാഹചാര്യം ഉയർത്താൻ ധനസഹായം നൽകുക, അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രോൽസാഹനം നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 945.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

5. <u>ദേശീയ സാമൂഹ്യ സഹായപദ്ധതി (എൻ.എസ്സ്.എ. പി.) (100% കേന്ദ്രവിഹിതം)</u>

(വിഹിതം : 10250.00 ലക്ഷം രൂപ)

ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്ക് വാർദ്ധക്യം, അംഗവൈകല്യം, വൈധവ്യം, കുടുംബനാഥന്റെ/നാഥയുടെ മരണം എന്നീ സാഹചര്യങ്ങളിൽ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി, ദേശീയ ഫാമിലി ബെനിഫിറ്റ് സ്കീം, അന്നപൂർണ്ണ പദ്ധതി എന്നിവയാണ് ഈ പരിപാടിയുടെ അഞ്ച് ഘടകങ്ങൾ. സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പാണ് അന്നപൂർണ്ണ പദ്ധതി നടപ്പാക്കുന്നത്. 2016-17 ബഡ്ജറ്റിൽ 10250.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്രസഹായമായി വകയിരുത്തുന്നു.

**പുതിയ പദ്ധതി**

6. <u>ബേട്ടി ബച്ചാവോ ബേട്ടി പഡാവോ പദ്ധതി (100% കേന്ദ്രവിഹിതം)</u>

(വിഹിതം : 100.00 ലക്ഷം രൂപ)

സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ദീർഘ കാലയളവിൽ പരിഹാരം കാണുക, കുട്ടികളുടെ ജനസംഖ്യയിൽ കുറഞ്ഞുവരുന്ന ആൺ പെൺ അനുപാതത്തിന് പ്രതിലോമമായ പരിഹാരം കാണുക എന്നിവയാണ്, 100 ശതമാനം കേന്ദ്ര

പദ്ധതിയായ ഈ പദ്ധതിയുടെ ലക്ഷ്യം. പക്ഷപാതപരമായി ലിംഗ തെരഞ്ഞെടുപ്പ് നടത്തി ഗർഭധാരണം ഒഴിവാക്കുന്ന പ്രവണതയ്ക്ക് തടയിടുക, പെൺകുട്ടികളുടെ നിലനിൽപ്പ്, സംരക്ഷണം കൂടാതെ അവരുടെ വിദ്യഭ്യാസം, പങ്കാളിത്തം എന്നിവയ്ക്ക് ഈ പദ്ധതി ഊന്നൽ നൽകുന്നു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പ്രാപ്തമാക്കുന്നതിനും അവരെ ശാക്തീകരിക്കുന്ന തിനുമുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നതാണ്. ദേശീയ തലത്തിൽ ഈ പദ്ധതി 100 ജില്ലകളിൽ നടപ്പാക്കും. കേരളത്തിൽ ഈ പദ്ധതി പൈലറ്റ് പ്രോജക്ടായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കും. സംസ്ഥാനം/ജില്ല കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കാൻ 2016-17-ൽ 100.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ വിഹിതമായി വകയിരുത്തുന്നു.

## 9.13 പോഷകാഹാരം

1. സംയോജിത ശിശുവികസന സേവനങ്ങൾ (60% കേന്ദ്രവിഹിതം)

(വിഹിതം : 29940.00 ലക്ഷം രൂപ)

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് "സംയോജിത ശിശുവികസന സേവനങ്ങൾ". കുട്ടികളുടെ ശൈശവാവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽനിന്നും മാറ്റി നിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. സംസ്ഥാനത്ത് നിലവിൽ 258 സംയോജിത ശിശുവികസനപദ്ധതി കേന്ദ്രങ്ങളും 33115 അംഗൻവാടി കേന്ദ്രങ്ങളുമാണുള്ളത്. അംഗൻവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ച് നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്:

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൻസ് സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

പദ്ധതി നടപ്പിലാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, അംഗൻവാടി കേന്ദ്രങ്ങൾ ക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ.ഇ.സി. പ്രവർത്തനങ്ങൾ, അംഗൻവാടി ആകസ്മിക ചെലവുകൾ, യൂണിഫോം തുടങ്ങിയവ നടപ്പാക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽപ്പെടുന്നു. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ പദ്ധതി തുടരാൻ 29940.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര വിഹിതമായി വകയിരുത്തുന്നു.

2. പൂരക പോഷകാഹാര പരിപാടി (60% കേന്ദ്രവിഹിതം)

(വിഹിതം : 3000.00 ലക്ഷം രൂപ)

മൂന്നുവയസ്സിനു താഴെയുള്ള കുട്ടികൾ, പ്രീ സ്കൂൾ കുട്ടികൾ, ഗർഭിണികളായ സത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം നൽകുക എന്ന ലക്ഷ്യം നിറവേറ്റാനുള്ള ഒരു കേന്ദ്ര പദ്ധതി യാണിത്. സംസ്ഥാന സർക്കാരിന്റെ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നീ പരിപാടികളിലൂടെ അംഗനവാടികളുടെ മേൽനോട്ടവും നിയന്ത്രണവും, പൂരകപോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദി ത്വവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ. സി. ഡി. എസ്. മാനദണ്ഡ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാര സാധനങ്ങൾ തെരഞ്ഞടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. അംഗനവാടി സെന്ററുകൾ മുഖേനയാണ് ഈ പരിപാടി നടത്തിവരുന്നത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ ഈ പദ്ധതി നടപ്പാക്കാൻ 3000.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്രവിഹിതമായി വകയിരുത്തുന്നു.

3. കിഷോരി ശക്തിയോജന (60% കേന്ദ്രവിഹിതം)

(വിഹിതം : 115.00 ലക്ഷം രൂപ)

പതിനൊന്നിനും പതിനെട്ടിനും ഇടയിൽ പ്രായമായ കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്താൻ ഐ. സി. ഡി. എസ്. വേദി ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന ഒരു കേന്ദ്രപദ്ധതിയാണിത്. കൗമാരക്കാരായ പെൺകുട്ടികൾക്ക് തൊഴിൽപരിശീലനം, ആരോഗ്യ ക്ലിനിക്കുകൾ, ആരോഗ്യ പോഷകാഹാര ദിനങ്ങളുടെ ആഘോഷം, വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗും വിലയിരുത്തലും, ഓറിയന്റേഷൻ പരിപാടി, സ്റ്റേഷനറി ചെലവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിപ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സൽക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17-ൽ 115.00 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്രസഹായമായി വകയിരുത്തുന്നു.

# X. സാമ്പത്തിക സർവ്വീസുകൾ

## സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

## 10.1 പോലീസ്

1. പോലീസ് സേനകളുടെയും മറ്റ് സേനാ വിഭാഗങ്ങളുടേയും നവീകരണത്തിനുള്ള ദേശീയ പരിപാടി (കേന്ദ്രവിഹിതം 60%)

(വിഹിതം: 3000.00 ലക്ഷം രൂപ)

പോലീസ് സേനകളുടെയും മറ്റ് സേനാവിഭാഗങ്ങളുടെയും നവീകരണത്തിനുള്ള പദ്ധതി 60:40 എന്ന ക്രമത്തിൽ ഫണ്ട് വിഭജനം നടത്തുന്ന പ്രധാന കേന്ദ്ര സെക്ടർ പദ്ധതിയാണ്. തീവ്രവാദപ്രവർത്തന ബാധിത പ്രദേശങ്ങളിൽ പ്രത്യേകമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനങ്ങളിലെ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ട അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക, പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക, പോലീസ് സ്റ്റേഷന് കെട്ടിട നിർമ്മാണം, പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കുവാനുള്ള കെട്ടിട നിർമ്മാണം, കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും

സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം രേഖപ്പെടുത്തുക, കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസ്റ്റ് സ്കൂളുകൾ സ്ഥാപിക്കുക, പൗരസേനാ (സിവിൽ ഡിഫൻസ്) സംവിധാനം നവീകരിക്കുക, അഗ്നിശമന സംവിധാനവും അടിയന്തിര സേവനങ്ങളും ശക്തിപ്പെടുത്തുക മുതലായവ ഇതിൽപ്പെടുന്നു. 2016-17 ബഡ്ജറ്റിൽ കേന്ദ്രവിഹിതമായി 3000 ലക്ഷം രൂപ വകയിരുത്തുന്നു.

2. ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി എൻ. സി. ആർ. എം. പി. (കേന്ദ്ര വിഹിതം 75%)

(വിഹിതം: 900.00 ലക്ഷം രൂപ)

കൊടുങ്കാറ്റ് അപകടസാദ്ധ്യതയുള്ള 13 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കൊടുങ്കാറ്റിൽനിന്നുള്ള അപകടങ്ങളും മറ്റ് ജല കാലാവസ്ഥാ അപകടങ്ങളും അപകടസാധ്യതയും ഏറ്റവും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ഒരു കേന്ദ്ര ഗവൺമെന്റ് സഹായ പദ്ധതിയാണ് എൻ. സി. ആർ. എം. പി. കേരളത്തെ പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്കൊപ്പം രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന്റെ നടപ്പിലാക്കലിനായി കേരള ഗവൺമെന്റും ലോകബാങ്കുമായി 11-8-2015-ന് കരാർ ഒപ്പുവച്ചു. ദുരന്തങ്ങളോട് ഫലപ്രദമായി പ്രതികരിക്കാനും രക്ഷപ്പെടാനുമുള്ള സംസ്ഥാനങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഇതിന്റെ പ്രധാന ഘടകങ്ങൾ (1) മുന്നറിയിപ്പ് സംവിധാനം (100% കേന്ദ്രം) (2) കൊടുങ്കാറ്റ് അപകട ലഘൂകരണ അടിസ്ഥാന സൗകര്യങ്ങൾ (75% കേന്ദ്രം 25% സംസ്ഥാനം) ഇതിൽ 27 വിവിധോദ്ദേശ്യ കൊടുങ്കാറ്റ് അഭയ കേന്ദ്രങ്ങളും 9 ജില്ലകളിൽ അപ്രോച്ച് റോഡുകളും ഉൾപ്പെടുന്നു. (3) ദുരന്ത നിവാരണ സംവിധാനത്തിന് സാങ്കേതിക സഹായം (100% കേന്ദ്രം) (4) പദ്ധതി കൈകാര്യം ചെയ്യലും, നടപ്പിലാക്കുന്നതിന് പിന്തുണയും (100% കേന്ദ്രം).

2016-17 വർഷത്തേയ്ക്ക് രണ്ടാമത്തെ ഉപഘടകം പൂർത്തീകരിക്കുന്നതിന് 900 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 10.2 സാമ്പത്തിക ഉപദേശവും സ്ഥിതി വിവരകണക്കുകളും

1. ചെറുകിട ജലസേചന സ്ഥിതിവിവരകണക്കുകൾ യുക്താനുസൃതമാക്കൽ (100% കേന്ദ്ര വിഹിതം)

(വിഹിതം: 79.50 ലക്ഷം രൂപ)

ഭാരത സർക്കാരിന്റെ ജലവിഭവ മന്ത്രാലയം നടപ്പാക്കുന്ന 'ജലവിഭവ വിവരസംവിധാനങ്ങളുടെ വികസനം' എന്ന കേന്ദ്ര പദ്ധതിയുടെ ഒരു ഉപപദ്ധതിയാണിത്. വിവിധ ഏജൻസികൾ നടപ്പാക്കുന്ന ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ചുള്ള വിശ്വസനീയമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും വിശേഷാൽ സർവ്വേകളും പഠനങ്ങളും നടത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. വിവിധ വകുപ്പുകളും ധനകാര്യ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കുന്ന ചെറുകിട ജലസേചന പദ്ധതികളെ അവലോകനം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു ചെറുകിട ജലസേചന സമിതി വിവരക്കണക്ക് സെൽ 1987 മുതൽ പ്രവർത്തിക്കുന്നുണ്ട്. ഈ സെല്ലിന്റെ പ്രാഥമിക ചുമതല, സംസ്ഥാനത്തെ ചെറുകിട ജലസേചന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ത്രൈമാസാടിസ്ഥാനത്തിൽ ഭാരത സർക്കാരിന് വിവരം നൽകുക എന്നതാണ്. ചെറുകിട ജലസേചന സെൻസസ് അഞ്ച് വർഷത്തിലൊരിക്കൽ നടത്തുകയെന്നതും ചെറുകിട ജലസേചന സ്കീമുകളെക്കുറിച്ച് സമയാസമയങ്ങളിൽ സാമ്പിൾ സർവ്വേ നടത്തുകയെന്നതും സെല്ലിന്റെ ചുമതലയാണ്. ഇതുവരെ ചെറുകിട ജലസേചനത്തെ സംബന്ധിക്കുന്ന നാല് സെൻസസുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2011-12 അടിസ്ഥാന വർഷമാക്കിയുള്ള അഞ്ചാമത് സെൻസസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവർത്തനങ്ങൾ 2016-17-ൽ പൂർത്തിയാക്കുന്നതാണ്. ചെറുകിട ജലസേചന സ്ഥിതി വിവരക്കണക്ക് സെല്ലിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുന്നതിനും സെല്ലിന്റെ മറ്റ് ചെലവുകൾ വഹിക്കുന്നതിനുമുള്ള കേന്ദ്ര വിഹിതമായി 2016-17-ൽ 79.50 ലക്ഷം രൂപ വകയിരുത്തുന്നു.

2. കാർഷിക സെൻസസ് (100% കേന്ദ്ര വിഹിതം)

(വിഹിതം: 82.00 ലക്ഷം രൂപ)

ഭാരത സർക്കാരിന്റെ കാർഷിക മന്ത്രാലയം നടപ്പാക്കുന്ന "കാർഷിക സെൻസസ്, സാമ്പത്തിക-സ്ഥിതി വിവരകണക്കുകൾ എന്നിവയ്ക്കായുള്ള സംയോജിത പരിപാടി" എന്ന കേന്ദ്ര പദ്ധതിയുടെ ഒരു ഉപപദ്ധതിയാണ് 'കാർഷിക സെൻസസ്'. ഈ പദ്ധതി പ്രകാരം, ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യ-കാർഷിക സംഘടന (എഫ്. എ. ഒ.) പത്ത് വർഷത്തിലൊരിക്കൽ നടത്തുന്ന ലോക കാർഷിക സെൻസസിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ച് ഭാരതത്തിലും 1970-71 മുതൽ കൃത്യമായി അഞ്ച് വർഷത്തിലൊരിക്കൽ കാർഷിക സെൻസസ് നടത്തിവരുന്നു. കേരളത്തിൽ ഈ സെൻസസ് നടത്തിവരുന്ന ഏജൻസി സാമ്പത്തിക-സ്ഥിതി വിവരകണക്ക് വകുപ്പാണ്. ഭൂവിനിയോഗം, കൃഷിയിടങ്ങളുടെ വിസ്തീർണ്ണം, വിവിധ വിളകൾക്കുള്ള ഭൂവിനിയോഗരീതി, വളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം, കാർഷിക ഉപകരണങ്ങളും കാർഷിക വായ്പയും, ജലസേചന സൗകര്യങ്ങളുടെ സ്ഥിതി മുതലായവയെക്കുറിച്ച് വിലയിരുത്തൽ നടത്തി പുതിയ കാർഷിക പരിപാടികളും നയങ്ങളും രൂപീകരിക്കുന്നതിന് ആവശ്യമായ ബെഞ്ച്മാർക്ക് ഡേറ്റ ലഭ്യമാക്കുകയാണ് സെൻസസിന്റെ ലക്ഷ്യം.

2010-11 അടിസ്ഥാന വർഷമാക്കിയുള്ള 9-ാമത് കാർഷിക സെൻസസിന്റെയും ഇതിന് തുടർച്ചയായി 2011-12 സൂചിത കാലയളവായി നടത്തിയ ഇൻപുട്ട് സർവ്വേയുടെയും റിപ്പോർട്ട് തയ്യാറാക്കി ഭാരത സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പരമ്പരയിലെ 10-ാമത് സെൻസസിന്റെ പ്രവർത്തനങ്ങൾ 2016-17-ൽ ആരംഭിക്കേണ്ടതുണ്ട്. 2016-17-ൽ പ്രതീക്ഷിത കേന്ദ്രസഹായമായി വകയിരുത്തുന്ന 82 ലക്ഷം രൂപ കാർഷിക സെൻസസിന്റെ നടത്തിപ്പിനായി ആസ്ഥാന ഓഫീസിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് ചെലവുകൾ, അച്ചടിചെലവുകൾ, യാത്രാചെലവുകൾ മുതലായവ വഹിക്കുന്നതിനായാണ്.

3. സംസ്ഥാനത്തെ ജനന-മരണ-വിവാഹ സ്ഥിതിവിവരകണക്കുകൾ മെച്ചപ്പെടുത്തൽ (100% കേന്ദ്ര വിഹിതം)

(വിഹിതം: 7.50 ലക്ഷം രൂപ)

1996-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമം ജനനങ്ങളുടേയും മരണങ്ങളുടേയും റിപ്പോർട്ടിംഗും രജിസ്റ്റർ ചെയ്യലും രാജ്യത്തുടനീളം നിർബന്ധമാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് മരണത്തിന്റെ

കാരണങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിക്കുക എന്നതാണ്. ജനന-മരണ-വിവാഹ സ്ഥിതി വിവരക്കണക്കുകൾ; പ്രത്യേകിച്ച് മരണ കാരണങ്ങളുടെ വിവരങ്ങൾ,- തരം തിരിക്കുക, പട്ടികയാക്കുക, പ്രചാരണ-വ്യാപനം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ (നോസോളജിസ്റ്റ്) തസ്തിക രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ എല്ലാ സംസ്ഥാനങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. ഭാരത സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നോസോളജസ്റ്റിനുള്ള ശമ്പളവും മറ്റ് ബത്തകളും നൽകുന്നതിനും എം. സി. സി. ഡി. സെല്ലിന്റെ മറ്റ് ചെലവുകൾക്കുമായി 2016-17-ൽ 7.50 ലക്ഷം രൂപ വകയിരുത്തുന്നു.

4. കാർഷിക സ്ഥിതി വിവര കണക്കുകൾ മെച്ചപ്പെടുത്തൽ (ടി. ആർ. എസ്., ഇ. എ. ആർ. എ. എസ്., ഐ. സി. ഡി. എസ്.) (100% കേന്ദ്ര വിഹിതം)

(വിഹിതം: 3600.00 ലക്ഷം രൂപ)

ഭാരത സർക്കാരിന്റെ കാർഷിക മന്ത്രാലയം നടപ്പാക്കുന്ന "കാർഷിക സെൻസസ്, സാമ്പത്തിക-സ്ഥിതി വിവരകണക്കുകൾ എന്നിവയ്ക്കായുള്ള സംയോജിത പരിപാടി" എന്ന കേന്ദ്ര പദ്ധതിയുടെ ഒരു ഉപപദ്ധതിയാണ് "കാർഷിക സ്ഥിതി വിവരകണക്കുകൾ മെച്ചപ്പെടുത്തൽ" എന്നത്. ഇതിന് മൂന്ന് ഘടകങ്ങൾ ഉണ്ട്. (i) വിവരങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യൽ പരിപാടി (ടി. ആർ. എസ്.), (ii) കാർഷിക സ്ഥിതി വിവര കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു ഏജൻസി സ്ഥാപിക്കൽ (ഇ. എ. ആർ. എ. എസ്.), (iii) ഭക്ഷ്യ വിളകളുടെ സ്ഥിതി വിവരകണക്കുകൾ മെച്ചപ്പെടുത്തൽ (ഐ. സി. എസ്.). "കാർഷിക സ്ഥിതി വിവര കണക്കുകൾ മെച്ചപ്പെടുത്തൽ" എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

⇒ പ്രധാന കാർഷിക വിളകളുടെ വിസ്തൃതിയെ സംബന്ധിക്കുന്ന വിശ്വസനീയ വിവരങ്ങൾ ഓരോ കാർഷിക സീസണിലും യഥാസമയം കണക്കാക്കുക.

⇒ പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഒരോ കാർഷിക സീസണിലും കണക്കാക്കുക.

⇒ എന്യൂമറേഷൻ നടത്തുന്ന ഭൂപ്രദേശം, വിവരങ്ങൾ കണക്കുകൂട്ടിയെടുക്കൽ, ക്രോപ്പ് കട്ടിംഗ് പരീക്ഷണങ്ങൾ എന്നിവ നേരിട്ട് സൂപ്പർവിഷൻ നടത്തി വിളകളുടെ സ്ഥിതി വിവരകണക്കുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുക.

സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി സാമ്പത്തിക-സ്ഥിതി വിവരകണക്ക് വകുപ്പാണ്. സംരക്ഷിത വനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളൊഴികെയുള്ള സംസ്ഥാനത്തെ മൊത്തം സ്ഥലത്തേയും കാർഷിക സ്ഥിതി വിവരക്കണക്കുകൾ സാമ്പിൾ സർവ്വേ വഴി ശേഖരിക്കുന്നു. പദ്ധതിയുടെ കീഴിൽ നിലവിൽ 811 പരിശോധനാ മേഖലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഓരോ മേഖലയിൽ നിന്നും 100 ക്ലസ്റ്ററുകൾ റാൻഡം മാതൃകയിൽ തെരഞ്ഞെടുത്താണ് സർവ്വേ നടത്തുന്നത്. വകുപ്പ് വർഷം തോറും പ്രസിദ്ധീകരിക്കുന്ന 'അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്' ഈ പദ്ധതിയുടെ സർവ്വേ റിപ്പോർട്ടാണ്. 2012-13 വരെയുള്ള സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-14-ലെ സാമ്പിൾ സർവ്വേക്കുള്ള ഫീൽഡ്തല ജോലികൾ പുരോഗമിക്കുന്നു.

വിളകളുടെ വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കുന്നത് കൂടാതെ വിളകളുടെ കണക്കാക്കുന്നതിനുവേണ്ടി 19 വിളകളുടെ ക്രോപ്പ് കട്ടിംഗ് പരീക്ഷണങ്ങളും നടത്തുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി വിളകളുടെ ശരാശരി വിളവ് കണക്കാക്കുന്നതിന് ചില പ്രത്യേക വിളകളുടെ വിളവെടുപ്പ് പരിശോധനകളും അധികമായി നടത്തുന്നുണ്ട്. ഇപ്രകാരം അധികമായി നടത്തുന്ന വിളവെടുപ്പ് പരിശോധനകളുടെ എണ്ണം ഒരു കാർഷിക വർഷത്തിൽ 10935 ആണ്. നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീമിനുവേണ്ടി ബ്ലോക്ക് തലത്തിൽ കപ്പ (മൂന്ന് സീസൺ), വാഴ (രണ്ട് സീസൺ) പൈനാപ്പിൾ, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ശരാശരി വിളവ് കണക്കാക്കി നൽകുകയും ചെയ്യുന്നുണ്ട്.

2016-17-ൽ ശമ്പളം, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, ക്രോപ്പ് കട്ടിംഗ് ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 3600 ലക്ഷം രൂപ പ്രതീക്ഷിതകേന്ദ്ര സഹായമായി വകയിരുത്തുന്നു.

5. സ്ഥിതി വിവരകണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം (ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രംഗ്തനിംഗ് പ്രോജക്ട്) കേന്ദ്രവിഹിതം

(വിഹിതം: 562.00 ലക്ഷം രൂപ)

'പ്രാദേശിക തല വികസനത്തിനുള്ള അടിസ്ഥാന സ്ഥിതി വിവരങ്ങൾ,' ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെംഗ്തനിംഗ് പ്രോജക്ട്' എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് പുനരാവിഷ്ക്കരിച്ചതാണ് 'സ്ഥിതിവിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം' എന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി.

സംസ്ഥാനത്തിന് താഴെതട്ടിലുള്ള തലങ്ങളിലെ ആസൂത്രണത്തിനും തീരുമാനങ്ങൾ എടുക്കുന്നതിനും ആവശ്യമായ സ്ഥിതിവിവരങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് "പ്രാദേശികതല വികസനത്തിനുള്ള അടിസ്ഥാന വിവരങ്ങൾ" എന്ന പദ്ധതിയുടെ ലക്ഷ്യം. "ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ പ്രോജക്ട് (ഐ.എസ്.എസ്.പി.)" ലക്ഷ്യമിടുന്നത്, സംസ്ഥാനങ്ങളിലെ സ്ഥിതിവിവര കണക്ക് സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിച്ച് ഇന്ത്യയിലെ സ്ഥിതിവിവരകണക്ക് സംവിധാനത്തിന്റെ ശേഷിയും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനാണ്. നയതീരുമാനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും; പ്രത്യേകിച്ച് സംസ്ഥാനതലത്തിലും അതിന് താഴെ തട്ടിലും ആവശ്യമായ വിശ്വസനീയ ഔദ്യോഗിക സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും അവ ക്രോഡീകരിച്ച് പ്രചാരപ്പെടുത്തുന്നതിനും വേണ്ട ശേഷിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും സ്ഥിതിവിവരകണക്ക് സംവിധാനം ശക്തിപ്പെടുത്തുന്ന തരത്തിലാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ഐ.എസ്.എസ്.പി.-യുടെ പ്രവർത്തനങ്ങൾ താഴെപറയുന്ന പ്രധാന മേഖലകളിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക.

⇒ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണപ്രദേശങ്ങളിലേയും സ്ഥിതിവിവര കണക്ക് പ്രവർത്തനങ്ങളുടെ ഏകോപനവും മാനേജ്മെന്റും മെച്ചപ്പെടുത്തുക.

⇒ മാനവശേഷി വികസനം.

⇒ സ്ഥിതിവിവര കണക്ക് സംവിധാനങ്ങളും ഉപകരണങ്ങളും വികസിപ്പിക്കുക.

⇒ വിവര സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

⇒ സ്ഥിതിവിവര കണക്ക് സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക വിശിഷ്യാ സ്ഥിതിവിവര കണക്കുകളുടെ ഗുണമേന്മയും പ്രചാരണ-വ്യാപനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെ സഹായിക്കുക.

ഐ.എസ്.എസ്.പി.-യുടെ കേന്ദ്ര ഉന്നതതല സ്റ്റിയറിംഗ് കമ്മറ്റിയുടെ 2011 ആഗസ്റ്റ് 2-ലെ യോഗം 2011-16 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കേണ്ട സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാനിന് അംഗീകാരം നൽകുകയുണ്ടായി എന്നാൽ പദ്ധതിയുടെ നിർവഹണം തൃപ്തികരമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മന്ത്രാലയം സംസ്ഥാനത്തെ സാമ്പത്തിക-സ്ഥിതിവിവര കണക്ക് വകുപ്പിനോട് കർമ്മപദ്ധതി പരിഷ്ക്കരിക്കാനും സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി നിർവഹണ നടപടികൾ ആരംഭിക്കാനും ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതി പരിഷ്ക്കരിക്കുകയും പദ്ധതി കാലയളവ് 2016-17 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥിതിവിവരകണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം എന്ന പുനരാവിഷ്ക്കരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തെ നടത്തിപ്പിനുള്ള കേന്ദ്ര വിഹിതമായി 562.00 ലക്ഷം രൂപ വകയിരുത്തുന്നു.

# XI. പൊതു സേവനങ്ങൾ

## 11.2 പൊതുമരാമത്ത്

1. നീതിന്യായ കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. (കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം) (60 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം: 1800.00 ലക്ഷം രൂപ)

ഈ 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കോടതി കെട്ടിടങ്ങളുടെയും ജഡ്ജിമാരുടെ വസതികളുടെയും നിർമ്മാണം തുടർന്നും നടത്തുന്നതാണ്. എറണാകുളം, തൃശ്ശൂർ, തളിപ്പറമ്പ്, തിരൂർ, ചേർത്തല എന്നീ കോടതി സമുച്ചയങ്ങളുടെയും, പയ്യന്നൂർ, മാനന്തവാടി എന്നിവിടങ്ങളിലെ സബ് കോടതികളുടെയും പറവൂർ, വടക്കാഞ്ചേരി മുൻസിഫ് കോടതികളുടെയും നിർമ്മാണം പുരോഗതിയിലാണ്. കോഴിക്കോട് കോടതിയുടെ ബൈ-സെന്റിനറി സ്മാരക കോടതി സമുച്ചയം, ആറ്റിങ്ങൽ, പാല, കൊല്ലം, പത്തനംതിട്ട തൃശ്ശൂർ, തിരുവല്ല, ചെങ്ങന്നൂർ, ഏറ്റുമാനൂർ, ഇരിങ്ങാലക്കുട ഇടുക്കി, പെരുമ്പാവൂർ, സുൽത്താൻബത്തേരി, കല്പറ്റ, പയ്യോളി, കൊയിലാണ്ടി എന്നിവിടങ്ങളിലെ കോടതി സമുച്ചയങ്ങളുടെ പണി ഏറ്റെടുക്കുന്നതാണ്.

കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നത് ഉൾപ്പെടെ നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി 1,800 ലക്ഷം രൂപ 2016-17-ൽ കേന്ദ്ര വിഹിതമായി വകയിരുത്തുന്നു. ഇതിൽ 720 ലക്ഷം രൂപ ജഡ്ജിമാർക്ക് വസതികൾ നിർമ്മിക്കുന്നതിനാണ്. പൊതുകെട്ടിടങ്ങൾക്ക് വേണ്ട ഊർജ്ജ സംരക്ഷണ നടപടികൾ ഉറപ്പാക്കേണ്ടതും അവ കെട്ടിടത്തിന്റെ പ്ലാനിലും ടെണ്ടർ രേഖകളിലും ഉൾപ്പെടുത്തേണ്ടതുമാണ്. മഴവെള്ള സംഭരണിയും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനവും നിർബന്ധമായിരിക്കും.

## 11.3 സിവിൽ സപ്ലൈസ്

1. അന്നപൂർണ്ണ പദ്ധതി (കേന്ദ്ര വിഹിതം)

(വിഹിതം: 203.00 ലക്ഷം രൂപ)

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പാക്കുന്ന ദേശീയ സാമൂഹ്യ സഹായ പരിപാടിയുടെ (എൻ.എസ്.എ.പി.) ഒരു പ്രോജക്ട് ഘടകമാണ് അന്നപൂർണ്ണ പദ്ധതി. ദേശീയ വയോജന പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിട്ടും പലവിധ കാരണങ്ങളാൽ അത് ലഭിക്കാത്ത 65 വയസ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയാണ് 'അന്നപൂർണ്ണ'യുടെ ലക്ഷ്യം. പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. 2016-17 വർഷത്തേക്ക് കണക്കാക്കിയിരിക്കുന്ന പ്രതീക്ഷിത പദ്ധതി ചെലവ് 254 ലക്ഷം രൂപയാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ, കടത്ത്കൂലി, കൈകാര്യചെലവ് എന്നിവ വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ 51 ലക്ഷം രൂപ വകയിരുത്തേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. 51 ലക്ഷം രൂപയ്ക്ക് ഉപരിയായിവരുന്ന അധിക ചെലവ് കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര വിഹിതമായി 203 ലക്ഷം രൂപ വകയിരുത്തുന്നു.

# എൻ. സി. ഡി. സി. സഹായത്തോടെയുള്ള പദ്ധതി

## എ. മത്സ്യ വികസനം

1. എൻ.സി.ഡി.സി സഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി

(വിഹിതം : 1650.00 ലക്ഷം രൂപ)

മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് മത്സ്യബന്ധനോപാധികൾ പുതിയതായി വാങ്ങുന്നതിന് ബാങ്ക് വായ്പ സ്വരൂപിക്കാറുണ്ട്. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരനിൽ നിന്നും കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരളവുവരെ ഇത്തരം ബാങ്ക് വായ്പ സഹായകരമാണ്. നിലവിലുള്ള മത്സ്യബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ, ഉൽപ്പാദനോപാധികൾ നൽകൽ, മത്സ്യകച്ചവടത്തിനാവശ്യമായ പ്രവർത്തന മൂലധനം/മാർജിൻമണി, വിപണനത്തിനും മത്സ്യബന്ധന ഉൽപ്പന്നങ്ങളുടെ മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യവികസനം, പരിശീലനം, വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതാണ്.

പ്രോജക്ടിന് അംഗീകാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ എൻ.സി.ഡി.സി. വിഹിതമായി 1650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ബി. സഹകരണം

1. പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്തവ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം

(വിഹിതം : 1800.00 ലക്ഷം രൂപ)

താഴെപ്പറയുന്ന പരിപാടികൾക്കായി ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്:

1. ഉപഭോക്തൃ ഫെഡറേഷൻ മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
2. നീതി സ്റ്റോർ, നീതി മെഡിക്കൽസ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.
3. സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.
4. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.
5. സംസ്ഥാന ജില്ലാ പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി.
6. സഹകരണ-മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം.
7. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം.
8. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം.
9. സഹകരണ ആശുപത്രികൾ, വനിതാ സഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം.
10. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം.
11. എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതി പ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം.
12. കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം.
13. 2016-17-ൽ നടപ്പാക്കുന്ന പുതിയ എൻ. സി. ഡി. സി. പദ്ധതികൾക്ക് സഹായം.

എൻ.സി.ഡി.സി. യുടെ വായ്പ ഉയർന്ന പലിശ നിരക്കുള്ളതായതിനാൽ മുൻഗണന ആവശ്യമാണ്. സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള സഹായം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും സഹായം

(വിഹിതം : 1200.00 ലക്ഷം രൂപ)

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു:

1. സംഭരണ ശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം.
2. സംസ്ഥാന-ജില്ലാ പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം.
3. വിപണന സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം.
4. പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം.
5. സഹകരണ സംഘങ്ങൾക്ക് കീഴിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം.
6. പുഷ്പക്കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.
7. കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം തരം തിരക്കൽ, കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം എന്നിവയ്ക്കായി സഹായം.
8. 2016-17-ൽ എൻ.സി.ഡി.സി. നടപ്പാക്കുന്ന പുതിയ പദ്ധതികൾക്ക് സഹായം.

3. സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)

(വിഹിതം : 1500.00 ലക്ഷം രൂപ)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഇടുക്കി പാലക്കാട് ജില്ലകളിൽ സംയോജിത വികസന പരിപാടി നടപ്പിലാക്കിവരുന്നു. 2016-17-ൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിലെ ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.സി.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിനായി 1500.00 ലക്ഷം രൂപ വകയിരുത്തുന്നു.

## അനുബന്ധം സി

അമ്പതു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

# I. കൃഷിയും അനുബന്ധ മേഖലകളും

### 1.3 മൃഗസംരക്ഷണം

1. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും-50 ശതമാനം കേന്ദ്ര വിഹിതം

(വിഹിതം : 113.00 ലക്ഷം രൂപ)

വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ ഐ.എ.എസ്.ആർ.ഐ.-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം തുടർന്ന് നടത്തുന്നതിനും പ്രത്യേക പഠനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്.

വകയിരുത്തിയിരിക്കുന്ന തുക വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കണക്കാക്കുന്നതിനായി നടത്തി വരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടരുന്നതിനും പുതിയ പഠനങ്ങൾ ആരംഭിക്കുന്നതിനും വിവരശേഖരണ ത്തിന്റെയും വിശകലനത്തിന്റെയും രീതികൾ മെച്ചപ്പെടുത്തു ന്നതിനും സർവ്വേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പളം നൽകുന്നതിനുമായി പ്രതീക്ഷിക്കുന്ന കേന്ദ്രവിഹിതം ആണ്. ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും ഏറ്റെടുക്കുന്നതാണ്.

### 1.5 മത്സ്യവികസനം

1. ദേശീയ മൽസ്യവികസന ബോർഡ് സഹായം (കേന്ദ്രവിഹിതം 50 ശതമാനം)

(വിഹിതം : 200.00 ലക്ഷം രൂപ)

ഉൾനടൻ മത്സ്യബന്ധനം, മത്സ്യകൃഷി വികസനം എന്ന കേന്ദ്രവിഷ്കൃത പദ്ധതിയുടെ 50 ശതമാനം കേന്ദ്ര വിഹിതം ചെലവഴിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഉൾനാടൻ മത്സ്യകൃഷി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പ്രോജക്ട് അംഗീകാരത്തിനായി തയ്യാറാക്കേണ്ടതാണ്. ഉൾനാടൻ മത്സ്യകൃഷി ഉത്പാദനം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമൂഹ്യ പുരോഗതി കൈവരിക്കുക എന്നിവയാണ് ഈ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും പ്രതീക്ഷിക്കുന്നത്.

2. സമുദ്ര മത്സ്യബന്ധന വികസനം, അടിസ്ഥാന സൗകര്യങ്ങൾ വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനങ്ങൾ (50 ശതമാനം കേന്ദ്ര വിഹിതം )

(വിഹിതം : 2624.00 ലക്ഷം രൂപ)

ചുവടെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

i. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ പല മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. അത് പ്രകാരം മത്സ്യബന്ധന തുറമുഖങ്ങൾ, ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണ ത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ, 50 ശതമാനം സി, എസ്. എസ്. ആയാണ് നടപ്പിലാക്കുക. അർത്തുങ്കൽ, വെള്ളയിൽ, താനൂർ, മഞ്ചേശ്വരം, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കൂടാതെ. മുനക്കടവ് മത്സ്യബന്ധന ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവും പദ്ധതിയുടെ ഭാഗമാണ്.

ഇത് കൂടാതെ ചേറ്റുവായി, തലായ്, ചെറുവത്തൂർ, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനും അവയെ പ്രവർത്തനക്ഷമമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

ii. മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനം

പൂർത്തിയാക്കിയ മിക്ക മത്സ്യബന്ധന തുറമുഖങ്ങളിലും മത്സ്യം കരയ്ക്കടുപ്പിക്കുന്ന കേന്ദ്രങ്ങളിലും ക്രമമായിട്ടുള്ള മണ്ണുനീക്കൽ പ്രവർത്തനങ്ങൾ നടത്തി ആഴംകൂട്ടിയെങ്കിൽ മാത്രമേ തുറമുഖ ബേസിനും, അപ്രോച്ച് ചാനലിനും ആവശ്യമായ ഡ്രാഫ്റ്റ് നിലനിർത്താൻ സാധിക്കുകയുള്ളു. കൂടാതെ പൂർത്തികരിച്ചതും ഭാഗികമായി പ്രവർത്തിച്ചു തുടങ്ങിയതുമായ മത്സ്യബന്ധന തുറമുഖങ്ങളിൽ ആരോഗ്യപരവും ശുചിത്വപരവുമായ ഒരു പ്രവർത്തനനിലവാരം ഉണ്ടാക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നീണ്ടകര, തോട്ടപ്പള്ളി, കായംകുളം, മുനമ്പം, അഴീക്കൽ, ബേപ്പൂർ, ചോമ്പാൽ, എന്നീ മത്സ്യബന്ധന മുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള 1054 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 50 ശതമാനം കേന്ദ്രസഹായമായി 210. 80 ലക്ഷം രൂപ നൽകുകയും ചെയ്തു. പുതിയപ്പ, മാപ്പിളബേ മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾക്കായി 50 ശതമാനം കേന്ദ്ര വിഹിതത്തോടുകൂടി 1216 ലക്ഷത്തിന്റെയും 670.56 ലക്ഷത്തിന്റെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 50 ശതമാനം സംസ്ഥാനവിഹിതം നൽകുന്നതി നായാണ് പദ്ധതിയുടെ വിഹിതം വിനിയോഗിക്കേണ്ടത്. ഡ്രെഡ്ജിംഗ്, മെയിന്റനൻസ്/പരിപാലന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് തുറമുഖങ്ങളെ പ്രവർത്തനക്ഷമമായി നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

പദ്ധതിയുടെ ഘടകങ്ങളും വിഹിതവും ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം | 600.00 |
| 2 | വെള്ളയിൽ മത്സ്യബന്ധന തുറമുഖം | 450.00 |
| 3 | താനൂർ മത്സ്യബന്ധന തുറമുഖം | 550.00 |
| 4 | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം | 500.00 |
| 5 | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം | 100.00 |
| 6 | മുനക്കടവ് മത്സ്യബന്ധന ലാന്റിംഗ് സെന്റർ | 15.00 |
| 7 | ചെറ്റുവായി, ചെറുവത്തൂർ, തലായ് മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കുക | 155.00 |
| 8 | മത്സ്യബന്ധന തുറമുഖങ്ങളുടെ മാനേജ്മെന്റ് | 254.00 |
| | ആകെ | 2624.00 |

3. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതി (50 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം: 1877.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ 3 ഘടകങ്ങൾ അടങ്ങുന്നു.

i. ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള സമ്പാദ്യ സുരക്ഷാ പദ്ധതി (കേന്ദ്രവിഹിതം 50 ശതമാനം)

പഞ്ഞമാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. 2016-17-ൽ ഗുണഭോക്താക്കളുടെ എണ്ണം ഏകദേശം 1,83,000 ആയിരിക്കുമെന്ന് കരുതുന്നു. ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക പദ്ധതിയുടെ കേന്ദ്ര വിഹിതമായി വിനിയോഗിക്കേണ്ടതാണ്.

ii. ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി

മാതൃകാ ഗ്രാമവികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് സഹായം ലഭ്യമാക്കുവാനുള്ള ഒരു കേന്ദ്ര സഹായ പദ്ധതിയാണിത്. ഒരു ഭവനത്തിന്റെ നിർമ്മാണ ചെലവ് 75,000 രൂപയായിട്ടാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി ചെലവ് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കുന്നു.

iii. മൽസ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50 ശതമാനം കേന്ദ്ര വിഹിതം)

സംസ്ഥാനത്തെ പ്രവർത്തനക്ഷമരായ എല്ലാ മത്സ്യത്തൊഴിലാളികളും കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യപ്പെട്ടവരാണ്. ഒരു മത്സ്യത്തൊഴിലാളിക്ക് 145 രൂപയും 14 ശതമാനം സേവന നികുതിയും ഉൾപ്പെടെ പ്രീമിയം നൽകി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപകടമരണം, സമുദ്ര മത്സ്യബന്ധന സമയത്ത് ഹൃദയാഘാതം മുഖേന ഉള്ള മരണം, സ്ഥിരമോ ഭാഗികമോ ആയ അവശത എന്നിവയ്ക്ക് സംരക്ഷണം ലഭിക്കും. ഇൻഷ്വറൻസ് പ്രീമിയം തുക ഒരു മത്സ്യത്തൊഴിലാളിക്ക് 20.27 രൂപയായി കേന്ദ്ര സർക്കാർ നിജപ്പെടുത്തുകയും പ്രസ്തുത തുകയുടെ 50 ശതമാനം മാത്രം ചെലവഴിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്യുന്നു. ഏകദ്ദേശം 2.37 ലക്ഷം മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് കരുതുന്നു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതിക്കു കീഴിൽ ഉള്ള 3 ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 1877 ലക്ഷം രൂപ കേന്ദ്രവിഹിതമായി വകയിരുത്തിയിരിക്കുന്നു.

### 1.6 വനവും വന്യജീവി സംരക്ഷണവും

**1.** സംയോജിത വന സംരക്ഷണ പദ്ധതി (കേന്ദ്ര വിഹിതം 50%)

(വിഹിതം: 300.00 ലക്ഷം രൂപ)

തീയിൽ നിന്നുള്ള സംരക്ഷണം ഉൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ഉപകരണങ്ങളും വാഹനങ്ങളും വാങ്ങൽ, ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം മുതലായ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ ചുവടെ ചേർത്തിട്ടുള്ള 4 പുതിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി വിപുലപ്പെടുത്തിയിരിക്കുന്നു.

* കാവുകളുടെ സംരക്ഷണവും പരിപാലനവും
* അസാധാരണമായ സസ്യങ്ങളും അവ വളരുന്ന പ്രദേശങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും.
* അധിനിവേശ വിദേശികളെ നിയന്ത്രിക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യൽ
* മുളകൾ പൂക്കുകയും തുടർന്ന് നശിച്ചുപോകുന്ന അവസ്ഥയെ നേരിടുന്നതിന് മുളം കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള തയ്യാറെടുപ്പുകൾ.

50 ശതമാനം കേന്ദ്ര വിഹിതമായിട്ടാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ തുകയിൽ അഗസ്ത്യമല പദ്ധതിക്കുള്ള ടോക്കൺ വിഹിതവും ഉൾപ്പെടുത്തയിട്ടുണ്ട്.

## II. ഗ്രാമ വികസനം

**2.1 ഗ്രാമ വികസന പരിപാടികൾ**

1. മൾബറി കൃഷി വികസന പ്രോജക്ട്

(50% കേന്ദ്ര വിഹിതം)

(വിഹിതം : 1.00 ലക്ഷം രൂപ)

ഗ്രാമീണ മേഖലയിൽ മൾബറി വച്ചുപിടിപ്പിക്കൽ, കൊക്കൂൺ ഉത്പാദനം, സിൽക്ക് നെയ്ത്ത് വസ്ത്ര നിർമ്മാണം എന്നിവയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. മൾബറി കൃഷിയിലൂടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം, പട്ടുനൂൽപ്പുഴു വളർത്തൽ എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ.

2016-17-ൽ പദ്ധതിക്കായി 1.00 ലക്ഷം രൂപ 50% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. കൂടുതലായി വേണ്ടിവരുന്ന തുക എം.ജി.എൻ.ആർ.ഇ.ജി.എസ്., ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. എന്നീ പദ്ധതികളിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കണ്ടെത്തേണ്ടതാണ്.

**2.2 സാമൂഹ്യ വികസനവും പഞ്ചായത്തുകളും**

1. സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.)

(50% കേന്ദ്ര വിഹിതം)

(വിഹിതം : 100.00 ലക്ഷം രൂപ)

ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന പരിശീലന ഗവേഷണ സ്ഥാപനമായ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.) ഗ്രാമവികസന പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയിൽ ഉദ്യോഗസ്ഥർ, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകളിലെ പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകുന്നു. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നത് 'ഗ്രാമവികസന പരിപാടികൾക്കുള്ള മാനേജ്മെന്റ് സഹായവും ജില്ലാ ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തലും' എന്ന ശീർഷകത്തിൽ നിന്നാണ്.

2016-17-ൽ 100.00 ലക്ഷം രൂപ 50% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

# IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

## വെള്ളപ്പൊക്ക നിയന്ത്രണം

1. കുട്ടനാട് പദ്ധതി

(കേന്ദ്ര വിഹിതം 50%)

(വിഹിതം : 5000.00 ലക്ഷം രൂപ)

കുട്ടനാട്ടിലെ ആവാസവ്യവസ്ഥയുടെ വികസനത്തിനായി ഒരു പഠന റിപ്പോർട്ട് എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പ്രധാനമായും നെല്ലുല്പാദനത്തിന് സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തെക്ക് പടിഞ്ഞാറൻ മൺസൂണിലെ തുടർച്ചയായ വെള്ളപൊക്കവും, 10 വർഷത്തിലൊരിക്കൽ ഇടവിട്ടുണ്ടാകാറുള്ള വെള്ളപൊക്കവും കുട്ടനാട്ടിൽ വളരെ രൂക്ഷമാണ്. വെള്ളപ്പൊക്കം മൂലം സംഭവിക്കുന്ന വിള നാശത്തിനും, അതുമൂലം പതിവായി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനും പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം ശക്തിപ്പെടുത്തൽ അത്യന്താപേക്ഷിതമാണ്. പാടശേഖരത്തിന്റെ വിവിധ ഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജല വിഭവ വകുപ്പ് വിശദമായ പദ്ധതിരേഖകൾ തയ്യാർ ചെയ്തിട്ടുണ്ട്. അംഗീകരിച്ച ഘടകങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിക്കുന്നതിനും വേണ്ടിയാണ് തുക വകയിരിത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ അംഗീകാരം ലഭിക്കാത്ത ചിലവ് വർദ്ധനവിനും (Cost escalation) ബണ്ടിന്റെ വീതി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള ചിലവ് വർദ്ധനയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

# IX. സാമൂഹ്യവും സാമൂഹ്യസേവന പരവുമായ സർവ്വീസുകൾ

## 9.1 പൊതുവിദ്യാഭ്യാസം

1. അദ്ധ്യാപകരുടെ വിദ്യാഭ്യാസവും പരിശീനലവും ഉൾപ്പെടെ വിദ്യാഭ്യാസ വികസനത്തിനുള്ള ധനസഹായം

(50 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : 2176.00 ലക്ഷം രൂപ)

ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മൂന്ന് പദ്ധതികൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസവും പരിശീനലവും ഉൾപ്പെടെ വിദ്യാഭ്യാസ വികസനത്തിനുള്ള സഹായം അഥവാ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്ന പേരിൽ ഒരുമിച്ച് ചേർത്തിരിക്കുന്നു.

(i) ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്) അഥവാ അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ.

(ii) നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്.

(iii) സെക്കന്ററി വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് പ്രോത്സാഹനം നൽകൽ.

2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 2176.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 9.3 സങ്കേതിക വിദ്യാഭ്യാസം

1. പോളിടെക്നിക്കുകൾക്ക് വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (50 ശതമാനം കേന്ദ്രാവിഷ്കൃതം)

**(പുതിയ പദ്ധതി)**

(വിഹിതം : 2297.00 ലക്ഷം രൂപ)

പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തൽ, പോളിടെക്നിക്കുകളിലെ വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം, പോളിടെക്നിക്കുകൾ വഴിയുള്ള സാമൂഹ്യ വികസന പദ്ധതി, കമ്മ്യൂണിറ്റി കോളേജ് പദ്ധതി മുതലായവയാണ് പ്രസ്തുത പദ്ധതിയിലെ പ്രധാന ഘടകങ്ങൾ.

2016-17-ൽ പദ്ധതി നടത്തിപ്പിലേക്കായി 2297.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

2. സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (TEQIP-II)

(50% കേന്ദ്ര വിഹിതം)

(വിഹിതം : 1077.00 ലക്ഷം രൂപ)

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (ടെക്വിപ്പ്). ടെക്വിപ്പിന്റെ ഒന്നാം ഘട്ടത്തിൽ അഞ്ച് എൻജിനീയറിംഗ് കോലേജുകളെ തിരഞ്ഞെടുക്കുകയും 2003-09 കാലയളവിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ ബിരുദധാരികളുടെ തൊഴിൽ ലഭ്യതയും പഠനമേന്മയും ഉയർത്തുന്നതിനുവേണ്ടി 19 എഞ്ചിനീയറിംഗ് കോളേജുകളെ ശക്തിപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നു. (ഉപഘടകം 1.1)

കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്വിപ്പിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയം വഴിയാണ്. ഇത് 50:50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു. ഈ പ്രോജക്ട് 31-12-2014-ൽ പൂർത്തിയാക്കേണ്ടിയിരുന്നതാണ്. 31-12-2016 വരെ രണ്ട് വർഷത്തേക്ക് കൂടി ഈ പ്രോജക്ടിന് കാലാവധി വർദ്ധിപ്പിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

2016-17 വർഷത്തിലെ കേന്ദ്ര വിഹിതമായി 1077.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

3. വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി

(50% കേന്ദ്ര വിഹിതം)

(വിഹിതം : 250.00 ലക്ഷം രൂപ)

വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ തലത്തിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കുന്നതിന് 75% കേന്ദ്ര സഹായത്തോടെ കേന്ദ്ര ഗവൺമെന്റ് രൂപം നൽകി നടപ്പിലാക്കുന്ന പദ്ധതിയാണിത്. എല്ലാ ഉന്നത പഠന കേന്ദ്രങ്ങളുമായി ശക്തമായ വിവര സാങ്കേതിക ശൃംഖല സ്ഥാപിച്ച് രാജ്യത്തെ വിദഗ്ദ്ധരുമായി പഠനങ്ങൾ പങ്കുവെയ്ക്കുവാൻ പ്രോൽസാഹിപ്പിക്കുന്നതിനും വിജ്ഞാന വ്യാപനം നടത്തുന്നതിനും മികച്ച കണ്ടെത്തലുകൾ പങ്കുവെയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കേളേജുകളിലും പോളിടെക്നിക്കുകളിലും കണക്ടിവിറ്റി നൽകുന്നതാണ്.

ഈ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 250.00 ലക്ഷം രൂപ 2016-17-ലേയ്ക്ക് പ്രതീക്ഷിക്കുന്നു.

## 9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

50% കേന്ദ്രാവിഷ്കൃത പദ്ധതികൾ,

**പുതിയ പദ്ധതി**

1. ഡി. എം. ഇ.-യുടെ കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം

*(വിഹിതം : ₹ 3416.00 ലക്ഷം)*

2015-16 സാമ്പത്തികവർഷം മുതൽ കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനകൈമാറ്റ ക്രമത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. കേന്ദ്രസർക്കാർ പ്രത്യേകമായി ധനകൈമാറ്റ ക്രമം നിശ്ചയിച്ചിട്ടില്ലാത്ത പദ്ധതികൾ സംസ്ഥാന ങ്ങൾ നടപ്പിലാക്കണമെന്ന് നിർബന്ധമില്ലാത്തതും അവയുടെ കേന്ദ്രസംസ്ഥാന വിഹിതം യഥാക്രമം 50 : 50-ം ആയിരിക്കും. 2016-17 വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാൻ സാധ്യതയുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതമായിട്ടാണ് തുക വകയിരിത്തിയിരിക്കുന്നത്.

ഡി. എം. ഇ.-ക്കാണ് ഈ തുക അനുവദിക്കുന്നത്. ഇത്തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

(തുക കോടിയിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധന കൈമാറ്റ ക്രമം (പ്രീ-റിലൈവസ്സ്) | ആകെ പദ്ധതി തുക | ലഭ്യമായ കേന്ദ്ര സർക്കാർ വിഹിതം | 2015-16 വരെ അനുവദിച്ച സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | പുതിയ പി. ജി. കോഴ്സുകൾ ആരംഭി ക്കുന്നതിനും പി.ജി. സീറ്റുകൾ വർദ്ധിപ്പി ക്കുന്നതിനുംവേണ്ടി മെഡിക്കൽ കോളേജുകൾ നവീകരിക്കുന്ന തിനും ശക്തിപ്പെടു ത്തുന്നതിനും (മെഡിക്കൽ കോളേജ്- തൃശ്ശൂർ) | 75.25 | 26.66 | 11.04 | 6.67 |
| 2 | പുതിയ പി. ജി. കോഴ്സുകൾ ആരംഭി ക്കുന്നതിനും പി. ജി. സീറ്റുകൾ വർദ്ധിപ്പി ക്കുന്നതിനുംവേണ്ടി മെഡിക്കൽ കോളേജുകൾ നവീകരിക്കുന്ന തിനും ശക്തിപ്പെടു ത്തുന്നതിനും (മെഡിക്കൽ കോളേജ്- കോഴിക്കോട്) | 75.25 | 27.79 | 10.42 | 3.48 |
| 3 | എൻ. പി. സി. ഡി. സി.എസ്. മുഖേനയുള്ള ടെറിഷറി കാൻസർ കെയർ സ്കീം (മെഡിക്കൽ കോളേജ്- കോഴിക്കോട്) | 75.25 | 44.50 | 25.03 | 8.34 |
| 4 | കോഴിക്കോട് മെഡിക്കൽ കോളേജിന് പി. എം. എസ്. എസ്. വൈ. പ്രകാര മുള്ള മാച്ചിംഗ് ഗ്രാൻഡ് | 80.20 | 150.00 | .. | 14.95 |
| 5 | ആലപ്പുഴ മെഡിക്കൽ കോളേജിന് പി. എം. എസ്. എസ്. വൈ. പ്രകാര മുള്ള മാച്ചിംഗ് ഗ്രാൻഡ് | 80.20 | 150.00 | .. | 5 |
| | **ആകെ** | .. | 398.95 | 46.49 | 38.44 |

2016-17-ൽ പ്രതീക്ഷിത കേന്ദ്ര വിഹിതമായി 3416.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക കേന്ദ്രസർക്കാരിന്റെ നടപ്പിലാക്കൽ നിർദ്ദേശങ്ങൾക്കനുസരിച്ചും കേന്ദ്രവിഹിത ത്തിനനുസരിച്ചും മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ.

## 9.6 ജല വിതരണം

1. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (50% കേന്ദ്രവിഹിതം)

(വിഹിതം : ₹ 10000.00 ലക്ഷം)

രാജീവ് ഗാന്ധി ദേശീയ കുടിവെള്ള ദൗത്യത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൻ കീഴിൽ ധാരാളേ ഗ്രാമീണ ജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭാരതസർക്കാർ തുക നൽകുന്നുണ്ട്.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ (എൻ. ആർ. ഡി. ഡബ്ല്യൂ. പി.) മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനതല കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിച്ചിട്ടുള്ള പുതിയതും നിർമ്മാണത്തിലിരിക്കുന്നതുമായ എം.ആർ.ഡി.ഡബ്ല്യൂ.എസ്.പി. പദ്ധതികളുടെ ആകെ ചെലവ് കേന്ദ്രസംസ്ഥാന സർക്കാരുകൾ 50 : 50 എന്ന അനുപാതത്തിൽ വഹിക്കണമെന്ന് കേന്ദ്ര സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിവെള്ള ലഭ്യത, ഗുണമേന്മ, നിലനിൽപ്പ് എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ദുരീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതി യുടെ ലക്ഷ്യം. വ്യാപനം, നിലനിർത്തൽ, ഗുണനിലവാരം, പ്രകൃതി ദുരന്തങ്ങൾ, ഓപ്പറേഷനും മാനേജ്മെന്റും (ഒ. ആന്റ് എം.), മറ്റു പിന്തുണ പ്രവർത്തനങ്ങൾ എന്നിവയാണ്. ഈ പദ്ധതിയിൽ സംസ്ഥാനവുമായി ബന്ധപ്പെട്ട ഘടകങ്ങളും വ്യാപനം 47 ശതമാനം ഗുണനിലവാരം 20 ശതമാനം, ഒ. ആന്റ് എം. 15 ശതമാനം, നിലനിർത്തൽ 10 ശതമാനം, മറ്റ് പൂരക പ്രവർത്തനങ്ങൾ 5 ശതമാനം, വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവ്വെയിലൻസ് (ഡബ്ല്യൂ. ക്യൂ. എം. എസ്.) 3 ശതമാനം എന്നിങ്ങനെയാണ് ഫണ്ട് വിഭജനരീതി. വ്യാപനം, ഒ. ആന്റ് എം., ഗുണനിലവാരം എന്നിവയ്ക്ക് തുക പങ്കുവയ്ക്കുന്നത് 50 : 50 എന്ന അനുപാതത്തിലാണ്. തുടർ പ്രവർത്തനങ്ങൾ, പൂരക പ്രവർത്തനങ്ങൾ, ഡബ്ല്യൂ. ക്യൂ. എം. എസ്. എന്നിവയ്ക്ക് 100 ശതമാനം കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുകയും ചെയ്യും. കേന്ദ്ര സംസ്ഥാന വിഹിതം പങ്കിടുന്ന 183 എ. ആർ. ഡബ്ല്യൂ. എസ്. പി.-യുടെ തുടർ പദ്ധതികൾ നിലവിലുണ്ട്.

ടെക്നോളജി മിഷൻ സ്കീം എന്ന ഘടകത്തിനു കീഴിൽ കേന്ദ്ര സഹായത്തോടുകൂടി 15 പദ്ധതികളാണ് നടപ്പിലാക്കുന്നതിനായി ഏറ്റെടുത്തിരിക്കുന്നത്. കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 11 പദ്ധതികൾക്ക് 75 : 25-ം 3 പദ്ധതികൾക്ക് 50 : 50-ം ഒരു പദ്ധതിക്ക് 96.3 : 3.7-ം ആയിരുന്നു. 15 പദ്ധതികളിൽ 9 പദ്ധതികൾ പൂർത്തീകരിക്കുകയും 5 പദ്ധതികൾ ഭാഗികമായി പൂർത്തീകരിക്കുകയും അവശേഷിക്കുന്ന ഒരു പദ്ധതിയുടെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയുമാണ്.

2013-14-ൽ ആറ് പദ്ധതികളാണ് ഭാരത സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ജലത്തിന്റെ ഗുണനിലവാരക്കുറവ് ബാധിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾക്കായി 5 ശതമാനം വകയിരുത്തിയിട്ടുള്ള ഫണ്ട്, എൻ. ആർ. ഡി. ഡബ്ല്യു. പി. യു. കീഴിലുള്ള സാധാരണ വകയിരുത്തലിനും പുറമേയാണ് ഈ ഫണ്ടിന്റെ വകയിരുത്തൽ. പ്രസ്തുത പദ്ധതികൾക്കെല്ലാം കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ പദ്ധതിവിഹിതം 50 : 50 എന്ന അനുപാതത്തിലാണ്.

ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 2016-17 വർഷത്തിൽ കേന്ദ്രസർക്കാർ വിഹിതമായി 10000.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 9.7 ഭവന നിർമ്മാണം

വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (50% കേന്ദ്ര വിഹിതം

(വിഹിതം : ₹ 600.00 ലക്ഷം)

വനിതാ ജീവനക്കാർ നേരിടുന്ന വാസസ്ഥല ലഭ്യതക്കുറവ് തരണം ചെയ്യുന്നതിന് വേണ്ടിയാണ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതി, നിർമ്മാണ ചെലവിന്റെ 50% കേന്ദ്ര സർക്കാർ ഗ്രാന്റും 50% സംസ്ഥാന സർക്കാർ വിഹിതവും ബാക്കി ഭവന നിർമ്മാണ ബോർഡിന്റെ സ്വന്തം വിഹിതവും ഉപയോഗിച്ചാണ് ബോർഡ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും ഉപയോഗിച്ച് കോഴിക്കോട്, കട്ടപ്പന, എൻ.സി.സി. നഗർ(തിരുവനന്തപുരം), മുളങ്കുന്നത്തുകാവ്-ചാലക്കുടി (തൃശ്ശൂർ), ഇടപ്പള്ളി (എറണാകുളം) എന്നിവിടങ്ങളിൽ വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നു. 2016-17 കാലയളവിൽ കോട്ടയം ഗന്ധിനഗറിൽ ബോർഡിന്റെ സ്വന്തം സ്ഥലത്തും (അധിക ബ്ലോക്ക്) വയനാട് മാനന്തവാടിയിലും വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു.

2016-17-ലേക്ക് വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് 50% പ്രതീക്ഷിത കേന്ദ്ര വിഹിതമായി 600.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 9.8 നഗര വികസനം

50 ശതമാനം കേന്ദ്ര സഹായ പദ്ധതികൾ

1. രാജീവ് ആവാസ് യോജന (ആർ.എ.വൈ.) (50 % കേന്ദ്ര വിഹിതം)

(വിഹിതം : ₹ 1200.00 ലക്ഷം)

ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ മാതൃകയിൽ ചേരി നിവാസികൾക്കും നഗരപ്രദേശങ്ങളിലെ പാവപ്പെട്ടവർക്കും വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ചേരി പ്രദേശങ്ങളുടെ പ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് ഒരു ചേരിരഹിത രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. പങ്കാളിത്തത്തോടെയുള്ള ചെലവു കുറഞ്ഞ പാർപ്പിട പദ്ധതിയും, നഗര പാർപ്പിട സഹായ പദ്ധതിയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. നഗരചേരി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വസ്തു ഉടമസ്ഥാവകാശം നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുകയാണെങ്കിൽ ജവഹർലാൽ നെഹ്രു ദേശീയ നഗര പരിഷ്ക്കരണ മിഷനിൽ നിന്നുള്ള സഹായത്തോടെ ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിയും. അടുത്ത അഞ്ചു വർഷം കൊണ്ട് ഒരു ചേരിരഹിത രാഷ്ട്രം എന്നതാണ് ഇതിന്റെ കാഴ്ചപ്പാട്. ചേരിനിവാസികൾക്ക് വസ്തുവിൽ ഉടമസ്ഥാവകാശം നൽകുന്നതോടുകൂടി അവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വീടുവയ്ക്കുന്നതിനും വീട് മെച്ചപ്പെടുത്തുന്നതിനും മറ്റ് ജീവിത ആവശ്യങ്ങൾക്കും വായ്പ ആർജ്ജിക്കാൻ അവസരം ഉണ്ടാകുന്നു. ഓരോ സംസ്ഥാനവും ഒരു ചേരിരഹിത ലക്ഷ്യം കൈക്കൊണ്ടുള്ള കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനതല ചേരിരഹിത കർമ്മപദ്ധതിയിൽ അടുത്ത 5 വർഷം കൊണ്ട് ഉൾപ്പെടുത്തേണ്ട നഗര പ്രദേശങ്ങളെ സംസ്ഥാനം തീരുമാനിക്കുകയും വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ നഗരങ്ങളെ ചേരിരഹിതമാക്കുന്നതിനുള്ള കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുമുണ്ട്. നഗരത്തെ മൊത്തത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത വികസന കാഴ്ചപ്പാടോടെയാണ് പദ്ധതി തയ്യാറാക്കേണ്ടത്. നിലവിലുള്ള എല്ലാ ചേരികളുടേയും ആയത് പട്ടികപ്പെടുത്തിയിട്ടുള്ളതാണെങ്കിലും അല്ലെങ്കിലും ഉൾപ്പെടുത്തേണ്ടതാണ്. പ്രധാനമന്ത്രി പാർപ്പിട പദ്ധതി എന്ന പുതിയ പരിപാടി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയതിനാൽനിലവിലുള്ള ആർ. എ. വൈ. പദ്ധതി 2016-17 വർഷം മുതൽ നിർത്തലാക്കിയിരുന്നു. എന്നാൽ ഭവന നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയത്തിന്റെ 19-5-2015 എഫ്. നമ്പർ 1/11016/15/2013/ ആർ.എ.വൈ.-1/(വാല്യം II)/എഫ്. റ്റി. എസ്.-12554 കത്ത് പ്രകാരം ആർ. എ. വൈ. പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുള്ള പ്രോജക്ടുകളിൽ അനുവദിക്കാൻ ബാക്കിയുള്ള തുക പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുള്ള മാനദണ്ഡ പ്രകാരം തന്നെ അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആർ. എ. വൈ. പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളതും സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരണത്തിനുമായി 1200 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

2. സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ. എച്ച്. എസ്. ഡി. പി.), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾ (ബി. എസ്. യു. പി.) (50 % കേന്ദ്രവിഹിതം)

*(വിഹിതം : ₹ 800.00 ലക്ഷം)*

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യത്തിന്റെ ഉപഘടകങ്ങളാണ് സംയോജിത പാർപ്പിട ചേരി വികസന പരിപാടിയും നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങളും. നഗരങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി അവർക്കാവശ്യമായ വീടും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ടുള്ള ചേരികളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിൽ

ലക്ഷ്യമിടുന്നത്. പുതിയ വീടുകളുടെ നിർമ്മാണം, നിലവിലുള്ള വീടുകളുടെ നിലവാരം മെച്ചപ്പെടുത്തൽ, കമ്മ്യൂണിറ്റി ശൗചാലയങ്ങൾ, അഴുക്കു ചാലുകളുടെയും ഓടകളുടെയും നിർമ്മാണം, കുടിവെള്ള വിതരണം, നടപ്പാതകളുടെ വീതി കൂട്ടൽ, തെരുവു വിളക്കുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള ധനസഹായമാണ് ഈ പദ്ധതികൾ വഴി നൽകുന്നത്. സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളായ അംഗൻവാടികൾ, വയോജന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദ പ്രവർത്തനങ്ങൾക്കുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള സഹായവും ഈ പദ്ധതികൾ വഴി നൽകുന്നു. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ബി. എസ്. യു. പി. പദ്ധതിയും 45 നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഐ.എച്ച്.എസ്.ഡി.പി. പ്രോജക്ടുകളും നടപ്പാക്കി വരുന്നു. ഈ രണ്ടു പദ്ധതികളിലെയും നഗരത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് 40872 വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

31-3-2015 മുതൽ ഈ പദ്ധതികൾ നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നതിനാൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 12-5-2015-ലെ 11027/63/2014/പി. പി. ജി./ എഫ്. റ്റി. എസ്.-12160 പ്രകാരം പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം 31-3-2017 വരെ ആയി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ. എച്ച്. എസ്. ഡി. പി., ബി. എസ്. യു. പി. പദ്ധതികളുടെ സ്പിൽ ഓവർ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി 2016-17-ൽ കേന്ദ്ര വിഹിതമായി 800 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 9.11 പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നാക്ക സമുദായം എന്നിവരുടെ ക്ഷേമം

**(എ) പട്ടികജാതി വികസനം**

1. പട്ടികജാതിക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (50 % കേന്ദ്ര വിഹിതം)

(വിഹിതം : ₹ 3502.00 ലക്ഷം)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി.പി. (49 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : ₹ 2402.00 ലക്ഷം)

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്ന ഈ പദ്ധതിയ്ക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ സാമ്പത്തിക പ്രവർത്തികളിൽ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും സബ്സിഡികളും ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഭൂരിപക്ഷം പാവപ്പെട്ടവർക്ക് മൈക്രോവായ്പ നൽകിവരുന്നതിനോടൊപ്പം കേരള പട്ടികജാതി/ പട്ടികവർഗ്ഗവികസന കോർപ്പറേഷൻ വഴി ഊർജ്ജസ്വലരായ ഒരു കൂട്ടം എസ്. സി. സംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ നിക്ഷേപങ്ങൾ നടത്തുന്നതിന് സഹായമായി കോർപ്പറേഷൻ വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനായി വായ്പയെ മൈക്രോ, ചെറുകിട, ഇടത്തരം വായ്പകൾ എന്ന് തരം തിരിക്കാൻ ഉദ്ദേശിക്കുന്നു. ദളിത് ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെയോ (ഡി. ഐ. സി. സി. ഐ.) അതുപോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയോ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വായ്പയ്ക്കായി സമീപിക്കുന്ന ഭൂരിപക്ഷം പാവപ്പെട്ടവരുടെ താൽപര്യങ്ങൾ ഹനിക്കുന്നില്ല എന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്.

2016-17-ൽ 2402.00 ലക്ഷം രൂപ 49 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

(ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 50%)

(വിഹിതം : ₹ 400.00 ലക്ഷം)

തിരുവനന്തപുരത്തും (മണ്ണന്തല) എറണാകുളത്തുമുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പാലക്കാടും ചേർത്തലയിലും പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനും, വണ്ടിപ്പെരിയാറിൽ പ്രീ-മെട്രിക് ഹോസ്റ്റൽ, പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമായാണ് തുക വകയിരുത്തിയിരിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ എല്ലാ ചെലവുകളും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2016-17-ൽ 50 ശതമാനം കേന്ദ്രവിഹിതമായി 400.00 ലക്ഷം രൂപ ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

(സി) പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : ₹ 700.00 ലക്ഷം)

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

- 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും.
- പട്ടികജാതി സംരക്ഷണസെല്ലും, പ്രത്യേക പോലീസ് സ്റ്റേഷനുകളുടെ നടത്തിപ്പ് ശക്തിപ്പെടുത്തലും.
- പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും.
- അതിക്രമങ്ങൾക്ക് ഇരയായവരെ സഹായിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക.
- മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുക.
- ബോധവൽക്കരണം, സെമിനാറുകൾ, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, ജാഗ്രതയ്ക്കും മോണിറ്ററിംഗിനും വേണ്ടി വരുന്ന ചെലവ്.

2016-17-ൽ 50 ശതമാനം കേന്ദ്രവിഹിതമായി 700.00 ലക്ഷം രൂപ ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

**(ബി) പട്ടികവർഗ്ഗ വികസനം**

1. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50 % കേന്ദ്രവിഹിതം)

(വിഹിതം : ₹ 2062.05 ലക്ഷം)

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(എ) പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 % കേന്ദ്രവിഹിതം)

(വിഹിതം : ₹ 1500.00 ലക്ഷം)

ആശ്രമം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണ ചെലവ് 50 ശതമാനം ഇന്ത്യാ ഗവൺമെന്റ് നൽകുന്നു. 2016-17-ൽ താഴെപ്പറയുന്ന 10 സ്കൂൾ കെട്ടിട നിർമ്മാണജോലികൾ ആരംഭിക്കുന്നതിനും/നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി 50% കേന്ദ്ര വിഹിതമായി 1500.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണവും ഈ പദ്ധതിയിൽ പരിഗണിക്കാവുന്നതാണ്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *സ്കൂളിന്റെ പേര്* | *തുക (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | ആശ്രമം സ്കൂൾ, നൂൽപ്പുഴ, വയനാട് | |
| 2 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി, പാലക്കാട് | |
| 3 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ, കൊല്ലം | |
| 4 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് | |
| 5 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്, വയനാട് | |
| 6 | ആശ്രമം സ്കൂൾ, തിരുനെല്ലി | 1500.00 |
| 7 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ, തിരുവനന്തപുരം | |
| 8 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, ആറളം, കണ്ണൂർ | |
| 9 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കൊറഗ, കാസർഗോഡ് | |
| 10 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, മേലുകാവ്, കോട്ടയം | |
| | **ആകെ** | **1500.00** |

(ബി) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 50 %)

(വിഹിതം : ₹ 410.00 ലക്ഷം)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള 66 ഹോസ്റ്റലുകളിൽ 55 എണ്ണത്തിനു മാത്രമേ സ്ഥിരം കെട്ടിടങ്ങൾ ഉള്ളൂ. വാടകയ്ക്ക്/താൽക്കാലിക ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം പണിയുവാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. നിർമ്മാണം പുരോഗതിയിലിരിക്കുന്ന ഹോസ്റ്റലുകളുടെ പട്ടിക താഴെ കൊടുക്കുന്നു:

| *ക്രമ നമ്പർ* | *ഹോസ്റ്റലിന്റെ പേര്* |
|---|---|
| 1 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മണ്ണന്തല, തിരുവനന്തപുരം |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ, ഇരുമ്പുപാലം, ഇടുക്കി |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ, ഷോളയൂർ, പാലക്കാട് (2 ഹോസ്റ്റൽ 60 കിടക്ക, 100 കിടക്ക) |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, പിണങ്ങോട്, വയനാട് |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി, വയനാട് |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ, കാസർഗോഡ് |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ, അഗളി, അട്ടപ്പാടി |
| 8 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, അഗളി, അട്ടപ്പാടി (ആൺകുട്ടികൾ) |

ഇതു കൂടാതെ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്. 2014-15-ൽ അട്ടപ്പാടിയിലെ അഗളിയിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണവും (ആൺകുട്ടികൾ) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിലേക്ക് ലയിപ്പിച്ചു (50% കേന്ദ്ര വിഹിതം). 2016-17-ൽ 410 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകൾ പൂർത്തീകരിക്കുന്നതിനും പ്രതീക്ഷിക്കുന്നു.

(സി) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ

(കേന്ദ്രവിഹിതം 50 %)

(വിഹിതം : ₹ 30.00 ലക്ഷം)

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്:

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനഃരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ.
- വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന പ്രത്യേക പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- വയനാട്ടിൽ പ്രത്യേക കോടതി സ്ഥാപിക്കൽ.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2016-17-ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 30.00 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

(ഡി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (കേന്ദ്ര വിഹിതം 50 ശതമാനം)

(വിഹിതം : ₹ 100.00 ലക്ഷം)

2016-17-ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 100.00 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി പ്രതീക്ഷിക്കുന്നു:

(i) *ഗവേഷണ പ്രവർത്തനങ്ങൾ*

1. പ്രാക്തനാ ഗോത്ര വർഗ്ഗക്കാരെക്കുറിച്ചുള്ള (പി. വി. ടി. ജി. എസ്.) വിലയിരുത്തൽ പഠനം.
2. പരമ്പരാഗതവും നവീനവുമായ ആരോഗ്യസംരക്ഷണ സമ്പ്രദായങ്ങളുടെ സ്വീകാര്യത, കാണിക്കാർ, മലവേടൻ, സമുദായങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ.
3. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെക്കുറിച്ചുള്ള നരവംശശാസ്ത്ര ഡോക്യുമെന്റേഷൻ.
4. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെക്കുറിച്ചുള്ള ചരിത്രാതീത കാര്യങ്ങൾ മനസ്സിലാക്കുകയും ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്യുക.
5. ദ്വിഭാഷാ നിഘണ്ടു, കാണി സമുദായക്കാരുടെ ഭാഷ/പട്ടിക വർഗ്ഗ ഭാഷകളുടെ കയ്യെഴുത്ത്പ്രതി എന്നിവ തയ്യാറാക്കൽ.
6. പഠനകലണ്ടറുകൾ തയ്യാറാക്കൽ, പഠന സഹായികൾ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ ആചാര നിയമങ്ങളുടെ ക്രോഡീകരണം.
7. പ്രാചീന അവശിഷ്ടങ്ങളുടെ പ്രദർശനവും, പരമ്പരാഗത വിവര സമ്പ്രദായത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.
8. കിർത്താഡ്സിന്റെ ലൈബ്രറിക്ക് വേണ്ട ബുക്കുകളും ജേർണലുകളും വാങ്ങുക.
9. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക.
10. പട്ടികവർഗ്ഗ ഉപപദ്ധതി (പഞ്ചായത്ത് രാജ് വഴി) കൊറഗ വിഭാഗക്കാർക്കിടയിൽ നടപ്പിലാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ പഠനം.
11. വയനാട് ജില്ലയിലെ അടിയൻ, കാട്ടുനായിക്കൻ എന്നീ വിഭാഗക്കാർ അഭിമുഖീകരിക്കുന്ന ഉപജീവന പ്രശ്നങ്ങൾ.
12. കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ വിവരാടിത്തറ പുതുക്കൽ.
13. കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ ഉപയോഗത്തിലുള്ള വിവിധ സംഗീത ഉപകരണങ്ങൾ ശേഖരിക്കലും ഡോക്യുമെന്റേഷനും.

(2) *പരിശീലനം*

1. പട്ടികവർഗ്ഗ മേഖലയിലെ എം. ആർ. എസ്./ആശ്രമം/ട്രൈബൽസ്കൂൾ എന്നിവിടങ്ങളിലെ ടീച്ചർമാർക്കും അംഗൻവാടി വർക്കേഴ്സിനും പരിശീലന പരിപാടികൾ.
2. ആരോഗ്യ അവബോധന പരിപാടിയും ആരോഗ്യ ക്യാമ്പും.
3. 34-ാമത് തലയ്ക്കൽ ചന്തു മെമ്മോറിയൽ അമ്പെയ്ത്ത് (ആർച്ചറി) മത്സരം.
4. പരമ്പരാഗത വൈദഗ്ദ്ധ്യവും നൈപുണ്യവും നവീകരിക്കുന്നതിനും, പരിശീലനത്തോടുകൂടിയ വർക്ക്ഷോപ്പുകൾ.
5. കേരളത്തിലെ പട്ടികവർഗ്ഗ വനിതകൾക്ക് ശാക്തീകരണ പരിപാടി.
6. കേരളത്തിലെ പട്ടികവർഗ്ഗ യുവാക്കൾക്ക് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളിലും പരിശീലന പരിപാടികൾ.
7. പട്ടികവർഗ്ഗ യുവാക്കൾക്ക് പി. എസ്. സി./യു. പി. എസ്. സി.-യും മറ്റ് തൊഴിലധിഷ്ഠിത പരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലന പരിപാടി.
8. പെരിപ്പതറ്റിക് സ്ക്കൂളിലേയും ഏകാദ്ധ്യാപക സ്കൂളിലേയും ബാലവിജ്ഞാന കേന്ദ്രങ്ങളിലേയും ടീച്ചർമാർക്ക് പരിശീലന പരിപാടികൾ.
9. കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗൈഡൻസോടുകൂടിയ ശാക്തീകരണ പരിപാടി.
10. കാടർ, കുറുമ്പർ വിഭാഗത്തിൽപ്പെട്ടവർക്ക് അവബോധന പരിപാടി.
11. ഡോ. ബി. ആർ. അംബേദ്കറിന്റെ ഓർമ്മയ്ക്കായുള്ള പ്രഭാഷണം.
12. കേരളത്തിലെ ത്രിതലപഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടി.
13. കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പരിപാടി.
14. അരനാടൻ വിഭാഗത്തിൽപ്പെട്ടവർക്കുള്ള നേതൃത്വ പരിശീലന പരിപാടി.
15. നാടൻപാട്ട്, കളരി-ഗോത്ര ഗാനം/നാടൻ പാട്ടുകളേയും സംബന്ധിക്കുന്ന ശിൽപശാല

(ഇ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം—റ്റി. സി. പി. (49 ശതമാനം കേന്ദ്ര വിഹിതം)

(വിഹിതം : ₹ 22.05 ലക്ഷം)

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്നതായ ഈ പദ്ധതിക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്രവിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ സാമ്പത്തിക പ്രവൃത്തികളിൽ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും സബ്സിഡികളും ലഭിക്കുകയും അതുവഴി

അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2016-17-ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനമായി 49 ശതമനം കേന്ദ്ര വിഹിതമായി 22.05 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**(സി) മറ്റു പിന്നാക്ക വിഭാഗക്കാരുടെ പരിപാടികൾ**

1. മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ

(വിഹിതം : ₹ 3600.00 ലക്ഷം)

ഈ പരിപാടിയിൽ താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

(എ) പ്രീ മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര വിഹിതം 50 ശതമാനം) ഒ. ബി. സി.

(വിഹിതം : ₹ 3200.00 ലക്ഷം)

മാതാപിതാക്കാളുടെ വാർഷിക വരുമാനം 44500 രൂപയിൽ കുറവുള്ള മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പാണിത്. പ്രീമെട്രിക് ഘട്ടത്തിലോ/ഒന്നാം ക്ലാസ്സിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. 10-ാം ക്ലാസ്സിൽ എത്തുന്നതോടെ ഈ സ്കോളർഷിപ്പ് തീരുന്നു. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു.

2016-17-ൽ 3200.00 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

(ബി) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% കേന്ദ്ര വിഹിതം)

(വിഹിതം : ₹ 400.00 ലക്ഷം)

ഇടുക്കി ജില്ലയിലെ ഇടുക്കി എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുവാൻ പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപ്പു വർഷം പദ്ധതി ലക്ഷ്യമിടുന്നു. ആവശ്യത്തിന് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ പഠനാർത്ഥം വാടക മുറികളിൽ താമസിക്കുന്നത് ഒഴിവാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കൂടാതെ ഗ്രാമീണ പശ്ചാത്തലത്തിൽ നിന്ന് പഠനത്തിനായി പ്രൊഫഷണൽ കോളേജുകളിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് താമസ സൗകര്യമൊരുക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. സർക്കാർ, സർവ്വകലാശാല, അംഗീകൃത സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു. നിലവിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ് ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല വഹിച്ചു വരുന്നതെങ്കിലും വകുപ്പിന്റെ മേൽനോട്ടം ഇക്കാര്യത്തിൽ ആവശ്യമാണെന്നതിനാൽ സംസ്ഥാന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗം ഈ ആവശ്യത്തിനായി നീക്കി വെക്കാവുന്നതാണ്.

2016-17-ൽ 400.00 ലക്ഷം രൂപ 50 ശതമാനം കേന്ദ്ര വിഹിതമായി ഈ പരിപാടിക്കായി പ്രതീക്ഷിക്കുന്നു.

# XIII. വാർഷിക മൊത്തം പദ്ധതി ബഡ്ജറ്റ് (2016–17)

കേന്ദ്ര സഹായ ഫണ്ട് സംസ്ഥാനങ്ങൾക്ക് കൈമാറ്റം ചെയ്യുന്ന നിലവിലുള്ള സംവിധാനത്തിൽ 2014–15–ൽ കേന്ദ്ര ഗവൺമെന്റ് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആകെ എണ്ണം 142–ൽ നിന്നും 66 ആയി കുറയ്ക്കുകയും ചെയ്തു. അപ്രകാരം, സംസ്ഥാനത്തിന്റെ 2015–16 പദ്ധതി വിഭവങ്ങൾ മുൻ വർഷങ്ങളെക്കാൾ അൽപ്പം ഉയർന്നതാവുകയും ഇതിനെ മൊത്തം പദ്ധതി വിഭവങ്ങളെന്ന് പുനർനാമകരണം ചെയ്യുകയുമുണ്ടായി. ഇതിൽ സംസ്ഥാന പദ്ധതികളും കേന്ദ്രസഹായ പദ്ധതികളും ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രസഹായം നേരിട്ട് പൊതു ഖജനാവിലേക്ക് നൽകുന്നതിനും വകുപ്പ് തലവൻമാർ/നിർവ്വഹണ ഏജൻസികൾ എന്നിവർക്ക് തുക നേരിട്ട് നൽകുന്നത് അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു.

മറ്റ് കേന്ദ്രസഹായം/ഒറ്റത്തവണ അധിക കേന്ദ്രസഹായം/ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഇനങ്ങളിലുള്ള വിഹിതങ്ങൾ പതിനാലാം ധനകാര്യകമ്മീഷൻ നിർത്തലാക്കുകയുണ്ടായി. 2015–16–ലെ കേന്ദ്രബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയിൽ കാതലായ മാറ്റത്തിന് തുടക്കമിട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ പരിഷ്ക്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നീതി ആയോഗ് രൂപം നൽകിയ മുഖ്യമന്ത്രിമാരുടെ ഉപസമിതി അതിന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഈ റിപ്പോർട്ട് കേന്ദ്ര ധനകാര്യ വകുപ്പ് പരിഗണിക്കുകയും സമ്പൂർണ്ണ സഹായ പദ്ധതികളുടെ ('എ' വിഭാഗം) ഫണ്ടിംഗ് ഘടനയ്ക്ക് മാറ്റം വരുത്തേണ്ടതില്ലെന്നും ഫണ്ടിംഗ് ഘടനയിൽ മാറ്റം വരുത്തിയ ('ബി' വിഭാഗം) പദ്ധതികളുടെ ഫണ്ട് പങ്കാളിത്ത ഘടന 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കിടുന്നതിനും തീരുമാനിച്ചു. മറ്റ് പദ്ധതികൾ (രണ്ട് വിഭാഗത്തിലും പെടാത്തവ) സംസ്ഥാനങ്ങൾക്ക് നൽകുകയും തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം അതിന്റെ ഫണ്ട് പങ്കാളിത്ത ഘടന 50:50 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലുമായിരിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തു. 2016–17–ലെ സംസ്ഥാനത്തിന്റെ കേന്ദ്രവിഷ്കൃത പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് പുനർ നിർണ്ണയിച്ച ഫണ്ട് പങ്കാളിത്ത ഘടന പ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത്. 2016–17–ലെ വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം ഇതിൻ പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 2016–17–ലെ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതി അടങ്കൽ 30534.17 കോടി രൂപയാണ്. ഇതിൽ സംസ്ഥാന പദ്ധതി വിഹിതം 24,000 കോടി രൂപയും കേന്ദ്ര സഹായം 6534.17 കോടി രൂപയുമാണ്.

മൊത്തം വാർഷിക പദ്ധതി (2016–17) വിഹിതം മേഖല/ഉപ മേഖല തിരിച്ച് ചുവടെ പട്ടിക 1–ൽ കൊടുത്തിരിക്കുന്നു. മേഖല/ഉപമേഖല/സ്കീം തിരിച്ചുള്ള വാർഷിക മൊത്തം പദ്ധതി വിഹിതം അനുബന്ധം I–ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 1

ബഡ്ജറ്റ് എസ്റ്റിമേറ്റ് (2016–17) മേഖല/ഉപമേഖല തിരിച്ച്

(രൂപ ലക്ഷത്തിൽ)

| കോഡ് നമ്പർ | മേഖല/ഉപമേഖല | സംസ്ഥാന പദ്ധതികൾ | കേന്ദ്ര സഹായം | മൊത്തം പദ്ധതി വിഹിതം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **I** | **കൃഷിയും അനുബന്ധമേഖലകളും** | | | |
| 1.1 | കൃഷി | 54736 | 21685 | 76421 |
| 1.2 | മണ്ണുജല സംരക്ഷണം | 9025 | .. | 9025 |
| 1.3 | മൃഗസംരക്ഷണം | 29000 | 1214 | 30214 |
| 1.4 | ക്ഷീരവികസനം | 9250 | 950 | 10200 |
| 1.5 | മത്സ്യ വികസനം | 16930 | 6399 | 23329 |
| 1.6 | വനവും വന്യജീവി സംരക്ഷണവും | 21000 | 7150 | 28150 |
| 1.7 | കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ മുതൽമുടക്ക് | 50 | .. | 50 |
| 1.8 | വിപണനം, സംഭരണം, സൂക്ഷിക്കലും വിതരണവും | 4775 | .. | 4775 |
| | **ആകെ I** | **144766** | **37398** | **182164** |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **II** | **ഗ്രാമ വികസനം** | | | |
| 2.1 | ഗ്രാമ വികസനം | 43215 | 266117 | 309332 |
| 2.2 | സാമൂഹിക വികസനവും പഞ്ചായത്തുകളും | 41261 | 6000 | 47261 |
| 2.3 | ഭൂപരിഷ്ക്കരണം | .. | 1249 | 1249 |
| 2.4 | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 47898 | .. | 47898 |
| | **ആകെ II** | **132374** | **273366** | **405740** |
| **III** | **സഹകരണം** | | | |
| 3.1 | സഹകരണം | 9500 | 4500 | 14000 |
| | **ആകെ III** | 9500 | **4500** | 14000 |
| **IV** | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | | | |
| 4.1 | വൻകിട ഇടത്തര ജലസേചനം | 30723 | .. | 30723 |
| 4.2 | ചെറുകിട ജലസേചനം | 12982 | 3600 | 16582 |
| 4.3 | കമാന്റ് ഏരിയാ വികസനം | 400 | .. | 400 |
| 4.4 | വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും | 5042 | 5000 | 10042 |
| | **ആകെ IV** | **49147** | **8600** | **57747** |
| **V** | **ഊർജ്ജം** | | | |
| 5.1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ. എസ്. ഇ. ബി.) | 156412 | .. | 156412 |
| 5.2 | പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ | 5858 | .. | 5858 |
| | **ആകെ V** | **162270** | **..** | **162270** |
| **VI** | **വ്യവസായവും ധാതുക്കളും** | | | |
| 6.1 | ഗ്രാമ ചെറുകിട വ്യവസായങ്ങൾ | 36631 | .. | 36631 |
| 6.2 | മറ്റ് വ്യവസായങ്ങൾ | 29178 | .. | 29178 |
| 6.3 | ധാതുക്കൾ | 84 | .. | 84 |
| 6.4 | വിവര സാങ്കേതികവിദ്യയും ഇ-ഗവേണൻസും | 48287 | .. | 48287 |
| | **ആകെ VI** | **114180** | **..** | **114180** |
| **VII** | **ഗതാഗതവും വാർത്താവിനിമയവും** | | | |
| 7.1 | തുറമുഖങ്ങൾ | 12601 | .. | 12601 |
| 7.2 | റോഡുകളും പാലങ്ങളും | 120621 | .. | 120621 |
| 7.3 | റോഡ് ഗതാഗതം | 7532 | .. | 7532 |
| 7.4 | ഉൾനാടൻ ജല ഗതാഗതം | 15734 | .. | 15734 |
| 7.5 | മറ്റ് ഗതാഗത സർവ്വീസുകൾ | 10 | .. | 10 |
| 7.6 | വിനോദസഞ്ചാരം | 31157 | .. | 31157 |
| | **ആകെ VII** | **187655** | **..** | **187655** |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **VIII** | **ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ആവാസ വ്യവസ്ഥയും പരിസ്ഥിതിയും** | | | |
| 8.1 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 15915 | .. | 15915 |
| 8.2 | ആവാസ വ്യവസ്ഥയും പരിസ്ഥിതിയും | 2942 | 100 | 3042 |
| | **ആകെ VIII** | **18857** | **100** | **18957** |
| **IX** | **സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ** | | | |
| 9.1 | വിദ്യാഭ്യാസം | 109538 | 79265 | 188803 |
| 9.2 | കലയും സംസ്ക്കാരവും | 9122 | .. | 9122 |
| 9.3 | സാങ്കേതിക വിദ്യാഭ്യാസം | 23541 | 3624 | 27165 |
| 9.4 | സ്പോർട്സും യുവജനസേവനവും | 8522 | 57 | 8579 |
| 9.5 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 101311 | 45058 | 146369 |
| 9.6 | ശുദ്ധജല വിതരണവും മാലിന്യ നിവാരണവും | 99692 | 10000 | 109692 |
| 9.7 | ഭവന നിർമ്മാണം | 7092 | 600 | 7692 |
| 9.8 | നഗര വികസനം | 69400 | 59200 | 128600 |
| 9.9 | വാർത്താവിതരണവും പ്രചരണവും | 3800 | .. | 3800 |
| 9.10 | തൊഴിലും തൊഴിലാളിക്ഷേമവും | 50943 | 9581 | 60524 |
| 9.11 | പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ, മുന്നോക്കക്കാർ എന്നിവരുടെ ക്ഷേമം | 203430 | 62858 | 266288 |
| 9.12 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 36215 | 15921 | 52136 |
| 9.13 | പോഷകാഹാരം | 22137 | 33055 | 55192 |
| | **ആകെ IX** | **744743** | **319219** | **1063962** |
| **X** | **സാമ്പത്തിക സർവ്വീസുകൾ** | | | |
| 10.1 | സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ | 275580 | 3900 | 279480 |
| 10.2 | സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും | 182 | 4331 | 4513 |
| 10.3 | മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ | 998 | .. | 998 |
| | **ആകെ X** | **276760** | **8231** | **284991** |
| **XI** | **പൊതു സേവനങ്ങൾ** | | | |
| 11.1 | സ്റ്റേഷനറിയും അച്ചടിയും | 850 | .. | 850 |
| 11.2 | പൊതുമരാമത്ത് | 7232 | 1800 | 9032 |
| 11.3 | സിവിൽ സപ്ലൈസ് | 1666 | 203 | 1869 |
| | **ആകെ XI** | **9748** | **2003** | **11751** |
| | **ആകെ I മുതൽ XI വരെ** | **1850000** | **653417** | **2503417** |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **XII** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം** | | | |
| 12.1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 500000 | .. | 500000 |
| 12.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി വിഹിതം | 50000 | .. | 50000 |
| | **ആകെ XII** | 550000 | | 550000 |
| | **ആകെ I മുതൽ XII വരെ** | **2400000** | **653417** | **3053417** |

# XIV. ഗ്രീൻ ബുക്കും ആംബർ ബുക്കും

സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 43/2015/പ്ലാനിംഗ് തീയതി 28 നവംബർ 2015 പ്രകാരം 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്കും ആംബർ ബുക്കും അവതരിപ്പിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങളോടെ സർക്കാർ അനുമതി നൽകി. പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായി പദ്ധതി രേഖയിലും പദ്ധതി രൂപീകരണ പ്രക്രിയയിലും ചില ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഈ പുതിയ ആശയം ലക്ഷ്യമിടുന്നു. ഇതിനെ ത്തുടർന്ന് 2015 ഡിസംബർ 9-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 561/2015/ധനകാര്യം പ്രകാരം ഇതിന് വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗനിർദ്ദേശപ്രകാരം 2016-17 മുതൽ പദ്ധതി രേഖ ഗ്രീൻ ബുക്ക്, ആംബർ ബുക്ക് എന്നീ രേഖകളാക്കി നിയമസഭ മുമ്പാകെ നൽകേണ്ടതാണ്. മുന്തിയ പരിഗണന ആവശ്യമായതും വേഗത്തിൽ നടപ്പിലാക്കുന്നതിന് യോഗ്യമായതുമായ പദ്ധതികൾ ഗ്രീൻബുക്കിലും മറ്റ് പദ്ധതികൾ ആംബർ ബുക്കിലും ഉൾപ്പെടുന്നതാണ്. ബജറ്റ് നിയമസഭ അംഗീകരിച്ചാലുടൻതന്നെ ഗ്രീൻബുക്കിൽ ഉൾപ്പെട്ട സ്കീമുകൾക്കും ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കും. ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റെയും അഭിപ്രായം വീണ്ടുംതേടാതെ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതിമുതൽ നിർവ്വഹണ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

അപ്രകാരം ഗ്രീൻബുക്കിൽ ഉൾപ്പെട്ട സ്കീമുകളെ ഉൾപ്പെടുത്തി നിലവിലുള്ള പദ്ധതിരേഖയ്ക്ക് സമാനമായ ഒരു പദ്ധതിരേഖ 2016-17-ലെ ബഡ്ജറ്റിനൊപ്പം പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ/പോജക്ടുകളാണ് ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രീൻബുക്കിൽ ഉൾപ്പെട്ട സ്കീമുകളുടെയും പദ്ധതികളുടെയും പുനരവലോകനം പരിഗണിക്കേണ്ടിവരുന്ന അപൂർവ്വ സാഹചര്യങ്ങളിൽ ഭരണവകുപ്പ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്/പ്രത്യേക വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ വിശദീകരണത്തോടുകൂടി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അനുബന്ധം—I

# വാർഷിക മൊത്തം പദ്ധതി ബഡ്ജറ്റ് 2016–17

(സെക്ടർ/സബ് സെക്ടർ/സ്കീം തിരിച്ചുള്ളത്)

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | സെക്ടർ/സബ് സെക്ടർ/സ്കീം തിരിച്ചുള്ളത് | വിഭാഗം [സംസ്ഥാന പദ്ധതി/ ഇ. എ. പി./നബാർഡ്/ കേന്ദ്രാവിഷ്കൃതം (100/50 %) ] | സംസ്ഥാന പദ്ധതി വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | പദ്ധതി മൊത്തം വിഹിതം | ജി. ബി./ എ. ബി. |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| **I** | **കൃഷിയും അനുബന്ധ മേഖലകളും** | | | | | |
| **1.1** | **കൃഷി** | | | | | |
| **(I)** | **കാർഷിക ഗവേഷണവും വിദ്യാഭ്യാസവും** | | | | | |
| 1 | കേരള കാർഷിക സർവ്വകലാശാല | സംസ്ഥാന പദ്ധതി | 6550.00 | | 6550.00 | എ.ബി. |
| | ആകെ | | 6550.00 | | 6550.00 | .. |
| **(II)** | **വിള സംരക്ഷണം** | | | | | |
| 1 | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും | ,, | 2000.00 | | 2000.00 | ജി.ബി. |
| 2 | സംയോജിത ഭക്ഷ്യവിള ഉത്പാദനം | ,, | 10930.00 | | 10930.00 | ജി.ബി. |
| 3 | നാളികേര വികസനം | ,, | 4500.00 | | 4500.00 | ജി.ബി. |
| 4 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | ,, | 4000.00 | | 4000.00 | ജി.ബി. |
| 5 | കാർഷിക വിവരവും വിനിമയവും | ,, | 400.00 | | 400.00 | ജി.ബി. |
| 6 | മാനവശേഷി വികസനം | ,, | 300.00 | | 300.00 | ജി.ബി. |
| 7 | വിള ഇൻഷുറൻസ് | ,, | 1250.00 | | 1250.00 | ജി.ബി. |
| 8 | പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി | ,, | 300.00 | | 300.00 | എ.ബി. |
| 9 | ലബോറട്ടറികളുടെ ആധുനീകരണം | ,, | 600.00 | | 600.00 | എ.ബി. |
| 10 | സുഗന്ധവ്യഞ്ജന വികസനം | ,, | 1000.00 | | 1000.00 | ജി.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 11 | ജൈവ കൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉത്പാദനം | സംസ്ഥാനപദ്ധതി | 1000.00 | | 1000.00 | ജി.ബി. |
| 12 | കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും | ,, | 3100.00 | | 3100.00 | എ.ബി. |
| 13 | മണ്ണ് ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും | ,, | 2626.00 | | 2626.00 | ജി.ബി. |
| 14 | ഹൈടെക് അഗ്രികൾച്ചർ | ,, | 290.00 | | 290.00 | ജി.ബി. |
| 15 | വിള ആരോഗ്യ പരിപാലനം | ,, | 1690.00 | | 1690.00 | ജി.ബി. |
| 16 | കൃഷി ഉന്നതി യോജന (പുതിയത്)) | കേന്ദ്രാവിഷ്കൃതം 100% | 14200.00 | 21300.00 | 35500.00 | എ.ബി. |
| 17 | ദേശീയ ബയോഗ്യാസ് വികസന പരിപാടി | ,, | .. | 385.00 | 385.00 | എ.ബി. |
| | **ആകെ—വിള പരിപാലനം** | | **48186.00** | **21685.00** | **69871.00** | |
| 1.2 | **മണ്ണ് ജല സംരക്ഷണം** | | | | | |
| 1 | സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 102.00 | | 102.00 | എ.ബി. |
| 2 | കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) | ,, | 250.00 | | 250.00 | ,, |
| 3 | ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തല വിഭവ പര്യവേഷണം | ,, | 93.00 | | 93.00 | ,, |
| 4 | ഭൂവിഭവ വിവര സംവിധാനം | ,, | 55.00 | | 55.00 | ,, |
| | **ആകെ** | | **500.00** | | **500.00** | |
| | **മണ്ണ് പര്യവേഷണം** | | | | | |
| 5 | ഉദ്യോഗസ്ഥർക്ക് പരിശീലനം | ,, | 8.00 | | 8.00 | ,, |
| 6 | പരീക്ഷണശാലകൾ | ,, | 132.00 | | 132.00 | ,, |
| 7 | മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ | ,, | 115.00 | | 115.00 | ,, |
| | **ആകെ** | | **255.00** | | **255.00** | |
| | **മണ്ണ് സംരക്ഷണം** | | | | | |
| 8 | നീർമറി പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്. സഹായം) | NABARD | 7500.00 | | 7500.00 | ,, |
| 9 | ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം | സംസ്ഥാന പദ്ധതി | 345.00 | | 345.00 | ,, |
| 10 | മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശക്തിപ്പെടുത്തലും | ,, | 355.00 | | 355.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 11 | വിവര സാങ്കേതികവിദ്യയുടെ ഉപയോഗവും മേൽനോട്ടവും വിലയിരുത്തലും | സംസ്ഥാന പദ്ധതി | 40.00 | | 40.00 | എ.ബി. |
| 12 | ശുദ്ധജല സംഭരണികളിലെ വൃഷ്ടിപ്രദേശത്തെ മണ്ണ് ജല സംരക്ഷണം | ,, | 30.00 | | 30.00 | ,, |
| | **ആകെ—മണ്ണ് സംരക്ഷണം** | | **8270.00** | | **8270.00** | |
| | **ആകെ** | | **9025.00** | | **9025.00** | |
| **1.3** | **മൃഗ സംരക്ഷണം** | | | | | |
| 1 | മൃഗ പരിപാലന വ്യാപനം | സംസ്ഥാന പദ്ധതി | 1091.00 | | 1091.00 | ജി.ബി. |
| 2 | മൃഗ ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി/നബാർഡ് | 4300.00 | | 4300.00 | എ.ബി. |
| 3 | ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് | സംസ്ഥാന പദ്ധതി | 755.00 | | 755.00 | എ.ബി. |
| 4 | ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | ,, | 1066.00 | | 1066.00 | ജി.ബി. |
| 5 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | ,, | 5080.00 | | 5080.00 | ജി.ബി. |
| 6 | വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും | ,, | 2257.00 | | 2257.00 | എ.ബി. |
| 7 | ആധുനികവത്ക്കരണവും ഇ-ഗവേർണൻസും | ,, | 225.00 | | 225.00 | എ.ബി. |
| 8 | ബാക്ക്‌യാർഡ് പൌൾട്രി ഡെവലപ്മെന്റ് പ്രോജക്ട് | ,, | 255.00 | | 255.00 | ജി.ബി. |
| 9 | പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധന സഹായം | സംസ്ഥാന പദ്ധതി/ നബാർഡ് | 7458.00 | | 7458.00 | എ.ബി. |
| 10 | കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല | ,, | 5700.00 | | 5700.00 | എ.ബി. |
| 11 | രാഷ്ട്രീയ പശുധൻ വികാസ് യോജന | കേന്ദ്രാവിഷ്കൃതം (100%) | 700.00 | 1050.00 | 1750.00 | എ.ബി. |
| 12 | മൃഗ സംരക്ഷണ സ്ഥിതിവിവര കണക്കും സാമ്പിൾ സർവ്വേയും | കേന്ദ്രവിഷ്കൃതം (50%) | 113.00 | 113.00 | 226.00 | എ.ബി. |
| 13 | കന്നുകാലി സെൻസസ് | കേന്ദ്രാവിഷ്കൃതം (100%) | .. | 51.00 | 51.00 | എ.ബി. |
| | **മൃഗ സംരക്ഷണം—ആകെ** | | **29000.00** | **1214.00** | **30214.00** | |
| **1.4** | **ക്ഷീര വികസനം** | | | | | |
| 1 | ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും | സംസ്ഥാന പദ്ധതി | 450.00 | | 450.00 | ജി.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും | സംസ്ഥാന പദ്ധതി | 2400.00 | | 2400.00 | ജി.ബി. |
| 3 | മിൽക്ക് ഷെഡും ഫോഡർ വികസനവും | ,, | 4417.00 | | 4417.00 | ജി.ബി. |
| 4 | കാലിത്തീറ്റ സബ്സിഡി | ,, | 1350.00 | | 1350.00 | എ.ബി. |
| 5 | രാഷ്ട്രീയ പശുധൻ വികാസ്യോജന | കേന്ദ്രാവിഷ്കൃതം (100%) | 633.00 | 950.00 | 1583.00 | എ.ബി. |
| | **ക്ഷീര വികസനം—ആകെ** | | **9250.00** | **950.00** | **10200.00** | |
| 1.5 | **മത്സ്യ വികസനം** | | | | | |
| | **ഉൾനാടൻ മത്സ്യബന്ധന മേഖല** | | | | | |
| 1 | ഉൾനാടൻ മത്സ്യകൃഷിയുടെ പരിപാലനവും മാനേജ്മെന്റും | സംസ്ഥാന പദ്ധതി | 150.00 | .. | 150.00 | എ.ബി. |
| 2 | മത്സ്യവിത്ത് ഉൽപാദന കേന്ദ്രങ്ങൾ നഴ്സറികൾ, ഹാച്ചറികൾ | ,, | 1599.00 | .. | 1599.00 | എ.ബി. |
| 3 | മത്സ്യ സമൃദ്ധി | ,, | 1350.00 | .. | 1350.00 | എ.ബി. |
| 4 | നൂതനമായ മത്സ്യകൃഷി സമ്പ്രദായങ്ങൾക്കുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ | ,, | 550.00 | .. | 550.00 | എ.ബി. |
| 5 | ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി (50% സി. എസ്. എസ്.) | 50% കേന്ദ്രാവിഷ്കൃതം | 200.00 | 200.00 | 400.00 | എ.ബി. |
| | **സമുദ്ര മത്സ്യബന്ധനം** | | | | | |
| 6 | സമുദ്ര മത്സ്യ സമ്പത്തിന്റെ പരിപാലനവും മാനേജ്മെന്റും | സംസ്ഥാന പദ്ധതി | 380.00 | .. | 380.00 | എ.ബി. |
| 7 | നാടൻ വള്ളങ്ങളുടെ യന്ത്രവത്കരണം | ,, | 20.00 | .. | 20.00 | എ.ബി. |
| 8 | ആഴക്കടൽ മത്സ്യബന്ധന വികസനം | ,, | 50.00 | .. | 50.00 | എ.ബി. |
| 9 | മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ നൽകുക | ,, | 50.00 | .. | 50.00 | എ.ബി. |
| 10 | മത്സ്യ വിപണികളുടെ നവീകരണവും മൂല്യവർദ്ധനവും | ,, | 400.00 | .. | 400.00 | എ.ബി. |
| | **മത്സ്യതൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ** | | | | | |
| 11 | എൻ.സി.ഡി.സി. സഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി | ,, | 300.00 | 1650.00 | 1950.00 | എ.ബി. |
| 12 | എൻ. ബി. സി. എഫ്. ഡി. സി.ക്കും, എൻ. എം. ഡി. എഫ്. സി. ക്കും നിക്ഷേപ മൂലധനം | ,, | 150.00 | .. | 150.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 13 | ബാങ്ക് വായ്പയുമായി ബന്ധപ്പെടുത്തിയ പദ്ധതികൾ | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| 14 | പലിശ രഹിത വായ്പ | ,, | 100.00 | .. | 100.00 | എ.ബി. |
| 15 | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ദേശീയ പദ്ധതി | (50% കേന്ദ്രാവിഷ്കൃതം) | 1877.00 | 1877.00 | 3754.00 | എ.ബി. |
| 16 | എൻ. എഫ്. ഡബ്ല്യു. എഫ്. സഹായത്തോടെയുള്ള ഭവന പദ്ധതി, മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പ്രതി യൂണിറ്റ് ചെലവ് കണ്ടെത്താനായുള്ള അധിക സംസ്ഥാന സഹായം | സംസ്ഥാന പദ്ധതി | 1345.00 | .. | 1345.00 | എ.ബി. |
| 17 | മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് | ,, | 137.00 | .. | 137.00 | എ.ബി. |
| | **വിജ്ഞാനവ്യാപനം, പരിശീലനം, സേവനം** | | | | | |
| 18 | വകുപ്പിന്റെ അനുബന്ധ പ്രവർത്തനങ്ങൾ | ,, | 250.00 | .. | 250.00 | ,, |
| 19 | അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയാക്കുക | ,, | 248.00 | .. | 248.00 | ,, |
| 20 | ഫിഷറീസ് വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 50.00 | .. | 50.00 | ,, |
| | **മത്സ്യബന്ധന തുറമുഖങ്ങളും പരിപാലനവും** | | | | | |
| 21 | സമുദ്രമത്സ്യബന്ധന വികസനം, അടിസ്ഥാന സൗകര്യങ്ങൾ, വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങൾ | (50% കേന്ദ്രാവിഷ്കൃതം) | 2624.00 | 2624.00 | 5248.00 | ,, |
| 22 | മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാന്റിംഗ് സെന്ററുകളുടെയും ഇൻവെസ്റ്റിഗേഷൻ | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | ,, |
| 23 | ഗ്രാമീണ അടിസ്ഥാന വികസന നിധി | നബാർഡ് | 2000.00 | .. | 2000.00 | ,, |
| 24 | ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല | സംസ്ഥാന പദ്ധതി/ നബാർഡ് | 3000.00 | .. | 3000.00 | ,, |
| 25 | അടിസ്ഥാന വിവര ശേഖരണവും ഭൗമ വിവര സാങ്കേതിക സംവിധാനം ശക്തിപ്പെടുത്തലും | (100% കേന്ദ്രാവിഷ്കൃതം) | .. | 48.00 | 48.00 | ,, |
| | **ആകെ** | | **16930.00** | **6399.00** | **23329.00** | |
| **1.6** | **വനവും വന്യജീവി സംരക്ഷണവും** | | | | | |
| 1 | സ്വാഭാവിക വനങ്ങളുടെ പരിപാലനം | സംസ്ഥാന പദ്ധതി | 4917.00 | .. | 4917.00 | എ.ബി. |
| 2 | തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ | ,, | 1600.00 | .. | 1600.00 | എ.ബി. |
| 3 | അടിസ്ഥാന സൗകര്യവികസനം | ,, | 1000.00 | | 1000.00 | എ.ബി. |
| 4 | (a) ജൈവ വൈവിദ്ധ്യ സംരക്ഷണവും പരിസ്ഥിതി വികസന പരിപാടിയും | ,, | 846.00 | .. | 846.00 | എ.ബി. |
| | (b) വനം, വന്യജീവി സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവയ്ക്കുള്ള കേന്ദ്രസഹായ പദ്ധതികൾ | 100% CSS | 3200.00 | 4800.00 | 8000.00 | എ.ബി. |
| | (c) സംയോജിത വനസംരക്ഷണ പദ്ധതി | 50% CSS | 300.00 | 300.00 | 600.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഇക്കോ ടൂറിസം | സംസ്ഥാന പദ്ധതി | 820.00 | | 820.00 | എ.ബി. |
| 6 | മാനവശേഷി വികസനം | ,, | 360.00 | | 360.00 | എ.ബി. |
| 7 | വിഭവ ആസൂത്രണവും ഗവേഷണവും | ,, | 250.00 | | 250.00 | എ.ബി. |
| 8 | വന പരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും | ,, | 150.00 | | 150.00 | എ.ബി. |
| 9 | എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി | ,, | 1400.00 | | 1400.00 | എ.ബി. |
| 10 | ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് | നബാർഡ് | 4200.00 | | 4200.00 | എ.ബി. |
| 11 | മനുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ | സംസ്ഥാന വിഹിതം | 757.00 | | 757.00 | എ.ബി. |
| 12 | തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും | സംസ്ഥാന വിഹിതം/ നബാർഡ് | 1200.00 | | 1200.00 | ,, |
| 13 | നീലഗിരി ബയോസ്ഫിയർ റിസർവ്വ് | 100% CSS | | 250.00 | 250.00 | ,, |
| 14 | പ്രോജക്ട് എലിഫന്റ് | ,, | | 400.00 | 400.00 | ,, |
| 15 | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് | ,, | | 300.00 | 300.00 | ,, |
| 16 | തണ്ണീർത്തട സംരക്ഷണം | ,, | | 100.00 | 100.00 | ,, |
| 17 | വയനാട് വന്യമൃഗ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്നവരെ സ്വമേധയാ മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി | 100% CSS | | 1000.00 | 1000.00 | ,, |
| | **ആകെ (വനവും വന്യജീവി സംരക്ഷണവും)** | | **21000.00** | **7150.00** | **28150.00** | |
| 1.7 | **കാർഷിക ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ** | | | | | |
| | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്—കടപത്രം വാങ്ങൽ | സംസ്ഥാന പദ്ധതി | 50.00 | | 50.00 | എ. ബി. |
| | **ആകെ** | | **50.00** | | **50.00** | |
| 1.8 | **സംഭരണം, സൂക്ഷിക്കലും വിതരണവും** | | | | | |
| I | **വിതരണവും ഗുണനിയന്ത്രണവും** | | | | | |
| 1 | മാർക്കറ്റ് വികസനം | സംസ്ഥാന പദ്ധതി | 3000.00 | | 3000.00 | എ.ബി. |
| 2 | ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്. പദ്ധതികൾ) | നബാർഡ് | 700.00 | | 700.00 | എ.ബി. |
| 3 | മൂല്യവർദ്ധനവ് | സംസ്ഥാന പദ്ധതി | 500.00 | | 500.00 | ജി. ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **II** | **മറ്റ് പരിപാടികൾ** | | | | | |
| 1 | കർഷക ക്ഷേമനിധി ബോർഡ് | സംസ്ഥാന പദ്ധതി | 25.00 | | 25.00 | എ.ബി. |
| 2 | സംസ്ഥാനാവിഷ്കൃത പദ്ധതി (പുതിയത്) | ,, | 500.00 | | 500.00 | എ.ബി. |
| **III** | **സംഭരണവും സൂക്ഷിക്കലും** | | | | | |
| | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (ഓഹരി മൂലധനം) | സംസ്ഥാന പദ്ധതി | 50.00 | | 50.00 | എ.ബി. |
| | **1.8 ആകെ** | | **4775.00** | | **4775.00** | |
| | | മേഖല/ഉപമേഖല പരിപാടി | | | | |
| **II** | **ഗ്രാമവികസനം** | | | | | |
| **2.1** | **ഗ്രാമ വികസന പരിപാടികൾ** | | | | | |
| 1 | എല്ലാവർക്കും വീട് (ഗ്രാമീൺ)-ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.) (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം | 9464.00 | 14196.00 | 23660.00 | എ.ബി. |
| 2 | എല്ലാവർക്കും വീട് (ഗ്രാമീൺ)-ഐ.എ.വൈ. ഭവന പദ്ധതിക്കായി സംസ്ഥാനത്തിന്റെ അധിക ധനസഹായം (പുതിയ പരിപാടി) | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ.ബി. |
| 3 | ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.) (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം | | | | |
| | (എ) ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.) (40% സംസ്ഥാന വിഹിതം)<br>(ബി) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗസല്യ യോജന ഡി.ഡി.യു.ജി.കെ.വൈ.(ആജീവിക നൈപുണ്യ വികസന പദ്ധതി) (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം<br>60% കേന്ദ്രാവിഷ്കൃതം | 4000.00 | 6000.00 | 10000.00 | എ.ബി. |
| | (സി) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭരണ ചെലവുകൾ (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം | 400.00 | 600.00 | 1000.00 | എ.ബി. |
| 4 | ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്- (ആർ.ഐ.ഡി.എഫ്.) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി | വിദേശ സഹായപദ്ധതി | 3500.00 | | 3500.00 | എ.ബി. |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (10% സംസ്ഥാന വിഹിതം) | 90% കേന്ദ്രാവിഷ്കൃതം | 5000.00 | 219720.00 | 224720.00 | എ.ബി. |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗവേഷണവും പഠനവും (പുതിയ പരിപാടി) | സംസ്ഥാന പദ്ധതി | 50.00 | | 50.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 7 | മൾബറി കൃഷി വികസന പ്രോജക്ട് (50% സംസ്ഥാന വിഹിതം) | 50% കേന്ദ്രാവിഷ്കൃതം | 1.00 | 1.00 | 2.00 | എ.ബി. |
| 8 | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പി.എം.ജി.എസ്.വൈ. (25% സംസ്ഥാന വിഹിതം) | 75% കേന്ദ്രാവിഷ്കൃതം | 7000.00 | 21000.00 | 28000.00 | എ.ബി. |
| 9 | പി.എം.ജി.എസ്.വൈ.യ്ക്കു വേണ്ടി സംസ്ഥാന സഹായം | സംസ്ഥാന പദ്ധതി | 10000.00 | | 10000.00 | എ.ബി. |
| 10 | പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണം | സംസ്ഥാന പദ്ധതി | 300.00 | | 300.00 | എ.ബി. |
| 11 | സ്വരാജ് ഭവൻ സജ്ജീകരിക്കൽ | സംസ്ഥാന പദ്ധതി | 150.00 | | 150.00 | എ.ബി. |
| | **ആകെ മൊത്തം—ഗ്രാമ വികസനം** | | **39965.00** | **261517.00** | **301482.00** | |
| **2.2** | **സാമൂഹ്യ വികസനവും പഞ്ചായത്തുകളും** | | | | | |
| 12 | സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.) (50% സംസ്ഥാന വിഹിതം) | 50% കേന്ദ്രാവിഷ്കൃതം | 100.00 | 100.00 | 200.00 | എ.ബി. |
| 13 | ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ | സംസ്ഥാന പദ്ധതി | 40.00 | | 40.00 | ജി.ബി. |
| 14 | കുടുംബശ്രീ | ,, | 13000.00 | | 13000.00 | എ.ബി. |
| 15 | ഓഫീസ് നവീകരണം-കമ്പ്യൂട്ടർവത്ക്കരണവും പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും | ,, | 110.00 | | 110.00 | എ.ബി. |
| 16 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | ,, | 2200.00 | | 2200.00 | എ.ബി. |
| 17 | ഇൻഫർമേഷൻ കേരളാ മിഷൻ | ,, | 1000.00 | | 1000.00 | എ.ബി. |
| 18 | പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)-നീർത്തട ഘടകം- (ഐ.ഡബ്ല്യൂ. എം. പി.യ്ക്കു പകരം) (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം | 3000.00 | 4500.00 | 7500.00 | എ.ബി. |
| 19 | എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി- പ്രാദേശിക വികസനം | സംസ്ഥാന പദ്ധതി | 14100.00 | | 14100.00 | എ.ബി. |
| 20 | എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്റർ (ഇ.റ്റി.സി.) കളുടെ ശാക്തീകരണം | ,, | 100.00 | | 100.00 | എ.ബി. |
| 21 | ശുചിത്വ കേരളം | ,, | 2600.00 | | 2600.00 | ജി.ബി. |
| 22 | ശ്മശാന നിർമ്മാണം | ,, | 500.00 | | 500.00 | എ.ബി. |
| 23 | അറവുശാലകളുടെ നിർമ്മാണം | ,, | 500.00 | | 500.00 | എ.ബി. |
| 24 | പഞ്ചായത്ത് ഡയറക്ടറേറ്റിൽ കാര്യക്ഷമമായ ആസൂത്രണ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കൽ (പുതിയ പരിപാടി) | ,, | 200.00 | | 200.00 | എ.ബി. |
| 25 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഓഫീസുകളുടെ നവീകരണം, കമ്പ്യൂട്ടർവൽക്കരണം, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ (പുതിയ പരിപാടി) | ,, | 51.00 | | 51.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 26 | രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരണ് അഭിയാൻ (ആർ.ജി.പി.എസ്.എ.) (പുതിയ പരിപാടി) | സംസ്ഥാന വിഹിതം | 500.00 | | 500.00 | ജി.ബി. |
| 27 | ഗ്രാമീണ ഉൽപ്പന്നങ്ങളുടെ ജില്ലാതല വിപണന കേന്ദ്രത്തിനുള്ള സഹായം | ,, | 10.00 | | 10.00 | എ.ബി. |
| 28 | കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി.) തദ്ദേശമിത്രം | വിദേശ സഹായപദ്ധതി | 2500.00 | | 2500.00 | എ.ബി. |
| 29 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (40% സംസ്ഥാന വിഹിതം) | 60% കേന്ദ്രാവിഷ്കൃതം | 4000.00 | 6000.00 | 10000.00 | ജി.ബി. |
| | **ആകെ മൊത്തം—സാമൂഹ്യവികസനവും പഞ്ചായത്തുകളും** | | **44511.00** | **10600.00** | **55111.00** | |
| **2.3** | **ഭൂപരിഷ്ക്കരണം** | | | | | |
| 30 | ദേശീയ ഭൂരേഖാ നവീകരണ പരിപാടി (എൻ. എൽ. ആർ. എം. പി.) (50% സംസ്ഥാന വിഹിതം) | 50% കേന്ദ്രാവിഷ്കൃതം | .. | .. | .. | എ.ബി. |
| | **ആകെ മൊത്തം—ഭൂപരിഷ്കരണം** | | **84476.00** | **272117.00** | **356593.00** | |
| | **ആകെ മൊത്തം—ഗ്രാമവികസനം** | | | | | |
| | 100% കേന്ദ്രാവിഷ്കൃതം | | | | | |
| **2.3** | **ഭൂപരിഷ്ക്കരണം** | | | | | |
| 1 | ദേശീയ ഭൂരേഖാ നവീകരണ പരിപാടി (എൻ. എൽ. ആർ. എം. പി.) ഭൂരേഖകളുടെ കമ്പ്യൂട്ടർവത്ക്കരണം (100% കേന്ദ്രാവിഷ്കൃതം) | 100% കേന്ദ്രാവിഷ്കൃതം | .. | 1249.00 | 1249.00 | എ.ബി. |
| | **ആകെ മൊത്തം ഗ്രാമ വികസനം—(100% കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ)** | | **84476.00** | **273366.00** | **357842.00** | |
| **2.4** | **പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി** | | | | | |
| 1 | പശ്ചിമ ഘട്ട വികസന പദ്ധതി | ,, | 1500.00 | | 1500.00 | എ.ബി. |
| 2 | **തീരപ്രദേശ വികസനം** | | | | | |
| | 1 ഗ്രാമീണ അടിസ്ഥാന വികസന നിധി | നബാർഡ് | 1240.00 | | 1240.00 | ,, |
| | 2 മത്സ്യതൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും മനുഷ്യ വികസനവും | സംസ്ഥാന പദ്ധതി | 18460.00 | | 18460.00 | ,, |
| | **ആകെ** | | **19700.00** | | **19700.00** | |
| 3 | **മലയോര വികസനം** | | | | | |
| | (1) മലയോരവികസന ഏജൻസി | സംസ്ഥാന പദ്ധതി + നബാർഡ് | 13000.00 | | 13000.00 | ,, |
| | **ആകെ** | | **13000.00** | | **13000.00** | |
| 4 | വയനാട് പാക്കേജ് | സംസ്ഥാന പദ്ധതി | 1900.00 | | 1900.00 | ,, |
| 5 | ശബരിമല മാസ്റ്റർ പ്ലാൻ | ,, | 2500.00 | | 2500.00 | |
| 6 | കാസർഗോഡ് പാക്കേജ് | ,, | 8798.00 | | 8798.00 | ,, |
| 7 | പിന്നാക്ക മേഖലാ സഹായനിധി (ബി.ആർ.ജി.എഫ്.) | സംസ്ഥാന പദ്ധതി | 500.00 | | 500.00 | ,, |
| | **ആകെ പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി** | | **47898.00** | | **47898.00** | |
| | **ആകെ ഗ്രാമ വികസനം** | | **132374.00** | **273366.00** | **405740.00** | |

**III സഹകരണം**

| | | | | | |
|---|---|---|---|---|---|
| | **വിദ്യാഭ്യാസവും പരിശീലനവും** | | | | |
| 1 | സംസ്ഥാന സഹകരണ യൂണിയനും, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾക്കുള്ള സഹായം | സംസ്ഥാന പദ്ധതി | 100.00 | 100.00 | എ.ബി. |
| 2 | സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം | ,, | 25.00 | 25.00 | ,, |
| | **ആകെ** | ,, | **125.00** | **125.00** | |
| **(II)** | **ക്രെഡിറ്റ് സഹകരണ സംഘങ്ങൾ** | | | | |
| 3 | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | ,, | 275.00 | 275.00 | ,, |
| 4 | കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം | ,, | 2500.00 | 2500.00 | ,, |
| | **ആകെ** | | **2775.00** | **2775.00** | |
| **(III)** | **മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം** | | | | |
| (a) | സഹകരണ സംഘങ്ങൾ | | | | |
| 5 | സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം — എൻ.സി.ഡി.സി. സഹായമുള്ള പദ്ധതി— സംസ്ഥാന വിഹിതം | ,, | 75.00 | 75.00 | ,, |
| (b) | ഉപഭോക്തൃ സഹകരണ സംഘങ്ങൾ | | | | |
| 6 | ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം | ,, | 200.00 | 200.00 | ,, |
| (c) | ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ | | | | |
| 7 | പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം | ,, | 50.00 | 50.00 | ,, |
| (d) | പലതരത്തിലുള്ള സഹകരണ സംഘങ്ങൾ | | | | |
| 8 | മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | ,, | 1200.00 | 1200.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **മറ്റ് പദ്ധതികൾ** | | | | | |
| 9 | പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം | സംസ്ഥാന പദ്ധതി | 928.00 | | 928.00 | എ.ബി. |
| 10 | മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം | ,, | 500.00 | | 500.00 | ,, |
| 11 | സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം | | 395.00 | | 395.00 | ,, |
| 12 | സഹകരണ ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം | ,, | 100.00 | | 100.00 | ,, |
| 13 | ആർ.ഐ.ഡി.എഫ്. | നബാർഡ് | 962.00 | | 962.00 | ,, |
| 14 | പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന സഹായം | സംസ്ഥാന പദ്ധതി | 950.00 | | 950.00 | ,, |
| 15 | കർഷക സേവന കേന്ദ്രം | ,, | 500.00 | | 500.00 | ,, |
| 16 | വിപണന സഹകരണ സംഘങ്ങൾക്കായുള്ള സഹായം | ,, | 440.00 | | 440.00 | ,, |
| 17 | സഹകരണ ആസ്ഥാന മന്ദിരവും അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥാപനത്തിനായുള്ള സഹായം | ,, | 300.00 | | 300.00 | ,, |
| | **ആകെ സംസ്ഥാന പദ്ധതി** | | **9500.00** | | **9500.00** | |
| | **എൻ.സി.ഡി.സി.** | | | | | |
| 18 | പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം | എൻ.സി.ഡി.സി. | | 1800.00 | 1800.00 | ,, |
| 19 | പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള സഹായം | ,, | | 1200.00 | 1200.00 | ,, |
| 20 | സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.) | ,, | | 1500.00 | 1500.00 | ,, |
| | **ആകെ എൻ.സി.ഡി.സി.** | | | **4500.00** | **4500.00** | |
| | **ആകെ സഹകരണം** | | **9500.00** | **4500.00** | **14000.00** | |
| **IV** | **ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും** | | | | | |
| **4.1** | **വൻകിട ഇടത്തര ജലസേചനം** | | | | | |
| 1 | ഇടമലയാർ ജലസേചന പദ്ധതി | സംസ്ഥാന പദ്ധതി | 2000.00 | | 2000.00 | എ.ബി. |
| 2 | മൂവാറ്റുപുഴ ജലസേചന പദ്ധതി | ,, | 2100.00 | | 2100.00 | എ.ബി. |

| | | | | | |
|---|---|---|---|---|---|
| 3 | കാവേരി നദീതടപദ്ധതി | സംസ്ഥാന പദ്ധതി | | | |
| | (എ) കബനി ഉപനദീതടം | | | | |
| | (a) കാരാപ്പുഴ ജലസേചന പദ്ധതി | ,, | 500.00 | 500.00 | എ.ബി. |
| | (b) ബാണാസുരസാഗർ ജലസേചന പദ്ധതി | ,, | 250.00 | 250.00 | എ.ബി. |
| | (c) കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾ | സംസ്ഥാന പദ്ധതി & നബാർഡ് | 8200.00 | 8200.00 | എ.ബി. |
| | (ബി) ഭവാനീ നദീതടം | സംസ്ഥാന പദ്ധതി | 500.00 | 500.00 | എ.ബി. |
| | (സി) അന്തർ സംസ്ഥാന വാട്ടർ ഹബ് | ,, | 100.00 | 100.00 | എ.ബി. |
| | (ഡി) പാമ്പാർ നദീതട പദ്ധതികൾ | സംസ്ഥാന പദ്ധതി/നബാർഡ് | 5000.00 | 5000.00 | എ.ബി. |
| 4 | കാഡാ കനാലുകളുടെ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടേയും നവീകരണം | സംസ്ഥാന പദ്ധതി | 2000.00 | 2000.00 | എ.ബി. |
| 5 | വൻകിട ജലസേചന പദ്ധതികളുടെ പര്യവേഷണം | ,, | 150.00 | 150.00 | എ.ബി. |
| 6 | മാനവശേഷി വികസനവും ജലസേചന വകുപ്പിന്റെ നവീകരണവും | | | | |
| (i) | ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രത്തിന് ധനസഹായം | ,, | 25.00 | 25.00 | എ.ബി. |
| (ii) | ജലസേചന വകുപ്പിലെ പ്രത്യേക പരിശീലന പരിപാടികളും വകുപ്പിന്റെ നവീകരണവും | ,, | 53.00 | 53.00 | എ.ബി. |
| 7 | നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ്—ഘട്ടം 3 | ഇ.എ.പി. | 200.00 | 200.00 | എ.ബി. |
| 8 | പോസ്റ്റ് ഫാക്ടോ ഇവാല്യുവേഷൻ | സംസ്ഥാന പദ്ധതി | 5.00 | 5.00 | എ.ബി. |
| 9 | പര്യവേഷണ രൂപകൽപന വിഭാഗത്തിന്റെ ആധുനീകരണം | ,, | 335.00 | 335.00 | എ.ബി. |
| 10 | റിവർബേസിൻ ഓർഗനൈസേഷനുകളുടെ രൂപീകരണം | ,, | 100.00 | 100.00 | എ.ബി. |
| 11 | അണക്കെട്ടുകളുടെ സുരക്ഷാ സംഘടനയും സുരക്ഷാ പ്രവർത്തനങ്ങളും | ,, | 200.00 | 200.00 | എ.ബി. |
| 12 | കേരളത്തിലെ ജനസേചന സംവിധാനങ്ങളുടെ ഫലവത്തായ ജലസേചന പരിപാലത്തിനുവേണ്ടി ബഞ്ച് മാർക്കിംഗ് നടപ്പാക്കൽ | ,, | 5.00 | 5.00 | എ.ബി. |
| 13 | ഡാം പുനരുദ്ധാരണവും വികസനവും (ഡ്രിപ്പ്) | ഇ.എ.പി. | 4000.00 | 4000.00 | എ.ബി. |
| 14 | മുല്ലപ്പെരിയാർ പദ്ധതി | സംസ്ഥാന പദ്ധതി | 5000.00 | 5000.00 | എ.ബി. |
| | **ആകെ (വൻകിട ഇടത്തര ജലസേചനം)** | | **30723.00** | **30723.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **4.2** | **ചെറുകിട ജലസേചനം** | | | | | |
| **എ.** | **ഭൂഗർഭ ജലവികസനം** | | | | | |
| 1 | ഭൂഗർഭ ജലവിഭവ വികസനവും പര്യവേഷണവും | സംസ്ഥാന പദ്ധതി | 1106.00 | | 1106.00 | എ.ബി. |
| 2 | ഭൂഗർഭജല പരിരക്ഷയും കൃത്രിമ പുനരുജ്ജീവനവും | ,, | 40.00 | | 40.00 | എ.ബി. |
| 3 | പരിശീലന പദ്ധതി | ,, | 4.00 | | 4.00 | എ.ബി. |
| 4 | ഭൂഗർഭ ജലചൂഷണ നിയന്ത്രണത്തിനും ക്രമീകരണത്തിനും ഉള്ള പദ്ധതി | ,, | 10.00 | | 10.00 | എ.ബി. |
| 5 | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഘട്ടം 3 (ഭൂഗർഭ ഘടകം) | ഇ.എ.പി. | 800.00 | | 800.00 | എ.ബി. |
| 6 | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | സംസ്ഥാന പദ്ധതി | 100.00 | | 100.00 | എ.ബി. |
| | **ആകെ (ഭൂഗർഭ ജലവികസനം)** | | **2060.00** | | **2060.00** | |
| **ബി.** | **ഉപരിതല ജല വികസനം** | | | | | |
| 7 | ലിഫ്റ്റ് ഇറിഗേഷൻ | സംസ്ഥാന വിഹിതം | 612.00 | | 612.00 | എ.ബി. |
| 8 | ചെറുകിട ജലസേചനം ക്ലാസ്സ്-I | സംസ്ഥാന വിഹിതം/നബാർഡ് | 7000.00 | | 7000.00 | എ.ബി. |
| 9 | ചെറുകിട ജലസേചനം ക്ലാസ്സ്-II | സംസ്ഥാന വിഹിതം | 800.00 | | 800.00 | എ.ബി. |
| 10 | ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ | ,, | 100.00 | | 100.00 | എ.ബി. |
| 11 | നബാർഡിന്റെ സഹായത്തോടെയുള്ള ചെറുകിട ജലസേചന പദ്ധതികൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കലും, ചെറുകിട ജലസേചന പദ്ധതികളുടെ വിശദമായ അന്വേഷണ പര്യവേഷണവും | | 10.00 | | 10.00 | എ.ബി. |
| 12 | പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന നവീകരണവും | 100% CSS | 2400.00 | 3600.00 | 6000.00 | എ.ബി. |
| | **ആകെ (ഉപരിതല ജല വികസനം)** | | **10922.00** | **3600.00** | **14522.00** | |
| | **ആകെ (ചെറുകിട ജലസേചനം)** | | **12982.00** | **3600.00** | **16582.00** | |
| **4.3** | **കമാന്റ് ഏരിയ വികസനം** | | | | | |
| 1 | കാഡ ചാനലുകളുടെ സ്പിൽ ഓവർ ബാദ്ധ്യതകളുടെ പൂർത്തീകരണം | സംസ്ഥാന പദ്ധതി | 400.00 | .. | 400.00 | എ.ബി. |
| | **ആകെ (കമാന്റ് ഏരിയ)** | | **400.00** | | **400.00** | |

| | | | | | | |
|---|---|---|---|---|---|---|
| 4.4 (a) | **വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ സംരക്ഷണവും** | | | | | |
| 1 | കുട്ടനാട് പദ്ധതി | 50% CSS | 5000.00 | 5000.00 | 10000.00 | എ.ബി. |
| | **ആകെ (വെള്ളപ്പൊക്ക നിയന്ത്രണം)** | | 5000.00 | 5000.00 | 10000.00 | |
| **ബി.** | **തീരദേശ സംരക്ഷണം** | | | | | |
| 1 | തീരദേശ സംരക്ഷണം | സംസ്ഥാന പദ്ധതി | 42.00 | .. | 42.00 | എ.ബി. |
| | ആകെ (വെള്ളപ്പൊക്ക നിയന്ത്രണവും **തീരദേശ സംരക്ഷണവും)** | | **5042.00** | **5000.00** | **10042.00** | |
| | **ആകെ (ജലസേചനവും, വെള്ളപ്പൊക്ക നിയന്ത്രണവും)** | | **49147.00** | **8600.00** | **57747.00** | |
| **V** | **ഊർജ്ജം** | | | | | |
| 5.1 | **കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ. എസ്. ഇ.ബി. എൽ.)** | | | | | |
| | **നടപ്പ് ജലവൈദ്യുത പദ്ധതികൾ** | | | | | |
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട് | പവർ | 2200.00 | | 2200.00 | എ.ബി. |
| 2 | സെൻകുളം ഓഗ്മെന്റേഷൻ പ്രോജക്ട് | ,, | 1250.00 | | 1250.00 | ,, |
| 3 | സെൻകുളം ടെയിൽ റേസ് പ്രോജക്ട് (വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി) | ,, | 250.00 | | 250.00 | ,, |
| 4 | തോട്ടിയാർ പ്രോജക്ട് | ,, | 1600.00 | | 1600.00 | ,, |
| 5 | മാങ്കുളം പ്രോജക്ട് | ,, | 325.00 | | 325.00 | ,, |
| 6 | പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി | ,, | 825.00 | | 825.00 | ,, |
| 7 | ചാത്തൻകോട്ടുനട-II ചെറുകിട ജലവൈദ്യുത പദ്ധതി | ,, | 1600.00 | | 1600.00 | ,, |
| 8 | ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതി | ,, | 625.00 | | 625.00 | ,, |
| 9 | ആഡ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതി | ,, | 125.00 | | 125.00 | ,, |
| 10 | അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി | ,, | 15.00 | | 15.00 | ,, |
| 11 | ചിന്നാർ ജലവൈദ്യുത പദ്ധതി | ,, | 125.00 | | 125.00 | ,, |
| 12 | ആനക്കയം പ്രോജക്ട് | ,, | 75.00 | | 75.00 | ,, |
| 13 | പെരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി | ,, | 3250.00 | | 3250.00 | ,, |
| 14 | പഴശ്ശി സാഗർ പ്രോജക്ട് | ,, | 60.00 | | 60.00 | ,, |
| 15 | കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി | പവർ | 1500.00 | | 1500.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 16 | അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി | „ | 150.00 | | 150.00 | ,, |
| 17 | പീച്ചാട് പ്രോജക്ട് | „ | 150.00 | | 150.00 | ,, |
| 18 | പശ്ചിമ കല്ലാർ പ്രോജക്ട് | „ | 150.00 | | 150.00 | ,, |
| 19 | ചെമ്പുകടവ് മൂന്നാംഘട്ടം പ്രോജക്ട് | „ | 600.00 | | 600.00 | ,, |
| 20 | ഒലീക്കൽ പ്രോജക്ട് | „ | 300.00 | | 300.00 | ,, |
| 21 | പൂവരംതോട് പ്രോജക്ട് | „ | 325.00 | | 325.00 | ,, |
| 22 | വക്കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതി | „ | 5.00 | | 5.00 | ,, |
| 23 | അതിരപ്പള്ളി പ്രോജക്ട് | „ | 250.00 | | 250.00 | ,, |
| 24 | പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി | „ | 230.00 | | 230.00 | ,, |
| 25 | ലാഡ്രം പ്രോജക്ട് | „ | 75.00 | | 75.00 | ,, |
| 26 | അപ്പർ സെൻകുളം ജലവൈദ്യുത പദ്ധതി | „ | 75.00 | | 75.00 | ,, |
| 27 | മർമ്മാല ചെറുകിട ജലവൈദ്യുത പദ്ധതി | „ | 75.00 | | 75.00 | ,, |
| 28 | ഭൂതത്താൻകെട്ട് പ്രോജക്ട് | „ | 3500.00 | | 3500.00 | ,, |
| 29 | പാമ്പാർ ജലവൈദ്യുത പദ്ധതി | „ | 50.00 | | 50.00 | ,, |
| 30 | വലംതോട് ജലവൈദ്യുത പദ്ധതി | „ | 20.00 | | 20.00 | ,, |
| 31 | മാരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി | „ | 100.00 | | 100.00 | ,, |
| 32 | വടക്കേപ്പുഴ എക്സ്റ്റൻഷൻ പദ്ധതി | „ | 50.00 | | 50.00 | ,, |
| 33 | വൈതിരി ജലവൈദ്യുത പദ്ധതി | „ | 15.00 | | 15.00 | ,, |
| 34 | സൗരോർജ്ജ പദ്ധതികൾ | „ | 3000.00 | | 3000.00 | ,, |
| 35 | വാതകാധിഷ്ഠിത ജലവൈദ്യുത പദ്ധതികൾ | „ | 4600.00 | | 4600.00 | ,, |
| 36 | കാറ്റിനെ അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾ | „ | 2500.00 | | 2500.00 | ,, |
| 37 | കൽക്കരി അധിഷ്ഠിത വൈദ്യുത പദ്ധതി | „ | 10.00 | | 10.00 | ,, |
| 38 | പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി | „ | 10.00 | | 10.00 | ,, |
| | **താപ വൈദ്യുത പദ്ധതികൾ** | | | | | |
| 39 | ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയം | „ | 275.00 | | 275.00 | ,, |
| 40 | കോഴിക്കോട് ഡീസൽ വൈദ്യുത നിലയം | „ | 1300.00 | | 1300.00 | ,, |

4/24/2016/S-2

| | | | | | |
|---|---|---|---|---|---|
| | **മറ്റുള്ളവ** | | | | |
| 41 | ഡ്രിപ്പ് ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പണികൾ (വിദേശ സഹായ പദ്ധതി) | വിദേശ സഹായ പദ്ധതി | 5662.00 | 5662.00 | എ.ബി. |
| 42 | സർവ്വേയും നിരീക്ഷണവും പരിസ്ഥിതി പഠനവും | പവർ | 100.00 | 100.00 | ,, |
| 43 | ഭൂകമ്പ ശൃംഖലയുടെ പഠനം മെച്ചപ്പെടുത്തൽ | ,, | 10.00 | 10.00 | ,, |
| 44 | അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സുകളും മെക്കാനിക്കൽ ഫാബ്രിക്കേഷൻ വർക്കുകളും | ,, | 4500.00 | 4500.00 | ,, |
| 45 | നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ അറ്റകുറ്റപ്പണികൾ (മൂലധനാടിസ്ഥാനം) | ,, | 2000.00 | 2000.00 | ,, |
| 46 | വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിത സേവനങ്ങൾ | ,, | 1400.00 | 1400.00 | ,, |
| 47 | സ്ഥാപന വികസന പദ്ധതി | ,, | 350.00 | 350.00 | ,, |
| | **പ്രസരണം** | | | | |
| 48 | പ്രസരണം—നോർമൽ വർക്കുകൾ | പവർ | 28000.00 | 28000.00 | ,, |
| 49 | ലോഡ് ഡെസ്പാച്ച് സ്റ്റേഷൻ, കമ്മ്യൂണിക്കേഷൻ സിസ്റ്റം, റിലേ എന്നിവയുടെ ആധുനികവൽക്കരണം (സിസ്റ്റം ഓപ്പറേഷൻ വർക്കുകൾ) | ,, | 1200.00 | 1200.00 | ,, |
| 50 | ജലവൈദ്യുത പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണവും | ,, | 1800.00 | 1800.00 | ,, |
| | **വിതരണം** | | | | |
| 51 | വിതരണം—നോർമൽ വർക്കുകൾ | പവർ | 19000.00 | 19000.00 | ,, |
| 52 | ആർഎ. പി. ഡി. ആർ. പി. (പുനഃസംഘടിപ്പിച്ച എ.പി. ഡി. ആർ. പി.) പദ്ധതി | ,, | 25000.00 | 25000.00 | ,, |
| 53 | ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി. ഡി. യു. ജി. ജെ. വൈ.) | ,, | 17500.00 | 17500.00 | ,, |
| 54 | സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.) | ,, | 16000.00 | 16000.00 | ,, |
| | **സംസ്ഥാന പദ്ധതി സ്കീമുകൾ** | | | | |
| 55 | ഇന്നോവേഷൻ ഫണ്ട് ആന്റ് എസ്കോട്ട് (എനർജി സേവിംഗ് ആന്റ് കോ-ഓഡിനേഷൻ ടീം) | സംസ്ഥാന പദ്ധതി | 677.00 | 677.00 | ,, |
| 56 | ഗ്രീൻബുക്ക് പ്രോജക്ടുകൾ (കെ. എസ്. ഇ. ബി. എൽ.) | ,, | 1570.00 | 1570.00 | ജി.ബി./എ.ബി. |
| 57 | ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം (ഡി.ഡി.യു.ജി.ജെ.വൈ.) | ,, | 1.00 | 1.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 58 | സംയോജിത ഊർജ്ജ വികസന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം (ഐ.പി.ഡി.എസ്.) | സംസ്ഥാന പദ്ധതി | 1.00 | | 1.00 | എ.ബി. |
| 59 | ട്രാൻസ്ഗ്രിഡ് 2.0 (നൂതന ഉത്പാദന പ്രസരണ പശ്ചാത്തല സൗകര്യങ്ങൾ) കേരളത്തിൽ ടൂറ്റയർ പ്രസരണ സൗകര്യങ്ങളോടെ അത്യാധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള പ്രസരണ സൗകര്യങ്ങൾ | ,, | 1.00 | | 1.00 | ,, |
| | **മൊത്തം-കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ. എസ്. ഇ. ബി. എൻ.)** | | **156412.00** | | **156412.00** | |
| **5.2** | **പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ** | | | | | |
| | അനർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ | | | | | |
| 60 | (1) അനർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികൾ | സംസ്ഥാന പദ്ധതി | 1250.00 | | 1250.00 | ,, |
| 61 | (2) പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം | ,, | 2898.00 | | 2898.00 | ,, |
| 62 | (3) പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ വിഭവ വിലയിരുത്തൽ | ,, | 100.00 | | 100.00 | ,, |
| 63 | (4) ഗവേഷണവും വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ | ,, | 100.00 | | 100.00 | ,, |
| 64 | (5) പരിശീലനം, വ്യാപനം, പ്രചരണം | ,, | 40.00 | | 40.00 | ,, |
| | **ആകെ മൊത്തം-അനർട്ട്** | | **4388.00** | | **4388.00** | |
| 65 | 1) മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറി (എം.റ്റി.എസ്.എൽ.) | ,, | 530.00 | | 530.00 | ,, |
| 66 | 2) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കൽ | ,, | 200.00 | | 200.00 | ,, |
| | **മൊത്തം-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്** | | **730.00** | | **730.00** | |
| | **എനർജി മാനേജ്മെന്റ് സെന്റർ** | | | | | |
| 67 | (1) സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ | സംസ്ഥാന പദ്ധതി | 25.00 | | 25.00 | ,, |
| 68 | (2) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ | ,, | 260.00 | | 260.00 | ,, |
| 69 | (3) പശ്ചാത്തല വികസനവും സ്ഥാപനം ശക്തിപ്പെടുത്തലും | ,, | 155.00 | | 155.00 | ,, |
| 70 | (4) കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി | ,, | 300.00 | | 300.00 | ,, |
| | **മൊത്തം—ഇ.എം. സി.** | | **740.00** | | **740.00** | |
| | **മൊത്തം—പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ** | | **5858.00** | | **5858.00** | |
| | **ആകെ—മൊത്തം-ഊർജ്ജം** | | **162270.00** | | **162270.00** | |

## VI വ്യവസായവും, ധാതുക്കളും

### 6.1 ഗ്രാമ ചെറുകിട വ്യവസായങ്ങൾ

### I ചെറുകിട വ്യവസായങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. | അടിസ്ഥാന സൗകര്യ വികസനം | | | | |
| (എ) | നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം | സംസ്ഥാന പദ്ധതി | 2500.00 | 2500.00 | എ.ബി. |
| (ബി) | വ്യവസായ ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കൽ | ,, | 1.00 | 1.00 | ,, |
| (സി) | നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം | ,, | 50.00 | 50.00 | ,, |
| 2. | സംരംഭക സഹായ പദ്ധതി | ,, | 4500.00 | 4500.00 | ,, |
| 3. | വൈദഗ്ദ്ധ്യ വികസന പരിപാടി | ,, | 750.00 | 750.00 | ,, |
| 4. | അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും—പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ (രൂപാന്തരപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതി) | ,, | 200.00 | 200.00 | ,, |
| 5. | അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും—നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/ പ്രദേശങ്ങളുടെ നവീകരണവും ആധുനികവത്കരണവും | ,, | 400.00 | 400.00 | ,, |
| 6. | ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം | ,, | 2000.00 | 2000.00 | ,, |
| 7. | ഫുഡ് സേഫ്റ്റി സിസ്റ്റത്തിന്റെ നിർവ്വഹണം | ,, | 50.00 | 50.00 | ,, |
| 8. | പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായം | ,, | 200.00 | 200.00 | ,, |
| 9. | വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ | ,, | 1.00 | 1.00 | ,, |
| 10. | പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ | ,, | 200.00 | 200.00 | ,, |
| 11. | പി.പി.പി. മോഡിൽ വ്യവസായ പാർക്ക്/പ്രദേശം/എസ്റ്റേറ്റ് വികസനം | ,, | 200.00 | 200.00 | ,, |
| 12. | ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ് നിർമ്മാണം—സമാന ധനസഹായം | ,, | 1.00 | 1.00 | ,, |
| 13. | ടെക്നോളജി ബിസിനസ് എൻകുബേറ്റർ നെറ്റ്വർക്ക്—ASPIRE സമാന ധനസഹായം | ,, | 1.00 | 1.00 | ,, |
| | **ആകെ മൊത്തം—ചെറുകിട വ്യവസായങ്ങൾ** | | **11054.00** | **11054.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **II.** | **വാണിജ്യം** | | | | | |
| 14. | വാണിജ്യ വികസനം | സംസ്ഥാന പദ്ധതി | 350.00 | | 350.00 | എ.ബി. |
| | **ആകെ (വാണിജ്യം)** | | **350.00** | | **350.00** | |
| **III.** | **കരകൗശല വ്യവസായങ്ങൾ** | | | | | |
| 15. | കരകൗശല മേഖലാ അപക്സ് സ്ഥാപനങ്ങൾക്ക് സഹായം | ,, | 250.00 | | 250.00 | ,, |
| 16. | കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | ,, | 50.00 | | 50.00 | ,, |
| 17. | കരകൗശല തൊഴിലാളികൾക്ക് സഹായം (ASHA) | ,, | 30.00 | | 30.00 | ,, |
| 18. | വ്യവസായ സഹകരണ സൊസൈറ്റികൾക്ക് സഹായം | ,, | 25.00 | | 25.00 | ,, |
| 19. | മുള വ്യവസായ വികസനം | ,, | 200.00 | | 200.00 | ,, |
| | ആകെ—കരകൗശല വ്യവസായം | | 555.00 | | 555.00 | ,, |
| | **ആകെ—സൂക്ഷ്മ, ചെറുകിട ഇടത്തര വ്യവസായങ്ങൾ** | | **11959.00** | | **11959.00** | |
| **IV.** | **കൈത്തറി—യന്ത്രത്തറി വ്യവസായങ്ങൾ** | | | | | |
| | **കൈത്തറി വ്യവസായം** | | | | | |
| 1. | മൂലധന സഹായ പദ്ധതികൾ | സംസ്ഥാന പദ്ധതി | 800.00 | | 800.00 | ,, |
| 2. | പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ | ,, | 800.00 / 200.00 | | 800.00 / 200.00 | ,, |
| 3. | ഉത്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ | ,, | 1900.00 | | 1900.00 | ,, |
| 4. | ദേശീയ കൈത്തറി വികസന പദ്ധതി (എൻ. എച്ച്. ഡി. പി.) | ,, | 200.00 | | 200.00 | ,, |
| 5. | പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ | ,, | 98.00 | | 98.00 | ,, |
| 6. | സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് കേരളത്തിലെ കൈത്തറി വ്യവസായത്തെക്കുറിച്ച് വിശദമായ സർവ്വേ | ,, | 10.00 | | 10.00 | ,, |
| | **ആകെ—കൈത്തറി വ്യവസായം** | | **4008.00** | | **4008.00** | |

| | | | | | |
|---|---|---|---|---|---|
| | **യന്ത്രത്തറി വ്യവസായം** | | | | |
| 7. | യന്ത്രത്തറി വ്യവസായ വികസനം | സംസ്ഥാന പദ്ധതി | 125.00 | 125.00 | എ.ബി. |
| 8. | യന്ത്രത്തറി വ്യവസായങ്ങളുടെ ആധുനികവൽക്കരണം | ,, | 315.00 | 315.00 | ,, |
| | **സ്പിന്നിംഗ് മില്ലുകൾ** | | | | |
| 9. | ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം | ,, | 2000,00 | 2000.00 | ,, |
| 10. | കെ. കരുണാകരൻ സ്മാരക സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസനം, മലബാർ സഹകരണ സ്പിന്നിംഗ് മിൽ (മാൽകോടെക്സ്) പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിലെ സാങ്കേതിക വിദ്യ ഉദ്ഗ്രഥനം എന്നിവയ്ക്കുള്ള ധനസഹായം | ,, | 625.00 | 625.00 | ,, |
| | **ആകെ—യന്ത്രത്തറി വ്യവസായം** | | **3065.00** | **3065.00** | |
| | **ആകെ—കൈത്തറി ആന്റ് യന്ത്രത്തറി വ്യവസായം** | | **7073.00** | **7073.00** | |
| **V** | **കയർ വ്യവസായം** | | | | |
| 1. | വിപണനം, പരസ്യ പ്രചാരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം | സംസ്ഥാന പദ്ധതി | 800.00 | 800.00 | ,, |
| 2. | കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വിൽപനയ്ക്കുള്ള വിപണി വികസന സഹായം | ,, | 800.00 | 800.00 | ,, |
| 3. | കയർ ഭൂവസ്ത്ര വികസന പരിപാടി | ,, | 30.00 | 30.00 | ,, |
| 4. | കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം | ,, | 750.00 | 750.00 | ,, |
| 5. | സംരംഭകർക്ക് മാർജിൻമണി വായ്പ | ,, | 5.00 | 5.00 | ,, |
| 6. | കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണം | ,, | 6835.00 | 6835.00 | ,, |
| 7. | പരിശീലനവും നേതൃത്വപാലനം മെച്ചപ്പെടുത്തലും | ,, | 150.00 | 150.00 | ,, |
| 8. | ഉൽപാദനവും വിപണന പ്രചോദനവും | ,, | 500.00 | 500.00 | |
| 9. | വിലവ്യതിയാന സ്ഥിരതാ ഫണ്ട് | ,, | 1700.00 | 1700.00 | ,, |
| 10. | കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം | ,, | 60.00 | 60.00 | ,, |
| 11. | കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി | ,, | 50.00 | 50.00 | ,, |
| 12. | കയർ ഭവൻ കെട്ടിട നിർമ്മാണം | ,, | 20.00 | 20.00 | ,, |
| | **ആകെ—കയർ വ്യവസായം** | | **11700.00** | **11700.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **VI.** | **ഖാദി-ഗ്രാമ വ്യവസായങ്ങൾ** | | | | | |
| 1. | കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണവും ആധുനികവൽകരണവും | സംസ്ഥാന പദ്ധതി | 100.00 | | 100.00 | എ.ബി. |
| 2. | വാർത്താ വിതരണവും, പ്രചാരണവും പരിശീലനവും | ,, | 25.00 | | 25.00 | ,, |
| 3. | ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം | ,, | 10.00 | | 10.00 | ,, |
| 4. | തേനീച്ചവളർത്തൽ വ്യവസായ വികസനം | ,, | 6.00 | | 6.00 | ,, |
| 5. | ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവ ബത്തയും | ,, | 400.00 | | 400.00 | ,, |
| 6. | വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും | ,, | 25.00 | | 25.00 | ,, |
| 7. | ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെയും, സംഭരണ ശാലകളുടെയും ആധുനികവൽക്കരണം | ,, | 100.00 | | 100.00 | ,, |
| 8. | ഖാദി സഹകരണ സംഘങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം | ,, | 8.00 | | 8.00 | ,, |
| 9. | പ്രത്യേക തൊഴിൽദാന പരിപാടി | ,, | 550.00 | | 550.00 | |
| 10. | വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും | ,, | 175.00 | | 175.00 | ,, |
| | **ആകെ—ഖാദി-ഗ്രാമ വ്യവസായങ്ങൾ** | | **1399.00** | | **1399.00** | |
| **VII.** | **കശുവണ്ടി വ്യവസായം** | | | | | |
| 1. | ജൈവ കശുമാവ് കൃഷിയും കശുവണ്ടി സംഭരണ ബാങ്ക് സ്ഥാപിക്കലും | സംസ്ഥാന പദ്ധതി | 500.00 | | 500.00 | ,, |
| 2. | കെ.എസ്.സി.ഡി.സി. കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും | ,, | 3000.00 | | 3000.00 | ,, |
| 3. | കാപെക്സ് കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗിക യന്ത്രവൽക്കരണവും | ,, | 800.00 | | 800.00 | ,, |
| 4. | ഇന്ത്യയിലും അന്തർദേശീയ വിപണികളിലും ബ്രാന്റ് നിർമ്മാണവും മാർക്കറ്റ് അവബോധവും | ,, | 200.00 | | 200.00 | ,, |
| | **ആകെ—കശുവണ്ടി വ്യവസായം** | | **4500.00** | | **4500.00** | |
| | **ആകെ—ഗ്രാമ ചെറുകിട വ്യവസായങ്ങൾ** | | **36631.00** | | **36631.00** | |

| | | | | | |
|---|---|---|---|---|---|
| **6.2** | **ഇടത്തരവും വലുതമായ വ്യവസായങ്ങൾ** | | | | |
| 1 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | സംസ്ഥാനപദ്ധതി | 8752.00 | 8752.00 | എ.ബി./ജി.ബി. |
| 2 | അതിവേഗ റെയിൽ ഇടനാഴി | ,, | 1.00 | 1.00 | എ.ബി. |
| 3 | സെന്റർ ഫോർ മനേജ്മെന്റ് ഡെവലപ്മെന്റ് | ,, | 100.00 | 100.00 | ,, |
| 4 | കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ (കിൻഫ്ര) | ,, | 10120.00 | 10120.00 | എ.ബി./ജി.ബി. |
| 5 | പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്) | ,, | 165.00 | 165.00 | എ.ബി. |
| 6 | പ്രവർത്തന സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും | ,, | 10000.00 | 10000.00 | ,, |
| 9 | ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സ് (ബി. പി.ഇ.) | ,, | 40.00 | 40.00 | ,, |
| | **ആകെ** | | **29178.00** | **29178.00** | |
| **6.3** | **ഖനനം** | | | | |
| 1 | ധാതു പര്യവേഷണം | സംസ്ഥാന പദ്ധതി | 56.00 | 56.00 | എ.ബി. |
| 2 | ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിന് | ,, | 7.50 | 7.50 | ,, |
| 3 | ജീവനക്കാർക്കുള്ള പരിശീലനം (മാനവശേഷി വികസനം) | ,, | 6.00 | 6.00 | ,, |
| 4 | ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും ശക്തിപ്പെടുത്തുന്നതിന് | ,, | 9.00 | 9.00 | ,, |
| 5 | ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് | | 5.50 | 5.50 | ,, |
| | **ആകെ** | | **84.00** | **84.00** | |
| **6.4** | **വിവര സാങ്കേതികവിദ്യ** | | | | |
| 1 | കേരള സംസ്ഥാന വിവര സാങ്കേതിക മിഷൻ (കെ. എസ്. ഐ. റ്റി. എം.) | സംസ്ഥാന പദ്ധതി | 9459.00 | 9459.00 | എ.ബി./ജി.ബി. |
| 2 | അക്ഷയ പദ്ധതി | സംസ്ഥാന പദ്ധതി | 300.00 | 300.00 | എ.ബി. |
| 3 | ദേശീയ ഇ-ഗവേണൻസ് ആക്ഷൻ പദ്ധതി (എൻ. ഇ. ജി. പി.) | | 3615.00 | 3615.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 4 | ഗവ. സെക്രട്ടേറിയറ്റിലെ ഐ. റ്റി. സെൽ | സംസ്ഥാന പദ്ധതി | 33.00 | | 33.00 | എ.ബി. |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള | ,, | 2050.00 | | 2050.00 | ,, |
| 6 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസി ഫോസ്) | ,, | 220.00 | | 220.00 | ,, |
| 7 | ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും | ,, | 7600.00 | | 7600.00 | എ.ബി./ജി.ബി. |
| 8 | ഇൻഫോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും | ,, | 6161.00 | | 6161.00 | എ.ബി./ജി.ബി. |
| 9 | സൈബർപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും | ,, | 2568.00 | | 2568.00 | എ.ബി. |
| 10 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ. എസ്. ഐ. റ്റി, ഐ. എൽ.) | ,, | 5780.00 | | 5780.00 | ,, |
| 11 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, കേരള, പാല | ,, | 500.00 | | 500.00 | ,, |
| 12 | നോളജ് സിറ്റി | | 1.00 | | 1.00 | ,, |
| 13 | ടെക്നോളജി ഇന്നവേഷൻ സോൺ, കൊച്ചി | | 6000.00 | | 6000.00 | ,, |
| 14 | യുവജന സംരംഭകത്വ വികസന പരിപാടികൾ | | 4000.00 | | 4000.00 | ,, |
| | **ആകെ** | | **48287.00** | | **48287.00** | |
| **7.1** | **തുറമുഖ വകുപ്പ്** | | | | | |
| **I** | **പോർട്ട് വകുപ്പ്** | | | | | |
| 1 | ഇ-ഭരണവും വൈഗ്ധ്യ വികസനവും | സംസ്ഥാന പദ്ധതി | 300.00 | | 300.00 | എ. ബി. |
| 2 | കേരള ഇൻലാന്റ് വെസ്സൽസ് നിയമം, 2010 നടപ്പിലാക്കൽ | ,, | 600.00 | | 600.00 | ,, |
| 3 | കപ്പൽ ഗതാഗതത്തിനായി പോർട്ട് പശ്ചാത്തല വികസനം | ,, | 7650.00 | | 7650.00 | ,, |
| 4 | ചെറുകിട തുറമുഖങ്ങളുടെ വികസനം | ,, | 1000.00 | | 1000.00 | ,, |
| 5 | പണിശാലകളും ഭരണ സംവിധാനങ്ങളും മെച്ചപ്പെടുത്തൽ | ,, | 200.00 | | 200.00 | ,, |
| 6 | കേരള മാരിടൈം ബോർഡ് | ,, | 1.00 | | 1.00 | ,, |
| 7 | വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ കപ്പൽ ഗതാഗത ടെർമിനൽ വികസനം | ,, | 1.00 | | 1.00 | ,, |

| | | | | | |
|---|---|---|---|---|---|
| 8 | സാഗരമാല പദ്ധതി | സംസ്ഥാന പദ്ധതി | 1.00 | 1.00 | എ.ബി. |
| 9 | നബാർഡ് | നബാർഡ് | 500.00 | 500.00 | ,, |
| 10 | കടൽത്തീര കപ്പൽ ഗതാഗത വികസനം | സംസ്ഥാന പദ്ധതി | 468.00 | 468.00 | ,, |
| | **ആകെ—തുറമുഖ വകുപ്പ്** | | **10721.00** | **10721.00** | |
| **7.2** | **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്** | | | | |
| 1 | ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ ആധുനികവൽക്കരണം , ഗവേഷണം, വികസനം | ,, | 1020.00 | 1020.00 | എ.ബി. |
| 2 | ഇരവിപുരം-പരവൂർ തീരദേശ റോഡ് | ,, | 300.00 | 300.00 | ,, |
| 3 | പുതിയാപ്പയിൽ ഒരു ഓഫീസ് കോംപ്ലക്സ് നിർമ്മാണം | | 50.00 | 50.00 | ,, |
| | **ആകെ—എച്ച്. ഇ. ഡി.** | | **1370.00** | **1370.00** | |
| **7.3** | **ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിംഗ്** | | | | |
| 1 | മൺസൂണിന് മുൻപും പിൻപുമുള്ള മണ്ണുമാന്തൽ സർവ്വേ | സംസ്ഥാന പദ്ധതി | 90.00 | 90.00 | ,, |
| 2 | സർവ്വെ വെസ്സലുകളുടെ നവീകരണം | ,, | 125.00 | 125.00 | ,, |
| 3 | ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വേ ഉപകരണങ്ങളും വാങ്ങൽ | ,, | 75.00 | 75.00 | ,, |
| 4 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനു വേണ്ടി തിരുവനന്തപുരത്ത് ഓഫീസ് നിർമ്മാണം | ,, | 100.00 | 100.00 | ,, |
| 5 | കേരളത്തിൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ | ,, | 20.00 | 20.00 | ,, |
| 6 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനുവേണ്ടി പരവൂരിൽ ആഫീസ് മന്ദിരം പണിയൽ | ,, | 40.00 | 40.00 | ,, |
| 7 | കൊല്ലം ഓഫീസ് കെട്ടിടം വിസ്തൃതമാക്കൽ | ,, | 60.00 | 60.00 | ,, |
| | **ആകെ—എച്ച്. എസ്. ഡബ്ല്യു** | | **510.00** | **510.00** | |
| | **ആകെ—തുറമുഖ സെക്ടർ** | | **12601.00** | **12601.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **7.2** | **റോഡുകളും പാലങ്ങളും** | | | | | |
| | **സംസ്ഥാന രാജപാതകൾ** | സംസ്ഥാന പദ്ധതി | | | | |
| 1 | വികസനവും, മെച്ചപ്പെടുത്തലും | ,, | 2500.00 | | 2500.00 | എ. ബി. |
| 2 | പാലങ്ങളും, കലുങ്കുകളും | ,, | 800.00 | | 800.00 | ,, |
| | **പ്രധാന ജില്ലാ റോഡുകൾ** | | | | | |
| 3 | വികസനവും മെച്ചപ്പെടുത്തലും | ,, | 7500.00 | | 7500.00 | ,, |
| 4 | പാലങ്ങളും, കലുങ്കുകളും— പ്രധാന ജില്ലാ റോഡുകൾ | ,, | 1500.00 | | 1500.00 | ,, |
| 5 | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിലെ റോഡുകളുടെ വികസനം | ,, | 400.00 | | 400.00 | ,, |
| 6 | റെയിൽവേ സുരക്ഷിതത്വ പ്രവർത്തനങ്ങൾ | ,, | 1000.00 | | 1000.00 | ,, |
| 7 | റോഡുസുരക്ഷാ പ്രവർത്തനങ്ങൾ | ,, | 352.00 | | 352.00 | ,, |
| 8 | കെ.എച്ച്.ആർ.ഐ. യൂണിറ്റിന്റെ ഗുണനിലവാര നിയന്ത്രണം നടപ്പാക്കലും പരിശീലന പരിപാടികളും | ,, | 670.00 | | 670.00 | ,, |
| 9 | കാവലില്ലാത്ത റയിൽവേ ലെവൽ ക്രോസുകളിൽ കാവൽ ഏർപ്പെടുത്തൽ | ,, | 200.00 | | 200.00 | ,, |
| 10 | പുതിയ പദ്ധതികളുടെ സാദ്ധ്യതാ പഠനങ്ങൾ | ,, | 600.00 | | 600.00 | ,, |
| 11 | നബാർഡ് സഹായത്തോടെ പാലങ്ങളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും | നബാർഡ് | 13860.00 | | 13860.00 | ,, |
| 12 | വകുപ്പുതല ഇ-ഗവേണൻസ് പദ്ധതികൾ | സംസ്ഥാന പദ്ധതി | 200.00 | | 200.00 | ,, |
| 13 | നബാർഡ് സഹായത്തോടെ റോഡുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും | നബാർഡ് | 15760.00 | | 15760.00 | ,, |
| 14 | കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി.) ലോക ബാങ്ക് സഹായം | വിദേശസഹായം (ലോക ബാങ്ക്) | 52297.00 | | 52297.00 | ,, |
| 15 | ശബരിമല റോഡുപദ്ധതി | സംസ്ഥാന പദ്ധതി | 1000.00 | | 1000.00 | ,, |
| 16 | സംസ്ഥാന പാതകളിൽ റോളിംഗ് ഹെവി മെയിന്റനൻസ് പദ്ധതി | ,, | 300.00 | | 300.00 | ,, |
| 17 | വിമാനത്താവള-തുറമുഖ റോഡുകൾ | ,, | 1200.00 | | 1200.00 | |
| 18 | സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി | ,, | 8230.00 | | 8230.00 | |

| | | | | | |
|---|---|---|---|---|---|
| 19 | പി. വി. പി. ആന്വുറ്റി റോഡ് പരിപാലന പദ്ധതി | ,, | 1400.00 | 1400.00 | ,, |
| 20 | മലമ്പാതകൾ | ,, | 1100.00 | 1100.00 | ,, |
| 21 | ദീർഘകാല റോഡുനവീകരണ പരിപാലന പദ്ധതി—വിദേശ സഹായത്തോടെ 1000 കി. മീ. തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ | വിദേശസഹായം (ലോക ബാങ്ക്) | 100.00 | 100.00 | ,, |
| 22 | വല്ലാർപാടം ടെർമിനൽ—കോഴിക്കോട് വഴി തീരദേശപാത | സംസ്ഥാന പദ്ധതി | 300.00 | 300.00 | ,, |
| | **ആകെ—പൊതുമരാമത്തു വകുപ്പ് (റോഡുകളും പാലങ്ങളും)** | | **111269.00** | **111269.00** | |
| | **ദേശീയപാതകൾ** | | | | |
| 23 | സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ | സംസ്ഥാന പദ്ധതി | 300.00 | 300.00 | ,, |
| 24 | സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ | ,, | 1.00 | 1.00 | ,, |
| 25 | ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം | ,, | 700.00 | 700.00 | ,, |
| 26 | ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷയും ഗതാഗതകുരുക്ക് പരിഹരിക്കലും | ,, | 1800.00 | 1800.00 | ,, |
| 27 | കേന്ദ്ര റോഡുഫണ്ട് പ്രവൃത്തികൾ | ,, | 5400.00 | 5400.00 | ,, |
| 28 | ബൈപാസ്സുകളുടെ നിർമ്മാണം | ,, | 750.00 | 750.00 | ,, |
| 29 | കൊല്ലം, ആലപ്പുഴ ബൈപാസ്സുകൾ | ,, | 1.00 | 1.00 | ,, |
| 30 | ദേശീയ പാതകളിൽ ബൈലൈനുകളുടെ നിർമ്മാണം | ,, | 400.00 | 400.00 | ,, |
| | **ആകെ—പൊതുമരാമത്ത് വകുപ്പ് (ദേശീയ പാതകൾ)** | | **9352.00** | **9352.00** | |
| | **ആകെ—റോഡുകളും പാലങ്ങളും** | | **120621.00** | **120621.00** | |
| **7.3** | **റോഡുഗതാഗതം** | | | | |
| 1 | അടിസ്ഥന സൗകര്യവികസനവും വർക്ക്ഷോപ്പ്, ഡിപ്പോകൾ എന്നിവയുടെ നവീകരണവും | സംസ്ഥാന പദ്ധതി | 900.00 | 900.00 | ,, |
| 2 | കെ. എസ്. ആർ. ടി. സി.യിൽ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും | ,, | 1100.00 | 1100.00 | ,, |
| 3 | ഡ്രൈവർമാർ, സാങ്കേതിക ജീവനക്കാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം | ,, | 100.00 | 100.00 | ,, |
| 4 | വാഹനങ്ങളുടെ ആധുനികവൽക്കരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും | ,, | 1961.00 | 1961.00 | ,, |
| | **ആകെ—റോഡ് ഗതാഗതം** | | **4061.00** | **4061.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **മോട്ടോർ വാഹന വകുപ്പ്** | | | | | |
| 1 | റോഡു സുരക്ഷാ പ്രവർത്തനങ്ങൾ | സംസ്ഥാന പദ്ധതി | 1500.00 | | 1500.00 | എ.ബി. |
| 2 | ഇ-ഗവേണൻസ് നടപ്പാക്കൽ | ,, | 20.00 | | 20.00 | ,, |
| 3 | വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ | ,, | 1750.00 | | 1750.00 | ,, |
| 4 | ചെക്ക് പോസ്റ്റുകളുടെ നവീകരണം | ,, | 200.00 | | 200.00 | ,, |
| | **പുതിയ പദ്ധതി** | | | | | |
| 5 | ഇൻസ്പെക്ഷൻ ആന്റ് സർട്ടിഫിക്കേഷൻ സെന്റർ സ്ഥാപിക്കൽ | ,, | 1.00 | | 1.00 | ,, |
| | **ആകെ—മോട്ടോർ വാഹന വകുപ്പ്** | **,,** | **3471.00** | | **3471.00** | |
| | **ആകെ—റോഡു ഗതാഗതം** | **,,** | **7532.00** | | **7532.00** | |
| **7.4** | **ഉൾനാടൻ ജലഗതാഗതം** | | | | | |
| **I** | **സംസ്ഥാന ജലഗതാഗത വകുപ്പ്** | | | | | |
| 1 | ഭൂമിയും കെട്ടിടവും ടെർമിനൽ സൗകര്യങ്ങളും | സംസ്ഥാന പദ്ധതി | 100.00 | | 100.00 | എ.ബി. |
| 2 | ബോട്ടു വാങ്ങലും കടത്തു സർവ്വീസുകൾ വിപുലീകരിക്കലും | ,, | 1650.00 | | 1650.00 | ,, |
| 3 | പണിശാലാ സൗകര്യങ്ങൾ | ,, | 150.00 | | 150.00 | ,, |
| 4 | പുതിയ എഞ്ചിൻ വാങ്ങലും പഴയ ബോട്ടുകൾ പുതുക്കിപ്പണിയലും | ,, | 100.00 | | 100.00 | ,, |
| | **ആകെ—സംസ്ഥാന ജലഗതാഗത വകുപ്പ്** | | **2000.00** | | **2000.00** | |
| **II** | **കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്സ്.ഐ.എൻ.സി.)** | | | | | |
| 1 | ഫെറി ബോട്ടുകളുടെ നിർമ്മാണം | ,, | 300.00 | | 300.00 | ,, |
| 2 | ബോട്ട് ജെട്ടി ആധുനിക വത്കരണം | ,, | 150.00 | | 150.00 | ,, |
| 3 | ഡ്രൈ ഡോക്ക് നിർമ്മാണം | ,, | 200.00 | | 200.00 | ,, |
| 4 | കാർഗോ ബാർജ്ജുകളുടെ നിർമ്മാണം | ,, | 550.00 | | 550.00 | ,, |
| 5 | ക്രൂയിസ് വെസ്സൽ നിർമ്മാണം | ,, | 1.00 | | 1.00 | ,, |
| 6 | കൊച്ചി കനാലുകളുടെ വികസനത്തിനായി പഠനവും പ്രോജക്ട് തയ്യാറാക്കലും | ,, | 1.00 | | 1.00 | ,, |
| | **ആകെ—കെ. എസ്. ഐ.എൽ.സി.** | | **1202.00** | | **1202.00** | |

| | | | | | |
|---|---|---|---|---|---|
| **III** | **കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് (സി. എസ്. ഐ. എൻ. ഡി.)** | | | | |
| 1 | ഉൾനാടൻ കനാൽ പദ്ധതി | | | | |
| | a നാവിഗേഷൻ കനാലുകൾക്ക് പുതിയ സ്രെച്ചുകൾ | ,, | | | |
| | (i) കൊല്ലം-കോവളം വിഭാഗം | ,, | 1000.00 | 1000.00 | എ.ബി. |
| | (ii) കോട്ടപ്പുറം-നീലേശ്വരം ഭാഗം വികസനം | ,, | 2000.00 | 2000.00 | ,, |
| | b ക്രോസ്സ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം | ,, | 2800.00 | 2800.00 | ,, |
| | c ഉൾനാടൻ ജലഗതാഗത ആധുനികവത്കരണം | ,, | 600.00 | 600.00 | ,, |
| | d ടെർമിനലുകൾ/ജെട്ടികൾ എന്നിവയുടെ നിർമ്മാണം | ,, | 500.00 | 500.00 | ,, |
| | e ഉൾനാടൻ ജലഗതാഗത വകുപ്പ് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ | | 132.00 | 132.00 | ,, |
| | **ആകെ—ഉൾനാടൻ കനാൽ പദ്ധതി** | | **7032.00** | **7032.00** | |
| 2 | നബാർഡ് | നബാർഡ് | 5000.00 | 5000.00 | ,, |
| 3 | ഉൾനാടൻ ജലഗതാഗത പ്രമോഷൻ ഫണ്ട് | സംസ്ഥാന പദ്ധതി | 500.00 | 500.00 | ,, |
| | **ആകെ—സി. എസ്. ഐ. എൻ. സി.** | | **12532.00** | **12532.00** | |
| | **ആകെ—ഉൾനാടൻ ജലഗതാഗതം** | | **15734.00** | **15734.00** | |
| **7.5** | **മറ്റുഗതാഗത സർവ്വീസുകൾ** | | | | |
| 1 | തിരുവനന്തപുരം വിമാനത്താവളത്തിൽ പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ | ,, | 1.00 | 1.00 | ,, |
| 2 | കണ്ണൂർ വിമാനത്താവളത്തിന്റെ പശ്ചാത്തല വികസനം | ,, | 1.00 | 1.00 | ,, |
| 3 | കൊച്ചി മെട്രോ റെയിൽ പദ്ധതി | ,, | 1.00 | 1.00 | ,, |
| 4 | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി | ,, | 1.00 | 1.00 | ,, |
| 5 | മൊബിലിറ്റി ഹബ്ബുകൾ | ,, | 1.00 | 1.00 | ,, |
| 6 | കോഴിക്കോട് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ | ,, | 1.00 | 1.00 | ,, |
| 7 | ഹെലിപോർട്ടുകൾ സ്ഥാപിക്കൽ/ഹെലി ട്രാൻസ്പോർട്ടിന് പശ്ചാത്തല സൗകര്യങ്ങൾ/വിനോദസഞ്ചാരം | ,, | 1.00 | 1.00 | ,, |
| 8 | സബർബൻ റെയിൽ കോറിഡോർ | ,, | 1.00 | 1.00 | ,, |
| | **പുതിയ പദ്ധതികൾ** | | | | |
| 9 | സംയോജിത ജലഗതാഗത പദ്ധതി—കൊച്ചി | ,, | 1.00 | 1.00 | ,, |
| 10 | ബേക്കലിൽ എയർട്രിപ്പ് | ,, | 1.00 | 1.00 | ,, |
| | **ആകെ—മറ്റുഗതാഗത സർവ്വീസുകൾ** | | **10.00** | **10.00** | **10.00** |
| | **ആകെ മൊത്തം** | | **128163.00** | **128163.00** | **128163.00** |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **7.6** | **വിനോദസഞ്ചാരം** | | | | | |
| 1 | കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ | സംസ്ഥാന പദ്ധതി | 650.00 | | 650.00 | എ.ബി. |
| 2 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | ,, | 100.00 | | 100.00 | ,, |
| 3 | ബേക്കൽ റിസോർട്ട് വികസന കോർപ്പറേഷൻ | ,, | 150.00 | | 150.00 | ,, |
| 4 | ജില്ലാ വിനോദസഞ്ചാര വികസന സമിതികൾ | ,, | 605.00 | | 605.00 | ,, |
| 5 | കിറ്റ്സ്, എഫ്.സി.ഐ., എസ്.ഐ.എച്ച്.എ. | ,, | 850.00 | | 850.00 | ,, |
| 6 | സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം ഉൾപ്പെടെയുള്ള വിനോദസഞ്ചാര പഠനങ്ങൾ | ,, | 85.00 | | 85.00 | ,, |
| 7 | വിനോദസഞ്ചാര വിപണനം | ,, | 3500.00 | | 3500.00 | ,, |
| 8 | പരിസ്ഥിതി, സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും | ,, | 1464.00 | | 1464.00 | ,, |
| 9 | അടിസ്ഥാന സൗകര്യങ്ങളും മാച്ചിംഗ് ഗ്രാന്റും | ,, | 2400.00 | | 2400.00 | ,, |
| 10 | സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളും വിനോദസഞ്ചാര പ്രോജക്റ്റുകൾക്കു പ്രോൽസാഹനവും | ,, | 50.00 | | 50.00 | ,, |
| 11 | അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും ഉയർത്തലും | ,, | 13065.00 | | 13065.00 | ,, |
| 12 | ഗസ്റ്റ് ഹൗസുകളിൽ അടിസ്ഥാന സൗകര്യവും മറ്റും വികസനവും ഉയർത്തലും | ,, | 1000.00 | | 1000.00 | ,, |
| 13 | വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും | ,, | 165.00 | | 165.00 | |
| 14 | ഗസ്റ്റ് ഹൗസ് | ,, | 50.00 | | 50.00 | ,, |
| 15 | ഇക്കോടൂറിസം വികസനം | | 385.00 | | 385.00 | ,, |
| 16 | ഉത്തരവാദിത്വ വിനോദസഞ്ചാരം | ,, | 110.00 | | 110.00 | ,, |
| 17 | മുസരിസ്—സ്പൈസ് റൂട്ട് പദ്ധതി | ,, | 1800.00 | | 1800.00 | ,, |
| 18 | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കൽ | ,, | 400.00 | | 400.00 | ,, |
| 19 | ഇന്നവേറ്റീവ് വിനോദസഞ്ചാര ഉല്പന്ന വികസനം | ,, | 175.00 | | 175.00 | ,, |
| 20 | കേരള വിനോദസഞ്ചാര പ്രോൽസാഹനവും വിപണനവും | ,, | 1650.00 | | 1650.00 | ,, |
| 21 | കടൽ വിമാന പദ്ധതി | ,, | 1.00 | | 1.00 | ,, |
| 22 | മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപന്നങ്ങളുടെയും വികസനം (പുതിയത്) | ,, | 2500.00 | | 2500.00 | ,, |
| 23 | സ്വദേശി—ദർശൻ-കേന്ദ്രപദ്ധതി | ,, | 1.00 | | 1.00 | ,, |
| 24 | പ്രസാദ്—കേന്ദ്രപദ്ധതി | ,, | 1.00 | | 1.00 | ,, |
| | **ആകെ** | | **31157.00** | | **31157.00** | |

**8.1 ശാസ്ത്ര സേവനങ്ങളും ഗവേഷണവും**

| | | | | | | |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്ററുകൾ | സംസ്ഥാന പദ്ധതി | 5650.00 | .. | 5650.00 | എ. ബി. |
| 2 | റീജിയണൽ കാൻസർ സെന്റർ | ,, | 5935.00 | .. | 5935.00 | ,, |
| 3 | കെ.എസ്.സി.എസ്.ടി.ഇ. (KSCSTE)-യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | ,, | 225.00 | .. | 225.00 | ,, |
| 4 | കെ.എസ്.സി.എസ്.ടി.ഇ. യുടെ പദ്ധതികളും പരിപാടികളും | ,, | 2544.00 | .. | 2544.00 | ,, |
| 5 | ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് ധനസഹായം | ,, | 170.00 | .. | 170.00 | ,, |
| 6 | ബയോടെക്നോളജി ഡവലപ്മെന്റ് | ,, | 275.00 | .. | 275.00 | ,, |
| 7 | കെ.എസ്.സി.എസ്.ടി.ഇ. യുടെ പ്രത്യേക പരിപാടികൾ | ,, | 315.00 | .. | 315.00 | ,, |
| 8 | കരമന നദി ശാസ്ത്രീയ പരിപാലനം (പൈലറ്റ്) | ,, | 800.00 | .. | 800.00 | ,, |
| 9 | ആർ.സി.സി.-യെ സ്റ്റേറ്റ് കാൻസർ സെന്ററായി ഉയർത്തൽ | ,, | 1.00 | .. | 1.00 | ,, |
| | | ആകെ | **15915.00** | .. | **15915.00** | |

**8.2 ആവാസ വ്യവസ്ഥയും പരിസ്ഥിതിയും**

| | | | | | | |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി വകുപ്പിന്റെ ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 150.00 | .. | 150.00 | ,, |
| 2 | പരിസ്ഥിതി വിദ്യാഭ്യാസവും പ്രോത്സാഹനവും | ,, | 100.00 | .. | 100.00 | ,, |
| 3 | പരിസ്ഥിതിയെ സംബന്ധിച്ച ഗവേഷണവും വികസനവും | ,, | 50.00 | .. | 50.00 | ,, |
| 4 | ജൈവവൈവിദ്ധ്യ സംരക്ഷണം | ,, | 517.00 | .. | 517.00 | ,, |
| 5 | തണ്ണീർത്തടങ്ങളുടെ നിലനിർത്തൽ | ,, | 280.00 | .. | 280.00 | ,, |
| 6 | പരിസ്ഥിതി ആഘാതം വിലയിരുത്തൽ | ,, | 75.00 | .. | 75.00 | ,, |
| 7 | നദികൾക്കായുള്ള കർമ്മപരിപാടി | ,, | 20.00 | .. | 20.00 | ,, |
| 8 | കാലാവസ്ഥാ വ്യതിയാനം | ,, | 200.00 | .. | 200.00 | ,, |
| 9 | സംസ്ഥാനത്തെ വ്യാപകമായ മാലിന്യ നിർമ്മാർജനത്തിനായുള്ള പദ്ധതി | ,, | 100.00 | .. | 100.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 10 | നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ. ബി. |
| 11 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | „ | 950.00 | .. | 950.00 | „ |
| 12 | പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടേയും സംരക്ഷണം | 100% കേന്ദ്രാവിഷ്കൃതം | .. | 100.00 | 100.00 | „ |
| | | **ആകെ** | **2942.00** | **100.00** | **3042.00** | |
| **IX** | **സാമൂഹ്യ സേവന വിഭാഗം** | | | | | |
| **9.1** | **പൊതു വിദ്യാഭ്യാസം** | | | | | |
| **A. I.** | **സ്കൂൾ വിദ്യാഭ്യാസം** | | | | | |
| 1 | അടിസ്ഥാന സൗകര്യ വികസനം | സംസ്ഥാന പദ്ധതി | 6445.00 | .. | 6445.00 | „ |
| 2 | വിദ്യാഭ്യാസ പരിപാടികളുടെ മികവ് | „ | 1066.00 | .. | 1066.00 | „ |
| 3 | വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ | „ | 4010.00 | .. | 4010.00 | „ |
| 4 | ആധുനികവത്കരണം | „ | 362.00 | .. | 362.00 | „ |
| **II.** | **മറ്റ് പദ്ധതികൾ** | | | | | |
| 1 | ആശ്വാസ് | „ | 500.00 | .. | 500.00 | .. |
| 2 | ഇന്ററാക്ടീവ് ഇ-ലേണിംഗ് മാതൃകയിൽ അദ്ധ്യാപക പരിശീലനം | „ | 1.00 | .. | 1.00 | എ. ബി. |
| 3 | മിഷൻ 100- 100 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക (നടക്കാവ് മോഡൽ) | „ | 1400.00 | .. | 1400.00 | „ |
| 4 | തിരുവനന്തപുരത്തെ ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ കീഴിലുള്ള ജി. വി. എച്ച്. എസ്. കണ്ണൂർ, എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം | „ | 1700.00 | .. | 1700.00 | „ |
| **III.** | **വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം** | .. | 1290.00 | .. | 1290.00 | „ |
| **IV.** | **ഹയർ സെക്കന്ററി വിദ്യാഭ്യാസം** | | | | | |
| 1 | അടിസ്ഥാന സൗകര്യ വികസനം | „ | 6600.00 | .. | 6600.00 | „ |
| 2 | ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ അദ്ധ്യാപനം മെച്ചപ്പെടുത്തൽ പരിപാടി | „ | 530.00 | .. | 530.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| 3 | വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികൾ | സംസ്ഥാന പദ്ധതി | 700.00 | .. | 700.00 | എ. ബി. |
| 4 | ഹയർ സെക്കന്ററി വകുപ്പിന്റെ നവീകരണം | „ | 100.00 | .. | 100.00 | „ |
| 5 | ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | „ | 700.00 | .. | 700.00 | „ |
| | **മറ്റ് പദ്ധതികൾ** | | | | | |
| 1 | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ (എസ്. സി. ഇ. ആർ. ടി.) | „ | 1500.00 | .. | 1500.00 | .. |
| 2 | സർവ്വ ശിക്ഷാ അഭിയാൻ (എസ്. എസ്. എ.) | „ | 800.00 | .. | 800.00 | എ. ബി. |
| 3 | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി | „ | 1500.00 | .. | 1500.00 | „ |
| 4 | സംസ്ഥാനതല വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലന സ്ഥാപനം (സീമാറ്റ്) | „ | 330.00 | .. | 330.00 | „ |
| 5 | സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ്, പാങ്ങപ്പാറ, തിരുവനന്തപുരം | „ | 700.00 | .. | 700.00 | „ |
| | **പുതിയ പദ്ധതികൾ (2016-17)** | | | | | |
| 6 | നബാർഡിന്റെ സഹായത്തോടെയുള്ള ഹയർ സെക്കന്ററി സ്കൂളുകൾക്കുള്ള ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം | നബാർഡ് | 1200.00 | .. | 1200.00 | „ |
| 7 | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനും വിദ്യാർത്ഥികളുടെ അവകാശവും ഉറുദു അദ്ധ്യാപകർക്കുള്ള വേതനവും | സംസ്ഥാന പദ്ധതി | 35.00 | .. | 35.00 | „ |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| 1 | രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) (40 ശതമാനം എസ്. എസ്.) | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതി | 6000.00 | 9000.00 | 15000.00 | „ |
| 2 | മദ്രസ്സകൾക്കും പിന്നോക്ക വിഭാഗക്കാർക്കും വൈകല്യമുള്ളവർക്കുമുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതി | കേന്ദ്രാവിഷ്കൃതം | .. | 6303.00 | 6303.00 | „ |
| 3 | സർവ്വ ശിക്ഷ അഭിയാൻ (60% സി.എസ്.എസ്.) | കേന്ദ്ര പദ്ധതി | .. | 24300.00 | 24300.00 | „ |
| 4 | ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ മേഖലകളിലെ പദ്ധതികൾ (100% സി.എസ്.എസ്.) | „ | .. | 11929.00 | 11929.00 | „ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **പുതിയ പദ്ധതികൾ** | | | | | |
| 1 | അദ്ധ്യാപക പരിശീലനത്തിനും വിദ്യാഭ്യാസ വികസനത്തിനുമുള്ള സഹായം (50 ശതമാനം എസ്. എസ്.) | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃതം | 2176.00 | 2176.00 | 4352.00 | എ. ബി. |
| 2 | ഉച്ചഭക്ഷണ പരിപാടി (40 ശതമാനം എസ്. എസ്.) | „ | 10606.00 | 15900.00 | 26506.00 | „ |
| | | **ആകെ : സ്കൂൾ വിദ്യാഭ്യാസം** | **50251.00** | **69608.00** | **119859.00** | |
| | **ഉന്നത വിദ്യാഭ്യാസം** | | | | | |
| 1 | കേരള യൂണിവേഴ്സിറ്റി | സംസ്ഥാന പദ്ധതി | 2460.00 | .. | 2460.00 | „ |
| 2 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | „ | 2350.00 | .. | 2350.00 | „ |
| 3 | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി | „ | 2375.00 | .. | 2375.00 | „ |
| 4 | ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി | „ | 1400.00 | .. | 1400.00 | „ |
| 5 | കണ്ണൂർ യൂണിവേഴ്സിറ്റി | „ | 2370.00 | .. | 2370.00 | „ |
| 6 | ന്യുവൽസ് (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) | „ | 650.00 | .. | 650.00 | „ |
| 7 | മലയാളം യൂണിവേഴ്സിറ്റി | „ | 765.00 | .. | 765.00 | „ |
| 8 | നിയമ പഠന കോളേജുകൾ | „ | 650.00 | .. | 650.00 | „ |
| 9 | എൻ. സി. സി. | „ | 500.00 | .. | 500.00 | „ |
| 10 | ഗവൺമെന്റ് കോളേജുകളിൽ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനം | „ | 600.00 | .. | 600.00 | „ |
| 11 | പുതിയ കോഴ്സുകൾ ആരംഭിക്കലും നിലവിലുള്ള കോഴ്സുകളുടെ പുതുക്കലും | „ | 500.00 | .. | 500.00 | „ |
| 12 | ഫാക്കൽറ്റി ഡെവലപ്മെന്റ് | „ | 180.00 | .. | 180.00 | „ |
| 13 | തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ് | „ | 60.00 | .. | 60.00 | „ |
| 14 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും, സോണൽ ഓഫീസുകളുടെയും നവീകരണം | „ | 50.00 | .. | 50.00 | „ |
| 15 | ഐ. റ്റി. ഗ്രിഡ് | „ | 30.00 | .. | 30.00 | „ |
| 16 | കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | „ | 400.00 | .. | 400.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| 17 | കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി (സി.ഐ.യു.പി) | സംസ്ഥാന പദ്ധതി | 2500.00 | .. | 2500.00 | എ. ബി. |
| 18 | എഡ്യുസാറ്റ് പദ്ധതി—ഗവൺമെന്റ് കോളേജുകളിൽ ടെലി-ട്രെയിനിംഗ് | ,, | 35.00 | .. | 35.00 | ,, |
| 19 | പഠനയാത്രകൾ | ,, | 70.00 | .. | 70.00 | ,, |
| 20 | ഇറുഡൈറ്റ്-സ്കോളേഴ്സ് ഇൻ റസിഡൻസ് പ്രോഗ്രാം | ,, | 10.00 | .. | 10.00 | ,, |
| 21 | ആസ്പേയർ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സ്കോളർഷിപ്പ് പദ്ധതി | ,, | 90.00 | .. | 90.00 | ,, |
| 22 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ | ,, | 50.00 | .. | 50.00 | ,, |
| 23 | എഡ്യുസാറ്റ് ക്ലാസ് മുറികളുടെ ആധുനികവൽക്കരണം | ,, | 250.00 | .. | 250.00 | ,, |
| 24 | സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ് നൽകുക | ,, | 75.00 | .. | 75.00 | ,, |
| 25 | സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ് നൽകുക | ,, | 20.00 | .. | 20.00 | ,, |
| 26 | സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ് | ,, | 20.00 | .. | 20.00 | ,, |
| 27 | വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി | ,, | 15.00 | .. | 15.00 | ,, |
| 28 | സാമൂഹ്യശാസ്ത്രത്തിലെയും ഭാഷാ വിഷയങ്ങളിലെയും അധ്യാപകർക്ക് കേരളത്തിന് വെളിയിലുള്ള സർവ്വകലാശാല കളിലും സെന്ററുകളിലും ഗവേഷണം ചെയ്യാനുള്ള സ്കോളർഷിപ്പ് | ,, | 50.00 | .. | 50.00 | ,, |
| 29 | അദ്ധ്യാപക വിദ്യാഭ്യാസ കോളേജുകളും വിദ്യാഭ്യാസത്തി നായുള്ള ഉന്നത പഠന ഇൻസ്റ്റിറ്റ്യൂട്ടും | ,, | 65.00 | .. | 65.00 | ,, |
| 30 | അന്തർ സർവ്വകലാശാലകൾ | ,, | 900.00 | .. | 900.00 | ,, |
| 31 | തുടർ വിദ്യാഭ്യാസ കേന്ദ്രം | ,, | 350.00 | .. | 350.00 | ,, |
| 32 | ഉന്നത വിദ്യാഭ്യാസ കൗൺസിൽ | ,, | 1350.00 | .. | 1350.00 | ,, |
| 33 | കേരള ചരിത്ര ഗവേഷണ കൗൺസിൽ | ,, | 800.00 | .. | 800.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 34 | കോളേജുകൾക്ക് നാഷണൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം | „ | 800.00 | .. | 800.00 | എ. ബി. |
| 35 | കോളേജുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന പരിപാടി (സി.ക്യു.ഐ.പി.) | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | „ |
| 36 | പൈതൃക കോളേജുകൾ ഉൾപ്പെടെ പത്ത് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക | „ | 1200.00 | .. | 1200.00 | „ |
| 37 | അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി | സംസ്ഥാന പദ്ധതി/ ഇ.എ.പി. | 23468.00 | .. | 23468.00 | „ |
| 38 | ഗവേഷണ സഹായ പദ്ധതി | „ | 500.00 | .. | 500.00 | „ |
| 39 | പഠിതാവിനൊപ്പം | സംസ്ഥാന പദ്ധതി | 700.00 | .. | 700.00 | „ |
| 40 | സർവ്വകലാശാലകൾക്കുവേണ്ടിയുള്ള സംസ്ഥാന അവാർഡ് നിധി | „ | 500.00 | .. | 500.00 | „ |
| 41 | നൈപുണ്യ വികസന പദ്ധതി | „ | 550.00 | .. | 550.00 | „ |
| 42 | പൊതു പ്രവേശന പരീക്ഷ പരിശീലന പദ്ധതി (പി.ഇ.ഇ.സി.എസ്.) | „ | 250.00 | .. | 250.00 | „ |
| 43 | അധ്യയന രംഗത്തെ കണ്ടെത്തലുകളിലും ഗവേഷണങ്ങളിലുമുള്ള സമന്വയത്തെ ത്വരിതപ്പെടുത്തുക (ഫ്ളെയർ) | „ | 220.00 | .. | 220.00 | „ |
| 44 | വാർഷികാടിസ്ഥാന പദ്ധതി | „ | 1.00 | .. | 1.00 | „ |
| 45 | രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (റൂസ) | സംസ്ഥാന/ കേന്ദ്രാവിഷ്കൃതം | 6438.00 | 9657.00 | 16095.00 | „ |
| 46 | കേരളത്തിലെ പുതിയ സർക്കാർ സ്വയംഭരണാവകാശമുള്ള കോളേജുകളും സർക്കാർ കല്പിത സർവ്വകലാശാലകളും | „ | 1000.00 | .. | 1000.00 | „ |
| 47 | ദൃശ്യകലാശാസ്ത്രത്തിനായുള്ള കെ. ആർ. നാരയാണൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് | „ | 170.00 | .. | 170.00 | „ |
| 48 | ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾ | „ | 1000.00 | .. | 1000.00 | „ |
| | | **ആകെ ഉന്നത വിദ്യാഭ്യാസം** | **59287.00** | **9657.00** | **68944.00** | |
| | | **പൊതു വിദ്യാഭ്യാസം : മൊത്തം** | **109538.00** | **79265.00** | **188803.00** | |

**9.2 കലയും സംസ്കാരവും**

| | | | | | | |
|---|---|---|---|---|---|---|
| 1 | സംഗീത കോളേജുകൾ | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ. ബി. |
| 2 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം | „ | 365.00 | .. | 365.00 | „ |
| 3 | പുരാരേഖാ വകുപ്പ് | „ | 345.00 | .. | 345.00 | „ |
| 4 | പുരാവസ്തു വകുപ്പ് | „ | .. | .. | .. | „ |
| 5 | കാഴ്ച ബംഗ്ലാവ് വികസനവും പ്രദർശന സംവിധാനവും | „ | 399.00 | .. | 399.00 | „ |
| 6 | എറണാകുളം ആർക്കിയോളജിക്കൽ മ്യൂസിയം | „ | 115.00 | .. | 115.00 | „ |
| 7 | പ്രാദേശിക പരിരക്ഷണ പരീക്ഷണശാല | „ | 50.00 | .. | 50.00 | „ |
| 8 | പുരാവസ്തു കെട്ടിടങ്ങൾ | „ | 380.00 | .. | 380.00 | „ |
| 9 | പുരാവസ്തു പ്രസിദ്ധീകരണങ്ങൾ | „ | 31.00 | .. | 31.00 | „ |
| 10 | സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കുള്ള ആവർത്തനേതര ധനസഹായം | „ | 58.00 | .. | 58.00 | „ |
| 11 | ഉൽകൃഷ്ടരായ കലാ/സാഹിത്യകാരൻമാരുടെ സ്മാരകങ്ങൾക്കുള്ള സഹായം | „ | 138.00 | .. | 138.00 | „ |
| 12 | കാഴ്ച ബംഗ്ലാവുകളുടെയും മൃഗശാലയുടെയും വികസനം | „ | 1835.00 | .. | 1835.00 | „ |
| 13 | കേരള സംസ്ഥാന ഗ്രന്ഥശാലാ കൗൺസിൽ | „ | 82.00 | .. | 82.00 | „ |
| 14 | മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി, തിരുവനന്തപുരം | „ | 65.00 | .. | 65.00 | „ |
| 15 | മാർഗ്ഗി | „ | 45.00 | .. | 45.00 | „ |
| 16 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള സഹായം | „ | 400.00 | .. | 400.00 | „ |
| 17 | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | „ | 175.00 | .. | 175.00 | „ |
| 18 | സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് | „ | 155.00 | .. | 155.00 | „ |
| 19 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | „ | 510.00 | .. | 510.00 | „ |
| 20 | വാസ്തുവിദ്യാ ഗുരുകുലം ഗ്രാന്റ് ഇൻ എയ്ഡ് | „ | 55.00 | .. | 55.00 | „ |
| 21 | ഗുരുഗോപിനാഥ് നടനഗ്രാമം-വട്ടിയൂർക്കാവ് | „ | 35.00 | .. | 35.00 | „ |
| 22 | കേരള സാഹിത്യ അക്കാദമി | „ | 245.00 | .. | 245.00 | „ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 23 | കേരള സംഗീത നാടക അക്കാദമി | സംസ്ഥാന പദ്ധതി | 404.00 | .. | 404.00 | എ. ബി. |
| 24 | കേരള ലളിതകലാ അക്കാദമി | „ | 425.00 | .. | 425.00 | „ |
| 25 | ഭാരത് ഭവൻ | „ | 50.00 | .. | 50.00 | „ |
| 26 | കേരള കലാമണ്ഡലം | „ | 965.00 | .. | 965.00 | „ |
| 27 | ജവഹർ ബാലഭവൻ | „ | 100.00 | .. | 100.00 | „ |
| 28 | സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | „ | 135.00 | .. | 135.00 | „ |
| 29 | കേരള ലളിതകലാ അക്കാദമി | „ | 190.00 | .. | 190.00 | „ |
| 30 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | „ | 45.00 | .. | 45.00 | „ |
| 31 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ | „ | 1.00 | .. | 1.00 | „ |
| 32 | സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് | „ | 95.00 | .. | 95.00 | „ |
| 34 | ആർക്കിയോളജി-കെട്ടിടങ്ങൾ | „ | 100.00 | .. | 100.00 | „ |
| 35 | പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ജില്ലാതലത്തിൽ | „ | 745.00 | .. | 745.00 | „ |
| 36 | സുപ്രസിദ്ധ എഴുത്തുകാരുടെയും കലാ സാസ്കാരിക വ്യക്തിത്വങ്ങളുടെയും സ്ഥാപനങ്ങൾക്ക് നവശക്തിയും പുതു ചൈതന്യവും നൽകുന്ന പദ്ധതി | „ | 110.00 | .. | 110.00 | „ |
| 37 | മലയാളം മിഷൻ | „ | 87.00 | .. | 87.00 | „ |
| 38 | കേരള സംസ്കാരത്തിന്റെ വ്യാപനം | „ | 57.00 | .. | 57.00 | „ |
| 39 | കലാകാരൻമാർക്കുള്ള അപകട വൈദ്യ ഇൻഷുറൻസ് പദ്ധതി | „ | 30.00 | .. | 30.00 | „ |
| | | **ആകെ** | **9122.00** | **..** | **9122.00** | |
| **9.3 സാങ്കേതിക വിദ്യാഭ്യാസം** | | | | | | |
| 1 | ഉദ്യോഗ നിയമനവും പരിശീലനവും | „ | 50.00 | .. | 50.00 | „ |
| 2 | എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനം | „ | 725.00 | .. | 725.00 | „ |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) | „ | 2100.00 | .. | 2100.00 | „ |
| 4 | തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് | „ | 500.00 | .. | 500.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| 5 | തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് | സംസ്ഥാന പദ്ധതി | 410.00 | .. | 410.00 | എ. ബി. |
| 6 | കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് | „ | 410.00 | .. | 410.00 | „ |
| 7 | രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | „ | 410.00 | .. | 410.00 | „ |
| 8 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം | „ | 1350.00 | .. | 1350.00 | „ |
| 9 | മാനവശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി.) | „ | 1350.00 | .. | 1350.00 | „ |
| 10 | ലളിതകലാ കോളേജുകൾ—തിരുവനന്തപുരം, തൃശ്ശൂർ, മാവേലിക്കര | „ | 400.00 | .. | 400.00 | „ |
| 11 | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാവിഭാഗവും | „ | 100.00 | .. | 100.00 | „ |
| 12 | എല്ലാ സർക്കാർ പോളിടെക്നിക്കുകളുടെയും വികസനം | „ | 2450.00 | .. | 2450.00 | „ |
| 13 | മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം | „ | 1600.00 | .. | 1600.00 | „ |
| 14 | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും പ്രാദേശിക ഓഫീസുകളിലെയും ജീവനക്കാരുടെ കഴിവ് വികസിപ്പിക്കൽ | „ | 20.00 | .. | 20.00 | „ |
| 15 | ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം | „ | 1000.00 | .. | 1000.00 | „ |
| 16 | ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (ഐ.ഐ.ഐ.സി.) | „ | 150.00 | .. | 150.00 | „ |
| 17 | മാനവശേഷി വികസനം | „ | 200.00 | .. | 200.00 | „ |
| 18 | എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി | „ | 350.00 | .. | 350.00 | „ |
| 19 | വൈകല്യ പഠനത്തിൽ മികവിന്റെ കേന്ദ്രം | „ | 100.00 | .. | 100.00 | „ |
| 20 | സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി–ആപ്റ്റ്) | „ | 250.00 | .. | 250.00 | „ |
| 21 | സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് | „ | 220.00 | .. | 220.00 | „ |
| 22 | പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂളുകൾ | „ | 80.00 | .. | 80.00 | „ |
| 23 | എഞ്ചനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലെയും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും | „ | 75.00 | .. | 75.00 | „ |
| 24 | എഞ്ചനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലെയും വിവര വിനിമയ സാങ്കേതിക വിദ്യ | „ | 220.00 | .. | 220.00 | „ |
| 25 | വിവര സാങ്കേതിക വിദ്യ വഴി ദേശീയ വിദ്യാഭ്യാസ കമ്മീഷനെ ബന്ധിപ്പിക്കൽ (എൽ.എം.ഇ.ഐ.സി.റ്റി.) (50% സംസ്ഥാന പദ്ധതി) | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതി | 250.00 | 250.00 | 500.00 | „ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 26 | സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ പദ്ധതി റ്റി.ഇ.ക്യു.യു.ഐ.പി. രണ്ടാം ഘട്ടം (50% കേന്ദ്രാവിഷ്കൃത പദ്ധതി) | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതി | 1077.00 | 1077.00 | 2154.00 | എ. ബി. |
| 27 | കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കൽ (എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല) | സംസ്ഥാന പദ്ധതി | 3000.00 | .. | 3000.00 | „ |
| 28 | ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ (റ്റി. ആർ. സി.) | „ | 115.00 | .. | 115.00 | „ |
| 29 | എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ | „ | 250.00 | .. | 250.00 | „ |
| 30 | എഞ്ചീനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ | „ | 120.00 | .. | 120.00 | „ |
| 31 | എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണ സ്കോളർഷിപ്പ് | „ | 100.00 | .. | 100.00 | „ |
| 32 | ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം | „ | 120.00 | .. | 120.00 | „ |
| 33 | ഗവേഷണ സഹായ പദ്ധതി | „ | 60.00 | .. | 60.00 | „ |
| 34 | മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യൂ.ഐ.പി. കേന്ദ്രങ്ങൾ | „ | 421.00 | .. | 421.00 | „ |
| 35 | വിദഗ്ദ്ധ കഴിവ് നേടുന്ന പദ്ധതി | „ | 30.00 | .. | 30.00 | „ |
| 36 | കേരളത്തിലെ പുതിയ ഐ.ഐ.റ്റി. | „ | 1.00 | .. | 1.00 | „ |
| 37 | തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ടെസ്റ്റ്) | „ | 200.00 | .. | 200.00 | „ |
| 38 | പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപീകരിക്കൽ (എൻ.വി.ഇ.ക്യു.എഫ്.) | „ | 358.00 | .. | 358.00 | „ |
| 39 | പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ | „ | 260.00 | .. | 260.00 | „ |
| 40 | പോളിടെക്നിക് കോളേജുകളിൽ ഉൽപാദന-പരിശീലന കേന്ദ്രം സ്ഥാപിക്കൽ | „ | 11.00 | .. | 11.00 | „ |
| 41 | പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ | „ | 100.00 | .. | 100.00 | „ |
| 42 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റിന്റെ അവതരണം | „ | 1.00 | .. | 1.00 | „ |

4/24/2016/S-16.

| | | | | | | |
|---|---|---|---|---|---|---|
| | **പുതിയ പദ്ധതികൾ** | | | | | |
| 1 | സെന്റർ ഫോർ ബാംബൂ ടെക്നോളജി | സംസ്ഥാന പദ്ധതി | 30.00 | .. | 30.00 | എ. ബി. |
| 2 | പോളിടെക്നിക് കോളേജുകളിലെ സർട്ടിഫിക്കേഷൻ സെന്റർ | „ | 100.00 | .. | 100.00 | „ |
| 3 | സംസ്ഥാന സഹായ പദ്ധതി പുനർജ്ജനി (60% സംസ്ഥാന വിഹിതം) | „ | 45.00 | .. | 45.00 | „ |
| 4 | പോളിടെക്നിക് കോളേജുകൾക്കുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ (50% സംസ്ഥാന വിഹിതം) | സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതി | 2297.00 | 2297.00 | 4594.00 | „ |
| | | **ആകെ : (9.3)** | **23541.00** | **3624.00** | **27165.00** | |
| **9.4** | **കായികവും യുവജനക്ഷേമവും** | | | | | |
| 1 | 35-ാമത് ദേശീയ കായികമേളയോടനുബന്ധിച്ചുള്ള (ആന്യൂറ്റി) പദ്ധതി (വാർഷികാടിസ്ഥാന പദ്ധതി) | സംസ്ഥാന പദ്ധതി | 1.00 | .. | 1.00 | „ |
| 2 | കായിക യുവജനകാര്യ ഡയറക്ടറേറ്റ് | „ | .. | .. | .. | „ |
| (i) | പ്രചരണം | „ | 100.00 | .. | 100.00 | „ |
| (ii) | സ്പോർട്സ് മെഡിസിൻ സെന്റർ | „ | 40.00 | .. | 40.00 | „ |
| (iii) | പ്രത്യേക പ്രോജക്ടുകൾ | „ | 370.00 | .. | 370.00 | „ |
| (iv) | കായിക വിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ | „ | 560.00 | .. | 560.00 | „ |
| (v) | കായിക വികസന ഫണ്ട് | „ | 1500.00 | .. | 1500.00 | „ |
| (vi) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് | „ | 130.00 | .. | 130.00 | „ |
| (vii) | ബഹുതല ലക്ഷ്യത്തോടുള്ള കായിക വിനോദങ്ങൾ/ കളിസ്ഥലങ്ങളുടെ വികസനം | „ | 300.00 | .. | 300.00 | „ |
| (viii) | ജനകീയ കായിക വിനോദങ്ങളും ഹെൽത്ത് പാർക്കുകളും | „ | 200.00 | .. | 200.00 | „ |
| (ix) | കൊച്ചിയിലെ, കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നവീകരണം | „ | 1.00 | .. | 1.00 | „ |
| 3 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ | „ | 3150.00 | .. | 3150.00 | „ |
| 4 | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | „ | 1865.00 | .. | 1865.00 | „ |
| 5 | കായിക വിദ്യാഭ്യാസ കോളേജ്, കോഴിക്കോട് | „ | 105.00 | .. | 105.00 | „ |
| 6 | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ള ധനസഹായം | „ | 60.00 | .. | 60.00 | „ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 7 | കേരള സംസ്ഥാന ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് | സംസ്ഥാന പദ്ധതി | 40.00 | .. | 40.00 | എ. ബി. |
| 8 | കേരള സംസ്ഥാന യുവജന കമ്മീഷൻ | „ | 100.00 | .. | 100.00 | „ |
| 9 | സംസ്ഥാനതല എൻ.എസ്.എസ്. സെൽ | „ | .. | 57.00 | 57.00 | „ |
| | | **ആകെ : (9.4)** | **8522.00** | **57.00** | **8579.00** | |
| **9.5** | **വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും** | | | | | |
| 1 | മോണിറ്ററിംഗ് സെൽ മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനവും കമ്പ്യൂട്ടർവൽക്കരണവും | „ | 26.00 | .. | 26.00 | „ |
| 2 | രക്ത ബാങ്കുകൾ | „ | 299.00 | .. | 299.00 | „ |
| 3 | ആരോഗ്യ ഗതാഗതം | „ | 30.00 | .. | 30.00 | „ |
| 4 | മാനസികാരോഗ്യ സംരക്ഷണം | „ | 374.00 | .. | 374.00 | „ |
| 5 | ജില്ലാ മാനസികാരോഗ്യ പരിപാടികൾ | „ | 341.00 | .. | 341.00 | „ |
| 6 | ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റ് | „ | 50.00 | .. | 50.00 | „ |
| 7 | ലിംസ് ഫിറ്റിംഗ് സെന്റർ | „ | 41.00 | .. | 41.00 | „ |
| 8 | ആരോഗ്യ വകുപ്പിലെ ദന്തൽ യൂണിറ്റുകളുടെ ശാക്തീകരണം | „ | 200.00 | .. | 200.00 | „ |
| 9 | പെയിൻ, പാലിയേറ്റീവ് ആന്റ് എൽഡർലി ഹെൽത്ത്കെയർ സെന്റർ | „ | 110.00 | .. | 110.00 | „ |
| 10 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസ് (ഐക്കോൻസ്) സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓഡർ | „ | 650.00 | .. | 650.00 | „ |
| 11 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ | „ | 325.00 | .. | 325.00 | „ |
| 12 | ചലനവൈകല്യം സംഭവിച്ചവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള സൊസൈറ്റി | „ | 50.00 | .. | 50.00 | „ |
| 13 | ഡിപ്പോമേറ്റ് ഓഫ് നാഷണൽ ബോർഡ് കോഴ്സുകൾ | „ | 75.00 | .. | 75.00 | „ |
| 14 | പബ്ലിക് ഹെൽത്ത് ലബോറട്ടറി | „ | 205.00 | .. | 205.00 | „ |
| 15 | ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി | „ | 650.00 | .. | 650.00 | „ |
| 16 | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി | „ | 235.00 | .. | 235.00 | „ |
| 17 | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് | „ | 348.00 | .. | 348.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| 18 | ഭക്ഷണ വസ്തുക്കളിൽ മായം ചേർക്കൽ തടയലും ഭരണസംവിധാനവും | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ. ബി. |
| 19 | നഴ്സിംഗ് വിദ്യാഭ്യാസം-നഴ്സിംഗ് സ്കൂളുകൾ | ,, | 173.00 | .. | 173.00 | ,, |
| 20 | പകർച്ചവ്യാധികളുടെ നിയന്ത്രണം | ,, | 920.00 | .. | 920.00 | ,, |
| 21 | പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്ന സൊസൈറ്റി | ,, | 150.00 | .. | 150.00 | ,, |
| 22 | സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി | ,, | 1000.00 | .. | 1000.00 | ,, |
| 23 | എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് | ,, | 175.00 | .. | 175.00 | ,, |
| 24 | അക്രമങ്ങൾക്കും സാമൂഹ്യദുരുപയോഗങ്ങൾക്കും ഇരയാകുന്നവർക്ക് ആരോഗ്യസംരക്ഷണം | ,, | 40.00 | .. | 40.00 | ,, |
| 25 | അർബുദ പരിചരണ പദ്ധതി | ,, | 230.00 | .. | 230.00 | ,, |
| 26 | ലഹരി വിമുക്തകേന്ദ്രങ്ങൾ | ,, | 34.00 | .. | 34.00 | ,, |
| 27 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനുകീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ | ,, | 2375.00 | .. | 2375.00 | ,, |
| 28 | നാഷണൽ ഹെൽത്ത് മിഷൻ | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃതം | 24300.00 | 36999.99 | 61299.99 | ,, |
| 29 | മെഡിക്കൽ റെക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 160.00 | .. | 160.00 | ,, |
| 30 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ | ,, | 1600.00 | .. | 1600.00 | ,, |
| 31 | ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം | ,, | 300.00 | .. | 300.00 | ,, |
| 32 | സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രികൾ | ,, | 1830.00 | .. | 1830.00 | ,, |
| 33 | കേരളാ എമർജൻസി മെഡിക്കൽ സർവ്വീസ് (108 ആംബുലൻസ്) | ,, | 1254.00 | .. | 1254.00 | ,, |
| 34 | ഡി.എച്ച്.എസിനു കീഴിലുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ | ,, | 4826.00 | .. | 4826.00 | ,, |
| 35 | സമഗ്ര മാനസികാരോഗ്യ പദ്ധതി | ,, | 500.00 | .. | 500.00 | ,, |
| 36 | പൊതുജനാരോഗ്യ സംരക്ഷണ ഏജൻസി | ,, | 500.00 | .. | 500.00 | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 37 | ആരോഗ്യ കിരണം | സംസ്ഥാന പദ്ധതി | 3150.00 | .. | 3150.00 | എ. ബി. |
| 38 | ആരോഗ്യ മേഖലയിൽ മനുഷ്യവിഭവശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ട് | ,, | 850.00 | .. | 850.00 | ,, |
| 39 | പേവിഷബാധക്കെതിരായ പ്രചാരണം | ,, | 500.00 | .. | 500.00 | ,, |
| 40 | കൊല്ലം, കോഴിക്കോട് ആശുപത്രികളിൽ കാത്ത്ലാബും ഐ.സി.യു. വും | ,, | 1100.00 | .. | 1100.00 | ,, |
| 41 | പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ | ,, | 360.00 | .. | 360.00 | ,, |
| 42 | ഇ-ഹെൽത്ത് പ്രോഗ്രാം | ,, | 388.00 | .. | 388.00 | ,, |
| 43 | അടിയന്തിര വൈദ്യസഹായം ശക്തിപ്പെടുത്തൽ | ,, | 250.00 | .. | 250.00 | ,, |
| 44 | കേരള പരിപ്രേക്ഷ്യ പദ്ധതി പ്രകാരം മുൻഗണനാ പദ്ധതികൾ നടപ്പിലാക്കൽ | ,, | 100.00 | .. | 100.00 | ,, |
| 45 | ഡ്രഗ് സ്റ്റോറുകളുടെ ആധുനികവൽക്കരണം | ,, | 600.00 | .. | 600.00 | ,, |
| 46 | കുടുംബക്ഷേമ പരിപാടികൾ | കേന്ദ്രാവിഷ്കൃതം | .. | 0.01 | 0.01 | ,, |
| 47 | ദേശീയ എയ്ഡ്സ് ആന്റ് എസ്.റ്റി.സി. നിയന്ത്രണ പരിപാടി | ,, | .. | 3742.00 | 3742.00 | ,, |
| | | **ആകെ (അലോപ്പതി)** | **52174.00** | **40742.00** | **92916.00** | |
| 48 | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം | സംസ്ഥാന വിഹിതം | 500.00 | .. | 500.00 | ,, |
| 49 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | ,, | 2600.00 | .. | 2600.00 | ,, |
| 50 | മെഡിക്കൽ കോളേജ്, കോട്ടയം | ,, | 1200.00 | .. | 1200.00 | ,, |
| 51 | മെഡിക്കൽ കോളേജ്, ആലപ്പുഴ | ,, | 1250.00 | .. | 1250.00 | ,, |
| 52 | മെഡിക്കൽ കോളേജ്, തൃശ്ശൂർ | ,, | 1275.00 | .. | 1275.00 | ,, |
| 53 | മെഡിക്കൽ കോളേജ്, മലപ്പുറം, മഞ്ചേരി | ,, | 450.00 | .. | 450.00 | ,, |
| 54 | മെഡിക്കൽ കോളേജ്, കോഴിക്കോട് | ,, | 1675.00 | .. | 1675.00 | ,, |
| 55 | മെഡിക്കൽ കോളേജ്, ഇടുക്കി | ,, | 400.00 | .. | 400.00 | ,, |
| 56 | മെഡിക്കൽ കോളേജ്, എറണാകുളം | ,, | 1000.00 | .. | 1000.00 | ,, |
| 57 | മെഡിക്കൽ കോളേജ്, ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം | ,, | 400.00 | .. | 400.00 | ,, |

4/24/2016/S-16.

| | | | | | | |
|---|---|---|---|---|---|---|
| 58 | മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ. ബി. |
| 59 | മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം | „ | 1000.00 | .. | 1000.00 | „ |
| 60 | ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജ് | „ | 160.00 | .. | 160.00 | „ |
| 61 | റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി | „ | 500.00 | .. | 500.00 | „ |
| 62 | ദന്തൽ കോളേജ്, തിരുവനന്തപുരം | „ | 280.00 | .. | 280.00 | „ |
| 63 | ദന്തൽ കോളേജ്, കോഴിക്കോട് | „ | 430.00 | .. | 430.00 | „ |
| 64 | ദന്തൽ കോളേജ്, കോട്ടയം | „ | 480.00 | .. | 480.00 | „ |
| 65 | ദന്തൽ കോളേജ്, ആലപ്പുഴ | „ | 645.00 | .. | 645.00 | „ |
| 66 | ദന്തൽ കോളേജ്, തൃശ്ശൂർ | „ | 765.00 | .. | 765.00 | „ |
| 67 | തിരുവനന്തപുരം നഴ്സിംഗ് കോളേജ് | „ | 95.00 | .. | 95.00 | „ |
| 68 | നഴ്സിംഗ് കോളേജ്, കോട്ടയം | „ | 125.00 | .. | 125.00 | „ |
| 69 | നഴ്സിംഗ് കോളേജ്, കോഴിക്കോട് | „ | 174.00 | .. | 174.00 | „ |
| 70 | നഴ്സിംഗ് കോളേജ്, ആലപ്പുഴ | „ | 15.00 | .. | 15.00 | „ |
| 71 | നഴ്സിംഗ് കോളേജ്, തൃശ്ശൂർ | „ | 8.00 | .. | 8.00 | „ |
| 72 | നഴ്സിംഗ് കോളേജ്, എറണാകുളം | „ | 50.00 | .. | 50.00 | „ |
| 73 | സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് | „ | 500.00 | .. | 500.00 | „ |
| 74 | ശിശുവികസന കേന്ദ്രം | „ | 300.00 | .. | 300.00 | „ |
| 75 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് | „ | 20.00 | .. | 20.00 | „ |
| 76 | കേരള ഹാർട്ട് ഫൗണ്ടേഷൻ | „ | 75.00 | .. | 75.00 | „ |
| 77 | മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യസംസ്കരണം | „ | 210.00 | .. | 210.00 | „ |
| 78 | മലബാർ കാൻസർ സെന്ററിനുള്ള ധനസഹായം | „ | 2900.00 | .. | 2900.00 | „ |
| 79 | ആരോഗ്യ സർവ്വകലാശാല | „ | 1250.00 | .. | 1250.00 | „ |
| 80 | ആരോഗ്യ സർവ്വകലാശാല | „ | 1000.00 | .. | 1000.00 | „ |
| 81 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് | „ | 200.00 | | 200.00 | „ |
| 82 | ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ, പാരാമെഡിക്കൽ കോളേജ് ഹോസ്റ്റലുകളുടെ നിർമ്മാണം/നവീകരണം | „ | 500.00 | .. | 500.00 | „ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 83 | സിമറ്റിനുള്ള ധനസഹായം (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്) | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ. ബി. |
| 84 | മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാതൃശിശു ആരോഗ്യ യൂണിറ്റുകൾ | „ | 500.00 | .. | 500.00 | „ |
| 85 | സ്റ്റേറ്റ് പൈഡ് സെൽ | „ | 35.00 | .. | 35.00 | „ |
| 86 | ഇടുക്കിയിലെ പുതിയ മെഡിക്കൽ കോളേജ് | „ | 750.00 | .. | 750.00 | „ |
| 87 | കാസർകോട്ടുള്ള പുതിയ മെഡിക്കൽ കോളേജ് | „ | 750.00 | .. | 750.00 | „ |
| 88 | പത്തനംതിട്ട ജില്ലയിലെ പുതിയ മെഡിക്കൽ കോളേജ് | „ | 750.00 | .. | 750.00 | „ |
| 89 | മലപ്പുറം ജില്ലയിലെ പുതിയ മെഡിക്കൽ കോളേജ് | „ | 2100.00 | .. | 2100.00 | „ |
| 90 | വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കൽ | „ | 2200.00 | .. | 2200.00 | „ |
| 91 | തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് | „ | 2100.00 | .. | 2100.00 | „ |
| 92 | മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് | „ | 110.00 | .. | 110.00 | „ |
| 93 | മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് സ്ഥാപിക്കലും ആനിമൽ ഹൗസ് ഫെസിലിറ്റി ഉയർത്തലും | „ | 100.00 | .. | 100.00 | „ |
| 94 | ഗവൺമെന്റ് ദന്തൽ കോളേജുകളിൽ കമ്മ്യൂണിറ്റി ഡന്റിസ്ട്രിയും ദന്തൽ പബ്ലിക് ഹെൽത്ത് സെന്റർ എന്നിവ സ്ഥാപിക്കലും | „ | 30.00 | .. | 30.00 | „ |
| 95 | തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ലക്ചർ തിയേറ്റർ കോംപ്ലക്സും ആഡിറ്റോറിയവും | „ | 200.00 | .. | 200.00 | „ |
| 96 | ഡിസീഡ്സ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ | „ | 200.00 | .. | 200.00 | „ |
| 97 | എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി, ടേർഷ്യറി യൂണിറ്റുകൾ സ്ഥാപിക്കൽ | „ | 725.00 | .. | 725.00 | „ |
| 98 | ക്വാർട്ടേഴ്സ് റ്റു റസിഡൻസ് | „ | 750.00 | .. | 750.00 | „ |
| 99 | മെഡിക്കൽകോളേജിനു കീഴിലുള്ള നാല് ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജുകളിൽ മരുന്നിന്റെ ഗുണനിലവാരം പരിശോധന | „ | 45.00 | .. | 45.00 | „ |
| 100 | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽകോളേജിൽ സി.വി.റ്റി.എസ്., കാത്ത്ലാബ് എന്നിവ സ്ഥാപിക്കൽ | „ | 860.00 | .. | 860.00 | „ |
| 101 | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കൽ | „ | 75.00 | .. | 75.00 | „ |
| 102 | ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം | „ | 110.00 | .. | 110.00 | „ |
| 103 | ഇ-ഹെൽത്ത് പ്രോഗ്രാം | „ | 300.00 | .. | 300.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| | **പുതിയ പദ്ധതികൾ** | | | | | |
| 104 | ഡ്രഗ് സ്റ്റോറുകൾ സ്ഥാപിക്കലും നവീകരണവും | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | .. |
| 105 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിൽ 50% കേന്ദ്രവിഷ്കൃത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം | സംസ്ഥാനം/ കേന്ദ്രാവിഷ്കൃതം | 3416.00 | 3416.00 | 6832.00 | .. |
| | | **മെഡിക്കൽ വിദ്യാഭ്യാസം : ആകെ** | **39388.00** | **3416.00** | **42804.00** | |
| | **ആയുർവ്വേദം** | | | | | |
| 106 | ഗ്രാമീണ ആയുർവ്വേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും | സംസ്ഥാന പദ്ധതി | 250.00 | .. | 250.00 | .. |
| 107 | ഭാരതീയ ചികിത്സാവകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും നവീകരണവും | ,, | 1326.00 | .. | 1326.00 | .. |
| 108 | ഔഷധി (ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ) | ,, | 300.00 | .. | 300.00 | .. |
| 109 | തിരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള റിസർച്ച് സെൽ | ,, | 240.00 | .. | 240.00 | .. |
| 110 | സാംക്രമിക രോഗങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും നിയന്ത്രണം | ,, | 100.00 | .. | 100.00 | .. |
| 111 | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ | ,, | 596.00 | .. | 596.00 | .. |
| 112 | സ്റ്റേറ്റ് മെഡിസിനൽ പ്ലാൻസ് ബോർഡിനുള്ള ധനസഹായം | ,, | 60.00 | .. | 60.00 | .. |
| 113 | ജീവനിയും പുനർനവയും | ,, | 60.00 | .. | 60.00 | .. |
| 114 | വിദ്യാലയ ആരോഗ്യ പരിപാടി | ,, | 180.00 | .. | 180.00 | .. |
| 115 | നാഷണൽ മിഷൻ ഓൺ ആയുഷ്-ഔഷധ സസ്യങ്ങൾ ഉൾപ്പെടെ | സംസ്ഥാന പദ്ധതി/ കേന്ദ്രാവിഷ്കൃതം | 300.00 | 450.00 | 750.00 | .. |
| | | **ഉപവിഭാഗം : ആകെ** | **3412.00** | **450.00** | **3862.00** | **..** |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം** | | | | | |
| | തിരുവനന്തപുരം ആയുർവേദ കോളേജ് | | | | | |
| | ആധുനികവൽക്കരണവും നവീകരണവും | | 216.00 | .. | 216.00 | „ |
| | ലൈബ്രറി | സംസ്ഥാന പദ്ധതി | 14.00 | .. | 14.00 | „ |
| | സ്ത്രീ-ശിശു ആശുപത്രികൾ | „ | 245.00 | .. | 245.00 | „ |
| | പഞ്ചകർമ്മ ആശുപത്രി | „ | 107.00 | .. | 107.00 | „ |
| | ഫാർമസി | „ | 45.00 | .. | 45.00 | „ |
| | റിഫ്രെഷർ കോഴ്സ് | „ | 10.00 | .. | 10.00 | „ |
| | മരുന്ന് നിലവാര യൂണിറ്റും ഫാർമകോഗ്നോഡി യൂണിറ്റും | „ | 35.00 | .. | 35.00 | „ |
| | പബ്ലിക്കേഷൻ ഡിവിഷൻ | „ | 10.00 | .. | 10.00 | „ |
| | സ്പെഷ്യൽ ജെറിയാട്രിക് കെയർ സെന്റർ | „ | 110.00 | .. | 110.00 | „ |
| | ആയുർവ്വേദ സ്ത്രീരോഗ വിഭാഗവും കുട്ടികളിലെ വൈകല്യ നിയന്ത്രണവും | „ | 400.00 | .. | 400.00 | „ |
| | ആയുർവേദ കോളേജ്, തിരുവനന്തപുരം | „ | 240.00 | .. | 240.00 | „ |
| 117 | **ആയുർവേദകോളേജ്, തൃപ്പൂണിത്തുറ** | „ | 610.00 | .. | 610.00 | „ |
| 118 | **കണ്ണൂർ ആയുർവേദകോളേജ്** | „ | .. | .. | .. | „ |
| | വികസന ജോലികൾ | „ | 150.00 | .. | 150.00 | „ |
| | മെറ്റീരിയൽസ് ആന്റ് സപ്ലൈസ് | „ | 100.00 | .. | 100.00 | „ |
| | കൊളീജിയേറ്റ് ഫാർമസി സ്ഥാപനം | „ | 100.00 | .. | 100.00 | „ |
| | ആയുർവേദകോളേജ്, കണ്ണൂർ | „ | 300.00 | .. | 300.00 | „ |
| 119 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും | „ | 44.00 | .. | 44.00 | „ |

| | | | | | | |
|---|---|---|---|---|---|---|
| 120 | കോട്ടയ്ക്കൽ ആയുർവേദ സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റിക്കുള്ള ധനസഹായം | സംസ്ഥാന പദ്ധതി | 400.00 | .. | 400.00 | „ |
| 121 | ഒല്ലൂർ സ്വകാര്യ ആയുർവേദ കോളേജിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | „ | 75.00 | .. | 75.00 | „ |
| 122 | തുടർ വിദ്യാഭ്യാസം (ഡി.എ.എം.ഇ.) | „ | 13.00 | .. | 13.00 | „ |
| 123 | ട്രെഡീഷണൽ നോളഡ്ജ് ഇന്നവേഷൻ-കേരള | „ | 140.00 | .. | 140.00 | „ |
| | **ആകെ : ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം** | | **3364.00** | **..** | **3364.00** | „ |
| | **ഹോമിയോപ്പതി** | | | | | |
| 124 | ഹോമിയോവകുപ്പിന്റെ നിലവാരം മെച്ചപ്പെടുത്തൽ | „ | 603.00 | .. | 603.00 | „ |
| 125 | ഹെൽത്ത് മാനേജ്മെന്റ് ആന്റ് സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ സെന്റർ | „ | 590.00 | .. | 590.00 | „ |
| 126 | പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും | „ | 80.00 | .. | 80.00 | „ |
| 127 | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് | „ | 60.00 | .. | 60.00 | „ |
| 128 | ഹോമിയോപ്പതിക് സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം | „ | 350.00 | .. | 350.00 | „ |
| 129 | ദേശീയ ആയുഷ് മിഷൻ-ഹോമിയോ | സംസ്ഥാനം/കേന്ദ്രാവിഷ്കൃതം | 300.00 | 450.00 | 750.00 | „ |
| | **ആകെ : ഹോമിയോപ്പതി** | | **1983.00** | **450.00** | **2433.00** | |
| | **ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം** | | | | | |
| 130 | ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | „ | 895.00 | .. | 895.00 | „ |
| 131 | ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട് | „ | 95.00 | .. | 95.00 | „ |
| | **ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം : ആകെ** | | **990.00** | **..** | **990.00** | |
| | **ആകെ മൊത്തം-വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും** | | **101311.00** | **45058.00** | **146396.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **9.6** | **കുടിവെള്ളവും മാലിന്യ നിവാരണവും** | | | | | |
| 1 | പദ്ധതി തയ്യാറാക്കൽ | | 75.00 | 0.00 | 75.00 | |
| 2 | നിലവിലുള്ള സിവിൽ സ്ട്രക്ച്ചറുകളുടെ നവീകരണം | | 700.00 | | 700 00 | |
| 3 | നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജല വിതരണ പദ്ധതി | നബാർഡ് | 11000.00 | | 11000.00 | |
| 4 | രണ്ടാംഘട്ട കേരള ഗ്രാമീണ ജലവിതരണ ശുചീകരണ പദ്ധതി | ഇ. എ. പി. | 31442.00 | | 31442.00 | |
| 5 | കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന നടപ്പിലാക്കുന്ന മഴ വെള്ള സംഭരണശേഷി ഉയർത്തലും ഭൂഗർഭ ജല റീ ചാർജ്ജ് പരിപാടിയും | | 1000.00 | | 1000.00 | |
| 6 | കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ | | 100.00 | | 100.00 | |
| 7 | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി | കേന്ദ്രാവിഷ്കൃതം 50% | 10000.00 | 10000.00 | 20000.00 | |
| 8 | സ്ഥാപന ശക്തീകരണത്തിനുവേണ്ടിയുള്ള സംരംഭക വിഭവ ആസൂത്രണം (ഇ. ആർ. വി.) | | 1000.00 | | 1000.00 | |
| 9 | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം | | 1000.00 | | 1000.00 | |
| 10 | തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക- കുടിവെള്ള ശില്പശാലകളുടെ ഫലമായുള്ള പദ്ധതി | | 1100.00 | | 1100.00 | |
| 11 | മാനവ വിഭവശേഷി വികസനം, ഗവേഷണവും വികസനവും, ഗുണനിയന്ത്രണം | | 100.00 | | 100.00 | |
| 12 | വാട്ടർ അതോറിറ്റിയുടെ മാലിന്യ നിവാരണ പദ്ധതികൾ | | 750.00 | | 750.00 | |
| 13 | നഗര ജലവിതരണ പദ്ധതികൾ | | 6000.00 | | 6000.00 | |
| 14 | ഗ്രാമീണ ജലവിതരണ പദ്ധതികൾ | | 8735.00 | | 8735.00 | |
| 15 | പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജല വിതരണ പദ്ധതികൾ | | 225.00 | | 225.00 | |

| | | | | | | |
|---|---|---|---|---|---|---|
| 16 | ഇ-ഗവേർണൻസ്, ജി. ഐ. എസ്., ഇൻഫർമേഷൻ മാനേജ്മെന്റ് | | 229.00 | | 229.00 | |
| 17 | ഉൽപാദനവും വിതരണവും പരമാവധിയിലെത്തിക്കുക | | 10536.00 | | 10536.00 | |
| 18 | നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും | | 700.00 | | 700.00 | |
| 19 | കേരള ജലവിതരണ പദ്ധതി (ജി. ഐ. സി. എ.) നിർവ്വഹണം | | 15000.00 | | 15000.00 | |
| | | **ആകെ** | **99692.00** | **10000.00** | **109692.00** | |
| **9.7** | **ഭവന നിർമ്മാണം** | | | | | |
| 1 | പൊതുവിഭാഗ താമസസൗകര്യം സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം പി. ഡബ്ല്യു. ഡി. | സംസ്ഥാന പദ്ധതി | 750.00 | .. | 750.00 | AB |
| 2 | കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | സംസ്ഥാന പദ്ധതി | 1100.00 | .. | 1100.00 | AB |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ | സംസ്ഥാന പദ്ധതി | 410.00 | .. | 410.00 | AB |
| 4 | നിർമ്മിതി കേന്ദ്രം | സംസ്ഥാന പദ്ധതി | 265.00 | .. | 265.000 | AB |
| 5 | ലാറി ബേക്കർ നിർമ്മിതി പരിശീലന-ഗവേഷണ-സ്ഥാപനം | സംസ്ഥാന പദ്ധതി | 112.00 | .. | 11200 | AB |
| 6 | വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണം (50% കേന്ദ്രാവിഷ്കൃതം) | 50% കേന്ദ്രാവിഷ്കൃത പദ്ധതി | 600.00 | 600.00 | 1200.00 | AB |
| 7 | പരിശീലന പദ്ധതിയും ഓഫീസ് ഓട്ടോമേഷനും | സംസ്ഥാന പദ്ധതി | 70.00 | .. | 70.00 | AB |
| 8 | ഗൃഹശ്രീ—സബ്സ്ഡി ഭവന പദ്ധതി | സംസ്ഥാന പദ്ധതി | 3615.00 | .. | 3615.00 | AB |
| 9 | നൂതന സാങ്കേതിക വിദ്യാനിധി രൂപീകരണം | സംസ്ഥാന പദ്ധതി | 70.00 | .. | 70.00 | AB |
| 10 | ആശ്രയ നിധി രൂപീകരണം | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | AB |
| | | **ആകെ** | **7092.00** | **600.00** | **7692.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **9.8** I | **നഗരകാര്യ വകുപ്പ്** | | | | | |
| **1** | **കഴിവു വർദ്ധിപ്പിക്കലും സേവനം ലഭ്യമാക്കലും** | സംസ്ഥാന പദ്ധതി | **40.00** | .. | **40.00** | |
| (i) | നഗരകാര്യവകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണവും ഇ-ഗവേണൻസും | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി. |
| (ii) | നഗരകാര്യ വകുപ്പിലെ അടിസ്ഥാന സൗകര്യ വികസനം | സംസ്ഥാന പദ്ധതി | 5.00 | .. | 5.00 | എ.ബി. |
| (iii) | നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശീലനവും കഴിവ് വർദ്ധിപ്പിക്കലും പദ്ധതി വിലയിരുത്തലും | സംസ്ഥാന പദ്ധതി | 25.00 | .. | 25.00 | എ.ബി. |
| **2** | **നഗര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം** | സംസ്ഥാന പദ്ധതി | **2060.00** | .. | **2060.00** | |
| (i) | നഗരപ്രദേശങ്ങളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | ജി.ബി. |
| (ii) | നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങളുടെ നിർമ്മാണം | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| (iii) | നഗരപ്രദേശങ്ങളിൽ ഗ്യാസ് അധിഷ്ടിത ശ്മശാനം നിർമ്മിക്കൽ | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | ജി.ബി. |
| (iv) | യന്ത്രവൽകൃതമല്ലാത്ത നഗര ഗതാഗത സംവിധാനത്തിന് തുടക്കം കുറിക്കൽ | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി. |
| **3** | **അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി** | | **1500.00** | .. | **1500.00** | ജി.ബി. |
| | **മൊത്തം സംസ്ഥാന പദ്ധതി** | | **3600.00** | .. | **3600.00** | |
| (i) | നഗര ഗ്രാമാസൂത്രണ വകുപ്പ് | | | | | |
| **4** | **ഭൂമിശാസ്ത്രപരമായ വിവരശേഖരണവും (ജി. ഐ. എസ്സും.), സേവനം ലഭ്യമാക്കലും** | സംസ്ഥാന പദ്ധതി | 65.00 | .. | 65.00 | എ.ബി. |
| (i) | ഭൂമിശാസ്ത്രപരമായ വിവരശേഖരണ സംവിധാനവും വാനഭൂപട നിർമ്മാണവും | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി. |
| (ii) | നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർ വത്കരണവും | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| **5** | **ഗവേഷണം, വികസനം, പരിശീലനം, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ** | സംസ്ഥാന പദ്ധതി | **265.00** | .. | **265.00** | |
| (i) | മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുന്ന പരിപാടി | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| (ii) | മനുഷ്യാധിവാസ ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളെ സംബന്ധിച്ചുള്ള ഗവേഷണവും വികസനവും | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| (iii) | നഗരഗ്രാമസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും അപ്രന്റീസുകളുടെയും പരിശീലനം | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി. |
| 6 | ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി. |
| | | **മൊത്തം സംസ്ഥാന പദ്ധതി** | **340.00** | **..** | **340.00** | |
| III | **കുടുംബശ്രീ** | | | | | |
| 7 | ദേശീയ നഗര ഉപജീവനദൗത്യം (എൻ.യു.എൽ.എം.) | കേന്ദ്രവിഷ്കൃത പദ്ധതി | 1500.00 | 2200.00 | 3700.00 | എ.ബി. |
| 8 | പ്രധാനമന്ത്രി പാർപ്പിട പദ്ധതി | കേന്ദ്രവിഷ്കൃത പദ്ധതി | 10000.00 | 15000.00 | 25000.00 | എ.ബി. |
| 9 | സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി.) | കേന്ദ്രവിഷ്കൃത പദ്ധതി | 600.00 | 600.00 | 1200.00 | എ.ബി. |
| 10 | നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സേവനങ്ങൾ (ബി.എസ്.യു.പി.) | കേന്ദ്രവിഷ്കൃത പദ്ധതി | 200.00 | 200.00 | 400.00 | എ.ബി. |
| 11 | രാജീവ് ആവാസ് യോജന (ആർ.എ.വൈ.) | കേന്ദ്രാവിഷ്കൃത പദ്ധതി | 1200.00 | 1200.00 | 2400.00 | എ.ബി. |
| | | **മൊത്തം സംസ്ഥാന പദ്ധതി** | **13500.00** | **19200.00** | **32700.00** | |
| IV | **കെ. എസ്. യു. ഡി. പി.** | | | | | |
| 12 | തലസ്ഥാന മേഖലാവികസന പദ്ധതി | സംസ്ഥാന പദ്ധതി | 1.00 | .. | 1.00 | എ.ബി. |
| 13 | ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (പരിവർത്തന ഘട്ടം) യു.ഐ.ഡി.എസ്. എസ്. എം. ടി. | കേന്ദ്രാവിഷ്കൃത പദ്ധതി | 10000.00 | 10000.00 | 20000.00 | എ.ബി. |
| 14 | സ്മാർട്ട് സിറ്റി മിഷൻ (40% സംസ്ഥാന വിഹിതം) | കേന്ദ്രാവിഷ്കൃത പദ്ധതി | 6000.00 | 9000.00 | 15000.00 | എ.ബി. |
| 15 | അമൃത് (അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) | കേന്ദ്രാവിഷ്കൃത പദ്ധതി | 9000.00 | 13500.00 | 22500.00 | എ.ബി. |
| 16 | കേരള സുസ്ഥിര നഗര വികസന പദ്ധതി | വിദേശ സഹായത്തോടെയുള്ള പദ്ധതി | 14500.00 | .. | 14500.00 | എ.ബി. |
| | | **മൊത്തം സംസ്ഥാന പദ്ധതി** | **39501.00** | **32500.00** | **72001.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| V | **ശുചിത്വ മിഷൻ** | | | | | |
| 17 | നഗരപ്രദേശങ്ങളിലെ ചെലവ് കുറഞ്ഞ സംയോജിത ശുചിത്വ പരിപാടി-(മൂല്യവർദ്ധിത സംസ്ഥാന പദ്ധതി) | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| 18 | നഗരപ്രദേശങ്ങൾക്കുവേണ്ടിയുള്ള മാലിന്യ പരിപാലന പദ്ധതി | സംസ്ഥാന പദ്ധതി | 1809.00 | .. | 1809.00 | എ.ബി. |
| 19 | സ്വച്ഛ് ഭാരത മിഷൻ (നഗരം) (40% സംസ്ഥാന വിഹിതം) | കേന്ദ്രാവിഷ്കൃത പദ്ധതി | 5000.00 | 7500.00 | 12500.00 | എ.ബി. |
| | | **മൊത്തം സംസ്ഥാന പദ്ധതി** | **6859.00** | **7500.00** | **14359.00** | |
| VI | **മറ്റ് പരിപാടികൾ** | | | | | |
| 20 | സ്വച്ഛ് ഭവനം (പുതിയ പദ്ധതി) | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ.ബി. |
| 21 | വികസന അതോറിറ്റികൾ | | | | | |
| | തിരുവനന്തപുരം വികസന അതോറിറ്റികൾ | സംസ്ഥാന പദ്ധതി | 3000.00 | .. | 3000.00 | എ.ബി. |
| | കൊച്ചി വികസന അതോറിറ്റി | സംസ്ഥാന പദ്ധതി | 700.00 | .. | 700.00 | എ.ബി. |
| | കോഴിക്കോട് വികസന അതോറിറ്റി | സംസ്ഥാന പദ്ധതി | 800.00 | .. | 800.00 | എ.ബി. |
| | തൃശ്ശൂർ വികസന അതോറിറ്റി | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |
| | കൊല്ലം വികസന അതേറിറ്റി | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |
| | | **മൊത്തം സംസ്ഥാന വിഹിതം** | **5600.00** | **..** | **5600.00** | |
| | | | **69400.00** | **59200.00** | **128600.00** | |
| **9.9** | **വാർത്താവിതരണവും പ്രചരണവും** | | | | | |
| 1 | പ്രസ്സ് ഇൻഫർമേഷൻ സർവ്വീസസ് | | | | | |
| (i) | പ്രസ്സ് ഫെസിലിറ്റി | സംസ്ഥാന പദ്ധതി | 104.00 | .. | 104.00 | എ.ബി. |
| (ii) | മീഡിയാ അക്കാദമി | സംസ്ഥാന പദ്ധതി | 325.00 | .. | 325.00 | എ.ബി. |
| 2 | ദൃശ്യ പ്രചരണം | | | | | |
| (i) | ഫോട്ടോ പ്രചരണം | സംസ്ഥാന പദ്ധതി | 65.00 | .. | 65.00 | എ.ബി. |
| (ii) | വീഡിയോ പ്രചരണം | സംസ്ഥാന പദ്ധതി | 205.00 | .. | 205.00 | എ.ബി. |
| 3 | വാർത്താ വിതരണ കേന്ദ്രങ്ങൾ | സംസ്ഥാന പദ്ധതി | 90.00 | .. | 90.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഫിലീം | | | | | |
| | (1) വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം | സംസ്ഥാന പദ്ധതി | 225.00 | .. | 225.00 | എ.ബി |
| | (2) ടാഗോർ തീയേറ്ററിന്റെ നവീകരണം | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി |
| 5 | സർക്കാർ വെബ്പോർട്ടലും മെയിൽ സർവറിന്റെ മെയിന്റനൻസും | സംസ്ഥാന പദ്ധതി | 115.00 | .. | 115.00 | എ.ബി |
| 6 | സുതാര്യകേരളം | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി |
| 7 | സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി. ഡിറ്റ്) | സംസ്ഥാന പദ്ധതി | 425.00 | .. | 425.00 | എ.ബി |
| 8 | അന്തർ സംസ്ഥാന പൊതുസമ്പർക്ക പരിപാടി | സംസ്ഥാന പദ്ധതി | 55.00 | .. | 55.00 | എ.ബി |
| 9 | കലാ സാംസ്കാരിക കേന്ദ്രം, ന്യൂഡൽഹി | സംസ്ഥാന പദ്ധതി | 30.00 | .. | 30.00 | എ.ബി |
| 10 | പരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണം | സംസ്ഥാന പദ്ധതി | 55.00 | .. | 55.00 | എ.ബി |
| 11 | പ്രത്യേക പൊതുജന സമ്പർക്ക മേളകൾ | സംസ്ഥാന പദ്ധതി | 120.00 | .. | 120.00 | എ.ബി |
| 12 | പ്രദർശന വിഭാഗം ശക്തിപ്പെടുത്തൽ — സഞ്ചരിക്കുന്ന പ്രദർശന യൂണിറ്റുകൾ | സംസ്ഥാന പദ്ധതി | 95.00 | .. | 95.00 | എ.ബി |
| 13 | സംയോജിത വികസന വാർത്താ പ്രചരണി | സംസ്ഥാന പദ്ധതി | 143.00 | .. | 143.00 | എ.ബി |
| 14 | വീഡിയോവാൾ നെറ്റ്വർക്ക് | സംസ്ഥാന പദ്ധതി | 145.00 | .. | 145.00 | എ.ബി |
| 15 | ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ ആധുനികവൽക്കരണവും, മീഡിയാ സെന്ററും | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി |
| 16 | ന്യൂഡൽഹി കേരള പവലിയന്റെ നവീകരണം | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി |
| 17 | മീഡിയാ സിറ്റി | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി |
| 18 | വിവര വിദ്യാഭ്യാസ വിനിമയ വിഭാഗം | സംസ്ഥാന പദ്ധതി | 30.00 | .. | 30.00 | എ.ബി |
| 19 | ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ആഫീസിന് പുതിയ കെട്ടിടം | സംസ്ഥാന പദ്ധതി | 25.00 | .. | 25.00 | എ.ബി |
| 20 | വജ്രകേരളം | സംസ്ഥാന പദ്ധതി | 423.00 | .. | 423.00 | എ.ബി |
| | **ആകെ (9.9)** | | **3800.00** | **..** | **3800.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **9.10** | **തൊഴിലും തൊഴിലാളിക്ഷേമവും** | | | | | |
| 1 | ഐ. റ്റി. ഐ.-കളുടെ നവീകരണം | സംസ്ഥാന പദ്ധതി | 2000.00 | .. | 2000.00 | |
| 2 | ഐ. റ്റി. ഐ.-കളുടെ നവീകരണം | ,, | 3761.00 | .. | 3761.00 | |
| 3 | ഐ. റ്റി. ഐ.- ജീവനക്കാർക്കുള്ള പരിശീലന പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ | ,, | 130.00 | .. | 130.00 | |
| | ,, | ,, | 75.00 | .. | 75.00 | |
| 4 | ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും | ,, | 25.00 | .. | 25.00 | |
| 5 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടേയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർ വൽക്കരണം | ,, | 50.00 | .. | 50.00 | |
| 6 | പ്രവാസി മലയാളി ക്ഷേമ വകുപ്പ് | ,, | .. | .. | .. | |
| | പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യത്തിൽ തിരിച്ചുകൊണ്ടുവരാനുള്ള നിധി | ,, | 150.00 | .. | 150.00 | |
| | പ്രവാസി മലയാള ക്ഷേമ ഏജൻസിയുടെ സെല്ലിനുള്ള ചെലവ് | ,, | 10.00 | .. | 10.00 | |
| | പ്രവാസി മലയാളി ക്ഷേമ വകുപ്പ് | ,, | 100.00 | .. | 100.00 | |
| | സാന്ത്വന പദ്ധതി | ,, | 500.00 | .. | 500.00 | |
| 7 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് | ,, | 280.00 | .. | 280.00 | |
| 8 | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് | ,, | 500.0 | .. | 500.00 | |
| 9 | അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ദുരിതാശ്വാസം | ,, | 15.00 | .. | 15.00 | |
| 10 | അഗ്നിശമന വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 4000.00 | .. | 4000.00 | |
| 11 | ഐ. റ്റി. ഐ.-കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (25% സംസ്ഥാന വിഹിതം) | സംസ്ഥാനം (25%) കേന്ദ്രാവിഷ്കൃതം (75%) | 25.00 | 75.00 | 100.00 | |

| | | | | | |
|---|---|---|---|---|---|
| 12 | എസ്റ്റേറ്റ് തൊഴിലാളികൾക്കുള്ള ആശ്വാസ നിധി | സംസ്ഥാനം (25%)<br>കേന്ദ്രാവിഷ്കൃതം (75%) | 10.00 | .. | 10.00 |
| 13 | വിവിധോദ്ദേശ്യ ജോബ് ക്ലബ്ബുകൾ | „ | 100.00 | .. | 100.00 |
| 14 | നിയമാനുസൃതമല്ലാത്ത റിക്രൂട്ടമെന്റുകൾക്കും വിസപരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി | സംസ്ഥാന പദ്ധതി | 40.00 | .. | 40.00 |
| 15 | പ്രവാസി ക്ഷേമനിധി | „ | 1.00 | .. | 1.00 |
| 16 | രാഷ്ട്രീയ സ്വാസ്ത്യബീമയോജന<br>(40% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി<br>കേന്ദ്രാവിഷ്കൃതം | 5000.00 | 7500.00 | 12500.00 |
| 17 | സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്) | സംസ്ഥാന പദ്ധതി | 17500.00 | .. | 17500.00 |
| 18 | ആംആദ്മി ബീമായോജന<br>(50% സംസ്ഥാന വിഹിതം) | ,, | 500.00 | .. | 500.00 |
| 19 | പ്രവാസി മലയാളികളുടെ നൈപുണ്യ മെച്ചപ്പെടുത്തലും പുനർ സംയോജന പരിശീലനവും | ,, | 200.00 | .. | 200.00 |
| 20 | സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ശാക്തീകരണം | ,, | 50.00 | .. | 50.00 |
| 21 | രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി | ,, | 1600.00 | .. | 1600.00 |
| 22 | പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം | ,, | 6500.00 | .. | 6500.00 |
| 23 | അവശരായ മരംകയറ്റൽ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി | ,, | 160.00 | .. | 160.00 |
| 24 | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം | ,, | 100.00 | .. | 100.00 |
| 25 | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്കുള്ളള ബോധവൽക്കരണം | ,, | 50.00 | .. | 50.00 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 26 | പ്രവാസി നിയമസഹായ സെൽ | ,, | 1.00 | .. | 1.00 | |
| 27 | വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി | ,, | 3054.00 | .. | 3054.00 | |
| 28 | അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി | ,, | 100.00 | .. | 100.00 | |
| 29 | അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി | ,, | 5.00 | .. | 5.00 | |
| 30 | നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കായുള്ള ചെലവുകുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും | ,, | 500.00 | .. | 500.00 | |
| 31 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്മെന്റ് ഡവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റുക | ,, | 650.00 | .. | 650.00 | |
| 32 | ഐ. റ്റി.-യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ | ,, | 100.00 | .. | 100.00 | |
| 33 | 24 മണിക്കൂർ ഹെൽപ്ലൈൻ കോൾ സെന്ററുകൾ | ,, | 50.00 | .. | 50.00 | |
| 34 | ജോബ് പോർട്ടൽ | ,, | 50.00 | .. | 50.00 | |
| 35 | നോർക്ക റൂട്ട്സ് ഓഫീസുകളുടെ ശാക്തീകരണം, സാറ്റ്ലൈറ്റ് ഓഫീസുകളും, ജില്ലാ സെല്ലുകളും | ,, | 50.00 | .. | 50.00 | |
| 36 | മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം | ,, | 1200.00 | .. | 1200.00 | |
| 37 | ഒഡേപെക്ക് | | 50.00 | .. | 50.00 | |
| 38 | പ്രവാസികൾക്കായുള്ള ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ | ,, | 300.00 | .. | 300.00 | |
| 39 | സ്വപ്നസാഫല്യം പദ്ധതി | ,, | 25.00 | .. | 25.00 | |
| 40 | ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ ഐ. ടി. ഐ. സ്ഥാപിക്കൽ | ,, | 50.00 | .. | 50.00 | |

| | | | | | |
|---|---|---|---|---|---|
| 41 | വനിതാ ഐ. ടി. ഐ.-കൾ മെച്ചപ്പെടുത്തൽ | ,, | 50.00 | .. | 50.00 |
| 42 | ഐ. ടി. ഐ. ട്രെയിനികൾക്കായുള്ള പോഷകാഹാരപരിപാടി | ,, | 300.00 | .. | 300.00 |
| 43 | തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ പേയ്മെന്റ് വഴി ആക്കൽ | ,, | 100.00 | .. | 100.00 |
| 44 | ഐ. എസ്. എം. തൊഴിലാളികൾക്കായുള്ള ബോധവൽക്കരണ പരിപാടി | ,, | 50.00 | .. | 50.00 |
| 45 | പരസ്യം/പബ്ലിസിറ്റി | ,, | 100.00 | .. | 100.00 |
| 46 | സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കൽ | ,, | 50.00 | .. | 50.00 |
| 47 | പ്രമുഖരായ വിദേശമലയാളികളുടെ ഡേറ്റാ ബേയ്സ് തയ്യാറാക്കൽ | ,, | 23.00 | .. | 23.00 |
| 48 | തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹപ്രവർത്തകർക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ | ,, | 50.00 | .. | 50.00 |
| 49 | ട്രേഡ് ടെസ്റ്റ് വിംഗിനെ ശക്തിപ്പെടുത്തൽ | ,, | 30.00 | .. | 30.00 |
| **പുതിയ പദ്ധതികൾ** | | | | | |
| 51 | മൂന്നാറിൽ തൊഴിലാളി കോംപ്ലക്സിന്റെ നിർമ്മാണം | ,, | 223.00 | .. | 223.00 |
| 52 | പ്ലേസ്മെന്റുമായി ബന്ധപ്പെട്ട തൊഴിലവസര പരിപാടികൾ (പി. എൽ. ഇ. പി.) | ,, | 300.00 | .. | 300.00 |
| 53 | മോഡൽ കരിയർ സെന്റർ | ,, | 50.00 | .. | 50.00 |
| | പൊതുസ്വകാര്യ പങ്കാളിത്തത്തോടെ 1396 ഐ.റ്റി.ഐ.-കളുടെ നിലവാരമുയർത്തൽ— സംസ്ഥാനം നടപ്പിലാക്കുന്നത് (100%CSS) | കേന്ദ്രാവിഷ്കൃതം | 6.00 | .. | 6.00 |
| | നൈപുണ്യ വികസന മുന്നേറ്റ പദ്ധതികൾ (100% CSS) | കേന്ദ്രാവിഷ്കൃതം | 2000.00 | .. | 2000.00 |
| | **ആകെ (9.10)** | | **50943.00** | **9581.00** | **60524.00** |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **9.11** | **പട്ടികജാതി, പട്ടികവർഗ്ഗം മറ്റു പിന്നോക്ക വിഭാഗം, ന്യൂനപക്ഷങ്ങൾ, മുന്നോക്ക സമുദായം എന്നിവരുടെ ക്ഷേമം** | | | | | |
| **(എ)** | **പട്ടികജാതി വികസനം** | | | | | |
| 1 | ഭൂമി, ഭവനം തുടങ്ങിയ വികസന പരിപാടികൾ | സംസ്ഥാന പദ്ധതി | | | | എ.ബി. |
| (എ) | ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി | സംസ്ഥാന പദ്ധതി | 17497.00 | .. | 17497.00 | എ.ബി. |
| (ബി) | ഭവനരഹിതർക്ക് ഭവനം, ഭാഗികമായ ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം | സംസ്ഥാന പദ്ധതി | 26500.00 | .. | 26500.00 | |
| (സി) | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ | സംസ്ഥാന പദ്ധതി | 1700.00 | .. | 1700.00 | |
| 2 | പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട് | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |
| 3 | മരാമത്തും കെട്ടിടവും | സംസ്ഥാന പദ്ധതി | 1500.00 | .. | 1500.00 | എ.ബി. |
| 4 | പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും | സംസ്ഥാന പദ്ധതി | 800.00 | .. | 800.00 | ജി.ബി. |
| 5 | പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി) | സംസ്ഥാന പദ്ധതി | 24523.00 | .. | 24523.00 | എ.ബി. |
| 6 | പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| 7 | പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം | സംസ്ഥാന പദ്ധതി | 5000.00 | .. | 5000.00 | എ.ബി. |
| 8 | വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് | സംസ്ഥാന പദ്ധതി | 1500.00 | .. | 1500.00 | ജി.ബി. |
| 9 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം | സംസ്ഥാന പദ്ധതി | 38000.00 | .. | 38000.00 | എ.ബി. |
| 10 | തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം | സംസ്ഥാന പദ്ധതി | 4000.00 | .. | 4000.00 | ജി.ബി. |
| 11 | പട്ടികജാതിക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (50% സംസ്ഥാന വിഹിതം) | | | | | എ.ബി. |
| (എ) | കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി. പി (51% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി (40 % കേന്ദ്രവിഹിതം) | 2500.00 | 2402.00 | 4902.00 | |

| | | | | | | |
|---|---|---|---|---|---|---|
| (ബി) | ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50%) | സംസ്ഥാന പദ്ധതി (50 % കേന്ദ്ര വിഹിതം) | 400.00 | 400.00 | 800.00 | |
| (സി) | പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി (50 % കേന്ദ്ര വിഹിതം) | 700.00 | 700.00 | 1400.00 | |
| 12 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ—എസ്. സി. പി. | | | | | എ.ബി. |
| (എ) | പ്രീപ്രൈമറി വിദ്യാഭ്യാസം | സംസ്ഥാന പദ്ധതി | 90.00 | .. | 90.00 | |
| (ബി) | ബോർഡിംഗ് ഗ്രാന്റ് | സംസ്ഥാന പദ്ധതി | 70.00 | .. | 70.00 | |
| (സി) | പ്രീമെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ സമ്പ്രദായം | സംസ്ഥാന പദ്ധതി | 250.00 | .. | 250.00 | |
| **ഗ്രാമ വികസന പരിപാടികൾ** | | | | | | |
| 13 | എല്ലാവർക്കും വീട്—ഇന്ദിര ആവാസ് യോജന (പ്രത്യേക ഘടക പദ്ധതി) (40% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി (60% കേന്ദ്ര വിഹിതം) | 5120.00 | 7680.00 | 12800.00 | എ,.ബി. |
| 14 | എൻ. ആർ. എൽ. എം.(ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി (60% കേന്ദ്ര വിഹിതം) | 700.00 | 1050.00 | 1750.00 | എ.ബി. |
| | **100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| **1.** | **പട്ടികജാതിക്കാരുടെ വികസനത്തിനുള്ള ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ (100% കേന്ദ്ര വിഹിതം)** | | | | | |
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ | 100% കേന്ദ്ര വിഹിതം | .. | 26000.00 | 26000.00 | |
| (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ | 100% കേന്ദ്ര വിഹിതം | .. | 20.00 | 20.00 | |
| (സി) | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബുജഗ ജീവൻ റാം ഛത്രവാസ് യോജന | 100% കേന്ദ്ര വിഹിതം | .. | 400.00 | 400.00 | |
| (ഡി) | ശുചിത്വഹീന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ | 100% കേന്ദ്ര വിഹിതം | .. | 40.00 | 40.400 | |
| (ഇ) | ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് | 100% കേന്ദ്ര വിഹിതം | .. | 2000.00 | 2000.00 | |



4/24/2016/S-28.

| (1) | (2) | (3) | (4) | (5) | (6) | (7) |
| --- | --- | --- | --- | --- | --- | --- |
| | **പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (2400.00 ലക്ഷം രൂപ)** | | | | | |
| | **ആകെ** | | **131550.00** | **40692.00** | **172242.00** | |
| **ബി. പട്ടികവർഗ്ഗ വികസനം** | | | | | | |
| 1 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | സംസ്ഥാന പദ്ധതി | 1350.00 | .. | 1350.00 | ജി.ബി. |
| 2 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും | സംസ്ഥാന പദ്ധതി | 410.00 | .. | 410.00 | ജി.ബി. |
| 3 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | സംസ്ഥാന പദ്ധതി | 5057.69 | .. | 5057.69 | എ.ബി. |
| 4 | അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി. |
| 5 | ഭക്ഷണത്തിനുള്ള സഹായ പരിപാടി | സംസ്ഥാന പദ്ധതി | 2500.00 | .. | 2500.00 | ജി.ബി. |
| 6 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | സംസ്ഥാന പദ്ധതി | 220.00 | .. | 220.00 | ജി.ബി. |
| 7 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | സംസ്ഥാന പദ്ധതി | 1500.00 | .. | 1500.00 | ജി.ബി. |
| 8 | ഭവനനിർമ്മാണം | സംസ്ഥാന പദ്ധതി | 5000.00 | .. | 5000.00 | ജി.ബി. |
| 9 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| 10 | പൂൾഡ് ഫണ്ട്—പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റു വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 11 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ. ഇ. സി.) | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | ജി.ബി. |
| 12 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി. ആർ. ഡി. എം.) | സംസ്ഥാന പദ്ധതി | 4200.00 | .. | 4200.00 | എ.ബി. |
| 13 | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | എ.ബി. |
| 14 | പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം | സംസ്ഥാന പദ്ധതി | 250.00 | .. | 250.00 | എ.ബി. |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം | സംസ്ഥാന പദ്ധതി | 1600.00 | .. | 1600.00 | ജി.ബി. |
| 16 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | ജി.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 17 | പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| 18 | പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |
| 19 | ആദികലാഗ്രാമം | സംസ്ഥാന പദ്ധതി | 35.00 | .. | 35.00 | ജി.ബി. |
| 20 | ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലറ്റ് പദ്ധതി) | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | ജി.ബി. |
| 21 | എ. റ്റി. എസ്. പി. ഫണ്ട്/പ്രത്യേക പാക്കേജ് | സംസ്ഥാന പദ്ധതി | 15000.00 | .. | 15000.00 | എ.ബി. |
| 22 | **പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ** | സംസ്ഥാന പദ്ധതി | | | | ജി.ബി. |
| (എ) | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനായുള്ള ചെലവുകൾ | സംസ്ഥാന പദ്ധതി | 5000.00 | .. | 5000.00 | |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | സംസ്ഥാന പദ്ധതി | 125.00 | .. | 125.00 | |
| (ഡി) | പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | |
| (ഇ) | ഗുരുകുലം (കലിംഗാ മാതൃക) പദ്ധതി | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | |
| 23 | **പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ (50% സംസ്ഥാന വിഹിതം)** | സംസ്ഥാന പദ്ധതി (50% സംസ്ഥാന വിഹിതം) | | | | എ.ബി. |
| (എ) | പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടേയും ആശ്രമം സ്കൂളുകളുടേയും നിർമ്മാണം | 50% കേന്ദ്രാവിഷ്കൃതം | 1500.00 | 1500.00 | 3000.00 | |
| (ബി) | ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം | 50% കേന്ദ്രാവിഷ്കൃതം | 410.00 | 410.00 | 820.00 | |
| (സി) | അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ | 50% കേന്ദ്രാവിഷ്കൃതം | 30.00 | 30.00 | 60.00 | |
| (ഡി) | കേരളാ സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം | 50% കേന്ദ്രാവിഷ്കൃതം | 100.00 | 100.00 | 200.00 | |
| (ഇ) | കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം—റ്റി.സി.പി. | 49% കേന്ദ്രാവിഷ്കൃതം | 22.95 | 22.05 | 45.00 | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **ഗ്രാമ വികസന പരിപാടികൾ** | | | | | |
| 24 | എല്ലാവർക്കും വീട് (ഗ്രാമീൺ) (ഐ. എ. വൈ.) റ്റി. എസ്. പി. (സംസ്ഥാന വിഹിതം 40 ശതമാനം) | 60% കേന്ദ്രാവിഷ്കൃതം | 2614.36 | 3921.54 | 6535.90 | എ.ബി. |
| 25 | (എൻ. ആർ. എൽ. എം.) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ —റ്റി. എസ്. പി. (സംസ്ഥാന വിഹിതം 40 ശതമാനം) | 60% കേന്ദ്രാവിഷ്കൃതം | 255.00 | 382.00 | 637.00 | എ.ബി. |
| | **നൂറുശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| **26** | **പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ** | 100% കേന്ദ്രാവിഷ്കൃതം | | | | എ.ബി. |
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ | 100% കേന്ദ്രാവിഷ്കൃതം | .. | 0.01 | 0.01 | |
| (ബി) | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം | 100% കേന്ദ്രാവിഷ്കൃതം | .. | 350.00 | 350.00 | |
| (സി) | 10–ാം ക്ലാസ്സിലും 9–ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ | 100% കേന്ദ്രാവിഷ്കൃതം | .. | 500.00 | 500.00 | |
| (ഡി) | പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 100% കേന്ദ്രാവിഷ്കൃതം | .. | 300.37 | 300.37 | |
| (ഇ) | ആർട്ടിക്കൾ 275(1) പ്രകാരം പട്ടിക വർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ) | 100% കേന്ദ്രാവിഷ്കൃതം | .. | 100.00 | 100.00 | |
| (എഫ്) | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം 100 ശതമാനം കേന്ദ്ര സഹായം ആർട്ടിക്കിൾ 275 (1) പ്രകാരം | 100% കേന്ദ്രാവിഷ്കൃതം | .. | 370.00 | 370.00 | |
| (ജി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ | 100% കേന്ദ്രാവിഷ്കൃതം | .. | 2500.00 | 2500.00 | |
| (എച്ച്) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം | 100% കേന്ദ്രാവിഷ്കൃതം | .. | 80.00 | 80.00 | |
| (ഐ) | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 100% കേന്ദ്രാവിഷ്കൃതം | .. | 0.01 | 0.01 | |

| | | | | | | |
|---|---|---|---|---|---|---|
| (ജെ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 100% കേന്ദ്രാവിഷ്കൃതം | .. | 0.01 | 0.01 | .. |
| (കെ) | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി. പദ്ധതി) | 100% കേന്ദ്രാവിഷ്കൃതം | .. | 0.01 | 0.01 | .. |
| (എൽ) | വനബന്ധു കല്യാൺ യോജന (പുതിയ പദ്ധതി) | 100% കേന്ദ്രാവിഷ്കൃതം | .. | 1000.00 | 1000.00 | .. |
| 27 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ. ടു ടി.എസ്.പി.) (1200.00 ലക്ഷം രൂപ) | സംസ്ഥാന പദ്ധതിക്ക് പുറമേ | | | | |
| | | **ആകെ** | | **526800** | **11566.00** | **64246.00** |
| **സി.** | **മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം** | | | | | |
| 1 | കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ | സംസ്ഥാന പദ്ധതി | 1300.00 | .. | 1300.00 | എ.ബി. |
| 2 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | എ.ബി. |
| 3 | വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ | | | | | എ.ബി. |
| (എ) | പ്രീമെട്രിക് സഹായം (ഒ.ഇ.സി.) | സംസ്ഥാന പദ്ധതി | 300.00, | .. | 300.00 | .. |
| (ബി) | പോസ്റ്റ്മെട്രിക് സഹായം (ഒ.ഇ.സി.) | സംസ്ഥാന പദ്ധതി | 2000.00 | .. | 2000.00 | .. |
| 4 | പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം | | | | | എ.ബി. |
| (എ) | മൺപാത്രനിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം | സംസ്ഥാന പദ്ധതി | 170.00 | .. | 170.00 | .. |
| (ബി) | ബാർബർ ഷോപ്പുകളുടെ നവീകരണത്തിനുവേണ്ടിയുള്ള സഹായം | സംസ്ഥാന പദ്ധതി | 255.00 | .. | 255.00 | .. |
| (സി) | മറ്റു പിന്നോക്ക സമുദായത്തിലെ പരമ്പരാഗത കരകൗശല വിദഗ്ധർക്ക് നൈപുണ്യവികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും (പുതിയ പദ്ധതി) | സംസ്ഥാന പദ്ധതി | 250.00 | .. | 250.00 | .. |
| 5 | മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| 6 | തൊഴിലധിഷ്ടിത പദ്ധതികൾ : | .. | .. | .. | .. | എ.ബി. |
| (എ) | തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം | സംസ്ഥാന പദ്ധതി | 550.00 | .. | 550.00 | .. |
| (ബി) | പൊതുമേഖലാ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ മേഖലയിലെ തൊഴിലുകൾ | സംസ്ഥാന പദ്ധതി | 40.00 | .. | 40.00 | .. |
| 7 | ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും | സംസ്ഥാന പദ്ധതി | 135.00 | .. | 135.00 | എ.ബി. |



4/24/2016/S-28.

| (1) | (2) | (3) | (4) | (5) | (6) | (7) |
| --- | --- | --- | --- | --- | --- | --- |
| 8 | മറ്റു പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ | | .. | .. | .. | എ.ബി. |
| (എ) | പ്രീമെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50%) ഒ. ബി. സി. | സംസ്ഥാന പദ്ധതി ആന്റ് 50% കേന്ദ്രാവിഷ്കൃതം | 3200.00 | 3200.00 | 6400.00 | .. |
| (ബി) | പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി ആന്റ് 50% കേന്ദ്രാവിഷ്കൃതം | 400.00 | 400.00 | 800.00 | .. |
| | **100% കേന്ദ്രാവിഷ്കൃത പദ്ധതി** | | | | | |
| 9 | മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റുമെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) | 100% കേന്ദ്രാവിഷ്കൃതം | .. | 5000.00 | 5000.00 | എ.ബി. |
| | **ആകെ** | | **9400.00** | **8600.00** | **18000.00** | **..** |
| **ഡി.** | **ന്യൂനപക്ഷങ്ങളുടെ ക്ഷേമം** | | | | | |
| 1 | ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലുള്ള ബഹുമേഖലാവികസന പരിപാടികൾ (25 ശതമാനം സംസ്ഥാന വിഹിതം) | സംസ്ഥാന പദ്ധതി ആന്റ് 75% കേന്ദ്രാവിഷ്കൃതം | 500.00 | 1500.00 | 2000.00 | എ.ബി. |
| 2 | സ്കോളർഷിപ്പ് പദ്ധതികൾ : | | | | | എ.ബി. |
| (എ) | സി. എ./സി. എസ്./ഐ. സി. ഡബ്ല്യു. എ. തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നവർക്കുള്ള സ്കോളർഷിപ്പുകൾ | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| (ബി) | കഴിവുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പുതിയ പദ്ധതി) | സംസ്ഥാന പദ്ധതി | 150.00 | .. | 150.00 | |
| 3 | വൈദഗ്ദ്ധ്യ വികസനം : | | | | | എ.ബി. |
| (എ) | മത/ഭാഷാ ന്യൂനപക്ഷത്തിലെ വിദ്യാർത്ഥികൾക്കായുള്ള കരിയർ മാർഗ്ഗ നിർദ്ദേശവും വ്യക്തിത്വ വികസന പരിപാടിയും | | 100.00 | .. | 100.00 | |
| (ബി) | നൈപുണ്യ പരിശീലനം വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള ഫീസ് തിരിച്ചു നൽകൽ | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | |
| 4 | അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ | സംസ്ഥാന പദ്ധതി | | | | എ.ബി. |
| (എ) | വിവാഹ ബന്ധം വേർപെടുത്തിയ/വിധവകളായ/ ഭർത്താവ് ഉപേക്ഷിച്ച ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി | സംസ്ഥാന പദ്ധതി | 3100.00 | .. | 3100.00 | |

| | | | | | | |
|---|---|---|---|---|---|---|
| (ബി) | ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ കുടിവെള്ള വിതരണം പദ്ധതി | സംസ്ഥാന പദ്ധതി | 450.00 | .. | 450.00 | |
| 5 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഹരി മൂലധനം | സംസ്ഥാന പദ്ധതി | 1500.00 | .. | 1500.00 | എ.ബി. |
| 6 | ഉസ്താദ് (USTAAD) (പാരമ്പര്യ കലകൾ പരിപോഷിപ്പിക്കുന്നതിനും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനവും നൈപുണ്യവികസനവും) (പുതിയ പദ്ധതി) | 100% കേന്ദ്രാവിഷ്കൃതം | .. | 500.00 | 500.00 | എ.ബി. |
| | | **ആകെ** | **6300.00** | **2000.00** | **8300.00** | **..** |
| ഇ. | **മുന്നാക്ക ക്ഷേമം** | | | | | |
| | കേരള സംസ്ഥാന മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻ ക്ലിപ്തം | സംസ്ഥാന പദ്ധതി | 3500.00 | 0.00 | 3500.00 | |
| | **ആകെ** | | **3500.00** | **0.00** | **3500.00** | |
| | **ആകെ മൊത്തം (എസ്. സി., എസ്. ടി., ഒ.ബി.സി. ന്യൂനപക്ഷം, മുന്നാക്ക വിഭാഗം)** | | **203430.00** | **62858.00** | **266288.00** | |
| | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | | | | | |
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം | സംസ്ഥാന പദ്ധതി | 500000.00 | .. | 500000.00 | എ.ബി. |
| 2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി ധനസഹായം (പുതിയ പദ്ധതി) | സംസ്ഥാന പദ്ധതി | 50000.00 | .. | 50000.00 | എ.ബി. |
| **9.12** | **സാമൂഹ്യസുരക്ഷയും ക്ഷേമവും** | | | | | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | സംസ്ഥാന പദ്ധതി | 415.00 | .. | 415.00 | എ.ബി. |
| 2 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 3 | വൈകല്യമുള്ളവർക്കുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ് | സംസ്ഥാന പദ്ധതി | 110.00 | .. | 110.00 | എ.ബി. |
| 4 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | സംസ്ഥാന പദ്ധതി | 765.00 | .. | 765.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 5 | ഷോർട്ട് സ്റ്റേ ഹോമുകളുൾപ്പെടെയുള്ള വനിതാ വികസന പരിപാടികൾ | സംസ്ഥാന പദ്ധതി | 1200.00 | .. | 1200.00 | എ.ബി. |
| 6 | കേരള വനിതാ കമ്മീഷൻ | സംസ്ഥാന പദ്ധതി | 185.00 | .. | 185.00 | ജി.ബി. |
| 7 | നിലവിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | എ.ബി. |
| 8 | പാർശ്വവത്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ | സംസ്ഥാന പദ്ധതി | 1725.00 | .. | 1725.00 | എ.ബി. |
| 9 | ജയിൽ വിമുക്തരായ കുറ്റവാളികൾ, പീഡിതർ എന്നിവരുടെ പുനരധിവാസവും തുടർസേവനവും | സംസ്ഥാന പദ്ധതി | 180.00 | .. | 180.00 | ജി.ബി. |
| 10 | ജയിലുകളുടെ നവീകരണം | സംസ്ഥാന പദ്ധതി | 1200.00 | .. | 1200.00 | എ.ബി. |
| 11 | ഭരണ സംവിധാനം ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 550.00 | .. | 550.00 | എ.ബി. |
| 12 | വകുപ്പ് ഉദ്യോഗസ്ഥരുടെ കഴിവ് മെച്ചപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 140.00 | .. | 140.00 | എ.ബി. |
| 13 | സാമൂഹിക നീതി വകുപ്പിന്റെ ആധുനികവത്കരണം | സംസ്ഥാന പദ്ധതി | 900.00 | .. | 900.00 | എ.ബി. |
| 14 | അംഗനവാടികളെ വനിതകൾക്കും, കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി. |
| 15 | വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്കുള്ള പരിശീലനം | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി. |
| 16 | ജയിൽപുള്ളികളുടെ ക്ഷേമം | സംസ്ഥാന പദ്ധതി | 525.00 | .. | 525.00 | എ.ബി. |
| 17 | **ജെൻഡർ അവബോധന പരിപാടികൾ** | | | | | |
| | (1) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ജെൻഡർ അവബോധന പരിപാടികൾ | സംസ്ഥാന പദ്ധതി | 60.00 | .. | 60.00 | എ.ബി. |
| | (2) കേരള വനിതാ കമ്മീഷൻ നടപ്പാക്കുന്ന ജെൻഡർ അവബോധന പരിപാടികൾ | സംസ്ഥാന പദ്ധതി | 125.00 | .. | 125.00 | ജി.ബി. |
| 18 | വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ | സംസ്ഥാന പദ്ധതി | 125.00 | .. | 125.00 | എ.ബി. |
| 19 | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കു വേണ്ടിയുള്ള സൈക്കോസോഷ്യൽ സർവ്വീസസ് | സംസ്ഥാന പദ്ധതി | 1250.00 | .. | 1250.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 20 | സംയോജിത ശിശു സംരക്ഷണ പദ്ധതി (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 1600.00 | 2400.00 | 4000.00 | എ.ബി. |
| 21 | ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടെയുള്ള പ്രചരണവും ഡോക്യുമെന്റേഷനും | സംസ്ഥാന പദ്ധതി | 85.00 | .. | 85.00 | എ.ബി. |
| 22 | ഐ. സി. ഡി. എസ്. പരിശീലനപരിപാടി (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 420.00 | 630.99 | 1050.00 | എ.ബി. |
| 23 | ജെൻഡർ പാർക്ക് | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 24 | കുട്ടികൾക്കായുള്ള ക്യാൻസർ സുരക്ഷാപദ്ധതി (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 151.00 | .. | 151.00 | ജി.ബി. |
| 25 | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതി നാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം) (സംസ്ഥാനാവിഷ്കൃത പദ്ധതി) (കെ. എസ്സ്. എസ്സ്. എം.) (60% എസ്. എസ്.) | സംസ്ഥാന പദ്ധതി | 3200.00 | .. | 3200.00 | എ.ബി. |
| 26 | സ്നേഹസ്പർശം (കെ. എസ്സ്. എസ്സ്. എം.) | | 250.00 | .. | 250.00 | ജി.ബി. |
| 27 | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സംയോജിത പാക്കേജ് (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 28 | താലോലം (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 151.00 | .. | 151.00 | ജി.ബി. |
| 29 | ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പരിചരണ പദ്ധതി (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| 30 | വയോമിത്രം (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 900.00 | .. | 900.00 | എ.ബി. |
| 31 | വിശപ്പ് വിമുക്ത നഗരം (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 254.00 | .. | 254.00 | എ.ബി. |
| 32 | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 33 | സ്നേഹപൂർവ്വം (സംസ്ഥാനാവിഷ്കൃത പദ്ധതി) (60% എസ്. എസ്.) (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 1800.00 | .. | 1800.00 | എ.ബി. |
| 34 | അഗതികൾക്കുള്ള അഭയകേന്ദ്രം (എന്റെകൂടെ) | സംസ്ഥാന പദ്ധതി | 88.00 | .. | 88.00 | എ.ബി. |
| 35 | അംഗപരിമിതർക്കുള്ള തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം, വയനാട് | സംസ്ഥാന പദ്ധതി | 20.00 | .. | 20.00 | എ.ബി. |
| 36 | നിർഭയാ പദ്ധതി | സംസ്ഥാന പദ്ധതി | 400.00 | .. | 400.00 | എ.ബി. |
| 37 | സെറിബ്രൽ പൾസി, ഓട്ടിസം, മാനസിക പ്രതിബന്ധമുള്ളവർ ഉൾപ്പെടെയുള്ള വൈകല്യമുള്ള മുതിർന്നവർക്ക് സഹായവും പുനരധിവാസവും ഉറപ്പാക്കുന്ന മോഡൽ പദ്ധതി | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 38 | ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ, കേരള (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 181.05 | .. | 181.05 | എ.ബി. |
| 39 | വീ കെയർ (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ.ബി. |
| 40 | സംസ്ഥാനം ഒട്ടുക്കുള്ള വികലാംഗ സർവ്വേ (കെ. എസ്സ്. എസ്സ്. എം.) | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| 41 | ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സർക്കാർ എൻ. ജി. ഒ. കൂട്ടുകെട്ട് | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 42 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | സംസ്ഥാന പദ്ധതി | 80.00 | .. | 80.00 | എ.ബി. |
| 43 | അംഗൻവാടികളിൽ പ്രീ-സ്കൂൾ, പ്രീ പ്രൈമറി വിദ്യാഭ്യാസ ഏകീകരണ സെന്ററുകൾ | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |
| 44 | സംസ്ഥാന സർക്കാർ പ്രത്യേക താൽപ്പര്യം എടുത്ത് നടപ്പാക്കുന്ന വൈകല്യമുള്ളവർക്കുള്ള പദ്ധതി | സംസ്ഥാന പദ്ധതി | 3700.00 | .. | 3700.00 | എ.ബി. |
| 45 | വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകൽ | സംസ്ഥാന പദ്ധതി | 400.00 | .. | 400.00 | എ.ബി. |
| 46 | അട്ടപ്പാടിയിലെ നവജാതശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി | സംസ്ഥാന പദ്ധതി | 25.00 | .. | 25.00 | എ.ബി. |
| 47 | ജി. ഐ. എസ്സ്. അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്കിലെ അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ.ബി. |
| 48 | ദേശീയ സാമൂഹ്യ സഹായ പദ്ധതി (100% കേന്ദ്രാവിഷ്കൃത പദ്ധതി) | കേന്ദ്രാവിഷ്കൃത പദ്ധതി | .. | 10250.00 | 10250.00 | എ.ബി. |
| | **പുതിയ പദ്ധതികൾ (2016–17)** | | | | | |
| 49 | കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 1065.00 | 1596.00 | 2661.00 | എ.ബി. |
| 50 | അനാഥരായ മാനസിക രോഗികൾക്കുള്ള സൈക്കോ സോഷ്യൽ പരിപാടി | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി. |
| 51 | അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി) (60% എസ്സ. എസ്സ്.) | സംസ്ഥാന പദ്ധതി | 850.00 | .. | 850.00 | എ.ബി. |
| 52 | അംഗപരിമിതർക്ക് സഹായ സാങ്കേതിക വിദ്യ നൽകുന്നതിനുള്ള പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി) (60% എസ്സ. എസ്സ്.) | സംസ്ഥാന പദ്ധതി | 500.00 | .. | 500.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| 53 | അംഗൻവാടി കെട്ടിടനിർമ്മാണവും നവീകരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി) (60% എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി | 2562.00 | .. | 2562.00 | എ.ബി. |
| 54 | ഓൺലൈൻ നിഷ് ഇന്റർ ആക്ടീവ് ഡിസബിലിറ്റി അവയർനെസ് സെമിനാർ | സംസ്ഥാന പദ്ധതി | 82.95 | .. | 82.95 | ജി.ബി. |
| 55 | ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ്യോജന (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 630.00 | 945.00 | 1575.00 | എ.ബി. |
| 56 | ബേട്ടി ബചാ വോ ബേട്ടി പഠാവോ (100% കേന്ദ്രാവിഷ്കൃത പദ്ധതി) | കേന്ദ്രാവിഷ്കൃത പദ്ധതി | .. | 100.00 | 100.00 | എ.ബി. |
| | | **ആകെ** | **36215.00** | **15921.00** | **52136.00** | |
| **9.13** | **പോഷകാഹാരം** | | | | | |
| 1 | സംസ്ഥാന പോഷകാഹാര ബ്യൂറോ | സംസ്ഥാന പദ്ധതി | 35.00 | .. | 35.00 | എ.ബി. |
| 2 | പോഷകാഹാര ഗവേഷണ കേന്ദ്രം | സംസ്ഥാന പദ്ധതി | 66.00 | .. | 66.00 | എ.ബി. |
| 3 | സംയോജിത ശിശുവികസന സേവനങ്ങൾ (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 19960.00 | 29940.00 | 49900.00 | എ.ബി. |
| | **പുതിയ പദ്ധതികൾ** | | | | | |
| 4 | കുട്ടികൾക്കുവേണ്ടിയുള്ള പോഷകാഹാര പരിപാടി (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 2000.00 | 3000.00 | 5000.00 | എ.ബി. |
| 5 | കിഷോരി ശക്തിയോജന (40% എസ്സ്. എസ്സ്. ടു. സി. എസ്സ്. എസ്സ്.) | സംസ്ഥാന പദ്ധതി & കേന്ദ്രാവിഷ്കൃത പദ്ധതി | 76.00 | 115.00 | 191.00 | എ.ബി. |
| | | **ആകെ (9.13 )** | **22137.00** | **33055.00** | **55192.00** | |

**Total IX**

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **പുതിയ സ്കീമുകൾ (2016-17)** | | | | | |
| X | **സാമ്പത്തിക സർവ്വീസുകൾ** | | | | | |
| **10.1** | **സെക്രട്ടറിയേറ്റ് സാമ്പത്തിക സർവ്വീസുകൾ** | | | | | |
| | **സംസ്ഥാന ആസൂത്രണ ബോർഡ്** | | | | | |
| 1 | സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 115.00 | .. | 115.00 | എ.ബി. |
| 2 | ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ | ,, | 1200.00 | .. | 1200.00 | എ.ബി. |
| 3 | പദ്ധതി തയ്യാറാക്കുക സർവ്വേകളും പഠനങ്ങളും നടത്തുക | ,, | 280.00 | .. | 280.00 | എ.ബി. |
| 4 | സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണീച്ചറുകളും വാങ്ങൽ | ,, | 200.00 | .. | 200.00 | എ.ബി. |
| 5 | സംസ്ഥാന ആസൂത്രണ ബോർഡിന് കെട്ടിടം | ,, | 105.00 | .. | 105.00 | എ.ബി. |
| 6 | കാർഷിക ജൈവ വ്യവസ്ഥാ ആസൂത്രണവും വികസനവും | ,, | 75.00 | .. | 75.00 | എ.ബി. |
| 7 | സംസ്ഥാനത്ത് നിക്ഷേപങ്ങൾ പരമാവധി സമാഹരിക്കുന്ന തിനുള്ള പ്രോജക്റ്റ് ഫൈനാൻസിംഗ് സെൽ | ,, | 175.00 | .. | 175.00 | എ.ബി. |
| 8 | കേരള പരിപ്രേഷ്യ പദ്ധതി 2030 പഠനങ്ങൾ | ,, | 850.00 | .. | 850.00 | എ.ബി. |
| | **സി. പി. എം. യു.** | | | | | |
| 9 | സെൻട്രൽ പ്ലാൻ മോണിട്ടറിംഗ് യീണിറ്റ് നവീകരണം | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി. |
| 10 | ജില്ലാ ആസൂത്രണ സമിതികൾ/ജില്ലാ വികസന സമിതികൾ | ,, | 35.00 | .. | 35.00 | എ.ബി. |
| | **ഐ. എം. ജി.** | | | | | |
| 11 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | ,, | 680.00 | .. | 680.00 | എ.ബി. |
| 12 | പരിശീലന പരിപാടികൾ (എസ്. റ്റി. പി.) | ,, | 1200.00 | .. | 1200.00 | എ.ബി. |
| | **സി. ഡി. എസ്.** | | | | | |
| 13 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | ,, | 713.00 | .. | 713.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| | **നിയമസഭ** | | | | | |
| 14 | നിയമസഭാ സെക്രട്ടറിയേറ്റ്/എം. എൽ. എ.മാർക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിവര വിനിമയ സംവിധാനം | ,, | 75.00 | .. | 75.00 | എ.ബി. |
| 15 | കേരള നിയസഭ ലൈബ്രറി ആധുനികവൽക്കരിക്കൽ | ,, | 55.00 | .. | 55.00 | എ.ബി. |
| | **ട്രഷറി** | | | | | |
| 16 | ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം | ,, | 500.00 | .. | 500.00 | എ.ബി. |
| 17 | ട്രഷറികളിൽ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തലും സെൻട്രൽ സെർവ്വർ സിസ്റ്റം, എ. റ്റി. എം. എന്നിവ സ്ഥാപിക്കലും | ,, | 1500.00 | .. | 1500.00 | എ.ബി. |
| 18 | കാര്യശേഷി വർദ്ധനവും സേവന സംവിധാനം മെച്ചപ്പെടുത്തലും | ,, | 70.00 | .. | 70.00 | എ.ബി. |
| | **രജിസ്ട്രേഷൻ** | | | | | |
| 19 | രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം | ,, | 600.00 | .. | 600.00 | എ.ബി. |
| 20 | രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 250.00 | .. | 250.00 | എ.ബി. |
| 21 | സംസ്ഥാനതല പരിശീലനകേന്ദ്രം | ,, | 200.00 | .. | 200.00 | എ.ബി. |
| | **കെ. പി. എസ്. സി.** | | | | | |
| 22 | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം | സംസ്ഥാനപദ്ധതി | 500.00 | .. | 500.00 | എ.ബി. |
| | **വിജിലൻസ്** | | | | | |
| 23 | വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 150.00 | .. | 150.00 | എ.ബി. |
| 24 | വിജിലൻസ് വകുപ്പിന് കെട്ടിടം നിർമ്മിക്കൽ | ,, | 300.00 | .. | 300.00 | എ.ബി. |
| | **നിയമം** | | | | | |
| 25 | നിയമ വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 110.00 | .. | 110.00 | എ.ബി. |
| 26 | നിയമ ഓഫീസുകൾക്ക് കോർട്ട് കേയ്സസ് സൊല്യൂഷൻ | ,, | 20.00 | .. | 20.00 | എ.ബി. |



4/24/2016/S-28.

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | **കെ. എസ്. എ. ഡി.** | | | | | |
| 27 | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ നവീകരണം | ,, | 200.00 | .. | 200.00 | എ.ബി. |
| | **പോലീസ്** | | | | | |
| 28 | പോലീസ് വകുപ്പിന്റെ നവീകരണം | ,, | 4000.00 | .. | 4000.00 | എ.ബി. |
| 29 | പോലീസ് വകുപ്പിൽ ജൻഡർ അവബോധത്തിനും ജൻഡർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പരിപാടി | ,, | 550.00 | .. | 550.00 | എ.ബി. |
| 30 | പോലീസ് സേനയുടെയും മറ്റ് സേനാവിഭാഗങ്ങളുടെയും നവീകരണത്തിനായുള്ള ദേശീയ പരിപാടി | 100% കേന്ദ്രാവിഷ്കൃത പരിപാടി | 2000.00 | 3000.00 | 5000.00 | എ.ബി. |
| | **നീതിന്യായ വകുപ്പ്** | | | | | |
| 31 | കേരള ഹൈക്കോടതിയിൽ ആസൂത്രണ നടത്തിപ്പ് യൂണിറ്റ് | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി. |
| 32 | കോടതികളുടെ ആധുനികവൽക്കരണവും മാതൃകാ കോടതികൾ സ്ഥാപിക്കലും | ,, | 220.00 | .. | 220.00 | എ.ബി. |
| | **നീതിന്യായ വകുപ്പ്** | | | | | |
| 33 | പ്രൊസിക്യൂഷൻ വകുപ്പിന്റെ ആധുനികവൽക്കരണം | ,, | 75.00 | .. | 75.00 | എ.ബി. |
| | **എക്സൈസ്** | | | | | |
| 34 | എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| 35 | സംസ്ഥാന എക്സൈസ് അക്കാഡമിയും ഗവേഷണകേന്ദ്രവും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (എസ്. ഇ. എ. ആർ. സി.) | ,, | 200.00 | .. | 200.00 | എ.ബി. |
| | **ഗിഫ്റ്റ്** | | | | | |
| 36 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ | ,, | 80.00 | .. | 80.00 | എ.ബി. |

| | | | | | | |
|---|---|---|---|---|---|---|
| | **റവന്യൂ** | | | | | |
| 37 | റവന്യൂവകുപ്പിലെ പൈതൃക കെട്ടിങ്ങളുടെ സംരക്ഷണം | ,, | 110.00 | .. | 110.00 | എ.ബി. |
| 38 | പൊതുമുതൽ സംരക്ഷണം-കേരള ഭൂ ബാങ്ക് പ്രോജക്ട് | ,, | 40.00 | .. | 40.00 | എ.ബി. |
| 39 | ഭൂരഹിതരില്ലാത്ത കേരളം-2015 | ,, | 600.00 | .. | 600.00 | എ.ബി. |
| 40 | സ്മാർട്ട് റവന്യൂ ഓഫീസുകൾ | ,, | 600.00 | .. | 600.00 | എ.ബി. |
| 41 | റവന്യൂവകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം | ,, | 800.00 | .. | 800.00 | എ.ബി. |
| | **ഐ. എൽ. ഡി. എം.** | | | | | |
| 42 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് | ,, | 130.00 | .. | 130.00 | എ.ബി. |
| | **ദുരന്ത നിവാരണം** | | | | | |
| 43 | ദുരന്തം കൈകാര്യം ചെയ്യലും ലഘൂകരണവും പുനരധിവാസവും | ,, | 500.00 | .. | 500.00 | എ.ബി. |
| 44 | ചുഴലിക്കാറ്റ് അപകട സാധ്യതാ ലഘൂകരണ പദ്ധതി (എൻ. സി. ആർ. പി. എം.) | 100% കേന്ദ്രാവിഷ്കൃത പദ്ധതി | 300.00 | 900.00 | 300.00 | എ.ബി. |
| | **സർവ്വെയും ഭൂരേഖയും വകുപ്പ്** | | | | | |
| 45 | സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി. |
| 46 | ഭൂരേഖാസേവന സംവിധാനങ്ങളുടെ സംയോജനം | ,, | 700.0 | .. | 700.00 | എ.ബി. |
| | **പൊതുഭരണ വകുപ്പ്** | | | | | |
| 47 | ന്യൂനപക്ഷ ഭാഷകളിൽ പരിശീലനം നൽകുന്നതിന് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | സംസ്ഥാന പദ്ധതി | 100.00 | .. | 100.00 | എ.ബി. |
| | **ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്** | | | | | |
| 48 | വർക്കലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനം | ,, | 275.00 | .. | 275.00 | എ.ബി. |
| 49 | മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | ,, | 253607.00 | .. | 253607.00 | എ.ബി. |
| 50 | തൊഴിൽ സൃഷ്ടിക്കായുള്ള സമഗ്ര മിഷൻ (മെഗ) | ,, | 10.00 | .. | 10.00 | എ.ബി. |
| | **സെക്രട്ടറിയേറ്റ് സാമ്പത്തിക സേവനങ്ങൾ (ആകെ)** | | | **3900.00** | | |
| | | | **275580.00** | **3900.00** | **279480.00** | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| **10.2** | **സാമ്പത്തിക ഉപദേശവും സ്ഥിതി വിവര കണക്കുകളും** | | | | | |
| 1 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 32.00 | .. | 32.00 | എ.ബി. |
| 2 | ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | ,, | 50.00 | .. | 50.00 | എ.ബി. |
| 3 | സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് പരിശീലനം | ,, | 25.00 | .. | 25.00 | എ.ബി. |
| 4 | സർവ്വെകളും പഠനങ്ങളും | ,, | 15.00 | .. | 15.00 | |
| 5 | ചെറുകിട ജലസേചന സ്ഥിതി വിവരക്കണക്കുകൾ യുക്ത്യാനുസൃതമാക്കൽ | 100% കേന്ദ്രാവിഷ്കൃത പദ്ധതി | 0.00 | 79.50 | 79.50 | എ.ബി. |
| 6 | കാർഷിക സെൻസസ് | ,, | 0.00 | 82.00 | 82.00 | എ.ബി. |
| 7 | സംസ്ഥാനത്തെ ജനന-മരണ-വിവാഹ സ്ഥിതി വിവര കണക്കുകൾ ശക്തിപ്പെടുത്തൽ | ,, | 0.00 | 7.50 | 7.50 | എ.ബി. |
| 8 | കാർഷിക സ്ഥിതി വിവര കണക്കുകൾ മെച്ചപ്പെടുത്തൽ (കാർഷിക സ്ഥിതി വിവരക്കണക്കുകളെ ക്കുറിച്ച് യഥാസമയം വിവരം നൽകൽ) | ,, | 0.00 | 3600.00 | 3600.00 | എ.ബി. |
| 9 | സ്ഥിതി വിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം (ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രങ്ങ്തനിംഗ് പ്രോജക്ട്) | ,, | 60.00 | 562.00 | 622.00 | എ.ബി. |
| | **സാമ്പത്തിക ഉപദേശവും സ്ഥിതിവിവര കണക്കുകളും (ആകെ)** | | **182.00** | **4331.00** | **4513.00** | |
| **10.3** | **മറ്റ് പൊതു സാമ്പത്തിക സേവനങ്ങൾ അളവുകളും തൂക്കങ്ങളും** | | | | | |
| 1 | പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ | സംസ്ഥാന പദ്ധതി | 518.00 | .. | 518.00 | എ.ബി. |
| 2 | പരസ്യ പ്രചാരണം | സംസ്ഥാന പദ്ധതി | 20.00 | .. | 20.00 | എ.ബി. |
| 3 | പരിശീലന പരിപാടികൾ | സംസ്ഥാന പദ്ധതി | 10.00 | .. | 10.00 | എ.ബി. |
| 4 | ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം | സംസ്ഥാന പദ്ധതി | 450.00 | .. | 450.00 | എ.ബി. |
| | **മറ്റ് സാമ്പത്തിക സേവനങ്ങൾ (ആകെ)** | | **998.00** | **0.00** | **998.00** | |
| | **സാമ്പത്തിക സേവനങ്ങൾ (ആകെ)** | | **276760.00** | **8231.00** | **284991.00** | |

## XI പൊതു സേവനങ്ങൾ

### 11.1 സ്റ്റേഷനറിയും അച്ചടിയും

| | | | | | | |
|---|---|---|---|---|---|---|
| | **സ്റ്റേഷനറി** | | | | | |
| 1 | സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം | സംസ്ഥാന പദ്ധതി | 50.00 | .. | 50.00 | എ.ബി. |
| | **സ്റ്റേഷനറി (ആകെ)** | | **50.00** | **0.00** | **50.00** | |
| | **അച്ചടി വകുപ്പ്** | | | | | |
| 2 | ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം/ യന്ത്രങ്ങൾ വാങ്ങലും | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | എ.ബി. |
| 3 | ഗവൺമെന്റ് പ്രസ്സുകൾക്ക് കെട്ടിടനിർമ്മാണം | സംസ്ഥാന പദ്ധതി | 200.00 | .. | 200.00 | എ.ബി. |
| | **അച്ചടി (ആകെ)** | | **800.00** | **0.00** | **800.00** | |
| | **അച്ചടിയും സ്റ്റേഷനറിയും (ആകെ)** | | **850.00** | **0.00** | **850.00** | |
| **11.2** | **പൊതുമരാമത്ത്** | | | | | |
| 1 | പബ്ലിക് ഓഫീസ് കെട്ടിടനിർമ്മാണം (കോമൺപൂൾ) | സംസ്ഥാന പദ്ധതി | 5731.00 | .. | 5731.00 | എ.ബി. |
| 2 | നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റുകളുടെ നിർമ്മാണം | സംസ്ഥാന പദ്ധതി | 1.00 | .. | 1.00 | എ.ബി. |
| 3 | നീതിന്യായ വകുപ്പിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കോടതി കെട്ടിടങ്ങളുടേയും ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം) | 100% കേന്ദ്രാവിഷ്കൃത പദ്ധതി | 1200.00 | 1800.00 | 3000.00 | എ.ബി. |
| 4 | ജൻഡർ ബഡ്ജറ്റിംഗ് | സംസ്ഥാന പദ്ധതി | 300.00 | .. | 300.00 | എ.ബി. |
| | **പൊതുമരാമത്ത് (ആകെ)** | | **7232.00** | **1800.00** | **9032.00** | |
| **11.3** | **സിവിൽ സപ്ലൈസ്** | | | | | |
| 1 | അന്നപൂർണ്ണ പദ്ധതി | 100 % കേന്ദ്രാവിഷ്കൃത പദ്ധതി | 51.00 | 203.00 | 254.00 | എ.ബി. |
| 2 | പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവൽക്കരണം | സംസ്ഥാന പദ്ധതി | 1000.00 | .. | 1000.00 | എ.ബി. |
| 3 | പരിശീലന പരിപാടികൾ | സംസ്ഥാന പദ്ധതി | 15.00 | .. | 15.00 | എ.ബി. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 4 | ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ (സി. എഫ്. ആർ ഡി.) | സംസ്ഥാന പദ്ധതി | 600.00 | .. | 600.00 | എ.ബി. |
| | **സിവിൽ സപ്ലൈസ് (ആകെ)** | | **1666.00** | **203.00** | **1869.00** | |
| | **പൊതുസേവനങ്ങൾ (ആകെ)** | | **9748.00** | **2003.00** | **11751.00** | |
| | **ആകെ 1 മുതൽ XI വരെ** | | **1850000.00** | **653417.00** | **2503417.00** | |
| | **12 തദ്ദേശ ഭരണ സ്ഥാപനങ്ങൾ** | | | | | |
| | **12.1 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള സഹായം** | | **500000.00** | **..** | **500000.00** | **എ.ബി.** |
| | **12.2 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി ധനസഹായം** | | **500000.00** | **..** | **500000.00** | **എ.ബി.** |
| | | **ആകെ മൊത്തം** | **2400000.00** | **653417.00** | **3053417.00** | |